# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

2023 മാർച്ച് 14, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്


## വാല്യം 191 –നമ്പർ 16

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

**2023 മാർച്ച് 14, ചൊവ്വ**


സ്പീക്കർ

**ശ്രീ. എ. എൻ. ഷംസീർ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എ. എം. ബഷീർ**

ചീഫ് എഡിറ്റർ

**ശ്രീമതി എസ്. ജയശ്രീ**



എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. ബി. രാജേഷ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

## ഉള്ളടക്കം

**I. ചോദ്യോത്തരങ്ങള്‍**

വാങ്മൂലം നല്‍കിയ ഉത്തരങ്ങള്‍

(രേഖാമൂലം നല്‍കിയ ഉത്തരങ്ങള്‍ അനുബന്ധമായി ചേര്‍ത്തിരിക്കുന്നു.)

**II. തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 1494-ാം നമ്പര്‍ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

**III. അടിയന്തരപ്രമേയ നോട്ടീസ്**

**IV. ശ്രദ്ധക്ഷണിക്കല്‍**

(1) എയ്ഡഡ് സ്കൂളുകളിലെ സ്ഥിര അദ്ധ്യാപക നിയമനം
- ചീഫ് വിപ്പ് (ഡോ. എന്‍. ജയരാജ്)

**V. സബ്മിഷന്‍**

(1) വടകര-മാഹി കനാല്‍ മൂന്നാം റീച്ച് പ്രവൃത്തി
- ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റര്‍

(2) വലിയപറമ്പിലെ കടലാക്രമണ ഭീഷണി
- ശ്രീ. എം. രാജഗോപാലന്‍

(3) കൊളാവിപ്പാലം അഴിമുഖത്തെ പുലിമുട്ട് നിര്‍മ്മാണം
- ശ്രീമതി കാനത്തില്‍ ജമീല

(4) തോട്ടട ഇ.എസ്.ഐ. ആശുപത്രി
- ശ്രീ. രാമചന്ദ്രന്‍ കടന്നപ്പള്ളി

(5) കോരൻകടവ് പാലത്തിന് അപ്രോച്ച് റോഡ് നിർമ്മാണം

- ശ്രീ. പി. വി. ശ്രീനിജിൻ

(6) ചെടിയാലക്കടവിൽ പാലം നിർമ്മാണം

- ശ്രീ. ഇ. കെ. വിജയൻ

**VI. റിപ്പോർട്ട് സമർപ്പണം**

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിനൊന്ന് മുതൽ പതിനേഴുവരെയുള്ള റിപ്പോർട്ടുകൾ

**VII. ചട്ടത്തിനുള്ള ഭേദഗതിയുടെ പരിഗണന**

2022-ലെ കേരള ഡിസ്ട്രിക്റ്റ് മിനറൽ ഫൗണ്ടേഷൻ (ഭേദഗതി) ചട്ടങ്ങൾക്കുള്ള ഭേദഗതി

- ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്)

**VIII. ധനകാര്യം**

2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XXXVII - വ്യവസായങ്ങൾ

ധനാഭ്യർത്ഥന നമ്പർ XXXIX - വൈദ്യുത പദ്ധതികൾ

**അനുബന്ധം 1 മുതൽ 3 വരെ**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### എട്ടാം സമ്മേളനം

2023 മാർച്ച് 14, ചൊവ്വ

---

വാല്യം 191}　　ഔദ്യോഗിക റിപ്പോർട്ട്　　{നമ്പർ 16

---

നിയമസഭ 2023 മാർച്ച് മാസം 14-ാം തീയതി ചൊവ്വാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I.　ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

**1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

മി. സ്പീക്കർ: ഓർഡർ....ഓർഡർ....ചോദ്യം നമ്പർ (*391)

**റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി**

1 (*391) ശ്രീ. മഞ്ഞളാംകുഴി അലി:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) റോഡുകളുടെ നിർമ്മാണത്തിൽ പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തി ഗുണനിലവാര പരിശോധനാ സംവിധാനം ശക്തിപ്പെടുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) ഗുണനിലവാര വ്യവസ്ഥകളുടെ വിശദാംശം ദർഘാസ് രേഖകളിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (എ & ബി) സംസ്ഥാനത്ത് പൊതുമരാമത്ത് റോഡുകളുടെ ഗുണനിലവാര പരിശോധന ഉറപ്പാക്കുന്നതിന് നൂതന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി ഇടങ്ങളിൽ നേരിട്ടെത്തി തത്സമയം ഗുണനിലവാര പരിശോധന സാധ്യമാക്കുന്ന ഓട്ടോമേറ്റഡ് മൊബൈൽ ടെസ്റ്റിംഗ് ലബോറട്ടറികൾ സജ്ജമാക്കിയിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ 3 കേന്ദ്രങ്ങളിലായി 3 മൊബൈൽ ലാബുകളാണ് പ്രവർത്തനം ആരംഭിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസമാണ് അത് ഉദ്ഘാടനം ചെയ്തത്. ഇതുവഴി സിമന്റ്, മണൽ, മെറ്റൽ, ബിറ്റുമിൻ തുടങ്ങിയ നിർമ്മാണ സാമഗ്രികളുടെയും കോൺക്രീറ്റ്, ടൈൽ മുതലായവയുടെയും ഗുണപരിശോധന സാധ്യമാകും. റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ പ്രവൃത്തി നടക്കുന്ന അവസരത്തിൽ തത്സമയ ഗുണനിലവാര പരിശോധന സാധ്യമാക്കുന്നതിലൂടെ ഉടനടി നടപടി സ്വീകരിക്കാനും സാധിക്കും. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ അംഗീകൃത ഷെഡ്യൂൾ, സ്പെസിഫിക്കേഷൻ എന്നിവ പ്രകാരമാണ്

പ്രവൃത്തികൾ നടപ്പിലാക്കുന്നത്. റോഡ് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പൊതുമരാമത്ത് വകുപ്പിലെ ക്വാളിറ്റി കൺട്രോൾ മാന്വൽ അനുസരിച്ചുള്ള വിവിധ പരിശോധനകൾ നടപ്പിലാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും ക്വാളിറ്റി കൺട്രോൾ വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും മറ്റു ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. കൂടാതെ ഭരണവിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിൽ നിർമ്മാണ പ്രവൃത്തികളുടെ പരിശോധനയ്ക്കായി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ തലവനായുള്ള വിജിലൻസ് വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. ഈ വിഭാഗം മുഖേന നിർമ്മാണത്തിലെ ക്രമക്കേടുകളും അപാകതകളും സംബന്ധിച്ച് പരിശോധനകൾ നടത്തി അനന്തര നടപടികൾ സ്വീകരിക്കാറുണ്ട്.

പൊതുമരാമത്ത് വകുപ്പിലെ ക്വാളിറ്റി കൺട്രോൾ മാന്വലിൽ നിഷ്കർഷിക്കുന്ന പ്രകാരം 1st tier, 2nd tier എന്നീ ശ്രേണികളിലായി

ഗുണനിലവാര പരിശോധന നടത്തിവരുന്നു. ഇതിൽ ഒന്നാം ഘട്ട ഗുണനിലവാര പരിശോധന നടക്കുന്ന സമയത്ത് അതത് നിർവഹണ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കരാറുകാരാണ് ചെയ്യുന്നത്. രണ്ടാം ഘട്ട ഗുണനിലവാര പരിശോധന നടത്തുന്നത് വകുപ്പിന്റെ കീഴിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗമാണ്. രണ്ടാംഘട്ട ഗുണനിലവാര പരിശോധന നടത്തുന്നതിനായി നിർമ്മാണ പ്രവൃത്തിയുടെ അസംസ്കൃത വസ്തുക്കൾ, കോൺക്രീറ്റ്, ബിറ്റുമെൻ എന്നിവയുടെ പരിശോധനയ്ക്കാവശ്യമായ ഉപകരണങ്ങൾ വകുപ്പിന്റെ കീഴിലുള്ള ജില്ലാ ക്വാളിറ്റി കൺട്രോൾ ലബോറട്ടറികളിൽ സജ്ജീകരിച്ചിട്ടുണ്ട്.

(സി) ഗുണനിലവാര വ്യവസ്ഥകളുടെ വിശദാംശം ദർഘാസ് രേഖകളിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഗുണനിലവാരം ഉറപ്പാക്കുന്നതിന് ആവശ്യമായ പരിശോധനകൾ standard bid document-ൽ ഉൾപ്പെടുത്തിവരുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, 2014-ൽ എറണാകുളം കാക്കനാട് ആണ് കേരളത്തിൽ റോഡ് നിർമ്മാണത്തിന് വേസ്റ്റ് പ്ലാസ്റ്റിക്

ഉപയോഗിക്കാമെന്ന് പരീക്ഷിച്ചത് . അതിനുശേഷം ഇതുവരെ 3244 മെട്രിക് ടൺ വേസ്റ്റ് പ്ലാസ്റ്റിക് ഉയോഗിച്ച് 5216 കിലോമീറ്റർ റോഡ് ഇത്തരത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജനം ഒരു ഭാഗത്ത്, റോഡിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുക, നിർമ്മാണ ചെലവ് ചുരുക്കുക തുടങ്ങിയ ധാരാളം ഗുണങ്ങൾ ഈ പദ്ധതിക്കുണ്ട്. സംസ്ഥാനത്തെ പ്ലാസ്റ്റിക് മാലിന്യത്തിനുതന്നെ ഒരളവുവരെ പരിഹാരമാകുന്ന ഈ പദ്ധതിക്കായി, ക്ലീൻ കേരള മിഷൻ വഴി സംസ്ഥാനത്തെ മുഴുവൻ വേസ്റ്റ് പ്ലാസ്റ്റിക്കും കളക്ട് ചെയ്ത് റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന തരത്തിൽ പദ്ധതി വ്യാപിപ്പിക്കുമോ; ഇതുവരെ പൂർത്തിയാക്കിയ റോഡുകളുടെ നിർമ്മാണ ചെലവ്, റോഡുകളുടെ ഗുണനിലവാരം എന്നിവ വിലയിരുത്തുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, എൽ.ഡി.എഫ്. പ്രകടന പത്രികയിൽ പരാമർശിച്ച കാര്യങ്ങൾ എറെക്കുറെ നടപ്പിലാക്കി വരികയാണ്. ഇപ്പോൾ കൂടുതൽ ഈട് നിൽക്കുന്ന റോഡ് നിർമ്മാണ രീതികൾ അവലംബിച്ചുവരുന്നു. ഇവിടെ സൂചിപ്പിച്ച നിർമ്മാണ രീതിക്ക് പുറമെ FDR (Full Depth Reclamation) നിർമ്മാണ രീതി ആരംഭിക്കുന്നതാണ്.

നിലവിലുള്ള റോഡുതന്നെ പൊളിച്ച് അതുപയോഗിച്ച് നടത്തുന്ന ടി നിർമ്മാണ രീതി തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ ഒൻപത് റോഡുകളിൽ ആരംഭിക്കുകയാണ്. നിലവിലുള്ള റോഡിലെ അസംസ്കൃത വസ്തുക്കൾതന്നെ ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്ന ഈ രീതി ഏറെ ഗുണകരമായി മാറിയിട്ടുണ്ട്. നിലവിൽ ഇത് പാറശ്ശാലയിൽ ആരംഭിക്കാനായിരുന്നു തീരുമാനിച്ചിരുന്നത്. പക്ഷേ, പാറശ്ശാലയിൽ സമയപ്രശ്നം വന്നപ്പോൾ അത് പത്തനാപുരം മണ്ഡലത്തിൽ ആരംഭിക്കുകയായിരുന്നു. എൽ.ഡി.എഫ്-ന്റെ പ്രഖ്യാപിത നയത്തിന്റെ ഭാഗമായാണ് അത് നടപ്പിലാക്കിയിട്ടുള്ളത്. അതുകൊണ്ടുതന്നെ ഈ രീതി പരിസ്ഥിതി സൗഹൃദവുമാണ്. അതുപോലെ സോയിൽ നെയിലിംഗ്, ജിയോ സെൽസ്, സിമന്റ് ട്രീറ്റഡ് സബ് ബെയിസ് പേവ്മെന്റ്, ക്വാളിറ്റി കോൺക്രീറ്റ് എന്നിവയും നടപ്പിലാക്കിവരുന്നു. ഓരോ പ്രദേശത്തിനും അനുയോജ്യമായ രീതിയിലാണ് ഇത്തരം ടെക്നോളജി ഉപയോഗപ്പെടുത്തുന്നത്. അതോടൊപ്പം കെ.എച്ച്.ആർ.ഐ. (Kerala Highway Research Institute) ഇക്കാര്യത്തിൽ കൂടുതൽ പരീക്ഷണങ്ങൾ ഇപ്പോൾ

നടത്തിവരുന്നുണ്ട്. Superpave Asphalt Mix Design രീതി കൊണ്ടുവരുന്നതിന് കെ.എച്ച്.ആർ.ഐ. പഠനം നടത്തിവരികയാണ്. ഇതിലൂടെ റോഡിൽ കണ്ടുവരുന്ന വിള്ളലുകൾ പ്രതിരോധിക്കാൻ സാധിക്കുമെന്നാണ് കണ്ടെത്തിയിരിക്കുന്നത്. അതോടൊപ്പം ഗുണനിലവാര പരിശോധന ഉറപ്പുവരുത്തുന്നതിലും നൂതന സാങ്കേതികവിദ്യ അവലംബിച്ച് വരികയാണ്. ഇതിൽ ഓട്ടോമേറ്റഡ് മൊബൈൽ ക്വാളിറ്റി കൺട്രോൾ ലാബ് പ്രവൃത്തിയിടങ്ങളിൽ നേരിട്ട് എത്തിക്കുകയാണ്. തത്സമയ പരിശോധന നടത്തുന്ന മൂന്ന് ഓട്ടോമേറ്റഡ് മൊബൈൽ ക്വാളിറ്റി കൺട്രോൾ ടെസ്റ്റിംഗ് ലാബുകൾ സജ്ജമാക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന്റെ ഉത്ഘാടന കർമ്മം നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ രാജ്യത്ത് ആദ്യമായാണ് ഒരു സംസ്ഥാന സർക്കാർ ഇതുപോലെ പ്രവൃത്തിയിടങ്ങളിൽ നേരിട്ടെത്തി തൽസമയ പരിശോധന നടത്തുന്ന ഓട്ടോമേറ്റഡ് മൊബൈൽ ക്വാളിറ്റി കൺട്രോൾ ടെസ്റ്റിംഗ് ലാബ് സജ്ജമാക്കിയിട്ടുള്ളത്. ഇതിലൂടെ സിമന്റ്, മണൽ, മെറ്റൽ, ബിറ്റുമിൻ, വെള്ളം തുടങ്ങിയ നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരവും കോൺക്രീറ്റ്, ടൈൽസ് തുടങ്ങിയവയുടെ

ഗുണനിലവാരവും പരിശോധിക്കാൻ സാധിക്കുന്നതാണ്. ഇപ്രകാരം എല്ലാ പ്രവൃത്തിയിടങ്ങളിലുമെത്തി പരിശോധന നടത്താൻ സാധിക്കുന്നുവെന്ന് മാത്രമല്ല, ഇത് ഏറെ ഗുണകരവുമാണ്. ഇന്നത്തെ ദിനത്തിന്റെ ഒരു പ്രത്യേകത, മഹാനായ വിപ്ലവകാരിയും തത്വചിന്തകനുമായ കാറൾ മാർക്സിന്റെ 140-ാം ചരമവാർഷിക ദിനമാണ്. പ്രശ്നത്തിന്റെ സങ്കീർണ്ണത വ്യാഖ്യാനിക്കുക മാത്രമല്ല പരിഹാരം കണ്ടെത്തി എങ്ങനെ മാറ്റിത്തീർക്കാം എന്നുള്ളതിന് എൽ.ഡി.എഫ്. എല്ലാ വകുപ്പുകളിലും എല്ലാ നിലയിലും മാതൃകയായി മാറുന്ന സാഹചര്യത്തിലാണ് പൊതുമരാമത്ത് വകുപ്പിലും ഇത്തരത്തിൽ ഇടപെട്ടുകൊണ്ടിരിക്കുന്നത്. കേരളത്തിലെ കാലാവസ്ഥ പ്രധാനപ്പെട്ട പ്രശ്നമാണ്, മഴ ഒരു പ്രധാന വിഷയവുമാണ്. പക്ഷേ, കാലാവസ്ഥയാണ് ആകെ പ്രശ്നമെന്നുപറഞ്ഞ് നിൽക്കുകയല്ല സർക്കാർ ചെയ്യുന്നത്. കാലാവസ്ഥ എന്ന പ്രശ്നത്തെ അഡ്രസ് ചെയ്യാൻ വിദഗ്ദ്ധരുടെ പ്രത്യേക വർക്ക്ഷോപ്പ്തന്നെ നടത്തി അതിനനുയോജ്യമായ നിർമ്മാണ രീതികൾ അവലംബിക്കുകയാണ് ചെയ്യുന്നത്. പുതിയ റോഡ് നിർമ്മാണങ്ങളിൽ ഡ്രെയിനേജ് സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നുണ്ട്.

വാഹനപ്പെരുപ്പം ഒരു പ്രധാന പ്രശ്നമാണ്; പുതിയ റോഡുകൾക്ക് ജനസാന്ദ്രത ഒരു തടസ്സമാണ്; എന്നിങ്ങനെയുള്ള ചില വിഷയങ്ങൾ നമ്മുടെ മുന്നിലുണ്ട്. അവ പരിഹരിക്കുന്നതാണ്. മറ്റൊരു പ്രധാന പ്രശ്നം തെറ്റായ പ്രവണതകളാണ്. തെറ്റായ പ്രവണതകളെന്ന് പറഞ്ഞാൽ ചില നെക്സസുകൾ സ്വാഭാവികമായും റോഡിന്റെ ഗുണനിലവാര തകർച്ചയ്ക്ക് കാരണമാകുന്നുണ്ട്. ഈ സഭാ സമ്മേളനം ആരംഭിച്ചയുടൻതന്നെ ഞാൻ അത് വ്യക്തമാക്കിയതാണ്. കരാറുകാരായാലും ഉദ്യോഗസ്ഥരായാലും നന്നായി ജോലി ചെയ്യുന്നവരെ സംരക്ഷിക്കും. പക്ഷേ, അവിശുദ്ധ കൂട്ടുകെട്ട് ഒരുതരത്തിലും അംഗീകരിക്കുന്ന സർക്കാരല്ല ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. പല വ്യതിയാനങ്ങളിൽപ്പെട്ട് പോകാൻ സാദ്ധ്യതയുള്ള ഇന്നത്തെക്കാലത്ത് ഞങ്ങൾ പ്രതിനിധാനം ചെയ്യുന്ന പ്രസ്ഥാനം; ഞങ്ങളെ അധികാരത്തിലെത്തിക്കാൻ കഠിനാദ്ധ്വാനം ചെയ്ത, നിസ്വാർത്ഥരായ പ്രവർത്തകർ/സഖാക്കൾ; അവരുടെയൊക്കെ ആഗ്രഹത്തിനനുസരിച്ച് ഇത്തരം തെറ്റായ പ്രവണതയ്ക്കെതിരെ ശരിയായ നിലപാട് സ്വീകരിച്ച് മുന്നോട്ടുപോകുന്നതാണ്. തെറ്റായ പ്രവണതയിലൂടെ പിടിയിൽപ്പെടുന്നവർ

മാത്രം അസ്വസ്ഥരായാൽ മതി, ബാക്കിയെല്ലാവർക്കും ഒന്നിച്ച് നിൽക്കാവുന്നതാണ്. ഡി.എൽ.പി. (Defect Liability Period) എന്നുള്ളത് ഇന്ത്യയിൽ ആദ്യമായിട്ടുള്ളതാണ്. പ്രതിപക്ഷ - ഭരണകക്ഷി എം.എൽ.എ.-മാർ ഒരുപോലെ അവരുടെ മണ്ഡലങ്ങളിൽ ഡി.എൽ.പി. ബോർഡുകൾ ഉദ്ഘാടനം ചെയ്തതാണ്. ഡി.എൽ.പി. ബോർഡ് വരുന്നതോടുകൂടി കുറച്ചുകൂടി ശ്രദ്ധിച്ച് നിർമ്മാണം നടത്തുന്ന സ്ഥിതിവരും. പരിപാലന കാലാവധിക്കുള്ളിൽ റോഡിന് എന്തെങ്കിലും തകരാറ് സംഭവിച്ചാൽ പരിപാലന കാലാവധിക്കുള്ളിൽത്തന്നെ കരാറുകാർക്ക് അത് പരിഹരിക്കാനും കരാറുകാരെക്കൊണ്ട് അത് ചെയ്യിക്കാനും സാധിക്കും. കരാറുകാരുടെ ഫോൺ നമ്പർ ഉൾപ്പെടുത്തിക്കൊണ്ടുള്ളതും പച്ച നിറത്തിലുള്ളതുമായ മൂവായിരത്തിൽ അധികം ഡി.എൽ.പി. ബോർഡുകൾ ഇന്ന് കേരളത്തിൽ വന്നുകഴിഞ്ഞു. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കുതന്നെ ഓവർസീയർമാരെ ഫീൽഡിൽ ഇറക്കുന്നതിനുള്ള സംവിധാനവും കൊണ്ടുവന്നിട്ടുണ്ടെന്ന കാര്യം സഭയെ പ്രത്യേകം അറിയിക്കുകയാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ബഹുമാനപ്പെട്ട മന്ത്രി എന്തൊക്കെയോ കുറെ കാര്യങ്ങൾ പറഞ്ഞെങ്കിലും എന്റെ ചോദ്യത്തിന് മാത്രം ഉത്തരം പറഞ്ഞില്ല. ഞാൻ ചോദിച്ചത് വേസ്റ്റ് പ്ലാസ്റ്റിക് ഉപയോഗിക്കാൻ കഴിയുമോ എന്നാണ്. കാറൾ മാർക്സിനെക്കുറിച്ച് പറഞ്ഞിട്ട് എനിക്ക് എന്ത് ലഭിക്കാനാണ്? എന്റെ രണ്ടാമത്തെ ചോദ്യം, റോഡുകളിലെ കുഴികൾ മുഖാന്തരമുണ്ടാകുന്ന അപകടങ്ങളാൽ പരിക്കേൽക്കുകയോ മരണം സംഭവിക്കുകയോ ചെയ്താൽ നിലവിൽ പൊതുമരാമത്ത് വകുപ്പിൽനിന്നും നഷ്ടപരിഹാരം നൽകാൻ വ്യവസ്ഥയില്ല. നേരെമറിച്ച് കരാറുകാർക്ക് കെ.എസ്.ടി.പി. റോഡുകൾ കൈമാറിക്കഴിഞ്ഞാൽ അവയുടെ പരിപാലനം അവർക്കായതിനാൽ കുഴികളിൽ വീണുണ്ടാകുന്ന അപകടങ്ങൾക്ക് കരാറുകാരനാണ് ഉത്തരവാദിത്വമെന്നാണ് സർക്കാർ പറയുന്നത്. അതുകൊണ്ടുതന്നെ കരാറുകാരന്റെ ബിൽ തുകയിൽനിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നാണ് സർക്കാർ പറയുന്നത്. കരാറുകാരന് ബിൽ തുക യഥാസമയം ലഭിക്കാത്തതുകൊണ്ട് അർഹതപ്പെട്ട നഷ്ടപരിഹാരവും യഥാസമയം നൽകാൻ കഴിയാതെവരുന്നു. ഇത്തരത്തിൽ

നഷ്ടപരിഹാരം നൽകേണ്ടത് സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വമായി കണക്കാക്കി ഈ വിഷയത്തിൽ ആവശ്യമായ മാറ്റം കൊണ്ടുവരുന്നതിനും കുഴികളിൽ വീണുണ്ടാകുന്ന അപകടങ്ങൾക്ക് നഷ്ടപരിഹാരം യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും. ഈ വിഷയം നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്. ആദ്യത്തെ വിഷയത്തിനാണ് ഞാൻ ഉത്തരം പറഞ്ഞത്. ഗുണമേന്മ ഉറപ്പുവരുത്താൻ എന്തൊക്കെ ചെയ്യുവെന്നുള്ളതും മറ്റെല്ലാ വിഷയങ്ങളും പരാമർശിച്ചതും ഈ സഭയിലെ അംഗത്തിന്റെ ചോദ്യത്തിനോടുള്ള ബഹുമാനത്തിന്റെകൂടി ഭാഗമായാണ്. അതിൽ എന്തുകൊണ്ടാണ് അസ്വസ്ഥരാകുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ആ ഭാഷ കേരളത്തിലെ ജനങ്ങൾക്ക് മുഴുവൻ മനസ്സിലാകുമെന്ന് എനിക്ക് ഉറപ്പാണ്. ജനങ്ങൾ മുഴുവൻ മനസ്സിലാക്കുന്ന, ജനങ്ങൾ ഇഷ്ടപ്പെടുന്ന കാര്യമാണ് പൊതുവെ പറഞ്ഞിട്ടുള്ളത്. ഇവിടെ രണ്ട് വിഷയമുണ്ട്, ഒന്നാമതായി, ഒരു നിർമ്മാണം നടത്തുമ്പോൾ തുക മുഴുവൻ അതിൽ

ചെലവഴിക്കുന്നുണ്ടോ എന്നുള്ളതാണ് പ്രധാന പ്രശ്നം. കേരളത്തിലെ റോഡുകളുടെ കണക്ക് പരിശോധിച്ചാൽ നിർമ്മാണം കഴിഞ്ഞ് ഒരു നിശ്ചിത കാലാവധിക്കുള്ളിൽത്തന്നെ ചില റോഡുകൾ തകരാറിലാകുന്ന രീതികളുണ്ടായിരുന്നു. അതിനെതിരെ തുടർച്ചയായ നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. തെറ്റായ നിലപാട് സ്വീകരിക്കുന്നതിനോട് യോജിച്ച് പോകാൻ സാധിക്കില്ല. കരാറുകാരുടെ ഭാഗത്ത് പാളിച്ചകൾ വരുമ്പോൾ തീർച്ചയായും രണ്ട് രീതികളുണ്ട്, ഒന്ന് Risk and Cost Termination. Risk and Cost Termination-ന്റെ കണക്ക് പൊതുവെ പരിശോധിച്ചാൽ ആ നിലയിൽ സ്വീകരിക്കേണ്ട സമീപനം സ്വീകരിച്ചുതന്നെ പോകേണ്ടതുണ്ടെന്നാണ് ബഹുമാനപ്പെട്ട അംഗത്തോട് സൂചിപ്പിക്കാനുള്ളത്. കേരളത്തിൽ വലിയ നിലയിൽത്തന്നെ Risk and Cost Termination നടത്തി സർക്കാർ മുന്നോട്ട് പോയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തുന്ന പ്രവർത്തനവും നടത്തിവരുന്നുണ്ട്. കരാറുകാർ അവരുടെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിന് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഇടപെടൽ നടത്തുന്നുണ്ട്.

ഡോ. എം. കെ. മുനീർ: സർ, പ്രളയ കാലഘട്ടത്തിനുശേഷം, ഇനി പ്രളയമുണ്ടായാൽ അതിനെ അതിജീവിക്കാൻ കഴിയുന്ന തരത്തിലുള്ള ടെക്നോളജി ഉപയോഗിച്ചായിരിക്കും കെട്ടിടങ്ങളും റോഡുകളും നിർമ്മിക്കപ്പെടുന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉറപ്പുനൽകിയിരുന്നു. അക്കാര്യത്തിന്റെ പുരോഗതി വിലയിരുത്താമോ; ഒരേ റോഡ് പരിപാലിക്കുന്നതിനുവേണ്ടി പതിനഞ്ച് വർഷത്തേയ്ക്ക് മറ്റൊരു കോൺട്രാക്ട് കൊടുക്കുന്ന പെർഫോർമൻസ് ലിങ്ക്ഡ് മെയിന്റനൻസ് കോൺട്രാക്ട് സിസ്റ്റം നിലവിൽ വന്നിട്ടുണ്ടോ; ഇത്തരം കാര്യങ്ങൾക്ക് മാറ്റം വന്നെങ്കിൽ അതിനനുസരിച്ച് മാന്വൽ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, വളരെ പ്രസക്തമായ ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. ഇതിലൊന്ന് Output and Performance Based Road Contract (OPBRC) ആണ്. മെയിന്റനൻസ് കാലാവധി കൂടുതലുള്ള നിർമ്മാണ രീതിയാണിത്. ഇവിടെ സൂചിപ്പിച്ച ഗണത്തിൽപ്പെടുത്താവുന്ന ഒരു നിർമ്മാണ രീതിയാണിത്. അതിന്റെ പ്രവർത്തനം പരമാവധി നടപ്പാക്കുന്നുണ്ട്. എന്നാൽ ഇതിന് ചെലവ് കൂടുതലാണ്. കൂടുതൽ

പരിശോധനകൾ നടത്തി അത്തരം നിർമ്മാണരീതികളിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. പാരിസ്ഥിതികമായും കേരളത്തിന്റെ പ്രത്യേക അന്തരീക്ഷത്തിൽ കൂടുതൽ ഗുണകരമാകുന്ന പുതിയ നിർമ്മാണ രീതികൾ നടപ്പാക്കിവരുന്നുണ്ട്. കാലാവസ്ഥ, കേരളത്തിന്റെ സവിശേഷ സാഹചര്യങ്ങൾ എന്നിവ മനസ്സിലാക്കി നിർദ്ദേശങ്ങൾ നല്കാൻ കഴിയുന്ന വിദഗ്ദ്ധരെ ഉൾപ്പെടുത്തി തലസ്ഥാനത്ത് ഒരു വർക്ക്ഷോപ്പ് നടത്തിയിരുന്നു. അതിന്റെ ഭാഗമായി, അവരുടെ അഭിപ്രായംകൂടി സ്വീകരിച്ചുകൊണ്ട് മെയിന്റനൻസ് കാലാവധി കൂടുതലുള്ള നിർമ്മാണ രീതി നടപ്പാക്കാൻ പി.ഡബ്ല്യൂ.ഡി. മിഷൻ ടീം ഇടപെടുന്നുണ്ടെന്ന് സഭയെ അറിയിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, റോഡുകളുടെ കുഴി അടയ്ക്കുന്നതിന് ഷെൽ മാക് മിശ്രിതം ഉപയോഗിക്കുന്നത് എത്രമാത്രം ഗുണപ്രദമാണെന്ന് പൊതുമരാമത്ത് വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; അതുമായി ബന്ധപ്പെട്ട പരിശോധന നടത്തിയിട്ടുണ്ടോ? നാടുകാണി മുതൽ പരപ്പനങ്ങാടി വരെയുള്ള 90 കിലോമീറ്റർ റോഡ് 11 വർഷമായി മോശം അവസ്ഥയിലാണ്.

ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്ന് ഇക്കാര്യത്തിൽ നടപടി ഉണ്ടാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഷെൽ മാക് മിശ്രിതം ഉപയോഗിച്ച് മാത്രമല്ല, സാധ്യമാകുന്ന രീതിയിലൊക്കെ കാര്യങ്ങൾ ചെയ്യുന്നുണ്ട്. റണ്ണിംഗ് കോൺട്രാക്ട് സിസ്റ്റം വന്നപ്പോൾ അത് കുറച്ചുകൂടി ഫലപ്രദമാണെന്ന് മാത്രമല്ല, അതത് ഘട്ടങ്ങളിൽ ഇടപെടാനും കഴിയുന്നുണ്ട്. റോഡിന്റെ പരിപാലന കാലാവധി കഴിഞ്ഞാൽ പിന്നീട് എന്തുചെയ്യണമെന്ന് ചിന്തിക്കുന്ന സാഹചര്യം ഒഴിവാക്കാനും ഇതിലൂടെ സാധിക്കും. റോഡിലെ കുഴികളുടെ പ്രശ്നത്തിൽ തദവസരത്തിൽത്തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ വിളിക്കുന്നതിനുപകരം കാലാവധി കഴിയുന്നതിനുമുമ്പുള്ള പ്രശ്നങ്ങൾ ഉൾപ്പെടെയുള്ള കോൺട്രാക്ട് സംവിധാനത്തെയാണ് റണ്ണിംഗ് കോൺട്രാക്ട് കൊണ്ടുദ്ദേശിക്കുന്നത്. അതിന് ഒരു വർഷത്തെ കാലാവധിയാണുള്ളത്. ഇതുമായി ബന്ധപ്പെട്ട എല്ലാ രീതികളും അവലംബിച്ച് പ്രവൃത്തി മുന്നോട്ടുപോകുന്നുണ്ട്. നാട്ടുകാണി - പരപ്പനങ്ങാടി റോഡുമായി ബന്ധപ്പെട്ട്, ബഹുമാനപ്പെട്ട ചോദ്യകർത്താവ്

ഉൾപ്പെടെയുള്ള അംഗങ്ങൾ പങ്കെടുത്തുകൊണ്ട് കളക്ടറേറ്റിൽ ഒരു യോഗം നടത്തുകയും ചില തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ട്. അവ നടപ്പാക്കാനുള്ള ശ്രമത്തിലാണ്. വിവിധ നിയോജകമണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന റോഡാണിത്. 10-13 വർഷം മുമ്പേയുള്ള പ്രശ്നവുമാണ്. അത് പരിഹരിച്ച് മുന്നോട്ടുപോകുന്നതാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, Kerala Infrastructure Investment Fund Board, Kerala Road Fund Board, Public Works Department തുടങ്ങിയ സംവിധാനങ്ങൾ നിലവിലുണ്ട്. ഇവയ്ക്ക് ഒരേ മൾട്ടിലെവൽ ക്വാളിറ്റി കൺട്രോൾ നടപടിക്രമങ്ങളാണോ; അതോ ഇവ വ്യത്യസ്ത നടപടിക്രമങ്ങൾ പിന്തുടരുകയാണോ ചെയ്യുന്നത്; ക്വാളിറ്റി കൺട്രോൾ വിഭാഗം ചൂണ്ടിക്കാണിക്കുന്ന അപാകതകൾ പരിഹരിച്ചുവെന്ന് ഉറപ്പുവരുത്തുന്നത് എപ്രകാരമാണ്?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇക്കാര്യങ്ങൾ സഭയിൽ ചർച്ച ചെയ്തിട്ടുള്ളതാണ്. കേരളത്തിൽ ഏകദേശം 29000 കിലോമീറ്ററിലധികവും പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റോഡുകളാണ്. നിലവിൽ ഭൂരിഭാഗവും

PWD റോഡ്സ് വിഭാഗത്തിന്റെ കീഴിലുള്ള റോഡുകളാണ്. കൂടാതെ KIIFB റോഡുകൾ, Kerala State Transport Project (KSTP) റോഡുകൾ, KIIFB യുടെ ഭാഗമായി PMU-ആയി പ്രവർത്തിക്കുന്ന KRFB റോഡുകൾ, PWD-യുടെ നാഷണൽ ഹൈവേ റോഡുകൾ എന്നിങ്ങനെ പലതരം റോഡുകൾ നിലവിലുണ്ട്. നിലവിൽ PWD (Roads) വിഭാഗത്തിന്റെ റോഡുകളുടെ മെയിന്റനൻസ് (അത് ഏകദേശം 22000 കിലോമീറ്റർ റോഡ്) ഉറപ്പുവരുത്താനും മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ പരിശോധിക്കാനുമുള്ള പുതിയ സംവിധാനം വന്നിട്ടുണ്ട്. അത് ഏകദേശം 22000 കിലോമീറ്ററുണ്ടാകും. ബാക്കിവരുന്ന 8000 കിലോമീറ്ററിൽ KIIFB റോഡുകൾ മാത്രം 6000-ൽ അധികം കിലോമീറ്ററുണ്ട്. അതിൽ KIIFB -യുടെ മാനദണ്ഡങ്ങളുൾപ്പെടെ ചർച്ച ചെയ്തതിനുശേഷമാണ് മുന്നോട്ടുപോകുന്നത്. നിലവിൽ KIIFB-യും പൊതുമരാമത്ത് വകുപ്പും പരമാവധി ഒന്നുരണ്ട് മാസത്തിനിടയിൽ കൃത്യമായി യോഗം ചേരുകയും പരിഹരിക്കാവുന്ന പ്രശ്നങ്ങൾ പരിഹരിച്ച് മുന്നോട്ടുപോകുകയും ചെയ്യുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. തുടർന്നും അത് അങ്ങനെതന്നെയായിരിക്കും.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, പൊതുമരാമത്ത് വകുപ്പ് നിർവ്വഹിക്കുന്ന പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തിയാക്കാതെ നീണ്ടുപോകുന്നതുമൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് മുന്നോട്ടുപോകുന്നത്. ഒരു പുതിയ റോഡ്/പാലം വരുമ്പോൾ മറ്റുപല വകുപ്പുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ അതിലുൾപ്പെടാറുണ്ട്. അതുമായി ബന്ധപ്പെട്ട ഏകോപനം ഒരു ഭാഗത്ത് നടക്കുന്നുമുണ്ട്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട ലാൻഡ് അക്വിസിഷൻ നടപടികൾ വേഗത്തിലാക്കുന്നതിന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പ് മന്ത്രിയുമായി നിരന്തരം ചർച്ചകൾ നടത്തുന്നുണ്ട്. അതുകഴിഞ്ഞാൽ അതിന്റെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് മുതലായ കാര്യങ്ങളുണ്ട്. കൂടാതെ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാൻ പല നിലയിലും ഇടപെടൽ നടത്തുന്നുണ്ട്. അതിൽ പോരായ്മ സംഭവിച്ചെന്ന് കണ്ടെത്തിയാൽ റിസ്ക് ആന്റ് കോസ്റ്റ്

ടെർമിനേഷൻ നടപ്പാക്കുന്നതിൽ യാതൊരു വിട്ടുവീഴ്ചയും ചെയ്യാറില്ലെന്ന് കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകും. ഒന്നേമുക്കാൽ വർഷത്തിനിടയിൽ കേരളത്തിൽ റിസ്ക് ആൻഡ് കോസ്റ്റ് ടെർമിനേഷന്റെ ഭാഗമായി 41 പേർക്കെതിരെ നടപടി സ്വീകരിക്കുകയും 5 പേരെ ബ്ലാക് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കരാറുകാർ പരാവധി നല്ല രീതിയിൽ സഹകരിക്കുന്ന സ്ഥിതിയാണുള്ളത്. എന്നാൽ ചിലയിടങ്ങളിലുണ്ടാകുന്ന നെഗറ്റീവായ സമീപനങ്ങളിന്മേൽ സർക്കാർ മൃദു സമീപനം കൈക്കൊള്ളില്ല. ടെർമിനേഷനുശേഷമുള്ള സമയനഷ്ടം, കരാറുകാർ കോടതിയിൽ പോകുന്നത്, കോടതിയിൽ നിന്ന് സ്റ്റേ വാങ്ങുന്നത് തുടങ്ങിയ പ്രശ്നങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് എം.എൽ.എ.-മാർ ഭയപ്പെടുന്നത്. റിസ്ക് ആന്റ് കോസ്റ്റ് ടെർമിനേഷനുശേഷമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വർക്ക് റീ അറേഞ്ച്മെന്റ് നടത്താറുണ്ട്. ഇക്കാര്യം നല്ല രീതിയിൽ പ്രാവർത്തികമാക്കാനും പുരോഗതി കൈവരിക്കാനും സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പണി പൂർത്തിയാക്കിയ റോഡുകളിൽ പ്രത്യേകിച്ച് Bitumen Macadam and Bitumen Concrete (BM & BC) നിലവാരത്തിൽ കോടിക്കണക്കിന് രൂപ മുതൽമുടക്കിയാണ് ടാറിംഗ് പൂർത്തിയാക്കുന്നത്. ടാറിംഗ് പൂർത്തിയാക്കിയാൽ ഉടൻതന്നെ മറ്റാവശ്യങ്ങൾക്കുവേണ്ടി റോഡ് വെട്ടിപ്പൊളിക്കുന്ന അവസ്ഥയാണ് പലപ്പോഴും കാണാൻ കഴിയുന്നത്. വാട്ടർ അതോറിറ്റിക്കാണ് കൂടുതലായും റോഡ് വെട്ടിപ്പൊളിക്കുന്ന പ്രവൃത്തി ചെയ്യേണ്ടിവരുന്നത്. കേരളത്തിലെ മഹാഭൂരിപക്ഷം പൈപ്പുകളും 30-40 വർഷം പഴക്കമുള്ളവയാണ്. മിക്കവാറും സ്ഥലങ്ങളിൽ പൈപ്പ് ലൈനുകൾ നിരന്തരം പൊട്ടുന്ന സാഹചര്യമാണുള്ളത്. പൈപ്പ് പൊട്ടിക്കഴിയുമ്പോൾ റോഡ് മോശമാകുന്നു. ഏത് ഏജൻസിയാണോ റോഡ് വെട്ടിപ്പൊളിക്കുന്നത് അവർതന്നെ റോഡ് റെസ്റ്റോർ ചെയ്യണമെന്നതാണ് പി.ഡബ്ല്യു.ഡി.-യുടെ നിർദ്ദേശം. കൂടുതലായി റോഡ് പൊളിക്കേണ്ടിവരുന്നത് വാട്ടർ അതോറിറ്റിക്കാണ്. അവർ എങ്ങനെയാണ് റെസ്റ്റോർ ചെയ്യുന്നത്; അവർക്ക് ഇതുമായി ബന്ധപ്പെട്ട് എന്ത് Technical know-how ആണുള്ളത്; റോഡ്

പണിയുന്നതുമായി ബന്ധപ്പെട്ട് അവർക്ക് എഞ്ചിനീയറിംഗ് സംവിധാനം നിലവിലുണ്ടോ? എങ്ങനെയെങ്കിലും കുഴികൾ ഫിൽ ചെയ്യുകവഴി വെട്ടിപ്പൊളിക്കുന്ന ഭാഗം മാത്രമല്ല, ആ ഏരിയ മുഴുവനും പിന്നീട് തകരുന്ന സ്ഥിതിയാണുള്ളത്. ഇത് പരിഹരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് എന്തെങ്കിലും സംവിധാനം നടപ്പാക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, നമ്മുടെ നാട് ദീർഘകാലമായി നേരിടുന്ന പ്രശ്നമാണ് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോഴും അതിനുമുമ്പേയും എൽ.ഡി.എഫ്. സർക്കാർ ഇക്കാര്യത്തിനുവേണ്ടി നിരവധി ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. തുടക്കത്തിൽ ഒരു പോർട്ടൽ സംവിധാനം ഉപയോഗിച്ച് ഇത് പരിഹരിക്കാൻ ശ്രമിച്ചതിന്റെ ഭാഗമായി രജിസ്റ്റർ ചെയ്ത്, ക്ലാഷ്/ ഓവർലാപ്പിംഗ് വരാത്ത രീതിയിലുംമറ്റും കാര്യങ്ങൾ ചെയ്യുകയുണ്ടായി. ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി, പൊതുമരാമത്ത് വകുപ്പുമന്ത്രി, ബന്ധപ്പെട്ട ഉന്നതതല ഉദ്യോഗസ്ഥർ ഉൾപ്പെടെ തുടർച്ചയായ ചർച്ചകൾ നടത്തി കാര്യങ്ങൾ ചെയ്യുകയുണ്ടായി. ഇതുമായി

ബന്ധപ്പെട്ട് 14-02-2023-ന് നിലവിൽ വന്ന സർക്കാർ ഉത്തരവുപ്രകാരം പൊതുമരാമത്ത് വകുപ്പിന് ഇത്തരം കാര്യങ്ങളിൽ ഇടപെടാൻ കഴിയുന്നതാണ്. പക്ഷേ പൊതുമരാമത്ത് മാന്വൽ, ഗവൺമെന്റ് ഉത്തരവ് എന്നിവ പ്രകാരമുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് നൽകേണ്ടിവരും. പ്രസ്തുത ജി.ഒ. പ്രകാരം കുറേയധികം കാര്യങ്ങളിൽ മാറ്റം വന്നിട്ടുണ്ട്; അത് പൊതുവേ ഗുണകരവുമാണ്. സമയദൈർഘ്യം നല്കുന്ന കാര്യത്തിലും (ഡിസംബർ മാസം കഴിഞ്ഞാൽ വർക്കുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകൾ ഉൾപ്പെടെ) ഉദ്യോഗസ്ഥർക്ക് പരിശോധിക്കാൻ കഴിയുന്നതാണ്. പി.ഡബ്ല്യു.ഡി. പ്രവൃത്തി ക്രമീകരിക്കുന്നതിനുമുമ്പ് റോ പോർട്ടലിൽ അപേക്ഷിച്ചിരിക്കുന്ന എല്ലാ പ്രവൃത്തികൾക്കും കട്ടിംഗിനുള്ള അനുമതി നല്കും. പി.ഡബ്ല്യു.ഡി. പ്രവൃത്തി ക്രമീകരിച്ചതിനുശേഷം ആവശ്യപ്പെടുന്നവർക്ക് അതിന്റെ പ്രാധാന്യം പരിഗണിച്ച് പരിശോധിക്കുന്ന നിലയിൽ ഒരു സമിതി നിലവിൽ വന്നിട്ടുണ്ട്. അത് പി.ഡബ്ല്യു.ഡി. നേരിട്ട് ഏറ്റെടുത്ത് മുന്നോട്ടുനീങ്ങാനാണ് ഉദ്ദേശിക്കുന്നത്. ഉത്തരവുപ്രകാരമുള്ള കൂടുതൽ വിശദാംശങ്ങൾ

സൂചിപ്പിക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ടുള്ള മാറ്റം ഗുണകരമാക്കാൻ കഴിയുന്നതാണ്.

**ഉത്തരവാദിത്ത ടൂറിസം**

2(*392) ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം നയത്തിൽ കാലാനുസൃതമായ എന്തെല്ലാം പരിഷ്കാരങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഉത്തരവാദിത്ത ടൂറിസം പദ്ധതി മുഖേന പുതിയ ടൂറിസം ഡെസ്റ്റിനേഷനുകൾ രൂപീകരിക്കാൻ സാധിക്കുംവിധം കർമ്മപദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (എ) ഉത്തരവാദിത്ത ടൂറിസത്തെ ജനകീയ മുന്നേറ്റമായി മാറ്റുകയെന്ന ലക്ഷ്യത്തോടെയുള്ള സമഗ്ര പദ്ധതികളാണ് വിനോദ സഞ്ചാര വകുപ്പ് തയ്യാറാക്കുന്നത്. ഇതിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം മിഷനെ

സൊസൈറ്റിയാക്കി മാറ്റുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ജനങ്ങളെ സ്പർശിക്കാൻ കഴിയുംവിധത്തിലുള്ള ടൂറിസം പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാനാണ് ഉത്തരവാദിത്ത ടൂറിസം മുഖേന ലക്ഷ്യമിടുന്നത്.

ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച 'സ്ട്രീറ്റ്' (Sustainable, Tangible, Responsible, Experiential, Ethnic, Tourism Hubs) പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഡിസൈൻ പോളിസിക്ക് രൂപം നൽകുന്നതോടെ അതിലെ നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്തി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. സംസ്ഥാനത്തിന്റെ വിനോദസഞ്ചാര സാധ്യതകൾക്കനുസൃതമായി അഗ്രി ടൂറിസം നെറ്റ്‌വർക്ക് ശക്തിപ്പെടുത്താൻ ഉത്തരവാദിത്ത ടൂറിസത്തെ ഉപയോഗിക്കും. സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതിയിലൂടെ ചെറുകിട സംരംഭങ്ങളെ ചേർത്തുനിർത്തുകയും കേരളത്തിന്റെ സുസ്ഥിര വികസനത്തിൽ നിർണ്ണായക സാന്നിധ്യമായി ടൂറിസം മാറുകയും ചെയ്യും.

ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ, 2023 ഫെബ്രുവരി 25 മുതൽ 28 വരെ സംഘടിപ്പിച്ച ഉത്തരവാദിത്ത ടൂറിസം ആഗോള ഉച്ചകോടിയിൽ വച്ച് ആഗോള ടൂറിസം കാഴ്ചപ്പാടിന് അനുസൃതമായി നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് രണ്ടാംകേരള ഉത്തരവാദിത്ത ടൂറിസം ഡിക്ലറേഷൻ പ്രഖ്യാപിച്ചു. ആയതിന്റെ പ്രധാന ആശയങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

- ഉത്തരവാദിത്ത ടൂറിസം കാലാനുസൃതമാക്കുന്നതിന്റെ ഭാഗമായി പ്രാദേശികമായ പ്രതികൂല ഘടകങ്ങൾ ലഘൂകരിച്ച് പ്രാദേശിക ജന വിഭാഗത്തിന് പരമാവധി പ്രയോജനമുണ്ടാകത്തക്ക വിധത്തിലുള്ള വികസന പ്രവർത്തനങ്ങൾക്ക് രൂപം നൽകും. ദാരിദ്ര്യ ലഘൂകരണം, പ്രാദേശിക സാമ്പത്തിക വികസനം എന്നിവയിൽ ഊന്നിയുള്ള പ്രവർത്തനങ്ങൾ ഉണ്ടാകും. ടൂറിസവുമായി ബന്ധപ്പെട്ട സുസ്ഥിര ചെറുകിട സൂക്ഷ്മ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ട സഹായങ്ങൾ നൽകും;

- പഞ്ചായത്തുകളുമായി സഹകരിച്ച് ലിംഗ സമത്വത്തിൽ ഊന്നി വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തും. എല്ലാ ടൂറിസം പ്രവർത്തനങ്ങളും അനുഭവങ്ങളും ഭിന്നശേഷിക്കാർ ഉൾപ്പെടെ എല്ലാ വിഭാഗം ജനങ്ങൾക്കും ഒരുപോലെ ആസ്വദിക്കത്തക്ക വിധത്തിലുള്ള സൗകര്യങ്ങളുണ്ടാകും. സാമൂഹിക-സാംസ്കാരിക വൈവിധ്യങ്ങൾ ഉൾക്കൊള്ളാനും അതിഥികളെ സ്വീകരിക്കാനും ഉതകുന്ന തരത്തിൽ പ്രാദേശിക ജനതയെ സജ്ജമാക്കും. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലും ടൂറിസം സംഭാവനകൾ ഉറപ്പുവരുത്തും;
- കാലാവസ്ഥാ വ്യതിയാനത്തെ നേരിടാനും ഹരിതഗൃഹ പ്രഭാവം ചെറുക്കുന്നതിനും ഉത്തരവാദിത്ത ടൂറിസം മുഖ്യപരിഗണന നൽകുന്നു. വിഭവങ്ങളുടെ സുസ്ഥിര ഉപഭോഗം, മാലിന്യ ലഘൂകരണം, ജൈവവൈവിധ്യ സംരക്ഷണം എന്നിവയ്ക്കും പരിഗണന നൽകുന്നതാണ്. പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും അതിനുവേണ്ട ബോധവത്കരണം നടത്തുന്നതിനും ലക്ഷ്യമിടുന്നു.

(ബി) ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി പുതിയ ഡെസ്റ്റിനേഷനുകൾ വളർത്തിയെടുക്കാൻ കർമ്മ പദ്ധതി ആവിഷ്ക്കരിക്കുന്നുണ്ട്. 'സ്ട്രീറ്റ്' പദ്ധതി വ്യാപകമാക്കുന്നതോടെ പ്രാദേശികമായി സ്ട്രീറ്റുകൾ സജ്ജമാകുകയും അവ വിനോദ സഞ്ചാര കേന്ദ്രങ്ങളാക്കി മാറ്റുകയും ചെയ്യും. പെപ്പർ, മോഡൽ ആർ.ടി. വില്ലേജ് തുടങ്ങിയ പദ്ധതികളിലൂടെയും പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങളെ വികസിപ്പിക്കുകയാണ് ഇതുവഴി ലക്ഷ്യമിടുന്നത്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, കേരളത്തിലെ ടൂറിസം മേഖല കഴിഞ്ഞകാല വസന്തങ്ങളിലേയ്ക്ക് മടങ്ങിവരുന്നുവെന്ന് മനസ്സിലാക്കുന്നതിൽ സന്തോഷമുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷൻ ഒരു സൊസൈറ്റിയായി മാറ്റുമെന്നാണ് മറുപടിയിൽ സൂചിപ്പിച്ചത്. അങ്ങനെ മാറ്റിയാലുള്ള നേട്ടങ്ങളെന്താണ്; ഇത് തെരഞ്ഞെടുക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; ഇത് മറ്റ് പ്രദേശങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഉത്തരവാദിത്ത ടൂറിസം മിഷന്റെ ചരിത്രം പറയുന്നതിൽ ആർക്കും പരിഭവം തോന്നരുത്. 2006-ലെ ഇടതുപക്ഷ സർക്കാരിന്റെ കാലത്തായിരുന്നു ഉത്തരവാദിത്ത ടൂറിസം മിഷൻ നിലവിൽ വന്നത്. സഖാവ് കോടിയേരി ബാലകൃഷ്ണൻ ആയിരുന്നു അന്നത്തെ ടൂറിസം വകുപ്പുമന്ത്രി എന്ന് സഭയെ പ്രത്യേകം അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഇടതുപക്ഷ നയത്തിന്റെ പ്രോഡക്ടാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ. ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റിയായി മാറുന്നതോടെ ടൂറിസം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക സ്ഥാപനമായിത്തീരും. സ്വതന്ത്ര സ്വഭാവത്തിൽ പ്രവർത്തിക്കുന്ന ഒരു മിഷനായി മാറുന്നതോടെ കൂടുതൽ പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കാനും യൂണിറ്റുകൾക്ക് സാമ്പത്തിക സഹായമുൾപ്പെടെ നൽകിക്കൊണ്ട് അടുത്ത ഘട്ടത്തിലേക്ക് പ്രവർത്തനങ്ങളെ ഉയർത്തിക്കൊണ്ടുവരാനും സാധിക്കും. ഇതുവരെ സർക്കാർ ഫണ്ട് മാത്രം പ്രയോജനപ്പെടുത്തിക്കൊണ്ടാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോയിരുന്നത്. എന്നാൽ,

സൊസൈറ്റിയായി മാറുന്നതോടെ മറ്റ് ഏജൻസികൾ, സർക്കാരിതര സ്ഥാപനങ്ങൾ എന്നിവയുടെ സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതികളും പ്രവർത്തനങ്ങളും നടപ്പാക്കാൻ സാധിക്കും. മറ്റ് പ്രദേശങ്ങളിൽ നിലവിലുള്ള മാതൃകാപരവും അനുകരണീയവുമായ പ്രവർത്തനങ്ങൾ കണ്ട് മനസ്സിലാക്കാനും പ്രാവർത്തികമാക്കാനും കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാമുകൾ പോലുള്ളവ നടപ്പാക്കാനും സാധിക്കും. നിലവിൽ യൂണിറ്റുകൾക്ക് സാമ്പത്തിക സഹായം നൽകാൻ ഉത്തരവാദിത്ത ടൂറിസം മിഷന് സാധിക്കില്ല. ആയതിനാൽ പരിശീലനവും യൂണിറ്റുകൾക്ക് ടൂറിസം രംഗത്തുള്ള ലിങ്കേജ് ക്രിയേഷനുൾപ്പെടെ വിവിധ മാർക്കറ്റിംഗ് സപ്പോർട്ടുമാണ് നൽകിവന്നിരുന്നത്. എന്നാൽ, ഇത് സൊസൈറ്റിയായി മാറുന്നതോടെ സാമ്പത്തിക സഹായമുൾപ്പെടെ നൽകിക്കൊണ്ട് യൂണിറ്റുകൾ ആരംഭിക്കാനും പ്രവർത്തനം കാര്യക്ഷമമാക്കാനും സ്വതന്ത്ര പ്രവർത്തനങ്ങൾ വിപുലപ്പെടുത്താനും സാധിക്കും. നിലവിൽ സി.എസ്.ആർ. (കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി) ഫണ്ട് സ്വീകരിക്കാൻ കഴിയില്ലായിരുന്നു. സൊസൈറ്റി ആകുന്നതോടെ അതും സാധ്യമാകും.

അതുമാത്രമല്ല, ഉത്തരവാദിത്ത ടൂറിസം യൂണിറ്റുകളുടെ ഉല്പാദന-സംഭരണ-വിതരണ മേഖലകൾ കൂടുതൽ ശക്തിപ്പെടുത്താനും മൈക്രോ സംരംഭങ്ങൾ ആരംഭിക്കാനും സാധിക്കുന്ന സ്ഥിതിയുണ്ടാകും. ഇതിലൂടെ ഒരു സംഘടിത സ്വാഭാവം കൈവരിക്കാനും സ്റ്റാൻഡേർഡൈസേഷൻ ഏർപ്പെടുത്താനും പ്രദേശിക തൊഴിൽ വർദ്ധിപ്പിക്കാനും സാധിക്കുന്നതാണ്. ഏറ്റവും പ്രധാനപ്പെട്ട ലോക ട്രെൻഡിനെക്കുറിച്ചുകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. 'സ്ലോ ട്രാവൽ' ആണ് പുതിയ ലോക ട്രെൻഡ്. ഇതിന്റെ പ്രത്യേകത എന്തെന്നാൽ ഒരു ഡെസ്റ്റിനേഷൻ മൊത്തത്തിൽ അനുഭവിക്കുക എന്നതാണ്. നേരത്തേ ഒരു ഡെസ്റ്റിനേഷനിൽനിന്നും അടുത്തതിലേയ്ക്ക് വേഗത്തിലാണ് സഞ്ചാരികൾ പൊയ്ക്കൊണ്ടിരുന്നത്. കുമരകം പോലുള്ള സ്ഥലങ്ങളിൽ നേരത്തേ രണ്ട് ദിവസം നിന്നവർ ഇന്ന് ഒരാഴ്ച ചെലവഴിക്കുന്നുണ്ട്. ഇതിലൂടെ കുമരകം പ്രദേശത്തെ മൊത്തത്തിൽ ആസ്വദിക്കാൻ സഞ്ചാരികൾക്ക് സാധിക്കും. ഇപ്രകാരം economy-ക്ക് ഗുണകരമാകുന്ന പുതിയ 'സ്ലോ ട്രാവൽ' ട്രെൻഡിനെ ഏറ്റവും നന്നായി ഉപയോഗപ്പെടുത്താൻ സാധിക്കുന്നത് ഉത്തരവാദിത്ത ടൂറിസത്തിനാണ്.

അത് സൊസൈറ്റിയാക്കുന്നതോടെ ഇക്കാര്യങ്ങളെല്ലാം വലിയരീതിയിൽ സാധ്യമാകുന്നതാണ്.

ഡോ. എൻ. ജയരാജ്: സർ, ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വഴി സ്ത്രീകളുടെ സാമ്പത്തിക സാമൂഹിക ഉന്നമനം സാധ്യമാക്കാൻ എന്തെങ്കിലും നടപടി സർക്കാർ കൈക്കൊള്ളുമോ; നിലവിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, നിലവിൽ സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതി ആരംഭിച്ചുകഴിഞ്ഞു. ഉത്തരവാദിത്ത ടൂറിസത്തിന്റെ 23,786-ഓളം വരുന്ന യൂണിറ്റുകളിൽ 70 ശതമാനത്തോളം യൂണിറ്റുകളും സ്ത്രീകളാണ് നയിക്കുന്നത്. 16,660 യൂണിറ്റുകളിൽ ഓരോ യൂണിറ്റും ഓരോ സംരംഭമാണ്. ഗ്രാമീണ മേഖലയിലെ സ്ത്രീകൾക്ക് ടൂറിസം മേഖലയിൽ സജീവമായി ഇടപെടാൻ ഇതിലൂടെ സാധിക്കുന്നുണ്ട്. അടുത്തിടെ നടന്ന ആഗോള ഉത്തരവാദിത്ത ടൂറിസം സമ്മിറ്റിൽ ഒന്നര ലക്ഷം വനിതകളുടെ നെറ്റ്‌വർക്ക് രൂപപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ യു.എൻ.ഒ.-യുമായി ഒരു ധാരണാപത്രം ഒപ്പുവച്ചിരുന്നു. ഇതിലൂടെ 50 ലക്ഷം വനിതകളെയെങ്കിലും

പുതുതായി കേരളത്തിലേയ്ക്ക് സഞ്ചാരികളായി കൊണ്ടുവരാനാണ് ലക്ഷ്യമിടുന്നത്. 10,000 പുതിയ വനിതാ സംരംഭങ്ങൾ ടൂറിസം മേഖലയിൽ കൊണ്ടുവരാനും 30,000 പേർക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്താനും ലക്ഷ്യമിട്ടുകൊണ്ടാണ് വകുപ്പ് ഈ പ്രവർത്തനങ്ങൾ നടത്തുന്നത്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസം ഡെസ്റ്റിനേഷനായ വാഗമണിലേയ്ക്കുള്ള, എന്റെ നിയോജകമണ്ഡലത്തിലൂടെയുള്ള ഈരാറ്റുപേട്ട-വാഗമൺ റോഡ് ബി.എം. ആൻഡ് ബി.സി. നിലവാരത്തിൽ റീ-ടാർ ചെയ്യാൻ സ്വീകരിച്ച നടപടിയിൽ ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ മുക്തകണ്ഠം പ്രശംസിക്കുകയാണ്. കുമരകത്ത് നടന്ന വേൾഡ് റെസ്പോൺസിബിൾ ടൂറിസം ഉച്ചകോടിയും അവിടെ നടന്ന പ്രഖ്യാപനങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങളെ എങ്ങനെ സ്വാധീനിക്കുമെന്ന് വിശദമാക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങൾ പ്രധാനമായും ഫോക്കസ് ചെയ്യേണ്ടത് accessibility ആണ്. അതിൽ റോഡുകൾ പ്രധാന പങ്ക് വഹിക്കുന്നു. പൊതുമരാമത്ത് വകുപ്പ്, ജലസേചന

വകുപ്പ്, ഫിഷറീസ് വകുപ്പ് തുടങ്ങി വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടാണ് റോഡുകൾ വരുന്നത്. ഇതൊക്കെ പ്രത്യേകം ശ്രദ്ധിക്കാൻ സർക്കാർ ലക്ഷ്യമിടുന്നുണ്ട്. പതിനഞ്ച് കൊല്ലങ്ങൾക്ക് മുൻപുള്ള വാഗമൺ റോഡുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ടെന്ന് ഈ സഭയെ അറിയിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ എങ്ങനെ സമ്മിറ്റിന്റെ നടത്തിപ്പിലൂടെ സ്വാധീനിക്കുമെന്നത് പ്രാധാനപ്പെട്ട ചോദ്യമാണ്. അതിന് വലിയ രീതിയിൽ ദിശാബോധം നൽകാൻ സാധിച്ചിട്ടുണ്ട്. 2022 നവംബർ 6-ന് ബ്രിട്ടനിലെ മാഗ്നാകാർട്ട ദ്വീപിൽവച്ച് നടന്ന ഉച്ചകോടിയിലായിരുന്നു ഇതിന്റെ പ്രഖ്യാപനം. കേരള ഡിക്ലറേഷൻ ഓൺ റെസ്പോൺസിബിൾ ടൂറിസം പുതുക്കുകയെന്ന പ്രധാന ലക്ഷ്യം കൈവരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. മിഷൻ മോഡിൽനിന്നും ഒരു സൊസൈറ്റിയായി മാറുന്ന ഉത്തരവാദിത്ത ടൂറിസത്തിന്റെ നയരൂപീകരണത്തിൽ ഈ പുതിയ ഡിക്ലറേഷൻ അടിസ്ഥാന ശിലയായി മാറിയിട്ടുണ്ട്. സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താനും

കേരളത്തിലേയ്ക്ക് കൂടുതൽ വനിതാ വിനോദസഞ്ചാരികളെ എത്തിക്കാനും ഇതിലൂടെ സാധിക്കുന്നതാണ്. ഇന്ന് ഇന്ത്യയിൽ ഏറ്റവുമധികം വനിതകൾക്ക് നല്ലനിലയിൽ മുന്നോട്ടുവരാൻ സാധിക്കുന്നത് കേരളത്തിലാണ്. അതിനുതകുന്ന ക്രമസമാധാന പരിപാലനവും മതസൗഹാർദ്ദ അന്തരീക്ഷവും കേരളത്തിലുണ്ട്. നമുക്കെല്ലാവർക്കും ഒന്നിച്ച് സന്തോഷിക്കാവുന്ന കാര്യമാണിത്. ഈ ഉച്ചകോടിയിൽ Booking.com അടക്കമുള്ള പ്രധാന ടൂർ ഓപ്പറേറ്റർമാരുമായി യോജിച്ച് പ്രവർത്തിക്കാനുള്ള ധാരണ ഉണ്ടായിട്ടുണ്ട്. തായ്‌വാൻ, തായ്‌പെയ് എന്നിവിടങ്ങളിൽനിന്നും എത്തിയ റെസ്പോൺസിബിൾ ആയുർവേദ ടീമുമായി സഹകരിച്ച് പ്രവർത്തിക്കാൻ കേരള ഉത്തരവാദിത്ത ടൂറിസം ധാരണയായതിന്റെ അടിസ്ഥാനത്തിൽ അവരുടെ ഒരു ആയുർവേദ പ്രൊമോഷൻ സംഘം ഇപ്പോൾ കേരളത്തിലെത്തിയിട്ടുണ്ടെന്ന് സന്തോഷപൂർവ്വം ഈ സഭയെ അറിയിക്കാനാഗ്രഹിക്കുകയാണ്. കേരളം ഉത്തരവാദിത്ത ടൂറിസം ആഗോള ഉച്ചകോടി എല്ലാതരത്തിലും കേരളത്തിന്റെ ടൂറിസം മാതൃകയിൽ വളരെ സഹായം ചെയ്തിട്ടുണ്ട്.

ശ്രീ. ജോബ് മൈക്കിൾ: സർ, ഉത്തരവാദിത്ത ടൂറിസം നയത്തിന്റെ ഭാഗമായി ചങ്ങനാശ്ശേരി-ആലപ്പുഴ റോഡ് ഏകദേശം 700 കോടി രൂപ മുടക്കി 80 ശതമാനം വർക്ക് പൂർത്തീകരിച്ചിരിക്കുകയാണ്. ഈ റോഡിന്റെ സൈഡിലെ മനക്കൽച്ചിറ ടൂറിസം ഒരു കോടി രൂപ ചെലവഴിച്ച് പണി പൂർത്തീകരിച്ചിരിക്കുകയാണ്. ആ പദ്ധതികൂടി ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമാക്കാമോ; ഉത്തരവാദിത്ത ടൂറിസം ഗ്രൂപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് വിശദീകരിക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇത്തരം കാര്യങ്ങളുമായി ബന്ധപ്പെട്ട് പുതിയ ട്രെൻഡുകൾ കൂടി നിയമസഭയെ അറിയിക്കുകയെന്ന ഉത്തരവാദിത്വമുള്ളതുകൊണ്ട് ഉത്തരവാദിത്ത ടൂറിസവുമായി ബന്ധപ്പെട്ട് ആ ഉത്തരവാദിത്വം നിർവ്വഹിക്കുകയാണ്. ഇപ്പോൾ കാണുന്ന പുതിയൊരു ട്രെൻഡ് ആണ് പോപ്-അപ് ടൂറിസം. യൂറോപ്യൻ രാജ്യങ്ങളിൽ ഒരു കൊല്ലമോ ഒൻപത് മാസങ്ങൾക്കോ മുൻപാണ് യാത്രകൾ നിശ്ചയിക്കുന്നത്. അപ്പോൾ അതനുസരിച്ച് നമ്മുടെ മാർക്കറ്റിംഗ് നേരത്തെയാക്കണമായിരുന്നു. എന്നാൽ പുതിയ ട്രെൻഡായ പോപ്-അപ് ടൂറിസം പ്രകാരം

വിദേശസഞ്ചാരികൾ പെട്ടെന്ന് യാത്രകൾ തീരുമാനിക്കുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ വരികയാണ്. Spontaneous travel decision ഏറ്റവും നല്ലനിലയിൽ ഉപയോഗപ്പെടുത്താനാണ് കേരളം ശ്രമിക്കുന്നത്. അതിന്റെ ഭാഗമായി മൊബൈൽ ഫോൺ ഉപയോഗിച്ച് പരിശോധിക്കുന്ന ട്രെൻഡിനെ (ഡിജിറ്റൽ ആക്ടിവിറ്റീസ്) മുൻകൂട്ടി തിരിച്ചറിഞ്ഞ് ഡിജിറ്റൽ മാർക്കറ്റിംഗിന് കേരളം പ്രത്യേകം താല്പര്യപ്പെടുന്നുണ്ട്.

ശ്രീ. പ്രമോദ് നാരായൺ: സർ, കാർഷിക ജീവിതത്തിന്റെ അതുല്യമായ അനുഭവങ്ങളും പ്രകൃതിയുടെ ഋതുഭേദകാന്തിക്കുമൊപ്പം ഹൃദയഹാരിയായ ഗോത്രജീവിതത്തിന്റെ സവിശേഷതകളും ഉത്തരവാദിത്ത ടൂറിസത്തിന്റെ ഉജ്ജ്വല സാധ്യതകളാണ്. ആദിവാസി ഗ്രാമങ്ങളിലെ വനിതകൾക്ക് ആതിഥ്യ മര്യാദാശീലങ്ങളിലും ടൂറിസം വിപണനത്തിലും പ്രത്യേകം പരിശീലനം നൽകി റാന്നി ഉൾപ്പെടെയുള്ള ആദിവാസി സങ്കേതങ്ങളെ മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങളാക്കി മാറ്റാൻ പട്ടികവർഗ്ഗ വികസനവകുപ്പുമായി ചേർന്ന് പദ്ധതി ആവിഷ്കരിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, റാന്നിയിൽ മാത്രമല്ല, സാധ്യമാകുന്ന എല്ലായിടത്തും ടി പദ്ധതി ഉപയോഗപ്പെടുത്താവുന്നതാണ്. 'എൻ ഊര്' വയനാട്ടിൽ വലിയ ട്രെൻഡായി മാറിക്കൊണ്ടിരിക്കുകയാണ്. വയനാട് ജില്ലയിൽ ഈ പദ്ധതി വലിയ ട്രെൻഡായി മാറിയിരിക്കുന്നതിനാൽ ആളുകൾ മുഴുവൻ 'എൻ ഊര്' കാണാൻ ആഗ്രഹിക്കുകയാണ്. ബഹുമാന്യരായ എല്ലാ എം.എൽ.എ.-മാരും അവിടെ സന്ദർശിക്കുന്നത് വളരെ നല്ലതാണ്. ഇത്തരം പദ്ധതികളെക്കുറിച്ച് ഇനിയും ആലോചിക്കാവുന്നതാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുമായി ഒരു തവണ ചർച്ച നടത്തിയിരുന്നു. അതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ആലോചിച്ച് മുന്നോട്ടുപോകാവുന്നതാണ്. ഇതിനുപുറമെ Influencer marketing എന്നൊരു പുതിയ ട്രെൻഡുണ്ട്. സെലിബ്രിറ്റികൾ ഉൾപ്പെടെയുള്ളവർ ബ്ലോഗിലൂടെയും അവരുടെ സോഷ്യൽ മീഡിയയിലൂടെയും ഡെസ്റ്റിനേഷനുകളെ അറിയിക്കുന്ന രീതി വലിയ ട്രെൻഡായി മാറിയിരിക്കുകയാണ്. ഇതിന്റെ ഭാഗമായി

സെലിബ്രിറ്റികൾ ഉൾപ്പെടെയുള്ളവരെ കേരളത്തിലേയ്ക്ക് ആകർഷിക്കുകയാണ്. 2023-ൽ കേരള ബ്ലോഗ് എക്സ്പ്രസ്സ് എന്നൊരു ബ്രാൻഡഡ് ബസ്സിൽ 30 പ്രധാനപ്പെട്ട ഇൻഫ്ലുവൻഷ്യേർസിനെ ഉൾപ്പെടുത്തി സഞ്ചരിക്കുന്ന പുതിയ സംവിധാനം കേരളത്തിൽ കൊണ്ടുവരികയാണ്. ഈ ബ്ലോഗ് എക്സ്പ്രസ്സ് എൻ ഊര് ഉൾപ്പെടെ മറ്റ് സാധ്യതകളുള്ള പ്രദേശങ്ങളിൽ പോകുന്ന അവസരത്തിൽ അവിടെയുള്ള സെലിബ്രിറ്റികളും സ്വാധീനം ചെലുത്താൻ കഴിയുന്ന വ്യക്തിത്വങ്ങളും അവരുടെ ബ്ലോഗിലൂടെയും സോഷ്യൽ മീഡിയയിലൂടെയും ഡെസ്റ്റിനേഷനുകളെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ അറിയിക്കുന്നതാണ്. പുതുതായി ആരംഭിച്ച ഈ ട്രെൻഡിന്റെ പേര് Influencer marketing എന്നാണ്.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, പുതിയ ടൂറിസം ഡെസ്റ്റിനേഷനുകൾ കണ്ടെത്തി വികസിപ്പിക്കുന്നതിന് വകുപ്പ് നല്ലരീതിയിൽ നേതൃത്വം നൽകുകയാണ്. വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ കരമനയാർ ഒഴുകുന്ന മൂന്നാംമൂട് മേലേക്കടവ് ടൂറിസം പദ്ധതിയുടെ അടിസ്ഥാന സൗകര്യവികസനത്തിന് അഞ്ച് കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി പദ്ധതി

ഉത്തരവാദിത്ത ടൂറിസത്തിലുൾപ്പെടുത്തി കൂടുതൽ വികസനത്തിന് ആവശ്യമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, അക്കാര്യം തീർച്ചയായും പരിശോധിക്കാം.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിന്റെ ധാരാളം പദ്ധതികളുണ്ട്. ആലുവ മണപ്പുറവുമായി ബന്ധപ്പെട്ട പുതിയ പദ്ധതിയുടെ വിശദാംശം അങ്ങയുടെ മുമ്പിൽ സമർപ്പിച്ചിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി അത്തരം പദ്ധതികൾ സംസ്ഥാന ഗവൺമെന്റിന്റെ ഫണ്ട് ഉപയോഗിച്ച് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ? മറ്റൊരു പ്രധാന കാര്യം, ടൂറിസം വകുപ്പിലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥരെ പത്ത് പ്രാവശ്യം ഫോൺ വിളിച്ചാൽപോലും ഫോണെടുക്കുകയോ തിരിച്ചു വിളിക്കുകയോ ചെയ്യാറില്ല. ടൂറിസം വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഫോണെടുക്കാനുള്ള ഉത്തരവാദിത്വമെങ്കിലും നിർവ്വഹിക്കാൻ കഴിയാത്തതിൽ വളരെ സങ്കടമുണ്ട്. പല വകുപ്പുകളിലും ഇതേരീതി നിലനിൽക്കുന്നുണ്ട്. ഉദ്യോഗസ്ഥരെ അവരുടെ ഔദ്യോഗിക ഫോൺ

നമ്പരിലേയ്ക്ക് വിളിച്ചാൽപ്പോലും  തിരിച്ച് വിളിക്കാറില്ല. വ്യക്തിപരമായ കാര്യങ്ങൾക്കുവേണ്ടിയല്ല ഉദ്യോഗസ്ഥരെ വിളിക്കുന്നത്. ഓരോ എം.എൽ.എ.-യുടെയും നിയോജകമണ്ഡലത്തിലെ ആവശ്യങ്ങൾക്കും പൊതുവിഷയങ്ങൾക്കും വേണ്ടിയാണ് അവരെ വിളിക്കുന്നതെങ്കിൽപോലും ഫോൺ എടുക്കാൻ തയ്യാറാകുന്നില്ല. അങ്ങനെ ചെയ്യുന്ന ഉദ്യോഗസ്ഥർ ഇവിടെയുമുണ്ട്. എനിക്ക് അവരുടെ പേര് പറയാൻ അറിയാത്തതുകൊണ്ടല്ല, പക്ഷേ, പേര് പറയുന്നില്ല. അതുകൊണ്ട് ഉദ്യോഗസ്ഥരെ ഫോണിൽ വിളിച്ചാൽ അവർ ഫോണെടുക്കാനുള്ള ഉത്തരവാദിത്വം നിർവ്വഹിക്കണമെന്ന് നിർദ്ദേശം നൽകുന്നതിന് ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുകയാണ്.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇതിൽ മൂന്ന് ചോദ്യങ്ങളാണുള്ളത്.  ഒന്നാമതായി വളരെയധികം ചരിത്ര പ്രാധാന്യമുള്ള ആലുവ മണപ്പുറം വികസനത്തിന് കേരള ടൂറിസം വകുപ്പിന്  സാധിക്കുന്ന നിലയിൽ സഹായിക്കുമെന്ന്  പ്രത്യേകം അറിയിക്കുകയാണ്. കേന്ദ്ര സർക്കാർ ഫണ്ടോ മറ്റേതെങ്കിലും ഫണ്ടോ ലഭിക്കുന്നതിലൂടെ കേരള ടൂറിസം വകുപ്പിന് ഇതുമായി ബന്ധപ്പെട്ട് ചെയ്യാൻ സാധിക്കുന്ന കാര്യങ്ങളെല്ലാം

ചെയ്യുന്നതാണെന്ന് ബഹുമാനപ്പെട്ട അംഗത്തെ നേരത്തെത്തന്നെ അറിയിച്ചതാണ്. രണ്ടാമതായി അദ്ദേഹം സൂചിപ്പിച്ചത് വളരെ ഗൗരവമുള്ള വിഷയമായതിനാൽ, ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒരുമിച്ചുനിന്ന് അതിനെതിരെ പോരാടേണ്ടത് ആവശ്യമാണ്. ഇത്തരത്തിൽ നിരുത്തരവാദപരമായി പ്രവർത്തിച്ച ഉദ്യോഗസ്ഥൻ ആരാണെന്നും അദ്ദേഹത്തിന്റെ പേരുൾപ്പെടെ ബഹുമാനപ്പെട്ട അംഗം രേഖാമൂലം എഴുതി നൽകണമെന്നും അഭ്യർത്ഥിക്കുന്നു. എല്ലാ ഉദ്യോഗസ്ഥരെയും ഈ രീതിയിൽ കാണാൻ കഴിയില്ല. ബഹുമാനപ്പെട്ട അംഗത്തിന്റെ ജില്ലയായ എറണാകുളത്തുവച്ച് പണം നഷ്ടപ്പെട്ട സെലവെറ്റ് എന്ന റഷ്യൻ പൗരനെ തിരികെ നാട്ടിലെത്തിക്കാൻ ടൂറിസം വകുപ്പും ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ചേർന്ന് നടത്തിയ ശ്രമത്തിന് കോൺസുലേറ്റ് ജനറൽ ഓഫ് റഷ്യൻ ഫെഡറേഷൻ നന്ദി രേഖപ്പെടുത്തിക്കൊണ്ട് കത്തയച്ച വിവരം സഭയെ അറിയിക്കുകയാണ്. ടൂറിസം വകുപ്പിലെ ഉദ്യോഗസ്ഥരിൽ ഉത്തരവാദിത്വത്തോടുകൂടി പ്രവർത്തിക്കുന്നവരുമുണ്ട്. അതിൽ വീഴ്ച

വരുത്തുന്നവരുടെ പേര് രേഖാമൂലം എഴുതിത്തരണമെന്ന് ബഹുമാനപ്പെട്ട അംഗത്തോട് അഭ്യർത്ഥിക്കുകയാണ്.

**റവന്യൂ ഇൻഫർമേഷൻ ബ്യൂറോ**

3 (*393) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി റവന്യൂ ഇൻഫർമേഷൻ ബ്യൂറോ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഭൂമി സംബന്ധമായ ഉത്തരവുകളും നിയമ ഭേദഗതികളും വളരെ വേഗത്തിൽ പൊതുജനങ്ങളുടെ അറിവിലേയ്ക്കെത്തിക്കുന്നതിന് പ്രസ്തുത ബ്യൂറോ സഹായകരമാകുമോ; വിശദമാക്കുമോ;

(സി) റവന്യൂ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് ആർ.ഐ.ബി.-യുടെ പ്രവർത്തനം സഹായകരമാകുമെന്ന് കണക്കാക്കപ്പെടുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, (എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി നവമാധ്യമ സാധ്യതകൾ പ്രയോജനപ്പെടുത്തി 2023 ഫെബ്രുവരി 24-ന് റവന്യൂ ഇൻഫർമേഷൻ ബ്യൂറോ പ്രവർത്തനം ആരംഭിച്ചു. റവന്യൂ വകുപ്പിന്റെ പ്രചാരണ വിഭാഗമായാണ് ടി ബ്യൂറോ പ്രവർത്തിക്കുന്നത്. റവന്യൂ വകുപ്പിന്റെ പൊതുജന സേവനങ്ങളും പ്രവർത്തനങ്ങളും നടപടിക്രമങ്ങളും വകുപ്പ് കൈകാര്യം ചെയ്യുന്ന നിയമങ്ങളും ചട്ടങ്ങളും ഉത്തരവുകളുമൊക്കെ പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും യഥേഷ്ടം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ റവന്യൂ ഇൻഫർമേഷൻ ബ്യൂറോ പ്രവർത്തിച്ചുവരുന്നു. മനുഷ്യന്റെ ദൈനംദിന ആവശ്യങ്ങളൊട്ടാകെ ഡിജിറ്റൽ മാർഗ്ഗേന നടന്നുവരുന്ന അവസരത്തിൽ റവന്യൂ വകുപ്പിനെ ഒന്നാകെ ഡിജിറ്റൈസ് ചെയ്ത് സേവനങ്ങൾ ഏതൊരാൾക്കും വിരൽത്തുമ്പിൽ ലഭ്യമാക്കുന്ന പരിഷ്കാരങ്ങളുടെ വേളയിൽ വകുപ്പ് കൈകാര്യം ചെയ്യുന്ന നിയമങ്ങളും നിയമഭേദഗതികളും മറ്റ് ചട്ടങ്ങളും എല്ലാവിധ സേവനങ്ങളും സാധാരണക്കാർക്ക് ലഭ്യമാകുന്ന വിധത്തിൽ യൂട്യൂബ് ചാനൽ, ഫേസ് ബുക്ക്

പേജ്, ട്വിറ്റർ, ഇൻസ്റ്റാഗ്രാം പേജ് എന്നീ നവമാധ്യമങ്ങൾ റവന്യൂ ഇൻഫർമേഷൻ ബ്യൂറോ മുഖേന പ്രദർശിപ്പിച്ചുവരുന്നു. ബ്യൂറോയുടെ പ്രവർത്തനങ്ങളുടെ ഭാഗമായി റവന്യു വകുപ്പിലെ വിവിധങ്ങളായ പ്രവർത്തനങ്ങൾ, വിവിധ പദ്ധതികൾ, ഉത്തരവുകൾ, ഉദ്യോഗസ്ഥരുടെ സർഗാത്മകത വളർത്തുന്നതിനുള്ള സൃഷ്ടികൾ എന്നിവ ഉൾപ്പെടുത്തി 'ഭൂമിക' എന്ന പേരിൽ ഒരു പ്രസിദ്ധീകരണം എല്ലാമാസവും പ്രസിദ്ധീകരിച്ചുവരുന്നു. റവന്യു വകുപ്പിലെ ഇ-സേവനങ്ങൾ സാധാരണക്കാരായ ആളുകൾക്ക് സ്വന്തം ഡിജിറ്റൽ ഡിവൈസിലൂടെ നേരിട്ട് ചെയ്യാൻ പര്യാപ്തമാക്കുംവിധം റവന്യൂ ഇൻഫർമേഷൻ ബ്യൂറോ വഴി റവന്യു ഇ-സാക്ഷരത നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു.

കൂടാതെ ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും റവന്യു സംബന്ധിച്ച സംശയ നിവാരണത്തിനായി ബ്യൂറോയുടെ ഭാഗമായി 1800 425 52 55 ടോൾ ഫ്രീ നമ്പറായി കോൾ സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചു. പൊതുജനങ്ങൾക്കുള്ള സംശയങ്ങൾ, പരാതികൾ, നിർദ്ദേശങ്ങൾ മുതലായവ ഈ കോൾ സെന്ററിൽ വിളിച്ച് അറിയിക്കാവുന്നതാണ്.

(ബി) റവന്യൂ സംബന്ധമായ എല്ലാ വിഷയങ്ങളും പ്രസിദ്ധീകരിക്കുന്നതിനാൽ ഭൂമി സംബന്ധമായ ഉത്തരവുകളും നിയമഭേദഗതികളും വളരെ വേഗത്തിൽ പൊതുജനങ്ങളുടെ അറിവിലേയ്ക്കെത്തിക്കുന്നതിന് റവന്യൂ ഇൻഫർമേഷൻ ബ്യൂറോ സഹായകരമാകുന്നതുമാണ്.

(സി) റവന്യൂ വകുപ്പിന്റെ സേവനങ്ങൾ ലളിതമായ രീതിയിൽ റവന്യൂ ഇൻഫർമേഷൻ ബ്യൂറോ മുഖേന പ്രചരിപ്പിക്കുന്നതിനാൽ പൊതുജനങ്ങൾക്ക് വകുപ്പ് കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ സംബന്ധിച്ച് അറിവ് ലഭിക്കുന്നതിലൂടെ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാകുമെന്നും കണക്കാക്കുന്നു.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, സംസ്ഥാനത്ത് റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാകുകയാണ്. എല്ലാ സേവനങ്ങളും ഓൺലൈൻ വഴിയാകുമ്പോൾ എല്ലാവർക്കും കമ്പ്യൂട്ടർ സാക്ഷരത വേണ്ടിവരും. സർക്കാരിന്റെ നയപ്രഖ്യാപന പ്രസംഗത്തിൽ റവന്യൂ വകുപ്പ്

ഇ-സാക്ഷരതാ പദ്ധതി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അത് എന്നത്തേയ്ക്ക് നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. രാജൻ: സർ, റവന്യൂ വകുപ്പിലെ ഇ-സാക്ഷരതാ പദ്ധതിയെ സംസ്ഥാനം കണ്ടതിൽവച്ച് ഏറ്റവും ശ്രദ്ധേയമായ നടപടിയായി മുന്നോട്ട് കൊണ്ടുപോകണമെന്നാണ് ആഗ്രഹിക്കുന്നത്. കേരളത്തിലെ ഭക്ഷ്യ വകുപ്പിന്റെ കണക്കുപ്രകാരം 94 ലക്ഷം കുടുംബങ്ങളാണ് വിവിധ പദ്ധതികളിലും സേവനങ്ങളിലുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നത്. ഏറ്റവും പുതിയ കണക്കുപ്രകാരം കേരളത്തിന്റെ Mobile Penetration ഏകദേശം 80 ശതമാനമാണ്. ഇപ്പോൾത്തന്നെ വില്ലേജ് തലത്തിൽ റവന്യൂ വകുപ്പിന്റെ ഏതാണ്ട് ഇരുപതോളം സേവനങ്ങൾ ഓൺലൈനായി അപേക്ഷിക്കാൻ കഴിയുന്ന വിധത്തിൽ തയ്യാറായിട്ടുണ്ട്. എന്നാൽ എല്ലാവർക്കും ഈ സേവനങ്ങൾ അവരവരുടെ ഡിജിറ്റൽ ഡിവൈസുകളിൽ ഉപയോഗിക്കാൻ സാധിക്കുന്നില്ല. പലതരത്തിൽ ഓൺലൈനായി ഈ സേവനങ്ങൾ ലഭ്യമാകുമ്പോൾ സാധാരണക്കാർക്ക് ഇത് അപ്രാപ്യമാകുന്നുവെന്ന പ്രശ്നം നിലനിൽക്കുന്നു. ഈ ഘട്ടത്തിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നൽകേണ്ട

ഓൺലൈൻ പ്രവർത്തനങ്ങളിൽ പത്ത് എണ്ണമെങ്കിലും ഒരു കുടുംബത്തിലെ ഒരാളെയെങ്കിലും പഠിപ്പിക്കണമെന്ന ലക്ഷ്യം മുന്നിൽകണ്ടുകൊണ്ട് 2023-ൽ ഇ-സാക്ഷരതയെന്ന പദ്ധതിക്ക് രൂപം നൽകണമെന്നാണ് റവന്യൂ വകുപ്പ് ആലോചിക്കുന്നത്. അതിന്റെ ഒന്നാംഘട്ടത്തിൽ റവന്യൂ വകുപ്പിൽ പ്രവർത്തിക്കുന്ന 19780 ജീവനക്കാരെ പരിശീലിപ്പിക്കുന്നുണ്ട്. കേരളത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി, ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി, തദ്ദേശസ്വയംഭരണം വകുപ്പുമന്ത്രി, സാസ്കാരികം യുവജനകാര്യ വകുപ്പുമന്ത്രി എന്നിവരെയും വിവിധ വകുപ്പുകളെയും സംയോജിപ്പിച്ചുകൊണ്ട് എൻ.എസ്.എസ്. വോളണ്ടിയർമാർ, കുടുംബശ്രീ അംഗങ്ങൾ, വില്ലേജ്/താലൂക്കുതല ജനകീയ സമിതി അംഗങ്ങൾ, സ്റ്റുഡന്റ്സ്/എൻ.സി.സി. കേഡറ്റുമാർ, യൂത്ത് ഡിപ്പാർട്ടുമെന്റിന്റെ ഭാഗമായ വോളണ്ടിയേഴ്സ്, സർവ്വീസ് സംഘടനാ നേതാക്കൾ എന്നിവർക്കെല്ലാം പരിശീലനം നൽകി വാർഡ് തിരിച്ച് ഇതിന്റെ വിദ്യാഭ്യാസം താഴെത്തട്ടുവരെ എത്തിക്കാനാണ് ലക്ഷ്യമിടുന്നത്. ഇവിടെ പരിശീലനം നൽകുന്ന ഉദ്യോഗസ്ഥരും/സന്നദ്ധ സേനാംഗങ്ങളും താഴെത്തട്ടിലേയ്ക്ക് ഈ വിഷയം

കൂടുതൽ കൊണ്ടുപോകാൻ ആഗ്രഹിക്കുന്നു. 1987-ൽ സഖാവ് ഇ. കെ. നായനാരുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് കേരളത്തിലെ മലയാളികളെ അക്ഷരം പഠിപ്പിച്ച് സാക്ഷരരാക്കിയതുപോലെ, റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളെയുംകുറിച്ച് ഒരു വീട്ടിൽ ഒരാളെയെങ്കിലും പഠിപ്പിക്കാൻ കഴിയുംവിധം മേയ് മാസം മുതൽ റവന്യൂ ഇ-സാക്ഷരത ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, എൻട്രൻസ് ഉൾപ്പെടെയുള്ള പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട റവന്യൂ ഓഫീസിൽനിന്ന് വിദ്യാർത്ഥികൾ സാക്ഷ്യപത്രം വാങ്ങി നൽകേണ്ടതുണ്ട്. അഡ്മിഷൻ ലഭിക്കുമ്പോൾ ഇതുപോലെ വീണ്ടും സർട്ടിഫിക്കറ്റ് വാങ്ങേണ്ടി വരുന്നുണ്ട്. ഇത്തരത്തിൽ രണ്ട് തവണ സർട്ടിഫിക്കറ്റ് വാങ്ങുന്നത് ഒഴിവാക്കാൻ അപേക്ഷ സമർപ്പിക്കുന്ന വേളയിൽ വിദ്യാർത്ഥികൾ സ്വയം സാക്ഷ്യപ്പെടുത്തിയ അപേക്ഷ നൽകിയാൽ മതിയെന്ന് തീരുമാനിക്കാൻ സാധിക്കുമോ; അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, വളരെ ഗൗരവമുള്ള പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുമായി കൂടിയാലോചിച്ച് വില്ലേജ് ഓഫീസുകളിൽ പോകാതെതന്നെ പരമാവധി സേവനങ്ങൾ ലഭ്യമാക്കാൻ സാധിക്കും വിധത്തിലുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോയിട്ടുണ്ട്. ഏപ്രിൽ, മേയ് മാസങ്ങളിൽ ലക്ഷക്കണക്കിന് കുട്ടികളാണ് എൻട്രൻസ് ഉൾപ്പെടെയുള്ള പരീക്ഷകൾക്ക് അപേക്ഷ നൽകാൻ സർട്ടിഫിക്കറ്റിനുവേണ്ടി വില്ലേജ് ഓഫീസുകളെ സമീപിക്കുന്നത്. പിന്നീട് അഡ്മിഷൻ ലഭിക്കുമ്പോൾ വീണ്ടും ഒരു സർട്ടിഫിക്കറ്റ് കൂടി നൽകേണ്ടിവരും. ബഹുമാനപ്പെട്ട മന്ത്രിമാരുമായി കൂടിയാലോചിച്ച് ഇക്കാര്യങ്ങളിൽ വില്ലേജ് ഓഫീസുകളുടെ ഇടപെടൽ കുറയ്ക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. അങ്ങനെവരുമ്പോൾ ആ സമയംകൂടി ജനങ്ങൾക്കുവേണ്ടി ഉപയോഗിക്കാൻ സാധിക്കും. അതുകൂടാതെ വിദ്യാർത്ഥികൾക്ക് നൽകുന്ന സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട് പറയുകയാണെങ്കിൽ ഒരു തവണ സ്വയം അറ്റസ്റ്റ് ചെയ്ത് നൽകുന്ന വിഷയങ്ങളിന്മേൽ പിന്നീട് ആവശ്യമുള്ളവർക്കും അഡ്മിഷൻ

ലഭിക്കുന്നവർക്കുംമാത്രം സർട്ടിഫിക്കറ്റ് ലഭ്യമാക്കിയാൽ മതിയെന്ന വിധം തീരുമാനിച്ചാൽ കുറെക്കൂടി വേഗത്തിൽ ഓഫീസ് പ്രവർത്തനങ്ങൾ നിർവ്വഹിക്കാൻ സാധിക്കും. വളരെ ഗുണകരമായ പ്രൊപ്പോസലായതുകൊണ്ടുതന്നെ ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, റവന്യൂ ഇൻഫർമേഷൻ ബ്യൂറോ സംവിധാനം ജനങ്ങൾക്ക് ഏറെ സഹായകരമാണ്. റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഐ.എൽ.ഡി.എം. (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ്)-നെ സെന്റർ ഓഫ് എക്സലൻസായി ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കുന്നുവെന്നാണ് മനസ്സിലാക്കുന്നത്. അവിടെ എം.ബി.എ. ഉൾപ്പെടെ ഏതെല്ലാം പുതിയ കോഴ്സുകളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; അത് ഏതുഘട്ടത്തിൽ ആരംഭിക്കാൻ സാധിക്കും?

ശ്രീ. കെ. രാജൻ: സർ, അങ്ങ് വകുപ്പ് കൈകാര്യം ചെയ്തിരുന്ന കാലത്ത് ആരംഭിച്ച പ്രവർത്തനങ്ങൾ ശക്തമായ നിലയിൽ മുന്നോട്ടുപോവുകയാണ്. ഐ.എൽ.ഡി.എം.-ൽ മൂന്ന് എം.ബി.എ. കോഴ്സുകൾ

ആരംഭിക്കാൻ സാധിക്കും. അതിനുപുറമെ, യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട വിവിധ കാര്യങ്ങളിൽ ഇടപെടൽ നടത്താവുന്ന ഒരു കേന്ദ്രമായി ഐ.എൽ.ഡി.എം.-നെ മാറ്റുന്നതാണ്. യു.എസ്. കോൺസുലേറ്റുമായി ചേർന്ന് ഡിസാസ്റ്റർ മാനേജ്മെന്റ് വിഭാഗത്തിൽ വിദഗ്ധരെ കൊണ്ടുവരുന്നതും സ്ഥാപനത്തിന്റെ പരിശീലന പരിപാടികളിൽ ഉൾക്കൊള്ളിക്കുന്നതുമായ ഒരു പരിപാടി ഇതിനകം തയ്യാറാക്കിയിട്ടുണ്ട്. നദി സംരക്ഷണ മേഖലയിൽ ഗവേഷണം, പരിശീലനം, കാര്യശേഷി വികസനം എന്നിവ സാധ്യമാക്കുന്നതിനുവേണ്ടി എ.ഐ.ഡബ്ല്യൂ.സി. (ഓസ്ട്രേലിയ ഇന്ത്യ വാട്ടർ സെന്റർ)-യുമായി ഐ.എൽ.ഡി.എം. ഒരു ധാരണപത്രം ഒപ്പുവച്ചിട്ടുണ്ട്. ജല സംരക്ഷണ മേഖലയിൽ പ്രവർത്തിച്ചുവരുന്ന യുവ പ്രൊഫഷണലുകൾക്ക് അന്തർദേശീയ തലത്തിലുള്ള പരിശീലനവും ഗവേഷണ അനുഭവസമ്പത്തും ആർജ്ജിക്കുന്നതിനുവേണ്ടി ഒരു വർഷത്തോളം ദൈർഘ്യമുള്ള യംഗ് വാട്ടർ പ്രൊഫഷണൽ പ്രോഗ്രാം എന്ന ശ്രദ്ധേയമായ പരിപാടിയും വിവിധ ഗവേഷണ പരിപാടികളും എ.ഐ.ഡബ്ല്യൂ.സി.-യുമായി സഹകരിച്ച് നടപ്പിലാക്കുന്നതിനുവേണ്ടി വിഭാവന ചെയ്യുകയും അതിനുള്ള

ആദ്യപടിയെന്ന നിലയിൽ മുന്നോട്ടുപോവുകയും ചെയ്തിട്ടുണ്ട്. എ.ഐ.സി.ടി.ഇ. (ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ)-യുമായി സഹകരിച്ചുകൊണ്ട് ദുരന്ത നിവാരണം, സസ്റ്റെയ്നബിൾ സാൻഡ് മൈനിംഗ് മാനേജ്മെന്റ് എന്നീ വിഷയങ്ങളിൽ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ കോഴ്സുകൾ പഠിപ്പിക്കുന്നതിനുള്ള സ്ഥാപനമായി മാറുകയാണ്. നദികളിൽനിന്നുള്ള മണൽവാരൽ പാരിസ്ഥിതിക അനുമതിയോടെ ആരംഭിച്ച് സുതാര്യമായി നടപ്പിലാക്കുന്ന പദ്ധതിയും നദീതീര അടിസ്ഥാന പ്രത്യേകതകൾ സംബന്ധിച്ച ഇൻഫർമേഷൻ സിസ്റ്റം തയ്യാറാക്കുന്നതിനും ജി.ഐ.എസ്. ലാബ് പ്രവർത്തനം ആരംഭിക്കുന്നതിനും എ.ഐ.സി.ടി.ഇ.യെ കേരള സർവ്വകലാശാലയുടെ ഒരു അംഗീകൃത ഗവേഷണകേന്ദ്രമായി ഉയർത്തുന്നതിനുമുള്ള പദ്ധതികൾ രൂപീകരിച്ച് കഴിഞ്ഞിട്ടുണ്ട്. ദുരന്ത നിവാരണ ഇ-സാക്ഷരതയുടെ ഭാഗമായി എല്ലാ താലൂക്കുകളിലും ഓരോ ദുരന്ത നിവാരണ വിദഗ്ദ്ധനെ പരിശീലിപ്പിക്കുന്നതിന് ദേശീയ നിലവാരത്തിലുള്ള ദുരന്ത നിവാരണ പരിശീലന പരിപാടികൾക്ക് എൻ.ഐ.ഡി.എം.

(നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസാസ്റ്റർ മാനേജ്മെന്റ്) ഡൽഹിയുമായി ബന്ധപ്പെട്ട് പരിപാടികൾ തയ്യാറാക്കിക്കഴിഞ്ഞു. ബഹുമാനപ്പെട്ട ചെയർ ഉൾപ്പെടെയുള്ള എല്ലാ എം.എൽ.എ.-മാരുടെയും പി.എ.-മാർക്കുവേണ്ടി പ്രത്യേക കോഴ്സ് അവിടെ ആരംഭിക്കുന്നതാണ്. റവന്യൂ വിദ്യാഭ്യാസം ഇന്ന് പലയിടങ്ങളിലും ലഭ്യമാകുന്നില്ലെന്ന പരാതിയുണ്ടായപ്പോൾ ഏറ്റവും ചുരുങ്ങിയത് മൂന്ന് വർഷക്കാലം എൽ.ഡി.സി./യു.ഡി.സി. ആയി പ്രവർത്തിച്ചവർക്കുമാത്രമെ വില്ലേജ് ഓഫീസറാകാൻ സാധിക്കുകയുള്ളൂവെന്നും വില്ലേജ് ഓഫീസറായി രണ്ട് വർഷമെങ്കിലും പ്രവർത്തിച്ചവർക്കു മാത്രമെ ഡെപ്യൂട്ടി തഹസീൽദാർ ഉൾപ്പെടെയുള്ള ഉയർന്ന തലത്തിലേയ്ക്ക് പോകാൻ സാധിക്കുകയുള്ളൂവെന്നും നിശ്ചയിച്ചുകൊണ്ട് റവന്യൂ വിദ്യാഭ്യാസം ജീവനക്കാർക്ക് നിർബന്ധമാക്കിയ ഘട്ടത്തിൽ ഐ.എൽ.ഡി.എം.-നെ പ്രധാനപ്പെട്ട സെന്റർ ഓഫ് എക്സലൻസാക്കി മാറ്റുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തിവരികയാണ്.

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: സർ, പൊതുജനങ്ങൾ ദൈനദിന ജീവിതത്തിൽ ഏറ്റവുമധികം ബന്ധപ്പെടുന്ന സർക്കാർ വകുപ്പ് എന്ന

നിലയിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട സംശയനിവാരണത്തിനും ഫയൽ സംബന്ധമായ വിവരങ്ങൾ അറിയുന്നതിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഫ്രണ്ട് ഓഫീസ് പോലുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. കെ. രാജൻ: സർ, വളരെ വൈവിധ്യമുള്ളതും വിശാലവുമായ വിഷയങ്ങൾ റവന്യൂ വകുപ്പ് കൈകാര്യം ചെയ്യുന്നുണ്ട്. ഏതാണ്ട് 108-ൽ അധികം നിയമങ്ങളും അതിന്റെ ഭാഗമായുള്ള ചട്ടങ്ങളും ഉത്തരവുകളും സർക്കുലറുകളുമൊക്കെ സ്വാഭാവികമായും ഈ രംഗത്ത് പരിശോധിക്കേണ്ടിവരും. അതുകൊണ്ടുതന്നെ പൊതുജനങ്ങൾ ദൈനംദിന ജീവിതത്തിൽ ഏറ്റവുമധികം ബന്ധപ്പെടുന്ന ടി വകുപ്പിൽ സേവന വകുപ്പിന്റെ സാധ്യതകൂടി ഉയർന്നുവരികയാണ്. അതുകൊണ്ടാണ് ഇ-സാക്ഷരതയിലേയ്ക്ക് റവന്യൂ വകുപ്പ് പോകുന്നത്. പൊതുജനങ്ങൾക്ക് മാത്രമല്ല റവന്യൂ ജീവനക്കാർക്ക് ഉൾപ്പെടെ നിയമപരമായോ ചട്ടങ്ങളുമായി ബന്ധപ്പെട്ടതോ ആയ സംശയങ്ങളോ പരാതികളോ ഉണ്ടെങ്കിൽ അവർക്ക് ബന്ധപ്പെടുന്നതിന് ടോൾ ഫ്രീ നമ്പരുള്ള കോൾ സെന്ററിന്റെ പ്രവർത്തനം

ആരംഭിച്ചിട്ടുണ്ട്. ഈ കോൾ സെന്ററിലേയ്ക്ക് വിളിക്കുമ്പോൾ ഏത് വകുപ്പുമായി ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥനെയോ/എക്സ്പെർട്ടിനെയാണോ ലഭിക്കേണ്ടത് അവിടേയ്ക്ക് ആ കോൾ കണക്ട് ചെയ്യപ്പെടും എന്നതാണ് പ്രത്യേകത. മാത്രമല്ല, തദവസരത്തിൽ മറുപടി പറയാൻ സാധിച്ചില്ലെങ്കിൽ ആ കോളിലൂടെ ബന്ധപ്പെട്ട പരാതി സ്വീകരിക്കുന്നതോടൊപ്പം അയാളുടെ ഡിജിറ്റൽ ഡിവൈസിലേയ്ക്ക് ആ വിഷയത്തെ സംബന്ധിച്ച് ആധികാരികമായ അഭിപ്രായം നൽകാൻ കഴിയുന്ന തരത്തിലാണ് കോൾ സെന്റർ വിഭാവനം ചെയ്തിരിക്കുന്നത്. ഇതിനുപുറമെ റവന്യൂ ഇൻഫർമേഷൻ ബ്യൂറോയുടെ യൂട്യൂബ് ചാനലിലൂടെ നൂറുകണക്കിന് ചെറിയ ടെംപ്ലേറ്റുകൾ തയ്യാറാക്കി ഓരോ വിഷയങ്ങളെയും സംബന്ധിച്ച വിശദാംശങ്ങൾ ഏവർക്കും ബോദ്ധ്യപ്പെടാൻ സാധിക്കുന്ന വിധത്തിലുള്ള നടപടിക്രമങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

<u>ശ്രീ. സി. സി. മുകുന്ദൻ:</u> സർ, വിവിധ സർട്ടിഫിക്കറ്റുകൾക്കും ആനുകൂല്യങ്ങൾക്കുംവേണ്ടി പൊതുജനങ്ങൾ സമർപ്പിക്കുന്ന

അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പുകൽപ്പിച്ച് അവ യഥാസമയം ലഭ്യമാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്?

ശ്രീ. കെ. രാജൻ: സർ, ഇത് വളരെ പ്രധാനപ്പെട്ട ചോദ്യമാണ്. റവന്യൂ വകുപ്പിന്റെ എല്ലാ സേവനങ്ങളും ഓൺലൈനായി മാറ്റുകയാണ്. 01-11-2023 മുതൽ എം.എൽ.എ.-മാരുടെ പ്രത്യേക ഫണ്ടും പ്ലാൻ ഫണ്ടുമുപയോഗിച്ച് കേരളത്തിലെ എല്ലാ റവന്യൂ ഓഫീസുകളും എല്ലാ ഡിജിറ്റൽ സംവിധാനങ്ങളോടുംകൂടിയ ഉപകരണങ്ങളോടെ സമ്പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതാണ്. വിവിധ സാക്ഷ്യപത്രങ്ങൾ ഇ-ഡിസ്ട്രിക് പോർട്ടിലൂടെയും ReLIS-ലൂടെയുമാണ് ഇപ്പോൾ നൽകിവരുന്നത്. ഓരോ സാക്ഷ്യപത്രങ്ങളുടെയും അപേക്ഷ ലഭ്യമായാൽ അത് അനുവദിക്കുന്നത് സംബന്ധിച്ച് സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. സീനിയോറിറ്റി മറികടന്ന് സാക്ഷ്യപത്രങ്ങൾ നൽകുന്നതിലൂടെയുള്ള അപകടങ്ങൾ തടയാൻ 'ഫസ്റ്റ് ഔട്ട് ഫസ്റ്റ്' എന്ന പേരിലുള്ള എഫ്.ഒ.എഫ്. തയ്യാറാക്കുകയും ടി സംവിധാനം സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അപേക്ഷകൾ

സമയപരിധിക്കുള്ളിൽ പ്രോസസ്സ് ചെയ്യാത്തപക്ഷം അവ പ്രത്യേക നിറത്തിലേയ്ക്ക് മാറി തഹസിൽദാർ മുതൽ റവന്യൂ വകുപ്പുമന്ത്രി വരെയുള്ളവരുടെ കയ്യിൽ ലഭ്യമാക്കുന്നതിനുള്ള പ്രത്യേക പോർട്ടൽ തയ്യാറാക്കിവരികയാണ്. താലൂക്ക് ഓഫീസുകളിലും കളക്ടറേറ്റുകളിലും കമ്മീഷണറേറ്റിലും അപേക്ഷകൾക്ക് തീർപ്പുകൽപ്പിക്കുന്നതിനായി പ്രത്യേകം പരിശോധന വിഭാഗം സജ്ജമാക്കിയിട്ടുണ്ട്. നിലവിലെ കോൾ സെന്ററിന്റെ പുതിയ വെർഷൻ എന്ന നിലയിൽ, ദീർഘനാളുകളായി കെട്ടിക്കിടക്കുന്ന കേസുകൾ റിപ്പോർട്ട് ചെയ്താൽ, ആ ഫയലുകൾ ബന്ധപ്പെട്ട കേന്ദ്രങ്ങളിൽനിന്നും തിരിച്ചെടുത്ത് അതിനെക്കാൾ ഉയർന്ന ഉദ്യോഗസ്ഥന് കൈമാറാൻ കഴിയുംവിധമുള്ള സാങ്കേതികവിദ്യയോടെ എൻ.ഐ.സി. വികസിപ്പിച്ചെടുത്ത പോർട്ടൽകൂടി പരീക്ഷിക്കാൻ റവന്യൂ വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, റവന്യൂ വകുപ്പിൽ വളരെ നല്ല പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ജനപ്രതിനിധികളും എം.എൽ.എ.-മാരും പങ്കെടുക്കുന്ന താലൂക്ക് വികസന സമിതിയിലൂടെ നിരവധി

പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സാധിക്കുന്നുണ്ട്. റവന്യൂ ഡിപ്പാർട്ടുമെന്റാണ് വില്ലേജ് തലത്തിൽ ഇത്തരത്തിലുള്ള സമിതികൾ കൊണ്ടുവന്നിട്ടുള്ളത്. എന്നാൽ ഈ സമിതിയിൽ പലപ്പോഴും ഉദ്യോഗസ്ഥർ പങ്കെടുക്കുന്നില്ല. അതുകൊണ്ടുതന്നെ വളരെ അലസമായി യാതൊരു പ്രശ്നവും പരിഹരിക്കാത്ത രീതിയിലാണ് ഇത് മുന്നോട്ടുപോകുന്നത്. പ്രസ്തുത താലൂക്കുതല വികസന സമിതിയെ ശാക്തീകരിക്കാനുള്ള ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകുമോ?

ശ്രീ. കെ. രാജൻ: സർ, വളരെ പ്രധാനപ്പെട്ട സംശയമാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. താലൂക്കുതല വികസന സമിതികൾ വളരെ കൃത്യതയോടെ എല്ലാമാസത്തെയും ആദ്യ ശനിയാഴ്ച യോഗം കൂടുകയും വിവിധ വകുപ്പുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യുന്നുണ്ട്. ഈ പ്രശ്നം ജില്ലാ റവന്യൂ അസംബ്ലിയിൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരുന്നു. ഈ പ്രശ്നം ഉയർന്നുവന്ന സാഹചര്യത്തിൽ കേരളത്തിലെ 77 താലൂക്ക് വികസന സമിതികളുടെയും ചുമതലക്കാരായി ഡെപ്യൂട്ടി കളക്ടറിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്താനും ഇതിൽ ഉന്നയിക്കപ്പെടുന്ന പ്രശ്നങ്ങൾ

എല്ലാമാസവും മോണിറ്റർ ചെയ്യാനും റവന്യൂ വകുപ്പ് ആലോചിച്ചിട്ടുണ്ട്. അക്കാര്യം അതിവേഗം നടപ്പാക്കുന്നതാണ്.

**തീരദേശ ഹൈവേ നിർമ്മാണം**

4(*394) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എൻ. കെ. അക്ബർ:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട തീരദേശ ഹൈവേ വികസനത്തിന്റെ ഭാഗമായി ഭൂമിയും വീടും നഷ്ടപ്പെടുന്നവർക്കായി തീരദേശ മേഖലയുടെ പ്രത്യേകത കണക്കിലെടുത്ത് പ്രത്യേക പുനരധിവാസ പാക്കേജ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) തീരദേശ ഹൈവേയുടെ അലൈൻമെന്റ് അന്തിമമായിട്ടുണ്ടോ; ഭൂമി ഏറ്റെടുക്കലിനായി കിഫ്ബി സാമ്പത്തിക അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; പ്രസ്തുത റോഡ് നിർമ്മാണത്തിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (എ) ഉണ്ട്. തീരദേശ മേഖലയുടെ സവിശേഷതകൾ കണക്കിലെടുത്ത് തീരദേശ ഹൈവേയുടെ സ്ഥലമേറ്റെടുക്കുന്നതിനായി പ്രത്യേക പുനരധിവാസ പാക്കേജ് അനുവദിച്ച് G.O(MS) No.50/2023/RD dated 10-03-2023 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 2016-ൽ NATPAC നടത്തിയ സാധ്യതാപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിർദിഷ്ട തീരദേശ ഹൈവേയുടെ അലൈൻമെന്റിന് 21-05-2017-ൽ സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. എന്നാൽ നിലവിൽ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്ന ഏജൻസികൾ സ്ഥലം ഏറ്റെടുക്കൽ പ്ലാൻ പ്രകാരം (LA Plan), നേരത്തെ അംഗീകരിച്ച അലൈൻമെന്റിൽ ചില മാറ്റങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള പുതുക്കിയ അലൈൻമെന്റ് സർക്കാരിന്റെ പരിഗണനയിലാണ്. നിലവിൽ പദ്ധതിയുടെ ഡി.പി.ആർ മൂന്ന് ഏജൻസികളാണ് തയ്യാറാക്കുന്നത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ NATPAC, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ LNTIEL, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്

ജില്ലകളിൽ IDECK എന്നീ ഏജൻസികളാണ് ഡി.പി.ആർ. തയ്യാറാക്കുന്നത്. തീരദേശ ഹൈവേയുടെ നിർമ്മാണത്തിന് ഒൻപത് ജില്ലകളിലായി 446 കി.മി. ഭാഗത്ത് സ്ഥലമേറ്റെടുക്കുന്നതിന് കിഫ്ബിയിൽനിന്നും 2,430 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭ്യമായിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുൻഗണന പദ്ധതികളിൽ ഉൾപ്പെടുന്ന തീരദേശഹൈവേയുടെ പുരോഗതി കൃത്യമായ ഇടവേളകളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പൊതുമരാമത്ത് വകുപ്പുമന്ത്രി, പൊതുമരാമത്ത് സെക്രട്ടറി, മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ വിലയിരുത്തുന്നുണ്ട്. കൂടാതെ ആഴ്ചതോറും സി.ഇ.ഒ., കെ.ആർ.എഫ്.ബി.-യും തീരദേശഹൈവേയുടെ പുരോഗതി വിലയിരുത്തുകയും ആവശ്യമായ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, ജനസാന്ദ്രത കൂടിയ കേരളത്തിന്റെ തീരപ്രദേശത്തിന്റെ നിലനിൽപ്പിനും സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും സമ്പദ്‌വ്യവസ്ഥയുടെ സംഭാവനയ്ക്കുള്ള മികച്ച കണക്ക്‌വിറ്റിക്കും തീരദേശ പ്രദേശങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ വികസനത്തിന്

ഉത്തേജനം നൽകുന്ന അതുല്യമായ ടൂറിസം സാധ്യതകൾക്കും ഭാവി കേരളത്തിന്റെ ആധാരശിലകളിലൊന്നായ കേരളത്തിന്റെ സൗന്ദര്യം അറിയുന്നതിനുമുള്ള സവിശേഷ പാത കൂടിയാണ് തീരദേശ ഹൈവേ. തീരദേശ ഹൈവേ പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്നും പദ്ധതിയുടെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുനരധിവാസ പാക്കേജിനെക്കുറിച്ചും വിശദീകരിക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, നമ്മുടെ നാടിനെ സംബന്ധിച്ചിടത്തോളം വലിയ മാറ്റങ്ങൾക്ക് കാരണമാകുന്ന ഒന്നാണ് തീരദേശ ഹൈവേ. തീരദേശ ഹൈവേയ്ക്ക് ആകെ 623 കിലോമീറ്ററും 52 സ്ട്രെച്ചുമാണുള്ളത്. ഇതിൽ കെ.ആർ.എഫ്.ബി. (Kerala Road Fund Board) 537 കിലോമീറ്ററിന്റെ (44 സ്ട്രെച്ചിന്റെ) പ്രവൃത്തിയാണ് നടത്തുന്നത്. ഈ പ്രവൃത്തിയുടെ ഡി.പി.ആർ. സ്റ്റേജിലുള്ളത് 500.54 കിലോമീറ്ററാണ് (35 സ്ട്രെച്ച്). ഭൂമി ഏറ്റെടുക്കലിനുള്ള സാമ്പത്തിക അനുമതി ലഭിച്ചത് 415 കിലോമീറ്ററിനാണ് (24 സ്ട്രെച്ച്). സർക്കാർ ഒരു പ്രത്യേക പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടെന്നുള്ളതാണ് ഇതിൽ പ്രധാനം. തീരദേശ

ഹൈവേയ്ക്കായി ഭൂമി വിട്ടു നൽകുന്നവർക്ക് തീരദേശത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സമഗ്രമായ പുനരധിവാസ പാക്കേജാണ് തയ്യാറാക്കിയിരിക്കുന്നത്. തീരദേശ മേഖലയിലെ ജനങ്ങൾക്ക് മാന്യമായ പുനരധിവാസം ഉറപ്പാക്കുകയാണ് ഈ പാക്കേജിലൂടെ ലക്ഷ്യമിടുന്നത്. ഇതിനെ രണ്ട് വിഭാഗങ്ങളായി തിരിച്ചിരിക്കുകയാണ്.

കാറ്റഗറി I - ഉടമസ്ഥാവകാശ രേഖകളുള്ളവർ

(എ) നിലവിലെ പി.ഡബ്ല്യൂ.ഡി. ചട്ടപ്രകാരം കെട്ടിടത്തിന് കണക്കാക്കുന്ന തുകയിൽനിന്നും ഡിപ്രീസിയേഷൻ വാല്യൂ കുറച്ച് സൊളേഷ്യം നൽകി ഡിപ്രീസിയേഷൻ വാല്യൂ കൂട്ടിയ തുക.

(ബി) 2013-ലെ ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരം നിശ്ചയിക്കുന്ന സ്ഥലത്തിന്റെ വില.

(സി) അതോടൊപ്പം ഭൂമിയുടെ തുക, കെട്ടിടത്തിന്റെ തുക, 600 സ്ക്വയർ മീറ്റർ ഫ്ലാറ്റ്, പുനരധിവസിപ്പിക്കപ്പെടേണ്ട കുടുംബങ്ങൾക്ക് 600 സ്ക്വയർഫീറ്റ് ഫ്ലാറ്റ് നിർമ്മിച്ചു നൽകുകയോ അല്ലെങ്കിൽ 13 ലക്ഷം രൂപയുടെ ഒറ്റത്തവണ നഷ്ടപരിഹാരം നൽകുകയോ ചെയ്യുക.

കാറ്റഗറി II - ഉടമസ്ഥാവകാശ രേഖകളില്ലാത്തവർ

(എ) ഡിപ്രീസിയേഷൻ വാല്യൂ കുറയ്ക്കാതെയുള്ള കെട്ടിടവില.

(ബി) 600 സ്ക്വയർഫീറ്റ് ഫ്ലാറ്റ് നിർമ്മിച്ച് നൽകുകയോ അല്ലെങ്കിൽ 13 ലക്ഷം രൂപയുടെ ഒറ്റത്തവണ നഷ്ടപരിഹാരം നൽകുകയോ ചെയ്യുക.

നമ്മുടെ രാജ്യത്തെ തീരദേശവുമായി ബന്ധപ്പെട്ട് പ്രത്യേക പുനരധിവാസ പാക്കേജുകളിൽ ഏറ്റവും മികച്ചതാണ് സംസ്ഥാന സർക്കാർ തയ്യാറാക്കിയിരിക്കുന്ന ഈ പുനരധിവാസ പാക്കേജ് എന്ന് സഭയെ പ്രത്യേകം അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഓരോ 50 കിലോമീറ്റർ ഇടവിട്ടും ടൂറിസ്റ്റ് കേന്ദ്രങ്ങളും കംഫർട്ട് സ്റ്റേഷനുകളും ഉൾപ്പെടെവരുന്ന തീരദേശ ഹൈവേ നമ്മുടെ നാടിന്റെ മുഖച്ഛായ മാറ്റുന്നതിനുള്ള പ്രധാന പദ്ധതിയാണ്. ഈ ഗവൺമെന്റ് 2026-ന് മുമ്പുതന്നെ ഇത് പൂർത്തികരിക്കാനുള്ള എല്ലാ ശ്രമവും നടത്തുമെന്നും സഭയെ അറിയിക്കുകയാണ്.

ശ്രീ. എം. രാജഗോപാലൻ: സർ, തീരദേശ ഹൈവേയിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന

രാമന്തളി-പാണ്ട്യാലക്കടവ് പാലത്തിന്റെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും; വലിയപറമ്പ് പഞ്ചായത്തിലൂടെ കടന്നുപോകുന്ന തീരദേശ റോഡിന്റെ അലൈൻമെന്റ് ഫിക്സ് ചെയ്തിട്ടുണ്ടോ; എന്നീ കാര്യങ്ങൾ വ്യക്തമാക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ചോദ്യങ്ങൾക്കുള്ള മറുപടി പ്രത്യേകമായി പറയാൻ പറ്റില്ല. വിശദമായി പരിശോധിച്ചശേഷം മറുപടി അങ്ങയെ അറിയിക്കുന്നതാണ്.

<u>ശ്രീ. കെ. ജെ. മാക്സി</u>: സർ, സംസ്ഥാനത്തെ 10 ശതമാനംവരുന്ന ജനങ്ങൾക്ക് ഉപജീവനവും വരുമാനവും പ്രദാനം ചെയ്യുന്ന വിനോദസഞ്ചാര മേഖലയുടെ പുരോഗതിക്ക് തീരദേശ ഹൈവേ നിർണ്ണായക സ്വാധീനം ചെലുത്താനുള്ള സാധ്യതകൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, 627 കി.മീറ്ററിൽ 50 കിലോമീറ്റർ ഇടവിട്ട്; അതായത് 12 ഇടങ്ങളെ പ്രത്യേക ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതിയാണ് അവിഷ്കരിക്കുന്നത്. ഈ പദ്ധതി നല്ല നിലയിൽ നടപ്പാക്കാൻ സാധിക്കുന്നതാണ്. ഇപ്പോൾത്തന്നെ ബീച്ച്

ടൂറിസത്തിന് വലിയരീതിയിൽ മാറ്റമുണ്ടായിട്ടുണ്ട്. കേരളത്തിലെ 9 തീരദേശ ജില്ലകളിലും ഫ്ലോട്ടിംഗ് ബ്രിഡ്ജ് നടപ്പാക്കാൻ തീരുമാനിച്ച കാര്യം ഏവർക്കും അറിയാവുന്നതാണ്. തീരദേശ ഹൈവേ വരുന്നതോടുകൂടി കേരളത്തിലെ ബീച്ച് ടൂറിസം വലിയ മാറ്റങ്ങൾക്ക് കാരണമാകും. തീരദേശ ഹൈവേ വരുന്നതോടുകൂടി കാസർഗോഡുനിന്ന് തിരുവനന്തപുരത്തേയ്ക്ക്; ഒമ്പത് ജില്ലകളിലൂടെ വേഗത്തിൽ എത്തിച്ചേരാൻ കഴിയുന്ന സ്ഥിതിയുണ്ടാകുന്നതാണ്.

ശ്രീ. എൻ. കെ. അക്ബർ: സർ, തീരദേശ ഹൈവേയിൽ പുതുതായി അവലംബിക്കുന്ന സൗകര്യങ്ങളെക്കുറിച്ച് (സൈക്കിൾ ട്രാക്ക്, ബാറ്ററി ചാർജ്ജിംഗ്, റെസ്റ്റോറന്റുകൾ എന്നിവ) വിശദമാക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച എല്ലാ സംവിധാനങ്ങളോടുംകൂടിയ ഏറ്റവും നല്ല ഡിസൈനിലാണ് തീരദേശ ഹൈവേയുടെ നിർമ്മാണം മുന്നോട്ടുപോകുന്നത്. ഈ പ്രദേശത്തെ ജനങ്ങളുടെ പ്രത്യേക സാഹചര്യങ്ങൾ മനസ്സിലാക്കിക്കൊണ്ടുള്ള നല്ല പാക്കേജാണ് നടപ്പാക്കുന്നത്. നല്ല ഡിസൈൻ റോഡുകളുള്ള ടൂറിസം

സ്റ്റേറ്റായി കേരളത്തെ മാറ്റിയെടുക്കാനുള്ള ലക്ഷ്യത്തിലേയ്ക്കെത്തുന്നതിന് എറ്റവും ഫലപ്രദമാകുന്ന കോസ്റ്റൽ ഹൈവേയായി ഇതിനെ മാറ്റിയെടുക്കാൻ സാധിക്കുന്നതാണ്.

ഡോ. സുജിത് വിജയൻപിള്ള: സർ, നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ അലൈൻമെന്റിനെക്കുറിച്ച് പൊതുവെ വലിയ രീതിയിലുള്ള അക്ഷേപങ്ങളാണുള്ളത്. പ്രത്യേകിച്ച്, എന്റെ നിയോജകമണ്ഡലമായ ചവറയിൽ ഒരു വശത്ത് കടലും മറുവശത്ത് ടി.എസ്. കനാലുംപോകുന്ന പ്രദേശത്ത് ഏറെക്കുറെ മൈനിംഗ് ചെയ്ത സർക്കാർ ഭൂമിയാണുള്ളത്. എന്നാൽ തീരദേശ ഹൈവേ അതുവഴി പോകാതെ, പൂർണ്ണമായും മൂന്ന് പഞ്ചായത്തുകളെ ഒഴിവാക്കികൊണ്ട് നാഷണൽ ഹൈവേയിലൂടെ കടന്നുപോകുന്നതുവഴി ടൂറിസത്തിന്റെ അനന്ത സാധ്യതകൾ നഷ്ടപ്പെടുകയാണ്. പൊതുജനങ്ങളുമായോ ജനപ്രതിനിധികളുമായോ ചർച്ച ചെയ്യാതെയാണ് തീരദേശ ഹൈവേയുടെ അലൈൻമെന്റ് തയ്യാറാക്കിയിരിക്കുന്നത്. ഇത്തരത്തിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന്

മണ്ഡലാടിസ്ഥാനത്തിലോ ജില്ലാടിസ്ഥാനത്തിലോ അങ്ങയുടെ നേതൃത്വത്തിൽ ചർച്ച നടത്താൻ തയ്യാറാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീരദേശ ഹൈവേയുമായി ബന്ധപ്പെട്ട് ചില സ്ഥലങ്ങളിൽ അലൈൻമെന്റിന്റെ വിഷയങ്ങളുണ്ടായതിന്റെ ഫലമായി ചില മാറ്റങ്ങൾ വരുത്തിയത് പദ്ധതി നീണ്ടുപോകാൻ കാരണമായിട്ടുണ്ട്. തീരദേശ ഹൈവേയുമായി ബന്ധപ്പെട്ട് മറ്റെവിടെയെങ്കിലും എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അക്കാര്യം പരിശോധിച്ച് ഇടപെടൽ നടത്തുന്നതാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, തീരദേശ ഹൈവയുമായി ബന്ധപ്പെട്ട് കടൽത്തീരത്തെക്കുറിച്ച് മാത്രമാണ് വലിയ പ്രധാന്യത്തോടുകൂടി സംസാരിക്കുന്നത്. പക്ഷെ, ചാലിയാർ പോലെ മനോഹരമായ പുഴയുടെ തീരങ്ങൾ കെട്ടി സംരക്ഷിച്ച് ഹൈവേകളോ ചെറിയ പാതകളോ ഉണ്ടാക്കിയാൽ അത് ആളുകൾക്ക് വ്യായാമത്തിനും ടൂറിസത്തിനും ഉപകാരപ്രദമാകുന്നതാണ്. അത്തരം സൗകര്യങ്ങളൊരുക്കുന്ന വിധത്തിൽ തീരുമാനമെടുക്കാൻ തയ്യാറാകുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, കടലിനോട് ചേർന്നുകിടക്കുന്ന കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളെ കണക്ട് ചെയ്തുകൊണ്ടാണ് ഈ പാത കടന്നുപോകുന്നത്. അതിൽ കൊണ്ടോട്ടി മണ്ഡലത്തിൽ കടൽ ഇല്ലാത്തതുകൊണ്ട് ഇതിൽ ഉൾപ്പെട്ടിട്ടില്ല. പൊതുവെ കടൽത്തീരമുള്ള ഒൻപത് ജില്ലകളിൽക്കൂടിയാണ് തീരദേശ ഹൈവേ പ്രത്യേക ഹൈവേയായി കടന്നുപോകുന്നത്. ചാലിയാർ ഉൾപ്പെടെയുള്ള കേരളത്തിലെ വിവിധ നദികളുടെ തീരത്തോടുചേർന്നുള്ള റോഡുകൾ കൈകാര്യം ചെയ്യുന്നത് വിവിധ വകുപ്പുകളാണ്. പഞ്ചായത്തുകളിൽത്തന്നെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള റോഡുകളും മറ്റ് വകുപ്പുകൾ കൈകാര്യം ചെയ്യുന്ന റോഡുകളുമുണ്ട്. ഇക്കാര്യങ്ങൾ ആലോചിച്ച് എന്തൊക്കെ കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്നുള്ളത് പരിശോധിക്കുന്നതാണ്.

<u>ശ്രീ. പി. വി. ശ്രീനിജിൻ:</u> സർ, എന്റെ നിയോജകമണ്ഡലത്തിലെ മണ്ണൂർ-പോഞ്ഞാശ്ശേരി റോഡുമായി ബന്ധപ്പെട്ട് 2018 മുതൽ വലിയ

പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഇടപെടുകയും കിഫ്ബിയിൽനിന്ന് 10.5 കോടി രൂപ ഇതിനായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നവംബർ മാസത്തിൽ ടെണ്ടർ കഴിഞ്ഞെങ്കിലും ചില സങ്കേതിക കാരണങ്ങൾ പറഞ്ഞ് കെ.ആർ.എഫ്.ബി. (Kerala Road Fund Board) നാളിതുവരെ എഗ്രിമെന്റ് വച്ചിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെട്ട് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഈ വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുമേധാവിയുമായി യോഗം വിളിച്ചുചേർത്ത് നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിന് അടിയന്തര ഇടപെടൽ നടത്തുന്നതാണ്.

**എം.സി. റോഡ് വികസനം**

5 (*395) ശ്രീ. ആന്റണി ജോൺ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ.യു. ജനീഷ് കുമാർ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന പാതയായ എം.സി. റോഡ് നാലുവരിയാക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ടോ; പ്രസ്തുത റോഡ് വികസന പദ്ധതിയുടെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടോ; പദ്ധതിക്കായി എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) എം.സി. റോഡിന് സമാന്തരമായി തിരുവനന്തപുരം-അങ്കമാലി ഗ്രീൻഫീൽഡ് പാതയ്ക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; ഈ പാതയുടെ അലൈൻമെന്റ് നിശ്ചയിച്ചിട്ടുണ്ടോ;

(സി) തിരുവനന്തപുരം-അങ്കമാലി ഗ്രീൻ ഫീൽഡ് പാത 'ഭാരത് മാല' പദ്ധതിയിലുൾപ്പെടുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (എ) ഉണ്ട്, എം.സി റോഡ്, കൊല്ലം-ചെങ്കോട്ട റോഡ് എന്നിവ നാലുവരി പാതയായി വികസിപ്പിക്കുന്നതിന് 05-11-2022-ലെ ജി.ഒ (ആർ.ടി) നം.1069/2022/പൊ.മ.വ പ്രകാരം 1,500 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദമായ

പദ്ധതിരേഖ (ഡി.പി.ആർ.) തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൊതുമരാമത്ത് ഡിസൈൻ വിഭാഗം സ്വീകരിച്ചുവരുന്നു. ഡി.പി.ആർ. പൂർത്തീകരിക്കാത്തതിനാൽ പദ്ധതിയുടെ അടങ്കൽ തുക കണക്കാക്കിയിട്ടില്ല.

(ബി) എം.സി റോഡിന് സമാന്തരമായി തിരുവനന്തപുരം മുതൽ അങ്കമാലി വരെയുള്ള ഗ്രീൻഫീൽഡ് പാതയുടെ വിശദമായ പദ്ധതിരേഖ (ഡി.പി.ആർ.) ദേശീയപാത അതോറിറ്റി തയ്യാറാക്കിവരുന്നു. പാതയുടെ അലൈൻമെന്റ് അതോറിറ്റി അവലോകനം ചെയ്തുവരുന്നു.

(സി) കേരളസർക്കാർ ആവശ്യപ്പെട്ടിട്ടില്ല.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, നാടിന്റെ വികസനത്തിന് റോഡുകളുടെ വികസനം അത്യന്താപേക്ഷിതമാണ്. എം.സി. റോഡിൽ 10 കിലോമീറ്റർ കൂടുന്തോറുമുള്ള പ്രധാനപ്പെട്ട നഗരങ്ങളെ സംരക്ഷിക്കുന്നതിന് അടിപ്പാതകളോ ഫ്ലൈ ഓവറുകളോ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നാഷണൽ ഹൈവെയേയും എം.സി. റോഡിനെയും ബന്ധിപ്പിക്കുന്ന കെ.പി. റോഡ് പോലുള്ള അനുബന്ധ റോഡുകളുടെ വികസനം അങ്ങയുടെ പരിഗണനയിലുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, എം.സി. റോഡിന്റെ വികസനം കേരളത്തിന്റെ പ്രധാന പദ്ധതിയായി കണ്ടുകൊണ്ടുള്ള നിലയിൽ തന്നെയാണ് സർക്കാർ ഇടപെടുന്നത്. അലൈൻമെന്റുമായി ബന്ധപ്പെട്ട മറ്റുകാര്യങ്ങൾ ചർച്ച ചെയ്യാവുന്നതാണ്.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഗ്രീൻഫീൽഡ് പാത മലയോര ഹൈവേയുമായും മറ്റ് അനുബന്ധ പാതകളുമായും കണക്റ്റിവിറ്റി ഉറപ്പാക്കുന്നുണ്ടോ; ഇതിലൂടെ ടൂറിസം രംഗത്ത് അനന്ത സാധ്യതകൾ ഒരുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഗ്രീൻഫീൽഡ് പാതയുടെ വിശദമായ പദ്ധതിരേഖ (ഡി.പി.ആർ.) ദേശീയപാതാ അതോറിറ്റി തയ്യാറാക്കിവരുന്നു. അലൈൻമെന്റ് അതോറിറ്റി ഈ പദ്ധതി അവലോകനം ചെയ്തുവരികയാണ്; അക്കാര്യം പരിശോധിക്കാം; സംസ്ഥാനത്ത് ബീച്ച് ടൂറിസം പോലെ മലയോര ടൂറിസവും ഏറെ സാധ്യതയുള്ള ഒന്നാണ്. ഹൈക്കിംഗ് ഒരു പുതിയ ട്രെൻഡായി മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ കാലത്ത് ഗൂഗിൾ മാപ്പിൽ ഹൈക്കിംഗ് സെന്ററുകളെ ലിങ്ക് ചെയ്തുകൊണ്ട്

വിദേശത്തും ഇന്ത്യയിലും കേരളത്തിലും ഉള്ളവർക്ക് പെട്ടെന്നുതന്നെ ഹൈക്കിംഗ് കേന്ദ്രങ്ങൾ മനസ്സിലാക്കി കുന്നുകൾകയറാൻ കഴിയുന്ന രീതിയിൽ ഇടപെടുന്നുണ്ട്. മെച്ചപ്പെട്ട റോഡുകൾ വരികയും ഹൈക്കിംഗ് കേന്ദ്രങ്ങളായി മാറുകയും ചെയ്യുമ്പോൾ കേരളത്തിലെ ഒരു ഇഞ്ച് ടൂറിസത്തിന് അനുയോജ്യമല്ലാത്തതല്ല എന്ന് മനസ്സിലാക്കാൻ സാധിക്കും. അത് ഫലപ്രദമായി ഉപയോഗപ്പെടുത്തുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

<u>ശ്രീ. ഡി. കെ. മുരളി:</u> സർ, വളരെ ഗതാഗത തിരക്കുള്ള എം.സി. റോഡ് നാലുവരി പാതയാക്കുന്ന നടപടി പുരോഗമിക്കുകയാണ്. നിലവിൽ ഇതിന്റെ മേൽനോട്ട ചുമതല നൽകിയിരിക്കുന്നത് കെ.എസ്.ടി.പി.-ക്കാണ്. ഇപ്പോൾ റോഡിന്റെ വശങ്ങൾ ദുരുപയോഗം ചെയ്യുന്ന തരത്തിൽ അനധികൃത പാർക്കിംഗും മറ്റും നടത്തിയിരിക്കുകയാണ്. ഓടകളുടെ സ്ലാബുകൾ ഇളകിപ്പോകുന്ന അവസ്ഥയും ഉണ്ട്. ഇക്കാര്യങ്ങൾ കൃത്യമായി മെയിന്റയിൻ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഇക്കാര്യം പരിശോധിക്കാം, ഡിസൈൻ പോളിസി വർക്ക്ഷോപ്പ് നടത്തിയപ്പോൾ വ്യക്തമായത് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡിന്റെ വശങ്ങളും പാലങ്ങളുടെ അടിഭാഗങ്ങളും ഉൾപ്പെടെയുള്ള ധാരാളം സ്ഥലങ്ങൾ വെറുതെ കിടക്കുന്ന സ്ഥിതിയാണുള്ളത് എന്നാണ്. പാലങ്ങളുടെ കാര്യമെടുത്താലും ഇതേ അവസ്ഥയാണുള്ളത്. ഇവയെല്ലാം ഫലപ്രദമായി എങ്ങനെ ഉപയോഗപ്പെടുത്താമെന്നത് ഡിസൈൻ പോളിസി വർക്ക്ഷോപ്പിന്റെ ഭാഗമായുള്ള കരട് നയം വരുമ്പോൾ തീർച്ചയായും ആലോചിക്കാവുന്നതാണ്. ആ നിലയിൽതന്നെ പരിശോധിച്ച് പോകാവുന്നതാണ്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, എം. സി. റോഡ് നാലുവരിയാക്കുന്നതിന് ഭരണാനുമതി നൽകിയ നടപടിയെ സന്തോഷത്തോടുകൂടിയാണ് സംസ്ഥാനത്തെ ജനങ്ങൾ സ്വീകരിച്ചിട്ടുള്ളത്. ഏറ്റവും പ്രധാന റോഡുകളായ എം.സി. റോഡ് നാലുവരി പാതയാക്കുന്നതിനുള്ള ഡി.പി.ആർ. പൂർത്തിയാക്കാൻ സാധിച്ചിട്ടില്ലെന്നും ഡിസൈൻ വിഭാഗം അതിന്റെ നടപടികൾ സ്വീകരിച്ചുവരികയാണെന്നുമാണ്

അറിയാൻ സാധിച്ചത്. ഡിസൈൻ വിഭാഗത്തെ കൂടുതൽ ശക്തിപ്പെടുത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇത് കണക്കിലെടുത്ത് ഡിസൈൻ വിഭാഗത്തെ ശക്തിപ്പെടുത്താനുള്ള നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഡിസൈൻ വിഭാഗം ചില കാര്യങ്ങളിൽ വരുത്തുന്ന കാലതാമസം പരിഹരിക്കാൻ തുടർച്ചയായി നടത്തുന്ന ഇടപെടലിന്റെ ഭാഗമായി ചില മാറ്റങ്ങൾ ഡിസൈൻ വിഭാഗത്തിൽ കാണുന്നുണ്ടെങ്കിലും അതുകൊണ്ടുമാത്രം എല്ലാ പ്രശ്നങ്ങളും പരിഹരിച്ചുവെന്ന് പറയാൻ സാധിക്കില്ല. ഡിസൈൻ വിഭാഗത്തിൽ ഇപ്പോഴും തുടരുന്നതായി കണ്ടെത്തിയ ചില പ്രശ്നങ്ങൾ പരിഹരിക്കാൻ തുടർച്ചയായ ഇടപെടൽ നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. എം. എം. മണി: സർ, എം.സി. റോഡിന്റെ വികസനം തികച്ചും സ്വാഗതാർഹമാണ്. കൊട്ടാരക്കര-വെഞ്ഞാറമൂട് പോലുള്ള പ്രദേശങ്ങളിൽ വലിയ തിരക്ക് അനുഭവപ്പെടുന്നതിനാൽ രോഗികളുമായി വരുന്ന

വാഹനങ്ങൾക്ക് തടസ്സമുണ്ടാകുന്ന സ്ഥിതി നിലനിൽക്കുന്നുണ്ട്. ഈ പ്രശ്നം പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഈ വിഷയം പരിശോധിക്കാം. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ജംങ്ഷൻ ഇംപ്രൂവ്മെന്റ് പദ്ധതി നടപ്പാക്കിവരുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇത്തരം കാര്യങ്ങൾകൂടി പരിശോധിക്കുന്നതാണ്.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ....ചോദ്യോത്തരസമയം അവസാനിച്ചു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(രേഖാമൂലം നൽകിയ ചോദ്യോത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)+

**[10.01 AM]**

**II. തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 1494-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

\+ അനുബന്ധം I

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, പതിനഞ്ചാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിൽ 08-12-2022-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1494-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

**III. അടിയന്തരപ്രമേയ നോട്ടീസ്**

മി. സ്പീക്കർ: ബ്രഹ്മപുരം മാലിന്യ സംസ്കരണശാലയിലെ തീ പിടിത്തത്തെത്തുടർന്ന് ഇന്നലെ കൊച്ചി കോർപ്പറേഷൻ കൗൺസിലിൽ ചേർന്ന യോഗത്തോടനുബന്ധിച്ചുണ്ടായതായി പറയപ്പെടുന്ന അനിഷ്ടസംഭവങ്ങളെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുള്ളത്. ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിലുണ്ടായ തീപിടിത്തവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇന്നലത്തെ റൂൾ 50 നോട്ടീസിന്റെ പരിഗണനാവേളയിൽ വിശദമായി ചർച്ച ചെയ്തതാണ്. എന്നാൽ ഇന്നലെ ചേർന്ന കൊച്ചി കോർപ്പറേഷൻ കൗൺസിൽ യോഗവുമായി ബന്ധപ്പെട്ടുണ്ടായ ക്രമസമാധാന പ്രശ്നങ്ങൾ റൂൾ 50 നോട്ടീസായി അടിയന്തര പ്രാധാന്യത്തോടെ പരിഗണിക്കേണ്ട

\+ അനുബന്ധം 2

ഗൗരവസ്വഭാവമുള്ള വിഷയമായി കണക്കാക്കാനാവില്ല. എന്നിരുന്നാലും ശ്രീ. റോജി എം. ജോണിന് പ്രസ്തുത വിഷയം ഇന്നത്തെ ആദ്യത്തെ സബ്മിഷനായി ഉന്നയിക്കാവുന്നതാണ്. (....ബഹളം....)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബ്രഹ്മപുരം പ്ലാന്റുമായി ബന്ധപ്പെട്ട വിഷയത്തെ സംബന്ധിച്ച് ഇന്നലെ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിരുന്നെങ്കിലും അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുകയാണുണ്ടായത്. അതിനുശേഷം ഗൗരവതരമായ സംഭവമാണ് ഇന്നലെയുണ്ടായത്. ഞങ്ങളുടെ മുതിർന്ന നേതാക്കളും കൊച്ചി നഗരസഭയിലെ സീനിയർ കൗൺസിലർമാരുമടക്കമുള്ളവർ ക്രൂരമായ മർദ്ദനമാണ് ഏറ്റുവാങ്ങിയത്. ടി സംഭവത്തിൽ ഒരു കൗൺസിലറുടെ കാൽ ഒടിയുകയും തലയ്ക്കുപരിക്കേറ്റ് 19 സ്റ്റിച്ച് ഇടേണ്ടിവരികയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. നഗരസഭയിലെ പ്രതിപക്ഷ കൗൺസിലർമാരെ ഒരു മുറിയിൽ പൂട്ടിയിട്ടതിനുശേഷം മറ്റൊരു മുറിയിലാണ് മേയറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നത്. ബ്രഹ്മപുരം മാലിന്യസംസ്കരണ പ്ലാന്റുമായി ബന്ധപ്പെട്ട ഗൗരവതരമായ പ്രശ്നത്തിൽ

ഇടപെട്ട് സമരം ചെയ്യുന്നവർക്കുനേരെ പോലീസ് അഴിഞ്ഞാടുന്ന സംഭവമാണുണ്ടായിരിക്കുന്നത്. ഇന്നലത്തേതുപോലെ ഈ വിഷയം സംബന്ധിച്ച് മന്ത്രിമാരെ മറുപടി പറയാൻ ഏല്പിക്കാതെ ഇതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മറുപടി പറയണം. പോലീസ് അഴിഞ്ഞാട്ടമാണുണ്ടായിരിക്കുന്നത്. ഈ പ്രശ്നത്തിന്റെ ആരംഭം മുതൽ മുഖ്യമന്ത്രി ഈ വിഷയത്തിൽനിന്ന് ഒളിച്ചോടുകയാണ്. അതുകൊണ്ട് മനഃപൂർവ്വം അടിയന്തരപ്രമേയം അനുവദിക്കാത്തതിനെ ഒരു കാരണവശാലും ഞങ്ങൾക്ക് അംഗീകരിക്കാൻ കഴിയില്ല.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, കോർപ്പറേഷൻ കൗൺസിൽ യോഗത്തിൽ പങ്കെടുക്കാനെത്തിയ യു.ഡി.എഫ്. കൗൺസിലർമാരെ യോഗത്തിൽ പങ്കെടുക്കാൻ അനുവദിക്കാത്ത വിഷയമാണ് ശ്രീ. റോജി എം. ജോൺ അടിയന്തരപ്രമേയ നോട്ടീസിൽ ഉന്നയിച്ചിട്ടുള്ളത്. യു.ഡി.എഫ്. കൗൺസിലർമാരുടെ ലീഡർ ശ്രീ. ആന്റണി കുരിത്തറ ഉൾപ്പെടെയുള്ള 28 കൗൺസിലർമാർ നൽകിയ

കത്തിലൂടെ പ്രസ്തുത കൗൺസിൽ യോഗത്തിൽ അവർക്ക് പങ്കെടുക്കാൻ സാധിക്കില്ലെന്ന് നേരത്തെതന്നെ അറിയിച്ചിരുന്നു. (...ബഹളം...)

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്....... കേരളത്തിൽ തൊള്ളായിരത്തിലേറെ കോർപ്പറേഷനുകളും എൽ.എസ്.ജി.ഡി.-കളുമുണ്ട്. ഇവിടങ്ങളിൽ നടക്കുന്ന യോഗങ്ങളിൽ പല പ്രശ്നങ്ങളുമുണ്ടാകും. അതൊന്നും നിയമസഭയിൽ ചർച്ച ചെയ്യാൻ സാധിക്കില്ല. (...ബഹളം...)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം പ്ലക്കാർഡുകളും ബാനറും ഉയർത്തിപ്പിടിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത നടപടിയിലേയ്ക്ക് കടന്നു.)

**[10.05 AM]**

**IV. ശ്രദ്ധക്ഷണിക്കൽ**

(1) എയ്ഡഡ് സ്കൂളുകളിലെ സ്ഥിര അദ്ധ്യാപക നിയമനം

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ സർക്കാർ സ്കൂളുകൾപോലെ തുല്യപ്രാധാന്യത്തോടെ കണക്കാക്കപ്പെടുന്നതും സേവന മനോഭാവത്തിൽ പരിഗണനാർഹമായ പ്രവർത്തനം നടത്തുകയും ചെയ്യുന്ന ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിൽ കഴിഞ്ഞ ഏതാനും വർഷത്തിലധികമായി തടസ്സം അനുഭവപ്പെടുകയാണ്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. (......ബഹളം.......)

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്....... ശ്രീ. ടി. ജെ. വിനോദ്, ഇങ്ങനെ മുഖം മറയ്ക്കുന്ന രീതിയിൽ ബാനർ പിടിക്കരുത്. ഇതൊക്കെ എറണാകുളത്തെ ജനങ്ങൾ കാണുന്നുണ്ടെന്ന് ബോധ്യമുണ്ടായാൽ മതി. ശ്രീ. സി. ആർ. മഹേഷ്, ഇത് കരുനാഗപ്പള്ളിയിലെ ജനങ്ങൾ കാണുന്നുണ്ട്. ശ്രീ. റോജി എം. ജോൺ, ഇതെല്ലാം അങ്കമാലിയിലെ ജനങ്ങൾ കാണുന്നുണ്ട്.

പ്ലീസ്......പ്ലീസ്.......(......ബഹളം.......) നിങ്ങൾ സഹകരിക്കണം; അല്ലെങ്കിൽ നിങ്ങൾക്കുതന്നെയാണ് മോശം. പ്ലീസ്......പ്ലീസ്...... എല്ലാവരും സീറ്റുകളിൽ പോയി ഇരിക്കണം. ശ്രീ. സനീഷ്കുമാർ ജോസഫ്, ഇതൊക്കെ ചാലക്കുടിയിലെ ജനങ്ങൾ കാണുന്നുണ്ട്; ഇനി പതിനാറാം നിയമസഭയിലും ഇവിടെ വരേണ്ടതാണ്. വെറുതെ ഇമേജ് മോശമാക്കേണ്ട. xxxxxxxxxxxxxxxx+ (......ബഹളം.......) ഇതൊക്കെ ജനങ്ങൾ കാണുന്നുണ്ട്. xxxxxxxxxxxxxxxxxxxx+

ഡോ. എൻ. ജയരാജ്: (തുടർച്ച): സർ, 1996 മുതലുള്ള ഒഴിവുകൾ കണക്കാക്കി ഭിന്നശേഷിക്കാർക്കുള്ള സംവരണം പാലിക്കണമെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ വർഷങ്ങളായി എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ നടത്താൻ സാധിക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലുണ്ടായിരുന്ന ഏതാണ്ട് എൺപതോളം കേസുകളിന്മേൽ ഇന്നലെ ഉത്തരവ് പുറപ്പെടുവിച്ചത് ഏറെ സ്വാഗതാർഹമാണ്. 2018

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 4407/ഇ.ബി./2023/നി.സെ. തീയതി 16-03-2023) രേഖയിൽനിന്നും നീക്കം ചെയ്തു.

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 4407/ഇ.ബി./2023/നി.സെ. തീയതി 16-03-2023) രേഖയിൽനിന്നും നീക്കം ചെയ്തു.

നവംബർ 18 മുതൽ 2021 നവംബർ 8 വരെ; അതായത് സാമൂഹ്യനീതി വകുപ്പും പൊതുവിദ്യാഭ്യാസ വകുപ്പും ഉത്തരവിറക്കിയ കാലയളവിൽ; നിയമനം നടത്തിയ അദ്ധ്യാപകർക്ക് താല്കാലികമായി നിയമന അംഗീകാരം കൊടുക്കാനാണ് ഗവൺമെന്റിനോട് ബഹുമാനപ്പെട്ട ഹൈക്കോടതി ആവശ്യപ്പെട്ടിരിക്കുന്നത്. ഇക്കാര്യത്തിൽ ഗവൺമെന്റ് ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കണം. 2022-23 കാലഘട്ടങ്ങളിൽ സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ നിയമനങ്ങൾ ഉണ്ടായിട്ടില്ലെന്നത് പ്രധാനപ്പെട്ട കാര്യമാണ്. എല്ലാ വർഷവും എയ്ഡഡ് മേഖലയിൽ ഏതാണ്ട് മൂവായിരത്തിയഞ്ഞൂറോളം വേക്കൻസികൾ ഉണ്ടാകുന്നുവെന്ന് സർക്കാർ തന്നെയാണ് ഹൈക്കോടതിയെ അറിയിച്ചിരിക്കുന്നത്. ഭിന്നശേഷി സംവരണം ഉറപ്പാക്കുന്നതുവരെയും 1996 മുതലുള്ള ബാക്ക്ലോഗുകൾ കണ്ടെത്തി ആവശ്യമായ ക്രമീകരണം നടത്തുന്നതുവരെയും, 2021 നവംബർ 8-ാം തീയതിക്കുശേഷമുണ്ടായ ഒഴിവുകളിൽ മാനേജർമാർക്ക് അദ്ധ്യാപകരെ ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കാമെന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതി ഇന്നലെ പുറപ്പെടുവിച്ച ഉത്തരവിൽ പറഞ്ഞിരിക്കുന്നത്.

അടുത്ത അക്കാദമിക് വർഷം ആരംഭിക്കാൻ പോകുകയാണ്. രാജ്യത്ത് കുട്ടികളുടെ അവകാശനിയമം ഉൾപ്പെടെയുള്ള നിയമങ്ങൾ നിലനിൽക്കുമ്പോൾ താത്കാലിക അദ്ധ്യാപകരെ നിയമിച്ചുകൊണ്ട് എയ്ഡഡ് സ്കൂളുകളിലെ പഠന പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത് വിദ്യാഭ്യാസത്തിന്റെ ക്വാളിറ്റിയെ ബാധിക്കുമെന്നത് പ്രധാനപ്പെട്ട കാര്യമാണ്. വിദ്യാർത്ഥികളുടെ അക്കാദമിക് താത്പര്യങ്ങൾ സംരക്ഷിക്കണമെന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതി പറയുന്നത്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 2022-23 വർഷത്തിൽ എയ്ഡഡ് സ്കൂളുകളിൽ നിയമനം നടത്താത്ത സാഹചര്യത്തിൽ, 2021-നുശേഷമുള്ള വേക്കൻസികൾ അടിയന്തരമായി നികത്തുന്നതിന് ഗവൺമെന്റ് കൃത്യമായ ഇടപെടൽ നടത്തി ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കണം. (......ബഹളം.......)

<u>മി. സ്പീക്കർ</u>: ശ്രീ. ടി. ജെ. വിനോദ്, ശ്രീ. എ. കെ. എം. അഷ്റഫ് ഇത്തരത്തിൽ മുഖം മറച്ചുകൊണ്ട് ബാനർ പിടിക്കുന്നത് ശരിയല്ല. (......ബഹളം.......) ശ്രീ. റോജി എം. ജോൺ, ശ്രീ. ടി. ജെ. വിനോദ് ഈ

രീതിയിൽ ബാനർ പിടിക്കുന്നത് ശരിയല്ല. ശ്രീ. എം. വിൻസെന്റ്, ഇത് ശരിയല്ല. ശ്രീ. ടി. ജെ. വിനോദ്, ഇതൊക്കെ എറണാകുളത്തെ ജനങ്ങൾ കാണുന്നുണ്ട്.

ഡോ. എൻ. ജയരാജ്: സർ, നമ്മുടെ സ്കൂളുകളിലെ റിട്ടയർമെന്റ് വേക്കൻസികൾ, പ്രൊമോഷൻ വേക്കൻസികൾ ഉൾപ്പെടെ ധാരാളം വേക്കൻസികൾ നിലവിലുണ്ട്. ഈ സാഹചര്യത്തിൽ കോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ അടിയന്തരമായി റോസ്റ്റർ തയ്യാറാക്കണം. ഇക്കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പ് ശക്തമായ ഇടപെടൽ നടത്തിക്കൊണ്ട് 2023-ലെ അക്കാദമിക് വർഷത്തിൽ എയ്ഡഡ് സ്കൂളുകളിൽ നിയമനങ്ങൾ നടത്തുമ്പോൾ ഭിന്നശേഷിക്കാർക്ക് ആവശ്യമായ വേക്കൻസികൾ മാറ്റിവച്ചുകൊണ്ട് മറ്റ് വേക്കൻസികളിൽ സ്ഥിരനിയമനം നടത്താനാവശ്യമായ നടപടി സ്വീകരിക്കണം. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ തീർച്ചയായും മികച്ച വിദ്യാഭ്യാസം ലഭിക്കേണ്ടത് ഭാവി തലമുറയുടെ അവകാശമാണ്. കോടതി ഉത്തവുമൂലമുണ്ടായ സവിശേഷ സാഹചര്യം മറികടക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പും മാനേജ്മെന്റ്

പ്രതിനിധികളുമായി അടിയന്തര യോഗം നടത്തി, പ്രശ്നപരിഹാരമെന്ന നിലയിൽ പൊതുസ്വീകാര്യമായ പോംവഴി കണ്ടെത്തി അടുത്ത അദ്ധ്യയനവർഷം ആരംഭിക്കുമ്പോൾത്തന്നെ താത്കാലിക അടിസ്ഥാനത്തിലുള്ള നിയമനങ്ങൾക്കുപകരം അദ്ധ്യാപക തസ്തികകളിൽ സ്ഥിരനിയമനം നടത്തുന്നതിന് നടപടിയുണ്ടാകണമെന്ന് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ശ്രീ. റോജി എം. ജോൺ, ശ്രീ. എം. വിൻസെന്റ്, ശ്രീ. ടി. ജെ. വിനോദ് ചെയറിന്റെ മുഖം മറച്ച് ബാനർ പിടിക്കുന്നത് ശരിയല്ല. ഇതൊക്കെ എറണാകുളത്തെ ജനങ്ങൾ കാണുന്നുണ്ട്. .... (ബഹളം)...

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങളിൽ 07-02-1996 മുതൽ 18-04-2017 വരെ മൂന്ന് ശതമാനവും 19-04-2017 മുതൽ നാല് ശതമാനവും ഭിന്നശേഷി സംവരണം പാലിക്കണമെന്ന് 18-11-2018-ലെയും 25-06-2022-ലെയും സർക്കാർ ഉത്തരവുകൾ, 28-10-2022-ലെ സർക്കാർ

കത്ത്, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23-11-2022-ലെ പരിപത്രം എന്നിവ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സമന്വയ പോർട്ടൽ മുഖാന്തരം റോസ്റ്റർ തയ്യാറാക്കി സമർപ്പിക്കാനും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് നിയമനം നൽകാനുമുള്ള നടപടി സ്വീകരിച്ചുവരികയാണ്. ... (ബഹളം)...

<u>മി. സ്പീക്കർ:</u> ഇങ്ങനെയാണെങ്കിൽ ബാനർ പിടിക്കുന്നവർക്കെതിരെ ചെയറിന് ശക്തമായ നടപടി സ്വീകരിക്കേണ്ടിവരും. ...(ബഹളം)... ശ്രീ. എ. കെ. എം. അഷ്റഫ് നടപടി വാങ്ങിക്കേണ്ട.

<u>ശ്രീ. വി. ശിവൻകുട്ടി:</u> സർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ആവശ്യപ്പെട്ടിട്ടും യോഗ്യരായ ഭിന്നശേഷി ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത സന്ദർഭത്തിൽ പത്രത്തിൽ പരസ്യം ചെയ്ത് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസറുടെ അംഗീകാരത്തോടെ നിയമിക്കാവുന്നതാണെന്ന് നിർദ്ദേശം നൽകിയിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 19808/2021 നമ്പർ കേസ്സിന്മേൽ 10-08-2022-ലെ ഉത്തരവ് പ്രകാരം 18-11-2018-നുശേഷം സംജാതമായ

ഒഴിവുകളിൽ നിയമിതരായ ജീവനക്കാരിൽ നിലവിൽ അംഗീകരിക്കപ്പെടാതെ തുടരുന്നവരുടെ നിയമനം ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ നിയമനം അംഗീകരിക്കുന്ന മുറയ്ക്കുമാത്രമെ അംഗീകരിക്കാൻ സാധിക്കുകയുള്ളൂ. ഭിന്നശേഷി സംവരണം പാലിച്ച് നിയമനം നടത്തി അംഗീകാരം ലഭ്യമാകുന്നമുറയ്ക്ക് മറ്റ് നിയമനങ്ങൾ പുന:പരിശോധിച്ച് അംഗീകാരം നൽകാവുന്നതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും സർക്കാരിന്റെയും ഉത്തരവുകൾക്ക് വിധേയമായാണ് ഭിന്നശേഷി സംവരണം പാലിക്കുന്നതിനുള്ള നടപടി നാളിതുവരെയും സർക്കാർ സ്വീകരിച്ചിട്ടുള്ളത്. 07-02-1996 മുതൽ ബാക്ക് ലോഗ് കണക്കാക്കി റോസ്റ്റർ തയ്യാറാക്കി ആയത് സമന്വയ പോർട്ടലിൽ രേഖപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഭിന്നശേഷി സംവരണം പാലിക്കുന്നതുമായി ബന്ധപ്പെട്ട് റോസ്റ്റർ തയ്യാറാക്കി നിയമനം നടത്തുന്നമുറയ്ക്ക് അർഹമായ നിയമനങ്ങൾ അംഗീകരിക്കുന്നതാണ്. ഈ നടപടി സമയം അപഹരിക്കുന്നതായതിനാൽ വിദ്യാർത്ഥികളുടെ അവകാശമായ അടിസ്ഥാന വിദ്യാഭ്യാസം നൽകുന്നതിനായി

അദ്ധ്യാപകരുടെ നിയമനം ദിവസ വേതനാടിസ്ഥാനത്തിൽ നടത്താനുള്ള നിർദ്ദേശം ഇതിനോടകം നൽകിയിട്ടുണ്ട്. ഭിന്നശേഷി സംവരണം പാലിക്കുന്നതുമായി ബന്ധപ്പെട്ട് അദ്ധ്യാപകരില്ലാത്ത സാഹചര്യം നിലവിലില്ല. യോഗ്യരായ അദ്ധ്യാപകരുടെ സാന്നിദ്ധ്യം എല്ലാ സ്കൂളുകളിലും ഉറപ്പാക്കിയിട്ടുണ്ട്.

ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന അപ്പീൽ ഹർജികളിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി 13-03-2023-ന് (ഇന്നലെ) അന്തിമ വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിധിന്യായം സർക്കാർ പരിശോധിച്ചുവരികയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഏഴായിരത്തോളം അദ്ധ്യാപകർക്കാണ് നിയമനം ലഭിക്കേണ്ടത്. ഭിന്നശേഷിക്കാരുടെ കാര്യംകൂടി പരിഗണിച്ചുകൊണ്ട് നിയമനകാര്യത്തിൽ ഒരാഴ്ചയ്ക്കകം തുടർനടപടി സ്വീകരിക്കുന്നതാണ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവനുസരിച്ച് 8-11-2021-നുശേഷം ഉണ്ടാകുന്ന ഒഴിവുകളിൽ മാനേജർമാർക്ക് താത്കാലികമായി അദ്ധ്യാപകരെ

നിയമിക്കാമെന്നാണ് പറഞ്ഞിരിക്കുന്നത്. വരാൻ പോകുന്ന അക്കാദമിക് വർഷത്തിൽ 8-11-2021-നുശേഷം ഉണ്ടാകുന്ന ഒഴിവുകളിൽ അടിയന്തരമായി നിയമനം നടത്തണമെന്ന നിർദ്ദേശം/ഉത്തരവ് മാനേജ്മെന്റുകൾക്ക് ഗവൺമെന്റ് നൽകുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, കേരളത്തിലെ ആയിരക്കണക്കിന് രക്ഷകർത്താക്കളുടെയും വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും പ്രശ്നം ചൂണ്ടിക്കാണിക്കുന്നതിനെയാണ് ഇവർ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക ഒഴിവുകളിൽ ഭിന്നശേഷി സംവരണം നടപ്പാക്കാതെ 18-11-2018-നുശേഷമുള്ള നിയമനങ്ങൾക്ക് അംഗീകാരം നൽകരുതെന്ന സിംഗിൾ ബെഞ്ചിന്റെ വിധിയിൽ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഭേദഗതി വരുത്തുകയും 18-11-2018-നും 8-11-2021-നും ഇടയ്ക്കുള്ള ഒഴിവുകളിൽ ഭിന്നശേഷിക്കാർക്ക് സംവരണം നൽകാതെ നിയമനം നടത്തിയിട്ടുണ്ടെങ്കിൽ ഇവർക്ക് താത്കാലികമായി അംഗീകാരം നൽകണമെന്നും ഭിന്നശേഷിക്കാരിൽ യോഗ്യതയുള്ള വ്യക്തികൾക്ക് നിയമനം നൽകുന്നതുവരെ ഇവർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും

നൽകേണ്ടതായിട്ടുണ്ടെന്നും സൂചിപ്പിച്ചിട്ടുണ്ട്. ഭിന്നശേഷി വിഭാഗത്തിൽനിന്ന് മതിയായ യോഗ്യതയുള്ള വ്യക്തി എത്തിയില്ലെങ്കിൽ താത്കാലിക അംഗീകാരം ലഭിച്ചവരെ സ്ഥിരപ്പെടുത്തണം. യോഗ്യതയുള്ള വ്യക്തി എത്തിയാൽ താത്കാലിക നിയമനം ലഭിച്ചവരെ അടുത്തുവരുന്ന ഒഴിവിലേക്കോ അതേ മാനേജ്മെന്റിന്റെ കീഴിലുള്ള മറ്റു സ്കൂളുകളിലുള്ള ഒഴിവുകളിലേക്കോ പരിഗണിക്കാവുന്നതാണ്. ഭിന്നശേഷി സംവരണം നടപ്പാക്കുന്നതുവരെ 8-11-2021-നുശേഷമുള്ള ഒഴിവുകളിൽ മാനേജർമാർക്ക് ദിവസവേതന അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കാവുന്നതാണ്. സ്കൂൾ മാനേജർമാരും നിയമനം ലഭിച്ച അദ്ധ്യാപകരുമടക്കം നൽകിയ എൺപതോളം അപ്പീലുകൾ തീർപ്പാക്കിക്കൊണ്ടാണ് ജസ്റ്റിസ് പി. ബി. സുരേഷ് കുമാർ, ജസ്റ്റിസ് സി. എസ്. സുധ എന്നിവർ വിധി പ്രസ്താവന നടത്തിയത്. ഹൈക്കോടതി പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ ഏഴായിരത്തോളം അദ്ധ്യാപകർക്കാണ് ആനുകൂല്യം ലഭിക്കുന്നത്. ടി വിധിയുടെ അടിസ്ഥാനത്തിൽ ഒരാഴ്ചയ്ക്കകം വിശദമായ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(ശ്രീ. റോജി എം. ജോൺ സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

**[10.17 AM]**

**V. സബ്മിഷൻ**

(1) <u>വടകര-മാഹി കനാൽ മൂന്നാം റീച്ച് പ്രവൃത്തി</u>

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, കോവളം-ബേക്കൽ പശ്ചിമതീര ജലപാതയെത്തുടർന്നാണ് വടകര-മാഹി കനാൽ കുറ്റ്യാടിപ്പുഴയെയും മയ്യഴിപ്പുഴയെയും ബന്ധിപ്പിക്കുന്നത്. 17.61 കി.മീ. നീളമുള്ള പ്രസ്തുത കനാലിന്റെ പ്രവൃത്തി അഞ്ച് ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. 2025-ഓടെ വടകര-മാഹി കനാൽ ദേശീയ ജലപാത നിലവാരത്തിലേയ്ക്ക് ഉയർത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്. സ്ഥലം ഏറ്റെടുപ്പിനായി 25.3 കോടി രൂപ അനുവദിച്ചതോടെ പ്രവൃത്തി വേഗതയിൽ നടപ്പാക്കിവരികയാണ്. എന്നാൽ കുറ്റ്യാടി മണ്ഡലത്തിൽപ്പെട്ട മൂന്നാം റീച്ചിന്റെ പ്രവർത്തനത്തിന് ഇതുവരെയും അംഗീകാരം ലഭിച്ചിട്ടില്ല. മൂന്നാം റീച്ചിലെ ഉയർന്ന കട്ടിംഗ് ആവശ്യമുള്ള 800 മീറ്റർ ദൈർഘ്യമുള്ള

സംരക്ഷണഭിത്തിയുടെ നിർമ്മാണത്തിനായി 161 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. മൂന്നാം റീച്ചിന്റെ പ്രവർത്തനം ആരംഭിച്ചാൽ മാത്രമെ 2025-ൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. കാർഷിക-വ്യാവസായിക-ടൂറിസം രംഗങ്ങളിൽ വലിയ രൂപത്തിലുള്ള മുന്നേറ്റമുണ്ടാക്കാൻ സഹായിക്കുന്ന ടി പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

(2) വലിയപറമ്പിലെ കടലാക്രമണ ഭീഷണി

ശ്രീ. എം. രാജഗോപാലൻ: സർ, കാസർഗോഡ് ജില്ലയിലെ തെക്കുപടിഞ്ഞാറൻ അതിർത്തിയിലായി 25 കിലോമീറ്റർ അറബിക്കടലും ബാക്കിഭാഗമായ കവ്വായ് കായലിന്റെയും അതിർത്തി പങ്കിടുന്നത് വലിയപറമ്പ് പഞ്ചായത്താണ്. വലിയപറമ്പിലെ കടലാക്രമണ ഭീഷണിയെക്കുറിച്ച് ഇതിനുമുമ്പ് സഭയുടെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇത് ഹോട്ട്സ്പോട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള

+ അനുബന്ധം 3

പ്രദേശമാണെന്ന കാര്യം കണക്കിലെടുത്ത് ഈ പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, പ്രസ്തുത പ്രദേശം ഹോട്ട്സ്പോട്ടിൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+

(3) കൊളാവിപ്പാലം അഴിമുഖത്തെ പുലിമുട്ട് നിർമ്മാണം

ശ്രീമതി കാനത്തിൽ ജമീല: സർ, കുറ്റ്യാടി പുഴയുടെ കൈവഴിയായ കോട്ടപ്പുഴ കടലിൽ പതിക്കുന്ന ഭാഗം മണൽ വീണ് പൂർണ്ണമായും അടഞ്ഞ നിലയിലാണുള്ളത്. പ്രദേശത്തിന്റെ പാരിസ്ഥിതിക മേഖലയിൽ ഇത് വലിയ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. വർഷംതോറും സമൃദ്ധമായി നെൽക്കൃഷി ചെയ്തിരുന്ന ചെത്തിൽ പാടശേഖരം പൂർണ്ണമായും കൃഷി നിലച്ചുപോയ അവസ്ഥയിലാണ്. മത്സ്യതൊഴിലാളികളുടെ യാനങ്ങൾപോലും കൊണ്ടുപോകാനാകാത്ത അവസ്ഥയാണ്. അഴിമുഖത്തെ ഒരു ഭാഗത്തുമാത്രം പുലിമുട്ട് നിർമ്മിച്ചതാണ് ഇതിന് കാരണമായി വിദഗ്ദ്ധർ

\+ അനുബന്ധം 3

അഭിപ്രായപ്പെടുന്നത്. തെക്കുഭാഗത്തുകൂടി പുലിമുട്ട് നിർമ്മിക്കുന്നതിനായി സി.ഡബ്ല്യൂ.പി.ആർ.എസ്. പഠനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ഐ.ഡി.ആർ.ബി. ഡിസൈൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ടെങ്കിലും അനന്തര നടപടികൾ ഉണ്ടാകാത്തത് പ്രദേശവാസികളെ വലിയ പ്രയാസത്തിലാക്കുന്നുവെന്ന് മാത്രമല്ല, ഒരു പുഴ പൂർണ്ണമായും നശിച്ചുപോകുകയും ചെയ്യുകയാണ്. ആയതിനാൽ ടി പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി പുലിമുട്ട് നിർമ്മാണം വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

## (4) തോട്ടട ഇ.എസ്.ഐ. ആശുപത്രി

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, കണ്ണൂർ മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന തോട്ടട ഇ.എസ്.ഐ. ആശുപത്രി കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ തൊഴിലാളികൾക്കും കുടുംബങ്ങൾക്കുമുള്ള ഏക ആശ്രയകേന്ദ്രമാണ്. കണ്ണൂരിൽ മാത്രം 53,000-ഉം കാസർഗോഡ് ജില്ലയിൽ

+ അനുബന്ധം 3

11,000-ഉം തൊഴിലാളികളാണുള്ളത്. രണ്ട് ലക്ഷത്തോളം വരുന്ന കുടുംബങ്ങൾക്ക് ടി ആശുപത്രി ഒരു പ്രതീക്ഷാകേന്ദ്രമാണ്. പക്ഷേ ഇതിന്റെ ആരംഭകാലത്ത് മുൻമന്ത്രി ശ്രീ. ടി. പി. രാമകൃഷ്ണൻ ചെയ്ത ബഹുമുഖമായ പ്രവൃത്തികൾക്കപ്പുറം പിന്നീട് ശ്രദ്ധേയമായ പ്രവർത്തനങ്ങളൊന്നും കാര്യമായി നടന്നില്ല. അതുകൊണ്ട് ആശുപത്രിയുടെ മുന്നോട്ടുള്ള വികസന പ്രയാണത്തിനാവശ്യമായ സാങ്കേതിക-ഭൗതിക-സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

(5) കോരൻകടവ് പാലത്തിന് അപ്രോച്ച് റോഡ് നിർമ്മാണം

ശ്രീ. പി. വി. ശ്രീനിജിൻ: സർ, കുന്നത്തുനാട്-പിറവം നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന കോരൻകടവ് പാലത്തിന്റെ പണി ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. പക്ഷേ അപ്രോച്ച് റോഡിനുള്ള സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 8.5 ലക്ഷം രൂപയുടെ ഭരണാനുമതിക്കായുള്ള ഫയൽ ഇപ്പോൾ പി.ഡബ്ല്യൂ.ഡി.-യുടെ ഓഫീസിലാണുള്ളത്. അപ്രോച്ച്

+ അനുബന്ധം 3

റോഡിന്റെ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി വേഗത്തിലാക്കാൻ പ്രസ്തുത തുക ഉടനെ അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

(6) ചെടിയാലക്കടവിൽ പാലം നിർമ്മാണം

ശ്രീ. ഇ. കെ. വിജയൻ: കോഴിക്കോട് ജില്ലയിലെ നാദാപുരം നിയോജകമണ്ഡലത്തിൽ എസ്.എച്ച്.-38 നാദാപുരം പെരിങ്ങത്തൂർ എയർപോർട്ട് റോഡിൽ നിന്നും ആരംഭിക്കുന്ന കുഞ്ഞിപ്പുരമുക്ക് മുടവൻതേരി നോർത്ത് ഉമ്മത്തൂർ റോഡിൽ തൂണേരി, ചെക്യാട് ഗ്രാമപഞ്ചായത്തുകൾക്കായി മയ്യഴിപ്പുഴയ്ക്ക് കുറുകെ ചെടിയാലക്കടവ് പാലം നിർമ്മിക്കാൻ 22-12-2015-ന് സംസ്ഥാന സർക്കാർ 9 കോടി രൂപ അനുവദിച്ചിരുന്നു. അതിനുശേഷം കോൺട്രാക്ടർ പണി നിർത്തിവച്ചതിനെത്തുടർന്ന് മേൽവിഷയം ചൂണ്ടിക്കാണിച്ച് 25-10-2021-ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് നിയമസഭയിൽ നൽകിയ സബ്മിഷന് കോൺട്രാക്ടറെ മാറ്റി പുതിയ പ്രവൃത്തിക്കുള്ള ടെണ്ടർനടപടി

+ അനുബന്ധം 3

ഉടൻ പൂർത്തീകരിക്കുന്നതാണെന്ന് മറുപടി നൽകുകയുണ്ടായി. നീണ്ടകാത്തിരിപ്പിനുശേഷം ഇദ്ദേഹത്തെ റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുകയും പുനർ ടെണ്ടർ നടപടി സ്വീകരിക്കാൻ ചീഫ് എഞ്ചിനീയർക്ക് സർക്കാർ നിർദ്ദേശം നൽകുകയും ചെയ്തെങ്കിലും നാളിതുവരെ ടെണ്ടർ നടപടികൾ പുരോഗമിച്ചിട്ടില്ല. നിലവിൽ ഉപയോഗിച്ചുവരുന്ന താത്കാലിക പാലം സുരക്ഷിതമല്ലാത്തതിനാൽ ടി പാലം അടച്ചിട്ടതിനാലും മറ്റ് യാത്രാസൗകര്യമില്ലാത്തതിനാലും വിദ്യാർത്ഥികളുൾപ്പെടെ പൊതുജനങ്ങൾ വളരെ പ്രയാസപ്പെടുകയാണ്. മഴക്കാലത്തുണ്ടാകാൻ സാധ്യതയുള്ള അപകടം മുന്നിൽക്കണ്ടുകൊണ്ട് പാലത്തിന്റെ പണി പൂർത്തീകരിക്കാനുള്ള സത്വര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): സർ, മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

(നോട്ടീസ് നൽകിയ പ്രതിപക്ഷാംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ മറ്റ് സബ്മിഷനുകൾ അവതരിപ്പിച്ചില്ല.)

\+ അനുബന്ധം 3

[10.23 AM]

## VI. റിപ്പോർട്ട് സമർപ്പണം

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിനൊന്ന് മുതൽ പതിനേഴ് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. എം. എം. മണി: സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനൊന്ന് മുതൽ പതിനേഴ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

## VII. ചട്ടത്തിനുള്ള ഭേദഗതിയുടെ പരിഗണന

2022 സെപ്റ്റംബർ 29-ാം തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 18/2022/വ്യവ. (എസ്.ആർ.ഒ. നമ്പർ 967/2022) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2022-ലെ കേരള ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ (ഭേദഗതി) ചട്ടങ്ങൾക്ക് ഡോ.എൻ. ജയരാജ് നൽകിയ ഭേദഗതിയുടെ പരിഗണന.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, രാജ്യത്തെ ധാതുക്കളുടെ ഖനനം നിയന്ത്രിക്കുന്നതിനായി കേന്ദ്രസർക്കാർ 1957-ൽ മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്മെന്റ് ആന്റ് റഗുലേഷൻ) ആക്ട് പാസ്സാക്കിയിരുന്നു. പ്രസ്തുത ആക്ട് പ്രകാരം നൽകിയ അധികാരങ്ങൾ വിനിയോഗിച്ച് കേരള

സർക്കാർ 2018-ൽ ചട്ടങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. 2018-ലെ ചട്ടങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് 29-09-2022-ൽ (എസ്.ആർ.ഒ.നം.967/2022) പുറപ്പെടുവിച്ച വിജ്ഞാപനത്തിലെ ചട്ടങ്ങളിലെ ഭേദഗതിയാണ് ഞാൻ അവതരിപ്പിക്കുന്നത്.

2018-ലെ കേരള ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ ചട്ടങ്ങൾ ഭേദഗതി ചെയ്ത് പുറപ്പെടുവിച്ച "2022-ലെ കേരള ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ (ഭേദഗതി) ചട്ടങ്ങളിൽ " ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ നിർദ്ദേശിക്കുന്നു.

1) In serial no.11 of the schedule,-

   (i) in Column (2), the following entry shall be substituted "Member(s) of Lok Sabha representing the constituency in the concerned District";

   (ii) in Column (3), for the words and symbol "Members/Member" the word "Member" shall be substituted.

2) In serial no. 12 of the schedule: in Column (2), the following entry shall be substituted "Member of Rajya Sabha representing the Kerala State who selects the concerned District."

3) In serial no.13 of the schedule,-

(i) in Column (2), the following entry shall be substituted "Members of Legislative Assembly representing the constituency in the concerned District."

(ii) in Column (3), for the word "Members" the word "Member" shall be substituted.

4) After Sl. No.18, for the words "following Note" the words "following Notes" shall be substituted.

5) In Note, the brackets for the numbers 2, 3 and 4 shall be omitted.

6) In Note (2),-

(i) for the word "Rajyasabha" the words "Rajya Sabha" shall be substituted wherever it occurs;

(ii) for the words "from a" before the word "State" the words "representing the Kerala" shall be substituted.

7) In Note (3), for the word "numbers" the word "number"shall be substituted.

ഈ ഭേദഗതിയുടെ പ്രധാനപ്പെട്ട വിഷയം Note (2)-ൽ സൂചിപ്പിച്ചിരിക്കുന്നതാണ്. ഇത് 'Member of Parliament of Rajya Sabha representing the Kerala State' എന്ന് ഭേദഗതി ചെയ്യണമെന്നാണ് ഞാൻ

നിർദ്ദേശിച്ചിരിക്കുന്നത്. ഇതിനുള്ള കാരണമെന്ന് പറയുന്നത്, 10 എം.പി.-മാരാണ് രാജ്യസഭയിൽ കേരളത്തെ പ്രതിനിധീകരിക്കുന്നത്. ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ ഗവേണിംഗ് കൗൺസിലിൽ ഒരോ ജില്ലയ്ക്കും രാജ്യസഭാ എം.പി. അംഗമാകണമെന്ന വ്യവസ്ഥ നിലവിലുണ്ട്. 14 ജില്ലകളിലേയ്ക്കുള്ള ഗവേണിംഗ് കൗൺസിലിലേയ്ക്ക് ഒരു രാജ്യസഭാംഗം ഒന്നിലധികം ജില്ലകളിലെ ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ ഗവേണിംഗ് കൗൺസിലിൽ അംഗമാകേണ്ടതുള്ളതിനാൽ "Members"എന്നുള്ളതിനെ "Member" എന്ന് ഭേദഗതി ചെയ്യാവുന്നതാണ്. കൂടാതെ രാജ്യസഭയിൽ കേരളത്തെ പ്രതിനിധീകരിക്കുന്ന എം.പി.-മാരല്ലാത്ത; കേരളത്തിൽനിന്നും മറ്റ് സംസ്ഥാനങ്ങളെ പ്രതിനിധീകരിക്കുന്ന എം.പി.-മാരും ഉള്ളതിനാൽ "Member of Parliament of Rajyasabha from a State" എന്നതിൽ "Member of Parliament of Rajya Sabha representing the Kerala State" എന്ന് ഭേദഗതി ചെയ്യാവുന്നതാണ്.

അടുത്തതായി, പട്ടികയിലെ ക്രമനമ്പർ (13)-ലെ രണ്ടാമത്തെ കോളത്തിലെ ഭേദഗതിയെക്കുറിച്ചാണ് പറയാനുള്ളത്. ഇതിൽ "All

members of Legislative Assembly, representing by the concerned District."എന്നതിനെ "Members of Legislative Assembly representing the constituency in the concerned District."എന്ന് ഭേദഗതി ചെയ്യാവുന്നതാണ്. മേൽ സൂചിപ്പിച്ചവയാണ് ഞാൻ നിർദ്ദേശിക്കുന്ന പ്രധാനപ്പെട്ട ഭേദഗതികൾ. മറ്റ് ഭേദഗതികളിൽ സാങ്കേതികമായ കാര്യങ്ങൾ മാത്രമാണ് സൂചിപ്പിച്ചിട്ടുള്ളത്. 'Members' എന്നത് 'Member' എന്നാക്കണമെന്നും "Rajyasabha"എന്നത് 'Rajya Sabha' എന്ന് തിരുത്തണമെന്നുമുള്ളതാണ് മറ്റ് ഭേദഗതികൾ. എന്റെ ഭേദഗതികൾ അംഗീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട അംഗം ഡോ. എൻ. ജയരാജ് ചട്ടങ്ങളെല്ലാം വളരെ സൂക്ഷ്മതയോടെ പരിശോധിച്ചശേഷമാണ് ഭേദഗതികൾ അവതരിപ്പിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ പ്രവർത്തനത്തെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. ഭേദഗതി 1, 2, 3, 4 എന്നിവ വിജ്ഞാപനത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങളുമായി മാറി നിൽക്കുന്നതാണ്. അതുകൊണ്ട്

വിജ്ഞാപനത്തിന് ultra vires ആകുന്നതൊന്നും ചട്ടങ്ങളുടെ ഭാഗമാക്കാൻ സാധിക്കുന്നതല്ല. ആയതിനാൽ 1, 2, 3, 4 എന്നീ ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ഭേദഗതി നിർദ്ദേശങ്ങളിലെ 5, 6(i), 7 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു.

ഭേദഗതി നമ്പർ 6(ii), വിജ്ഞാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് പര്യാപ്തമല്ലാത്തതിനാൽ അംഗീകരിക്കുന്നില്ല. എന്നാൽ താഴെപ്പറയുന്ന മാറ്റത്തോടെ പ്രസ്തുത ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

"6(ii) for the words “from a”before the word “State”the words “from the”shall be substituted."

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച 5, 6(i), 7 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ്, അങ്ങയുടെ 1, 2, 3, 4, എന്നീ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

**[10.29 AM]**

**VIII. ധനകാര്യം**

<u>2023-2024 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

ധനാഭ്യർത്ഥന നമ്പർ XXXVII – വ്യവസായങ്ങൾ

ധനാഭ്യർത്ഥന നമ്പർ XXXIX - വൈദ്യുത പദ്ധതികൾ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-2024 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>): സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-2024 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2023-2024 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |
| (1) | (2) | (3) | (4) | (5) |

| | | | | |
|---|---|---|---|---|
| XXXVII | വ്യവസായങ്ങൾ | 702,78,02,000 | 1244,45,02,000 | 1947,23,04,000 |
| XXXIX | വൈദ്യുത പദ്ധതികൾ | 100,80,86,000 | 23,00,00,000 | 123,80,86,000 |

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയെയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

(നോട്ടീസ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: രണ്ട് ധനാഭ്യർത്ഥനകളെയും സംബന്ധിച്ച ചർച്ച ഒരുമിച്ച് നടത്താവുന്നതാണ്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ബ്രഹ്മപുരത്ത് കത്തുന്ന തീ അണയ്ക്കാനല്ല യു.ഡി.എഫ്.

ശ്രമിക്കുന്നത്. അതിനുപകരം അതിൽ എണ്ണ ഒഴിച്ച് ആളിക്കത്തിച്ച് കേരളത്തെ ചാമ്പലാക്കാമെന്നാണ് പ്രതിപക്ഷാംഗങ്ങൾ ധരിക്കുന്നതെങ്കിൽ അത് മനസ്സിൽ വച്ചാൽമതി. വ്യാവസായിക പുനഃസംഘടനയിലൂടെയും കാർഷിക നവീകരണത്തിലൂടെയും നവകേരള സൃഷ്ടിക്കായി പ്രവർത്തിക്കുന്ന സംസ്ഥാനം വികസനത്തിന്റെ കാര്യത്തിൽ മുന്നിലേയ്ക്കെത്തുകയാണ്. കാർഷികരംഗത്ത് 6.7 ശതമാനവും വ്യാവസായിക രംഗത്ത് 17.30 ശതമാനവും ഉല്പാദനരംഗത്ത് 18.90 ശതമാനവും വളർച്ചാനിരക്കാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ വളർച്ചാനിരക്ക് കേരളത്തെ മുന്നോട്ട് നയിക്കുമെന്ന് കണ്ടുകൊണ്ട് അതിൽ അമർഷമുള്ളവരാണ് പ്രതിഷേധവുമായി നടുത്തളത്തിലേയ്ക്ക് ഇറങ്ങിയിരിക്കുന്നത്. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ അവർക്ക് ഇഷ്ടപ്പെട്ടവർക്ക് കുറഞ്ഞ വിലയ്ക്ക് വിറ്റുതുലയ്ക്കുമ്പോൾ, 1.2 ശതമാനം ഭൂവിസ്തൃതിയും 2.6 ശതമാനം ജനസംഖ്യയും മാത്രമുള്ള കേരളത്തിന്റെ GSDP (Gross State Domestic Product) ഇന്ത്യയുടെ GDP (Gross Domestic Product)-യുടെ 4.2 ശതമാനം വളർച്ചയിലേയ്ക്കെത്തിക്കാൻ സാധിച്ചത്

സംസ്ഥാനത്തിന്റെ വളർച്ചയാണ് സൂചിപ്പിക്കുന്നത്. ഈ സർക്കാർ അടച്ചുപൂട്ടിയ വ്യവസായങ്ങൾ തുറക്കുകയും നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലേയ്ക്കെത്തിക്കുകയുമാണ് ചെയ്തത്. അടച്ചുപൂട്ടിയ പേപ്പർ മിൽ തുറക്കുകമാത്രമല്ല ദക്ഷിണേന്ത്യയിലെ എല്ലാ പത്രങ്ങൾക്കും ആവശ്യമായ ന്യൂസ് പ്രിന്റ് നൽകുന്നത് Kerala Paper Products Limited (KPPL) ആണെന്ന കാര്യം ശ്രദ്ധേയമാണ്. ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്നാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും ഒരു വർഷം പൂർത്തിയാകുന്നതിനുമുമ്പുതന്നെ 1.29 ലക്ഷം സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്. ഇതിലൂടെ 7825 കോടി രൂപയുടെ നിക്ഷേപവും 2.78 ലക്ഷം തൊഴിലവസരങ്ങളുമുണ്ടായി. അതിൽ 31 ശതമാനം വ്യവസായങ്ങളും; അതായത് 43000 വ്യവസായങ്ങളും സ്ത്രീകൾ നേതൃസ്ഥാനം വഹിക്കുന്നവയായതുകൊണ്ടാണ് അന്തർദേശീയ മഹിളാദിനമായ മാർച്ച് 8-ന് കെ.എസ്.ഐ.ഡി.സി. നൽകുന്ന ഇ-മിഷൻ കേരളയിലൂടെ സ്ത്രീകളുടെ സംരംഭങ്ങൾക്കുള്ള വായ്പാ പരിധി 25 ലക്ഷം രൂപയിൽനിന്നും 50 ലക്ഷം രൂപയായി ഉയർത്താൻ ഗവൺമെന്റ് തീരുമാനിച്ചത്. വനിതാ സഹകരണ

സംഘങ്ങൾക്ക് 5 ലക്ഷം രൂപ വരെയാണ് ഗ്രാന്റ് നൽകുന്നത്. ഇൻക്യുബേഷൻ സെന്ററിൽ വനിതാ സംരംഭകർ ഏപ്രിൽ ഒന്നുമുതൽ 50 ശതമാനം വാടക കൊടുത്താൽമതിയാകും. ചരിത്രത്തിൽ ആദ്യമായി കൊച്ചിയിൽവച്ച് നടത്തിയ പുതിയ വ്യവസായ സംരംഭങ്ങളുടെ മഹാസമ്മേളനത്തിൽ യു.ഡി.എഫ്. പുറംതിരിഞ്ഞ് നിൽക്കുന്ന നയം സ്വീകരിക്കുന്നതോടൊപ്പം പുകമറയും സൃഷ്ടിച്ചിരിക്കുകയാണ്. ജ്വലിക്കുന്ന സൂര്യന്റെ പ്രഭ ഉള്ളംകൈകൊണ്ട് തടുത്ത് മുന്നോട്ടുപോകാമെന്ന് നിങ്ങൾ ആഗ്രഹിക്കേണ്ടതില്ലെന്നാണ് എനിക്ക് ഓർമ്മപ്പെടുത്താനുള്ളത്. കേരളത്തിൽ എന്ത് വ്യവസായമാണ് യു.ഡി.എഫ്. നടപ്പാക്കുന്നത്; കോവിഡാനന്തരം മാധ്യമങ്ങളുമായി യോജിച്ച് കേരളത്തിലെ യു.ഡി.എഫും ബി.ജെ.പി.-യുമായി പാർട്ണർഷിപ്പുള്ള വ്യവസായമല്ലേ ആരംഭിക്കുന്നത്; അതിനോടൊപ്പം നുണപ്രചരണങ്ങളല്ലേ അഴിച്ചുവിടുന്നത്. സ്വപ്ന സുരേഷല്ലേ അവരുടെ ബ്രാൻഡ് അംബാസിഡർ? പ്രചോദനത്തിനനുസരിച്ച് തുള്ളുന്നവരായി യു.ഡി.എഫ്. അധഃപതിച്ചിരിക്കുന്നു. കേരളത്തിൽ എന്ത് വ്യവസായം എന്നാണ് അവർ ചോദിക്കുന്നത്. കോവിഡാനന്തരം

ഇന്ത്യയിലെ 1.25 കോടി ജനങ്ങൾക്ക് D-dimer test നടത്തുന്നതിനുള്ള സാമ്പിൾ ശേഖരണത്തിനായി ഉപയോഗിച്ചത് കേരളത്തിലെ വ്യവസായത്തിന്റെ സൃഷ്ടിയാണ്. അതുപോലെ ബ്ലഡ് ബാഗ് നിർമ്മിക്കുന്ന ഏഷ്യയിലെ ഏറ്റവും വലിയ സ്ഥാപനവും കൃത്രിമ പല്ല് നിർമ്മിക്കുന്ന ഏറ്റവും വലിയ കമ്പനിയും കേരളത്തിലാണുള്ളത്. ലോകം ഉപയോഗിക്കുന്ന Oleoresin-ന്റെ 50 ശതമാനവും നിർമ്മിക്കുന്നത് കേരളത്തിലാണ്. കൂടാതെ സ്പൈസസിന്റെ ഏറ്റവും പ്രധാന പ്രോസസ്സിംഗ് ഹബ്ബും ലോകത്തിലെയും രാജ്യത്തിലെയും ഏറ്റവും വലിയ ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ ഇൻക്യുബേറ്ററും കേരളത്തിലാണുള്ളത്. ലോക പൊതുമേഖലാ സ്വകാര്യ ബിസിനസ് ഇൻക്യുബേറ്റർ പട്ടികയിലെ ആദ്യ അഞ്ച് റാങ്കിനുള്ളിൽ ഇടംനേടാൻ കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് സാധിച്ചിട്ടുണ്ട്. ശ്രീ. യോഗി ആദിത്യനാഥിന്റെയും ശ്രീ. നരേന്ദ്ര മോദിയുടെയും നാടായ യു.പി.-യിലെ അടഞ്ഞുകിടക്കുന്ന അഴുക്കുചാലുകളും മാൻഹോളുകളും വൃത്തിയാക്കുന്നതിന് സ്മാർട്ട് റോബോട്ടായ Bandicoot-കൾ സംഭാവന ചെയ്തിരിക്കുന്നത് കേരളത്തിൽനിന്നാണ്. വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് ചീഫ്

മിനിസ്റ്റേഴ്സ് അവാർഡ് നേടാനും യു.ബി.ഐ. ഗ്ലോബൽ ലോക റാങ്കിംഗിൽ കേരളത്തിലെ സ്റ്റാർട്ടപ്പ് മിഷന് ഒന്നാമതാകാനും സാധിച്ചിട്ടുണ്ട്. സ്റ്റാർട്ടപ്പ് ഇന്ത്യയുടെ റാങ്കിംഗിൽ കേരളം തുടർച്ചയായി പെർഫോം ചെയ്യുകയാണ്. പരിസ്ഥിതി സൗഹാർദ്ദത്തോടെയുള്ള ഉത്തരവാദിത്വ വ്യവസായങ്ങളാണ് കേരളത്തിന്റെ വ്യാവസായിക നയമായി പ്രഖ്യാപിക്കുന്നത്. വീട്ടിലിരുന്നുകൊണ്ട് 21 വകുപ്പുകളിലായി 85-ലേറെ അനുമതികൾ ഒരൊറ്റ വെബ്പോർട്ടലിൽനിന്നും നേടിയെടുക്കാൻ സാധിക്കുന്ന രൂപത്തിൽ കെ.എസ്.ഐ.ഡി.സി. സംഘടിപ്പിച്ച കെ-സ്വിഫ്റ്റ് കേരളത്തിലെ വ്യവസായികൾക്ക് വലിയ അനുഗ്രഹമായി മാറിയിരിക്കുന്നു.

കേരളത്തിലെ യു.ഡി.എഫ്.-കാർ ബി.ജെ.പി.-യും മാധ്യമപ്പടയുമായി ചേർന്ന് സഖാവ് പിണറായി വിജയനെ ആക്രമിക്കാൻ തുടങ്ങിയിട്ട് എത്രകാലമായി? അടിയന്തരാവസ്ഥയുടെ കാളരാത്രികളിൽ ഇവർ ശ്രീ. പിണറായി വിജയൻ എന്ന പാർട്ടി നേതാവിന്റെ രക്തമൂറ്റിക്കുടിച്ചവരാണ്. കേരളത്തിന്റെ സഹകരണം, വൈദ്യുതി വകുപ്പുകളെ ശരിയായ ദിശയിലേയ്ക്ക് നയിച്ച മുൻമന്ത്രിയാണ് ശ്രീ. പിണറായി

വിജയൻ. മാധ്യമങ്ങളെ കൂട്ടുപിടിച്ച് പെരുംനുണ പ്രചരിപ്പിച്ച പ്രതിപക്ഷം സഖാവ് പിണറായി വിജയൻ എന്ന പാർട്ടി സെക്രട്ടറിയെ ഒറ്റതിരിഞ്ഞ് ആക്രമിച്ച്, ഈ മഹാപ്രസ്ഥാനത്തെ തകർക്കാനാണ് ശ്രമിച്ചിരുന്നത്. 2016-ൽ മുഖ്യമന്ത്രിയായപ്പോൾ മുതൽ അവർ അദ്ദേഹത്തെ ആക്രമിക്കാൻ തുടങ്ങിയതല്ലേ? യു.ഡി.എഫ്.-ബി.ജെ.പി. സംയുക്തമായും മാധ്യമ സംഘടനയെ ഉപയോഗിച്ചും ഒറ്റയ്ക്കുനിന്നുകൊണ്ടും അന്വേഷണവും പെരുംനുണകളുമാണ് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ അവർ വഴിനടക്കാനാകാത്തവിധം ചാവേറുകളെ വിട്ട് ആക്രമിക്കാൻ ശ്രമിക്കുകയാണ്. പാർട്ടി സഖാവ് എന്ന നിലയിൽ ഞങ്ങളുടെ പാർട്ടിയും മുഖ്യമന്ത്രി എന്ന നിലയിൽ എൽ.ഡി.എഫ്.-ഉം സംരക്ഷണം കൊടുക്കാൻ തീരുമാനിച്ചാൽ കേരളത്തിന്റെ തെരുവിൽ യു.ഡി.എഫ്.-കാരുടെയും യൂത്ത് കോൺഗ്രസ്സുകാരുടെയും 'പൊടിപോലുമുണ്ടാകില്ല കണ്ടുപിടിക്കാൻ' എന്ന് ഞാൻ ഓർമ്മപ്പെടുത്തുകയാണ്.

വൈദ്യുതി രംഗത്ത് കേരളത്തിൽ വലിയ മുന്നേറ്റമാണ് നടപ്പാക്കിയിരിക്കുന്നത്. ഏത് വ്യാവസായിക വിപ്ലവത്തിനും അടിസ്ഥാന

വികസന മുന്നേറ്റത്തിനും അനിവാര്യമായ ഘടകങ്ങളിലൊന്ന് വൈദ്യുതി തന്നെയാണ്. അപ്രഖ്യാപിത കറന്റ്കട്ടും ലോഡ്ഷെഡിംഗും കാരണം ഇന്ത്യയിൽ ജനങ്ങൾ ദുരിതമനുഭവിക്കുമ്പോഴും സമ്പൂർണ്ണമായി വൈദ്യുതീകരിക്കപ്പെട്ട കേരളത്തിൽ ഒരു മിനിറ്റുപോലും കറന്റുപോകാത്ത വിധത്തിലുള്ള പുരോഗതിയാണ് വൈദ്യുതിമേഖലയിലെ ഉല്പാദനരംഗത്തും പ്രസരണ രംഗത്തുമുണ്ടായിട്ടുള്ളത്. 60-65 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് കേരളം ഉപയോഗിക്കുന്നത്. അതിന്റെ 51 ശതമാനം ഗാർഹിക ആവശ്യത്തിനും 18 ശതമാനം വ്യാപാര ആവശ്യത്തിനും 23 ശതമാനം വ്യാവസായിക ആവശ്യത്തിനും 2 ശതമാനം കാർഷിക ആവശ്യത്തിനും 6 ശതമാനം മറ്റാവശ്യങ്ങൾക്കുമാണ് ഉപയോഗിക്കുന്നത്. നാം ഉപയോഗിക്കുന്ന വൈദ്യുതിയുടെ 70 ശതമാനവും കേന്ദ്ര ഗ്രിഡിൽനിന്നാണ് വാങ്ങുന്നത്. ഒരു യൂണിറ്റ് വൈദ്യുതി കേരളത്തിലെത്തിച്ച് വിതരണം ചെയ്യുമ്പോഴുണ്ടാകുന്ന ചെലവ് 6 രൂപ 50 പൈസയാണ്. ഇതിൽ 20 യൂണിറ്റുവരെ സൗജന്യമായും 40 യൂണിറ്റുവരെ 1 രൂപ 80 പൈസയ്ക്കും 50 യൂണിറ്റുവരെ 3 രൂപ 20 പൈസയ്ക്കും 100 യൂണിറ്റുവരെ 3 രൂപ 80

പൈസയുമാണ് വിതരണം ചെയ്യുന്നത്. നഷ്ടം സഹിച്ചും ക്രോസ് സബ്സിഡിയിലൂടെയുമാണ് സംസ്ഥാന സർക്കാർ വൈദ്യുതി വിതരണം ചെയ്യുന്നത്. ഈ സാഹചര്യത്തിലാണ് പാവപ്പെട്ടവർക്ക് വൈദ്യുതി അപ്രാപ്യമാകുന്ന തരത്തിലേയ്ക്ക് കേന്ദ്ര സർക്കാർ വൈദ്യുതി ഭേദഗതി ബിൽ കൊണ്ടുവരുന്നത്. 16-02-2023-ന് High Price Day Ahead Market (HP-DAM) എന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ ഒരു ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതുപ്രകാരം 12 യൂണിറ്റുവരെ വൈദ്യുതി നിശ്ചിത സംഖ്യയ്ക്ക് വിതരണം ചെയ്യാൻ മാത്രമെ പവർ എക്സ്ചേഞ്ചുകൾക്ക് അനുവാദം നൽകുകയുള്ളൂ. നേരത്തെ ഇത് 50 യൂണിറ്റുവരെ എന്ന് നിശ്ചയിച്ചിരുന്നതിൽ മാറ്റം വരുത്തിയിരിക്കുകയാണ്. വൈദ്യുത പദ്ധതികൾ, വ്യവസായങ്ങൾ എന്നീ ധനാഭ്യർത്ഥനകളെ സർവ്വാത്മനാ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

മി. സ്പീക്കർ: ശ്രീ. സനീഷ്കുമാർ ജോസഫ്, ശ്രീ. എ. കെ. എം. അഷ്റഫ്, ചെയറിന്റെ മുഖം മറച്ചുകൊണ്ട് ബാനർ പിടിക്കുന്നത് സഭാചട്ടങ്ങളുടെ ലംഘനമാണ്. നിങ്ങൾക്കെതിരെ കർശന നിലപാട് സ്വീകരിക്കേണ്ടിവരും. ശ്രീ. സനീഷ്കുമാർ ജോസഫ്

സീറ്റിലില്ലാത്തതിനാൽ ശ്രീ. വി. ശശിക്ക് സംസാരിക്കാവുന്നതാണ്.

.......(ബഹളം).....

(ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിന് മുന്നിൽ പ്ലക്കാർഡുകളും ബാനറും പിടിച്ച് പ്രതിഷേധിച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലിരുന്ന് പ്രതിഷേധം തുടർന്നു.)

ശ്രീ. വി. ശശി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 2022-23 സാമ്പത്തിക വർഷത്തെ സംരംഭക വർഷമായി പ്രഖ്യാപിച്ചിരുന്നു. സംരംഭക വർഷത്തിൽ ഒരു ലക്ഷം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നുവെങ്കിലും ഒരു വർഷം (അതായത് 245 ദിവസം) പൂർത്തിയാകുന്നതിനുമുമ്പുതന്നെ ആ ലക്ഷ്യം കൈവരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. നിലവിൽ ഒരുലക്ഷത്തി മുപ്പതിനായിരം സംരംഭങ്ങൾ ആരംഭിക്കുകയും 7900 കോടി രൂപയുടെ നിക്ഷേപവും 281333 തൊഴിലവസരങ്ങളും പദ്ധതിയുടെ ഭാഗമാകുകയും ചെയ്തിട്ടുണ്ട്. സംരംഭകരെ സഹായിക്കാൻ ബി.ടെക്./എം.ബി.എ. പാസ്സായ 1153 ഇന്റേണുകളെ നിയമിക്കുകയും 4 ശതമാനം പലിശനിരക്കിൽ

ഈടില്ലാത്ത വായ്പാ പദ്ധതി ആരംഭിക്കുകയും ശില്പശാലകൾ സംഘടിപ്പിക്കുകയും വിദഗ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ട് എല്ലാ ജില്ലകളിലും MSME ക്ലിനിക്കുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനതല കോർ കമ്മിറ്റി, ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിലുള്ള കമ്മിറ്റി എന്നിവ രൂപീകരിക്കുകയും അവരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കുകയും ചെയ്തതിനുപുറമെ നിയോജകമണ്ഡലതലത്തിൽ അതത് മണ്ഡലത്തിലെ എം.എ.എൽ.-മാരെ ചെയർമാനും ബ്ലോക്ക്-ഉപജില്ലാ വ്യവസായ ഓഫീസമാർ കൺവീനറുമായുള്ള ഉപദേശക സമിതികളും രൂപീകരിച്ചിരുന്നു. ഈ സംവിധാനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച എല്ലാതലങ്ങളിലുമുള്ള ജനപ്രതിനിധികൾക്കും ഈ പദ്ധതിയിലൂടെ കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് അറിയാൻ സാധിക്കുന്നതുകൊണ്ടുതന്നെ അതുമായി ബന്ധപ്പെട്ട് അവർക്ക് സംശയവുമുണ്ടാകുകയില്ല. അവരെല്ലാം ഈ പദ്ധതിയുടെ സജീവപ്രവർത്തകരായിരുന്നു. അനുകരണീയമായ വലിയൊരു കൂട്ടായ്മയെയും മഹത്തായ ഒരു പദ്ധതിയെയുമാണ് ചിലർ ഇകഴ്ത്തിക്കാട്ടാൻ

ശ്രമിച്ചത്. എന്തായാലും ആ രീതിയിലുള്ള പ്രചരണമുണ്ടായത് ശരിയായില്ല. പ്രതിപക്ഷനിരയിലെ ചില ജനപ്രതിനിധികൾകൂടി അതിൽ പങ്കാളികളായത് ശരിയായില്ലെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. (....ബഹളം....)

മി. സ്പീക്കർ: ശ്രീ. റോജി എം. ജോൺ, നിങ്ങളുടെ പ്രതിഷേധം സഭയ്ക്ക് പുറത്ത് രേഖപ്പെടുത്താം. .....(ബഹളം).......സഭയ്ക്കകത്ത് ഒരു പ്രൊസീഡിംഗ്സ് നടക്കുമ്പോൾ അതുമായി സഹകരിക്കാതെ ഇവിടെ ——തോന്നിയതുപോലെ പെരുമാറുന്നത് ശരിയല്ല. .....(ബഹളം).... ബഹുമാനപ്പെട്ട അംഗത്തിന് പ്രസംഗം തുടരാവുന്നതാണ്.

ശ്രീ. വി. ശശി: സർ, ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2023-24 സാമ്പത്തിക വർഷത്തെ കേരള ബഡ്ജറ്റ് വ്യവസായ മേഖലയുടെ തിളക്കം വർദ്ധിപ്പിക്കുമെന്ന കാര്യത്തിൽ സംശയമില്ല. വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് കരുത്തുപകരുന്ന ഒട്ടേറെ നിർദ്ദേശങ്ങൾ ബഡ്ജറ്റിലുണ്ട്. സംസ്ഥാനത്തെ ആഭ്യന്തര ഉത്പാദനവും തൊഴിൽ സംരംഭക നിക്ഷേപ അവസരങ്ങളും വർദ്ധിപ്പിക്കാനുള്ള ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ ഈ

രംഗത്തേക്ക് കടന്നുവരുന്ന നവസംരംഭകർക്ക് ആവേശം പകരുന്നവയാണ്. കേരളത്തിലേക്ക് ഇറക്കുമതി ചെയ്യുന്ന ഉല്പന്നങ്ങളിൽനിന്ന് തദ്ദേശീയമായി ഉല്പാദിപ്പിക്കാൻ സാധ്യതയുള്ളവയെ കണ്ടെത്തി അവയുടെ ഉല്പാദനത്തിന് പിന്തുണ നൽകുകയാണ് 'മേക്ക് ഇൻ കേരള' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പദ്ധതിയുടെ രൂപീകരണത്തിൽ ബന്ധപ്പെട്ട സംരംഭക ഗ്രൂപ്പുകളുടെയും ഗവേഷണ സ്ഥാപനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുകയും കാർഷിക മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് പിന്തുണ നൽകുകയും ചെയ്യുന്നുണ്ട്. വ്യവസായ വകുപ്പ് 2022-23-ൽ ആരംഭിച്ച സംരംഭകവർഷ പദ്ധതിയുടെ വിജയമാണ് മേക്ക്-ഇൻ-കേരള പദ്ധതി ഏറ്റെടുക്കാൻ സർക്കാരിനെ പ്രേരിപ്പിച്ചത്. പദ്ധതി കാലയളവിൽ 1000 കോടി രൂപ അനുവദിക്കുമെന്നും ബഡ്ജറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള സംരംഭങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത ആയിരം സംരംഭകർക്ക് നാലുവർഷംകൊണ്ട് ഒരുലക്ഷം കോടി രൂപ വിറ്റുവരവ് കൈവരിക്കുന്ന രീതിയിലുള്ള ഒരു സ്കെയിൽ-അപ് പാക്കേജും ഇതോടൊപ്പം പ്രഖ്യാപിച്ചിട്ടുണ്ട്. നാം ഇന്ന് നാലാം വ്യവസായ വിപ്ലവത്തിന്റെ

കാലത്താണ് ജീവിക്കുന്നത്. ഇതിലൂടെ സമൂഹത്തെ മുമ്പെങ്ങുമില്ലാത്തവിധം മാറ്റാൻ സജ്ജമാക്കുകയാണ്. ആദ്യത്തെ മൂന്ന് വ്യവസായ വിപ്ലവങ്ങളുടെ അടിത്തറയിലാണ് നാലാം വ്യവസായ വിപ്ലവം നിർമ്മിക്കുന്നത്. 18-ാം നൂറ്റാണ്ടിലെ ആവി എഞ്ചിനുകളുടെ ആവിർഭാവം ലോകത്തെ ആദ്യത്തെ വ്യവസായ വിപ്ലവത്തിലേക്ക് നയിക്കുകയും ആദ്യമായി ഉല്പാദന മേഖലയിൽ യന്ത്രവത്കരണം നടപ്പാക്കുകയും ചെയ്തു. ആളുകൾ കൂടുതൽ നഗരങ്ങളിലേയ്ക്ക് ചേക്കേറിയപ്പോൾ സാമൂഹ്യ മാറ്റത്തിന് ഇത് കാരണമായി. രണ്ടാം വ്യവസായ വിപ്ലവത്തിൽ വൈദ്യുതിയും മറ്റ് ശാസ്ത്രീയ മുന്നേറ്റങ്ങളും വൻതോതിലുള്ള ഉല്പാദനത്തിലേക്ക് നയിച്ചു. 1950 മുതൽ ആരംഭിച്ച മൂന്നാം വ്യവസായ വിപ്ലവത്തിൽ കമ്പ്യൂട്ടറുകളുടെ; ഡിജിറ്റൽ സാങ്കേതികവിദ്യയുടെ ആവിർഭാവം കാണാൻ സാധിച്ചു. നാലാം വ്യവസായ വിപ്ലവം മനസ്സിലാക്കാനുള്ള ഏറ്റവും അനുയോജ്യമായ മാർഗ്ഗം അതിനെ നയിക്കുന്ന സാങ്കേതികവിദ്യകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക എന്നതാണ്. കേരളത്തിലെ വ്യവസായ മേഖലകളും നാലാം വ്യാവസായിക വിപ്ലവത്തിലേക്ക് കടന്നുകഴിഞ്ഞു. അതിന് ഉദാഹരണമാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്.

മനുഷ്യരെപ്പോലെ ചിന്തിക്കാൻ കഴിയുന്നതായി പറയപ്പെടുന്ന കമ്പ്യൂട്ടറുകളുടെ ലോകം; വെബ് 3.0 എന്നത് ഇന്റർനെറ്റിന്റെ മൂന്നാമത്തെ ആവർത്തനമാണ്. ബ്ലോക്ക് ചെയിൻ ടെക്നോളജി, വേഗതയേറിയ കമ്പ്യൂട്ടർ പ്രോസസ്സിംഗ്, വെർച്വൽ റിയാലിറ്റി, ഓഗ്മെന്റഡ് റിയാലിറ്റി, ബയോടെക്നോളജി, പുതിയ ഔഷധങ്ങളും വസ്തുക്കളും വികസിപ്പിക്കൽ, കൂടുതൽ കാര്യക്ഷമമായ വ്യവസായ ഉല്പാദന പാക്കേജുകൾ, പുതിയ ഊർജ്ജ സ്രോതസ്സുകൾ, ഇതുമായി ബന്ധപ്പെട്ട മറ്റൊരു മേഖലയായ റോബോട്ടിക്സ്; വ്യക്തിഗതവും വാണിജ്യപരവുമായ ഉപയോഗത്തിനായി റോബോട്ടുകളുടെ രൂപകല്പന, നിർമ്മാണം; എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഇന്റർനെറ്റ് ഓഫ് തിംഗ്സ് (IOT), 3 D പ്രിന്റിംഗ് കൂടാതെ പ്ലാസ്റ്റിക് ലോഹസങ്കരങ്ങൾ, ബയോമെറ്റീരിയൽ എന്നിവയുൾപ്പെടെയുള്ള നൂതന സാമഗ്രികൾ, ഉല്പാദനം, പുനരുപയോഗം എന്നീ മേഖലകളിലെല്ലാം നിരവധി ഗവേഷണങ്ങളും ഉല്പാദന പ്രവർത്തനങ്ങളും നടത്തിക്കൊണ്ട് വികസിത രാജ്യങ്ങൾക്കൊപ്പം നാമും മുന്നേറുകയാണ്. ഇതേ ലക്ഷ്യത്തോടെ നിരവധി പ്രവർത്തനങ്ങൾ കേരളത്തിൽ ആരംഭിച്ചുകഴിഞ്ഞു. അതിന്റെ തുടർച്ചയായി ഈ ബഡ്ജറ്റിലും

ധാരാളം നിർദ്ദേശങ്ങളുണ്ട്. ന്യൂട്രാസ്യൂട്ടിക്കൽസ് രംഗത്തെ മികവിന്റെ കേന്ദ്രം, മൈക്രോബയോം- മികവിന്റെ കേന്ദ്രം, ഗ്രാഫീൻ സംബന്ധിച്ച ഇന്നൊവേഷൻ സെന്റർ തുടങ്ങി നവകേരളം മുന്നിൽ കണ്ടുകൊണ്ടുള്ള വ്യവസായ വികസന പദ്ധതികളാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കേരളത്തെ, വികസിത രാജ്യത്തിന് സമാനമായ ജീവിത സൗകര്യത്തിലേയ്ക്ക് നയിക്കുന്ന ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും അംഗീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. സനീഷ്കുമാർ ജോസഫ്, ശ്രീ. സി. ആർ. മഹേഷ്, ചെയറിന്റെ മുഖം മറച്ചുകൊണ്ട് ബാനർ പിടിച്ചുനിൽക്കുന്നരീതി സഭാചട്ടങ്ങളുടെ ലംഘനമാണ്. ഇത് ആവർത്തിക്കുന്നത് ശരിയല്ല.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയെയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയെയും ഞാൻ പിന്താങ്ങുന്നു. പ്രതിപക്ഷനേതാവും എ.ഐ.സി.സി. നേതാക്കന്മാരുംകൂടി ഗൂഢാലോചന നടത്തി നിരന്തരമായി നിയമസഭാ പ്രവർത്തനങ്ങളെ സ്തംഭിപ്പിക്കാൻ ബോധപൂർവ്വമായ പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പ്രളയത്തെയും ഓഖിയെയും

നിപയെയും കോവിഡിനെയുമൊക്കെ അതിജീവിച്ച കേരളത്തിലെ അതിജീവനത്തിന്റെ കരുത്ത് ഇല്ലാതാക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമം ഒരുപറ്റം മാധ്യമങ്ങളെ ഉപയോഗിച്ചുകൊണ്ട് നിർവ്വഹിക്കാമെന്ന ധാരണയാണ് അവർക്കുള്ളത്. 'ആ പരിപ്പ് കേരളത്തിൽ വേവില്ല' എന്ന് പ്രഖ്യാപിക്കുന്ന അത്യുജ്ജ്വലമായ ജനകീയ മുന്നേറ്റം കേരളത്തിൽ നടക്കുകയാണ്. ആ മുന്നേറ്റത്തിൽ വിറളിപൂണ്ടാണ് സഭാനടപടികൾ സ്തംഭിപ്പിക്കാൻ പ്രതിപക്ഷം ഇത്തരം പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ വികസന കാര്യങ്ങൾ സഭയ്ക്കകത്ത് ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. വ്യവസായരംഗത്ത് നേടിയെടുത്ത ഓരോ നേട്ടങ്ങളും അവയിൽ പ്രധാനപ്പെട്ടവയാണ്. സംസ്ഥാനത്ത് രൂപപ്പെടുന്ന വിവിധതരം സംരംഭങ്ങളിൽ ബൈജ്യൂസ് മുതൽ അച്ചാർ നിർമ്മാണവും വിവിധങ്ങളായ കുടുംബശ്രീ ഉല്പന്നങ്ങളുമെല്ലാംതന്നെ ഉൾപ്പെടുന്നുണ്ട്. ഈ നിലയിൽ സ്ത്രീകൾ ധാരാളമായി പുതിയ സംരംഭകത്വത്തിലേയ്ക്ക് കടന്നുവരുന്ന കാഴ്ചയാണ് നാം കാണുന്നത്. അത്തരം ഉല്പന്നങ്ങൾ സംസ്ഥാനത്ത് വിറ്റഴിക്കുന്നതിനും കടൽകടന്ന് ഈ

ഉല്പന്നങ്ങൾ കൊണ്ടുപോകുന്നതിനും കഴിയാവുന്ന രീതിയിലുള്ള പ്രവർത്തന പദ്ധതികൾ ഗവൺമെന്റ് ആവിഷ്കരിച്ചതിന്റെ ഭാഗമായി ഉല്പാദനരംഗത്ത് വൻതോതിലുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാവശ്യമായ സാധ്യതകളും സംസ്ഥാനത്ത് രൂപപ്പെട്ടുവരുന്നു. അത്തരം സാധ്യതകൾ രൂപപ്പെട്ടുവരുന്നതിൽ ഏറ്റവും കൂടുതൽ വിഷമം അനുഭവിക്കുന്നത് കേരളത്തിലെ പ്രതിപക്ഷവും കേന്ദ്രത്തിലെ ഭരണകക്ഷിയുമാണ്. അവരുടെ വിഷമം വ്യത്യസ്തരീതിയിൽ കേരളത്തിലെ ഒരു വിഭാഗം മാധ്യമങ്ങളെ ഉപയോഗപ്പെടുത്തി പ്രചരിപ്പിക്കാനുള്ള പരിശ്രമമാണ് നടക്കുന്നത്. സംസ്ഥാനത്ത് നടപ്പാക്കുന്ന അത്തരം വികസന പ്രവർത്തനങ്ങളെ തകർക്കാനുള്ള ബോധപൂർവ്വമായ ശ്രമത്തെ അർഹിക്കുന്ന അവജ്ഞയോടുകൂടി തള്ളിക്കളയണം. രാജ്യത്തെ കോവിഡ് സാഹചര്യത്തിനുശേഷം രൂപപ്പെട്ട അന്തരീക്ഷത്തിലാണ് ഈ വളർച്ചയുണ്ടായിട്ടുള്ളത്. കഴിഞ്ഞ ഒരു വർഷക്കാലംകൊണ്ട് കേരളത്തിൽ ഉണ്ടായിട്ടുള്ള 135,513 എം.എസ്.എം.ഇ.-കളിലൂടെ മൂന്ന് ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോന്നായി വിൽക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചപ്പോൾ അവയെ വാങ്ങി ജനോപകാരപ്രദമായി ഉപയോഗിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് വിറ്റുതുലയ്ക്കാൻ ശ്രമിച്ച ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് കേരള പേപ്പർ പ്രോഡക്ട്സായി മാറിയിരിക്കുന്നുവെന്ന് മാത്രമല്ല, പത്തോളം പത്രസ്ഥാപനങ്ങൾക്ക് പേപ്പർ കൊടുക്കുന്ന നിലയിലേയ്ക്ക് അത് മാറിയിരിക്കുന്നുവെന്നത് മാതൃകാപരമാണ്. ഇത് ഇന്ത്യയിൽ എവിടെയെങ്കിലുമുണ്ടോ; കേരളത്തിലെ ഒരു മുതലും വിൽക്കാൻ ഈ ഗവൺമെന്റ് തയ്യാറല്ലെന്ന യാഥാർത്ഥ്യം മനസ്സിലാക്കണം. കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് ചർച്ച ചെയ്യുന്നവർ വില്പനയെക്കുറിച്ച് എന്തുകൊണ്ട് പറയുന്നില്ല? ഇന്ത്യാ ഗവൺമെന്റ് രാജ്യത്തിന്റെ സമ്പത്തായ റെയിൽവേയും എയർ ഇന്ത്യയും വിൽക്കാൻ തീരുമാനിക്കുകയും എയർ ഇന്ത്യയെ ടാറ്റ കമ്പനിക്ക് കൈമാറുകയും ചെയ്തിരിക്കുന്നു. ഇതൊന്നും ചെയ്യാത്ത ഒരു ഗവൺമെന്റിനെയാണ് നിങ്ങൾ വ്യവസായ സൗഹൃദമല്ലെന്ന് പറഞ്ഞ് പുച്ഛിക്കാൻ ശ്രമിക്കുന്നത്. ഈ സാഹചര്യത്തിൽ ഇന്ത്യയുടെ

വ്യാവസായിക അന്തരീക്ഷത്തെക്കുറിച്ച് ചർച്ച ചെയ്യണം. ബി.ജെ.പി.-യുടെ 'മേക്ക്-ഇൻ-ഇന്ത്യ' പദ്ധതി പ്രഖ്യാപിക്കുകയുണ്ടായി. എന്നാൽ അതിനുള്ള അന്തരീക്ഷം രാജ്യത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ? രാജ്യത്ത് വ്യവസായം വരണമെങ്കിൽ നല്ല രാഷ്ട്രീയ അന്തരീക്ഷം, തൊഴിൽ നൈപുണ്യമുള്ള ജനത, പ്രകൃതി വിഭവം, അടിസ്ഥാന സൗകര്യം, വൈദ്യുതി-ഇന്റർനെറ്റ് ലഭ്യത, ശാസ്ത്ര-സാങ്കേതികവിദ്യ എന്നിവയെല്ലാം അനിവാര്യമാണ്; അതിലേയ്ക്കായി കണ്ടുപിടുത്തങ്ങളും നടത്തേണ്ടതുണ്ട്. ഇത്തരത്തിൽ നിരവധി ഘടകങ്ങൾ കൂടിച്ചേരുന്നതാണ് ഒരു രാജ്യത്തിന്റെ വ്യാവസായിക അന്തരീക്ഷം. ഇക്കാര്യത്തിൽ കേന്ദ്രം ഭരിച്ച കോൺഗ്രസ്സും ബി.ജെ.പി.-യും എന്ത് മുന്നേറ്റമാണുണ്ടാക്കിയത്;

രാജ്യത്തിന്റെ വിദ്യാഭ്യാസ മേഖലയെക്കുറിച്ച് പരിശോധിച്ചാൽ ഇക്കണോമിക് സർവ്വേ പ്രകാരം ഇന്ത്യയിലെ 34 ശതമാനം സ്കൂളുകളിൽ മാത്രം ഇന്റർനെറ്റും 47 ശതമാനം വിദ്യാലയങ്ങളിൽ കമ്പ്യൂട്ടറുകളുമുണ്ട്. കേരളത്തിൽ ഏതെങ്കിലും വിദ്യാലയത്തിൽ ഇന്റർനെറ്റും കമ്പ്യൂട്ടറും ലഭ്യമാകാത്ത സാഹചര്യമുണ്ടോയെന്ന് നാം തിരിച്ചറിയണം. അരി

വെന്തോയെന്ന് അറിയാൻ എല്ലാ വറ്റും ഞെക്കി നോക്കേണ്ട കാര്യമില്ല. ഇന്ന് കേരളത്തിൽ വൈദ്യുതി എത്താത്ത ഏതെങ്കിലും വിദ്യാലയമുണ്ടോ; അങ്കണവാടികളിൽപ്പോലും ഇപ്പോൾ വൈദ്യുതി ലഭ്യമായിട്ടുണ്ട്. എന്നാൽ വൈദ്യുതിയില്ലാത്ത 11 ശതമാനം വിദ്യാലയങ്ങൾ രാജ്യത്തുണ്ടെന്ന് നാം മനസ്സിലാക്കണം. ഇപ്രകാരം വ്യവസായത്തിന് അത്യാവശ്യം വേണ്ട ഒന്നാണ് ഇന്റർനെറ്റ്. വികസിത രാജ്യങ്ങളിലെ ഇന്റർനെറ്റ് സ്പീഡിന്റെ അഞ്ചിലൊന്ന് മാത്രമാണ് നമ്മുടെ രാജ്യത്തെ ഇന്റർനെറ്റിന്റെ സ്പീഡ്. ഇവിടെയാണ് കേരളം വ്യത്യസ്തമാകുന്നത്. ഇന്ത്യയിലെ 28 സംസ്ഥാനങ്ങളിൽ ജനങ്ങൾക്ക് ഇന്റർനെറ്റ് കൊടുക്കാൻ അവകാശമുള്ള ഏക സംസ്ഥാനം കേരളമാണെന്ന് ഓർക്കണം. എന്റെ നിയോജകമണ്ഡലത്തിലെ 100 ബി.പി.എൽ. കുടുംബങ്ങൾക്ക് ഒപ്റ്റിക്കൽ കേബിൾ വലിച്ച് സൗജന്യമായി കെ-ഫോൺ കണക്ഷൻ കൊടുത്തുകഴിഞ്ഞു. സൗജന്യമായും സബ്സിഡിയായും ഹൈസ്പീഡ് ഇന്റർനെറ്റ് ലഭിക്കുന്ന സാഹചര്യം വ്യവസായത്തിനും തൊഴിലിനുമുണ്ടാക്കുന്ന സാധ്യത വലുതാണ്. ഇക്കാര്യം പ്രതിപക്ഷവും ഒരുപറ്റം മാധ്യമങ്ങളും കാണാതെ പോകുന്നു. കേരളത്തിലെ

സംരംഭകത്വം വളരെ മോശമെന്ന് പ്രചരിപ്പിക്കുന്നവർ ഈ മാറ്റങ്ങൾകൂടി കാണണം. വടക്കാഞ്ചേരി മണ്ഡലത്തിലെ കൈപ്പറമ്പ് പഞ്ചായത്തിലെ വേളക്കോട്-അയ്യൻകുന്ന്, വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലെ അത്താണി വ്യവസായ എസ്റ്റേറ്റ് എന്നിവയെല്ലാം ചേർത്ത് 100 ഏക്കറോളം സ്ഥലം വ്യവസായ എസ്റ്റേറ്റുകൾക്കുണ്ട്. ടി സ്ഥലത്തായി 120 സ്ഥാപനങ്ങൾ നൂറുകണക്കിന് തൊഴിലാളികൾക്ക് നേരിട്ടും ആയിരക്കണക്കിന് തൊഴിലാളികൾക്ക് പരോക്ഷമായും തൊഴിൽ നൽകുന്ന സാഹചര്യമാണുള്ളത്. 100 കോടി രൂപയാണ് ജി.എസ്.ടി. ഇനത്തിൽ ഈ സ്ഥാപനങ്ങളിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്നത്. ഏകദേശം 50 കോടി രൂപയുടെ വൈദ്യുതി ബില്ലും അവർ അടക്കുന്നുണ്ട്. ഈ വ്യവസായ എസ്റ്റേറ്റുകളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കണം. കേരളത്തിനുതന്നെ മാതൃകയായ ഫയർ സംരക്ഷണ വാട്ടർലൈൻ പദ്ധതി സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ആയത് ഈ വർഷംതന്നെ ഏറ്റെടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. വടക്കാഞ്ചേരി മണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട വ്യവസായമായിരുന്ന കൈപ്പറമ്പ്-

തോളൂർ പഞ്ചായത്തുകളിലായി വ്യാപിച്ചുനിന്നിരുന്ന വൈരക്കൽ വ്യവസായത്തിന് ഒരു കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിച്ച് ഈ രംഗം പുനരുദ്ധരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. വടക്കാഞ്ചേരിയിലെ വ്യവസായ എസ്റ്റേറ്റുകളെയും സംരംഭകരെയും സീ-മെറ്റുമായി ബന്ധിപ്പിച്ച് നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനായുള്ള പദ്ധതി ആവിഷ്കരിക്കണം. വിരുപ്പാക്ക സ്പിന്നിംഗ് മില്ലിന്റെ പ്രൊഡക്ഷൻ നിലച്ചിരിക്കുന്നതിനാൽ അത് അടിയന്തരമായി പ്രവർത്തനക്ഷമമാക്കാൻ നടപടി ആരംഭിക്കണം. കെ.എസ്.ഇ.ബി.എൽ. രംഗത്ത് പവർ കട്ട് ഇല്ലാത്ത സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. പവർ കട്ട് ഇല്ലാത്ത സംസ്ഥാനം മാത്രമല്ല, നിലവിൽ വൈദ്യുതി സൗജന്യമായി കൊടുക്കുന്ന ഒരു സംസ്ഥാനമായും കേരളം നിലനിൽക്കുകയാണ്. കഴിഞ്ഞ ആറ് കൊല്ലക്കാലമായി പവർ കട്ട് ഇല്ലാതെ അനുസ്യൂതം വൈദ്യുതി കൊടുക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ടെന്ന് നാം തിരിച്ചറിയണം. വടക്കാഞ്ചേരി മണ്ഡലത്തിലെ മുണ്ടൂരിലെ 33 കെ.വി. സബ് സ്റ്റേഷനെ 110 കെ.വി. സബ് സ്റ്റേഷനായി ഉയർത്തുന്നതിനും തൃശ്ശൂർ മെഡിക്കൽ കോളേജിൽ 33 കെ.വി. സബ്

സ്റ്റേഷൻ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. വടക്കാഞ്ചേരി ടൗണിൽ റിംഗ് മെയിൻ യൂണിറ്റും 111 കെ.വി. അണ്ടർഗ്രൗണ്ട് കേബിളും സ്ഥാപിക്കണം. ചൂലിശ്ശേരിയിലെ പോൾ കാസ്റ്റിംഗ് യൂണിറ്റിന്റെ നിർമ്മാണം വേഗത്തിലാക്കണം. വടക്കാഞ്ചേരി മണ്ഡലത്തിൽ പുതിയതായി 1191 സംരംഭങ്ങളാണ് ഒരു വർഷംകൊണ്ട് രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇത്തരം പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഗവൺമെന്റിനെ അപകീർത്തിപ്പെടുത്താൻ യു.ഡി.എഫ്.-ന്റെയും കേന്ദ്ര ഭരണകക്ഷിയുടെയും ഒരുപറ്റം മാധ്യമങ്ങളുടെയും നേതൃത്വത്തിൽ നടക്കുന്ന എല്ലാ കുത്സിതശ്രമങ്ങളെയും അതിജീവിക്കാനുള്ള കരുത്ത് ഈ ഗവൺമെന്റിന് ഉണ്ടാകുമെന്ന് സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ജോബ് മൈക്കിൾ: സർ, വ്യവസായം എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയെയും വൈദ്യുതി എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയെയും ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. ഇവിടെ സഭയ്ക്കകത്ത് പ്രതിപക്ഷം കാണിക്കുന്ന കോമാളിത്തരങ്ങൾ കേരളത്തിലെ ജനങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. പ്രതിപക്ഷാംഗങ്ങളോട് എല്ലാ

ബഹുമാനത്തോടുംകൂടി ഞാൻ ചോദിക്കട്ടെ; കേരളത്തിൽ വൈദ്യുതിയില്ലെന്ന് പറഞ്ഞുകൊണ്ട്, മാർച്ച് മാസത്തിൽ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് വൈദ്യുതി ലഭിക്കുന്നില്ലെന്ന് പറഞ്ഞുകൊണ്ട് ഒരു അടിയന്തരപ്രമേയം കൊണ്ടുവരാൻ നിങ്ങൾക്ക് സാധിച്ചോ? ഇടതുപക്ഷ ഗവൺമെന്റിന്റെ കഴിഞ്ഞ ഏഴ് വർഷത്തെ വൈദ്യുതി മേഖലയിലെ പ്രവർത്തനംകൊണ്ടാണ് ഒരു തടസ്സവുമില്ലാതെ കേരളത്തിലെ ജനങ്ങൾക്ക് വൈദ്യുതി ലഭിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിൽ കോവിഡ് ഉണ്ടാക്കിയ പ്രതിസന്ധികൾ തരണംചെയ്തുകൊണ്ട് വ്യവസായ മേഖല കുതിപ്പിന്റെ പാതയിലാണ്. 2021-22 സാമ്പത്തിക വർഷത്തിൽ ഉല്പാദനമേഖലയിൽ 18.16 ശതമാനം വളർച്ചയും  വ്യവസായ മേഖലയിൽ 17.3 ശതമാനം വളർച്ചയുമാണ് ഉണ്ടായിരിക്കുന്നത്. സംസ്ഥാനം നല്ല രീതിയിലുള്ള സംരംഭങ്ങൾക്ക് അനുകൂലമായി വ്യവസായ സാഹചര്യങ്ങൾ സൃഷ്ടിച്ചപ്പോൾ അതിനെതിരെ നിങ്ങൾക്ക് ഒന്നും പറയാൻ സാധിക്കുന്നില്ല.

കോട്ടയം ജില്ലയിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് എന്ന സ്ഥാപനത്തിന്റെ വില്പന നടപടികളുമായി കേന്ദ്ര സർക്കാർ

മുന്നോട്ടുപോയപ്പോൾ വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. രാജീവിന്റെയും മുഖ്യമന്ത്രിയുടെയും നേതൃത്വത്തിൽ ആ സ്ഥാപനം വിലയ്ക്ക് വാങ്ങുകയും അവിടെ കേരളാ പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന സ്ഥാപനം സ്ഥാപിക്കാനും സാധിച്ചിട്ടുണ്ട്. ഈ സംരംഭക വർഷത്തിൽ, കേരളത്തിൽ ഒരു ലക്ഷം സംരംഭകരെ സൃഷ്ടിക്കുകയെന്ന ലക്ഷ്യം നേടിയെടുക്കാൻ സാധിച്ചപ്പോൾ കേരളത്തിലെ മുഖ്യമന്ത്രിയെയും വ്യവസായ വകുപ്പുമന്ത്രിയെയും കേരളത്തിലെ വിവിധ പഞ്ചായത്തുകളിൽ ഫിഷറീസ്, അഗ്രിക്കൾച്ചർ, ആനിമൽ ഹസ്ബൻഡറി, തൊഴിൽ, ടൂറിസം എന്നീ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട് കർമ്മ പദ്ധതി തയ്യാറാക്കാൻ കഴിഞ്ഞതിന്റെ ഭാഗമായി 1,33,569 സംരംഭങ്ങൾ ആരംഭിക്കാനും 2,87,056 പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കേരളത്തിലെ വ്യവസായ വകുപ്പിന് സാധിച്ചിട്ടുണ്ട്.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, ചട്ടം 281(ix) പ്രകാരം സഭാ നടപടികൾ തടയുകയോ സീൽക്കാരശബ്ദം പുറപ്പെടുവിക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്യാൻ പാടില്ലാത്തതും സഭയിൽ പ്രസംഗം നടന്നുകൊണ്ടിരിക്കുമ്പോൾ

അഭിപ്രായപ്രകടനം നടത്തുവാൻ പാടില്ലാത്തതുമാകുന്നു.' ഈ ചട്ടം പരിഗണിച്ചുകൊണ്ട് നടുത്തളത്തിൽ ഇപ്പോൾ സമാന്തരമായി സംസാരിച്ചു കൊണ്ടിരിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

മി. സ്പീക്കർ: ശ്രീ. ജോബ് മൈക്കിൾ തുടരൂ....

ശ്രീ. ജോബ് മൈക്കിൾ: സർ, പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോന്നായി ലാഭത്തിലേയ്ക്ക് വരുന്ന കാഴ്ചയാണ് നാം കാണുന്നത്. ഇരുപത്തിമൂന്നോളം പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലെത്തിക്കാൻ സാധിച്ചതിന് കേരളത്തിലെ വ്യവസായ വകുപ്പിനെ അഭിനന്ദിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് വില്പനയ്ക്കായി തീരുമാനിച്ചിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ (എച്ച്.എൻ.എൽ.) ഏറ്റെടുക്കാനും അതിനെ കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് ആയി പുന:സ്ഥാപിക്കാനും ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഇവിടെനിന്നും ഉത്പാദിപ്പിച്ച പേപ്പർ ഉപയോഗിച്ചാണ് ഇന്ന് ഇംഗ്ലീഷ് പത്രങ്ങളായ ദി ഹിന്ദു, ദി ബിസിനസ് സ്റ്റാൻഡേർഡ് എന്നിവയുൾപ്പെടെയുള്ള ആറ് മലയാള ദിനപത്രങ്ങളും, രണ്ട് തെലുങ്ക്

പത്രങ്ങളും, ഒരു തമിഴ് പത്രവും അച്ചടിച്ച് വിതരണം ചെയ്യുന്നതെന്ന് കേരളത്തിലെ പത്രമാധ്യമങ്ങൾ ഓർക്കണം. ആ പത്രത്തിലാണ് കേരളത്തിലെ വ്യവസായ വകുപ്പുമന്ത്രിയെയും കേരള സർക്കാരിനെയും അപകീർത്തിപ്പെടുത്തിക്കൊണ്ട് കേരളത്തിലെ വ്യവസായ മേഖലയെ തകർക്കാൻവേണ്ടി, സംരംഭകരുടെ എണ്ണം ഒരുലക്ഷം ആയില്ലെന്നുപറഞ്ഞുകൊണ്ട് വാർത്തകൾ പ്രസിദ്ധീകരിക്കുന്നത്. കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിൽനിന്നും പേപ്പർ വാങ്ങിക്കൊണ്ട് കേരളത്തിലെ വ്യവസായ വകുപ്പുമന്ത്രിക്കെതിരെ വാർത്തകൾ പ്രസിദ്ധീകരിക്കുമ്പോൾ കേരളത്തിലെ ജനങ്ങൾ ഇതെല്ലാം കാണുന്നുണ്ടെന്ന് നിങ്ങളോർക്കണം. ഇവിടെയിരിക്കുന്ന പ്രതിപക്ഷ നേതാവിനോട് ഞങ്ങൾക്ക് ചോദിക്കാനുള്ളത്, കേരളത്തിലെ വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ട് ഒരു അടിയന്തരപ്രമേയമെങ്കിലും കൊണ്ടുവരാൻ അങ്ങേയ്ക്ക് കഴിഞ്ഞിട്ടുണ്ടോ; നിങ്ങൾക്ക് അതിന് കഴിഞ്ഞില്ല. കേരളത്തിലെ ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഗവൺമെന്റിനെ മോശമായി ചിത്രീകരിച്ച് കാണിക്കാനുള്ള ശ്രമത്തിനെ എന്തുവില കൊടുത്തും

കേരളത്തിലെ ജനങ്ങൾ തിരച്ചറിയുമെന്നു പറഞ്ഞുകൊണ്ട്, ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: സർ, വ്യവസായം, വൈദ്യുതി വകുപ്പുകളുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. ഈ ചർച്ചയെ തടസ്സപ്പെടുത്തുംവിധം പ്രതിപക്ഷാംഗങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഈ പ്രസംഗ പരിശീലന പരിപാടി വളരെ അപഹാസ്യമാണ്. ജനാധിപത്യത്തിന്റെ ശ്രീകോവിലായ കേരളത്തിലെ ജനങ്ങളുടെ അവകാശങ്ങളും ജനാധിപത്യവും സർഗ്ഗാത്മകവുമായ സംവാദങ്ങളും നടക്കേണ്ടതായ ഈ വേദിയെ ഇത്തരത്തിൽ അലങ്കോലപ്പെടുത്തുന്നത് കേരളത്തിലെ ജനങ്ങളോടുള്ള അവഹേളനമാണ്. ഇത് ചെകുത്താൻ വേദം ഓതുന്നതുപോലെയാണ്. കൊച്ചി നഗരത്തിലുണ്ടായ മാലിന്യ മലയും അവിടത്തെ സാമൂഹിക പ്രശ്നങ്ങളെയും വഴിതിരിച്ചുവിട്ടത് കൊച്ചി നഗരസഭയിലെ യു.ഡി.എഫ്. ഭരണസമിതിയാണെന്ന കാര്യം ആരും മറക്കരുത്. ശ്രീമതി സൗമിനി ജെയിൻ മേയറായ കാലയളവിൽ ഡെപ്യൂട്ടി

മേയറായിരുന്ന ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. ജെ. വിനോദാണ് ഇന്നിവിടെ നടക്കുന്ന സമരത്തിന് നേതൃത്വം കൊടുത്തത്. അതുപോലെ മുൻ മേയറും കെ.പി.സി.സി. ഭാരവാഹിയുമായ ശ്രീ. ടോണി ചമ്മണിയുടെ കാലത്ത് മാലിന്യ നിർമ്മാർജ്ജന പദ്ധതിയുൾപ്പെടെ കൊച്ചി നഗരത്തിൽ അഴിമതിയെ ഒരു കലയാക്കി മാറ്റിയവരാണ് ഇന്ന് കേരളത്തിനെ അപഹസിക്കുന്ന ഈ സമരത്തിന് നേതൃത്വം കൊടുക്കുന്നത്. ഇത് അവസാനിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട സ്പീക്കറോട് അഭ്യർത്ഥിക്കാനുള്ളത്. വ്യവസായ മേഖലയിൽ പൊതുമേഖലാ സ്ഥാപനങ്ങളെ ആധുനികവത്കരിച്ചും നവീകരിച്ചും സംരംഭങ്ങളുടെ എണ്ണത്തിൽ വലിയ വർദ്ധനവുണ്ടാക്കിയും ബിസിനസ്സ് ആരംഭിക്കുന്നതിനുള്ള കടമ്പകൾ ലഘൂകരിച്ചും സംരംഭകരോട് നേരിട്ട് ഇടപെട്ട് ലോകോത്തര വ്യാവസായിക അടിസ്ഥാന സൗകര്യം സൃഷ്ടിച്ചുകൊണ്ടും കേരളം മുന്നേറുകയാണ്. പരമ്പരാഗത മേഖലകളുടെ പുന:സംഘാടനത്തിനുൾപ്പെടെ മുൻകൈയെടുത്ത കേരള സർക്കാരിനെയും വ്യവസായ വകുപ്പുമന്ത്രിയെയും ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്.

നമ്മുടെ വ്യവസായ സംരംഭക വർഷമുൾപ്പെടെ ഇരുപതോളം സമഗ്ര പദ്ധതികളിലൂടെ കേരളത്തിൽ വലിയൊരു വ്യവസായ വിപ്ലവത്തിനും മുന്നേറ്റത്തിനും കേരള സർക്കാർ മാർഗ്ഗം തെളിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ പുതിയ ഉയരങ്ങൾ കൈവരിക്കുന്ന കാലമാണിത്. 2021-22 വർഷത്തിൽ വ്യവസായ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന 41 പൊതുമേഖലാ സ്ഥാപനങ്ങൾ ഏകദേശം 384.68 കോടി രൂപയുടെ പ്രവർത്തന ലാഭം കൈവരിക്കുകയുണ്ടായി. ഇതിൽ 23 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുകയും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടം കുറച്ചുവരികയുമാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച്, 245.06 ശതമാനം വർദ്ധനവാണ് പ്രവർത്തന ലാഭത്തിലുണ്ടായിട്ടുള്ളത്. യു.ഡി.എഫ്. ഭരിക്കുന്ന എല്ലാകാലത്തും കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാവുകയും എന്നാൽ ഇടതുപക്ഷം അധികാരത്തിലെത്തുമ്പോൾ ലാഭത്തിലാവുകയും ചെയ്യുന്ന അത്ഭുതകരമായ കാഴ്ചയാണ് കേരളം കണ്ടുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ വ്യവസായ മേഖല ഇനിയും

മുന്നേറേണ്ടതുണ്ട്. കേരളത്തിന്റെ മുന്നിൽ ആകാശത്തോളം അവസരങ്ങളൊരുക്കുന്ന ധാരാളം കാര്യങ്ങളുണ്ട്. അതിൽ ഏറ്റവും പ്രധാനം ഹൈഡ്രജൻ മേഖലയിലെ വിപ്ലവമാണ്. രാജ്യത്ത് വരാനിരിക്കുന്ന ഹൈഡ്രജൻ വിപ്ലവത്തിന്റെ സാധ്യതകളെ സംസ്ഥാനത്തിന് പ്രയോജനപ്പെടുത്താനാകണം. പ്രപഞ്ചത്തിൽ സാധാരണയായി കാണപ്പെടുന്ന ഒരു മൂലകമാണ് ഹൈഡ്രജൻ. മറ്റ് മൂലകങ്ങളുമായി സംയോജിക്കുമ്പോഴാണ് ഹൈഡ്രജൻ എന്ന മൂലകമുണ്ടാകുന്നത്. വെള്ളത്തിൽനിന്നുമാണ് ഇത് പ്രധാനമായും വേർതിരിക്കുന്നത്. ഇപ്പോൾ അന്തരീക്ഷത്തിൽനിന്നുതന്നെ ഹൈഡ്രജൻ വേർതിരിക്കാൻ കഴിയുന്ന സാങ്കേതികവിദ്യ നമ്മുടെ ശാസ്ത്രജ്ഞർ രൂപപ്പെടുത്തിക്കഴിഞ്ഞു. ഇരുമ്പും സ്റ്റീലും കെമിക്കലുമുൾപ്പെടെയുള്ള മേഖലകളിൽ ഹൈഡ്രജന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ പദ്ധതികൾ ആവിഷ്കരിക്കണം. എന്റെ നിയോജകമണ്ഡലം തീരദേശവുമായി 25 കിലോമീറ്റർ അതിർത്തി പങ്കിടുന്ന പ്രദേശമാണ്. അവിടെ ഒരു ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിന് മാരിടൈം ബോർഡുമായി സഹകരിച്ചുകൊണ്ട് വ്യവസായ വകുപ്പ്

ആവശ്യമായ നടപടി സ്വീകരിക്കണം. മൈനർ പോർട്ട് ഡിക്ലയർ ചെയ്യാൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. മേജർ പോർട്ടിന് മാത്രമാണ് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമായിട്ടുള്ളത്. അതുകൊണ്ട്, അവിടെയൊരു ഇൻഡസ്ട്രിയൽ പോർട്ട് എന്ന ആശയം സാധിച്ചെടുക്കുന്നതിലേയ്ക്കായി വ്യവസായ വകുപ്പ് മുൻകൈയെടുക്കണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. വല്ലാർപാടം ICTT (International Container Transshipment Terminal) വന്നതിനുശേഷം മുളവുകാട് പഞ്ചായത്തിന്റെ വികസന സാധ്യതകൾ അടഞ്ഞിരിക്കുകയാണ്. മറ്റുവികസന പ്രവർത്തനങ്ങൾക്ക് തീരദേശ നിയമവും തണ്ണീർത്തട നിയമങ്ങളും തടസ്സങ്ങൾ സൃഷ്ടിക്കുന്നതുകൊണ്ട് അവിടെ എല്ലാ വികസന പ്രവർത്തനങ്ങളും മുരടിച്ചിരിക്കുകയാണ്. തീരദേശ തണ്ണീർത്തട നിയമങ്ങളെ അതിജീവിക്കാൻ കഴിയത്തക്കവിധം ICTT അനുബന്ധ വ്യവസായങ്ങൾ ആ പ്രദേശത്ത് ആരംഭിക്കുന്നതിന് സർക്കാർ മുൻകൈയെടുത്ത് പ്രത്യേക അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്

ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ: സർ, വ്യവസായം, വൈദ്യുതി എന്നിവയുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. ഈ ധനാഭ്യർത്ഥനകളെ സംബന്ധിച്ച് പ്രസംഗിക്കാനുള്ള എന്റെ അവകാശം നിഷേധിക്കുന്ന രീതിയിൽ ഇവിടെ നടുത്തളത്തിലിരുന്ന് ശല്യം ചെയ്യുന്നവരുടെ പേരിൽ നടപടി എടുക്കാതിരിക്കുന്നത് ഉചിതമാകില്ല. തെരുവ് തെമ്മാടികൾപോലും ചെയ്യാൻ അറയ്ക്കുന്ന രീതിയിലുള്ള കാര്യങ്ങളാണ് ഇപ്പോൾ പ്രതിപക്ഷം നടുത്തളത്തിലിരുന്ന് ചെയ്യുന്നത്. അതുകൊണ്ടുതന്നെ ഏകാഗ്രതയോടെ എനിക്ക് കാര്യങ്ങൾ അവതരിപ്പിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. വികസന രംഗത്ത് വിസ്മയകരമായ മുന്നേറ്റവുമായി പിണറായി സർക്കാർ കുതിക്കുമ്പോൾ അത് സഹിക്കാൻ പറ്റാത്തതുകൊണ്ടാണ് പ്രതിപക്ഷം ഇത്തരത്തിലുള്ള നെറികെട്ട പ്രവർത്തനം നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഇവർ ഒരിക്കലും നേരെയാകാൻ പോകുന്നില്ല. ഇന്ത്യാ രാജ്യത്ത് അഞ്ചിൽ നാല് ഭൂരിപക്ഷം ഉണ്ടായിരുന്നതും

എല്ലാ സംസ്ഥാനങ്ങളിലും അധികാരത്തിന്റെ അട്ടിപ്പേറുണ്ടായിരുന്നതുമായ പാർട്ടിയുടെ പിൻതലമുറക്കാർ ഇത്തരത്തിൽ അധഃപതിക്കുന്ന അവസ്ഥയുണ്ടായാൽ എങ്ങനെയാണ് നേരെയാകുന്നത്? ഇവരെ രക്ഷപ്പെടുത്തുന്നതിനായി നാമൊക്കെ കൂട്ടുകൂടി എങ്ങനെയെങ്കിലും ബി.ജെ.പി.-യെ തകർക്കാൻ ഒറ്റക്കെട്ടായ പ്രവർത്തനം നടത്തുമ്പോൾ വെള്ളത്തിൽ മുങ്ങുന്ന തേളിനെപ്പോലെയാണ് ഇവർ പ്രവർത്തിക്കുന്നത്. വെള്ളത്തിൽ മുങ്ങുന്ന തേളിനെപ്പിടിച്ച് രക്ഷപ്പെടുത്താൻ ശ്രമിച്ചാൽ തേള് കുത്തും. അതിന്റെ വർഗ്ഗ സ്വഭാവം പ്രകടിപ്പിക്കുന്ന കോൺഗ്രസ്സ് തീർച്ചയായും നന്നാവില്ലെന്ന് രാജ്യത്തെ ബോധ്യപ്പെടുത്തിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. കേരളത്തിന്റെ വ്യവസായ വകുപ്പുമന്ത്രി പുതിയകാലത്തിന്റെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തി കൂടുതൽ നിക്ഷേപവും തൊഴിലവസരവും ഉണ്ടാക്കാനുതകുന്ന നിർദ്ദേശങ്ങൾ പുതിയ നയത്തിലൂടെ പ്രഖ്യാപിച്ചിരിക്കുന്നത് കേരളത്തിന്റെ വ്യവസായ രംഗത്ത് വൻകുതിപ്പിന് കളമൊരുക്കുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇപ്പോൾ കേരളം കൊച്ചു കേരളമല്ല; കേരളം സർവ്വ രംഗത്തും മറ്റു

സംസ്ഥാനങ്ങൾക്കും മറ്റു രാജ്യങ്ങൾക്കും മാതൃകയായി മാറുന്നത് ഇവർക്ക് ദഹിക്കുന്നില്ല. കേരളം വ്യവസായ സൗഹൃദമല്ലെന്ന പ്രചാരണം ഏറ്റുപാടിയ പ്രതിപക്ഷത്തിനും കുറെ മാധ്യമങ്ങൾക്കും അതൊക്കെ പമ്പ കടക്കുന്ന അവസ്ഥയിലേക്ക് കേരളം അനുദിനം മാറിക്കൊണ്ടിരിക്കുന്നത് കാണുമ്പോൾ അസൂയയാണ്; അതാണ് ഇവർ ഇവിടെ പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നത്. വിദേശ രാജ്യങ്ങളിലേതുപോലെ പഠനത്തോടൊപ്പം ജോലിയും തൊഴിൽ നൈപുണ്യവികസനവും സാധ്യമാക്കാനുള്ള രണ്ടാം പിണറായി സർക്കാരിന്റെ ശ്രമത്തെ തകർക്കാൻ ഒരു ശക്തിക്കും സാധ്യമല്ല. അത് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾക്ക് ബോധ്യപ്പെടുമ്പോൾ പ്രതിപക്ഷത്തിനും ചില മാധ്യമങ്ങൾക്കും മാത്രമാണ് ഇക്കാര്യങ്ങൾ മനസ്സിലാകാത്തത്. സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾക്ക് എൽ.ഡി.എഫ്. ഭരണകാലത്ത് വൻ കുതിപ്പായിരുന്നു. യു.ഡി.എഫ്. ഭരണകാലത്ത് 132 കോടി രൂപയോളം നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഈ വർഷത്തെ പ്രവർത്തനലാഭം 386 കോടി രൂപയായി ഉയർന്നിരിക്കുകയാണ്. വ്യവസായ വകുപ്പിന് കീഴിലുള്ള

42 പൊതുമേഖലാ സ്ഥാപനങ്ങളിൽ 23 എണ്ണവും പ്രവർത്തനലാഭം നേടിയെന്നത് പിണറായി സർക്കാരിന്റെ പൊതുമേഖലയോടുള്ള സമീപനമാണ് വ്യക്തമാക്കുന്നത്. യു.ഡി.എഫ്. ഭരണകാലത്ത് കേവലം 8 സ്ഥാപനങ്ങൾ മാത്രമായിരുന്നു ലാഭത്തിലുണ്ടായിരുന്നത്, ഇപ്പോൾ അത് 23 ആയി മാറിയത് ഇവർക്ക് ദഹിക്കുന്നില്ല/സഹിക്കുന്നില്ല എന്നതുകൊണ്ടാണ് ഈ കോപ്രായങ്ങൾ ഇവിടെ കാട്ടിക്കൂട്ടുന്നത്. കേരളത്തിന്റെ വ്യവസായ മേഖലയിൽ ഈ വർഷം 17.3 ശതമാനം വളർച്ചയുണ്ടായിട്ടുണ്ട്. ഉല്പാദന രംഗത്ത് ഇന്ത്യയിൽ കഴിഞ്ഞ വർഷമുണ്ടായ വളർച്ച 10.30 ശതമാനം മാത്രമാണ്. ഈ വർഷത്തെ സാമ്പത്തിക സർവ്വേ പ്രകാരം രാജ്യത്തിന്റെ ഉല്പാദനരംഗത്തെ വളർച്ച 4.10 ശതമാനമായി കുത്തനെ കുറഞ്ഞപ്പോൾ കേരളത്തിൽ അത് 7 ശതമാനമായി.

മി. സ്പീക്കർ: ശ്രീ. റോജി എം. ജോൺ, വീഡിയോ റെക്കോർഡ് ചെയ്യുന്നത് ശരിയല്ല... .......(ബഹളം)......

ശ്രീ. എ. പ്രഭാകരൻ: നിങ്ങൾ പറയാനുള്ളതൊക്കെ നിങ്ങളുടെ സീറ്റിൽ ഇരുന്ന് പറയൂ; ഇതൊക്കെ എന്റെ സമയം അപഹരിക്കുകയാണ്.

തോന്ന്യാസം, അവിടെ ഇരിക്കു, ഞാൻ പറയാനുള്ളത് പറയട്ടെ, .... (ബഹളം).... വ്യാവസായിക രംഗത്ത് കേരളം 28-ാം സ്ഥാനത്തുനിന്നും 15-ാം സ്ഥാനത്തേയ്ക്ക് മുന്നേറിയത് ഇവർക്ക് സഹിക്കുന്നില്ല. സംസ്ഥാനത്തെ കാർഷിക രംഗത്ത് 6.70 ശതമാനവും വ്യവസായ രംഗത്ത് 17.30 ശതമാനവും ഉല്പാദന രംഗത്ത് 18.70 ശതമാനവും വളർച്ചയുണ്ടായിട്ടുണ്ട്. കേരളത്തിൽ ഈ വർഷം മാത്രം 1.29 ലക്ഷം സംരംഭങ്ങൾ ആരംഭിക്കാനും 7825.21 കോടി രൂപയുടെ നിക്ഷേപത്തോടൊപ്പം 2.78 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചിട്ടുണ്ട്. അതിൽ 41 ശതമാനവും സ്ത്രീ സംരംഭകരാണെന്ന വസ്തുത കേരളത്തെ ഒരുപടി മുന്നോട്ടുയർത്തുന്നു. ഈ വർഷം സംരംഭങ്ങൾ ആരംഭിച്ചവർക്ക് എല്ലാ ജില്ലകളിലും സൗജന്യ സേവനം നൽകാനുള്ള ഹെൽപ്പ് ഡെസ്കുകൾ ആരംഭിക്കുന്നത് പുതിയ സംരംഭകർക്ക് മനക്കരുത്തോടെ മുന്നോട്ട് പോകാനുള്ള കരുത്തേകുമെന്നതിൽ തർക്കമില്ല. പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് എന്ന കേരളത്തിന്റെ പ്രസ്റ്റീജിയസ് സ്ഥാപനത്തിലെ ഒരു യൂണിറ്റ് ഏറ്റെടുക്കാൻ കേരള സർക്കാർ തീരുമാനിച്ചുവെങ്കിലും സംസ്ഥാന സർക്കാർ

മുൻപ് സൗജന്യമായി നൽകിയ 124 ഏക്കർ ഭൂമിക്ക് ഇന്നത്തെ റേറ്റ് പ്രകാരം പണം വേണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അതിനുള്ള നടപടികൾ മന്ദഗതിയിലായിരിക്കുകയാണ്. തുടക്കം മുതൽ ലാഭത്തിൽ പ്രവർത്തിച്ച ഈ സ്ഥാപനത്തെ ഒരു കാരണവശാലും സ്വകാര്യവത്കരിക്കാൻ അനുവദിക്കരുത്; ഇത് സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനുള്ള ശ്രമം പുനരാരംഭിക്കണമെന്നാണ് വ്യവസായ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. 50,000 കോടി രൂപയിലേറെ ആസ്തിയുള്ള ബി.ഇ.എം.എൽ. (ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ്) എന്ന മിനിരത്ന കമ്പനിയെ കേവലം 1800 കോടി രൂപയ്ക്ക് സ്വകാര്യ മുതലാളിമാർക്ക് വിൽക്കാനാണ് കേന്ദ്രം കരാറുണ്ടാക്കിയിരിക്കുന്നത്. 2009-ൽ എൽ.ഡി.എഫ്. സർക്കാർ 374 ഏക്കർ ഭൂമി ഏറ്റെടുത്ത് സൗജന്യമായി നൽകിയതിൽ 150 ഏക്കർ സ്ഥലം മാത്രമാണ് ഫാക്ടറി വിനിയോഗിച്ചത്. ബാക്കിയുള്ള 224 ഏക്കർ സ്ഥലം സംസ്ഥാനത്തിന് തിരികെ നൽകുമെന്നാണ് അറിയാൻ സാധിച്ചത്; അങ്ങനെയെങ്കിൽ അത് തിരിച്ചെടുക്കുകതന്നെ വേണമെന്നാണ് എന്റെ അഭിപ്രായം.

സ്വകാര്യവത്കരണത്തിന് തയ്യാറെടുത്തുനിൽക്കുന്ന ഈ സ്ഥാപനം ഇപ്പോൾ വലിയ പ്രതിസന്ധിയിലേക്ക് നീങ്ങുകയാണ്. പുതിയ കരാറുകളിൽ ഏർപ്പെടാൻ സാധിക്കാത്തതുകൊണ്ട് മറ്റു സംരംഭങ്ങളിൽ ഇടപെടുന്നതിന് തടസ്സമുണ്ടാകുന്നു. വൻതോതിൽ ലാഭമുണ്ടാക്കിക്കൊണ്ടിരുന്ന ഈ സ്ഥാപനം സ്വാഭാവികമായ മരണത്തിലേക്ക് നീങ്ങുന്ന അവസ്ഥയിലാണ്. ഇവിടത്തെ തൊഴിലാളികൾ സ്വകാര്യവത്കരണത്തിനെതിരെ ആരംഭിച്ച ചെറുത്തുനിൽപ്പ് സമരം ഇന്നേക്ക് 796 ദിവസം തികയുകയാണ്. നഷ്ടത്തിന്റെ പേരിൽ കേന്ദ്ര സർക്കാർ വിൽപ്പനയ്ക്കുവച്ച ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് എന്ന സ്ഥാപനം മൂന്നരവർഷമാണ് പൂട്ടിക്കിടന്നിരുന്നത്. ഈ സ്ഥാപനത്തെ കേരള സർക്കാർ ഏറ്റെടുക്കുകയുണ്ടായി. അവിടെ ഉൽപ്പാദിപ്പിക്കുന്ന പേപ്പർ ഉപയോഗിച്ച് ഈ സർക്കാരിനെ അപമാനിക്കുന്ന പ്രവർത്തനങ്ങൾക്കും പ്രചാരണത്തിനും നേതൃത്വം കൊടുക്കുന്നത് വിചിത്രമായ ഏർപ്പാട് തന്നെയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 26 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ സജ്ജമാക്കിയതുവഴി 50.16 ദശലക്ഷം യൂണിറ്റ് വൈദ്യുതി

അധികമായി ഉല്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. സൗരോർജ്ജ നിലയങ്ങളിൽ നിന്നും 443 മെഗാവാട്ട് വൈദ്യുതിയാണ് കൂട്ടിച്ചേർത്തത്. പൂർത്തീകരിച്ച 10 സബ്സ്റ്റേഷനുകളിലൂടെ വൈദ്യുതി തടസ്സങ്ങൾ കുറയ്ക്കുന്നതിനും വൈദ്യുതി കമ്പികൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനും സുരക്ഷിതവും സുസ്ഥിരവുമായ വൈദ്യുതി ലഭ്യമാക്കുന്നതിനുമായി മൂന്ന് ലക്ഷം കിലോമീറ്റർ ലോ ടെൻഷൻ വിതരണ ലൈനുകളിൽ സ്പെയ്സറുകൾ സ്ഥാപിക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. ട്രാൻസ്ഗ്രിഡ് പദ്ധതികൾ, ചാർജ്ജിംഗ് സ്റ്റേഷനുകൾ, Dyuthi 1, 2.0, എന്നിവയുടെ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. കുറഞ്ഞ ചെലവിൽ ഇടതടവില്ലാതെ ഗുണമേന്മയുള്ള വൈദ്യുതി എല്ലായിടത്തും എത്തിക്കുകയെന്ന ലക്ഷ്യത്തോടെ വൈദ്യുതി വകുപ്പ് അത്ഭുതാവഹമായ മുന്നേറ്റമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിനുപുറമേ, പീക്ക് ടൈമിൽ കൂടുതൽ ഉപയോഗിക്കുന്ന വൈദ്യുതിയുടെ നിരക്ക് വർദ്ധിപ്പിക്കാൻ സ്വകാര്യ കമ്പനികൾക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയപ്പോൾ എത്ര ഉയർന്ന തുകയ്ക്ക് വൈദ്യുതി വാങ്ങേണ്ടിവന്നാലും ഉപഭോക്താക്കളിൽനിന്ന് അധിക നിരക്ക് ഈടാക്കില്ലെന്ന് തീരുമാനമെടുത്ത

കെ.എസ്.ഇ.ബി.-യെ ഞാൻ അഭിനന്ദിക്കുന്നു. വേനൽകാലത്ത് വൈദ്യുതി ഉപയോഗം വൻതോതിൽ വർദ്ധിക്കുന്ന സാഹചര്യത്തിൽപ്പോലും സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധിയില്ലാതെയും വിതരണം തടസ്സപ്പെടാതെയും ജാഗ്രത കാണിക്കുന്ന പിണറായി സർക്കാരിന്റെ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയെ ഈ അവസരത്തിൽ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. എന്റെ മണ്ഡലത്തിലുൾപ്പെട്ട അകത്തേത്തറ പഞ്ചായത്തിൽ നിന്ന് എനിക്ക് രാത്രി 2.20-ന് ഒരു ഫോൺ വരികയുണ്ടായി. ഫോണിന്റെ മറുവശത്തുനിന്ന് 'എം.എൽ.എ. അല്ലേ, എന്റെ വീട്ടിനുമുൻപിൽ ഒരു മരം പൊട്ടിവീണു, മുരിങ്ങക്കമ്പ് പൊട്ടിവീണു, കറണ്ടില്ല,' എന്ന് പറയുകയുണ്ടായി. ഇക്കാര്യം ഈ രാത്രി ആരെയാണ് വിളിച്ചു പറയുക? മന്ത്രിയെ വിളിക്കാൻ പറ്റുമോ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറെ വിളിക്കാൻ പറ്റുമോ, എന്നൊക്കെ ഞാൻ ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ മുൻപ് ഫോൺ വിളിച്ചയാൾ ലൈൻ നേരെയായിട്ടുണ്ട് എന്ന് വീണ്ടും എന്നെ വിളിച്ചുപറയുകയാണ്. അത്രയും ജാഗ്രതയോടുകൂടി, വിദ്യുച്ഛക്തി മേഖലയിൽ പ്രവർത്തിക്കുന്ന ജീവനക്കാരെയും

ഈ അവസരത്തിൽ അഭിനന്ദിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം. നൗഷാദ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. അങ്ങേയറ്റം പ്രതിലോമകരമായി പ്രവർത്തിക്കുന്ന പ്രതിപക്ഷത്തോടും അങ്ങേയറ്റം ശത്രുതയോടുകൂടി പ്രവർത്തിക്കുന്ന കേന്ദ്രഭരണത്തോടും അനാശാസ്യതയുടെയും അക്രമണോത്സുകതയുടെയും അധാർമ്മികതയുടെയും വിശ്വരൂപംപൂണ്ട ഒരു കൂട്ടം മാധ്യമങ്ങളോടും ഇഞ്ചോടിഞ്ച് പോരാടിയാണ് കേരളത്തെ ഭൂമിയിലെ സ്വർഗ്ഗമാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. സ്വാമിവിവേകാനന്ദൻ 'ഭ്രാന്താലയം' എന്നുവിശേഷിപ്പിച്ച കേരളത്തെ നമ്മുടെ പൂർവ്വികർ 'ദൈവത്തിന്റെ സ്വന്തം നാട്' എന്നാക്കി മാറ്റിത്തരികയുണ്ടായി. അതിനെ ഭൂമിയിലെ സ്വർഗ്ഗമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളുമായി ഒന്നാം പിണറായി ഗവൺമെന്റും രണ്ടാം പിണറായി ഗവൺമെന്റും മുമ്പോട്ടുപോകുമ്പോൾ പ്രതിപക്ഷം എക്കാലത്തും ഇടങ്കോലിടൽ മാത്രമായിരുന്നു ചെയ്തുകൊണ്ടിരുന്നത്.

ഇപ്പോൾത്തന്നെ ഈ നിയമസഭാ വേദിയിൽ അവർ സമാന്തരമായി പ്രസംഗിക്കുകയാണ്. അതങ്ങനെ നടക്കട്ടെ, കാരണമെന്താണെന്നോ? ഇവരുടെ മീറ്റിംഗുകളിലും കെ.പി.സി.സി. യോഗങ്ങളിലും ഇവർക്ക് സ്വസ്ഥമായി സംസാരിക്കാൻ കഴിയില്ല. ഇവർ പ്രസംഗിക്കാനായി പുറത്ത് പോയാലോ, അവിടെ ജനം കൈകാര്യംചെയ്യും. ഇവിടെയാണെങ്കിൽ സംരക്ഷണമുണ്ടല്ലോ, അതുകൊണ്ട് അവർ പ്രസംഗിക്കട്ടെ. മനസ്സുനിറഞ്ഞ് അവർ പ്രസംഗിക്കുകയാണ്. കരഞ്ഞുതീർക്കുകയാണെന്ന് സാധാരണ നമ്മൾ പറയുമല്ലോ, അതുപോലെ അവർ പറഞ്ഞുതീർക്കുകയാണ്. എന്താണതിന് പറയുക, നമ്മൾ കഴുതയെന്നുപറയുമല്ലോ; അതായത് കഴുത കരഞ്ഞുതീർക്കുമെന്നല്ലേ പറയുക? അതുപോലെ യു.ഡി.എഫ്.-ഉം ഇവിടെ പറഞ്ഞുതീർക്കുകയാണ്. അവരുടെ സ്വപ്നങ്ങളെല്ലാം കരിയുന്നതിൽനിന്നുള്ള പ്രതിഫലനമാണ് ഇവിടെ കാണുന്നത്. ഇവർ ഇത് ഇന്നും ഇന്നലെയും തുടങ്ങിയതല്ല; ഇത് ആദ്യത്തെ സംഭവവുമല്ല. ഇവർ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന് കേരളത്തിലെ ജനങ്ങൾക്ക് നന്നായിട്ടറിയാം. കേരളത്തിന്റെ വികസനത്തിന് മാറ്റുകൂട്ടുന്ന ഗെയ്ൽ പൈപ്പ്ലൈൻ പദ്ധതി

നടപ്പിലാക്കുന്നതിനെ ഇവർ അതിശക്തമായി എതിർക്കുകയും അതിനെതിരെ സമരം ചെയ്യുകയുമാണ്. നാഷണൽ ഹൈവേയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ജനങ്ങളെ സംഘടിപ്പിച്ച് സമരം ചെയ്തെങ്കിലും പൊതുജനം അതിനെയും തള്ളിക്കളഞ്ഞു. എന്നാൽ ജനങ്ങളെ ചേർത്തുനിർത്തിക്കൊണ്ട് പിണറായി ഗവൺമെന്റ് ആ ദൗത്യം പൂർത്തീകരിച്ചു. കേരളം കണ്ട മഹാപ്രളയകാലത്ത് ഗവൺമെന്റിനോട് സഹകരിക്കാതിരിക്കുകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് പണം നൽകരുതെന്ന് ഇവർ പറയുകയുംചെയ്തു. പ്രളയകാലത്ത് ഉദ്യോഗസ്ഥരോടും അദ്ധ്യാപകരോടും പണം കടം ചോദിച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവിറക്കിയപ്പോൾ, ആ ഉത്തരവുപോലും കത്തിച്ച നികൃഷ്ട ജീവികളാണ് യു.ഡി.എഫ്.-കാർ എന്നതും ഈ കേരളം കണ്ടതാണ്. കോവിഡ് മഹാമാരിക്കാലത്ത് ഗവൺമെന്റ് നടത്തിയ പ്രതിരോധ പ്രവർത്തനങ്ങൾക്കെതിരെ വാളയാറിൽ പോയി സമരം നടത്തി കോവിഡ് മഹാമാരി വ്യാപിപ്പിക്കാനും ഇവർ പരിശ്രമിച്ചു. 'മകൻ ചത്താലുംവേണ്ടില്ല, മരുമകളുടെ കണ്ണുനീര് കണ്ടാൽമതി' എന്നതാണ് ഇവരുടെ നിലപാട്.

'എന്നെ തല്ലേണ്ട അമ്മാവാ ഞാൻ നന്നാകില്ല' എന്നാണ് ഇവർ പറയുന്നത്. റായ്പൂരിൽ പോകുകയും അവിടെ കോൺഗ്രസിന്റെ പ്ലീനറി സമ്മേളനം നടത്തുകയും ചെയ്തിട്ട് എല്ലാവർക്കും മദ്യപിക്കാമെന്ന തീരുമാനമാണ് ഇവർ കൈക്കൊണ്ടത്. എല്ലാവർക്കും മദ്യപിക്കാമെന്ന് പറഞ്ഞുകൊണ്ട് ഒരു പ്ലീനറി സമ്മേളനം നടത്തി തീരുമാനമെടുത്തവരോട് പിന്നെ എന്തുപറഞ്ഞിട്ടും കാര്യമില്ല. 'ചെകുത്താനോട് വേദമോതിയിട്ട് കാര്യമുണ്ടോ'? നിങ്ങൾ ഒരിക്കലും നന്നാവില്ല, ഇത് നിങ്ങൾ തുടർന്നുകൊണ്ടേയിരിക്കും. ഇപ്പോൾ പ്രതിപക്ഷ അംഗങ്ങളുടെ എണ്ണം 41 ആണ്; ഭാവിയിൽ അത് നാലായി മാറുമെന്നതിൽ ഒരു സംശയവുംവേണ്ട, കേരള ജനത ഇതെല്ലാം കണ്ടുകൊണ്ടിരിക്കുകയാണ്. ഇവിടെ ഇതാണ് പണിയെങ്കിൽ ഇവരുടെ എം.പി.-മാരുടെ പണിയെന്താണ്? ഇവിടെയുള്ള എണ്ണത്തിന്റെ പകുതിയോളം എം.പി.-മാർ ഉണ്ടല്ലോ. ഇവിടെ പ്ലക്കാർഡ് പിടിക്കുന്നു, സ്പീക്കറെ തടയുന്നു, നടുത്തളത്തിലിറങ്ങുന്നു, യോഗം നടത്തുന്നു. പക്ഷേ പ്രളയകാലത്ത് കേരളത്തിന് നൽകിയ റേഷനരിയുടെ വില കേന്ദ്രഗവൺമെന്റ് തിരിച്ചുപിടിച്ചപ്പോൾ അവിടെ 'കമ' എന്നൊരക്ഷരം

പറയാൻ എം.പി.-മാർക്ക് കഴിഞ്ഞിട്ടുണ്ടോ? 'സായിപ്പിനെ കാണുമ്പോൾ കവാത്ത് മറക്കും' എന്ന് പറയുന്നതുപോലെ ബി.ജെ.പി.-യെ കാണുമ്പോൾ ഇവർ കവാത്ത് മറക്കുന്നവരാണ്. പണം തിരിച്ചുപിടിക്കുക മാത്രമാണോ കേന്ദ്രം ചെയ്തത്? അതുമാത്രമല്ല, നമുക്ക് ലഭിക്കേണ്ട റേഷൻ കേന്ദ്രവിഹിതം 3.875 ശതമാനത്തിൽനിന്നും 1.92 ശതമാനമാക്കി കുറയ്ക്കുകയും 20000 കോടി രൂപ കേരളത്തിന് നഷ്ടപ്പെടുത്തുകയും ചെയ്തു; ആ പ്രവൃത്തിക്കെതിരെ ഇവർ 'കമ' എന്നൊരക്ഷരം മിണ്ടിയോ? നമുക്ക് ലഭിക്കേണ്ട ജി.എസ്.ടി. നഷ്ടപരിഹാരം അഞ്ച് വർഷത്തേയ്ക്കുകൂടി നീട്ടിനൽകണമെന്ന് ആവശ്യപ്പെട്ടപ്പോൾ അതിനുവേണ്ടി ഒരു കൈ ഉയർത്താനോ ഒരു മുദ്രാവാക്യമെങ്കിലും മുഴക്കാനോ അവർ തയ്യാറായില്ല. അതേസമയം ഇവിടെ കെ-റെയിൽ അടക്കമുള്ള വികസന പദ്ധതികൾ മുടക്കാനും ഇല്ലാതാക്കാനും എന്തൊരു ആവേശമായിരുന്നു; അതിനായി ഒരുമിച്ചുപോയി നിവേദനം കൊടുത്തവരല്ലേ? നമുക്കു ലഭ്യമാക്കുന്ന ജി.എസ്.ടി. വിഹിതം വർദ്ധിപ്പിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടപ്പോഴും ഇവർ അതിനുവേണ്ടി ശബ്ദിച്ചില്ല. തിരുവനന്തപുരം വിമാനത്താവളം ലേലത്തിന്

വച്ചപ്പോൾ അതിൽ പങ്കെടുത്ത കേരള ഗവൺമെന്റിന് അത് നൽകാതെ രാഷ്ട്രീയ തീരുമാനത്തിന്റെ ഭാഗമായി അദാനിക്ക് നൽകിയപ്പോൾ എം.പി.-മാർ 'കമ' എന്നൊരക്ഷരം മിണ്ടിയോ? അതേസമയം കേരളത്തിന് എതിരായി എന്ത് പ്രവർത്തിക്കുന്നതിനും ഇവരുടെ എം.പി.-മാർക്ക് യാതൊരു മടിയുമില്ലതാനും. അങ്ങനെ എം.പി.-മാരും എം.എൽ.എ.-മാരും ഒരേ തൂവൽ പക്ഷികളായി മാറിക്കൊണ്ട് ഒരേ നാണയത്തിന്റെ ഇരുവശങ്ങളായി കേരള ജനതയെയും കേരളത്തിന്റെ നന്മകളെയും ഇല്ലാതാക്കാൻ പരിശ്രമിക്കുകയാണ്. ഇന്നത്തെ കേരളത്തിൽ പാവപ്പെട്ടവന്റെ മക്കൾക്ക് പഠിക്കാൻ ഹൈടെക് സ്കൂളുകളും അവരുടെ ചികിത്സയ്ക്ക് ഹൈടെക് ആശുപത്രികളുമുണ്ട്. അവർക്ക് കഴിക്കാൻ കൃത്യമായി റേഷനും അത് വാങ്ങുന്നതിന് കൃത്യമായി പെൻഷനും നൽകുന്നുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണവും സമ്പൂർണ്ണ സാക്ഷരതയും നേടിയ നാടായി കേരളത്തെ മാറ്റിത്തീർത്തത് പ്രതിപക്ഷത്തിന് സഹിക്കുന്നില്ല. ഇങ്ങനെ തുടർന്നാൽ തങ്ങൾക്ക് ഇനിയൊരിക്കലും അധികാരത്തിലേയ്ക്ക് തിരിച്ചുവരാൻ കഴിയില്ലെന്ന നിരാശയിൽ

ഇത്തരത്തിലുള്ള കോപ്രായങ്ങൾ കാണിക്കുകയും അസംബന്ധങ്ങൾ പറയുകയും അസത്യങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുകയാണ്. മാധ്യമങ്ങൾ ഇവർക്ക് 'കൊച്ചിയെ കൊല്ലരുത്' എന്നതരത്തിലുള്ള മുദ്രവാക്യങ്ങൾ കൊടുക്കും, ഇവർ അത് ഏറ്റുപിടിക്കുകയും ചെയ്യും, ശരിയല്ലേ; പിന്നെ നിങ്ങൾ എങ്ങനെ നന്നാകും; എന്തുകൊണ്ടെന്നാൽ നിങ്ങളുടെ നേതാവ് ആരാണ്? 'സ്വപ്ന സുരേഷ്'. കള്ളക്കടത്ത് കേസിലെ പ്രതിയെ നേതാവായി അംഗീകരിച്ചുകൊണ്ട് രാഷ്ട്രീയപ്രവർത്തനം നടത്തുന്ന പാർട്ടികളുടെ അവസ്ഥ എന്തായിരിക്കും? സ്വപ്നയുടെ വാക്കുകളാണ് അവർക്ക് വേദവാക്യം. സ്വപ്ന വാക്യങ്ങളെ വേദവാക്യങ്ങളായി കാണുകയും ബി.ജെ.പി.-യെ കാണുമ്പോൾ മുട്ടിടിക്കുകയുംചെയ്യുന്ന പ്രതിപക്ഷം കേരളത്തിന് അപമാനമാണ്. വ്യവസായങ്ങളുടെ ശവപ്പറമ്പായിരുന്ന കേരളത്തെ ഈ ഗവൺമെന്റ് വ്യവസായങ്ങളുടെയും വ്യവസായികളുടെയും പറുദീസയാക്കി മാറ്റിത്തീർത്തു. അധികാരമേറ്റ നാൾമുതൽ 'Meet the Minister' പരിപാടിവഴി എല്ലാ ജില്ലകളിലും സഞ്ചരിച്ച് വ്യവസായികളുടെ പ്രശ്നങ്ങൾ കേട്ടുകൊണ്ട്, നല്ലൊരു വ്യാവസായിക അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് മുമ്പോട്ടുപോകുന്ന വ്യവസായ

വകുപ്പിന്റെയും ലോഡ് ഷെഡ്ഡിംഗും പവർകട്ടുമില്ലാതെ ജനങ്ങൾക്ക് സദാസമയവും വൈദ്യുതി ലഭ്യമാക്കുന്ന നാടാക്കി കേരളത്തെ മാറ്റിയ വൈദ്യുത വകുപ്പിന്റെയും നേട്ടങ്ങളെ തച്ചുതകർക്കാൻ തങ്ങളാൽ എന്തെല്ലാം ചെയ്യാൻ കഴിയുമെന്ന ചിന്തയിൽ മുമ്പോട്ടുപോകുന്ന പ്രതിപക്ഷം കേരളത്തിന് അപമാനവും ശാപവുമാണ്. അത് മനസ്സിലാക്കാൻ കേരളത്തിലെ ജനതയ്ക്ക് നന്നായി കഴിയുന്നുണ്ടെന്ന് മാത്രമല്ല, ഇതെല്ലാം കേരള ജനത കണ്ടുകൊണ്ടിരിക്കുകയുമാണ്. മനസ്സമാധാനത്തോടെയും മറ്റ് ശല്യങ്ങളില്ലാതെയും തള്ളില്ലാതെയും അവർ പ്രസംഗിക്കുകയാണ്. യു.ഡി.എഫ്.-ന്റെ യോഗങ്ങൾ ശ്രദ്ധിച്ചിട്ടില്ലേ, സ്റ്റേജിൽ ഇരിക്കുന്നത് 50 പേരും കാണികളായി താഴെ രണ്ട് ആളുകളും എന്നതാണ് അവസ്ഥ. ഇവിടെയാകുമ്പോൾ പ്രസംഗം കേൾക്കാൻ ആളിനെ കിട്ടുന്ന ഒരു വേദിയാണ്. ഒന്നുമില്ലെങ്കിലും ഞങ്ങൾ ഇവിടെ ഇരിക്കുകയല്ലേ, അതുകൊണ്ട് അവർ പ്രസംഗിച്ചോട്ടെ, ജനം കണ്ടോട്ടെ, ഇവരെ ജനം തിരിച്ചറിയട്ടെ എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. സംസ്ഥാനത്ത് ശ്രീ. പിണറായി വിജയൻ നയിക്കുന്ന സർക്കാർ വാഗ്ദാനങ്ങൾ നിറവേറ്റിക്കൊണ്ട് ജനങ്ങൾക്കുവേണ്ടി മാതൃകാപരമായി വികസന പ്രവർത്തനങ്ങൾ നടത്തുകയാണ്. മോദി സർക്കാരിന്റെ ബദൽ സംവിധാനമെന്ന രീതിയിലുള്ള രാഷ്ട്രീയ ശക്തിയായി, ദേശീയ ബദലായി മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും അദ്ദേഹം നയിക്കുന്ന ഗവൺമെന്റും ഇടതുപക്ഷ ജനാധിപത്യ മുന്നണിയും വളർന്നുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തിന്റെ വ്യാവസായിക മേഖലയിൽ സമുജ്ജ്വലമായ മുന്നേറ്റമാണ് എവിടെയും ദർശിക്കാൻ കഴിയുന്നത്. സംസ്ഥാനത്തെ വ്യവസായ-സൗഹൃദമാക്കി മാറ്റുന്നതിനുവേണ്ടി ബഹുമാന്യരായ മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും വിദേശ രാജ്യങ്ങൾ സന്ദർശിച്ച് നടത്തിക്കൊണ്ടിരിക്കുന്ന വിപുലവും ശ്രദ്ധേയവുമായ മഹാ സംരംഭങ്ങൾക്ക് കേരളം സാക്ഷ്യം വഹിക്കുകയാണ്. എൽ.ഡി.എഫ്. സർക്കാരിന്റെ നിരന്തരമായ പ്രവർത്തനങ്ങൾകൊണ്ടാണ് കേരളം വ്യവസായ സൗഹൃദ സംസ്ഥാനമായി മാറിയത്. പൊതുമേഖലാ

സ്ഥാപനങ്ങളെ സംരക്ഷിക്കുന്ന നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളെയും കോർപ്പറേറ്റ് ശക്തികൾക്ക് മുന്നിൽ അടിയറവ് പറഞ്ഞുകൊണ്ടിരിക്കുന്ന അത്യന്തം ആപത്കരമായ വ്യവസായനയവും സാമ്പത്തികനയവും സ്വീകരിക്കുന്നത് കണ്ടുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിലാണ് പിണറായി സർക്കാരിന്റെ സമൂലമായ ഈ നിലയിലുള്ള മുന്നേറ്റമെന്നത് ശ്രദ്ധേയമാണ്.

രാജ്യം ഭരിക്കുന്ന ശക്തികൾതന്നെ രാജ്യത്തെ തീറെഴുതികൊടുക്കാൻ ശ്രമിക്കുന്ന സന്ദർഭത്തിലാണ് സംസ്ഥാനത്ത് നിർഭയം മാതൃകാപരമായ പ്രവർത്തനങ്ങൾ നടക്കുന്നത്. പരമ്പരാഗത വ്യവസായ മേഖലകളെ ശക്തിപ്പെടുത്താനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടു പോകുകയാണ്. കേന്ദ്ര സർക്കാർ കൈയൊഴിഞ്ഞ വെള്ളൂർ പേപ്പർ മിൽ (കേരള പേപ്പർ പ്രോഡക്ട് ലിമിറ്റഡ്) കേരള സർക്കാർ ഏറ്റെടുത്തശേഷം നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനമായി മാറിയിട്ടുണ്ട്. ഇന്ത്യയിലെ പ്രധാന ദിനപത്രങ്ങളായ ദി ഹിന്ദുവും മറ്റുപത്രങ്ങളുമൊക്കെ അവിടെനിന്ന് നല്ലയിനം

കടലാസ് വാങ്ങുന്നതിനെക്കുറിച്ച് സന്തോഷപൂർവ്വം രേഖപ്പെടുത്തിയതിനെ ഞാൻ സ്വാഗതം ചെയ്യുന്നതോടൊപ്പം സഭയുടെ ശ്രദ്ധയിലുംപെടുത്തുകയാണ്. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം കേന്ദ്ര സർക്കാർ വിൽക്കാൻ തീരുമാനിച്ച നയം ശരിയല്ലെന്നും വിമാനത്താവളം സംസ്ഥാന സർക്കാർ ഏറ്റെടുത്തുനടത്താമെന്നും പറഞ്ഞപ്പോൾ അതിനെ നിസാരവത്കരിച്ച് അവഗണിക്കുകയാണുണ്ടായത്. സംസ്ഥാനത്തിന്റെ വ്യാവസായിക രംഗത്ത് ധാരാളം വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ സാധിക്കുമെന്നത് മറ്റൊരു വസ്തുതയാണ്. കേരളത്തിൽ ഒരുലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. എണ്ണായിരം കോടിരൂപയുടെ നിക്ഷേപവും രണ്ട് ലക്ഷത്തി തൊണ്ണൂറായിരം തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ ഈ സർക്കാരിന് സാധിച്ചുവെന്ന് പറയുന്നത് ഇന്ത്യയ്ക്കുതന്നെ മാതൃകയാണ്. ഇന്ന് സംസ്ഥാനത്ത് കാർഷികോല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിനും അവയ്ക്കുവേണ്ട എല്ലാ സാധ്യതകളും കണ്ടെത്തി കൊടുക്കുന്നതിനാവശ്യമായ മെച്ചപ്പെട്ട സൗകര്യങ്ങളുമുണ്ട്. വ്യാവസായിക-കാർഷിക മേഖലയുടെ വളർച്ചയ്ക്ക് വൈദ്യുതി അനിവാര്യ

ഘടകമായതുകൊണ്ടുതന്നെ വ്യാവസായിക മേഖലയിലെ സമുജ്ജ്വലമായ മുന്നേറ്റത്തിന് വൈദ്യുതി സുപ്രധാനമാണ്. പരമ്പരാഗത കയർ, കൈത്തറി, ഖാദി, കശുവണ്ടി തുടങ്ങിയ മേഖലകളിൽ സർക്കാർ ശക്തമായ ഇടപെടൽ നടത്തിവരികയാണ്. ആദായ വർദ്ധനവുണ്ടാക്കാൻ നടത്തിയ ഇടപെടൽ ഈ മേഖലയെ സഹായിച്ചിട്ടുണ്ട്. ഇ-കൊമേഴ്സ് പദ്ധതിയിൽപ്പെടുത്തി ഖാദി മേഖലയെ രക്ഷപ്പെടുത്തുന്നതിന് ഫ്ലിപ്കാർട്ടുമായി ധാരണാപത്രം ഒപ്പുവച്ച സംരംഭത്തിന് ദേശീയതലത്തിൽ പ്രാധാന്യം കൈവന്നതും ശ്രദ്ധേയമാണ്. ബഹുമാന്യരായ മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും ആഗോള നിക്ഷേപകരുമായി നേരിട്ട് ചർച്ചനടത്തിയതിന്റെ ഫലമായി പല അന്താരാഷ്ട്ര കമ്പനികളും കേരളത്തിലെത്തി എന്നത് ശ്രദ്ധേയവും മാതൃകാപരവും അഭിമാനകരവുമാണ്. സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിലൂടെ പലരുടെയും ശ്രദ്ധ കേരളത്തിലേയ്ക്ക് എത്തുകയാണ്. സംരംഭകന്റെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ടെക്നോളജി ക്ലിനിക്കുകളും ഏകീകൃത പരിശോധനാ സംവിധാനവും ഇവിടെ നടപ്പാക്കാൻ സാധിച്ചു. സംരംഭകരുടെ സംശയ നിവാരണത്തിന് ടോൾഫ്രീ, ഹെൽപ്പ്

ഡെസ്ക് എന്നിവ ആരംഭിച്ചതും ഈ കൊച്ചു കേരളത്തിന്റെ വ്യാവസായിക മേഖലയ്ക്ക് പുതുജീവൻ നൽകിയിട്ടുണ്ട്. വൈദ്യുത മേഖലയിൽ വലിയ വികസനമാണുണ്ടായിരിക്കുന്നത്. കാർഷിക വ്യാവസായിക പുരോഗതിക്ക് വൈദ്യുതി അത്യന്താപേക്ഷിതമാണ്. ഈ സർക്കാരിന്റെ കാലത്ത് വൈദ്യുതി മേഖലയിൽ വൻ കുതിച്ചുചാട്ടമാണുണ്ടായിരിക്കുന്നത്. വൈദ്യുതി ആവശ്യമുള്ളതിന്റെ ഭൂരിഭാഗവും ഊർജ്ജ സ്രോതസ്സുകളിൽനിന്നും കണ്ടെത്താനുള്ള നടപടി സ്വീകരിച്ചാൽ നന്നായിരിക്കും. സംസ്ഥാനത്തെ പൂർണ്ണ പുനരുപയോഗ ഊർജ്ജ വ്യവസ്ഥാ സംസ്ഥാനമാക്കി മാറ്റിയതും നല്ല കാര്യമാണ്. മറ്റു സംസ്ഥാനങ്ങളെപ്പോലെ നമ്മുടെ സംസ്ഥാനത്തും ചെറുകിട ജലസേചന പദ്ധതികൾ ആരംഭിക്കുകയാണെങ്കിൽ കൃഷിക്കും ദൈനംദിന ആവശ്യങ്ങൾക്കും ഉപകാരപ്രദമായിരിക്കും. വൈദ്യുതി ഉല്പാദന രംഗത്ത് വൻ കുതിച്ചുചാട്ടത്തിന് വഴിയൊരുക്കാൻ ഈ സർക്കാരിന്റെ ഭരണകാലത്ത് സാധിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ മറ്റു സംസ്ഥാനങ്ങളിൽ പവർകട്ടുണ്ടായപ്പോൾ കേരളത്തിന് മനഃപൂർവ്വം അതിൽനിന്ന് വേറിട്ട് നിൽക്കാൻ സഹായകരമായത് കാര്യക്ഷമമായ പദ്ധതി നടത്തിപ്പ്

കാരണമാണ്. പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി നിരവധി വീടുകളിലും കെട്ടിടങ്ങളിലും സൗരോർജ്ജ പാനലുകൾ സ്ഥാപിച്ചത് ശ്രദ്ധേയമാണ്. സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി ധാരാളം മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. നിരവധി പുനരുപയോഗ ഊർജ്ജ പദ്ധതികളുടെ ഫലമായുണ്ടായ സംരംഭങ്ങൾ ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് സഹായകരമായിട്ടുണ്ട്. സംസ്ഥാനത്ത് കാർഷിക വ്യാവസായിക പുരോഗതി കൈവരിക്കുന്നതിനും അത് ഫലപ്രാപ്തിയിലെത്തിക്കുന്നതിനും വൈദ്യുതി കുറഞ്ഞ നിരക്കിലോ സൗജന്യമായോ സുലഭമായി കർഷകർക്ക് ലഭ്യമാക്കേണ്ടതുണ്ട്. ഒരു നല്ല കൃഷിക്കാരൻ കൂടിയായ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി അതിനുവേണ്ടി മുൻകൈയെടുക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. മൂല്യവർദ്ധിത ഉല്പന്നങ്ങൾ ധാരാളമായി ഉല്പാദിപ്പിക്കുന്നതിനും അതിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ധാരാളം വൈദ്യുതി ആവശ്യമാണ്. ചെറുകിട വ്യവസായ സംരംഭകർക്കും ഇത്തരത്തിൽ വൈദ്യുതി ലഭ്യമാക്കിയാൽ അത് ഗുണകരമായിരിക്കും. കാർഷിക-ചെറുകിട-വ്യാവസായിക മേഖലകൾ വളർച്ച

പ്രാപിച്ചാൽ സംസ്ഥാനത്തെ ഗ്രാമീണ മേഖലയെ സജീവമാക്കാനും വൈദ്യുത മേഖലയിൽ കാര്യമായ നഷ്ടം സംഭവിക്കുന്നതിന് പരിഹാരം കാണാനും കഴിയുമെന്നത് വസ്തുതയാണ്. വൈദ്യുതി വിതരണം ഏതെങ്കിലും തരത്തിൽ തടസ്സപ്പെട്ടാൽ അത് ഉടനെ പരിശോധിച്ച് തടസ്സങ്ങൾ നീക്കി ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് വകുപ്പുതലത്തിൽ സർക്കാർ നല്ലരീതിയിലുള്ള ഇടപെടൽ നടത്തിവരുന്നുണ്ട്. ആദിവാസി മേഖലയിൽ വൈദ്യുതി എത്തിക്കാനുള്ള നടപടി ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്. വനപ്രദേശങ്ങളോട് ചേർന്ന് താമസിക്കുന്ന ജനസമൂഹത്തിന്റെ അടിസ്ഥാന വിഭാഗമായ ആദിവാസി ഊരുകളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുകവഴി വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂട്ടി മനസ്സിലാക്കുന്നതിന് സാധിക്കും. പണ്ടുകാലത്ത് ഇരുട്ടിൽ ഇവയെ കാണാൻ സാധിച്ചിരുന്നില്ല. വൈദ്യുതി തൂണുകളിലെല്ലാം ഇലക്ട്രിക് ചാർജ്ജിംഗ് യന്ത്രങ്ങൾ സ്ഥാപിക്കുന്നതുവഴി മോട്ടോർ വാഹന ഉപയോഗത്തിൽനിന്നും ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുന്ന പ്രവണത വർദ്ധിച്ചിട്ടുണ്ട്; ഇത് ഏറ്റവും സുരക്ഷിതവുമാണ്. അതുകൊണ്ട് ഗ്രാമങ്ങളിലും

നഗരങ്ങളിലും ഇത്തരത്തിൽ വാഹന ചാർജ്ജിംഗ് യന്ത്രങ്ങൾ സ്ഥാപിക്കുന്നത് കൂടുതൽ വ്യാപിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സംസ്ഥാനത്തെ ജനങ്ങളുടെ സാമ്പത്തിക ബാധ്യതകൾ കുറയ്ക്കുന്ന തരത്തിലുള്ള വിവിധ പരിപാടികളുമായി മുന്നോട്ടുപോകുന്ന വൈദ്യുതി മേഖലയിലും ഈ പ്രവർത്തനങ്ങളെല്ലാം ഏറ്റവും കാര്യക്ഷമമായി നടപ്പാക്കുന്നതിന് തീർച്ചയായും ഈ ബഡ്ജറ്റ് ഇവിടെ പാസ്സാക്കി എടുക്കേണ്ടതും പ്രാവർത്തികമാക്കേണ്ടതും ഉചിതവും അത്യാവശ്യവുമാണെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ സമ്പൂർണ്ണമായി പിന്തുണയ്ക്കുന്നു; എന്റെ വാക്കുകൾ നിർത്തുന്നു.

(നടുത്തളത്തിൽ പ്രതിഷേധിച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു.)

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. ബാബു (നെന്മാറ)]

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ഇവിടെ പ്രതിപക്ഷം അനുദിനം അപഹാസ്യരും പരിഹാസ്യരുമാകുന്ന സ്ഥിതിവിശേഷമാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്.

കേരളത്തിലെ വ്യവസായം, വൈദ്യുതി എന്നീ വകുപ്പുകൾ ഏറ്റവും മികച്ച നിലയിൽ ഇതര വകുപ്പുകളോടൊപ്പം മുന്നോട്ടുപോകുകയാണ്. വ്യവസായ വകുപ്പ് കേരളത്തിലെ പുതിയ കാലത്തിനനുസരിച്ച് നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിന് ദീർഘവീക്ഷണത്തോടുകൂടിയ സമഗ്രപദ്ധതികളുമായി മുന്നോട്ടുപോകുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ വിൽക്കാൻ തയ്യാറായി മുന്നോട്ടുവന്നിട്ടുള്ള കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾക്കെതിരെ അവയെ നവീകരിക്കുന്നതടക്കമുള്ള ബദൽ നയങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരും അതിന്റെ ഭാഗമായ വ്യവസായ വകുപ്പും മുന്നോട്ടുപോകുന്നത്. നിരവധി ഉദാഹരണങ്ങൾ നമുക്ക് ചൂണ്ടിക്കാണിക്കാൻ സാധിക്കും. കോട്ടയം, വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ സ്ഥാനത്ത് ഇപ്പോൾ കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചുകൊണ്ട് 1000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടത്താൻ തീരുമാനിച്ചിട്ടുള്ളത്. നാല് ഘട്ടങ്ങളിലായി പൂർത്തീകരിക്കേണ്ട പ്രവർത്തനങ്ങളുടെ രണ്ടുഘട്ടങ്ങൾ ഇതിനകം പൂർത്തീകരിച്ചുകഴിഞ്ഞു.

വെള്ളൂരിൽത്തന്നെ കേരള റബ്ബർ ലിമിറ്റഡ് എന്ന പ്രത്യേക റബ്ബർ അധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന സംരംഭം 1050 കോടിരൂപ ചെലവിൽ സ്ഥാപിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന്റെ നിർമ്മാണോദ്ഘാടനം നിർവ്വഹിക്കുകവഴി റബ്ബർ കർഷകർക്കുവേണ്ടി പ്രത്യേക ഇടപെടൽ നടത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. കേരളത്തിൽ ആയിരക്കണക്കിന് ആളുകൾക്ക് തൊഴിൽ ലഭ്യമാക്കുന്ന സംരംഭമാണ് കേരള റബ്ബർ ലിമിറ്റഡിന്റെ നേതൃത്വത്തിൽ അവിടെ ആരംഭിക്കാൻ പോകുന്നത്. റബ്ബറധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്നങ്ങൾ; അതായത് റബ്ബറിന്റെ ഭാഗമായി ഉല്പാദിപ്പിക്കാൻ കഴിയാവുന്ന എല്ലാ മൂല്യവർദ്ധിത ഉല്പന്നങ്ങളും ഉല്പാദിപ്പിക്കുന്ന ഒരു വലിയ സംരംഭത്തിന് അവിടെ പ്രാരംഭം കുറിക്കുകയാണ്. കാസർഗോഡ് ജില്ലയിലെ ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ് (BHEL) എന്ന സ്ഥാപനത്തെ കേന്ദ്ര ഗവൺമെന്റ് സ്വകാര്യവത്കരിക്കാൻ തീരുമാനിച്ചപ്പോൾ അതിന്റെ 51 ശതമാനം ഷെയറും സംസ്ഥാനം വാങ്ങിയെടുത്ത് കേരളത്തിന്റെ പൊതുമേഖലാ

സംരംഭമായി ആ സ്ഥാപനത്തെ ഉയർത്തിക്കൊണ്ടുവരികയാണുണ്ടായത്. 77 കോടിരൂപ ചെലവിലാണ് ആ സ്ഥാപനം ഏറ്റെടുത്തത്. 14 കോടിയോളം രൂപ, തൊഴിലാളികളുടെ തൊഴിലും കൂലിയും നഷ്ടപ്പെട്ട സാഹചര്യത്തിൽ അവരുടെ നഷ്ടമുൾപ്പെടെ കൊടുത്തുകൊണ്ടാണ് ആ സ്ഥാപനം സംസ്ഥാന സർക്കാർ ഏറ്റെടുത്തത്. അത്തരത്തിൽ മികച്ച പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. സംരംഭക വർഷത്തിന്റെ ഭാഗമായി 1153 സ്ഥാപനങ്ങളിൽ ശില്പശാലകൾ നടത്തുകയും അവിടെ ഇന്റേണുകളെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാൻ തയ്യാറായി വരുന്നവർക്കുവേണ്ടി ശില്പശാലകളും പ്രത്യേക ഹെൽപ്പ് ഡെസ്കുകളും സംഘടിപ്പിച്ച് മുന്നോട്ടുപോകുകയാണ്. അത്തരത്തിൽ എല്ലാ മേഖലകളിലും നിരവധി ഇടപെടലുകൾ നടത്തി മുന്നോട്ടുപോകുന്ന വ്യവസായ വകുപ്പിനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. 41 പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും 354 കോടി രൂപയുടെ ലാഭമാണ് കേരളത്തിനുണ്ടായിട്ടുള്ളത്. വ്യവസായ വകുപ്പിന്റെ കീഴിൽ കഴിഞ്ഞവർഷം 245 ശതമാനം ലാഭവർദ്ധനവാണ് കേരളത്തിനുണ്ടായിട്ടുള്ളത്. നിക്ഷേപ

സൗഹൃദ വ്യാവസായിക അന്തരീക്ഷം കേരളത്തിൽ വലിയ മുന്നേറ്റമാണ് സൃഷ്ടിച്ചിരിക്കുന്നത്. വ്യവസായ വകുപ്പിന്റെ ഇത്തരം പ്രവർത്തനങ്ങളെ പ്രകീർത്തിക്കുന്നതോടൊപ്പം എന്റെ മണ്ഡലവുമായി ബന്ധപ്പെട്ടും സംസ്ഥാനത്തിന്റെ പൊതുവായ വിഷയമെന്ന നിലയിലും ചില കാര്യങ്ങൾ സൂചിപ്പിക്കുകയാണ്. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷൻ ലിമിറ്റഡിന്റെയും സംസ്ഥാന സർക്കാരിന്റെയും ഭാഗമായിരുന്ന ഭ്രമി നാഷണൽ ടെക്സ്റ്റൈൽസ് കോർപ്പറേഷൻ ലിമിറ്റഡ് കൈവശപ്പെടുത്തി ടെക്സ്റ്റൈൽസിന്റെ പ്രവർത്തനം ഏറ്റെടുത്തിരുന്നു. ഇതിലുൾപ്പെടുന്ന 5 സ്ഥാപനങ്ങളും വിശേഷിച്ച് പുതുക്കാട് അസംബ്ലി നിയോജകമണ്ഡലത്തിലെ അളഗപ്പ നഗർ ടെക്സ്റ്റൈൽസും അടച്ചുപൂട്ടിയിരിക്കുകയാണ്. കുറച്ചുനാൾ കഴിയുമ്പോൾ അത് വില്പന നടത്താനുള്ള നടപടികളുമായി മുന്നോട്ടുപോകാമെന്നാണ് കരുതുന്നത്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ആ വിഷയത്തിൽ ഇടപെടുകയും കേന്ദ്രഗവൺമെന്റിന് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ വിൽക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിച്ച് ശക്തമായ ഇടപെടലിലൂടെ നമുക്കത് തിരിച്ചുപിടിക്കാൻ

സാധിക്കണം. ഖാദി ബോർഡ് സ്ഥാപിച്ചതും പല കാരണങ്ങളാൽ പ്രവർത്തന രഹിതമായതുമായ സ്ഥാപനങ്ങളുടെ ഭാഗമായിട്ടുള്ള വസ്തുക്കളെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, ഖാദി ബോർഡ് എന്നിവയുടെ സംയുക്ത സംരംഭങ്ങളാക്കി മാറ്റുന്നതിന് വ്യവസായ വകുപ്പ് ഈ മേഖലയിലെ തൊഴിൽ ദാതാക്കൾക്കുകൂടി ഉപകാരപ്രദമാകുന്ന രീതിയിലുള്ള ഇടപെടൽ നടത്തണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുകയാണ്.

ഈ സർക്കാർ വൈദ്യുതി വകുപ്പിൽ വലിയ മുന്നേറ്റമാണുണ്ടാക്കിയിട്ടുള്ളത്. കേരളത്തിൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പവർക്കട്ടും ലോഡ് ഷെഡ്ഡിംഗുമുണ്ടായിരുന്നു. ഇന്ന് ഉത്തരേന്ത്യയിലെ പല സംസ്ഥാനങ്ങളിലും വൈദ്യുതിയില്ലാത്ത പ്രശ്നങ്ങൾ ഉയർന്നുവരുമ്പോൾ പവർക്കട്ടും ലോഡ്ഷെഡിംഗുമില്ലാത്ത പ്രകാശപൂരിതമായ കേരളം ഇന്ന് മുന്നോട്ടുപോകുകയാണ്. 'നിലാവ്' ഉൾപ്പെടെയുള്ള നിരവധി മികച്ച പദ്ധതികളുമായാണ് വൈദ്യുതി വകുപ്പ് മുന്നോട്ടുപോകുന്നത്. 2023 മേയ് മാസത്തിൽത്തന്നെ 106 മെഗാവാട്ട്

വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുന്ന 3 ജലവൈദ്യുത പദ്ധതികളുടെ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. പള്ളിവാസൽ, തോട്ടിയാർ എന്നീ രണ്ട് ജലവൈദ്യുത പദ്ധതികളിലൂടെ 100 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കപ്പെടുകയാണ്. 106 മെഗാവാട്ട് വൈദ്യുതിയാണ് മേയ് മാസത്തോടുകൂടി അധികമായി ഉല്പാദിപ്പിക്കാൻ പോകുന്നത്. 22-ഓളം ജലവൈദ്യുത പദ്ധതികൾ ഇവിടെ ആരംഭിക്കാനുള്ള നടപടി ആസൂത്രണം ചെയ്തുകഴിഞ്ഞു. 549 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്ന 5 വൻകിട പദ്ധതികളുടെ രൂപരേഖ തയ്യാറാക്കി കഴിഞ്ഞിരിക്കുകയാണ്. ഇത്തരത്തിൽ മികച്ച നേട്ടങ്ങളുമായാണ് വൈദ്യുതി വകുപ്പ് മുന്നോട്ടുപോകുന്നത്. എല്ലാ മണ്ഡലങ്ങളിലും ബാറ്ററി ചാർജ്ജ് ചെയ്ത് ഉപയോഗിക്കാൻ കഴിയുന്ന ഇലക്ട്രിക് വാഹനങ്ങൾക്ക് സംവിധാനമൊരുക്കുന്നുണ്ട്. ഫോർ വീലർ, ടൂ വീലർ, ഓട്ടോറിക്ഷകൾ എന്നീ വാഹനങ്ങൾക്ക് വൈദ്യുതി ചാർജ്ജ് ചെയ്ത് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ പ്രകൃതിസൗഹൃദമായ സംവിധാനങ്ങൾ ഒരുക്കിവരികയാണ്. എന്റെ മണ്ഡലത്തിൽ ഇതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിച്ചുകഴിഞ്ഞതിനാൽ ഉദ്ഘാടനം നടത്തുന്നതിന്

നടപടി സ്വീകരിക്കണം. പല മണ്ഡലങ്ങളിലും അതിന്റെ ഉദ്ഘാടനം നടന്നു കഴിഞ്ഞിട്ടുണ്ടെന്നുള്ളത് നല്ല കാര്യമാണ്. പുതുക്കാട് മണ്ഡലത്തിൽ ഇലക്ട്രിക് ചാർജ്ജിംഗ് സെന്ററുകളുടെ നിർമ്മാണം പൂർത്തീകരിച്ച സാഹചര്യത്തിൽ അതിന്റെ ഉദ്ഘാടനംകൂടി നടത്താനുള്ള നടപടിയുണ്ടാകണം. കൊടും വരൾച്ചയുടെ പ്രത്യേക സ്ഥിതിയിലെത്തി നിൽക്കുന്ന ഘട്ടത്തിൽ വൈദ്യുതി വകുപ്പിനോടുള്ള അഭ്യർത്ഥന ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് നിവേദനമായി നൽകിയിട്ടുണ്ട്. പുതുക്കാട്, ചാലക്കുടി മണ്ഡലങ്ങളിൽ അതിരപ്പിള്ളി പുഴയുടെ നീരൊഴുക്ക് കുറഞ്ഞതിന്റെ ഭാഗമായി ജലലഭ്യതയുടെ പ്രശ്നവുമായി ബന്ധപ്പെട്ട് ഇന്നലെ ജനപ്രതിനിധികൾ ഇറിഗേഷൻ ഓഫീസിൽ പോകേണ്ട അവസ്ഥയുണ്ടായത് അവിടത്തെ ജില്ലാഭരണകൂടത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ആവശ്യമായ ഇടപെടൽ നടത്തുകയും ചെയ്തിട്ടുണ്ട്. പീച്ചി ഉൾപ്പെടെയുള്ള ജലസംഭരണികളിലെ വെള്ളം തുറന്നുകൊടുത്ത് കുറെയേറെ പ്രദേശങ്ങളിൽ പ്രശ്നം പരിഹരിച്ചിട്ടുണ്ടെങ്കിലും മറ്റത്തൂർ, കൊടകര, പറപ്പൂക്കര എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ വെള്ളം ലഭ്യമാകാത്തതും ജനറേറ്ററുകൾ കേടായതുമായ പ്രശ്നമുൾപ്പെടെ

ചൂണ്ടികാണിക്കപ്പെടുന്നത് കണക്കിലെടുത്ത് അത് പരിഹരിക്കുന്നതിന് അടിയന്തര ഇടപെടലുണ്ടാകണം. വൈദ്യുതി ഉല്പാദന യൂണിറ്റിന്റെ ഭാഗമായ സംരംഭങ്ങൾക്ക് അത് ഉല്പാദിപ്പിക്കുന്നതിന് എന്തെങ്കിലും തടസ്സമോ കാലതാമസമോ ഉണ്ടെങ്കിൽ അത് അവിടെ നിൽക്കട്ടെ; പക്ഷേ ജലം തുറന്നുവിടേണ്ടത് അനിവാര്യമാണ്, കാരണം ജലമില്ലാതെ ബുദ്ധിമുട്ടുന്ന സ്ഥിതി അവിടെയുണ്ട്. ആ പ്രശ്നം പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. തെരുവുവിളക്കുകൾക്കുവേണ്ടി വൈദ്യുതി തൂണുകൾ സ്ഥാപിക്കുന്നതിനായി മുൻ വർഷങ്ങളിൽ എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിക്കാൻ കഴിയുമായിരുന്നെങ്കിലും ഇപ്പോഴത് ഉപയോഗിക്കാൻ സാധിക്കുന്നില്ല; കെ.എസ്.ഇ.ബി.-ക്ക് അഡ്വാൻസ് കൊടുക്കണമെന്നാണ് പറയുന്നത്. ഗവൺമെന്റിന്റെ ഭാഗമായി പദ്ധതി പ്രവർത്തനങ്ങൾ അഡ്വാൻസില്ലാതെ ചെയ്യേണ്ടതാണ്. അക്കാര്യത്തിലൊരു തീരുമാനമുണ്ടാക്കുകയും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഇടങ്ങളിൽ ഒറ്റപ്പെട്ടുനിൽക്കുന്ന പാവപ്പെട്ടവരുടെ ഭവനങ്ങളിലേയ്ക്ക് വൈദ്യുതി

എത്തിക്കാനുള്ള സൗകര്യമൊരുക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. വാഴൂർ സോമൻ: സർ, ബഹുമാനപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. കേരളത്തിലെ വ്യവസായ രംഗത്തും വൈദ്യുതി രംഗത്തും നല്ല ദിശാബോധത്തോടെ നേതൃത്വം നൽകുന്ന മന്ത്രിമാരെ പ്രത്യേകം അഭിനന്ദിക്കുകയാണ്. കേന്ദ്ര സർക്കാർ ഈ വർഷം അവതരിപ്പിച്ച ബഡ്ജറ്റിൽ അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ താല്പര്യങ്ങൾക്കെതിരായി, തൊഴിൽ, ഭക്ഷണം, കൃഷി, പെൻഷൻ തുടങ്ങിയ എല്ലാ മേഖലകൾക്കുമുള്ള വിഹിതം വെട്ടിക്കുറച്ചിരിക്കുകയാണ്. തൊഴിലുറപ്പ് പദ്ധതിവിഹിതവും കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പദ്ധതിവിഹിതവും ഭക്ഷ്യ സബ്സിഡിയും വെട്ടിക്കുറച്ചതിലൂടെ ദാരിദ്ര്യവും പട്ടിണിയും വർദ്ധിക്കുന്ന സാഹചര്യമാണ് സംജാതമായിരിക്കുന്നത്. തൊഴിൽമേഖലയെ പൂർണ്ണമായും അവഗണിച്ച കേന്ദ്ര ബഡ്ജറ്റിന്റെ പശ്ചാത്തലത്തിൽ തൊഴിലാളികളോടും കൃഷിക്കാരോടും അനുഭാവ സമീപനം സ്വീകരിച്ച സംസ്ഥാന ബഡ്ജറ്റിനെ അങ്ങേയറ്റം

സ്വാഗതം ചെയ്യുന്നു. വിലക്കയറ്റംകൊണ്ട് പൊറുതിമുട്ടുന്ന ജനതയ്ക്കുമേൽ തീരാദുരിതം അടിച്ചേല്പിക്കുന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചുവരുന്നത്. മൂന്ന് സംസ്ഥാന നിയമസഭകളിലേയ്ക്ക് നടന്ന വോട്ടെടുപ്പിന് പിന്നാലെയാണ് മോദി സർക്കാർ ഈ ദുരന്തം അടിച്ചേല്പിച്ചത്. രണ്ടുവർഷത്തിനുള്ളിൽ ഗാർഹിക സിലിണ്ടറിന് 382 രൂപയും വാണിജ്യ സിലിണ്ടറിന് 556.5 രൂപയുമാണ് അധികരിച്ചിരിക്കുന്നത്. നിലവിൽ പൊതുജനങ്ങൾക്ക് ഗാർഹിക സിലിണ്ടറിന് 1110 രൂപയും വാണിജ്യ സിലിണ്ടറിന് 2243 രൂപയും നൽകേണ്ട ഗതികേടാണുള്ളത്. 2020 ജൂണിൽ ഒരു മുന്നറിയിപ്പുമില്ലാതെയാണ് ബാങ്ക് അക്കൗണ്ടിൽ സബ്സിഡി നൽകുന്നത് അവസാനിപ്പിച്ചത്. ഈ വിഷയത്തിൽ ശക്തമായ പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കാൻ കോൺഗ്രസിന് കഴിയാത്തതെന്താണ്; ഒരു കേന്ദ്രമന്ത്രിക്കെതിരെയെങ്കിലും കരിങ്കൊടി കാണിക്കാൻ ഇവർ ധൈര്യപ്പെടാത്തത് എന്തുകൊണ്ടാണ്? കേന്ദ്രസർക്കാർ 20 ശതമാനം സെസ്സ് ഏർപ്പെടുത്തിയപ്പോൾ സംസ്ഥാന സർക്കാരിന്റെ രണ്ടുരൂപ സെസ്സാണ് വലുതെന്ന് വരുത്തിത്തീർക്കുന്നതിന് മുഖ്യമന്ത്രിക്കെതിരെ കരിങ്കൊടി

പ്രയോഗം നടത്തുന്ന കോൺഗ്രസിന്റെ ഇരട്ടത്താപ്പ് നയം ജനങ്ങൾ പരിഹസിച്ച് തള്ളുകയാണ് ചെയ്തത്. കേരളത്തിലെ ക്ഷേമപെൻഷനുകൾ മുടങ്ങാതിരിക്കുന്നതിനായി ബഡ്ജറ്റിൽ 2 രൂപ ഇന്ധന സെസ്സ് ഏർപ്പെടുത്തിയതിനെതിരെ കലാപം സൃഷ്ടിക്കാൻ ശ്രമിക്കുന്ന കോൺഗ്രസിന്റെ കാപട്യം ഒരിക്കൽക്കൂടി വ്യക്തമാകുന്ന സന്ദർഭമാണിത്.

ജനങ്ങളെ കൊള്ളയടിക്കുന്ന ബി.ജെ.പി.-യെയും അതിന് കൂട്ടുനിൽക്കുന്ന കോൺഗ്രസിനെയും ജനമധ്യത്തിൽ തുറന്നുകാട്ടുന്നതിനുള്ള വിഷയമായാണ് നാം ഇതിനെ കാണേണ്ടത്. വീണ്ടും ജനങ്ങളെ ദുരിതത്തിലാക്കി കുടുംബ ബഡ്ജറ്റിന്റെ താളംതെറ്റിക്കുന്ന, രൂക്ഷമായ വിലക്കയറ്റത്തിനിടയാക്കുന്ന കേന്ദ്ര സർക്കാർ നടപടിക്കെതിരെ ശക്തമായി പ്രതിഷേധിക്കേണ്ടതാണ്. വ്യാജ വാർത്തകൾ സൃഷ്ടിച്ച് ജനങ്ങൾക്കിടയിൽ തെറ്റിദ്ധാരണ പരത്തി ജനകീയ സർക്കാരിനെ അട്ടിമറിക്കാനുള്ള നടപടികളാണ് ചില മാധ്യമങ്ങൾ സ്വീകരിച്ചുവരുന്നത്. വ്യാജ വാർത്തകൾ പ്രചരിക്കുന്ന ഈ കാലത്ത് ഇരയാക്കപ്പെടുന്നത് 'സത്യ'മാണെന്ന് ഇന്ത്യയുടെ ചീഫ് ജസ്റ്റിസ് കഴിഞ്ഞ ദിവസം പറഞ്ഞത് എല്ലാവരും

മുഖവിലയ്ക്കെടുക്കേണ്ടതാണ്. 'ഈശ്വരൻ തെറ്റ് ചെയ്താലും ഞാൻ അത് റിപ്പോർട്ട് ചെയ്യും' എന്നാണ് സ്വദേശാഭിമാനി രാമകൃഷ്ണപിള്ള പറഞ്ഞത്. വ്യാജ വാർത്തകൾ സൃഷ്ടിച്ച് ടെന്റിംഗ് റേറ്റ് ഉയർത്താൻ പരിശ്രമിക്കുന്ന നിലവിലെ വാർത്താചാനൽ നടത്തിപ്പുകാർക്ക് സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ പേരുപോലും ഉച്ചരിക്കാൻ അവകാശമില്ല. സ്വതന്ത്രവും നിർഭയവുമായ മാധ്യമ പ്രവർത്തനത്തിന് എക്കാലത്തും മുന്നിൽനിൽക്കുന്ന സംസ്ഥാനമാണ് കേരളം. വ്യാജ വാർത്തകൾ സൃഷ്ടിച്ച് ജനങ്ങൾക്കിടയിൽ തെറ്റിദ്ധാരണയുണ്ടാക്കുന്നത് കർശനമായി ചെറുക്കണം. വാർത്തകളെ വളച്ചൊടിക്കുന്നതിലും തെറ്റിദ്ധാരണ പരത്തുന്നതിലും ഡോക്ടറേറ്റ് നേടിയിരിക്കുകയാണ് പല നവമാധ്യമങ്ങളും. കഴിഞ്ഞ ദിവസം എനിക്കെതിരെയും അത്തരത്തിലൊരു വാർത്ത സൃഷ്ടിക്കപ്പെട്ടിരുന്നു. തോട്ടം തൊഴിലാളികളുടെ ലയങ്ങൾ നവീകരിക്കാൻ ബഡ്ജറ്റിൽ സർക്കാർ അനുവദിച്ച തുകയുപയോഗിച്ച് സ്ഥിരമായി വീട് നിർമ്മിച്ച് നൽകുവാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം നിയമസഭയിൽ ഉന്നയിച്ചതിനെ ഒരു പ്രധാനപ്പെട്ട പത്രം വളച്ചൊടിച്ച് 'ലയങ്ങളുടെ നവീകരണത്തിന് തടസ്സം

നിൽക്കുന്ന വാഴൂർ സോമനെതിരെ പ്രതിഷേധം' എന്ന തലക്കെട്ടോടെയാണ് പിറ്റേദിവസം വാർത്ത കൊടുത്തത്. ഇതിൽനിന്നും ജനങ്ങൾക്കിടയിൽ തെറ്റിദ്ധാരണയുണ്ടാക്കുന്ന രീതിയിലുള്ള വ്യാജ വാർത്തകൾ സൃഷ്ടിക്കാൻ ചില മാധ്യമങ്ങൾ ബോധപൂർവ്വം ശ്രമിച്ചുവരുന്നുവെന്ന് ഏതൊരു സാധാരണ പൗരനും മനസ്സിലാക്കാൻ സാധിക്കും. ഇക്കൂട്ടരാണ് സർക്കാരിനെതിരെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെയും വ്യാജ വാർത്തകൾ ചമച്ച് അപകീർത്തിപ്പെടുത്താൻ നിരന്തരമായി ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

സംസ്ഥാനത്ത് വനിതാ സംരംഭകരുടെ വൻകുതിച്ചുചാട്ടമാണ് പിണറായി സർക്കാരിന്റെ കാലഘട്ടത്തുണ്ടായത്. കേരളത്തിലെ ഐ.ടി. പാർക്കുകളിൽ ജോലി ചെയ്യുന്ന വനിതകളുടെ എണ്ണം ദേശീയ ശരാശരിക്ക് മുകളിലാണെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. കേരളത്തിലെ മൂന്ന് ഗവൺമെന്റ് ഐ.ടി. പാർക്കുകളിൽ ജോലി ചെയ്യുന്ന 37 ലക്ഷം ജീവനക്കാരിൽ 41.7 ശതമാനവും വനിതകളാണ്. ഇത് ദേശീയ ശരാശരിയുടെ ഏകദേശം 38 ശതമാനം ആയിരിക്കുന്നു. വനിതാ ജീവനക്കാരുടെ എണ്ണത്തിൽ ദേശീയ ശരാശരിക്ക് മുകളിലാണ് നമ്മുടെ സംസ്ഥാനം.

സംരംഭങ്ങൾ ആരംഭിക്കുന്ന വനിതകളെ പ്രത്യേക വിഭാഗമായി കരുതി പദ്ധതി ചെലവിന്റെ 40 ശതമാനം വരെ, പരമാവധി 4,00,000/- രൂപ സബ്സിഡിയായി സംസ്ഥാന സർക്കാർ അനുവദിക്കുന്നു. ടെക്നോളജി ട്രാൻസ്ഫർ സ്കീം, സോഫ്റ്റ് ലോൺ സ്കീം എന്നിവയാണ് വനിതാ സംരംഭകർക്ക് നൽകുന്ന പ്രധാന സാമ്പത്തിക പദ്ധതികൾ. കരകൗശല തൊഴിലാളികൾക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന നടപ്പിലാക്കുന്നതാണ് 'ആഷ' പദ്ധതി (Assisted Scheme for Handicrafts Artisans-ASHA). വനിതകളെ പ്രത്യേക വിഭാഗമായി കണക്കാക്കി അവരുടെ സ്ഥിരനിക്ഷേപത്തിന്റെ 50 ശതമാനം പരമാവധി 3,00,000/- രൂപ സർക്കാർ ഗ്രാന്റായി അനുവദിക്കുന്നു. വനിതാ സംരംഭകരെ സഹായിക്കുന്നതിനായി വനിതാ വികസന കോർപ്പറേഷൻ 6 മുതൽ 8 ശതമാനം വരെ പലിശയ്ക്ക് സംരംഭക വായ്പകൾ അനുവദിച്ചുവരുന്നു. സംരംഭക വർഷ പദ്ധതിയിൽ 43200 വനിതാ സംരംഭങ്ങളാണ് സംസ്ഥാനത്ത് ആരംഭിച്ചത്. വനിതാ വികസന കോർപ്പറേഷൻ മുഖേന സ്ത്രീ സംരംഭകർക്ക് 25,00,000/- രൂപയാണ് വായ്പയായി നൽകിയിരുന്നത്. എന്നാലത് 2023

ഏപ്രിൽ മാസം മുതൽ 50,00,000/- രൂപയായി ഉയർത്താൻ തീരുമാനിച്ച സംസ്ഥാന സർക്കാരിന് അഭിനന്ദനങ്ങളും അഭിവാദ്യങ്ങളും അർപ്പിക്കുന്നു. കേരളത്തിലുടനീളമുള്ള വിദ്യാർത്ഥികളുൾപ്പെടെയുള്ള യുവസംരംഭകർക്ക് നൂതനവും വ്യാപാര യോഗ്യവുമായ സംരംഭം ആരംഭിക്കുന്നതിനാവശ്യമായ മൊത്തം തുകയുടെ 90 ശതമാനം അല്ലെങ്കിൽ 25,00,000/- രൂപയാണ് പ്രാഥമിക മൂലധന സഹായമായി നൽകിവരുന്നത്. സ്ഥിര നിക്ഷേപങ്ങൾക്ക് ജനറൽ വിഭാഗത്തിന് 15 ശതമാനവും പരമാവധി 30,00,000/- രൂപയും വനിതാ എസ്.സി./എസ്.ടി. യുവസംരംഭകർ, എൻ.ആർ.കെ. വിഭാഗത്തിൽപ്പെട്ടവർക്ക് 25 ശതമാനവും പരമാവധി 40,00,000/- രൂപയും മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന വ്യവസായികൾക്ക് 10 ശതമാനം പരമാവധി 10,00,000/- രൂപയും അധിക സഹായം നൽകുന്നു. പത്തനംതിട്ട, ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ പിന്നാക്ക ജില്ലകളിലെ സംരംഭകർക്ക് 10 ശതമാനം പരമാവധി 10,00,000/- രൂപ അധിക ധനസഹായവും നൽകുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പീരുമേട് നിയോജകമണ്ഡലത്തിൽ 20-05-2021 മുതൽ 31-03-

2022 വരെ 94 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളും 01-04-2022 മുതൽ 06-03-2023 വരെ 539 സൂക്ഷ്മ-ചെറുകിട-ഇടത്തരം-വാണിജ്യ മറ്റുസേവനങ്ങളിൽപ്പെട്ട സംരംഭങ്ങളും ഉൾപ്പെടെ ആകെ 639 സംരംഭങ്ങൾ ആരംഭിച്ചിട്ടുള്ള വിവരം അറിയിക്കാൻ ആഗ്രഹിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കാലത്ത് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിലൂടെ കേരളത്തെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും മുൻപന്തിയിൽ എത്തിക്കുവാൻ സാധിച്ചു. അതുപോലെ, എല്ലാവിധ സഹായവും സർക്കാരിൽനിന്ന് നൽകിയതുകൊണ്ടാണ് കേരളത്തിലെ യുവജനങ്ങൾ സംരംഭങ്ങൾ ആരംഭിക്കാനും തൊഴിൽ സാധ്യതകൾ നേടുവാനും മുന്നോട്ടുവരുന്നതെന്നത് എടുത്തുപറയേണ്ടതാണ്. നുണ പ്രചാരണങ്ങളിൽ മുങ്ങിപ്പോകുന്നതല്ല പിണറായി സർക്കാർ. ജനകീയ വിഷയങ്ങളിൽ ഇടപെട്ടുകൊണ്ട് ജനക്ഷേമ പദ്ധതികളുമായി മുന്നോട്ടുപോകുമെന്ന് അറിയിക്കുന്നു.

പരമ്പരാഗത മേഖലയിലെ കശുവണ്ടി, കയർ തുടങ്ങിയ വ്യവസായങ്ങൾക്ക് കാര്യമായ സഹായം ചെയ്യാൻ സർക്കാർ

മുന്നോട്ടുവന്നിട്ടുള്ളത് ആ വ്യവസായത്തെയും അതിൽ പണിയെടുക്കുന്ന തൊഴിലാളികളെയും നല്ലരീതിയിൽ സഹായിക്കുന്നതിന് വേണ്ടിയാണ്. എന്നാൽ തോട്ടം മേഖലയ്ക്ക് ഇക്കാര്യത്തിൽ ഗണ്യമായ സഹായം ലഭ്യമാക്കിയാൽ മാത്രമെ 1990-കളിൽ കോൺഗ്രസിന്റെ ഭരണകാലത്ത് ആരംഭിച്ച നടപടികൾമൂലം തകർന്നുകിടക്കുന്ന ആ വ്യവസായത്തെ മുന്നോട്ടുകൊണ്ടുവരാൻ സാധിക്കുകയുള്ളൂ. ഇടുക്കി ജില്ലയിലെ നിർമ്മാണ മേഖലയിൽ ചില പരിസ്ഥിതിവാദികളുടെയും കോടതിയുടെയും ഇടപെടൽമൂലം പാറഖനനവും മണൽ ഖനനവും നടക്കുന്നില്ല. തമിഴ്നാട്ടിൽനിന്ന് മെറ്റലും പാറയുംമറ്റും കൊണ്ടുവന്ന് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ട ഗതികേടിലാണ് അവിടത്തെ വ്യവസായ രംഗം. അതിന് പരിഹാരം കാണുന്നതിന് സർക്കാർ നടപടി സ്വീകരിക്കണമെന്ന് സൂചിപ്പിക്കുന്നതോടൊപ്പം വ്യവസായ രംഗത്ത് ചടുലമായ മാറ്റത്തിനുവേണ്ടി പരിശ്രമിക്കുന്ന വ്യവസായ വകുപ്പുമന്ത്രിയെയും വൈദ്യുതി വകുപ്പുമന്ത്രിയെയും ഒരിക്കൽക്കൂടി അഭിനന്ദിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, വ്യവസായങ്ങൾ, വൈദ്യുത പദ്ധതികൾ എന്നീ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. കേരളത്തിൽ വ്യവസായ സൗഹൃദ അന്തരീക്ഷമില്ല എന്നാണ് പ്രതിപക്ഷവും ഒരുകൂട്ടം മാധ്യമങ്ങളും നിരന്തരമായി പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ സാഹചര്യം പരിശോധിച്ചാൽ ഇത് വസ്തുതകൾക്ക് നിരക്കുന്നതല്ലെന്ന് ഏത് കൊച്ചുകുട്ടിക്കും മനസ്സിലാകും. കോഴിക്കോട് ജില്ലയിലെ Peekay Steels Castings Pvt Ltd. 1,300 കോടിരൂപ ടേൺ ഓവറുള്ള സ്ഥാപനമാണ്. അത് ലോകത്തിലെ അഞ്ച് പ്രമുഖ കമ്പനികളിൽ ഒന്നാണ്. വ്യവസായ സൗഹൃദം ഇല്ലെങ്കിൽ എങ്ങനെയാണ് Peekay Steels Castings Pvt Ltd.-ന് കോഴിക്കോട് ജില്ലയിൽ വളർന്ന് പന്തലിക്കാൻ സാധിച്ചത്? കോഴിക്കോടുതന്നെയുള്ള വി.കെ.സി. ഗ്രൂപ്പ് പതിനായിരം തൊഴിലാളികൾക്ക് ജോലി നൽകുന്ന 1,250 കോടിരൂപ വിറ്റുവരവുള്ള ഒരു സ്ഥാപനമാണ്. ഇരിങ്ങാലക്കുടയിലെ വജ്റ റബ്ബർ പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, ചന്ദ്രയാൻ, മംഗൾയാൻ ദൗത്യങ്ങൾക്ക് critical component സപ്ലൈ ചെയ്ത ലോകോത്തരമായ സ്ഥാപനമാണ്. 1972-ൽ കോലഞ്ചേരിയിൽ ആരംഭിച്ച

Synthite Industries Private Limited 3,300 കോടിരൂപ വിറ്റുവരവുള്ള ആഗോള ഭീമനായി വളർന്നിരിക്കുന്ന കാഴ്ചയും മൂവാറ്റുപുഴയിലെ ദന്ത്കെയർ ഡെന്റൽ ലാബ് ഏഷ്യയിലെ ഏറ്റവും വലിയ കൃത്രിമ പല്ല് നിർമ്മാണ കമ്പനിയായി അഭിമാനപൂർവ്വം തലയുർത്തി നിൽക്കുന്ന കാഴ്ചയും നമുക്ക് കാണാൻ കഴിയും. അടിമാലിയിലെ Eastern Condiments Private Limited 1,700 കോടിരൂപ വിറ്റുവരവുള്ള സ്ഥാപനമായി വളർന്നിട്ടുണ്ട്. കേരളത്തിൽ വ്യാവസായിക സൗഹൃദാന്തരീക്ഷം ഇല്ലെങ്കിൽ എങ്ങനെയാണ് ഇതെല്ലാം വളർന്നുവന്നത്. Agappe Diagnostics Ltd കോവിഡ് കാലത്ത് ഒന്നേകാൽ കോടി രൂപയുടെ D-Dimer test നടത്തിയ സ്ഥാപനമായി നമ്മുടെ മുമ്പിലുണ്ട്. ഇന്ത്യയിലെ ആദ്യമായി ഗ്രഫീൻ ഉല്പാദിപ്പിച്ച മുരുഗപ്പാ ഗ്രൂപ്പ് കൊച്ചിയിൽ പ്രവർത്തിക്കുന്നുവെന്നതും ശ്രദ്ധേയമാണ്. തിരുവനന്തപുരത്തെ Terumo Penpol Private Limited ദിവസേന ഒന്നര ലക്ഷം ബ്ലഡ് ബാഗ് നിർമ്മിക്കുന്ന സ്ഥാപനമായി വളർന്നുവന്നിട്ടുണ്ട്. ഇത്തരത്തിൽ എത്രയെത്ര സ്ഥാപനങ്ങളാണ് കേരളത്തിൽ പ്രവർത്തിച്ച് മുന്നോട്ടുപോകുന്നത്. 50 സ്ഥാപനങ്ങളെയെങ്കിലും ഇതുപോലെ ലിസ്റ്റ് ഔട്ട് ചെയ്യാൻ നമുക്ക്

കഴിയുമെന്നാണ് ഈയിടെ വ്യവസായ രംഗത്തെ ഒരു വിദഗ്ധൻ പറഞ്ഞത് . അതിനർത്ഥം കേരളം സംരംഭകരുടെ സംസ്ഥാനമാണെന്നാണ്. ലോകത്തെ ഏറ്റവും മികച്ച അഞ്ച് സ്റ്റാർട്ടപ്പ് എക്കോ സിസ്റ്റത്തിൽ ഒന്ന് കേരളമാണ്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ കഴിഞ്ഞ തവണ 28-ാം സ്ഥാനമായിരുന്ന കേരളം ഇത്തവണ 15-ാം സ്ഥാനത്താണ്. നമ്മുടെ വ്യാവസായിക വളർച്ച 17.3 ശതമാനവും അതിൽത്തന്നെയുള്ള മാനുഫാക്ചറിംഗ് ഏരിയയിലെ വളർച്ച 18.3 ശതമാനവുമായി ഉയർന്നിട്ടുണ്ട്. ഇത് കേരള ചരിത്രത്തിലെ എക്കാലത്തെയും എറ്റവും ഉയർന്ന നിരക്കാണെന്ന് നാം മനസ്സിലാക്കണം. ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്നത് ഒന്നര ലക്ഷത്തിനടുത്ത് എത്തിനിൽക്കുന്ന കാഴ്ചയും നാം കാണുന്നുണ്ട്. മിഷൻ 1000 പ്രകാരം, 1000 എസ്.എം.ഇ. (സ്മാൾ ആൻഡ് മീഡിയം എന്റർപ്രൈസസ്)-കളെ കണ്ടെത്തി 100 കോടിരൂപ വിറ്റുവരവുള്ള കമ്പനികളാക്കി മാറ്റുന്നതിനുള്ള കർമ്മപരിപാടികൾ ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നൂറുദിവസംകൊണ്ട് ആവിഷ്കരിച്ച് മുന്നോട്ടുപോകാനുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

യു.ഡി.എഫ്. ഭരണകാലത്ത് 131.6 കോടിരൂപ നഷ്ടത്തിലായിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ ഈ വർഷത്തെ പ്രവർത്തന ലാഭം 386.05 കോടിരൂപയായി ഉയർത്താൻ സാധിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാർ വിൽപ്പനയ്ക്കുവച്ച കോട്ടയം എച്ച്.എൻ.എൽ. (ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ്) ഈ കാലയളവിൽ സംസ്ഥാനം ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദനം ആരംഭിച്ചിരിക്കുന്നു. ദി ഹിന്ദു, ദേശാഭിമാനി തുടങ്ങിയ പത്തിലേറെ പത്രങ്ങൾ ഇവിടെനിന്നും പേപ്പർ ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്. കേന്ദ്ര സർക്കാർ വില്പനയ്ക്കുവച്ച കാസർഗോഡ് KEL Electrical Machines Limited (Formerly BHEL Electrical Machines Limited) എന്ന സ്ഥാപനം സംസ്ഥാന സർക്കാർ ഏറ്റെടുത്തു. ഇപ്പോൾ അമേരിക്ക, യു.എ.ഇ. തുടങ്ങിയ വിദേശ രാജ്യങ്ങളിൽനിന്നും ജനറേറ്റർ നിർമ്മിക്കുന്നതിനുള്ള ഓർഡർ പ്രസ്തുത കമ്പനിക്ക് ലഭിച്ചിരിക്കുകയാണ്. ഇതുവഴി കേരളം ഏറ്റവും മികച്ച സംരംഭക സംസ്ഥാനമാണെന്ന് തെളിയിക്കാനും കഴിഞ്ഞിട്ടുണ്ട്. ഇക്കാര്യങ്ങൾക്കെല്ലാം

നേതൃത്വം കൊടുത്ത നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവിനെയും വകുപ്പിനെയും പ്രത്യേകം അഭിനന്ദിക്കുകയാണ്. വ്യവസായം എന്ന വാക്കിന്റെ അർത്ഥംതന്നെ വലിയതോതിൽ മാറ്റത്തിന് വിധേയമാകുന്ന കാലത്തിലൂടെയാണ് നാം മുന്നോട്ടുപോകുന്നത്. വലിയ മാനുഫാക്ചറിംഗ് സംവിധാനം, ആയിരക്കണക്കിന് തൊഴിലാളികൾ ജോലി ചെയ്യുന്ന കൂറ്റൻ ഫാക്ടറികൾ, പ്രകൃതി സമ്പത്തിന്റെ അളവറ്റ ഉപയോഗം, ഹെക്ടർ കണക്കിന് ഭൂമി തുടങ്ങിയവയായിരുന്നു പഴയ വ്യവസായ സങ്കല്പം. ഇതെല്ലാം ഇപ്പോൾ മാറ്റത്തിന് വിധേയമായിരിക്കുന്നുവെന്നത് നാം കാണണം. നാലാം വ്യാവസായിക വിപ്ലവം (ഫോർത്ത് ഇൻഡസ്ട്രിയൽ റെവല്യൂഷൻ) എന്ന് വിളിക്കപ്പെടുന്ന ദിശയിലൂടെയാണ് നാം കടന്നുപോകുന്നത്. സുസ്ഥിര വികസനവും വിഭവങ്ങളുടെ സന്തുലിത പ്രയോഗവും ഉറപ്പുവരുത്തുന്ന പരിസ്ഥിതി സൗഹൃദ സംരംഭങ്ങൾക്ക് മാത്രമെ ഇനി മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. ഫിസിക്കൽ, ഡിജിറ്റൽ, ബയോളജിക്കൽ എന്നീ ഘടകങ്ങളുടെ സംയോജനമാണ് നാലാം വ്യാവസായിക വിപ്ലവത്തിന്റെ സവിശേഷത.

ആവി എഞ്ചിൻ കണ്ടുപിടിച്ച് വലിയതോതിൽ ഉല്പാദനം നടത്തിയ ഒന്നാംഘട്ടവും വൈദ്യുതിയുടെ ആവിർഭാവത്തോടെ വന്ന രണ്ടാംഘട്ടവും കമ്പ്യൂട്ടറും ഓട്ടോമേഷനും കൊണ്ടുവന്ന മൂന്നാംഘട്ടവും കഴിഞ്ഞ്, നിർമ്മിത ബുദ്ധിയുടെയും ബയോളജിക്കൽ ടെക്നോളജിയുടെയും നാലാം ഘട്ടത്തിലൂടെയാണ് നാം ഇപ്പോൾ കടന്നുപോകുന്നത്. ഈ പശ്ചാത്തലത്തിലാണ് കേരളത്തിന്റെ വർത്തമാന, ഭാവി വ്യവസായവത്കരണ ശ്രമങ്ങളെ രൂപപ്പെടുത്താനും ആസൂത്രണം ചെയ്യാനുമുള്ള ശ്രമങ്ങൾ വേണ്ടത്. നാലാം വ്യവസായ വിപ്ലവത്തിന്റെ അടിസ്ഥാനശിലയായ ഉയർന്ന നിലവാരമുള്ള മനുഷ്യ വിഭവശേഷി വലിയ രീതിയിൽ കൈവരിച്ച ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണെന്നത് അഭിമാനകരമാണ്. ഈ നിലയിൽ വ്യവസായത്തിന് ഏറ്റവും പാകപ്പെട്ട മണ്ണായി കേരളം മാറിയിരിക്കുന്നു. ഏറ്റവും ഗുണനിലവാരമുള്ള മാനുഷിക വിഭവശേഷി എന്ന അടിസ്ഥാന ശക്തിയിൽ ഊന്നിനിന്ന് നാം ആർജ്ജിച്ച ഉയർന്ന ജീവിതനിലവാരം നിലനിർത്തിക്കൊണ്ട് ഉയർന്ന മൂല്യമുള്ള വ്യവസായങ്ങൾ എന്ന ദിശയിലേയ്ക്ക് കേരളത്തിന്റെ വ്യാവസായിക

വികസനത്തെ നയിക്കാൻ ഇടതുപക്ഷ സർക്കാർ ശ്രമങ്ങൾ നടത്തുന്നുവെന്നത് സ്വാഗതാർഹമാണ്. തൊഴിലാളികൾക്ക് ഉയർന്ന വേതനവും ജീവിത നിലവാരവും ഉറപ്പുവരുത്താൻ കഴിയാത്ത, കുറഞ്ഞ മൂല്യമുള്ള വ്യവസായങ്ങൾക്ക് നിലനിൽക്കാൻ കഴിയില്ല എന്ന വസ്തുതകൂടി നാം ഉൾക്കൊള്ളേണ്ടതുണ്ട്. ഈ യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ടാണ് കൈത്തറി, ഖാദി, കയർ, കശുവണ്ടി മുതലായ വ്യവസായ മേഖലകളെ കാണേണ്ടത്. ഈ മേഖലകളെ അത്യന്താധുനികവത്കരിച്ചാൽ മാത്രമെ ടി വ്യവസായങ്ങളെ നമുക്ക് സംരക്ഷിക്കാൻ കഴിയുകയുള്ളൂ. ആധുനിക വ്യവസായത്തിനും സംരംഭകർക്കും അനുയോജ്യമായ niche മാർക്കറ്റാണ് കേരളമെന്ന് ബ്രാൻഡ് ചെയ്യാൻ കഴിയണം. ലോകത്തിലെ വിവിധ മേളകളിൽ പങ്കെടുത്തുകൊണ്ട് ടൂറിസം വകുപ്പ് കേരളത്തെ ബ്രാൻഡ് ചെയ്യുന്നത് നാം കാണുന്നുണ്ട്. ഇന്ത്യയിലെ ഏറ്റവും മികച്ച മാനവ വിഭവശേഷിയുള്ള സംസ്ഥാനമാണ് കേരളം എന്ന വസ്തുത നമുക്ക് അവതരിപ്പിക്കാൻ കഴിയണം. പ്ലസ് ടു മുതലുള്ള പാഠ്യപദ്ധതിയിൽ സംരംഭകത്വം ഒരു വിഷയമായി പഠിപ്പിക്കാൻ കഴിയണം. വർഷാവർഷം

കോടിക്കണക്കിന് രൂപയുടെ ചരക്ക് ഇറക്കുമതി ചെയ്യുന്ന സംസ്ഥാനമാണ് കേരളം. കേരളത്തിനാവശ്യമായ നൂറ് വ്യവസായങ്ങൾ കണ്ടെത്തി അതിന്റെ മാർക്കറ്റിംഗ് സ്റ്റഡിയും കോംപറ്റിറ്റീവ് സ്റ്റഡിയും നടത്തി പ്രോജക്ട് തയ്യാറാക്കി സംരംഭകരെ നമ്മുടെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കാൻ കഴിയണം. ഇന്ത്യയുടെ 1.1 ശതമാനം ഭൂവിസ്തൃതിയുള്ള കേരളത്തിൽ വലിയ തീരമേഖലയാണുള്ളത്. സാങ്കേതിക സഹായത്തോടെ പരമ്പരാഗത മത്സ്യത്തൊഴിലാളികളെക്കൂടി സംഘടിപ്പിച്ച് പി.പി.പി. (പബ്ലിക്-പ്രൈവറ്റ് പാർട്ട്ണർഷിപ്പ്) മാതൃകയിൽ മറൈൻ ഇൻഡസ്ട്രി ആരംഭിക്കാൻ കഴിയുമോ എന്ന് ഗൗരവമായി പരിശോധിക്കേണ്ടതാണ്. വ്യാവസായിക വിപ്ലവത്തെ വരവേൽക്കാൻ ഏറ്റവും പാകപ്പെട്ട മണ്ണായി കേരളം മാറുമ്പോൾ നാം എങ്ങനെ ഇതുവരെയെത്തി എന്ന കാര്യംകൂടി പരിശോധിക്കേണ്ടതാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി എപ്പോഴൊക്കെ കേരളത്തിൽ അധികാരത്തിൽ വന്നിട്ടുണ്ടോ അപ്പോഴെല്ലാമെടുത്ത ഭരണ നടപടികളും ഭരണ നയങ്ങളുമാണ് ഇന്നത്തെ കേരളത്തെ രൂപപ്പെടുത്തിയതെന്ന വസ്തുത നാം കാണേണ്ടതുണ്ട്. 1957-ൽ മഹാനായ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ ആദ്യ

മന്ത്രിസഭ അധികാരത്തിൽ വന്നപ്പോൾ ജനകീയ വിദ്യാഭ്യാസ നയം, ജനകീയ ആരോഗ്യ നയം എന്നിവ ആവിഷ്കരിക്കുകയും ജന്മിത്വത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്ന ഏറ്റവും മാരകമായ നിയമം അന്ന് പാസ്സാക്കുകയും ചെയ്തിരുന്നു. 1967-ലെ സപ്തകക്ഷി മുന്നണി ഭരണകാലത്ത് സമഗ്രമായ ഭൂപരിഷ്കരണ ഭേദഗതി നിയമം പാസ്സാക്കുകയുണ്ടായി. നൂറ്റാണ്ടുകളായി ഗ്രാമീണ മേഖലയിൽ അടിച്ചമർത്തപ്പെട്ടിരുന്ന അടിയാളന്മാരുടെയും തൊഴിലാളികളുടെയും കൈവശക്കാരുടെയും സ്വാതന്ത്ര്യ പ്രഖ്യാപനം കൂടിയായിരുന്നു അത്. 27 ലക്ഷം കൈവശക്കാർക്ക് സ്ഥിരാവകാശവും 6 ലക്ഷം പേർക്ക് കുടികിടപ്പവകാശവും എന്നത് മാത്രമല്ല, നാട്ടിൻ പ്രദേശത്തെ ജന്മികളുടെ സാമ്പത്തികവും സാമൂഹികവുമായ ചൂഷണം എന്നന്നേയ്ക്കുമായി അവസാനിപ്പിക്കാനുള്ള നടപടി കൂടിയായിരുന്നു ഇതെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഇങ്ങനെ കേരളത്തിൽ പല കാലഘട്ടങ്ങളിലും കൊണ്ടുവന്ന പരിഷ്കരണ/ഭരണ നടപടികളാണ് ഇന്ന് മനുഷ്യ വിഭവശേഷിയിൽ ലോകത്തിന്റെ മുന്നിൽ തലയുയർത്തി നിൽക്കാനുള്ള പ്രാപ്തി കേരളത്തിനുണ്ടാക്കിയത്. കോക്കനട്ട് സോണായി നേരത്തെതന്നെ

വ്യവസായ വകുപ്പ് പ്രഖ്യാപിച്ച ജില്ലയാണ് കോഴിക്കോട്. കുറ്റ്യാടി നാളികേര ഇൻഡസ്ട്രിയൽ പാർക്ക് ഉൾപ്പെടെയുള്ള വിവിധ വ്യവസായ പാർക്കുകൾക്ക് ഏകദേശം 31 കോടി രൂപയിലധികം തുക ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ആവശ്യമായ പണം കുറ്റ്യാടി കോക്കനട്ട് ഇൻഡസ്ട്രിയൽ പാർക്കിന് നീക്കിവയ്ക്കുകയും 2026 ഡിസംബറിൽ നിർമ്മാണം പൂർത്തീകരിക്കുമെന്ന് പാർക്കിന് തറക്കല്ലിടുന്ന ഘട്ടത്തിൽ ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സമയബന്ധിതമായി പൂർത്തീകരിക്കാൻ പ്രത്യേകം താത്പര്യം കാണിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, വ്യവസായത്തെ സംബന്ധിച്ച ധനാഭ്യർത്ഥനയിൽ എല്ലാവരും പങ്കെടുത്ത് ചർച്ച ചെയ്യണമെന്നാണ് കേരളീയ സമൂഹം പ്രതീക്ഷിക്കുന്നത്. വ്യവസായ മേഖലയിലുള്ള സമഗ്ര പുരോഗതിയും കുതിച്ചുചാട്ടവും കേരളത്തിന്റെ ഭാവിക്ക് അനിവാര്യമാണെന്ന കാര്യത്തിൽ നാടിനെ സ്നേഹിക്കുന്ന ആർക്കും തർക്കമുണ്ടാകില്ല. അതിലേയ്ക്കായി എല്ലാവരും യോജിച്ച്

പ്രവർത്തിക്കേണ്ടതുണ്ട്. ഭരണ-പ്രതിപക്ഷം തമ്മിൽ തർക്കിക്കേണ്ട പ്രശ്നങ്ങളും രാഷ്ട്രീയമായ വിയോജിപ്പുകളുമൊക്കെയുണ്ടാകാം. എന്നാൽ നാടാകെ ഒന്നിച്ച് നിൽക്കേണ്ട സന്ദർഭങ്ങളിൽ സങ്കുചിത ചിന്താഗതികളുടെ അടിസ്ഥാനത്തിൽ ഇപ്പോൾ പ്രതിപക്ഷം സ്വീകരിക്കുന്ന നിലപാടിന് കേരളം ഒരിക്കലും മാപ്പുനൽകില്ലെന്നാണ് എനിക്ക് ആമുഖമായി സൂചിപ്പിക്കാനുള്ളത്. ഇന്ന് അത്ഭുതകരവും അസാധാരണവുമായ രീതിയാണ് പ്രതിപക്ഷം സ്വീകരിച്ചത്. ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിൽ തീ അണഞ്ഞത് അവരെ വല്ലാതെ ദുഃഖിപ്പിക്കുകയോ അലോസരപ്പെടുത്തുകയോ ചെയ്തുവെന്നാണ് എനിക്ക് തോന്നുന്നത്. സംസ്ഥാനത്തെ ഫയർ ഫോഴ്സ്, പോലീസ്, ആരോഗ്യം തുടങ്ങിയ വിവിധ വിഭാഗങ്ങളുടെയും സന്നദ്ധ പ്രവർത്തകരുടെയും സിവിൽ ഫോഴ്സിന്റെയുമൊക്കെ സമർപ്പണത്തോടെയുള്ള പ്രവർത്തനത്തിന്റെ ഭാഗമായി ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിലെ തീ അണയ്ക്കാൻ കഴിഞ്ഞുവെന്നത് അഭിമാനകരമായ നേട്ടംതന്നെയാണ്. അമേരിക്കയിൽ അലബാമയിൽ മാലിന്യമലയ്ക്ക് തീപിടിച്ചതുസംബന്ധിച്ച് ഇന്നലെ ബഹുമാന്യനായ തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി

സൂചിപ്പിക്കുകയുണ്ടായി. ഇപ്പോഴും ഇന്റർനെറ്റിൽ നോക്കിയാൽ അതിനെക്കുറിച്ച് അറിയാൻ സാധിക്കും. അവിടെ നവംബർ മാസത്തിൽ പതിമൂന്ന് ഏക്കറിലെ മാലിന്യമലയ്ക്ക് തീ പിടിച്ചത് ഇപ്പോഴും അണയ്ക്കാൻ കഴിഞ്ഞിട്ടില്ലെന്നും വീണ്ടും അവിടെ തീ വരുന്നുണ്ടെന്നും കഴിഞ്ഞ ദിവസം അമേരിക്കൻ മീഡിയ റിപ്പോർട്ട് ചെയ്തിരുന്നു. 75 ഏക്കറിൽ 73 മീറ്റർ ഉയരത്തിലുള്ളതാണ് ഡൽഹിയിലെ മാലിന്യമല. ഇന്ത്യയിൽ ഇത്തരത്തിലുള്ള മാലിന്യ മലകളെക്കുറിച്ച് നിരവധി റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടതും ഡൽഹി ബേസ്ഡ് ആയിട്ടുള്ളതുമായ സെന്റർ ഫോർ സയൻസ് ആൻഡ് എൻവയോൺമെന്റ് (സി.എസ്.ഇ.)-ന്റെ റിപ്പോർട്ട് പ്രകാരം ഇത്തരത്തിൽ 3159 മാലിന്യ മലകളാണ് നമ്മുടെ രാജ്യത്തുള്ളത്. അതിൽ 800 മില്യൺ അതായത് ഏകദേശം 80 കോടി ടൺ മാലിന്യമുണ്ടെന്ന് കണക്കാക്കപ്പെടുന്നു. മാലിന്യമലയ്ക്ക് തീ പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ സാധ്യമാകുന്ന കാര്യങ്ങളെല്ലാം ചെയ്യുകയും തീ അണയ്ക്കുന്ന സന്ദർഭത്തിൽ അതിൽ പങ്കെടുത്തവരെ അഭിനന്ദിക്കുകയും ചെയ്യുന്ന നിലപാടായിരുന്നു ഇന്ന്

പ്രതിപക്ഷം സ്വീകരിക്കേണ്ടിയിരുന്നത്. അതിനുപകരം ഇത്തരത്തിലുള്ള രീതി സ്വീകരിച്ചത് അങ്ങേയറ്റം തെറ്റാണ്. പ്രതിപക്ഷത്തിന്റെ അടിയന്തരപ്രമേയ നോട്ടീസ് വായിച്ചാൽത്തന്നെ അതിന്റെ പൊള്ളത്തരം മനസ്സിലാകും. കൊച്ചി കോർപ്പറേഷൻ കൗൺസിലിൽ പങ്കെടുക്കാനെത്തിയ കൗൺസിലർമാരെ തടഞ്ഞ പ്രശ്നമാണ് നോട്ടീസിലുള്ളത്. 'ഇന്ന് ചേരാനിരിക്കുന്ന കൗൺസിലിൽ മേയർ അദ്ധ്യക്ഷത വഹിക്കുന്നു, തങ്ങൾ അതിൽ പങ്കെടുക്കില്ല' എന്ന് എഴുതി പ്രതിപക്ഷ കൗൺസിലർമാർ എല്ലാവരും ഒപ്പിട്ട് നൽകിയതിനുശേഷം കൗൺസിലിൽ പങ്കെടുക്കാൻ പോയവരെ പോലീസ് മർദ്ദിച്ചുവെന്നുപറഞ്ഞ് ഒരു നോട്ടീസുമായി വന്ന് ഈ രൂപത്തിൽ നിയമസഭയെ തടസ്സപ്പെടുത്തുന്ന പ്രതിപക്ഷത്തിന്റെ സമീപനം അങ്ങേയറ്റം ലജ്ജാകരമാണ്. എന്തായാലും അവർ മറുപടിക്ക് നിൽക്കാതെ സഭവിട്ട് പുറത്തുപോയി. മറുപടി പറയുന്ന മന്ത്രിയെ തെരഞ്ഞെടുക്കുന്നതിൽ എന്തോ തർക്കമുണ്ടായി എന്നാണ് ഞാൻ മനസ്സിലാക്കിയത്. അങ്ങനെ തർക്കവും ബഹളവുമായി അവസാനം അവർ ഇറങ്ങിപ്പോയതായാണ് ഞാൻ മനസ്സിലാക്കുന്നത്; അതാണവരുടെ രീതി.

കേരളത്തെപ്പോലൊരു സംസ്ഥാനത്തിൽ ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് ഒന്നിച്ചുനിന്ന് പ്രവർത്തിക്കാനാണ് നമ്മുടെ നാട് ആവശ്യപ്പെടുന്നത്. രണ്ട് കാര്യങ്ങൾ യു.ഡി.എഫ്.-നെ അലോസരപ്പെടുത്തിയിട്ടുണ്ടാകും. ഒന്ന്, ഏഴ് വർഷത്തെ മാലിന്യം സംബന്ധിച്ച മുഴുവൻ കണക്കുകളും രേഖകളും ലഭ്യമാക്കാൻ ഇന്നലെ കോടതി ആവശ്യപ്പെട്ടത് സഭയ്ക്കകത്തും പുറത്തുമുള്ള ചില കോൺഗ്രസ്സുകാരുടെ ഉറക്കം കെടുത്തിയിട്ടുണ്ട്. രണ്ട്, ഇന്നലെ കോടതി കൊച്ചി നഗരസഭയ്ക്കെതിരായ ഉത്തരവുകളുടെ സ്റ്റേ നീക്കി; അതായത് ഗ്രീൻ ട്രിബ്യൂണലിന്റെ ഉത്തരവിന് ഹൈക്കോടതി സ്റ്റേ നൽകിയിരുന്നു. ആറുമാസത്തിനുള്ളിൽ ബ്രഹ്മപുരത്ത് പുതിയ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കണമെന്ന് 2018 ഒക്ടോബർ 23-ന് ഗ്രീൻ ട്രിബ്യൂണൽ ഉത്തരവിട്ടിരുന്നു. അന്നത്തെ കോർപ്പറേഷൻ ഭരണസമിതി അതിന് കോടതിയിൽനിന്നും സ്റ്റേ വാങ്ങുകയുണ്ടായി. അന്ന് യു.ഡി.എഫ്. നയിച്ച ഭരണസമിതി നൽകിയ ഉറപ്പുകളുടെ 30 ശതമാനമെങ്കിലും നടപ്പാക്കിയിരുന്നെങ്കിൽ ഇപ്പോഴുണ്ടായ ദുരിതമുണ്ടാകില്ലെന്നായിരുന്നു കോടതി വ്യക്തമാക്കിയത്. മാതൃഭൂമി

ഉൾപ്പെടെയുള്ള എല്ലാ ദിനപത്രങ്ങളിലും ഈ വാർത്ത റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇപ്പോൾ അതിന്റെ പാപഭാരം പുറത്തേയ്ക്ക് വരുമോ എന്ന ഭയമുള്ളതുകൊണ്ട് ഇത്തരം കാര്യങ്ങൾ തെറ്റായ രൂപത്തിൽ ചർച്ചയിലേയ്ക്ക് വലിച്ചിഴയ്ക്കാനുള്ള നീക്കം ഇതിന് പുറകിലുണ്ടാകുമെന്നാണ് സംശയിക്കുന്നത്. ബ്രഹ്മപുരത്ത് ഫയർഫോഴ്സ് അഭിമാനകരമായ പ്രവർത്തനമാണ് നടത്തിയത്. ദുരന്ത സന്ദർഭത്തിൽ നമ്മൾ അവിടെ ഓടിയെത്തിയിരുന്നു; നമ്മുടെ പിറകിൽ ഇവരെല്ലാവരും വരികയും ചെയ്തു. ദുരന്തഘട്ടങ്ങളിൽ ചെയ്യേണ്ടത് അതല്ലെന്ന് കേരളം പല ഘട്ടങ്ങളിലും തെളിയിച്ചിട്ടുണ്ട്. യു.ഡി.എഫ്. എം.എൽ.എ.-മാർ അവിടെ സന്ദർശനം നടത്തിയശേഷം ഒരു ജനപ്രതിനിധിയുടെ വീഡിയോ വൈറലായി വന്നിട്ടുണ്ട്. അതിൽ അദ്ദേഹം ഫയർഫോഴ്സിനെ അധിക്ഷേപിക്കുകയാണ്; 'നിങ്ങളെക്കൊണ്ട് തീ അണയ്ക്കാൻ പറ്റില്ല, നിങ്ങൾ അതാണ് റിപ്പോർട്ട് ചെയ്യേണ്ടത്, നിങ്ങളവിടെ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്; തീ കത്താൻ തുടങ്ങിയിട്ട് എത്ര ദിവസമായി; ആദ്യത്തെ ദിവസം നിങ്ങൾ തീ അണച്ചോ' തുടങ്ങിയ ചോദ്യങ്ങളാണ് ഉന്നയിക്കുന്നത്. "എന്നാൽ ഞങ്ങൾ അങ്ങയെ ഏല്പിക്കാം, ഒരു

മാസംകൊണ്ടെങ്കിലും തീ അണച്ചുതരൂ" എന്ന് ഗതികെട്ട് ഒരാൾ ചെറിയ ശബ്ദത്തിൽ പറയുന്നതും അതിൽ കേൾക്കാൻ സാധിക്കുന്നു. ജീവനുപോലും ഭീഷണിയുണ്ടാകുന്ന ഈ പ്രത്യേക സാഹചര്യത്തിൽ രാത്രിയെന്നോ പകലെന്നോ വ്യത്യാസമില്ലാതെ സമർപ്പണത്തോടെ ജോലിചെയ്യുന്ന ഫയർ ഫോഴ്സിന്റെ ആത്മധൈര്യം കെടുത്താൻ ശ്രമിച്ചിരുന്നവർക്ക് തീ അണഞ്ഞപ്പോഴുണ്ടായ ദുഃഖമാണ് ഇത്തരത്തിലുള്ള അപഹാസ്യമായ പ്രവൃത്തികളിലേയ്ക്ക് അവരെ എത്തിച്ചിരിക്കുന്നത്. ഞങ്ങൾ ആദ്യ ദിവസം ചർച്ച ചെയ്തപ്പോൾ അവിടത്തെ മുൻ ഡെപ്യൂട്ടി മേയറായിരുന്ന ശ്രീ. ടി. ജെ. വിനോദ് പറഞ്ഞത്, കാർബൺ ഡൈഓക്സൈഡ് ഉപയോഗിക്കാം, വെള്ളം ഉപയോഗിച്ചാൽ പുകവരും എന്നാണ്. 110 ഏക്കറിലാണ് ഈ പ്ലാന്റ് സ്ഥിതിചെയ്യുന്നത്. 2020-ലെ റിപ്പോർട്ട് പ്രകാരം യു.ഡി.എഫ്.-ന്റെ കാലത്ത് 43 ഏക്കറിലാണ് മാലിന്യമലയുണ്ടായിരുന്നത്. അവിടെ തുറന്ന സ്ഥലമായതുകൊണ്ട് കാർബൺ ഡൈഓക്സൈഡ് ഉപയോഗിക്കുന്നത് പ്രായോഗികമല്ല. കൃത്രിമ മഴ പെയ്യിച്ചുകൂടെ എന്നാണ് ബഹുമാന്യനായ പ്രതിപക്ഷനേതാവ് രണ്ടാമതായി ചോദിച്ചത്? ഞങ്ങൾ അതിനുമുമ്പുതന്നെ

അതിനെക്കുറിച്ച് ചർച്ച ചെയ്തിരുന്നു. ഞാൻ കഴിഞ്ഞ സഭയിലുണ്ടായിരുന്ന ആളല്ല, ഈ സഭയിലെ പുതിയ ആളാണ്. കൃത്രിമ മഴ സംബന്ധിച്ച വിഷയം 2017-ൽ നിയമസഭ ചർച്ച ചെയ്തപ്പോൾ അങ്ങനെ മഴ പെയ്യിക്കാൻ നോക്കാമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിരുന്നത്. ഇന്ത്യയിലെ പല സംസ്ഥാനത്തും അത്തരത്തിൽ ശ്രമിച്ചിട്ടും വിജയിച്ചിട്ടില്ലെന്നും ഇത്രയും ചെലവ് വരുന്നതിനെക്കുറിച്ച് നിങ്ങൾ ആലോചിക്കേണ്ടതുണ്ടെന്നുമാണ് യൂണിയൻ ഗവൺമെന്റ് മറുപടി നൽകിയത്. വരൾച്ച രൂക്ഷമായ ഘട്ടത്തിൽ ഇത് നിയമസഭ ചർച്ച ചെയ്ത് തീരുമാനിച്ചതാണ്. എന്നാലും ഞങ്ങൾ വിദഗ്ദ്ധരുമായി ചർച്ച ചെയ്തപ്പോൾ ചില രാജ്യങ്ങളിൽ കൃത്രിമ മഴ പെയ്യിക്കുന്നുണ്ടെന്നാണ് അവർ പറഞ്ഞത്. പക്ഷേ ഈ നടുത്തളത്തിലോ ഹാളിലോ അത് പെയ്യിക്കണമെന്ന് വിചാരിച്ചാൽ സാധിക്കില്ല, കാറ്റിനനുസരിച്ച് കൃത്രിമ മഴ പെയ്യിച്ച സ്ഥലങ്ങളിൽത്തന്നെ പ്രശ്നമുണ്ട്. ബ്രഹ്മപുരത്തെ പ്രശ്നമെന്ന് പറയുന്നത്, 5-6 മീറ്റർ അടിയിലേയ്ക്കാണ് തീ നിൽക്കുന്നത്. അത്രയും താഴ്ചയിലേയ്ക്ക് ഇളക്കി മറിച്ച് അതിലേയ്ക്ക് വെള്ളം പമ്പ് ചെയ്താൽ മാത്രമെ തീ അണയ്ക്കാൻ സാധിക്കുകയുള്ളൂ. ഏകദേശം തീ

അണഞ്ഞുവെന്ന് ഞങ്ങൾ പത്രസമ്മേളനങ്ങളിലും പറഞ്ഞിട്ടുണ്ട്. തീ അണഞ്ഞുവെന്ന് കരുതി പോകുമ്പോൾ വീണ്ടും തീയുണ്ടാകുന്ന സ്ഥിതിയാണുള്ളത്. അങ്ങനെയാണ് Poclain, JCB, floating JCB തുടങ്ങിയവ കൊണ്ടുവരികയും അവ ഉപയോഗിച്ച് ഇളക്കിമറിക്കുകയും ചെയ്തത്. ആലപ്പുഴയിൽനിന്ന് പമ്പ് കൊണ്ടുവന്ന് ലഭ്യമാകുന്ന സ്ഥലങ്ങളിൽനിന്നെല്ലാം വെള്ളം ചീറ്റാനുള്ള സംവിധാനങ്ങളുണ്ടാക്കുകയും ചെയ്തു. എല്ലാ രീതികളും പരീക്ഷിച്ചതിന് ശേഷമാണ് ഈ രീതി പ്രയോഗിച്ച് തീ അണയ്ക്കാൻ സാധിച്ചത്. തീ അണയ്ക്കുന്നതിനായി ഏറ്റവും ശരിയായ രീതിതന്നെയാണ് ഫയർ ഫോഴ്സ് സ്വീകരിച്ചത്. അതുപോലെ, air compressed foam ഉപയോഗിച്ചും തീയണയ്ക്കാൻ സാധിക്കും. കാരണം, പ്ലാസ്റ്റിക് കത്തുമ്പോൾ foam മുകളിലിട്ടാൽ ഓക്സിജനുമായുള്ള സമ്പർക്കം കുറയുകയും തീ അണയുകയും ചെയ്യും. അങ്ങനെയുള്ള രീതിയും സ്വീകരിക്കാറുണ്ട്. അത് രണ്ട് ഏക്കറിൽ കുറവുള്ള സ്ഥലങ്ങളിൽ മാത്രമെ പ്രായോഗികമാകുകയുള്ളൂ. എന്നാൽ ഈ foam പൊട്ടിയാൽ അതിനേക്കാളേറെ പ്രശ്നമുണ്ടാകുകയും ചെയ്യും. ഇത്തരം കാര്യങ്ങളെക്കുറിച്ച്

വിദേശത്തുപോലും ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച ഈ രീതി ശാസ്ത്രീയമാണെന്ന് വിലയിരുത്തിയതിന്റെ ഭാഗമായാണ് നമുക്ക് വിജയിക്കാൻ കഴിഞ്ഞത്. എന്നാലും 48 മണിക്കൂർ ജാഗ്രത വേണമെന്ന് തീരുമാനിച്ചിട്ടുണ്ട്. Landfill ചെയ്ത ചില സ്ഥലങ്ങളിൽ പെട്ടെന്ന് തീ പിടിക്കുന്ന സ്ഥലങ്ങളുണ്ട്. കുറേക്കാലമായി മണ്ണിനടിയിൽ കിടക്കുന്ന പ്ലാസ്റ്റിക് വേസ്റ്റുകളുടെ പ്രതിപ്രവർത്തനത്തിന്റെ ഭാഗമായുണ്ടാകുന്ന മീഥൈൻ പോലുള്ള വാതകങ്ങൾ തീപിടിത്തത്തിന് കാരണമാകുന്നുണ്ട്. ആ ജാഗ്രതകൂടി കണക്കിലെടുത്ത് ഫയർഫോഴ്സ് 48 മണിക്കൂർകൂടി അവിടെ തുടരുകയാണ്. ഇത്തരം കാര്യങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം കാര്യങ്ങൾ ചെയ്യണമെന്ന് ചർച്ചചെയ്ത് യോജിച്ചുപോകുന്നതിനും മാലിന്യ സംസ്കരണത്തിന്റെ ശാസ്ത്രീയമായ കർമ്മപദ്ധതിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുംവേണ്ടിയുള്ള നിലപാടാണ് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഇന്നലെ സ്വീകരിച്ചത്. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം മാലിന്യ സംസ്കരണത്തിന്റെ കർമ്മ പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടിയാണ് ഇന്നലെ കൗൺസിൽ വിളിച്ചത്. എന്നാൽ

ആ കൗൺസിലിൽ പങ്കെടുക്കാതിരിക്കുന്ന സമീപനമാണ് ഇന്നലെ യു.ഡി.എഫ്. സ്വീകരിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ ഇന്നിവിടെ ബഹിഷ്കരണം നടത്തിയത് അങ്ങേയറ്റം തെറ്റായിപ്പോയി. ഇന്നത്തെ കാലഘട്ടത്തെ ശരിയായി നോക്കിക്കാണുന്നവർ; പ്രത്യേകിച്ചും പുതിയ തലമുറ ഇത്തരം സമീപനങ്ങളോട് യോജിക്കില്ല. അവർക്കൊപ്പം നിൽക്കുന്നവരും ഇതിനെ തള്ളിപ്പറയുമെന്നുതന്നെയാണ് കരുതുന്നത്. നേരത്തെ സംരംഭക സംഗമം എറണാകുളത്ത് സംഘടിപ്പിച്ചപ്പോൾ തലേദിവസംവരെ വരുമെന്ന് പറഞ്ഞിരുന്നവർ അന്ന് വന്നില്ല. ഇതിനെക്കുറിച്ച് സൂചിപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ ഞാൻ രാവിലെ വിളിച്ചിരുന്നു. ഇതിൽ പങ്കെടുക്കാൻ പാടില്ലെന്നു പറഞ്ഞ് അവർക്കൊരു വിപ്പ് വന്നിട്ടുണ്ടെന്ന് എം.എൽ.എ.-മാർ പറയുകയുണ്ടായി. ഇതിൽ വരുന്നവരിൽ നല്ലൊരു പങ്കും നിങ്ങളുടെ രാഷ്ട്രീയത്തിൽ വിശ്വസിക്കുന്നവർ ആയിരിക്കുമെന്നും ഞങ്ങളുടെ രാഷ്ട്രീയ സംരംഭകരൊന്നും അധികമുണ്ടാകില്ലെന്നും നിങ്ങളുടെ മണ്ഡലത്തിലെയും മറ്റുമുള്ള നിങ്ങളുടെ ആളുകൾ ആയിരിക്കുമല്ലോ അവിടെ വരുന്നതെന്നും

അപ്പോൾ നിങ്ങൾക്ക് അവരെ അഭിസംബോധന ചെയ്യാൻ ലഭിക്കുന്ന അവസരമല്ലേയെന്നും ഞാൻ അവരോട് പറഞ്ഞപ്പോൾ അവരിൽ നല്ലൊരു പങ്ക് ആളുകളും പറഞ്ഞത്, 'ഞങ്ങൾക്ക് താൽപര്യമുണ്ട്, പക്ഷേ പാർട്ടിയുടെ തീരുമാനം ഇങ്ങനെയായിപ്പോയി' എന്നാണ്. ആ സമീപനം കേരളത്തിന് ഗുണം ചെയ്യുന്നതല്ല. വ്യവസായത്തിന്റെ കാര്യത്തിൽ നല്ലൊരു അന്തരീക്ഷം രൂപംകൊള്ളുന്നുണ്ട്. അതിൽ ജനപ്രതിനിധികൾ, പഞ്ചായത്ത്/ മുനിസിപ്പൽ/ കോർപ്പറേഷൻ ഭരണ സമിതികൾ, എം.എൽ.എ.-മാർ, എം.പി.-മാർ തുടങ്ങി എല്ലാവരും പൊതുവേ കക്ഷി രാഷ്ട്രീയത്തിനതീതമായ നിലപാട് സ്വീകരിക്കുന്നുണ്ട്. അത് ശക്തിപ്പെടുത്തി മുന്നോട്ടുപോയാൽ മാത്രമെ ഉല്പാദന രംഗത്ത് നമ്മുടെ നാടിന് പുരോഗതിയുണ്ടാകുകയുള്ളൂ. ജി.എസ്.ടി. വന്നതിനുശേഷമുള്ള സാമ്പത്തിക വിഭവ സമാഹരണ പരിമിതികൾ മറികടക്കണമെങ്കിൽ ഉല്പാദനം വർദ്ധിക്കണം. ഉല്പാദനം വർദ്ധിക്കുന്നതിന്റെ ഭാഗമായി വ്യത്യസ്ത സ്വഭാവങ്ങളിലുള്ള നികുതികളിലുണ്ടാകുന്ന വർദ്ധനവായിരിക്കും നമ്മുടെ ആഭ്യന്തര വിഭവസമാഹരണത്തിനും സമ്പദ്ഘടനയുടെ ചലനാത്മകതയ്ക്കും

സഹായകരമാകുന്നത്. അതിനെല്ലാവരും ഒരുമിച്ചുനിൽക്കണം. അതിനുള്ള നല്ല സൂചകങ്ങളാണ് ഇപ്പോൾ കണ്ടിട്ടുള്ളത്. കുറെ കാലങ്ങൾക്കുശേഷം വ്യവസായ മേഖലയ്ക്ക് 17.3 ശതമാനം വളർച്ചയുണ്ടാക്കാൻ കഴിഞ്ഞുവെന്നത് എടുത്തുപറയേണ്ട കാര്യമാണ്. അതിൽത്തന്നെ ശ്രദ്ധേയമായത്, ആഭ്യന്തര ഉൽപാദനത്തിന്റെ/സ്റ്റേറ്റ് ജി.ഡി.പി.-യുടെ വളർച്ചാ നിരക്ക് 12 ശതമാനമാകുമ്പോൾ 17.3 ശതമാനത്തെക്കാളും വളരെ ഉയർന്ന രീതിയിലേയ്ക്ക് വ്യവസായ മേഖലയ്ക്ക് വളർച്ചയുണ്ടായി. വ്യവസായ മേഖലയിലുണ്ടായ ഈ കുതിച്ചുചാട്ടമാണ് സമ്പദ്ഘടനയുടെ 12 ശതമാനം വളർച്ചയ്ക്ക് സഹായകരമായ പ്രധാനഘടകം. കേരളത്തിന്റെ വ്യവസായ മേഖല എപ്പോഴും സേവന മേഖലയിലാണ് കൂടുതലും കേന്ദ്രീകരിക്കുന്നത് എന്നത് ഒരു പരിമിതിയാണ്. എന്നാൽ ഈ മേഖലയ്ക്ക് പൊതുവേ മാനുഫാക്ചറിംഗ് സെക്ടറിന്റെ കോൺട്രിബ്യൂഷൻ കുറവാണ്. കേരള ചരിത്രത്തിൽ സമാനതകളില്ലാത്ത പുരോഗതി (18.9 ശതമാനം) മാനുഫാക്ചറിംഗ് സെക്ടറിലുണ്ടായി എന്നുള്ളത് എടുത്തുപറയേണ്ട നേട്ടമാണ്. ഇവിടെ ബഹുമാന്യരായ അംഗങ്ങളിൽ പലരും അതിന്റെ ഉദാഹരണങ്ങൾ

സൂചിപ്പിക്കുകയുണ്ടായി. ഞങ്ങളിപ്പോൾ ഒരു ഡാറ്റാബേസ് ശക്തിപ്പെടുത്തുന്നുണ്ട്; എന്നാൽ അതിൽ നമുക്ക് കുറച്ച് കുറവുകളുണ്ട്. ഇത്തരം വിവരങ്ങളൊന്നും വേണ്ടത്ര രീതിയിൽ സമൂഹത്തിലേയ്ക്കെത്തുന്നില്ല. കഴിഞ്ഞ ദിവസം ഞാൻ പങ്കെടുത്ത പരിപാടിയിൽ ഉണ്ടായിരുന്ന ഒരു കമ്പനിയുടെ ടേൺ ഓവർ 3,300 കോടി രൂപയായിരുന്നു. കേരളത്തിലെ മാനുഫാക്ചറിംഗ് രംഗത്ത് അത്രയും ടേൺ ഓവറുള്ള കമ്പനിയുണ്ടെന്നത് മഹാഭൂരിപക്ഷത്തിനും അത്ഭുതകരമാണ്. ഇത്തരം കാര്യങ്ങളെക്കുറിച്ച് നല്ല ധാരണയുണ്ടെന്ന് കരുതുന്നവർപോലും ഈ കമ്പനിയെക്കുറിച്ച് കേട്ടിട്ടുണ്ടോ? ഇത് 2,000 കോടി രൂപ ടേൺ ഓവറുള്ള ഏഷ്യയിലെതന്നെ പ്രധാനപ്പെട്ട കമ്പനിയാണെന്ന് പറയുമ്പോഴും അതിനെക്കുറിച്ച് ആദ്യമായി കേൾക്കുന്നവരും ഉൾപ്പെടുന്നുണ്ട്. അത് അവരുടെ കുറ്റമല്ല, നിർമ്മിക്കപ്പെടുന്ന പൊതുബോധം അതാണ്. ചെറിയ പ്രശ്നങ്ങളുണ്ടാകുമ്പോൾ അതിനെ വല്ലാതെ പർവ്വതീകരിക്കുന്നതിനുപകരം അതിലെ പോസിറ്റീവായ കാര്യങ്ങൾ നന്നായി അവതരിപ്പിക്കാൻ കഴിയണം. ഇവിടെ ബഹുമാന്യരായ അംഗങ്ങൾ ചൂണ്ടിക്കാട്ടിയത് വളരെ ശരിയാണ്. കേന്ദ്ര നയം

സ്വകാര്യവത്കരണമാണ്. കേന്ദ്ര നയം പൂർണ്ണമായും ഭരണ സംവിധാനങ്ങൾ പിൻവലിയുക എന്നതാണ്. അതിൽനിന്ന് വ്യത്യസ്തമായ സമീപനമാണ് കേരളം സ്വീകരിക്കുന്നത്. ബഹുമാന്യരായ നിരവധി അംഗങ്ങൾ കെ.പി.പി.എൽ. (കേരള പേപ്പർ പ്രോഡക്ട് ലിമിറ്റഡ്)-നെക്കുറിച്ച് ചൂണ്ടിക്കാണിക്കുകയുണ്ടായി. മൂന്നരവർഷത്തോളം പൂട്ടിക്കിടന്നിരുന്ന ഒരു പേപ്പർ കമ്പനിയെ, ഗവൺമെന്റ് എന്നല്ല, ഏതെങ്കിലും ഒരു സ്ഥാപനം വീണ്ടെടുത്ത് ഉല്പാദനം ആരംഭിച്ച് വിജയം നേടിയത് ഒരുപക്ഷെ ലോകചരിത്രത്തിൽതന്നെ ആദ്യമായിരിക്കുമെന്നത് എനിക്ക് ഈ സഭയിൽ അഭിമാനത്തോടുകൂടി പറയാൻ സാധിക്കും. ഈ സർക്കാർ അഭിമാനത്തോടുകൂടി മറ്റൊരു കാര്യംകൂടി ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഇവിടെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് അടച്ചുപൂട്ടിയ സന്ദർഭത്തിൽത്തന്നെ ആസാമിൽ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻ ലിമിറ്റഡിന്റെ രണ്ട് ഫാക്ടറികളും അടച്ചുപൂട്ടുകയുണ്ടായി. 'Death toll in Assam Paper mill' എന്ന് മാത്രം ഗൂഗിളിൽ സെർച്ച് ചെയ്താൽ മതി, അപ്പോൾ മറുപടി കിട്ടും. 105 തൊഴിലാളികളാണ് ആസാമിൽ പേപ്പർ മിൽ അടച്ചുപൂട്ടിയതിന്റെ

പേരിൽ മരണപ്പെട്ടതെങ്കിൽ കേരളത്തിലെ പേപ്പർ കമ്പനിയെ ഏറ്റെടുത്ത് പുതിയ കമ്പനി രൂപീകരിച്ച് എല്ലാ തൊഴിലാളികളെയും സംരക്ഷിക്കുന്ന സമീപനമാണ് കേരളം ഇന്ത്യയ്ക്ക് നൽകുന്ന ബദൽ. അവിടെ 105 പേർ മരണപ്പെട്ടുവെന്നുള്ളത് ടൈംസ് ഓഫ് ഇന്ത്യയുടെ റിപ്പോർട്ടാണ്. ആസാമീസ് പത്രങ്ങളിലും അത് കാണാൻ സാധിക്കും. ഇപ്പോൾ ആ സ്ഥാപനം സർക്കാർ ഏറ്റെടുത്ത് എല്ലാ തൊഴിലാളികൾക്കും ആനുകൂല്യം കൊടുത്തുവിട്ടശേഷം റിയൽ എസ്റ്റേറ്റ് താല്പര്യങ്ങൾക്ക് വിനിയോഗിക്കുകയാണ്. എന്നാൽ കേരളത്തിൽ കമ്പനി ഏറ്റെടുത്ത് പുതിയ കമ്പനി രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചു. ഇപ്പോൾ ഇന്ത്യയിലെ വിവിധ ഭാഷകളിലുള്ള 22 പത്രങ്ങൾ അച്ചടിക്കുന്നത് കെ.പി.പി.എൽ.-നിന്നും പുറത്തിറങ്ങുന്ന പേപ്പറിലാണ്. ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട പത്ര പ്രസാധന ഗ്രൂപ്പാണ് Dainik Bhaskar. അവരുടെ 5000 ടൺ ഓർഡറാണ് കഴിഞ്ഞ ദിവസം കെ.പി.പി.എൽ.-ന് ലഭിച്ചത്. ഇതുവരെ 11 കോടി രൂപയുടെ വിറ്റുവരവുണ്ടായി. ഈ സാമ്പത്തിക വർഷാവസാനത്തോടുകൂടി 40 കോടി രൂപയുടെ വിറ്റുവരവും പ്രവർത്തന ലാഭവും കൈവരിക്കാൻ

കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. കെ.പി.പി.എൽ. നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. അതൊരു ബ്രേക്ക് ഈവനിലേയ്ക്ക് എത്തിക്കഴിഞ്ഞാൽ തൊഴിലാളികളെ സ്ഥിരം സ്വഭാവത്തിലേയ്ക്ക് മാറ്റാനുള്ള തീരുമാനം നടപ്പിലാക്കുമെന്ന് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എന്നാൽ ന്യൂസ് പ്രിന്റിന് ഒരു ശതമാനം മാത്രമെ വളർച്ചാ നിരക്കുള്ളൂ. അതിൽ മാത്രം കേന്ദ്രീകരിക്കാനല്ല കമ്പനി ഉദ്ദേശിക്കുന്നത്. ടിഷ്യൂ പേപ്പർ പോലെയുള്ള പ്രീമിയം പ്രോഡക്ടുകൾ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ഗ്രോത്ത് റേറ്റ് വരുന്നത് പായ്ക്ക് ചെയ്യാൻ ഉപയോഗിക്കുന്ന ബോക്സുകൾക്കാണ്. ഇപ്പോൾ എല്ലാം ഇ-കൊമേഴ്സ് മുഖേനയുള്ള ഇടപാടുകളാണ്. വീടുകളിലേയ്ക്ക് സാധനമെത്തുന്നത് ചെറിയ പെട്ടികളിലാണ്. ആ പെട്ടികൾക്ക് 15 ശതമാനം ഗ്രോത്ത് റേറ്റാണുള്ളത്. അതിലേയ്ക്ക് കേന്ദ്രീകരിക്കാനുള്ള പദ്ധതിയുൾപ്പെടെ 3,000 കോടി രൂപയുടെ ടേൺ ഓവറുള്ള ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട പേപ്പർ മില്ലായി കെ.പി.പി.എൽ.-നെ ഉയർത്താനുള്ള പദ്ധതി സർക്കാർ നടപ്പിലാക്കുന്നതാണ്. ഇതാണ് കേരളം നൽകുന്ന ബദൽ.

ഇവിടെ ടെക്സ്റ്റൈൽ മില്ലുകളെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. കേന്ദ്ര ഗവൺമെന്റ് ഏറ്റെടുത്ത ടി മില്ലുകളിന്മേലുള്ള അവകാശം എഴുതി നൽകുകയാണെങ്കിൽ സംസ്ഥാന സർക്കാരിന് അത് പ്രവർത്തിപ്പിക്കാൻ കഴിയുമെന്ന നിലപാട് സ്വീകരിച്ചിരുന്നു. പക്ഷെ കേന്ദ്ര സർക്കാർ അനുകൂല തീരുമാനമെടുത്തിട്ടില്ല. നിലവിൽ കേരളത്തിലെ ടെക്സ്റ്റൈൽ മില്ലുകൾ പ്രതിസന്ധി നേരിടുന്നുണ്ട്; കാരണം, കോട്ടണിന്റെ വില വർദ്ധിക്കുകയും നൂലിന്റെ വില കുറയുകയും ചെയ്യുകയുണ്ടായി. അതായത്, അസംസ്കൃത വസ്തുവിന്റെ വില വർദ്ധിച്ചപ്പോൾ ഉല്പന്നത്തിന്റെ വില കുറയുകയാണുണ്ടായത്. കേരളത്തിലെ സ്പിന്നിംഗ് മില്ലുകൾ ഈ പ്രതിസന്ധിയാണ് നേരിടുകൊണ്ടിരിക്കുന്നത്. അത് മറികടക്കുന്നതിനായി 'കോട്ടൺ ബാങ്ക് ' എന്ന ആശയമാണ് സർക്കാർ കണ്ടെത്തിയിരിക്കുന്നത്. ഇതിനെക്കുറിച്ച് കുറേക്കാലമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ കോട്ടൺ ബാങ്ക് രൂപീകരിച്ച കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കോട്ടണിന്റെ സീസണിൽ ഗുണമേന്മയുള്ള കോട്ടൺ കുറഞ്ഞ വിലയ്ക്ക് ഒന്നിച്ച് സംഭരിച്ച് പ്രിൻസിപ്പൽ സെക്രട്ടറിയുടെ

നേതൃത്വത്തിൽ ഓരോ മില്ലിനും ആവശ്യമായ രൂപത്തിൽ നൽകാവുന്ന രീതിയിലുള്ള ക്രമീകരണം ഏർപ്പെടുത്തിക്കഴിഞ്ഞു. അത് നിലവിലുള്ള സ്പിന്നിംഗ് മില്ലുകളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് സഹായകരമായിരിക്കും. ടി.സി.സി. (ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്)-യുടെ ഇപ്പോഴുള്ള ഹൈഡ്രജന്റെ ക്വാളിറ്റി വർദ്ധിപ്പിച്ചാൽ അത് വാഹനങ്ങൾക്ക് വിനിയോഗിക്കാൻ സഹായകരമാകും. അതിന്റെ റേറ്റ് വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഡി.പി.ആർ.-നുള്ള തീരുമാനമായിട്ടുണ്ട്. അത്തരം കാര്യങ്ങൾ മിഷനുമായി ചേർന്ന് ചർച്ച ചെയ്യുന്നതാണ്.

ഇടുക്കിയിൽ നിലനിൽക്കുന്ന ഭൂപ്രശ്നം പരിഹരിക്കുന്നതിന് സർക്കാർതലത്തിൽ ശ്രമങ്ങൾ നടത്തിവരികയാണ്. അധികം വൈകാതെതന്നെ അത്തരം കാര്യങ്ങളിൽ വ്യക്തത വരുത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കുറ്റ്യാടി നാളികേര വ്യവസായ പാർക്കിനെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. അത് 2006-11 കാലഘട്ടത്തിൽ ഏറ്റെടുത്തതാണ്. കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി, രാമനാട്ടുകര എന്നിവയെല്ലാം പത്ത് വർഷത്തിനുമുമ്പ് ഏറ്റെടുത്ത വെറുതേ

കിടക്കുന്ന സ്ഥലങ്ങളാണ്. ഇന്ത്യയിൽ ഏറ്റവും നല്ല നാളികേരം ലഭിക്കുന്ന സ്ഥലമാണ് കുറ്റ്യാടി. അതുകൂടാതെ നാളികേരത്തിൽനിന്നും ഏറ്റവും കൂടുതൽ വെളിച്ചെണ്ണ ലഭിക്കുന്ന സ്ഥലങ്ങളിലൊന്നായ കുറ്റ്യാടിയുടെ സാധ്യത വിനിയോഗിച്ച് നാളികേരത്തിൽ കേന്ദ്രീകരിച്ചുകൊണ്ട് മറ്റ് ഫുഡ് പ്രോസസ്സിംഗ് ഇൻഡസ്ട്രികൂടി അവിടെ ശക്തിപ്പെടുത്താനാണ് തീരുമാനിച്ചിട്ടുള്ളത്. വെറുതെകിടക്കുന്ന സ്ഥലം ഉപയോഗിക്കുന്നത് സംബന്ധിച്ച് ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി സൂചിപ്പിക്കുകയുണ്ടായി. വടക്കാഞ്ചേരിയിൽ നൂറ് ഏക്കറോളം സ്ഥലം ഉപയോഗിക്കാതെ കിടക്കുന്നുണ്ട്. അതിനെക്കുറിച്ച് കഴിഞ്ഞ ദിവസം ഞാൻ സഭയിൽ വ്യക്തമാക്കിയിട്ടുണ്ട്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം മാപ്പ് ചെയ്ത് കഴിഞ്ഞിട്ടുണ്ട്. അത്തരത്തിൽ ആദ്യം സ്ഥലം കണ്ടെത്തിയ കൊല്ലത്തെ മീറ്റർ കമ്പനിയിൽ ഒരു പുതിയ എസ്.ഡി.എഫ്. (സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി) നിർമ്മിക്കുകയാണ്. ബാക്കിയെല്ലായിടത്തും ഇത്തരത്തിലുള്ള സ്ഥലം വിനിയോഗിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഡി.ഐ.സി.-യുടെയും

സിഡ്കോയുടെയും കീഴിൽ പ്രവർത്തിക്കുന്ന പ്രാകൃത രൂപത്തിലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ (പാർക്കുകൾ) ആധുനികവത്കരിക്കുന്നതിനായി SIDBI (Small Industries Development Bank of India)-യുമായി ചർച്ച ചെയ്യുകയും 250 കോടി രൂപയുടെ ലോണിന് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. അവിടം ആധുനിക Effluent Treatment Plant-ഉം CFC (Common Facility Center)-കളുമൊക്കെയുള്ള പാർക്കുകളാക്കി മാറ്റുന്നതിനുള്ള ശ്രമം നടത്തിവരികയാണ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, കേന്ദ്ര ഗവൺമെന്റ് നയംമൂലം കോട്ടയം ജില്ലയിലെ റബ്ബർ കാർഷിക മേഖല വളരെയേറെ പ്രതിസന്ധി നേരിടുകയാണ്. കോട്ടയം ജില്ലയിൽ റബ്ബർ പാർക്ക് ആരംഭിക്കാനുള്ള നടപടി ഇപ്പോൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായത് ഏറ്റവും ശ്ലാഘനീയമാണ്. എന്നാലും കൂടുതൽ റബ്ബർ വ്യവസായങ്ങൾ അവിടെ ആരംഭിക്കേണ്ടതുണ്ട്. കാഞ്ഞിരപ്പള്ളി പോലെയുള്ള മേഖലകളിലെ കൃഷിക്കാർ വളരെ ബുദ്ധിമുട്ടുന്ന സാഹചര്യമാണുള്ളത്. കിൻഫ്രയുടെ നേതൃത്വത്തിൽ അവിടെയൊരു പ്രോജക്ട് ആരംഭിക്കുന്നതിനെക്കുറിച്ച് മുമ്പ്

ചർച്ച ചെയ്തിരുന്നു. അതിന് സർക്കാരിൽനിന്നും അനുകൂലമായ തീരുമാനമുണ്ടാകുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. റബ്ബറിന് വാല്യൂ അഡീഷൻ വന്നാൽ മാത്രമാണ് കർഷകന് ഗുണമുണ്ടാകുന്നത്. റബ്ബറിന് മാത്രമല്ല ഏത് കാർഷിക ഉല്പന്നങ്ങൾക്കും അങ്ങനെയാണ്. ഇപ്പോൾ അതിനൊരു മിഷൻ രൂപീകരിച്ച് സർക്കാർ പ്രവർത്തിക്കുന്നുണ്ട്. വെള്ളൂർ ന്യൂസ് പ്രിന്റിന്റെ സ്ഥലം ഉപയോഗിച്ചുകൊണ്ടാണ് റബ്ബർ കമ്പനി രൂപീകരിച്ചിട്ടുള്ളത്. അതിന്റെ പശ്ചാത്തല സൗകര്യങ്ങളുടെ വികസനം ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്; ഈ വർഷംതന്നെ അവിടെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പുതിയ റബ്ബർ പാർക്കുകളും വ്യവസായ പാർക്കുകളും കോട്ടയം ജില്ലയിൽ ആരംഭിക്കുന്നതാണ്. കിൻഫ്രയുടെ നേതൃത്വത്തിൽ പ്രോജക്ട് ഏറ്റെടുക്കുന്നതിന് അനുകൂലമായ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പക്ഷെ ഇപ്പോഴത്തെ സ്ഥിതിവച്ച് സർക്കാർ ഫോക്കസ് ചെയ്യുന്നത് സ്വകാര്യ വ്യവസായ പാർക്കുകളെയാണ്. ഒരു ഓഫീസും കയറിയിറങ്ങാതെ

ഓൺലൈനായി അപേക്ഷിച്ചാൽ മുപ്പതാമത്തെ ദിവസം സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്തെടുക്കാൻ സാധിക്കും. ഇപ്രകാരം നയം പ്രഖ്യാപിച്ച് ഏറ്റവും ചുരുങ്ങിയ സമയംകൊണ്ട് എട്ട് പാർക്കുകൾക്ക് ഡെവലപ്പർ പെർമിറ്റ് കൊടുക്കുകയും അതിൽ ഉൾപ്പെട്ട ഒരു പാർക്കിന് കല്ലിടൽ നടത്തുകയും ചെയ്തിട്ടുണ്ട്. തദവസരത്തിൽ ഞാനും ബഹുമാന്യനായ അംഗം ജോബ് മൈക്കിളും അവിടെയുണ്ടായിരുന്നു. ബാക്കിയെല്ലാ സ്ഥലത്തും അതിന്റെ പശ്ചാത്തല സൗകര്യവികസനവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണ്. അടുത്ത വർഷം 30 പാർക്കുകൾക്കുകൂടി അനുമതി നൽകാമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. അതോടൊപ്പം കിൻഫ്രയുടെ കാര്യവും നമുക്ക് പരിഗണിക്കാവുന്നതാണ്. അങ്ങ് മുൻകൈയെടുത്ത് കർഷകരുടെ കൂട്ടായ്മ രൂപീകരിച്ച് 10 ഏക്കറിൽ കൂടുതൽ സ്ഥലം കണ്ടെത്തിയാൽ അതിനുള്ള ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിനായി മൂന്ന് കോടി രൂപ സർക്കാർ അങ്ങോട്ടുനൽകുന്നതാണ്. ഒരു ഏക്കറിന് 30 ലക്ഷം രൂപ എന്ന നിലയിൽ ക്യാപ്പുണ്ട്, അതിൽ മാനദണ്ഡവും നിശ്ചയിച്ചിട്ടുണ്ട്. മൂന്ന് കോടി രൂപ ക്യാപ്പ് വച്ച് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്

ചെയ്യാൻ സാധിക്കും. 5-10 ഏക്കറിനിടയ്ക്കാണെങ്കിൽ എസ്.ഡി.എഫ്. നിർമ്മിക്കുന്നതിനും സഹായം നൽകുന്നതാണ്. അതിലേയ്ക്കായി ചില എം.എൽ.എ.-മാർ നല്ല രീതിയിൽ മുൻകൈയെടുക്കുന്നുമുണ്ട്. ഇത്തരത്തിൽ എല്ലാവരും നന്നായി പ്രവർത്തിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്.

ശ്രീ. പി. ടി. എ. റഹീം: സർ, മാവൂർ ഗ്വാളിയോർ റയോൺസിന്റെ 400 ഏക്കർ സ്ഥലം വളരെക്കാലമായി വെറുതെ കിടക്കുകയാണ്. അവിടെ ഏതെങ്കിലും ഒരു സംരംഭം ആരംഭിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കുമോ?

ശ്രീ. പി. രാജീവ്: സർ, മാവൂർ ഗ്വാളിയോർ റയോൺസുമായി ബന്ധപ്പെട്ട പ്രശ്നം കുറച്ച് സങ്കീർണ്ണതയുള്ളതാണ്. നേരത്തെ സർക്കാർ ഉത്തരവ് ഇറക്കിയിരുന്നെങ്കിലും കോടതി അത് ചലഞ്ച് ചെയ്തു. പിന്നീട് സർക്കാർ പുതിയ ഉത്തരവിറക്കിയതിനെത്തുടർന്ന് അത് വീണ്ടും കോടതിയിൽ ചലഞ്ച് ചെയ്യാൻ പോകുകയാണ്. അതിൽ നിയമപരമായ ചില പ്രശ്നങ്ങൾ കൂടിയുണ്ട്. എന്നാലും ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചത് വളരെ ഗൗരവമായ സ്ഥലത്തെക്കുറിച്ചാണ്. കാരണം

കോഴിക്കോട് നഗരഹൃദയത്തിൽ ഇത്രയും നല്ലൊരു സ്ഥലം പുതിയ കാലത്തിൽ പാരിസ്ഥിതിക ആഘാതങ്ങളൊന്നുമില്ലാത്ത വ്യവസായങ്ങൾക്കുവേണ്ടി വിനിയോഗിക്കാൻ കഴിയേണ്ടതാണ്. നിയമ സങ്കീർണ്ണതകൾകൂടി പരിശോധിച്ചശേഷം സർക്കാർ അക്കാര്യത്തിൽ ഇടപെടുന്നതാണ്.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ആലപ്പുഴ നിയോജകമണ്ഡലത്തിലെ ഓട്ടോകാസ്റ്റ്, സിൽക്ക് തുടങ്ങിയ സ്ഥാപനങ്ങളുടെ നൂറുകണക്കിന് ഏക്കർ ഭൂമി വെറുതെ കിടക്കുകയാണ്. അത് കിൻഫ്ര ഏറ്റെടുത്ത് ഏതെങ്കിലും വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ Kerala Electrical and Allied Engineering Company (KEL)-ൽ കുറേ സ്ഥലങ്ങൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. അവിടെ ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ കൊണ്ടുവരാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, പ്രവർത്തനമാരംഭിച്ചശേഷം ഇതുവരെയും ലാഭമുണ്ടാക്കാത്ത കേരളത്തിലെ പൊതുമേഖലാ സ്ഥാപനമെന്ന പേരാണ്

ശ്രീ. പി. പി. ചിത്തരഞ്ജൻ ചൂണ്ടിക്കാണിച്ച ഓട്ടോകാസ്റ്റ് ലിമിറ്റഡിനുള്ളത്. എന്നാലിപ്പോൾ ഓട്ടോകാസ്റ്റ് ലിമിറ്റഡിൽ വളരെ പോസിറ്റീവായ മാറ്റങ്ങൾ കാണുന്നുണ്ട്. ഓട്ടോകാസ്റ്റ് ലിമിറ്റഡിന് നോർത്ത്-ഈസ്റ്റ് സംസ്ഥാനങ്ങളിൽനിന്ന് റെയിൽവേയ്ക്കുവേണ്ടിയുള്ള വലിയ യൂണിറ്റുകളുടെ ഓർഡറുകൾ ലഭിച്ചിട്ടുണ്ട്. പബ്ലിക് സെക്ടറിനെ സഹായിക്കാൻ സെൻട്രൽ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സും (CPSUs) സ്റ്റേറ്റ് പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സുമായി ചേർന്ന് B2B (Business-to-Business) നടത്തിയതിന്റെ ഭാഗമായി നിരവധി ഓർഡറുകൾ ലഭിക്കുന്നുണ്ട്. ബഹുമാന്യനായ കുന്നത്തുനാട് അംഗം ചൂണ്ടിക്കാണിച്ചതുപോലെ, KEL-ഉം ഡിഫൻസ് ഷിപ്പ്‌യാർഡും തമ്മിൽ MoU-ൽ ഒപ്പുവച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ.-ന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രികൂടി പങ്കെടുത്തുകൊണ്ട് യോഗം ചേർന്നിരുന്നു. മറ്റുചില സംസ്ഥാനങ്ങളിൽ ടെണ്ടറില്ലാതെതന്നെ നോമിനേഷൻ സംവിധാനത്തിൽ (KEL-നും TRACO-യ്ക്കും) സ്റ്റേറ്റ് പി.എസ്.യു.-വിന് ഓർഡർ നൽകുന്നുണ്ട്. ചിലതിന് അമ്പത് ശതമാനവും മറ്റുചിലതിന് നൂറ് ശതമാനവും ഓർഡർ

നൽകുന്നുണ്ട്. കർണ്ണാടകയിൽ 50 ശതമാനം അവിടത്തെ പി.എസ്.യു.-വിനും 45 ശതമാനം കേരളത്തിനും 5 ശതമാനം ബംഗാളിലെ പി.എസ്.യു.-വിനും എന്ന രൂപത്തിലാണ് നൽകുന്നത്. അതുസംബന്ധിച്ച് ഞങ്ങൾ ചർച്ച നടത്തിയിരുന്നു. ഇത്തരം സ്ഥാപനങ്ങൾക്ക് സഹായകരമായ സമീപനം സംസ്ഥാനത്തെ വൈദ്യുതി ബോർഡും സ്വീകരിക്കുമെന്നാണ് കരുതുന്നത്. ഈ ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്. ഇന്നലെ കെൽട്രോണുമായി പുതിയൊരു എം.ഒ.യു. ഒപ്പുവച്ചതിന്റെ അടിസ്ഥാനത്തിൽ റഷ്യൻ ഡിഫൻസ്, റഷ്യൻ കമ്പനികൾ എന്നിവയുമായി ബന്ധപ്പെട്ട റഷ്യൻ സംഘം സംസ്ഥാനത്ത് വരുകയുണ്ടായി. അതിന്റെ ദൗത്യത്തിലേയ്ക്ക് പോകുന്നതിനുമുമ്പുള്ള ഘട്ടമാണിത്. അവരുമായി ബന്ധപ്പെട്ട എഴുപതോളം പേരാണ് ഐ.എൻ.എസ്. വിക്രാന്തിൽ ഇപ്പോഴും വർക്ക് ചെയ്തുകൊണ്ടിരിക്കുന്നത്. 'ഐ.എൻ.എസ്. വിക്രാന്ത്' കേരളം ഇറക്കിയതാണ്. നമ്മുടെ Indigenous Aircraft Carrier; 'Make in India, Made in Kerala' എന്ന് നമുക്ക് അഭിമാനത്തോടെ പറയാവുന്ന പദ്ധതിയിൽ

പങ്കെടുക്കുന്ന സ്ഥാപനം കെൽട്രോണുമായി ചേർന്നുകൊണ്ടുള്ള പുതിയ പദ്ധതിക്കായി മുന്നോട്ടുവരികയാണ്. ആയിരംകോടി രൂപയുടെ ടേൺ ഓവറുള്ള ഒരു സ്ഥാപനമായി കെൽട്രോണിനെ അടുത്ത സാമ്പത്തികവർഷം മാറ്റുന്നതിനുള്ള കർമ്മപദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, നല്ലരീതിയിൽ പ്രവർത്തിച്ചിരുന്ന കുന്നത്തറ ടെക്സ്റ്റൈൽസ് കുറെ വർഷങ്ങളായി പൂട്ടിക്കിടക്കുകയാണ്. നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ The Commonwealth Trust, Kozhikode (Acquisition and Transfer of Undertaking) Bill പ്രാബല്യത്തിലുണ്ടെങ്കിലും ഇക്കാര്യത്തിൽ ഇതുവരെയും പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല. സംസ്ഥാനം വ്യവസായ പുരോഗതിയിലേയ്ക്ക് കടക്കുമ്പോൾ കോഴിക്കോട് നഗരത്തിലെ ഒരു ചരിത്രസ്മാരകമെന്ന നിലയിൽ കുന്നത്തറ ടെക്സ്റ്റൈൽസ് നിലനിൽക്കുകയാണ്. രാജഭരണകാലത്ത് ലണ്ടനിലെ രാജാവും രാജ്ഞിയുമൊക്കെ അവിടെനിന്നുള്ള വസ്ത്രങ്ങളാണ് ഉപയോഗിച്ചിരുന്നത്. കൂടാതെ ഇതിന് ലോകത്ത് വിവിധ മാർക്കറ്റുകൾ

ലഭിച്ചതുമാണ്. ഒരു പദ്ധതി ആവിഷ്കരിച്ച് കുന്നത്തറ ടെക്സ്റ്റൈൽസിനെ എങ്ങനെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്ന് പറയാൻ സാധിക്കുമോ?

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, വ്യവസായ പാർക്കുകളെ പ്രോത്സാഹിപ്പിക്കുമെന്ന് അങ്ങ് സൂചിപ്പിച്ചത് സ്വാഗതാർഹമാണ്. ഞങ്ങളുടെ പ്രദേശത്തെ ഗൗരവമായ ഒരു വിഷയമെന്ന് പറയുന്നത്, ഭൂപരിഷ്കരണ നിയമപ്രകാരം അവിടെയുള്ള എക്സംപ്റ്റഡ് ലാൻഡിൽ മറ്റ് ആക്ടിവിറ്റികളൊന്നും നടത്താൻ കഴിയാത്ത സ്ഥിതിയുണ്ട്. വ്യവസായവത്കരണവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് സ്പോൺസർ/ സപ്പോർട്ട് ചെയ്യുന്ന വ്യവസായ പാർക്കുകൾക്കുവേണ്ടി ആ ഭൂമി ഉപയോഗിക്കുന്നതിന് എന്തെങ്കിലും ഇളവ് അനുവദിക്കാൻ കഴിയുമോ?

ശ്രീ. പി. രാജീവ്: സർ, മാവൂർ ഗ്വാളിയോർ റയോൺസിന്റെ കാര്യം സൂചിപ്പിച്ചതുപോലെ കുന്നത്തറ ടെക്സ്റ്റൈൽസും കോടതി വ്യവഹാരങ്ങളിൽപ്പെട്ട് നിൽക്കുകയാണ്. അക്കാര്യത്തിൽ സർക്കാർ ഇടപെട്ടുകൊണ്ടിരിക്കുകയാണ്. ഭൂമി ഏറ്റെടുത്ത് വിജയകരമായി സംരംഭം മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന സാഹചര്യംകൂടിയുണ്ടാകണം. സർക്കാർ

പൊതുജനങ്ങളുടെ പണമാണ് വിനിയോഗിക്കുന്നത്. The Commonwealth Trust, Kozhikode (Acquisition and Transfer of Undertaking) Bill നിയമസഭ പാസ്സാക്കിയെന്നത് ശരിയാണ്; പക്ഷേ ബില്ലിന് അംഗീകാരം ലഭിക്കാൻ ഒരു ദശകത്തോളം സമയമെടുത്തു. അതിനിടയിൽ ആ സ്ഥലം മുഴുവനും മുറിച്ചുവിൽക്കുകയുണ്ടായി. അതുസംബന്ധിച്ച കേസ് കോടതിയിൽ നിലനിൽക്കുകയാണ്. ഈ നിയമപ്രകാരം ഇപ്പോഴുള്ള സ്ഥലം മാത്രമെടുക്കുകയാണെങ്കിൽ സർക്കാർ വലിയ വില കൊടുക്കേണ്ടിവരുമെന്നു മാത്രമല്ല, ആ ബിൽ അസാധാരണവുമാണ്. അത് ഏറ്റെടുക്കുമ്പോൾ അവിടെയുള്ള തൊഴിലാളികളെ കെ.എസ്.ഐ.ഡി.സി. ജീവനക്കാരായി പരിഗണിക്കണമെന്ന വ്യവസ്ഥകൂടി നിയമസഭ പാസ്സാക്കിയ നിയമത്തിലുണ്ട്. അന്നത്തെ ലെജിസ്ലേറ്റീവ് ഇൻഡന്റ് അതായിരുന്നിരിക്കാം. ഈ ബില്ലിൽ ചില അസാധാരണമായ വ്യവസ്ഥകൾ ഉൾപ്പെടുന്നുണ്ട്. കെ.എസ്.ഐ.ഡി.സി.-ക്ക് ഇപ്പോൾ ഓഡിറ്റ് ഒബ്ജക്ഷൻ നിലനിൽക്കുന്നുണ്ട്. കെ.എസ്.ഐ.ഡി.സി.-യെ പോലൊരു സ്ഥാപനം മറ്റൊരു സ്ഥാപനം ഏറ്റെടുത്തിട്ട് അവിടത്തേയ്ക്കുവേണ്ടി മാസംതോറും ഇത്രരൂപവച്ച് ശമ്പളമായി

കൊടുക്കാമെന്ന അസാധാരണ വ്യവസ്ഥയോടുകൂടി ബിൽ പാസ്സാക്കപ്പെടുകയാണ് ചെയ്തത്. എന്തായാലും അവസാനം ബഹുമാനപ്പെട്ട പ്രസിഡന്റ് നിയമത്തിന് അംഗീകാരം നൽകിയെങ്കിലും ഇപ്പോഴത് കോടതിയുടെ പരിഗണനയിലാണ്.

ബഹുമാനപ്പെട്ട അംഗം സെബാസ്റ്റ്യൻ കുളത്തുങ്കൽ സൂചിപ്പിച്ചതുപോലെ ഭൂപരിഷ്കരണ നിയമത്തിൽ ഇളവു വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. ഭൂപരിഷ്കരണ നിയമത്തെ അടിസ്ഥാനപ്പെടുത്തി ഇളവ് നൽകാവുന്ന വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള പ്രക്രിയ ലളിതവത്കരിക്കണം. അതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയും ഞാനും പലഘട്ടങ്ങളിലും യോഗം ചേർന്നിരുന്നു. 15 ഏക്കറിൽ കൂടുതലുള്ള ഭൂമിക്ക് ഭൂപരിഷ്കരണ നിയമപ്രകാരം എക്സംപ്ഷനുണ്ട്. ഉദാഹരണത്തിന്, വലിയതോതിൽ മുതൽ മുടക്കാൻ വരുന്ന ഒരു സംരംഭകൻ ഒരാളിൽനിന്നും 5 ഏക്കറും അടുത്തയാളിൽ നിന്ന് 5 ഏക്കറും മറ്റൊരാളിൽനിന്നും പത്തേക്കറും ഭൂമി വാങ്ങുകയാണെങ്കിൽ ഇതൊന്നും മിച്ചഭൂമിയേ ആകുന്നില്ല. ഇതെല്ലാംകൂടി ഒന്നിച്ചുവാങ്ങുമ്പോൾ 20

ഏക്കർ ഭൂമിയായി. അങ്ങനെവരുമ്പോൾ ഇത് നിയമത്തിന്റെ പരിധിക്ക് പുറത്തുപോകുകയും അയാൾക്ക് ആ ഭൂമി കൈവശം വയ്ക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടാകുകയും ചെയ്യുമെന്നതിനാൽ സംരംഭകരിൽ ചിലർ രണ്ടുമൂന്ന് കമ്പനിയുടെ പേരിൽ ഭൂമി വാങ്ങി രജിസ്റ്റർ ചെയ്യുകയും അതിനുശേഷം സ്ഥാപനം നടത്തുകയും ചെയ്യും. എക്സംപ്ഷൻ കുറെക്കൂടി ലളിതമാക്കുന്നതിനായി എന്തൊക്കെ കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്നാണ് പരിശോധിക്കേണ്ടത്. സംരംഭകർ വ്യവസായ സ്ഥാപനമാണ് ആരംഭിക്കുന്നതെങ്കിൽ റവന്യൂ-വ്യവസായ വകുപ്പുമന്ത്രിമാരും യൂണിവേഴ്സിറ്റിയാണെങ്കിൽ ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയും മെഡിക്കൽ കോളേജുകളാണെങ്കിൽ ആരോഗ്യ വകുപ്പുമന്ത്രിയും എന്നിങ്ങനെ അതത് വകുപ്പുമന്ത്രിമാരും ബന്ധപ്പെട്ട സെക്രട്ടറിമാരും അടങ്ങുന്ന ഒരു കമ്മിറ്റിക്ക് അധികാരം നൽകുന്ന വ്യവസ്ഥകൾ തയ്യാറായിട്ടുണ്ട്. ടി വ്യവസ്ഥകൾ നേരത്തേ അംഗീകരിച്ചതാണ്; മാനദണ്ഡങ്ങളിൽ ചില വ്യത്യസ്തതകൾ വന്നതുകൊണ്ട് മാറ്റിവച്ചതാണ്. അത് വൈകാതെ ക്യാബിനറ്റ് മുമ്പാകെ

സമർപ്പിച്ച് അംഗീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതോടുകൂടി ഈ പ്രശ്നത്തിന് മാറ്റമുണ്ടാകുന്നതാണ്.

പ്ലാന്റേഷൻ ഭൂമിയാണ് മറ്റൊരു പ്രശ്നം. ഇന്ത്യയുടെ 42 ശതമാനം പ്ലാന്റേഷനും കേരളത്തിലാണുള്ളത്. ഇന്ത്യയുടെ ആകെ 1.1 ശതമാനം ഭൂപ്രദേശമാണ് കേരളത്തിലുള്ളത്. അതിൽ ഒരുവശം മുഴുവനും Western Ghats റെഗുലേഷനും മറുവശത്ത് CRZ (Coastal Regulation Zone) റെഗുലേഷനും മധ്യ ഭാഗത്ത് വെറ്റ് ലാൻഡ് റെഗുലേഷനുമാണ്. ഇന്ത്യയുടെ ഭൂവിസ്തൃതിയുമായി താരതമ്യം ചെയ്യുമ്പോൾ വനപ്രദേശം ഏറ്റവും കൂടുതലുള്ള പ്രദേശങ്ങളിലൊന്നാണ് കേരളം. അവശേഷിക്കുന്ന സ്ഥലത്തുമാത്രമെ മനുഷ്യർക്ക് താമസിക്കാനും ഹോട്ടൽ, കോളേജ്, സ്കൂൾ, ആശുപത്രി, വ്യവസായം എന്നിവ പ്രവർത്തിപ്പിക്കാനും സാധിക്കുകയുള്ളൂ. പ്ലാന്റേഷൻ ഭൂമിയിൽ മാറ്റം വരുത്താനും സാധിക്കുകയില്ല. ഉദാഹരണമായി, എഴുപതുകളിൽ പ്ലാന്റേഷനുവേണ്ടി ഭൂമി കൊടുത്തപ്പോൾ ഒരാൾക്ക് 100 ഏക്കറോ 50 ഏക്കറോ ലഭിച്ചെങ്കിൽ പിന്നീടത് വീതം വച്ചുകൊടുക്കാനോ ട്രാൻസ്ഫർ ചെയ്യാനോ നിയമ തടസ്സമുണ്ടാകുകയില്ല. ചിലർക്ക് അഞ്ചേക്കർ

ഭൂമിയെ ഉണ്ടാകുകയുള്ളൂവെങ്കിലും രേഖയിൽ അത് പ്രാന്റേഷൻ എന്നായിരിക്കും സൂചിപ്പിച്ചിരിക്കുന്നത്. അന്ന് ലഭിച്ച ഭൂമി പ്ലാന്റേഷന് എക്സംപ്റ്റഡായി കിട്ടിയതാണെങ്കിൽ, ഇപ്പോൾ കൈവശമുള്ളത് അഞ്ചേക്കർ ഭൂമി മാത്രമാണെങ്കിൽപ്പോലും പ്ലാന്റേഷനുവേണ്ടി മാത്രമേ അത് വിനിയോഗിക്കാൻ കഴിയുകയുള്ളൂ. ഇത്തരത്തിലുള്ള ചില പ്രായോഗികമായ തടസ്സങ്ങൾ സർക്കാർ നേരിടുന്നുണ്ട്. എന്നാൽ ഭൂപരിഷ്കരണ നിയമത്തിന്റെ അന്തഃസത്തയ്ക്കകത്ത് നിന്നുകൊണ്ട് സാധ്യമായ രീതിയിൽ മുന്നോട്ടുപോകാനാണ് സർക്കാർ ശ്രമിക്കുന്നത്.

<u>ശ്രീ. ടി. ഐ. മധുസൂദനൻ:</u> സർ, സംസ്ഥാനത്ത് വ്യവസായത്തിനുവേണ്ടി ഏറ്റെടുത്ത ഭൂമി ദശകങ്ങളായി ഉപയോഗശൂന്യമായി കിടക്കുകയാണ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഐ.ടി. പാർക്കിനുവേണ്ടി ഏറ്റെടുത്ത ഇരുപത്തിയഞ്ചും അമ്പതും ഏക്കർ ഭൂമി ഉപയോഗശൂന്യമായി കിടക്കുകയാണ്. ഇതുസംബന്ധിച്ച് നിരവധി തവണ ചർച്ചചെയ്തിട്ടുള്ളതാണ്. സംരംഭകരുണ്ടെങ്കിലും ഭൂമിയില്ലാത്തതാണ്

വടക്കൻ കേരളത്തിലെ പൊതുസ്ഥിതി. ഇതിന് ഏതെങ്കിലും നിലയ്ക്ക് ഫലപ്രദമായ നടപടി സ്വീകരിക്കുന്നതിന് സംവിധാനമുണ്ടാക്കുമോ?

ശ്രീ. പി. രാജീവ്: സർ, പയ്യന്നൂരിൽ സ്ഥിതി ചെയ്യുന്ന ഐ.ടി. പാർക്കിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. അതുപോലെ കയ്യൂരിലെ ഐ.ടി. പാർക്കിനെക്കുറിച്ചും ബന്ധപ്പെട്ട അംഗം എപ്പോഴും ഉന്നയിക്കാറുണ്ട്. ഇതുരണ്ടും ഐ.ടി. വകുപ്പിന്റെ കീഴിലുള്ള പാർക്കുകളാണ്. ബഹുമാന്യരായ അംഗങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് അക്കാര്യം ചർച്ചചെയ്യുകയും ആയത് വ്യവസായ വകുപ്പ് ഏറ്റെടുക്കാൻ തയ്യാറാണെന്നുള്ളത് ഐ.ടി. വകുപ്പിനെ അറിയിച്ചിട്ടുമുണ്ട്. ഏകദേശം ഒരു വർഷത്തോളമായി ഇതുസംബന്ധിച്ച് ഐ.ടി. സെക്രട്ടറി തലത്തിൽ യോഗം ചേർന്നിരുന്നു. അവർ മുതൽമുടക്കിയ തുക ഇക്വിറ്റിയാക്കി മാറ്റാമെന്നത് ഉൾപ്പെടെയുള്ള നിർദ്ദേശം വ്യവസായ വകുപ്പ് നൽകിയിട്ടുണ്ട്. നിലവിൽ ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. സ്ഥലം വിട്ടുതരുന്ന സന്ദർഭത്തിൽ ആ പാർക്കുകൾ വ്യവസായ പാർക്കുകളായി മാറ്റാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് വടക്കൻ കേരളത്തിൽ വലിയ സാധ്യതയാണുള്ളത്.

മട്ടന്നൂരിൽ എയർപോർട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കുന്നതിനെക്കുറിച്ച് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പറയാറുണ്ട്. എന്നാൽ അവിടെ കുറച്ച് കാലതാമസമുണ്ടായിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിനുള്ള പണം ഡെപ്പോസിറ്റ് ചെയ്തിരിക്കുകയാണെങ്കിലും ഭൂമിയേറ്റെടുക്കൽ പ്രക്രിയ ഇഴഞ്ഞുനീങ്ങുന്ന അവസ്ഥയിലാണ്. കഴിഞ്ഞദിവസം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ റവന്യൂ, വ്യവസായം ഉൾപ്പെടെ ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം ചേരുകയുണ്ടായി. ഭൂമിയേറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് ടൈംടേബിൾ തയ്യാറാക്കിയിട്ടുണ്ട്. ആയത് സമയബന്ധിതമായി ഏറ്റെടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബഹുമാന്യനായ കൂത്തുപറമ്പ് അംഗവും ഇക്കാര്യത്തെക്കുറിച്ച് ശ്രദ്ധയിൽപ്പെടുത്താറുണ്ട്. സംസ്ഥാനത്തെ റോഡ് കണക്ടിവിറ്റിയുടെ കാര്യത്തെക്കുറിച്ച് സൂചിപ്പിക്കാം. ഒരുവശത്ത് കണ്ണൂർ എയർപോർട്ടും മറുവശത്ത് മംഗലാപുരം എയർപോർട്ടും മംഗലാപുരം പോർട്ടുമുണ്ട് എന്നതാണ് വടക്കൻ കേരളത്തിന്റെ പ്രത്യേകത. ദേശീയപാത വീതികൂട്ടുന്നതോടുകൂടി കണക്ടിവിറ്റിക്ക് വൻ സാധ്യതയാണുള്ളത്. വടക്കൻ

കേരളത്തിൽ ഭൂമിയുടെ ലഭ്യതയുള്ളതുകൊണ്ടുതന്നെ ഇവിടെ വ്യവസായ കേന്ദ്രമായി മാറ്റാനുള്ള സാധ്യത പരമാവധി വിനിയോഗിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, കണ്ണൂർ ജില്ല വൈവിദ്ധ്യങ്ങളും ആകർഷണീയതയുംകൊണ്ട് കൈത്തറിയുടെ ശ്രദ്ധാകേന്ദ്രമാണെന്ന് മാത്രമല്ല, ഒരുകാലത്ത് ക്രേപ് തുണി പാശ്ചാത്യരാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുന്ന ഒരു ജില്ല കൂടിയായിരുന്നു. പക്ഷേ ഇന്ന് പഞ്ഞിയുടെയും നൂലിന്റെയും ലഭ്യതക്കുറവുമൂലം ഈ വ്യവസായം മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയാണുള്ളത്. കണ്ണൂർ സ്പിന്നിംഗ് മില്ലിന്റെ കാര്യംകൂടി അങ്ങയുടെ പ്രത്യേക ശ്രദ്ധയിലുണ്ടാകണം. കൂടാതെ കാഞ്ഞിരോടുള്ള 'കൈത്തറി ഗ്രാമം' എന്ന പദ്ധതിയുടെ നിർദ്ദേശംകൂടി പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഡോ. സുജിത് വിജയൻപിള്ള: സർ, ചവറ കെ.എം.എം.എൽ.-ൽ Titanium Sponge Plant-ന്റെ രണ്ടാമത്തെ യൂണിറ്റിന്റെ സാധ്യതയെക്കുറിച്ച് അങ്ങ് പരിശോധിക്കുകയുണ്ടായി. അക്കാര്യത്തിൽ മിധാനി കമ്പനിയുമായി

അങ്ങ് ചർച്ച നടത്തിയതായും അറിയുന്നു. അങ്ങനെയൊരു കമ്പനി മുന്നോട്ടുവരികയാണെങ്കിൽ അതിനുവേണ്ടി ചിറ്റൂരിലെ എത്രത്തോളം ഭൂമി ഏറ്റെടുക്കാൻ സാധിക്കും?

ശ്രീ. പി. രാജീവ്: സർ, സ്പിന്നിംഗ് മില്ലിന്റെയും മറ്റും കാര്യങ്ങൾ ഞാൻ മറുപടിയിൽ സൂചിപ്പിച്ചിരുന്നു. നാട്ടുകാണിയിലെ ഡൈയിംഗ് യൂണിറ്റിനെക്കുറിച്ചാകും അങ്ങ് ചോദിക്കാൻ പോകുന്നതെന്നാണ് ഞാൻ ഉദ്ദേശിച്ചത്. അവിടെ ഞങ്ങൾ പ്രത്യേകം പരിശോധിച്ചിരുന്നു. നിലവിലുള്ള സംവിധാനമുപയോഗിച്ച് ഉദ്ദേശിക്കുന്ന ലക്ഷ്യം നിർവ്വഹിക്കുന്നതിന് ചില പരിമിതികളുണ്ട്. അവിടെയുള്ള സ്റ്റേക്ക് ഹോൾഡേഴ്സിന്റെ അഭിപ്രായങ്ങൾ കേട്ടിട്ടുണ്ട്. അങ്ങയുടെ ആഗ്രഹം അധികം വൈകാതെ സാക്ഷാത്കരിക്കുമെന്നാണ് സൂചിപ്പിക്കാനുള്ളത്. കൈത്തറി, കശുവണ്ടി, കയർ എന്നിവ നമ്മുടെ പരമ്പരാഗത മേഖലകളാണ്. ആധുനിക കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടുന്നതിന്റെ ഭാഗമായി ഈ മേഖല പ്രതിസന്ധി നേരിടുന്നുണ്ട്. ഈ മൂന്ന് മേഖലകളുമായി ബന്ധപ്പെട്ട്

രൂപീകരിച്ച വിദഗ്ധ കമ്മിറ്റികളുടെ റിപ്പോർട്ടുകൾ ലഭിക്കുന്നമുറയ്ക്ക് എല്ലാപേരുമായി ചർച്ച ചെയ്തുകൊണ്ട് മാറ്റങ്ങൾ വരുത്താൻ സാധിക്കും.

അടുത്ത അധ്യയന വർഷത്തേയ്ക്കുള്ള സ്കൂൾ കുട്ടികൾക്കുള്ള കൈത്തറി യൂണിഫോം ഏകദേശം പൂർണ്ണമായും തയ്യാറായിക്കഴിഞ്ഞിരിക്കുകയാണ്. ഈ മാർച്ച് മാസത്തിൽത്തന്നെ അടുത്ത അധ്യയന വർഷത്തേയ്ക്കുള്ള സ്കൂൾ യൂണിഫോം നൽകാൻ കഴിയുമെന്ന് ഞാൻ സഭയെ അറിയിക്കുകയാണ്. ബഹുമാന്യനായ ആലപ്പുഴ അംഗം കയർ മേഖലയിലെ പ്രതിസന്ധിയെക്കുറിച്ച് എപ്പോഴും ചൂണ്ടിക്കാണിക്കാറുണ്ട്. ഈ മേഖല ആഴത്തിലുള്ള പ്രതിസന്ധിയാണ് അഭിമുഖീകരിക്കുന്നത്. കയർ ഭൂവസ്ത്രത്തിന്റെ വിപണി ഉറപ്പുവരുത്താനായി നോർത്ത് ഈസ്റ്റ്, ഡിഫൻസ്, എൻ.എച്ച്. തുടങ്ങി എല്ലാ മേഖലകളിലുള്ളവരുമായും ചർച്ച ചെയ്യുകയുണ്ടായി. നമ്മൾ 70 രൂപയ്ക്കാണ് കയർ ഭൂവസ്ത്രം കൊടുക്കുന്നത്. കേരളത്തിൽനിന്നുതന്നെ കയർ ഭൂവസ്ത്രം വാങ്ങണമെന്ന് കോൺട്രാക്ട് വർക്കെടുത്തവരോട് നിർദ്ദേശിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തിരുന്നു. സർട്ടിഫൈ ചെയ്ത

കയർ ഭൂവസ്ത്രം ഉപയോഗിക്കണമെന്ന് അദ്ദേഹവും നിർദ്ദേശം നൽകിയത് കൂടുതൽ സൗകര്യപ്രദമായി. കയർ ഭൂവസ്ത്രം പുറത്തുനിന്നും കൊണ്ടുവരരുതെന്ന് കോൺട്രാക്ടർമാരോട് പറഞ്ഞപ്പോൾ, കേരളത്തിലെ സൊസൈറ്റികളിൽനിന്നുതന്നെ 53 രൂപയ്ക്ക് കയർ ഭൂവസ്ത്രം വാങ്ങുന്നുണ്ടെന്നാണ് അവർ പറയുന്നത്. അതുസംബന്ധിച്ച് വീണ്ടും പരിശോധന നടത്തിയിരുന്നു. കയർ ഭൂവസ്ത്രത്തിന്റെ ഒരു സ്ക്വയർ മീറ്റർ പായ നെയ്യുന്നതിന് നമ്മൾ കൊടുക്കുന്ന കൂലി അനുസരിച്ച് ഒരു ദിവസം 40 സ്ക്വയർ മീറ്റർ നെയ്യാൻ സാധിക്കുമെന്നാണ് കണക്കാക്കിയിരുന്നത്. എന്നാൽ 120 സ്ക്വയർ മീറ്റർ വരെ നെയ്യുന്നവർ 53 രൂപയ്ക്ക് വില്പന നടത്തിയാലും അവർക്ക് ലാഭമാണ്. പക്ഷെ അത് നമുക്ക് നൽകുന്നത് 60 രൂപയ്ക്കാണ്. അതിനുപുറമെ ഇൻസെന്റീവും കൊടുക്കേണ്ടതുണ്ട്. ഇങ്ങനെയുള്ള പ്രശ്നങ്ങളും തെറ്റായ രീതികളും ആ മേഖലയിലുണ്ട്. കയർ ബോർഡിന്റെയും കയർ കോർപ്പറേഷന്റെയും കയർ ഫെഡിന്റെയും കണക്കുകൾ പരിശോധിച്ചപ്പോൾ ഗോഡൗണുകളുടെ ചെലവ് വർദ്ധിച്ചുവരുന്നതായാണ് കാണുന്നത്. ആവശ്യത്തിനനുസരിച്ച് എല്ലാം സംഭരിച്ചുകൊണ്ടിരുന്നു. എന്നാൽ

സംഭരിക്കുന്നത് മുഴുവൻ വിൽക്കാൻ കഴിയുന്നില്ല. അതുകൊണ്ടുതന്നെ അതിലേയ്ക്കായൊരു സ്കീം നടപ്പിലാക്കിയിട്ടുണ്ട്. എന്നാലും കശുവണ്ടി-കയർ മേഖലയിൽ കടുത്ത ചില നിലപാടുകൾ ആവശ്യമായി വരുമെന്നാണ് കാണുന്നത്. വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ആവശ്യമായ കാര്യങ്ങൾ ചെയ്യുന്നതാണ്. ടൈറ്റാനിയം സ്പോഞ്ച് യൂണിറ്റിനെക്കുറിച്ച് ബഹുമാനപ്പെട്ട ചവറ അംഗം സൂചിപ്പിച്ചിരുന്നു. വി.എസ്.എസ്.സി.-യുമായി ചേർന്നാണ് ടൈറ്റാനിയം സ്പോഞ്ച് യൂണിറ്റ് ആരംഭിക്കുന്നത്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന കെ.എം.എം.എൽ.-ന്റെ ഒരു മേഖല ടൈറ്റാനിയം സ്പോഞ്ചാണ്. ഓക്സിജൻ കണ്ടന്റുമായി ബന്ധപ്പെട്ട് ഒരു കാറ്റഗറി കഴിഞ്ഞാൽ അത് സെക്കന്റ് ഗ്രേഡായി മാറും. അതിന്റെ ഒന്നാമത്തെ പ്രോഡക്ട് മാത്രമാണ് വി.എസ്.എസ്.സി. ഏറ്റെടുക്കുന്നത്. ബാക്കി പൊതു വിപണയിൽ വിൽക്കണം. ഇപ്പോഴത്തെ ടെക്നോളജിയും അവിടത്തെ റിയാക്ടറുകളുടെ കാലപ്പഴക്കവുംമൂലം ഗുണനിലവാരമുള്ള പ്രോഡക്ടുകളുടെ അളവ് കുറവാണ്. അക്കാര്യത്തിൽ ഇപ്പോൾ ചെറിയ പ്രതിസന്ധി നേരിടുന്നുണ്ട്. അതുസംബന്ധിച്ച് മിധാനിയുടെ സി.എം.ഡി.

ഉൾപ്പെടെയുള്ളവരുമായി ചർച്ച ചെയ്യുകയുണ്ടായി. മിധാനി, വി.എസ്.എസ്.സി., ഡിഫൻസ് മേഖലയുമായി ബന്ധപ്പെട്ട കേന്ദ്ര കമ്പനികൾ എന്നിവരും കെ.എം.എം.എൽ.-മായി ചേർന്ന് ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അടിയന്തരമായി ടൈറ്റാനിയം സ്പോഞ്ചിന്റെ പ്രൊഡക്ഷനിലേയ്ക്ക് പോകാൻ കഴിയുന്ന പദ്ധതി നിലവിൽവരുന്നതാണ്. ആ ഘട്ടത്തിൽമാത്രമെ ഭൂമി ഏറ്റെടുക്കൽ നടപടികളിലേയ്ക്ക് പോകാൻ സാധിക്കുകയുള്ളൂ. കോവിൽതോട്ടത്തിൽ ഖനനം നടത്താൻ സാധിച്ചിരുന്നില്ലെന്നും അവിടത്തെ ആളുകൾക്ക് തൊഴിൽ പ്രശ്നമുണ്ടെന്നും ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരുന്നു. ആ പ്രശ്നങ്ങളെല്ലാം പരിഹരിച്ചുകൊണ്ട് അവിടെ ഖനനം ആരംഭിക്കാനും ആളുകൾക്ക് തൊഴിൽ ഉറപ്പുവരുത്താനും കഴിഞ്ഞുവെന്ന കാര്യം ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഖാദി മേഖലയിൽ കഴിഞ്ഞ രണ്ടുവർഷമായി നല്ല രീതിയിൽ വില്പന ശക്തിപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഡെബ്റ്റ്സ് റിക്കവറി ട്രിബ്യൂണൽസ് (ഡി.ആർ.ടി.) റിക്കവറി നടത്തിയശേഷം അത് മറ്റൊരു വ്യവസായ

സ്ഥാപനത്തിനുവേണ്ടി നൽകിയ വിഷയത്തെക്കുറിച്ചാണ് സൂചിപ്പിക്കാനുള്ളത്. ഡി.ആർ.ടി. കൊടുത്തുകഴിഞ്ഞാൽ വളരെ വേഗത്തിൽത്തന്നെ പുതിയൊരാൾക്ക് അവിടെ വ്യവസായം ആരംഭിക്കാൻ കഴിയുന്ന സാഹചര്യം നേരത്തെയുണ്ടായിരുന്നു. പാലക്കാടുള്ള ഛായ ഇൻഡസ്ട്രീസ് എന്ന സ്ഥാപനം ഈ രീതിയിൽ കൈമാറ്റം ചെയ്തിട്ടും നടപടിക്രമങ്ങളുടെ പേരിൽ നീണ്ടുപോവുകയാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. മുൻകാലങ്ങളിലുണ്ടായിരുന്നപോലെ ഡി.ആർ.ടി. കൈമാറി കൊടുത്തുകഴിഞ്ഞാൽ തടസ്സമില്ലാതെ വളരെ വേഗത്തിൽത്തന്നെ നടപടിക്രമങ്ങൾ പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, തൃശ്ശൂരിലെ വൈരക്കല്ല് മേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടി കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, വളരെക്കാലമായി ശ്രമിച്ചിട്ടും പൂർണ്ണതയിൽ എത്താൻ കഴിയാത്ത പ്രശ്നത്തെക്കുറിച്ചാണ് ബഹുമാന്യനായ പട്ടാമ്പി അംഗം

ചൂണ്ടിക്കാണിച്ചത്. അക്കാര്യത്തിൽ ഒരു മാസത്തിനുള്ളിൽ മാറ്റം വരുത്താൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ലാൻഡ് അലോട്ട്മെന്റിൽ റവന്യൂ വകുപ്പ് കൊടുക്കുന്ന പട്ടയം ഒരാളുടെ പേരിലാണെങ്കിൽ ചിലപ്പോൾ അടുത്ത ആളുടെ പേരിലേയ്ക്ക് മാറ്റേണ്ടി വരും. അങ്ങനെ പട്ടയം മാറ്റുന്ന പ്രക്രിയയ്ക്ക് നാലഞ്ച് വർഷമെടുക്കും. ഉദാഹരണമായി, പ്ലാസ്റ്റിക് ഗ്ലാസ് ഇൻഡസ്ട്രിക്ക് വേണ്ടിയുള്ള ഭൂമിയുടെ പട്ടയത്തിന് പ്ലാസ്റ്റിക് ഗ്ലാസ്സുണ്ടാക്കുന്ന ഇൻഡസ്ട്രി എന്നത് പട്ടയത്തിൽത്തന്നെ എഴുതിയിട്ടുണ്ടാകും. അപ്രകാരം രേഖപ്പെടുത്തിയ പട്ടയം വാങ്ങി വ്യവസായം ആരംഭിക്കാൻ പോകുന്ന അവസരത്തിൽ പ്ലാസ്റ്റിക് നിരോധിച്ചിട്ടുണ്ടാകും. അപ്പോൾ അതിനെ മാറ്റി പേപ്പർ കപ്പ് വ്യവസായം ആരംഭിക്കാമെന്ന് വിചാരിച്ചാൽ അതിന് വീണ്ടും 3 വർഷത്തോളം സമയമെടുക്കും. ഇതൊരു ഗുരുതരമായ പ്രശ്നമാണ്. യൂണിഫൈഡ് ലാൻഡ് അലോട്ട്മെന്റ് പോളിസിയിൽ കിൻഫ്ര, കെ.എസ്.ഐ.ഡി.സി. എന്നിവയെല്ലാം ഇക്കാര്യം ക്ലിയറായി വച്ചിരിക്കുകയാണ്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട മറ്റൊരു കാര്യം ഉടമസ്ഥാവകാശം സംബന്ധിച്ചുള്ളതാണ്. ഉദാഹരണത്തിന് ഒരാൾ മരിച്ചാൽ

അയാളുടെ മകന്റെ പേരിലേയ്ക്ക് പട്ടയം മാറ്റുന്നതിന് വർഷങ്ങളെടുക്കാറുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പ്രത്യേകം താല്പര്യമെടുത്ത് രണ്ടുമൂന്ന് യോഗം ചേർന്നതിന്റെ ഫലമായി ഇക്കാര്യത്തിൽ ഏകദേശം രൂപമായിട്ടുണ്ട്. ചെറിയ ഫീസ് നൽകി വളരെ എളുപ്പത്തിൽത്തന്നെ ഓൺലൈനായി ഇത് മാറ്റാൻ കഴിയുമെന്നാണ് പ്രതിക്ഷീക്കുന്നത്. 'ഇൻഡസ്ട്രിയൽ പർപ്പസ്' എന്ന് പട്ടയത്തിൽ എഴുതിയാൽ ആ മേഖലയിൽ നിയമപ്രകാരമുള്ള വ്യവസായം മാത്രമെ നടത്താൻ സാധിക്കുകയുള്ളൂ. പട്ടയത്തിൽ എന്ത് എഴുതിയാലും റെഡ് കാറ്റഗറിയിൽ ഉൾപ്പെട്ടതാണെങ്കിൽ ആ വ്യവസായം നടത്താൻ കഴിയില്ല. അതുകൊണ്ട് പട്ടയത്തിൽ 'ഇൻഡസ്ട്രിയൽ പർപ്പസ്' എന്ന് രേഖപ്പെടുത്തിയാൽ മതിയാകും. അത് പേപ്പർ കപ്പാണോ സ്റ്റീലാണോ സിമന്റാണോ എന്നൊന്നും ഓരോ പട്ടയത്തിലും എഴുതേണ്ടതില്ലെന്ന പൊതുധാരണയിൽ എത്തിയിട്ടുണ്ട്. രണ്ട് മാസത്തിനുള്ളിൽത്തന്നെ അത് പ്രഖ്യാപിക്കാൻ കഴിയും. റവന്യൂ വകുപ്പ് ഡ്രാഫ്റ്റ് പോളിസി അംഗീകരിച്ചാൽ അപ്പോൾത്തന്നെ അത് നടപ്പാക്കാൻ കഴിയും. തൃശ്ശൂരിലെ വൈരക്കല്ല് മേഖലയെ സംരക്ഷിക്കുന്നതിനെക്കുറിച്ച് ശ്രീ.

സേവ്യർ ചിറ്റിലപ്പിള്ളി സൂചിപ്പിക്കുകയുണ്ടായി. തൃശ്ശൂർ നഗര ഹൃദയത്തിൽ പുഴയ്ക്കൽ പാടത്ത് കിൻഫ്രയ്ക്കുവേണ്ടി ഭൂമി എടുത്തിട്ടുണ്ട്. അതിനപ്പുറമുള്ള എല്ലാ ഗ്രൂപ്പുകാർക്കും ഭൂമി തരംമാറ്റുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ബഹുമാന്യനായ ചെയറിനും അക്കാര്യം അറിയാവുന്നതാണ്. എന്നാൽ കിൻഫ്രയ്ക്കുമാത്രം ഭൂമി ഇതുവരെ തരംമാറ്റുന്നതിനുള്ള അനുമതി ലഭിച്ചിട്ടില്ല. അനുമതി ലഭിക്കുകയാണെങ്കിൽ അവിടെ ജെം ആൻഡ് ജ്വല്ലറി പാർക്ക് സ്ഥാപിക്കാനാണ് ആലോചിക്കുന്നത്. വൈരക്കല്ല് വ്യവസായത്തിനായി എല്ലാവരും ചേർന്ന് ഒരു സൊസൈറ്റി രൂപീകരിക്കുകയാണെങ്കിൽ അവർക്കും അടിസ്ഥാന സൗകര്യ വികസനത്തിനായി 3 കോടി രൂപ വരെ സർക്കാർ കൊടുക്കുകയും അതിനുവേണ്ടി ഈ സ്ഥലം വിനിയോഗിക്കുകയും ചെയ്യുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ]

ശ്രീമതി ദെലീമ: സർ, അരൂർ മണ്ഡലത്തിൽ കെൽട്രോണിന്റെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; അവിടത്തെ

ഉദ്യോഗസ്ഥർക്ക് ശമ്പളത്തിന്റെ ലഭ്യതക്കുറവുണ്ടെന്ന് പറഞ്ഞിരുന്നു. അക്കാര്യത്തിൽ മാറ്റമുണ്ടാക്കാൻ സാധ്യതയുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, 1000 കോടി രൂപയുടെ ടേൺഓവറിലേയ്ക്ക് കെൽട്രോണിനെ മാറ്റുന്നതിനായി താല്പര്യത്തോടുകൂടിയ പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. അക്കാര്യത്തിലുള്ള അങ്ങയുടെ നീക്കത്തെ തൊഴിലാളികളും വളരെ താല്പര്യത്തോടുകൂടിയാണ് കാണുന്നത്. ഗവൺമെന്റ് വളരെക്കാലത്തിനുശേഷം അവിടത്തെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ഇടക്കാലാശ്വാസമെന്ന നിലയിൽ സഹായം നൽകുകയും ചെയ്തിരുന്നു. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അതിൽ അവർക്ക് കൃതജ്ഞതയുണ്ട്. പക്ഷെ ദീർഘകാലമായി ശമ്പളപരിഷ്കരണം മുടങ്ങിക്കിടക്കുന്ന പശ്ചാത്തലമാണ് നിലവിലുള്ളത്. പ്രസ്തുത ഫയൽ ധനകാര്യവകുപ്പ് അങ്ങോട്ടുമിങ്ങോട്ടും തട്ടിക്കളിക്കുന്നതായാണ് മനസ്സിലാക്കുന്നത്. കെൽട്രോണിലെ തൊഴിലാളികളുടെ ആവശ്യങ്ങൾക്ക്

പരിഹാരം കാണുന്നതിനായി ബഹുമാനപ്പെട്ട  ധനകാര്യ വകുപ്പുമന്ത്രിയുമായി സംയുക്ത യോഗം ചേർന്നുകൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പ്രേംകുമാർ: സർ, ഒറ്റപ്പാലം മണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യവസായ സ്ഥാപനമായ സിൽക്ക്-ന്റെ യൂണിറ്റ് നഗര ഹൃദയത്തിലുള്ള കണ്ണായ സ്ഥലത്താണ്  സ്ഥിതി ചെയ്യുന്നത്. അതിനെ ആധുനികവത്കരിക്കാനും  കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന നിലയിൽ മാറ്റിയെടുക്കാനും ആവശ്യമായ കർമ്മപദ്ധതി അനിവാര്യമായ സാഹചര്യത്തിൽ അക്കാര്യം  പരിഗണിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ടതാണ് ആദ്യത്തെ ചോദ്യം. ജീവിത ചെലവിന്റെ വർദ്ധനവ് പരിഗണിക്കുന്നതോടൊപ്പം  ശമ്പള പരിഷ്കരണം താങ്ങാനുള്ള ശേഷി സ്ഥാപനങ്ങൾക്കുണ്ടോ എന്നുകൂടി പരിശോധിക്കേണ്ടതുണ്ട്. ശമ്പള പരിഷ്കരണം നടത്തുന്നതോടുകൂടി കമ്പനി അടച്ചുപൂട്ടുന്ന സാഹചര്യമുണ്ടാകാൻ പാടില്ലെന്നതാണ് ഗവൺമെന്റിന്റെ പൊതുവായ സമീപനം. ശ്രീ. കടകംപള്ളി സുരേന്ദ്രൻ ചൂണ്ടിക്കാണിച്ച  വിഷയത്തെക്കുറിച്ച്

സൂചിപ്പിക്കാം. ഇപ്പോഴത്തെ രീതിയിൽ ഒരു എൽ.റ്റി.എസ്., ചിലപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിലായിരിക്കും ഒപ്പുവയ്ക്കുന്നത്. നമ്മുടെ രാജ്യത്തെ ലേബർ ആക്ട് പ്രകാരം ട്രൈപാർട്ടി (മാനേജ്മെന്റ്, തൊഴിലാളി യൂണിയൻ, ലേബർ ഡിപ്പാർട്ടുമെന്റ്) എഗ്രിമെന്റാണുള്ളത്. തൊഴിൽ നിയമങ്ങളിൽ പബ്ലിക് സെക്ടർ, പ്രൈവറ്റ് സെക്ടർ എന്നിങ്ങനെ പ്രത്യേകം എക്സംപ്ഷനില്ല. മൂന്നംഗ എഗ്രിമെന്റ് ഒപ്പുവച്ചുകഴിഞ്ഞാൽ അത് ധനകാര്യ വകുപ്പിലേയ്ക്ക് അയയ്ക്കും. സാധാരണഗതിയിൽ ഗവൺമെന്റിന് സാമ്പത്തിക ബാദ്ധ്യതയുണ്ടാകുമോ എന്നാണ് ധനകാര്യ വകുപ്പ് പരിശോധിക്കേണ്ടത്. എന്നാൽ അവിടത്തെ ചില ഉദ്യോഗസ്ഥർ പരിശോധിക്കുന്നത് അണ്ടർ സെക്രട്ടറിയേക്കാൾ കൂടുതൽ ശമ്പളം എങ്ങനെയാണ് ജനറൽ മാനേജർ വാങ്ങുന്നത് എന്നാണ്. കമ്പനിയും സെക്രട്ടേറിയറ്റും തമ്മിൽ യാതൊരു ബന്ധവുമില്ല. എന്നാലും ഇങ്ങനെ ക്വറികൾ എഴുതിക്കൊണ്ടേയിരിക്കും. ട്രൈപാർട്ടി എഗ്രിമെന്റിനെക്കുറിച്ച് കോടതിയും പറഞ്ഞിട്ടുണ്ട്. 'എച്ച്.ആർ. എന്തിനാണ് കൂട്ടിയത്; ഡി.എ. ഇത്ര മെർജ് ചെയ്യാൻ പാടുണ്ടോ?' എന്നിങ്ങനെയുള്ള ക്വറികളാണുള്ളത്. യഥാർത്ഥത്തിൽ അങ്ങനെയുള്ള

അവകാശങ്ങൾ നിയമപ്രകാരം ഇല്ലാത്തതാണ്. രാജ്യത്തെ നിയമത്തിനനുസരിച്ചാണല്ലോ എല്ലാവരും പ്രവർത്തിക്കുന്നത്. സാമ്പത്തിക ബാദ്ധ്യതയുണ്ടാകുമോ എന്നുള്ള കാര്യങ്ങളെല്ലാം ധനകാര്യ വകുപ്പാണ് പരിശോധിക്കേണ്ടത്. ശ്രീ. എ. സി. മൊയ്തീൻ മന്ത്രിയും ഞാൻ ട്രേഡ് യൂണിയൻ നേതാവുമായിരുന്ന കാലത്ത് ഒപ്പുവച്ച ട്രൈപാർട്ടി എഗ്രിമെന്റിന് അംഗീകാരം ലഭിക്കാൻ മൂന്ന് വർഷമെടുത്തു. 'ഈ സ്റ്റെയിൽ ഇങ്ങനെപാടില്ല' എന്നൊക്കെയുള്ള ഒബ്ജക്ഷനുകളാണുണ്ടാകുന്നത്. ഇത് സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർക്ക് തീരുമാനിക്കാൻ കഴിയുന്നതല്ല; മറിച്ച് ഒരു നിയമത്തിന്റെ പരിധിക്കകത്തുനിന്ന് ചെയ്യേണ്ട കാര്യമാണ്. ഇപ്പോൾ കോടതിയും ഇക്കാര്യത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഗവൺമെന്റിന് ഡയറക്ടായോ ഇൻഡയറക്ടായോ സാമ്പത്തിക ബാദ്ധ്യതയോ മറ്റെന്തെങ്കിലും ലയബിലിറ്റിയോ ഉണ്ടാകുമോ എന്നിവയെല്ലാം ധനകാര്യ വകുപ്പ് കൃത്യമായി പരിശോധിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് പോൾ ആന്റണി കമ്മിറ്റി ശിപാർശ സമർപ്പിച്ചിട്ടുണ്ട്. നേരിട്ട് യാതൊരു ബാദ്ധ്യതയുമില്ലെങ്കിൽ എത്രമാത്രം ഫിനാൻഷ്യൽ ആൻഡ് ഫങ്ഷണൽ ഓട്ടോണമി നൽകാം

എന്നിങ്ങനെയുള്ള കാര്യങ്ങളെ സംബന്ധിച്ചുള്ള ശിപാർശയാണ് വന്നിരിക്കുന്നത്. അതുകൂടി വരുമ്പോൾ ഫയൽ മൂവ്മെന്റുകളുടെ സങ്കീർണ്ണത കുറയ്ക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പൊതുവിൽ ഉദ്യോഗസ്ഥരുടെ സമീപനത്തിൽ വന്നിട്ടുള്ള മാറ്റം പ്രതിഫലിക്കുന്നുണ്ട്. ട്രേഡ് യൂണിയനുകളുടെ സമീപനത്തിലും നല്ല മാറ്റം വന്നിട്ടുണ്ട്. ചില മേഖലകളിൽ വളരെ അപൂർവ്വമായി ചില തർക്കങ്ങൾ വരുന്നുണ്ട്. അത് ചിലപ്പോൾ ചുമട്ടുമായി ബന്ധപ്പെട്ടായിരിക്കാം; അത്തരം തർക്കങ്ങളിൽ ഇടപെടുന്നുണ്ട്. ഒരു സമൂഹം മുന്നോട്ടുപോകുമ്പോൾ, പഴയകാലത്തേതുപോലെ മുഴുവൻ ഭാരവും തലയിൽ കയറ്റിവയ്ക്കുന്നതിന് ആധുനിക സമൂഹത്തിന് സാധിക്കില്ല. തൊഴിൽ സംരക്ഷിച്ചുകൊണ്ട് ഇവരുടെ ഭാരം എപ്രകാരം കുറയ്ക്കാൻ സാധിക്കുമെന്ന പുതിയ രീതികളാണുണ്ടാകേണ്ടത്. ഞാൻ കഴിഞ്ഞദിവസം ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുമായി സംസാരിച്ചു. ഇത്തരം കാര്യങ്ങളിൽ മാറ്റം വരുത്താൻ കഴിയുമോ എന്നതു സംബന്ധിച്ച് ചുമട്ടു തൊഴിലാളി ബോർഡുതന്നെ ചർച്ച ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്. അതിലൊരു മാറ്റമുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കെൽട്രോണിന്റെ

കാര്യത്തിലും പൊതു സമീപനത്തിനകത്ത് നിന്നുകൊണ്ടുള്ള നടപടികളാണ് സർക്കാരിന് സ്വീകരിക്കാൻ കഴിയുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളിൽ മാസ്റ്റർ പ്ലാനുകൾ നടപ്പിലാക്കുന്നുണ്ട്. സംരംഭകരെ ആകർഷിക്കാനായി 'മീറ്റ് ദ ഇൻവെസ്റ്റർ' പദ്ധതി ആരംഭിച്ചതിന്റെ ഭാഗമായി 11,000 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങളാണ് ലഭിച്ചിരിക്കുന്നത്. അതിൽ രണ്ട് കമ്പനികൾ നിലവിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. 29 കമ്പനികൾ നിക്ഷേപത്തിന് തയ്യാറായിട്ടുണ്ട്. നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സംരംഭകത്വ വർഷത്തിന്റെ ഭാഗമായി ആരംഭിച്ച സ്ഥാപനത്തിൽ അങ്ങയുടെ ക്ഷണപ്രകാരം നമ്മൾ ഒരുമിച്ച് സന്ദർശനം നടത്തിയതാണ്. അതൊരു വലിയ മാതൃകയാണ്. കമ്പ്യൂട്ടറിൽ ഫീഡ് ചെയ്തുകൊടുത്താൽ അതിനനുസരിച്ച് മരം കട്ട് ചെയ്ത്, എവിടെയൊക്കെയാണ് ഹോൾ ഇടേണ്ടത്, എവിടെയാണ് റെയിൽ ഇടേണ്ടത്, തുടങ്ങി പൊടിയുടെ അംശംപോലും പുറത്തേയ്ക്ക് വരാത്ത രീതിയിൽ എല്ലാകാര്യങ്ങളും ചെയ്യുന്ന അത്യാധുനിക സംവിധാനമാണ് ആ സ്ഥാപനത്തിൽ നമ്മൾ കണ്ടത്.

അത്രയും ആധുനികമായ കാര്യങ്ങൾ ഈ സംരംഭകത്വ വർഷത്തിന്റെ ഭാഗമായി വന്നിട്ടുണ്ട്. അതിലെ നല്ലൊരു പങ്കും സ്ത്രീ സംരംഭകരാണ്. ആദ്യമായി വ്യവസായ വകുപ്പ് വനിതാദിനം ആചരിക്കുകയും അതിന്റെ ഭാഗമായി പ്രഖ്യാപനങ്ങൾ നടത്തുകയും ചെയ്തിരുന്നു. സ്ത്രീ സംരംഭകരിൽ നല്ല ആത്മവിശ്വാസം വരുന്നുണ്ട്. സ്ത്രീ സംരംഭകർ വർദ്ധിക്കുന്നതോടുകൂടി സ്ത്രീകൾ സാമ്പത്തികമായി കൂടുതൽ കരുത്ത് നേടുകയും അതിലൂടെ സ്ത്രീ ശാക്തീകരണം നടപ്പാകുകയും ചെയ്യും. അതുകൊണ്ട് ഇത്തരം സ്ഥാപനങ്ങളെ നിലനിർത്തുന്നതിനുള്ള പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. ഒരു അക്കൗണ്ട് അഗ്രഗേറ്റർ സംവിധാനം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കുവേണ്ടി കൊണ്ടുവരുന്നുണ്ട്. ചാർട്ടേർഡ് അക്കൗണ്ടന്റുകളുടെ സംഘടനയായ ICAI (Institute of Chartered Accountants of India)-യുമായി കഴിഞ്ഞദിവസം യോഗം ചേരുകയുണ്ടായി; സംരംഭകത്വ വർഷത്തിന്റെ ആലോചനായോഗവും നേരത്തെ ചേർന്നിരുന്നു. എല്ലാ ജില്ലയിലും പുതിയ സംരംഭങ്ങൾ വരികയാണ്. എങ്ങനെയാണ് ജി.എസ്.ടി. റിട്ടേൺ കൊടുക്കുക; എങ്ങനെയാണ് ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുക

തുടങ്ങിയ കാര്യങ്ങളെകുറിച്ച് സംരംഭകർക്ക് വേണ്ടത്ര പരിജ്ഞാനമുണ്ടാകില്ല. ഒരു സംരംഭം തുടങ്ങാനുള്ള ആവേശത്തിൽ ആരംഭിച്ചതായിരിക്കും. കേരളത്തിലെ ചാർട്ടേഡ് അക്കൗണ്ടന്റുകളുടെ സംഘടനയായ ഐ.സി.എ.ഐ. എല്ലാ ജില്ലയിലും ഒരു വർഷത്തേയ്ക്ക് സൗജന്യമായി സേവനം നൽകാമെന്ന് അറിയിച്ചിട്ടുള്ള കാര്യം ഇവിടെ സൂചിപ്പിക്കുകയാണ്. ഇതു കൂടാതെ സഹകരണവകുപ്പുമായി ചേർന്ന് കൺസ്യൂമർ ഫെഡിലും സഹകരണ ബാങ്കുകളുടെ സൂപ്പർമാർക്കറ്റുകളിലും കേരള മെയ്ഡ് ഉല്പന്നങ്ങൾക്കുവേണ്ടിയുള്ള പ്രത്യേക സംവിധാനമൊരുക്കുന്നതാണ്. റേഷൻകടകളുടെ സ്വഭാവം മാറുന്നതിനനുസരിച്ച് അതത് പ്രദേശങ്ങളിലെ ഉല്പന്നങ്ങൾക്ക് പ്രത്യേകം സ്ഥലം കണ്ടെത്തുന്നതിന് ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ ആരംഭിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് ഗവൺമെന്റ് ഇൻഷ്വറൻസ് പദ്ധതി പ്രഖ്യാപിക്കുന്നതാണ്; അത് അവർക്ക് ആത്മവിശ്വാസം പകരുന്നതിന് സഹായകരമായിരിക്കും. സംരംഭക മേഖലയിൽ ഏറ്റവും

മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനമുൾപ്പെടെയുള്ളവർക്ക് ഈ സാമ്പത്തിക വർഷം എം.എസ്.എം.ഇ. അവാർഡ് നൽകുന്നുണ്ട്. കേരളത്തിൽ തെരഞ്ഞെടുക്കപ്പെട്ട 1000 എം.എസ്.എം.ഇ.-കളുണ്ട്. അതിൽ ശരാശരി 100 കോടി രൂപ ടേൺ ഓവറുള്ള എം.എസ്.എം.ഇ.-കളുമുണ്ട്. ഒരു ലക്ഷം കോടി ടേൺ ഓവറുള്ള 1000 എം.എസ്.എം.ഇ.-കൾ ആരംഭിക്കുന്നതിനുള്ള സ്കെയിലിംഗ്-അപ് പദ്ധതി അടുത്ത സാമ്പത്തികവർഷത്തിന്റെ തുടക്കത്തിൽ കേരളത്തിൽ ആരംഭിക്കുന്നതാണ്. ഫെസിലിറ്റേഷൻ സെന്റുകൾ 3 എണ്ണമായി വർദ്ധിപ്പിച്ചിട്ടുണ്ട്. പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ പ്രവർത്തനമാരംഭിക്കുകയും അവിടെയൊരു സിംഗിൾ വിൻഡോ സംവിധാനം ആരംഭിക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്നു. പ്ലാന്റേഷൻ മേഖലയിൽ മറ്റ് പഴവർഗ്ഗങ്ങൾ, വാനില, മെഡിസിനൽ പ്ലാന്റ്സ്, അലൈഡ് ആക്ടിവിറ്റീസ് എന്നിവ ആരംഭിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്.

കൊമേഴ്സ് മിഷൻ; സെക്രട്ടേറിയറ്റിലെ വ്യവസായ വകുപ്പിനെ ഇൻഡസ്ട്രിയൽ ആൻഡ് കൊമേഴ്സ് ഡയറക്ടറേറ്റ് എന്നാണ്

പറയുന്നതെങ്കിലും പ്രത്യേകം സംവിധാനമില്ല. കൊമേഴ്സിനുവേണ്ടി മാത്രം വകുപ്പിൽ പ്രത്യേക സംവിധാനം രൂപപ്പെടുത്തുന്നതാണ്. ജി.ഐ. (ജ്യോഗ്രഫിക്കൽ ഇൻഡിക്കേഷൻസ്) ഉല്പന്നങ്ങൾക്കുവേണ്ടി അവരുടെ പ്രത്യേക യോഗം ചേർന്നിരുന്നു; അതിലേയ്ക്കായി പ്രത്യേക വിപണന സംവിധാനം കൊണ്ടുവരുന്നുണ്ട്. സമാന സ്വഭാവമുള്ള ചെറുകിട സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ.) കോമൺ ഫെസിലിറ്റി സെന്ററും ടെക്നോളജി അപ്ഗ്രഡേഷനുള്ള സൗകര്യങ്ങളും മറ്റും ഉൾപ്പെടുന്ന ക്ലസ്റ്റർ സംവിധാനം ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. നമ്മുടെ എഞ്ചിനീയറിംഗ് കോളേജുകളിലും ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും പഴയകാലത്തെ നിബന്ധനകൾക്കനുസരിച്ച് സ്ഥലമുണ്ടാകും. എന്നാലിപ്പോൾ കുറച്ച് സ്ഥലം മതിയാകും. ബാക്കി സ്ഥലം വെറുതെ കിടക്കുകയാണ്. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങളുമായി ചേർന്ന് ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഇതിലേയ്ക്കായി ആദ്യംതന്നെ എം.ജി. യൂണിവേഴ്സിറ്റിയുടെ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഒരു പാർക്ക് ആരംഭിക്കുകയും ആ ഉന്നത

വിദ്യാഭ്യാസ സ്ഥാപനത്തിലോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ വരുന്ന ഗവേഷണ ഫലങ്ങളുടെ വ്യവസായ ഉല്പാദനത്തിന് പ്രത്യേക പരിഗണന നൽകുകയും ചെയ്യുന്നതാണ്. അവിടെയുള്ള കുട്ടികൾക്ക് പഠനത്തോടൊപ്പം അവിടെത്തന്നെ തൊഴിൽ ചെയ്യാനും സാധിക്കുമെന്നതാണ് ഒരു അഡീഷണൽ അഡ്വാന്റേജ്. ഇത് അവർക്കൊരു വരുമാനമായി മാറുന്നതാണ്. അക്കാഡമിക് ഇൻസ്റ്റിറ്റ്യൂഷനോട് ചേർന്നുള്ള ഇൻഡസ്ട്രിയൽ പാർക്കുകൾ പ്രൈവറ്റ് പാർക്കുകളെപ്പോലെതന്നെ കേരളത്തിന്റെ മുഖച്ഛായ മാറ്റുന്നതിന് സഹായകരമായിരിക്കും. 7 മൾട്ടി സ്റ്റോറീഡ് ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കാനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട്. കൂടാതെ, ഇതുവഴി ഇൻഡസ്ട്രി-അക്കാഡമിക് ബന്ധവും ശക്തിപ്പെടുത്തുന്നതാണ്. കഴിഞ്ഞ ദിവസം 20 കോടി രൂപയുടെയാണ് കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ സിന്തറ്റിക് ബയോളജിയുടെ സെന്റർ ഓഫ് എക്സലൻസ് രൂപീകരിച്ചത്. ഇന്ത്യയിൽ ആദ്യമായാണ് സിന്തറ്റിക് ബയോളജിയിൽ സെന്റർ ഓഫ് എക്സലൻസ് വരുന്നത്. കഴിഞ്ഞ 30 വർഷം ഐ.ടി. ആണ് ലോകത്തെ ഭരിച്ചതെങ്കിൽ അടുത്ത 30 വർഷം ബയോളജിയും ബയോടെക്നോളജിയുമായിരിക്കും

ലോകത്തെ ഭരിക്കാൻ പോകുന്നത്. ബയോളജിയും ബയോടെക്നോളജിയും ലോകത്തെ ഭരിക്കാൻ പോകുമ്പോൾ കേരളത്തെപ്പോലെ ജൈവ വൈവിധ്യത്തിൽ സമ്പന്നതയുള്ള പ്രദേശത്തിനുള്ള സാധ്യത വളരെ ഉയർന്നതായിരിക്കും. ആ സാധ്യത വിനിയോഗിക്കാനുള്ള സംവിധാനമായാണ് ഇതിനെ കാണുന്നത്. ഇവിടെ മെയ്ഡ് ഇൻ കേരള ബ്രാൻഡ് എന്ന പദ്ധതിയുടെ സംവിധാനമുണ്ട്. കിൻഫ്രയുടെ ഒരു എക്സിബിഷൻ സെന്റർ അടുത്ത കേരളപിറവി ദിനത്തിൽ ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2011-16-ൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് കിൻഫ്രയിൽ 263 യൂണിറ്റുകളിലായി 4488 തൊഴിലും 786 കോടി രൂപ നിക്ഷേപവുമുണ്ടായിരുന്നു. എന്നാൽ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ഗവൺമെന്റിന്റെ ഭരണകാലത്ത് 485 യൂണിറ്റുകളിൽ 17264 തൊഴിലും 1511 കോടി രൂപയുടെ നിക്ഷേപവുമുണ്ടായി. ഈ രണ്ടുവർഷത്തിനുള്ളിൽ കിൻഫ്ര പാർക്കുകളിലെ 286 യൂണിറ്റുകളിലൂടെ 24003 തൊഴിൽ സൃഷ്ടിച്ചു. ഇത് കേരള ചരിത്രത്തിലെ ഏറ്റവും ഉയർന്ന തൊഴിൽ സൃഷ്ടിയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ആകെ

17264 തൊഴിലാണുണ്ടായിരുന്നത്. അതിനുമുമ്പുള്ള ഗവൺമെന്റിന്റെ മൂന്നിരട്ടിയാണത്. അതിനെക്കാൾ കൂടുതൽ നമുക്ക് ഈ രണ്ടുവർഷംകൊണ്ട് നേടാൻ കഴിഞ്ഞിട്ടുണ്ട്. 1862.66 കോടി രൂപയുടെ നിക്ഷേപം വന്നിട്ടുണ്ട്. വ്യവസായ മേഖലയിൽ നിലനിൽക്കുന്ന നിയമങ്ങളുടെ പരിഷ്കരണത്തിന് കമ്മിറ്റി രൂപീകരിച്ചിരുന്നു. ആ കമ്മിറ്റിയുടെ ശിപാർശകൾ ചർച്ച ചെയ്യാൻ വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുകയുണ്ടായി. വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങളോടൊപ്പം ആ ശിപാർശയുടെ അടിസ്ഥാനത്തിൽ കേരളത്തിൽ നിലവിലുള്ള വിവിധ വകുപ്പുകളിലെ 35 നിയമങ്ങൾ ഭേദഗതി ചെയ്യുന്ന ബിൽ നിയമപരിഷ്കരണ കമ്മീഷൻ തയ്യാറാക്കിക്കഴിഞ്ഞു. പ്രസ്തുത വകുപ്പുകളുമായി ചർച്ച നടത്തിയശേഷം ആ ബില്ലുകൾ പാസ്സാക്കിക്കൊണ്ട് ഒരു നിയമം നിലവിൽവന്നാൽ കേരളം കുറെക്കൂടി മെച്ചപ്പെട്ട അവസ്ഥയിലേയ്ക്ക് പോകുന്നതാണ്. നാം ഒന്നിച്ചുനിന്നാൽ ഏറ്റവും നല്ല വ്യവസായ അന്തരീക്ഷമുള്ള നാടാക്കി കേരളത്തെ മാറ്റാൻ സാധിക്കും. അതിന് എല്ലാവരുടെയും പിന്തുണ അഭ്യർത്ഥിക്കുന്നു. ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഈ ചർച്ചയിൽ പങ്കെടുത്ത എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളോടും ഈ അവസരത്തിൽ പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. വൈദ്യുതി വകുപ്പിനെ സംബന്ധിച്ച് അംഗങ്ങൾ ചില നിർദ്ദേശങ്ങൾ വയ്ക്കുകയുണ്ടായി. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി സൂചിപ്പിച്ചതിൽ ഒന്നാമതായി, മുണ്ടൂരിൽ നിലവിലുള്ള 33 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. സബ്സ്റ്റേഷനായി ഉയർത്തുന്നതിനുള്ള സ്കീമിന് അപ്രൂവൽ നൽകിയിട്ടുണ്ട്; പ്രോജക്ടിന്റെ ഭരണാനുമതിക്കുള്ള നടപടി സ്വീകരിച്ചുവരുന്നു; രണ്ട് വർഷത്തിനുള്ളിൽ മേൽപ്പറഞ്ഞ പദ്ധതി പൂർത്തീകരിക്കുന്നതാണ്. രണ്ടാമതായി, വടക്കാഞ്ചേരി ചൂലിശ്ശേരി പോൾ കാസ്റ്റിംഗ് യൂണിറ്റ് നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടി പൂർത്തീകരിച്ച് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 7-3-2021-ൽ ആരംഭിച്ച പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ അഞ്ച് മാസത്തിനകം പൂർത്തീകരിക്കുന്നതാണ്. മൂന്നാമതായി, വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ തടസ്സരഹിതവും ഗുണമേന്മയുള്ളതുമായ വൈദ്യുതി വിതരണം ഉറപ്പുവരുത്തുന്നതിനായി ദ്യുതി, ആർ.ഡി.എസ്.എസ്. (Revamped Distribution Sector Scheme) എന്നീ

പദ്ധതികളിൽ പന്ത്രണ്ട് കിലോമീറ്റർ HT ABC കേബിളുകൾ, 36.1 കിലോമീറ്റർ LT ABC കേബിളുകൾ, 200 മീറ്റർ HT ഭൂഗർഭ കേബിളുകൾ, 870 മീറ്റർ കവചിത ചാലകങ്ങൾ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്. മെഡിക്കൽ കോളേജിലെ 33 കെ.വി. സബ്സ്റ്റേഷന്റെ കാര്യവുമായി ബന്ധപ്പെട്ട് ആലോചിച്ച് അടിയന്തര നടപടി പൂർത്തിയാക്കാനുള്ള ശ്രമം നടത്തുന്നതാണ്. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ സൂചിപ്പിച്ചതിൽ, സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച് കൊച്ചിയിലും വിഴിഞ്ഞത്തും കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ഹൈഡ്രജൻ ഹബ്ബ് വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിൽ ഉല്പാദന പ്രക്രിയയുടെ ഭാഗമായി ഉല്പാദിപ്പിക്കുന്ന ഹൈഡ്രജൻ, വ്യാവസായിക ആവശ്യങ്ങൾക്ക് ഇന്ധനമായി ഉപയോഗിക്കുന്നതോടൊപ്പം ഗതാഗത മേഖലയിൽ ഇന്ധനമായി ഉപയോഗിക്കുന്നതിന് വേണ്ടിയുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ഇ.എം.സി.-യുടെ (Energy Management Centre) സഹകരണത്തോടെ പ്രവർത്തിച്ചുവരുന്നു.

വിവാദമായ ചില പ്രശ്നങ്ങളെക്കുറിച്ചാണ് ഇനി പറയാനുള്ളത്. ചാലക്കുടി പുഴയിൽ അതിരൂക്ഷമായ ജലക്ഷാമം നേരിടുന്നുവെന്ന് ജനപ്രതിനിധികൾ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. 0.6 MCM വെള്ളം എന്ന നിരക്കിൽ മാർച്ച് 1 മുതൽ പത്ത് ദിവസത്തേക്ക് വെള്ളം വിട്ടുകൊടുത്തതുമൂലം കെ.എസ്.ഇ.ബി.എൽ.-ന് 1.6 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ എന്ത് ചെയ്യാൻ സാധിക്കുമെന്ന് പരിശോധിക്കുന്നതാണ്. തുടർന്നും വെള്ളം വിട്ടുകൊടുത്താൽ വലിയ നഷ്ടം സംഭവിക്കുന്ന സാഹചര്യമുണ്ടാകും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബന്ധപ്പെട്ടവരുമായും ആലോചിച്ചശേഷം മാത്രമെ അക്കാര്യത്തെക്കുറിച്ച് തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

സംസ്ഥാനത്തെ കഴിഞ്ഞ പത്തുവർഷത്തെ ശരാശരി പ്രതിവർഷ വൈദ്യുതി ഉപഭോഗം 23660 ലക്ഷം യൂണിറ്റാണ്. എന്നാൽ ആഭ്യന്തര ഉല്പാദനം 7456 യൂണിറ്റ് മാത്രമാണ്. അതായത് 70 ശതമാനം വൈദ്യുതിയും പുറത്തുനിന്നും വാങ്ങുകയാണ്. അതുകൊണ്ട് വൈദ്യുതി നിരക്ക് നിശ്ചയിക്കുന്നതിലെ പ്രധാന ഘടകം വൈദ്യുതി വാങ്ങൽ വിലയാണ്.

വൈദ്യുതിയുടെ വില നിർണ്ണയത്തിൽ ഉല്പാദന കമ്പനികൾക്ക് അനുകൂലമായ നയങ്ങളും ചട്ടങ്ങളുമാണ് അടുത്ത കാലത്തായി കേന്ദ്രസർക്കാർ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നത്. ഇതിനുപുറമെ വൈദ്യുതി വിതരണരംഗത്ത് സ്വകാര്യവത്കരണം ലക്ഷ്യമിട്ടുകൊണ്ടുള്ള നിയമഭേദഗതിക്കും ചട്ടഭേദഗതിക്കും കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നു. വൈദ്യുതി നിയമ ഭേദഗതി നീക്കത്തിനെതിരെ നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസാക്കിയിട്ടുണ്ട്. സ്വകാര്യവത്കരണം പ്രോത്സാഹിപ്പിക്കുന്ന കേന്ദ്ര നിർദ്ദേശങ്ങളെ ശക്തിയുക്തം എതിർത്തുകൊണ്ട് രാജ്യത്തിനാകെ ഒരു ബദലാകാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഉല്പാദനശേഷി വർദ്ധിപ്പിച്ചാൽ മാത്രമെ വൈദ്യുതി നിരക്കിന്റെ കാര്യത്തിൽ സംസ്ഥാനത്തിന് ഫലപ്രദമായി ഇടപെടാൻ സാധിക്കുകയുള്ളൂ. കേരളത്തിന്റെ വാർഷിക ജലലഭ്യത 3000 TMC ഉള്ളപ്പോൾ 300 TMC മാത്രമാണ് വൈദ്യുതി ഉല്പാദനത്തിനും ജലസേചനത്തിനും കുടിവെള്ളത്തിനുമായി ഉപയോഗിക്കുന്നത്. ഇടുക്കിയിൽ വൈദ്യുതോല്പാദന ചെലവ് യൂണിറ്റിന് വെറും 50 പൈസ മാത്രമാണെന്നിരിക്കെ കൂടുതൽ ജലവൈദ്യുത പദ്ധതികൾ നടപ്പാക്കാൻ

വിവിധ കാരണങ്ങളാൽ നമുക്ക് കഴിയുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുമ്പുള്ള പത്തുവർഷം 57.26 മെഗാവാട്ട് ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. സംസ്ഥാനത്തെ കർഷകർക്കും സാധാരണക്കാർക്കും വ്യവസായികൾക്കും കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കാൻ വൈദ്യുതോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കണമെന്നുള്ള യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ടുള്ള പ്രവർത്തനമാണ് സർക്കാർ നടത്തിവരുന്നത്. സംസ്ഥാനത്തെ വൈദ്യുതി മേഖല കുതിച്ചുചാട്ടത്തിന്റെ പാതയിലാണ്. വൈദ്യുതി ഉല്പാദന പ്രസരണ വിതരണ രംഗത്ത് സംസ്ഥാനം ഇതുവരെ ദർശിക്കാത്ത രീതിയിലുള്ള വികസന പ്രവർത്തനങ്ങൾ കൊണ്ടുവരുന്നതിന് പുറമെ രാജ്യത്തിനാകെ മാതൃകയാകുംവിധം വൈദ്യുതി ആവശ്യകതയുടെ 50 ശതമാനവും 2030 ആകുന്നതോടുകൂടി പുനരുപയോഗ ഊർജ്ജ സ്രോതസ്സിൽ നിന്ന് കണ്ടെത്താനുള്ള തീവ്രശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. 2040 ആകുന്നതോടുകൂടി 100 ശതമാനം പുനരുപയോഗ ഊർജ്ജിതാധിഷ്ഠിത

സംസ്ഥാനമായും 2050 ആകുന്നതോടെ നെറ്റ് കാർബൺ ന്യൂട്രൽ ആയും മാറാനാണ് കേരളം ലക്ഷ്യമിടുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുത ഉല്പാദനത്തിൽ വലിയ മുന്നേറ്റമാണ് ഉണ്ടായിരിക്കുന്നത്. 480.5 മെഗാവാട്ട് ശേഷിയുള്ള വൈദ്യുത പദ്ധതികൾ സംസ്ഥാനത്ത് പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ 38.5 മെഗാവാട്ട് ജലവൈദ്യുതി പദ്ധതിയും 442 മെഗാവാട്ട് പുനരുപയോഗ ഊർജ്ജ പദ്ധതികളുമാണ്. പള്ളിവാസൽ 60 മെഗാവാട്ട്, തൊട്ടിയാർ 40 മെഗാവാട്ട്, പെരുവണ്ണാമുഴി 6 മെഗാവാട്ട് എന്നീ മൂന്ന് ജലവൈദ്യുതി പദ്ധതികൾ 2023 മെയ് മാസത്തിൽ പൂർത്തിയാകുന്നതാണ്. കൂടാതെ 111 മെഗാവാട്ടിന്റെ 7 ജലവൈദ്യുത പദ്ധതികളും 367 മെഗാവാട്ട് പുനരുപയോഗ ഊർജ്ജ പദ്ധതികളും പുരോഗമിക്കുന്നുണ്ട്. മാത്രമല്ല, 149.10 മെഗാവാട്ടിന്റെ 22 പദ്ധതികൾ ഉടനെ നിർമ്മാണം ആരംഭിക്കുന്നതാണ്. സംസ്ഥാനത്ത് ജലവൈദ്യുത പദ്ധതികൾക്ക് ധാരാളം സാധ്യതകളുണ്ട്. എന്നാൽ വൈദ്യുതി ഉല്പാദനം എന്ന ഘടകംമാത്രം കണക്കാക്കുമ്പോൾ പല പദ്ധതികളും ലാഭകരമല്ല. വൈദ്യുതി ഉല്പാദനത്തെ കൂടാതെ കുടിവെള്ളം,

ജലസേചനം, പ്രളയ നിയന്ത്രണം, പരിസ്ഥിതി സംരക്ഷണം എന്നീ ഘടകങ്ങൾകൂടി കണക്കിലെടുക്കുമ്പോൾ ഈ പദ്ധതികൾ സംസ്ഥാനത്തിന് ഗുണകരമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അത്തരം പദ്ധതികൾ തയ്യാറാക്കാൻ കെ.എസ്.ഇ.ബി.എൽ.-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രളയ പ്രതിരോധത്തിനും മറ്റനുബന്ധ പ്രവർത്തനങ്ങൾക്കും കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ് ലഭ്യമാകുന്നതാണ്. വൻകിട ജലവൈദ്യുത പദ്ധതികളെക്കൂടി ഹരിതോർജ്ജ പദ്ധതികളായി കണക്കിലെടുത്ത് ഹൈഡ്രോ പവർ പർച്ചേസ് ഒബ്ലിഗേഷൻ നിലവിൽ വന്നിട്ടുണ്ട്. ഈ ആനുകൂല്യങ്ങൾകൂടി ലഭിക്കുന്ന രീതിയിൽ വിവിധോദ്ദേശ്യ പദ്ധതികളെന്ന നിലയിൽ ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി 800 മെഗാവാട്ട്, മൂഴിയാർ രണ്ടാം ഘട്ടം 300 മെഗാവാട്ട്, ലക്ഷ്മി 240 മെഗാവാട്ട്, കാരപ്പാറ 19 മെഗാവാട്ട്, പൂയംകുട്ടി 210 മെഗാവാട്ട് എന്നിങ്ങനെ ആകെ 1569 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാവുന്ന അഞ്ച് വൻകിട പദ്ധതികൾകൂടി ആവിഷ്കരിച്ചിട്ടുണ്ട്. സൗരപുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി 31708 പുരപ്പുറങ്ങളിലായി 133.53 മെഗാവാട്ട് ശേഷിയുള്ള നിലയങ്ങളാണ് ഈ സർക്കാർ

അധികാരത്തിൽ വന്നതിനുശേഷം പൂർത്തിയാക്കിയത്. കൂടുതൽ വ്യവസായങ്ങളെ ആകർഷിക്കുന്നതിന് പകൽസമയത്ത് വൈദ്യുതിനിരക്ക് കുറയ്ക്കുന്നതിനെക്കുറിച്ചും ആലോചിക്കുന്നതാണ്. സൗരോർജ്ജ വൈദ്യുത ഉല്പാദനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പകൽസമയത്തും ഓഫ് പീക്ക് സമയത്തും കുറഞ്ഞ ചെലവിൽ ലഭിക്കുന്ന വൈദ്യുതി ഉപയോഗിച്ച് വൈദ്യുതോല്പാദനം കഴിഞ്ഞ് ഒഴുകിപ്പോകുന്ന വെള്ളം തിരികെ ഡാമിലേയ്ക്ക് പമ്പുചെയ്ത് പീക്ക് സമയത്ത് വൈദ്യുത ഉല്പാദനം നടത്തുവാനുതകുന്ന പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനും ഉദ്ദേശിക്കുന്നുണ്ട്. ഇടുക്കി, പള്ളിവാസൽ എന്നീ രണ്ട് പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളുടെ സാധ്യതാപഠനം നടത്തുന്നതിനായി THDC India Ltd എന്ന സ്ഥാപനവുമായി എം.ഒ.യു. ഒപ്പുവച്ചിട്ടുണ്ട്. ഇതുകൂടാതെ പത്ത് പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളുടെ സാധ്യതാ പഠനത്തിനുള്ള പ്രവർത്തനങ്ങളും എൻ.എച്ച്.പി.സി.എൽ. (നാഷണൽ ഹൈഡ്രോ ഇലക്ട്രിക് പവർ കോർപ്പറേഷൻ ലിമിറ്റഡ്)-മായി യോജിച്ച് നടത്തിവരുന്നു. സംസ്ഥാനത്തെ ജലാശയങ്ങളിൽ 6000 മെഗാവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പവർ

പ്ലാന്റുകൾ സ്ഥാപിക്കാമെന്ന് കണ്ടെത്തിയിട്ടുണ്ട്. അതിൽ 3000 മെഗാവാട്ടെങ്കിലും നമുക്ക് ഉല്പാദിപ്പിക്കാൻ സാധിക്കണം. ഇതിന് നേതൃത്വം നൽകുന്ന അനെർട്ട് അനുമതിക്കായുള്ള ഏകജാലക സംവിധാനം ഒരുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖകൾ സർക്കാരിന്റെ പരിഗണനയിലാണ്. കേരളത്തിലെ 56 ജലാശയങ്ങളിൽ ആദ്യഘട്ടമായി 500 മെഗാവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകൾ ലോകബാങ്കിന്റെ ഗ്രാന്റോടുകൂടി സ്ഥാപിക്കാനുള്ള പഠനങ്ങൾ നടന്നുവരികയാണ്. കാറ്റിൽനിന്ന് 100 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ഗ്രിഡ്ബന്ധിത പദ്ധതികൾ കേരളത്തിൽ സ്ഥാപിക്കുന്നതിനായി ദർഘാസ് ക്ഷണിക്കുകയും താരിഫ് അധിഷ്ഠിത ബിഡ്ഡിംഗിലൂടെ 14 മെഗാവാട്ടിനുള്ള വർക്ക് അവാർഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ജി. എസ്. ജയലാൽ: സർ, എല്ലാവർക്കും സൗരോർജ്ജം എന്നത് പ്രധാനപ്പെട്ട ഒരു പ്രതീക്ഷയാണ്. 70 ശതമാനം വൈദ്യുതിയും പുറത്തുനിന്നും വാങ്ങുകയാണല്ലോ; ഇതിനുള്ള ചെലവും സൗരോർജ്ജത്തിലൂടെ നമുക്ക്

ലഭിക്കുന്ന ഗുണവും തമ്മിൽ താരതമ്യപ്പെടുത്തിക്കൊണ്ട് സൗരോർജ്ജപാനൽ വീടുകളിൽ സ്ഥാപിക്കുന്നതിനായി നൽകിവരുന്ന സബ്സിഡി വർദ്ധിപ്പിക്കുന്നത് ഗുണകരമാകുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, 40 ശതമാനം സബ്സിഡി നൽകുന്നുണ്ട്. ഇത് പകൽ മാത്രമെ ലഭിക്കുകയുള്ളൂ. പീക്ക് അവറിൽ പുറത്തുനിന്ന് കൂടിയ വിലയ്ക്കുള്ള വൈദ്യുതിയാണ് വാങ്ങിക്കുന്നത്. അത് രണ്ടുംകൂടി താരതമ്യപ്പെടുത്തുമ്പോൾ മാത്രമെ കൂടുതൽ സബ്സിഡിയെക്കുറിച്ച് ആലോചിക്കാൻ സാധിക്കുകയുള്ളൂ. കേരള തീരങ്ങളിലെ കരിമണലിൽ രണ്ടുലക്ഷം തോറിയം നിക്ഷേപം ഉണ്ടെന്നാണ് കണക്കാക്കുന്നത്. ഇത് വേർതിരിച്ചാൽ കുറഞ്ഞ നിരക്കിൽ വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കും. കേരളത്തിന്റെ സാമ്പത്തിക ഉന്നമനത്തിന് ഇത് ഏറെ സഹായകരമാണ്.

കേരള നവ നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം സംസ്ഥാന സർക്കാർ തലസ്ഥാന നഗരമായ തിരുവനന്തപുരത്തെ സോളാർ സിറ്റിയായി തെരഞ്ഞെടുത്തിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിലെ മുഴുവൻ വൈദ്യുതി ആവശ്യവും പുനരുപയോഗ ഊർജ്ജ സ്രോതസ്സിൽനിന്നും

നിറവേറ്റുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. തിരുവനന്തപുരം കോർപ്പറേഷനിലെ മുഴുവൻ പൊതുകെട്ടിടങ്ങളും സൗരോർജ്ജത്തിലേയ്ക്ക് മാറ്റുന്ന പ്രവൃത്തി ഇതിന്റെ ഭാഗമായി എടുത്തിട്ടുണ്ട്. ഇതുവരെ 400-ഓളം കെട്ടിടങ്ങൾ ഇതിനായി കണ്ടെത്തുകയും ഇതിൽ 100 കെട്ടിടങ്ങളുടെ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിലേയ്ക്കായി 110 കോടി രൂപയാണ് സ്മാർട്ട് സിറ്റി പദ്ധതി വഴി കണ്ടെത്തിയിട്ടുള്ളത്. കൂടാതെ 100 മെഗാവാട്ട് ഗാർഹിക സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടി ആരംഭിച്ചുകഴിഞ്ഞു.

പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ മീൻവല്ലം പദ്ധതിയുടെ മാതൃകയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പാക്കുന്നതിനുള്ള സൗകര്യം നൽകുന്നതാണ്. ഇത്തരത്തിൽ സംസ്ഥാനത്തെ വൈദ്യുതോല്പാദന രംഗത്തെ സ്വയംപര്യാപ്തതയിൽ എത്തിക്കാൻ നിരവധി സാധ്യതകളുണ്ട്. കൂട്ടായ പരിശ്രമത്തിലൂടെ നമുക്ക് ആ ലക്ഷ്യം കൈവരിക്കേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതിക്ക്

വ്യവസായങ്ങൾക്കായുള്ള വൈദ്യുതി ആഭ്യന്തരമായി കുറഞ്ഞ ചെലവിൽ ഉല്പാദിപ്പിക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കുന്നതാണ്. വൈദ്യുതി പ്രസരണ മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1502 കോടി രൂപയുടെ പ്രവർത്തനങ്ങൾ പൂർത്തിയാക്കി. ട്രാൻസ്ഗ്രിഡ് പദ്ധതിയിലൂടെ അടുത്ത മൂന്ന് ദശാബ്ദങ്ങൾക്കാവശ്യമായ വൈദ്യുതി പ്രസരണ ശൃംഖല നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി കേരളത്തിന്റെ തെക്കേയറ്റത്തുനിന്നും വടക്കേയറ്റംവരെ നീളുന്ന 400 കെ.വി. പവർ ഹൈവേ പൂർത്തിയാകുന്നതോടെ കേരളത്തിൽ എല്ലായിടത്തും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താൻ നമുക്ക് സാധിക്കും. വൈദ്യുതി പ്രസരണ മേഖലയിൽ ഈ കാലയളവിൽ ആറ് 220 കെ.വി. സബ്സ്റ്റേഷനുകൾ ഉൾപ്പെടെ 14 സബ്സ്റ്റേഷനുകൾ പൂർത്തിയാകുകയും 10 സബ്സ്റ്റേഷനുകളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി വിതരണ മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1535 കോടി രൂപയുടെ പ്രവർത്തനങ്ങൾ പൂർത്തിയാക്കി. കൂടാതെ, ദ്യുതി 1, ദ്യുതി 2, ട്രാൻസ്ഗ്രിഡ് മുതലായ പദ്ധതികളിലൂടെ സഞ്ചിത സാങ്കേതിക വാണിജ്യ നഷ്ടം രാജ്യത്തെ

മികച്ച നിലവാരമായ 8.26 ശതമാനത്തിൽ എത്തിക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. മികച്ച ഡാം മാനേജ്മെന്റിലൂടെയും സ്റ്റേറ്റ് ലോഡ് ഡിസ്പാച്ച് സെന്ററിന്റെ പ്രവർത്തന മികവിലൂടെയും ജീവനക്കാരുടെ ഒത്തൊരുമയോടുള്ള പ്രവർത്തനത്തിന്റെയും ഫലമായി 2021-22 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി.എൽ. പ്രവർത്തന ലാഭം രേഖപ്പെടുത്തിയിട്ടുണ്ട്. വൈദ്യുതി വിതരണ മേഖലയുടെ വികസനവും നവീകരണവും ലക്ഷ്യമിട്ടുകൊണ്ട് നടത്തുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് "നവീകരിച്ച വിതരണ മേഖല പദ്ധതി"(RDSS). ഉപ-പ്രസരണ-വിതരണ രംഗങ്ങളിലുള്ള പരിഷ്കരണ പ്രവൃത്തികൾ, ഗുണമേന്മയുള്ള വൈദ്യുതി ഇടതടവില്ലാതെ ലഭ്യമാക്കൽ, ഊർജ്ജ മേഖലയിൽ സാമ്പത്തിക സുസ്ഥിരത, മെച്ചപ്പെട്ട കാര്യക്ഷമത, വിശ്വാസ്യത എന്നിവ ഉറപ്പാക്കലാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. വൈദ്യുത അപകടങ്ങളും തടസ്സങ്ങളും കുറയ്ക്കുന്നതിനായി വലിയ മുതൽമുടക്കുള്ള കവചിത കണ്ടക്ടറുകൾ വ്യാപകമായി ഉപയോഗിക്കാൻ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്. വിതരണ മേഖലയിലെ നഷ്ടം കുറയ്ക്കുന്നതിനും ശാക്തീകരണ

ആധുനികവത്കരണ പ്രവൃത്തികൾക്കുമായി കേന്ദ്ര സർക്കാർ 60 ശതമാനം വരെ ഗ്രാന്റ് അനുവദിക്കുന്നുണ്ട്. വിതരണ മേഖലയിലെ നഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾക്കായി 2225.88 കോടി രൂപയുടെയും വിതരണ, ഉപപ്രസരണ ശാക്തീകരണ ആധുനികവത്കരണ പ്രവൃത്തികൾക്കായി 1908 കോടി രൂപയുടെയും അനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്കായി 60 ശതമാനം ഗ്രാന്റായ 2480.28 കോടി രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2022 ഒക്ടോബറിൽ നടന്ന വൈദ്യുതി വകുപ്പ് മന്ത്രിമാരുടെ കോൺഫറൻസിൽ കേന്ദ്ര ഊർജ്ജ മന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ, അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുള്ള 11156.65 കോടി രൂപയുടെ അധിക നിർദ്ദേശങ്ങളുടെ അന്തിമ രൂപീകരണത്തിനായി വിവിധ ജനപ്രതിനിധികളുമായി 14 ജില്ലകളിലും ശില്പശാലകൾ നടത്തി പദ്ധതി നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് കേന്ദ്രാനുമതിക്ക് സമർപ്പിക്കുന്നതിലേയ്ക്കായി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ഇതുവരെ വൈദ്യുതി എത്താത്ത ആദിവാസി

കോളനികളുടെ വൈദ്യുതീകരണത്തിന് ഏകദേശം 35.43 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിയ നിലാവ് പദ്ധതി വളരെ ആവേശത്തോടുകൂടിയാണ് പഞ്ചായത്തുകൾ ഏറ്റെടുത്തത്. പക്ഷേ, നിലവിലുള്ള സ്ഥിതി പ്രകാരം കെ.എസ്.ഇ.ബി.എൽ. ആവശ്യത്തിന് ബൾബുകൾ എത്തിക്കുന്നില്ലെന്നാണ് പല പഞ്ചായത്തുകളും പരാതി പറയുന്നത്. എന്നാൽ അവർ കരാർ കൊടുത്ത കമ്പനി ഈ ബൾബുകൾ നൽകുന്നില്ലെന്നാണ് കെ.എസ്.ഇ.ബി.എൽ. പറയുന്നത്. ജില്ലാ വികസന സമിതി യോഗത്തിലും താലൂക്ക് വികസന സമിതി യോഗത്തിലും കെ.എസ്.ഇ.ബി.എൽ.-ലെ ഉദ്യോഗസ്ഥരോട് പറയുമ്പോൾ അവർ കയ്യൊഴിയുന്നതായിട്ടാണ് മനസ്സിലാക്കുന്നത്. ബൾബ് എത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പഞ്ചായത്ത് വകുപ്പുമായി ആലോചിച്ച് ആ പ്രശ്നം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. കെ. ബാബു</u> (നെന്മാറ): സർ, ആദിവാസി ഊരുകളിൽ വൈദ്യുതി എത്തിക്കുന്നതിന് ബഡ്ജറ്റ് പ്രൊവിഷനുണ്ടെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിൽ പറമ്പിക്കുളം ആദിവാസി ഊരുകളിൽ വൈദ്യുതി എത്തിക്കാനുള്ള നടപടിയുണ്ടായിട്ടുണ്ടോ?

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ആദിവാസി ഊരുകളുടെ കാര്യത്തിൽ പ്രത്യേക താല്പര്യമെടുത്താണ് പ്രവൃത്തികൾ നടപ്പാക്കിയിരിക്കുന്നത്. രാജ്യത്തിന് സ്വാതന്ത്ര്യം കിട്ടിയിട്ട് 75 വർഷം പൂർത്തിയായിട്ടും വിവിധ കാരണങ്ങളാൽ വൈദ്യുതി എത്തിക്കാൻ കഴിയാതിരുന്ന ഉൾവനങ്ങളിലെ ആദിവാസി കോളനികളിൽ പറമ്പിക്കുളവും ഉൾപ്പെടുന്നുണ്ട്. പ്രസ്തുത പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വൈദ്യുതീകരണത്തിനായി 7 ജില്ലകളിലായി 97 ആദിവാസി കോളനികളാണുള്ളത്. ഈ സ്ഥലങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല. ലൈനുകൾ/കേബിളുകളിലൂടെ വൈദ്യുതി എത്തിക്കാൻ കഴിയുന്ന കോളനികളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ

ചുമതലയിൽ വൈദ്യുതി എത്തിക്കാൻ നിർദ്ദേശം നൽകുകയും അതിന് ബുദ്ധിമുട്ടുള്ള ദുർഘടമായ വനാന്തരങ്ങളിലുള്ള കോളനികളിൽ സോളാർ/ഹൈബ്രിഡ് പദ്ധതി നടപ്പാക്കാൻ അനെർട്ടിനെ ചുമതലപ്പെടുത്തുകയും അതിനുള്ള ഫണ്ട് നൽകുകയും ചെയ്തിട്ടുണ്ട്. ഫണ്ട് ലഭ്യമായ 17 കോളനികളിൽ 9 കോളനികളുടെ ഗ്രിഡ് വൈദ്യുതീകരണം കെ.എസ്.ഇ.ബി.എൽ. പൂർത്തീകരിച്ചിട്ടുണ്ട്. 8 കോളനികളുടെ വൈദ്യുതീകരണ പ്രവൃത്തികൾ നടന്നുവരുന്നു. ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന 25 കോളനികളുടെ വൈദ്യുതീകരണത്തിനാവശ്യമായ 24.26 കോടി രൂപയുടെ 80 ശതമാനവും കെ.എസ്.ഇ.ബി.എൽ. ഫണ്ടിൽ നിന്നാണ് ചെലവാക്കുന്നത്. ഇതിനുള്ള തുടർനടപടി സ്വീകരിച്ചുവരുന്നു. കോളനികളിൽ ഓൺലൈൻ സൗകര്യമുള്ള പഠനമുറി ഏർപ്പെടുത്താനും ശ്രമിക്കുന്നതാണ്. പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിലുള്ള താഴെ തുടുക്കി ഊരിലെ 45 ആദിവാസി വീടുകളിൽ വൈദ്യുതി എത്തിക്കാനായി 50 കിലോവാട്ട് ശേഷിയുള്ള മൈക്രോ ഗ്രിഡ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി അനെർട്ട് പൂർത്തീകരിച്ചിട്ടുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും

ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണനുമായി ആലോചിച്ച് മറ്റ് ജില്ലകളിലെ പല പ്രദേശങ്ങളിലുള്ള ആദിവാസി കോളനികളിലും വൈദ്യുതീകരണം പൂർത്തീകരിക്കുന്നതാണ്. ഉദാഹരണമായി, വയനാട് ജില്ലയിലെ വേലപ്പൻക്കണ്ടി ഊരിൽ 10 വീടുകളിൽ 1.5 കിലോവാട്ട് വീതം ശേഷിയുള്ള സോളാർ-വിൻഡ് ഹൈബ്രിഡ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കിവരുന്നു. അട്ടപ്പാടിയിലെ മേലെതുടുക്കി, ഗലസി എന്നീ ആദിവാസി കോളനികളുടെ വൈദ്യുതീകരണം പുരോഗമിച്ചുവരികയാണ്. ഏകദേശം 40 കോടി രൂപ നീക്കിവച്ചിട്ടുള്ള മേൽ പ്രവൃത്തികൾക്കായി ഇതിനോടകം അനെർട്ട് 15 കോടിയോളം രൂപ ചെലവഴിച്ചു കഴിഞ്ഞു. പട്ടികവർഗ്ഗ വകുപ്പ്, ത്രിതല പഞ്ചായത്ത്, എം.എൽ.എ. ഫണ്ട് എന്നിവയിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടെ ഒരു വർഷത്തിനകം എല്ലാ കോളനികളുടെയും വൈദ്യുതീകരണം പൂർത്തീകരിക്കുന്നതാണ്. ഇവിടങ്ങളിലെ മൂവായിരത്തിലധികം കുടുംബങ്ങൾക്ക് വൈദ്യുതി എത്തുന്നതോടുകൂടി സംസ്ഥാനത്തെ അതിദരിദ്രർക്കും പാർശ്വവത്കരിക്കപ്പെട്ടവരുമായ

എല്ലാവരിലും വെളിച്ചമെത്തുന്നതാണ്. ആദിവാസി മേഖലകളിലെ തൊഴിൽരഹിതരായ യുവാക്കൾക്ക് ആവശ്യമായ സാങ്കേതിക ജ്ഞാനം നൽകി ഊർജ്ജ രംഗത്ത് അനുയോജ്യമായ കരാർ ജോലികളിൽ ഏർപ്പെടുത്തുന്നതിനായി സ്കിൽ ട്രെയിനിംഗ് നൽകിയാൽ പ്രൈവറ്റ് മേഖലയിൽ അവർക്ക് തൊഴിലവസരത്തിന് സാധ്യത ലഭിക്കുന്നതാണ്. ഇതിനുവേണ്ടിയാണ് പ്രത്യേക സ്കീം തയ്യാറാക്കി വയനാട്ടിലും പാലക്കാട്ടും ആരംഭിക്കാൻ തീരുമാനിച്ചിരിക്കുന്നത്. എല്ലാ ആദിവാസി ചെറുപ്പക്കാർക്കും ട്രെയിനിംഗ് നൽകിയാൽ കൈത്തൊഴിൽ ലഭിക്കാനും അവസരമുണ്ടാകുന്നതാണ്. ബി.പി.എൽ. ഉപഭോക്താക്കൾക്ക് സൗജന്യമായി ലൈൻ വലിച്ചുനൽകേണ്ട കണക്ഷനുകളുടെ ദൂരപരിധി 200 മീറ്ററിൽ നിന്നും 250 മീറ്ററായി വർദ്ധിപ്പിച്ചിട്ടുണ്ട്. 250 വാട്ട്സ് വരെ "കണക്ടഡ് ലോഡ്" ഉള്ളതും പ്രതിമാസ ശരാശരി ഉപഭോഗം 20 യൂണിറ്റുവരെ ഉള്ളതുമായ ഗാർഹിക ഉപഭോക്താക്കൾക്ക് സർക്കാർ സബ്സിഡിയോടുകൂടി സൗജന്യമായി വൈദ്യുതി നല്കിവരുന്നു. "കണക്റ്റഡ് ലോഡ്" വ്യത്യാസപ്പെടുത്താതെ പ്രതിമാസം 30 യൂണിറ്റ് വരെ ഉപഭോഗമുള്ള

ഗാർഹിക ഉപഭോക്താക്കൾക്ക് കൂടി നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്. തനത് ഫണ്ടുപയോഗിച്ച് കെ.എസ്.ഇ.ബി.എൽ. 937 അങ്കണവാടികൾക്ക് വൈദ്യുതി ലഭ്യമാക്കി. ഇതിൽ 574 അങ്കണവാടികൾക്ക് പോസ്റ്റ് ഉൾപ്പെടെയുള്ള വൈദ്യുതി കണക്ഷനുകൾ സൗജന്യമായി നൽകിയിട്ടുണ്ട്.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, കാർഷിക വകുപ്പിന്റെ പ്രവൃത്തികൾ ഫലപ്രാപ്തിയിൽ എത്തിക്കുന്നതിന് കുറഞ്ഞ നിരക്കിലോ സൗജന്യമായോ കർഷകർക്ക് വൈദ്യുതി ലഭ്യമാക്കാനുള്ള ഉദ്ദേശ്യം സമ്പൂർണ്ണ കർഷക സംസ്കാരം മനസ്സിലുള്ള ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്ന് ഉണ്ടാകുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അതിനെക്കുറിച്ച് കൃത്യമായി പറയുന്നതാണ്. ലൈഫ് മിഷൻ പദ്ധതി പ്രകാരം നിർമ്മിച്ച 700 വീടുകളിൽ 4 കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സംസ്ഥാന പദ്ധതി വിഹിതം വിനിയോഗിച്ച് സ്ഥാപിക്കാനുള്ള പ്രവർത്തനം പൂർത്തിയായിവരുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് നിർമ്മിച്ച 300 വീടുകളിൽ 3 കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഒരു ഇൻഡക്ഷൻ

സ്റ്റൗ കൂടി ഈ കുടുംബങ്ങൾക്ക് നൽകുന്നുണ്ട്. ഇതിലൂടെ പാചകവാതക ഇന്ധനത്തിനുള്ള ചെലവ് കുറയ്ക്കുന്നതിന് പുറമേ അടുക്കളയിലെ അന്തരീക്ഷം കൂടുതൽ മെച്ചപ്പെട്ടതാക്കുന്ന 'സ്മാർട്ട് കിച്ചൻ' എന്ന സങ്കല്പം ഒരു പരിധിവരെ യാഥാർത്ഥ്യമാക്കാനും കഴിയുന്നതാണ്. ഇതിലൂടെ പതിനായിരം രൂപ വരെ വാർഷിക വരുമാനം ഓരോ കുടുംബത്തിനും ലഭിക്കുന്നതാണ്. വൈദ്യുത വാഹനങ്ങൾക്കായി എല്ലാ ജില്ലകളിലും സംസ്ഥാന ഗതാഗതവകുപ്പിന്റെയും കേന്ദ്രസർക്കാരിന്റെയും ഫണ്ടുപയോഗിച്ച് 63 ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ കെ.എസ്.ഇ.ബി.എൽ.-ഉം, 15 എണ്ണം സംസ്ഥാന സർക്കാർ ഫണ്ടുപയോഗിച്ച് അനെർട്ടും സ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമെ ഇലക്ട്രിക് ഓട്ടോറിക്ഷകൾക്കായി എല്ലാ അസംബ്ലി നിയോജകമണ്ഡലങ്ങളിലും അതത് എം.എൽ.എ.-മാർ നിർദ്ദേശിച്ച സ്ഥലങ്ങളിൽ 1166 പോൾ മൗണ്ടഡ് ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിക്കാനുള്ള പ്രവൃത്തി കെ.എസ്.ഇ.ബി.എൽ. പൂർത്തിയാക്കിവരുന്നു. സൗരോർജ്ജ പാനലുകൾ സ്ഥാപിച്ചുകൊണ്ട് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പദ്ധതിയും സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. വൈദ്യുത വാഹനങ്ങൾ വ്യാപകമാകുന്നതോടെ

ഇന്ധനചെലവിൽ വലിയ കുറവുണ്ടാകുകയും അത് കുടുംബ ബഡ്ജറ്റിൽ പ്രതിഫലിക്കുകയും ചെയ്യും.

ദേശീയപാത, എം.സി. റോഡ്, മറ്റുപ്രധാന റോഡുകൾ എന്നിവിടങ്ങളിൽ കുറഞ്ഞത് ഓരോ 50 കിലോമീറ്ററിലും ഇ-കാറുകൾക്കായുള്ള ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത് സ്വകാര്യ സംരംഭകർ വഴി നിലവിൽ റീഫ്രഷ്മെന്റ് - കഫറ്റീരിയ സൗകര്യമുള്ള പ്രധാന റോഡുകളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ വളരെയധികം പ്രോത്സാഹനം നല്കിവരുന്നു. വൈദ്യുത വാഹനങ്ങൾ പൂർണ്ണമായും പരിസ്ഥിതി സൗഹാർദ്ദമാകണമെങ്കിൽ സൗരോർജ്ജ ചാർജ്ജിംഗ് സ്റ്റേഷനുകൾ നിലവിൽ വരണം. പുതുതായി സൗരോർജ്ജ ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്ന ആദ്യത്തെ 100 സ്വകാര്യ സംരംഭകർക്ക് ചാർജ്ജിംഗ് മെഷീന് ഉള്ള സബ്സിഡി സംസ്ഥാന സർക്കാർ നൽകിവരുന്നുണ്ട്; കൂടാതെ സൗരോർജ്ജ സംവിധാനത്തിനും സബ്സിഡി നല്കുന്നുണ്ട്. സൗരോർജ്ജ സംവിധാനത്തിന് 1 കിലോവാട്ടിന്

20,000 രൂപ വീതവും പരമാവധി 50 കിലോവാട്ടിന് 10 ലക്ഷം രൂപയും, DC ഫാസ്റ്റ് ചാർജ്ജിംഗ് മെഷീനുകൾക്ക് മെഷീൻ വിലയുടെ 25 ശതമാനവും സംസ്ഥാന സർക്കാർ സബ്സിഡി നല്കുന്നുണ്ട്.

'പി.എം. കുസും' പദ്ധതി - സൗജന്യ വൈദ്യുതി ലഭിക്കുന്ന 2.75 ലക്ഷം വരുന്ന കാർഷിക പമ്പുകളിൽ നബാർഡ്/അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ടിന്റെ സഹായത്തോടെ പി.എം. കുസും പദ്ധതിയിലുൾപ്പെടുത്തി ഒരു ലക്ഷം പമ്പുകൾ സൗരോർജ്ജവത്കരിക്കാനുള്ള ബൃഹത് പദ്ധതി അനെർട്ട് ആവിഷ്കരിച്ചിട്ടുണ്ട്. ഇത് ഏകദേശം ഒരു വർഷത്തിനുള്ളിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. അതിലൂടെ കൃഷിക്കാർക്ക് വൈദ്യുതി ചെലവ് കഴിഞ്ഞ് അധിക വരുമാനം ലഭ്യമാകും. ഉദാഹരണമായി 3000 രൂപ ഇലക്ട്രിസിറ്റി ചാർജ് വരികയാണെങ്കിൽ ഏകദേശം 3000 രൂപ അധികമായി കൃഷിക്കാർക്ക് ലഭിക്കുന്ന രീതിയിലാണ് അത് സംവിധാനം ചെയ്തിരിക്കുന്നത്. ഒരു ലക്ഷം പമ്പുകൾ സൗരോർജ്ജത്തിലേയ്ക്ക് മാറ്റാൻ ലക്ഷ്യമിട്ട് ആദ്യഘട്ടത്തിൽ നബാർഡിന്റെ സഹായത്തോടെ 9348 പമ്പുകൾ സൗരോർജ്ജത്തിലേയ്ക്ക് മാറ്റുന്നതിന് അനെർട്ട് നടപടി സ്വീകരിച്ചിട്ടുണ്ട്.

നാണ്യവിളകൾക്ക് കൃത്യമായി ജലസേചനം നടത്താൻ കഴിഞ്ഞാൽ വിളവ് അഞ്ചിരട്ടിയോളമാക്കാൻ കഴിയും. നാണ്യവിളകൾ നനയ്ക്കാൻ, പമ്പുപയോഗിച്ച് മൈക്രോ ഇറിഗേഷനിൽ നല്കിയാൽ 6 ഇരട്ടിയോളം വർദ്ധനവുണ്ടാക്കാൻ കഴിയും. കൃഷി വകുപ്പ് ആവശ്യപ്പെടുന്ന ഇടങ്ങളിലെല്ലാം 30 ശതമാനം സബ്സിഡിയോടെ സൗരോർജ്ജ പമ്പുകൾ സ്ഥാപിക്കാൻ അനെർട്ട് മുഖേന പദ്ധതി ആവിഷ്കരിക്കുന്നതാണ്. സംസ്ഥാനത്തെ കാർഷിക വിളകളിൽനിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന ചെറുകിട സംരംഭങ്ങൾക്ക് നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വൈദ്യുതി നിരക്കിൽ ഇളവ് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ഇത്തരം സ്ഥാപനങ്ങളിൽ 30 ശതമാനം സബ്സിഡിയോടെ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാൻ അനെർട്ട് മുഖേന പദ്ധതികൾ നടപ്പാക്കുന്നതാണ്.

കോഴിക്കോട് മെഡിക്കൽ കോളേജിലും RCC-യിലും വാക്സിനും മരുന്നുകളും സൂക്ഷിക്കാൻ സൗരോർജ്ജ ശീതീകരണി സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം വേൾഡ് മാർക്കറ്റിൽ പച്ചക്കറി സംഭരണത്തിനുള്ള

സൗരോർജ്ജ സംഭരണിയും സ്ഥാപിച്ചിട്ടുണ്ട്. കൃഷിവകുപ്പുമായും ആരോഗ്യവകുപ്പുമായും കൂടിയാലോചിച്ച് പ്രസ്തുത പദ്ധതി വിപുലീകരിച്ച് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

'അംഗൻ ജ്യോതി' - സംസ്ഥാനത്തെ 33151 അങ്കണവാടികളിൽ ഊർജ്ജ സ്വയം പര്യാപ്തത കൊണ്ടുവരുന്നതിനും ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും 'അംഗൻ ജ്യോതി' പദ്ധതി ലക്ഷ്യമിടുന്നു. ഉച്ചഭക്ഷണ പരിപാടിയുടെയും പോഷകാഹാര വിതരണത്തിന്റെയും ഭാഗമായി, മിക്ക അങ്കണവാടികളിലെയും പാചകപ്പുരകളിൽ എൽ.പി.ജി.-യാണ് ഇന്ധനമായി ഉപയോഗിക്കുന്നത്. ഇതിന് ബദലായി കാർബൺ ബഹിർഗമനമില്ലാത്തതും പൂർണ്ണ സുരക്ഷിതത്വമുള്ളതും വേഗത്തിലുള്ള പാചകം ഉറപ്പുവരുത്തുന്നതും വൈദ്യുതോർജ്ജം വഴി പ്രവർത്തിക്കുന്നതുമായ ഇൻഡക്ഷൻ അടുപ്പുകൾ, അനുബന്ധ പാത്രങ്ങൾ, ഫാനുകൾ, ഊർജ്ജക്ഷമത കൂടിയ അനുബന്ധ ലൈറ്റുകൾ, ഇരുചക്ര-മുച്ചക്ര വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനുള്ള സൗകര്യം എന്നിവ സ്ഥാപിക്കുന്നതാണ്. പദ്ധതിയുടെ ആദ്യ ഘട്ടമായി 5 അങ്കണവാടികളിൽ 2 KW-യുടെ ഇൻഡക്ഷൻ കുക്കർ, ഇഡ്ഡലി കുക്കർ, പ്രഷർ

കുക്കർ, റൈസ് പോട്ട്, ഉരുളി, ടീ പോട്ട് എന്നിവ നല്കിയിട്ടുണ്ട്; എം.എൽ.എ.-മാർ ആവശ്യപ്പെടുന്നപക്ഷം എല്ലാ അസംബ്ലി നിയോജകമണ്ഡലങ്ങളിലും 10 അങ്കണവാടികൾക്ക് എനർജി മാനേജ്മെന്റിന്റെ നേതൃത്വത്തിൽ പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്നതാണ്. അനെർട്ടിന്റെ നേതൃത്വത്തിൽ 100 അങ്കണവാടികളിൽ 2 KW ഓൺഗ്രിഡ് സൗരോർജ്ജ പദ്ധതികളും നടപ്പാക്കും.

കേരളത്തിലെ ഹരിതോർജ്ജ സാങ്കേതിക വിദ്യയുടെ വികസനത്തിനും പുനരുപയോഗ ഊർജ്ജ ഉല്പാദനത്തിന്റെ പങ്ക് വർദ്ധിപ്പിക്കുന്നതിനും ഊർജ്ജ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളായ കെ.എസ്.ഇ.ബി.എൽ., അനെർട്ട്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, എനർജി മാനേജ്മെന്റ് സെന്റർ എന്നിവയെ പ്രതിനിധീകരിച്ച് എനർജി മാനേജ്മെന്റ് സെന്ററും കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലും ഡൽഹിയിലുള്ള ക്ലീൻ എനർജി ഇന്റർനാഷണൽ ഇൻകുബേഷൻ സെന്ററും ചേർന്ന് കേരളത്തിൽ ക്ലീൻ എനർജി ഇന്നൊവേഷൻ ആൻഡ് ബിസിനസ്സ് ഇൻകുബേഷൻ സെന്റർ 2022, ജൂൺ 22-ന് ആരംഭിക്കുകയുണ്ടായി. ഇതിന്റെ

ആദ്യഘട്ടമായി ജൂൺ 22 ക്ലീൻ ടെക് ചലഞ്ച് ആരംഭിക്കുകയും സംസ്ഥാനത്തുടനീളം 100 അപേക്ഷകൾ ലഭിക്കുകയും ചെയ്തു. ക്ലീൻ ടെക് ചലഞ്ചുമായി ബന്ധപ്പെട്ട അപേക്ഷകളിൽനിന്ന് തെരഞ്ഞെടുത്ത 18 അപേക്ഷകരെ നേരിട്ട് വിലയിരുത്തി 10 മുതൽ 12 വിജയികളെ തെരഞ്ഞെടുക്കുകയും 12 ലക്ഷം രൂപ വരെ ധനസഹായം ലഭ്യമാക്കുകയും ചെയ്യും. കൂടാതെ വിജയികൾക്ക് അവരുടെ ആശയങ്ങൾ പ്രോട്ടോടൈപ്പിൽ നിന്ന് വിപണിയിലേയ്ക്ക് കൊണ്ടുവരാൻ സഹായിക്കും വിധത്തിലുള്ള സെഷനുകൾ, സാമ്പത്തിക സഹായം എന്നിവ നല്കുന്നതാണ്. ഇക്കാലയളവിൽ ഊർജ്ജ വകുപ്പിന് നിരവധി അംഗീകാരങ്ങൾ ലഭിക്കുകയുണ്ടായി. വൈദ്യുത വിതരണത്തിലെ കാര്യക്ഷമതയും ഈ മേഖലയിലെ പരിസ്ഥിതി സൗഹാർദ്ദ നടപടികളും വിലയിരുത്തി നീതി ആയോഗ് തയ്യാറാക്കിയ സൂചികയിൽ കേരളത്തിന് രണ്ടാം സ്ഥാനം ലഭിച്ചതും കെ.എസ്.ഇ.ബി.എൽ.-ന്റെ കളമശ്ശേരിയിലെ കേരള ലോഡ് ഡിസ്പാച്ച് സെന്ററിന് ലോഡ് ഡിസ്പാച്ച് സെന്റർ എക്സലൻസ് ദേശീയ അവാർഡ് ലഭിച്ചതും ദേശീയ ഊർജ്ജ കാര്യക്ഷമതാ സൂചികയിൽ കേരളം

രണ്ടാം സ്ഥാനത്തെത്തിയതും പുരപ്പുറ സൗരോർജ്ജ പദ്ധതി നടത്തിപ്പിലെ പ്രവർത്തന മികവിന് ദേശീയതലത്തിൽ നല്കുന്ന ആർ.ഇ. അസറ്റ്സ് ഇന്ത്യാ അവാർഡ് കെ.എസ്.ഇ.ബി.എൽ.-ന് ലഭിച്ചതും വൈദ്യുത ഓട്ടോറിക്ഷകൾക്കും ഇരുചക്ര വാഹനങ്ങൾക്കുമായി കെ.എസ്.ഇ.ബി.എൽ. ആവിഷ്കരിച്ച പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾക്ക് ഇന്ത്യൻ സ്മാർട്ട് ഗ്രിഡ് ഫോറം വിഭാഗത്തിൽ നല്കുന്ന ഡയമണ്ട് അവാർഡ് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് ലഭിച്ചതും ഊർജ്ജവകുപ്പിന് ലഭിച്ച അംഗീകാരങ്ങളാണ്. വൈദ്യുതി വിതരണ മേഖലയുടെ സ്വകാര്യവത്കരണം ഭീഷണിയായി നില്ക്കുന്ന ഇക്കാലത്ത് കേരള ബദലായി പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഇ.ബി.എൽ.-നെ രാജ്യത്തിന് മുമ്പിൽ ഉയർത്തിക്കാട്ടാൻ കഴിയുന്നതിൽ നമുക്ക് അഭിമാനിക്കാം. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXVII
## വ്യവസായങ്ങൾ

**മി. സ്പീക്കർ:** വ്യവസായങ്ങൾ എന്ന XXXVII-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള

ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-24 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XXXIX**

**വൈദ്യുത പദ്ധതികൾ**

മി. സ്പീക്കർ: വൈദ്യുത പദ്ധതികൾ എന്ന XXXIX നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-24 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2023 മാർച്ച് മാസം 15-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 1.27-ന് പിരിഞ്ഞു.)

******

**അനുബന്ധം 1**

**രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**ഉത്തരവാദിത്ത ടൂറിസം ഉച്ചകോടി**

6(*396) ശ്രീമതി യു. പ്രതിഭ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. എം. മുകേഷ്:
ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത വിനോദസഞ്ചാര മേഖലയിൽ കൈവരിച്ച നേട്ടങ്ങൾക്ക് അംഗീകാരമെന്ന നിലയിൽ ഉത്തരവാദിത്ത ടൂറിസം ഉച്ചകോടിയുടെ ആദ്യ വേദിയാകുവാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരവാദിത്ത ടൂറിസം മേഖലയിൽ കൈവരിച്ച നേട്ടങ്ങളുടെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം ആഗോള ഉച്ചകോടിക്ക് ആതിഥ്യമരുളാൻ

കേരളത്തിനായി. കുമരകത്തുവച്ച് 2023 ഫെബ്രുവരി 25 മുതൽ 28 വരെയാണ് ഉച്ചകോടി നടന്നത്. യു.എൻ. വുമൺ ഇന്ത്യ, കൺട്രി റെപ്രസന്റേറ്റീവ്, വേൾഡ് ട്രാവൽ മാർക്കറ്റിന്റെ ഉത്തരവാദിത്ത ടൂറിസം ഉപദേഷ്ടാവ് ഉൾപ്പെടെ വിവിധ രാജ്യങ്ങളിൽനിന്നുള്ള പ്രമുഖ ഇന്റർനാഷണൽ പ്രഭാഷകർ, ഉത്തരവാദിത്ത/സുസ്ഥിര ടൂറിസം രംഗത്തെ പ്രമുഖർ ഉൾപ്പെടെ 50-ൽപ്പരം പ്രഭാഷകർ ഈ ഉച്ചകോടിയിൽ പങ്കെടുക്കുകയുണ്ടായി.

(ബി) വിനോദസഞ്ചാര മേഖലയിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് പ്രസ്തുത ഉച്ചകോടി സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

വിനോദ സഞ്ചാരമേഖലയിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ പ്രസ്തുത ഉച്ചകോടി സഹായകമാകുമെന്ന് കരുതുന്നു. പ്രസ്തുത ഉച്ചകോടിയിൽ കേരളം ഉത്തരവാദിത്ത ടൂറിസം മേഖലയിൽ ആർജ്ജിച്ച നേട്ടങ്ങളും രാജ്യത്തെ വിവിധ ഉത്തരവാദിത്ത - സുസ്ഥിര ടൂറിസം മാതൃകകളും സാർവ്വദേശീയ മാതൃകകളും അവതരിപ്പിക്കപ്പെട്ടു. ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളുടെ ഭാഗമായി കേരളം നടപ്പാക്കാൻ

ഉദ്ദേശിക്കുന്ന കേരള ഉത്തരവാദിത്ത ടൂറിസം പ്രഖ്യാപനം നടന്നു. ഇവ കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുമെന്ന് മാത്രമല്ല ലോക ഉത്തരവാദിത്ത ടൂറിസത്തിന്റെ മാതൃകാ കേന്ദ്രമാക്കി കേരളത്തെ ശ്രദ്ധേയമാക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുമെന്ന് കരുതുന്നു. രണ്ടാം കേരള ഉത്തരവാദിത്ത ടൂറിസം ഡിക്ലറേഷന്റെ പ്രധാന ആശയങ്ങൾ ചുവടെ ചേർക്കുംപ്രകാരമാണ് .

- ഉത്തരവാദിത്ത ടൂറിസം കാലാനുസൃതമാക്കുന്നതിന്റെ ഭാഗമായി പ്രാദേശികമായ പ്രതികൂല ഘടകങ്ങൾ ലഘൂകരിച്ച് പ്രാദേശിക ജന വിഭാഗത്തിന് പരമാവധി പ്രയോജനം വരത്തക്ക രീതിയിലുള്ള വികസന പ്രവർത്തനങ്ങൾക്ക് രൂപം നൽകും. ദാരിദ്ര്യ ലഘൂകരണം, പ്രാദേശിക സാമ്പത്തിക വികസനം എന്നിവയിൽ മുന്നിലുള്ള പ്രവർത്തനങ്ങളുണ്ടാകും. ടൂറിസവുമായി ബന്ധപ്പെട്ട സുസ്ഥിര ചെറുകിട സൂക്ഷ്മ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ട സഹായങ്ങൾ നൽകും.

- പഞ്ചായത്തുമായി സഹകരിച്ച് ലിംഗ സമത്വത്തിൽ ഊന്നി വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തും. എല്ലാ

ടൂറിസം പ്രവർത്തനങ്ങളും അനുഭവങ്ങളും ഭിന്നശേഷിക്കാർ ഉൾപ്പെടെ എല്ലാ വിഭാഗം ജനങ്ങൾക്കും ഒരുപോലെ ആസ്വദിക്കത്തക്ക വിധത്തിലുള്ള സൗകര്യങ്ങൾ ഉണ്ടാകും. സാമൂഹിക-സാംസ്കാരിക വൈവിധ്യങ്ങൾ ഉൾക്കൊള്ളാനും അതിഥികളെ സ്വീകരിക്കാനുമുതകുന്ന തരത്തിൽ പ്രാദേശിക ജനതയെ സജ്ജമാക്കും. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലും ടൂറിസം സംഭാവനകൾ ഉറപ്പുവരുത്തും.

- കാലാവസ്ഥാ വ്യതിയാനത്തെ നേരിടാനും ഹരിതഗൃഹ പ്രഭാവം ചെറുക്കുന്നതിനും ഉത്തരവാദിത്ത ടൂറിസം മുഖ്യ പരിഗണന നൽകുന്നു. വിഭവങ്ങളുടെ സുസ്ഥിര ഉപഭോഗം, മാലിന്യ ലഘൂകരണം, ജൈവവൈവിധ്യ സംരക്ഷണം എന്നിവയ്ക്കും പരിഗണന നൽകുന്നതാണ് . പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും അതിനുവേണ്ട ബോധവത്കരണം നടത്തുന്നതിനും ലക്ഷ്യമിടുന്നു.

(സി) ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗമായി നടപ്പാക്കിവരുന്ന സ്ട്രീറ്റ്, പെപ്പർ എന്നീ പദ്ധതികൾ ലോക ശ്രദ്ധയാകർഷിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതികളിലൂടെ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ വിശദമാക്കാമോ?

ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഊട്ടിയുറപ്പിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ടൂറിസം മേഖലയിൽ കൂടുതൽ ശക്തമായി ഇടപെടുന്നതിനുംവേണ്ടി നടപ്പാക്കുന്ന പദ്ധതികളാണ് 'സ്ട്രീറ്റും' (Sustainable, Tangible, Responsible, Experiential, Ethnic, Tourism Hubs) 'പെപ്പറും' (People's Participation for Participatory Planning and Empowerment through Responsible Tourism). 'പെപ്പർ' പദ്ധതി ആദ്യമായി നടപ്പാക്കപ്പെട്ട വൈക്കവും പൊന്നാനിയും ടൂറിസം ഡെസ്റ്റിനേഷനുകളായി പ്രഖ്യാപിക്കപ്പെട്ടു. 'സ്ട്രീറ്റ്' പദ്ധതി വിജയകരമായി നടപ്പാക്കപ്പെട്ടതിനെത്തുടർന്ന് 'വാട്ടർ സ്ട്രീറ്റ്' പദ്ധതിക്ക് ഗ്ലോബൽ അവാർഡും ഐ.സി.ആർ.ടി. ഇന്ത്യൻ സബ് കോണ്ടിനന്റ് അവാർഡും ലഭിച്ചു. 'പെപ്പർ' നടപ്പാക്കിയ കേന്ദ്രങ്ങളിലൊന്നായ വൈക്കവും 'സ്ട്രീറ്റ് ' പദ്ധതി

വിജയകരമായി നടപ്പാക്കിയ മറവൻതുരുത്തും ന്യൂയോർക്ക് ടൈംസിന്റേതടക്കം പ്രത്യേക പ്രശംസ നേടിയിട്ടുണ്ട്.

പുതിയ ടൂറിസം കേന്ദ്രങ്ങളെ വികസിപ്പിക്കാനും വിവിധ പ്രദേശങ്ങളിൽ തദ്ദേശവാസികൾക്ക് ടൂറിസം അനുബന്ധ പരിശീലനങ്ങൾ നൽകാനും അതുവഴി തൊഴിലും വരുമാനവും ലഭ്യമാക്കാനും ഈ പദ്ധതികൾ സഹായകമായിട്ടുണ്ട്.

**കേരള സവാരി ഓൺലൈൻ വാഹന സർവീസ്**

7(*397) ശ്രീ. എച്ച്. സലാം:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചില കേന്ദ്രങ്ങൾ തൊഴിലാളികളുടെ തൊഴിലിനുള്ള അവകാശം ഹനിക്കുന്ന തരത്തിൽ ഇടപെടുന്ന സാഹചര്യം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തൊഴിലവസരങ്ങൾ

സൃഷ്ടിക്കുന്നതിന് അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുന്നതോടൊപ്പം അസംഘടിത മേഖലയിലുൾപ്പെടെയുള്ള തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളിൽനിന്നും തൊഴിലാളികളുടെ തൊഴിലിനുള്ള അവകാശം ഹനിക്കുന്ന തരത്തിൽ യാതൊരു ഇടപെടലുകളും നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് വിവിധ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിനും അവ പരിഹരിക്കുന്നതിനും തൊഴിൽ വകുപ്പിന് കഴിയുന്നുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പു വരുത്തുന്നതിലേയ്ക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ ഡിസംബർ 2022 വരെ 10201 സ്ഥാപനങ്ങളിൽനിന്നും 463488 ജീവനക്കാർക്ക് 12,475.42 കോടി രൂപയോളം വിതരണം നടത്തിയിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പ് കൈകാര്യം ചെയ്യുന്ന വിഷയങ്ങളുമായി

ബന്ധപ്പെട്ട് ലഭ്യമാകുന്ന സംശയങ്ങളും പരാതികളും 155214/1800 42555 214 എന്നീ നമ്പരുകളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്. ഹെൽപ്പ് ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതത് ഇൻസ്പെക്ടർമാർക്ക് യഥാസമയംതന്നെ അതിന്മേൽ നടപടി സ്വീകരിക്കുന്നതിനും കഴിയുന്നു.

(ബി) വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

തൊഴിൽ വകുപ്പിനുകീഴിലുള്ള 8 ക്ഷേമനിധി ബോർഡുകളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 8 ബോർഡുകളിൽ ടി സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അപേക്ഷകൾ സമർപ്പിക്കുന്നതിനും ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുമായി ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികളും വിവര സാങ്കേതിക വിദ്യയുടെ സേവനം പ്രയോജനപ്പെടുത്തി പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവും ഫലപ്രദവുമായി

നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. അംഗങ്ങളുടെ രജിസ്ട്രേഷൻ നടത്തുന്നതിനും ദ്വയാംഗത്വം പരിശോധിക്കുന്നതിനുമായി തൊഴിൽ വകുപ്പും കെൽട്രോണുമായി സഹകരിച്ച് AIIS എന്ന ഒരു സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ അദാലത്തുകൾ നിശ്ചിത കാലയളവുകളിൽ നടത്തി സെസ്സ് പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു. ജീവനക്കാരുടെ ഹാജർനില കൃത്യമായി പരിശോധിക്കുന്നതിനായി പഞ്ചിംഗ് സംവിധാനം നടപ്പിലാക്കിവരുന്നു. കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ബോർഡിൽ മുഴുവൻ തൊഴിലാളികളെയും പദ്ധതിയിൽ അംഗങ്ങളാക്കുന്നതിന്റെ ഭാഗമായി ഓരോ ജില്ലയിലും കോർപ്പറേഷൻ/ മുൻസിപ്പാലിറ്റി/പഞ്ചായത്ത്‌തലത്തിൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും അതുവഴി ആ പ്രദേശത്തെ മുഴുവൻ സ്ഥാപനങ്ങളെയും ബോർഡിൽ രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ പുതിയ അംഗങ്ങളെ ചേർക്കുന്നതിന് അംഗത്വ വിതരണ ക്യാമ്പയിനുകൾ, ബോധവത്കരണ

ക്ലാസ്സുകൾ, ആനുകൂല്യ വിതരണ മേളകൾ എന്നിവ സംഘടിപ്പിച്ചുവരുന്നുണ്ട്.

(സി) മോട്ടോർ വാഹന തൊഴിലാളി ക്ഷേമനിധി ബോർഡ് ആരംഭിച്ച കേരള സവാരി ഓൺ ലൈൻ വാഹന സർവീസ് വിശ്വാസ്യതയുള്ള ഓൺ ലൈൻ സേവനദാതാവെന്ന നിലയിൽ വളർത്തിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ?

കേരള മോട്ടോർ വാഹന തൊഴിലാളി ക്ഷേമനിധി ബോർഡിന് കീഴിൽ പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗര പരിധിയിൽ ആരംഭിച്ചിട്ടുള്ള കേരള സവാരിയിൽ ഇതുവരെ 1552 ഓട്ടോറിക്ഷകളും 340 ടാക്സികളും അംഗങ്ങളാവുകയും 16448 യൂസർമാർ ആപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്യുകയും 2234 റൈഡുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് കൂടുതൽ പേരിൽ എത്തിക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ നടന്നുവരുന്നു.

(ഡി) തൊഴിലാളികളുടെയും യാത്രക്കാരുടെയും താല്പര്യം പരിഗണിച്ച് കേരള സവാരി പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാൻ തീരുമാനമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം നഗര പരിധിയിൽ പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ച കേരള സവാരി പദ്ധതി തൃശ്ശൂർ, എറണാകുളം നഗരങ്ങളിൽക്കൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇത് സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ കാലക്രമത്തിൽ സ്വീകരിക്കുന്നതാണ്.

**വിനോദസഞ്ചാര മേഖലയിൽ അപകടങ്ങൾ ഒഴിവാക്കാൻ നടപടി**

8 (*398) ശ്രീ. അൻവർ സാദത്ത്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ഡോ. മാത്യു കുഴൽനാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികൾ അടക്കമുള്ള വിനോദസഞ്ചാരികൾ മുങ്ങിമരിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ടൂറിസം വകുപ്പിന്റെ കീഴിലുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അപകട സാധ്യതാ മേഖലകളിൽ സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചും ആവശ്യമായ ജാഗ്രതാ നിർദ്ദേശങ്ങൾ നൽകിയുംവരുന്നു. പ്രത്യേക പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുമുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിലെ 14 ജില്ലകളിലായി 184 ടൂറിസം പോലീസുകാരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും മറ്റു ചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 139 ലൈഫ് ഗാർഡുകൾ സേവനം അനുഷ്ഠിച്ചുവരുന്നു. ഇവർക്ക് കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻരക്ഷാ ഉപകരണങ്ങളും വകുപ്പ് നൽകിയിട്ടുണ്ട്. ഇതിനുപുറമെ ടൂറിസം കേന്ദ്രങ്ങളെ സുരക്ഷിതമാക്കുന്നതിനായി നിരീക്ഷണ ക്യാമറ സംവിധാനം നടപ്പിലാക്കി വരുന്നു.

(ബി) അങ്കമാലി മഞ്ഞപ്ര ജ്യോതിസ് സെൻട്രൽ സ്കൂളിൽനിന്നും മാങ്കുളത്ത് വിനോദസഞ്ചാരത്തിനെത്തിയ കുട്ടികൾ മുങ്ങിമരിച്ച സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഇടുക്കി ജില്ലയിലെ മാങ്കുളത്ത് അങ്കമാലി മഞ്ഞപ്ര ജ്യോതിസ് സെൻട്രൽ സ്കൂളിൽനിന്നും വിനോദസഞ്ചാരത്തിനെത്തിയ കുട്ടികൾ മുങ്ങിമരിച്ചതുമായി ബന്ധപ്പെട്ട് മൂന്നാർ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 222/2023/u/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(സി) മുൻപ് നിരവധി അപകടങ്ങൾ നടന്ന സ്ഥലങ്ങളിൽ വ്യക്തമായ അപകട മുന്നറിയിപ്പുകൾ ഇല്ലാത്തതാണ് ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(സി & ഡി) ടൂറിസം വകുപ്പിന്റെ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ

സ്വീകരിച്ചിട്ടുണ്ട്. പുതുതായി കണ്ടെത്തുന്ന അപകട സാധ്യതയുള്ള കേന്ദ്രങ്ങളിൽ അപകട മുന്നറിയിപ്പ് നൽകി മറ്റ് സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. ബന്ധുവീടുകളിലും വിനോദ സഞ്ചാര കേന്ദ്രങ്ങളിലും എത്തുന്ന കുട്ടികൾ ഉൾപ്പെടെയുള്ളവർ പരിചിതമല്ലാത്ത ജലാശയങ്ങളിൽ കുളിക്കുന്നതിനും മറ്റും ഇറങ്ങി അപകടങ്ങൾ സംഭവിക്കുന്നത് ഒഴിവാക്കുന്നതിനായി സ്കൂൾ - കോളേജ് തലത്തിൽ ബോധവത്കരണ ക്ലാസ്സുകൾ നൽകിവരുന്നുണ്ട്. കൂടാതെ ഇത്തരത്തിൽ പതിവായി അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ പോലീസ് പട്രോളിംഗ് ശക്തമാക്കിയും വിനോദ സഞ്ചാര കേന്ദ്രങ്ങളിലും മറ്റും പോലീസ് എയ്ഡ് പോസ്റ്റുകൾവഴി ബോധവത്കരണം നടത്തിയും അപകടങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് ആവശ്യമായ സുരക്ഷാ നടപടികൾ ആഭ്യന്തര വകുപ്പ് സ്വീകരിച്ചുവരുന്നു. പഠന യാത്രകൾ സംബന്ധിച്ച് അപകടങ്ങൾ സംഭവിക്കാതിരിക്കാൻ സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി പൊതു വിദ്യാഭ്യാസ വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

**കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് നടത്തുന്ന പ്രവർത്തനങ്ങൾ**

9(*399) ശ്രീമതി ശാന്തകുമാരി കെ.:

<u>ശ്രീ. ടി. പി .രാമകൃഷ്ണൻ:</u>

<u>ശ്രീ. പി. വി. അൻവർ:</u>

<u>ശ്രീ. ജി. സ്റ്റീഫൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>) സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലെയും ആഗോളതലത്തിലെയും മികച്ച തൊഴിലവസരങ്ങൾ കരസ്ഥമാക്കുന്നതിന് സംസ്ഥാന നൈപുണ്യ വികസന മിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലെയും ആഗോള തലത്തിലെയും മികച്ച തൊഴിൽ അവസരങ്ങൾ കരസ്ഥമാക്കുന്നതിന് കേരളത്തിലെ യുവതി യുവാക്കൾക്ക് അവസരം നൽകുന്നതിനായി സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിലൂടെ നടത്തിവരുന്നു. KASE നടത്തി വരുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+ നാളിതുവരെ 198032 പേർക്ക് നൈപുണ്യ പരിശീലനവും 90122 പേർക്ക് തൊഴിൽ നേടിക്കൊടുക്കുന്നതിനും KASE-ന് സാധിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) വിദേശ തൊഴിൽ സാധ്യത വികസിപ്പിക്കുന്നതിനും നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായും ഇംഗ്ലീഷ് ഭാഷ പരിശീലനത്തിനായും കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

നോർക്കയും ഒഡെപെക്-മായി ചേർന്ന് വിവിധ വിദേശ രാജ്യങ്ങളിൽനിന്ന് നമ്മുടെ ഉദ്യോഗാർത്ഥികൾക്ക് അനുകൂലമായ തൊഴിൽ അവസരങ്ങൾക്ക് വേണ്ടുന്ന നൈപുണ്യ വികസന പ്രവർത്തനങ്ങൾ KASE ചെയ്തു കൊടുക്കുന്നു. വിദേശ തൊഴിൽ സാധ്യത വികസിപ്പിക്കുന്നതിനായി KASE-ന്റെ മികവിന്റെ കേന്ദ്രങ്ങൾ മുഖേനയും അക്രഡിറ്റഡ് ഏജൻസികൾ വഴിയും വിവിധ കോഴ്സുകൾ നടത്തിവരുകയും നാളിതുവരെ 20282 പേർക്ക് പരിശീലനം നൽകുകയും 5171 പേർക്ക് നിയമനം നൽകുകയും ചെയിതിട്ടുണ്ട്. ഇതിൽ 1262 പേർക്ക് വിദേശത്ത് തൊഴിൽ ലഭ്യമായിട്ടുണ്ട്. നഴ്സിംഗ് മേഖലയിൽ KASE-ന്റെ മികവിന്റെ കേന്ദ്രമായ NICE (Nursing Institute for Career Enhancement) മുഖേന വിവിധ നൈപുണ്യ വികസന പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഇതിലൂടെ നാളിതുവരെ 1090 പേർക്ക്

പരിശീലനം നൽകുകയും 401 പേർക്ക് നിയമനം നൽകുകയും ചെയിതിട്ടുണ്ട്. ഇംഗ്ലീഷ് ഭാഷ പരിശീലനത്തിനായി KASE- ഉം ഒഡെപെക് (ODEPC) മായി സഹകരിച്ച് Multi Language Learning Institute എന്നപേരിൽ അങ്കമാലിയിൽ ഇൻകെൽ ടവറിൽ IELTS/OET എന്ന ഒരു പരിശീലന കേന്ദ്രം പ്രവർത്തിച്ചുവരുന്നു. വിദേശത്തേയ്ക്കായി തൊഴിൽ നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളെയാണ് ഇങ്ങനെയൊരു ഭാഷ പരിശീലന കേന്ദ്രം ലക്ഷ്യംവയ്ക്കുന്നത്. നാളിതുവരെ 99 പേർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഉദ്യോഗാർത്ഥികൾ വഞ്ചിക്കപ്പെടാതിരിക്കാനുള്ള സാഹചര്യം ഒരുക്കുന്നതിന് ഉന്നത നിലവാരത്തിലുള്ള തൊഴിൽ പരിശീലന സ്ഥാപനങ്ങൾക്ക് കെയ്സ് അക്രഡിറ്റേഷൻ നൽകാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്, എൻ.സി.വി.റ്റി.- യുടെ സംസ്ഥാനതല ഏജൻസിയായ എസ്.സി.വി.റ്റി.-യെ ശക്തിപ്പെടുത്തി അതിന്റെ സെക്രട്ടേറിയറ്റായി KASE -നെ ചുമതലപ്പെടുത്തിക്കൊണ്ട് സ്വകാര്യ മേഖലയിലെ പരിശീലന

പങ്കാളികൾക്ക് അക്രഡിറ്റേഷൻ നൽകുകവഴി അവരുടെ പരിശീലനത്തിന്റെയും പരിശീലകരുടെയും ഗുണനിലവാരം, അമിതമായ ഫീസ് ഈടാക്കുന്നത് തടയുക ഇങ്ങനെയുള്ള ശ്രമങ്ങൾക്ക് KASE തുടക്കം കുറിച്ചിട്ടുണ്ട്. മാത്രമല്ല വ്യവസായ ആവശ്യത്തിലൂന്നി കരിക്കുലം രൂപീകരിക്കുകയും കോഴ്സുകൾ വിപുലമാക്കുകയും ചെയ്യുന്നതിനായി സെക്ടർ സ്കിൽ കൗൺസിലുകളുമായി സഹകരിച്ചുകൊണ്ട് എൻ.ക്യു.ആർ.-ൽ (NQR) രജിസ്റ്റർ ചെയ്തിട്ടുള്ള പുതിയ കോഴ്സുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നൈപുണ്യ പരിശീലന മേഖലയിൽ ഗുണനിലവാരവും ആധികാരികതയും ഉറപ്പുവരുത്തുന്നതിനുവേണ്ടി സംസ്ഥാന നൈപുണ്യ വികസന മിഷനും സ്കിൽ സെക്രട്ടേറിയറ്റുമായ KASE ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് iSTEP. ഈ പദ്ധതിയിലൂടെ വ്യവസായ രംഗത്തെ ആവശ്യകതകൾക്കനുസരിച്ച് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള പങ്കാളികളെ തെരഞ്ഞെടുക്കുന്നു. ത്രിതല പരിശോധനകൾക്കുശേഷമാണ് ഏജൻസികളെ എംപാനൽ ചെയ്യുന്നത്. ഇതിലെ ആദ്യ ഘട്ടം വിശദമായ പദ്ധതി സമർപ്പിക്കലാണ്. iSTEP- ന്റെ

ഭാഗമായി ക്ഷണിക്കുന്ന താല്പര്യ പത്രത്തിന് മറുപടിയായാണ് വിശദമായ പദ്ധതി വിവരണം സമർപ്പിക്കേണ്ടത്. ഇത്തരത്തിൽ ലഭിക്കുന്ന പദ്ധതികൾ വിശകലനം ചെയ്യുന്നതിനായി വ്യവസായ രംഗത്തെയും അക്കാദമിക് രംഗത്തെയും വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ബിസിനസ് അഡ്വൈസറി കമ്മിറ്റി (BAC) രൂപീകരിച്ചിട്ടുണ്ട്. നിലവിൽ 29 തൊഴിൽ മേഖലകളിൽ ഇത്തരത്തിലുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സമർപ്പിക്കപ്പെട്ട പദ്ധതിയിൻമേലുള്ള BAC-യുടെ പരിശോധന പൂർത്തിയായതിനുശേഷം പദ്ധതി സമർപ്പിച്ച ഏജൻസിയുടെ ക്ലാസ് മുറികൾ ഉൾപ്പെടുന്ന സ്ഥലം സന്ദർശിക്കുകയും അനുയോജ്യമായ പദ്ധതികൾക്ക് അംഗീകാരം നൽകുകയും ചെയ്യും. ഇപ്രകാരം അംഗീകാരം നൽകിയ പദ്ധതികളിലെ കോഴ്സുകളുടെ ഫീ നിശ്ചയിക്കുന്നത് വിദഗ്ധരടങ്ങുന്ന Cost Committee ആണ്. ഇപ്രകാരം അംഗീകരിക്കുന്ന കോഴ്സുകളിൽ പ്രധാന മാനദണ്ഡമായി പരിഗണിക്കുന്നത് വ്യവസായ പങ്കാളിയുമായുള്ള ബന്ധം, മുൻകാലങ്ങളിലെ നൈപുണ്യ പരിശീലന പരിചയം എന്നിവയാണ്. അക്രഡിറ്റേഷൻ കൂടുതൽ സുഗമവും ആയാസരഹിതവും ആക്കുന്നതിനായി

ഓപ്പൺ അസോസിയേഷൻ മോഡലിന് പ്രാഥമിക അംഗീകാരം നൽകിയിട്ടുണ്ട്. ഇതിലൂടെ സ്റ്റാർട്ടപ്പുകൾ, MSME, ട്രസ്റ്റുകൾ തുടങ്ങി കോർപ്പറേറ്റ് രംഗത്തെ കമ്പനികൾക്കുൾപ്പെടെ നൈപുണ്യ പരിശീലന മേഖലയിൽ അക്രഡിറ്റേഷൻ നേടാൻ സാധിക്കും.

**ഹൈടെക് സ്കൂൾ പദ്ധതി**

10( *400) ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈടെക് സ്കൂൾ പദ്ധതി ശാക്തീകരിക്കുന്നതിന്റെ ഭാഗമായി മുപ്പത്താറായിരത്തിലധികം ലാപ്ടോപ് കമ്പ്യൂട്ടറുകൾ ഈ അധ്യയന വർഷംതന്നെ ലഭ്യമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

സർക്കാർ എയ്ഡഡ് സ്കൂളുകളിലെ 45000 സെക്കണ്ടറി, ഹയർസെക്കണ്ടറി ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനും പ്രൈമറി ക്ലാസുകളിലേക്ക് ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കുന്നതിനും 374274 ഐ.ടി. ഉപകരണങ്ങളുടെ വിന്യാസവും 12678 സ്കൂളുകളിൽ ബ്രോഡ്ബാൻഡ് ഇന്റർനെറ്റും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക ഐടി പരിശീലനവും 'സമഗ്ര' വിഭവ പോർട്ടൽ, ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബുകൾ തുടങ്ങിയ പദ്ധതികളും കൈറ്റ് നടപ്പിലാക്കിയതിന് തുടർച്ചയായി പുതിയ ഇന്റൽ കോർ ഐ 3 വിഭാഗത്തിലുള്ള 16500 ലാപ്ടോപ്പും വിദ്യാകിരണം പദ്ധതിയിലൂടെ പുതിയ ടെണ്ടർ പ്രകാരം ലഭിച്ച സെൽറോൺ വിഭാഗത്തിലുള്ള 2360 ലാപ്ടോപ്പും നേരത്തെ വിതരണം ചെയ്തവയുടെ പുനഃക്രമീകരണത്തിലൂടെ 17506 ലാപ്ടോപ്പും ഉൾപ്പെടെ 36366 ലാപ്ടോപ്പ് കമ്പ്യൂട്ടറുകൾ ഈ അദ്ധ്യയന വർഷം സ്കൂളുകൾക്ക് ലഭ്യമാക്കുന്നതിന് നടപടി എടുത്തിട്ടുണ്ട്.

(ബി) ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം ഉപകരണങ്ങൾ നൽകുന്നതോടൊപ്പം അവയുടെ ഫലപ്രദമായ വിനിയോഗവും കാര്യക്ഷമമായ

പരിപാലനവും ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം നൽകുന്ന എല്ലാ ഐ.ടി. ഉപകരണങ്ങൾക്കും 5 വർഷ വാറണ്ടി ഉറപ്പാക്കിയിട്ടുണ്ട്. ഉപകരണങ്ങൾക്ക് പ്രവർത്തന തകരാർ സംഭവിച്ചാൽ പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള കാൾസെന്റർ, വെബ് പോർട്ടൽ സംവിധാനവും വിതരണക്കാർ പരാതികൾ രണ്ട് പ്രവൃത്തി ദിവസത്തിനകം അറ്റൻഡ് ചെയ്യുന്നതിനും പരമാവധി 5 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ പരിഹരിക്കുന്നതിനും അല്ലാത്തപക്ഷം പ്രതിദിനം 100 രൂപ നിരക്കിൽ (പരമാവധി ഉപകരണത്തിന്റെ വിലയുടെ 10 ശതമാനം എന്ന നിലയിൽ) പിഴ ഈടാക്കുന്നതിനും സംവിധാനം ഒരുക്കിയിട്ടുണ്ട്. ഹൈടെക് ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷയും കൈറ്റ് ഏർപ്പെടുത്തിയിട്ടുണ്ട്. ഉപകരണങ്ങളും സംവിധാനങ്ങളും ഫലപ്രദമായി ഉപയോഗിക്കുന്നതിനും പ്രയോഗിക്കുന്നതിനുമായി അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക പരിശീലനവും കൈറ്റ് നൽകുന്നുണ്ട്. ഹൈടെക് ഉപകരണങ്ങളുടെ 5 വർഷ വാറണ്ടി

പൂർത്തിയാകുന്നമുറയ്ക്ക് ലാപ്ടോപ്പുകളുടെ AMC (Annual Maintenance Contract) സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) പൊതുവിദ്യാഭ്യാസ മേഖല ആധുനീകരിക്കുന്നതിനും ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻസ് ടെക്നോളജി അധിഷ്ഠിതമാക്കുന്നതിനും കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ മേഖലയിലും ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ  ഉറപ്പുവരുത്തുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് പ്രത്യേക പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പ്രവർത്തനങ്ങൾക്ക് ഐടി@സ്കൂൾ എന്ന പേരിൽ 2001-ൽ തന്നെ പ്രത്യേക പ്രോജക്ട് ആരംഭിക്കുകയും 2017 മുതൽ അത് കേരളാ ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) എന്ന പേരിൽ പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രത്യേക സർക്കാർ കമ്പനിയായി പ്രവർത്തിക്കുകയുമാണ്. പൊതുവിദ്യാഭ്യാസ വകുപ്പിൽ സാങ്കേതിക സൗകര്യങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം അക്കാദമിക

നിലവാരമുയർത്തുന്ന പ്രവർത്തനങ്ങളും ഇ-ഗവേണൻസ് പ്രവർത്തനങ്ങളും കൈറ്റിന്റെ നേതൃത്വത്തിലാണ് നടപ്പിലാക്കുന്നത്. പൊതുവിദ്യാലയങ്ങളിൽ ഐ.സി.ടി. ഭൗതിക സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനോടൊപ്പം ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിൽ ഐ.ടി./ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങൾക്കുള്ള വിഭവങ്ങളും ഒന്ന് മുതൽ പത്ത് വരെ ക്ലാസുകളിലേക്ക് പ്രത്യേക ഐ.ടി. പാഠപുസ്തകങ്ങളും ലഭ്യമാക്കുന്നുണ്ട്. കൈറ്റിന്റെ നേതൃത്വത്തിൽ നിലവിലുള്ള അദ്ധ്യാപകർക്ക് നിരന്തര പരിശീലനം നൽകിയാണ് പ്രസ്തുത ഐ.ടി. പാഠപുസ്തകങ്ങളും സ്കൂൾതലത്തിൽ ഐ.സി.ടി. അധിഷ്ഠിത പ്രവർത്തനങ്ങളും നടപ്പിലാക്കുന്നത്.

**പൊതുവിദ്യാഭ്യാസ രംഗത്തെ പ്രകടന മികവ് സൂചിക**

11(*401) <u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:</u>
<u>ശ്രീ. പി. ടി. എ. റഹീം:</u>
<u>ശ്രീ. കെ. എം. സച്ചിൻദേവ്:</u>
<u>ശ്രീ. എം. എസ്. അരുൺ കുമാർ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം പ്രസിദ്ധീകരിക്കുന്ന പൊതുവിദ്യാഭ്യാസ രംഗത്തെ പ്രകടന മികവ് സൂചികയിൽ (പെർഫോമൻസ് ഗ്രേഡിംഗ് ഇൻഡക്സ്) 2017-18 മുതൽ നാളിതുവരെ സംസ്ഥാനത്തിന് നിരന്തരമായി മികവ് പുലർത്താനായിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയം സംസ്ഥാനങ്ങളുടെ മികവ് വിലയിരുത്തുന്നതിനുവേണ്ടി തയ്യാറാക്കുന്ന പെർഫോർമൻസ് ഗ്രേഡിംഗ് ഇൻഡക്സ്, (PGI) 2017-18 മുതലാണ് ആരംഭിച്ചത്. അന്ന് മുതൽ നടത്തിയ എല്ലാ PGI-യിലും കേരളം ഒന്നാം ഗ്രേഡ് നിലനിർത്തിവരുന്നു. ഓരോ വർഷവും കേരളം കരസ്ഥമാക്കിയ സ്കോർ ചുവടെ ചേർക്കുന്നു.

2017-18 -826 (L4)

2018-19 -862 (L3)

2019-20-901 (L2)

2020-21-928 (L2)

(ബി) പ്രസ്തുത സൂചികയിലെ നിലവാര നിർണ്ണയത്തിനായി പരിഗണിക്കുന്ന എല്ലാ മേഖലകളിലും മികവ് പുലർത്താനായിട്ടുണ്ടോ; പ്രസ്തുത നേട്ടം അംഗീകരിക്കാൻ വൈമുഖ്യമുള്ള ചില കേന്ദ്രങ്ങൾ സംസ്ഥാനം രണ്ടാം

നിരയിലാണെന്ന തെറ്റിദ്ധാരണാജനകമായ വാർത്ത സൃഷ്ടിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

എല്ലാ മേഖലയിലും മികവ് പുലർത്താനായിട്ടുണ്ട്. മറിച്ചുള്ള റിപ്പോർട്ടുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഓരോ മേഖലയിലെയും സ്കോർ വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

1. പഠന നേട്ടങ്ങൾ (Learning Outcomes) -180 സ്കോർ
2. പ്രാപ്യത (Access) -80 സ്കോർ
3. ഭൗതിക സൗകര്യങ്ങൾ (Infrastructure and Facilities) -150 സ്കോർ
4. തുല്യത (Equity)- 230 സ്കോർ
5. ഭരണ നിർവ്വഹണ പ്രക്രിയ – 360 സ്കോർ

ആകെ സ്കോർ - 1000

(സി) പാർശ്വവത്കരണമില്ലാതെ എല്ലാവർക്കും മികച്ച വിദ്യാഭ്യാസമെന്ന സംസ്ഥാന ലക്ഷ്യം പൂർണ്ണതയിലെത്തുന്നുവെന്നതിന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച വിദ്യാഭ്യാസ പ്രാപ്യത സൂചിക ഉപോത്ബലകമാകുന്നുണ്ടോ; ഈ ലക്ഷ്യപ്രാപ്തിക്കായി സംസ്ഥാനം നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയെന്ന സംസ്ഥാനത്തിന്റെ ലക്ഷ്യം കൈവരിക്കുന്നതായിട്ടാണ് വിദ്യാഭ്യാസ പ്രാപ്യത എന്ന സൂചകത്തിന് കേരളത്തിന് ലഭിച്ച സ്കോർ സൂചിപ്പിക്കുന്നത്. സ്കൂൾ പ്രാപ്യതയിൽ കേരളത്തിന് 80-ൽ 79 സ്കോറാണ് അവസാനമായി ലഭിച്ചിട്ടുള്ളത്. ഇത് 2017-18 ൽ 78-ഉം, 2018-19, 2019-20 വർഷങ്ങളിൽ 79-ഉം ആയിരുന്നു. ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഏറ്റവും ഉയർന്ന സ്കോറാണ് കേരളത്തിന് ലഭിച്ചിട്ടുള്ളത്. 2020-21-ൽ സ്കൂൾ പ്രാപ്യതയുടെ സ്കോർ കർണാടകയിൽ 76-ഉം, ഗുജറാത്തിൽ 71-ഉം അരുണാചൽ പ്രദേശിൽ 59-ഉം, രാജസ്ഥാനിൽ 70-ഉം, മധ്യപ്രദേശിൽ 62-ഉം, ജാർഖണ്ഡിൽ 64-ഉം ആണ്.

ഈ ലക്ഷ്യ പ്രാപ്തിക്കായി സംസ്ഥാനം താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

1. <u>ക്വാളിറ്റി - എൽ.ഇ.പി. (പഠന പോഷണ പരിപാടികൾ)</u>

മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, ഹലോവേൾഡ്, സുരിലീ ഹിന്ദി, സംസ്കൃതമാധുരി, അഹ്ലൻ അറബിക്, പ്യാരി ഉറുദു, ഗണിതവിജയം,

വായനാക്കാർഡുകൾ, ഭൂമിശാസ്ത്ര ലാബുകൾ, സ്കൂൾ വെതർസ്റ്റേഷൻ, ശലഭപാർക്ക്, ശാസ്ത്രപാർക്ക്, ഗണിതോത്സവം, ശാസ്ത്രകൗതുകം

2. ക്വാളിറ്റി- രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ

ശാസ്ത്രപഥം, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി മെന്ററിംഗ്, ഗണിതകിറ്റ്, ശാസ്ത്രകിറ്റ്, ക്വിസ് പ്രോഗ്രാമുകൾ, ശാസ്ത്ര പ്രോഗ്രാമുകൾ, ടിങ്കറിംഗ് ലാബ്, ശാസ്ത്ര-ഗണിത ക്ലബ് പ്രവർത്തനങ്ങൾ, ഗണിത പാർക്ക്

3. ക്വാളിറ്റി - ഇന്നവേഷൻ

വർക്ക് എഡ്യൂക്കേഷൻ, ഇന്നൊവേറ്റീവ് പ്രോഗ്രാംസ് ഫോർ കൊമേഴ്സ്, ജില്ലാ സ്പെസിഫിക് പ്രോഗ്രാമുകൾ, അക്സസ് ഫോക്കസ്ഡ് ഇന്നൊവേറ്റീവ് പ്രോഗ്രാം പ്രാദേശിക പ്രതിഭാ കേന്ദ്രങ്ങൾ, ഊരുവിദ്യാ കേന്ദ്രങ്ങൾ, ടാലന്റ് ലാബ് പ്രവർത്തനങ്ങൾ

4. ഫൗണ്ടേഷൻ ലിറ്ററസി & ന്യൂമറസി

വായന ചങ്ങാത്തം, ഉല്ലാസ ഗണിതം, ഗണിത വിജയം, കുഞ്ഞു വായന

5. സ്കൂൾ ലൈബ്രറി/ക്ലാസ് ലൈബ്രറി ശാക്തീകരണം

6. പ്രീ സ്കൂൾ പ്രവർത്തനങ്ങൾ

7. മെച്ചപ്പെട്ട രീതിയിലുള്ള അദ്ധ്യാപക പരിശീലനം, രക്ഷാകർതൃപരിശീലനം

8. വൊക്കേഷണലൈസേഷൻ ഓഫ് എഡ്യൂക്കേഷൻ

9. ഇൻക്യൂസീവ് എജ്യൂക്കേഷൻ

10. കലാകായിക വർക്ക് എജ്യൂക്കേഷൻ, ജെന്റർ & ഇക്വിറ്റി പ്രോഗ്രാം.

**പൊതുവിദ്യാലയങ്ങളിൽ ഗ്രേഡിംഗ് സംവിധാനം**

12(*402) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഗ്രേഡിംഗ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത ഗ്രേഡിംഗ് കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, യോഗ്യതകൾ എന്നിവ വ്യക്തമാക്കുമോ;

(സി)ഏത് ഏജൻസി മുഖേനയാണ് ഗ്രേഡിംഗ് പൂർത്തിയാക്കാൻ നിശ്ചയിച്ചിരിക്കുന്നത്; പ്രസ്തുത ഏജൻസിയുടെ മുൻപരിചയം എന്താണെന്ന് അറിയിക്കാമോ;

(ഡി)ഇത്തരത്തിൽ ഗ്രേഡിംഗ് ഏർപ്പെടുത്തുന്നതിൽ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് വിഭാഗങ്ങളിലെ ഏതൊക്കെ വിദ്യാലയങ്ങൾ ഉൾപ്പെടുമെന്ന് അറിയിക്കാമോ?

(എ-ഡി) ഇതുസംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

**വിദ്യാകിരണം പദ്ധതി**

13(*403) <u>ശ്രീ. വി. കെ. പ്രശാന്ത്:</u>
<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u>
<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:</u>

<u>ശ്രീ. കെ .ഡി. പ്രസേനൻ</u> **:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടിസ്ഥാന സൗകര്യ വികസനത്തിൽ കഴിഞ്ഞ ആറ് വർഷത്തെ പ്രവർത്തന ഫലമായി കൈവരിച്ച നേട്ടത്തിന്റെ അടിസ്ഥാനത്തിൽ അൺ എയ്ഡഡ്, സ്വകാര്യ വിദ്യാലയങ്ങളിൽനിന്നും ഇതര സിലബസ് വിദ്യാലയങ്ങളിൽനിന്നും വിദ്യാർത്ഥികളെ പൊതുവിദ്യാലയങ്ങളിലേക്ക് ആകർഷിക്കാനായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ആകർഷിക്കാനായിട്ടുണ്ട്. കഴിഞ്ഞ ആറ് വർഷങ്ങളിൽ പുതുതായി വന്നുചേർന്ന വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു. ഈ കുട്ടികൾ അൺ എയ്ഡഡ് സ്വകാര്യ വിദ്യാലയങ്ങളിൽനിന്നും ഇതര സിലബസ് വിദ്യാലയങ്ങളിൽനിന്നും (അംഗീകാരമുള്ളതും അംഗീകാരമില്ലാത്തതുമായ) വന്നവരാണ്. ഒന്നാം ക്ലാസ്സിലും 2 മുതൽ 10 വരെ ക്ലാസ്സുകളിലും പുതുതായി ചേർന്ന കുട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വർഷം | സർക്കാർ | സർക്കാർ എയ്ഡഡ് | ആകെ |
|---|---|---|---|
| 2017-18 | 96913 | 164818 | 26173 |
| 2018-19 | 102697 | 169112 | 271809 |
| 2019-20 | 102529 | 165890 | 268419 |
| 2020-21 | 105472 | 171460 | 276932 |
| 2021-22 | 120848 | 184976 | 305824 |
| 2022-23 | 105468 | 162834 | 268302 |

2 മുതൽ 10 വരെ ക്ലാസ്സുകളിലായി പുതുതായി ചേർന്ന വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വർഷം | സർക്കാർ | സർക്കാർ എയ്ഡഡ് | ആകെ |
|---|---|---|---|
| 2017- 18 | 59852 | 96713 | 156565 |
| 2018 - 19 | 71360 | 113368 | 184728 |
| 2019-20 | 65215 | 98343 | 163558 |
| 2020 -21 | 68742 | 106129 | 174871 |
| 2021 -22 | 107458 | 148990 | 256448 |
| 2022 -23 | 44915 | 75055 | 119970 |

(ബി) പ്രസ്തുത നേട്ടം തുടരുന്നതിന് അക്കാദമിക മികവ് ലോകോത്തരമാക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാകിരണം പദ്ധതിയിലൂടെ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ തുടർച്ചയെന്നോണം വിദ്യാകിരണത്തിലും ഭൗതിക സൗകര്യവികസനം, സാങ്കേതിക വിദ്യാസൗഹൃദം, അക്കാദമിക കാര്യങ്ങൾ, സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ എന്നിവയ്ക്കാണ് ഊന്നൽ നൽകുന്നത്. ഭൗതിക സൗകര്യ വികസന കാര്യത്തിലും കിഫ്ബി പദ്ധതികളുടെ കാര്യത്തിലും പ്രഖ്യാപിച്ചിട്ടുള്ളതും എന്നാൽ പൂർത്തീകരിക്കാൻ ബാക്കി നിൽക്കുന്നതുമായ കെട്ടിടനിർമ്മാണം വേഗത്തിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്. സാങ്കേതികവിദ്യാ സൗകര്യങ്ങളുടെ കാര്യത്തിൽ ആവശ്യമുള്ള ഇടങ്ങളിൽ ഉപകരണങ്ങൾ ഉറപ്പാക്കുക, ഇതിനകം വിതരണം ചെയ്ത ഉപകരണങ്ങളുടെ റിപ്പയറിംഗ് ആവശ്യമുള്ള ഇടങ്ങളിൽ അവ ഉറപ്പാക്കുക, ഇ-കണ്ടന്റ് വികസിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തുക തുടങ്ങിയവയാണ് നടത്തി വരുന്നത്.

അക്കാദമിക കാര്യങ്ങളിലെ ഇടപെടലിനാണ് കൂടുതൽ ഊന്നൽ നൽകുന്നത്. കോവിഡ് മഹാമാരി പലതരത്തിൽ കുട്ടികളുടെ പഠനത്തെ സ്വാധീനിച്ചിട്ടുണ്ട്. അവ കണ്ടെത്തി മറികടക്കുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതാണ്. അതോടൊപ്പം എസ്.എസ്.കെ.-യുടെ നേതൃത്വത്തിൽ ഭാഷ, ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം എന്നീ വിഷയ മേഖലകളിൽ ആവശ്യമായ പഠന പിന്തുണ നൽകിവരുന്നു. ഏതെങ്കിലും മേഖലയിൽ പ്രതിഭകളായ കുട്ടികളുടെ പ്രതിഭയെ പ്രോത്സാഹിപ്പിക്കാനുള്ള പ്രവർത്തനങ്ങളും നടപ്പാക്കിവരുന്നു. ഇവയെല്ലാം കൂടുതൽ ശക്തിപ്പെടുത്തി മുന്നേറാനുള്ള പ്രവർത്തനങ്ങൾ വകുപ്പിലെ എല്ലാ ഏജൻസികളുടേയും ഏകോപനം വഴി നടപ്പാക്കിവരുന്നു.

(സി) കാലഘട്ടത്തിന് അനുസൃതമായ മികച്ച അദ്ധ്യാപനത്തിനായി അദ്ധ്യാപകരുടെ ശേഷി വികസനത്തിന് പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ?

വിവിധ തലങ്ങളിലും സന്ദർഭങ്ങളിലും ഏറെക്കാലമായി നടത്തിവരുന്ന പങ്കാളിത്ത പരിശീലന പരിപാടികൾവഴി അധ്യാപക സമൂഹത്തെ ആശയപരമായി വളരെയേറെ ശാക്തീകരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്.

കാലഘട്ടത്തിന് യോജിച്ചതരത്തിൽ അദ്ധ്യാപകരുടെ ശേഷി വികസിപ്പിക്കുന്നതിനായി നിരവധി പദ്ധതികൾ എസ്.സി.ഇ.ആർ.ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്.

**വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം സുതാര്യമാക്കാൻ നടപടി**

14(*404) ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ.കെ.എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി വില്ലേജുതല ജനകീയ സമിതികൾ എത്രത്തോളം സഹായകരമാണ്; വിശദമാക്കാമോ?

ഭൂസംരക്ഷണ കാര്യത്തിലും ജനക്ഷേമ പ്രവർത്തനങ്ങളിലും ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ടും പൊതുജനങ്ങളുടെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടുകൊണ്ടും പൊതുജനങ്ങളുടെ

സഹകരണത്തോടെ വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് സഹായകരമായി വില്ലേജ്തല ജനകീയ സമിതികൾ പ്രവർത്തിച്ചുവരുന്നു.

(ബി) ജില്ലാ, താലൂക്കുതല വികസന സമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് ഇവ എത്രത്തോളം ഫലപ്രദമാണ്; വിശദമാക്കാമോ?

പൊതുജനങ്ങളുടെ ആവശ്യങ്ങളും പരാതികളും യഥാസമയം പരിശോധിച്ച് അവയ്ക്ക് പരിഹാരം കാണുക, ഭരണ നേട്ടങ്ങൾ യഥാസമയം ജനങ്ങളിലെത്തിക്കുക എന്നീ പ്രവർത്തനങ്ങൾ ലക്ഷ്യമിട്ടുകൊണ്ടാണ് സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലെയും താലൂക്ക് സഭകളെ താലൂക്ക് വികസന സമിതികളായി പുനഃസംഘടിപ്പിച്ചിട്ടുള്ളത്. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലാണ് മാസത്തിലൊരിക്കൽ ജില്ലാ വികസന സമിതികൾ ചേരുന്നത്. ഗവണ്മെന്റിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ അവലോകനം, വകുപ്പുകളിൽ കാലതാമസമുണ്ടാക്കുന്ന പ്രശ്നങ്ങൾ, വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളുടെ ഏകോപനം, പൊതുജന പരാതികളുടെ പരിഹാരം,

പുതിയ പദ്ധതികൾക്ക് രൂപംനൽകൽ എന്നിവയാണ് ജില്ലാ, താലൂക്ക് വികസന സമിതികളുടെ പ്രധാന ചുമതലകൾ. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട നിരവധി പരാതികൾ ജില്ലാ താലൂക്ക് സഭകൾ മുഖേന പരിഹരിക്കപ്പെടുന്നുണ്ട് എന്നതിനാൽ ഇത് വളരെയധികം ഫലപ്രദമാണ്.

**ഇന്ധന വില വർദ്ധനവുമൂലം പ്രയാസം അനുഭവിക്കുന്ന ഓട്ടോറിക്ഷ, ടാക്സി ഡ്രൈവർമാരെ സഹായിക്കാൻ നടപടി**

15 (*405) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) ഇന്ധന വിലവർദ്ധനവുമൂലം പ്രയാസം അനുഭവിക്കുന്ന ഓട്ടോറിക്ഷ, ടാക്സി ഡ്രൈവർമാരെ സഹായിക്കുന്നതിന് ഈ സർക്കാർ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

ഇന്ധന വില വർദ്ധനവുമൂലം പ്രയാസം അനുഭവിക്കുന്ന ഓട്ടോറിക്ഷ, ടാക്സി ഡ്രൈവർമാരെ സഹായിക്കുന്നതിന് പ്രത്യേക പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല.

(ബി) സംസ്ഥാന ബഡ്ജറ്റിൽ പെട്രോളിനും ഡീസലിനും രണ്ട് രൂപ സെസ് ഏർപ്പെടുത്തിയത് ഓട്ടോറിക്ഷ, ടാക്സി ഡ്രൈവർമാരെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

2023-24 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച് സാമൂഹ്യ സുരക്ഷാ സീഡ് ഫണ്ടിലേക്ക് വകയിരുത്തുന്നതിന് വേണ്ടിയാണ് പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ലിറ്ററിന് രണ്ടു രൂപ നിരക്കിൽ സാമൂഹ്യ സുരക്ഷാ സെസ്സ് ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളത്. ടി തീരുമാനത്തിന്റെ ഗുണഫലങ്ങളുമായി താരതമ്യം ചെയ്താൽ വർദ്ധനവ് നാമമാത്രമാണെന്ന് കാണാവുന്നതാണ്. ഇത്തരത്തിൽ ശേഖരിക്കുന്ന തുക സമൂഹത്തിന് പ്രയോജനപ്രദമായ രീതിയിൽ വിതരണം ചെയ്യുന്നതിനാൽ സെസ് ഏർപ്പെടുത്തിയത് ഓട്ടോറിക്ഷ, ടാക്സി ഡ്രൈവർമാരെ വലിയരീതിയിൽ ബാധിക്കാനിടയില്ല.

(സി) ഇന്ധനവില കുതിച്ചുയരുന്ന സാഹചര്യത്തിൽ പെട്രോൾ, ഡീസൽ വാഹനങ്ങൾക്ക് പകരം ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിന് ഓട്ടോറിക്ഷ, ടാക്സി തൊഴിലാളികൾക്കായി എന്തെല്ലാം സഹായങ്ങളാണ് അനുവദിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ?

ഇലക്ട്രിക് വാഹനങ്ങളുടെ വാങ്ങൽ, ഉപയോഗം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ഇലക്ട്രിക് വാഹനങ്ങൾക്ക് നിലവിൽ വാഹന വിലയുടെ 5 ശതമാനം മാത്രമാണ് റോഡ് ടാക്സ് ഇനത്തിൽ ഈടാക്കുന്നത്.
2. പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്ന ഇ-ഓട്ടോറിക്ഷകൾക്ക് ആദ്യത്തെ അഞ്ച് വർഷത്തെ റോഡ് ടാക്സ് ഒഴിവാക്കി നൽകിയിട്ടുണ്ട്.
3. ഇലക്ട്രിക് മോട്ടോർ സൈക്കിൾ, ഇലക്ട്രിക് കാർ, സ്വന്തം ആവശ്യത്തിന് ഉപയോഗിക്കുന്ന ഓട്ടോറിക്ഷകൾ, സ്വന്തം ആവശ്യത്തിനുള്ള പ്രൈവറ്റ് സർവ്വീസ് വാഹനങ്ങൾ എന്നിവയ്ക്ക് ആദ്യത്തെ അഞ്ച് വർഷത്തെ ടാക്സിന്റെ 50% ഒഴിവാക്കി നൽകിയിട്ടുണ്ട്.

4. പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്ന ഇലക്ട്രിക് ഓട്ടോറിക്ഷാകളുടെ ഉടമകൾക്ക് 30,000/- രൂപവരെ സബ്സിഡി അനുവദിച്ച് നൽകിവരുന്നു.

5. അനെർട്ട്, കെ.എസ്.ഇ.ബി., കെ.എസ്.ആർ.ടി.സി. തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് പൊതുജനങ്ങളുടെ ഉപഭോഗത്തിന് ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചുവരുന്നു.

**വിഴിഞ്ഞം തുറമുഖ പദ്ധതി**

16 (*406) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. ആൻസലൻ:
ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) ഈ വർഷം സെപ്റ്റംബറോടുകൂടി പ്രവർത്തന സജ്ജമാകുന്ന തരത്തിൽ വിഴിഞ്ഞം തുറമുഖനിർമ്മാണം ത്വരിതഗതിയിൽ നടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

കൺസഷൻ കരാർ പ്രകാരം തുറമുഖത്തിന്റെ 1-ാം ഘട്ടം പ്രവർത്തനം സജ്ജമാകുവാൻ 2960 മീറ്റർ നീളമുള്ള പുലിമുട്ട്, 800 മീറ്റർ നീളമുള്ള ബർത്ത്, കടൽ നികത്തി രൂപീകരിക്കുന്ന 53 ഹെക്ടർ കരഭൂമിയിലെ ബാക്കപ്പ് യാർഡ് സൗകര്യങ്ങൾ, കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതി നായുള്ള ക്രെയിനുകൾ മുതലായവ സജ്ജീകരിക്കേണ്ടതുണ്ട്. 2023 സെപ്റ്റംബർ മാസത്തോടുകൂടി 400 മീറ്റർ നീളത്തിൽ ബെർത്തും 2300 മീറ്റർ നീളത്തിൽ പുലിമുട്ടും മറ്റ് അനുബന്ധ സൗകര്യങ്ങളും പൂർത്തീകരിച്ച് ഓണത്തോടനുബന്ധിച്ച് തുറമുഖം പ്രവർത്തനക്ഷമമാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) വിഴിഞ്ഞം തുറമുഖത്തേയ്ക്കുള്ള റെയിൽ കണക്റ്റിവിറ്റി പ്രോജക്ടിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം തിരുവനന്തപുരം-കന്യാകുമാരി റെയിൽപ്പാതയുമായി ബന്ധിപ്പിക്കുന്ന പുതിയ പാതയുടെ

നിർമ്മാണത്തിനായി കൊങ്കൺ റെയിൽവേ മുഖേന തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ടിന് (DPR) 2022 മാർച്ചിൽ ദക്ഷിണ റെയിൽവെയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(സി) വിഴിഞ്ഞം തുറമുഖ പദ്ധതിമൂലം തൊഴിൽ നഷ്ടപ്പെടുന്നവരെ ഉപജീവന ആഘാത നിർണ്ണയ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനരധിവസിപ്പിക്കാനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശവാസികളുടെ ക്ഷേമത്തിനായും അടിസ്ഥാന സൗകര്യ വികസനത്തിനായും സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പദ്ധതിബാധിത പ്രദേശത്തെ ജനങ്ങളുടെ ജീവനോപാധി നഷ്ടപരിഹാരത്തിനും മറ്റ് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ടാണ് സർക്കാർ തുറമുഖ പദ്ധതിയുമായി മുന്നോട്ടുപോകുന്നത്. തദ്ദേശീയരായ മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽ അർഹരായ ചിപ്പി/ലോബ്സ്റ്റർ വിഭാഗത്തിലെ

കട്ടമരച്ചിപ്പിത്തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് 12,50,000/- രൂപയും കരച്ചിപ്പിത്തൊഴിലാളികൾക്ക് 2,00,000/- രൂപയും ചിപ്പിക്കച്ചവടക്കാർക്ക് 1,00,000/- രൂപയും വീതം 262 പേർക്ക് 12.36 കോടി രൂപയും കരമടിത്തൊഴിലാളികൾക്ക് ആളൊന്നിന് 5,60,000/- രൂപ വീതം 913 പേർക്ക് 54.24 കോടി രൂപയും വിതരണം ചെയ്തു. നിർമ്മാണ കാലയളവിൽ പദ്ധതിപ്രദേശം ചുറ്റിപ്പോകേണ്ടതിനാൽ 1221 മത്സ്യത്തൊഴിലാളികൾക്ക് 27.18 കോടി രൂപയുടെ മണ്ണെണ്ണ വിതരണം ചെയ്തിട്ടുണ്ട്. റിസോർട്ട് തൊഴിലാളികളായ 211 പേർക്ക് 6.08 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. നാല് സ്വയംസഹായ സംഘങ്ങളിലെ 33 പേർക്ക് 0.08 കോടി രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം പദ്ധതി ബാധിത പ്രദേശങ്ങളിൽ ജീവനോപാധി നഷ്ടപരിഹാരമായി 99.94 കോടി രൂപ ഇതിനകം വിതരണം ചെയ്തു. തുറമുഖ പദ്ധതിയോടനുബന്ധിച്ച് 7.3 കോടി രൂപ ചെലവിൽ 3.3 ദശലക്ഷം ലിറ്റർ ജലം ശുദ്ധീകരിച്ച് നൽകുന്ന പദ്ധതിയിലൂടെ പ്രദേശത്ത് ശുദ്ധജല വിതരണം നടത്തുന്നുണ്ട്. കൂടാതെ, 1.74 കോടി രൂപ ചെലവിൽ പദ്ധതി പ്രദേശത്ത് 1000-ൽപ്പരം ശുദ്ധജല വിതരണ

കണക്ഷൻ സൗജന്യമായി നൽകിക്കഴിഞ്ഞു. ഖരമാലിന്യ നിർമ്മാർജ്ജനത്തിന് 1.05 കോടി രൂപ മതിപ്പ് ചെലവുവരുന്ന പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. നിലവിലെ വിഴിഞ്ഞം CHC-യെ 80 കിടക്കകളുള്ള ഒരു താലൂക്കാശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനായുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. മാലിന്യം നിറഞ്ഞ് സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ട പദ്ധതി പ്രദേശത്തെ ഗംഗയാർ തോടിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് ഗംഗയാറിന്റെ സ്വാഭാവിക നീരൊഴുക്ക് നിലനിർത്തുന്നതിനായി 1.18 കോടി രൂപ ചെലവിൽ സമഗ്ര പദ്ധതി നടപ്പിലാക്കി. വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി കോട്ടപ്പുറത്ത് ഒരു പകൽ വീട് സ്ഥാപിക്കുന്നതിന് ഫിഷറീസ് വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിനനുയോജ്യമായ സ്ഥലം വാങ്ങുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനുമായുള്ള നടപടി സ്വീകരിച്ചുവരുന്നു. കേരള സർക്കാരിന്റെ നൈപുണ്യ വികസന പരിശീലന കേന്ദ്രം (ASAP)-ന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു. 2023 ഏപ്രിൽ മാസത്തോടുകൂടി ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. പ്രദേശവാസികൾക്ക് മുൻഗണന

നൽകിക്കൊണ്ട് ഇവിടെ തുറമുഖാനുബന്ധ കോഴ്സുകൾ ഉൾപ്പെടെയുള്ളവ നടപ്പിലാക്കുന്നതാണ്. പദ്ധതി പ്രദേശത്തിനു സമീപം കായിക അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ കളിസ്ഥലം നിർമ്മിക്കുന്നതിനായുള്ള നടപടികൾ പുരോഗമിക്കുകയാണ്. തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ ഒരു സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായുള്ള നടപടികളും പുരോഗമിക്കുകയാണ്. ഇതിനുപുറമേ കരാർ കമ്പനിയും മറ്റനവധി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ പദ്ധതി പ്രദേശത്ത് നടപ്പിലാക്കിവരുന്നു.

(ഡി) വിഴിഞ്ഞം തുറമുഖം നൽകാനിടയുള്ള സാമ്പത്തികാവസരങ്ങൾ വിനിയോഗിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും മാനവശേഷി വികസനത്തിനും പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിൽ കുതിച്ചുചാട്ടത്തിന് സാദ്ധ്യതയുള്ള ഒരു പദ്ധതിയാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി. വിഴിഞ്ഞം തുറമുഖം നിലവിൽ വരുന്നതോടുകൂടി

കേരളത്തിന്റെ വ്യവസായ, വാണിജ്യ, സാമ്പത്തിക മേഖലകളിൽ നിരവധി പുരോഗതികൾ ഉണ്ടാകും. അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർത്തിരിക്കുന്നു.

1. ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലുകൾ വഴിയുള്ള ചരക്ക് കൈകാര്യം ചെയ്യാൻ വിഴിഞ്ഞം തുറമുഖം പ്രവർത്തനക്ഷമമാകുന്നതോടെ സാധ്യമാകും.

2. വിഴിഞ്ഞം തുറമുഖത്തിന്റെ ആദ്യഘട്ടത്തിൽ പ്രതിവർഷം 10 ലക്ഷം കണ്ടെയ്നറുകൾ കൈകാര്യം ചെയ്യാവുന്നതും അങ്ങനെ വിവിധ ഘട്ടങ്ങളിലായി 3-4 ദശലക്ഷം കണ്ടെയ്നറുകൾ കൈകാര്യം ചെയ്യാനുള്ള ശേഷി കൈവരിക്കുന്നതുമാണ്.

3. അന്താരാഷ്ട്ര കപ്പൽ പാതയ്ക്ക് ഏറ്റവും അടുത്ത് കേവലം 10 നോട്ടിക്കൽ മൈൽ അകലെയാണ് വിഴിഞ്ഞത്തിന്റെ സ്ഥാനം. ആയതിനാൽ, ഈ പാതയിലൂടെ ഇന്ന് സഞ്ചരിക്കുന്ന ഏറ്റവും വലിയ കപ്പലുകൾക്ക് വളരെ ചുരുങ്ങിയ സമയത്ത് ഇവിടെ എത്തിച്ചേരുവാൻ സാധിക്കും. ഇതിലൂടെ ഇന്ത്യയുടെ ചരക്ക് കൈകാര്യം ചെയ്യുന്ന മറ്റ് തുറമുഖങ്ങളായ കൊളംബോ,

സിംഗപ്പൂർ, സലാല, ദുബായ് തുറമുഖങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന വിദേശ വിനിമയ വരുമാനം ഇന്ത്യയിലെത്തുന്നത് സാദ്ധ്യമാകും. ഇത് ഏകദേശം 2500 കോടി രൂപയോളം വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

4. കയറ്റുമതി-ഇറക്കുമതി വ്യാപാരത്തിൽ കണ്ടെയ്നർ ഒന്നിന് 6,000 മുതൽ 8,000 രൂപ വരെ ലാഭിക്കാൻ കഴിയും.

5. വിഴിഞ്ഞം യാഥാർത്ഥ്യമാകുമ്പോൾ ചരക്ക് നീക്കത്തിനുള്ള കൂലി ഗണ്യമായി കുറയുന്നതോടെ അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കാനാകും.

6. വിഴിഞ്ഞം തുറമുഖത്തിലൂടെ കയറ്റുമതിയും ഇറക്കുമതിയും വർദ്ധിക്കുന്നതിലൂടെ കേരളത്തിന്റെ വ്യവസായ മേഖലയിൽ വൻ കുതിച്ചുചാട്ടം ഉണ്ടാകും.

7. തുറമുഖം വഴി കൈകാര്യം ചെയ്യുന്ന ഓരോ കണ്ടെയ്നറിനും പ്രത്യക്ഷമായോ പരോക്ഷമായോ ശരാശരി 6 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടും എന്ന് കണക്കാക്കുന്നു.

തുറമുഖം യാഥാർത്ഥ്യമാകുന്നതോടെ, തുറമുഖാധിഷ്ഠിത വ്യവസായങ്ങൾ സ്ഥാപിതമാകുവാനും അതുവഴി പ്രാദേശിക വികസനവും നിരവധി തൊഴിലവസരങ്ങളും വന്നുചേരുമെന്നും പ്രതീക്ഷിക്കുന്നു. പശ്ചാത്തല അടിസ്ഥാന സൗകര്യങ്ങളായ റോഡ് കണക്ടിവിറ്റി, റെയിൽ കണക്ടിവിറ്റി എന്നിവയും തുറമുഖ നിർമ്മാണത്തോടൊപ്പം സ്ഥാപിക്കുന്നുണ്ട്. ഇതുവഴി കണ്ടെയ്നർ ചരക്ക് ഗതാഗതം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ സാധ്യക്കും. വിഴിഞ്ഞത്ത് ഒരു സ്കിൽ പാർക്ക് സ്ഥാപിക്കുന്ന പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്. തുറമുഖാധിഷ്ഠിത കോഴ്സുകൾ മുഖേന തുറമുഖ പ്രവർത്തനങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും ആവശ്യമായ മാനവശേഷി വികസിപ്പിക്കുന്നതിനും തൊഴിൽ ലഭ്യമാക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. കൂടാതെ, വിഴിഞ്ഞം തുറമുഖ പ്രവർത്തനങ്ങൾ സജ്ജമാകുന്നതോടുകൂടി എത്തിച്ചേരാൻ സാധ്യതയുള്ള അവസരങ്ങളെ വിനിയോഗിക്കുക എന്ന ഉദ്ദേശത്തോടുകൂടി വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയുള്ള ഒരു വികസന ഇടനാഴി വിഭാവനം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായുള്ള 80 കി.മീ. നീളമുള്ള Outer Ring Road- ന്റെ ടെണ്ടർ

നടപടികൾ NHAI ആരംഭിച്ചിട്ടുണ്ട്. വികസന ഇടനാഴിയുടെ സ്ഥലമേറ്റെടുപ്പ് നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചു വരികയാണ്.

**റോഡ് നിർമ്മാണ രീതി നവീകരിക്കുന്നതിനുള്ള പദ്ധതി**

17(*407) ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. പി. വി. ശ്രീനിജിൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളുടെ ദൈർഘ്യം എത്രയെന്ന് സംസ്ഥാന പാത, പ്രധാന ജില്ലാപാത എന്നിവ തിരിച്ച് അറിയിക്കാമോ?

സംസ്ഥാനത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ 29522 കി മീ. റോഡുകൾ ഉണ്ട്. ഇതിൽ 4128 കി.മീ. സംസ്ഥാന പാതകളും 25394 കി.മീ. മേജർ ഡിസ്ട്രിക്റ്റ് റോഡുകളും ഉൾപ്പെടുന്നു. കൂടാതെ കേരള പൊതുമരാമത്ത്

ദേശീയപാത വിഭാഗത്തിന് കീഴിൽ 636 കി.മീ റോഡുകൾ പരിപാലിച്ചു വരുന്നു.

(ബി) റോഡുകൾ തകരാറ് കൂടാതെ പരിപാലിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി ബാധ്യതാ കാലയളവ് കഴിഞ്ഞിട്ടുള്ള റോഡുകൾക്ക് റണ്ണിംഗ് കരാർ നൽകിയിട്ടുണ്ടോ; എങ്കിൽ നിലവിൽ ഇതുവഴി എത്ര കിലോമീറ്റർ റോഡുകളുടെ കൃത്യമായ പരിപാലനം ഉറപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

റോഡുകളുടെ തകരാറുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടുത്തി ബാധ്യതാ കാലയളവ് കഴിഞ്ഞിട്ടുള്ള റോഡുകൾക്ക് അറ്റകുറ്റപ്പണികൾ നടപ്പിലാക്കിവരുന്നു. നിലവിൽ 12332 കി.മീ. റോഡുകൾ റണ്ണിംഗ് കോൺട്രാക്ട് ക്ലസ്റ്റർ-I, ക്ലസ്റ്റർ-II ഫേസ്-I എന്നിവയിൽ ഉൾപ്പെടുത്തി പരിപാലിച്ചുവരുന്നു. കൂടാതെ റണ്ണിംഗ് കോൺട്രാക്ട് ക്ലസ്റ്റർ-II ഫേസ്-II-ൽ ഉൾപ്പെടുത്തി 7685 കി.മീ. റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തികൾ ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. റണ്ണിംഗ് കോൺട്രാക്ട്

പ്രവൃത്തികൾ കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് പ്രത്യേക പരിശോധനാ സംവിധാനവും സജ്ജമാക്കിയിട്ടുണ്ട്. വകുപ്പിലെ നോഡൽ ഓഫീസർമാരായ ഐ.എ.എസ്. ഉദ്യോഗസ്ഥർ, ചീഫ് എഞ്ചിനീയർമാർ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘം നിശ്ചിത ഇടവേളകളിൽ റോഡുകളിൽ നേരിട്ടെത്തി പരിശോധന നടത്തുന്നു. അതോടൊപ്പം സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലുള്ള സംഘവും നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തുന്നുണ്ട്.

(സി) അതിതീവ്ര മഴയെയും കാലാവസ്ഥാ വ്യതിയാനത്തെയും അതിജീവിക്കുന്ന തരത്തിൽ സംസ്ഥാനത്തെ റോഡുനിർമ്മാണ രീതി നവീകരിക്കുന്നതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

അതിതീവ്ര മഴയേയും കാലാവസ്ഥാ വ്യതിയാനങ്ങളേയും അതിജീവിക്കുന്ന തരത്തിൽ സംസ്ഥാനത്തെ റോഡ് നിർമ്മാണത്തിൽ ആധുനിക നിർമ്മാണ രീതികൾ അവലംബിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ദീർഘകാലം ഈടുനിൽക്കുന്നതും കാലാവസ്ഥ വ്യതിയാനങ്ങളെ അതിജീവിക്കാൻ സാധിക്കുന്നതുമായ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക്

വകുപ്പിന്റെ എല്ലാ റോഡുകളും ഇൻവെസ്റ്റിഗേഷനും രൂപകൽപ്പനയും ചെയ്ത് ഘട്ടംഘട്ടമായി നവീകരിക്കുന്നതിനുള്ള നടപടി സ്വികരിച്ചിട്ടുണ്ട്. എല്ലാ റോഡുകളും ഘട്ടംഘട്ടമായി ബി.എം.&ബി.സി. നിലവാരത്തിലേക്ക് ഉയർത്തുന്നതിന് ലക്ഷ്യമിടുന്നു. റോഡുകൾ ദീർഘകാലം ഈടുനിൽക്കുന്നതിന് നൂതന നിർമ്മാണ രീതികൾ നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി നിലവിലുള്ള അസംസ്കൃത വസ്തുക്കൾ ഉപയോഗപ്പെടുത്തി റോഡ് നിർമ്മാണം സാധ്യമാക്കുന്ന ഫുൾ ഡെപ്ത് റിക്ലമേഷൻ രീതി വ്യാപകമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ എഫ്.ഡി.ആർ രീതിയിൽ റോഡുകൾ നിർമ്മിക്കുകയാണ്. ഇത് പരിസ്ഥിതി സൗഹൃദമായ നിർമ്മാണ രീതിയായി വിലയിരുത്തപ്പെടുന്നു. സോയിൽ നെയിലിംഗ്, ജിയോസെൽസ്, സിമന്റ് ട്രീറ്റഡ് സബ് ബെയിസ് പേവ്മെന്റ് ക്വാളിറ്റി കോൺക്രീറ്റ് എന്നിവയും നടപ്പാക്കിവരുന്നുണ്ട്. ഇതോടൊപ്പം മഴ, ചൂട് എന്നിവയെ പ്രതിരോധിക്കുന്ന രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങളെ സംബന്ധിച്ച് KHRI പഠനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ വെള്ളക്കെട്ടുള്ള

പ്രദേശങ്ങൾക്ക് അനുയോജ്യമായതും 15 മുതൽ 20 വർഷം വരെ ഈട്ടു നിൽക്കുന്നതുമായ വൈറ്റ് ടോപ്പിംഗ് സാങ്കേതിക വിദ്യ ഉപയോഗിച്ചും റോഡുകൾ നിർമ്മിച്ചുവരുന്നു.

(ഡി) പൊതുമരാമത്ത് റോഡുകളെ സംബന്ധിച്ചുള്ള പൊതുജനങ്ങളുടെ പരാതികൾക്കുള്ള പരിഹാര സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ; അറ്റകുറ്റപ്പണികളുടെ പുരോഗതി വിലയിരുത്താൻ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ വിശദമാക്കാമോ?

പൊതുമരാമത്ത് റോഡുകളെ സംബന്ധിച്ചുള്ള പൊതുജനങ്ങളുടെ പരാതികൾക്കുള്ള പരിഹാര സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. മൊബൈൽ ആപ്ലിക്കേഷനായ 'PWD 4U' മുഖേന ലഭിക്കുന്ന പരാതികൾ പരിശോധിച്ച് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് കെ.എസ്.ടി.പി. വിഭാഗത്തിന് കീഴിൽ കേന്ദ്രീകൃത സംവിധാനമായ പബ്ലിക് ഇൻഫർമേഷൻ സെൽ രൂപീകരിക്കുകയും അടിയന്തിര നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട അസിസ്റ്റന്റ്

എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും പരാതിയിന്മേൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് പരാതിക്കാരന് നൽകുകയും ചെയ്തുവരുന്നു.

"റിംഗ് റോഡ്" എന്ന ലൈവ് ഫോൺ ഇൻ പരിപാടിവഴി പൊതുമരാമത്ത് വകുപ്പുമന്ത്രി മാസത്തിൽ ഒരു തവണ പൊതുജനങ്ങളുമായി നേരിട്ട് സംവദിക്കുകയും പരാതി പരിഹാരത്തിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

കൂടാതെ പൊതുമരാമത്ത് വകുപ്പിൽ പരാതി പരിഹാരത്തിനുവേണ്ടി ഒരു പരാതി പരിഹാര സെൽ (GRIEVANCE REDRESSAL CELL) നിലവിലുണ്ട്. ഈ സെൽ എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 9.30 മുതൽ വൈകുന്നേരം 7.30 വരെ പ്രവർത്തിക്കുന്നു. പൊതുജനങ്ങൾക്ക് “18004257771” എന്ന ടോൾ ഫ്രീ നമ്പരിൽ വിളിച്ച് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പരാതികൾ രേഖപ്പെടുത്താവുന്നതാണ്. കൂടാതെ രേഖപ്പെടുത്തിയ പരാതിയുടെ നിലവിലെ സ്ഥിതി പരാതി നമ്പർ ഉപയോഗിച്ച് എപ്പോൾ വേണമെങ്കിലും പരിശോധിക്കാവുന്നതുമാണ്.

പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റണ്ണിംഗ് കോൺട്രാക്ട് പ്രകാരമുള്ള റോഡുകൾ പരിശോധിക്കാൻ നിലവിൽ പൊതുമരാമത്ത് സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ചീഫ് എഞ്ചിനീയർമാർ എന്നിവരുൾപ്പെട്ട സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമും സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലുള്ള പരിശോധന സംഘവും നിലവിലുണ്ട്. ഇതിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം 45 ദിവസത്തിലൊരിക്കലും സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള ടീം 30 ദിവസത്തിലൊരിക്കലും പരിശോധനകൾ നടത്തിവരുന്നു.

## പ്രീ പ്രൈമറി വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് നടപടി

18(*408) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ പ്രൈമറി സ്കൂളുകളിലും പ്രീ പ്രൈമറി ക്ലാസുകൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയത് എല്ലാ സ്കൂളുകളിലും തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് എല്ലാ പ്രൈമറി സ്കൂളുകളിലും പ്രീ-പ്രൈമറി ക്ലാസ്സുകൾ പ്രവർത്തിക്കുന്നില്ല. 1988 മുതൽ സംസ്ഥാനത്ത് പ്രീ-പ്രൈമറി വിഭാഗം ആരംഭിച്ചെങ്കിലും ആയതിന് വ്യാപകമായ പ്രചാരണം ലഭിച്ചിരുന്നില്ല. എന്നാൽ പിൽക്കാലത്ത് എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളുടെ കടന്നുവരവിനെത്തുടർന്ന് സർക്കാർ സ്കൂളുകളിൽ കുട്ടികളെ ആകർഷിക്കുന്നതിന് പ്രീ-പ്രൈമറി ഒരു അവിഭാജ്യ ഘടകമായി മാറിയതിനാൽ സംസ്ഥാനത്തെ ഒട്ടുമിക്ക സർക്കാർ സ്കൂളുകളിലും സർക്കാരിന്റെ നേതൃത്വത്തിലും പി.റ്റി.എ.-യുടെ നേതൃത്വത്തിലും പ്രീ-പ്രൈമറി വിഭാഗം പ്രവർത്തിച്ചുവരുന്നു.

2020 -ലെ ദേശീയ വിദ്യാഭ്യാസ നയത്തിൽ പ്രീ-പ്രൈമറി വിഭാഗം സ്കൂൾ ഘടനയുടെ ഒരു പ്രധാന ഭാഗമായി മാറുന്നു. ആയത് സംസ്ഥാനത്ത്

ബാധകമാക്കുന്ന മുറയ്ക്ക് പ്രീ-പ്രൈമറി വിഭാഗം എല്ലാ സ്കൂളുകളിലും ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

(ബി) കുട്ടികളുടെ ശാരീരിക, മാനസിക വളർച്ചക്ക് സഹായകരമായ എന്തെല്ലാം ക്രമീകരണങ്ങളാണ് പ്രസ്തുത വിദ്യാലയങ്ങളിൽ ഏർപ്പെടുത്തിയിരിക്കുന്നത്; വ്യക്തമാക്കാമോ?

കുട്ടികളുടെ ശാരീരിക മാനസിക വളർച്ചയ്ക്കായി സമഗ്രശിക്ഷാ കേരളം വഴി താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

1. പ്രീ-പ്രൈമറി ക്ലാസുകളിൽ അദ്ധ്യാപകരെ സഹായിക്കുന്ന താലോലം പ്രവർത്തനമൂലകൾ സ്ഥാപിച്ചു.

2. 168 സ്കൂളുകളിലെ പ്രീ-പ്രൈമറി വിഭാഗങ്ങളിൽ ഒരു ലക്ഷം രൂപ വീതം ചെലവഴിച്ച് ശിശു സൗഹൃദ ഫർണിച്ചർ, കളി ഉപകരണങ്ങൾ തുടങ്ങിയവ ലഭ്യമാക്കി.

3. 42 സ്കൂളുകളിലെ പ്രീ-പ്രൈമറി വിഭാഗങ്ങളെ പതിനഞ്ച് ലക്ഷം രൂപ വീതം ചെലവഴിച്ച് അന്താരാഷ്ട്ര നിലവാരമുള്ളതാക്കി മാറ്റി.

4. 168 സ്കൂളുകളിലെ പ്രീ-പ്രൈമറി വിഭാഗങ്ങളെ സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി 10 ലക്ഷം രൂപ വീതം ചെലവഴിച്ച് പ്രവർത്തനങ്ങളോടുകൂടിയ (Activity area) സ്കൂളുകളാക്കി മാറ്റി.

5. സർക്കാർ നേരിട്ട് നടത്തുന്ന പ്രീ-പ്രൈമറി സ്കൂളുകളിലെയും ഓണറേറിയം നൽകുന്ന സ്കൂളുകളിലെയും അദ്ധ്യാപകർക്ക് കളിപ്പാട്ടം എന്ന അദ്ധ്യാപക സഹായി ലഭ്യമാക്കി.

6. കുട്ടികൾക്ക് കളിത്തോണി എന്ന ആക്ടിവിറ്റി ബുക്ക് നൽകിവരുന്നു.

(സി) പ്രീ പ്രൈമറി വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

1. സർക്കാരിന്റെ നൂറ് ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി 328 സ്കൂളുകളിലെ പ്രീ-പ്രൈമറി വിഭാഗങ്ങളിൽ ഈ വർഷം മെയ് മാസത്തോടെ ഒരു ലക്ഷം രൂപവീതം ചെലവഴിച്ച് ശിശുസൗഹൃദ ഫർണിച്ചർ, കളി ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കും.

2. 440 സ്കൂളുകളിലെ പ്രീ-പ്രൈമറി വിഭാഗങ്ങളെക്കൂടി 10 ലക്ഷം രൂപവീതം ചെലവഴിച്ച് സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവർത്തന മികവുള്ള സ്കൂളുകളാക്കി മാറ്റും.

3. കുട്ടികളിൽ ഭാഷാശേഷി ഉറപ്പാക്കുന്ന ഭാഷാവികാസ ഇടങ്ങൾ സജ്ജമാക്കും.

4. സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ പ്രീ-പ്രൈമറി സ്കൂളുകളിലും സർക്കാർ ഓണറേറിയം നൽകുന്ന സ്കൂളുകളിലും സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള വിദ്യാഭ്യാസം നൽകുന്നതിനുള്ള സൗകര്യം ലഭ്യമാക്കും.

**തീരദേശ മേഖലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ നവീകരണം**

19(*409) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീമതി യു. പ്രതിഭ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ആഭ്യന്തര, വിദേശ വിനോദസഞ്ചാരികൾ പൊതുവെ അംഗീകരിച്ചിട്ടുള്ള വിവിധ ബീച്ചുകളുടെ നവീകരണ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് ആഭ്യന്തര, വിദേശ വിനോദസഞ്ചാരികൾ പൊതുവെ അംഗീകരിച്ചിട്ടുള്ള വിവിധ ബീച്ചുകളുടെ നവീകരണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്:-

**കോവളം ബീച്ച്**

24-02-2023 ലെ സ.ഉ.(കൈ)നം. 10/2023/ TSM നമ്പർ ഉത്തരവ് പ്രകാരം കോവളവും സമീപ ബീച്ചുകളുടെ വികസന പ്രവർത്തനങ്ങൾക്കുമായി 93 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർവ്വഹണ ഏജൻസിയായ WAPCOS (Water and Power Consultancy Services (India) Limited) മുഖേന നടപ്പിലാക്കുന്ന ടി പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

- ഹവ്വാ ബീച്ച്, ലൈറ്റ് ഹൗസ് ബീച്ച് എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം
- സൈലന്റ് വാലി സൺ ബാത്ത് പാർക്ക് നവീകരണം

- കോർപ്പറേഷൻ ഭൂമി വികസനം
- കോർപ്പറേഷൻ ഭൂമിയിലേയ്ക്കുള്ള യാത്രാസൗകര്യ വികസനം
- ഐബി ബീച്ചിലേയ്ക്കുള്ള യാത്രാ സൗകര്യ വികസനം
- ഐബി ബീച്ചിന്റെയും അടിമലത്തുറ ബീച്ചിന്റെയും അതിർത്തി നിർണ്ണയം
- തെങ്ങിൻ തോട്ടഭൂമി ഏറ്റെടുക്കൽ

**ശംഖുമുഖം ബീച്ച്**

07-02-2021-ലെ സ.ഉ.(സാധാ)നം. 59/2021/ടൂറിസം, 09-02-2021-ലെ സ.ഉ.(സാധാ)നം.68/2021/ടൂറിസം നമ്പർ ഉത്തരവുകൾ പ്രകാരം 13.2 കോടി രൂപ അടങ്കൽ തുക വരുന്ന ശംഖുമുഖം ബീച്ച് ഫ്രണ്ട് എൻട്രി ഇംപ്രൂവ്മെന്റ് & അർബൺ പ്ലാസാ ഡെവലപ്മെന്റ്, ബീച്ച് ഫ്രണ്ട് പ്ലാസാ ഡെവലപ്മെന്റ് & കൾച്ചറൽ ഹബ്ബ് ഡെവലപ്മെന്റ് എന്നീ രണ്ട് പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്.

**മുഴപ്പിലങ്ങാട് – ധർമ്മടം ബീച്ചിന്റെ സമഗ്ര വികസനം**

13-11-2019-ലെ സ.ഉ.(സാ.ധാ) നം. 395/2019/ടൂർ ഉത്തരവ് പ്രകാരം മുഴപ്പിലങ്ങാട് – ധർമ്മടം ബീച്ചുകളുടെ സമഗ്ര വികസനത്തിനായി 233.71 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ടി പദ്ധതി 4 ക്യാരക്ടർ ഏരിയകളായി തരംതരിച്ച് നടപ്പാക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

1. ക്യാരക്ടർ ഏരിയ 1 - മുഴപ്പിലങ്ങാട് ബീച്ചിന്റെ വടക്ക് വശം
2. ക്യാരക്ടർ ഏരിയ 2 - മുഴപ്പിലങ്ങാട് ബീച്ചിന്റെ തെക്ക് വശം
3. ക്യാരക്ടർ ഏരിയ 3 - ധർമ്മടം ബീച്ച്
4. ക്യാരക്ടർ ഏരിയ 4 - ധർമ്മടം ദ്വീപ്

ക്യാരക്ടർ ഏരിയ 1-ലെ 10 ശതമാനം പ്രവൃത്തികൾ നാളിതുവരെയായി പൂർത്തീകരിച്ചിട്ടുണ്ട്. 2, 3 & 4 എന്നീ ക്യാരക്ടർ ഏരിയകൾക്കായുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

**ബേക്കൽ ബീച്ച് പാർക്കിന്റെ നവീകരണം**

10-12-2021-ലെ സ.ഉ.(സാധാ)നം. 392/2021/ടൂറിസം നമ്പർ ഉത്തരവ് പ്രകാരം ബേക്കൽ ബീച്ച് പാർക്കിന്റെ നവീകരണം എന്ന പദ്ധതിക്ക് 4.96 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആകെ ചെലവിന്റെ 50 ശതമാനം തുക ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (ബി.ആർ.ഡി.സി.) യുടെ സ്വന്തം റവന്യൂ ഫണ്ടിൽനിന്നും ചെലവഴിക്കണം

എന്ന നിബന്ധനയോടെയാണ് ഭരണാനുമതി നൽകിയിരിക്കുന്നത്. ഈ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ബേപ്പൂർ ബീച്ചിന്റെ സമഗ്രവികസനം**

ബേപ്പൂർ ബീച്ചിന്റെ സമഗ്രവികസനം ലക്ഷ്യമിട്ട് " ബേപ്പൂർ & ബിയോണ്ട് " എന്ന പദ്ധതിക്ക് 03-11-2022-ലെ സ.ഉ.(സാധാ) നം.388/2022/TSM പ്രകാരം 9.94 കോടി രൂപയുടെ ഭരണാനുമതി നൽകിയ ടി പദ്ധതിയുടെ 15 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**ചാലിയം ബീച്ചിന്റെ വികസനം**

ചാലിയം ബീച്ചിന്റെ സമഗ്ര വികസനത്തിനായി 23-03-2022-ലെ വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ P7-2755/2022 നമ്പർ നടപടിക്രമ പ്രകാരം 98,75,291 (തൊണ്ണൂറ്റി എട്ട് ലക്ഷത്തി എഴുപത്തയ്യായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി ഒന്ന് രൂപ മാത്രം), രൂപയുടെയും 03-06-2022-ലെ സ.ഉ.(സാധാ) നം. 178/2022/TSM നമ്പർ ഉത്തരവ് പ്രകാരം 8,55,88,028 (എട്ട് കോടി അമ്പത്തി അഞ്ച് ലക്ഷത്തി എൺപത്തി എട്ടായിരത്തി ഇരുപത്തി എട്ട് രൂപ മാത്രം) രൂപയുടെയും ഭരണാനുമതി യഥാക്രമം ഓഷ്യാനസ്

ചാലിയം ഫേസ് I, ഫേസ് II എന്നീ പ്രവൃത്തികൾക്ക് നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ പ്രവൃത്തികൾ നടന്നുവരുന്നു.

**ആലപ്പുഴ ചെത്തി ബീച്ചിന്റെ വികസനം**

08-02-2017-ലെ സ.ഉ. (സാധാ)നം. 62/2017/TSM പ്രകാരം 49.60 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയ പദ്ധതിക്ക് 27-07-2020-ൽ 21.35 കോടി രൂപയുടെ പ്രവൃത്തികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. പ്രവേശന കവാടം, ടിക്കറ്റ് കൗണ്ടർ, ഫുഡ് കോർട്ട്, സിറ്റിംഗ് അറേഞ്ച്മെന്റ്സ് പെഡസ്ട്രൽ ബ്രിഡ്ജ്, റെയിൽ ഷെൽട്ടർ, ചെയ്ഞ്ച് റൂം, കാർ പാർക്കിംഗ്, ലാന്റ്സ്കേപ്പിംഗ്, സ്പോട്സ് ആക്ടിവിറ്റീസ് എന്നിവയാണ് പ്രധാന ഘടകങ്ങൾ.

**കാപ്പാട് ബീച്ചിന്റെ വികസനം**

26 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുള്ള കാപ്പാട് ബ്ലൂ ഫ്ലാഗ് ബീച്ചിന്റെ മെയിൻറ്റനൻസ് എന്ന പദ്ധതിയുടെ പ്രവൃത്തി അവസാനഘട്ടത്തിലാണ്.

**മുഴപ്പിലങ്ങാട് ത്രീ സ്റ്റാർ ബീച്ച് റിസോർട്ട് നിർമ്മാണം**

മുഴപ്പിലങ്ങാട് ഡ്രൈവ്-ഇൻ-ബീച്ചുമായി ബന്ധപ്പെട്ട് 36 റൂമുകളുള്ള ലോകോത്തര റിസോർട്ടായ മുഴപ്പിലങ്ങാട് ത്രീ സ്റ്റാർ ബീച്ച് റിസോർട്ട് നിർമ്മാണം എന്ന പദ്ധതിക്ക് 39.42 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി വരുന്ന ടി പദ്ധതിയുടെ വിശേഷാൽ ലക്ഷ്യോപാധി (SPV) കെ.റ്റി.ഡി.സി.-യാണ്. ടി പ്രവൃത്തികളുടെ സ്ട്രക്ചറൽ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

ബീച്ചുകളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനം ഒരുക്കുന്നതിന്റെ ഭാഗമായി ബേക്കൽ, വർക്കല, ശംഖുമുഖം, കൊല്ലം, ആലപ്പുഴ, എന്നീ ബീച്ചുകളിൽ ലോകോത്തര നിലവാരത്തിലുള്ള ടോയ്ലെറ്റ് ബ്ലോക്കുകളുടെ നിർമ്മാണവും നടപ്പിലാക്കിവരുന്നു.

(ബി) തീരദേശ മേഖലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി അടിസ്ഥാനസൗകര്യ വികസനമടക്കം നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഫലമായി വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

വിനോദസഞ്ചാര വകുപ്പ് നടത്തിയ വിവിധ പ്രവർത്തനങ്ങളുടെ ഫലമായി തീരദേശ മേഖലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ ഉൾപ്പെടെ കേരളത്തിലെ എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളിലും എത്തിയ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 2022-ൽ വർദ്ധനവുണ്ടായിട്ടുണ്ട്.

2022 കലണ്ടർ വർഷം 1,88,67,414 എണ്ണം ആഭ്യന്തര വിനോദസഞ്ചാരികളും 3,45,549 എണ്ണം വിദേശ വിനോദ സഞ്ചാരികളും കേരളം സന്ദർശിച്ചിട്ടുണ്ട്. 2020, 2021 വർഷങ്ങളിൽ ആഭ്യന്തര സഞ്ചാരികൾ യഥാക്രമം 49,88,972, 75,37,617-ഉം വിദേശ വിനോദ സഞ്ചാരികൾ യഥാക്രമം 3,40,755, 60,487-ഉം ആയിരുന്നു. 2021 കലണ്ടർ വർഷത്തെ അപേക്ഷിച്ച് ആഭ്യന്തര വിനോദ സഞ്ചാരികളിൽ 150.31% വർദ്ധനവും വിദേശ വിനോദ സഞ്ചാരികളിൽ 471.28% വർദ്ധനവും വന്നിട്ടുണ്ട്.

(സി) കോവളം ബീച്ചിന്റെ സമഗ്ര വികസനത്തിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

24-02-2023 തീയതിയിലെ സ.ഉ.(കൈ)നം. 10/2023/TSM നമ്പർ പ്രകാരം കോവളവും സമീപ ബീച്ചുകളുടെ വികസന പ്രവർത്തനങ്ങൾക്കുമായി

93 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർവ്വഹണ ഏജൻസിയായ വാപ്കോസ് മുഖേന നടപ്പിലാക്കുന്ന ടി പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

- ഹവ്വാ ബീച്ച്, ലൈറ്റ് ഹൗസ് ബീച്ച് എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം
- സൈലന്റ് വാലി സൺ ബാത്ത് പാർക്ക് നവീകരണം
- കോർപ്പറേഷൻ ഭൂമി വികസനം
- കോർപ്പറേഷൻ ഭൂമിയിലേയ്ക്കുള്ള യാത്രാസൗകര്യ വികസനം
- ഐബി ബീച്ചിലേയ്ക്കുള്ള യാത്രാ സൗകര്യ വികസനം
- ഐബി ബീച്ചിന്റെയും അടിമലത്തുറ ബീച്ചിന്റെയും അതിർത്തി നിർണ്ണയം
- തെങ്ങിൻ തോട്ടഭൂമി ഏറ്റെടുക്കൽ

**ദേശീയ വിദ്യാഭ്യാസ നയം**

20(*410) <u>ശ്രീ. നജീബ് കാന്തപുരം:</u>
<u>ശ്രീ. ടി. വി. ഇബ്രാഹിം:</u>
<u>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ:</u>

<u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>) സദയം മറുപടി നൽകുമോ:

(എ) 2020-ലെ ദേശീയ വിദ്യാഭ്യാസ നയത്തിലെ നിർദേശ പ്രകാരം ഒന്നാം ക്ലാസിൽ ചേരുന്നതിന് ആറ് വയസ്സ് നിർബന്ധമാക്കണമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

2021 മാർച്ച് 31-ന് കേന്ദ്ര സ്കൂൾ വിദ്യാഭ്യാസ, സാക്ഷരതാ വകുപ്പ് ഡി.ഒ. നമ്പർ. 9-2/20-IS-3 കത്ത് പ്രകാരം, സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണപ്രദേശങ്ങളിലെയും സ്കൂളുകളിലെ വിവിധ ക്ലാസുകളിലെ പ്രവേശനത്തിന് നിർദ്ദേശിച്ചിട്ടുള്ള പ്രായ മാനദണ്ഡങ്ങളിലെ അപാകത സംബന്ധിച്ച് രക്ഷിതാക്കളിൽനിന്നും മാധ്യമങ്ങളിൽനിന്നും നിരവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടെന്നും ഇത് മറ്റ് സംസ്ഥാനങ്ങളിലെ പ്രവേശനത്തിനും യോഗ്യതാ പരീക്ഷകളിൽ നിശ്ചിതപ്രായത്തിൽ പങ്കെടുക്കുന്നതിനും പ്രയാസങ്ങൾ സൃഷ്ടിക്കുന്നുവെന്നും അറിയിച്ചിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ NEP 2020, RTE നിയമം, 2009 എന്നിവയുടെ

വ്യവസ്ഥകൾ കണക്കിലെടുത്ത് എല്ലാ സംസ്ഥാനങ്ങളോടും കേന്ദ്രഭരണ പ്രദേശങ്ങളോടും പ്രവേശന പ്രായം 6 വയസ്സിന് മുകളിലുള്ളവർക്ക് 1-ാം ക്ലാസിലേക്ക് പ്രവേശനം നൽകാനും നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഈ നിർദേശം സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ആയത് നടപ്പിലാക്കുന്നതിൽ എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടോ എന്ന് അറിയിക്കുമോ?

സ്കൂൾ പ്രവേശന പ്രായം കേരളത്തിൽ നിലവിൽ അഞ്ച് വയസ്സാണ്. ഇക്കാര്യത്തിൽ പൊതു സമൂഹത്തിന്റെയും രക്ഷിതാക്കളുടെയും അക്കാദമിക വിദഗ്ധരുടെയും അഭിപ്രായം പരിഗണിച്ച് മാത്രമേ മാറ്റം വരുത്താനാവൂ.

(സി) ദേശീയ വിദ്യാഭ്യാസ നയപ്രകാരം പ്രീ പ്രൈമറി തലത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് നിർദ്ദേശിക്കുന്നത്; വിശദമാക്കുമോ?

→ പ്രീ സ്കൂളുകളുമായി ബന്ധപ്പെട്ട് ദേശീയ വിദ്യാഭ്യാസ നയം 2020 നിർദ്ദേശിക്കുന്നത് 2030- ഓടുകൂടി എല്ലാവർക്കും പ്രീ സ്കൂൾ അവസര ലഭ്യത ഉറപ്പാക്കണമെന്നാണ്.

→ ദേശീയ വിദ്യാഭ്യാസ നയത്തെ അടിസ്ഥാനമാക്കി പ്രീസ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കണം. ദേശീയ പാഠ്യപദ്ധതിയുടെയും ദേശീയ തലത്തിലെ പെഡഗോഗിക്കൽ ചട്ടക്കൂടിന്റെയും ചുവടുപിടിച്ച് സംസ്ഥാനങ്ങൾ പാഠ്യപദ്ധതി ചട്ടക്കൂടും പാഠ്യപദ്ധതിയും തയ്യാറാക്കണം.

→ ദേശീയ വിദ്യാഭ്യാസ നയത്തിലെ നിർദ്ദേശത്തിനനുസരിച്ച് ആദ്യകാല ശൈശവ പരിചരണത്തിനും വികാസത്തിനുമുള്ള സ്ഥാപനങ്ങൾ ഉറപ്പാക്കണം.

→ അങ്കണവാടികളെ അക്കാദമികമായും ഭൗതികമായും ശക്തിപ്പെടുത്തണം.

→ ഒന്നാം ക്ലാസിൽ പ്രവേശിക്കുന്നതിനുമുമ്പായി ബാലവാടിക (പ്രിപ്പറേറ്ററി ക്ലാസ്) സജ്ജമാക്കണം.

→ സ്കൂൾ അദ്ധ്യാപകർക്ക് നിരന്തരവും സമഗ്രവുമായ അദ്ധ്യാപക പരിശീലനം ഒരുക്കണം.

→ പിന്നാക്കം നിൽക്കുന്ന മലയോര മേഖലപോലുള്ള പ്രദേശങ്ങളിൽ ആദ്യകാല ശൈശവ പരിചരണത്തിനും വികാസത്തിനുമുള്ള പ്രത്യേക സംവിധാനങ്ങൾ ഒരുക്കണം.

**വ്യത്യസ്ത വകുപ്പുകളെ സംയോജിപ്പിച്ചുള്ള ടൂറിസം പദ്ധതി**

21(*411) ശ്രീ കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ടൂറിസം രംഗത്ത് സംസ്ഥാനത്തിന്റേതായ വികസന സാധ്യത പ്രയോജനപ്പെടുത്തുന്നതിനായി വ്യത്യസ്ത വകുപ്പുകളെ സംയോജിപ്പിച്ച് പദ്ധതി രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ടൂറിസം സാധ്യത പരിശോധിച്ച് നിലവിൽ മറ്റ് വകുപ്പുകളുടെ സഹകരണത്തോടെ വിവിധ ടൂറിസം കേന്ദ്രങ്ങളിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. എക്കോ ടൂറിസം പദ്ധതികളിൽ വനം വകുപ്പ് ; ഡാം, ജല ടൂറിസം പദ്ധതികളിൽ ജല വിഭവം, ഊർജ്ജ വകുപ്പുകൾ; സാംസ്കാരികം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഉന്നത വിദ്യാഭ്യാസം, ഗതാഗതം, ദേവസ്വം, ആരോഗ്യം തുടങ്ങിയ വകുപ്പുകളെ

സംയോജിപ്പിച്ചുകൊണ്ട് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഒരു പഞ്ചായത്തിൽ ഒരു ഡെസ്റ്റിനേഷൻ എന്ന ലക്ഷ്യം നേടുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സർക്കാർ ആരംഭിച്ച പദ്ധതിയാണ് ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി.

ടൂറിസം വികസനത്തിൽ വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ടൂറിസം ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവദിത്ത ടൂറിസം മിഷന്റെ 'സ്ട്രീറ്റ് ', 'പെപ്പർ', 'മോഡൽ ആർ.ടി. വില്ലേജ്' എന്നീ പദ്ധതികൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെയാണ് നടപ്പാക്കിവരുന്നത്.

(ബി) തീർത്ഥാടന ടൂറിസത്തിന് എന്തൊക്കെ സാധ്യതകളാണ് സംസ്ഥാനത്തുള്ളതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

നമ്മുടേത് ചെറുതും വലുതുമായ ഒട്ടനവധി തീർത്ഥാടന കേന്ദ്രങ്ങളുള്ള സംസ്ഥാനമാണ്. ഇത്തരം കേന്ദ്രങ്ങളിൽ സഞ്ചാരികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയാണെങ്കിൽ തീർത്ഥാടകർക്ക് അത്

ഗുണകരമാകുകയും അനേകം തീർത്ഥാടകരെ ആകർഷിക്കുവാൻ ഉതകുകയും ചെയ്യും. സംസ്ഥാനത്തെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിൽ എത്തുന്ന സഞ്ചാരികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് വകുപ്പ് തീർത്ഥാടന ടൂറിസം നടപ്പിലാക്കുന്നത് . ഇത്തരം തീർത്ഥാടന കേന്ദ്രങ്ങളിൽ അമിനിറ്റി സെന്റർ, നടപ്പാത ഉൾപ്പെടെയുള്ള പ്രാഥമിക അടിസ്ഥാന സൗകര്യങ്ങൾ എന്നിവയാണ് വകുപ്പ് ആവിഷ്കരിച്ച് വരുന്നത് . തീർത്ഥാടന ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി വകുപ്പ് 'തത്വമസി' എന്ന പേരിൽ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ സ്വദേശ് ദർശൻ, പ്രസാദ് സ്കീമുകളിലും ഉൾപ്പെടുത്തി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

കേന്ദ്ര സർക്കാരിന്റെ പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി മലയാറ്റൂർ സെന്റ് തോമസ് ഇന്റർനാഷണൽ ഷ്രൈൻ, ചേരമാൻ ജുമാ മസ്ജിദ് , പെരുമ്പാവൂരിലെ റിലീജിയസ് സെന്ററുകളുടെ വികസനം എന്നീ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട് .

**കേരള സവാരി പദ്ധതി**

22(*412) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:

ശ്രീ. എം. നൗഷാദ്:

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:

ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിതമായ നിരക്കിൽ സുരക്ഷിതമായ യാത്രാ സൗകര്യം ഊർജ്ജിതപ്പെടുത്തുന്നതിനും തൊഴിലാളികൾക്ക് വരുമാനം ഉറപ്പാക്കുന്നതിനുമായി ഈ സർക്കാർ ആരംഭിച്ച കേരള സവാരി പദ്ധതി സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാന സർക്കാർ തൊഴിൽ വകുപ്പിന്റെ കീഴിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ സർക്കാർ നോട്ടിഫൈഡ് നിരക്കിൽ തർക്കരഹിത യാത്ര ഉറപ്പാക്കുന്നതിനും തൊഴിലാളികൾക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിനുംവേണ്ടി തിരുവനന്തപുരം നഗര പരിധിയിൽ

പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുള്ള ഓൺലൈൻ ഓട്ടോ/ടാക്സി പ്ലാറ്റ്ഫോമാണ് കേരള സവാരി. പ്രസ്തുത പൈലറ്റ് പദ്ധതി വിലയിരുത്തുന്നതിനുവേണ്ടി ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ, സെക്രട്ടറി ഇലകട്രോണിക്സ് വിവരസാങ്കേതിക വകുപ്പ്, കമ്മീഷണർ ഓഫ് പോലീസ് തിരുവനന്തപുരം, ട്രാൻസ്പോർട്ട് കമ്മീഷണർ, ജനറൽ മാനേജർ ഐ.റ്റി.ഐ പാലക്കാട്, ഡയറക്ടർ NATPAC, ലീഗൽ മെട്രോളജി കൺട്രോളർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവരെ ഉൾപ്പെടുത്തി ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് പദ്ധതി വിലയിരുത്തിവരുന്നു.

(ബി) പ്രസ്തുത ഓൺലൈൻ ടാക്സി പദ്ധതി സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലും നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

എറണാകുളം, തൃശ്ശൂർ ജില്ലകളിൽകൂടി പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഒരാൾക്ക് മാത്രം യാത്ര ചെയ്യാവുന്ന തരത്തിൽ ബൈക്ക് ടാക്സികൾ എന്ന ആശയം കേരള സവാരിയിലൂടെ നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കൂടുതൽ ജനോപകാരപ്രദമാക്കാൻ നടപടി**

23(*413) ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ ജനോപകാരപ്രദമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ ജനോപകാരപ്രദമാക്കാൻ ഉദ്യോഗാർത്ഥികൾക്ക് എവിടെനിന്നും ഏതു സമയവും വകുപ്പിന്റെ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഇ-എംപ്ലോയ്മെന്റ്

എക്സ്ചേഞ്ച് എന്ന ഓൺലൈൻ പോർട്ടൽ, ഇ-ഓഫീസ്, മൊബൈൽ ആപ്ലിക്കേഷൻ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് സ്മാർട്ട് കാർഡ്, ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷൻ റെക്കാർഡുകളുടെ ഡിജിറ്റൈസേഷൻ എന്നിവ നടപ്പിലാക്കിവരികയാണ്. ഇതിനുപുറമെ കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് സ്വകാര്യമേഖലയിലെ അനവധിയായ തൊഴിലവസരങ്ങൾകൂടി പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടുകൂടി പ്രൈവറ്റ് ജോബ് പോർട്ടൽ എന്ന ഒരു ഓൺലൈൻ പോർട്ടൽ, പ്രവാസിക്ഷേമം മുൻനിർത്തി പ്രവാസികൾക്കായി ഒരു പ്രത്യേക വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവയുടെ നടപടികൾ അന്തിമ ഘട്ടത്തിലാണ്. സെൽഫ് ഓപ്പറേറ്റിംഗ് കിയോസ്കുകൾ, ഡിജിറ്റൽ ഡിസ്പ്ലേകൾ എന്നിവ സ്ഥാപിച്ചും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് പരമ്പരാഗത ഐഡന്റിറ്റി കാർഡിനുപകരം സ്മാർട്ട് കാർഡുകൾ നൽകിയും കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെയും മോഡൽ എംപ്ലോയ്മെന്റ്

എക്സ്ചേഞ്ചുകളാക്കുന്ന പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ ജനോപകാരപ്രദമാക്കാൻ ഗ്രാമീണ മേഖലയിൽ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്കായി കരിയർ ഡെവലപ്മെന്റ് സെന്റർ പദ്ധതി ആരംഭിച്ചിട്ടുണ്ട്.

വകുപ്പിന്റെ വൊക്കേഷണൽ ഗൈഡൻസ് പ്രോഗ്രാമിന്റെ ഭാഗമായി കോച്ചിംഗ് ക്ലാസുകൾ, കരിയർ സെമിനാർ, കരിയർ എക്സിബിഷൻ, മെഗാ ജോബ് ഫെയർ എന്നീ പ്രവർത്തനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി സംഘടിപ്പിക്കുന്നു. കൂടാതെ വകുപ്പ് നടപ്പിലാക്കിയ പി.എസ്.സി ഫെസിലിറ്റേഷൻ സെന്റർ മുഖേന കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന ഓൺലൈൻ പരീക്ഷാ പരിശീലനം, ഓൺലൈൻ പരീക്ഷാ നടത്തിപ്പ്, വൺ ടൈം രജിസ്ട്രേഷൻ തുടങ്ങിയ വിവിധ സേവനങ്ങളെക്കുറിച്ച് ഉദ്യോഗാർത്ഥികൾക്ക് അവബോധം നൽകുന്നു.

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012-13 സാമ്പത്തിക വർഷം മുതൽ എംപ്ലോയബിലിറ്റി സെന്റർ എന്ന പദ്ധതി നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. തൊഴിലന്വേഷകർക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ പ്രാപ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി മോഡൽ കരിയർ സെന്റർ എന്ന പദ്ധതിയും നടപ്പാക്കിവരുന്നു.

(ബി) സ്വകാര്യ മേഖലയിൽ ഉൾപ്പെടെ ഉദ്യോഗാർത്ഥികളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

സ്വകാര്യമേഖലയിലെ തൊഴിൽദാതാക്കളെയും ഉദ്യോഗാർത്ഥികളെയും ഒരു വേദിയിൽ കൊണ്ടുവന്ന് പരമാവധി തൊഴിൽ നേടിയെടുക്കുവാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ വൊക്കേഷണൽ ഗൈഡൻസ്

പ്രോഗ്രാമിന്റെ ഭാഗമായി "നിയുക്തി" എന്ന പേരിൽ മെഗാ ജോബ് ഫെയറുകൾ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് നടത്തിവരുന്നു.

സ്വകാര്യ മേഖലയിൽ ഉൾപ്പെടെ ഉദ്യോഗാർത്ഥികളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി ലഭ്യമാക്കുന്നതിന് കരിയർ ഡെവലപ്പ്മെന്റ് സെന്റർ പദ്ധതി മുഖേന ജോബ് ഡ്രൈവുകൾ നടത്തിവരുന്നു. എംപ്ലോയബിലിറ്റി സെന്റർ പദ്ധതിയുടെ ഭാഗമായി ടി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്. ആയതുപ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 11 എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന 3063 ജോബ് ഡ്രൈവ് നടത്തുകയും 50450 പേർക്ക് സ്വകാര്യ മേഖലയിൽ തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ ആരംഭിച്ചിട്ടുള്ള മോഡൽ കരിയർ സെന്റർ പദ്ധതി പ്രകാരം തിരുവനന്തപുരം മോഡൽ കരിയർ സെന്റർ സംഘടിപ്പിച്ച വിവിധ ജോബ് ഡ്രൈവുകൾ മുഖേന നാളിതുവരെ 1246

പേർക്ക് ജോലി ലഭിച്ചിട്ടുണ്ട്. കേരളത്തിലെ അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതർക്ക് സ്വകാര്യമേഖലയിലെ അനവധിയായ തൊഴിലവസരങ്ങൾകൂടി പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടുകൂടി പ്രൈവറ്റ് ജോബ് പോർട്ടൽ എന്ന ഒരു ഓൺലൈൻ പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**വിനോദസഞ്ചാര കേന്ദ്രങ്ങളെ ലോക നിലവാരത്തിലേക്ക് ഉയർത്താൻ നടപടി**

24(*414) ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളെ ലോക നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്തെ തെരഞ്ഞെടുത്ത വിനോദസഞ്ചാര കേന്ദ്രങ്ങളെ എക്സ്പീരിയൻഷ്യൽ വിനോദ സഞ്ചാര കേന്ദ്രങ്ങളായി മാറ്റുന്നതിനും

അത്തരം കേന്ദ്രങ്ങളെ ലോകോത്തര ടൂറിസം കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിനും വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

കേരളത്തിലെ ടൂറിസം ഡെസ്റ്റിനേഷനുകളുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി കോവളം ഡെസ്റ്റിനേഷൻ വികസനത്തിന് പ്രത്യേക പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. മറ്റു ഡെസ്റ്റിനേഷനുകളും ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതാണ്. കേരളത്തിന്റെ സമഗ്ര ടൂറിസം വികസനം സാധ്യമാക്കാൻ ടൂറിസം ഇടനാഴികൾ കണ്ടെത്തി വികസിപ്പിക്കുന്ന പ്രത്യേക പദ്ധതി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനുള്ള പദ്ധതി തയ്യാറാക്കുന്നതിനും വകുപ്പ് ലക്ഷ്യമിടുന്നു. ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി പ്രാദേശിക ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുകയും അവ അനുഭവവേദ്യ ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റുകയും ചെയ്യുന്നു. ഈ പദ്ധതികളിലൂടെ കേരളത്തിൽ പുതിയ ടൂറിസം സംസ്കാരം വളർത്തിയെടുക്കാൻ സാധിക്കും.

മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനം ഒരുക്കുന്നതിന്റെ ഭാഗമായി ലോകോത്തര നിലവാരത്തിലുള്ള ടോയ്‌ലറ്റ് ബ്ലോക്കുകളുടെ നിർമ്മാണം വകുപ്പ് നടപ്പിലാക്കിവരുന്നു. ഇതുപ്രകാരം ബേക്കൽ, കാരാപ്പുഴ, പൂക്കോട്, കോഴിക്കോട് ഭട്ട് റോഡ് എന്നീ 4 കേന്ദ്രങ്ങളിൽ ഈ പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞു. വർക്കലയിലെ പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. ഇതിനുപുറമേ ശംഖുമുഖം, കൊല്ലം, മലമ്പുഴ, ആലപ്പുഴ എന്നിവിടങ്ങളിൽ ഉടൻ ഈ പദ്ധതി ആരംഭിക്കുന്നതാണ്.

കേരളത്തിലെ ആദ്യത്തെ കാരവൻ പാർക്ക് വാഗമണിൽ ആരംഭിച്ചു. കേരളത്തിൽ അറിയപ്പെടാതെ കിടക്കുന്നതും എന്നാൽ ടൂറിസം വികസനം സാധ്യമാകാത്തതുമായ ഡെസ്റ്റിനേഷനുകളിൽ എത്തിച്ചേരാനും അവിടുത്തെ പ്രകൃതി ഭംഗി ആസ്വദിക്കാനും കാരവൻ ടൂറിസം മുഖേന സാധ്യമാകുന്നതാണ്.

വിദേശ, ആഭ്യന്തര വിനോദ സഞ്ചാരികൾക്കായി നൈറ്റ് ലൈഫ് ടൂറിസം ആരംഭിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം കനകക്കുന്ന് കൊട്ടാര വളപ്പിൽ രാത്രികാല ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനും ലാൻഡ്

സ്കേപ്പിംഗ് പ്രവൃത്തികൾ ചെയ്യുന്നതിനുമായി 2.63 കോടി രൂപയുടെ പ്രവൃത്തികൾ ആരംഭിച്ചുകഴിഞ്ഞു. കൂടാതെ ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട് എന്ന പദ്ധതിയുടെ ആദ്യഘട്ടമായി നൈറ്റ് ലൈഫ് ടൂറിസം പ്രോത്സാഹിപ്പിക്കുവാൻ ഉതകുംവിധം 30 കെട്ടിടങ്ങളുടെ ഇല്യൂമിനേഷൻ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

വിദേശ-ആഭ്യന്തര സഞ്ചാരികൾ വിനോദസഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കുന്ന വേളയിൽ തങ്ങളുടെ തൊഴിൽ ചുമതലകൾ ഓൺലൈനായി നിർവ്വഹിക്കാൻ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സജ്ജമാക്കുന്ന വർക്ക് ഫ്രം ഹോളിഡേ ഹോം എന്ന പദ്ധതിയും വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) വിനോദസഞ്ചാരികൾ ചൂഷണം ചെയ്യപ്പെടുന്നില്ലെന്ന് ഉറപ്പ് വരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) വിനോദസഞ്ചാരികൾക്ക് മാതൃകാപരമായ പെരുമാറ്റം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ടോ?

(ബി & സി) സഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും പരാതികൾ സ്വീകരിക്കുന്നതിനും പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസം പോലീസിന്റെ

സേവനം ലഭ്യമാക്കിയിട്ടുണ്ട്. വിനോദസഞ്ചാരികൾക്ക് ആതിഥ്യ മര്യാദയും അർപ്പണബോധത്തോടു കൂടിയ സേവനവും നല്ലപെരുമാറ്റവും പ്രദാനം ചെയ്യുന്നതിന് ആവശ്യമായ ബോധവത്കരണ ക്യാമ്പയിനുകൾ 'ഗ്രീൻ കാർപ്പറ്റ്' പദ്ധതിയിൽ ഉൾപ്പെടുത്തി വകുപ്പ് നടപ്പിലാക്കിയിരുന്നു. ടൂറിസം പോലീസ്, ലൈഫ് ഗാർഡ്, ഡി.ടി.പി.സി ജീവനക്കാർ എന്നിവർക്ക് ഈ രംഗത്ത് പരിശീലനം നൽകിയിട്ടുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ഗുണനിലവാരം അളക്കുന്നതിനായി വിനോദസഞ്ചാരികളിൽ നിന്നും അഭിപ്രായം രേഖപ്പെടുത്തി കിട്ടുന്നതിനായുള്ള ഡെസ്റ്റിനേഷൻ റേറ്റിംഗ് എന്ന ഒരു പദ്ധതി തിരുവനന്തപുരം ഡി.റ്റി.പി.സി. നടപ്പിലാക്കിവരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പ്രവേശനഫീസ്, റൈഡുകൾ, ഭക്ഷണ സാധനങ്ങളുടെ വിലവിവരപട്ടിക, മറ്റ് താരിഫുകൾ എന്നിവയൊക്കെ വ്യക്തമാക്കിക്കൊണ്ട് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ജീവനക്കാരോട് സഞ്ചാരികളുമായി വളരെ സുതാര്യതയോടും മാതൃകാപരമായും പെരുമാറാൻ നിർദ്ദേശവും നൽകിയിട്ടുണ്ട്.

(ഡി) ഓട്ടോറിക്ഷാ തൊഴിലാളികൾ ഉൾപ്പെടെയുള്ളവർക്ക് പരിശീലനം നൽകി വിനോദസഞ്ചാര പ്രചാരകരാക്കാൻ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഓട്ടോറിക്ഷാ തൊഴിലാളികൾ അടക്കമുള്ളവർക്ക് പരിശീലനം നൽകി വിനോദസഞ്ചാര പ്രചാരകരാക്കുന്നതിന്റെ ആദ്യപടി എന്ന നിലയിൽ ദേശീയ ടൂറിസം ദിനാഘോഷങ്ങളുടെ ഭാഗമായി വയനാട് ജില്ലയിൽ ജനുവരി 25 -ന് പ്രധാന ടൂറിസം കേന്ദ്രങ്ങളായ വൈത്തിരി, സുൽത്താൻ ബത്തേരി, അമ്പലവയൽ എന്നീ പഞ്ചായത്തുകളിലെ ഓട്ടോറിക്ഷാ തൊഴിലാളികൾക്ക് ടൂറിസം വകുപ്പിന്റെയും ഡി.റ്റി.പി.സി.യുടെയും സഹകരണത്തോടെ ടൂറിസവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുകയുണ്ടായി. വിനോദസഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കുന്ന സഞ്ചാരികൾക്ക് മികച്ച അനുഭവം ഉറപ്പുവരുത്തി ഓട്ടോറിക്ഷാ തൊഴിലാളികളെ ടൂറിസം പ്രചാരകരാക്കി മാറ്റുക എന്നതാണ് ഈ പരിശീലന പരിപാടിയിലൂടെ ലക്ഷ്യമിടുന്നത് .

**വിനോദസഞ്ചാര മേഖലയെ നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**

25(*415) ശ്രീ എം നൗഷാദ്:
ശ്രീമതി ദെലീമ:
ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിന് പുതിയ ടൂറിസം ഉല്പന്നങ്ങൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി കൊച്ചി ഉൾപ്പെടെയുള്ള പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കോവളം-ഗോവ ക്രൂയിസ് കപ്പൽ യാത്ര ആരംഭിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ?

കോവളം, കൊല്ലം, കൊച്ചി, ബേപ്പൂർ, മംഗലാപുരം, ഗോവ എന്നീ പ്രദേശങ്ങളെ കോർത്തിണക്കികൊണ്ട് ക്രൂയിസ് ടൂറിസം ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ക്രൂയിസ് ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) റാഫ്റ്റിംഗിനും കയാക്കിംഗിനും സാധ്യതയുള്ള നദികളെ കോർത്തിണക്കി സാഹസിക വിനോദസഞ്ചാര ഇടനാഴി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ജലപാത, കനാൽ ടൂറിസം എന്നിവ വികസിപ്പിച്ച് വിവിധ ടൂറിസം ഇടനാഴികൾ രൂപീകരിക്കുന്നത് വകുപ്പിന്റെ പരിഗണനയിലുണ്ട് . കയാക്കിംഗിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന തരത്തിൽ വിവിധ നദികളിൽ ടൂറിസം വകുപ്പ് പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(സി) ലോക ടൂറിസം മേഖലയിലെ മാറ്റങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ച് പുതിയ അഭിരുചികൾക്കനുസൃതമായി സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ നവീകരിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

ലോക ടൂറിസം മേഖലയിലെ പുതിയ അഭിരുചികൾക്കനുസൃതമായി ലോകശ്രദ്ധ ആകർഷിക്കാൻ കഴിയുന്ന പുതിയ പദ്ധതികൾ വകുപ്പ് നടപ്പിലാക്കിവരുന്നു. ആയതിന്റെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത വിനോദസഞ്ചാര കേന്ദ്രങ്ങളെ എക്സ്പീരിയൻഷ്യൽ വിനോദ സഞ്ചാര

കേന്ദ്രങ്ങളായി മാറ്റുന്നതിനും അത്തരം കേന്ദ്രങ്ങളെ ലോകോത്തര ടൂറിസം കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിനും വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

ലോകശ്രദ്ധ ആകർഷിച്ച വിനോദസഞ്ചാര കേന്ദ്രമായ കോവളത്തിന്റെ ടൂറിസം സാധ്യകളെ വിപുലീകരിക്കാൻ പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിക്ക് മന്ത്രിസഭായോഗം അനുമതി നൽകി. കിഫ്ബി ഫണ്ട് ഉപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുക.

വിനോദ സഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിന്റെ ഭാഗമായി കാരവാൻ ടൂറിസം നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി കേരളത്തിലെ ആദ്യത്തെ കാരവാൻ പാർക്ക് വാഗമണിൽ ആരംഭിച്ചു. നിലവിൽ 10 കാരവാനുകളാണ് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. കേരളത്തിൽ അറിയപ്പെടാതെ കിടക്കുന്നതും എന്നാൽ ടൂറിസം വികസനം സാധ്യമാകാത്തതുമായ ഡെസ്റ്റിനേഷനുകളിൽ എത്തിച്ചേരാനും അവിടത്തെ പ്രകൃതി ഭംഗി ആസ്വദിക്കാനും കാരവാൻ ടൂറിസം മുഖേന സാധ്യമാകുന്നതാണ് .

വിദേശ - ആഭ്യന്തര വിനോദ സഞ്ചാരികൾക്കായി നൈറ്റ് ലൈഫ് ടൂറിസം ആരംഭിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം കനകക്കുന്ന് കൊട്ടാര വളപ്പിൽ രാത്രികാല ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനും ലാന്റ് സ്കേപ്പിംഗ് പ്രവൃത്തികൾ ചെയ്യുന്നതിനുമായി 2.63 കോടി രൂപയുടെ പ്രവൃത്തികൾ ആരംഭിച്ചുകഴിഞ്ഞു.

ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട് എന്ന പദ്ധതിയുടെ ആദ്യഘട്ടമായി നൈറ്റ് ലൈഫ് ടൂറിസം പ്രോത്സാഹിപ്പിക്കുവാൻ ഉതകുംവിധം 30 കെട്ടിടങ്ങളുടെ ഇല്യൂമിനേഷൻ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

വിദേശ-ആഭ്യന്തര സഞ്ചാരികൾ വിനോദസഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കുന്ന വേളയിൽ തങ്ങളുടെ തൊഴിൽ ചുമതലകൾ ഓൺലൈനായി നിർവ്വഹിക്കാൻ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സജ്ജമാക്കുന്ന വർക്ക് ഫ്രം ഹോളിഡേ ഹോം എന്ന പദ്ധതിയും വകുപ്പിന്റെ പരിഗണനയിലാണ്.

ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ, ഫാം /അഗ്രി

ടൂറിസം, ഫുഡ് ടൂറിസം, ആക്സ്സസിബിൾ ടൂറിസം, സ്ത്രീ സൗഹാർദ്ദ ടൂറിസം, സ്ട്രീറ്റ് ടൂറിസം എന്നിങ്ങനെ കേരളത്തിൽ സുസ്ഥിര ടൂറിസം വികസനത്തിനുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു.

അന്താരാഷ്ട്ര തലത്തിലും ദേശീയ തലത്തിലും വിനോദസഞ്ചാരവകുപ്പ് നടത്തിവരുന്ന വിപണന തന്ത്രങ്ങളിലൂടെയും ക്യാമ്പയിനുകളിലൂടെയും കേരള ടൂറിസത്തിന്റെ ബ്രാൻഡ് വാല്യു ഉയർത്തുന്നതിനും ട്രേഡ് മീറ്റുകളിലെയും ട്രേഡ് ഫെയറുകളിലെയും നിരന്തര സാന്നിദ്ധ്യത്തിലൂടെ കൂടുതൽ വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

വിപണന മേഖലയിലെ ആസൂത്രിതമായ മാർക്കറ്റിംഗ് പ്രവർത്തനങ്ങളാണ് വകുപ്പ് നടത്തിവരുന്നത്. സംസ്ഥാന ടൂറിസത്തിന്റെ പ്രത്യേകതകളും പുലികളി, കാരവൻ ഷോർട്ട് ഫിലിം, കഥകളി, ബേപ്പൂർ വാട്ടർഫെസ്റ്റ്, കേരള ഫെസ്റ്റിവൽ തുടങ്ങിയ വീഡിയോകളും സോഷ്യൽ മീഡിയ ക്യാമ്പയിനുകളിൽ ഉൾപ്പെടുത്തി ദേശീയതലത്തിൽ പ്രചരിപ്പിച്ചുകൊണ്ട് സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് വേണ്ട നപടി പുരോഗമിച്ചുവരുന്നു.

ലണ്ടൻ, സ്പെയിൻ, ഇറ്റലി, യു.എസ്.എ. ഫ്രാൻസ്, റഷ്യ, മിഡിൽ ഈസ്റ്റ് തുടങ്ങിയ അന്താരാഷ്ട്ര നഗരങ്ങളിൽ സംഘടിപ്പിക്കുന്ന ട്രാവൽ മാർട്ടുകളിൽ കേരള ടൂറിസം പങ്കെടുക്കാറുണ്ട്. WTM ലണ്ടൻ, FITUR മാഡ്രിഡ്, BIT മിലാൻ തുടങ്ങിയ അന്താരാഷ്ട്ര മേളകളിൽ ഈ വർഷം കേരള ടൂറിസം പങ്കെടുത്തിട്ടുണ്ട്. കൂടാതെ ഇനി നടക്കാനിരിക്കുന്ന ITB Berlin, MITT Moscow തുടങ്ങിയ മേളകളിൽ പങ്കെടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ കൂടുതൽ വിദേശ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി സംസ്ഥാന ടൂറിസത്തിലെ സംരംഭകരെ ഉൾപ്പെടുത്തിക്കൊണ്ട് ലണ്ടൻ, ഡബ്ളിൻ, ന്യൂയോർക്ക്, ലോസ് ഏഞ്ചൽസ്, സാൻഫ്രാൻസിസ്കോ, Munich, Frankfurt തുടങ്ങിയ നഗരങ്ങളിൽ B2B Meets സംഘടിപ്പിച്ചിട്ടുണ്ട്.

കേരളത്തെ അതിവേഗം കാര്യക്ഷമമായി അടുത്തറിയാൻ വിനോദസഞ്ചാരികൾക്ക് അവസരമൊരുക്കുന്ന ടൂറിസം വകുപ്പിന്റെ വാട്സ് ആപ്പ് ചാറ്റ് ബോട്ട് സേവനമാണ് 'മായ'. മാർച്ചിൽ സേവനം ആരംഭിച്ച 'മായ' ഇതിനോടകം ഏകദേശം 2,50,000 ചാറ്റുകൾ പിന്നിട്ടു.

കേരളത്തിന്റെ വിവാഹ വിനോദസഞ്ചാര സാധ്യതകളെ വിദേശ സഞ്ചാരികളെ പരിചയപ്പെടുത്താനും അവരെ കേരളത്തിലേക്ക് ആകർഷിക്കാനും 'ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് ' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഇതിന്റെ പ്രചരണത്തിന്റെ ഭാഗമായി ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് ക്യാമ്പയിൻ എയർപോർട്ട് ട്രാൻസ്ലൈറ്റ്സ്, ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് ക്യാമ്പയിൻ സോഷ്യൽ മീഡിയ, ഗൂഗിൾ സേർച്ച് & ഡിസ്‌പ്ലേ ആഡ്സ്, പ്രൊമോഷൻ ഓഫ് ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് മൈക്രോസൈറ്റ് എന്നീ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിലൂടെ വിവാഹ വിനോദസഞ്ചാരത്തിന് ഏറ്റവും സാധ്യതയുള്ള സ്ഥലമായി കേരളത്തെ ആഗോളതലത്തിൽ അവതരിപ്പിക്കാൻ കഴിയും.

**വിഴിഞ്ഞം തുറമുഖ നിർമ്മാണ പുരോഗതി**

26(*416) <u>ശ്രീ. വി. ജോയി:</u>
<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:</u>
<u>ശ്രീമതി ഒ. എസ്. അംബിക:</u>

ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ചരക്കുനീക്കം സുഗമമാക്കുന്നതിനും ഗതാഗത സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനും ലക്ഷ്യമിട്ട് സർക്കാർ ആരംഭിച്ചിട്ടുള്ള വിവിധ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ NH-66-മായി ബന്ധിപ്പിക്കുന്നതിനായി 2 കിലോമീറ്റർ നീളത്തിൽ ഒരു നാലുവരി പാത പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്നുണ്ട്. ഇതിൽ ഉൾപ്പെട്ടുവരുന്ന 2 പാലങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ടി റോഡ് NH-66-മായി ബന്ധിപ്പിക്കുന്ന ഇന്റർസെക്ഷന്റെ ഡിസൈനിന് NHAI-യുടെ അന്തിമ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം നടത്തി തുറമുഖത്തിൽനിന്നും വരുന്ന അപ്രോച്ച് റോഡിനെ NH-66 -മായി ബന്ധിപ്പിക്കുന്നതാണ്.

തുറമുഖത്തിലെ ചരക്കുനീക്കം റെയിൽ മാർഗ്ഗം സുഗമമാക്കുന്നതിനായി തുറമുഖത്തിൽനിന്നും 10.5 കിലോമീറ്റർ നീളത്തിൽ റെയിൽ പാത നിർമ്മിച്ച് ബാലരാമപുരം സ്റ്റേഷനുമായി ബന്ധിപ്പിക്കേണ്ടതുണ്ട്. ടി പദ്ധതി കൊങ്കൺ റെയിൽ കോർപ്പറേഷൻ മുഖേനയാണ് നടത്തുന്നത്. ടി പദ്ധതിയുടെ DPR-ന് ദക്ഷിണ റെയിൽവേയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുപ്പ് നടപടികൾ പുരോഗമിച്ചുവരികയാണ്. സമാന്തരമായി ടെണ്ടർ വിളിക്കുന്നതിനുള്ള നടപടികളും കൊങ്കൺ റെയിൽവേ കോർപ്പറേഷനിൽ പുരോഗമിച്ചുവരികയാണ്.

കൂടാതെ, വിഴിഞ്ഞം തുറമുഖ പ്രവർത്തനങ്ങൾ സജ്ജമാകുന്നതോടുകൂടി എത്തിച്ചേരാൻ സാധ്യതയുള്ള അവസരങ്ങളെ വിനിയോഗിക്കുകയെന്ന ഉദ്ദേശത്തോടുകൂടി വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയുള്ള ഒരു വികസന ഇടനാഴി സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായുള്ള 80 കി.മീ. നീളമുള്ള Outer Ring Road-ന്റെ ടെണ്ടർ നടപടികൾ NHAI ആരംഭിച്ചിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ഭൂമി വിട്ടുനൽകിയിട്ടുള്ള ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന തരത്തിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

തുറമുഖവും ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന 10.5 കിലോമീറ്റർ ദൈർഘ്യമുള്ള റെയിൽവേയുടെ 9.35 കിലോമീറ്റർ ദൂരം ഭൂമിക്കടിയിലൂടെ തുരങ്കപാതയായും ബാക്കിയുള്ള 1.15 കിലോമീറ്റർ ഭൂമിക്ക് മുകളിലൂടെയുമാണ് നിർമ്മിക്കുന്നത്. ആയതിലേക്ക് 6.431 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. 2013 LARR Act പ്രകാരമാണ് സ്ഥലം ഏറ്റെടുക്കുന്നത്.

(സി) തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട തൊഴിൽ നൈപുണ്യ പരിശീലനത്തിനായുള്ള കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ നിർമ്മാണത്തിലെ പുരോഗതി വിശദമാക്കുമോ?

വിഴിഞ്ഞം കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. നിർമ്മാണ പുരോഗതി നിലവിൽ 80 ശതമാനം കൈവരിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത സ്കിൽ

പാർക്കിൽ തൊഴിൽ നൈപുണ്യ വികസന പരിശീലനം ആരംഭിക്കുന്നതാണ്. വിഴിഞ്ഞത്തെ ട്രാൻസിറ്റ് ക്യാമ്പസിൽ നവംബർ 2019 മുതൽ ഓപ്പറേറ്റിംഗ് പാർട്ണറായി അദാനി സ്കിൽസ് നൈപുണ്യ പരിശീലനം നൽകിവരുന്നുണ്ട്. ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ ഭരണസമിതി, കോഴ്സുകളിൽ തദ്ദേശവാസികൾക്ക് പരമാവധി പ്രാധാന്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം പൂർത്തിയാക്കാൻ നടപടി**

27(*417) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) അശാസ്ത്രീയ നിർമ്മാണവും പരിപാലന വീഴ്ചയുംമൂലം സംസ്ഥാനത്തെ മിക്കറോഡുകളും സഞ്ചാരയോഗ്യമല്ലാതെ

ശോച്യാവസ്ഥയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിലെ റോഡുകൾ പരിപാലനം ഉറപ്പാക്കി ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിരത്ത് വിഭാഗത്തിന് കീഴിലെ എല്ലാ റോഡുകളും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിലാക്കി ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിലവിൽ 12332 കി.മീ. റോഡുകൾ റണ്ണിംഗ് കോൺട്രാക്ട് വ്യവസ്ഥയിൽ ഉൾപ്പെടുത്തി പരിപാലിച്ചുവരുന്നു. കൂടാതെ 7685 കി.മീ. റോഡുകൾ റണ്ണിംഗ് കോൺട്രാക്ട് വ്യവസ്ഥയിൽ പരിപാലിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതും നിലവിൽ ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. റോഡ് നിർമ്മാണ പ്രവൃത്തികളെല്ലാംതന്നെ MoRTH, IRC മാനദണ്ഡപ്രകാരം ആധുനിക യന്ത്ര സാമഗ്രികളും സാങ്കേതികവിദ്യകളും ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു. പരിപാലന കാലാവധിയിലുള്ള റോഡുകളിൽ DLP

ബോർഡുകൾ സ്ഥാപിച്ച് പരിപാലനം നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നുണ്ട്. ഒ.പി.ബി.ആർ.സി. പദ്ധതിയിലൂടെ റോഡുകൾ ഏഴുവർഷം പരിപാലനം ഉറപ്പാക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കുന്നു.

ദേശീയപാത വിഭാഗത്തിന് കീഴിലുള്ള റോഡുകൾക്ക് കേടുപാട് പറ്റുന്നത് യഥാസമയം കേന്ദ്രസർക്കാരിനെ അറിയിക്കുകയും ആയതിന് താൽകാലിക പരിഹാരമായി Ordinary Repair (OR)-ലും Flood Damage Repair (FDR)-ലും തുക കേന്ദ്രം നൽകുകയും ചെയ്യാറുണ്ട്. ഇതുകൂടാതെ ഇവയുടെ സ്ഥായിയായ റിപ്പയറിംഗിനുവേണ്ട പദ്ധതികൾ കേന്ദ്രമന്ത്രാലയത്തിന്റെ ആന്വൽ പ്ലാനിലും ആന്വൽ റിന്യൂവൽ പ്രോഗ്രാമിലും ഉൾപ്പെടുത്തി അനുമതി ലഭിക്കാറുണ്ട്. ഇത് ഉപയോഗിച്ച് ദേശീയപാത ഗതാഗത യോഗ്യമാക്കുന്നുണ്ട്.

(ബി) ജല അതോറിറ്റി പൈപ്പുകൾ സ്ഥാപിക്കുന്നതിനും കേബിളുകൾക്ക് വേണ്ടി റോഡുകൾ വെട്ടിമുറിക്കുന്നതിനും മുമ്പായി ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനം ഉണ്ടാക്കണമെന്നുള്ള നിർദേശം നൽകിയിട്ടുണ്ടോ?

ജല അതോറിറ്റിയുടെ പൈപ്പുകൾ സ്ഥാപിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുമായി 14-02-2023 ലെ സർക്കാർ ഉത്തരവ് നമ്പർ G.O.(MS) No.11/2023/PWD പ്രകാരം പുതുക്കിയ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം പൈപ്പിടുന്നതിനായി കൈമാറിയിട്ടുള്ള റോഡിനുള്ളിൽ ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടത് വാട്ടർ അതോറിറ്റിയുടെ ഉത്തരവാദിത്വമാണ്. നിലവിൽ പൊതുമരാമത്ത് റോഡുകളിലൂടെ മറ്റ് ഏജൻസികളുടെ യൂട്ടിലിറ്റികൾ സ്ഥാപിക്കുന്നതിന് അപേക്ഷിക്കുന്നതും അനുമതി ലഭ്യമാക്കുന്നതും റൈറ്റ് ഓഫ് വേ (RoW) എന്ന ഓൺലൈൻ സംവിധാനം വഴിയാണ്. ഈ പോർട്ടലിൽ നിരത്ത് വിഭാഗത്തിനുകീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള ക്രമീകരിക്കേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുകവഴി മറ്റ് വകുപ്പുകൾക്ക് ആവശ്യം വേണ്ടുന്ന മുന്നൊരുക്കം നടത്തുവാനും റോഡ് കുഴിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി ക്രമീകരിക്കുന്നതിനും സാധിക്കുന്നതാണ്. ഇത്തരത്തിൽ ഓൺലൈനായി ലഭ്യമാകുന്ന അപേക്ഷകളും നൽകിവരുന്ന അനുമതികളും സമയബന്ധിതമായി

വിലയിരുത്തുകയും നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പുതന്നെ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ മേൽ സർക്കാർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ/ഏജൻസികൾ എന്നിവയുമായുള്ള ഏകോപനം സാധ്യമാക്കുന്നതിനായി വകുപ്പ് സെക്രട്ടറിമാരും ചീഫ് എഞ്ചിനീയർമാരും ഉൾപ്പെടുന്ന പ്രത്യേക സമിതിക്ക് രൂപം നൽകിയിട്ടുണ്ട്. അതോടൊപ്പം ജില്ലാതല ഇൻഫ്രാസ്ട്രക്ച്ചർ കോ-ഓർഡിനേഷൻ കമ്മിറ്റികൾ (DICC), PMG പോർട്ടൽ, RoW പോർട്ടൽ എന്നിവയും നിലവിലുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ പദ്ധതി നിർവ്വഹണത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള നടപടികൾ PMG പോർട്ടൽ മുഖേന ഏകോപിപ്പിച്ച് നടപ്പിലാക്കിവരുന്നു. റോഡ് പൂർവ്വ സ്ഥിതിയിലാക്കുന്നതിന്റെ പുരോഗതി ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ എല്ലാ മാസവും നടത്തുന്ന DICC മീറ്റിംഗുകളിൽ വിലയിരുത്തിവരുന്നു.

(സി) അറ്റകുറ്റപ്പണികൾ യഥാസമയം പൂർത്തിയാക്കി റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് റോഡുകളുടെ പരിപാലനത്തിനും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുമായി റണ്ണിംഗ് കോൺട്രാക്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തികൾ നിരത്ത് വിഭാഗം, നിരത്ത് പരിപാലന വിഭാഗം എന്നിവ മുഖേന നടപ്പിലാക്കി വരുന്നു. ബാധ്യത കാലയളവിൽ അല്ലാത്തതും നിലവിൽ മറ്റ് പ്രവൃത്തികൾ ഏർപ്പാട് ചെയ്തിട്ടില്ലാത്തതുമായ എല്ലാ റോഡുകളും റണ്ണിങ് കോൺട്രാക്ട് വ്യവസ്ഥയിൽ ഉൾപ്പെടുത്തി പരിപാലിക്കുന്നതാണ്. നിലവിൽ റണ്ണിംഗ് കോൺട്രാക്ട് ക്ലസ്റ്റർ I, റണ്ണിംഗ് കോൺട്രാക്ട് ക്ലസ്റ്റർ II ഫേസ് I എന്നിവയിൽ ഉൾപ്പെടുത്തി 12332 കിലോമീറ്റർ റോഡുകൾ പരിപാലിച്ചുവരുന്നു. കൂടാതെ റണ്ണിംഗ് കോൺട്രാക്ട് ക്ലസ്റ്റർ II ഫേസ് II-ൽ ഉൾപ്പെടുത്തി 7685 കിലോമീറ്റർ റോഡുകൾക്ക് നിലവിൽ ഭരണാനുമതി നൽകിയിട്ടുമുണ്ട്. ഈ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികളുടെ പുരോഗതി ജില്ലാതലത്തിൽ വിലയിരുത്തുന്നതിനായി വകുപ്പിലെ നോഡൽ ഓഫീസർമാരായ IAS ഉദ്യോഗസ്ഥർ, ചീഫ് എഞ്ചിനീയർമാർ, സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവർ ഉൾപ്പെടുന്ന ഇൻസ്പെക്ഷൻ ടീമും നിരത്തുവിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ സർക്കിൾതല ഇൻസ്പെക്ഷൻ ടീമും രൂപീകരിച്ചിട്ടുണ്ട്. മേൽ ടീമുകൾ റണ്ണിങ് കോൺട്രാക്ട് പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിന്റെ ചുമതലകൾ**

28(*418) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി ഉമ തോമസ്:
ശ്രീ. സി. ആർ. മഹേഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിന്റെ ചുമതലകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിക്കുന്നതിനായി ലഭിക്കുന്ന അപേക്ഷകളിൽ വില്ലേജ് ഓഫീസർ അന്വേഷണം നടത്തി തഹസിൽദാർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അർഹമായ അപേക്ഷകളിൽ തഹസിൽദാർ ധനസഹായം അനുവദിക്കുന്നതിനുള്ള ശിപാർശ സഹിതം അപേക്ഷകൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും തഹസിൽദാറുടെയും വില്ലേജ് ഓഫീസറുടെയും റിപ്പോർട്ടുകളും അപേക്ഷയോടൊപ്പം ഉൾപ്പെടുത്തിയിരിയ്ക്കുന്ന രേഖകളും മറ്റും പരിശോധിച്ച് ജില്ലാ കളക്ടർ തലത്തിൽ അനുവദിക്കാവുന്ന 10000/- രൂപ വരെയുള്ള ചികിത്സാ ധനസഹായം ജില്ല കളക്ടർ അനുവദിക്കുകയും ചികിത്സാ ചെലവേറിയ ക്യാൻസർ, ഹൃദ്രോഗം, വൃക്ക സംബന്ധമായ മാരക രോഗങ്ങൾ, അപകട മരണം, തീപിടുത്തം, പ്രളയം. പ്രകൃതി ദുരന്തം എന്നിവ മൂലമുള്ള

നാശനഷ്ടങ്ങൾ എന്നിവയിൽ അർഹമായ ധനസഹായം അനുവദിക്കുന്നതിന് ജില്ലാ കളക്ടർ സർക്കാരിലേക്ക് ശിപാർശ സമർപ്പിക്കുകയും ചെയ്യുന്നു. ചികിത്സാ സഹായത്തിനായുള്ള അപേക്ഷകളിൽ രോഗത്തിന്റെ തീവ്രതയും കാഠിന്യവും മെഡിക്കൽ സർട്ടിഫിക്കറ്റിലെ ചെലവായ തുകയും മറ്റു ബന്ധപ്പെട്ട രേഖകളും പരിശോധിച്ച് ആനുപാതികമായ ഒരു ആശ്വാസ ധനസഹായമാണ് സർക്കാർ അനുവദിക്കുന്നത്. CMDRF-ന്റെ ചുമതലയുള്ള സ്പെഷ്യൽ സെക്രട്ടറി തലത്തിൽ 15000/- രൂപയും റവന്യൂ വകുപ്പുമന്ത്രി തലത്തിൽ 25000/- രൂപയും ബഹു. മുഖ്യമന്ത്രി തലത്തിൽ 3 ലക്ഷം രൂപയും അനുവദിക്കുന്നുണ്ട്. വിവിധ തലങ്ങളിൽ അനുവദിക്കുന്ന തുക ഉത്തരവായ ശേഷം DBT മുഖേന ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ എത്തിച്ചേരുകയാണുള്ളത്. അപകട മരണങ്ങൾക്ക് നിയമപരമായ അവകാശിക്ക് ഒരു ലക്ഷം രൂപയും തീപിടുത്തത്തിൽ വാസഗൃഹം നഷ്ടപ്പെട്ടവർക്ക് നഷ്ടത്തിന്റെ ശതമാന തോത്, നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് പരമാവധി 4 ലക്ഷം രൂപയും അനുവദിക്കുന്നുണ്ട്.

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലൂടെ അനർഹർക്ക് തുക നേടിക്കൊടുക്കാൻ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ കൂട്ടുനിന്നുവെന്ന ആരോപണത്തിന്മേൽ പരിശോധന നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ പരിശോധനയിലെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(ബി&സി) സി.എം.ഡി.ആർ.എഫ്. ഫണ്ട് അനർഹർ നേടിയെടുക്കുന്നതായി ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസിന്റെ ഇന്റലിജൻസ് വിഭാഗം 22-02-2023-ൽ "Operation CMDRF" എന്ന പേരിൽ 14 ജില്ലകളിലെയും കലക്ടറേറ്റുകളിലെ സി.എം.ഡി.ആർ.എഫ്. കൈകാര്യം ചെയ്യുന്ന സെക്ഷനുകളിൽ മിന്നൽ പരിശോധനകൾ നടത്തിയിരുന്നു. ആയതിന്റെ പ്രാഥമിക കണ്ടെത്തലുകൾ പരിശോധിച്ചു വരുന്നു. അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

**മെഡിക്കൽ വാല്യൂ ടൂറിസം**

29(*419) <u>ശ്രീമതി സി. കെ. ആശ:</u>
<u>ശ്രീ. വി. ശശി:</u>

ശ്രീ. ജി. എസ്. ജയലാൽ:

ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ വാല്യൂ ടൂറിസം ഹബ്ബാക്കി മാറ്റുന്നതിന് ആരോഗ്യ, വിനോദസഞ്ചാര വകുപ്പുകൾ യോജിച്ച് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

കേരളത്തിൽ ഇന്ന് ഏറ്റവും കൂടുതൽ പ്രാധാന്യമർഹിക്കുന്ന ഒരു മേഖലയാണ് മെഡിക്കൽ ടൂറിസം. നമ്മുടെ നാട് സന്ദർശിക്കുന്ന വിനോദ സഞ്ചാരികളുടെ പ്രധാന ആകർഷണമാണ് ആയുർവേദം. വിവിധ ചികിത്സകൾക്കായി കേരളം സന്ദർശിക്കുന്ന വിനോദ സഞ്ചാരികൾ ചികിത്സയ്ക്ക് ശേഷം വിനോദസഞ്ചാര കേന്ദ്രങ്ങൾകൂടി സന്ദർശിക്കുന്നത് ടൂറിസത്തെ സംബന്ധിച്ചിടത്തോളം ഗുണകരമാണ് . മെഡിക്കൽ ടൂറിസം രംഗത്തെ കേരളത്തിന്റെ മികവ് സംബന്ധിച്ച് പ്രചാരണം

നടത്തേണ്ടതിനാൽ ആരോഗ്യ-ടൂറിസം വകുപ്പുകൾ സഹകരിച്ച് സംസ്ഥാനത്തെ മെഡിക്കൽ വാല്യൂ ടൂറിസം ഹബ്ബാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ആലോചിക്കുന്നുണ്ട് .

ഒരു ടൂറിസം ഉത്പന്നം എന്ന നിലയിൽ ആയൂർവേദത്തിന് വിനോദസഞ്ചാരികൾക്കിടയിൽ പ്രചാരം നൽകാൻ നിരവധി നടപടികൾ ടൂറിസം വകുപ്പ് സ്വീകരിച്ചിട്ടുണ്ട് . ഇതിന്റെ ഭാഗമായി കേരള ടൂറിസം പങ്കെടുക്കുന്ന വിദേശ-ആഭ്യന്തര ടൂറിസം ഫെയറുകളിൽ ആയൂർവേദത്തെ പ്രത്യേക തീം ആയി എടുത്ത് സ്റ്റാളുകൾ ഒരുക്കാറുണ്ട് . കൂടാതെ ആയൂർവേദത്തിന്റെ പ്രചരാണർത്ഥം പ്രത്യേക ബ്രോഷറുകൾ തയ്യാറാക്കുകയും പ്രത്യേക വീഡിയോകൾ നിർമ്മിച്ച് സഞ്ചാരികൾക്കിടയിൽ പ്രചരണം നൽകുകയും ചെയ്തുവരുന്നു. ടൂറിസം വകുപ്പ് നടപ്പാക്കിയ ആയൂർവേദ കേന്ദ്രങ്ങൾക്കുള്ള ക്ലാസ്സിഫിക്കേഷൻ പദ്ധതിയും സംസ്ഥാനത്ത് ഹെൽത്ത് ടൂറിസം വികസനം ലക്ഷ്യമിട്ട് നടപ്പാക്കിയിട്ടുള്ളതാണ്. ആയുർവ്വേദം കൂടാതെ മോഡേൺ മെഡിസിന്റെ ഭാഗമായി ധാരാളം വിദേശികൾ ഉൾപ്പെടെ സഞ്ചാരികൾ കേരളത്തിൽ എത്തിച്ചേരുന്നുണ്ട് .

ഭാരതീയ ചികിത്സ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളെ വെൽനസ്സ് സെന്ററുകളാക്കി ഉയർത്തുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട് . 2023-24 സാമ്പത്തിക വർഷം ആരോഗ്യ ടൂറിസത്തിന്റെ പ്രൊമോഷനും നിയന്ത്രണവും ഗവേഷണവും വികസനവും ലക്ഷ്യമിട്ട് 100 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട് .

(ബി) ആതുര സേവന രംഗത്ത് മികച്ച നിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ശ്രേണിയെ സംസ്ഥാനത്തിന്റെ മികച്ച ടൂറിസം പ്രോഡക്ടായി അവതരിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

കോവിഡ് മഹാമാരിക്കുശേഷം ആയുർവേദ ചികിത്സ ഉൾപ്പെടെ ലക്ഷ്യമിട്ട് ധാരാളം വിനോദസഞ്ചാരികൾ കേരളത്തിലേക്ക് വരുന്നുണ്ട്. അതുകൊണ്ടുതന്നെ ഈ നിലയിലുള്ള പ്രചരണങ്ങളും ടൂറിസം വകുപ്പ് നടത്തുന്നുണ്ട് .

ടൂറിസം കേന്ദ്രങ്ങളിൽ സ്ഥിതി ചെയ്യുന്ന ആയുഷ് വകുപ്പിന് കീഴിലുള്ള സ്പെഷ്യാലിറ്റി ഇൻസ്റ്റിറ്റ്യൂട്ടുകളും മികച്ച സൗകര്യങ്ങളുള്ള ആരോഗ്യ സ്ഥാപനങ്ങൾക്കും മുൻഗണന നൽകിക്കൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ

വികസിപ്പിച്ച് ഈ മേഖലയിലെ മികച്ച പ്രോഡക്ടായി അവതരിപ്പിക്കുന്നതിന് സാധിക്കുന്നതാണ് . ഭാരതീയ ചികിത്സാ വകുപ്പിന്റെ 818 ഡിസ്പെൻസറികളും 130 ആശുപത്രികളും ടൂറിസം പ്രോഡക്ട് ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭാരതീയ ചികിത്സാ വകുപ്പിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ ഹെൽത്ത് ടൂറിസം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2023-24 ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ട് .

(സി) പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി സർക്കാർ അധീനതയിലുള്ള സ്പെഷ്യാലിറ്റി ആശുപത്രികളിലും മെഡിക്കൽ കോളജുകളിലും മെഡിക്കൽ ടൂറിസം പ്രോജക്ടുകൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി സർക്കാർ അധീനതയിലുള്ള വിവിധ സ്ഥാപനങ്ങളിൽ മെഡിക്കൽ ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിനുള്ള സാധ്യത സർക്കാർ പരിശോധിച്ചു വരികയാണ്.

(ഡി) സ്വകാര്യ ആശുപത്രികൾ മെഡിക്കൽ വാല്യൂ ടൂറിസം പ്രോജക്ടിന്റെ ഭാഗമാക്കുന്നതിന് നിബന്ധനകൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

മെഡിക്കൽ സ്വകാര്യ ആശുപത്രികൾ മെഡിക്കൽ വാല്യൂ ടൂറിസം പ്രോജക്ടിന്റെ ഭാഗമാക്കുന്നതിനുള്ള കൃത്യമായ നിബന്ധനകൾ കേന്ദ്ര സർക്കാർ പുറത്തിറക്കിയിട്ടുണ്ട്. NABH അക്രഡിറ്റേഷൻ വേണമെന്നതാണ് ഏറ്റവും അടിസ്ഥാനപരമായ യോഗ്യത.

**റവന്യൂ വകുപ്പിൽ മൂന്നാം നൂറുദിന കർമ്മ പരിപാടി**

30(*420) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ മൂന്നാം നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി റവന്യൂ വകുപ്പ് നൂറ് ദിനം ഇരുനൂറ് പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ?

സംസ്ഥാന സർക്കാരിന്റെ മൂന്നാം നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി റവന്യൂ വകുപ്പ് ഇരുന്നൂറ് പദ്ധതികൾ എന്ന രീതിയിൽ വിഭാവനം ചെയ്തിട്ടില്ല. എന്നാൽ മൂന്നാം നൂറ് ദിന കർമ്മ പരിപാടിയിൽ റവന്യൂ വകുപ്പിന്റെ 20 പദ്ധതികളായി 167 പുതിയ സംരഭങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) മൂന്നാം നൂറ് ദിന പരിപാടിയുടെ ഭാഗമായി റവന്യൂ വകുപ്പിന് കീഴിൽ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മൂന്നാം നൂറ് ദിന പരിപാടിയുടെ ഭാഗമായി റവന്യൂ വകുപ്പിന് കീഴിൽ പ്രത്യക്ഷമായും പരോക്ഷമായും സൃഷ്ടിക്കുന്ന 5,40,940 തൊഴിൽ ദിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഇടുക്കിയിൽ റവന്യൂ ഗസ്റ്റ് ഹൗസ് -650

2. കോഴിക്കോട് സബ്ബ് കളക്ടറുടെ ക്യാമ്പ് ഓഫീസ് -450

3. ജില്ലാ അടിയന്തര കാര്യ നിർവ്വഹണ കേന്ദ്രം - 240

4. തൃശ്ശൂർ താലൂക്ക് ഓഫീസ് പൈതൃക മന്ദിര ഉദ്ഘാടനം - 600

5. മാനന്തവാടി സബ്ബ് കളക്ടറുടെ ക്യാമ്പ് ഓഫീസ് ഉദ്ഘാടനം - 400

6. സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ ഉദ്ഘാടനം - 68400

7. റവന്യൂ ഇ - സാക്ഷരതാ മിഷൻ - 200

8. ഡിജിറ്റൽ സർവ്വെയുടെ ഭാഗമായി സൃഷ്ടിക്കുന്ന തൊഴിലവസരങ്ങൾ - 4,70,000

(സി) ഇതുമായി ബന്ധപ്പെട്ട് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ?

മൂന്നാം നൂറ് ദിന പരിപാടിയുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. 40000 പട്ടയങ്ങളുടെ വിതരണം

2. അനധികൃത പ്രകൃതി ചൂഷണം റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഓൺലൈൻ സംവിധാനം.

3. ഇടുക്കിയിൽ റവന്യൂ ഗസ്റ്റ് ഹൗസ്.

4. ഓൺലൈൻ ബി.റ്റി.ആർ മോഡ്യൂൾ.

5. കോട്ടയം ജില്ല റവന്യൂ ഇ - ജില്ലയായി മാറുന്നു.

6. കോഴിക്കോട് സബ്ബ് കളക്ടറുടെ ക്യാമ്പ് ഓഫീസ്

7. ജില്ലാ അടിയന്തര കാര്യ നിർവ്വഹണ കേന്ദ്രം (DEOC)

8. താലൂക്ക് അടിയന്തര കാര്യ നിർവ്വഹണ കേന്ദ്രങ്ങളുടെ ഉദ്ഘാടനം(TEOC).

9. തൃശ്ശൂർ താലൂക്ക് ഓഫീസ് പൈതൃക മന്ദിര ഉദ്ഘാടനം.

10. പ്രവാസികളുടെ റവന്യൂ സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പ്രവാസി സെൽ.

11. മാനന്തവാടി സബ്ബ് കളക്ടറുടെ ക്യാമ്പ് ഓഫീസ് ഉദ്ഘാടനം.

12. രാജീവ് ഗാന്ധി ദശലക്ഷം ഭവനപദ്ധതിയിലെ ഗുണഭോക്താക്കൾക്ക് പട്ടയം അനുവദിക്കുന്നത്

13. പട്ടയമിഷൻ.

14. സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ ഉദ്ഘാടനം.

15. റവന്യൂ അവാർഡ് വിതരണം.

16. റവന്യൂ ഇ -സാക്ഷരതാ മിഷൻ.

17. ഡിജിറ്റൽ സർവ്വെയുടെ ഭാഗമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു.

18. CORS കൺട്രോൾ സെന്റർ ഉദ്ഘാടനം

19. ഐ.എൽ.ഡി.എം.- ൽ ഓപ്പൺ എയർ ഓഡിറ്റോറിയം ഉദ്ഘാടനം

20. 15 വില്ലേജുകളിൽ ഇന്റഗ്രേറ്റഡ് പോർട്ടൽ

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**കണ്ണൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

1 (4887) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മണ്ഡലത്തിൽ നടന്നു കൊണ്ടിരിക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>കെട്ടിട വിഭാഗം</u>

1. എൻ.ജി.ഒ ക്വാർട്ടേഴ്സ് നിർമ്മാണം - 2 ബ്ലോക്ക്

2. പ്ലാൻ സ്കീം 2020-21 - സ്മാർട്ട് വില്ലേജ് ഓഫീസ് - മുണ്ടേരി വില്ലേജ്, കണ്ണൂർ.

3. പ്ലാൻ സ്കീം 2019-20 – സ്മാർട്ട് വില്ലേജ് ഓഫീസ് - കാഞ്ഞിരോട് വില്ലേജ്.

<u>പാലം വിഭാഗം</u>

ബണ്ട്പാലം നിർമ്മാണത്തിന്റെ പൈലിംഗ് പുരോഗമിക്കുന്നു.

<u>നിരത്ത് വിഭാഗം</u>

അനുബന്ധമായി ചേർക്കുന്നു.+

<u>നിരത്ത് പരിപാലനം വിഭാഗം</u>

അനുബന്ധമായി ചേർക്കുന്നു.+

<u>ആർ.ബി.ഡി.സി.കെ. - പി.എം.യു.</u>

1. താഴെ ചൊവ്വ റെയിൽവേ ഗേറ്റ് സ്പിന്നിംഗ് മിൽ റോഡ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. മാഹി - പയ്യാമ്പലം തീരദേശ ഹൈവേയുടെ (ഒരു റീച്ച്) കെ.ആർ.എഫ്.ബി. കണ്ണൂർ നഗരപാത വികസന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ ഇനിയും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ തുടങ്ങുന്നതിനായി എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

1. ജനറൽ ഹോം ഡിപ്പാർട്ട്മെന്റ്, ജുഡീഷ്യറി - ഏഴ് നില കെട്ടിടം-കോർട്ട് കോംപ്ലക്സ് (Phase 1) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച കേസ് ബഹു. സുപ്രീംകോടതിയുടെ പരിഗണനയിലാണ്.

2. ഗവ.വി.എച്ച്.എസ്.എസ്. തോട്ടക്കട സ്കൂൾ കെട്ടിട നിർമ്മാണം (പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട കരാറുടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ട്. ഉടൻതന്നെ പ്രവൃത്തി ആരംഭിക്കാവുന്നതാണ്.)

<u>പാലങ്ങൾ വിഭാഗം</u>

നാറാണത്ത് പാലം പുനർനിർമ്മാണം, കുറുവ പാലം പുനർനിർമ്മാണം, അയ്യാരത്ത് പാലം പുനർനിർമ്മാണം, പഞ്ചവടിപ്പാലം പുനർനിർമ്മാണം, കൊയ്യോട്ട് പാലം പുനർനിർമ്മാണം, പുളിക്കോം പാലം പുനർനിർമ്മാണം,

ചേലോറ പാലം പുനർനിർമ്മാണം, നാടാൽ പാലം നിർമ്മാണം എന്നീ പാലങ്ങളുടെ പുതുക്കിയ ഭരണാനുമതി നൽകുന്ന കാര്യം പരിശോധനയിലാണ്.

**പേരാമ്പ്ര ബൈപ്പാസിന്റെ പ്രവൃത്തിയുടെ പുരോഗതി**

2(4888) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര ബൈപ്പാസിന്റെ പ്രവൃത്തി പൂർത്തീകരിച്ച് ബൈപ്പാസ് എപ്പോൾ തുറന്ന് കൊടുക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

പേരാമ്പ്ര ബൈപ്പാസിന്റെ പ്രവൃത്തികൾ അതിന്റെ അന്തിമ ഘട്ടത്തിലാണ്. BC വരെയുള്ള (90 ശതമാനം) പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾ പുരോഗമിക്കുകയാണ്. ഏപ്രിൽ അവസാനത്തോടെ പ്രവൃത്തികൾ പൂർത്തീകരിച്ച് ബൈപ്പാസ് തുറന്നു കൊടുക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ദേശീയ പാതയിൽനിന്നും ബൈപ്പാസ് ആരംഭിക്കുന്ന സ്ഥലത്തും അവസാനിക്കുന്ന ഭാഗത്തും പ്രവേശന കവാടങ്ങൾക്ക്

(ബെൽമൗത്തുകൾ) വേണ്ടത്ര വീതിയില്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനായി കൂടുതൽ സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ ആർ.ബി.ഡി.സി. മുഖേന കിഫ്ബിക്ക് ലഭിച്ചിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(ബി-ഡി) ഉണ്ട്. ബഹുമാനപ്പെട്ട പേരാമ്പ്ര എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബൈപ്പാസിന്റെ പ്രവൃത്തി പൂർത്തിയാവുമ്പോൾ കല്ലോട് കക്കാട് പ്രവേശന കവാടങ്ങൾക്ക് (Bell mouth) ഉണ്ടാവാൻ സാധ്യതയുള്ള ഗതാഗത പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും കല്ലോട് ഭാഗത്തെയും കക്കാട് ഭാഗത്തെയും പ്രവേശന കവാടം വീതി കൂട്ടുന്നതിനും ട്രാഫിക് ഐലന്റ് നിർമ്മാണത്തിനുംവേണ്ടി കിഫ്ബിയിൽ പ്രോപ്പോസൽ സമർപ്പിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. അതനുസരിച്ച് 15-12-2022-ൽ പ്രൊപ്പോസൽ കിഫ്ബിയിൽ

സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്ന് അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി**

3(4889) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് ഡിസൈൻ വിംഗ്-ൽ നിന്നും സാങ്കേതിക അനുമതി ലഭിക്കാൻ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതൽ ചീഫ് എഞ്ചിനീയർ വരെയുള്ള ഉദ്യോഗസ്ഥരുടെ അധികാരപരിധിയിലുള്ള പ്രവൃത്തികൾക്ക് അതാത് ഉദ്യോഗസ്ഥരാണ് സാങ്കേതികാനുമതി നൽകുന്നത്. എന്നാൽ സാങ്കേതികാനുമതിയ്ക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് സ്ട്രക്ചറൽ ഡിസൈനിന്റെ അടിസ്ഥാനത്തിലാണ്. സ്ട്രക്ചറൽ ഡിസൈൻ ലഭ്യമാക്കുന്നത് ഡിസൈൻ വിംഗാണ്. ആയത് തയ്യാറാക്കുന്നതിനുവേണ്ടി

ആർക്കിടെക്ചറൽ പ്ലാനും മണ്ണ് പരിശോധനയും നടത്തി റിപ്പോർട്ട് തയ്യാറാക്കി ഡിസൈൻ ലഭ്യമാക്കുന്നു. ഡിസൈൻ വിംഗും ഫീൽഡ് ഓഫീസേഴ്സുമായി ബന്ധപ്പെട്ട് ഡിസൈൻ വേഗത്തിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഡിസൈൻ വിംഗിന്റെ പ്രവർത്തനം പ്രത്യേകമായി പരിശോധിച്ച് സമയബന്ധിതമായി നൽകാനുള്ള ഇടപെടലുകൾ നടത്തുന്നുണ്ട്.

(ബി) എങ്കിൽ പ്രസ്തുത കാലതാമസം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതൽ ചീഫ് എഞ്ചിനീയർ വരെയുള്ള ഉദ്യോഗസ്ഥരുടെ അധികാരപരിധിയിലുള്ള പ്രവൃത്തികൾക്ക്, അതാത് ഉദ്യോഗസ്ഥരാണ് സാങ്കേതികാനുമതി നൽകുന്നത്. എന്നാൽ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് സ്ട്രക്ചറൽ ഡിസൈനിന്റെ അടിസ്ഥാനത്തിലാണ്. സ്ട്രക്ചറൽ ഡിസൈൻ ലഭ്യമാക്കുന്നത് ഡിസൈൻ വിംഗാണ്. ആയത് തയ്യാറാക്കുന്നതിനുവേണ്ടി

ആർക്കിടെക്ചറൽ പ്ലാനും മണ്ണ് പരിശോധനയും നടത്തി റിപ്പോർട്ട് തയ്യാറാക്കി ഡിസൈൻ ലഭ്യമാക്കുന്നു. ഡിസൈൻ വിംഗും, ഫീൽഡ് ഓഫീസേഴ്സുമായി ബന്ധപ്പെട്ട് ഡിസൈൻ വേഗത്തിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഡിസൈൻ വിംഗിന്റെ പ്രവർത്തനം പ്രത്യേകമായി പരിശോധിച്ച് സമയബന്ധിതമായി നൽകാനുള്ള ഇടപെടലുകൾ നടത്തുന്നുണ്ട്.

**അങ്കമാലി കോടതി സമുച്ചയനിർമ്മാണം**

4(4890) <u>ശ്രീ. റോജി എം. ജോൺ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി കോടതി സമുച്ചയ നിർമ്മാണത്തിനായി പ്ലാൻ, ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നത് ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇനി എന്തെല്ലാം നടപടികളാണ് പൂർത്തിയാക്കാനുള്ളതെന്നും ആയത് പൂർത്തീകരിക്കാൻ എത്ര ദിവസം വേണ്ടി വരുമെന്നും വ്യക്തമാക്കാമോ?

(എ & ബി) അങ്കമാലി കോടതി സമുച്ചയ നിർമ്മാണത്തിനായി ഭരണാനുമതി ലഭിക്കുന്നതിനായി PAR 2019 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ രജിസ്ട്രാർ, സബോർഡിനേറ്റ് ജുഡീഷ്യറി, കേരള ഹൈക്കോടതി എറണാകുളത്തിന് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ മറ്റ് നടപടികളിലേയ്ക്ക് കടക്കാനാകൂ.

**ഉടുമ്പൻചോല മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച മരാമത്ത് പ്രവൃത്തികൾ**

5(4891) <u>ശ്രീ. എം. എം. മണി:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ;

(എ) 2016-17 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ 20 ശതമാനം തുക ടോക്കൺ പ്രൊവിഷൻ ലഭിച്ച ഏതെല്ലാം മരാമത്ത് പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗത്തിന്റെയും കെട്ടിട വിഭാഗത്തിന്റെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഭരണാനുമതി ലഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കാൻ വൈകാനിടയാക്കുന്ന സാഹചര്യം വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗത്തിന്റെയും കെട്ടിട വിഭാഗത്തിന്റെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ചെറവല്ലൂർ ബണ്ട് റോഡിന്റെ നിർമ്മാണ പുരോഗതി**

6(4893) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പൊന്നാനി മണ്ഡലത്തിൽ അനുവദിക്കപ്പെട്ട ചെറവല്ലൂർ ബണ്ട് റോഡിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

(എ & ബി) ചെറവ്വല്ലൂർ ബണ്ട് റോഡ് നിർമ്മാണ പ്രവൃത്തിക്ക് 05-05-2020-ൽ 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കോൾ മേഖലയിലൂടെ കടന്നു പോകുന്ന റോഡ് ആയതുകൊണ്ട് വിശദ പരിശോധന നടത്തേണ്ടത് ആത്യാവശ്യമായതിനാൽ ഇൻവെസ്റ്റിഗേഷൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എസ്റ്റിമേറ്റ് തയ്യാറാക്കി 31-07-2020-ൽ വിശദപരിശോധനയ്ക്കായി PWD Regional Investigation & Quality Control Laboratory, Kozhikode കാര്യാലയത്തിന് സമർപ്പിക്കുകയും ആയതുപ്രകാരം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ക്വാളിറ്റി കൺട്രോൾ വിഭാഗം പൂർത്തീകരിച്ചിരുന്നതുമാണ്. ഡിസൈൻ വിഭാഗത്തിൽ നിന്ന് 24-02-2022-ൽ പ്രസ്തുത പ്രവൃത്തിയുടെ ഫൈനൽ ഡിസൈൻ ലഭ്യമായിരുന്നു. ഫൈനൽ ഡിസൈൻ ലഭ്യമായതിൽ നിലവിലുള്ള പാലം പുനർനിർമ്മിക്കുന്നതിനുള്ള ഡിസൈനും ലഭിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പാലം പുനർ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി കൂടി ഉൾപ്പെടുത്തി 1100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പുതുക്കിയ ഭരണാനുമതിക്കായി തയ്യാറാക്കിയിരുന്നെങ്കിലും പ്രവൃത്തിയുടെ ആദ്യഘട്ടം എന്ന നിലയിൽ നിലവിലുള്ള ഭരണാനുമതി തുക ഉപയോഗിച്ച് 390 മീറ്റർ നീളത്തിൽ മണ്ണിട്ട് ഉയർത്തുകയും ഇരുവശവും ഗാബിയോൺ റീറ്റെയ്നിങ് വാൾ നിർമ്മിക്കണമെന്ന് ബഹുമാനപ്പെട്ട പൊന്നാനി എം.എൽ.എ. നിർദ്ദേശിച്ചതിനെ തുടർന്ന് 500 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിക്കായി സമർപ്പിക്കുകയും

ചെയ്തിരുന്നു. പ്രവൃത്തിയുടെ പേരിൽ വരുന്ന മാറ്റം അംഗീകരിക്കുന്നതിനായി സമർപ്പിച്ച എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു. 2023-24-ലേയ്ക്കുള്ള ബഡ്ജറ്റിൽ പ്രവൃത്തിയുടെ രണ്ടാം ഘട്ടത്തിന് 600 ലക്ഷം രൂപ വകയിരുത്തിട്ടുണ്ട്. പാലം പുനർനിർമ്മാണ പ്രവൃത്തികളും 360 മീറ്റർ നീളത്തിൽ റോഡ് നിർമ്മാണവും കോക്കനട്ട് പൈലിംഗ് ചെയ്ത് ഗാബിയോൺ റീറ്റെയ്നിംഗ് വാൾ നിർമ്മാണവും കൂടാതെ ആദ്യഘട്ട പ്രവൃത്തിയിൽ ഉൾപ്പെട്ട ഫില്ലിംഗ് പ്രവൃത്തിക്ക് മുകളിൽ മണ്ണ് ബലപ്പെടുത്തിയ ശേഷം ബി.എം. & ബി.സി. പ്രവൃത്തിയും ഉൾപ്പെടെയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**പൊതുമരാമത്ത് വകുപ്പ് നിർവഹിക്കുന്ന പ്രവൃത്തികൾ നീണ്ട് പോകുന്നതുമൂലമുള്ള നഷ്ടം**

7(4894) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യത്തിന്

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

പൊതുമരാമത്ത് വകുപ്പ് നിർവ്വഹിക്കുന്ന പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തിയാക്കാതെ നീണ്ടുപോകുന്നതുമൂലം സർക്കാരിന് ഉണ്ടാകുന്ന നഷ്ടം

പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

കാലാവധിക്കുള്ളിൽ പണിപൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ സ്റ്റാൻഡേർഡ് ബിഡിംഗ് ഡോക്യുമെന്റ്, ജനറൽ കണ്ടീഷൻസ് ഓഫ് കോൺട്രാക്ട്, ക്ലോസ് 15 പ്രകാരവും പൊതുമരാമത്ത് വകുപ്പ് മാനുവൽ ക്ലോസ് 2116.2, 2116.2.1 എന്നിവ പ്രകാരവും നടപടി സ്വീകരിക്കുന്നുണ്ട്. പ്രസ്തുത ക്ലോസ്സുകൾ പ്രകാരം പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തിയാക്കാതെ നീണ്ടുപോകുന്നതുമൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കുന്നു.

**ഊരാളുങ്കൽ സൊസൈറ്റിക്ക് നൽകിയ പ്രവൃത്തികൾ**

8(4895) **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് എത്ര കോടി രൂപയുടെ പൊതുമരാമത്ത് പ്രവൃത്തികൾ നൽകിയിട്ടുണ്ട്;

(ബി) ഇതിൽ എത്ര കോടി രൂപയുടെ പ്രവൃത്തികൾ ടെണ്ടർ മുഖേന അല്ലാതെ നൽകിയിട്ടുണ്ട്; ടെണ്ടർ മുഖേന അല്ലാതെയുള്ള പ്രവൃത്തികൾക്ക് നൽകിയ പരമാവധി തുക എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ?

(എ & ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക്, പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിൽ നിന്നും 297.4 കോടി രൂപയുടെ പ്രവൃത്തികൾ നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളിൽ നിരത്ത് വിഭാഗത്തിൽനിന്നും ടെണ്ടറില്ലാതെ പ്രവൃത്തി നേരിട്ട് നൽകിയിട്ടില്ല.

പാലങ്ങൾ വിഭാഗത്തിൽ നിന്നും 85.25 കോടി രൂപയുടെ പ്രവൃത്തികൾ പ്രസ്തുത സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. ഇതിൽ ടെണ്ടർ മുഖേനയല്ലാതെ പ്രവൃത്തികൾ ഒന്നും നൽകിയിട്ടില്ല.

കെട്ടിട വിഭാഗത്തിൽ നിന്നും 1,15,34,000/- രൂപയുടെ പ്രവൃത്തികൾ പ്രസ്തുത സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. ഇതിൽ 'Cliff House – Modification of existing rest room for Security Guard, Drivers, Gunman, ladies, Servant/Attendants etc. at Cliff House, Thiruvananthapuram' എന്ന 98 ലക്ഷം രൂപയുടെ പ്രവൃത്തി അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ നൽകിയിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിൽനിന്നും 465.17 കോടി രൂപയുടെ പ്രവൃത്തികൾ പ്രസ്തുത സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. ഇതിൽ ടെണ്ടർ മുഖേനയല്ലാതെ, അക്രെഡിറ്റഡ് ഏജൻസി എന്ന നിലയിൽ 2.75 കോടി രൂപയുടെ പ്രവൃത്തികൾ നൽകിയിട്ടുണ്ട്.

ഇതിൽ പരമാവധി തുക 1.86 കോടി രൂപയാണ്. ടെണ്ടർ നടപടികൾ പാലിക്കാതെ നൽകിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

കേരള റോഡ് ഫണ്ട് ബോർഡ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ നിന്നും 1442.51 കോടി രൂപയുടെ പ്രവൃത്തികൾ പ്രസ്തുത സൊസൈറ്റിക്ക്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകിയിട്ടുണ്ട്. ഇതിൽ ടെണ്ടർ മുഖേനയല്ലാതെ പ്രവൃത്തികൾ ഒന്നും നൽകിയിട്ടില്ല.

കെ.എസ്.റ്റി.പി.-യിൽനിന്നും 770.32 കോടി രൂപയുടെ പ്രവൃത്തികൾ പ്രസ്തുത സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. ഇതിൽ ടെണ്ടർ മുഖേനയല്ലാതെ പ്രവൃത്തികൾ ഒന്നും നൽകിയിട്ടില്ല.

റിക്ക് ലിമിറ്റഡ്-ൽ 'കോഴിക്കോട് ബാലുശ്ശേരി റോഡിൽ അതിർത്തിക്കല്ല് സ്ഥാപിക്കുന്ന പ്രവൃത്തി' ക്വട്ടേഷൻ മുഖേന പ്രസ്തുത സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്.

ആർ.ബി.ഡി.സി.കെ.-യിൽ നിന്നും 82,13,76,030/- രൂപയുടെ (ജി.എസ്.ടി. കൂടാതെ) പ്രവൃത്തികൾ പ്രസ്തുത സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. ഇതിൽ ടെണ്ടർ മുഖേനയല്ലാതെ പ്രവൃത്തികളൊന്നും നൽകിയിട്ടില്ല.

**മാവേലിക്കര നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

9(4896) <u>ശ്രീ എം. എസ്. അരുൺ കുമാർ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 2016-17 മുതൽ 2022-23 വരെയുള്ള വർഷങ്ങളിലെ ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയിട്ടുള്ളതും പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്നതുമായ മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ബി) ആയതിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ;

(സി) ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയെന്നും ആയത് വൈകുന്നതിന്റെ കാരണം എന്താണെന്നും വിശദമാക്കുമോ;

(ഡി) തടസ്സങ്ങൾ ഒഴിവാക്കി പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ –ഡി) കെട്ടിട വിഭാഗം - പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ - മാവേലിക്കര സബ് ജയിലിന്റെ അറ്റകുറ്റപണികൾ - പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതിക അനുമതിക്കുള്ള പരിശോധനയിലാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ

1) മാവേലിക്കര ഗവ. ആയുർവേദ ആശുപത്രി-എസ്റ്റിമേറ്റ് ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ ഡയറക്ടറുടെ പരിഗണനയിലാണ്.

2) ചാരുമൂട് മിനി സിവിൽസ്റ്റേഷൻ നിർമ്മാണം - സർക്കാർ പരിശോധിച്ചുവരുന്നു.

പാലം വിഭാഗം

ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികളില്ല.

ചത്തിയറ പാലത്തിന്റെ പ്രവൃത്തി പുരോഗമിച്ചു വരുന്നു. കൽകുളത്താൽ, ദേവപുരയ്ക്കൽ എന്നീ പാലങ്ങളുടെ പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നിരത്ത് വിഭാഗം

പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**വർക്കല പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസ് നിർമ്മാണ പുരോഗതി**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

10(4897) ശ്രീ വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

വർക്കല പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് നിർമ്മാണം വിഭാവനം ചെയ്ത പോലെ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

വർക്കല പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിന്റെ ഒന്നാം ഘട്ട നിർമ്മാണം പൂർത്തിയായി. കെട്ടിടത്തിന്റെ ബാക്കിയുള്ള നിർമ്മാണം പൂർത്തീകരിക്കുന്നതിനുവേണ്ടി 6 കോടി രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ കെട്ടിട വിഭാഗം തയ്യാറാക്കി അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

**ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പദ്ധതി**

11(4898) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കിഫ്ബി ധനസഹായത്തോടെ കെ.ആർ.എഫ്.ബി. മുഖേന നടപ്പിലാക്കുന്ന ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പദ്ധതിയിൽ ഏതെല്ലാം ജംഗ്ഷനുകളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കിഫ്ബിയുടെ ധനാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ ഏതുവരെ ആയെന്ന് അറിയിക്കാമോ?

(എ & ബി) 2022-23-ലെ സംസ്ഥാന ബഡ്ജറ്റിൽ 20 ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പ്രവൃത്തികൾക്കായി 200 കോടി രൂപ അനുവദിക്കണമെന്ന് പ്രഖ്യാപിക്കുകയും തുടർന്ന് 05-11-2022-ൽ തത്വത്തിലുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കായുള്ള വിശദമായ പദ്ധതി രേഖ (ഡി.പി.ആർ.) തയ്യാറാക്കാൻ കെ.ആർ.എഫ്.ബി - പി.എം.യു. പ്രോജക്ട് ഡയറക്ടർ, ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെടുന്ന ജംഗ്ഷനുകൾ, നിലവിലെ സ്ഥിതി എന്നിവ അനുബന്ധമായി ചേർക്കുന്നു.+

**റോഡുകളുടെ നിർമ്മാണം**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

12(4899) <u>ശ്രീ. ഷാഫി പറമ്പിൽ:</u> താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

2016-2021 കാലയളവിലും ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെയും എത്ര കിലോമീറ്റർ റോഡുകൾ പുതുതായി നിർമ്മിച്ചു എന്ന വിവരം ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചു വരുന്നു.

**ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി**

13(4900) <u>ശ്രീ. റോജി എം. ജോൺ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മുൻ സർക്കാരിന്റെ കാലത്ത് (2016-21) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് പൊതുമരാമത്ത് വകുപ്പ് ഏതെല്ലാം പ്രവൃത്തികളാണ് നൽകിയതെന്ന് വ്യക്തമാക്കുമോ; ദേശീയപാത, ബിൽഡിംഗ്സ്, റോഡുകളും പാലങ്ങളും എന്നീ ഓരോ വിഭാഗത്തിലും നൽകിയിട്ടുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുക ഉൾപ്പെടെയുള്ള വിവരങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ എത്ര പ്രവൃത്തികൾ ഇതിനകം പൂർത്തിയാക്കിയെന്നും പൂർത്തിയാക്കിയ പ്രവൃത്തികൾക്കായി പ്രസ്തുത സൊസൈറ്റിക്ക് കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ എന്ത് തുക നൽകിയെന്നും വ്യക്തമാക്കുമോ?

(എ&ബി) മുൻ സർക്കാരിന്റെ കാലത്ത് (2016-2021) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക്, പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗത്തിൽനിന്നും നൽകിയ പ്രവൃത്തികളുടെ വിശദാംശം, പൂർത്തീകരണം സംബന്ധിച്ച നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ അനുബന്ധമായി ചേർക്കുന്നു.+

പാലങ്ങൾ വിഭാഗത്തിൽനിന്നും പ്രസ്തുത സൊസൈറ്റിക്ക് നൽകിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+ പ്രസ്തുത പ്രവൃത്തികളിൽ 25 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2016-21 വരെ പൂർത്തീകരിച്ച പ്രവൃത്തികൾക്ക് 1.0482 കോടി രൂപ ടി സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെട്ടിട വിഭാഗത്തിൽനിന്നും പ്രസ്തുത സൊസൈറ്റിക്ക് നൽകിയ പ്രവൃത്തികളുടെ വിശദാംശം, പൂർത്തീകരണം സംബന്ധിച്ച നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ അനുബന്ധമായി ചേർക്കുന്നു.+

ദേശീയപാത വിഭാഗത്തിൽ നിന്നും പ്രസ്തുത സൊസൈറ്റിക്ക് നൽകിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+ പ്രസ്തുത പ്രവൃത്തികളിൽ 24 പ്രവൃത്തികൾ പൂർത്തീകരിച്ചു. പൂർത്തീകരിച്ച പ്രവൃത്തികൾക്ക് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 111.62 കോടി രൂപ ടി സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്.

കേരള റോഡ് ഫണ്ട് ബോർഡ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽനിന്നും പ്രസ്തുത സൊസൈറ്റിക്ക് നൽകിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+ ഇതിൽ 8 പ്രവൃത്തികൾ ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്. പൂർത്തിയായ പ്രവൃത്തികൾക്ക് 281.98 കോടി രൂപ കഴിഞ്ഞ 5 വർഷമായി നൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റിക്ക് ലിമിറ്റഡിൽനിന്നും പ്രസ്തുത സൊസൈറ്റിക്ക് 'കോഴിക്കോട് ബാലുശ്ശേരി റോഡിൽ അതിർത്തിക്കല്ല് സ്ഥാപിക്കുന്ന ഒരു പ്രവൃത്തി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചു. ടി പ്രവൃത്തിയുടെ തുക നൽകിയിട്ടില്ല. ബിൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

കെ.എസ്.റ്റി.പി.-യിൽനിന്നും പ്രസ്തുത സൊസൈറ്റിക്ക് റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം ആലപ്പുഴ –ചങ്ങനാശ്ശേരി റോഡ്, മാനന്തവാടി - പെരിയ റോഡ് എന്നീ പ്രവൃത്തികൾ നൽകിയിട്ടുണ്ട്. ആലപ്പുഴ –ചങ്ങനാശ്ശേരി റോഡ് പ്രവൃത്തിക്ക് 671.66 കോടി രൂപയും മാനന്തവാടി - പെരിയ റോഡിന് 98.56 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ നിലവിൽ പൂർത്തിയാക്കിയിട്ടില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് പുതുതായി എന്തെങ്കിലും പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പ്രവൃത്തികളാണെന്നും ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് തുക എത്രയാണെന്നും വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് പൊതുമരാമത്ത് നിരത്ത് വിഭാഗം, പാലങ്ങൾ വിഭാഗം, കെട്ടിടങ്ങൾ വിഭാഗം, പി.എം.യു. - കെ.ആർ.എഫ്.ബി., ആർ.ബി.ഡി.സി.കെ. എന്നീ വിഭാഗങ്ങളിൽ നിന്നും നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ**

14(4901) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽ നിന്ന് കെട്ടിടങ്ങൾ, പാലങ്ങൾ എന്നിവയുടെ ഡിസൈൻ സമയബന്ധിതമായി ലഭിക്കാത്തതും ദീർഘകാലതാമസം നേരിടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ;

(ബി) പ്രാരംഭ ഡിസൈൻ ലഭിച്ച് പദ്ധതികളുടെ പ്രവൃത്തി തുടങ്ങുകയും പൂർണ്ണമായ ഡിസൈൻ ലഭിക്കാത്തതിനാൽ പ്രവൃത്തി നിർത്തിവയ്ക്കേണ്ടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വരുന്നതുമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം അറിയിക്കുമോ;

(സി) ഡിസൈനുകൾ കാലതാമസം നേരിടാതെ സമയബന്ധിതമായി ലഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ –സി) പൊതുമരാമത്ത് പ്രവൃത്തികൾക്ക് സമയബന്ധിതമായി ഡിസൈൻ ലഭ്യമാക്കുന്നതിനുള്ള എല്ലാ ശ്രമവും നടത്തുന്നുണ്ട്. പ്രവൃത്തികളുടെ മുൻഗണനാക്രമത്തിൽ ഡിസൈൻ ലഭ്യമാക്കുന്നതിനുള്ള പരിശ്രമമാണ് നടത്തുന്നത്. കൃത്യമായ ഇടവേളകളിൽ വകുപ്പുതലത്തിൽ പ്രവർത്തനം വിലയിരുത്തുന്നുണ്ട്. ഇത്തരം യോഗങ്ങളിൽ ഡിസൈൻ വിംഗിന്റെ പ്രവർത്തനത്തിൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശവും നൽകുന്നു.

**പി.ഡബ്ല്യു.ഡി. ഫോർ യു ആപ്പിന്റെ പ്രവർത്തനം**

15(4902) <u>ശ്രീ. എം. വിൻസെന്റ്:</u>
<u>ശ്രീ. സി. ആർ. മഹേഷ്:</u>
<u>ശ്രീ. ടി. സിദ്ദിഖ്:</u>

**ശ്രീ. സനീഷ്കുമാർ ജോസഫ്:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകൾ സംബന്ധിച്ച പരാതികൾ അറിയിക്കുന്നതിനായി നടപ്പാക്കിയ പ്രത്യേക മൊബൈൽ ആപ്ലിക്കേഷന്റെ പ്രവർത്തനം കാര്യക്ഷമമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളെ സംബന്ധിച്ച പരാതി അറിയിക്കുന്നതിനായി നടപ്പാക്കിയ പി.ഡബ്ല്യു.ഡി. ഫോർ യു എന്ന മൊബൈൽ ആപ്പ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഈ ആപ്പ് വഴി എല്ലാ ദിവസവും കുറഞ്ഞത് 15 പരാതികൾ ലഭിക്കുന്നുണ്ട്. കൂടാതെ ഈ ആപ്പ് ഇതുവരെ 70000-ൽപ്പരം ആളുകൾ ഡൗൺലോഡ് ചെയ്യുകയും അതുവഴി 28000-ൽപ്പരം പരാതികളും നിർദ്ദേശങ്ങളും സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പി.ഡബ്ല്യു.ഡി. ഫോർ യു ആപ്പ് വഴി ലഭിച്ച പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ആപ്പ് മുഖേന ലഭിക്കുന്ന പരാതികൾക്ക് പരിഹാരം കാണുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

(ബി & സി) പി.ഡബ്ല്യു.ഡി. ഫോർ യു എന്ന മൊബൈൽ ആപ്പ് വഴി ലഭിക്കുന്ന പരാതികൾ പരിഹരിക്കുന്നത് ബന്ധപ്പെട്ട റോഡ്സ് വിഭാഗമാണ്. ജില്ലാതലത്തിൽ ഈ പരാതികളുടെ പരിഹാരം മോണിറ്റർ ചെയ്യുന്നത് ആ ജില്ലയിലെ നിരത്ത് പരിപാലന വിഭാഗം എക്സിക്യൂട്ടിവ് എഞ്ചിനീയർമാരാണ്. ആപ്പ് വഴി ലഭിക്കുന്ന പരാതികളുടെ പരിഹാരം കാണുന്നതിനുള്ള വ്യക്തമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പി.ഡബ്ല്യൂ.ഡി. ആപ്പ് വഴി പൊതുജനങ്ങൾ നൽകുന്ന പരാതികൾ അപ്പോൾ തന്നെ iRoads സോഫ്റ്റ്‌വെയർ മുഖേന ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ലഭ്യമാവും. പരാതി ലഭിച്ചാലുടൻതന്നെ പ്രാരംഭ മറുപടി ബന്ധപ്പെട്ട റോഡ്സ് മെയിന്റനൻസ് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ

പരാതിക്കാരന് നൽകുന്നതാണ്. പരാതിയുടെ വിവരങ്ങൾ അപ്പോൾതന്നെ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഇമെയിൽ, എസ്.എം.എസ്., iRoads സോഫ്റ്റ്‌വെയർ തുടങ്ങിയവ മുഖേന ലഭ്യമാവും. ഇതിനു പുറമേ പി.ഡബ്ല്യൂ.ഡി. പബ്ലിക് ഇൻഫർമേഷൻ സെല്ലിൽനിന്നും ഫീൽഡ് എൻജിനീയർക്ക് തത്സമയം വിവരം വിളിച്ചു അറിയിക്കുകയും ചെയ്യും. പരാതി ലഭിച്ചു നാല് ദിവസങ്ങൾക്കുള്ളിൽ അതിൽ വേണ്ട നടപടികൾ കൈക്കൊണ്ടു പരാതിക്കാരനെ അറിയിക്കേണ്ടതാണ്. നിലവിൽ നടക്കുന്ന പ്രവൃത്തികൾ, റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെട്ട റോഡുകൾ എന്നിവയെക്കുറിച്ചുള്ള പരാതികൾ ഈ മിനിമം സമയത്തിനുള്ളിൽ തന്നെ പരിഹരിച്ചു നടപടികൾ പരാതിക്കാരനെ അറിയിക്കേണ്ടതാണ്. നാല് ദിവസത്തിനുള്ളിൽ പരിഹരിക്കാനാവാത്ത പരാതികളിന്മേൽ സ്വീകരിച്ച നടപടികളും അത് പരിഹരിക്കാനാവശ്യമായ സമയവും കൃത്യമായി പരാതിക്കാരനെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നേരിട്ട് വിളിച്ച് അറിയിക്കുന്നതാണ്. ഓരോ പരാതികളിന്മേൽ സ്വീകരിക്കുന്ന നടപടികളുടെ പുരോഗതി അതതു ജില്ലയിലെ റോഡ്സ് മെയിന്റനൻസ്

വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ വിലയിരുത്തുകയും പരാതി വേഗത്തിൽ പരിഹരിക്കപ്പെട്ടു എന്ന് ഉറപ്പു വരുത്തുകയും പരാതി ലഭിച്ച ഉടനെയും പരാതിയിന്മേൽ നടപടി എടുത്തു കഴിയുമ്പോൾ പി.ഡബ്ല്യൂ.ഡി. പബ്ലിക് ഇൻഫർമേഷൻ സ്പെല്ലിൽ നിന്നും പരാതിക്കാരനെ വിളിച്ചു വിവരം അറിയിക്കുന്നതാണ്. പൊതുമരാമത്ത് വകുപ്പ് തിരുവനന്തപുരം കെ.എസ്.ടി.പി. വിഭാഗം സൂപ്രണ്ടിംഗ് എൻജിനീയർക്ക് പി.ഡബ്ല്യൂ.ഡി. ഫോർ യു ആപ്പ് വഴിയുള്ള പരാതി പരിഹാര സംവിധാനത്തിന്റെ നോഡൽ ഓഫീസറുടെ ചുമതല നൽകിയിട്ടുണ്ട്.

**ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ**

16(4903) <u>ശ്രീ. കെ. ഡി. പ്രസേനൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പിനുകീഴിൽ ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കുമോ?

(എ & ബി) 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പിനുകീഴിൽ ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കിവരുന്നതുമായ കെട്ടിട വിഭാഗത്തിന്റെയും നിരത്ത് വിഭാഗത്തിന്റെയും നിരത്ത് പരിപാലനം വിഭാഗത്തിന്റെയും പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ആലത്തൂർ മണ്ഡലത്തിൽ സി.ആർ.എഫ്. 2016-17 ഇംപ്രൂവ്മെന്റ്സ് ടു കുഴൽമന്ദം - കൊടുവായൂർ റോഡ് ഇൻ പാലക്കാട് ഡിസ്ട്രിക്ട് എന്ന പ്രവൃത്തിയാണ് നടപ്പിലാക്കിയത്. ടി പ്രവൃത്തി 2021 ജൂൺ മാസത്തിൽ പൂർത്തീകരിച്ചു.

<u>കെ.ആർ.എഫ്.ബി. - പി.എം.യു. വിഭാഗത്തിനുകീഴിൽ</u>

1. കണ്ണാടി പന്നിക്കോട് റോഡ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. അലൈൻമെന്റ് കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. 60 ശതമാനം സ്ഥലത്ത് കിഫ്ബി എൽ.എ. തഹസിൽദാർ, ആലത്തൂരിൽനിന്നും നിലവിലുള്ള റോഡിന്റെ അതിർത്തി നിർണ്ണയിച്ച് ലഭ്യമാക്കിയിട്ടുണ്ട്. ടി ഭാഗങ്ങളിൽ കല്ലിടൽ നടപടി ആരംഭിച്ചിട്ടുണ്ട്.

2. ചുള്ളിമാട് പാലം

പ്രവൃത്തി സൈറ്റിൽ പുരോഗമിക്കുന്നു. 82 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു.

3. ആലത്തൂർ - പറകുന്നം പാലം

ആലത്തൂർ - പറകുന്നം പാലത്തിന് പുതുക്കിയ പദ്ധതിരേഖ 13.871 കോടി രൂപയുടെ സാമ്പത്തിക അനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

4. മലയോര ഹൈവെ 3rd റീച്ച് - കൊല്ലങ്കോട് മുതൽ വടക്കുംചേരി വരെ

75.83 കോടിരൂപ ഈ റീച്ചിന് അനുവദിച്ചിട്ടുണ്ട്. പദ്ധതി 27-02-2023-ൽ കിഫ്ബി എക്സിക്യൂട്ടീവ് ബോർഡ് പരിഗണിച്ചിട്ടുള്ളതാണ്.

**എൻ.ജി.ഒ. ക്വാർട്ടേഴ്സിലെ താമസക്കാരായിരുന്നവർക്ക് ഫ്ളാറ്റ്**

17(4904) <u>ശ്രീ. എം. മുകേഷ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ ആസ്ഥാനത്ത് കോടതി സമുച്ചയം നിർമ്മിക്കുന്നതിന് എൻ.ജി.ഒ. ക്വാർട്ടേഴ്സ് വക സർക്കാർ ഭൂമി വിട്ട് നൽകിയിട്ടുള്ള സാഹചര്യത്തിൽ എൻ.ജി.ഒ. ക്വാർട്ടേഴ്സിൽ താമസക്കാരായിരുന്നവരുടെ പുനരധിവാസത്തിന് ഫ്ലാറ്റ് നിർമ്മിക്കാൻ അനുമതി ലഭിച്ച പദ്ധതിയുടെ നിർവ്വഹണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ എപ്രകാരമാണ് പുരോഗമിക്കുന്നത്;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ടെണ്ടർ ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) കൊല്ലം ജില്ലാ ആസ്ഥാനത്തെ കോടതി സമുച്ചയത്തിന്റെ നിർമ്മാണത്തിൽ built up area കൂട്ടി നിലകളുടെ എണ്ണം കുറയ്ക്കാൻ നിർദ്ദേശം

വന്നതിനാൽ അപ്രകാരം പ്ലാൻ തയ്യാറാക്കിയിട്ടുള്ളതും ആയത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ ജുഡീഷ്യറിക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. കോടതിയുടെ രൂപരേഖയിൽ അന്തിമതീരുമാനം വന്നാൽ മാത്രമേ നേരത്തെ തയ്യാറാക്കിയ എൻ.ജി.ഒ ക്വാർട്ടേഴ്സിന്റെ രൂപരേഖയിൽ അന്തിമതീരുമാനം എടുക്കുവാൻ കഴിയുകയുള്ളൂ.

**ഒറ്റപ്പാലം മണ്ഡലത്തിൽ നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പൊതുമരാമത്ത് പ്രവൃത്തികൾ**

18(4905) <u>ശ്രീ. കെ. പ്രേംകുമാർ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി 2016 മുതൽ അനുവദിച്ച പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയും പദ്ധതിയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ; വിശദാംശം നൽകാമോ?

(എ & ബി) NABARD 2018-19 Improvements to Amblappara Mannur road in Ottapalam LAC. പ്രസ്തുത പ്രവൃത്തിക്കായി 700 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രവൃത്തി പൂർത്തീകരിച്ചു.

**ഒറ്റപ്പാലം മണ്ഡലത്തിലെ പ്രവൃത്തികൾ**

19(4906) <u>ശ്രീ. കെ. പ്രേംകുമാർ:</u> താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

2023-24-ലെ ബഡ്ജറ്റിൽ ഒറ്റപ്പാലം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലെ പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രവൃത്തികൾക്കാണെന്നും എത്ര തുകയാണെന്നും വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെയും പാലം വിഭാഗത്തിന്റെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ആലത്തൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച പൊതുമരാമത്ത് പ്രവൃത്തികൾ**

20(4907) <u>ശ്രീ. കെ. ഡി. പ്രസേനൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം മുതൽ ഇതുവരെ നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ പുരോഗതിയും വിശദമാക്കാമോ?

(എ & ബി) NABARD XXV –Improvements to Kunissery – Vallangy road Km 0/000 to 6/460 എന്ന പ്രവൃത്തിക്ക് 500 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രവൃത്തി പൂർത്തീകരിച്ചു.

**പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടുള്ള റോഡ് നിർമ്മാണം**

21(4908) <u>ശ്രീ. എം. വിജിൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം സംബന്ധിച്ച പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശത്തെ തുടർന്ന് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് 2005-ൽ പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡുകളെ കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. തുടർന്ന് തിരുവനന്തപുരം ജില്ലയിലെ ചാവടിമുക്ക് - പുല്ലാനിവിള - നരിക്കൽ റോഡിൽ 500 മീറ്റർ സ്ട്രെച്ച് പ്ലാസ്റ്റിക് ഉപയോഗിച്ച് ജനുവരി 2006-ൽ പരീക്ഷണാടിസ്ഥാനത്തിൽ ചിപ്പിംഗ് കാർപ്പറ്റ് റോഡ് നിർമ്മിച്ചിട്ടുണ്ട്.

(ബി) പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം ഏതൊക്കെ ജില്ലകളിലാണ് നടത്തിയിട്ടുള്ളത്;

(സി) ഇത്തരത്തിൽ നിർമ്മിച്ച റോഡുകൾ സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ; കൂടുതൽ റോഡുകൾ ഈ വിധത്തിൽ നിർമ്മാണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

(ബി &സി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പുതുതായി ബി.സി. ഉപരിതലം ചെയ്യുന്ന എല്ലാ റോഡുകളിലും കുറഞ്ഞത് 50 ശതമാനം നീളമെങ്കിലും പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എല്ലാ ജില്ലകളിലുമായി 460 കി.മീ.

റോഡുകൾ പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിച്ചിട്ടുണ്ട്. ഇത്തരം റോഡുകൾ കൂടുതൽ ദൃഢതയാർന്നതും വെള്ളക്കെട്ട് മൂലമുണ്ടാകുന്ന കേടുപാടുകളിൽ നിന്നും ഉയർന്ന പ്രതിരോധശേഷിയുള്ളവയുമാണ്. കൂടാതെ പ്ലാസ്റ്റിക് മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതുമൂലം ഇവ പരിസ്ഥിതി സൗഹാർദ്ദവുമാണ്.

## കുറ്റ്യാടി- പെരിങ്ങത്തൂർ- കൂത്തുപറമ്പ്- മട്ടന്നൂർ എയർപോർട്ട് റോഡിന്റെ നിർമ്മാണ പുരോഗതി

22(4909) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കുറ്റ്യാടി - പെരിങ്ങത്തൂർ – കൂത്തുപറമ്പ് - മട്ടന്നൂർ എയർപോർട്ട് റോഡ് നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി വിശദമാക്കുമോ?

കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി മുതൽ കണ്ണൂർ ജില്ലയിലെ മട്ടന്നൂർ വരെയുള്ള റോഡ് കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് കണക്ടിവിറ്റി റോഡിൽ ഉൾപ്പെടുത്തി 4 വരിയായി വികസിപ്പിക്കുന്നതിന് 30-12-2017-ൽ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനെ തുടർന്ന് വിശദ പദ്ധതി രേഖ തയ്യാറാക്കുന്നതിനായി ബാംഗ്ലൂർ ആസ്ഥാനമായ IDECK എന്ന

സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി മുതൽ പെരിങ്ങത്തൂർവരെയുള്ള ഭാഗത്തെ അലൈൻമെന്റിന് അന്തിമ തീരുമാനമായിട്ടില്ല.

കണ്ണൂർ ജില്ലയിലെ പെരിങ്ങത്തൂർ മുതൽ മട്ടന്നൂർ വരെ 29.80 കി.മീ. ഭാഗത്തിന്റെ ഡി.പി.ആർ. 15-02-2021-ൽ കിഫ്ബിയിൽ സമർപ്പിക്കുകയുണ്ടായി. തുടർന്ന് കിഫ്ബി നൽകിയ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി അധിക സ്ഥല പരിശോധന നടത്തി പരിഷ്കരിച്ച ഡി.പി.ആർ. 24-05-2022-ൽ കിഫ്ബിയിൽ സമർപ്പിച്ചു. പ്രസ്തുത ഡി.പി.ആർ. പ്രകാരം പദ്ധതി തുക 1009.98 കോടി രൂപയാണ്. ഇതിൽ സ്ഥലം ഏറ്റെടുക്കുന്നതിനായി 591.03 കോടി രൂപ ഉൾപ്പെടുന്നുണ്ട്. പ്രസ്തുത റോഡിന്റെ നിർമ്മാണത്തിനായി 45.53 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള അർത്ഥനാ പത്രം കണ്ണൂർ ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ 29.80 കി.മീ. പ്രവൃത്തിയുടെ ഡി.പി.ആർ. കിഫ്ബിയുടെ അപ്രൈസൽ വിഭാഗത്തിന്റെ പരിശോധനയിലാണ്. പ്രസ്തുത

പ്രവൃത്തിയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്ന് ലഭ്യമാക്കി സ്ഥലമേറ്റെടുക്കൽ പൂർത്തിയാക്കി സാങ്കേതികാനുമതിക്കും തുടർന്ന് ടെണ്ടർ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത റോഡിന്റെ കുത്തുപറമ്പ് മണ്ഡലത്തിൽ വരുന്ന ഭാഗങ്ങളിലെ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്നും ഇനി ബാക്കിയുള്ള പ്രവൃത്തികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

ഈ റോഡിന്റെ കുത്തുപറമ്പ് മണ്ഡലത്തിൽപ്പെടുന്ന ഭാഗത്തെ കല്ലിടൽ പ്രവൃത്തി പുരോഗതിയിലാണ്. റവന്യൂ വകുപ്പ് മുഖാന്തരം സ്ഥലമേറ്റെടുക്കൽ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമാക്കാനും തുടർന്ന് സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ടെണ്ടർ നടപടികളിലേയ്ക്ക് കടക്കാനും സാധിക്കും.

(സി) റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമിയുടെയും കെട്ടിടങ്ങളുടെയും നഷ്ടപരിഹാര തുക കണക്കാക്കുന്നതിനുള്ള

മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; നഷ്ടപരിഹാര തുക എപ്പോൾ വിതരണം ചെയ്യാൻ സാധിക്കും; വിശദമാക്കുമോ?

2013 സ്ഥലം ഏറ്റെടുക്കൽ നിയമം (The Right to Fair Compensation and Transparency in Land Acquisition, rehabilitation and Resettlement Act, 2013) നിഷ്കർഷിക്കുന്ന പ്രകാരം നഷ്ടപരിഹാര തുക കണക്കാക്കി റവന്യൂ വകുപ്പ് മുഖാന്തിരം വിതരണം ചെയ്യുന്നതാണ്.

(ഡി) പ്രസ്തുത റോഡ് നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

കണ്ണൂർ ജില്ലയിൽ വരുന്ന ഭാഗത്ത് റവന്യൂ വകുപ്പ് മുഖാന്തരം സ്ഥലമേറ്റെടുക്കൽ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനും തുടർന്നു സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുന്നതിനും സാധിക്കുന്നതാണ്. കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി - പെരിങ്ങത്തൂർ വരെയുള്ള ഭാഗത്തിന്റെ അലൈൻമെന്റ് അന്തിമമായി തീരുമാനിച്ച തുടർ നടപടി സ്വീകരിക്കാനാകും.

## ബൂസ്റ്റർ പമ്പ് സ്ഥാപിക്കുന്നതിനുള്ള നടപടി

23(4910) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (കെ.എസ്.ടി.പി.) ഏറ്റെടുത്ത് നിർമ്മാണം പൂർത്തിയായ സ്ഥലങ്ങളിൽ പഴയ റോഡുകളുടെ ഭാഗമായിരുന്നതും ഇപ്പോൾ ഉപയോഗിക്കാതെ കിടക്കുന്നതുമായ ഇടങ്ങളിലൂടെ ജലജീവൻ പദ്ധതിയുടെ ലൈൻ കടന്നുപോകുന്നുണ്ടെങ്കിൽ അവിടെ ബൂസ്റ്റർ പമ്പ് സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കാമോ?

കെ.എസ്.ടി.പി. ഏറ്റെടുത്ത് നിർമ്മാണം പൂർത്തിയായ സ്ഥലങ്ങളിൽ പഴയ റോഡുകളുടെ ഭാഗമായിരുന്നതും ഇപ്പോൾ ഉപയോഗിക്കാതെ കിടക്കുന്നതുമായ ഇടങ്ങളിൽ കെ.എസ്.ടി.പി.-യിൽ നിന്ന് റോഡ് കൈമാറുന്ന കാലവധിക്കുള്ളിൽ സ്ഥലം ലഭ്യമാണെങ്കിൽ ജലജീവൻ

പദ്ധതിയുടെ ലൈൻ കടന്നുപോകുന്നതിന് അനുമതി നൽകാവുന്നതാണ്. എന്നാൽ കെ.എസ്.ടി.പി. നിർമ്മാണവും ബാധ്യതാകാലാവധിയും പൂർത്തിയാക്കി നിരത്ത് വിഭാഗത്തിന് കൈമാറുന്ന റോഡുകളിൽ പഴയ റോഡുകളുടെ ഭാഗമായിരുന്നതും ഇപ്പോൾ ഉപയോഗിക്കാതെ കിടക്കുന്നതുമായ ഇടങ്ങളിലൂടെ ജലജീവൻ പദ്ധതിയുടെ ലൈൻ കടന്നുപോകുന്നുണ്ടെങ്കിൽ അവിടെ ബൂസ്റ്റർ പമ്പ് സ്ഥാപിക്കുന്നതിനായി വാട്ടർ അതോറിറ്റിയിൽ നിന്നും അപേക്ഷ ലഭിക്കുന്നമുറയ്ക്ക് തീരുമാനം കൈക്കൊള്ളാൻ കഴിയും.

**വെങ്കിടങ്ങ് -കണ്ണോത്ത്-പുല്ല റോഡ്**

24(4911) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വെങ്കിടങ്ങ്-കണ്ണോത്ത്-പുല്ല റോഡിന്റെ ആകെ ദൈർഘ്യം എത്ര കിലോമീറ്ററാണ്; അതിൽ എത്ര കിലോമീറ്റർ റോഡിന്റെ നിർമ്മാണം പൂർത്തിയാക്കിയെന്നും എത്ര കിലോമീറ്റർ റോഡ് നബാർഡ് ഗ്രാമീണ

പശ്ചാത്തല വികസന ഫണ്ടിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നുവെന്നും വ്യക്തമാക്കാമോ;

തൃശ്ശൂർ നിരത്ത് വിഭാഗം കാര്യാലയത്തിന് കീഴിൽ വരുന്ന വെങ്കിടങ്ങ് - കണ്ണോത്ത് - പുല്ല റോഡിന്റെ ആകെ ദൈർഘ്യം 6.5 കി.മീ. ആണ്. പ്രസ്തുത 6.5 കി.മീ. റോഡ് നിർമ്മാണം പൂർത്തീകരിച്ച് ഗതാഗത യോഗ്യമാക്കിയിട്ടുള്ളതാണ്. ടി റോഡിന്റെ തുടർച്ചയായുള്ള ബണ്ട് റോഡ് KLDC-ക്ക് കീഴിൽ വരുന്നതാണ്. നബാർഡ് ഗ്രാമീണ പശ്ചാത്തല വികസന ഫണ്ടിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡ് ഭാഗത്ത് ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും നടക്കുന്നില്ല.

(ബി) പ്രസ്തുത പാതയിൽ ഇപ്പോൾ നടന്നു വരുന്ന പ്രവൃത്തികളുടെ വിശദാംശം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡ് നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

(ബി & സി) പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റോഡുഭാഗത്ത് ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും നടക്കുന്നില്ല.

**റണ്ണിംഗ് കോൺട്രാക്ട് രണ്ടാം ഘട്ടം**

25(4912) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ആന്റണി ജോൺ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ റോഡുകളുടെ നിർമ്മാണ കരാർ കാലാവധി കഴിഞ്ഞും തകരാർ പരിഹരിക്കുന്നതിനായി മുൻകൂർ കരാർ സംവിധാനമായ റണ്ണിംഗ് കോൺട്രാക്ട് രണ്ടാം ഘട്ടം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

റണ്ണിംഗ് കോൺട്രാക്ട് രണ്ടാം ഘട്ടം ഫേസ് I-നായി 13-05-2022-ലെ ജി.ഒ. (ആർ.ടി.) നം. 530/2022/പി.ഡബ്ല്യു.ഡി. പ്രകാരം 184.98 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. ഫേസ് II പ്രവൃത്തികൾക്കായി 04-02-2023-ലെ ജി.ഒ. (ആർ.ടി.) നം.120/2023/പി.ഡബ്ല്യു.ഡി. പ്രകാരം 183.4004 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടി പുരോഗമിക്കുന്നു.

(ബി) സംസ്ഥാനത്തെ എത്ര കിലോമീറ്റർ റോഡുകൾക്ക് റണ്ണിംഗ് കോൺട്രാക്റ്റ് ഏർപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ 12332 കി.മീ. റോഡ് റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടുത്തി പ്രവൃത്തി നടപ്പിലാക്കി വരുന്നു. കൂടാതെ 7685 കി.മീ. റോഡുകൾക്ക് ടെണ്ടർ നടപടി പുരോഗമിക്കുന്നു.

**തിരുവനന്തപുരം മുതൽ അങ്കമാലി വരെയുള്ള ദേശീയപാത നിർമ്മാണം**

26(4913) ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തിരുവനന്തപുരം മുതൽ അങ്കമാലി വരെ ദേശീയപാത നിർമ്മിക്കുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

തിരുവനന്തപുരം മുതൽ അങ്കമാലി വരെ എം.സി. റോഡിന് സമാന്തരമായി 4 വരി ഗ്രീൻഫീൽഡ് പാത ദേശീയപാത അതോറിറ്റിയാണ് നടപ്പാക്കുന്നത്. പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കാനുള്ള തുകയുടെ 25

ശതമാനം സംസ്ഥാന സർക്കാർ വഹിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണച്ചുമതല ആർക്കാണെന്നും ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടം വരെയായെന്നും ഇനി എന്തൊക്കെ നടപടികളാണ് ഉള്ളതെന്നും അറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം റോഡിന് എത്ര മീറ്റർ വീതിയാണ് ഉദ്ദേശിക്കുന്നത്; റോഡിൽ എന്തൊക്കെ സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്നും പ്രസ്തുത നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ;

(ഇ) പത്തനംതിട്ട ജില്ലയിൽ പ്രസ്തുത പദ്ധതി പ്രകാരമുള്ള റോഡിന്റെ സ്കെച്ച് ലഭ്യമാക്കാമോ?

(ബി - ഇ) ദേശീയപാത അതോറിറ്റിയാണ് പദ്ധതി നടപ്പാക്കുന്നത്. ഭൂമി ഏറ്റെടുക്കൽ ബന്ധപ്പെട്ട CALA ഉദ്യോഗസ്ഥർ മുഖേനയാണ് നടപ്പാക്കുന്നത്. NH ACT 1956 പ്രകാരമുള്ള 3(a) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയുടെ Stage 2 അലൈൻമെന്റിന് ദേശീയപാത അതോറിറ്റിയുടെ LA Committee-യുടെ അംഗീകാരം ലഭ്യമാകേണ്ടതുണ്ട്. അന്തിമ അംഗീകാരം ലഭ്യമായതിന് ശേഷമേ പദ്ധതിയുടെ അലൈൻമെന്റ് സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാകൂ.

**പുതുക്കാട്-മുപ്ലിയം റോഡിന്റെ നിർമ്മാണം**

27(4914) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പുതുക്കാട് നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നവീകരിക്കുന്ന പുതുക്കാട്-മുപ്ലിയം റോഡിന്റെ ഒന്നാംഘട്ടം നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രോജക്ടിൽ ഉഴിഞ്ഞാൽപ്പാടം പാലം നിർമ്മാണംകൂടി ഉൾപ്പെടുത്തി ആദ്യ റീച്ചിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന് അനുമതി ലഭ്യമാക്കുന്നതിനും പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ & ബി) പുതുക്കാട് മുപ്ലിയം റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിക്ക് 01-11-2016-ൽ 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് കിഫ്ബിയിൽ നിന്നും 15-02-2020-ൽ 59.2 കോടി രൂപയ്ക്ക് സാമ്പത്തികാനുമതിയും ലഭിച്ചു. 18.2 കി. മീ. റോഡാണ് പദ്ധതി പ്രകാരം പുനരുദ്ധരിക്കേണ്ടത്. മേൽ റോഡ് കിഫ്ബിയുടെ FDR പ്രവൃത്തിയിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് ലഭ്യമായതാണ്. FDR ചെയ്യുന്നതിന് റോഡിന് 9 മീറ്റർ വീതി വേണമെന്ന് കിഫ്ബി നിഷ്കർഷിച്ചിട്ടുണ്ട്. തൻമൂലം നിലവിൽ 9 മീറ്റർ വീതിയുള്ള 0/000 മുതൽ 9/200 വരെയുള്ള ഭാഗം, Ch. 1/200-ൽ വരുന്ന ഉഴിഞ്ഞാൽ പാടം പാലംകൂടി ഉൾപ്പെടുത്തി ആദ്യ ഘട്ടമായി നടപ്പിലാക്കാനും ബാക്കിഭാഗം രണ്ടാം ഘട്ടമായി സ്ഥലം ലഭ്യമായതിനുശേഷം നടപ്പിലാക്കാനും ബഹുമാനപ്പെട്ട പുതുക്കാട്

എം.എൽ.എ. ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ Ch.1/200-ൽ സ്ഥിതി ചെയ്യുന്ന ഉഴിഞ്ഞാൽപ്പാടം പാലം പുതുക്കാട് മുപ്ലിയം റോഡ് പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടില്ല. ഈ പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിൻകീഴിൽ നടപ്പിലാക്കുന്നതിനായി മണ്ണ് പരിശോധന നടത്തി പ്രാഥമിക ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ ഉഴിഞ്ഞാൽ പാടം പാലം കൂടി ഉൾപ്പെടുത്തി സാമ്പത്തികാനുമതി പുതുക്കി നൽകണമെന്നാവശ്യപ്പെട്ട് കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് 17-11-2022-ൽ കത്ത് നൽകിയിട്ടുണ്ട്. ഉഴിഞ്ഞാൽ പാടം പാലം ഉൾപ്പെടുത്തി സാമ്പത്തികാനുമതി പുതുക്കി പ്രവൃത്തി നടപ്പിലാക്കുന്നതിന് കിഫ്ബി അനുമതി നൽകുന്നമുറയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യാൻ സാധിക്കുന്നതാണ്.

**പട്ടാമ്പി മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ**

28(4915) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

പട്ടാമ്പി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡ് വിഭാഗത്തിൻ കീഴിൽ എത്ര കിലോമീറ്റർ റോഡ് ഉണ്ടെന്ന് വ്യക്തമാക്കാമോ?

പട്ടാമ്പി നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡ് വിഭാഗത്തിൻ കീഴിൽ 134.612 കി.മീ. റോഡാണുള്ളത്.

**ആലുവ-കാരോത്തുംകുഴി ആശുപത്രി കവല-മാർക്കറ്റ് റോഡ് വികസനം**

29(4916) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ആലുവ ടൗണിലെ രൂക്ഷമായ ഗതാഗതകുരുക്ക് പരിഹരിക്കുന്നതിനായി ആലുവ-കാരോത്തുംകുഴി ആശുപത്രി കവല മുതൽ മാർക്കറ്റ് വരെയുള്ള റോഡ് വീതികൂട്ടുന്ന പ്രവൃത്തി സംബന്ധിച്ച് അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കണമെന്ന പൊതുമാരാമത്ത് വകുപ്പ് സെക്രട്ടറിയുടെ 11-11-2022-ലെ ജി2/424/2022/പൊ.മ.വ. നമ്പർ കത്തിന്മേൽ നിരത്ത് വിഭാഗം ചീഫ് എഞ്ചിനിയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ഫണ്ട് അനുവദിച്ച് എത്രയും വേഗം പണി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആലുവ മാർക്കറ്റ് റോഡ് വീതി കൂട്ടി വികസിപ്പിക്കുന്നതിനായി RD/2019/4071/PRICE ID പ്രകാരം 9 കോടി രൂപയുടെ എസ്റ്റിമേറ്റ് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കിയിരുന്നെങ്കിലും ബഡ്ജറ്റിൽ മതിയായ ഫണ്ട് വകയിരുത്താത്തതിനാൽ ഭരണാനുമതി നൽകാൻ കഴിഞ്ഞിട്ടില്ല.

**മാസ് കുമാരി-കുരുഡപ്പദവ് റോഡ് സഞ്ചാരയോഗ്യമാക്കുന്നതിന് നടപടി**

30(4917) <u>ശ്രീ. എ. കെ. എം. അഷ്റഫ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ മാസ് കുമാരി-കുരുഡപ്പദവ് പൊതുമരാമത്ത് റോഡ് തകർന്ന് സഞ്ചാരയോഗ്യമല്ലാതായി തീർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡിന് ഫണ്ട് അനുവദിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ -സി) മഞ്ചേശ്വരം മണ്ഡലത്തിലെ മാസ് കുമാരി-കുരുഡപ്പദവ് റോഡ് നവീകരണത്തിനുള്ള എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

**തിരൂർ മണ്ഡലത്തിലെ മാങ്ങാട്ടിരി-പൂക്കൈത-പുല്ലൂനി റോഡ് നവീകരണം**

31(4918) <u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തിരൂർ നിയോജകമണ്ഡലത്തിലെ മാങ്ങാട്ടിരി-പൂക്കൈത-പുല്ലൂനി റോഡിൽ പൂങ്ങോട്ടുകുളം മുതൽ മാങ്ങാട്ടിരി വരെ വീതി കൂട്ടി നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി

മൂലം റോഡ് പൂർണ്ണമായും തകർന്ന് ഗതാഗത യോഗ്യമല്ലാതായ സാഹചര്യത്തിൽ പ്രസ്തുത റോഡ് ഗതാഗത യോഗ്യമാക്കുന്നതിനായി എന്ത് നടപടികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ ജി3/482/പൊ.മ.വ./22 നമ്പർ ഫയലിൽ പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുന്ന പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന വിവരം ലഭ്യമാക്കുമോ?

(എ & ബി) തിരൂർ നിയോജകമണ്ഡലത്തിലെ മാങ്ങാട്ടിരി-പൂക്കൈത-പുല്ലൂനി റോഡിൽ പൂങ്ങോട്ടുകുളം മുതൽ മാങ്ങാട്ടിരി വരെ വീതി കൂട്ടി നവീകരിക്കുന്ന പ്രവൃത്തി പുരോഗമിക്കവേ കേരള ജല അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കാൻ അപേക്ഷ സമർപ്പിക്കുകയും 22-01-2022-ന് പൊതുമരാമത്ത് വകുപ്പിൽനിന്നും ഡിമാന്റ് നോട്ടീസ് നൽകുകയും കേരള വാട്ടർ അതോറിറ്റി റെസ്റ്റോറേഷൻ തുക അടവാക്കിയതിന്റെ അടിസ്ഥാനത്തിൽ 16-09-2022-ന് സൈറ്റ് കൈമാറുകയും ചെയ്തു. കേരള വാട്ടർ അതോറിറ്റിയുടെ പ്രവൃത്തിയുടെ കാലതാമസം കാരണവും അനുമതി

നൽകിയതിനേക്കാൾ കൂടുതൽ വീതിയിൽ റോഡ് കട്ട് ചെയ്തതിനാലും നിലവിലെ റോഡ് തകരാറിലായതിനാൽ പ്രവൃത്തിക്കായി തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റ് നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(സി) തിരൂർ നഗരത്തിലെ പ്രധാന റോഡ് എന്ന പരിഗണന നൽകി പ്രസ്തുത റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നമുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**വാമനപുരം നിയോജകമണ്ഡലത്തിലെ റോഡ് നിർമ്മാണം**

32(4919) <u>ശ്രീ. ഡി. കെ. മുരളി:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ കാരേറ്റ് മുതൽ പാലോട് വരെയുള്ള (വാമനപുരം ചിറ്റാർ) റോഡിൽ കിഫ്ബി മുഖാന്തരം 2018 മുതൽ നിർമ്മാണം ആരംഭിച്ച നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ അറിയിക്കാമോ;

വാമനപുരം ചിറ്റാർ റോഡിന്റെ പ്രവൃത്തിക്ക് 01-11-2016-ൽ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 26-07-2017-ൽ 31.70 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. 28-09-2017-ൽ സാങ്കേതികാനുമതി നൽകി 05-10-2017-ൽ ഏറ്റവും കുറവ് തുകയായ 24.83 കോടി രൂപ രേഖപ്പെടുത്തിയ കരാറുകാരനുമായി കരാറിൽ ഏർപ്പെടുകയും എന്നാൽ സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാകാത്തതിനാൽ 18-02-2022-ൽ കോൺട്രാക്ടറുടെ റിസ്ക് ആൻഡ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്തിട്ടുള്ളതുമാണ് നിലവിൽ DBM ഉൾപ്പടെ 85 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാലൻസ് പ്രവൃത്തിയായ BC, റോഡ് സേഫ്റ്റി തുടങ്ങിയവയുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി 19-04-2022-ൽ ടെണ്ടർ ചെയ്യുകയും ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ കരാറുകാരന്റെ ടെണ്ടർ 21-10-2022-ലെ 37-ാമത് ടെണ്ടർ അപ്രൂവൽ കമ്മിറ്റി സർക്കാരിലേയ്ക്ക് സമർപ്പിക്കാൻ ശിപാർശ ചെയ്യുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാരിലേക്ക് ലഭിച്ച പ്രൊപ്പോസൽ പരിശോധിച്ച

വരുന്നു. വാമനപുരം ചിറ്റാർ റോഡിലെ കാരേറ്റ് മുതൽ പാലോട് വരെയുള്ള ഭാഗം BM പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രവൃത്തിയുടെ അടങ്കൽ തുക, സാങ്കേതികാനുമതി തുക, റോഡ് നിർമ്മാണത്തിന് ഇതുവരെ ചെലവായ തുക എന്നിവ സംബന്ധിച്ച വിശദാംശം നല്കുമോ?

പ്രവൃത്തിയുടെ അടങ്കൽ തുക 31,09,63,045/- രൂപയും സാങ്കേതികാനുമതി തുക 31,70,00,000/- രൂപയുമാണ്. റോഡ് നിർമ്മാണത്തിന് ഇതുവരെ 16,33,18,656/- രൂപയുടെ ബിൽ കിഫ്ബിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

(സി) ബാക്കി എന്തെല്ലാം പ്രവൃത്തികളാണ് ഇനി നിർവഹിക്കാനുള്ളതെന്നും അവ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

BC, റോഡ് സേഫ്റ്റി പ്രവൃത്തികൾ, ബസ് ഷെൽട്ടർ തുടങ്ങിയ പ്രവൃത്തികളാണ് ബാക്കിയുള്ളത്. ബാലൻസ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിന് 19-04-2022-ൽ സാങ്കേതികാനുമതി നൽകി 4 തവണ ടെണ്ടർ ചെയ്യുകയും

അവസാനത്തെ ടെണ്ടറിൽ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ കരാറുകാരന്റെ ടെണ്ടർ 21-10-2022-ലെ 37-ാമത് ടെണ്ടർ അപ്രൂവൽ കമ്മിറ്റി സർക്കാരിലേക്ക് സമർപ്പിക്കാൻ ശിപാർശ ചെയ്യുകയും ചെയ്തു. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. ആയതിന് അംഗീകാരം നൽകുന്ന മുറയ്ക്ക് കരാർ നൽകി പ്രവൃത്തി നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ഇതുവരെ നടത്തിയ പ്രവൃത്തികൾ ചില സ്ഥലങ്ങളിൽ ഇളകിതുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

BM പ്രവൃത്തി പൂർത്തിയാക്കിയതിനുശേഷം BC പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ ചില സ്ഥലങ്ങളിൽ BM ഇളകി തുടങ്ങിയിട്ടുണ്ട്. ബാക്കി പ്രവൃത്തികൾക്കായി ടെണ്ടർ പൂർത്തിയാക്കുന്ന മുറയ്ക്ക് ആയത് പരിഹരിക്കാൻ കഴിയുമെന്ന് കരുതുന്നു.

**പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ മെയിന്റനൻസ്**

33(4920) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u>
<u>ശ്രീമതി ഉമ തോമസ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ മെയിന്റനൻസിനായി അനുവദിച്ച തുക എത്രയെന്നും ഇതിൽ എത്ര തുക ചെലവഴിച്ചുവെന്നും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

നിരത്തുകൾ, ദേശീയപാത വിഭാഗത്തിൽ അറ്റകുറ്റപ്പണി ഹെഡിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ പട്ടികയായി തയ്യാറാക്കിയത് അനുബന്ധമായി ചേർക്കുന്നു.+ നിരത്ത് വിഭാഗത്തിൽ റണ്ണിംഗ് കോൺട്രാക്ട് വഴിയാണ് ഇപ്പോൾ ഭൂരിഭാഗം റോഡുകളിലും അറ്റകുറ്റപ്പണിയും നിരത്ത് പരിപാലനവും നടത്തുന്നത്.

(ബി) സംസ്ഥാനത്ത് റോഡുകളിലെ കുഴികളിൽ വീണ് ജനങ്ങൾ മരണപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികളുടെ വിശദാംശം നൽകാമോ?

സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ പോട്ട്ഹോൾ ഫ്രീ ആയി നിലനിർത്തുന്നതിനുവേണ്ടി വകുപ്പ് വിവിധ പദ്ധതികൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പിലാക്കിവരുന്നു. ഇതിനായി റണ്ണിംഗ് കോൺട്രാക്ട് എന്ന നൂതന കരാർ പദ്ധതി ഈ സർക്കാർ നടപ്പിലാക്കി. ഇതിൻ പ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന റോഡുകളുടെ പരിപാലനം ഒരു വർഷത്തേയ്ക്ക് ഒരു കരാറുകാരനെ ഏൽപ്പിക്കുകയും കരാറുകാരൻ പ്രസ്തുത റോഡുകളിലെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിച്ച് റോഡ് ഗതാഗത യോഗ്യമാക്കി നിലനിറുത്തുകയും ചെയ്യുന്നു. ഇതുകൂടാതെ തെരഞ്ഞെടുക്കപ്പെടുന്ന റോഡുകളിൽ 7 വർഷത്തെ പരിപാലനം ഒരു കരാറുകാരനെ ഏൽപ്പിക്കുന്ന OPBRC പദ്ധതിയും നിലവിലുണ്ട്. കൂടാതെ പ്രവൃത്തി നടക്കുന്നയിടങ്ങളിലെ അപകടം ഒഴിവാക്കാനായി ഭരണവിഭാഗം ചീഫ് എഞ്ചിനീയറുടെ സർക്കുലർ പ്രകാരം വർക്ക് സോൺ സേഫ്റ്റിയെ സംബന്ധിച്ച് ഗൈഡ് ലൈനുകളും കർശന നിർദ്ദേശവും സൈറ്റിലെ എഞ്ചിനീയർമാർക്ക് നൽകിയിട്ടുണ്ട്.

**ദേശീയ പാതകളുടെ നവീകരണവും ഹൈവേ നിർമ്മാണവും**

34(4921) <u>ശ്രീ. തോമസ് കെ. തോമസ്:</u>
<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:</u>
<u>ശ്രീ. കെ. പി. മോഹനൻ:</u>

ശ്രീ കോവൂർ കുഞ്ഞുമോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ ദേശീയ പാതകളുടെ നവീകരണം യഥാസമയം നടത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ദേശീയപാത വികസനം യഥാസമയം നടത്തുന്നതിന് ഭൂമി ഏറ്റെടുക്കൽ നടപടികൾ, നിർമ്മാണ പ്രവൃത്തികൾ എന്നിവ വിവിധതലങ്ങളിൽ കൃത്യമായി അവലോകനം ചെയ്യാറുണ്ട്. മാത്രമല്ല, പാത നിർമ്മാണത്തിന് വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യോഗങ്ങൾ നടത്താറുണ്ട്. മന്ത്രിതലത്തിൽ യോഗങ്ങൾ ചേരുകയും പ്രവൃത്തി ഇടങ്ങളിൽ എത്തി പരിശോധന നടത്തുകയും ചെയ്യുന്നു. പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ ദേശീയപാത അതോറിറ്റിക്ക് എല്ലാ സഹായവും സംസ്ഥാന സർക്കാർ ഉറപ്പുവരുത്തുന്നുണ്ട്.

ദേശീയപാത 66-ന്റെ വികസനം യാഥാർത്ഥ്യമാക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുകയുടെ 25 ശതമാനം സംസ്ഥാനം വഹിക്കുന്നതുമായി ബന്ധപ്പെട്ട് NHAI, KIIFB, പൊതുമരാമത്ത് വകുപ്പ് എന്നിവരുൾപ്പെട്ട ത്രികക്ഷി കരാർ ഒപ്പിടുന്നതിന് സംസ്ഥാന സർക്കാർ അനുമതി നൽകുകയും ഈ ഇനത്തിൽ ഇതുവരെ 55,80,73,80,071/- രൂപ NHAI-ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ദേശീയപാത അതോറിറ്റി ആവശ്യപ്പെട്ടതുപ്രകാരം കരാറിന്റെ പരിധി മൂന്ന് ഗ്രീൻഫീൽഡ് അലൈൻമെന്റുകൾക്കുകൂടി ബാധകമാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന് അനുവദിച്ച വിവിധ ഹൈവേകളിൽ ഇനിയും നിർമ്മാണം ആരംഭിക്കാത്തവയുടെ നിർമ്മാണം തുടങ്ങുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

MoRTH/NHAI-യുടെ അനുമതി ലഭ്യമായ പാതകളിൽ കരാർ ഒപ്പുവച്ച എല്ലാ പദ്ധതികളുടെയും പ്രവൃത്തി ആരംഭിച്ചതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ളവയുടെ വിശദമായ പദ്ധതിരേഖ (ഡി.പി.ആർ.) തയ്യാറാക്കിവരുന്നു.

**പുത്തൂർ-ചെനക്കൽ ബൈപ്പാസ് നിർമ്മാണം**

35(4922) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ പുത്തൂർ-ചെനക്കൽ ബൈപ്പാസ് (മൂന്നാം ഘട്ടം) റോഡിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരതുക ഉൾപ്പെടെയുള്ള പുതിയ ഡിസൈന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ആവശ്യമായി വരുന്ന തുകയ്ക്കുള്ള പുതുക്കിയ ഭരണാനുമതിയ്ക്കുവേണ്ടിയുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ടോ; ആയതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡിന്റെ നിർമ്മാണ പ്രവൃത്തിക്ക് വേണ്ടി സമർപ്പിച്ച 31,15,00,000/- രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് പരിശോധിച്ച് GST പുതുക്കിയ നിരക്ക് ഉൾപ്പെടുത്തിയുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട്, അലൈൻമെന്റ് പ്ലാൻ എന്നിവയുടെ അടിസ്ഥാനത്തിൽ ബൈപ്പാസ് റോഡിന്റെ പുതിയ ഡിസൈൻ എറണാകുളം റീജിയണൽ ഡിസൈൻ യൂണിറ്റിൽനിന്നും ലഭ്യമായിട്ടുണ്ടോ; പ്രസ്തുത ഡിസൈൻ പ്രകാരമുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ബി & സി) Investigation report, Alignment Plan എന്നിവയുടെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾക്കനുസൃതമായി ഡിസൈൻ ചെയ്യുന്നതിന് അലൈൻമെന്റിൽ മാറ്റങ്ങൾ ആവശ്യമാണെന്നും ഇതിനുള്ള സാധ്യത വിലയിരുത്തുന്നതിനാവശ്യമായ നടപടികൾക്കുമായി ഡിസൈൻ വിംഗിൽ നിന്നും കത്ത് ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സാധ്യതാ പഠനത്തിന് നടപടി സ്വീകരിച്ചുവരുന്നു. അലൈൻമെന്റിൽ വ്യത്യാസം വരുത്തേണ്ടിവരുകയാണെങ്കിൽ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട

ഏരിയ, തുക എന്നിവയിൽ വ്യത്യാസം വരാൻ സാധ്യതയുണ്ട്. ആയതിനാൽ പുതിയ അലൈൻമെന്റ് നിശ്ചയിച്ച് റോഡ് ഡിസൈൻ ലഭ്യമാക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കല്ലട്ക്ക-ചെർക്കള റോഡ് നിർമ്മാണ നടപടികൾ**

36(4923)ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിലെ കല്ലട്ക്ക-ചെർക്കള റോഡ് ടെണ്ടർ ചെയ്ത് കരാർ ഒപ്പുവച്ചതും പ്രവൃത്തി തുടങ്ങിയതും എന്നാണെന്ന് വ്യക്തമാക്കാമോ?

കല്ലട്ക്ക-ചെർക്കള റോഡ് പ്രവൃത്തി ടെണ്ടർ ചെയ്തത് 12-07-2018-നും കരാർ ഒപ്പുവച്ചത് 17-10-2018-നും ആകുന്നു. 25-10-2018-ൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്തു. പ്രവൃത്തി തുടങ്ങിയത് 21-01-2019-ൽ ആണ്.

(ബി) ഈ റോഡിന്റെ എത്ര ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത റോഡ് പ്രവൃത്തിയുടെ 78 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) എത്ര കോടി രൂപയുടെ പ്രവൃത്തിയാണിതെന്നും എത്ര കോടി രൂപയുടെ പ്രവൃത്തിയാണ് പൂർത്തീകരിച്ചതെന്നും വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ കരാർ തുക 35,68,01,761/- രൂപയാണ്. നാളിതുവരെ 27,87,11,193/- രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) കരാറുകാരന് ഇതുവരെ എത്ര രൂപ നൽകിയെന്ന് വ്യക്തമാക്കാമോ?

കരാറുകാരന് നിലവിൽ 27,87,11,193/- രൂപ വരെയുള്ള ബില്ലുകൾ മാറി നൽകിയിട്ടുണ്ട്.

(ഇ) ഇനി പൂർത്തിയാക്കാൻ ബാക്കിയുള്ള പ്രവൃത്തികളുടെ വിശദാംശം നൽകാമോ?

ബി.സി. പ്രവൃത്തിയും, റോഡ് സുരക്ഷാ പ്രവൃത്തികളുമാണ് പൂർത്തിയാക്കാൻ ബാക്കിയുള്ളത്.

(എഫ്) പ്രസ്തുത പ്രവൃത്തി നിലച്ചിട്ട് എത്ര കാലമായെന്നും അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ?

2022 മേയ് മാസമാണ് അവസാനമായി പ്രവൃത്തി ചെയ്തത്. ഇതിനുശേഷം നിരന്തരം ആവശ്യപ്പെട്ടിട്ടും കരാറുകാരൻ ശേഷിച്ച പ്രവൃത്തികൾ ചെയ്യാൻ തയ്യാറായിരുന്നില്ല. ഇതിനനുബന്ധമായി കരാറുകാരന് ടെർമിനേഷന് മുന്നോടിയായ ഒന്നാം നോട്ടീസ് 10-11-2022-ന് നൽകിയിരുന്നു. ആയതിനു മറുപടിയായി കരാറുകാരൻ നിരക്ക് വർദ്ധന ലഭിച്ചാൽ മാത്രമെ ഇനി ശേഷിച്ച പ്രവൃത്തികൾ ചെയ്യാൻ സാധിക്കുകയുള്ളൂവെന്നും അല്ലാത്തപക്ഷം ശേഷിച്ച പ്രവൃത്തികളിൽനിന്നും തന്നെ ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടു. 2023 February 25-ന് പ്രൊജക്ട് ഡയറക്ടർ കെ.ആർ.എഫ്.ബി.-പി.എം.യു. സ്ഥലം പരിശോധിക്കുകയും കെ.ആർ.എഫ്.ബി. എഞ്ചിനീയർമാരുമായി ചർച്ച നടത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**അരൂർ നിയോജകമണ്ഡലത്തിലെ ചേർത്തല-അരൂക്കുറ്റി റോഡ് നിർമ്മാണം**

37(4924) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) അരൂർ നിയോജകമണ്ഡലത്തിൽ ചേർത്തല-അരൂക്കുറ്റി റോഡിൽ പൂച്ചാക്കൽ മുതൽ വീരമംഗലം വളവ് വരെയുള്ള നിർമ്മാണ പ്രവർത്തനം പകുതി വഴിയിൽ ഉപേക്ഷിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണ പ്രവർത്തനം പകുതി വഴിയിൽ ഉപേക്ഷിച്ച കോൺട്രാക്ടറെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി തുടർന്ന് പ്രവൃത്തികൾ നൽകാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ & ബി) Budget work 2018-19 Improvement to Cherthala - Arookkutty road from Ch.13/000 to in Arror LAC എന്ന പ്രവൃത്തി 21-02-2019-ൽ കരാർ വച്ചിട്ടുള്ളതാണ്. എന്നാൽ CTE-യുടെ ഇൻസ്പെക്ഷൻ അനുബന്ധിച്ചുള്ള നിർദ്ദേശ പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. റിവൈസ്ഡ് എസ്റ്റിമേറ്റിന്

13-05-2022-ൽ അംഗീകാരം നൽകുകയും, 10-11-2022-ൽ സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി പുനരാരംഭിക്കുകയും WMM വിരിച്ച ഭാഗങ്ങളിൽ ബി.എം. പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. എന്നാൽ ബി.എം. പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം കരാറുകാരൻ മറ്റ് പ്രവൃത്തികൾ ഒന്നുംതന്നെ ചെയ്തില്ല. കരാറിൽ നിന്ന് ഒഴിവാക്കണമെന്നും അല്ലെങ്കിൽ നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികൾക്ക് 30 ശതമാനം അധികം നിരക്കും ഇനി ചെയ്യാനുള്ള പ്രവൃത്തികൾക്ക് 35 ശതമാനം അധികം നിരക്കും നൽകണമെന്നും കരാറുകാരൻ അറിയിച്ചു. എന്നാൽ പൊതുമരാമത്ത് പ്രവൃത്തികളിൽ എഗ്രിമെന്റ് വച്ചിട്ടുള്ള പ്രവൃത്തികൾക്ക് യാതൊരു കാരണവശാലും നിരക്ക് വർദ്ധനവ് നൽകാനാവില്ലെന്ന് എഗ്രിമെന്റിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എഗ്രിമെന്റ് നിബന്ധനകൾ പ്രകാരവും പൊതുമരാമത്ത് മാനുവൽ പ്രകാരവും നിലവിലെ നിയമങ്ങൾക്കും അനുസരിച്ച് പദ്ധതി പൂർത്തീകരിക്കുന്നതിന് കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്.

**മലയോര ഹൈവേ വികസനം**

38(4925) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ മലയോര ഹൈവേ വികസനം പൂർത്തിയായോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ മലയോര ഹൈവേ വികസനം പുരോഗമിച്ചുവരുന്നു.

(ബി) മലയോര ഹൈവേ വികസനത്തിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ വെറ്റിലപ്പാറ പാലം മുതൽ ചെട്ടിനട വരെയുള്ള ഭാഗത്തെ നിർമ്മാണം എന്നാണ് ആരംഭിക്കുന്നത്; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) എറണാകുളം ജില്ലയിൽ പ്രസ്തുത ഭാഗത്ത് വരുന്ന മലയോര ഹൈവേയുടെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിച്ച് നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(ബി & സി) <u>റീച്ച് 1 – വെറ്റിലപ്പാറ – യൂക്കാലി (23.2 km)</u>

പ്രസ്തുത റീച്ചിന്റെ സാമ്പത്തികാനുമതി ലഭിക്കുന്നതിനായി 110.91 കോടി രൂപ വകയിരുത്തിയ DPR കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയിൽ വനഭൂമി ഉൾപ്പെടുന്നതിനാൽ, ഇതിന്റെ അനുമതി ലഭിക്കുന്നതിനായി പരിവേഷ് പോർട്ടലിൽ വിവരങ്ങൾ നൽകിയിട്ടുണ്ട്.

<u>റീച്ച് 2 യൂക്കാലി - ഇല്ലിത്തോട് (6.02 km)</u>

പ്രസ്തുത റീച്ചിന് 34.84 കോടി രൂപയുടെ സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്. കിഫ്ബി മാനദണ്ഡപ്രകാരം 12.00 m RoW വീതിയിൽ ഫ്രീ സറണ്ടർ മുഖേന ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കൂടാതെ പ്രസ്തുത പ്രവൃത്തിയിൽ വനഭൂമി ഉൾപ്പെടുന്നതിനാൽ ഇതിന്റെ അനുമതി ലഭിക്കുന്നതിനായി പരിവേഷ് പോർട്ടലിൽ വിവരങ്ങൾ നൽകിയിട്ടുണ്ട്.

<u>റീച്ച് 3 ഇല്ലിത്തോട് - ചെട്ടിനട (1.895 km)</u>

പ്രസ്തുത റീച്ചിന് 32.9 കോടി രൂപയുടെ സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്. കിഫ്ബി മാനദണ്ഡപ്രകാരം 12.00 m RoW വീതിയിൽ ഫ്രീ സറണ്ടർ മുഖേന ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

കൂടാതെ പ്രസ്തുത പ്രവൃത്തിയിൽ വനഭൂമി ഉൾപ്പെടുന്നതിനാൽ ഇതിന്റെ അനുമതി ലഭിക്കുന്നതിനായി പരിവേഷ് പോർട്ടലിൽ വിവരങ്ങൾ നൽകിയിട്ടുണ്ട്.

**മെച്ചപ്പെട്ട റോഡ് നിർമ്മാണവും പരിപാലനവും**

39(4926) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് വ്യാപകമായി റോഡുകളിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിമൂലം റോഡുകൾ ഗതാഗത യോഗ്യമല്ലാതായ സാഹചര്യത്തിൽ സമയബന്ധിതമായി പ്രസ്തുത റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിനായി സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് പൊതുമരാമത്ത് റോഡുകളിൽ യൂട്ടിലിറ്റി പ്രവൃത്തി നടക്കുമ്പോൾ ഏകോപനം സാധ്യമാക്കുന്നതിനായി 14-02-2023-ലെ ജി.ഒ (എം.എസ്) നം.11/2023/പി.ഡബ്ല്യൂ.ഡി പ്രകാരം പുതുക്കിയ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ

ഏർപ്പെടുത്തേണ്ടത് വാട്ടർ അതോറിറ്റിയുടെ ഉത്തരവാദിത്തമാണ്. നിലവിൽ പൊതുമരാമത്ത് റോഡുകളിലൂടെ മറ്റു ഏജൻസികളുടെ യൂട്ടിലിറ്റികൾ സ്ഥാപിക്കുന്നതിന് അപേക്ഷിക്കുന്നതും, അനുമതി ലഭ്യമാക്കുന്നതും റൈറ്റ് ഓഫ് വേ (RoW) എന്ന ഓൺലൈൻ സംവിധാനം വഴിയാണ്. ഈ പോർട്ടലിൽ നിരത്ത് വിഭാഗത്തിനുകീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള ക്രമീകരിക്കേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുക വഴി മറ്റ് വകുപ്പുകൾക്ക് ആവശ്യമായ മുന്നൊരുക്കം നടത്താനും റോഡ് കുഴിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി ക്രമീകരിക്കുന്നതിനും സാധിക്കുന്നതാണ്. ഇത്തരത്തിൽ ഓൺലൈനായി ലഭ്യമാകുന്ന അപേക്ഷകളും, നൽകി വരുന്ന അനുമതികളും സമയബന്ധിതമായി വിലയിരുത്തുകയും നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപുതന്നെ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ആധുനിക രീതിയിൽ റോഡ് നിർമ്മാണം സാധ്യമാക്കുന്നതിന് ഡിസൈൻ പോളിസി നടപ്പിലാക്കുന്നത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് നിർമ്മാണ മേഖലയിൽ നൂതന സാങ്കേതികവിദ്യകൾ നടപ്പാക്കുന്നതടക്കം പശ്ചാത്തല വികസന മേഖലയിൽ സമഗ്ര പരിഷ്കാരങ്ങൾ ലക്ഷ്യമിട്ട് ഈ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾക്ക് ശക്തി പകരുന്ന തരത്തിൽ പാലങ്ങളും റോഡുകളും പൊതുകെട്ടിടങ്ങളും തെരുവുകളും രൂപകല്പന ചെയ്യുന്നതിനായി ഡിസൈൻ പോളിസി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഡിസൈൻ പോളിസിയുടെ കരട് നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

**മാനന്തവാടി മണ്ഡലത്തിൽ ബി.എം.&ബി.സി. നിലവാരത്തിലേക്ക് ഉയർത്തിയ റോഡുകൾ**

40(4927) ശ്രീ ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മാനന്തവാടി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ ആകെ എത്ര കിലോമീറ്റർ റോഡാണുള്ളതെന്നും

ആയതിൽ എത്ര കിലോമീറ്റർ ദൂരമാണ് ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തിയിട്ടുള്ളതെന്നും വിശദമാക്കുമോ?

മാനന്തവാടി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിനുകീഴിൽ 271.903 കി.മീ. റോഡുണ്ട്. ആയതിൽ 189.800 കി.മീ. റോഡ് ബി.എം.&ബി.സി. നിലവാരത്തിലേക്ക് ഉയർത്തിയിട്ടുണ്ട്. കെ.ആർ.എഫ്.ബി. പി.എം.യു.-വിനുകീഴിൽ 65 കി.മീ. റോഡും. അവയിൽ 15.60 കി.മീ. റോഡുകൾ ബി.എം.&ബി.സി നിലവാരത്തിലേക്ക് ഉയർത്തിയിട്ടുണ്ട്. കെ.എസ്.റ്റി.പി.-ക്ക് 27 കി.മീ. റോഡുള്ളതിൽ 22.21 കി.മീ. ദൂരം ബി.എം.&ബി.സി. നിലവാരത്തിൽ ഉയർത്തിയിട്ടുണ്ട്.

(ബി) മണ്ഡലത്തിൽ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്താത്തതും നിലവിൽ അതിനായി തുക വകയിരുത്താത്തതുമായ റോഡുകളുടെ പേര് വ്യക്തമാക്കാമോ?

പൊതുമരാമത്ത് വിഭാഗത്തിനുകീഴിൽ വരുന്ന റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായും കെ.ആർഎഫ്.ബി. പി.എം.യു.-വിന്

കീഴിൽ വരുന്ന റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായും ചേർത്തിരിക്കുന്നു.+

**കുറ്റ്യാടി-മട്ടന്നൂർ എയർപോർട്ട് നാലുവരിപ്പാത**

41(4928) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തോടനുബന്ധിച്ച് പ്രഖ്യാപിച്ച മൂന്ന് നാലുവരിപ്പാതകളുടെ സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

മട്ടന്നൂർ നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിലേക്കുള്ള താഴെ പറയുന്ന റോഡുകൾക്കാണ്. കെ.ആർ.എഫ്.ബി. - പി.എം.യു. മുഖേന നാലുവരി പാതയായി വികസിപ്പിക്കുന്നതിന് 30-12-2017-ൽ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുള്ളത്.

1) തലശ്ശേരി കൊടുവള്ളി - അഞ്ചരക്കണ്ടി മട്ടന്നൂർ - എയർപോർട്ട് റോഡ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2) പെരിങ്ങത്തുർ പാനൂർ കൂത്തുപറമ്പ് - മട്ടന്നൂർ - എയർപോർട്ട് റോഡ്

3) ബോയ്സ് ടൗൺ പേരാവൂർ ശിവപുരം മട്ടന്നൂർ - എയർപോർട്ട് റോഡ്

റോഡ് 1- തലശ്ശേരി കൊട്ടുവള്ളി - അഞ്ചരക്കണ്ടി മട്ടന്നൂർ - എയർപോർട്ട് റോഡ്

പ്രസ്തുത റോഡ് തലശ്ശേരി, ധർമ്മടം, മട്ടന്നൂർ എന്നീ മണ്ഡലങ്ങളിലൂടെ 22 കിലോമീറ്റർ ദൂരത്തിൽ കടന്ന് പോകുന്നു. പ്രസ്തുത റോഡിന്റെ ഡി.പി.ആർ. 23-07-2020-ൽ കിഫ്ബിയിൽ സമർപ്പിക്കുകയുണ്ടായി പ്രസ്തുത ഡി.പി.ആർ. പ്രകാരം പദ്ധതി തുക 962 കോടി രൂപയാണ്. ഇതിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള 423.72 കോടി രൂപ ഉൾപ്പെടുന്നുണ്ട്. പ്രസ്തുത റോഡിന്റെ നിർമ്മാണത്തിനായി 40.62 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിന്റെ പ്രാരംഭ നടപടിയായ 6(1) നോട്ടിഫിക്കേഷൻ 12-04-2021-ൽ പ്രസിദ്ധീകരിച്ചു. തുടർന്നു സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള അർത്ഥനാപത്രം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.

റോഡ് 2-പെരിങ്ങത്തുർ പാനൂർ കൂത്തുപറമ്പ-മട്ടന്നൂർ-എയർപോർട്ട് റോഡ്

കണ്ണൂർ ജില്ലയിലെ പെരിങ്ങത്തൂർ മുതൽ മട്ടന്നൂർ വരെ 29.80 കി.മീ. ഭാഗത്തിന്റെ ഡി.പി.ആർ. 24-05-2022-ൽ കിഫ്ബിയിൽ സമർപ്പിച്ചു. പ്രസ്തുത ഡി.പി.ആർ. പ്രകാരം പദ്ധതി തുക 1009.98 കോടി രൂപയാണ്. ഇതിൽ സ്ഥലം ഏറ്റെടുക്കുന്നതിനായി 591.03 കോടി രൂപ ഉൾപ്പെടുന്നുണ്ട്. പ്രസ്തുത റോഡിന്റെ നിർമ്മാണത്തിനായി 45.53 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള അർത്ഥനാപത്രം കണ്ണൂർ ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.

റോഡ് 3- ബോയ്സ് ടൗൺ പേരാവൂർ ശിവപുരം മട്ടന്നൂർ - എയർപോർട്ട് റോഡ്

അമ്പായത്തോട് മുതൽ മട്ടന്നൂർ വരെയുള്ള 43.40 കി.മീ. ഭാഗത്തിന്റെ ഡി.പി.ആർ. 08-06-2022-ൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഡി.പി.ആർ. പ്രകാരം പദ്ധതി തുക 1699.37 കോടി രൂപയാണ്. ഇതിൽ സ്ഥലം എറ്റെടുക്കുന്നതിനായി 793.2 കോടി രൂപ ഉൾപ്പെടുന്നുണ്ട്. പ്രസ്തുത റോഡിന്റെ നിർമ്മാണത്തിനായി 90.60 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള അർത്ഥനാപത്രം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.

(ബി) കുറ്റ്യാടി-മട്ടന്നൂർ എയർപോർട്ട് നാലുവരിപ്പാതയുടെ അന്തിമ അലൈൻമെന്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

കുറ്റ്യാടി-മട്ടന്നൂർ എയർപോർട്ട് നാലുവരി പാതയിൽ കണ്ണൂർ ജില്ലയിലെ പെരിങ്ങത്തൂർ മുതൽ മട്ടന്നൂർ വരെയുള്ള ഭാഗത്തെ അലൈൻമെന്റ് അംഗീകരിച്ചിട്ടുണ്ട്. ഈ റോഡ് 24 മീറ്റർ റൈറ്റ് ഓഫ് വേ യിൽ 1.50 മീറ്റർ വീതിയുള്ള സെന്റർ മീഡിയന് ഇരുവശത്തായി 7.50 മീറ്റർ കാരിയേജ് വേ, 1.50 മീറ്റർ പേവ്ഡ് ഷോൾഡർ, 2.25 മീറ്റർ വീതിയുള്ള ഫുട്പാത് കം ഡ്രയിൻ എന്നിങ്ങനെ റോഡ് നാലു വരിയായി ചെയ്യുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി മുതൽ പെരിങ്ങത്തൂർ വരെയുള്ള ഭാഗത്തെ അലൈൻമെന്റിന് അന്തിമ തീരുമാനം ആയിട്ടില്ല.

(സി) പ്രസ്തുത പാതകളുടെ നിർമ്മാണത്തിനുവേണ്ടി വാസസ്ഥലവും സ്ഥാപനങ്ങളും നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ഡി) പാതകൾക്കായി സ്ഥലം വിട്ടുനിൽക്കുന്നവർക്കുള്ള നഷ്ടപരിഹാരത്തുക നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

(സി & ഡി) 2013-ലെ സ്ഥലം ഏറ്റെടുക്കൽ നിയമം (The right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013) നിഷ്കർഷിക്കുന്ന പ്രകാരം നഷ്ടപരിഹാര തുക കണക്കാക്കി വിതരണം ചെയ്യുന്നതാണ്.

**ബി.എം. & ബി.സി. ചെയ്ത റോഡുകൾ**

43(4929) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പൊതുമരാമത്ത് വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്ത് 2021 മുതൽ നാളിതുവരെ ഏതെങ്കിലും റോഡുകൾ ബി.എം. & ബി.സി. ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഏതെല്ലാം റോഡുകളാണ് ഈ ഫണ്ട് ഉപയോഗിച്ച് ബി.എം.&ബി.സി. ചെയ്തതെന്ന തുക ഉൾപ്പെടെയുള്ള വിശദാംശങ്ങൾ നിയോജകമണ്ഡലം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

(എ & ബി) ബി.എം. & ബി.സി. റോഡുകളുടെ നിരത്ത് വിഭാഗത്തെ സംബന്ധിച്ച വിശാദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

കെ.എസ്.ടി.പി. വിഭാഗം ബി.എം. & ബി.സി. റോഡുകളുടെ വിശാദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ദേശീയപാത വിഭാഗത്തിൽ 307.71 കി.മീ റോഡുകൾ 2021 മുതൽ നാളിതുവരെ ബി.എം. & ബി.സി. ചെയ്തിട്ടുണ്ട്. പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.+

(സി) 2021 മുതൽ നാളിതുവരെ വകുപ്പിന്റെ അധീനതയിലല്ലാത്ത ഏതെങ്കിലും റോഡുകൾക്ക് പൊതുമരാമത്ത് വകുപ്പിന്റെ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ വിശദാംശങ്ങൾ നിയോജകമണ്ഡലം അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**തങ്കളം-കാക്കനാട് നാല് വരിപ്പാത നിർമ്മിക്കുന്നതിനുള്ള നടപടികൾ**

44(4930) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച തങ്കളം-കാക്കനാട് നാല് വരിപ്പാതയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതിനായുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കാക്കനാട് തങ്കളം നാലുവരി പാത 0/000 (മനയ്ക്കക്കടവ്) മുതൽ 27/324 (തങ്കളം) വരെ കെ.ആർ.എഫ്.ബി. – പി.എം.യു.-വിന്റെ പരിധിയിലാണ് വരുന്നത്. പ്രസ്തുത റോഡ് 4 മണ്ഡലത്തിൽക്കൂടി കടന്നു പോകുന്നുണ്ട്. (കുന്നത്തുനാട് -17 കിമീ, മൂവാറ്റുപുഴ -1.74 കിമീ, പെരുമ്പാവൂർ -1.26 കിമീ, കോതമംഗലം -7.324 കിമീ). പ്രസ്തുത റോഡിലെ നാലുവരി പാതയുടെ നിർമ്മാണത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 30 കോടി രൂപക്ക് 01-11-2016-ൽ ഭരണാനുമതി നൽകി 12-02-2021-ൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭരണാനുമതി പുതുക്കിയിട്ടുള്ളതുമാണ്. തുടർന്ന് 27.324 കി.മീ. നീളം വരുന്ന പദ്ധതിയുടെ ചെറുവട്ടൂർ മുതൽ തങ്കളം വരെയുള്ള (കി.മീ. 20/000 മുതൽ 27/324 വരെ) ഭാഗത്തിന്റെ 255 കോടി രൂപയുടെ പദ്ധതി രേഖ റോഡ്സ് വിഭാഗത്തിൽ നിന്നും തയ്യാറാക്കിയത് കിഫ്ബിയിലേയ്ക്ക് 10-08-2020-ൽ സമർപ്പിച്ചിരുന്നു. ആയതു വ്യക്തത വരുത്തി സമർപ്പിക്കേണ്ടതാണെന്നും, ഡി.പി.ആർ. ഭാഗികമായി സമർപ്പിക്കാതെ 0/000 മുതൽ 27/324 വരെ ഒന്നിച്ചു സമർപ്പിക്കാനും 04-06-2021-ലെ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് പ്രകാരം കിഫ്ബിയിൽ നിന്ന് മടക്കി നൽകി. പ്രസ്തുത പദ്ധതിയുടെ 0/000 മുതൽ 20/000 വരെയുള്ള ഭാഗത്തു നടത്തിയ ഇൻവെസ്റ്റിഗേഷൻ പ്രകാരമുള്ള വിവരങ്ങൾ ഡിസൈൻ വിഭാഗത്തിനു 01-04-2022-ന് സമർപ്പിച്ചതിനെ തുടർന്ന് ഡിസൈൻ വിഭാഗത്തിൽനിന്നും സ്ഥല പരിശോധന നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 09-11-2022-ലെ കത്ത് പ്രകാരം സൈറ്റ് ഇൻസ്പെക്ഷൻ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തു. പ്രസ്തുത അലൈൻമെന്റ് പലയിടങ്ങളിലും പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ലിമിറ്റഡിന്റെ ടവറുകൾ സ്ഥാപിച്ചിരിക്കുന്ന

ഇടങ്ങളിലൂടെയാണ് കടന്നുപോകുന്നത്. കൂടാതെ IRC അനുവദിക്കുന്ന ഏറ്റവും കൂടിയ ഗ്രേഡിയന്റ് ആയ 8 ശതമാനം പല സ്ഥലങ്ങളിലും അധികരിക്കുന്നതായി കണ്ടെത്തുകയും ചെയ്തു. കോതമംഗലം മണ്ഡലത്തിൽ വരുന്ന ചെറുവട്ടൂർ മുതൽ തങ്കളം വരെയുള്ള (കി.മീ. 20/000 മുതൽ 27/324 വരെ) ഭാഗത്തു ഈ ഗ്രേഡിയന്റ് 18 ശതമാനം മുതൽ 34 ശതമാനം വരെയാണ് എന്നും ഡിസൈൻ വിഭാഗം അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഇത് ഡിസൈൻ ചെയ്യുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുമെന്നത് ഡിസൈൻ വിഭാഗം അറിയിച്ചിട്ടുണ്ട്. ഈ വസ്തുതകൾ കിഫ്ബിയെ 03-02-2023-ലെ കത്ത് പ്രകാരം തുടർ നിർദ്ദേശങ്ങൾക്കായി അറിയിച്ചിട്ടുള്ളതാണ്. കിഫ്ബിയിൽനിന്നും തുടർ നിർദ്ദേശങ്ങൾ ലഭ്യമാകുന്നതനുസരിച്ച് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ക്രമീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട കുന്നത്തുനാട് മണ്ഡലത്തിലെ മനയ്ക്കടവ് മുതൽ കീഴില്ലം വരെയുള്ള പാത എത്ര മീറ്റർ വീതിയിൽ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

അലൈൻമെന്റ് അന്തിമമാക്കി പദ്ധതിരേഖ തയ്യാറാക്കുന്ന ഘട്ടത്തിൽ വീതിയെ സംബന്ധിച്ച തീരുമാനമാകുന്നതാണ്.

(സി) പ്രസ്തുത പദ്ധതിയുടെ പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഇല്ല.

**2022-23 വർഷത്തിൽ സി.ആർ.ഐ.എഫ്. ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പദ്ധതികൾ**

45(4931) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ 2022-23 വർഷത്തിൽ സെൻട്രൽ റോഡ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ (സി.ആർ.ഐ.എഫ്.) ഉൾപ്പെടുത്തി ഭരണാനുമതി നല്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ 2022-23 വർഷത്തിൽ സെൻട്രൽ റോഡ് ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ (സി.ആർ.ഐ.എഫ്.)

ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതികളൊന്നും പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന് കീഴിലില്ല.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ സി.ആർ.ഐ.എഫ്.-ൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുകയും എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം പൂർണ്ണമായും നിർമ്മാണം നടത്താൻ സാധിക്കാതെ വന്നതുമായ തമ്പുരാൻപടി - കണ്ടുബസാർ റോഡ് നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഫണ്ട് അനുവദിക്കുമോയെന്ന് വിശദമാക്കാമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ സി.ആർ.ഐ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ച് തമ്പുരാൻപടി - മല്ലാട് - ചെറായി കണ്ടുബസാർ റോഡ് നിരത്ത് വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. ഫണ്ട് അനുവദിക്കുന്ന വിഷയത്തിൽ പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് സർക്കാർതലത്തിൽ പരിശോധിച്ച് തീരുമാനം എടുക്കുന്നതാണ്.

**റോഡ് നവീകരണ പ്രവൃത്തികൾക്കായി എടുക്കുന്ന കുഴികളിൽ വീണ് ഉണ്ടാകുന്ന അപകടങ്ങൾ**

46(4932) <u>ശ്രീ .പി. കെ. ബഷീർ:</u>

<u>ശ്രീ. പി. അബ്ദുൽ ഹമീദ് :</u>
<u>ശ്രീ. യു. എ. ലത്തീഫ്:</u>
<u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പൊതുമരാമത്ത് റോഡുകളുടെ നവീകരണ പ്രവൃത്തികൾക്കായി എടുക്കുന്ന കുഴികളിൽ വീണ് അപകടങ്ങൾ ഉണ്ടാകുന്ന കാര്യം വിശദ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ;

(ബി) മേൽനോട്ട സംവിധാനങ്ങളുടെ നിരുത്തരവാദിത്തവും അനാസ്ഥയും കൊണ്ടാണ് ഇത്തരം അപകടങ്ങൾ ഉണ്ടാകുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

(എ & ബി) റോഡ് നവീകരണ പ്രവൃത്തികളുടെ ഭാഗമായി ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട ഏജൻസികൾക്കും എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഏതെങ്കിലും തരത്തിലുള്ള അപാകത കണ്ടെത്തിയാൽ നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) കുടിവെള്ള പൈപ്പിടുന്നതിനായി റോഡ് കുഴിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

യൂട്ടിലിറ്റി പ്രവൃത്തികൾ ഏകോപിതമായി നടത്തുന്നതിന് വിശദമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. റോഡു പ്രവൃത്തി തുടങ്ങുന്നതിനുമുമ്പായി തന്നെ RoW Services എന്ന പോർട്ടലിൽ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകി വരുന്നു. ഇതിനനുസൃതമായി പ്രസ്തുത റോഡുകളിൽ കുടിവെള്ള പൈപ്പിടേണ്ടതുണ്ടെങ്കിൽ അത് നേരത്തേതന്നെ നടപ്പിലാക്കാൻ സൗകര്യമൊരുക്കുന്നു. റോഡു പ്രവൃത്തി നടന്നു കഴിഞ്ഞാൽ ഒരു വർഷത്തിനുള്ളിൽ റോഡ് കട്ടിങ്ങ് അനുവദിക്കുന്നതല്ല. റോഡുപ്രവൃത്തിക്കും, കുടിവെള്ള പൈപ്പിടുന്നതിനുമായി സമയക്രമം നിശ്ചയിച്ചു നൽകിയിട്ടുണ്ട്. എന്നാൽ അത്യാവശ്യമായിവരുന്ന ലീക്ക് റെക്റ്റിഫിക്കേഷൻ പ്രവൃത്തികൾക്ക് ഇത് ബാധകമല്ല. കൂടാതെ മറ്റു പ്രാധാന്യമർഹിക്കുന്ന പ്രവൃത്തികളും സർക്കാർ തലത്തിൽ തീരുമാനിച്ച് അനുമതി നൽകാൻ കഴിയും.

**കുന്നത്തുനാട് മണ്ഡലത്തിൽ റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെട്ട റോഡുകൾ**

47(4933) <u>ശ്രീ. പി. വി. ശ്രീനിജിൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കുന്നത്തുനാട് മണ്ഡലത്തിൽ റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെട്ട റോഡുകളുടെ പട്ടിക ലഭ്യമാക്കാമോ;

(ബി) ഇവയിൽ ഏതൊക്കെ റോഡുകൾക്കാണ് തുക അനുവദിച്ച് കരാറിൽ ഏർപ്പെട്ടിട്ടുള്ളതെന്നും കരാറുകാരുടെ വിശദാംശവും ലഭ്യമാക്കാമോ;

(സി) മണ്ഡലത്തിലെ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(എ –സി) അനുബന്ധമായി ചേർത്തിരിക്കുന്നു.+

**നാലുവരി ഗ്രീൻഫീൽഡ് പാത കടന്നു പോകുന്ന പ്രദേശങ്ങൾ**

48(4934) <u>ശ്രീ. പി. എസ്. സുപാൽ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ദേശീയപാതാ അതോറിറ്റി എം.സി. റോഡിനു സമാന്തരമായി നിർമ്മിക്കുന്ന നാലുവരി ഗ്രീൻഫീൽഡ് പാത കൊല്ലം ജില്ലയിലെ ഏതെല്ലാം ഭാഗങ്ങളിലൂടെയാണ് കടന്നുപോകുന്നതെന്നതിന്റെ രൂപരേഖ തയ്യാറായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പുനലൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിലെ ഏതൊക്കെ പ്രദേശങ്ങളിലൂടെ ആണ് പ്രസ്തുത ഹൈവേ കടന്നുപോകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പാത കൊല്ലം ജില്ലയിൽ നിലവിലുള്ള സംസ്ഥാന പാത, എം.സി. റോഡ് എന്നിവയെ എവിടെയൊക്കെ മറികടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

(എ - സി) ദേശീയപാതാ അതോറിറ്റി എം.സി. റോഡിനു സമാന്തരമായി നിർമ്മിക്കുന്ന നാലുവരി ഗ്രീൻഫീൽഡ് പാതയുടെ അലൈൻമെന്റിന് ദേശീയപാത അതോറിറ്റി ചെയർമാന്റെ അദ്ധ്യക്ഷതയിലുള്ള LA Committee-യുടെ Stage 2 ക്ലിയറൻസ്

ലഭ്യമായിട്ടില്ല. അലൈൻമെന്റിന് അംഗീകാരം ലഭ്യമായാൽ മാത്രമെ പദ്ധതി സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

**ചെങ്കള - അക്കരക്കര - ബേവിഞ്ച റോഡ്**

49(4935) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കാസർകോഡ് നിയോജകമണ്ഡലത്തിലെ ചെങ്കള-അക്കരക്കര-ബേവിഞ്ച റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഭരണാനുമതി തുകയും തീയതിയും വ്യക്തമാക്കാമോ; ഭരണാനുമതിയുടെ കാലാവധി എത്രയാണെന്ന് അറിയിക്കുമോ?

(എ&ബി) 01-12-2021-ലെ സ.ഉ.(സാധാ)നം.1070/ 2021/പൊ.മ.വ. പ്രകാരം 539.8 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഭരണാനുമതിയുടെ കാലാവധി 3 വർഷമാണ്.

(സി) പ്രസ്തുത പ്രവൃത്തിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ തുക എത്രയാണെന്നും സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി യാഥാർത്ഥ്യമാകാതെ അനന്തമായി നീണ്ടുപോകുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ ടെണ്ടർ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(സി & ഡി) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് തുക 5,39,80,000/- രൂപയാണ്. എസ്റ്റിമേറ്റ് ചെയിനേജിൽ മാറ്റം വരുത്തുന്നതിനും പുതുക്കിയ ഭരണാനുമതി നൽകുന്നതിനുമുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. പുതുക്കിയ ഭരണാനുമതി നൽകിയശേഷം സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**തിരുവമ്പാടി-പുല്ലൂരാംപാറ-മറിപ്പുഴ റോഡ്**

49(4936) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന നിർദ്ദിഷ്ട തിരുവമ്പാടി-പുല്ലൂരാംപാറ-മറിപ്പുഴ റോഡ് പദ്ധതിയുടെ ഡി.പി.ആർ. സംബന്ധിച്ച വിശദാംശവും അടങ്കൽ തുകയും വ്യക്തമാക്കുമോ;

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

(എ & ബി) തിരുവമ്പാടി-പുല്ലൂരാംപാറ-മറിപ്പുഴ റോഡ് പ്രവൃത്തിക്കായി 10-07-2017-ൽ 20 കോടി രൂപയ്ക്ക് തത്വത്തിലുള്ള ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് 06-08-2020-ൽ കിഫ്ബിയിൽ നിന്നും 77.105 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിരുന്നു. 5.50 മീറ്റർ Carriage way-യും 0.75 മീറ്റർ paved shoulder-ഉം ഉൾപ്പെടെ 10 മീറ്റർ വീതിയിലാണ് റോഡ് നിർമ്മിക്കേണ്ടത്. ഫ്രീ സറണ്ടർ വ്യവസ്ഥയിലാണ് സ്ഥലം ഏറ്റെടുക്കേണ്ടത് 4 പാലങ്ങളുടെ നിർമ്മാണവും (ഇരുമ്പക്കയം പാലം, കാളിയമ്പുഴ പാലം, ആനക്കാംപൊയിൽ പാലം, മുത്തപ്പൻപുഴ പാലം) പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. 18-04-2022-ൽ 91.97 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിരുന്നു. കിഫ്ബി നിർദ്ദേശ മനുസരിച്ച്

ആനക്കാംപൊയിൽ പാലം ഉൾപ്പെടുത്തിയതിനാലും, GST, റേറ്റ് റിവിഷൻ എന്നീ കാരണങ്ങളാലും എസ്റ്റിമേറ്റ് തുക 108.31 കോടി രൂപയായി ഉയർന്നു. 90.19 കോടി രൂപയാണ് പ്രവൃത്തിയുടെ അടങ്കൽ തുക. KSEB യൂട്ടിലിറ്റി ഷിഫ്റ്റിംഗിനായി 89.20 ലക്ഷം രൂപയും, KWA യൂട്ടിലിറ്റി ഷിഫ്റ്റിംഗിനായി 84.44 ലക്ഷം രൂപയും, ഡി.പി.ആർ.-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതുക്കിയ സാമ്പത്തികാനുമതിയ്ക്ക് കിഫ്ബിയിൽ നിന്ന് അംഗീകാരം ലഭിക്കുമ്പോൾ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഈ റോഡ് കെ.ആർ.എഫ്.ബി.-ക്ക് കൈമാറിയതിനുശേഷം മെയിന്റനൻസ് നടക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടിയന്തരമായി മെയിന്റനൻസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത റോഡിന്റെ മെയിന്റനൻസ് നടത്തുന്നതിനായി 22 ലക്ഷം രൂപയുടെ പ്രൊപ്പോസൽ കെ.ആർ.എഫ്.ബി.-പി.എം.യു. പി.ഡി. ഓഫീസിൽ പരിശോധനയിലാണ്.

**ഇടക്കോലി ഉഴവൂർ മെഡിക്കൽ കോളേജ് റോഡ്**

50(4937) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഇടക്കോലി ഉഴവൂർ മെഡിക്കൽ കോളേജ് റോഡിന് കിഫ്ബി മാനദണ്ഡപ്രകാരമുള്ള 10 മീറ്റർ വീതി ലഭ്യമല്ലാത്തതിനാലും സ്ഥലമെടുപ്പ് പ്രായോഗികമല്ലാത്തതിനാലും പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

ബഡ്ജറ്റ് പ്രഖ്യാപനത്തിൽ വന്നിട്ടുള്ളതും നൽകിയിട്ടുള്ളതുമായ 45.871 കി.മീ. ദൈർഘ്യമുള്ള ഇടക്കോലി ഉഴവൂർ മെഡിക്കൽ കോളേജ് റോഡ് 8 റീച്ചുകളിലായി 19 ചെറുറോഡുകളും നാല് പാലങ്ങളുമാണ് വരുന്നത്. ഇതിൽ ഒരു റോഡ് ഒഴികെ ബാക്കി എല്ലാ റോഡുകൾക്കും ശരാശരി 8 മീറ്ററിനുതാഴെയാണ് നിലവിലെ വീതി. KIIFB Guidelines നിഷ്കർഷിക്കുന്ന മിനിമം വീതി ആയ 10 മീറ്റർ നിർദിഷ്ട റോഡുകൾക്ക് ഇല്ല. കൂടാതെ സ്ഥലം ഏറ്റെടുക്കുന്നത് സാധ്യമല്ലെന്ന് എം.എൽ.എ. അറിയിച്ചിട്ടുള്ളതായി എക്സിക്യൂട്ടിവ് എഞ്ചിനീയർ KRFB കോട്ടയം/

പത്തനംതിട്ട റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ KIIFB മാനദണ്ഡ പ്രകാരമുള്ള വീതി ലഭ്യമല്ലാത്തതിനാൽ ടി വർക്ക് കിഫ്ബി ഫണ്ട് ഉപയോഗിച്ച് ചെയ്യാൻ സാധിക്കുകയില്ലായെന്ന് കിഫ്ബി സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി പുനഃക്രമീകരിച്ച് നിലവിലുള്ള വീതിയിൽ ബി.എം. ആൻഡ് ബി.സി. ടാറിംഗ് നടപ്പിലാക്കുന്നതിനായി എം.എൽ.എ. നൽകിയ ഇ.5744750 നമ്പർ കത്തിന്മേൽ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

ജി1/494/2021/പൊ.മ.വ. സർക്കാർ ഫയലിൽ പരിശോധിച്ചു വരുന്നു.

(സി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

KIIFB പദ്ധതിയായി നടപ്പിലാക്കാനാകാത്തതിനാൽ KRFB എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

**കൊല്ലം-ചെങ്കോട്ട നാഷണൽ ഹൈവേ നാലുവരിപ്പാത നിർമ്മാണം**

51(4938) <u>ശ്രീ പി. എസ്. സുപാൽ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കൊല്ലം-ചെങ്കോട്ട നാഷണൽ ഹൈവേ റോഡ് നാലുവരിപ്പാതയാക്കുന്ന പ്രവൃത്തിയുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

(എ & ബി) കൊല്ലം - ചെങ്കോട്ട ദേശീയപാത നിർമ്മാണം രണ്ട് പാക്കേജുകളായാണ് ദേശീയപാത അതോറിറ്റി നടപ്പാക്കുന്നത്.

1) ആര്യങ്കാവ് - എടമൺ ബ്രൗൺ ഫീൽഡ് പാത.

2) എടമൺ –കടമ്പാട്ടുകോണം ഗ്രീൻഫീൽഡ് പാത.

കൊല്ലം - ചെങ്കോട്ട ദേശീയപാതയുടെ വിശദമായ പദ്ധതിരേഖ (ഡി.പി.ആർ.) M/s. ചൈതന്യ പ്രോജക്ട് കൺസൾട്ടൻസി മുഖേന തയ്യാറാക്കിവരുന്നു.

(സി) പ്രസ്തുത പദ്ധതിക്ക് നിലവിൽ വകയിരുത്തിയിട്ടുള്ള തുക എത്രയെന്നും ഈ തുകയിൽ നിലവിൽ എന്തൊക്കെ പ്രവൃത്തികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ;

പാക്കേജ് 1-ന്റെ തുക കണക്കാക്കിയിട്ടില്ല. പാക്കേജ് 2-ന് ഏകദേശം 2852.49 കോടി രൂപയാകുമെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ?

പദ്ധതിയുടെ പൂർത്തീകരണ കാലാവധി ദേശീയപാത അതോറിറ്റി തീരുമാനിച്ചിട്ടില്ല.

**ബാലുശ്ശേരി മണ്ഡലത്തിലെ റോഡുകൾ**

52(4939) <u>ശ്രീ. കെ. എം. സച്ചിൻദേവ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ബാലുശ്ശേരി മണ്ഡലത്തിൽ ഏതെല്ലാം റോഡുകളാണ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ആരംഭിച്ചിട്ടുള്ളത്?

ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടില്ല. എന്നാൽ സഞ്ചാര സൗകര്യം

വർദ്ധിപ്പിക്കുന്നതിനായി നിരത്ത് വിഭാഗത്തിന് കീഴിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തിവരുന്ന റോഡുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. കുമുള്ളി-ഉള്ളൂർക്കടവ് റോഡ് - 3.6 കി.മീ.

2. പറമ്പിന്റെ മുകൾ - തെരുവത്ത് കടവ് റോഡ് - 2.8 കി.മീ.

3. കോക്കല്ലൂർ - തത്തമ്പത്ത് -കൊട്ടാരമുക്ക് റോഡ് - 3.6 കി.മീ.

4. കൊടശ്ശേരി-തോരയിക്കടവ് റോഡ് -1.8 കി.മീ.

(ബി) നടുവണ്ണൂർ-വകയാട്-മഞ്ഞപ്പാലം-വട്ടോളി ബസാർ റോഡ് സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച ഫയൽ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

നടുവണ്ണൂർ-വകയാട്-മഞ്ഞപ്പാലം-വട്ടോളി ബസാർ റോഡ് സർക്കാർ നിലവിൽ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടില്ല.

**കൊടകര– വെള്ളിക്കുളങ്ങര സ്കൂൾ റോഡ് നവീകരണം**

53(4940) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പുതുക്കാട് നിയോജകമണ്ഡലത്തിലെ കൊടകര-വെള്ളിക്കുളങ്ങര സ്കൂൾ റോഡ് കിഫ്ബി ധനസഹായത്തോടെ നവീകരിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന് അനുമതിയും ഫണ്ടും ലഭ്യമാക്കുമോയെന്ന് അറിയിക്കുമോ?

ഈ പ്രവൃത്തിക്ക് 20-08-2016-ൽ 20 കോടി രൂപയുടെ ഭരണാനുമതി നൽകി. കിഫ്ബിയിൽ നിന്നും 20.79 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭ്യമായി. 12-11-2019-ൽ കരാറുകാരൻ കരാറിൽ ഏർപ്പെട്ടുവെങ്കിലും സ്ഥലം ലഭ്യമല്ലാത്തതിനാൽ നിർമ്മാണം ആരംഭിക്കാനായില്ല. പിന്നീട് കരാറുകാരനെ ഒഴിവാക്കുകയുണ്ടായി. പദ്ധതി പ്രദേശത്ത് KSEB യൂട്ടിലിറ്റി മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി ഏകദേശം പൂർത്തിയായിട്ടുണ്ട്. വാട്ടർ അതോറിറ്റി പൈപ്പ്ലൈൻ മാറ്റുന്നതിനുള്ള തുകയ്ക്കുള്ള അനുമതി കിഫ്ബിയിൽ നിന്നും ലഭ്യമാകേണ്ടതുണ്ട്.

(ബി) ഭൂമി ഏറ്റെടുക്കുന്നതിന് നഷ്ടപരിഹാരം നൽകുന്നതിനായി കണക്കാക്കിയിട്ടുള്ള തുക പ്രോജക്ടിൽ ഉൾപ്പെടുത്തി അനുമതി

ലഭ്യമാക്കുന്നതിനും പ്രസ്തുത റോഡിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

0.315 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരം നൽകുന്നതിനുള്ള 1.53 കോടി രൂപകൂടി ഉൾപ്പെടുത്തി സാമ്പത്തികാനുമതി പുതുക്കുന്നതിനുള്ള അനുമതി ലഭ്യമാകുന്നതിനായി 08-12-2022-ൽ കിഫ്ബിക്ക് കത്ത് നൽകിയിട്ടുണ്ട്. പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് സ്ഥലം ഏറ്റെടുത്ത് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങുന്നതാണ്.

**വാടാനപ്പള്ളി ഗ്രാമ പഞ്ചായത്തിലെ തീരദേശ പാത**

54(4941) <u>ശ്രീ. മുരളി പെരുനെല്ലി:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തിരുവനന്തപുരം-കാസർകോഡ് തീരദേശ പാതയുടെ ഭാഗമായി മണലൂർ നിയോജക മണ്ഡലത്തിലെ വാടാനപ്പള്ളി ഗ്രാമ പഞ്ചായത്തിലൂടെ കടന്നു പോകുന്ന റോഡിന്റെ വിശദാംശം വ്യക്തമാക്കാമോ?

തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്കിൽ ഉൾപ്പെട്ട മണലൂർ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന തീരദേശപാത (Ch 32/140 to 35/840) ചിലങ്ക ബീച്ച്, വാടാനപ്പള്ളി ബീച്ച്, ഗണേശമംഗലം ബീച്ച്, പൊക്കാഞ്ചേരി ബീച്ച് തുടങ്ങിയ സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കടന്നു പോകുന്നു.

(ബി) പ്രസ്തുത പാതയ്ക്കായി ഏറ്റെടുക്കുന്ന ഭൂമിയുടെ ഉടമസ്ഥർക്ക് നൽകുന്ന നഷ്ടപരിഹാര പാക്കേജ് വിശദമാക്കാമോ?

തീരദേശ ഹൈവേയുടെ സ്ഥലം ഏറ്റെടുക്കൽ 2013-ലെ സ്ഥലം ഏറ്റെടുക്കൽ നിയമം (The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013) നിഷ്കർഷിക്കുന്ന പ്രകാരം സാമൂഹിക ആഘാത പഠനം ഉൾപ്പെടെയുള്ളവ നടത്തിയാണ് മുന്നോട്ടുപോകുന്നത്. അതിന് പുറമെ തിരദേശ ഹൈവേയുടെ പുനരധിവാസ, പുനഃസ്ഥാപന പ്രവർത്തനങ്ങളുടെ SPV ആയി കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപറേഷൻ (KSCADC)-നെ നിയമിച്ചിട്ടുണ്ട്. കല്ലിട്ട പ്രദേശങ്ങളിൽ KSCADC യുടെ നേതൃത്വത്തിൽ

സാമൂഹിക സർവ്വേ നടന്നു വരുന്നു. തീരദേശ മേഖലയുടെ സവിശേഷതകൾ കണക്കിലെടുത്ത് ഹൈവേയുടെ സ്ഥലം ഏറ്റെടുക്കലിനുള്ള പ്രത്യേക പുനരധിവാസ പാക്കേജ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) മണലൂർ നിയോജകമണ്ഡലത്തിൽ പ്രസ്തുത പാതയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ റോഡ് നിർമ്മാണം പ്രവൃത്തികളുടെ ഇതുവരെയുള്ള പുരോഗതി സംബന്ധിച്ച വിശദാംശം നൽകാമോ?

15-06-2022-ന് തീരദേശ ഹൈവേയുടെ ഭൂമി ഏറ്റെടുക്കുന്നതിനായി 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തുകയും തുടർനടപടികൾക്കായി കിഫ്ബി സ്പെഷ്യൽ തഹസിൽദാർ (LA)-യെ നിയമിക്കുകയും ചെയ്തു. പ്രവൃത്തിയുടെ Contingency Charge ആയ 50 ലക്ഷം രൂപ 04-11-2022-ൽ കിഫ്ബി സ്പെഷ്യൽ തഹസിൽദാർ (LA)-യ്ക്ക് കൈമാറിയിട്ടുണ്ട്. മണലൂർ മണ്ഡലത്തിൽ Ch35/840 മുതൽ Ch33/265 വരെ അതിർത്തികല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. Ch33/265 മുതൽ Ch.32/140 വരെയുള്ള പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**കുറവിലങ്ങാട് ബൈപാസ് നിർമ്മാണം**

55(4942) <u>ശ്രീ. മോൻസ് ജോസഫ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കുറവിലങ്ങാട് ബൈപാസ് നിർമ്മാണ പ്രവൃത്തിയുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതിക്കായുള്ള ഡി.പി.ആർ. റോഡ്സ് വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണെന്നും ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കാമോ?

കുറവിലങ്ങാട് ബൈപ്പാസ് എം.സി. റോഡിൽ പാറ്റാനി ജംഗ്ഷനിൽ ആരംഭിച്ച് മുട്ടുങ്കൽ ജംഗ്ഷനിൽ അവസാനിക്കുന്നു. റോഡിന്റെ ആകെ നീളം 1.130 കി.മീ. ആണ്. ടി പ്രവൃത്തിക്കായി ഒന്നാം ഘട്ടത്തിൽ 97,55,973/- രൂപയുടെ പ്രവൃത്തി ആരംഭിച്ചെങ്കിലും ടി ഭാഗത്തെ തോടിന്റെ

ബണ്ടുമായി ബന്ധപ്പെട്ടുള്ള കോടതി നടപടിക്രമങ്ങൾമൂലം 20,34,788/- രൂപയുടെ പ്രവൃത്തികൾ മാത്രമെ പൂർത്തീകരിക്കാൻ സാധിച്ചിരുന്നുള്ളൂ. കോടതി നടപടിക്രമങ്ങളിൽ ഉണ്ടായ കാലതാമസംമൂലം കരാറുകാരനെ കരാറിൽനിന്നും ഒഴിവാക്കുകയും ചെയ്തിരുന്നു. കോടതിയുടെ അന്തിമവിധി ഉണ്ടായതിനെ തുടർന്ന് ബാക്കി പ്രവൃത്തികൾക്കായി തയ്യാറാക്കിയ 303 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്, സർക്കാർ നിർദ്ദേശാനുസരണം നിലവിലുള്ള നിരക്ക് പ്രകാരം പുതുക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ നിരത്ത് വിഭാഗം ചീഫ് എൻജിനീയർ സ്വീകരിച്ചുവരുന്നു.

**കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ തീരദേശ ഹൈവേ പദ്ധതി**

56(4943) <u>ശ്രീ. എം. വിജിൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കിഫ്ബി മുഖേന നടപ്പിലാക്കുന്ന തീരദേശ ഹൈവേ പദ്ധതി പ്രകാരമുള്ള റോഡ് കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ ഏതൊക്കെ പ്രദേശത്തുകൂടിയാണ് കടന്നുപോകുന്നതെന്ന്

വ്യക്തമാക്കാമോ; കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലൂടെ എത്ര ദൂരത്തിലാണ് റോഡ് കടന്നുപോകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) തീരദേശ ഹൈവേ പദ്ധതിയിൽ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പാലങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

(എ & ബി) കിഫ്ബി മുഖേന നടപ്പിലാക്കുന്ന തീരദേശ ഹൈവെയുടെ മാട്ടൂൽ - പുതിയങ്ങാടി - പാലക്കാട് വരെയുള്ള 10.60 കിലോമീറ്റർ ദൂരമാണ് കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ വരുന്നത്. ഈ ഭാഗം മുമ്പ് NHAI-യുടെ പോർട്ട് കണക്ടിവിറ്റിയുടെ ഭാഗമായതിനാൽ നിലവിൽ കണ്ണൂർ ജില്ലയിലെ തീരദേശ ഹൈവേയുടെ ഡി.പി.ആർ. തയ്യാറാക്കുന്ന ഏജൻസിയായ IDECK-ന് ഈ ഭാഗം നൽകിയിരുന്നില്ല. ഇപ്പോൾ ടി ഭാഗത്തിന്റെ അലൈൻമെന്റും ഡി.പി.ആർ.ഉം തയ്യാറാക്കുന്നതിനായി 01-03-2023-ന് NATPAC-ന് കത്ത് നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം NATPAC സർവ്വേ നടപടികൾ പൂർത്തിയാക്കി

അലൈൻമെന്റ് ഡ്രോയിംഗ് തയ്യാറാക്കുമ്പോൾ ഇതിൽ ഉൾപ്പെടുന്ന പാലങ്ങളുടെ പൂർണ്ണ വിവരം ലഭിക്കുന്നതാണ്.

**വർക്കല നിയോജക മണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ**

57(4944) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

വർക്കല നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗം നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**കോമങ്കേരിച്ചിറ-അംബേദ്ക്കർ കോളനി-എ.സി. റോഡ് നവീകരണം**

58(4945) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ കോമങ്കേരിച്ചിറ-അംബേദ്കർ കോളനി-എ.സി. റോഡ് പൂർണ്ണമായും തകർന്ന് ഗതാഗത യോഗ്യമല്ലാതായിത്തീർന്നിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത റോഡ് നവീകരിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് പരിശോധിച്ച് ഭരണാനുമതി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ & ബി) 06-06-2018-ൽ ഭരണാനുമതി ലഭിച്ച ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ കോമങ്കേരിച്ചിറ - അംബേദ്കർ കോളനി - എ.സി. റോഡിന്റെ Ch:1/000 മുതൽ 3/800 വരെയുള്ള നവീകരണ പ്രവൃത്തിക്ക് കരാർ ഏറ്റെടുത്ത കരാറുകാരനെ പ്രവൃത്തി ചെയ്യാത്തതു കാരണം നഷ്ടോത്തരവാദിത്തത്തിൽ ഒഴിവാക്കിയിരുന്നു. ബാലൻസ് പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൊതുമരാമത്ത് വകുപ്പ് ദക്ഷിണമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പുരോഗമിക്കുന്നു.

(സി) പ്രസ്തുത റോഡിന് 06-06-2018-ലെ സ.ഉ.(എം.എസ്.) നം.20/2018/പി.ഡബ്ല്യൂ.ഡി. പ്രകാരം അനുവദിച്ച തുക ഉപയോഗിച്ച് റോഡിന്റെ ch2/500 മുതൽ 3/800 വരെ ഭാഗം അടിയന്തരമായി നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത റോഡിന് അനുവദിച്ച തുക ഉപയോഗിച്ച് ഗതാഗത യോഗ്യമല്ലാതെ കിടന്നിരുന്ന Ch:1/000 to 2/500 വരെയുള്ള ഭാഗമാണ് Budget Work 2018-19 Improvements to Komenkerichira– Ambedkar Colony Road Ch 1/000 to 3/800 എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നവീകരിക്കാൻ ക്രമീകരിച്ചിരുന്നത്. എന്നാൽ മേൽ പ്രവൃത്തിയിൽ കാലതാമസം നേരിട്ടതുമൂലം കരാറുകാരനെ നഷ്ടോത്തരവാദിത്തത്തിൽ ഒഴിവാക്കിയിട്ടുള്ളതും ടി റോഡിന്റെ നവീകരണ പ്രവൃത്തിക്കായി ബാലൻസ് ഷെഡ്യൂൾ ടെണ്ടർ ചെയ്ത് തുടർനടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട് വരാത്തതും എന്നാൽ ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ പേരിൽ ഉൾപ്പെട്ടതുമായ 2/500 മുതൽ 3/800 വരെയുള്ള റോഡ് ഭാഗം സഞ്ചാര യോഗ്യമാക്കുന്നതിനുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് മറ്റൊരു Appendix ആയി നിലവിലുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽതന്നെ ഉൾപ്പെടുത്തി സമർപ്പിക്കുന്നതിന് ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ സി.എം.റ്റി. മീറ്റിംഗിൽ നിർദ്ദേശം ലഭിച്ചതിനെ തുടർന്ന് DSOR 2016 പ്രകാരം

ജി.എസ്.റ്റി. ഉൾപ്പെടാതെ ഏകദേശം 31,51,643/- രൂപയുടെ എസ്റ്റിമേറ്റ് മറ്റൊരു Appendix ആയി ബാലൻസ് ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരുന്നു. നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി പുന:ക്രമീകരിക്കേണ്ടതിനാൽ നിയമ പ്രകാരം ബാലൻസ് പ്രവൃത്തിയിൽ പ്രത്യേക അപ്പെൻഡിക്സ് ആയി 2/500 മുതൽ 3/900 വരെ ഉൾപ്പെടുത്താവുന്നതല്ല. ആയതിനാൽ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്ന് ടെണ്ടർ നടത്തിയതിൽ പ്രസ്തുത Appendix ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ ക്രമീകരിക്കുന്ന ബാലൻസ് ഷെഡ്യൂൾ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം 2/500 മുതൽ 3/800 വരെയുള്ള ഭാഗം നവീകരിക്കുന്നതിന് പ്രത്യേകമായി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**കളൻതോട് കുളിമാട് റോഡിന്റെ നിർമ്മാണം**

59(4946) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കുന്ദമംഗലം മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട കളൻതോട് ക്ലളിമാട് റോഡിന്റെ പ്രവൃത്തി ആരംഭിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ;

കുന്ദമംഗലം മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ചുകൊണ്ട് കേരള റോഡ് ഫണ്ട് ബോർഡ് - പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് മുഖേന നടപ്പിലാക്കുന്ന റോഡ് പ്രവൃത്തിയാണ് കളൻതോട് ക്ലളിമാട് റോഡ്, പ്രസ്തുത പ്രവൃത്തിക്ക് 20-08-2016-ൽ 15 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് 08-05-2017-ൽ 25 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ കരാർ 05-02-2018-ൽ ഏറ്റെടുക്കുകയും 14-02-2018-ൽ പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. എന്നാൽ KSEB, KWA എന്നീ യൂട്ടിലിറ്റികൾ നീക്കം ചെയ്യുന്നതിനുണ്ടായ കാലതാമസം കാരണം 17-07-2020-ൽ കരാർ റദ്ദുചെയ്യുകയുണ്ടായി.

(ബി) തുടക്കത്തിൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനെ ഒഴിവാക്കി പുതിയ കരാറുകാരനെ നിശ്ചയിച്ചിട്ടും പ്രവൃത്തി തുടങ്ങാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

കിഫ്ബി നിർദ്ദേശമനുസരിച്ച് ഡിസൈൻ നവീകരണം, റേറ്റ് റിവിഷൻ, GST എന്നിവമൂലം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 42.30 കോടി രൂപയായി പുതുക്കേണ്ടിവന്നു. 20-03-2022-ൽ കിഫ്ബി പുതുക്കിയ സാമ്പത്തികാനുമതി നൽകി. ബാലൻസ് പ്രവൃത്തിക്ക് സൂക്ഷ്മപരിശോധനയ്ക്കുശേഷം 21-06-2022-ൽ സാങ്കേതികാനുമതി നൽകുകയും 27-08-2022-ൽ നടന്ന 35-ാം ടെണ്ടർ അപ്രൂവൽ കമ്മിറ്റി ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ കരാറിൽ ഏർപ്പെടുന്നതിനായി കിഫ്ബിയുടെ PFMS platform-ൽനിന്നും LoA നമ്പർ, Agreement നമ്പർ എന്നിവ ലഭിക്കേണ്ടതുണ്ട്. നിലവിൽ TS file, Tender file ഇവയുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. 10-02-2023-ൽ കിഫ്ബിയിൽ സമർപ്പിച്ച PED-യുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് LoA നമ്പർ,

Agreement നമ്പർ എന്നിവ ലഭ്യമാക്കികൊണ്ട് കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

(സി) ഈ റോഡിന്റെ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 18 മാസമാണ്. പ്രസ്തുത കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

**കോഴിക്കോട് വിമാനത്താവളത്തിലേയ്ക്ക് എത്തിച്ചേരുന്ന പ്രധാന റോഡുകളുടെ വികസനം**

60(4947) <u>ശ്രീ. ടി. വി. ഇബ്രാഹിം:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കോഴിക്കോട് വിമാനത്താവളത്തിലേയ്ക്ക് എത്തിച്ചേരുന്ന പ്രധാന റോഡുകളുടെ വികസനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കോഴിക്കോട് വിമാനത്താവളത്തിലേയ്ക്ക് എത്തിച്ചേരുന്ന പ്രധാന റോഡായ രാമനാട്ടുകര – എയർപോർട്ട് റോഡ് വികസിപ്പിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ട്. റോഡ് ആറുവരി പാതയാക്കി

വികസിപ്പിക്കുന്നതിനുള്ള സ്കെച്ച് പൊതുമരാമത്ത് ഡിസൈൻ വിഭാഗം തയ്യാറാക്കിയിട്ടുണ്ട്. മറ്റു റോഡുകളുടെ കാര്യം പരിശോധിച്ചുവരുന്നു.

(ബി) കോഴിക്കോട്-പാലക്കാട് റോഡിൽ രാമനാട്ടുകര മുതൽ എയർപോർട്ട് വരെയുള്ള റോഡ് വികസിപ്പിക്കുന്നതിന്റെ നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കുമോ?

ദേശീയപാതാ വിഭാഗത്തിന് കീഴിലുള്ള രാമനാട്ടുകര മുതൽ എയർപോർട്ട് വരെയുള്ള റോഡ് ആറുവരി പാതയാക്കുന്നതിന്റെ അലൈൻമെന്റ് സ്കെച്ച് പൊതുമരാമത്ത് ഡിസൈൻ വിഭാഗം തയ്യാറാക്കിയിട്ടുണ്ട്.

(സി) കൊളത്തൂർ ജംഗ്ഷൻ മുതൽ എയർപോർട്ട് വരെ അന്താരാഷ്ട്ര നിലവാരത്തിൽ നവീകരിക്കുന്നതിനും കമാനം സ്ഥാപിക്കുന്നതിനും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ;

(ഡി) കോഴിക്കോട് വിമാനത്താവളം ഹജ്ജ് എംബാർക്കേഷൻ പോയന്റായി തെരഞ്ഞെടുത്ത സാഹചര്യത്തിൽ വിമാനത്താവളത്തിലേയ്ക്ക്

എത്തിച്ചേരുന്ന ഗ്രാമീണ റോഡുകളടക്കം വൺ ടൈം ഫണ്ട് നൽകി നവീകരിക്കാൻ വകുപ്പ് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(സി&ഡി) പ്രൊപ്പോസൽ പരിശോധിക്കുന്നു. പരിഗണിക്കാനാകുമോ എന്ന് പരിശോധിക്കാം.

**മഴക്കാലത്തിന് മുൻപുള്ള അറ്റകുറ്റപണികൾ**

61(4948) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കുറ്റ്യാടി മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ മഴക്കാലത്തിനുമുൻപ് അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിനുകീഴിലുള്ള അറ്റകുറ്റപ്പണികൾ ആവശ്യമായ റോഡുകളിൽ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തിയിൽ ഉൾപ്പെടുത്തി മഴക്കാലത്ത് മുമ്പായി അറ്റകുറ്റപ്പണികൾ ചെയ്തു തീർക്കുന്നതിന് ക്രമീകരണം ഏർപ്പെടുത്തിയിട്ടില്ല. കുറ്റ്യാടി മണ്ഡലത്തിലെ

കേരള റോഡ് ഫണ്ട് ബോർഡിന്റെ കീഴിലുള്ള കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡിന്റെ അറ്റകുറ്റപ്പണി പൂർത്തിയായിട്ടുണ്ട്.

(ബി) ഏതൊക്കെ റോഡുകളാണ് ഇത്തരത്തിൽ അറ്റകുറ്റപണികൾ ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നും അതിന് വകയിരുത്താൻ ഉദ്ദേശിക്കുന്ന ഫണ്ട് എത്രയെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ മഴക്കാലത്തിനുമുൻപ് പൂർത്തിയാക്കാൻ പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

(ബി&സി) കുറ്റ്യാടി മണ്ഡലത്തിൽ RCII Phase-2-ൽ 3 പ്രവൃത്തികൾക്ക് 257 ലക്ഷം രൂപയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത 3 പ്രവൃത്തികളിലും കൂടി ആകെ 18 റോഡുകൾ ഉൾപ്പെട്ടിട്ടുണ്ട്. റോഡുകളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1. Avadimukku - Mudayntheri road

2. Chembanoda-Neduvayil road

3. MoonnamkaiKaringadKaively road

4. Perod-Parakkadavu- Chettakkandi road

5. Poilonchal- Chappanthottam- Niravilpuzha road

6. Poothampara-choorani-Pakramthalam road

7. Thaivachaparambil-Karayileanal road

8. Bhoomivathukkal-Valayam road

9. Bhoomivathukkal- Pakkoyil road

10. Kallachi Valayam-Chuzhali- Puthukkayam road

11. Kallachi-Vilangadu road

12. Approach road to Kuttiady Rest House

13. Vattoli-Pathirapatta road

14. SH-38 PUKC road

15. Mokeri-Kayakkodi-Paloli- Thottilpalam road

16. Kakkattil - Kaiveli road

17. Chelakkad - Narikkatteri - Perumundasseri road.

18. Chathangottunada-Muttathepilavu- Pasukkadavu road

പൊതുമരാമത്ത് നിരത്തു വിഭാഗത്തിന്റെ കീഴിൽവരുന്ന ഈ പ്രവൃത്തികൾ മഴക്കാലത്തിനുമുമ്പ് പൂർത്തിയാക്കുന്നതിനുള്ള നടപടി ആരംഭിച്ചു കഴിഞ്ഞു.

**ദേവികുളം മണ്ഡലത്തിലെ റോഡുകളുടെ അവസ്ഥ**

62(4949) <u>ശ്രീ. എ. രാജ:</u> താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

ദേവികുളം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റോഡുകളുടെ നീളം, അവയുടെ നിലവിലെ അവസ്ഥ എന്നീ വിവരങ്ങൾ സെക്ഷൻ ഓഫീസ് തിരിച്ച് ലഭ്യമാക്കാമോ?

വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**കുട്ടിലങ്ങാടി – കടാമ്പുഴ റോഡിലെ പാങ്ങ് പള്ളിപ്പറമ്പ് വളവിലെ അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടി**

63(4950) <u>ശ്രീ. മഞ്ഞളാംകുഴി അലി:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മങ്കട നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കൂട്ടിലങ്ങാടി-കാടാമ്പുഴ റോഡിലെ പാങ്ങ് പള്ളിപ്പറമ്പ് വളവിൽ ഉണ്ടാകുന്ന അപകടങ്ങൾക്ക് ശാശ്വത പരിഹാരം കാണണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മങ്കട നിയോജകമണ്ഡലത്തിലെ വെട്ടിച്ചിറ-കാടാമ്പുഴ-കൂട്ടിലങ്ങാടി പള്ളിപറമ്പ് വളവ് കുത്തനെയുള്ള ഇറക്കവും ഏകദേശം 80 ഡിഗ്രി ആംഗിൾ ഉള്ളതുമായ വളവാണ്. ഈ വളവിൽ ഒരു പഞ്ചായത്ത് റോഡ് വന്നുചേരുന്നുണ്ട്. ഈ ഭാഗങ്ങളിൽ വീതി താരതമ്യേന കുറവാണ്. ഈ ഭാഗത്ത് റോഡിൽ താത്കാലിക സുരക്ഷ നൽകുന്നതിന്റെ ഭാഗമായി (Immediate cautionary measures) റംബിൾ സ്ട്രിപ്പുകളും സുരക്ഷാ ബോർഡുകളും വെച്ചിട്ടുണ്ട്. കൂടുതൽ സുരക്ഷാ നടപടികൾ ആവശ്യമുണ്ട്.

(ബി) റോഡിന്റെ വളവ് നിവർത്തി വീതി കൂട്ടി സുരക്ഷാഭിത്തിയും മുന്നറിയിപ്പ് ബോർഡുകളും സ്ഥാപിച്ചാൽ അപകടങ്ങൾക്ക് പരിഹാരമാകുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത്തരത്തിൽ

അപകടസാധ്യത കുറയ്ക്കുന്നതിനുള്ള നടപടികളൊന്നും നാളിതുവരെ സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

അപകട സാധ്യത കുറക്കുന്നതിനായി കൂടുതൽ ബോർഡുകളും റംബിൾ സ്ട്രിപ്പുകളും സ്ഥാപിക്കുന്നതിനുള്ള ട്രാഫിക് സേഫ്റ്റി എസ്റ്റിമേറ്റിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഈ ഭാഗത്തെ വളവ് നിവർത്തുന്നതിന് സ്വകാര്യ വ്യക്തികളിൽ നിന്ന് സ്ഥലം ഏറ്റെടുക്കേണ്ടതായുണ്ട്. ആയത് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ച് പ്രവൃത്തി നടപ്പിലാക്കാൻ കഴിയുമെന്ന് കരുതുന്നു.

(സി) ഈ സ്ഥലത്തെ അപകടങ്ങൾ കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികൾ പരിശോധിക്കുന്നതിന് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

മഞ്ചേരി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ സ്ഥലം

പരിശോധിക്കുകയും നിലവിലെ അവസ്ഥയിൽ ചെയ്യാവുന്ന റോഡ് സേഫ്റ്റി പ്രവൃത്തികൾ ഏർപ്പാട് ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഭാഗത്തെ വളവ് നിവർത്തുന്നതിനുവേണ്ട അലൈൻമെന്റ് കറക്ഷനും മറ്റ് അനുബന്ധ പ്രവൃത്തികളും ചെയ്യുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കേണ്ടതായുണ്ട്.

**ഏനാമാവ് പള്ളി ജംഗ്ഷന് സമീപമുള്ള റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ**

64(4951) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തൃശ്ശൂർ-കാഞ്ഞാണി-ചാവക്കാട് റോഡിൽ കാഞ്ഞാണി മുതൽ മുല്ലശ്ശേരി വരെ ബി.എം.ബി.സി. ജോലികൾ നടക്കുന്ന സാഹചര്യത്തിൽ വളരെ വീതി കുറഞ്ഞ ഏനാമാവ് പള്ളി ജംഗ്ഷന് സമീപമുള്ള സ്ഥലത്തിന്റെ വീതി കൂട്ടുന്നതിനായി ഇതുവരെ എടുത്ത നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിൽ ചെയിനേജ് 11/600-ൽ ഏനാമാവ് പള്ളി ജംഗ്ഷന് സമീപമുള്ള റോഡിന്റെ സർവ്വേ നടത്തി അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

സ്ഥലമേറ്റെടുക്കുന്നതിനായുള്ള കൃത്യമായ വിസ്തീർണ്ണം കണ്ടെത്താനായി സർവ്വേ നടത്തുന്നതിന് സർവ്വേ വിഭാഗത്തിന് കത്ത് സമർപ്പിച്ചിട്ടുണ്ട്. റവന്യൂ വകുപ്പിന് 25-02-2023-ന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(ബി) ഏനാമാവ് ജംഗ്ഷൻ വികസനത്തിനായി പുതുക്കിയ ഭരണാനുമതി എന്നാണ് ലഭിച്ചത്; എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചത്; വ്യക്തമാക്കാമോ?

19-11-2019-ലാണ് ഏനാമാവ് ജംഗ്ഷൻ വികസനത്തിനായി 130 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയത്.

(സി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഭൂമിയുടെ അതിരുകളിൽ അതിർത്തിക്കല്ല് സ്ഥാപിക്കുന്ന ജോലിയുടെ പുരോഗതി എന്താണെന്ന് അറിയിക്കാമോ?

തൃപ്രയാർ-കാഞ്ഞാണി റോഡിൽ ചെയിനേജ് 11/600-ൽ ഏനാമാവ് പള്ളി ജംഗ്ഷന് സമീപമുള്ള റോഡിന്റെ സർവ്വേ നടത്തി അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ?

സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ലഭിച്ച് സ്ഥലം ഏറ്റെടുക്കുന്നതോടെ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുന്നതാണ്.

**റോഡ് നിർമ്മാണത്തിന് പുതിയ സാങ്കേതിക വിദ്യകളുടെ ഉപയോഗം**

65(4952) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളത്തിന്റെ കാലാവസ്ഥയ്ക്ക് ഫുൾ ഡെപ്ത് റിക്ലമേഷൻ സാങ്കേതികവിദ്യ അനുയോജ്യമാണോയെന്ന് വിശദമാക്കാമോ;

ഫുൾ ഡെപ്ത് റിക്ലമേഷൻ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള റോഡ് പുനർനിർമ്മാണ രീതി കെ.ആർ.എഫ്.ബി. മുഖേന ആരംഭിച്ചിട്ടുണ്ട്. ടി സാങ്കേതികവിദ്യ ഉപയോഗിച്ച് പത്തനംതിട്ട ജില്ലയിലെ ആനയടി-പഴകുളം റോഡിന്റെ 5 കി.മീ. ദൂരത്തിന്റെ നിർമ്മാണം പൈലറ്റ് പദ്ധതിയായി നടപ്പാക്കിയിരുന്നു. FDR സാങ്കേതികവിദ്യയിൽ റോഡ്

നിർമ്മാണം വ്യാപകമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ 9 റോഡുകളിലാണ് ആദ്യഘട്ടത്തിൽ FDR സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം നടക്കുന്നത്. സംസ്ഥാന വ്യാപകമായി FDR പദ്ധതി നടപ്പാക്കാൻ പദ്ധതികൾ തയ്യാറാക്കി വരികയാണ്. ഈ നിർമ്മാണ രീതി കേരളത്തിലെ കാലാവസ്ഥയ്ക്ക് അനുയോജ്യമാണെന്ന് കാണുന്നു. ഫുൾ ഡെപ്ത് റിക്ലമേഷൻ സാങ്കേതികവിദ്യ ഉപയോഗിച്ച് റോഡ് നിർമ്മിക്കുമ്പോൾ നിലവിലെ റോഡിന്റെ നിർമ്മാണ വസ്തുക്കൾ പുനരുപയോഗിച്ച് തന്നെ റോഡിന്റെ അടിസ്ഥാനം നിർമ്മിക്കുന്നു. 4 ലെയറുകളായി നിർമ്മിക്കുന്ന ഈ ഹരിത സൗഹാർദ്ദ നിർമ്മാണരീതിക്ക് താരതമ്യേന ചെലവ് കുറവാണ്.

(ബി) പ്രീകാസ്റ്റ് ഡ്രെയിനേജ്, കൾവേർട്ട് എന്നിവ ഉപയോഗിച്ച് റോഡ് നിർമ്മാണം നടത്തുന്നതിന് പദ്ധതിയുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ഇത് സംബന്ധിച്ച് പ്രൈസ് സോഫ്റ്റ്‌വെയറിൽ ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(ബി & സി) പൊതുമരാമത്ത് വകുപ്പിലെ പ്രധാന പദ്ധതികളിലുള്ള റോഡ് പ്രവൃത്തികൾ പ്രീകാസ്റ്റ് ഡ്രെയിനേജ്, കൾവർട്ട് എന്നിവ ഉൾപ്പെടുത്തിയാണ് നടത്തിവരുന്നത്. ഇതിനാവശ്യമായ ക്രമീകരണം പ്രൈസ് സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

**ആലത്തൂർ മണ്ഡലത്തിലെ റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടി**

66(4953) ശ്രീ. കെ .ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ആലത്തൂർ മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം റോഡുകളാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡുകൾ ഏറ്റെടുക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ & ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന പൊതു വിഷയത്തിൽ സർക്കാർ തീരുമാനം എടുത്തിട്ടില്ല.

## റോഡുകളെപ്പറ്റി പൊതുജനങ്ങൾക്കുള്ള പരാതി അറിയിക്കാൻ മൊബൈൽ ആപ്പ്

67(4954) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) റോഡുകളെപ്പറ്റി പൊതുജനങ്ങൾക്കുള്ള പരാതി അറിയിക്കാൻ മൊബൈൽ ആപ്പ് നിലവിലുണ്ടോ;

സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളെ സംബന്ധിച്ച് പൊതുജനങ്ങൾക്കു നേരിട്ട് പരാതി അറിയിക്കാനായി പി.ഡബ്ല്യൂ.ഡി. ഫോർ യു എന്ന മൊബൈൽ ആപ്പ് വികസിപ്പിച്ചു നല്കിയിട്ടുണ്ട്.

(ബി) പ്രസ്തുത മൊബൈൽ ആപ്പ് ഏതു കമ്പനിയാണ് വികസിപ്പിച്ചതെന്നും എത്ര തുകയ്ക്കാണ് അതിന് കരാർ നല്കിയതെന്നും അറിയിക്കാമോ;

(സി) ടെണ്ടർ നടപടികളിലൂടെയാണോ ഈ മൊബൈൽ ആപ്പ് നിർമ്മിക്കുന്നതിന് പ്രസ്തുത കമ്പനിയെ തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കാമോ;

(ബി & സി) M/s. ടി.ആർ.എൽ. പ്രൊഫഷണൽ ആൻഡ് സോഫ്റ്റ്‌വെയർ സർവ്വീസസ് (ഇൻഡ്യ) എൽ.എൽ.പി. ഇൻ ജെ.വി. വിത്ത് എക്സ്പീരിയൻ ടെക്നോളജീസ് (ഇൻഡ്യ) പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയാണ് പ്രസ്തുത ആപ്പ് വികസിപ്പിച്ചത്. 'Supply, installation, testing and commissioning of a web-based software for road maintenance management for the Kerala Public Works Department' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പ്രസ്തുത ആപ്പ് വികസിപ്പിച്ചത്. ഈ പദ്ധതിയുടെ എല്ലാം ചേർന്ന കരാർ തുക 4,54,71,352/- രൂപയാണ്. ടി പദ്ധതിയുടെ കരാർ കമ്പനിയെ തെരഞ്ഞെടുത്തത് ലോക ബാങ്ക് വ്യവസ്ഥകൾക്ക് വിധേയമായി രാജ്യാന്തര ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചാണ്.

(ഡി) ഇതിനായുള്ള ടെണ്ടറിൽ ആരൊക്കെ പങ്കെടുത്തുവെന്നും ഓരോ കമ്പനിയും എന്തു തുക ക്വാട്ട് ചെയ്തു എന്നുമുള്ള വിവരവും നൽകാമോ?

ടെണ്ടറിൽ പങ്കെടുത്ത കമ്പനികളുടെ വിവരങ്ങളും അവർ ക്വാട്ട് ചെയ്ത തുകകളുടെ വിശദാംശങ്ങളും ബിഡ് ഇവാല്യേഷന ശേഷം ലഭിച്ച സ്കോറുകളുടെ വിശദാംശങ്ങളും അനുബന്ധം (1) & (2) ആയി ചേർക്കുന്നു.+

## എം.സി.റോഡ്, കൊല്ലം-ചെങ്കോട്ട റോഡ് വികസനം

68(4955) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എം. മുകേഷ്:
ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട റോഡുകളായ എം.സി.റോഡ്, കൊല്ലം-ചെങ്കോട്ട റോഡ് എന്നിവയുടെ വികസനം സംബന്ധിച്ച നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

2022-23-ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച കേശവദാസപുരം മുതൽ അങ്കമാലി വരെയുള്ള എം.സി. റോഡ് വികസനം, കൊല്ലം ചെങ്കോട്ട റോഡ് വികസനം എന്നീ പദ്ധതികൾക്ക് 1500 കോടി രൂപയുടെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തത്വത്തിലുള്ള ഭരണാനുമതി 05-11-22-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായുള്ള വിശദമായ പദ്ധതി രേഖ (ഡി.പി.ആർ.) പി.ഡബ്ല്യൂ.ഡി. ഡിസൈൻ വിഭാഗത്തിൽ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) വിഴിഞ്ഞം തുറമുഖം പ്രവർത്തന സജ്ജമാകുമ്പോഴുള്ള ചരക്കുനീക്ക, ഗതാഗത ആവശ്യത്തിനായി നിർമ്മിക്കാൻ തീരുമാനിച്ച വിഴിഞ്ഞം-നാവായിക്കുളം റിംഗ് റോഡ് നിർമ്മാണ നടപടിയുടെ പുരോഗതി പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നല്കുമോ?

കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ അനുമതി ലഭ്യമായ നാവായിക്കുളം-വിഴിഞ്ഞം ഔട്ടർ റിംഗ് റോഡിന്റെ ഭൂമി ഏറ്റെടുക്കലിന്റെ 50% തുക വഹിക്കുന്നതുമായി ബന്ധപ്പെട്ട് ദേശീയപാത അതോറിറ്റി സമർപ്പിച്ച Quadripartite Agreement സർക്കാർ പരിശോധിച്ചുവരുന്നു.

പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് NH Act 1956 പ്രകാരമുള്ള 3A നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ബന്ധപ്പെട്ട CALA ഓഫീസർ

മുഖേന 3D സർവ്വേ നടപടികൾ പുരോഗമിക്കുന്നു. പദ്ധതിക്ക് ടെണ്ടർ ക്ഷണിച്ചതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

## കായപ്പനച്ചി-കുന്നംചിര-എടച്ചേരി (പുതിയങ്ങാടി) റോഡ് പ്രവൃത്തി

69(4956) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) നാദാപുരം മണ്ഡലത്തിൽ കിഫ്ബി മുഖാന്തിരം അനുവദിച്ച കായപ്പനച്ചി-കുന്നംചിര-എടച്ചേരി (പുതിയങ്ങാടി) റോഡ് പ്രവൃത്തിക്കായി നാളിതുവരെ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

(എ & ബി) നാദാപുരം നിയോജക മണ്ഡലത്തിലെ കായപ്പനച്ചി - ചുണ്ടയിൽ - പുതിയങ്ങാടി റോഡ് പ്രവൃത്തിക്ക് 10-07-2017-ൽ 20 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 16-04-2022-ലെ ഉത്തരവ് പ്രകാരം പ്രസ്തുത പ്രവൃത്തി 'കായപ്പനച്ചി - കുന്നംചിര - എടച്ചേരി

(പുതിയങ്ങാടി) റോഡ് എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്. കോഴിക്കോട് കെ.ആർ. എഫ്.ബി. - പി.എം.യു. വിഭാഗം തയ്യാറാക്കിയ പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട്, ഡി.പി.ആർ. തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് ഡിസൈൻ വിംഗിൽ സമർപ്പിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പ്രവൃത്തിക്ക് എന്നത്തേയ്ക്ക് ഭരണാനുമതി നൽകുമെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പ്രവൃത്തിക്ക് 10-07-2017-ൽ സ.ഉ.(സാധാ)നം.942/ 2017/പൊ.മ.വ ഉത്തരവ് പ്രകാരം 20 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

**കോട്ടക്കുന്ന് റോഡിലെ മണ്ണിടിച്ചിൽ ഭീഷണി തടയാൻ നടപടി**

70(4957) **ശ്രീ. പി. ഉബൈദുള്ള:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മലപ്പുറത്തെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ കോട്ടക്കുന്നിലെ റോഡിലുണ്ടാകുന്ന മണ്ണിടിച്ചിൽ ഭീഷണി തടയുന്നതിന് നിർദേശിച്ചിട്ടുള്ള

ഡ്രെയിനേജ് നിർമ്മാണത്തിനുള്ള സർവ്വേ നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ വിശദാംശം നൽകാമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ?

(ബി & സി) ഭരണാനുമതി ലഭ്യമാക്കുന്നതിലേയ്ക്കായി എസ്റ്റിമേറ്റും അനുബന്ധ രേഖകളും മലപ്പുറം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

## ആരാധനാലയങ്ങളുടെ ഭൂമി ഏറ്റെടുത്തതിനുള്ള നഷ്ട പരിഹാരം

71(4958) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ദേശീയ പാത വികസനത്തിന്റെ ഭാഗമായി പള്ളി, മദ്രസ തുടങ്ങിയ ആരാധനാലയങ്ങളുടെ ഭൂമി ഏറ്റെടുത്തതിന്റെ നഷ്ടപരിഹാര തുക ബന്ധപ്പെട്ട ആരാധനാലയങ്ങൾക്ക്/കമ്മറ്റികൾക്ക് നൽകിയതിന്റെ വിശദാംശം ലഭ്യമാക്കുമോ; നഷ്ടപരിഹാരം പൂർണ്ണമായും കൊടുത്ത് തിർത്തിട്ടുണ്ടോ; നഷ്ടപരിഹാരം കൊടുത്ത് തീർക്കാനുണ്ടെങ്കിൽ അയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം ആരാധനാലയങ്ങൾക്ക്/കമ്മറ്റികൾക്ക് നഷ്ടപരിഹാരം കൊടുക്കാൻ ശേഷിക്കുന്നുണ്ടെന്നുള്ള വിശദാംശം ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; നഷ്ടപരിഹാരം പൂർണ്ണമായും എന്നത്തേയ്ക്ക് കൊടുത്ത് തീർക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

(എ & ബി) സംസ്ഥാനത്ത് ദേശീയ പാത വികസനത്തിന്റെ ഭാഗമായി പള്ളി, മദ്രസ തുടങ്ങിയ ആരാധനാലയങ്ങളുടെ ഭൂമി ഏറ്റെടുത്തതിന്റെ നഷ്ടപരിഹാര തുക ബന്ധപ്പെട്ട ആരാധനാലയങ്ങൾക്ക്/ കമ്മറ്റികൾക്ക് നൽകിയതിന്റെയും നഷ്ടപരിഹാരം കൊടുത്ത് തീർക്കാനുള്ളതിന്റെയും ജില്ലാടിസ്ഥാനത്തിലുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**<u>റോഡുകളെപ്പറ്റി പൊതുജനങ്ങൾക്കുള്ള പരാതി അറിയിക്കാൻ മൊബൈൽ ആപ്പ്</u>**

72(4959) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ റോഡുകളെപ്പറ്റി പൊതുജനങ്ങൾക്കുള്ള പരാതി അറിയിക്കാൻ മൊബൈൽ ആപ്പ് നിലവിലുണ്ടായിരുന്നോ;

മുൻ സർക്കാരിന്റെ കാലത്ത് പി.ഡബ്ല്യൂ.ഡി. ഫിക്സിറ്റ് എന്ന മൊബൈൽ ആപ്പ് 2018 ജൂലൈ മാസത്തിൽ നടപ്പിലാക്കിയിരുന്നു.

(ബി) 'പി.ഡബ്ല്യൂ.ഡി. ഫിക്സ്-ഇറ്റ്' എന്ന ആപ്പ് നിർമ്മിക്കാനായി ഏതു കമ്പനിയെയാണ് ചുമതലപ്പെടുത്തിയതെന്നും എത്ര തുകയ്ക്കാണ് ആപ്പ് നിർമ്മിച്ചതെന്നും വ്യക്തമാക്കാമോ;

പ്രസ്തുത മൊബൈൽ ആപ്പ് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ കീഴിലുള്ള തൃശ്ശൂർ ഇലക്ട്രോണിക്സ് ഡിവിഷൻ 'ഹബ്സ്പെയർ'

എന്ന സ്റ്റാർട്ട് അപ് കമ്പനിയുമായി സഹകരിച്ച് തികച്ചും സൗജന്യമായാണ് നടപ്പിലാക്കിയത്.

(സി) ഈ ആപ്പ് പ്രവർത്തനരഹിതമായതിന്റെ കാരണം വിശദമാക്കാമോ?

ഈ മൊബൈൽ ആപ്പ് നടപ്പിലാക്കിയശേഷം ആപ്പിന്റെ പ്രവർത്തനത്തിലുള്ള സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ചെലവും സർവ്വർ മുതലായവയുടെ ചെലവും സാങ്കേതിക സഹായവും നിർവ്വഹിക്കാൻ ആപ്പിന്റെ ഡെവലപ്പർ ആയ കമ്പനി തയ്യാറാകാത്തത് കാരണം 2019 ജൂലൈ മാസത്തിനു ശേഷം ആപ്പിന്റെ പ്രവർത്തനം നിലയ്ക്കുകയാണുണ്ടായത്.

**അടാട്ട് – ചിറ്റിലപ്പിള്ളി റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ**

73(4960) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ അടാട്ട് - ചിറ്റിലപ്പിള്ളി റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ & ബി) അടാട്ട് - ചിറ്റിലപ്പള്ളി റോഡിൽ ബി.എം. പ്രവൃത്തിയും ഇന്റർലോക്ക് ടൈൽ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. ബി.സി. പ്രവൃത്തി, റോഡ് സുരക്ഷ പ്രവൃത്തികൾ, ഡ്രെയിനേജ് പ്രവൃത്തി എന്നിവ പൂർത്തീകരിക്കാനുണ്ട്. മാർച്ച് മാസത്തിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കാൻ വേണ്ടി കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## റോഡ് ബി.എം. ആൻഡ് ബി.സി.-യിൽ പൂർത്തീകരിക്കുന്നതിന് നടപടി

74(4961) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാരിന്റെ കാലത്ത് ബി.എം. ആന്റ് ബി.സി. നിലവാരത്തിൽ 15000 കിലോമീറ്റർ റോഡ് പൂർത്തീകരിക്കുന്നതിന്

ലക്ഷ്യമിടുന്നുണ്ടോ; എങ്കിൽ പ്രസ്തുത രീതിയിൽ നാളിതുവരെ എത്ര കിലോമീറ്റർ റോഡ് പൂർത്തീകരിച്ചിട്ടുണ്ടെന്നും എത്ര കിലോമീറ്റർ റോഡിന്റെ പ്രവൃത്തികൾ നടന്നുവരുന്നുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളിൽ 15000 കിലോമീറ്റർ റോഡുകൾ ബി.എം. & ബി.സി. നിലവാരത്തിൽ എത്തിക്കുന്നതിന് സർക്കാർ ലക്ഷ്യമിടുന്നു. നിലവിൽ ഏകദേശം 14100 കി.മീ. റോഡുകൾ ബി.എം. & ബി.സി. നിലവാരത്തിൽ ഉയർത്തികഴിഞ്ഞു കൂടാതെ ഏകദേശം 1100 കിലോമീറ്റർ റോഡുകൾ ബി.എം. & ബി.സി. നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

(ബി) സംസ്ഥാനത്ത് റോഡ് നിർമ്മാണത്തിന് മാത്രമായി നാല്പതിനായിരം കോടി രൂപ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികൾ വഴിയാണ് ഈ തുക ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

സംസ്ഥാനത്ത് റോഡ് നിർമ്മാണത്തിന് ഊന്നൽ നൽകിക്കൊണ്ട് പ്രത്യേക പദ്ധതി സർക്കാർ നടപ്പിലാക്കിവരുന്നുണ്ട്. റോഡ് നവീകരണത്തിന് കിഫ്ബി ഫണ്ട് ഉപയോഗിച്ച് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നു. റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ്, നഗര വികസന പദ്ധതികൾ, നബാർഡ്, CRIF തുടങ്ങിയ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് റോഡ് നവീകരണം സാധ്യമാക്കുന്നത്. അതോടൊപ്പം സംസ്ഥാനത്ത് ദേശീയപാത-66-ന്റെ വികസന പ്രവർത്തനങ്ങളും പുരോഗമിക്കുകയാണ്. കൂടുതൽ ഡിസൈൻഡ് റോഡുകൾ എന്ന ലക്ഷ്യത്തോടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ഓരോ സാമ്പത്തിക വർഷവും എത്ര തുക റോഡ് നിർമ്മാണത്തിനായി നീക്കി വച്ചിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2021-22 സാമ്പത്തിക വർഷം SH, MDR എന്നീ പ്ലാൻ ഹെഡുകളിൽ ഉൾപ്പെടുത്തി 581.5 കോടി രൂപയുടേയും നബാർഡ് പദ്ധതിയിൽ 107 കോടി രൂപയുടേയും ശബരിമല

പ്രവൃത്തികൾക്കായി 224.97 കോടി രൂപയുടേയും ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം നാളിതുവരെ SH, MDR ഹെഡുകളിൽ 343 കോടി രൂപയുടേയും, നബാർഡ് പദ്ധതിയിൽ 119.7 കോടി രൂപയുടേയും ശബരിമല പ്രവൃത്തികൾക്കായി 169.53 കോടി രൂപയുടേയും ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ ഹെഡുകളിലായി 2021-22 വർഷം 1461 കോടി രൂപയും നടപ്പു സാമ്പത്തിക വർഷം നാളിതുവരെ 960.91 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ഡി) 2023-24 വർഷത്തിൽ റോഡ് നിർമ്മാണത്തിനായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

2023-24 വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാനപാതകളുടെ പുനരുദ്ധാരണത്തിന് 61.77 കോടി രൂപയും പ്രധാന ജില്ലാപാതകളുടെ വികസനത്തിന് 237.45 കോടി രൂപയും നബാർഡ് റോഡ് പ്രവൃത്തികൾക്ക് 164.74 കോടി രൂപയും ശബരിമല പ്രവൃത്തികൾക്ക് 12.82 കോടി രൂപയും പ്ലാൻ ഹെഡിൽ നീക്കിവച്ചിട്ടുണ്ട്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര റെയിൽവേ മേൽപ്പാലങ്ങൾ പണിയുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്; അതിൽ എത്രയെണ്ണം നിർമ്മാണം പൂർത്തിയാക്കിയെന്നും എത്രയെണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നുവെന്നും ഈ സർക്കാരിന്റെ കാലത്ത് എത്ര മേൽപ്പാലങ്ങൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ?

72 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനായി RBDCK-യെ ചുമതലപ്പെടുത്തിയതിൽ 66 എണ്ണം കിഫ്ബി ഫണ്ട് ഉപയോഗിച്ചും 6 എണ്ണം ബഡ്ജറ്റ് ഫണ്ട് ഉപയോഗിച്ചുമാണ് നടപ്പിലാക്കുന്നത്. ഇതിൽ കാഞ്ഞങ്ങാട് ആർ.ഒ.ബി.-യുടെ നിർമ്മാണം പൂർത്തിയാക്കി. ലെവൽ ക്രോസ് മുക്ത കേരളം പദ്ധതിയിൽ കിഫ്ബി ഫണ്ടിൽ ഉൾപ്പെട്ട 10 ആർ.ഒ.ബി.-കളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. കൂടാതെ ബഡ്ജറ്റ് ഫണ്ടിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന 3 ആർ.ഒ.ബി.-കളുടെ നിർമ്മാണം പുരോഗമിച്ചുവരികയാണ്. ഈ 13 മേൽപ്പാലങ്ങൾ കൂടാതെ ഭൂമിയേറ്റെടുക്കൽ

പുരോഗമിക്കുന്ന 21 മേൽപ്പാലങ്ങളുടെയും കൂടി നിർമ്മാണം പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

## മലപ്പുറം ഫ്ലൈ ഓവർ പദ്ധതി

75(4962) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മലപ്പുറം പോലീസ് സ്റ്റേഷൻ മുതൽ കിഴക്കേത്തല വരെ നിർമ്മിക്കാനുദ്ദേശിക്കുന്ന ഫ്ലൈഓവർ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നത് സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര ഉപരിതല ഗതാഗതവകുപ്പിന്റെ നിരാക്ഷേപ പത്രം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോയെന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ടോയെന്നും എന്നത്തേക്ക് പദ്ധതി ആരംഭിക്കാൻ സാധിക്കുമെന്നും വെളിപ്പെടുത്തുമോ; വിശദാംശം നൽകുമോ ;

(ഡി) പുതുക്കിയ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടിന് കിഫ്ബി അഗീകാരം നൽകിയിട്ടുണ്ടോ; പ്രവൃത്തിക്കായുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എ –ഡി) മലപ്പുറം ജില്ലയിലെ മലപ്പുറം നിയമസഭ മണ്ഡലത്തിൽ ഉൾപ്പെട്ട മലപ്പുറം പോലീസ് സ്റ്റേഷൻ-കിഴക്കേത്തല ചെത്ത് പാലം ഫ്ലൈഓവർ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10-07-2017-ലെ സർക്കാർ ഉത്തരവ് (ആർ.ടി.) നം. 942/2017/പി.ഡബ്ല്യൂ.ഡി. പ്രകാരം ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിക്കുകയും ചെയ്തു. പദ്ധതിക്ക് കിഫ്ബിയിൽ നിന്നും 89.92 കോടി രൂപയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. മലപ്പുറം മണ്ഡലം CMT മീറ്റിംഗിലെ നിർദ്ദേശ പ്രകാരം പദ്ധതിയുടെ അലൈൻമെന്റിൽ മാറ്റം വരുത്തി പോലീസ് സ്റ്റേഷൻ വരെയുള്ള അലൈൻമെന്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. മാറ്റം വരുത്തിയ അലൈൻമെന്റ് കിഫ്ബി അംഗീകരിക്കുന്ന മുറക്ക് ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കാൻ കഴിയും. പദ്ധതിക്ക് കേന്ദ്ര ഉപരിതല വകുപ്പിൽ നിന്നും 12-10-2021 ന് NOC ലഭിച്ചു.

## പാറശാല മണ്ഡലത്തിലെ മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ

76(4963) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പാറശാല മണ്ഡലത്തിലെ മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ, പാലങ്ങളുടെ നിർമ്മാണം എന്നിവ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

(എ & ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് വാഴിച്ചൽ-കള്ളിക്കാട് റീച്ചിലെ റോഡ് പുറമ്പോക്കിൽ താമസിക്കുന്ന 42 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) എങ്കിൽ പ്രസ്തുത പുനരധിവാസം എപ്രകാരം നടത്തുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളതെന്നും ഇതുമായി ബന്ധപ്പെട്ട നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദാംശം നൽകാമോ?

(സി &ഡി) പുറമ്പോക്ക് ഭൂമിയിലെ 42 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള പാക്കേജ് പി.ഡബ്ല്യൂ.ഡി. ജി1/181/2022/പി. ഡബ്ല്യൂ.ഡി. നമ്പർ ഫയലിൽ സർക്കാർ പരിശോധിച്ചുവരുന്നു.

**ആലപ്പുഴ പള്ളാത്തുരുത്തി കിഴക്കൻ ബൈപാസ് നിർമ്മാണം**

77(4964) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മുൻ സർക്കാർ കാലയളവിലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആലപ്പുഴ പള്ളാത്തുരുത്തി കിഴക്കൻ ബൈപാസ് നിർമ്മാണത്തിനായി സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി വിശദമായ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പ്രസ്തുത പ്രവൃത്തി ഉടൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ –സി) കിഫ്ബി ധനസഹായത്തോടുകൂടി കെ.ആർ.എഫ്.ബി., പി.എം.യു. മുഖേന നടപ്പിലാക്കുന്ന പള്ളാത്തുരുത്തി കിഴക്കൻ ബൈപാസ് റോഡ് പ്രവൃത്തിക്കായി 20-08-2016-ൽ 20 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് മുന്നോടിയായി പള്ളാത്തുരുത്തി മുതൽ പൂങ്കാവ് വരെയുള്ള റോഡിന്റെ സർവ്വേ നടപടികൾ പൂർത്തീകരിച്ചു. ചീഫ് എഞ്ചിനീയർ, ഡിസൈൻ വിഭാഗം ലഭ്യമാക്കിയ ഡ്രാഫ്റ്റ് അലൈൻമെന്റ്, സാധ്യത പരിശോധനയ്ക്കായി കെ.ആർ.എഫ്.ബി., പി.എം.യു. ആലപ്പുഴ ഡിവിഷനിൽ നൽകിയിരുന്നു. പ്രസ്തുത ഡിവിഷൻ നിർദ്ദേശിച്ച പ്രകാരമുള്ള മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പുതുക്കിയ അലൈൻമെന്റ്

തയ്യാറാക്കുന്ന നടപടികൾ പുരോഗതിയിലാണ്. പുതുക്കിയ അലൈൻമെന്റ് പ്രകാരമുള്ള ഡി.പി.ആർ. ചീഫ് എഞ്ചിനീയർ, ഡിസൈൻ വിഭാഗത്തിൽ നിന്നും ലഭ്യമാക്കി, സാമ്പത്തികാനുമതി ലഭിക്കുന്നതിനായി കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കണ്ണൂർ ജില്ലയിലെ തീരദേശ ഹൈവേ

78(4965) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കണ്ണൂർ ജില്ലയിലെ തീരദേശ ഹൈവേയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന തീരദേശ ഹൈവേയുടെ 63.44 കി.മീ. ദൂരം കണ്ണൂർ ജില്ലയിലൂടെയാണ് കടന്നുപോകുന്നത്. ഇതിൽ 44.54 കി.മീ. ഭാഗത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി IDECK എന്ന ഏജൻസിയെ ചുമതല പ്പെടുത്തിയിട്ടുണ്ട്. അവർ തയ്യാറാക്കിയ അലൈൻമെന്റ് പ്രകാരമുള്ള ലാൻഡ്

അക്വിസിഷൻ പ്ലാൻ അനുസരിച്ച് തീരദേശ ഹൈവേയുടെ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ ഉത്തരവും അതിർത്തികല്ലുകൾ സ്ഥാപിക്കുന്നതിനുള്ള 6(1) വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. നിലവിൽ 17.33 കി.മീ. ദൂരം അതിർത്തി കല്ലുകൾ പൂർണ്ണമായും സ്ഥാപിച്ചിട്ടുണ്ട്. ശേഷിക്കുന്ന 18.90 കി.മീ. ഭാഗം NHAI-യുടെ പോർട്ട് കണക്റ്റിവിറ്റി പദ്ധതിയിൽ ഉൾപ്പെട്ടിരുന്നതിനാൽ ഈ ഭാഗത്തിന്റെ അലൈൻമെന്റും ഡി.പി.ആറും തയ്യാറാക്കുന്നതിനായി NATPAC-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ എത്ര കിലോമീറ്റർ ദൂരത്തിലാണ് തീരദേശ ഹൈവേ കടന്നുപോകുന്നത്; കടന്നുപോകുന്ന പ്രദേശങ്ങൾ ഏതൊക്കെയാണ്; തീരേദേശ ഹൈവേയിൽ ഉൾപ്പെടുത്തിയിട്ടുള്ള പാലങ്ങൾ ഏതൊക്കെയാണ്; വിശദമാക്കാമോ?

തീരദേശ ഹൈവേയുടെ മാട്ടൂൽ മുതൽ പുതിയങ്ങാടി വഴി പാലക്കോട് വരെയുള്ള 10.60 കിലോമീറ്റർ ദൂരമാണ് കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി

മണ്ഡലത്തിൽ വരുന്നത്. ഈ ഭാഗം മുമ്പ് NHAI-യുടെ പോർട്ട് കണക്ടിവിറ്റിയുടെ ഭാഗമായതിനാൽ നിലവിൽ കണ്ണൂർ ജില്ലയിലെ തീരദേശ ഹൈവേയുടെ ഡി.പി.ആർ. തയ്യാറാക്കുന്ന ഏജൻസിയായ IDECK-ന് ഈ ഭാഗം നൽകിയിരുന്നില്ല. ഇപ്പോൾ ടി ഭാഗത്തിന്റെ അലൈൻമെന്റും ഡി.പി.ആറും തയ്യാറാക്കുന്നതിനായി 01-03-2023-ന് NATPAC-ന് കത്ത് നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം NATPAC സർവ്വേ നടപടികൾ പൂർത്തിയാക്കി അലൈൻമെന്റ് ഡ്രോയിങ് തയ്യാറാക്കുമ്പോൾ മാത്രമേ ഇതിൽ ഉൾപ്പെടുന്ന പാലങ്ങളുടെ പൂർണ്ണവിവരം ലഭ്യമാകുകയുള്ളൂ.

**റോഡ് മെയിന്റനൻസ് ആൻഡ് മാനേജ്മെന്റ് സിസ്റ്റം**

79(4966) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പി.ഡബ്ല്യു.ഡി. റോഡുകളുടെ അടിസ്ഥാന വിവരങ്ങളുടെ ഡിജിറ്റൈസേഷന്റെ ഭാഗമായി റോഡ് മെയിന്റനൻസ് ആൻഡ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

കോർ റോഡ് നെറ്റ്വർക്കിൽ ഉൾപ്പെട്ട 7000 കി.മീ. റോഡുകളിൽ റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം മുഖാന്തരം അടിസ്ഥാന വിവരങ്ങൾ ശേഖരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഏത് ഏജൻസിക്കാണ് പ്രസ്തുത പ്രവൃത്തികളുടെ കരാർ നൽകിയിട്ടുള്ളതെന്നും അതിനായി പ്രസ്തുത ഏജൻസിക്ക് എന്ത് തുക നൽകിയെന്നും അറിയിക്കുമോ?

Road Maintenance Management system-ത്തിനുവേണ്ടി "Supply, Installation Testing and Commissioning of a Web Based Software System for Road Maintenance Management for the Kerala Public Works Department" എന്ന പ്രോജക്ടിന് M/s. TRL Professional & software Services (India) Pvt. Ltd., എന്ന കമ്പനിക്ക് കെ.എസ്.റ്റി.പി. കരാർ നൽകിയിട്ടുണ്ട്. ടി പ്രോജക്ടിൽ ഉൾപ്പെട്ട ടാസ്കുകളായ iRoad Software, PWD 4U APP എന്നിവയുടെ നിർമ്മാണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ പി.ഡബ്ല്യൂ.ഡി. റോഡുകളുടെ അടിസ്ഥാന വിവരങ്ങളുടെ ഡിജിറ്റൈസേഷൻ നടത്തിയിട്ടുണ്ട്. ടി പ്രോജക്ടിന്റെ Payment Schedule-ൽ റോഡ് ഡിജിറ്റൈസേഷന്

മാത്രമായിട്ടുള്ള തുക പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടില്ല. Supply, Installation, Testing and Commissioning of a Web Based Software System for the Kerala Public Works Department എന്ന പ്രോജക്ടിനും അതിനാവശ്യമായിവന്ന Variation-കൾക്കുംവേണ്ടി പ്രസ്തുത ഏജൻസിക്ക് നാളിതുവരെ നൽകിയ തുക 4,18,77,160 രൂപയാണ്.

(സി) സംസ്ഥാന പാതകൾ അല്ലാതെയുള്ള പ്രധാനപ്പെട്ട പി.ഡബ്ല്യൂ.ഡി. റോഡുകളെ ഉൾപ്പെടുത്തി ഒരു കോർ റോഡ് നെറ്റ്‌വർക്ക് സ്ഥാപിക്കുന്നതാണെന്ന മുൻ സർക്കാരിന്റെ പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എത്ര കിലോമീറ്റർ റോഡുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

07-04-2020-ലെ ജി.ഒ.(പി)നം. 01/2020/പി.ഡബ്ല്യൂ.ഡി. പ്രകാരം 4293 കി.മീ. സ്റ്റേറ്റ് ഹൈവേ ഉൾപ്പെടെ 7000 കി.മീ. റോഡ് കോറിറോഡായി നോട്ടിഫൈ ചെയ്തിട്ടുണ്ട്.

**ഇടുക്കി ജില്ലയിൽ മലയോര ഹൈവേയിലെ അലൈൻമെന്റിൽ മാറ്റം**

80(4967) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ മലയോര ഹൈവേ കടന്നുപോകുന്ന ഏതൊക്കെ സ്ഥലങ്ങളിലാണ് അലൈൻമെന്റിൽ മാറ്റം വരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

NH 85-ൽനിന്നും ആറാംമൈൽ-മാമലക്കണ്ടം-എളംപ്ലാശ്ശേരി-കുറത്തിക്കുടി-പെരുമ്പൻകുത്ത്-മാങ്കുളം-കല്ലാർ-ഇരുട്ടുകാനം വരെയുള്ള ഭാഗത്ത് അലൈൻമെന്റിൽ മാറ്റം വന്നിട്ടുണ്ട്. കൂടാതെ ഇരുട്ടുകാനം-എല്ലക്കൽ ഭാഗത്തുള്ള അലൈൻമെന്റിന്റെ ഇരുട്ടുകാനം ആനച്ചാൽ-ചിത്തിരപുരം പവർഹൗസ്-കുഞ്ചിത്തണ്ണി-എല്ലക്കൽ എന്ന രീതിയിലും മാറ്റം വന്നിട്ടുണ്ട്.

(ബി) പ്രസ്തുത ഹൈവേയിൽ ആറാംമൈൽ, എളമ്പ്ലാശ്ശേരി, കുറത്തിക്കുടി, പെരുമ്പൻകുത്ത് എന്നിവിടങ്ങളിൽ അലൈൻമെന്റിൽ മാറ്റം വരുത്താനുണ്ടായ സാഹചര്യം വിശദമാക്കാമോ?

വനംവകുപ്പ്, NATPAC, KIIFB–KRFB ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ബഹു. മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 2021 ഒക്ടോബർ 5-ന് ചേർന്ന മീറ്റിംഗ് മിനിട്ട്സിന്റെ അടിസ്ഥാനത്തിലാണ് അലൈൻമെന്റിൽ മാറ്റം വരുത്തിയിരിക്കുന്നത്.

(സി) പ്രസ്തുത റോഡ് നിർമ്മാണത്തിനായി മറ്റേതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

നിലവിൽ സ്വീകരിച്ചിട്ടില്ല.

**പീച്ചി വാഴാനി ടൂറിസം കോറിഡോർ റോഡ്**

81(4968) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീച്ചി വാഴാനി ടൂറിസം കോറിഡോർ റോഡ് എന്ന പ്രവൃത്തിയുടെ ഒന്നാം ഘട്ടമായ പോങ്ങനങ്ങാട് മുതൽ കരുമത്ര വരെയുള്ള റോഡിന്റെ നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകി പൂർത്തീകരിക്കാനുള്ള കിഫ്ബിയുടെ നടപടിക്രമങ്ങൾ വ്യക്തമാക്കാമോ;

(ബി) 16-07-2022-ൽ ടെണ്ടർ ചെയ്തിട്ടും പ്രസ്തുത പ്രവൃത്തി നാളിതുവരെ ആരംഭിക്കാൻ കഴിയാതിരുന്ന സാഹചര്യം വ്യക്തമാക്കാമോ?

(എ&ബി) പീച്ചി വാഴാനി ടൂറിസം കോറിഡോർ എന്ന പ്രവൃത്തിക്ക് 20 കോടിയുടെ തത്വത്തിൽ ഭരണാനുമതിയും 62 കോടിയുടെ സാമ്പത്തികാനുമതിയും ലഭ്യമായതിനെത്തുടർന്ന് പ്രവൃത്തി ടെണ്ടർ ചെയ്യുകയും 05-08-2019-ൽ നിർമ്മാണ കരാർ ഒപ്പുവയ്ക്കുകയും ചെയ്തു. എന്നാൽ സ്ഥല ലഭ്യതക്കുറവ് പ്രകാരം പ്രവൃത്തി ആരംഭിക്കുവാൻ കരാറുകാരന് കഴിഞ്ഞില്ല. ഇക്കാരണത്താൽ കരാറുകാരനെ നഷ്ടോത്തരവാദിത്വമില്ലാതെ ഒഴിവാക്കി. ഈ പ്രവൃത്തിയുടെ പോങ്ങനാട് മുതൽ കരുമത്ര വരെയുള്ള ഭാഗത്തിന് പദ്ധതി അനുശാസിക്കുന്ന 10 മീറ്റർ വീതി നിലവിൽ ലഭ്യമായതിനാൽ ആ ഭാഗം ഒന്നാംഘട്ടമായി നിർമ്മിക്കുന്നതിന് കിഫ്ബി അനുമതി നൽകി. ഈ പ്രവൃത്തിക്ക് 13-07-2022-ന് 58.80 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ച് 16-07-2022-ന് പ്രവൃത്തി ടെണ്ടർ ചെയ്യുകയും 21-10-2022-ന് M/s ASSMAS Construction Pvt. Ltd എന്ന കമ്പനിക്ക് 51.128 കോടി രൂപക്ക് കരാർ അനുവദിക്കുകയും ചെയ്തു.

തുടർന്ന് പദ്ധതിയുടെ പുതിയ പാക്കേജ് അംഗീകരിക്കുന്നതിനായി 20-01-2023-ൽ കിഫ്ബിയിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തു. കിഫ്ബി പുതിയ പാക്കേജ് അംഗീകരിക്കേണ്ടതിനാൽ എഗ്രിമെന്റ് വയ്ക്കാൻ കരാറുകാരന് കഴിഞ്ഞിട്ടില്ല.

(സി) പ്രസ്തുത പ്രവൃത്തിയുടെ റവന്യൂ അളവുകൾ അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ റവന്യൂ അളവുകൾ തിട്ടപ്പെടുത്തിയിട്ടുണ്ട്. തർക്കമുള്ള സ്ഥലങ്ങളിൽ ഇത് പരിഹരിക്കുന്നതിനായി ബഹു. റവന്യൂ മന്ത്രിയുടെയും ബഹുമാനപ്പെട്ട വടക്കാഞ്ചേരി എം.എൽ.എ.-യുടേയും സാന്നിധ്യത്തിൽ യോഗം ചേരുകയും തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രവൃത്തിക്കായി വനംവകുപ്പിന്റെ അധീനതയിലുള്ള ഭൂമി അളന്ന് തിട്ടപ്പെടുത്തേണ്ടതുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത റോഡ് വന അതിർത്തിയിലൂടെയാണ് കടന്നുപോകുന്നത്. ഈ പ്രദേശങ്ങളിൽ നിർമ്മാണത്തിന് ആവശ്യമുള്ള വീതി ലഭ്യമാണ്. തന്മൂലം വനഭൂമി ഇപ്പോൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

(ഇ) പ്രസ്തുത പ്രവൃത്തിയിൽ റോഡിന്റെ ഇരുവശങ്ങളിലുമുള്ള യൂട്ടിലിറ്റികൾ മാറ്റിസ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ?

നിലവിൽ കെ.എസ്.ഇ.ബി.-യുടെയും കേരള വാട്ടർ അതോറിറ്റിയുടെയും യൂട്ടിലിറ്റികൾ മാറ്റുന്നതിനായി 75,00,000/- രൂപയുടെ വീതം സാമ്പത്തികാനുമതിയാണുള്ളത്. തുടർന്ന് സൈറ്റിലെ ആവശ്യമനുസരിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കി കെ.എസ്.ഇ.ബി.-യുടെയും വാട്ടർ അതോറിറ്റിയുടെയും യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതിനായി 19-01-2020-ൽ യഥാക്രമം 1,86,62,291/- രൂപയുടേയും 1,96,70,000/- രൂപയുടേയും പുതുക്കിയ എസ്റ്റിമേറ്റുകൾ കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പുതുക്കിയ അനുമതി ഇതുവരെ ലഭ്യമായിട്ടില്ല.

(എഫ്) പീച്ചി വാഴാനി ടൂറിസം കോറിഡോർ റോഡിന്റെ പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കരാറുകാരന് 31-01-2023-ന് വർക്ക് ഓർഡർ നൽകിയെങ്കിലും കിഫ്ബി പുതിയ പാക്കേജ് അംഗീകരിക്കേണ്ടതിനാൽ എഗ്രിമെന്റ് വയ്ക്കാൻ കരാറുകാരന് കഴിഞ്ഞിട്ടില്ല. ആയത് ലഭ്യമായാലുടൻ എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.

**പൊൻമുടി ടൂറിസം ഗസ്റ്റ്ഹൗസിന്റെ നിർമ്മാണ പുരോഗതി**

82(4969) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പൊൻമുടിയിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ടൂറിസം ഗസ്റ്റ്ഹൗസിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

പൊന്മുടി ഗസ്റ്റ് ഹൗസിന്റെ 40 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു. Septic Tank, Sump Tank എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ painting, primer, plumbing works എന്നിവയും പൂർത്തീകരിച്ചിട്ടുണ്ട്.

നിലവിൽ ഇലക്ട്രിക് വിഭാഗം മുഖേന ഫയർ, എ.സി. എന്നിവയുടെ വർക്കുകൾ നടന്നുവരുന്നു. സിവിൽ വർക്കുകളായ truss work and ceiling വർക്കുകൾ എന്നിവ നടന്നുകൊണ്ടിരിക്കുന്നു.

(ബി) പ്രസ്തുത നിർമ്മാണത്തിന്റെ അടങ്കൽ തുക, സാങ്കേതികാനുമതി തുക എന്നിവ എത്രയാണെന്ന് അറിയിക്കാമോ?

| | | |
|---|---|---|
| അടങ്കൽതുക | - | 3,57,82,952/- രൂപ |
| സാങ്കേതികാനുമതി തുക | - | 4,01,00,000/- രൂപ |

(സി) സാങ്കേതികാനുമതി പ്രകാരമുള്ള നിലവിലെ പ്രവൃത്തികൾക്കുപരിയായി എന്തെല്ലാം പ്രവൃത്തികളാണ് അനുബന്ധ പ്രവൃത്തിയായി ചെയ്യാനുള്ളതെന്നും അതിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്നും വിശദമാക്കാമോ?

Compound Wall, Retaining Wall, Basement Floor, Kitchen Works, yard Works, Painting Works, Ramp with parking and interlocking works എന്നീ വർക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

**ഹൈക്കോടതിയുടെയും ജില്ലാകോടതികളുടെയും കെട്ടിട നിർമ്മാണം**

83(4970) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈക്കോടതിയുടെയും ജില്ലാ കോടതികളുടെയും കെട്ടിട നിർമ്മാണത്തിനായി അൻപത് ശതമാനം കേന്ദ്ര ധനസഹായം കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത തുകയ്ക്ക് ആനുപാതികമായി പൊതുമരാമത്ത് വകുപ്പിന് കീഴിൽ മാച്ചിംഗ് ഗ്രാന്റ് വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

(എ&ബി) ലഭ്യമായിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതിയിൽ 40 ശതമാനം സംസ്ഥാന വിഹിതം വകയിരുത്തിയിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ പ്രസ്തുത കോടതി കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി എത്ര ശിപാർശകൾ ലഭിച്ചിട്ടുണ്ട്; അതിൽ എത്ര എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്; അറിയിക്കാമോ?

വിശദവിരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**പൊതുമരാമത്ത് കെട്ടിടങ്ങളുടെ നിർമ്മാണം വേഗതയിലാക്കുന്നതിനുള്ള നടപടികൾ**

84(4971) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് കെട്ടിടങ്ങളുടെ നിർമ്മാണം വേഗത്തിൽ പൂർത്തിയാക്കാനായി സർക്കാർ ഏർപ്പെടുത്തിയ സംയുക്ത(കോമ്പോസിറ്റ്) ടെണ്ടർ നടപടിയുടെ ഭാഗമായി സിവിൽ, ഇലക്ട്രിക്കൽ വർക്കുകൾ വേർതിരിച്ച് വെവ്വേറെയായി ടെണ്ടർ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണം വേഗത്തിൽ പൂർത്തിയാക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോമ്പോസിറ്റ് ടെണ്ടർ നടപടി പ്രകാരം സിവിൽ പ്രവൃത്തികളും ഇലക്ട്രിക്കൽ ഉൾപ്പെടെയുള്ള അനുബന്ധ പ്രവൃത്തികളും ഒന്നിച്ച് ടെണ്ടർ ചെയ്യുന്ന സംവിധാനമാണ് നിലവിലുള്ളത്.

(ബി) സംയുക്ത ടെണ്ടർ നടപടിയിൽ സിവിൽ കരാറുകാർക്കൊപ്പം ഇലക്ട്രിക്കൽ കരാറുകാർക്കും പങ്കെടുക്കുന്നതിന് സാധിക്കുമോ; ഇലക്ട്രിക്കൽ വർക്കുകൾക്ക് പ്രാധാന്യം ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ നടപടി ക്രമം എങ്ങനെയായിരിക്കുമെന്ന് വിശദീകരിക്കാമോ;

(സി) സംയുക്ത ടെണ്ടർ നടപടി ക്രമത്തിൽ ഇലക്ട്രിക്കൽ കരാറുകാർക്ക് തൊഴിൽ നഷ്ടമാകുന്നു എന്ന പരാതി പരിഹരിക്കുന്നതിനായി വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(ബി&സി) സംയുക്ത ടെണ്ടർ നടപടിയിൽ സിവിൽ കരാറുകാർക്കൊപ്പം ഇലക്ട്രിക്കൽ കരാറുകാരനും പങ്കെടുക്കുന്നതിന് സാധിക്കും. ലിഫ്റ്റ്, ഫയർ ഫൈറ്റിംഗ് തുടങ്ങിയ ഇലക്ട്രിക്ക് വർക്കുകൾക്ക് പ്രാധാന്യമുള്ള പ്രവൃത്തികളുടെ ടെണ്ടർ നടപടികളിൽ SBD

ഇലക്ട്രിക്/സിവിൽ കോൺട്രാക്ടർമാർക്ക് പരസ്പരം MoU വച്ച് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് SBD പെർമിറ്റ് ചെയ്യുന്നതാണ്.

സർക്കാർ ഉത്തരവ് പ്രകാരം ഇലക്ട്രിക്കൽ/സിവിൽ കോൺട്രാക്ടർമാർക്ക് പരസ്പരം MoU വച്ച് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് SBD പെർമിറ്റ് ചെയ്തിട്ടുണ്ട്. ആയതിനാൽ തൊഴിൽ നഷ്ടമാകുന്നില്ല.

**തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിലെ സി.എച്ച്.സി.-ക്ക് കെട്ടിടം**

85(4972) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ നിയോജകമണ്ഡലത്തിലെ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിലെ സി.എച്ച്.സി.-ക്ക് കെട്ടിടം പണിയുന്നതിന് ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുണ്ടോ?

2020-2021-ലെ ബഡ്ജറ്റിൽ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ കെട്ടിട നിർമ്മാണത്തിന് 60 ലക്ഷം (20 ശതമാനം) വകയിരുത്തിയിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനായി കോഴിക്കോട് റീജിയണൽ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന് അറിയിപ്പ് നൽകുകയും അതിനുവേണ്ടിയുള്ള നടപടികൾ കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സ്വീകരിച്ചുവരികയുമാണ്. ആർക്കിടെക്ചറൽ ഡ്രോയിംഗ് ചീഫ് ആർക്കിടെക്റ്റിന്റെ കാര്യാലയത്തിൽ മെഡിക്കൽ ഓഫീസർ നൽകിയ ആവശ്യങ്ങളും മറ്റ് സൗകര്യങ്ങളും അടിസ്ഥാനമാക്കി തയ്യാറാക്കിവരുന്നു.

**വർക്കല മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

86(4973) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലയളവിലും ഈ സർക്കാരിന്റെ കാലത്തും വർക്കല മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നിർവ്വഹണ ഏജൻസിയായിട്ടുള്ള എത്ര പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയവ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഓരോ പ്രവൃത്തിയുടെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ?

(എ-സി) 2016-21-ൽ 28 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. എല്ലാ പ്രവൃത്തികളുടെയും ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. 2021 മുതൽ 14 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 14 പ്രവൃത്തികളിൽ 8 പ്രവൃത്തികൾ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയതും 6 പ്രവൃത്തികൾ ടെണ്ടർ നടപടികൾ പൂർത്തിയാക്കാത്തതുമാണ്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**വർക്കല നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

87(4974) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) വർക്കല നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് സ്പെഷ്യൽ ബിൽഡിംഗ്സ് വിഭാഗം നിർവഹണ ഏജൻസിയായ എത്ര പ്രവൃത്തികൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ?

വർക്കല നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് പ്രത്യേക കെട്ടിട വിഭാഗം നിർവഹണ ഏജൻസിയായി ഒരു പ്രവൃത്തി നിലവിലുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(സി) ടെണ്ടർ നടപടികൾ പൂർത്തിയാക്കുവാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കുമോ; ആയത് അടിയന്തരമായി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

(ബി&സി) വർക്കല പുതിയ കോടതി സമുച്ചയത്തിന്റെ നിർമ്മാണം എന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടില്ല. പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ചുവരുന്നു.

**അതിഥി മന്ദിരങ്ങളുടെ നവീകരണ-പുനരുദ്ധാരണ പ്രവൃത്തികൾ**

88(4975) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അതിഥി മന്ദിരങ്ങളുടെയും യാത്രി നിവാസുകളുടെയും കേരള ഹൗസുകളുടെയും നവീകരണ-പുനരുദ്ധാരണ പ്രവൃത്തികൾ അവസാനമായി നടത്തിയത് ഏത് വർഷമാണെന്ന് വിശദമാക്കാമോ?

സർക്കാർ അതിഥി മന്ദിരങ്ങളുടെയും യാത്രി നിവാസുകളുടെയും കേരള ഹൗസുകളുടെയും നവീകരണ-പുനരുദ്ധാരണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായാണ് നടത്തിവരുന്നത്. ഓരോ സ്ഥാപനങ്ങളുടേയും നവീകരണം/പുരുദ്ധാരണം അവസാനമായി നടത്തിയ വർഷം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത സ്ഥാപനങ്ങളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത സ്ഥാപനങ്ങളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**കാവാലിപ്പുഴ തൂക്കുപാലം നിർമ്മാണം**

89(4976) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷം നാല്പത് ലക്ഷം രൂപ വകയിരുത്തിയിരുന്ന കാവാലിപ്പുഴ തൂക്കുപാലത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ബി) ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കാൻ ദക്ഷിണമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദേശം നൽകിയ പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; പ്രവൃത്തിയുടെ ഡിസൈൻ പൂർത്തീകരിച്ചിട്ടുണ്ടോ; ഭരണാനുമതി നൽകുന്നതിന് ഉണ്ടായിരിക്കുന്ന തടസ്സമെന്തെന്ന് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) കാവാലിപ്പുഴ ളുക്കുപാലത്തിന് ഡി.പി.ആർ. തയ്യാറാക്കിയിട്ടില്ല. കാവാലിപ്പുഴ ളുക്കുപാലത്തിന് മണ്ണുപരിശോധന നടത്തുന്നതിനായി എസ്റ്റിമേറ്റ് PRICE ID:PWD/BR/EST/13901/ 2022-3-1-1 പ്രകാരം തയ്യാറാക്കിയത് പരിശോധിക്കുന്നു. മണ്ണ് പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ തയ്യാറാക്കി, ഡിസൈൻ പ്രകാരം ഡി.പി.ആർ. തയ്യാറാക്കിയശേഷം മാത്രമേ ഭരണാനുമതി നൽകുവാൻ കഴിയുകയുള്ളൂ.

**വൈപ്പിൻ മണ്ഡലത്തിലെ ചെറിയ കടമക്കുടി പാലത്തിന്റെ നിർമ്മാണം**

90(4977) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് 13-08-2021-ന് 10.50 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ വൈപ്പിൻ മണ്ഡലത്തിലെ ചെറിയ കടമക്കുടി പാലത്തിന്റെ നിർമ്മാണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിലെ ചെറിയ കടമക്കുടി പാലത്തിനുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡിസൈൻ ലഭ്യമാക്കിയതിൻ പ്രകാരം 1050 ലക്ഷം രൂപയുടെ ഭരണാനുമതി 13-08-2021-ലെ G.O.(Rt)No. 730/2021/PWD പ്രകാരം നൽകിയിട്ടുണ്ട്. നിലവിൽ സ്ഥലം ഏറ്റെടുപ്പിനുവേണ്ടിയുള്ള നടപടികൾ നടന്നുവരുന്നു. സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് 10-05-2022-ൽ എൽ.എ; തഹസിൽദാർ പ്രസ്തുത സ്ഥലം സന്ദർശിച്ചിരുന്നു. കണ്ടിജൻസി തുകയായ 2,68,367/-രൂപയുടെ LC PROPOSAL; 14-02-2023-ലെ G.O.(Rt).No.1069/23/Fin പ്രകാരം സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

അപ്രോച്ച് റോഡിനുവേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചതിനുശേഷം സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തി ആരംഭിക്കുവാൻ കഴിയുന്നതാണ്.

**മണിമലയിൽ പുതിയ പാലം**

91(4978) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. പദ്ധതി മുഖേന പൂർത്തിയാക്കിയ പുനലൂർ മൂവാറ്റുപുഴ പാതയിൽ പൊൻകുന്നം പ്ലാച്ചേരി റീച്ചിലെ മണിമലയിൽ പുതിയ പാലം നിർമ്മിക്കുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇതുസംബന്ധിച്ച് നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

(എ&ബി) പൊൻകുന്നം പ്ലാച്ചേരി റീച്ചിലെ മണിമലയിൽ പുതിയ പാലം നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

(സി) 90 ഡിഗ്രി വളവിനുശേഷം ഇടുങ്ങിയ പാലത്തിലേയ്ക്ക് വാഹനങ്ങൾ കയറുന്നത് വലിയ അപകടത്തിന് കാരണമാകുമെന്നത് കണക്കിലെടുത്ത് നിലവിലുള്ള പാലത്തിന് വീതി കൂട്ടുന്നതിനോ വീതി

കൂടിയ പുതിയ പാലം നിർമ്മിക്കുന്നതിനോ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പുനലൂർ-മൂവാറ്റുപുഴ ഹൈവേയിൽ പൊൻകുന്നം മണിമല-റാന്നി റൂട്ടിൽ മണിമലയാറിന് കുറുകെ കെ.എസ്.ടി.പി. റോഡിൽ മണിമല ജംഗ്ഷനിൽ 90 ഡിഗ്രി തിരിഞ്ഞാണ് പാലത്തിലേയ്ക്കുള്ള പ്രവേശനം. ഫുട്പാത്ത് ഇല്ലാത്ത ഈ പാലത്തിന് റോഡിനേക്കാളും വീതി കുറവാണ്. തുടർനടപടികൾ പരിശോധിക്കാം.

**കോതമംഗലം മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം**

92(4979) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ മണികണ്ഠൻചാൽ, ബ്ലാവന, ബംഗ്ലാകടവ്, ഇഞ്ചത്തൊട്ടി പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റെ അനുമതിക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും അനുമതി ലഭ്യമായിട്ടുണ്ടോയെന്നും വിശദമാക്കാമോ?

(എ&ബി)

1. മണികണ്ഠൻചാൽ പാലം

മണികണ്ഠൻചാൽ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ 17-06-2021-ൽ പൂർത്തീകരിക്കുകയും ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടെന്റേറ്റീവ് ജനറൽ ഡിസൈൻ ഡ്രോയിംങ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത പാലവും അപ്രോച്ച് റോഡും റിസർവ് വന ഭൂമിയിൽ ഉൾപ്പെട്ട് വരുന്നതിനാൽ കേന്ദ്ര വന സംരക്ഷണ നിയമം, 1980 പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കേന്ദ്ര സർക്കാറിന്റെ അനുമതി ആവശ്യമാണ്. അതിനായി മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് & ഫോറസ്ട്രിയുടെ വെബ്സൈറ്റ് മുഖേന ബന്ധപ്പെട്ട പോർട്ടലിൽ (പരിവേഷ്) 25-10-2021-ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയുടെ ഹാർഡ് കോപ്പിയുടെ പകർപ്പ്

മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലും, എറണാകുളം ജില്ലാ കളക്ടറുടെ ഓഫീസിലും ആവശ്യമായ എല്ലാ രേഖകളും സഹിതം സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് കുട്ടമ്പുഴ റേഞ്ച് ഫോറസ്റ്റ് ഓഫീസറുമായി ചേർന്ന് 27-07-2022-ന് സംയുക്ത പരിശോധന നടത്തുകയുമുണ്ടായി. പ്രസ്തുത അപേക്ഷ നിലവിൽ വനം വകുപ്പിന്റെ പരിഗണനയിലാണ്.

2. ബ്ലാവന പാലം

ബ്ലാവന പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തുന്നതിനായി ചീഫ് എഞ്ചിനീയറുടെ Order No.43/59C/21/14125 dated 12-08-21 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രദേശം റിസർവ് വന ഭൂമിയിൽ ഉൾപ്പെട്ടുവരുന്നതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്. അതിനായി പാലങ്ങൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുകയും കുട്ടമ്പുഴ റേഞ്ച് ഫോറസ്റ്റ് ഓഫീസറുമായി സംയുക്ത പരിശോധന നടത്തുകയും ചെയ്തിട്ടുണ്ടായിരുന്നു. ഇൻവെസ്റ്റിഗേഷൻ

പ്രവൃത്തികൾക്കായി 2022-ലെ ഫോറസ്റ്റ് കൺസർവേഷൻ റൂൾ ഭേദഗതി പ്രകാരം പരിവേഷ് പോർട്ടൽവഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. ബംഗ്ലാവ് കടവ് പാലം

ബംഗ്ലാവ് കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തുന്നതിനായി ചീഫ് എഞ്ചിനീയറുടെ 03-11-2021-ലെ Order No. AS/59C/21/15056 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രദേശം റിസർവ് വനഭൂമിയിൽ ഉൾപ്പെട്ടുവരുന്നതിനാൽ വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്. അതിനായി പാലങ്ങൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുകയും തുണ്ടത്തിൽ റേഞ്ച് ഫോറസ്റ്റ് ഓഫീസറുമായി ചേർന്ന് 27-12-2022-ന് സംയുക്ത പരിശോധന നടത്തുകയും ചെയ്തിട്ടുണ്ടായിരുന്നു. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 2022-ലെ ഫോറസ്റ്റ് കൺസർവേഷൻ റൂൾ ഭേദഗതി പ്രകാരം പരിവേഷ് പോർട്ടൽവഴി

ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. ഇഞ്ചത്തൊട്ടി പാലം

ഇഞ്ചത്തൊട്ടി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തികരിക്കുകയും ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഡിസൈൻ തയ്യാറാക്കുന്നതിനായി പാലങ്ങൾ ഡിസൈൻ യൂണിറ്റിന് കൈമാറിയിട്ടുണ്ട്.

(സി) നടപടികൾ വേഗത്തിലാക്കി എത്രയും പെട്ടെന്ന് പാലം നിർമ്മാണം ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

വനം വകുപ്പിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുവാൻ കഴിയും.

**മുനമ്പം പാലം നിർമ്മാണം**

93(4980) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മുനമ്പം പാലം നിർമ്മാണത്തിന് 2023-24 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ?

കാസർഗോഡ് ജില്ലയിലെ മുനമ്പം പാലം നിർമ്മാണത്തിന് 2023-24 വർഷത്തെ ബഡ്ജറ്റിൽ 2 കോടി രൂപ (20 ശതമാനം പ്രൊവിഷൻ) വകയിരുത്തിയിട്ടുണ്ട്.

(ബി) ഈ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കി ഡിസൈൻ ഫൈനലൈസ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

നിലവിലെ അലൈൻമെന്റ് പ്രകാരം പാലം കൂടുതൽ ഉയരത്തിൽ നിർമ്മിക്കേണ്ടിവരുന്നതിനാലും പാലത്തിന് സമീപം അനുബന്ധ റോഡ് കൂടുതൽ വീതിയിൽ നിർമ്മിക്കേണ്ടതിനാലും കൂടുതൽ ചെലവ് വരുന്നതിനാൽ പുതിയ അലൈൻമെന്റ് ഡിസൈൻ വിഭാഗം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ അലൈൻമെന്റ് പ്രകാരം പാലം നിർമ്മിക്കുന്നതിന് സ്ഥലലഭ്യത ഉറപ്പുവരുത്തേണ്ടതും വീണ്ടും ഇൻവെസ്റ്റിഗേഷൻ ചെയ്യേണ്ടതായുമുണ്ട്.

(സി) ബഡ്ജറ്റിൽ തുക വകയിരുത്തിയ സ്ഥിതിയിൽ ഈ പ്രവൃത്തിയുടെ ഡിസൈൻ എന്ന് ലഭ്യമാക്കി തരാനാവും എന്ന് അറിയിക്കാമോ?

ഡിസൈൻ വിഭാഗത്തിന്റെ നിർദ്ദേശം പരിഗണിച്ച് പുതിയ അലൈൻമെന്റിന്റെ ഫീസിബിലിറ്റി ഉറപ്പ് വരുത്തിയശേഷം പെട്ടെന്നുതന്നെ ഡിസൈൻ പൂർത്തീകരിക്കാനാകും.

**പെരുമൺ പാലത്തിന്റെ നിർമ്മാണം**

94(4981) <u>ശ്രീ. എം. മുകേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമൺ പാലത്തിന്റെ നിർമ്മാണത്തിനായുള്ള ഡിസൈൻ സംബന്ധിച്ച് കരാറുകാരനും നിർവ്വഹണ ഏജൻസിയുമായും ഉണ്ടായിട്ടുള്ള അഭിപ്രായ ഭിന്നതമൂലം നിർമ്മാണപ്രവർത്തനങ്ങൾ അവസാന ഘട്ടത്തിൽ നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലം നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) കൊല്ലം ജില്ലയിൽ അഷ്ടമുടിക്കായലിന് കുറുകെ പെരുമൺ പാലത്തിന്റെ നിർമ്മാണത്തിനായി 31-10-2016-ലെ സർക്കാർ ഉത്തരവ് നമ്പർ 1496/2016/PWD പ്രകാരം 60 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. ഈ പ്രവൃത്തിക്ക് 9-1-2018-ലെ PWD001-38-PA-01 നമ്പർ ഉത്തരവ് പ്രകാരം കിഫ്ബി 41.215 കോടി രൂപയുടെ സാമ്പത്തിക അനുമതി നൽകുകയും, തുടർന്ന് സാങ്കേതിക അനുമതി ലഭ്യമാക്കി ടെണ്ടർ നടപടിക്രമത്തിലൂടെ കരാറുകാരനെ തെരഞ്ഞെടുത്ത് കരാറിൽ ഏർപ്പെട്ടു. പാലത്തിന്റെ മധ്യഭാഗം ഒഴികെയുള്ള സ്പാനുകൾ പൂർത്തീകരിച്ച് അപ്രോച്ച് റോഡിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.

പെരുമൺ പാലത്തിന്റെ മധ്യഭാഗത്തിന്റെ രൂപകൽപ്പന, കരാർ പ്രകാരം നൽകിയതിൽനിന്നും, സാങ്കേതികമായ നിർമ്മാണ ബുദ്ധിമുട്ടുകളുടെ

അടിസ്ഥാനത്തിൽ ചില മാറ്റങ്ങൾ വരുത്തി നൽകണമെന്ന് കരാറുകാരൻ ആവശ്യപ്പെട്ടിരുന്നു. അതിനാൽ പാലത്തിന്റെ മധ്യഭാഗത്തെ Extra dosed Central Span നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. മേൽ വിഷയത്തിൽ ഡിസൈൻ വിംഗിന്റെ അഭിപ്രായം മുൻനിർത്തി കരാറുകാരനുമായി ചർച്ച നടത്തി പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കോഴിക്കോട് ജില്ലയിലെ പടനിലം, നടമ്മൽകടവ് പാലങ്ങളുടെ നിർമ്മാണം**

95(4982) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ വർഷങ്ങൾക്ക് മുമ്പ് ഭരണാനുമതി ലഭിച്ച പടനിലം, നടമ്മൽകടവ് പാലങ്ങളുടെ നിർമ്മാണപ്രവൃത്തി ഇനിയും ആരംഭിച്ചിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പടനിലം പാലത്തിനും സ്ഥലമെടുപ്പിനുമായി ആറ് കോടി രൂപയുടെ ഭരണാനുമതി ഉണ്ടായിട്ടും സ്ഥലമെടുപ്പ് നടപടികൾ വൈകുന്നതും തന്മൂലം കൂടുതൽ സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) കോഴിക്കോട് ജില്ലയിലെ പടനിലം പാലത്തിന്റെ സ്ഥലമേറ്റെടുപ്പിനും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കുംവേണ്ടി 09-11-2011-ലെ G.O.(Rt).No.1540/2011/PWD പ്രകാരം 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പാലം നിർമ്മാണത്തിനുവേണ്ടി 26-05-2018-ലെ G.O.(Rt).No.898/2018/PWD പ്രകാരം 550 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് പ്രവൃത്തിയുടെ കാലതാമസം കാരണം 25-05-2021-ന് പ്രസ്തുത ഭരണാനുമതിയുടെ കാലാവധി അവസാനിക്കുകയും ചെയ്തു.

സ്ഥലമേറ്റെടുക്കുന്നതിനുള്ള Detailed Valuation Statement പ്രകാരം 1,07,94,458/-രൂപ ആവശ്യമുണ്ടെന്ന് കാണിച്ചുകൊണ്ട് സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ലാൻഡ് അക്വിസിഷനുവേണ്ടി 75 ലക്ഷം രൂപകൂടി ഉൾപ്പെടുത്തിക്കൊണ്ട് DSoR 2018 നിരക്ക് പ്രകാരം 630 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതിക്കുവേണ്ടിയുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ സമർപ്പിച്ചത് സർക്കാർ പരിശോധിച്ചുവരുന്നു. സ്ഥലമേറ്റെടുപ്പ് നടപടികൾ

അന്തിമഘട്ടത്തിലാണ്, ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെണ്ടർ വിളിച്ച് പ്രവൃത്തി ആരംഭിക്കുവാൻ കഴിയുന്നതാണ്.

നടമ്മൽകടവ് പാലത്തിന്റെ സ്ഥലമേറ്റെടുപ്പ് നടപടി അന്തിമഘട്ടത്തിലാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെണ്ടർ വിളിച്ച് പ്രവൃത്തി ആരംഭിക്കുവാൻ കഴിയുന്നതാണ്.

**കോട്ടിക്കുളം റെയിൽവേ മേൽപ്പാലം**

96(4983) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കോട്ടിക്കുളം റെയിൽവേ മേൽപ്പാലത്തിന് റെയിൽവേ അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

കോട്ടിക്കുളം റെയിൽവേ മേൽപ്പാലത്തിന് റെയിൽവേയിൽനിന്ന് അനുമതി ലഭിച്ചിട്ടുണ്ട്. പുതുക്കിയ കോട്ടിക്കുളം റെയിൽവേ

മേൽപ്പാലത്തിന്റെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് (ജി.എ.ഡി.) 13-01-2023-ന് റെയിൽവേ അംഗീകരിച്ചു. റെയിൽവേ മേൽപ്പാലത്തിനായി ഏറ്റെടുത്തിരിക്കുന്ന ഭൂമിയിൽ നിർമ്മാണം നടത്താൻ 23-02-2023-ന് റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന് (ആർ.ബി.ഡി.സി.കെ.) റെയിൽവേ അനുമതി നൽകി.

(ബി) ഈ വിഷയത്തിൽ ആർ.ബി.ഡി.സി.കെ. എന്ത് തുടർ നടപടിയാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വിശദമാക്കാമോ?

പദ്ധതിയുടെ പൂർത്തീകരണത്തിന് ഉദ്ദേശം 17 സെന്റ് ഭൂമികൂടി അധികമായി ഏറ്റെടുക്കേണ്ടതുണ്ട്. അതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ടെണ്ടർ ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം അറിയിക്കുമോ?

ലഭ്യമായ ഭൂമിയിൽ നിർമ്മാണ പ്രവൃത്തിക്കുള്ള അനുമതി, പുതുക്കിയ എസ്റ്റിമേറ്റിനുള്ള അംഗീകാരം എന്നിവ നൽകിയശേഷം ടെണ്ടർ നടപടിയിലേയ്ക്ക് കടക്കാനാകും.

**തൃശ്ശൂർ ജില്ലയിൽ കാലപ്പഴക്കത്താൽ അപകടാവസ്ഥയിലായ പാലങ്ങൾ**

97(4984) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കത്താൽ അപകടാവസ്ഥയിലായ പാലങ്ങൾ പുനർനിർമ്മിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനുമായി തൃശ്ശൂർ ജില്ലയിൽ കണ്ടെത്തിയ പാലങ്ങളുടെ ലിസ്റ്റ് വിശദമാക്കാമോ;

(ബി) മേൽപ്രകാരമുള്ള ലിസ്റ്റിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച പാലങ്ങളുടെ ലിസ്റ്റ് അറിയിക്കുമോ?

(എ&ബി) തൃശ്ശൂർ ജില്ലയിൽ കാലപ്പഴക്കത്താൽ പുനരുദ്ധാരണവും അറ്റകുറ്റപ്പണിയും ആവശ്യമായ പാലങ്ങളുടെ പേരും മറ്റ് വിശദാംശങ്ങളും ഉൾപ്പെടുത്തിയ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

**കണ്ണംകുണ്ട് പാലം നിർമ്മാണത്തിന് ഭരണാനുമതി**

98(4985) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23-ലെ ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ കണ്ണംകുണ്ട് പാലം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർമ്മാണപ്രവൃത്തിക്ക് ഭരണാനുമതി നൽകുവാനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുവാൻവേണ്ട നടപടി സ്വീകരിക്കുമോ?

(എ&ബി) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ കണ്ണംകുണ്ട് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**ആലപ്പുഴ നഗരത്തിലെ മുപ്പാലം, കോടതിപ്പാലം എന്നിവയുടെ നിർമ്മാണം**

99(4986) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരത്തിലെ മുപ്പാലം, കോടതിപ്പാലം എന്നിവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

മുപ്പാലം പുനർനിർമ്മാണത്തിന്റെ ഭാഗമായി നിർമ്മിക്കേണ്ട 4 പാലങ്ങളിൽ 2 പാലങ്ങളുടെ ഡെക്ക് സ്ലാബ് കാസ്റ്റിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. വിയറിംഗ് കോട്ട്, പെയിന്റിംഗ്, അപ്രോച്ച് റോഡ് നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതുണ്ട്. മൂന്നാമത്തെ പാലത്തിന്റെ പിയർ

ക്യാപ്പ് വരെയുള്ള പ്രവൃത്തി പൂർത്തീകരിച്ചു. ബീമുകൾ കാസ്റ്റ് ചെയ്തുകൊണ്ടിരിക്കുന്നു. പഴയപാലം പൊളിച്ച് നീക്കിയതിനുശേഷം മാത്രമേ 4-ാമത്തെ പാലം പുനർനിർമ്മിക്കുവാൻ സാധിക്കുകയുള്ളൂ.

കിഫ്ബി ധനസഹായത്തോടുകൂടി കെ.ആർ.എഫ്.ബി., പി.എം.യു. മുഖേന നടപ്പിലാക്കുന്ന ആലപ്പുഴ ജില്ലയിലെ കോടതിപ്പാലം പ്രവൃത്തിക്കായി 26-02-2021-ലെ ഉത്തരവ് നം. PWD 001-34/APR/2021/KIIFB പ്രകാരം 120.52 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്. ഇതിൽ പദ്ധതിക്കായി സ്ഥലമേറ്റെടുക്കേണ്ടതിനുള്ള 28.25 കോടി രൂപയും ഉൾപ്പെടുന്നു. സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്, കൂടാതെ സ്ഥലമേറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാര തുകയായ 20.06 കോടി രൂപ 25-05-2022-ൽ കിഫ്ബി അനുവദിച്ചിട്ടുണ്ട്. ഭൂമിയേറ്റെടുക്കൽ നടപടികൾ അവസാന ഘട്ടത്തിലാണ്. ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തികരിച്ചതിനുശേഷം സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട്,

പ്രൈസ് മുഖേന സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതാണ്.

(ബി) എത്ര തുകയാണ് പ്രസ്തുത പ്രവൃത്തികൾക്കായി ചെലവഴിക്കുന്നതെന്നും പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്നും വിശദമാക്കാമോ?

മുപ്പാലത്തിന് 17.44 കോടി രൂപയാണ് ഭരണാനുമതി തുക. 30-11-2023-ന് പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കോടതിപ്പാലം പ്രവൃത്തിക്ക് 120.52 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്. ഭൂമിയേറ്റെടുക്കൽ പ്രവൃത്തി അന്തിമഘട്ടത്തിലാണ്.

**കോങ്ങാട് നിയോജകമണ്ഡലത്തിലെ മങ്കര കാളികാവ് റെയിൽവേ മേൽപ്പാലം**

100(4987) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് നിയോജകമണ്ഡലത്തിലെ മങ്കര കാളികാവ് റെയിൽവേ മേൽപ്പാലം നിർമ്മാണത്തിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

മങ്കര കാളികാവ് റെയിൽവേ മേൽപ്പാലം പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ നഷ്ടപരിഹാര തുകയ്ക്കായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്.

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണത്തിന്റെ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ Tranche XXIX (2023-24)-ലേയ്ക്ക് പരിഗണിക്കുന്നതിനായി നിർവ്വഹണ ഏജൻസിയായ കെ.ആർ.ഡി.സി.എൽ.-ൽനിന്ന് ലഭ്യമായിട്ടുണ്ട്.

**മമ്മിയൂർ ഫ്ലൈ ഓവർ നിർമ്മാണം**

101(4988) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23, 2023-24 വർഷങ്ങളിലെ ബഡ്ജറ്റുകളിൽ ഉൾപ്പെട്ട ഗുരുവായൂരിലെ മമ്മിയൂർ ഫ്ലൈ ഓവർ പദ്ധതി കിഫ്ബി മുഖേന നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുവാൻ കഴിയും.

**കൊടുമ്പ് പാളയം പാലം നിർമ്മാണം**

102(4989) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിലെ കൊടുമ്പ് പാളയം പാലം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

മലമ്പുഴ മണ്ഡലത്തിലെ കൊടുമ്പ് പാളയം പാലം നിർമ്മാണ പ്രവൃത്തി റീ ടെണ്ടർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക 5 കോടി രൂപയാണ്.

**പുതിയ പാലം നിർമ്മിക്കുന്നതിന് നടപടി**

103(4990) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ന്റെ വികസനത്തിന്റെ ഭാഗമായി ചവറ ജംഗ്ഷനിൽ നിലവിലുള്ള പാലം പൊളിച്ച് പുതിയ പാലം നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണം ഉപേക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) നിർമ്മാണ കരാർ പ്രകാരം ചവറ ജംഗ്ഷനിൽ നിലവിലുള്ള പാലം നിലനിർത്തുകയും അത് ഗതാഗതത്തിന് ഉപയോഗിക്കുമെന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

**കരിയാട്-മറ്റൂർ റോഡിലെ അകപ്പറമ്പിൽ റെയിൽ ഓവർ ബ്രിഡ്ജ് നിർമ്മാണം**

104(4991) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ, കരിയാട്- മറ്റൂർ റോഡിലെ അകപ്പറമ്പിൽ റെയിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതിനായി 23-03-2022-ന് നൽകിയ നിവേദനത്തിൽ (E-6072153/ 2022/MIN(PWD), 3036/M(W&T) 2022/VIP(W)) കെ.ആർ.എഫ്.ബി. പ്രോജക്ട് ഡയറക്ടർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; ഇതിനായി നടത്തിയ എല്ലാ കത്തിടപാടുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതി എത്രയും വേഗം യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഈ വിഷയത്തിൽ കെ.ആർ.എഫ്.ബി. പ്രോജക്ട് ഡയറക്ടർ സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ-സി) ആലുവ, കരിയാട്- മറ്റൂർ റോഡിലെ അകപ്പറമ്പിൽ റെയിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നത് സംബന്ധിച്ച വിഷയം ബഡ്ജറ്റിൽ ഉൾപ്പെടാത്തതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് പ്രോജക്ട് ഡയറക്ടർ, KRFB-PMU റിപ്പോർട്ട് ചെയ്തിരിക്കുന്നു. പ്രൊപ്പോസൽ ലഭ്യമായാൽ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**പരവൂർ ഒല്ലാൽ റയിൽവേ മേൽപാല നിർമ്മാണം**

105(4992) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ മണ്ഡലത്തിൽ പരവൂർ നഗരസഭയിലെ ഒല്ലാൽ റെയിൽവേ ലെവൽ ക്രോസിൽ റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപറേഷന്റെ നിർവഹണ ചുമതലയിൽ മേൽപ്പാലം നിർമ്മിക്കുന്നതിനായുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കൊല്ലം ജില്ലയിലെ ലെവൽക്രോസ് നമ്പർ 554-ൽ പരവൂർ-ഒല്ലാൽ റെയിൽവേ മേൽപ്പാലം നിർമ്മാണം റെയിൽവേ 2006-2007 ബഡ്ജറ്റിൽ

ഉൾപ്പെടുത്തിയിരുന്നതിനെ തുടർന്ന് ആർ.ബി.ഡി.സി.കെ. പദ്ധതിക്കുവേണ്ട സർവ്വേ നടത്തി, ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് (GAD) തയ്യാറാക്കി 28-01-2013-ൽ റെയിൽവേയിൽ സമർപ്പിച്ചു. റെയിൽവേ 02-12-2015-ൽ ജി.എ.ഡി.-ക്ക് അംഗീകാരം നൽകുകയും ചെയ്തു. എന്നാൽ മേൽപ്പാല നിർമ്മാണത്തിനുള്ള ഫണ്ട് ലഭ്യമല്ലാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ല. G.O.(Rt)No. 771/2018/PWD ഉത്തരവ് പ്രകാരം 27-04-2018-ൽ സർക്കാർ മേൽ പദ്ധതിയുടെ നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തുകയും ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിക്കുകയും ചെയ്തു. ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചതിനെത്തുടർന്ന് പദ്ധതിക്കായി 36.75 കോടി രൂപ, 06-08-2020-ൽ കിഫ്ബി അനുമതി നൽകുകയും ചെയ്തു.

റെയിൽവേയുടെ work plan-ൽ പ്രസ്തുത പദ്ധതി നിലവിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഡെപ്പോസിറ്റ് വ്യവസ്ഥയിൽ മാത്രമെ പദ്ധതി ഏറ്റെടുക്കാൻ കഴിയുകയുള്ളൂ എന്ന് റെയിൽവേ അറിയിച്ചതിനാൽ പദ്ധതി റെയിൽവേയുടെ 2022-23 work Plan-ൽ ഉൾപ്പെടുത്തണമെന്ന്

ആവശ്യപ്പെട്ടുകൊണ്ട് ചീഫ് ബ്രിഡ്ജ് എഞ്ചിനീയർ, സതേൺ റെയിൽവേ, ചെന്നൈയ്ക്ക് 18-09-2021-ൽ കത്ത് നൽകുകയും ചെയ്തു. എന്നാൽ ടി പദ്ധതി റെയിൽവേ വർക്ക് പ്ലാൻ 2022-23-ൽ ഉൾപ്പെടുത്തിയിട്ടില്ല എന്നറിഞ്ഞതിനെത്തുടർന്ന് പദ്ധതി റെയിൽവേയുടെ വർക്ക്-പ്ലാനിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ചീഫ് ബ്രിഡ്ജ് എഞ്ചിനീയർ, സതേൺ റെയിൽവേ, ചെന്നൈയ്ക്ക് 14-07-2022-ന് വീണ്ടും കത്ത് നൽകിയിട്ടുണ്ട്.

പദ്ധതി റെയിൽവേ വർക്ക് പ്ലാനിൽ ഉൾപ്പെടുത്താനുള്ള ശ്രമം നടത്താനാണ് കിഫ്ബിയിൽനിന്നും ലഭിച്ച നിർദ്ദേശം.

**പേരാമ്പ്ര മണ്ഡലത്തിന്റെ പാലങ്ങളുടെ പ്രവൃത്തി**

106(4993) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിൽ നിലവിൽ ഏതൊക്കെ പാലങ്ങളുടെ പ്രവൃത്തിയാണ് നടക്കുന്നതെന്ന് വിശദമാക്കാമോ; അവയുടെ പുരോഗതി വിശദമാക്കാമോ?

പേരാമ്പ്ര നിയോജകമണ്ഡലത്തിൽ നിലവിൽ പ്രവൃത്തി നടക്കുന്ന പാലങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കുറ്റ്യാടിപുഴയ്ക്ക് കുറുകെ തോട്ടത്താൻക്കണ്ടി പാലം നിർമ്മാണം 31 ശതമാനം പ്രവൃത്തി പൂർത്തിയായി.
2. ചെറുപുഴയ്ക്ക് കുറുകെ നടക്കൽ പാലം നിർമ്മാണം 56 ശതമാനം പ്രവൃത്തി പൂർത്തിയായി.
3. ചിറ്റാടിത്തോടിന് കുറുകെ മുറിനടക്കൽ പാലം നിർമ്മാണം 39 ശതമാനം പ്രവൃത്തി പൂർത്തിയായി
4. ചെറുപുഴയ്ക്ക് കുറുകെ പാറക്കടവത്ത് പാലം നിർമ്മാണം 42 ശതമാനം പ്രവൃത്തി പൂർത്തിയായി.
5. കുറ്റ്യാടിപുഴയ്ക്ക് കുറുകെ തിമിരപ്പുഴ പാലം നിർമ്മാണം പ്രവൃത്തി ആരംഭിച്ചു.

(ബി) ദേശീയപാതയിലെ പാറക്കടവത്ത് പാലത്തിന്റെയും പൂഴിത്തോട് എക്കൽ പാലത്തിന്റെയും പ്രൊപ്പോസൽ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>പൂഴിത്തോട് പാലം നിർമ്മാണം</u>:- ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായി. ഡിസൈൻ വിംഗിൽനിന്നുള്ള ഡിസൈൻ ഡ്രോയിംഗ് പ്രകാരം ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

പാറക്കടവ് പാലം നിർമ്മാണം:- ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായി. Tentative General Drawing ലഭിച്ചത് പ്രകാരം ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**കോങ്ങാട് മണ്ഡലത്തിലെ എഴുത്തോമ്പാറ പാലം** 107(4994) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ എഴുത്തോമ്പാറ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ സമയക്രമത്തിൽ വിശദമാക്കാമോ?

കോങ്ങാട് മണ്ഡലത്തിലെ എഴുത്തോമ്പാറ പാലം നിർമ്മാണത്തിനായി 31-10-2016-ലെ GO.(Rt)No. 1496/2016/PWD നമ്പർ ഉത്തരവ് പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകുകയും തുടർന്ന് 16-09-2016-ലെ PWD001-12/APR-5/2019/KIIFB നമ്പർ ഉത്തരവ് പ്രകാരം കിഫ്ബിയിൽനിന്ന് 5.96 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിച്ചിട്ടുമുണ്ടായിരുന്നു. എഴുത്തുംപാറ പാലം നിർമ്മാണ പ്രവൃത്തിയുമായി

ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ സമയ ക്രമത്തിൽ പട്ടികയായി തയ്യാറാക്കിയത് അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്നതിനുള്ള സ്വാഭാവികമായ കാലതാമസം മാത്രമേ ഉണ്ടായിട്ടുള്ളൂ.

(സി) പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തി പുനഃക്രമീകരിക്കുന്നതിനായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്ന എസ്റ്റിമേറ്റിന് പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമായാൽ ഉടൻതന്നെ സാങ്കേതികാനുമതി നൽകി, ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുവാൻ കഴിയുന്നതാണ്.

**നായരമ്പലം ഹെർബർട്ട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

108(4995) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെയുള്ള നായരമ്പലം ഹെർബർട്ട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) പാലം നിർമ്മാണത്തിനായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾക്കായി ലാൻഡ് അക്വിസിഷൻ ഓഫീസർക്ക് കൈമാറാനുള്ള ആനുഷംഗിക തുക കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത തുക എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) കിഫ്ബി അംഗീകാരം നൽകിയിട്ടും പ്രവൃത്തി ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

(എ-സി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെയുള്ള നായരമ്പലം ഹെർബർട്ട് പാലത്തിന്റെ നിർമ്മാണത്തിനായി 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുള്ളതും തുടർന്ന് കിഫ്ബിയിൽനിന്ന് 10.4 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുള്ളതുമാണ്. പ്രസ്തുത പദ്ധതിക്ക് സ്ഥലമേറ്റെടുക്കുന്നതിനായി 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നിലവിൽ ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ആയത് പൂർത്തീകരിക്കുന്നമുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി കഴിഞ്ഞാൽ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുന്നതാണ്.

പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി ആനുഷാംഗിക തുകയായ ഒരു ലക്ഷം രൂപ കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുള്ളത് 02-09-2022-ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.ആർ.എഫ്.ബി.–പി.എം.യു. എറണാകുളം/തൃശ്ശൂർ കാര്യാലയത്തിൽനിന്നും ലാൻഡ് അക്വിസിഷൻ

ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ (LA) കിഫ്ബി, എറണാകുളത്തിന് കൈമാറിയിട്ടുണ്ട്. നിലവിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.

**ചിറ്റൂർ മണ്ഡലത്തിലെ നറണി പാലം നിർമ്മാണം**

109(4996) ശ്രീ. മാത്യു ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ മണ്ഡലത്തിലെ നറണി പാലത്തിന്റെ നിർമ്മാണത്തിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ആയതിന്റെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ചിറ്റൂർ മണ്ഡലത്തിലെ നറണി പാലത്തിന്റെ നിർമ്മാണ പ്രവൃത്തിക്കായി 13-08-2021-ലെ G.O.(Rt)No. 730/2021/PWD പ്രകാരം 1010 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. DSoR 2018 പ്രകാരവും പുതുക്കിയ GST പ്രകാരവുമുള്ള 1038.5 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ളത് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടെണ്ടർ നടപടികൾ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകിയശേഷം ടെണ്ടർ നടപടികൾ ആരംഭിക്കുവാൻ കഴിയുന്നതാണ്.

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതിനുശേഷം 18 മാസങ്ങൾക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

**വട്ടിയൂർക്കാവ് പ്രവർത്തിക്കുന്ന പൊതുമരാമത്ത് വകുപ്പ് സ്ഥാപനങ്ങൾ**

110(4997) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയെന്ന്

അവയുടെ ഫോൺ നമ്പർ, മേൽവിലാസം, ഇ-മെയിൽ വിലാസം, ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പർ ഉൾപ്പെടെ ലഭ്യമാക്കാമോ?

വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ/ജീവനക്കാരുടെ വിവരങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.

**നിരത്ത് വിഭാഗത്തിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ**

1. റോഡ്സ് സബ് ഡിവിഷൻ

പി.എം.ജി. തിരുവനന്തപുരം- 695033

ഇ-മെയിൽ – aeerdssubdntvm2012@gmail.com

ഓഫീസ് മൊബൈൽ നം. 8086395029

2. റോഡ്സ് സെക്ഷൻ, കന്റോൺമെന്റ്

പി.എം.ജി. തിരുവനന്തപുരം-695033

ഇ-മെയിൽ –aectstvm@gmail.com

ഓഫീസ് മൊബൈൽ നം. 7594971133

നിരത്ത് വിഭാഗം ജീവനക്കാരുടെയും നിരത്ത് പരിപാലന വിഭാഗത്തിന്റെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+]

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>പാലങ്ങൾ വിഭാഗം-</u> പാലങ്ങൾ വിഭാഗത്തിനുകീഴിൽ ബ്രിഡ്ജസ് ഡിവിഷൻ, ബ്രിഡ്ജസ് സബ് ഡിവിഷൻ, സെക്ഷൻ 1, സെക്ഷൻ 2, സെക്ഷൻ 3 എന്നീ കാര്യാലയങ്ങളാണ് നിലവിലുള്ളത്. വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

<u>കെട്ടിട വിഭാഗം-</u> ടി വിഭാഗത്തിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

<u>ദേശീയപാതാ വിഭാഗം</u> -

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
ദേശീയപാത ബൈപ്പാസ് ഉപവിഭാഗം,
പൊതുമരാത്ത് വകുപ്പ്, പി.എം.ജി. തിരുവനന്തപുരം
ഇ-മെയിൽ - aeenhsnno.1@gmail.com
ഫോൺ നം. 04712318853

**<u>കെ.എസ്.ടി.പി.</u>**

കേരള സംസ്ഥാന ഗതാഗത പദ്ധതി

പൊതുമരാമത്ത് വകുപ്പ്,

പ്രോജക്ട് മാനേജ്മെന്റ് ടീം,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ടി.സി.11/339

ശ്രീബാല ബിൽഡിംഗ്,

കേസ്റ്റൺ റോഡ്, നന്തൻകോട്, കവടിയാർ.പി.ഒ.

തിരുവനന്തപുരം-695003

ഫോൺ നം. 0471-2318985

ഇ-മെയിൽ- pdkstp@gmail.com

ചീഫ് എഞ്ചിനീയർ- 8086395003

സൂപ്രണ്ടിംഗ് എഞ്ചിനീയർ-1-8086395012

സൂപ്രണ്ടിംഗ് എഞ്ചിനീയർ-2- 8086395211

**കെ.ആർ.എഫ്.ബി (പി.എം.യു)**

ഫോൺ നം. 0471-2311313

ഇ-മെയിൽ- pdpmukrfb.pwd@kerala.gov.in

ബി.എസ്.എൻ.എൽ-സി.ജി.എം.ഒ.

ദൂർസഞ്ചാർ ഭവൻ, പി.എം.ജി. -695033

കെ.ആർ.എഫ്.ബി. (പി.എം.യു.) ജീവനക്കാർക്ക് ഔദ്യോഗിക ഫോൺ നമ്പർ ഇല്ല.

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ അനുവദിച്ചിട്ടുള്ള സ്ഥിരം തസ്തികകൾ, അവയുടെ എണ്ണം, ഒഴിവുള്ള തസ്തികകൾ എന്നിവ വ്യക്തമാക്കാമോ?

**നിരത്ത് വിഭാഗം**

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

റോഡ്സ് സബ് ഡിവിഷൻ, പി.എം.ജി., തിരുവനന്തപുരം-695033

**സ്ഥിരം ജീവനക്കാരുടെ എണ്ണം–14**

1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ- 1
2. ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I - 2
3. ഹെഡ് ക്ലാർക്ക് - 1
4. സീനിയർ ക്ലാർക്ക് - 2
5. ക്ലാർക്ക് - 1
6. ടൈപ്പിസ്റ്റ് സെലക്ഷൻ ഗ്രേഡ് - 1
7. ഓഫീസ് അറ്റൻഡന്റ് - 1
8. ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II – 3
9. ഓഫീസ് അറ്റൻഡന്റ് - 1

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

10. പാർട്ട് ടൈം സ്വീപ്പർ - 1

<u>റോഡ്സ് സെക്ഷൻ കന്റോൺമെന്റ്, പി.എം.ജി, തിരുവനന്തപുരം - 695033</u>

**സ്ഥിരം ജീവനക്കാരുടെ എണ്ണം– 7**

1. അസിസ്റ്റന്റ് എഞ്ചിനീയർ– 1

2. ഓവർസിയർ ഗ്രേഡ് III – 3

3. ഓഫീസ് അറ്റൻഡന്റ് - 1

4. ക്ലാർക്ക് - 1

5. ഡ്രൈവർ ഗ്രേഡ് II - 1

**<u>നിരത്ത് പരിപാലന വിഭാഗം</u>**

സ്ഥിരം തസ്തികകളുടെ എണ്ണം–34

1. എക്സിക്യൂട്ടീവ് എഞ്ചിനീയർ– 1

2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ–1

3. അസിസ്റ്റന്റ് എഞ്ചിനീയർ– 5 (നിലവിൽ ഒഴിവുകൾ–1)

4. ജൂനിയർ സൂപ്രണ്ട് - 1

5. ഹെഡ് ക്ലാർക്ക് - 1

6. ഫസ്റ്റ് ഗ്രേഡ് ഓവർസീയർ -2

7. സെക്കന്റ് ഗ്രേഡ് ഓവർസീയർ-4

8. തേർഡ് ഗ്രേഡ് ഓവർസീയർ -4

9. ടൈപ്പിസ്റ്റ് - 3

10. ക്ലാർക്ക് - 7

11. ഓഫീസ് അറ്റൻഡന്റ്- 3

12. പാർട്ട് ടൈം സ്വീപ്പർ - 2

ഒരു അസിസ്റ്റന്റ് എഞ്ചിനീയറുടെ തസ്തികയാണ് നിലവിൽ ഒഴിവുള്ളത്.

**ദേശീയപാതാ വിഭാഗം**

ആകെ 10 തസ്തികകൾ

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

അസിസ്റ്റന്റ് എഞ്ചിനീയർ

ഒന്നാം തരം ഓവർസീയർ

രണ്ടാം തരം ഓവർസീയർ

മൂന്നാം തരം ഓവർസീയർ

ഹെഡ് ക്ലാർക്ക്, ക്ലാർക്ക്

ഓഫീസ് അറ്റൻഡന്റ്

ഡ്രൈവർ പാർട്ട് ടൈം സ്വീപ്പർ

ഒഴിവ് - 1 (പാർട്ട് ടൈം സ്വീപ്പർ)

**കെ.എസ്.ടി.പി. വിഭാഗത്തിലെ സ്ഥിരം തസ്തികകളുടെ വിവരം**

ചീഫ് എഞ്ചിനീയർ -1

സൂപ്രണ്ടിംഗ് എഞ്ചിനീയർ -2

എക്സിക്യൂട്ടീവ് എഞ്ചിനീയർ -1

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ-4

അസിസ്റ്റന്റ് എഞ്ചിനീയർ -10

ക്ലാർക്ക് -2

ഓഫീസ് അറ്റൻഡന്റ് - 1

ഇവയിൽ 2 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ നിലവിലുണ്ട്.

<u>കെട്ടിട വിഭാഗം</u>

1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ-1
2. അസിസ്റ്റന്റ് എഞ്ചിനീയർ -2
3. 3-ാം ഗ്രേഡ് ഓവർസീയർ-6
4. ക്ലാർക്ക് - 5
5. ഓഫീസ് അറ്റൻഡന്റ് - 4
6. പാർട്ട് ടൈം സ്വീപ്പർ - 2
7. ഡ്രാഫ്റ്റ്സ്മാൻ-4
8. സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് - 1

<u>കെ.ആർ.എഫ്.ബി. (പി.എം.യു.)</u>

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ കരാർ/താൽക്കാലിക/ ദിവസവേതന/അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുണ്ടോയെന്നും ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശവും ലഭ്യമാക്കാമോ?

**<u>നിരത്ത് വിഭാഗത്തിനുകീഴിൽ</u>** സിറ്റി റോഡ്സ് സബ് ഡിവിഷൻ കാര്യാലയത്തിൽ താത്കാലികാടിസ്ഥാനത്തിൽ കാഷ്വൽ സ്വീപ്പറായി ഒരാൾ ജോലി ചെയ്യുന്നുണ്ട്.

**പാലങ്ങൾ** ഉപവിഭാഗത്തിനുകീഴിൽ താത്കാലികാടിസ്ഥാനത്തിൽ ഒരു കാഷ്വൽ സ്വീപ്പർ ജോലി നോക്കിവരുന്നു.

**നിരത്ത് പരിപാലന വിഭാഗത്തിനുകീഴിൽ** ദിവസവേതന അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഒരു ഡ്രൈവർ ജോലി നോക്കുന്നുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കെ.എസ്.ടി.പി.** വിഭാഗത്തിനുകീഴിൽ കരാർ ജീവനക്കാരുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**കെട്ടിട വിഭാഗത്തിനുകീഴിൽ** 7 ദിവസ വേതന ജീവനക്കാർ ജോലി നോക്കുന്നുണ്ട്.

**കെ.ആർ.എഫ്.ബി. (പി.എം.യു.)**-യുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാകുന്ന സേവനങ്ങളെന്തൊക്കെയെന്നും പ്രസ്തുത സേവനങ്ങൾ ലഭ്യമാകുന്നതിനുള്ള മുൻ ഉപാധികൾ/രേഖകൾ ഏതൊക്കെയെന്നും സേവനങ്ങൾ അപേക്ഷകന് ലഭ്യമാക്കുന്നതിനുള്ള സമയപരിധി എത്രയാണെന്നുമുള്ള വിശദാംശം നൽകാമോ?

**<u>നിരത്ത് വിഭാഗത്തിന്</u>** കീഴിലുള്ള റോഡുകളുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ മേൽനോട്ടവും ടി നിയോജകമണ്ഡലങ്ങളിലെ റോഡുകളിലൂടെയുള്ള വിവിധ യൂട്ടിലിറ്റി ഏജൻസികൾക്കുള്ള അനുമതി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നല്കുക, റോഡുകളിലെ അപകടാവസ്ഥയിലുള്ള മരങ്ങൾ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ പ്രത്യേക അനുമതിയോടെ മുറിച്ചുമാറ്റുക, റോഡ് പുറമ്പോക്കിന്റെ സംരക്ഷണം, റോഡ് യാത്രക്കാർക്ക് തടസ്സം സൃഷ്ടിക്കുന്ന എൻക്രോച്ച്മെന്റ് എവിക്ഷൻ യാത്രക്കാർക്ക് മതിയായ യാത്രാ സൗകര്യം ഉറപ്പാക്കാൻ ഫുട്പാത്ത് ആന്റ് അപ്രോച്ചെസ്, നേരിട്ടോ ഇ-ഓഫീസ് മുഖാന്തരം ലഭിക്കുന്ന വിവിധ സേവനങ്ങൾക്കുള്ള അപേക്ഷകളിന്മേലുള്ള തീർപ്പാക്കൽ എന്നിവ ഈ കാര്യാലയങ്ങളിൽനിന്നും ലഭിക്കുന്നതാണ്. സേവനാവകാശ അപേക്ഷയിന്മേലുള്ള മറുപടി അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം അപേക്ഷകന് മറുപടി നല്കുകയും ഈ കാര്യാലയവുമായി ബന്ധപ്പെട്ട അപേക്ഷ അല്ലെങ്കിൽ 5 ദിവസത്തിനകം ബന്ധപ്പെട്ട കാര്യാലയത്തിലേയ്ക്ക് അപേക്ഷ കൈമാറി ടി വിവരം അപേക്ഷകനെ അറിയിക്കുന്നതുമാണ്. കോൺട്രാക്ടേഴ്സ് ലൈസൻസ് നല്കുന്നതിനുള്ള/ പുതുക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നു.

എൽ.എ.ആർ. കേസുകളുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽനിന്നും സമർപ്പിക്കുന്ന അപേക്ഷയിൽ നടപടികൾ സ്വീകരിക്കുന്നു.

നിരത്ത് പരിപാലന വിഭാഗത്തിൽനിന്നും ലഭ്യമാകുന്നത് റോഡ് അറ്റകുറ്റപണിയുടെ കരാറുമായി ബന്ധപ്പെട്ട സേവനങ്ങളാണ്.

**<u>പാലങ്ങൾ വിഭാഗത്തിൽ</u>** വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ പുതിയ പാലങ്ങളുടെ നിർമ്മാണവും നിലവിലുള്ളവയുടെ അറ്റകുറ്റപ്പണിയുമാണ് നിർവ്വഹിക്കുന്നത്.

**<u>ദേശീയപാതാ വിഭാഗം</u>**

യൂട്ടിലിറ്റി ഷിഫ്റ്റിംഗിനു വേണ്ടിയുള്ള ടാർ കട്ടിംഗ്, ഹാൻഡ് റെയിൽ കട്ടിംഗ് തുടങ്ങിയ സേവനങ്ങൾക്കുള്ള അനുമതി, ദേശീയപാതയുടെ വശങ്ങളിലുള്ള കെട്ടിടങ്ങൾക്കുള്ള നിർമ്മാണ അനുമതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സമർപ്പിക്കുന്ന അപേക്ഷകൾ എന്നിവ.

സേവനാവകാശ നിയമം 2012-ലെ മൂന്നാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട സമയപരിധിക്കകംതന്നെ സേവനങ്ങൾ അപേക്ഷകന് ലഭ്യമാക്കുന്നതാണ്.

**<u>കെ.എസ്.ടി.പി.</u>**

സർക്കാർ നിയമങ്ങൾ അടിസ്ഥാനമാക്കി പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളെല്ലാം സമയപരിധി പാലിച്ച് സേവനങ്ങൾ നല്കിവരുന്നു.

**കെട്ടിട വിഭാഗം**

ഹൗസ് ബിൽഡിംഗ് അഡ്വാൻസ് ആൻഡ് വാല്യുവേഷൻ സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് - പ്രസ്തുത സേവനങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി ചുവടെ പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതുണ്ട്.

1. പ്രൊസീഡിംഗ്സിന്റെ പകർപ്പ്
2. കൈവശാവകാശ സർട്ടിഫിക്കറ്റ്
3. ലൊക്കേഷൻ സ്കെച്ച്
4. ഏജ് സർട്ടിഫിക്കറ്റ്
5. വില്ലേജ് ഓഫീസറിൽനിന്നുമുള്ള സർട്ടിഫിക്കറ്റ്.

പ്രസ്തുത രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് മൂന്ന് ആഴ്ചയ്ക്കുള്ളിൽ അപേക്ഷകന് സാക്ഷ്യപത്രം നല്കും.

**കെ.ആർ.എഫ്.ബി.(പി.എം.യു.)-** വിൽ കിഫ്ബി നടപ്പിലാക്കുന്ന റോഡ്, പാലം പ്രവൃത്തികളുടെ നിർവ്വഹണമാണ് ഈ കാര്യാലയത്തിൽ നടക്കുന്നത്.

**പൊന്നാനി റസ്റ്റ് ഹൗസിൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി**

111(4998) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസുകളിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

പൊതുമരാമത്ത് റസ്റ്റ് ഹൗസുകളിൽ ജീവനക്കാരുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് ജീവനക്കാരെ പുനർവിന്യസിച്ചിട്ടുണ്ട്. 2 ജൂനിയർ സൂപ്രണ്ട്, 3 ഹെഡ് ക്ലർക്ക്, 19 ക്ലർക്ക്, 5 ഓഫീസ് അറ്റൻഡന്റ്

എന്നിവരെയാണ് വിവിധ റസ്റ്റ് ഹൗസുകളിൽ നിയമിച്ചിരിക്കുന്നത്. അതോടൊപ്പം വാനിഷിംഗ് കാറ്റഗറിയിൽപ്പെട്ട 6 റോളർ ഡ്രൈവർ, 38 റോളർ ക്ലീനർ എന്നീ തസ്തികകളിലുള്ള ജീവനക്കാരെ റസ്റ്റ് ഹൗസിലെ ജീവനക്കാരുടെ അപര്യാപ്തത പരിഗണിച്ച് കെയർ ടേക്കർ തസ്തികയിൽ താത്കാലിക ചുമതല നൽകിയും നിയമിച്ചിട്ടുണ്ട്.

(ബി) പൊന്നാനി നിയോജകമണ്ഡലത്തിലെ പൊന്നാനി റസ്റ്റ് ഹൗസിൽ അധിക ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പൊന്നാനി റസ്റ്റ് ഹൗസിൽ നിലവിലുള്ള അനുവദനീയ തസ്തികകളിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. റസ്റ്റ് ഹൗസിൽ അധിക ജീവനക്കാരെ നിയമിക്കുന്നതിനുള്ള ശിപാർശ സർക്കാരിൽ ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

**റെയിൽവേ ലെവൽ ക്രോസുകൾ സൃഷ്ടിക്കുന്ന ഗതാഗത പ്രശ്നങ്ങൾക്കുള്ള പരിഹാരം**

112(4999) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. വി. കെ. പ്രശാന്ത്:

ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റെയിൽവേ ലെവൽ ക്രോസുകൾ സൃഷ്ടിക്കുന്ന ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ലെവൽ ക്രോസ് ഇല്ലാത്ത കേരളം എന്ന പേരിൽ പദ്ധതി നടപ്പാക്കിവരുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർവഹണ ഏജൻസികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

(എ&ബി) ഉണ്ട്. 72 മേൽപ്പാലങ്ങൾ ആർ.ബി.ഡി.സി.കെ. മുഖേനയും 27 എണ്ണം കെ.ആർ.ഡി.സി.എൽ. മുഖേനയും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പദ്ധതി പ്രവർത്തനം കൃത്യമായ ഇടവേളകളിൽ വിലയിരുത്തുന്നുണ്ട്. ആർ.ബി.ഡി.സി.കെ.-യെ ഏൽപ്പിച്ചിട്ടുള്ള 72 ആർ.ഒ.ബി.-കൾ

നടപ്പാക്കുന്നത് വിവിധ ഘട്ടങ്ങളിലാണ്. ഇവയിൽ 66 എണ്ണം കിഫ്ബി ഫണ്ടും 6 എണ്ണം ബഡ്ജറ്റ് ഫണ്ടും ഉപയോഗിച്ചാണ് നിർമ്മിക്കുന്നത്. ഇതിൽ കാഞ്ഞങ്ങാട് ആർ.ഒ.ബി.-യുടെ നിർമ്മാണം 07-03-2022-ന് പൂർത്തിയാക്കി ഗതാഗതത്തിനായി തുറന്നുകൊടുത്തു. 'ലെവൽ ക്രോസ് മുക്തകേരളം' പദ്ധതിയിൽ കിഫ്ബി ഫണ്ടിൽ ഉൾപ്പെട്ട 10 ആർ.ഒ.ബി.-കളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. കൂടാതെ, ബഡ്ജറ്റ് ഫണ്ടിൽ വരുന്ന ഫറോക്ക്, കാരിത്താസ്, മുളന്തുരുത്തി ആർ.ഒ.ബി.-കളുടെ നിർമ്മാണവും പുരോഗമിച്ചുവരികയാണ്. ഈ 13 മേൽപ്പാലങ്ങൾ കൂടാതെ 21 മേൽപ്പാലങ്ങളുടെ ഭൂമി ഏറ്റെടുക്കൽ പുരോഗമിച്ചുവരുന്നു. 8 ആർ.ഒ.ബി.-കളുടെ ജി.എ.ഡി. റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. സിൽവർലൈൻ അലൈൻമെന്റ് പരിഗണിക്കാതെ മുന്നോട്ട് പോകാൻ കെ.ആർ.ഡി.സി.എൽ. അറിയിച്ചതിനെ തുടർന്ന് 15 ആർ.ഒ.ബി.-കളുടെ മുന്നോട്ടുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കെ.ആർ.ഡി.സി.എൽ.-നെ ഏൽപ്പിച്ചിട്ടുള്ള 27 ആർ.ഒ.ബി./ ആർ.യു.ബി.-കളുടെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ ദ്രുതഗതിയിൽ

പുരോഗമിച്ചുവരുന്നു. മേൽപ്പറഞ്ഞ ആർ.ഒ.ബി.-കളിൽ 14 ആർ.ഒ.ബി./ആർ.യു.ബി.-കളുടെ എസ്റ്റിമേറ്റിന് റെയിൽവേയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ തൃശ്ശൂരിലെ എൽ.സി. നം. 36-നം മലപ്പുറം ജില്ലയിലെ എൽ.സി. നം. 12-നം ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള ആർ.ഒ.ബി./ആർ.യു.ബി.-കളുടെ ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു.

(ഡി) മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട് റെയിൽവേയിൽ സമർപ്പിച്ചിട്ടുള്ള ജി.എ.ഡി.-ക്ക് അംഗീകാരം ലഭ്യമാകുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

റെയിൽവേയുടെ 3rd ലൈൻ അലൈൻമെന്റിൽ വരുന്ന 8 എണ്ണത്തിന്റെ ജി.എ.ഡി.-കൾ അംഗീകാരം ലഭ്യമാകുന്നതിൽ കാലതാമസം നേരിടുന്നു. സതേൺ റെയിൽവേ (കൺസ്ട്രക്ഷൻ) ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സമർപ്പിക്കുന്ന ജി.എ.ഡി.-കൾ ഡിവിഷണൽ മാനേജരുടെ കാര്യാലയത്തിൽ എത്തി സംയുക്ത പരിശോധന

നടത്തിയശേഷം മദ്രാസ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ എത്തിയശേഷമാണ് അംഗീകാരം ലഭിക്കുന്നത്.

**റണ്ണിംഗ് കോൺട്രാക്ട് രണ്ടാംഘട്ടം**

113(5000) <u>ശ്രീ. പി. എസ്. സുപാൽ:</u>
<u>ശ്രീ. വി. ആർ. സുനിൽകുമാർ:</u>
<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u>
<u>ശ്രീ. സി. സി. മുകുന്ദൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹന ഗതാഗതം സുഗമമാക്കി അപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാനത്തെ റോഡുകൾ ഗട്ടറുകളില്ലാതെ മെച്ചപ്പെട്ട നിലയിൽ വർഷം മുഴുവൻ സംരക്ഷിക്കുന്നതിനുവേണ്ടി റണ്ണിംഗ് കോൺട്രാക്ട് രണ്ടാം ഘട്ട പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

റണ്ണിംഗ് കോൺട്രാക്ട് രണ്ടാം ഘട്ടം ഫേസ് 1-നായി 13-05-2022-ലെ ജി.ഒ.(ആർ.ടി.)നം. 530/2022/പി.ഡബ്ല്യു.ഡി. പ്രകാരം 184.98 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ

നടപ്പിലാക്കിവരുന്നു. ഫേസ് 2 പ്രവൃത്തികൾക്കായി 04.02.2023-ലെ ജി.ഒ. (ആർ.ടി.)നം. 120/2023/പി.ഡബ്ല്യു.ഡി. പ്രകാരം 183.4004 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഡിഫക്ട് ലയബിലിറ്റി പിരീഡ് കഴിഞ്ഞ് റോഡുകളുടെ അവസ്ഥ പരിശോധിച്ചതിന് ശേഷമാണോ റണ്ണിംഗ് കോൺട്രാക്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഡി.എൽ.പി. കഴിഞ്ഞ റോഡുകളുടെ അവസ്ഥ പരിശോധിച്ചതിനുശേഷമാണ് റണ്ണിംഗ് കോൺട്രാക്ട് അംഗീകരിച്ചുവരുന്നത്.

(സി) റണ്ണിംഗ് കോൺട്രാക്ട് പ്രകാരമുള്ള ഓരോ റോഡിന്റെയും ചുമതലയുള്ള കരാറുകാരന്റെ വിവരങ്ങൾ പൊതുജനങ്ങൾ അറിയുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ?

റണ്ണിംഗ് കോൺട്രാക്ട് പ്രകാരമുള്ള ഓരോ റോഡിന്റെയും ചുമതലയുള്ള കരാറുകാരന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയ ബോർഡുകൾ പൊതുജനങ്ങളുടെ അറിവിനായി സ്ഥാപിച്ചിട്ടുണ്ട്.

(ഡി) കാലാകാലങ്ങളിലുണ്ടാകുന്ന റോഡിന്റെ കേടുപാടുകൾ കരാറുകാരുടെ ശ്രദ്ധയിൽപ്പെടുത്തി അടിയന്തര നടപടി സ്വീകരിക്കുന്നതിനുള്ള നിലവിലെ സംവിധാനം പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

നിലവിലുള്ള റണ്ണിംഗ് കോൺട്രാക്ട് സംവിധാനംവഴി കേടുപാടുകൾ അടിയന്തരമായി തീർക്കുവാൻ സാധിക്കുന്നതാണ്.

**നബാർഡ് ധനസഹായം ലഭ്യമായ പ്രവൃത്തികൾ**

114(5001) <u>ശ്രീ. വി. ശശി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിൽ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവ നിർമ്മിക്കുന്നതിനായി നബാർഡ് ധനസഹായം ലഭ്യമാക്കുന്നതിന് പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ചിറയിൻകീഴ് മണ്ഡലത്തിൽ റോഡുകൾ, പാലങ്ങൾ എന്നിവ നിർമ്മിക്കുന്നതിനായി നബാർഡ് ധനസഹായം ലഭ്യമാക്കുന്നതിന് പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ല. കെട്ടിട വിഭാഗത്തിൽനിന്നും പ്രസ്തുത മണ്ഡലത്തിലെ പ്രേംനസീർ മെമ്മോറിയൽ ഗവ. ഹയർ സെക്കന്ററി സ്കൂളിനായി 5 കോടി രൂപയുടെ പ്രൊപ്പോസൽ നബാർഡിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ ഏതെല്ലാം പുതിയ പ്രവൃത്തികൾക്കാണ് നബാർഡ് മുഖേന ധനസഹായം ലഭ്യമാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

പ്രസ്തുത മണ്ഡലത്തിൽ പുതിയ പ്രവൃത്തികൾക്ക് നബാർഡിന്റെ ധനസഹായം ലഭ്യമായിട്ടില്ല.

**കോഴിക്കോട് സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി**

115(5002) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ.-ന് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) കോഴിക്കോട് നഗരപാത വികസന പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട 10 റോഡുകളുടെയും പന്നിയൻകര–പന്തീരങ്കാവ്, രാമനാട്ടുകര–വട്ടക്കിണർ റോഡിന്റെയും വിശദമായ രൂപരേഖ ധനകാര്യ വകുപ്പ് പരിശോധിച്ചുവരുന്നു.

**കരാറുകാർക്കെതിരെ നടപടി**

116(5003) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ റോഡുകൾ വിവിധ പ്രവൃത്തികൾക്കായി പൊളിച്ചതിനുശേഷം പൂർവസ്ഥിതിയിലാക്കാത്തതിന്റെ പേരിൽ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര കരാറുകാർക്കെതിരെ

നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര കരാറുകാരെ കരിമ്പട്ടികയിൽപ്പെടുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

റോഡുകൾ യൂട്ടിലിറ്റി പ്രവൃത്തികൾക്കായി വിവിധ ഏജൻസികൾക്കാണ് സാധാരണയായി കൈമാറാറുള്ളത്. റോഡുകൾ പൂർവ്വസ്ഥിതിയിലേയ്ക്ക് മാറ്റുന്നതിൽ എന്തെങ്കിലും വിഷയം ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഏജൻസികളുടെ ശ്രദ്ധയിൽപ്പെടുത്തി നടപടികൾ സ്വീകരിക്കാറുണ്ട്.

**കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**

117(5004) ശ്രീ എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ സെന്റർ ഓഫ് എക്സലൻസായി ഉയർത്തുന്നതുവഴി നൂതന സാങ്കേതികവിദ്യയിൽ എന്തൊക്കെ പരിഷ്കാരങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നു; വിശദമാക്കാമോ;

(ബി) ഇതുവഴി ഏതൊക്കെ മേഖലകളിൽ പ്രയോജനവും പുരോഗതിയും വരുത്താൻ കഴിയുമെന്ന് വിശദമാക്കാമോ?

(എ&ബി) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ സെന്റർ ഓഫ് എക്സലൻസായി ഉയർത്തുന്നതുവഴി നൂതന സാങ്കേതികവിദ്യകൾ വകുപ്പിൽ നടപ്പിലാക്കുവാൻ സാധിക്കും. സ്റ്റീൽ സ്ട്രക്ച്ചറിന്റെ രൂപകല്പനയും, നിർമ്മാണവും, പ്രീ ഫാബ്രിക്കേറ്റഡ് കൺസ്ട്രക്ഷൻ ടെക്നോളജി തുടങ്ങിയ പുതിയകാല സാങ്കേതികവിദ്യകൾ സെന്റർ ഓഫ് എക്സലൻസ് മുഖേന നടപ്പിലാക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രീ കാസ്റ്റ്, പ്രീ ഫാബ് ടെക്നോളജിപോലുള്ള ദ്രുത നിർമ്മാണ സാങ്കേതികവിദ്യകൾ നിർമ്മാണ പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുവാൻ സഹായിക്കും. ഡിസൈനും നിർമ്മാണ പ്രവൃത്തികളും കാര്യക്ഷമമാക്കുന്നതിന് ബിൽഡിംഗ് ഇൻഫർമേഷൻ മോഡലിംഗ് (BIM) നടപ്പാക്കാൻ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പദ്ധതിയിടുന്നുണ്ട്. കെട്ടിടങ്ങളിലും പാലങ്ങളിലുമുണ്ടാകുന്ന കേടുപാടുകളുടെ കാരണം മനസ്സിലാക്കി അവ പരിഹരിച്ച് സ്ട്രക്ച്ചറിന്റെ കാലാവധി നീട്ടുന്ന സാങ്കേതികവിദ്യകൾ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കിവരുന്നുണ്ട്. ആധുനിക സർവേയിംഗ് രീതികൾ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കുവാൻ

ആരംഭിച്ചിട്ടുണ്ട്. പാലങ്ങളും മറ്റും നിർമ്മിക്കുന്നതിന് അൾട്രാ ഹൈ പെർഫോർമൻസ് കോൺക്രീറ്റ് എന്ന സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനുള്ള പഠനങ്ങൾ സെന്റർ ഓഫ് എക്സലൻസ് മുഖേന നടത്തിവരുന്നു.

### കുണ്ടറ നിയോജക മണ്ഡലത്തിലെ നബാർഡ് പദ്ധതികൾ

118(5005) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ നിയോജക മണ്ഡലത്തിൽ നിലവിൽ നടപ്പാക്കിവരുന്ന നബാർഡ് പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

### കരാറുകാർക്ക് നൽകുവാനുള്ള കുടിശിക

119(5006) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുമരാമത്ത് വകുപ്പ് കരാറുകാർക്ക് നൽകുവാനുള്ള കുടിശിക എത്രയാണ്; കുടിശിക നൽകാത്തതിന്റെ പേരിൽ കരാറുകാർ പ്രവൃത്തികൾ ഏറ്റെടുക്കാത്ത സാഹചര്യം നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ, നിരത്തു പരിപാലനം, പാലങ്ങൾ വിഭാഗങ്ങളിൽ 01-07-2022 മുതൽ 31-12-2022 വരെ കരാറുകാർക്ക് നൽകുവാനുള്ള കുടിശിക തുക 808.50 കോടി രൂപയാണ്. കെട്ടിട വിഭാഗത്തിൽ കരാറുകാർക്ക് നൽകുവാനുള്ള കുടിശിക 311.22 കോടി രൂപയാണ്. ദേശീയപാത വിഭാഗത്തിൽ സംസ്ഥാന സർക്കാർ ഫണ്ട് ഉപയോഗിച്ച് പണം നൽകുന്ന പ്രവൃത്തികളിൽ കരാറുകാർക്ക് നൽകുവാനുള്ള കുടിശിക 65,18,997/- രൂപയാണ്. കേന്ദ്ര സർക്കാർ (MoRTH) ഫണ്ട് ലഭ്യമാക്കാത്തതിനാൽ FDR(c) ഇനത്തിൽ 1,57,41,546/- രൂപയുടെയും OR(c) ഇനത്തിൽ 49,33,439/- രൂപയുടെയും ബിൽ കുടിശിക ടി വിഭാഗത്തിലുണ്ട്.

കുടിശിക നൽകാത്തതിന്റെ പേരിൽ കരാറുകാർ പ്രവൃത്തികൾ ഏറ്റെടുക്കാത്ത സാഹചര്യം നിലവിലില്ല.

**കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ പ്രവൃത്തികൾ**

120(5007) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ കാരപറമ്പ്-നടമ്പാട്ടുതാഴം-കണ്ണാടിക്കൽ-പാലാപ്പടി റോഡിന്റെ പുതുക്കിയ അലൈൻമെന്റിന് കിഫ്ബിയിൽനിന്നും അംഗീകാരം ലഭ്യമായിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട ഫയലിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ?

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ കാരപറമ്പ്-തടമ്പാട്ടുതാഴം-കണ്ണാടിക്കൽ- പാലാപ്പടി റോഡിന് 01-11-2016-ൽ 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് ഭൂമി ഏറ്റെടുക്കുന്നതിനായി 2-2-2019-ൽ 20 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്ന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ഡി.പി.ആർ. സമർപ്പിച്ചതും ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി സാമ്പത്തികാനുമതി ലഭ്യമാക്കിയതും ch 1/600 മുതൽ ch 3/825 വരെ 18

മീറ്റർ വീതിയിലും ch 3/825 മുതൽ ch 5/309 വരെ 12 മീറ്റർ വീതിയിലുമാണ്. ch 1/600 മുതൽ ch 3/825 വരെ 18 മീറ്റർ ഭൂമി ഏറ്റെടുക്കുന്നത് ബുദ്ധിമുട്ട് ഉണ്ടാക്കുമെന്നതിനാൽ തടമ്പാട്ടുതാഴം മുതൽ കണ്ണാടിക്കൽ വരെയുള്ള ഭാഗം 15 മീറ്റർ വീതിയാക്കണമെന്ന കേരള റോഡ് ഫണ്ട് ബോർഡിന്റെ നിർദ്ദേശം കിഫ്ബിയുടെ പരിഗണനയിലാണ്.

(ബി) മാളിക്കടവ്-പുതിയങ്ങാടി-കൃഷ്ണൻ നായർ റോഡ് പ്രവൃത്തിയുടെ സാമൂഹ്യാഘാത പഠനത്തിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയത്; പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ?

മാളിക്കടവ്-പുതിയങ്ങാടി-കൃഷ്ണൻ നായർ റോഡ് പ്രവൃത്തിയുടെ സാമൂഹ്യാഘാത പഠനത്തിന് VK Consultancy, Thikkodi Kozhikode എന്ന ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. പഠന റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) സി.എച്ച്. ഫ്ലൈ ഓവർ നവീകരണ പ്രവൃത്തിയുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ?

സി.എച്ച്. ഫ്ലൈ ഓവർ നവീകരണ പ്രവൃത്തി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാർ ഉടമ്പടി വെച്ച് 28-01-2023-ന് സ്ഥലം കരാറുകാരന് കൈമാറിയിട്ടുണ്ട്. കോഴിക്കോട് കോർപ്പറേഷന് കീഴിലുള്ള ഫ്ലൈ ഓവറിന് താഴെയുള്ള കടമുറികൾ പൊളിച്ചുനീക്കുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു.

**ചിറ്റൂർ കെ.എസ്.ആർ.ടി.സി. ബസ് യാർഡ് നിർമ്മാണം**

121(5008) ശ്രീ. മാത്യു ടി. തോമസ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22-ലെ ബഡ്ജറ്റിൽ അനുമതി നൽകി ഇരുപത് ശതമാനം ഫണ്ട് വകയിരുത്തിയിട്ടുള്ള ചിറ്റൂർ കെ.എസ്.ആർ.ടി.സി. ബസ് യാർഡ് നിർമ്മാണ പ്രവൃത്തിക്കുള്ള ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

2021-22-ലെ ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തിയിട്ടുള്ള ചിറ്റൂർ കെ.എസ്.ആർ.ടി.സി. കെട്ടിടവും യാർഡ് നിർമ്മാണവും എന്ന പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി Functional requirement

ആവശ്യപ്പെട്ടുകൊണ്ട് കെ.എസ്ആർ.ടി.സി. അധികൃതർക്ക് കത്ത് നൽകിയിരുന്നു. 28-11-2022-ന് നടന്ന ചിറ്റൂർ നിയോജകമണ്ഡലം സി.എം.ടി യോഗത്തിന്റെ മിനിറ്റ്സിൽ പ്രസ്തുത പ്രവൃത്തി കെ.എസ്.ആർ.ടി.സി.തന്നെ നിർവഹിച്ചുകൊള്ളാമെന്ന് അറിയിച്ചിട്ടുണ്ട്.

**പി.ഡബ്ല്യു.ഡി. ഫോർ യു ആപ്**

123(5009) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി. ഫോർ യു ആപ്പ് മുഖേന നാളിതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും എത്ര പരാതികളിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

പി.ഡബ്ല്യൂ.ഡി. ഫോർ യു ആപ്പ് മുഖേന നാളിതുവരെ 24,220 പരാതികൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 14,754 പരാതികൾ പരിഹരിച്ചിട്ടുണ്ട്. 5,740 പരാതികളിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത ആപ്പ് നിർമ്മിക്കുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

കെ.എസ്.ടി.പി.-യുടെ 'Supply, installation, testing and commissioning of a web-based software for road maintenance management for the Kerala Public Works Department' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ആപ്പ് നിർമ്മിച്ചത്. പദ്ധതിയുടെ കരാർ കമ്പനിയെ തെരഞ്ഞെടുത്തത് ലോകബാങ്ക് വ്യവസ്ഥകൾക്ക് വിധേയമായി രാജ്യാന്തര ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചാണ്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**മലയോര ഹൈവേയ്ക്ക് സ്ഥലം വിട്ടുനൽകിയവർക്ക് റോഡിലേയ്ക്ക് പ്രവേശനം**

124(5010) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേ നിർമ്മാണത്തിനായി സൗജന്യമായി സ്ഥലം വിട്ടുനൽകിയതുമൂലം വീട്ടിലേയ്ക്ക് റോഡിൽനിന്നുള്ള പ്രവേശനം തടസ്സപ്പെട്ടവർക്ക് ആയത് പദ്ധതിയുടെ ഭാഗമായി പുനഃസ്ഥാപിച്ച് നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്ന് വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മലയോര ഹൈവേയുടെ വികസനത്തിന് സ്വമേധയാ സ്ഥലം വിട്ടുനൽകുന്ന വ്യക്തികൾക്ക് റോഡിലേയ്ക്ക് പ്രവേശിക്കുന്നതിനുള്ള സൗകര്യം ഒരുക്കികൊടുക്കാറുണ്ട്.

(ബി) നടന്നുവരുന്ന പ്രവൃത്തിയുടെ ഭാഗമായിത്തന്നെ ഇത്തരത്തിലുള്ള റോഡുകളും വഴികളും പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നടന്നുവരുന്ന പ്രവൃത്തികളുടെ ഭാഗമായി അത്യാവശ്യം വേണ്ട സൗകര്യങ്ങൾ സ്വമേധയാ സ്ഥലം വിട്ടുനൽകുന്ന വ്യക്തികൾക്ക് നിർമ്മിച്ച് നൽകുന്നുണ്ട്. ഇതിനുവേണ്ടിയുള്ള പ്രവൃത്തികൾകൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്.

**കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മുഷൻ റോഡ്**

125(5011) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് കെ.ആർ.എഫ്.ബി.-എസ്.പി.വി. യായി നവീകരിക്കുന്ന മലമ്പുഴ നിയോജകമണ്ഡലത്തിലെ 'കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മുപ്പൻ റോഡ്' എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ ആകെ അടങ്കൽ തുക എത്രയാണെന്നും പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

(എ&ബി) കിഫ്ബി ഫണ്ട് വിനിയോഗിച്ച് നവീകരിക്കുന്ന മലമ്പുഴ നിയോജകമണ്ഡലത്തിലെ 'കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മുപ്പൻ റോഡ്' എന്ന പ്രവൃത്തി നിലവിൽ ടെണ്ടർ നടപടിക്രമങ്ങളുടെ അവസാന ഘട്ടത്തിലാണ്. പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക 19,72,29,202 രൂപയാണ്. കിഫ്ബി അംഗീകാരത്തോടെ കരാറിൽ ഏർപ്പെട്ട് നിർമ്മാണം ആരംഭിക്കുന്നതാണ്.

**വിനോദസഞ്ചാര മേഖലയിലെ അപകട മരണങ്ങൾ ഒഴിവാക്കാൻ നടപടി**

126(5012) <u>ശ്രീ. റോജി എം. ജോൺ:</u>
<u>ശ്രീ. ടി. ജെ. വിനോദ്:</u>
<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u>

**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയിൽ മുങ്ങിമരണങ്ങൾ അടക്കമുള്ള അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) അപകട സാധ്യതയുള്ള സ്ഥലങ്ങളിൽ മുന്നറിയിപ്പുകൾ അടക്കമുള്ള സംവിധാനങ്ങൾ ഒരുക്കാൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) വിനോദസഞ്ചാര മേഖലയിൽ അപകടങ്ങൾ ഒഴിവാക്കുന്നതിന് വിവിധ ഇടപെടലുകൾ നടത്തുന്നുണ്ട്. ടൂറിസം വകുപ്പിന്റെ കീഴിലുള്ള ടൂറിസം കേന്ദ്രങ്ങളിൽ ആവശ്യമായ മുന്നറിയിപ്പ് ബോർഡുകളും സുരക്ഷാ സംവിധാനങ്ങളും ഒരുക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും അപകട സാധ്യതാ മേഖലകളിൽ സുരക്ഷാ

മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചും ആവശ്യമായ ജാഗ്രതാ നിർദ്ദേശങ്ങൾ നൽകിയുംവരുന്നു.

പ്രത്യേകം പരിശീലനം ലഭിച്ച 184 ടൂറിസം പോലീസിനെ കേരളത്തിലെ 14 ജില്ലകളിലായി നിയോഗിച്ചിട്ടുണ്ട്.

കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ വിനോദസഞ്ചാരികളുടെ സുരക്ഷയ്ക്കായി പ്രത്യേകം പരിശീലനം നേടിയ 139 ലൈഫ് ഗാർഡുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഇവർക്ക് കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളും നൽകിയിട്ടുണ്ട്.

ടൂറിസം കേന്ദ്രങ്ങളെ സുരക്ഷിതമാക്കുന്നതിനായി നിരീക്ഷണ ക്യാമറ സംവിധാനം നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ കോവളം ടൂറിസം ഡെസ്റ്റിനേഷൻ, വേളി, കനകക്കുന്ന് എന്നീ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) അപകട സാധ്യതാ മേഖലയിൽ അപായ മുന്നറിയിപ്പുകൾ നൽകുന്നതുൾപ്പെടെ മുങ്ങിമരണങ്ങൾ അടക്കമുള്ള അപകടങ്ങൾ തടയാൻ സത്വര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ടൂറിസം വകുപ്പ് പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതുതായി കണ്ടെത്തുന്ന ഡെസ്റ്റിനേഷനുകളിലും അപകട മുന്നറിയിപ്പുകൾ നൽകി മറ്റ് സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ബന്ധുവീടുകളിലും വിനോദ സഞ്ചാര കേന്ദ്രങ്ങളിലും എത്തുന്ന കുട്ടികൾ ഉൾപ്പെടെയുള്ളവർ പരിചിതമല്ലാത്ത ജലാശയങ്ങളിൽ കുളിക്കുന്നതിനും മറ്റും ഇറങ്ങി അപകടങ്ങൾ സംഭവിക്കുന്നത് ഒഴിവാക്കുന്നതിനായി സ്കൂൾ-കോളേജ് തലത്തിൽ ബോധവത്കരണ ക്ലാസ്സുകൾ നൽകിവരുന്നുണ്ട്. കൂടാതെ ഇത്തരത്തിൽ പതിവായി അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ പോലീസ് പട്രോളിംഗ് ശക്തമാക്കിയും വിനോദ സഞ്ചാര കേന്ദ്രങ്ങളിലും മറ്റും പോലീസ് എയ്ഡ് പോസ്റ്റുകൾവഴി ബോധവത്കരണം നടത്തിയും അപകടങ്ങൾ

ഉണ്ടാകാതിരിക്കുന്നതിന് ആവശ്യമായ സുരക്ഷാ നടപടികൾ പോലീസ് സ്വീകരിച്ചു വരുന്നതായി ആഭ്യന്തര വകുപ്പ് അറിയിച്ചിട്ടുണ്ട്.

**ഇൻലാന്റ് ടൂറിസം, ക്രൂയിസ് ടൂറിസം പദ്ധതികൾ**

127(5013) <u>ശ്രീ. പി. നന്ദകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിൽ കായലും പുഴയും കടലും സംയോജിപ്പിച്ച് ഇൻലാന്റ് ടൂറിസം പദ്ധതി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) കേന്ദ്രം നടപ്പിലാക്കുന്ന തീരദേശ ടൂറിസം പദ്ധതിയിൽ ഉൾപ്പെട്ട പൊന്നാനി ലൈറ്റ് ഹൗസ് മേഖലയുമായി ചേർന്ന് ക്രൂയിസ് ടൂറിസം പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) പരിശോധിക്കാവുന്നതാണ്.

**ആനക്കുണ്ട് ടൂറിസം പദ്ധതി**

128(5014) <u>ശ്രീ എ. സി. മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നംകുളം മണ്ഡലത്തിലെ ആനക്കുണ്ട് ടൂറിസം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കുന്നംകുളം മണ്ഡലത്തിലെ ആനക്കുണ്ടിൽ വിനോദ സഞ്ചാര വകുപ്പിന്റെ പദ്ധതികൾ നിലവിലില്ല.

**താമരശ്ശേരി ചുരം കേബിൾ കാർ പദ്ധതി**

129(5015) ശ്രീ ഒ . ആർ. കേളു:
ശ്രീ. എ. രാജ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയിൽ വ്യത്യസ്തമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി സാഹസിക ടൂറിസം ഡെസ്റ്റിനേഷനുകൾ കണ്ടെത്തുന്നതിനും പ്രസ്തുത പ്രദേശങ്ങളിൽ അനുയോജ്യമായ പദ്ധതികൾ

ആസൂത്രണം ചെയ്യുന്നതിനും നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

സാഹസിക ടൂറിസം ഇന്ന് ലോകത്ത് ഏറ്റവും വളർച്ചയുള്ള ടൂറിസം മേഖലയാണ്. കേരളത്തിൽ സാഹസിക ടൂറിസം മേഖല വളർച്ചയുടെ പാതയിലാണ്. പർവ്വതങ്ങളും കുന്നുകളും ജലാശയങ്ങളുംകൊണ്ട് അനുഗ്രഹിക്കപ്പെട്ട കേരളത്തിന്റെ ഭൂപ്രകൃതി സാഹസിക വിനോദത്തിന് ഏറ്റവും അനുയോജ്യമാണ്. 2017-ലെ ടൂറിസം നയത്തിൽ സാഹസിക ടൂറിസം മേഖലയിലെ സാധ്യതകളെ പരമാവധി ഉപയോഗപ്പെടുത്തുന്നതിന് വേണ്ടിയുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

<u>സാഹസിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ വകുപ്പ് നടപ്പിലാക്കിവരുന്നു</u>:-

കേരളത്തിൽ നിലവിൽ തിരുവനന്തപുരം ജില്ലയിൽ പാരാസെയിലിംഗും വാഗമണിൽ പാരാഗ്ലൈഡിംഗും ആരംഭിച്ചിട്ടുണ്ട്. വാഗമണിലെ അഡ്വഞ്ചർ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം ജില്ലയിലെ വേളി ടൂറിസ്റ്റ് വില്ലേജിൽ സ്വകാര്യ ഏജൻസിയുടെ സഹായത്തോടെ അഡ്വഞ്ചർ പാർക്ക് തുടങ്ങുന്നതിനായുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. കോഴിക്കോട് ജില്ലയിലെ അരിപ്പയിൽ മലബാർ റിവർ ഫെസ്റ്റിവൽ വൈറ്റ് വാട്ടർ കയാക്കിംഗ് വേൾഡ് ചാമ്പ്യൻഷിപ്പ് നടത്തുന്നതിനായി 25-05-2022-ൽ 20 ലക്ഷം രൂപയുടെ ധനസഹായം സർക്കാർ നൽകിയിട്ടുണ്ട്. ഇതുപ്രകാരം ടെണ്ടർ മുഖേന KEL (Kerala Electrical & Allied Engg. Co. Ltd.)-നെ ചുമതലപ്പെടുത്തി പ്രവൃത്തി നടന്നുവരുന്നു. ഒന്നാം ഘട്ട പ്രവർത്തനങ്ങൾ കഴിഞ്ഞു.

സംസ്ഥാന അഡ്വഞ്ചർ ടൂറിസത്തിന്റെയും ഉത്തരവാദിത്ത ടൂറിസം മിഷന്റെയും നേതൃത്വത്തിൽ സർഫിംഗ് ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കിയ യുവാക്കളെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ യൂണിറ്റായി രൂപീകരിക്കുകയും അവരെ ചേർത്തുകൊണ്ട് കേരളത്തിൽ ടൂറിസം വകുപ്പിന്റെ മേൽനോട്ടത്തിലുള്ള ആദ്യ സർഫിംഗ് അക്കാദമി ബേപ്പൂർ ഗോദീശ്വരം ബീച്ചിൽ രൂപീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ ആക്കുളം ടൂറിസ്റ്റ് വില്ലേജിൽ അഡ്വഞ്ചർ ടൂറിസം കോഴ്സ് കഴിഞ്ഞ് സമാന മേഖലയിൽ

പ്രവർത്തിച്ചുകൊണ്ടിരുന്ന 14 യുവാക്കളെക്കൂടി സംരംഭകരാക്കി ഡി.റ്റി.പി.സി.-യുടെ സഹകരണത്തോടെ ആക്കുളം അഡ്വഞ്ചർ പാർക്ക് ആരംഭിച്ചിട്ടുണ്ട്.

കേരളത്തിലെ ജലസാഹസിക ടൂറിസത്തിന് പുതിയ ദിശ കൈവരിക്കുന്നതിനായി ടൂറിസം വകുപ്പ് സംഘടിപ്പിച്ച ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റിൽ കോഴിക്കോട് ഡി.റ്റി.പി.സി.-യോടൊപ്പം ചേർന്ന് ജല സാഹസികതയുടെ നൂതന ഇനങ്ങൾ കേരളത്തിന് പരിചയപ്പെടുത്തുകയുണ്ടായി.

യൂറോപ്പിലും മറ്റ് വിദേശ രാജ്യങ്ങളിലും പ്രചാരത്തിലുള്ള ഹൈക്കിംഗ് ട്രെയൽസ് കേരളത്തിലെ എല്ലാ ജില്ലകളിലും മാപ്പ് ചെയ്യുന്നതിന് കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (കെ.എ.റ്റി.പി.എസ്.) ലക്ഷ്യമിടുന്നു. ഹൈക്കിംഗ് ആക്റ്റിവിറ്റികളിൽ എല്ലാ ആളുകൾക്കും പങ്കെടുക്കാൻ കഴിയുന്നതും നമ്മുടെ പ്രകൃതിയെ തൊട്ടറിയുന്നതിനും വേണ്ടിയുള്ള അവസരങ്ങൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യമാണ് ഇതിലൂടെ കാണുന്നത്. നിലവിൽ മൂന്നാറിലെ ലക്ഷ്മി എസ്റ്റേറ്റിലെ ട്രയലും ഇരവികുളം

നാഷണൽ പാർക്കിലെ ആനമുടി ട്രയൽ റൂട്ടും ഹൈക്കിംഗിനായുള്ള മാപ്പിംഗ് നടത്തിക്കഴിഞ്ഞു. കേരളത്തിൽ എല്ലാ ജില്ലകളിലുമായി 100-ൽ പരം ഹൈക്കിംഗ് ട്രയൽസ് മാപ്പ് ചെയ്യുന്നതിനാണ് കെ.എ.റ്റി.പി.എസ്. ലക്ഷ്യമിടുന്നത്.

സാഹസിക ടൂറിസം ഇനങ്ങളിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന പരാഗ്ലൈഡിംഗ് നിലവിൽ വാഗമണിലും വർക്കലയിലും നടത്തിവരുന്നു. മൂന്നാറിലെ ചിന്നക്കനാൽ പ്രദേശത്ത് പാരാഗ്ലൈഡിംഗ് ചെയ്യാൻ അനുകൂലമായ സ്ഥലവും കാലാവസ്ഥയുമുണ്ട്. മൂന്നാറിനെ ഒരു സ്ഥിരം പാരാഗ്ലൈഡിംഗ് ഡെസ്റ്റിനേഷനായി ഉയർത്തിക്കൊണ്ട് നിലവിൽ വാഗമണിലും വർക്കലയിലും പാരാഗ്ലൈഡിംഗ് നടത്തിവരുന്നു. മൂന്നാറിലെ ചിന്നക്കനാൽ പ്രദേശത്ത് പരാഗ്ലൈഡിംഗ് ചെയ്യാൻ അനുകൂലമായ സ്ഥലവും കാലാവസ്ഥയുമുണ്ട്. മൂന്നാറിനെ ഒരു സ്ഥിരം പാരാഗ്ലൈഡിംഗ് ഡെസ്റ്റിനേഷനായി ഉയർത്തിക്കൊണ്ട് വരുന്നതിന്റെ ഭാഗമായി ടെസ്റ്റ് ഫ്ലൈ നടത്തുകയും മൂന്നാർ മുതൽ 65 സ്ക്വയർ കി.മീ. പരിധിയിൽ തമിഴ്നാടിന്റെ

വിവിധ ഭാഗങ്ങൾ ഉൾപ്പെടുത്തി ക്രോസ്സ് കൺട്രി ഗ്ലൈഡിംഗിനും വേണ്ടിയിട്ടുള്ള പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു.

(ബി) വയനാട് ജില്ലയിൽ സാഹസിക ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുന്നതിനായി നടപ്പാക്കുന്ന താമരശ്ശേരി ചുരം കേബിൾ കാർ പദ്ധതിക്ക് കേന്ദ്ര സഹായം ഉറപ്പാക്കുന്നതിന് സർക്കാർ എന്തെല്ലാം ശ്രമങ്ങളാണ് നടത്തിവരുന്നതെന്ന് അറിയിക്കാമോ;

(സി) പദ്ധതിയുടെ അന്തിമ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോയെന്നും നിർമ്മാണ ഏജൻസിയെ കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണത്തിനും സുഗമമായ നടത്തിപ്പിനും എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ?

(ബി-ഡി) ഈ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച ചർച്ചകൾ തുടരുന്നു.

**സ്ട്രീറ്റ്, പെപ്പർ ടൂറിസം പദ്ധതികളുടെ പ്രവർത്തന പുരോഗതി**

130(5016) <u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ ലോകോത്തര മാതൃകയാക്കി മാറ്റുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ ടൂറിസം പ്രവർത്തനങ്ങളെ ലോകോത്തര ശ്രദ്ധയിലേയ്ക്ക് എത്തിക്കുന്നതിനുവേണ്ടി നടത്തിയ ഏറ്റവും പ്രധാനപ്പെട്ട ഇടപെടലുകളിൽ ഒന്ന് ജനകീയമായ ടൂറിസം പ്രവർത്തനങ്ങൾക്ക് കൂടുതൽ ശക്തി പകരുക എന്നതാണ്. അനുഭവവേദ്യ വിനോദസഞ്ചാര പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി പ്രവർത്തനം സംഘടിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി ഒട്ടേറെ ടൂറിസം പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ഉത്തരവാദിത്ത ടൂറിസം മിഷനെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തുവരുന്നു.

സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ ലോകോത്തര മാതൃകയാക്കി വികസിപ്പിക്കുന്നതിന് ആസൂത്രിതമായ പ്രവർത്തനങ്ങളാണ് സംഘടിപ്പിക്കുന്നത്. പുതിയ ഉത്പന്നങ്ങൾ രംഗത്തിറക്കിയും മാറുന്ന അഭിരുചികൾക്കനുസരിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയും കേരള ടൂറിസത്തെ പുതിയ ഉയരങ്ങളിലേയ്ക്ക് എത്തിക്കുകയാണ്. കാരവാൻ ടൂറിസം ഉൾപ്പെടെയുള്ള പദ്ധതികൾ ഇതിന്റെ ഭാഗമാണ്. കേരളത്തെ വെഡ്ഡിംഗ് ഡെസ്റ്റിനേഷൻ ആക്കി മാറ്റുന്നതിന് സമഗ്ര പ്രചാരണ പദ്ധതി നടപ്പാക്കുകയാണ്. ഡെസ്റ്റിനേഷനുകളിൽ കൂടുതൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് സമഗ്രമായ പദ്ധതി കോവളത്തെ കേന്ദ്രീകരിച്ച് ആരംഭിക്കുകയാണ്. ഇതിനുപുറമെ ഉത്തരവാദിത്ത ടൂറിസം മിഷനെ സൊസൈറ്റിയാക്കി മാറ്റി പ്രവർത്തനം വ്യാപിക്കുകയാണ്.

ഉത്തരവാദിത്ത ടൂറിസം മിഷന്റെ 'സ്ട്രീറ്റ്', 'പെപ്പർ' പദ്ധതികൾ ലോകശ്രദ്ധ ആകർഷിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശ്രദ്ധേയമായ നിരവധി ദേശീയ, അന്തർദേശീയ പുരസ്കാരങ്ങൾ, പ്രത്യേകിച്ച് വേൾഡ് ട്രാവൽ മാർട്ട് ലണ്ടന്റെ ഗ്ലോബൽ

അവാർഡ് ഉൾപ്പെടെ നേടുകയും ചെയ്തിട്ടുണ്ട്. 2022-ൽ മാത്രം ഉത്തരവാദിത്ത ടൂറിസം മിഷന് 6 അന്തർദേശീയ പുരസ്കാരങ്ങൾ ലഭിക്കുകയുണ്ടായി. ഉത്തരവാദിത്ത ടൂറിസം മിഷൻ ഇപ്പോൾ കേരളത്തിൽ 23,786 യൂണിറ്റുകളുള്ള ഒരു ബൃഹത് ശൃംഖലയായും ഒന്നര ലക്ഷത്തോളം കുടുംബങ്ങൾക്ക് വരുമാനദായക പ്രവർത്തനങ്ങൾ നൽകുന്ന സംവിധാനമായും മാറിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച സ്ട്രീറ്റ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതി കൂടുതൽ വ്യാപിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് 'സ്ട്രീറ്റ്' (സസ്റ്റൈനബിൾ, ടാഞ്ചിബിൾ, റെസ്പോൺസിബിൾ, എക്സ്പീരിയൻഷ്യൽ, എത്നിക്ക് ടൂറിസം ഹബ്സ്) എന്ന പദ്ധതി ആരംഭിച്ചത്. ഉത്തരവാദിത്ത ടൂറിസം മിഷൻ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 10 പ്രദേശങ്ങളിലാണ് സ്ട്രീറ്റ് പദ്ധതി ആരംഭിക്കാൻ തീരുമാനിച്ചത്. കേരളത്തിന്റെ വിനോദസഞ്ചാര പ്രവർത്തനത്തിൽ നാഴികക്കല്ലായേക്കാവുന്ന ഈ പദ്ധതി ആദ്യ ഘട്ടത്തിൽ

കോഴിക്കോട് ജില്ലയിലെ കടലുണ്ടി, പാലക്കാട് ജില്ലയിലെ തൃത്താല, പട്ടിത്തറ, കണ്ണൂർ ജില്ലയിലെ പിണറായി, അഞ്ചരക്കണ്ടി, കോട്ടയം ജില്ലയിലെ മറവൻതുരുത്ത്, മാഞ്ചിറ, കാസർഗോഡ് ജില്ലയിലെ വലിയപറമ്പ, ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, വയനാട് ജില്ലയിലെ ചേകാടി എന്നിങ്ങനെ 10 പ്രദേശങ്ങളിലാണ് വിജയകരമായി നടപ്പിലാക്കിവരുന്നത്. മൂന്ന് വിഭാഗങ്ങളിൽപ്പെടുന്ന വിനോദ സഞ്ചാര കേന്ദ്രങ്ങളാണ് ഇതുവഴി രൂപപ്പെടുത്തുക.

1. നാളിതുവരെ വിനോദ സഞ്ചാര പ്രവർത്തനങ്ങൾ ആരംഭിക്കാത്തതും എന്നാൽ ഭാവിയിലേയ്ക്ക് ഉയർത്തിക്കൊണ്ട് വരാവുന്നതുമായ ടൂറിസം കേന്ദ്രങ്ങൾ (Unexplored destinations)

2. അന്താരാഷ്ട്ര ടൂറിസം കേന്ദ്രങ്ങളുടെ സാമീപ്യമുള്ളതും എന്നാൽ ടൂറിസ്റ്റുകൾക്ക് നവ്യാനുഭവങ്ങൾ സമ്മാനിക്കാനുതകുന്നതും ലെങ്ത് ഓഫ് സ്റ്റേ വർദ്ധിപ്പിക്കാനുതകുന്നതുമായ പ്രദേശങ്ങൾ.

3. നിലവിൽ ചെറിയതോതിൽ ടൂറിസം പ്രവർത്തനങ്ങൾ നടന്നുവരുന്നതും മികച്ച വിനോദസഞ്ചാര കേന്ദ്രങ്ങളായി മാറ്റാൻ

കഴിയുന്നതുമായ പ്രദേശങ്ങൾ എന്നിങ്ങനെയാണ് പദ്ധതി പ്രദേശങ്ങളെ തരം തിരിച്ചിട്ടുള്ളത്.

പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സംയുക്ത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കും. ഓരോ പദ്ധതി പ്രദേശത്തും സാധ്യതയ്ക്കനുസരിച്ച് ഗ്രീൻ സ്ട്രീറ്റ്, കൾച്ചറൽ സ്ട്രീറ്റ്, എത്നിക് ക്യുസീൻ/ഫുഡ് സ്ട്രീറ്റ്, വില്ലേജ് ലൈഫ് എക്സ്പീരിയൻസ്/ എക്സ്പീരിയൻഷ്യൽ ടൂറിസം സ്ട്രീറ്റ്, അഗ്രി ടൂറിസം സ്ട്രീറ്റ്, വാട്ടർ സ്ട്രീറ്റ്, ആർട്ട് സ്ട്രീറ്റ് എന്നിങ്ങനെ വിവിധ സ്ട്രീറ്റുകൾ നിലവിൽ വരും. കുറഞ്ഞത് 3 സ്ട്രീറ്റുകളെങ്കിലും പദ്ധതിയുടെ ഭാഗമായി ഓരോ പ്രോജക്ട് ഏരിയയിലും നടപ്പാക്കപ്പെടും. പൂർണ്ണമായി പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ നടപ്പാക്കാൻ വിഭാവനം ചെയ്യുന്ന ഈ പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും തദ്ദേശവാസികൾക്കും വിനോദസഞ്ചാര പ്രക്രിയയിൽ മുഖ്യ പങ്ക് വഹിക്കാനാവും വിധമാണ് നടപ്പാക്കപ്പെടുക. 4 വർഷമാണ് പദ്ധതി നിർവഹണത്തിനായി തീരുമാനിച്ചിട്ടുള്ള കാലാവധി. പദ്ധതിയുടെ ഭാഗമായി വിനോദ സഞ്ചാരമേഖലയുമായി ബന്ധപ്പെടുത്താനുതകുന്ന 1000 തദ്ദേശീയ യൂണിറ്റുകൾ രൂപീകരിക്കാനും ലക്ഷ്യമിടുന്നു. ഇവയിൽ വനിതാ

സംരഭങ്ങൾക്കും പാർശ്വവത്കൃത ജനവിഭാഗങ്ങളുടെ പദ്ധതികൾക്കും കാർഷിക വിനോദ സഞ്ചാര പദ്ധതികൾക്കും പ്രത്യേക സ്കീമുകളും നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. പദ്ധതി പ്രദേശങ്ങളിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 'സ്ട്രീറ്റ്' പദ്ധതിയുടെ ഭാഗമായ പ്രവർത്തനങ്ങൾ ഏറ്റവും വിജയകരമായി നടന്നുവരുന്നത് കോട്ടയം ജില്ലയിലെ മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിലാണ്. മറവൻതുരുത്തിലെ നീർത്തടങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി പ്രദേശത്തുകൂടി ഒഴുകുന്ന 18 കനാലുകളും മൂന്ന് നദികളും കായലുകളും ശുചീകരിക്കുകയും ആഴം കൂട്ടുകയും ചെയ്തു. കനാലിന്റെ തീരങ്ങൾ കയർ റാപ്പിംഗിലൂടെയും പൂക്കളും ഔഷധസസ്യങ്ങളും പച്ചക്കറികളും നട്ടുവളർത്തിയും സംരക്ഷിച്ചു. ശുദ്ധജലത്തിന്റെ സ്വതന്ത്രമായ ഒഴുക്ക് ഉറപ്പാക്കിയതോടെ, കയാക്കിംഗ്, നാടൻ ബോട്ടുകൾ, ശിക്കാര യാത്രകൾ തുടങ്ങിയ ജലവുമായി ബന്ധപ്പെട്ട ടൂറിസം പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും പ്രാദേശിക ഉത്പന്നങ്ങളുടെ വിപണനവും തത്സമയ മത്സ്യബന്ധന പ്രവർത്തനങ്ങളും സംഘടിപ്പിക്കുകയും ചെയ്തു. അനുഭവവേദ്യമായ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനായി

ആരംഭിച്ച ഇത്തരം പ്രവർത്തനങ്ങൾ പ്രാദേശിക മോണിറ്ററിംഗ് സംവിധാനം ഉപയോഗിച്ച് പ്രാദേശിക സമൂഹം ഏറ്റെടുക്കുന്നു. ജലസ്രോതസ്സുകൾ മലിനീകരണം ഒഴിവാക്കേണ്ടത് നിർണായകമാണെന്ന അവബോധം ഈ സംരംഭം സൃഷ്ടിച്ചു. ഈ പ്രവർത്തനങ്ങൾ 'വാട്ടർ സ്ട്രീറ്റ്' എന്ന ഉപവിഭാഗത്തിന്റെ വികസനത്തിലേയ്ക്ക് നയിച്ചു, കൂടാതെ സമൂഹത്തിന്റെ ശക്തമായ പങ്കാളിത്തത്തോടെ ജലാശയങ്ങളെ സംരക്ഷിക്കാൻ ടൂറിസത്തിന് കഴിയുമെന്ന് ഇത് തെളിയിച്ചു. പ്രാദേശിക സമൂഹം ജലാശയത്തിൽ ഉപജീവനമാർഗം കണ്ടെത്തുകയാണെങ്കിൽ അതിലെ അംഗങ്ങൾ സംരക്ഷണ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുമെന്ന് ഇത് തെളിയിച്ചു. പദ്ധതി പ്രദേശത്ത് ഈ പ്രവർത്തനങ്ങൾമൂലം മഴക്കാലത്ത് വെള്ളക്കെട്ടും വെള്ളപ്പൊക്കവും നിയന്ത്രിക്കാൻ സഹായകമാവുകയും ചെയ്തു. പ്രാദേശിക സാമ്പത്തിക വികസനവുമായി ബന്ധപ്പെടുത്തിയാൽ ജല സംരക്ഷണത്തിനുള്ള ഒരുപാധിയായി ടൂറിസം മാറുമെന്ന് വാട്ടർ സ്ട്രീറ്റിലൂടെ കേരളത്തിന്റെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ ലോകത്തിന് കാണിച്ചുകൊടുത്തു.

മറവൻതുരുത്തിലെ പ്രവർത്തനങ്ങൾ ജലസംരക്ഷണത്തിലൂന്നിയ ടൂറിസം പ്രവർത്തനങ്ങളുടെ ലോക മാതൃകയാണെന്ന് പ്രഖ്യാപിക്കപ്പെട്ടു. വേൾഡ് ട്രാവൽ മാർട്ട് ലണ്ടന്റെ ഗ്ലോബൽ അവാർഡും നേടി. ICRT Indian Subcontinent അവാർഡും ലഭിക്കുകയുണ്ടായി. പിണറായിയിലും അഞ്ചരക്കണ്ടിയിലും ഒരു ഘട്ടം പൂർത്തീകരിച്ചു. ടൂറിസം റിസോഴ്സ് മാപ്പിംഗ് പൂർത്തിയായിവരുന്നു. ടൂറിസം അവബോധ ശില്പശാലകളും ഗ്രാമസഭകളും ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷനുകളും പൂർണ്ണമായിട്ടുണ്ട്. പരിശീലനങ്ങൾ നടന്നുവരുന്നു. കാസർഗോഡ് ജില്ലയിലെ വലിയപറമ്പയിൽ ടൂറിസം റിസോഴ്സ് ഡയറക്ടറി പൂർണ്ണമായി. പരിശീലനങ്ങൾക്കുള്ള അപേക്ഷകൾ സ്വീകരിച്ചുവരുന്നു. പിണറായിയിൽ വിവിധ സ്ട്രീറ്റുകൾ നിശ്ചയിച്ചു. അഞ്ചരക്കണ്ടിയിൽ വിവിധ സ്ട്രീറ്റുകൾ നിശ്ചയിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. പാലക്കാട് ജില്ലയിലെ തൃത്താലയിലും പട്ടിത്തറയിലും റിസോഴ്സ് ഡയറക്ടറി പൂർണ്ണമായി. പരിശീലനങ്ങൾ നടന്നുവരുന്നു. ടൂർ പാക്കേജുകൾ തയ്യാറാക്കിവരുന്നു. ഇടുക്കി ജില്ലയിലെ കാന്തല്ലൂരിൽ മികച്ച പ്രവർത്തനങ്ങൾ നടന്നുവരുന്നു. വിവിധ പഞ്ചായത്ത്

തല യോഗങ്ങൾ പൂർണ്ണമായി. ടൂറിസം റിസോഴ്സ് ഡയറക്ടറി തയ്യാറായി. വിവിധ സ്ട്രീറ്റുകൾ നിശ്ചയിച്ചു. പദ്ധതിയുടെ ഭാഗമായി വിവിധ സ്ട്രീറ്റിന്റെ ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. ഒട്ടാകെ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടന്നിരുന്ന വിവിധ യോഗങ്ങളിൽ ആയിരത്തോളം ആളുകൾ അവബോധ ശില്പശാലകളിൽ പങ്കെടുത്തിട്ടുണ്ട്. വിവിധ സ്ഥലങ്ങളിൽ ടൂറിസം വികസന സമിതികൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ലോകത്തെ ഏറ്റവും ശ്രദ്ധേയമായ ജനപങ്കാളിത്ത വിനോദ സഞ്ചാര പദ്ധതികളിൽ ഒന്നായി 'സ്ട്രീറ്റ്' പദ്ധതി മാറുന്നതായാണ് കാണാനാവുന്നത്. 'സ്ട്രീറ്റ് ' പദ്ധതി നടപ്പാക്കപ്പെട്ട മറവൻതുരുത്ത് ന്യൂയോർക്ക് ടൈംസിന്റെ പട്ടികയിൽ ഇടം നേടി. കോഴിക്കോട് ജില്ലയിലെ കടലുണ്ടിയിലാണ് മികച്ച രൂപത്തിൽ സ്ട്രീറ്റിന്റെ പ്രവർത്തനം നടന്നുവരുന്ന മറ്റൊരു ഗ്രാമപഞ്ചായത്ത് പ്രദേശം. അവിടെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. വിവിധ സ്ട്രീറ്റുകൾ നിശ്ചയിച്ചു. ടൂർ പാക്കേജുകളുടെ ഭാഗമായി വിവിധ സ്ഥലങ്ങളിൽനിന്നും ടൂറിസ്റ്റുകൾ വന്നുതുടങ്ങി. ടൂർ പാക്കേജുകൾ വികസിപ്പിച്ചു. സംസ്ഥാനത്തെ മുഴുവൻ സ്ഥലങ്ങളിലേയും സ്ട്രീറ്റ് പദ്ധതിയുടെ

പ്രചരണത്തിനായി ബ്രൗഷറുകൾ പ്രിന്റ് ചെയ്ത് ആഗോള ഉത്തരവാദിത്ത ടൂറിസം ഉച്ചകോടിയിൽ വച്ച് പ്രകാശനം ചെയ്യുകയും അത് വിവിധ സ്ഥലങ്ങളിൽ എത്തിക്കുകയും ചെയ്തു. പദ്ധതിയുടെ 10 പ്രദേശങ്ങളിലെ വിജയത്തിന്റെ അടിസ്ഥാനത്തിൽ മറ്റ് പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. പദ്ധതി നല്ല ജന പിന്തുണയോടെയും കൂടുതൽ കരുത്തോടെയുമാണ് മുന്നോട്ടുപോകുന്നത്.

(സി) പെപ്പർ പദ്ധതിക്ക് ഇതിനകംതന്നെ ആഗോള ശ്രദ്ധ നേടുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വരുംകാല വികസന സാധ്യതകൾക്ക് അനുസൃതമായി പ്രസ്തുത പദ്ധതിയെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കേരളത്തിലെ സ്പെഷ്യൽ ടൂറിസം ഗ്രാമസഭകൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളോടെ ആരംഭിച്ച ആദ്യത്തെ ജനകീയ വിനോദ സഞ്ചാര പദ്ധതിയാണ് 'പെപ്പർ'. സ്പെഷ്യൽ ടൂറിസം ഗ്രാമസഭകൾ തുടങ്ങി ടൂറിസം റിസോഴ്സ് മാപ്പിംഗിലൂടെ ടൂറിസം റിസോഴ്സ് ഡയറക്ടറി തയ്യാറാക്കി ഗുണഭോക്താക്കൾക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകി മെച്ചപ്പെട്ട

രൂപത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കി ജനങ്ങൾക്ക് ടൂറിസത്തിലൂടെ തൊഴിലും വരുമാനവും ഉറപ്പാക്കുന്ന പദ്ധതിയാണിത്. 'പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് ആൻഡ് എംപവർമെന്റ് ത്രൂ റെസ്പോൺസിബിൾ ടൂറിസം ' (പെപ്പർ) എന്ന പദ്ധതി ആവിഷ്കരിച്ച് 2017 നവംബർ മാസം മുതൽ ഘട്ടം ഘട്ടമായി വിവിധ പ്രദേശങ്ങളിൽ നടപ്പാക്കിവരുന്നുണ്ട്. അതാത് പ്രദേശങ്ങളിലെ പ്രാദേശിക ജനപങ്കാളിത്തത്തോടെ ടൂറിസം വികസനം ലക്ഷ്യമാക്കി ആരംഭിച്ച പദ്ധതിയാണ് 'പെപ്പർ' പദ്ധതി. 'പെപ്പർ' പദ്ധതി നടപ്പിലാക്കുന്നതിനുള്ള രൂപരേഖ ഉത്തരവാദിത്ത ടൂറിസം മിഷൻ തയ്യാറാക്കുകയും അത് വിനോദ സഞ്ചാരം വകുപ്പ് അംഗീകരിച്ച് സംസ്ഥാന സർക്കാരിൽനിന്ന് അനുമതി വാങ്ങി കേരളത്തിൽ നടപ്പാക്കിവരികയും ചെയ്യുന്നു. പെപ്പർ പദ്ധതി ഒരു തുടർ പ്രവർത്തനമാണ്, ഘട്ടം ഘട്ടമായി തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളെ റെസ്പോൺസിബിൾ ടൂറിസം ഡെസ്റ്റിനേഷനുകളായി ഉയർത്തികൊണ്ട് വരുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. ആദ്യഘട്ടത്തിൽ പ്രവർത്തനങ്ങൾ ആരംഭിച്ചത് കോട്ടയം ജില്ലയിലെ

വൈക്കത്താണ്. 'പെപ്പർ' പദ്ധതി ആദ്യത്തെ മൂന്ന് ഘട്ടങ്ങൾ പൂർത്തിയായതിനുശേഷം കോവിഡിന്റെ വരവോടെ ചില പ്രദേശങ്ങളിൽ പ്രവർത്തനം പൂർണ്ണമായി മുന്നോട്ട് കൊണ്ടുപോകാൻ കഴിയാതെവന്നു. അതിനുശേഷം ആ പ്രദേശങ്ങളിലെ മുഴുവൻ പഞ്ചായത്ത് ജനപ്രതിനിധികൾക്കുള്ള പരിശീലനം നടന്നു. അതിന്റെ തുടർച്ചയിൽ ഇപ്പോൾ പ്രവർത്തനങ്ങൾ സജീവമാണ്. വൈക്കവും പൊന്നാനിയും 'പെപ്പർ' പദ്ധതിയുടെ ഭാഗമായി അന്തർദേശീയ ടൂറിസം ഡെസ്റ്റിനേഷനുകളായി സംസ്ഥാന സർക്കാർതന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. ഇവിടങ്ങളിൽ ടൂറിസ്റ്റുകൾ വിപുലമായി എത്തുന്നുണ്ട്. തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം പഞ്ചായത്ത് പെപ്പറിന്റെ ഭാഗമായി തയ്യാറാക്കിയ പദ്ധതി കേന്ദ്ര സർക്കാരിൽനിന്ന് ഫണ്ട് ലഭ്യമാക്കുന്ന സാഹചര്യമുണ്ടായി.

**തിരുനാവായയിലെ ചരിത്ര സ്മാരകങ്ങൾ കോർത്തിണക്കി ടൂറിസം പദ്ധതി**

131(5017) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ ചരിത്ര പ്രസിദ്ധമായ തിരുനാവായയിലെ നിരവധി ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കപ്പെടാത്തതിനാൽ നശിച്ചുപോകുന്നതായി ടൂറിസം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്വാതന്ത്ര്യ സമരനായകരുടെ ചരിത്രം വിളിച്ചോതുന്ന നിരവധി ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കുന്നതിന് ടൂറിസം വകുപ്പ് നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത ചരിത്ര സ്മാരകങ്ങൾ കോർത്തിണക്കി ചരിത്രാന്വേഷകർക്കും ടൂറിസ്റ്റുകൾക്കും ആകർഷകമായ രീതിയിൽ ടൂറിസം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

(ബി&സി) പരിശോധിക്കുന്നതാണ്.

**ബീച്ച് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

132(5018) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബീച്ച് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

**കോവളം ബീച്ച്**

കോവളം, സമീപ ബീച്ചുകളുടെ വികസന പ്രവർത്തനങ്ങൾക്കായി 24-02-2023-ലെ സ.ഉ.(കൈ.)നം. 10/2023/TSM നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 93 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി ഫണ്ടുപയോഗിച്ചാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയുടെ നിർവഹണ ഏജൻസി വാപ്കോസ് ആണ്. ഈ പദ്ധതിയിൽ താഴെ പറയുന്ന ഘടകങ്ങൾ വിഭാവനം ചെയ്തിരിക്കുന്നു.

- ഹവ്വാ ബീച്ച്, ലൈറ്റ് ഹൗസ് ബീച്ച് എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം
- സൈലന്റ് വാലി സൺ ബാത്ത് പാർക്ക് നവീകരണം
- കോർപ്പറേഷൻ ഭൂമി വികസനം
- കോർപ്പറേഷൻ ഭൂമിയിലേയ്ക്കുള്ള വികസനം
- ഐബി ബീച്ചിലേയ്ക്കുള്ള യാത്രാ സൗകര്യ വികസനം

•ഐബി ബീച്ചിന്റെയും അടിമലത്തുറ ബീച്ചിന്റെയും അതിർത്തി നിർണ്ണയം

•തെങ്ങിൻ തോട്ടഭൂമി ഏറ്റെടുക്കൽ

**ശംഖുമുഖം ബീച്ച്**

13.2 കോടി രൂപ അടങ്കൽ തുക വരുന്ന ശംഖുമുഖം ബീച്ച് ഫ്രണ്ട് എൻട്രി ഇംപ്രൂവ്മെന്റ് & അർബൺ പ്ലാസാ ഡെവലപ്മെന്റ്, ബീച്ച് ഫ്രണ്ട് പ്ലാസാ ഡെവലപ്മെന്റ് & കൾച്ചറൽ ഹബ്ബ് ഡെവലപ്മെന്റ് എന്നീ രണ്ട് പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്.

**മുഴപ്പിലങ്ങാട്-ധർമ്മടം ബീച്ചിന്റെ സമഗ്ര വികസനം**

മുഴപ്പിലങ്ങാട്-ധർമ്മടം ബീച്ചുകളുടെ സമഗ്രമായ വികസന പ്രവർത്തനം നടത്തുന്നതിനായി 13-11-2019-ലെ GO.(RT)No. 395/2019/TSM ഉത്തരവ് പ്രകാരം 233.71 കോടി രൂപയുടെ സർക്കാർ ഭരണാനുമതി നൽകുകയുണ്ടായി.

ഈ പദ്ധതി താഴെ പറയുന്ന 4 ക്യാരക്ടർ ഏരിയകളായി തരംതരിച്ചാണ് നടപ്പാക്കുന്നത്.

1.ക്യാരക്ടർ ഏരിയ 1 - മുഴപ്പിലങ്ങാട് ബീച്ചിന്റെ വടക്ക് വശം

2.ക്യാരകൂർ ഏരിയ 2 - മുഴപ്പിലങ്ങാട് ബീച്ചിന്റെ തെക്ക് വശം

3.ക്യാരകൂർ ഏരിയ 3 - ധർമ്മടം ബീച്ച്

4.ക്യാരകൂർ ഏരിയ 4 - ധർമ്മടം ദ്വീപ്

ക്യാരകൂർ ഏരിയ 2, ക്യാരകൂർ ഏരിയ 3, ക്യാരകൂർ ഏരിയ 4 എന്നീ സ്ഥലങ്ങളിലെ ഘടകങ്ങൾക്ക് കിഫ്ബി അംഗീകാരത്തിനായി പ്രൊപ്പോസലുകൾ സമർപ്പിക്കേണ്ടതുണ്ട്.

**ബേക്കൽ ബീച്ച് പാർക്കിന്റെ നവീകരണം**

ഈ പദ്ധതിക്ക് 4.96 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ബേപ്പൂർ ബീച്ചിന്റെ സമഗ്ര വികസനം**

ബേപ്പൂർ ബീച്ചിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് 9.94 കോടി രൂപയുടെ വികസന പ്രവൃത്തികൾ ബേപ്പൂർ & ബിയോണ്ട് എന്ന പേരിൽ നടന്നുവരുന്നു. 15 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചു.

**ചാലിയം ബീച്ചിന്റെ വികസനം**

ചാലിയം ബീച്ചിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് 9.55 കോടി രൂപയുടെ ഓഷ്യാനസ് ചാലിയം ഫേസ് I, ഫേസ് II എന്നീ പ്രവൃത്തികൾ ഇപ്പോൾ നടന്നുവരുന്നു.

**ആലപ്പുഴ ചെത്തി ബീച്ചിന്റെ വികസനം**

ഈ പദ്ധതിക്കായി 08-02-2017-ൽ 49.60 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിരുന്നു. കിഫ്ബി ഫണ്ട് ഉപയോഗിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 27-07-2020-ൽ 21.35 കോടി രൂപയുടെള്ള പ്രവൃത്തികൾക്ക് കിഫ്ബി അംഗീകാരം നൽകിയിരുന്നു. പ്രവേശന കവാടം, ടിക്കറ്റ് കൗണ്ടർ, ഫുഡ് കോർട്ട്, സിറ്റിംഗ് അറേഞ്ച്മെന്റ്സ്, പെഡസ്ട്രൽ ബ്രിഡ്ജ്, റെയിൽ ഷെൽറ്റർ, ചെയ്ഞ്ച് റൂം, കാർ പാർക്കിംഗ്, ലാൻഡ് സ്കേപ്പിംഗ്, സ്പോട്സ് ആക്ടിവിറ്റീസ് എന്നിവയാണ് പ്രധാന ഘടകങ്ങൾ.

**കാപ്പാട് ബീച്ചിന്റെ വികസനം**

കാപ്പാട് ബ്ലൂ ഫ്ലാഗ് ബീച്ചിന്റെ മെയിന്റനൻസ് പ്രവൃത്തിക്കായി വിനോദ സഞ്ചാര വകുപ്പ് 26 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പ്രവൃത്തി അവസാനഘട്ടത്തിലാണ്.

**മുഴപ്പിലങ്ങാട് ത്രീ സ്റ്റാർ ബീച്ച് റിസോർട്ട് നിർമ്മാണം**

ഈ പദ്ധതിക്ക് 39.42 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. മുഴപ്പിലങ്ങാട് ഡ്രൈവ് ഇൻ ബീച്ചുമായി ബന്ധപ്പെട്ട് 36 റൂമുകളുള്ള ലോകോത്തര റിസോർട്ടാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. കിഫ്ബി ഫണ്ടുപയോഗിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ SPV കെ.ടി.ഡി.സി.-യാണ്.

ബീച്ചുകളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനം ഒരുക്കുന്നതിന്റെ ഭാഗമായി ലോകോത്തര നിലവാരത്തിലുള്ള ടോയ്ലെറ്റ് ബ്ലോക്കുകളുടെ നിർമ്മാണം ബേക്കൽ, വർക്കല, ശംഖുമുഖം, കൊല്ലം, ആലപ്പുഴ എന്നീ ബീച്ചുകളിൽ വകുപ്പ് നടപ്പിലാക്കിവരുന്നു.

ഇതിനുപുറമെ 9 ബീച്ചുകളിൽ ഫ്ലോട്ടിംഗ് ബ്രിഡ്ജ് തയ്യാറാക്കാനുള്ള പ്രവൃത്തി പുരോഗമിക്കുന്നു. ബേപ്പൂർ, മുഴപ്പിലങ്ങാട് എന്നിവിടങ്ങളിൽ ഇത്

ആരംഭിച്ചു. ബീച്ച് സാഹസിക ടൂറിസം പരിശീലനത്തിന് പ്രത്യേക അക്കാദമി ബേപ്പൂരിൽ ആരംഭിച്ചു.

(ബി) പ്രസ്തുത മേഖലയിൽ അപകടത്തിൽപ്പെടുന്നവരുടെ എണ്ണത്തിൽ വർദ്ധനവ് രേഖപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങളോ ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും മറ്റ് ചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്. ഇവർക്ക് കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻരക്ഷാ ഉപകരണങ്ങളും വകുപ്പ് നൽകിയിട്ടുണ്ട്.

(സി) ബീച്ച് ടൂറിസത്തിന് ആവശ്യമായ സുരക്ഷയൊരുക്കുന്നതിനായി നിലവിൽ എത്ര ലൈഫ് ഗാർഡുമാരെ നിയോഗിച്ചിട്ടുണ്ട്; ബീച്ച് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ഡി) ഇല്ലെങ്കിൽ ആവശ്യത്തിന് ലൈഫ് ഗാർഡുകളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(സി&ഡി) ബീച്ച് ടൂറിസത്തിന് ആവശ്യമായ സുരക്ഷയൊരുക്കുന്നതിനായി വിനോദ സഞ്ചാര വകുപ്പ് നിയോഗിച്ചിട്ടുള്ള ലൈഫ് ഗാർഡുമാരുടെ ബീച്ച് തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.+

**ന്യൂ കട്ട് പുഴയിൽ ജല ടൂറിസം പദ്ധതി**

133(5019) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട ന്യൂ കട്ട് പുഴയിൽ ബോട്ടിംഗ് അടക്കമുള്ള ജല ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) ഈ ഭാഗത്ത് നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന കേരള സ്റ്റേറ്റ് സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയം, കീറനല്ലൂർ ടൂറിസം, ന്യൂ കട്ട് ജല ടൂറിസം പദ്ധതികൾ ഇവ ചേർത്ത് പ്രസ്തുത പ്രദേശം ഒരു ടൂറിസം ഹബ്ബാക്കി മാറ്റുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ന്യൂ കട്ട് പുഴ ജല ടൂറിസം പദ്ധതി പൂർത്തീകരിക്കുകയാണെങ്കിൽ വള്ളംകളി അടക്കമുള്ള ജല ടൂറിസം പദ്ധതികൾ നേർരേഖയിലുള്ള ഈ പുഴയിൽ നടപ്പിലാക്കാൻ സാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി)പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-ഡി) നിലവിൽ പരിഗണനയിലില്ല.

**തീർത്ഥാടന ടൂറിസം**

134(5020) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീർത്ഥാടന ടൂറിസം വ്യാപകമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ പ്രധാനപ്പെട്ട ആരാധനാലയങ്ങളിൽ തീർത്ഥാടന സഞ്ചാരികൾക്കായി അമിനിറ്റി സെന്റർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ തീർത്ഥാടന ടൂറിസത്തിന്റെ ഭാഗമായി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി 'ശ്രീപത്മനാഭ-ആറന്മുള ആസ് എ സ്പിരിച്വൽ സർക്യൂട്ട് ' എന്ന പദ്ധതി പൂർത്തീകരിച്ചു. 'ശബരിമല-എരുമേലി-പമ്പ-സന്നിധാനം ആസ് എ സ്പിരിച്വൽ സർക്യൂട്ട്' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. പൈതൃക പദ്ധതികളിൽ ഉൾപ്പെടുത്തി പൈതൃക ആരാധനാലയങ്ങളുടെ സംരക്ഷണ പദ്ധതികളും നടപ്പാക്കുന്നു. ശിവഗിരി ശ്രീനാരായണ ഗുരു ആശ്രമം-അരുവിപ്പുറം കുന്നുംപാറ ശ്രീസുബ്രഹ്മണ്യ-ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലം എന്ന സ്പിരിച്വൽ സർക്യൂട്ടും കേന്ദ്ര ഗവൺമെന്റിന്റെ സ്വദേശി ദർശൻ സ്കീമിൽ ഉൾപ്പെടുത്തി ചെയ്തുവരുന്നു.

**(ബി) പ്രസ്തുത പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽനിന്നും സഹായം പ്രതീക്ഷിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?**

കേന്ദ്ര സർക്കാരിന്റെ പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി ചുവടെ ചേർക്കുന്ന 3 പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

1. സെന്റ് തോമസ് ഇന്റർനാഷണൽ ഷ്രയിൻ, മലയാറ്റൂർ (അണ്ടർ പ്രസാദ് സ്കീം ) – പദ്ധതി തുക 29.91 കോടി രൂപ.
2. ചേരമൻ ജുമാ മസ്ജിദ്, കൊടുങ്ങല്ലൂർ, തൃശ്ശൂർ - പദ്ധതി തുക 4.29 കോടി രൂപ.
3. Development of Religious Centres at Perumbavoor in Ernakulam District – പദ്ധതി തുക 7 കോടി രൂപ.

(സി) മുസ്ലീം, ക്രിസ്ത്യൻ, ഹിന്ദു തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പരിശോധിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ്.

**വടക്കാഞ്ചേരി മണ്ഡലത്തിലെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി**

135(5021) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി വടക്കാഞ്ചേരി മണ്ഡലത്തിലെ ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനം പദ്ധതി സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സമർപ്പിച്ചിട്ടില്ല.

**ഉത്തരവാദിത്ത ടൂറിസം സൊസൈറ്റികൾ**

136(5022) <u>ശ്രീ. കെ. എം. സച്ചിൻദേവ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഉത്തരവാദിത്ത ടൂറിസം സൊസൈറ്റികളോ ഗ്രൂപ്പുകളോ ഏതെങ്കിലും ടൂറിസം പദ്ധതികൾ നടത്തുന്നുണ്ടോ; അറിയിക്കുമോ?

ഉത്തരവാദിത്ത ടൂറിസം മിഷനെ സൊസൈറ്റിയാക്കി മാറ്റാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഉത്തരവാദിത്ത ടൂറിസം ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. തദ്ദേശവാസികൾ ചേർന്ന് ആരംഭിച്ചതും കൃത്യമായ ബൈലോയുടെയും നിയമത്തിന്റെയും അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ വകുപ്പിൽ രജിസ്ട്രേഷൻ പൂർത്തീകരിച്ചതുമായ ഉത്തരവാദിത്ത ടൂറിസം

ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ക്ലബ്ബുകളെയാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ ആർ.ടി. ക്ലബ്ബുകളായി അംഗീകരിച്ച് പ്രവർത്തിച്ചുവരുന്നത്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ കീഴിൽ 10 ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. ഉത്തരവാദിത്ത ടൂറിസം ക്ലബ്ബാണ് ബേപ്പൂർ സർഫിംഗ് സ്കൂൾ നടത്തുന്നത്. മറവൻതുരുത്ത് 'സ്ട്രീറ്റ് ' പദ്ധതിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിൽ നടത്തുന്നത് മറവൻതുരുത്ത് ആർ.ടി. ക്ലബ്ബാണ്. ഈ രണ്ട് ക്ലബ്ബുകളും വളരെ മികച്ച രീതിയിൽ പ്രവർത്തനം നടത്തിവരുന്നുണ്ട്.

(ബി) എങ്കിൽ പ്രസ്തുത ഗ്രൂപ്പുകൾക്ക് സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നത്; വിശദമാക്കുമോ?

ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റിയായി മാറുന്നതോടെ ഉത്തരവാദിത്ത ടൂറിസം ക്ലബ്ബുകളുമായി ചേർന്ന് വിപുലമായ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്ത 23,786 യൂണിറ്റുകൾ വിവിധ പദ്ധതികളുടെ ഭാഗമായി പ്രവർത്തിച്ചുവരുന്നു. അവയിൽ കുറച്ച് യൂണിറ്റുകൾക്ക് കോവിഡാനന്തര

സഹായമായി 10000 രൂപ വീതം റിവോൾവിംഗ് ഫണ്ട് നൽകിയിട്ടുണ്ട്. ഇതിന് പുറമെ മാർക്കറ്റിംഗ് സപ്പോർട്ടും നൽകിവരുന്നു.

**കോവളവും അനുബന്ധ ബീച്ചുകളും നവീകരിക്കാൻ പദ്ധതി**

137(5023) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളവും അനുബന്ധ ബീച്ചുകളും നവീകരിക്കാൻ ഡെവലപ്മെന്റ് ഓഫ് കോവളം ആൻഡ് അഡ്ജസന്റ് ബീച്ചസ് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കോവളത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് കിഫ്ബി മുഖാന്തരം 'ഡെവലപ്മെന്റ് ഓഫ് കോവളം & അഡ്ജസന്റ് ബീച്ചസ് ഘട്ടം 1' എന്ന പദ്ധതി തയ്യാറാക്കുകയും 24-02-2023-ലെ സ.ഉ.(കൈ.)നം. 10/2023/TSM നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 93 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ആദ്യ ഘട്ടത്തിൽ എന്തൊക്കെ പ്രവൃത്തികളാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ഈ പദ്ധതി രണ്ട് ഘട്ടങ്ങളിലായി ചുവടെ പറയും പ്രകാരമാണ് വിഭാവനം ചെയ്തിരിക്കുന്നത്.

<u>ഘട്ടം 1</u>

1. ഹവ്വാ ബീച്ച്, ലൈറ്റ് ഹൗസ് ബീച്ച് എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം

2. സൈലന്റ് വാലി സൺ ബാത്ത് പാർക്ക് നവീകരണം

3. കോർപ്പറേഷൻ ഭൂമി വികസനം

4. കോർപ്പറേഷൻ ഭൂമിയിലേയ്ക്കുള്ള വികസനം

5. ഐ.ബി. ബീച്ചിലേയ്ക്കുള്ള യാത്രാ സൗകര്യ വികസനം

6. ഐ.ബി. ബീച്ചിന്റെയും അടിമലത്തുറ ബീച്ചിന്റെയും അതിർത്തി നിർണ്ണയം

7. തെങ്ങിൻ തോട്ടഭൂമി ഏറ്റെടുക്കൽ

<u>ഘട്ടം II</u>

1.ഐ.ബി. ബീച്ചിന്റെയും അടിമലത്തുറ ബീച്ചിന്റെയും കൂടുതൽ വികസനം

2.തെങ്ങിൻ തോട്ടഭൂമി വികസനം

(സി) ഐ.ബി. (ഇൻസ്പെക്ഷൻ ബംഗ്ലാവ്) ബീച്ചിന്റെയും അടിമലത്തുറ ബീച്ചിന്റെയും തെങ്ങിൻതോട്ട ഭൂമിയുടെയും വികസനം ഇതോടൊപ്പം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഈ പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഐ.ബി. ബീച്ചിന്റെയും അടിമലത്തുറ ബീച്ചിന്റെയും തെങ്ങിൻതോട്ട ഭൂമിയുടെയും വികസനം ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) പദ്ധതി നടത്തിപ്പിനായി നിർവഹണ ഏജൻസിയെ നിശ്ചയിച്ചിട്ടുണ്ടോയെന്നും എത്ര കോടി രൂപയാണ് പദ്ധതിക്കായി നീക്കിവച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

24-02-2023-ലെ സ.ഉ.(കൈ.)നം. 10/2023/TSM നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 93 കോടി രൂപയുടെ ഭരണാനുമതി നൽകിയ ഈ പദ്ധതിയുടെ നിർവഹണ ഏജൻസി വാപ്കോസ് ആണ്.

**കാർഷിക ടൂറിസം വിപുലീകരണത്തിന് നടപടി**

138(5024) ശ്രീ എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ടൂറിസം വിപുലീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കുമോ?

കാർഷിക ടൂറിസത്തെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആരംഭിച്ച ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനമാണ് കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക്. കോവിഡ് കാലത്തിന്റെ അവസാനഘട്ടത്തിൽ ആരംഭിച്ച ഈ പ്രവർത്തനം വലിയ മാറ്റമാണ് ഈ മേഖലയിലുണ്ടാക്കിയത്.

കേരളത്തിലെ കൃഷിയിടങ്ങളെ വിനോദ സഞ്ചാര മേഖലയുമായി ബന്ധിപ്പിക്കുന്നതിന് കേരളത്തിൽ 2021 സെപ്റ്റംബർ 14-ന് അഗ്രി ടൂറിസം എന്ന ഈ പ്രോഗ്രാം ആരംഭിക്കുകയും രണ്ട് ഘട്ടങ്ങളിലായി 952 യൂണിറ്റുകൾക്ക് പരിശീലനം നൽകുകയും ചെയ്തു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ച കേരള അഗ്രി ടൂറിസം നെറ്റ്‌വർക്കിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന വിവിധ യൂണിറ്റുകൾ മൈക്രോ ടൂറിസം കേന്ദ്രങ്ങളായി വളർന്ന് വൻതോതിൽ വിനോദസഞ്ചാരികളെ

ആകർഷിക്കുന്നതിന് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുന്ന നിരവധി യൂണിറ്റുകൾ ഇതുവഴി ഉണ്ടായിട്ടുമുണ്ട്. പദ്ധതി ലോഞ്ച് ചെയ്ത് ചുരുങ്ങിയ കാലയളവിനുള്ളിൽ തന്നെ കോവിഡ് നിയന്ത്രണങ്ങൾക്കിടയിലും 22 ലക്ഷം രൂപയുടെ വരുമാനം നേടുവാൻ കേരള അഗ്രി ടൂറിസം നെറ്റ്‌വർക്കിൽ ഉൾപ്പെട്ടിട്ടുള്ള യൂണിറ്റുകൾക്കായിട്ടുണ്ട്.

2020-ൽ സംസ്ഥാന സർക്കാരിന്റെ മികച്ച യുവ കർഷക പുരസ്കാര ജേതാവും കാസർഗോഡ് ജില്ലയിലെ പൂങ്കാവനം അഗ്രി ഫാം യൂണിറ്റിന്റെ ഉടമയുമായ ശ്രീമതി ശ്രീവിദ്യ എം., ഇസ്രായേലിൽ കാർഷിക സംഘത്തിനൊപ്പം പഠനത്തിന് പോയിരുന്നു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ അഗ്രി ഫാം യൂണിറ്റിന്റെ ഭാഗമായ ശ്രീമതി ശ്രീവിദ്യയുടെ കൃഷിയിടം, മലപ്പുറം കതിർ ബയോ ഡൈവേഴ്സിറ്റി, ഹാരിസ് സീ ഷെല്ലിലെ അഗ്രി ഫാം, കാസർഗോഡ് ഫാം പത്തായപ്പുര, എറണാകുളം ജില്ലയിലെ ഹരിത ബയോ പാർക്ക് എന്നിവ വലിയ തോതിൽ ടൂറിസ്റ്റുകളെ ആകർഷിച്ചുവരുന്നു. നിരവധി യൂണിറ്റുകൾ കൃഷിക്ക് ഒരു കോട്ടവും വരാത്ത രീതിയിൽ കാർഷിക ടൂറിസത്തെ ഉപയോഗപ്പെടുത്താമെന്ന ഉത്തരവാദിത്ത

ടൂറിസം മിഷന്റെ കാഴ്ചപ്പാടിനനുസരിച്ച് അതിന്റെ മാതൃകയായി വളർന്നുവന്നിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ വകുപ്പുമായി സഹകരിച്ച് കാർഷിക ടൂറിസം വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് കാർഷിക ടൂറിസം പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ഇതിനോടകം ആരംഭിച്ചിട്ടുണ്ട്.

**ഗൃഹസ്ഥലി പദ്ധതി**

139(5025) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൈതൃക കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിനായി ഗൃഹസ്ഥലി പദ്ധതി വഴി ടൂറിസം വകുപ്പ് ഏതൊക്കെ കെട്ടിടങ്ങളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

പൈതൃക കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിനായി വിനോദ സഞ്ചാര വകുപ്പ് നടപ്പിലാക്കിവരുന്ന ഗൃഹസ്ഥലി പദ്ധതിയിൽ താഴെപ്പറയുന്ന കെട്ടിടങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1. മാംഗലീസ് ഹെറിറ്റേജ്, തൃശ്ശൂർ
2. പുളിക്കുന്നേൽ ഹെറിറ്റേജ് ഹോം, കോട്ടയം
3. ലേക്ക് എൻ വുഡ്, ആലപ്പുഴ
4. ചെറുകറ്റം, കോട്ടയം
5. കൊടിയാന്തറ, കോട്ടയം
6. കാളകെട്ടി എസ്റ്റേറ്റ്, കോട്ടയം

**വിനോദസഞ്ചാര മേഖലയിൽ നടന്ന അപകടങ്ങൾ**

140(5026) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലയളവിൽ വിനോദസഞ്ചാര മേഖലയിൽ എത്ര അപകടങ്ങൾ ഉണ്ടായി എന്ന വിവരം അറിയിക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

**സംസ്ഥാനത്ത് എത്തിയ വിനോദസഞ്ചാരികളുടെ വിശദാംശം**

141(5027) <u>ശ്രീ. എം. രാജഗോപാലൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് എത്തിയ വിനോദസഞ്ചാരികളുടെ വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

വിനോദസഞ്ചാരികളുടെ സ്ഥിതി വിവരക്കണക്കുകൾ പാദവർഷാടിസ്ഥാനത്തിൽ ശേഖരിച്ച് കലണ്ടർ വർഷ അടിസ്ഥാനത്തിലാണ് ക്രോഡീകരിച്ചുവരുന്നത്. 2022-2023 സാമ്പത്തിക വർഷത്തെ ആദ്യ മൂന്ന് പാദങ്ങളിലെ ഡിസംബർ മാസം വരെയുള്ള കണക്കുകൾ അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.+

(ബി) ഇതിൽ വിദേശ വിനോദസഞ്ചാരികൾ ഏതൊക്കെ രാജ്യങ്ങളിൽനിന്ന് എത്തിയിട്ടുള്ളവരാണെന്ന് വ്യക്തമാക്കാമോ?

2022-2023 കാലയളവിലെ വിദേശ വിനോദസഞ്ചാരികളുടെ രാജ്യം തിരിച്ചുള്ള പട്ടിക അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കുട്ടനാട്ടിലെ അമിനിറ്റി സെന്ററുകൾ**

142(5028) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടിന്റെ വിവിധ ഭാഗങ്ങളിലായി നിർമ്മിച്ചിരിക്കുന്ന അമിനിറ്റി സെന്ററുകളുടെ പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

കുട്ടനാടിന്റെ വിവിധ ഭാഗങ്ങളിൽ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ഉടമസ്ഥതയിലുള്ള അമിനിറ്റി സെന്ററുകളുടെ നടത്തിപ്പിനുള്ള കരാർ കാലാവധി അവസാനിച്ച സാഹചര്യത്തിൽ 2023-ൽ പുതിയ ടെണ്ടർ ക്ഷണിച്ച് ലൈസൻസികളുമായി കരാർ ഒപ്പുവച്ചിട്ടുണ്ട്. പുതിയ ലൈസൻസികളുടെ ചുമതലയിൽ അമിനിറ്റി സെന്ററുകളുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്.

(ബി) നെടുമുടി, മൂന്നാട്ടിന്മുഖം, കൈനകരി, പുല്ലങ്ങടി തുടങ്ങിയ പ്രദേശങ്ങളിലെ അമിനിറ്റി സെന്ററുകളിൽ അടിസ്ഥാന സൗകര്യം

മെച്ചപ്പെടുത്തി ഇവിടങ്ങളിൽ ബിയർ പാർലറുകളും റെസ്റ്റോറന്റുകളും ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

നെടുമുടി, പുല്ലങ്ങാടി, കോതറത്തോട് അമിനിറ്റി സെന്ററുകൾ പ്രവർത്തിപ്പിക്കാൻ പുതിയ ലൈസൻസികളുമായി കരാർ ഒപ്പുവച്ചിട്ടുണ്ട്. ഈ അമിനിറ്റി സെന്ററുകളുടെ പ്രവർത്തനത്തിനുള്ള തുടർനടപടികൾ ലൈസൻസികൾ സ്വീകരിക്കുന്നതാണ്.

(സി) കൈനകരി മീനപ്പള്ളി വട്ടക്കായലിലെ ടെർമിനലും അനുബന്ധ കെട്ടിടങ്ങളും ടൂറിസം വകുപ്പ് നേരിട്ടോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരമോ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ആലപ്പുഴ മെഗാടൂറിസം പദ്ധതിയുടെ ഭാഗമായ കൈനകരി മീനപ്പള്ളി വട്ടക്കായലിലെ ടെർമിനലും അനുബന്ധ കെട്ടിടങ്ങളും 2018-ലെയും 2019-ലെയും പ്രളയത്തിൽ ഭാഗികമായി നശിച്ചിരുന്നു. ഇവ പുതുക്കിയശേഷം അനുയോജ്യരായ ഏജൻസികളെ കണ്ടെത്തി, നടത്തിപ്പിനായുള്ള

തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനുപുറമെ വട്ടക്കായൽ കേന്ദ്രീകരിച്ച് വാട്ടർ സ്പോർട്സ് ഉൾപ്പെടെയുള്ള സാഹസിക ടൂറിസത്തിന് ആലപ്പുഴ ഡി.ടി.പി.സി. ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. മെയ് മാസത്തോടെ ഈ പദ്ധതി ആരംഭിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

**വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ബോട്ടുകളുടെ സുരക്ഷാസംവിധാനം**

143(5029) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിപാലനത്തിലെ അപാകതകളാലും മറ്റ് കാരണങ്ങളാലും ഏതെല്ലാം വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ബോട്ട് സർവീസുകളാണ് ഈ സർക്കാരിന്റെ കാലത്ത് നിർത്തലാക്കിയിട്ടുള്ളതെന്നും ഏതൊക്കെ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ബോട്ടുകളാണ് ശോചനീയാവസ്ഥയിലുള്ളതെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ജലാശയങ്ങളിൽ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിൽ സർവീസ് നടത്തുന്ന ബോട്ടുകളുടെ അപാകതകൾ പരിശോധിക്കുന്നതും അവയുടെ സർവീസ് നിർത്തുന്നതും തുറമുഖ വകുപ്പാണ്. വിനോദ സഞ്ചാരികൾക്കായി ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലും

(ഡി.ടി.പി.സി.) സംസ്ഥാന വിനോദ സഞ്ചാര വികസന കോർപ്പറേഷനും (കെ.ടി.ഡി.സി.) ബോട്ട് സർവീസുകൾ നടത്തുന്നുണ്ട്.

(ബി) മതിയായ സുരക്ഷ സംവിധാനമില്ലാതെയും രേഖകളില്ലാതെയും പ്രവർത്തിച്ചുവന്ന എത്ര സർവീസുകൾ നിർത്തിവയ്ക്കുന്നതിനാണ് ഡി.ടി.പി.സി. നിർദ്ദേശം നല്കിയിട്ടുള്ളതെന്നും സമാനമായ സാഹചര്യത്തിലുള്ള എത്ര ബോട്ടുകളാണ് നിലവിൽ സർവീസ് നടത്തുന്നതെന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ബോട്ടുകൾ കുറ്റമറ്റ രീതിയിൽ പരിപാലിക്കപ്പെടുന്നതിനും പ്രവർത്തിക്കുന്നതിനും ആവശ്യമായ രേഖകളും സുരക്ഷാസംവിധാനവും അവയ്ക്കുണ്ടെന്ന് ഉറപ്പുവരുത്തിയശേഷം സർവീസ് നടത്തുന്നതിനുള്ള കർശന നടപടികൾ സർക്കാർ സ്വീകരിക്കുമോ; വിശദമാക്കുമോ?

(ബി&സി) ബോട്ട് സർവീസുകൾ നിയന്ത്രിക്കാനോ നിർത്തിവയ്ക്കാനോ ഡി.ടി.പി.സി. നിർദേശം നൽകിയിട്ടില്ല. സംസ്ഥാനത്തെ ജലാശയങ്ങളിൽ

സർവീസ് നടത്തുന്ന ബോട്ടുകളുടെ ഉപയോഗക്ഷമതയും നിയമസാധുതയും പരിശോധിക്കുന്നതും അപാകതകൾ കണ്ടെത്തുന്ന പക്ഷം അവയുടെ സർവീസ് നിർത്തുന്നതും തുറമുഖ വകുപ്പാണ്.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ പദ്ധതികൾ**

144(5030) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന് കീഴിൽ നടപ്പിലാക്കിയതും നടപ്പിലാക്കിവരുന്നതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

(എ&ബി)

1. 98,74,788/- രൂപയുടെ ഭരണാനുമതി നൽകിയ ഹോസ്ദുർഗ്ഗ് - കൈറ്റ് ബീച്ച് പദ്ധതി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി ജില്ലാ

നിർമ്മിതി കേന്ദ്രം ഡി.ടി.പി.സി.-ക്ക് കൈമാറിയിട്ടുണ്ട്. ഇതിനുപുറമെ 26,81,000/- രൂപയുടെ അധിക പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുമുണ്ട്.

2. മഞ്ഞംപൊതിക്കുന്ന് ടൂറിസം പദ്ധതിക്ക് 3.60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ പി.എം.സി.-യെ തെരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

3. റാണിപുരം ബ്യൂട്ടിഫിക്കേഷൻ (സ്വിമ്മിംങ് പൂൾ പോലുള്ള കൂടുതൽ ഘടകങ്ങൾ ഉൾക്കൊള്ളിച്ച്) 96,67,129/- രൂപയുടെ ഭരണാനുമതി നൽകുകയും പി.എം.സി.-യെ തെരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. റാണിപുരം റിസോർട്ടിന്റെ മെയിന്റനൻസിനായി 98,32,633 രൂപയുടെ പദ്ധതി വിനോദസഞ്ചാര വകുപ്പിന്റെ പരിഗണനയിലാണ്.

**കനകമല സമഗ്ര ടൂറിസം പദ്ധതി**

145(5031) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിലെ കനകമല കേന്ദ്രമാക്കി പെരിങ്ങത്തൂർ പള്ളി, മയ്യഴിപ്പുഴ, ദേശാടനപ്പക്ഷികൾ ചേക്കേറുന്ന തുരുത്തി ദ്വീപ് എന്നിവ ഉൾപ്പെടുത്തി സമഗ്ര ടൂറിസം പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) നിരവധി വിനോദസഞ്ചാരികൾ ദിനംപ്രതി സന്ദർശനം നടത്തുന്ന കനകമലയിലെ പ്രധാന ആകർഷണമായ വേരുകളിൽനിന്നൊഴുകുന്ന വറ്റാത്ത നീരുറവ സംരക്ഷിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കുമോ;

(സി) മയ്യഴിപ്പുഴയുടെ സൗന്ദര്യം വിനോദസഞ്ചാരികൾക്ക് ആസ്വദിക്കാൻ കഴിയുംവിധം ബൃഹത്തായ പദ്ധതി നടപ്പിലാക്കുന്നത് സർക്കാർ പരിഗണിക്കുമോ; വ്യക്തമാക്കുമോ;

(ഡി) കനകമല സമഗ്ര ടൂറിസം പദ്ധതി സർക്കാർ നിയന്ത്രണത്തിലോ സഹകരണ സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തി പാട്ടക്കരാർ വ്യവസ്ഥയിലോ യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(എ-ഡി) മയ്യഴിപ്പുഴയിൽ മലനാട് റിവർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന ഇടങ്ങളിൽ ബോട്ട് ടെർമിനലുകൾ പൂർത്തീകരിച്ചുവരുന്നു.

1. ന്യൂമാഹി
2. പാത്തിക്കൽ
3. കാക്കടവ്
4. മോന്താൽ
5. കരിയാട്
6. പെരിങ്ങത്തൂർ

കനകമല, പെരിങ്ങത്തൂർ പള്ളി, ദേശാടനപക്ഷികൾ ചേക്കേറുന്ന തുരുത്തി ദ്വീപ് എന്നിവയുടെ വിനോദസഞ്ചാര സാധ്യതകൾ പരിശോധിച്ച് അനുയോജ്യമെങ്കിൽ തുടർ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**പൊന്നാനി മണ്ഡലത്തിലെ നിള സംഗ്രഹാലയം പദ്ധതി**

146(5032) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ നിള സംഗ്രഹാലയം പദ്ധതി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; അറിയിക്കുമോ?

പൊന്നാനി മണ്ഡലത്തിൽ കൺസ്ട്രക്ഷൻ ഓഫ് നിള ഹെറിറ്റേജ് മ്യൂസിയം അറ്റ് ചമ്രവട്ടം എന്ന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 90 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായ ഹെറിറ്റേജ് മ്യൂസിയം നിർമ്മിക്കുന്ന സ്ഥലത്തിന്റെയും, ടോയ്‌ലറ്റ് ബ്ലോക്ക്, ലാൻഡ് സ്കേപ്പിംഗ്, പ്രവേശനവഴി എന്നിവയ്ക്കുള്ള സ്ഥലത്തിന്റെയും ഉടമസ്ഥാവകാശം ഇറിഗേഷൻ വകുപ്പിനായതിനാൽ ഭൂവിനിയോഗാനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) സാംസ്കാരിക വകുപ്പുമായി ചേർന്ന് പ്രസ്തുത സ്ഥാപനത്തെ ഒരു സാംസ്കാരിക സമുച്ചയമാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പ്രസ്തുത പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**അഷ്ടമുടി കായൽ കേന്ദ്രീകരിച്ചുള്ള ടൂറിസം പദ്ധതി**

147(5033) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഷ്ടമുടി കായൽ കേന്ദ്രീകരിച്ച് കുണ്ടറ, പേരയം, പെരിനാട് ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ട് ടൂറിസം പദ്ധതി നടപ്പാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

അഷ്ടമുടി കായൽ കേന്ദ്രീകരിച്ച് കുണ്ടറ, പേരയം, പെരിനാട് ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിച്ച് വിനോദസഞ്ചാര പദ്ധതികൾ നിലവിൽ ആവിഷ്കരിച്ചിട്ടില്ല.

**നാദാപുരം മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

148(5034) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

നാദാപുരം നിയോജകമണ്ഡലത്തിൽ നിലവിൽ ടൂറിസം പദ്ധതികൾ ഒന്നുംതന്നെ നടപ്പിലാക്കുന്നില്ല.

(ബി) പ്രസ്തുത മണ്ഡലത്തിൽ വാണിമേൽ ഗ്രാമപഞ്ചായത്തിലെ വിലങ്ങാട് തിരികക്കയം വെള്ളച്ചാട്ടം കേന്ദ്രമാക്കി ടൂറിസം പദ്ധതിക്ക് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പ്രോജക്റ്റിന്റെ വിശദാംശം ലഭ്യമാക്കുമോ?

(ബി&സി) നിലവിലില്ല.

**കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ വിനോദസഞ്ചാര പദ്ധതികൾ**

149(5035) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:</u> താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ വിനോദസഞ്ചാര മേഖലയിൽ തയ്യാറാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

11-10-2021-ലെ സ.ഉ.(സാധാ)നം. 315/2021/ടൂറിസം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കോഴിക്കോട് ജില്ലയിലെ സരോവരം നേച്ചർ ലേണിംഗ് സെന്റർ ഫേസ്-1 പദ്ധതിക്ക് 1,74,00,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പൂർത്തീകരണ ഘട്ടത്തിലെത്തിയ ടി പദ്ധതിയുടെ നിർവ്വഹണ ഏജൻസി ULCCS ആണ്.

'കഫേ പൊളിറ്റൺ' എന്ന പേരിൽ കോഴിക്കോട് ബീച്ചിൽ കെ.ടി.ഡി.സി. ഒരു റെസ്റ്റോറന്റ് തുടങ്ങിയിട്ടുണ്ട്.

**വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ**

150(5036) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാംസ്കാരിക പൈതൃകവും കലകളും ഭക്ഷ്യവിഭവങ്ങളും ഉൾപ്പെടുത്തി വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. മലബാർ മേഖലയിലെ സാഹിത്യ-സാംസ്കാരിക കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന മലബാർ ലിറ്ററി സർക്യൂട്ട് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. തുഞ്ചത്ത് എഴുത്തച്ഛൻ, വൈക്കം മുഹമ്മദ് ബഷീർ, ഒ. വി. വിജയൻ, എം. ടി. വാസുദേവൻ നായർ എന്നിവരിലൂടെ പ്രശസ്തി നേടിയ തുഞ്ചൻ സ്മാരകം, ബേപ്പൂർ, തസ്രാക്ക്, ഭാരതപ്പുഴയുടെ തീരങ്ങൾ, കൂടാതെ പൊന്നാനി, തൃത്താല എന്നീ സ്ഥലങ്ങളെ കോർത്തിണക്കിയുള്ളതാണ് ഈ ടൂറിസം സർക്യൂട്ട്. കൂടാതെ കൊല്ലം ജൈവവൈവിധ്യ സർക്യൂട്ടും സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

മലബാർ ലിറ്ററി സർക്യൂട്ട് എന്ന പദ്ധതിയുടെ ഒന്നാംഘട്ടത്തിന്റെ നടത്തിപ്പിനായി 58.37 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൊല്ലം ജൈവ വൈവിധ്യ സർക്യൂട്ടിന്റെ ഒന്നാംഘട്ട പദ്ധതി റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടപ്പിലാക്കുന്ന ഫുഡ് ടൂറിസം (എക്സ്പീരിയൻസ് എത്നിക് ക്യുസീൻ നെറ്റ്‌വർക്ക്) എന്ന പദ്ധതി കേരളത്തിന്റെ തനത് വിഭവങ്ങൾ സഞ്ചാരികൾക്ക്

പരിചയപ്പെടുത്തുന്നതിനോടൊപ്പംതന്നെ സാധാരണക്കാരായ വീട്ടമ്മമാരെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് വരുമാനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ്. കൂടാതെ ഉത്തരവാദിത്ത ടൂറിസം മിഷൻ ആരംഭിച്ച കൾച്ചറൽ ടൂർ, ഫെസ്റ്റിവൽ ടൂർ, എക്സ്പീരിയൻഷ്യൽ ടൂർ, പൈതൃക ടൂർ എന്നീ പാക്കേജുകൾ നമ്മുടെ സംസ്കാരത്തേയും പൈതൃകത്തേയും അടുത്തറിയാൻ സഹായിക്കുന്നു. സംസ്ഥാനത്തിന്റെ പരമ്പരാഗത തൊഴിൽ, കൃഷി, പ്രാദേശിക കലാരൂപങ്ങൾ, കലാകാരൻമാർ, ഉത്സവങ്ങൾ, സംസ്കാരം എന്നിവ ടൂറിസത്തിലൂടെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തിവരുന്നു.

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങൾ തമ്മിൽ ബന്ധപ്പെടുത്തി ടൂറിസം സർക്യൂട്ടുകൾ ആരംഭിക്കുന്നതിന് പദ്ധതി പരിഗണനയിലുണ്ടോ; അറിയിക്കുമോ?

ഉണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങളെ ബന്ധപ്പെടുത്തുന്ന ടൂറിസം ഇടനാഴി രൂപീകരിക്കാൻ 2023-24 ബഡ്ജറ്റിൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളെ കൂടുതൽ ആകർഷകവും സുരക്ഷിതവും വൃത്തിയുള്ളതും ആക്കുന്നതിനും ആവശ്യമായ യാത്ര സൗകര്യങ്ങൾ ഒരുക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ടൂറിസം കേന്ദ്രങ്ങളിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിനായി ടൂറിസം വകുപ്പ് ക്ലീൻ ഡെസ്റ്റിനേഷൻ എന്ന പദ്ധതി മുഖേന സംസ്ഥാനത്തെ 117 ഡെസ്റ്റിനേഷനുകളിൽ കുടുംബശ്രീ മുഖാന്തരം മാലിന്യ നിർമ്മാർജ്ജന പ്രവർത്തനം നടത്തിവരുന്നുണ്ട്. ഇതിനുപുറമേ തെരഞ്ഞെടുത്ത വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ജൈവ, അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ എയ്റോബിൻ സാങ്കേതികത്വംവഴി പ്രവർത്തിക്കുന്ന ബിന്നുകളിൽ നിക്ഷേപിച്ചും അജൈവ മാലിന്യങ്ങൾ ശേഖരണ ബിന്നുകളിൽ ശേഖരിച്ച് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എം.സി.എഫ്. (Material Collection Facility)-ൽ എത്തിച്ചുനൽകുന്ന ഒരു പദ്ധതിയും വകുപ്പ് നടപ്പിലാക്കിവരുന്നു. ഇതുപ്രകാരം 36 കേന്ദ്രങ്ങളിൽ ജൈവ മാലിന്യ സംസ്കരണ യൂണിറ്റുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലയിലെ 14 വിനോദസഞ്ചാര കേന്ദ്രങ്ങളിലെയും നേര്യമംഗലം മുതൽ

മൂന്നാർ വരെയുള്ള ദേശീയ പാതയോരങ്ങളിലെയും മാലിന്യ നിർമ്മാർജ്ജനം M/s Exclean Pvt. Ltd. എന്ന സ്ഥാപനംവഴി ഇടുക്കി ഡി.ടി.പി.സി. നടപ്പാക്കിവരുന്നുണ്ട്. നിലവിലുള്ള പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്കായി ലോകോത്തര നിലവാരത്തിലുള്ള ടോയ്‌ലറ്റ് ബ്ലോക്കുകളുടെ നിർമ്മാണം നടപ്പിലാക്കിവരുന്നതിന്റെ ഭാഗമായി ബേക്കൽ, കാരാപ്പുഴ, പൂക്കോട്, കോഴിക്കോട് ഭട്ട് റോഡ് എന്നിവിടങ്ങളിൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വർക്കലയിലെ പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. ശംഖുംമുഖം, കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിൽ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽവരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രത്യേക പരിശീലനം ലഭിച്ച 184 ടൂറിസം പോലീസുകാരെ കേരളത്തിലെ 14 ജില്ലകളിലായി വിന്യസിച്ചിട്ടുണ്ട്.

കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ വിനോദസഞ്ചാരികളുടെ സുരക്ഷയ്ക്കായി പ്രത്യേകം പരിശീലനം നേടിയ 139 ലൈഫ് ഗാർഡുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഇവർക്ക് കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളും വകുപ്പ് നൽകിയിട്ടുണ്ട്.

ടൂറിസം കേന്ദ്രങ്ങളെ സുരക്ഷിതമാക്കുന്നതിനായി നിരീക്ഷണ ക്യാമറ സംവിധാനം നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ കോവളം ടൂറിസം ഡെസ്റ്റിനേഷൻ, വേളി, കനകക്കുന്ന് എന്നീ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ഗതാഗത സൗകര്യമില്ലാത്ത വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് ലാസ്റ്റ്മൈൽ കണക്ടിവിറ്റി എന്ന നിലയിൽ ടൂറിസം വകുപ്പ് റോഡ് സൗകര്യം ഒരുക്കിയിട്ടുണ്ട്. വിവിധ ജില്ലകളിൽ ഡി.റ്റി.പി.സി.-യും ഡി.എം.സി.-യും മറ്റ് വകുപ്പുകളുമായി ചേർന്ന് വിവിധ ഡെസ്റ്റിനേഷനുകളിലേയ്ക്ക് വിനോദ

സഞ്ചാരികളെ കൊണ്ടുപോകുന്നതിന് ഗതാഗത സൗകര്യം നൽകിവരുന്നുണ്ട്.

(ഡി) ഏറനാട് മണ്ഡലത്തിലെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങൾ ഏതെല്ലാമാണെന്നും അവയുടെ നവീകരണത്തിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്നുമുള്ള വിശദാംശം അറിയിക്കുമോ?

ഏറനാട് മണ്ഡലത്തിലെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രമായ ആഢ്യൻപാറയിൽ കേരള ഹൈഡൽ ടൂറിസം സെന്ററിന്റെ കീഴിലുള്ള ഹൈഡൽ ടൂറിസം പദ്ധതിയും ഡി.റ്റി.പി.സി.-യുടെ ആഢ്യൻപാറ ഡെസ്റ്റിനേഷനും വരുമാനം ഷെയർ ചെയ്യുന്ന രീതിയിൽ ഏകീകരിച്ച് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. അഡ്വഞ്ചർ ടൂറിസം ആക്ടിവിറ്റികൾ ഉൾപ്പെടുത്തിയുള്ള പുതിയ പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത മണ്ഡലത്തിലെ വിനോദഞ്ചാര കേന്ദ്രങ്ങളുടെ നവീകരണത്തിനായി എത്ര

തുക ചെലവഴിച്ചുവെന്നും അത് ഏതെല്ലാം പദ്ധതികൾക്കാണെന്നും വെളിപ്പെടുത്തുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത മണ്ഡലത്തിൽ ടൂറിസം വകുപ്പ് തുക ഒന്നും ചെലവഴിച്ചിട്ടില്ല.

**കൊച്ചി വെണ്ടുരുത്തി ഫുഡ് സ്ട്രീറ്റ്**

151(5037) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മണ്ഡലത്തിലെ കൊച്ചി വെണ്ടുരുത്തി പഴയപാലം ഫുഡ് സ്ട്രീറ്റാക്കി മാറ്റുന്നതിന് ടൂറിസം വകുപ്പ് സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത ഫുഡ് സ്ട്രീറ്റ് പൊതുജനങ്ങൾക്ക് എന്നുമുതൽ തുറന്നുകൊടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) എറണാകുളം മണ്ഡലത്തിലെ കൊച്ചി വെണ്ടുരുത്തി പഴയ പാലം ഫുഡ് സ്ട്രീറ്റ് ആക്കി മാറ്റുന്നതുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര വകുപ്പ് നേരിട്ട് നടപടികൾ സ്വീകരിച്ചിരുന്നില്ല. എന്നാൽ ഈ വിഷയത്തിൽ എറണാകുളം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ

പൊതുജനങ്ങളിൽനിന്ന് ആശയസമാഹാരണം നടത്തുകയും ഇപ്രകാരം ലഭിച്ച ആശയങ്ങൾ എറണാകുളം ജില്ലാ കളക്ടർക്ക് കൈമാറുകയും ചെയ്തിരുന്നു.

**കുറ്റ്യാടി മണ്ഡലത്തിലെ ഉത്തരവാദിത്ത ടൂറിസം പദ്ധതി**

152(5038) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗമായി കുറ്റ്യാടി മണ്ഡലത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

കുറ്റ്യാടി മണ്ഡലത്തിൽ മണിയൂർ പഞ്ചായത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ റിസോഴ്സ് മാപ്പിംഗ് പൂർത്തീകരിക്കുകയും പഞ്ചായത്തിലെ പായ നെയ്ത്തുകാർ, കുട്ട മെടയുന്നവർ എന്നിവരെ യൂണിറ്റായി രജിസ്റ്റർ ചെയ്യുകയും അവർക്ക് വിപണനത്തിനുള്ള അവസരങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട് .

**വള്ളിയൂർകാവ് ഭഗവതി ക്ഷേത്രത്തിൽ ടൂറിസം വകുപ്പ് നടപ്പാക്കിയ പ്രവർത്തനം**

153(5039) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി വള്ളിയൂർകാവ് ഭഗവതി ക്ഷേത്രത്തിൽ ടൂറിസം വകുപ്പ് നടപ്പാക്കിയ ചന്തയുടെ പ്രവർത്തനം സംബന്ധിച്ച് വകുപ്പ് എടുത്ത തീരുമാനങ്ങൾ വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച നടപടിക്രമങ്ങൾക്ക് വേഗത കൂട്ടുന്നതിനുള്ള ഇടപെടൽ നടത്തുമോ; വിശദമാക്കുമോ?

(എ&ബി) മാനന്തവാടി വള്ളിയൂർക്കാവ് ക്ഷേത്രത്തിൽ തലശ്ശേരി ഹെറിറ്റേജ് ടൂറിസത്തിന്റെ ഭാഗമായി വള്ളിയൂർക്കാവ് ഭഗവതി ക്ഷേത്രത്തിൽ ആഴ്ചച്ചന്ത നിർമ്മാണം നടപ്പിലാക്കുകയുണ്ടായി. ആഴ്ചച്ചന്തയുടെ ഉടമസ്ഥാവകാശം പൂർണ്ണമായും ക്ഷേത്രത്തിൽ നിലനിർത്തിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നതിന് മലബാർ ദേവസ്വം ബോർഡ് അനുമതി നൽകിയത്. പദ്ധതി പൂർത്തീകരിച്ച് ടൂറിസം വകുപ്പ് വള്ളിയൂർക്കാവ് ദേവസ്വത്തിന് ഔദ്യോഗികമായി കൈമാറിയെങ്കിലും ടി ആഴ്ചച്ചന്ത പ്രവർത്തന സജ്ജമാക്കുന്നതിന്റെ ഭാഗമായി കെട്ടിടനമ്പർ ലഭിക്കുന്നതിന്

ടാക്സ് ഇനത്തിൽ വലിയ ഒരു തുക അടയ്ക്കേണ്ടതായിട്ടുണ്ട്. സാമ്പത്തിക പരിമിതിമൂലം വള്ളിയൂർക്കാവ് ക്ഷേത്രാധികാരികൾക്ക് പ്രസ്തുത ടാക്സ് അടക്കുവാൻ സാധിച്ചിട്ടില്ല. തുടർന്ന് ബഹുമാനപ്പെട്ട മാനന്തവാടി എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ടൂറിസം വകുപ്പ് ഉദ്യോഗസ്ഥർ, ഡി.റ്റി.പി.സി. ഉദ്യോഗസ്ഥർ, ക്ഷേത്രം പ്രതിനിധികൾ എന്നിവരുടെ യോഗം ചേരുകയും ടി പദ്ധതി ഉടമസ്ഥാവകാശം ദേവസ്വത്തിൽ നിലനിർത്തി പദ്ധതി നടത്തുന്നതിന് സമ്മതമാണെന്ന് ഡി.റ്റി.പി.സി. അധികൃതർ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഈ നിർദേശത്തോട് ദേവസ്വം അധികാരികൾ യോജിക്കാത്ത സാഹചര്യത്തിൽ പദ്ധതിയുടെ തുടർ പരിപാലനത്തിനും നടത്തിപ്പിനും ഡി.റ്റി.പി.സി. സന്നദ്ധരായിട്ടുണ്ട്.

**ദേവികുളം മണ്ഡലത്തിലെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി**

154(5040) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി പ്രകാരം ദേവികുളം മണ്ഡലത്തിൽ ഏതൊക്കെ പ്രദേശങ്ങളാണ് തദ്ദേശസ്വയംഭരണ സ്ഥാപനം

മുഖേന പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതെന്ന് പഞ്ചായത്തുതിരിച്ച് വിശദമാക്കാമോ?

ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി പ്രകാരം ദേവികുളം മണ്ഡലത്തിലെ ചുവടെ ചേർക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്.

1.പള്ളിവാസൽ പഞ്ചായത്ത് - രണ്ടാം മൈൽ ടൂറിസം സ്പോട്ട് വികസനം

2. വെള്ളത്തൂവൽ പഞ്ചായത്ത് - ചുനയമ്മാക്കൽ വെള്ളച്ചാട്ടം

3. കാന്തല്ലൂർ പഞ്ചായത്ത് - ഇരച്ചിൽപ്പാറ–കച്ചാരം വെള്ളച്ചാട്ടം

(ബി) ഇവയിൽ ഭരണാനുമതി നൽകിയിട്ടുള്ളത് ഏതെല്ലാം പ്രൊപ്പോസലുകൾക്കാണെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

വെള്ളത്തൂവൽ പഞ്ചായത്ത് സമർപ്പിച്ച ചുനയമ്മാക്കൽ വെള്ളച്ചാട്ടം എന്ന പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്.

**ഉത്തരവാദിത്ത ടൂറിസം പദ്ധതി**

155(5041) <u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-ലെ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഉത്തരവാദിത്ത ടൂറിസം പദ്ധതി, പ്രാദേശിക ജനതയുടെ പങ്കാളിത്തം ഉറപ്പാക്കി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് എത്രമാത്രം ഗുണകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

2008-ലാണ് സംസ്ഥാനത്തെ നാല് തെരഞ്ഞെടുക്കപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ ആരംഭിച്ചത്. 2011-ൽ ആരംഭിച്ച രണ്ടാം ഘട്ടത്തിൽ മറ്റ് മൂന്ന് സ്ഥലങ്ങളിലേയ്ക്കുകൂടി ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു.

ആർ.ടി. മിഷൻ നിലവിൽ ചെയ്തുവരുന്ന പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

•പ്രാദേശികമായി വിനോദസഞ്ചാര പ്രവർത്തനങ്ങൾ ആരംഭിക്കുകയും വളർത്തിയെടുക്കുകയും ചെയ്യുക.

•ടൂറിസം വ്യവസായവുമായി പ്രാദേശിക സമൂഹത്തെ ബന്ധിപ്പിക്കുക.

•ഉത്തരവാദിത്ത ടൂറിസം ആശയങ്ങൾ പ്രചരിപ്പിക്കുകയും പ്രയോഗവൽക്കരിക്കുന്നതിനു പ്രോത്സാഹനം നൽകുക.

•വില്ലേജ് ടൂർ, റൂറൽ ടൂർ, കൾച്ചറൽ ടൂർ, ഫെസ്റ്റിവൽ ടൂർ, എക്സ്പീരിയൻഷ്യൽ ടൂർ, ഫാം/അഗ്രി ടൂർ, പൈതൃക ടൂർ ഫുഡ്/ക്യുസീൻ ടൂർ, ആക്സ്സസിബിൾ ടൂർ പാക്കേജുകൾ ആരംഭിക്കുകയും പ്രൊമോട്ട് ചെയ്യുകയും ചെയ്യുക.

•ടൂറിസത്തിലൂടെ പ്രാദേശിക തൊഴിൽ ലഭ്യമാക്കുക

•സ്ത്രീകൾക്കായി സ്ത്രീകൾ നടത്തുന്ന പ്രത്യേക ടൂറിസം പ്രവർത്തനങ്ങളിലൂടെ കൂടുതൽ സ്ത്രീകളെ ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുക

•ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, ദാരിദ്ര്യ ലഘൂകരണം, പാർശ്വവൽകൃത ജനസമൂഹത്തിന്റെ ഉന്നമനം എന്നിവ സാധ്യമാക്കുക.

•പരിസ്ഥിതി സൗഹൃദ ടൂറിസം പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും മാലിന്യ വിമുക്ത ടൂറിസം കേന്ദ്രങ്ങൾ എന്ന ആശയം ടൂറിസം സംരഭകരുടെയും പ്രാദേശിക സമൂഹത്തിന്റെയും സഹകരണത്തോടെ നടപ്പാക്കുകയും തെരഞ്ഞെടുക്കപ്പെട്ട ടൂറിസം കേന്ദ്രങ്ങളെ ഗ്രീൻ സർട്ടിഫൈഡ് ആക്കി മാറ്റുകയും ചെയ്യുക.

•ടൂറിസ്റ്റുകളും ടൂറിസം വ്യവസായികളും തദ്ദേശീയ സമൂഹവും തമ്മിൽ ആരോഗ്യകരമായ ബന്ധവും സൗഹൃദവും വളർത്തിയെടുക്കുക.

•ടൂറിസം വികസനത്തിൽ പ്രാദേശിക ജനവിഭാഗത്തിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ താത്പര്യത്തിനും പ്രാമുഖ്യം കൊടുക്കുന്ന പദ്ധതികൾ രൂപപ്പെടുത്തുക.

•പരമ്പരാഗത തൊഴിൽ, കൃഷി, പ്രാദേശിക കലാരൂപങ്ങൾ, കലാകാരന്മാർ, ഉത്സവങ്ങൾ, ആഘോഷങ്ങൾ, സംസ്കാരം എന്നിവ ടൂറിസത്തിലൂടെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തങ്ങൾ ആവിഷ്കരിക്കുക, അതിനായുള്ള പാക്കേജുകൾ തയ്യാറാക്കി പ്രചരിപ്പിക്കുക.

•തദ്ദേശവാസികളെ ടൂറിസവുമായി ബന്ധിപ്പിക്കുന്നതിനുള്ള എല്ലാ തൊഴിൽ പരിശീലനങ്ങളും, തദ്ദേശവാസികൾ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ മറ്റു സ്റ്റേക്ക്ഹോൾഡർമാർ എന്നിവർക്കാവശ്യമായ അവബോധ പ്രവർത്തനങ്ങളും സംഘടിപ്പിക്കുക.

•പൊതുജന പങ്കാളിത്തത്തോടെ പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തി വികസിപ്പിക്കുക.

മേൽ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക ജനതയുടെ പങ്കാളിത്തം ഉറപ്പാക്കി അവരുടെ സാമൂഹിക-സാമ്പത്തിക ഉന്നമനത്തിന് ഉത്തരവാദിത്ത ടൂറിസം മികച്ച സംഭാവനകൾ നൽകിയിട്ടുണ്ട്.

(ബി) 2017-ൽ ഉത്തരവാദിത്ത ടൂറിസത്തിന്റെ നോഡൽ ഏജൻസിയായി ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിക്കുകവഴി വിനോദസഞ്ചാരത്തിലെ സാമൂഹിക പങ്കാളിത്തവും സ്ത്രീശാക്തീകരണവും ഉറപ്പാക്കിയുള്ള പ്രാദേശിക വികസനം ശക്തിപ്പെടുത്തുന്നതിനും ഉത്തരവാദിത്ത ടൂറിസത്തിന്റെ ആഗോള നേതൃത്വത്തിലേയ്ക്ക് കേരളത്തെ നയിക്കുന്നതിനും ഇടയായെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ?

2017 ആഗസ്റ്റ് മാസത്തിലാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനം ആരംഭിച്ചത്. ഇതിനോടകംതന്നെ സംസ്ഥാനത്തെ ടൂറിസം രംഗത്ത് പ്രകടമായ മാറ്റങ്ങളുണ്ടാക്കുവാൻ ആർ.ടി. മിഷന് സാധിച്ചിട്ടുണ്ട്.

ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം/അഗ്രി ടൂറിസം, പൈതൃക ടൂറിസം, ഫുഡ് ടൂറിസം, ആക്സസിബിൾ ടൂറിസം, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക കലാകാരന്മാർക്കും വിവിധ രംഗകലകൾ, ആയോധന കലകൾ എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ/പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം, സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ എന്നിങ്ങനെ കേരളത്തിൽ സുസ്ഥിര ടൂറിസം വികസനത്തിനുള്ള പ്രവർത്തനങ്ങളും അതിനാവശ്യമായ എല്ലാവിധ പരിശീലനങ്ങളും നടത്തുന്നതിനുള്ള നോഡൽ ഏജൻസി ആയിട്ടാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചിരിക്കുന്നത്. അതിനനുസൃതമായ പ്രവർത്തനങ്ങൾ മിഷൻ നടത്തിവരുന്നു.

തദ്ദേശീയരായ ജനസമൂഹത്തെ ടൂറിസം വ്യവസായവുമായി ബന്ധപ്പെടുത്തുന്നത്തിനുള്ള വിവിധ പരിശീലനങ്ങൾ, നൈപുണ്യ വികസന, സംരഭകത്വ വികസന പരിശീലനങ്ങൾ, ടൂറിസം ഇൻഡസ്ട്രിക്കാവശ്യമായ

ഉത്തരവാദിത്ത ടൂറിസവുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ടൂറിസം മേഖലയുമായി ബന്ധപ്പെട്ട വിവിധ ഉദ്യോഗസ്ഥർ എന്നിങ്ങനെ സമൂഹത്തിലെ നാനാതുറയിൽ ഉൾപ്പെട്ടവർക്ക് ഉത്തരവാദിത്ത ടൂറിസവുമായി ബന്ധപ്പെട്ട വിവിധ പരിശീലനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ നൽകിവരുന്നു.

സ്ട്രീറ്റ്, പെപ്പർ, മോഡൽ ആർ.ടി. വില്ലേജ് എന്നിവ ഒരു ഡെസ്റ്റിനേഷന്റെ സമ്പൂർണ്ണ വികസനം എന്ന ലക്ഷ്യത്തോടെ ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കിവരുന്ന പദ്ധതികളാണ്. ടി പദ്ധതികളുടെ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി സംസ്ഥാനത്തുടനീളം വിജയകരമായി നടപ്പിലാക്കിവരുന്നു.

പ്രാദേശിക ടൂറിസം പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ പ്രാദേശിക ഉത്തരവാദിത്ത ടൂറിസം ക്ലബ്ബുകൾ രൂപീകരിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഉത്തരവാദിത്ത ടൂറിസം മിഷനോടൊപ്പം ചേർന്ന് പ്രാദേശിക

ടൂറിസം വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക, ഉത്തരവാദിത്ത ടൂറിസം അവബോധം സൃഷ്ടിക്കുക, പ്രദേശത്തിന്റെ കല, സംസ്കാരം എന്നിവയെല്ലാം തനത് രീതിയിൽ നിലനിർത്തിക്കൊണ്ടുള്ള ടൂറിസം സംസ്കാരം വളർത്തിയെടുക്കുക, ഡെസ്റ്റിനേഷനുകളെ മാലിന്യ വിമുക്തമാക്കുക, ഡെസ്റ്റിനേഷനുകളെ ഹരിത പെരുമാറ്റച്ചട്ടത്തിന് വിധേയമാക്കുക ഇവയെല്ലാം ഉത്തരവാദിത്ത ടൂറിസം ക്ലബ്ബുകൾവഴി നടപ്പാക്കുവാനാണ് ലക്ഷ്യം വയ്ക്കുന്നത്.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ കുറഞ്ഞത് ഒരു ഉത്തരവാദിത്ത ടൂറിസം ക്ലബ് എന്ന നിലയിൽ മൂന്നു വർഷം കൊണ്ട് 1000 ഉത്തരവാദിത്ത ടൂറിസം ക്ലബ്ബുകൾ രൂപീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. ഈ സാമ്പത്തിക വർഷം 100 ക്ലബ്ബുകളുടെ രൂപീകരണവും ലക്ഷ്യമാക്കുന്നു. ഉത്തരവാദിത്ത ടൂറിസം ക്ലബ്ബുകൾക്ക് ടൂറിസം മേഖലയിലെ വിവിധ സംരംഭകത്വ വികസന സാദ്ധ്യതകളിലും ബിസിനസ് സംരംഭങ്ങളിലും ഏർപ്പെടാനുള്ള പരിശീലനവും ഉത്തരവാദിത്ത ടൂറിസം മിഷൻ ലഭ്യമാക്കും. ഉത്തരവാദിത്ത ടൂറിസം ക്ലബ്ബുകളുടെ ഒരു നെറ്റ്‌വർക്ക്

രൂപീകരിച്ചുകൊണ്ട് കേരളത്തിനുള്ളിലെ ആഭ്യന്തര ടൂറിസം പ്രോത്സാഹിപ്പിക്കുകയും ഇതുവഴി ലക്ഷ്യമിടുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം/അഗ്രി ടൂറിസം, പൈതൃക ടൂറിസം, ഫുഡ് ടൂറിസം, ആക്സസിബിൾ ടൂറിസം, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക കലാകാരന്മാർക്കും വിവിധ രംഗകലകൾ, ആയോധന കലകൾ എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ/പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം, സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ എന്നിങ്ങനെ കേരളത്തിൽ സുസ്ഥിര ടൂറിസം വികസനത്തിനുള്ള പ്രവർത്തനങ്ങളും അതിനാവശ്യമായ എല്ലാവിധ പരിശീലനങ്ങളും നടത്തുന്നതിനുള്ള നോഡൽ ഏജൻസി ആയിട്ടാണ്

ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചിരിക്കുന്നത്. അതിനനുസൃതമായ പ്രവർത്തനങ്ങൾ മിഷൻ നടത്തിവരുന്നു. തദ്ദേശീയരായ ജനസമൂഹത്തെ ടൂറിസം വ്യവസായവുമായി ബന്ധപ്പെടുത്തുന്നതിനുള്ള വിവിധ പരിശീലനങ്ങൾ, നൈപുണ്യ വികസന, സംരംഭകത്വ വികസന പരിശീലനങ്ങൾ, ടൂറിസം ഇൻഡസ്ട്രിക്കാവശ്യമായ ഉത്തരവാദിത്ത ടൂറിസവുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ടൂറിസം മേഖലയുമായി ബന്ധപ്പെട്ട വിവിധ ഉദ്യോഗസ്ഥർ എന്നിങ്ങനെ സമൂഹത്തിലെ നാനാതുറയിലുൾപ്പെട്ടവർക്ക് ഉത്തരവാദിത്ത ടൂറിസവുമായി ബന്ധപ്പെട്ട വിവിധ പരിശീലനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ നൽകിവരുന്നു. നിലവിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ നല്കി വരുന്ന പ്രധാനപ്പെട്ട പരിശീലനങ്ങൾ താഴെ പറയുന്നവയാണ്.

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കായുള്ള ടൂറിസം/ഉത്തരവാദിത്ത ടൂറിസം സംബന്ധിച്ച പരിശീലനം

• ടൂറിസം വിഷയം കൈകാര്യം ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ ഉദ്യോഗസ്ഥർക്കുള്ള പരിശീലനം

• കമ്മ്യൂണിറ്റി ടൂർ ലീഡർമാർക്കുള്ള പരിശീലനം

• ഹോംസ്റ്റേ പരിശീലനം

• ഗൃഹസ്ഥലി പരിശീലനം

• ടെൻഡഡ് അക്കോമഡേഷൻ യൂണിറ്റുകൾക്കുള്ള പരിശീലനം

• അഗ്രി ടൂറിസം നെറ്റ്‌വർക്ക് യൂണിറ്റുകൾക്കുള്ള പരിശീലനം

• എക്സ്പീരിയൻഷ്യൽ എത്തിക് കൃസീൻ നെറ്റ്‌വർക്ക് യൂണിറ്റുകൾക്കുള്ള പരിശീലനം

• വിവിധ കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം

• ജിയൊ ടാഗ് ചെയ്ത സുവനീർ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

• സുസ്ഥിര/ഉത്തരവാദിത്ത ടൂറിസം മേഖലയിൽ ടൂറിസം ഇൻഡസ്ട്രിക്ക് ആവശ്യമായ എല്ലാവിധ പരിശീലനങ്ങളും.

**സ്ട്രീറ്റ് പദ്ധതി**

ടൂറിസം ഫോർ ഇൻക്ലൂസീവ് ഗ്രോത്ത് എന്ന യു.എൻ.ഡബ്ല്യൂ.റ്റി.ഒ.-യുടെ പുതിയ ടൂറിസം മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഉത്തരവാദിത്ത ടൂറിസം മിഷൻ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 10 പ്രദേശങ്ങളിൽ നടപ്പാക്കുന്ന പദ്ധതിയാണ് സ്ട്രീറ്റ് പദ്ധതി. സസ്റ്റൈനബിൾ, ടാഞ്ചിബിൾ, റെസ്പോൺസിബിൾ, എക്സ്പീരിയൻഷ്യൽ, എത്തിക്ക്, ടൂറിസം ഹബ്സ് എന്നതിന്റെ ചുരുക്കെഴുത്താണ് സ്ട്രീറ്റ്.

**പെപ്പർ പദ്ധതി**

സംസ്ഥാനത്ത് ടൂറിസം വികസന പ്രക്രിയയിൽ പ്രാദേശിക ജനസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി 'പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് ആൻഡ് എംപവർമെന്റ് ത്രൂ റെസ്പോൺസിബിൾ ടൂറിസം' (പെപ്പർ) എന്ന പദ്ധതി ആവിഷ്കരിച്ച് 2017 നവംബർ മാസം മുതൽ ഘട്ടംഘട്ടമായി വിവിധ പ്രദേശങ്ങളിൽ നടപ്പാക്കിവരുന്നുണ്ട്.

**മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ പദ്ധതി**

പേര് സൂചിപ്പിക്കുന്നതുപോലെ അനുകരണീയമായ വിധത്തിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന വിധത്തിൽ ഗ്രാമങ്ങളെ വളർത്തിക്കൊണ്ടുവരുന്ന പദ്ധതിയാണിത്. സ്ട്രീറ്റ്, പെപ്പർ, മോഡൽ ആർ.ടി. വില്ലേജ് എന്നിവ ഒരു ഡെസ്റ്റിനേഷന്റെ സമ്പൂർണ്ണ വികസനം എന്ന ലക്ഷ്യത്തോടെ ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കി വരുന്ന പദ്ധതികളാണ്. ടി പദ്ധതികളുടെ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി സംസ്ഥാനത്തുടനീളം വിജയകരമായി നടപ്പിലാക്കി വരുന്നു.

<u>സഞ്ചാരികളുടെ താമസ ദൈർഘ്യം വർദ്ധിപ്പിക്കുന്നതിനും ഗ്രാമീണ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഉത്തര വാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>

ടൂറിസ്റ്റുകളുടെ താല്പര്യത്തിനനുസരിച്ച് കേരളത്തിലെ തനത് കലാ രൂപങ്ങൾ, കളരിപ്പയറ്റ്, എത്തിക് ക്യൂസീൻ, കരകൗശല വസ്തുക്കളുടെ നിർമ്മാണം എന്നിങ്ങനെ വിവിധ വിഷയങ്ങൾ താമസിച്ച് പഠിക്കുന്നതിനുള്ള സൗകര്യം ഒരുക്കികൊണ്ടുള്ള പാക്കേജുകളാണ് ലേണിംഗ് എക്സ്പീരിയൻഷ്യൽ പാക്കേജുകൾ.

• പഠന വിഷയത്തിനനുസരിച്ച് ഒരാഴ്ച മുതൽ പരമാവധി ഒരു വർഷം വരെ ടൂറിസ്റ്റുകൾക്ക് ഒരു പ്രദേശത്ത് താമസിക്കുന്നതിനുള്ള സാഹചര്യം ഈ പാക്കേജുകൾ വഴിയൊരുക്കുന്നു.

• ഒരേ പാക്കേജിൽ തന്നെ വിവിധ താമസ സൗകര്യങ്ങൾ (ഹോം സ്റ്റേ, ടെൻഡ് താമസം, മൺ കുടിലിലെ താമസം, സർവ്വീസ്ഡ് വില്ലയിലെ താമസം, ഫാം ഹൗസിലെ താമസം) അനുഭവിച്ചറിയുന്നതിനുള്ള സൗകര്യമാണ് എക്സ്പീരിയൻഷ്യൽ സ്റ്റേ എന്ന പദ്ധതി.

<u>ഗ്രാമീണ ടൂറിസം മേഖലക്ക് പ്രാധാന്യം നല്കികൊണ്ടുള്ള വില്ലേജ് ലൈഫ് എക്സ്പീരിയൻഷ്യൽ പാക്കേജുകൾ</u>

• നേറ്റീവ് എക്സ്പീരിയൻഷ്യൽ പാക്കേജുകൾ

• കൾച്ചറൽ എക്സ്പീരിയൻഷ്യൽ പാക്കേജുകൾ

• കാർബൺ ന്യൂട്രൽ പാക്കേജുകൾ

• ഫാം വിസിറ്റ് പാക്കേജുകൾ

• സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ

• ഫെസ്റ്റിവൽ ടൂർ പാക്കേജുകൾ എന്നിങ്ങനെ വിവിധങ്ങളായ പാക്കേജുകളും ഗ്രാമീണ മേഖലയിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തി വരുന്നു.

ചെറുതും വലുതുമായ ഉത്തരവാദിത്ത ടൂറിസം അവബോധ ശില്പശാലകൾ, പരിശീലനങ്ങൾ, യൂണിറ്റ് രൂപീകരണം, അവയുടെ ഓൺലൈൻ രജിസ്ട്രേഷൻ, ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തൽ, വിവിധ എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകളുടെ രൂപീകരണം, അവയുടെ മാർക്കറ്റിങ്ങും പ്രൊമോഷനും എന്നിങ്ങനെയുള്ള വിവിധ പ്രവർത്തനങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തിവരുന്നു. മിഷന്റെ ഈ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക സമൂഹവും ടൂറിസം വ്യവസായവും പരസ്പര സഹകരണത്തിൽ മുന്നോട്ടുപോകുകയും ചെയ്യുന്നു. ഇതാണ് ചില കേന്ദ്രങ്ങളിൽ ഒതുങ്ങിനിന്നിരുന്ന ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ, ആർ.ടി. മിഷന്റെ പ്രവർത്തനങ്ങളിലൂടെ സംസ്ഥാന വ്യാപകമാവുകയും നിരവധി ചെറുടൂറിസം കേന്ദ്രങ്ങളും, വൈവിധ്യമാർന്ന പുതിയ ടൂറിസം പാക്കേജുകൾ/ഉത്പന്നങ്ങൾ എന്നിവ കേരള ടൂറിസം രംഗത്ത് ഉണ്ടാകുന്നതിനും കാരണമായത്. കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങൾ മറ്റ് പല സംസ്ഥാനങ്ങൾക്ക് മാതൃക ആകുകയും ചെയ്തിട്ടുണ്ട്.

**അഗ്രി ടൂറിസം നെറ്റ്‌വർക്ക് / ഫാം ടൂറിസം**

ഫാം ടൂറിസം പ്രവർത്തനങ്ങളെ കൂടുതൽ ജനകീയമാക്കുന്നതിനും, പ്രസ്തുത പ്രവർത്തനങ്ങളിലേയ്ക്ക് കൂടുതൽ ആളുകളെ പങ്കാളികളാക്കുന്നതിനുമായി ഉത്തരവാദിത്ത ടൂറിസം മിഷന്റെ കീഴിൽ 'കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക്'' എന്ന പദ്ധതി 2021 സെപ്റ്റംബർ മാസം ലോഞ്ച് ചെയ്തിട്ടുണ്ട്. അഞ്ച് വിഭാഗങ്ങളിലായാണ് യൂണിറ്റുകൾ രജിസ്റ്റർ ചെയ്യുന്നത്.

<u>കാറ്റഗറി 1</u> - പുരയിടത്തിലെ കൃഷി - 25 സെന്റ് വരെ (ടെറസ് ഗാർഡനുകൾ ഉൾപ്പെടെ) - കാർഷിക ഉത്പന്നങ്ങളുടെ വില്പന ശൃംഖലയിൽ ഉൾപ്പെടുത്തും)

<u>കാറ്റഗറി 2</u> - ഫാം വിസിറ്റ് യൂണിറ്റുകൾ - 25 സെന്റ് മുതൽ 1 ഏക്കർ വരെ - ഉൽപ്പന്ന വില്പനയ്ക്കും ഫാം സന്ദർശനത്തിനുമായി നെറ്റ്‌വർക്കിൽ ഉൾപ്പെടുത്തും.

<u>കാറ്റഗറി 3</u> - ഫാം ആക്റ്റിവിറ്റി സെന്ററുകൾ- 1 ഏക്കർ മുതൽ 10 ഏക്കർ വരെ - വിവിധ കൃഷി സംബന്ധമായ പ്രവർത്തനങ്ങൾ, മിയാവാക്കി വനങ്ങൾ,

ഫാം റസ്റ്റോറന്റുകൾ, ഉത്പന്ന വില്പന ഔട്ട് ലെറ്റ്, മൂല്യവർദ്ധിത കാർഷിക ഉത്പന്നങ്ങൾ തുടങ്ങിയവ.

കാറ്റഗറി 4 - ഫാം സ്റ്റേകൾ - താമസ സൗകര്യവും ഹോംസ്റ്റേ/ഗൃഹസ്ഥലി/ സർവീസ്ഡ് വില്ലകൾ/ടെന്റ് അക്കോമഡേഷൻ യൂണിറ്റുകൾ എന്നിവയിൽ ഏതിലെങ്കിലും ടൂറിസം വകുപ്പിന്റെ ക്ലാസ്സിഫിക്കേഷൻ/തദ്ദേശസ്വയംഭരണ സ്ഥാപന ലൈസൻസുള്ള ഫാമിംഗ് യൂണിറ്റുകൾ ഈ വിഭാഗത്തിൽവരുന്നു.

കാറ്റഗറി 5 - ഫാം ടൂറിസം സെന്റർ - 10 ഏക്കർ മുതൽ 50 ഏക്കർ വരെ - ഗ്രീൻ ഫാംസ് കേരള നിയമങ്ങൾ പ്രകാരമുള്ള യൂണിറ്റുകൾ.

ഇതിന്റെ ഭാഗമായി രണ്ട് ഘട്ടങ്ങളിലായി 952 യൂണിറ്റുകൾക്ക് പരിശീലനം പൂർത്തിയാക്കി. ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ച കേരള അഗ്രി ടൂറിസം നെറ്റ്‌വർക്കിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന വിവിധ യൂണിറ്റുകൾ മൈക്രോ ടൂറിസം കേന്ദ്രങ്ങളായി വളർന്ന് വൻതോതിൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന നിലയിലേയ്ക്ക് മാറിയിട്ടുമുണ്ട്.

**ഫുഡ് ടൂറിസം (എക്സ്പീരിയൻഷ്യൽ എത്തിക് ക്യുസീൻ നെറ്റ്‌വർക്ക് )**

എക്സ്പീരിയൻഷ്യൽ എത്തിക്/ ലോക്കൽ ക്യുസീൻ നെറ്റ്‌വർക്ക് എന്ന പദ്ധതി കേരളത്തിന്റെ തനത് വിഭവങ്ങൾ സഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനോടൊപ്പംതന്നെ സാധാരണക്കാരായ വീട്ടമ്മമാരെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് വരുമാനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ്. പദ്ധതിയുടെ ഭാഗമായി അപേക്ഷ നൽകിയവർക്ക് പരിശീലനം നൽകി ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റായി രജിസ്റ്റർ ചെയ്തു ഓൺലൈൻ പ്ലാറ്റ് ഫോമിൽ എൻട്രി ചെയ്തു.

പദ്ധതിയുടെ ഭാഗമായി സാധാരണക്കാരായ സ്ത്രീകൾ ചെറുകിട സംരംഭകരായി മാറുകയുണ്ടായി. പദ്ധതിവഴി വിവിധ ജില്ലകളിൽ യൂണിറ്റുകൾക്ക് വരുമാനം ലഭിച്ചു തുടങ്ങി.

**ബേപ്പൂർ സമഗ്ര ഉത്തരവാദിത്തടൂറിസം പദ്ധതി**

ബേപ്പൂർ സമഗ്ര ഉത്തരവാദിത്തടൂറിസം പദ്ധതിയുടെ ഭാഗമായി 300-ലധികം പേർക്ക് തൊഴിൽ പരിശീലനങ്ങൾ നൽകി. വിവിധ പാക്കേജുകൾ തയ്യാറാക്കി. ടൂറിസ്റ്റുകളെ എത്തിക്കുന്നതിനായി പ്രചാരണ വീഡിയോകൾ ഇംഗ്ലീഷ്, ഹിന്ദി, മലയാളം ഭാഷകളിൽ തയാറാക്കി റിലീസ് ചെയ്തു.

ഇ-ബുക്ക് പുറത്തിറക്കി. കേരളത്തിലെ ആദ്യത്തെ ആർ.ടി. ക്ലബ് ബേപ്പൂരിൽ രൂപീകരിച്ചു. പദ്ധതിയുടെ പ്രൊമോഷന്റെ ഭാഗമായി ലോക ഉത്തരവാദിത്ത ടൂറിസത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന ഡോ. ഹാരോൾഡ് ഗുഡ്‌വിൻ ബേപ്പൂർ സന്ദർശിച്ചു. ആർ.ടി. മിഷൻ യൂണിറ്റുകൾക്ക് അവരുടെ ഉത്പന്നങ്ങൾ വിപണനം നടത്തുന്നതിന് ജില്ലയിൽ ഔട്ട്‌ലെറ്റുകൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**സ്ത്രീ സൗഹൃദ ടൂറിസം**

സ്ത്രീ സൗഹൃദ ടൂറിസം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പ്രത്യേക പദ്ധതിക്ക് തുടക്കമിട്ടു. വനിതാ ടൂറിസം നെറ്റ്‌വർക്ക് രൂപീകരിച്ച് വനിതാ വിനോദയാത്രികർക്ക് മികച്ച സുരക്ഷ നൽകാനുള്ള പ്രവർത്തനം സംഘടിപ്പിക്കുന്നു.

**ആഗോള ഉത്തരവാദിത്ത ടൂറിസം ഉച്ചകോടി**

ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആഗോള ഉത്തരവാദിത്ത ടൂറിസം ഉച്ചകോടി 2023 ഫെബ്രുവരി 25 മുതൽ 28 വരെ കുമരകത്തുവച്ച് നടന്നു. യു.എൻ. വുമൺ-ഇന്ത്യ, കൺട്രി റെപ്രസന്റേറ്റീവ്, മിസ്. സൂസൻ

ഫെർഗുസൺ-റെസ്പോൺസിബിൾ ടൂറിസം പാർട്ണർഷിപ്പ്, വേൾഡ് ട്രാവൽ മാർക്കറ്റിന്റെ ഉത്തരവാദിത്ത ടൂറിസം ഉപദേഷ്ടാവ്, ഡോ. ഹാരോൾഡ് ഗുഡ്‌വിൻ ഉൾപ്പെടെ യു.കെ., ആസ്ട്രേലിയ, ഗാംബിയ, മലേഷ്യ, ശ്രീലങ്ക, തായ്പേ-തായ്‌വാൻ എന്നിവിടങ്ങളിൽനിന്നുള്ള 10 പ്രമുഖ ഇന്റർനാഷണൽ പ്രഭാഷകർ ഉൾപ്പെടെ ഇന്ത്യയിൽ നിന്നുള്ള ഉത്തരവാദിത്ത/സുസ്ഥിര ടൂറിസം രംഗത്തെ പ്രമുഖരായ 50-ൽപ്പരം പ്രഭാഷകർ ഉച്ചകോടിയിൽ പങ്കെടുത്ത് സംസാരിക്കുകയുണ്ടായി. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ടൂറിസം ഉദ്യോഗസ്ഥർ, ടൂറിസം ഇൻഡസ്ട്രി പ്രതിനിധികൾ, ബുക്കിംഗ് ഡോട്ട് കോം പോലുള്ള ഓൺലൈൻ ട്രാവൽ പോർട്ടൽ പ്രതിനിധികൾ, എൻ.ജി.ഒ. പ്രതിനിധികൾ, ആക്ടിവിസ്റ്റുകൾ എന്നിങ്ങനെ വിവിധ മേഖലയിലുള്ള ഡെലിഗേറ്റുകൾ ഈ ഉച്ചകോടിയിൽ പങ്കെടുത്തിരുന്നു.

രണ്ടാം കേരള ഉത്തരവാദിത്ത ടൂറിസം ഡിക്ലറേഷൻ നടത്തുന്നതിനൊപ്പം, ഉത്തരവാദിത്ത ടൂറിസവുമായി ബന്ധപ്പെട്ട വിവിധ ചർച്ചകളും പ്രസന്റേഷനുകളും ആഗോള സമ്മിറ്റിൽ നടത്തുകയുണ്ടായി.

ഉത്തരവാദിത്ത ടൂറിസം മിഷന്റെ സ്ത്രീ സൗഹാർദ്ദ ടൂറിസം പദ്ധതിയുടെ ഭാഗമായി, കേരള ടൂറിസവുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള കരട് ധാരണാപത്രം യു.എൻ. വിമൺ ഉച്ചകോടിയിൽ ഒപ്പുവച്ചു.

നേട്ടങ്ങൾ

•സംസ്ഥാന വ്യാപകമായുള്ള രജിസ്റ്റേഡ് യൂണിറ്റുകൾ - 23,786

•46815 പ്രത്യക്ഷ ഗുണഭോക്താക്കൾ

•83964 പരോക്ഷ ഗുണഭോക്താക്കൾ

•16660 (70 ശതമാനം) യൂണിറ്റുകൾ സ്ത്രീകളുടെ ഉടമസ്ഥതയിലുള്ളതോ സ്ത്രീകൾ നയിക്കുന്നതോ ആണ്.

•2017 ഓഗസ്റ്റ് മുതൽ 2023 ജനുവരി വരെ 53.39 കോടി രൂപയുടെ പ്രാദേശിക വരുമാനം

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ ആൻഡ് ടൂറിസം**

156(5042) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 മുതൽ 2022-23 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ ആൻഡ് ടൂറിസം(കിറ്റ്സ്)-ന് സർക്കാർ

അനുവദിച്ച ആകെ പദ്ധതി വിഹിതം എത്രയെന്ന് സാമ്പത്തിക വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) അനുവദിച്ച പദ്ധതി വിഹിതത്തിൽ എത്ര തുക വീതമാണ് കിറ്റ്സിന് ഓരോ സാമ്പത്തിക വർഷവും സർക്കാർ കൈമാറിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇപ്രകാരം ഓരോ സാമ്പത്തിക വർഷത്തിലും ലഭിച്ച തുക ഏതെല്ലാം പദ്ധതികൾക്കാണ് വിനിയോഗിച്ചതെന്ന് ഇനം തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;

(സി) 2013-14 മുതൽ 2022-23 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ ആൻഡ് ടൂറിസം നടത്തിയ പരിശീലന പരിപാടികൾ, കൺസൾട്ടൻസികൾ എന്നിവയിൽനിന്ന് നേടിയ വരുമാനം എത്രയാണെന്നുള്ളതിന്റെ കണക്കുകൾ ഇനം തിരിച്ച് സാമ്പത്തിക വർഷം അടിസ്ഥാനമാക്കി ലഭ്യമാക്കുമോ;

(ഡി) 30-11-2022 അടിസ്ഥാനമാക്കി കിറ്റ്സ് വിവിധ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾ, വിരമിച്ച ജീവനക്കാർ എന്നിവർക്ക് നൽകുവാനുള്ള കുടിശ്ശിക തുക എത്രയെന്ന് വ്യക്തമാക്കാമോ; പദ്ധതി

വിഹിതം, ട്രെയിനിംഗ് പ്രോഗ്രാം എന്നിവയിലെ ധനവിനിയോഗം സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിംഗിൽ പ്രതികൂല പരാമർശങ്ങളോ നിർദേശമോ ശിപാർശകളോ ഉണ്ടായിട്ടുണ്ടോ; എങ്കിൽ അവ വിശദമാക്കുമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) നിലവിൽ കരാറടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന എത്ര ജീവനക്കാരാണ് റെഗുലറൈസ് ചെയ്യണമെന്ന് അപേക്ഷ നൽകിയിട്ടുള്ളതെന്നും ഇവരെ റെഗുലറൈസ് ചെയ്യുവാനായി നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ?

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

**വിനോദസഞ്ചാര കേന്ദ്രങ്ങളിലുണ്ടായ അപകടങ്ങളുടെ വിശദാംശം**

157(5043) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിലുണ്ടായ അപകടങ്ങളിൽ എത്ര പേർ

മരണപ്പെട്ടിട്ടുണ്ടെന്നും എത്രപേർക്ക് പരിക്കേറ്റിട്ടുണ്ടെന്നുമുള്ള വിശദവിവരം നൽകാമോ;

(ബി) പ്രസ്തുത കാലയളവിൽ ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ ക്രമീകരണങ്ങൾക്കായി ഓരോ സാമ്പത്തിക വർഷവും ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ആഗോള ഉത്തരവാദിത്ത വിനോദസഞ്ചാര ഉച്ചകോടി**

158(5044) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റർനാഷണൽ സെന്റർ ഫോർ റെസ്പോൺസിബിൾ ടൂറിസം സംഘടിപ്പിച്ച പ്രഥമ ഉച്ചകോടിയുടെ വേദി കേരളത്തിന് ലഭിച്ചത് സംസ്ഥാനത്തെ ടൂറിസം വികസത്തിന് ലഭിച്ച അംഗീകാരമായി വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട് . സംസ്ഥാന ടൂറിസം വകുപ്പിന്റെ ഭാഗമായ ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ 2023 ഫെബ്രുവരി 25 മുതൽ 28 വരെ കോട്ടയം കുമരകത്ത് വച്ച് പ്രഥമ ആഗോള ഉത്തരവാദിത്ത ടൂറിസം ഉച്ചകോടി നടന്നു.

യു.എൻ. വുമൺ-ഇന്ത്യ, കൺട്രി റെപ്രസെന്റേറ്റീവ്, മിസ്. സൂസൻ ഫെർഗുസൺ-റെസ്പോൺസിബിൾ ടൂറിസം പാർട്ണർഷിപ്പ്, വേൾഡ് ട്രാവൽ മാർക്കറ്റിന്റെ ഉത്തരവാദിത്ത ടൂറിസം ഉപദേഷ്ടാവ്, ഡോ. ഹാരോൾഡ് ഗുഡ്‌വിൻ ഉൾപ്പെടെ യു.കെ., ആസ്ട്രേലിയ, ഗാംബിയ, മലേഷ്യ, ശ്രീലങ്ക, തായ്പേ-തായ്‌വാൻ എന്നിവിടങ്ങളിൽനിന്നുള്ള 10 പ്രമുഖ ഇന്റർനാഷണൽ പ്രഭാഷകർ ഉൾപ്പെടെ ഇന്ത്യയിൽനിന്നുള്ള ഉത്തരവാദിത്ത/സുസ്ഥിര ടൂറിസം രംഗത്തെ പ്രമുഖരായ 50-ൽപ്പരം പ്രഭാഷകർ ഉച്ചകോടിയിൽ പങ്കെടുത്ത് സംസാരിക്കുകയുണ്ടായി. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള ടൂറിസം ഉദ്യോഗസ്ഥർ, ടൂറിസം ഇൻഡസ്ട്രി പ്രതിനിധികൾ, ബുക്കിംഗ് ഡോട്ട് കോം പോലുള്ള ഓൺലൈൻ ട്രാവൽ പോർട്ടൽ പ്രതിനിധികൾ, എൻ.ജി.ഒ. പ്രതിനിധികൾ, ആക്റ്റിവിസ്റ്റുകൾ എന്നിങ്ങനെ വിവിധ മേഖലയിലുള്ള ഡെലിഗേറ്റുകൾ ഈ ഉച്ചകോടിയിൽ പങ്കെടുത്തിരുന്നു.

രണ്ടാം കേരള ഉത്തരവാദിത്ത ടൂറിസം ഡിക്ലറേഷൻ നടത്തുന്നതിനൊപ്പം ഉത്തരവാദിത്ത ടൂറിസവുമായി ബന്ധപ്പെട്ട വിവിധ ചർച്ചകളും പ്രസന്റേഷനുകളും ആഗോള സമ്മിറ്റിൽ നടത്തുകയുണ്ടായി. ഉത്തരവാദിത്ത ടൂറിസം മിഷന്റെ സ്ത്രീ സൗഹാർദ്ദ ടൂറിസം പദ്ധതിയുടെ ഭാഗമായി, കേരള ടൂറിസവുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള കരട് ധാരണാപത്രം യു.എൻ. വിമൺ ഉച്ചകോടിയിൽ ഒപ്പുവച്ചു.

(ബി) ലോക വിനോദസഞ്ചാര മേഖലകളെ ഒരുമിപ്പിച്ച് ഒരേ ലക്ഷ്യത്തിലേയ്ക്ക് നയിക്കുന്നതിന് ആഗോള ഉത്തരവാദിത്ത വിനോദസഞ്ചാര ഉച്ചകോടി വിഭാവനം ചെയ്യുന്നുണ്ടോ; ഇത് സംസ്ഥാനത്തെ ടൂറിസം വ്യവസായത്തിൽ സമൂലമായ മാറ്റത്തിന് വഴിയൊരുക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; അറിയിക്കുമോ?

വിനോദ സഞ്ചാരമേഖലയിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ പ്രസ്തുത ഉച്ചകോടി സഹായകമാകുമെന്ന് കരുതുന്നു. പ്രസ്തുത ഉച്ചകോടിയിൽ കേരളം ഉത്തരവാദിത്ത ടൂറിസം മേഖലയിൽ ആർജ്ജിച്ച എല്ലാ നേട്ടങ്ങളും അവതരിപ്പിക്കപ്പെട്ടു. ഇതിനുപുറമെ നമ്മുടെ

രാജ്യത്തെ വിവിധ ഉത്തരവാദിത്ത-സുസ്ഥിര ടൂറിസം മാതൃകകളും സാർവ്വദേശീയ മാതൃകകളും അവതരിപ്പിക്കപ്പെട്ടു. ഇവയുടെ അടിസ്ഥാനത്തിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളുടെ ഭാഗമായി ഇനി മുതൽ കേരളം നടപ്പാക്കാൻ ആഗ്രഹിക്കുന്ന കേരള ഉത്തരവാദിത്ത ടൂറിസം പ്രഖ്യാപനം നടന്നു. ഇവ കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തി ലോക ഉത്തരവാദിത്ത ടൂറിസത്തിന്റെ മാതൃകാ കേന്ദ്രമാക്കി കേരളത്തെ ശ്രദ്ധേയമാക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുമെന്ന് കരുതുന്നു.

(സി) പ്രസ്തുത ഉച്ചകോടിയിലെ പങ്കാളിത്ത രാജ്യങ്ങളിൽ കേരള ടൂറിസത്തിന്റെ സൗകര്യങ്ങളും സുരക്ഷിതത്വവും വൈവിധ്യങ്ങളും സംബന്ധിച്ച് അവബോധം സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ടോ; അതുമൂലം വിദേശ വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിനുള്ള ഇടപെടൽ നടത്താൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

പ്രസ്തുത ഉച്ചകോടിയിലെ പങ്കാളിത്ത രാജ്യങ്ങളിൽ കേരള ടൂറിസത്തിന്റെ സൗകര്യങ്ങളും സുരക്ഷിതത്വവും വൈവിധ്യങ്ങളും

സംബന്ധിച്ച് അവബോധം സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ സ്ത്രീ സൗഹാർദ്ദ ടൂറിസം പദ്ധതിയുടെ ഭാഗമായി, ഉത്തരവാദിത്ത ടൂറിസത്തിന്റെ നേതൃത്വത്തിൽ കേരള ടൂറിസവുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള കരട് ധാരണാപത്രം യു.എൻ. വിമൺ ഉച്ചകോടിയിൽ ഒപ്പ് വയ്ക്കുവാൻ സാധിച്ചു. ഇതിലൂടെ സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കാനും അതിലൂടെ കുറഞ്ഞത് അൻപത് ലക്ഷം വനിതാ സഞ്ചാരികളെ കേരളത്തിൽ എത്തിക്കാൻ കഴിയുമെന്നും കരുതുന്നു. ലോകത്തെ വിനോദസഞ്ചാര മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനങ്ങളിലൊന്നായ ബുക്കിംഗ് ഡോട്ട്കോമുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള കരട് ധാരണാപത്രം ഒപ്പ് വയ്ക്കുവാനും പരസ്പരം സഹകരിച്ച് പ്രവർത്തിക്കാനാകും എന്ന് പ്രഖ്യാപിക്കാനുമായി. ഇതിലൂടെ കേരളത്തിലേയ്ക്കുള്ള വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ വൻ വർധവുണ്ടാക്കുമെന്ന് പ്രതീക്ഷിക്കുന്നു. നോട്ട് ഓൺ മാപ്പ്, വില്ലേജ് വെയ്സ്, ഗ്ലോബൽ ഹിമാലയൻ എക്സ്പടീഷൻസ് പോലുള്ള ഇന്ത്യയിലും വിവിധ ഏഷ്യൻ രാജ്യങ്ങളിലും പ്രവർത്തിക്കുന്ന വിവിധ സംഘടനകളുമായി

സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള സംയുക്ത പ്രഖ്യാപനം നടത്താനായി. പ്രസ്തുത ഉച്ചകോടിയിൽ പങ്കെടുത്ത പ്രഭാഷകരെല്ലാംതന്നെ വിനോദ സഞ്ചാര മേഖലയിലെ അക്കാദമി മിഷൻ, ടൂർ ഓപ്പറേഷൻ, മാർക്കറ്റിംഗ് കൂടാതെ വിവിധ കമ്പനികൾക്ക് നേതൃത്വം നല്കുന്നവരൊക്കെയാണ്. ഇവരുടെയെല്ലാം വരവ് കേരളത്തിലെ വിനോദ സഞ്ചാര പ്രവർത്തനങ്ങളെ കൂടുതൽ ശക്തിപ്പെടുത്താനും മാർക്കറ്റിംഗ് ചെയ്യുന്നതിനും ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളിലേയ്ക്കും തദ്ദേശീയ ടൂറിസം പ്രവർത്തനങ്ങളിലേക്കും കൂടുതൽ സഞ്ചാരികളെ എത്തിക്കാൻ സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനുപുറമെ വിവിധ സംസ്ഥാനങ്ങളിൽ ടൂറിസം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഉദ്യോഗസ്ഥർ ഇതിന്റെ ഭാഗമായിട്ടുണ്ടായിരുന്നു. ടി സംസ്ഥാനങ്ങളിൽ ഉത്തരവാദിത്ത ടൂറിസം മിഷനുമായി ചേർന്ന് പ്രവർത്തിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പ്രകൃതിയോട് ഇണങ്ങി നിൽക്കുന്ന വിനോദസഞ്ചാര കേന്ദ്രങ്ങൾ**

159(5045) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മനുഷ്യനിർമ്മിതമല്ലാത്തതും പ്രകൃതിയോട് ഇണങ്ങി നിൽക്കുന്നതുമായ ടൂറിസം പ്രദേശങ്ങളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) ആയതിൽ സർക്കാർ വക താമസസൗകര്യമുള്ള ടൂറിസം പോയിന്റുകളുടെ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) മനുഷ്യ നിർമ്മിതമല്ലാത്തതും പ്രകൃതിയോട് ഇണങ്ങി നിൽക്കുന്നതുമായ വിനോദസഞ്ചാര പ്രദേശങ്ങളുടെ ജില്ലതിരിച്ചുള്ള പ്രത്യേക പട്ടിക വിനോദസഞ്ചാര വകുപ്പ് തയ്യാറാക്കിയിട്ടില്ല.

കൊല്ലം തെന്മലയിൽ വിനോദസഞ്ചാര വകുപ്പിന്റെ ഇക്കോടൂറിസം കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. വനം, വന്യജീവി വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കുന്ന 60 ഇക്കോടൂറിസം കേന്ദ്രങ്ങളുടെ പട്ടിക അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു+.

കൂടാതെ 'ഡെസ്റ്റിനേഷൻ കേരള' പദ്ധതിപ്രകാരം സംസ്ഥാനത്ത് വിനോദസഞ്ചാര കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള 153 കേന്ദ്രങ്ങളുടെ പട്ടികയും അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോവളം, വർക്കല, കണ്ണൂർ എന്നീ ബീച്ചുകൾക്ക് സമീപവും മൂന്നാർ, പൊന്മുടി എന്നിവിടങ്ങളിലും സർക്കാർ അതിഥി മന്ദിരങ്ങൾ പ്രവർത്തിക്കുന്നുണ്ട്. തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി വെള്ളച്ചാട്ടത്തിന് സമീപത്തായി യാത്രി നിവാസിന്റെ നിർമ്മാണവും പുരോഗമിക്കുന്നുണ്ട്.

കോവളം (സമുദ്ര ഹോട്ടൽ), നെയ്യാർ ഡാം (ടാമറിൻഡ്), പൊന്മുടി (ഗോൾഡൻ പീക്ക്), തണ്ണീർമുക്കം (കുമരകം ഗേറ്റ് വേ), കുമരകം (വാട്ടർ സ്കേപ്പ്സ്), മൂന്നാർ (ടീ കൗണ്ടി), തേക്കടി (പെരിയാർ ഹൗസ്, ആരണ്യ നിവാസ്, ലേക്ക് പാലസ്), പീരുമേട് (ടാമറിൻഡ്), മലമ്പുഴ (ഗാർഡൻ ഹൗസ്), സുൽത്താൻ ബത്തേരി (പെപ്പർ ഗ്രോവ്), തിരുനെല്ലി (ടാമറിൻഡ്), തുടങ്ങിയ സ്ഥലങ്ങളിൽ കേരള വിനോദസഞ്ചാര വികസന കോർപ്പറേഷന്റെ (കെ.ടി.ഡി.സി.) താമസ സൗകര്യവും ലഭ്യമാണ്.

**ടൂറിസം മേഖലയുടെ പശ്ചാത്തല വികസനം**

160(5046) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടൂറിസം മേഖലയുടെ പശ്ചാത്തല വികസനങ്ങൾക്കായി 2016 മുതൽ ഇന്നേവരെ എത്ര കോടിരൂപ ചെലവഴിച്ചിട്ടുണ്ടെന്നും ആയത് ഏതൊക്കെ പദ്ധതികൾക്കാണ് അനുവദിച്ചതെന്നുമുള്ള വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

**പയംകുറ്റിമല ടൂറിസം കേന്ദ്രം**

161(5047) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയംകുറ്റിമല ടൂറിസം കേന്ദ്രത്തിൽ ക്യാന്റീൻ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ ആയത് എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

25-01-2019-ലെ സ.ഉ.(സാധാ)നം.31/2019/ടൂറിസം പ്രകാരം പയംകുറ്റിമല ടൂറിസം വികസന പ്രവൃത്തികൾക്കായി 2.15 കോടിരൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർവ്വഹണ ഏജൻസിയായ ഊരാളുങ്കൽ

ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖേന നടപ്പിലാക്കിവരുന്ന ടി പദ്ധതിയുടെ ഒരു ഘടകമായ കഫറ്റീരിയയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷൻ, കുടിവെള്ളം, ബിൽഡിംഗ് നമ്പർ എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് കഫറ്റീരിയ പ്രവർത്തന സജ്ജമാക്കുന്നതാണ്.

**കോതമംഗലം മണ്ഡലത്തിലെ തൃക്കാരിയൂർ മഹാദേവ ക്ഷേത്രം**

162(5048) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ പ്രശസ്തമായ തൃക്കാരിയൂർ മഹാദേവ ക്ഷേത്രത്തെ പിൽഗ്രിം ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി നൽകിയ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ക്ഷേത്രത്തെ പിൽഗ്രിം ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) പ്രസ്തുത ക്ഷേത്രത്തെ പിൽഗ്രിം ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് ആയതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്.

**കണ്ണൂർ ജില്ലയിലെ ടേക്ക് എ ബ്രേക്ക് പദ്ധതി**

163(5049) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ടൂറിസം വകുപ്പിനുകീഴിൽ എവിടെയൊക്കെയാണ് ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പിലാക്കിയിരുന്നത്; അറിയിക്കുമോ?

കണ്ണൂർ ജില്ലയിൽ ശ്രീകണ്ഠപുരം ബസ്സ്റ്റാന്റിനടുത്താണ് ടൂറിസം വകുപ്പ് ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പിലാക്കിയത്.

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

വിലയിരുത്തിയിട്ടുണ്ട്. ശ്രീകണ്ഠപുരം ടേക്ക് എ ബ്രേക്ക് 2022 ഫെബ്രുവരി 25 മുതൽ 3 വർഷത്തേയ്ക്ക് കരാറടിസ്ഥാനത്തിൽ ക്വട്ടേഷൻ പ്രകാരം പ്രതിമാസ വാടക 500 രൂപ നിരക്കിൽ കുടുംബശ്രീക്ക് നടത്തിപ്പിന് നൽകിയിരുന്നു. എന്നാൽ വർദ്ധിച്ച സാമ്പത്തിക ബാധ്യത കാരണം ടി പദ്ധതി നടത്തിക്കൊണ്ട് പോകാൻ ബുദ്ധിമുട്ടാണെന്നുള്ള കുടുംബശ്രീയുടെ

അപേക്ഷ പരിഗണിച്ച് പ്രസ്തുത കരാർ റദ്ദ് ചെയ്തിട്ടുണ്ട്. റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ്**

164(5050) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 ജനുവരി മുതൽ 2022 ആഗസ്റ്റ് വരെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസിൽ ഡയറക്ടർ സ്ഥാനം വഹിച്ചിരുന്നവർ നടത്തിയ വിമാന യാത്രകളുടെ വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) വിമാനയാത്ര ഉൾപ്പെടെയുള്ള യാത്രകൾക്ക് ചെലവായ തുക ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആഭ്യന്തര-വിദേശ യാത്രകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ;

(ഡി) 2010 ജനുവരി മുതൽ 2022 ആഗസ്റ്റ് വരെ കേരള ഇൻസ്റ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസിന് അനുവദിച്ചിട്ടുള്ള പദ്ധതി

വിഹിതത്തിൽനിന്നും വാങ്ങിയിട്ടുള്ള വസ്തുവകകളുടെ വിവരം ആയതിനായി ചെലവഴിച്ച തുക സഹിതം വർഷം തിരിച്ച് വ്യക്തമാക്കാമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**സാക്ഷരതാ മിഷന്റെ പ്രവർത്തനം**

165(5051) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
ഡോ. എം. കെ. മുനീർ:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സാക്ഷരതാ മിഷന്റെ പ്രവർത്തനം പൂർണ്ണമായി ഏറ്റെടുത്തശേഷം മിഷന്റെ ചെലവുകൾക്ക് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേരള സംസ്ഥാന സാക്ഷരതാ സമിതി എന്ന പേരിൽ പ്രവർത്തനം ആരംഭിക്കുകയും 1997 മുതൽ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി എന്ന നാമധേയത്തിൽ ട്രാവൻകൂർ കൊച്ചിൻ ലിറ്ററസി, സയന്റിഫിക് & ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 1955 പ്രകാരം രജിസ്റ്റർ ചെയ്യുകയും ചെയ്ത ഒരു സ്വയംഭരണ സ്ഥാപനമാണ്

സാക്ഷരതാ മിഷൻ അതോറിറ്റി. അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് സാക്ഷരത-തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആരംഭിച്ചത് 1998 ഒക്ടോബർ മുതലാണ്. 1998-ലും 1999-ലും കേന്ദ്രസഹായം ലഭിച്ചിരുന്നു. പിന്നീട് 2008-2009 വർഷത്തിൽ മാത്രമാണ് കേന്ദ്രസഹായം ലഭിച്ചിട്ടുള്ളത്. 2009 മാർച്ച് മാസത്തോടുകൂടി കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ട് നിർത്തലാക്കിയത് മുതൽ പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ ധനസഹായം (ഗ്രാന്റ്) കൊണ്ടാണ് സംസ്ഥാന സാക്ഷരതാമിഷൻ പ്രവർത്തിച്ചുവരുന്നത്. സംസ്ഥാന സർക്കാർ 2009-10 മുതൽ നാളിതുവരെ സംസ്ഥാന സാക്ഷരതാ മിഷന് ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) സാക്ഷരത പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാകുന്നതെന്ന് അറിയിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലാണ് തുടർവിദ്യാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. ജില്ലാ സാക്ഷരതാ മിഷൻ മുതൽ പഞ്ചായത്തുതലം വരെയുള്ള സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ (സാക്ഷരത, തുല്യതാ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോഴ്സുകൾ) ഏകോപിപ്പിക്കുന്നതും ശക്തിപ്പെടുത്തുന്നതും ജില്ല മുതൽ പഞ്ചായത്തുതലം വരെയുള്ള സാക്ഷരതാ സമിതികളുടെ സഹായ സഹകരണങ്ങളോടെയാണ്. ജില്ലാ സാക്ഷരതാ മിഷൻ മുതൽ പഞ്ചായത്തുതലംവരെയുള്ള ധനവിനിയോഗം നടത്തുന്നത് അതത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ (എഫ്.&എ. കോ-ഓർഡിനേറ്റർ) വഴിയാണ്. സാക്ഷരതാ മിഷന്റെ കോഴ്സുകളിൽ ചേരുന്ന സാമ്പത്തികമായും സാമൂഹികമായും പിന്നാക്കാവസ്ഥയിലുള്ള പഠിതാക്കൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനഫണ്ടിൽ തുക വകയിരുത്താറുണ്ട്. സർക്കാർ നയത്തിന്റെ ഭാഗമായുള്ള എല്ലാ നൂതനപദ്ധതികളും സാമൂഹ്യ സാക്ഷരതാ പരിപാടികളും പൊതുജനങ്ങളുമായി ഏറ്റവും അടുത്തിടപെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും സഹായത്തോടെയുമാണ് സാക്ഷരതാ മിഷൻ നടപ്പാക്കുന്നത്.

**വയനാട് ജില്ലയിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾ**

166(5052) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന ആകെ വിദ്യാർത്ഥികളുടെ എണ്ണം സ്കൂൾ തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പരീക്ഷ എഴുതുന്നവരിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം സ്കൂൾ തിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) വയനാട് ജില്ലയിൽ ഈ വർഷം സ്ക്രൈബിനെ ഉപയോഗപ്പെടുത്തി എസ്.എസ്.എൽ.സി. പരീക്ഷ എഴുതേണ്ടി വരുന്നവർക്ക് സ്ക്രൈബിനെ അനുവദിച്ച് നൽകുന്നതിനായി ഓരോ കുട്ടിക്കും മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകിയ ഓഫീസറുടെ പേരും സ്ഥാപനവും വ്യക്തമാക്കാമോ?

ആകെ 883 വിദ്യാർത്ഥികൾക്ക് 2023-ലെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് സ്ക്രൈബിനെ അനുവദിച്ചിട്ടുണ്ട്. മാനന്തവാടി ഉപജില്ലയിൽപ്പെട്ട 137 വിദ്യാർത്ഥികൾക്ക് വയനാട് ജില്ലാ ആശുപത്രിയിലെ സൂപ്രണ്ട് ഡോ. രാജേഷ് വി. പി.-യുടെ നേതൃത്വത്തിലുള്ള മെഡിക്കൽ ബോർഡും വൈത്തിരി,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സുൽത്താൻ ബത്തേരി എന്നീ ഉപജില്ലകളിലെ 746 വിദ്യാർത്ഥികൾക്ക് കൽപ്പറ്റ ജനറൽ ആശുപത്രിയിലെ സൂപ്രണ്ട് ഡോ. ശ്രീകുമാർ മുകുന്ദന്റെ നേതൃത്വത്തിലുള്ള മെഡിക്കൽ ബോർഡുമാണ് സർട്ടിഫിക്കറ്റ് നൽകിയത്.

(ഡി) പ്രസ്തുത രീതിയിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം സ്കൂൾ തിരിച്ച് ലഭ്യമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു+.

ഡി.എൽ.എഡ്. പരീക്ഷ

167(5053) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 അധ്യയന വർഷത്തെ ഡി.എൽ.എഡ്. പരീക്ഷ എന്നത്തേയ്ക്ക് നടത്താനാവുമെന്നും ഫലം എന്നത്തേയ്ക്ക് പ്രഖ്യാപിക്കാൻ സാധിക്കുമെന്നും വിശദമാക്കുമോ?

എസ്.സി.ഇ.ആർ.ടി. നൽകിയ പ്രവർത്തന മാർഗ്ഗരേഖയനുസരിച്ച് 2024 ആഗസ്റ്റ് മാസത്തിൽ കോഴ്സ് പൂർത്തിയാക്കുന്നതാണ്. കോഴ്സ് പൂർത്തിയാക്കുന്നതിനോടൊപ്പം പരീക്ഷാ വിജ്ഞാപനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസിദ്ധീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരീക്ഷ നടപടികൾ പൂർത്തിയാക്കി ഫലം പ്രഖ്യാപിക്കുകയും ചെയ്യുന്നതാണ്.

(ബി) 2022-23 അധ്യയന വർഷം ഡി.എൽ.എഡ്. പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് 2023-24 അധ്യയന വർഷത്തിൽ ബിരുദ കോഴ്സുകൾക്ക് ചേരുന്നതിന് അവസരമൊരുക്കുന്ന തരത്തിൽ ഡി.എൽ.എഡ്. പരീക്ഷ നടത്തി ഫലം പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

2022-23 അധ്യയന വർഷം ഡി.എൽ.എഡ്. പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് അക്കാദമിക കലണ്ടർ പ്രകാരം മറ്റ് തടസ്സങ്ങളൊന്നുമില്ലെങ്കിൽ ആഗസ്റ്റ് മാസത്തിൽ പരീക്ഷ നടക്കുന്നതാണ്. കൂടാതെ പരീക്ഷാഫലവും കൃത്യസമയത്തിനകം പ്രഖ്യാപിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

**ഇടുക്കി ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണത്തിനായി ഫണ്ട്**

168(5054) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഇടുക്കി ജില്ലയിലെ ഏതൊക്കെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ് കെട്ടിട നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തെ പദ്ധതിവിഹിതം വിനിയോഗിച്ച് ഇടുക്കി ജില്ലയിലെ താഴെപ്പറയുന്ന സ്കൂളുകളിൽ കെട്ടിടം നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

| | |
|---|---|
| 1. | ഗവ. ടി.എൽ.പി. സ്കൂൾ, ഇടമലക്കുടി |
| 2. | ഗവ. എൽ.പി.സ്കൂൾ, പുറപ്പുഴ |
| 3. | ഗവ. ടി.എച്ച്.എസ്.എസ്., വഞ്ചിവയൽ |
| 4. | ഗവ. എച്ച്.എസ്.എസ്., പതിനാറാംകണ്ടം |
| 5. | ഗവ. വി.എച്ച്.എസ്.എസ്., വാഴത്തോപ്പ് |

ഭരണാനുമതി ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

## എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ തെറ്റ്

169(5055) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ തെറ്റ് തിരുത്തുന്നതിന് പതിനഞ്ച് വർഷംമുമ്പ് പരീക്ഷ എഴുതിയവർക്ക് വിദ്യാഭ്യാസ മന്ത്രിയുടെ നിരാക്ഷേപ പത്രം വേണമെന്നിരിക്കെ ആയതിന് അപേക്ഷ നൽകിയാൽ എത്ര ദിവസം കൊണ്ട് അനുവദിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ തെറ്റ് തിരുത്തുന്നതിന് പതിനഞ്ച് വർഷംമുമ്പ് പരീക്ഷ എഴുതിയവർക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ കാലതാമസം മാപ്പാക്കിയുള്ള അനുമതി (Delay Condonation Order) ലഭിക്കുന്നതിനുള്ള അപേക്ഷയിൽ മതിയായ രേഖകളുണ്ടെങ്കിൽ മുൻഗണനാക്രമത്തിൽ സെക്കൻഡറി സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റിൽ ജനനത്തീയതി തിരുത്തുന്നതിന് പരീക്ഷാ കമ്മീഷണർക്ക് അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നുണ്ട്. മതിയായ വിവരങ്ങൾ, രേഖകൾ (എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെയും ജനന സർട്ടിഫിക്കറ്റിന്റെയും പകർപ്പ്) അപേക്ഷയോടൊപ്പം ഹാജരാക്കാത്തപക്ഷം ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കാൻ നിർദ്ദേശിച്ചുകൊണ്ട് അപേക്ഷകർക്ക് കത്ത്

നല്കുന്നുണ്ട്. മതിയായ രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് കാലതാമസം മാപ്പാക്കിയുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നുണ്ട്.

(ബി) പ്രസ്തുത നിരാക്ഷേപ പത്രം അനുവദിക്കുന്നതിനുള്ള സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ ജനനത്തീയതി തിരുത്തൽ വരുത്തുന്നതിന് പരീക്ഷാ കമ്മീഷണർക്ക് അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കിക്കൊണ്ട് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് സമയപരിധി നിശ്ചയിച്ചിട്ടില്ല.

### വിദ്യാർത്ഥികളുടെ സ്റ്റൈപന്റ്/ലംപ്സം ഗ്രാന്റ് വിതരണം തടസ്സപ്പെടുന്നതിനെതിരെ നടപടി

170(5056) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തിൽ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളിൽ ക്ലാസ്സ് 1 മുതൽ പ്ലസ് 2 തലം വരെ ചേർന്ന എസ്.സി./എസ്.ടി., ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് സ്റ്റൈപ്പൻഡ്/ലംപ്സം ഗ്രാന്റ് ലഭിക്കുന്നുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത വിദ്യാർത്ഥികളുടെ എണ്ണം, തുക എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) 2022-23 വർഷത്തിൽ സ്റ്റൈപ്പൻഡ്/ലംപ്സം ഗ്രാന്റ് വിതരണത്തിൽ തടസ്സങ്ങളുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**മഞ്ചേരി മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവൃത്തികൾ**

171(5057) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് മഞ്ചേരി മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, വിദ്യാകിരണം, കിഫ്ബി, പ്ലാൻ ഫണ്ട് തുടങ്ങിയവ ഏതൊക്കെ എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിദ്യാലയങ്ങൾക്കാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

മുൻ സർക്കാരിന്റെ കാലത്ത് മഞ്ചേരി നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം/വിദ്യാകിരണത്തിന്റെ ഭാഗമായി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിന് തുക അനുവദിച്ച വിദ്യാലയങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

ഗവ. എച്ച്.എസ്.എസ്. പാണ്ടിക്കാട്

ഗവ. ബി.എച്ച്.എസ്. മഞ്ചേരി

ഗവ. വി.എച്ച്.എസ്. നെല്ലിക്കോത്ത്

ഗവ. എച്ച്.എസ്.എസ്. പട്ടിക്കാട്

ഗവ. ജി.എച്ച്.എസ്.എസ്. മഞ്ചേരി

ഗവ. എച്ച്.എസ്.എസ്. കാരക്കുന്ന്

ഗവ. എം.യു.പി.എസ്. ഒരവമ്പ്രം

പ്ലാൻ ഫണ്ടിലുൾപ്പെടുത്തി കെട്ടിടനിർമ്മാണത്തിന് തുക അനുവദിച്ച വിദ്യാലയങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

ജി.യു.പി.എസ്. പുല്ലൂർ

ജി.എൽ.പി.എസ്. കൊമ്പംകല്ല്

ജി.എൽ.പി.എസ്. എടപ്പറ്റ

ജി.എം.യു.പി.എസ്. ഒറവപ്പുറം, ജി.എൽ.പി.എസ്. പട്ടിക്കാട് ഹയർ സെക്കൻഡറി സ്കൂളുകളുടെ വിവരം ശേഖരിച്ചുവരുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിലെ സ്കൂളുകൾക്ക് മേൽപ്പറഞ്ഞ പദ്ധതികൾ പ്രകാരം അനുവദിച്ച തുകയും പ്രവൃത്തികളുടെ സ്ഥിതിഗതിയും നിർവ്വഹണ ഏജൻസികൾ ഏതെന്നും വ്യക്തമാക്കാമോ?

കിഫ്ബി ഫണ്ട്

5 കോടി കിഫ്ബി പദ്ധതി - 5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട് എസ്.പി.വി.-യായി കൈറ്റിനെ ചുമതലപ്പെടുത്തിയ പാണ്ടിക്കാട് ഗവ. എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

3 കോടി കിഫ്ബി പദ്ധതി - 3 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട് എസ്.പി.വി.-യായി കൈറ്റിനെ ചുമതലപ്പെടുത്തിയ മഞ്ചേരി ജി.ബി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. എസ്.പി.വി.-യായി വാപ്കോസിനെ ചുമതലപ്പെടുത്തിയ

നെല്ലിക്കോത്ത് ജി.വി.എച്ച്.എസ്., ജി.എച്ച്.എസ്.എസ്. കാരക്കുന്ന് എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. എസ്.പി.വി.-യായി കിലയെ ചുമതലപ്പെടുത്തിയ ജി.എച്ച്.എസ്.എസ്. പട്ടിക്കാട് സ്കൂളിന് കെ.പി.ബി.ആർ./കെ.എം.ബി.ആർ./കവറേജ് ഇഷ്യൂ ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരിഹരിക്കുന്നതിനുള്ള ശ്രമം നടത്തിവരുന്നു. എസ്.പി.വി.-യായി കിലയെ ചുമതലപ്പെടുത്തിയ ജി.ജി.എച്ച്.എസ്.എസ്. മഞ്ചേരി സ്കൂളിന്റെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

<u>1 കോടി കിഫ്ബി പദ്ധതി</u> - 1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട് എസ്.പി.വി.-യായി കിലയെ ചുമതലപ്പെടുത്തിയ 3 സ്കൂളുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

<u>ജി.എം.യു.പി.എസ്. ഒരവമ്പ്രം</u> -നിർമ്മാണ നടപടികൾ പൂർത്തിയാക്കി എഗ്രിമെന്റ് ഒപ്പുവച്ചിരുന്നു. എന്നാൽ നിർമ്മാണത്തിന് തെരഞ്ഞെടുത്തിരുന്ന സ്ഥലത്ത് മറ്റൊരു PWD നിർമ്മാണം നടന്നുവന്നതിനാലും KPBR issue ഉള്ളതിനാലും പ്ലാനിൽ ചില ഭേദഗതികൾ വേണ്ടിവരുമെന്ന് കാണിച്ച് സ്കൂൾ

അധികൃതർ കിലയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. ജി.യു.പി.എസ്. പുല്ലൂർ സ്കൂളിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

ജി.യു.പി.എസ്. വീമ്പൂർ സ്കൂളിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു.

പ്ലാൻ ഫണ്ടിലുൾപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു+.

**പൊതുവിദ്യാഭ്യാസ വകുപ്പിലെ തീർപ്പ് കൽപ്പിക്കാനുള്ള ഫയലുകൾ**

172(5058) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ ഡി.ജി.ഇ., ഡി.ഡി.ഇ. ഓഫീസുകളിൽ എത്ര ഫയലുകളാണ് തീർപ്പ് കൽപ്പിക്കാനുള്ളതെന്ന് അറിയിക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പിലെ അവശേഷിക്കുന്ന ഫയലുകളിൽ തീർപ്പ് കൽപ്പിക്കുന്നതിനായി നടത്തിയ ഫയൽ തീർപ്പാക്കൽ തീവ്രയജ്ഞ പരിപാടിയുടെ ഫലമായി 67 ശതമാനം ഫയലുകളിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തീർപ്പുകൽപ്പിക്കുകയുണ്ടായി. തുടർന്ന് തീർപ്പാക്കാൻ ശേഷിക്കുന്ന ഫയലുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത ഫയലുകൾ ജില്ലാതലത്തിൽ അദാലത്തുകൾ നടത്തി തീർപ്പാക്കുന്നതിന് ആവശ്യമായ നടപടി പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പിലെ അവശേഷിക്കുന്ന ഫയലുകൾ തീർപ്പ് കൽപ്പിക്കുന്നതിനായി എല്ലാ വർഷവും ജില്ലാതലത്തിൽ ഫയൽ അദാലത്തുകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**കണ്ണൂർ ജില്ലയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ വിദ്യാലയങ്ങൾ**

173(5059) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ സ്വന്തമായി സ്ഥലം ഇല്ലാതെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര സർക്കാർ വിദ്യാലയങ്ങളുണ്ട്; ഏതൊക്കെയാണ്; വിശദാംശം നൽകുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കണ്ണൂർ ജില്ലയിൽ സ്വന്തമായി സ്ഥലമില്ലാതെ 24 സർക്കാർ വിദ്യാലയങ്ങൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. പ്രസ്തുത വിദ്യാലയങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) ഗവ. എം.യു.പി.എസ്. തെക്കുമ്പാട്

2) ഗവ. എം.യു.പി.എസ്. മാടായി

3) ഗവ. എം.യു.പി.എസ്. ഏഴോം

4) ഗവ. എൽ.പി.എസ്. കുഞ്ഞിമംഗലം

5)ഗവ. എം.എൽ.പി.എസ്. കുഞ്ഞിമംഗലം

6) ഗവ. എം.എൽ.പി.എസ്. മാട്ടൂൽ

7) ഗവ. എം.എൽ.പി.എസ്. മടക്കര

8) ഗവ. എം.എൽ.പി.എസ്. ചാലാട്

9) ഗവ. എം.എൽ.പി.എസ്. പാപ്പിനിശ്ശേരി

10) ഗവ. യു.പി.എസ്. ചാലാട്

11) ഗവ. മാപ്പിള എൽ.പി.എസ്. അഴീക്കോട്

12) ഗവ. മാപ്പിള എൽ.പി.എസ്. വെള്ളൂർ

13) ഗവ. മാപ്പിള എൽ.പി.എസ്. പാലക്കോട്

14) ഗവ. മാപ്പിള യു.പി.എസ്. രാമന്തളി

15) ഗവ. യു.പി.എസ്. പാലക്കോട്

16) ഗവ. യു.പി.എസ്. മൊകേരി ഈസ്റ്റ് (ഭാഗികം)

17) ഗവ. എൽ.പി.എസ്. പുത്തൂർ

18) ഗവ. എൽ.പി.എസ്. കൊളവല്ലൂർ

19) ഗവ. യു.പി.എസ്. കരിയാട്

20) ഗവ. എൽ.പി.എസ്. പട്ടുവം

21) ഗവ. യു.പി.എസ്. ദേവദത്താർക്കണ്ടി

22) ഗവ. എൽ.പി.എസ്. ചൊവ്വ

23) ഗവ. യു.പി.എസ്. കതിരൂർ

24) ഗവ. എൽ.പി.എസ്. രാമന്തളി

**പൊതുസ്കൂളുകളിലെ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സ്ഥിരനിയമനം**

174(5060) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 28-10-2021-ലെ സുപ്രീംകോടതി വിധി (WP(C)) No.132/2016 & 876/2017) പ്രകാരം പൊതുസ്കൂളുകളിൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ സ്ഥിരപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

28-10-2021-ലെ സുപ്രീംകോടതി വിധി (WP(C))No.132/2016 & 876/2017) അനുസരിച്ച് 07-07-2022-ലെ സ.ഉ.(സാധാ) 3973/2022/പൊ.വി.വ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സമഗ്ര ശിക്ഷ കേരളയിൽ കരാർ അടിസ്ഥാനത്തിലാണ് സ്പെഷ്യൽ എജ്യൂക്കേറ്റർമാരെ നിയമിച്ചിട്ടുള്ളത്. ഇവരെ സ്ഥിരപ്പെടുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ആർ.സി.ഐ. ശിപാർശ ചെയ്യുന്ന ശമ്പളത്തിന് തുല്യമായി സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ ശമ്പളം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ ശമ്പളം കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ പ്രോജക്ട് അപ്രൂവൽ ബോർഡ് വർഷാവർഷം അംഗീകരിക്കുന്ന ചട്ടം/നിർദ്ദേശം എന്നിവയുടെ അടിസ്ഥാനത്തിൽ സമഗ്രശിക്ഷാ കേരള മുഖേന നൽകിവരുന്നു. ആർ.സി.ഐ. ശിപാർശ ചെയ്യുന്ന ശമ്പളം നൽകുന്നതിന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ അനുമതിയും അംഗീകാരവും ആവശ്യമാണ്.

**വിദ്യാർത്ഥികളിൽ തൊഴിൽ അഭിരുചികൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

175(5061) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>:
<u>ശ്രീ. എം. വിൻസെന്റ്</u>:
<u>ശ്രീമതി ഉമ തോമസ്</u>:
<u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കാലഘട്ടത്തിലെ നൂതന തൊഴിൽ സാധ്യതകൾ മുന്നിൽ കണ്ട് വിദ്യാർത്ഥികളുടെ തൊഴിൽ അഭിരുചികൾ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പുതിയ കാലഘട്ടത്തിലെ നൂതന തൊഴിൽ സാധ്യതകൾ മുന്നിൽ കണ്ടുകൊണ്ടുള്ള തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിലൊന്നാണ്. വിദ്യാർത്ഥികളുടെ തൊഴിൽ അഭിരുചികൾ പ്രോത്സാഹിപ്പിക്കുന്നതിനായി 2020 ജൂൺ മുതൽ സംസ്ഥാനത്തെ 369 വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ദേശീയ തൊഴിൽ നൈപുണി ചട്ടക്കൂട് (എൻ.എസ്.ക്യൂ.എഫ്.) അധിഷ്ഠിതമായ 46 ജോബ് റോളുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പാഠ്യപദ്ധതി പരിഷ്കരണത്തോടനുബന്ധിച്ച് കൂടുതൽ കുട്ടികൾക്ക് തങ്ങളുടെ തൊഴിൽ അഭിരുചികൾ മനസ്സിലാക്കി മുന്നോട്ട് പോകുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുനൽകുന്നുണ്ട്.

(ബി) വിദ്യാർത്ഥികളിൽ ശരിയായ തൊഴിൽ സംസ്കാരത്തിനെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കാനും തൊഴിലിടങ്ങളിൽ

ലിംഗസമത്വം അടക്കമുള്ള വിഷയങ്ങളിൽ ബോധവൽക്കരണം നടത്താനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെയാണ് ഇത് ലക്ഷ്യമിടുന്നത്. കുട്ടികളിൽ തൊഴിൽ ആഭിമുഖ്യം, തൊഴിൽ മനോഭാവം, തൊഴിൽ നൈപുണി എന്നിവ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പംതന്നെ തൊഴിൽ മേഖലകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാനും തൊഴിൽ അഭിരുചികൾ പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ?

2020 ജൂൺ മാസത്തിൽ സംസ്ഥാനത്തുടനീളം 389 വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ആരംഭിച്ച ദേശീയ തൊഴിൽ നൈപുണി ചട്ടക്കൂട് അധിഷ്ഠിത ജോബ് റോളുകൾ, ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷന് പ്രാധാന്യം നൽകുന്ന തരത്തിലാണ് ആവിഷ്കരിച്ചിട്ടുള്ളത്. അതിനാൽ പ്രസ്തുത ജോബ് റോളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ

മേഖലകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിന് ധാരാളം അവസരങ്ങൾ ലഭ്യമാണ്. 80 മണിക്കൂർ ഓൺ ദി ജോബ് പരിശീലനം, പ്രാദേശിക തൊഴിൽ വിദഗ്ധരുമായുള്ള സംവാദങ്ങൾ, തൊഴിൽശാലസന്ദർശനം എന്നിവയും പ്രസ്തുത ജോബ്റോളുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ എല്ലാ വർഷവും വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗം നടത്തിവരുന്ന വൊക്കേഷണൽ എക്സ്പോ വഴിയും കുട്ടികൾക്ക് തൊഴിൽ മേഖലകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിനും അപ്രന്റീസ്ഷിപ്പ് പരിശീലനത്തിനും തൊഴിൽ പ്രാപ്യതയ്ക്കുമുള്ള അവസരങ്ങൾ ലഭ്യമാകുന്നുണ്ട്.

**വിദ്യാർത്ഥി കേന്ദ്രീകൃത മൂല്യനിർണ്ണയ സംവിധാനം**

176(5062)ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസത്തിലൂടെ നേടുന്ന ഗുണപരമായ മികവുകൾ കുട്ടികളേയും സമൂഹത്തേയും ബോധ്യപ്പെടുത്തേണ്ടതിന്റെയും ആയത്

വിലയിരുത്തി പഠന പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെയും ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

പൊതുവിദ്യാഭ്യാസത്തിലൂടെ നേടുന്ന ഗുണപരമായ മികവുകൾ കുട്ടികളെയും സമൂഹത്തെയും ബോധ്യപ്പെടുത്തേണ്ടതുണ്ട്. വിദ്യാർത്ഥികളുടെ പഠനമികവുകൾ സമൂഹത്തിനുമുന്നിൽ അവതരിപ്പിക്കാനുതകുന്ന മികവുത്സവം, പഠനോത്സവങ്ങൾ, സമൂഹത്തിലേക്കിറങ്ങി ചെന്നുള്ള കോർണർ എന്നിവയും പി.ടി.എ.-കളും അതിന്റെ ഭാഗമായി നിലവിൽ നടന്നുവരുന്നുണ്ട്.

(ബി) വിദ്യാർത്ഥികളുടെ കഴിവുകളും താൽപ്പര്യങ്ങളും മനസ്സിലാക്കി അവരുടെ വളർച്ച അനുസൃതം ട്രാക്ക് ചെയ്യാനും അതിനനുസൃതമായി അവരുടെ അഭിരുചി മേഖലകൾ തെരഞ്ഞെടുക്കാനും സഹായകരമാകുന്ന രീതിയിലുള്ള മൂല്യനിർണ്ണയ സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

വിദ്യാർത്ഥികളുടെ കഴിവുകളും താൽപ്പര്യങ്ങളും മനസ്സിലാക്കി അവരുടെ വളർച്ച അനസ്യൂതം ട്രാക്ക് ചെയ്യാനുതകുന്ന തരത്തിലാണ് 'സഹിതം' മെന്ററിംഗ് പോർട്ടൽ രൂപീകരിച്ചിട്ടുള്ളത്. സഹിതം മെന്ററിംഗ് പോർട്ടറിലൂടെ ഓരോ അദ്ധ്യാപകനും/അദ്ധ്യാപികയ്ക്കും കുട്ടികളുടെ മെന്ററാകാനും കുട്ടികളുടെ മികവുകളും പോരായ്മകളും തിരിച്ചറിഞ്ഞ് കൃത്യമായ ആസൂത്രണത്തോടെ പഠിതാക്കളെ പിന്തുണയ്ക്കാനും കഴിയും. കുട്ടികളെ നിരന്തരമായ സ്നേഹോഷ്മള ബന്ധത്തോടെ നിരീക്ഷിക്കുക, നിരന്തരമായി മനസ്സിലാക്കുക, കൃത്യമായ ആസൂത്രണത്തോടെ പിന്തുണയ്ക്കുക എന്ന പ്രക്രിയയാണ് മെന്ററിംഗിലൂടെ നടക്കുന്നത്. അടുത്ത അധ്യയന വർഷം മുതൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും 'സഹിതം' പോർട്ടലിലൂടെയുള്ള വിലയിരുത്തൽ സംവിധാനം പ്രാബല്യത്തിൽ വരും.

(സി) ഓരോ പഠിതാവിനെയും കൃത്യമായി മനസ്സിലാക്കി അവരുടെ പഠന നിലവാരം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിലാക്കുന്നത്; വിശദമാക്കുമോ?

ഓരോ പഠിതാവിനെയും കൃത്യമായി മനസ്സിലാക്കി അവരുടെ പഠനനിലവാരം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായുള്ള പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതിയാണ് സഹിതം പോർട്ടൽ. രക്ഷിതാവ് കുട്ടികളെ സ്നേഹിക്കുന്നപോലെ അവരെ സ്നേഹിക്കുകയും നിരീക്ഷണങ്ങളിലൂടെ അവരുടെ ശക്തി ദൗർബല്യങ്ങൾ കണ്ടെത്തി മനസ്സിലാക്കുകയും സർവ്വോന്മുഖമായ വളർച്ചയ്ക്ക് ആവശ്യമായ കൈത്താങ്ങ് നൽകുകയും ചെയ്യുക എന്നതാണ് മെന്ററിന്റെ കടമ. സഹിതം മെന്ററിംഗ് പോർട്ടലിൽനിന്നും കുട്ടികളുടെ വിവരങ്ങളും വിവിധ മേഖലയിലുള്ള സൂചകങ്ങൾ ഉപയോഗിച്ചുള്ള വിലയിരുത്തലുകളും പ്രൊഫൈലിൽ ചേർത്തതിനുശേഷം കുട്ടിയുടെ ഡിജിറ്റൽ വ്യക്തി വിവരരേഖ റിപ്പോർട്ട് കാണാനും അത് സേവ് ചെയ്ത് ആവശ്യാനുസരണം പ്രിന്റെടുക്കാനും കഴിയും. ഓരോ പഠിതാവിനെയും മനസ്സിലാക്കി അവരുടെ പഠന നിലവാരം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ചുവടെപ്പറയുന്ന പ്രവർത്തനങ്ങൾ എസ്.എസ്.കെ. നടപ്പിലാക്കുന്നു.

1) എല്ലാ സ്കൂളുകളും സ്കൂൾ-ക്ലാസ്തല-വ്യക്തിഗത അക്കാദമിക മാസ്റ്റർ പ്ലാനുകൾ അദ്ധ്യാപകരുടെയും വിദഗ്ധരുടെയും പി.ടി.എ./എസ്.എം.സി. അംഗങ്ങളുടെയും കൂട്ടായ്മയിലൂടെയും തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിച്ച് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്യുന്നു.

2) പഠന പ്രയാസം നേരിടുന്ന കുട്ടികൾക്ക് അത് പരിഹരിക്കുന്നതിന് ഭാഷയിലും വിഷയങ്ങളിലും പഠന പോഷണ പരിപാടികൾ നടപ്പിലാക്കിവരുന്നു.

3) ഭിന്നശേഷി വിഭാഗം കുട്ടികൾക്കായി പ്രത്യേക അക്കാദമിക പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

4) പ്രവർത്തനാധിഷ്ഠിത പഠനത്തിന് ഊന്നൽ നൽകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

5) ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായുള്ള മെന്ററിംഗ് പ്രവർത്തനങ്ങൾ കുട്ടികൾക്കായി സംഘടിപ്പിക്കുന്നു.

6) കുട്ടികൾക്കായി നൂതനാശയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

7) ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ പ്രത്യേകം പരിപാടികൾ നടപ്പിലാക്കുന്നു.

(ഡി) പൊതുപരീക്ഷയിൽ കുട്ടികൾ നേരിടുന്ന പ്രയാസങ്ങൾ കണ്ടെത്തുന്നതിനും പൊതുപരീക്ഷ ചോദ്യപേപ്പർ മെച്ചപ്പെടുത്തുന്നതിനുമായി കുട്ടികളിൽനിന്ന് നിർദ്ദേശങ്ങൾ ശേഖരിക്കുന്നതിനും ഉദ്ദേശ്യമുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പൊതുപരീക്ഷയിൽ കുട്ടികൾ നേരിടുന്ന പ്രയാസങ്ങൾ കണ്ടെത്തുന്നതിനും പൊതുപരീക്ഷ ചോദ്യപേപ്പർ മെച്ചപ്പെടുത്തുന്നതിനുമായി കുട്ടികളിൽനിന്ന് നിർദ്ദേശങ്ങൾ ശേഖരിക്കുന്നതിനുവേണ്ടി എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ ഒരു പ്രതിഫലനാത്മക പഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിലെ കണ്ടെത്തലുകൾ ചോദ്യപേപ്പർ തയ്യാറാക്കുന്ന വേളയിൽ പരിഗണിച്ചുവരുന്നു.

**പ്രീ പ്രൈമറി സ്കൂൾ വിദ്യാഭ്യാസത്തിന് ഏകീകൃത മാനദണ്ഡം**

177(5063) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ പ്രവേശന പ്രായം ആറ് വയസ്സാക്കണമെന്ന ദേശീയ വിദ്യാഭ്യാസ നയമനുസരിച്ചുള്ള കേന്ദ്ര സർക്കാർ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരളത്തിലെ പ്രീ സ്കൂൾ വിദ്യാഭ്യാസം വിപുലമാണെങ്കിലും അതിന് ഒരു ഏകീകൃത സ്വഭാവമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പ്, വനിതാ ശിശുവികസന വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, സ്വകാര്യ വ്യക്തികൾ, വിവിധ സംഘടനകൾ എന്നിവരുടെ നേതൃത്വത്തിലാണ് പ്രീ-സ്കൂൾ വിദ്യാഭ്യാസം നടന്നുവരുന്നത്. പ്രീ-സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഏകീകരണത്തിനും വിവിധ വകുപ്പുകളുടെ ഏകോപനത്തിനുമായി വിവിധ ശ്രമങ്ങൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടന്നിട്ടുണ്ട്. പ്രീ-സ്കൂൾ ഏകീകരണ പാഠ്യപദ്ധതി (2014) എസ്.സി.ഇ.ആർ.റ്റി. പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2017-ൽ

എസ്.സി.ഇ.ആർ.റ്റി. നാഷണൽ കൺസൾട്ടേറ്റീവ് വർക്ക്ഷോപ്പ് സംഘടിപ്പിക്കുകയും തുടർ പ്രവർത്തനങ്ങൾക്കായി ശിപാർശ അടങ്ങിയ റിപ്പോർട്ട് തയ്യാറാക്കിയിട്ടുമുണ്ട്. പ്രീ-പ്രൈമറിയിലെ നയ രൂപീകരണത്തിനായി സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) പ്രീ സ്കൂൾ ഘട്ടം അഞ്ച് വയസ്സിൽ പൂർത്തിയാക്കി കുട്ടികൾ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടുന്ന കേരളത്തിലെ നിലവിലെ അവസ്ഥ കേന്ദ്ര നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

2020-ലെ ദേശീയ വിദ്യാഭ്യാസ നയം കേരളത്തിൽ നടപ്പിലാക്കുന്ന മുറയ്ക്ക് പ്രീ-സ്കൂൾ അഞ്ച് വയസ്സിൽ പൂർത്തിയാക്കി കുട്ടികൾ ഒന്നാംക്ലാസിൽ പ്രവേശിക്കുന്ന നിലവിലെ അവസ്ഥയ്ക്ക് മാറ്റംവരുത്തുന്ന വിഷയം പരിശോധിക്കുന്നതാണ്.

(ഡി) സംസ്ഥാനത്തെ പ്രീ പ്രൈമറി വിദ്യാഭ്യാസത്തിന് പാഠപുസ്തകം, അധ്യാപക യോഗ്യത, നിയമനം, പഠന കാലാവധി എന്നിവയിൽ കൃത്യമായ മാനദണ്ഡമുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

2014-ൽ തയ്യാറാക്കിയ പ്രീ-സ്കൂൾ പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ അദ്ധ്യാപക സഹായിയായ കളിപ്പാട്ടം, കുട്ടികൾക്കുള്ള പ്രവർത്തന പുസ്തകമായ കളിത്തോണി എന്നിവ എസ്.സി.ഇ.ആർ.റ്റി.-യുടെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ അദ്ധ്യാപകർക്കും ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും പരിശീലനവും നൽകിയിട്ടുണ്ട്.

2001 വരെ പ്രീ-പ്രൈമറി അദ്ധ്യാപകരാകുന്നതിനുള്ള യോഗ്യത എസ്.എസ്.എൽ.സി.-യും ഒരു വർഷത്തെ സർക്കാർ അംഗീകൃത പി.പി.റ്റി.ഐ.-യിൽ നിന്നുള്ള വിജയകരമായ പരിശീലനം, സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ശിശുക്ഷേമ സമിതികൾ നടത്തുന്ന ഒരു വർഷത്തെ ബാലസേവികാ ട്രെയിനിംഗ് കോഴ്സ്/ചൈൽഡ് കെയർ വർക്കേഴ്സ് പ്രോഗ്രാം (2012-13 വരെ) എന്നിവ അദ്ധ്യാപക യോഗ്യതയായി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 2004-നുശേഷം പ്ലസ് ടു/പ്രീ-ഡിഗ്രിയും രണ്ട് വർഷ

നഴ്സറി ടീച്ചർ എജ്യൂക്കേഷൻ കോഴ്സ്, 2013-14 മുതൽ സാമൂഹ്യനീതി വകുപ്പിന്റെ 2 വർഷത്തെ ചൈൽഡ് കെയർ വർക്കേഴ്സ് പ്രോഗ്രാമും യോഗ്യതയായി അംഗീകരിച്ചിട്ടുണ്ട്.

സർക്കാർ പ്രീ-പ്രൈമറികളിൽ പി.എസ്.സി. വഴി നിയമനം നടക്കുന്നു. കൂടാതെ പി.ടി.എ.-കളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി സ്കൂളുകളിൽ മേൽപ്പറഞ്ഞ യോഗ്യതയുള്ളവരെ പി.ടി.എ.-യുടെ നിയന്ത്രണത്തിൽ താത്കാലികമായി നിയമിക്കുന്നു. നിലവിൽ സംസ്ഥാനത്ത് 5 വയസ്സ് ഒന്നാം ക്ലാസ് പ്രവേശന പ്രായമായി നിശ്ചയിച്ചിട്ടുള്ളതിനാൽ 3 വയസ്സ്, 4 വയസ്സ് എന്നിങ്ങനെ രണ്ട് പ്രായ ഗ്രൂപ്പുകളായി പ്രീ-സ്കൂൾ വിദ്യാഭ്യാസം കേരളത്തിൽ നടന്നുവരുന്നു.

**പുതുപ്പണം നോർത്ത് എസ്.ബി. സ്കൂൾ നവീകരണം**

178(5064) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര നിയോജകമണ്ഡലത്തിലെ പുതുപ്പണം നോർത്ത് എസ്.ബി. സ്കൂൾ കെട്ടിടത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തതുമൂലം

സമീപത്തെ മദ്രസ കെട്ടിടം വാടകയ്ക്കെടുത്ത് ക്ലാസുകൾ നടത്തുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സ്കൂൾ കെട്ടിടത്തിന് ഫിറ്റ്നസ് ലഭിക്കാത്തതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; പുതുതായി വാടകയ്ക്കെടുത്ത കെട്ടിടത്തിന്റെ വാടകത്തുക ആരിൽ നിന്നാണ് ഈടാക്കുന്നതെന്ന് വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത സ്കൂൾ കെട്ടിടം ഭാഗികമായി പൊളിച്ചുമാറ്റിയതിനാലാണ് ഫിറ്റ്നസ് ലഭിക്കാത്തത്. പുതുതായി വാടകയ്ക്കെടുത്ത കെട്ടിടത്തിന്റെ വാടകത്തുക സ്കൂൾ അദ്ധ്യാപകരാണ് നൽകിവരുന്നത്.

(സി) സ്കൂൾ വളപ്പിനുള്ളിൽ എം.എൽ.എ. ഫണ്ടുപയോഗിച്ച് സ്മാർട്ട് ക്ലാസ്സ് റൂം, കിണർ എന്നിവയും നഗരസഭയുടെ ഫണ്ടുപയോഗിച്ച് മാലിന്യ സംസ്കരണ പ്ലാന്റും നിർമ്മിച്ചിട്ടുണ്ടോ; ഇവ കൂടാതെ മറ്റേതെല്ലാം സർക്കാർ ഫണ്ടുകളാണ് പ്രസ്തുത സ്കൂളിനായി നാളിതുവരെ ചെലവാക്കിയിട്ടുള്ളതെന്നും ഓരോന്നിന്റെ അനുമതി ഉത്തരവുകളും ലഭ്യമാക്കുമോ?

ഉണ്ട്. ഇത് ഒരു സർക്കാർ എയ്ഡഡ് സ്കൂളായതിനാൽ വകുപ്പ് പ്ലാൻ ഫണ്ട്, ചലഞ്ച് ഫണ്ട്, കിഫ്ബി തുടങ്ങിയ സർക്കാർ ഫണ്ടുകൾ ടി സ്കൂളിന് അനുവദിച്ചിട്ടില്ല.

(ഡി) സ്കൂൾ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള സ്കൂൾ സംരക്ഷണ സമിതിയുടെ കത്ത് എം.എൽ.എ.-യുടെ കത്ത് സഹിതം സർക്കാരിന് ലഭിച്ചത് എന്നാണെന്നും ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദാംശവും ലഭ്യമാക്കുമോ?

സ്കൂൾ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള സ്കൂൾ സംരക്ഷണ സമിതിയുടെ കത്ത് എം.എൽ.എ.-യുടെ കത്ത് സഹിതം 29-11-2021 -ലാണ് സർക്കാരിൽ ലഭിച്ചത്. ആയതിന്മേലുള്ള റിപ്പോർട്ട് സമർപ്പിക്കുവാൻ അന്നേദിവസം തന്നെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. 25-11-2022-ൽ പ്രസ്തുത റിപ്പോർട്ട് ഡയറക്ടറിൽനിന്നും ലഭ്യമാകുകയും ആയത് സർക്കാർ പരിശോധിച്ചുവരികയും ചെയ്യുന്നു.

(ഇ) പ്രസ്തുത അപേക്ഷ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള വിവിധ ഓഫീസുകളിൽ ആരംഭിച്ചിട്ടുള്ള ഫയലുകളുടെ നമ്പറുകളും അവ ആരംഭിച്ച ഓഫീസും തീയതിയും ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ;

(എഫ്) പ്രസ്തുത ഫയലുകൾ ഏതൊക്കെ സീറ്റുകളിൽ എന്ന് മുതൽ എന്നുവരെ കൈവശം വച്ചിരുന്നുവെന്നും പ്രസ്തുത വിഷയത്തിന്മേൽ മുന്നോട്ടുള്ള നടപടി നിലവിൽ ഏതു വിഭാഗത്തിൽ നിന്നുമാണ് സ്വീകരിക്കാനുള്ളതെന്നും അറിയിക്കുമോ;

(ജി) സ്കൂൾ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ലഭിച്ച് ഒരു വർഷത്തിലേറെ ആയിട്ടും പ്രസ്തുത അപേക്ഷയിന്മേൽ നടപടികൾ പൂർത്തിയാക്കാത്തതിനുള്ള കാരണങ്ങൾ അറിയിക്കുമോ?

(ഇ-ജി) പ്രസ്തുത അപേക്ഷ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളിൽ ആരംഭിച്ചിട്ടുള്ള ഫയലുകളുടെ നമ്പറുകളും അവ ആരംഭിച്ച ഓഫീസും തീയതിയും ഉൾപ്പെടെയുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

1) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ W1 സീറ്റിൽ DGE/14744/2021-W1 നമ്പർ ഫയൽ 19-12-2021-ന് ആരംഭിച്ച് ഇപ്പോഴും നിലവിലുണ്ട്.

2) കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലെ B3 സീറ്റിൽ B3/4605/2022 നമ്പർ ഫയൽ 23-12-2022-ന് ആരംഭിച്ച് 16-01-2023-ന് ക്ലോസ് ചെയ്തു.

3) വടകര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ B1 സീറ്റിൽ ബി/1248/2021 നമ്പർ ഫയൽ 06-07-2021-ന് ആരംഭിച്ച് ഇപ്പോഴും നിലവിലുണ്ട്.

സ്കൂൾ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള സ്കൂൾ സംരക്ഷണ സമിതിയുടെ കത്ത് എം.എൽ.എ.-യുടെ കത്ത് സഹിതം 29-11-2021-ലാണ് സർക്കാരിൽ ലഭിച്ചത്. ആയതിന്മേലുള്ള റിപ്പോർട്ട് സമർപ്പിക്കുവാൻ അന്നേദിവസംതന്നെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. 25-11-2022-ൽ പ്രസ്തുത റിപ്പോർട്ട് ഡയറക്ടറിൽനിന്നും ലഭ്യമാകുകയും ആയത് സർക്കാർ പരിശോധിച്ചുവരികയും ചെയ്യുന്നു.

**പുതുപ്പാടി കൈതപ്പൊയിൽ ജി.എം.യു.പി. സ്കൂളിന്റെ നിർമ്മാണ പുരോഗതി**

179(5065) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന പുതുപ്പാടി പഞ്ചായത്തിലെ കൈതപ്പൊയിൽ ജി.എം.യു.പി. സ്കൂളിന്റെ നിർമ്മാണ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കുമോ?

1 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന പുതുപ്പാടി പഞ്ചായത്തിലെ കൈതപ്പൊയിൽ ജി.എം.യു.പി. സ്കൂളിന്റെ നിർമ്മാണം 92 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഡി.പി.ആർ.-ൽനിന്നും വ്യത്യസ്തമായി നിർമ്മാണ സമയത്ത് വന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പ്രവൃത്തിക്ക് ഡി.പി.ആർ.-ൽനിന്നും വ്യത്യസ്തമായി നിർമ്മാണ സമയത്ത് മാറ്റങ്ങൾവന്നു. നിലവിലുള്ള earth work, quarry muck, hand rail എന്നിവ 25 ശതമാനം നിലവിലുള്ള അളവിനേക്കാളും അധികരിച്ചതിനാലും

electrical 7 item extra വന്നതിനാലും പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതായി വന്നതായി കില അറിയിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ മാറ്റങ്ങൾ ഉൾപ്പെടുത്തിയുള്ള പുതുക്കിയ എസ്റ്റിമേറ്റ് കില പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത പ്രവൃത്തിയിൽ, ഭേദഗതി വന്നവയ്ക്ക് അനുമതി നൽകുന്നതിലെ കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

കൈതപ്പൊയിൽ ജി.എം.യു.പി. സ്കൂൾ കോവിഡ് ഡൊമസ്റ്റിക് കെയർ സെന്റർ (DCC) ആയി പ്രവർത്തിച്ചതിനാലും അതിവർഷം കാരണവും ഏകദേശം 3 മാസം പ്രവൃത്തികൾ നിർത്തിവയ്ക്കേണ്ടതായി വന്നിട്ടുള്ളതിനാലുമാണ് നിർമ്മാണത്തിന് കാലതാമസം നേരിട്ടതെന്ന് കിലയിൽനിന്നും അറിയിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രവൃത്തിയുടെ റിവിഷൻ എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയത് പരിശോധിച്ചുവരുന്നു. എത്രയും വേഗം അംഗീകാരം നൽകാൻ കഴിയുമെന്നാണ് കില അറിയിച്ചിട്ടുള്ളത്.

## സംസ്ഥാനത്തെ സ്കൂളുകളിലെ ഇതര സംസ്ഥാന വിദ്യാർത്ഥികൾ

180(5066) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ (ഹയർ സെക്കൻഡറി സ്കൂളുകളിലുൾപ്പെടെ) കേരളീയരല്ലാത്ത എത്ര വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ടെന്ന് ജില്ല തിരിച്ച് എണ്ണം വ്യക്തമാക്കുമോ?

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ (ഒന്നു മുതൽ 10 വരെ) പഠനം നടത്തുന്ന കേരളീയരല്ലാത്ത വിദ്യാർത്ഥികളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ലകൾ | കേരളീയരല്ലാത്ത വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 587 |
| 2 | കൊല്ലം | 597 |
| 3 | പത്തനംതിട്ട | 195 |
| 4 | ആലപ്പുഴ | 439 |
| 5 | കോട്ടയം | 802 |
| 6 | ഇടുക്കി | 934 |
| 7 | എറണാകുളം | 5636 |

| | | |
|---|---|---|
| 8 | തൃശ്ശൂർ | 1485 |
| 9 | പാലക്കാട് | 507 |
| 10 | കോഴിക്കോട് | 1359 |
| 11 | മലപ്പുറം | 1312 |
| 12 | വയനാട് | 243 |
| 13 | കണ്ണൂർ | 912 |
| 14 | കാസർഗോഡ് | 1307 |
| | ആകെ | 16315 |

സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ പഠിക്കുന്ന കേരളീയരല്ലാത്ത വിദ്യാർത്ഥികളുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത വിദ്യാർത്ഥികൾ ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നുമുള്ള കുട്ടികളാണെന്ന് ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ?

പ്രസ്തുത വിദ്യാർത്ഥികൾ (1 മുതൽ 10 വരെ) ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നുമുള്ള കുട്ടികളാണെന്നുള്ള ജില്ല തിരിച്ചുള്ള വിശദാംശം ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഹയർ സെക്കണ്ടറി വിഭാഗം കുട്ടികളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു+.

**ഗുരുവായൂർ മണ്ഡലത്തിലെ കിച്ചൺ കം സ്റ്റോർ പദ്ധതി**

181(5067) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിച്ചൺ-കം-സ്റ്റോർ പദ്ധതിപ്രകാരം ഗുരുവായൂർ മണ്ഡലത്തിൽ അനുമതി നൽകിയ സ്കൂളുകളുടെ വിശദാംശം അറിയിക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കിച്ചൺ കം സ്റ്റോർ പദ്ധതിപ്രകാരം ഗുരുവായൂർ മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന 29 സ്കൂളുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. ടി സ്കൂളുകളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു+. ഉപജില്ലാടിസ്ഥാനത്തിലാണ് സ്കൂളുകളെ ടി പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട് തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള പൊതുവായ ഉത്തരവുകളുടെ ഭാഗമായാണ് ടി നിയമസഭാ മണ്ഡലത്തിന്റെ പരിധിയിലുള്ള ബന്ധപ്പെട്ട

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്കൂളുകളും വരുന്നത്. ടി ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) മണ്ഡലത്തിൽ പ്രസ്തുത പദ്ധതിപ്രകാരം നിർമ്മാണം പൂർത്തീകരിച്ച സ്കൂളുകളുടെ വിശദാംശം നൽകുമോ?

മണ്ഡലത്തിൽ പ്രസ്തുത പദ്ധതിപ്രകാരം നിർമ്മാണം പൂർത്തീകരിച്ച സ്കൂളുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) സെന്റ് മേരീസ് എൽ.പി.എസ്. ഏങ്ങണ്ടിയൂർ

2) സെന്റ് തോമസ് എൽ.പി.എസ്. ഏങ്ങണ്ടിയൂർ

3) ടി.എൻ.എൽ.പി.എസ്. ഏങ്ങണ്ടിയൂർ

4) എസ്.എൻ.യു.പി.എസ്. കുണ്ടഴിയൂർ

(സി) പ്രസ്തുത പദ്ധതിപ്രകാരം ട്രഷറിയിൽ അഡ്വാൻസ് ബിൽ സമർപ്പിച്ച് തുക ലഭ്യമാകാത്ത സ്കൂളുകളുടെ വിശദവിവരം നൽകുമോ?

പ്രസ്തുത പദ്ധതിപ്രകാരം ട്രഷറിയിൽ അഡ്വാൻസ് ബില്ല് സമർപ്പിച്ച് തുക ലഭ്യമാകാത്ത സ്കൂളുകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ആലപ്പുഴ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി**

182(5068) **ശ്രീ. പി. പി. ചിത്തരഞ്ജൻ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആലപ്പുഴ നിയോജകമണ്ഡലത്തിൽ 2016 മേയ് മുതൽ നടപ്പിലാക്കിവരുന്ന നിർമ്മാണ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പ്രസ്തുത മണ്ഡലത്തിൽ കിഫ്ബി, പ്ലാൻ ഫണ്ട്, എം.എൽ.എ. ആസ്തി വികസന ഫണ്ട്, ബഡ്ജറ്റ് ഫണ്ട് എന്നിവ ഉപയോഗിച്ച് പൊതുവിദ്യാഭ്യാസ മേഖലയിൽ പൂർത്തിയാക്കിയതും പൂർത്തിയാക്കാനുള്ളതുമായ വിവിധ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ലഭ്യമാക്കാമോ?

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആലപ്പുഴ നിയോജകമണ്ഡലത്തിൽ 2016 മേയ് മുതൽ നടപ്പിലാക്കിവരുന്ന കിഫ്ബി ഫണ്ടിലുൾപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

5 കോടി കിഫ്ബി പദ്ധതി

5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട കലവൂർ GHSS-ന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

3 കോടി കിഫ്ബി പദ്ധതി

3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട മണ്ണഞ്ചേരി GHSS, GHS പൊള്ളേത്തൈ, SMGHSS എസ്.എൽ.പുരം എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. GVHSS ആര്യാട് സ്കൂളിന്റെ നിർമ്മാണ നടപടികൾ പുതുക്കിയ ഡി.എസ്.ആർ./ജി.എസ്.ടി. നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുന്നു. അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ നടപടികൾ സ്വീകരിക്കുന്നതാണ്.

1 കോടി കിഫ്ബി പദ്ധതി

1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട GGHSS ആലപ്പുഴ സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

GUPS തമ്പകച്ചുവട് സ്കൂളിന്റെ DPR കിഫ്ബി അംഗീകരിച്ചു. പുതുക്കിയ DSR/GST നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി. കിഫ്ബിയുടെ സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ നടപടികൾ സ്വീകരിക്കുന്നതാണ്.

SCMVGUPS ചെട്ടിക്കാട് സ്കൂളിന് DPR തയ്യാറായി. Coverage issue ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. പരിഹരിക്കുന്നതിനുള്ള ശ്രമം നടക്കുന്നു.

(സി) ആലപ്പുഴ മണ്ഡലത്തിൽ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നിവയുടെ പ്ലാൻ ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശവും ഭരണാനുമതി നൽകിയിട്ടുള്ളവയുടെ പകർപ്പും നിലവിലെ സ്ഥിതിയും ലഭ്യമാക്കാമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിലെ വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം സ്കൂളുകൾക്ക് നിർമ്മാണ പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടില്ല. ഹയർ സെക്കണ്ടറി വിഭാഗത്തിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ജി.എച്ച്.എസ്.എസ്., എസ്.എൽ.പുരം സ്കൂളിന് 150 ലക്ഷം

രൂപയുടെ ഭരണാനുമതി അനുവദിച്ചിട്ടുണ്ട്. നിർമ്മാണം ആരംഭിച്ചിട്ടില്ല. ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു+.

**പോങ്ങനാട് ഗവൺമെന്റ് ഹൈസ്കൂൾ കെട്ടിട നിർമ്മാണം**

183(5069) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പോങ്ങനാട് ഗവൺമെന്റ് ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് വിശദമാക്കുമോ?

പോങ്ങനാട് ഗവൺമെന്റ് ഹൈസ്കൂളിൽ കെട്ടിടം നിർമ്മിക്കുവാൻ ഒരു കോടിരൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. സ്കൂളിന് KMBR Coverage issue ഉള്ളതായി റിപ്പോർട്ട് ലഭിച്ചതിനാൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**നബാർഡ് റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് പദ്ധതികൾ**

184(5070) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) നബാർഡ് റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് (ആർ.ഐ.ഡി.എഫ്.) പദ്ധതിയിൽ ഉൾപ്പെടുത്തി 2022-23 കാലയളവിൽ ഏതെല്ലാം പദ്ധതികൾക്ക് വിദ്യാഭ്യാസ വകുപ്പിൽ അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

2022-23 കാലയളവിൽ നബാർഡ് റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് (ആർ.ഐ.ഡി.എഫ്.) പദ്ധതിയിൽ വിദ്യാഭ്യാസ വകുപ്പിലെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തുന്നതിനായി പുനലൂർ മണ്ഡലത്തിൽനിന്നും 2022-23 കാലയളവിൽ ഏതെങ്കിലും പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

നബാർഡ് റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് (ആർ.ഐ.ഡി.എഫ്.) പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 2022-23 കാലയളവിൽ പുനലൂർ മണ്ഡലത്തിൽനിന്നും പ്രൊപ്പോസലുകൾ ലഭിച്ചിട്ടില്ല.

**വക്കം ഗവൺമെന്റ് ഹൈസ്കൂൾ കെട്ടിട നിർമ്മാണം**

185(5071) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വക്കം ഗവൺമെന്റ് ഹൈസ്കൂളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

വക്കം ഗവൺമെന്റ് ഹൈസ്കൂളിൽ കെട്ടിടം നിർമ്മിക്കുന്നതിന് ഒരു കോടിരൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്. നിർവ്വഹണ ഏജൻസിയായ കില സാങ്കേതികാനുമതി ലഭ്യമാക്കുകയും ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അനുമതിക്കായി നൽകുകയും ചെയ്തിട്ടുണ്ട്.

ജില്ലാ പഞ്ചായത്ത് അനുവദിച്ച 40 ലക്ഷംരൂപ വിനിയോഗിച്ചുള്ള കെട്ടിട നിർമ്മാണം അടുത്ത അധ്യയന വർഷത്തിനുമുമ്പ് പൂർത്തിയാകും.

**ചിറ്റൂർ സ്കൂൾ കെട്ടിട നിർമ്മാണം**

186(5072) ശ്രീ. മാത്യു ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ ബഡ്ജറ്റിൽ അനുമതി നൽകി 20 ശതമാനം ഫണ്ട് അനുവദിച്ച ചിറ്റൂർ ഗവൺമെന്റ് എൽ.പി. സ്കൂൾ, ചിറ്റൂർ ടെക്നിക്കൽ

ഹയർ സെക്കണ്ടറി സ്കൂൾ എന്നീ കെട്ടിട നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് വകുപ്പുതലത്തിൽ യാതൊരു നടപടിയും സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി സ്കൂൾ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതിക്കുള്ള പ്രൊപ്പോസലുകൾ അടിയന്തരമായി തയ്യാറാക്കി സമർപ്പിക്കുവാൻ എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും 03-06-2022-ൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ചിറ്റൂർ ഗവൺമെന്റ് എൽ.പി. സ്കൂൾ, ചിറ്റൂർ ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂൾ എന്നീ സ്കൂളുകളിൽ കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല.

(ബി) പ്രസ്തുത പ്രവൃത്തികൾ അടിയന്തര പ്രാധാന്യത്തോടെ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

അടിയന്തര നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുന്നതാണ്.

**നാദാപുരം ഗവൺമെന്റ് യു.പി. സ്കൂൾ കെട്ടിട നിർമ്മാണം**

187(5073) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടുപയോഗിച്ച് നടത്തുന്ന നാദാപുരം ഗവൺമെന്റ് യു.പി. സ്കൂൾ കെട്ടിട നിർമ്മാണത്തിനായി വകുപ്പ് നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ നിർവ്വഹണ ഏജൻസിയായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യുവാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

(എ&ബി) 3 കോടി രൂപ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണത്തിനായി തുക അനുവദിച്ച നാദാപുരം ഗവ. യു.പി. സ്കൂളിന്റെ ഡി.പി.ആർ. കില തയ്യാറാക്കി. ഫീസിബിലിറ്റി സ്റ്റഡി നടത്തി. പുതുക്കിയ ഡി.എസ്.ആർ./ജി.എസ്.ടി. നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയിൽനിന്നും സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. കില Project Execution Document (PED) തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിരുന്നു.

അതിൽ ചില ഭേദഗതികൾ നിർദ്ദേശിച്ചതനുസരിച്ച് തിരുത്തലുകൾ വരുത്തി ഉടനെ കിഫ്ബിക്ക് സമർപ്പിക്കുന്നതാണെന്ന് കില അറിയിച്ചിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ചാത്തന്നൂർ മണ്ഡലത്തിലെ സ്കൂളുകളുടെ കെട്ടിട നിർമ്മാണം**

188(5074) **ശ്രീ. ജി. എസ്. ജയലാൽ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 2017-18-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി മൂന്ന് കോടിരൂപ വീതം അനുവദിച്ച ചാത്തന്നൂർ മണ്ഡലത്തിലെ ചിറക്കര ഗവൺമെന്റ് ഹൈസ്കൂൾ, തെക്കുംഭാഗം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ എന്നിവയുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 2017-18-ലെ ബഡ്ജറ്റിലുൾപ്പെടുത്തി മൂന്ന്

കോടിരൂപ വീതം അനുവദിച്ച ചാത്തന്നൂർ മണ്ഡലത്തിലെ ചിറക്കര ഗവൺമെന്റ് ഹൈസ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കി പുതുക്കിയ ഡി.എസ്.ആർ./ജി.എസ്.ടി. നിരക്ക് പ്രകാരമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

പരവൂർ തെക്കുംഭാഗം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കിയിരുന്നു. കെട്ടിട നിർമ്മാണ ചട്ടലംഘനം (KMBR Violation) ഉള്ളതായി റിപ്പോർട്ട് ചെയ്തത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു കോടിരൂപ വീതം അനുവദിച്ച ചാത്തന്നൂർ മണ്ഡലത്തിലെ ഉളിയനാട് ഗവൺമെന്റ് ഹൈസ്കൂൾ, നെടുങ്ങോലം ഗവൺമെന്റ് ഹൈസ്കൂൾ, കോയിപ്പാട് ഗവൺമെന്റ് എൽ.പി. സ്കൂൾ എന്നിവയുടെ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നടപടികളിലെ പുരോഗതി വ്യക്തമാക്കാമോ?

അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു കോടി കിഫ്ബി പദ്ധതിയിൽ അനുവദിച്ച ചാത്തന്നൂർ മണ്ഡലത്തിലെ ഉളിയനാട് ഗവ. ഹൈസ്കൂൾ, നെടുങ്ങോലം ഗവ. ഹൈസ്കൂൾ എന്നീ സ്കൂളുകളുടെ പ്രൊപ്പോസലിൽ ഭേദഗതി വരുത്തേണ്ടതായിവന്നു. സാങ്കേതിക അനുമതിക്കായി സമർപ്പിച്ചിരിക്കുന്നു.

കോയിപ്പാട് ഗവ. എൽ.പി.എസ്. സ്കൂളിന്റെ നിർമ്മാണത്തിനുള്ള ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

(സി) ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട ഭൂതക്കുളം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ പുതിയ അഞ്ച് ക്ലാസ് മുറികൾ നിർമ്മിക്കുന്നതിന് കാലതാമസം വരുത്തിയവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ചാത്തന്നൂർ മണ്ഡലത്തിൽ ഉൾപ്പെട്ട ഭൂതക്കുളം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 3 കോടി രൂപ കിഫ്ബി ഫണ്ടിൽ അനുവദിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ എസ്.പി.വി.-യായ കൈറ്റ് പൂർത്തിയാക്കി സ്കൂൾ അധികൃതർക്ക് കൈമാറ്റം ചെയ്ത് നൽകിയിട്ടുണ്ട്.

കിഫ്ബി ഫണ്ടിലുൾപ്പെട്ട നിർമ്മാണത്തിന് കാലതാമസമുണ്ടായിട്ടില്ല.

**കൊട്ടുവഴന്നൂർ ഗവൺമെന്റ് എച്ച്.എസ്.എസ്.-ന് പുതിയ കെട്ടിടം**

189(5075) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മണ്ഡലത്തിലെ കൊട്ടുവഴന്നൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കൊട്ടുവഴന്നൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ 2019-20 സാമ്പത്തിക വർഷം 100 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

പ്രസ്തുത സ്കൂളിൽ മൂന്ന് കോടിരൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ കെട്ടിട നിർമ്മാണത്തിന് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. ഡി.പി.ആർ. കിഫ്ബി അനുമതിക്കായി നൽകിയിട്ടുണ്ട്.

**നൂറ് വർഷത്തിലധികം പഴക്കമുള്ള വിദ്യാലയങ്ങളുടെ നവീകരണം**

190(5076) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറ് വർഷത്തിലധികം പഴക്കമുള്ള സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളുടെ നവീകരണത്തിനായി വകുപ്പിന്റെ ആഭിമുഖ്യത്തിലോ കിഫ്ബി മുഖേനയോ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) നൂറ് വർഷത്തിലധികം പഴക്കമുള്ള ഏതെല്ലാം വിദ്യാലയങ്ങളാണ് ഹരിപ്പാട് മണ്ഡലത്തിലുള്ളതെന്നും അതിൽ ഏതെല്ലാം വിദ്യാലയങ്ങളെയാണ് പ്രസ്തുത പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്തിട്ടുള്ളതെന്നും അറിയിക്കാമോ?

നൂറ് വർഷത്തിലധികം പഴക്കമുള്ള താഴെപ്പറയുന്ന 40 വിദ്യാലയങ്ങളാണ് ഹരിപ്പാട് മണ്ഡലത്തിലുള്ളത്.

1. ജി.എൽ.പി.എസ്. പൊത്തപ്പള്ളി

2. ജി.എൽ.പി.എസ്. മംഗലം

3. എം.എൽ.പി.എസ്. ആറാട്ടുപുഴ

4. ജി.എൽ.പി.എസ്. ആത്മവിദ്യാസംഘം

5. കെ.കെ.കെ.എം.എൽ.പി.എസ്. കോമന

6. എൽ.പി.എസ്. കഞ്ഞിപ്പാടം

7. ജി.എൽ.പി.എസ്. പല്ലന

8. ജി.എൽ.പി.എസ്. കുമാരപുരം നോർത്ത്

9. ഇ.എ.എൽ.പി.എസ്. കുഴിക്കാട്

10. എസ്.എസ്.എൽ.പി.എസ്. കള്ളിക്കാട്

11. എസ്.എൻ.വി.എൽ.പി.എസ്. താമല്ലാക്കൽ

12. ഇ.എ.എൽ.പി.എസ്. എരിക്കാവ്

13. ജി.എൽ.പി.എസ്. കുമാരപുരം

14. ജി.എൽ.പി.എസ്. കരുവാറ്റ നോർത്ത്

15. ജി.എൽ.പി.എസ്. തൃക്കുന്നപ്പുഴ

16. ജി.എൽ.പി.എസ്. കരൂർ

17. ജി.എൽ.പി.എസ്. മുതുകുളം

18. ജി.എൽ.പി.എസ്. ഏവൂർ നോർത്ത്

19. ജി.എൽ.പി.എസ്. ചേപ്പാട് (സൗത്ത്)

20. ജി.വി.എൽ.പി.എസ്. ചിങ്ങോലി

21. ജി.എൽ.പി.എസ്. ചേപ്പാട്

22. കെ.എ.എം.യു.പി.എസ്. മുതുകുളം

23. ഡി.കെ.എൻ.എം.എൽ.പി.എസ്. ഹരിപ്പാട്

24. കുറുമ്പകര യു.പി.എസ്.

25. ജി.യു.പി.എസ്. കാർത്തികപ്പള്ളി

26. ജി.എൽ.പി.എസ്. കണിച്ചനല്ലൂർ

27. ജി.യു.പി.എസ്. മഹാദേവികാട്

28. നടുവട്ടം എൽ.പി.എസ്.

29. ചിങ്ങനല്ലൂർ എൽ.പി.എസ്.

30. ജി.എൽ.പി.എസ്. നടുവട്ടം

31. മുല്ലക്കര എൽ.പി.എസ്.

32. ജി.എൽ.പി.എസ്. പായിപ്പാട്

33. പായിപ്പാട് യു.പി.എസ്.

34. ജി.യു.പി.എസ്. വഴുതാനം

35. റ്റി.എം.എൽ.പി.എസ്. ഹരിപ്പാട്

36. ജി.യു.പി.എസ്. ഹരിപ്പാട്

37. പി.എം.ഡി.യു.പി.എസ്. ചേപ്പാട്

38. ജി.എൽ.പി.എസ്. പായിപ്പാട്

39. ജി.എച്ച്.എസ്. ഫോർ ബോയ്സ് ഹരിപ്പാട്

40. ജി.എച്ച്.എസ്. ഫോർ ഗേൾസ് ഹരിപ്പാട്

ഇതിൽ താഴെപ്പറയുന്ന 6 സ്കൂളുകളെയാണ് പേരിനോടുചേർത്തിട്ടുള്ള പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്തിട്ടുള്ളത്.

1. ജി.യു.പി.എസ്. കാർത്തികപ്പള്ളി - കിഫ്ബി

2. ജി.എൽ.പി.എസ്. കണിച്ചനല്ലൂർ - കിഫ്ബി

3. ജി.യു.പി.എസ്. നങ്ങ്യാർകുളങ്ങര - പ്ലാൻ ഫണ്ട്

4. ജി.എൽ.പി.എസ്. കരുർ - പ്ലാൻ ഫണ്ട്

5. ജി.എച്ച്.എസ്. ഫോർ ബോയ്സ് ഹരിപ്പാട്- കിഫ്ബി

6. ജി.എച്ച്.എസ്. ഫോർ ഗേൾസ് ഹരിപ്പാട് - കിഫ്ബി

**മാവേലിക്കര മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി**

191(5077) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി ഏതെല്ലാം സ്കൂളുകൾക്ക് എത്ര തുകയ്ക്ക് ഭരണാനുമതി നല്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിച്ചവ ഏതൊക്കെയെന്നും പൂർത്തീകരിക്കാത്തവ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

(എ&ബി) മാവേലിക്കര മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി ഭരണാനുമതി നൽകിയ സ്കൂളുകളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

5 കോടി കിഫ്ബി പദ്ധതി

5 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട മാവേലിക്കര ഗവ. ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു.

3 കോടി കിഫ്ബി പദ്ധതി

3 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട ചുനക്കര ജി.എച്ച്.എസ്.എസ്. നിർമ്മാണത്തിനുള്ള എസ്.പി.വി.-യായി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. നിലവിൽ നിർമ്മാണങ്ങൾക്ക് പുതുക്കിയ ഡി.എസ്.ആർ./ജി.എസ്.ടി. നിരക്കുകൾ ബാധകമായതിനാൽ പുതുക്കിയ നിരക്ക് പ്രകാരമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയുടെ സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ജി.കെ.കെ.എം. വള്ളിക്കുന്നം (ഇലിപ്പാകുളം) സ്കൂളിന്റെ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു.

1 കോടി കിഫ്ബി പദ്ധതി

1 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട ഗവ. എസ്.വി. എച്ച്.എസ്.എസ്. കുടശ്ശനാട്, ഗവ. വി.എച്ച്.എസ്.എസ്. മാവേലിക്കര എന്നീ സ്കൂളുകളുടെ നിർമ്മാണത്തിനുള്ള എസ്.പി.വി.-യായി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. നിലവിൽ നിർമ്മാണങ്ങൾക്ക് പുതുക്കിയ ഡി.എസ്.ആർ./ജി.എസ്.ടി. നിരക്കുകൾ ബാധകമായതിനാൽ പുതുക്കിയ നിരക്ക് പ്രകാരമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയുടെ സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടി സ്വീകരിക്കുന്നതാണ്.

ഗവ. എച്ച്.എസ്.എസ്. കുന്നം സ്കൂളിന്റെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ച് എഗ്രിമെന്റ് ഒപ്പുവച്ചു. നിർമ്മാണ നടപടികൾ സ്വീകരിച്ചുവരുന്നു.

**മലമ്പുഴ മണ്ഡലത്തിലെ സ്കൂളുകളുടെ നവീകരണം**

192(5078) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ട് വിനിയോഗിച്ച് മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾ നവീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഓരോ സ്കൂളിനും അനുവദിച്ച തുക അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലമ്പുഴ നിയോജകമണ്ഡലത്തിലെ ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, മരുതറോഡിന് ഒരു കോടിരൂപ വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

**പൊതുവിദ്യാലയങ്ങളിൽ എൻ.സി.സി., സ്കൗട്ട്സ് യൂണിറ്റുകൾ**

193(5079) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗംമൂലം സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അച്ചടക്കമുള്ള

ഒരു ജനതയെ വാർത്തെടുക്കുവാൻ എല്ലാ പൊതുവിദ്യാലയങ്ങളിലും എൻ.സി.സി., സ്കൗട്ട്സ്, കല, കായിക, വായനശാല യൂണിറ്റുകൾ നിർബന്ധമായും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

2021-22-ലെ കണക്കുപ്രകാരം സംസ്ഥാനത്ത് ഗൈഡ് വിഭാഗത്തിൽ 3053 യൂണിറ്റുകളും സ്കൗട്ട് വിഭാഗത്തിൽ 2264 യൂണിറ്റുകളും ഉൾപ്പെടെ ആകെ 5317 സ്കൗട്ട് ഗൈഡ് യൂണിറ്റുകളാണുള്ളത്. ഹൈസ്കൂൾ വരെയുള്ള എല്ലാ സ്കൂളുകളിലും സ്കൗട്ട് ഗൈഡ് യൂണിറ്റുകൾ തുടങ്ങുന്നതിന് ഇപ്പോൾ തടസ്സങ്ങളൊന്നുമില്ല. ഹെഡ്മാസ്റ്റർമാർക്ക് അധ്യാപകരെ പരിശീലനത്തിനയച്ച് യൂണിറ്റ് തുടങ്ങാവുന്നതാണ്. സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ നിലവിൽ 680 എൻ.സി.സി. യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. എല്ലാ പൊതുവിദ്യാലയങ്ങളിലും NCC യൂണിറ്റ് ആരംഭിക്കാനാകുമോയെന്നത് വിശദമായി പരിശോധിക്കേണ്ടതുണ്ട്. ഇതുകൂടാതെ കലാകായിക വിനോദങ്ങൾ, കലാകായിക മത്സരങ്ങൾ എന്നിവയും സ്കൂൾതലം മുതൽ സംസ്ഥാനതലംവരെ നല്ലരീതിയിൽ

മത്സരയിനങ്ങളായി സംഘടിപ്പിക്കപ്പെടുന്നുണ്ട്. ധാരാളം കുട്ടികൾ പങ്കെടുക്കുന്ന തരത്തിൽ തന്നെ ജില്ലാ, സംസ്ഥാന യുവജനോത്സവങ്ങളും സംഘടിപ്പിക്കപ്പെടുന്നുണ്ട്. കൂടാതെ ഒട്ടു മിക്ക സ്കൂളുകളിലും ലൈബ്രറികളും വായനാ സംവിധാനങ്ങളും നിലവിലുണ്ട്. ഇവ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ലഹരിയുമായി ബന്ധപ്പെട്ടാണെങ്കിൽ സ്കൂൾ വിദ്യാർത്ഥികളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം കണ്ടെത്തുന്നതിനും അവ ഇല്ലായ്മ ചെയ്യുന്നതിനും വേണ്ട പ്രവർത്തനങ്ങൾ സ്കൂൾതലത്തിൽ ഏറ്റെടുത്ത് നടപ്പാക്കിവരുന്നു. ഗവൺമെന്റിന്റെ ലഹരി വിരുദ്ധ പ്രവർത്തനം വിദ്യാലയങ്ങളിൽ വ്യാപിപ്പിച്ചുകൊണ്ട് വിദ്യാർത്ഥികളുടെ ഇടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനും ശക്തമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി രണ്ടാംഘട്ട ലഹരി വിരുദ്ധ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികളെ ലഹരി ഉപയോഗത്തിന് കുടുക്കുന്നതിനായി പ്രവർത്തിക്കുന്ന റാക്കറ്റുകളെ തകർക്കുന്നതിനായി പോലീസും എക്സൈസും പൊതുവിദ്യാഭ്യാസ വകുപ്പും ഒത്തുചേർന്ന്

പ്രവർത്തനം നടത്തുന്നു. സ്കൂളുകളിൽ ജനജാഗ്രതാ സമിതി രൂപീകരിച്ചുകൊണ്ടും പ്രവർത്തനം നടത്തുന്നുണ്ട്.

(ബി) പാഠ്യേതര വിഷയങ്ങൾക്ക് അർഹമായ പ്രാധാന്യം നൽകി സാമൂഹിക സേവനം നിർബന്ധമാക്കുന്ന തരത്തിൽ ആവശ്യമായ തിരുത്തലുകൾ കരിക്കുലത്തിൽ വരുത്തുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

നിലവിലെ പാഠ്യപദ്ധതിയുടെ ഭാഗമായിട്ടുള്ള പാഠപുസ്തകങ്ങളിൽ കുട്ടികളിൽ സാമൂഹിക സേവന മനോഭാവം രൂപപ്പെടുന്നതിന് സഹായകരമായ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ കുട്ടികൾക്ക് എന്തെല്ലാം ചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ചും വിദ്യാലയങ്ങളിൽ നടപ്പാക്കാൻ കഴിയുന്ന പ്രവർത്തനങ്ങളെക്കുറിച്ചും പ്രതിപാദിച്ചിട്ടുണ്ട്. സാമൂഹ്യ സേവനം നിർബന്ധമാക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശം പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി പരിശോധിച്ചുവരുന്നു.

**സ്കൂളുകളിൽ മലയാള ഭാഷ നിർബന്ധമാക്കാൻ നടപടി**

194(5080)ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങളുൾപ്പെടെ എല്ലാ വിദ്യാലയങ്ങളിലും മലയാള ഭാഷ നിർബന്ധമായും പഠിപ്പിക്കണമെന്ന നിയമ വ്യവസ്ഥ നിലവിലുണ്ടോ; അറിയിക്കുമോ?

02-06-2018-ലെ അസാധാരണ ഗസറ്റ് വിജ്ഞാപനം എസ്.ആർ.ഒ. നമ്പർ.366/2018 പ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളിലും സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ./സി.ഐ.എസ്.സി.ഇ. എന്നീ ബോർഡുകളുടെ കീഴിലുള്ള സ്കൂളുകളിലും മലയാള ഭാഷാ പഠനം നിർബന്ധമാക്കിയിട്ടുണ്ട്.

(ബി) ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ മലയാളം സംസാരിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്തെ സ്കൂളുകളിൽ മലയാളം സംസാരിക്കുന്നതിന് പ്രത്യക്ഷമായോ പരോക്ഷമായോ യാതൊരു നിരോധനവും ഏർപ്പെടുത്തുവാൻ പാടില്ലെന്ന് 2017-ലെ മലയാള ഭാഷാ പഠന ആക്ടിന്റെ 3-ാം വകുപ്പിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. ടി വ്യവസ്ഥകൾ ലംഘിച്ചാൽ ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കുവാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആക്ടിലെ വ്യവസ്ഥ പ്രകാരം പരാതി ലഭ്യമാകുന്ന അവസരത്തിൽ പരിശോധിച്ച് ചട്ടാനുസൃതമുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) മലയാള ഭാഷാ പഠനം കർശനമായി നടപ്പാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

മലയാള ഭാഷാ പഠനം കർശനമായി നടപ്പാക്കുന്നതിന് എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

നിലവിൽ ഭാഷാന്യൂനപക്ഷ പ്രദേശങ്ങളിൽ ദിവസവേതന അടിസ്ഥാനത്തിൽ മലയാളം അദ്ധ്യാപകരെ നിയമിച്ച് മലയാള ഭാഷാ പഠന ചട്ടപ്രകാരമുള്ള ഭാഷാ പഠനം സാദ്ധ്യമാക്കുന്നുണ്ട്. ഓറിയന്റൽ സ്കൂളുകളിൽ മലയാള ഭാഷാ പഠനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ പ്രൈമറിതലത്തിൽ അടിസ്ഥാനപരമായ കാര്യങ്ങൾ പഠിപ്പിക്കുന്നതിനും ആശയവിനിമയത്തിനും പ്രാദേശികഭാഷയായ മലയാളം, എസ്.എസ്.എൽ.സി.-ക്ക് പാർട്ട് I അല്ലെങ്കിൽ പാർട്ട് II-ലോ അല്ലെങ്കിൽ പഠന മാധ്യമമായോ പഠിച്ചിട്ടുള്ളവരെ എൽ.പി., യു.പി. അദ്ധ്യാപകരായി നിയമിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മാത്രമല്ല സെക്കണ്ടറി/ഹയർ സെക്കണ്ടറിതലങ്ങളിൽ മലയാളം ഒരു വിഷയമായി പഠിച്ചിട്ടില്ലെങ്കിലും ബിരുദ/ബിരുദാനന്തര/അദ്ധ്യാപക ട്രെയിനിംഗ് യോഗ്യത, തലങ്ങളിൽ ഏതെങ്കിലുമൊന്നിൽ കേരളത്തിലെ റെഗുലർ കോഴ്സുകൾവഴി മലയാളം ഒരു ഭാഷയായി പഠിച്ചിട്ടുള്ളവർക്ക് എൽ.പി.എസ്.റ്റി./യു.പി.എസ്.റ്റി. നിയമനത്തിന് അർഹത

ഉണ്ടായിരിക്കുന്നതാണെന്ന 22-05-2018-ലെ ഉത്തരവ് സർക്കാർ റദ്ദാക്കുകയും ചെയ്തിട്ടുണ്ട്.

22-05-2018-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സേവനത്തിൽ പ്രവേശിച്ചവർക്ക് അവരുടെ മലയാളഭാഷാ പ്രാവീണ്യം ഉറപ്പാക്കുന്നതിനായി ഒരു യോഗ്യതാപരീക്ഷ നടത്തുന്നത് സംബന്ധിച്ച് വ്യക്തമായ ശിപാർശ സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് വിതരണം**

195(5081) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എൽ.പി., യു.പി. വിഭാഗം വിദ്യാർത്ഥികൾക്കായി നടത്തിയ എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് പരീക്ഷകളിൽ വിജയിച്ചവർക്കുള്ള സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നത് മുടങ്ങിയിട്ടുണ്ടോ; വിശദമാക്കുമോ?

ഫണ്ട് ലഭ്യതയിലെ കുറവുമൂലം പൂർണ്ണമായും വിതരണം ചെയ്യാൻ സാധിക്കാത്ത സാഹചര്യമുണ്ട്. ഈ ഇനത്തിൽ കുടിശ്ശികയായിട്ടുള്ള തുക,

ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് കൊടുത്തുതീർക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കുളത്തൂപ്പുഴ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം**

196(5082) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ) വഴി നടപ്പാക്കാനുദ്ദേശിക്കുന്ന കുളത്തൂപ്പുഴ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ പുതിയ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

പുനലൂർ മണ്ഡലത്തിൽ 1 കോടിരൂപ കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി എസ്.പി.വി.-യായി കിലയെ ചുമതലപ്പെടുത്തിയ കുളത്തൂപ്പുഴ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കി കില സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ആയത് കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്.

(ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ? വ്യക്തമാക്കാമോ?

(ബി&സി) കുളത്തൂപ്പുഴ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കിയ അവസരത്തിൽ പുതുക്കിയ ഡി.എസ്.ആർ./ജി.എസ്.ടി. നിരക്ക് പ്രാബല്യത്തിൽ വന്നതിനാൽ പുതിയ നിരക്കുപ്രകാരം 1.30 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് കില എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തി കിഫ്ബിയുടെ സാങ്കേതികാനുമതിക്ക് സമർപ്പിച്ചിരിക്കുകയാണ്. അനുമതി ലഭ്യമായാലുടൻ ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയും.

**കുടുംബ പെൻഷൻ അനുവദിക്കാൻ നടപടി**

197(5083) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ല വിദ്യാഭ്യാസ ഉപഡയറക്ടറുടെ അധികാര പരിധിയിൽ വരുന്ന മറ്റത്തൂർ എസ്.കെ.എച്ച്.എസ്.എസ്.-ൽ എച്ച്.എസ്.ടി. ആയി

സേവനമനുഷ്ഠിക്കവെ 22-01-2006-ൽ മരണപ്പെട്ട മഞ്ജുഷ എം.-ന്റെ കുടുംബ പെൻഷൻ പ്രസ്തുത വ്യക്തിയുടെ ഭർത്താവ് കെ. പി. ഹരിദാസിന് അനുവദിച്ചിരുന്നുവെങ്കിലും ടിയാൻ 12-05-2022-ൽ മരണപ്പെട്ടതിനെ തുടർന്ന് കുടുംബ പെൻഷൻ ലഭിക്കുന്നതിനായി മകൻ ശ്രീ. ആദിത്യനാഥ് കെ. സമർപ്പിച്ച അപേക്ഷ പരിഗണിച്ച് പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

(എ&ബി) തൃശ്ശൂർ മറ്റത്തൂർ എസ്.കെ.എച്ച്.എസ്.എസ്.-ൽ എച്ച്.എസ്.ടി. ആയി സേവനമനുഷ്ഠിക്കവെ 22-01-2006-ൽ മരണപ്പെട്ട മഞ്ജുഷ എം.-ന്റെ കുടുംബ പെൻഷൻ മകൻ ശ്രീ. കെ. ആദിത്യനാഥിന് തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടർ അനുവദിച്ച് ഉത്തരവായിട്ടുള്ളതും ആയത് അക്കൗണ്ടന്റ് ജനറലിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ളതുമാണ്.

**പെരിങ്ങോട്ടുകുറിശ്ശി ജി.എച്ച്.എസ്.എസ്.-ന് സ്കൂൾ ബസ്**

**വാങ്ങുന്ന നടപടി**

198(5084) <u>ശ്രീ. പി. പി. സുമോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ പെരിങ്ങോട്ടുകുറിശ്ശി ജി.എച്ച്.എസ്.എസ്.-ന് ആസ്തി വികസന ഫണ്ടിൽനിന്നും സ്കൂൾ ബസ് വാങ്ങി നൽകുന്നതിന് 2023 മാർച്ച് 15-നുമുമ്പ് അനുമതി നൽകാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) പെരിങ്ങോട്ടുകുറിശ്ശി ജി.എച്ച്.എസ്.എസ്.-ന് മുൻ വർഷത്തിൽ കൃത്യസമയത്ത് അനുമതി ലഭ്യമാകാത്തതുമൂലം സ്കൂൾ ബസ് വാങ്ങി നൽകാൻ സാധിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2023 മാർച്ച് മാസത്തിനുള്ളിൽ വാഹനം വാങ്ങി നൽകാൻ കഴിയാത്തപക്ഷം നികുതിയും വിലയും വർദ്ധിക്കുമെന്ന സാഹചര്യത്തിൽ പ്രസ്തുത സ്കൂളിന് സ്കൂൾ ബസ് നഷ്ടമാകാതിരിക്കാൻ എന്തൊക്കെ അടിയന്തര നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) മുൻ വർഷം യഥാസമയം നടപടിക്രമങ്ങൾ പൂർത്തീകരിക്കാതിരിക്കുകയും നടപ്പ് സാമ്പത്തിക വർഷം ആയത് ആവർത്തിക്കുകയും ചെയ്ത സാഹചര്യത്തിൽ ഇതുസംബന്ധിച്ച് ബന്ധപ്പെട്ട

അധികാരികളോട് റിപ്പോർട്ട് ആവശ്യപ്പെടാൻ തയ്യാറാകുമോയെന്ന് വിശദമാക്കാമോ?

(എ-ഡി) പെരിങ്ങോട്ടുകുറിശ്ശി ജി.എച്ച്.എസ്. സ്കൂളിൽ ബസ് വാങ്ങുന്നതിന് തുക അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

**വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം**

199(5085) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര വിദ്യാർത്ഥികൾ ലഹരി ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ 90 കുട്ടികൾ ലഹരി ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) ലഹരി മാഫിയയുടെ വലയിൽപ്പെട്ട് ക്യാരിയർമാരായി പ്രവർത്തിച്ച വിദ്യാർത്ഥികൾ എത്രയാണെന്ന് വ്യക്തമാക്കുമോ?

ലഹരി മാഫിയയുടെ വലയിൽപ്പെട്ട് ക്യാരിയർമാരായി പ്രവർത്തിച്ച 2 കുട്ടികളാണുള്ളത്.

(സി) പ്രസ്തുത വിദ്യാർത്ഥികളെ സാധാരണ ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടുവരുന്നതിനായി എന്തൊക്കെ പദ്ധതികളാണ് വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കിയിട്ടുള്ളത്; എത്ര കുട്ടികളെ ഈ കാലയളവിൽ സാധാരണ ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടുവരാൻ സാധിച്ചു; വ്യക്തമാക്കുമോ?

ലീഗൽ സർവ്വീസ് സൊസൈറ്റിയുമായി ചേർന്ന് കുട്ടികൾക്ക് തുടർച്ചയായുള്ള വ്യക്തിപരമായ കൗൺസിലിംഗ്, ബോധവത്കരണ ക്ലാസ്സുകൾ നൽകുകയും വിമുക്തി ഡെയിൽവ്യൂ, കരുണാസായി (De-Addiction Treatment) എന്നിവ നൽകി പ്രസ്തുത വിദ്യാർത്ഥികളെ സാധാരണ ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടുവരികയും ചെയ്യുന്നുണ്ട്.

### ഡി.എൽ.എഡ്. പ്രവേശന നടപടികൾ ഓൺലൈനാക്കാൻ നടപടി

200(5086) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക പരിശീലന കോഴ്സായ ഡി.എൽ.എഡ്. (ഡിപ്ലോമ ഇൻ എലമെന്ററി എജ്യൂക്കേഷൻ) പ്രവേശന നടപടികൾ ഇപ്പോഴും മാനുവലായിട്ടാണ് നടത്തുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എല്ലാ കോഴ്സുകളിലേയ്ക്കും ഓൺലൈൻ മുഖേന പ്രവേശനം നടത്തുമ്പോൾ ഡി.എൽ.എഡ്. പ്രവേശന നടപടികൾ മാത്രം മാനുവലായിട്ട് നടത്തുവാനുള്ള കാരണമെന്താണ്; വിശദാംശം നൽകുമോ; ഡി.എൽ.എഡ്. പ്രവേശന നടപടികൾ ഓൺലൈനാക്കുവാൻ നടപടി സ്വീകരിക്കുമോ; അറിയിക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

ഡി.എൽ.എഡ്. പ്രവേശന നടപടികൾ ഓൺലൈനാക്കുന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

(സി) ഡി.എൽ.എഡ്.-ന്റെ 2022-24 ബാച്ചിലേയ്ക്ക് ഓരോ ജില്ലയിൽനിന്നും ലഭിച്ച അപേക്ഷകളുടെയും പ്രവേശനം നേടിയവരുടെയും എണ്ണം വ്യക്തമാക്കുമോ; മറ്റ് ജില്ലകളിൽ ഡി.എൽ.എഡ്. പ്രവേശന

നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുമ്പോഴും മലപ്പുറം ജില്ലയിൽ മാത്രം കാലതാമസം നേരിടുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കാമോ?

ഡി.എൽ.എഡ്. 2022-23 വർഷത്തെ ബാച്ചിലേയ്ക്ക് ഓരോ ജില്ലയിലും ലഭ്യമായ അപേക്ഷകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു+.

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എല്ലാ ജില്ലയിലും ഡി.എൽ.എഡ്. പ്രവേശന നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## കാസർകോട് ജില്ലയിൽ പത്താം ക്ലാസ് പാസ്സായ കുട്ടികളുടെ തുടർപഠനം

201(5087) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അധ്യയന വർഷം പത്താം ക്ലാസ് പാസ്സായ എത്ര കുട്ടികൾക്ക് കാസർഗോഡ് ജില്ലയിൽ പ്ലസ് വണ്ണിന് സീറ്റ് ലഭിച്ചിട്ടില്ലെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത കുട്ടികളുടെ തുടർവിദ്യാഭ്യാസം മുടങ്ങിയ സാഹചര്യത്തിൽ ഇവരെ സഹായിക്കുന്നതിന് ബദൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഓരോ വർഷവും പ്ലസ് വണ്ണിന് സീറ്റ് കിട്ടാതെ കുട്ടികളും രക്ഷകർത്താക്കളും ബുദ്ധിമുട്ടുന്ന സാഹചര്യത്തിൽ ഈ പ്രതിസന്ധിക്ക് ശാശ്വത പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ഡി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഏതെങ്കിലും സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) എങ്കിൽ സമിതിയുടെ ഘടന, അംഗങ്ങൾ എന്നിവ സംബന്ധിച്ച് വിശദമാക്കാമോ;

(എഫ്) പ്രസ്തുത സമിതി പഠനം തുടങ്ങിയോ എന്നും റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ജി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ-ജി) വിവരം ശേഖരിച്ചുവരുന്നു.

**കായിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതി**

202(5088) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൽ.പി., യു.പി. വിദ്യാർത്ഥികളിൽ കായിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

സംസ്ഥാനത്തെ പ്രൈമറി സ്കൂളുകളിലെ കുട്ടികളുടെ ആരോഗ്യ, കായിക വിദ്യാഭ്യാസ പരിപോഷണത്തിനായി എസ്.സി.ഇ.ആർ.ടി. വികസിപ്പിച്ച 'ഹെൽത്തി കിഡ്സ്' എന്ന പദ്ധതി വിദ്യാഭ്യാസ, കായിക വകുപ്പുകളുടെ സംയുക്ത നേതൃത്വത്തിൽ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) എൽ.പി., യു.പി. ക്ലാസുകളിൽ കായികാദ്ധ്യാപകരെ പ്രത്യേകം നിയമിക്കുന്നതിനുള്ള സാധ്യതകൾ വകുപ്പ് പരിശോധിക്കുന്നുണ്ടോ; വിശദമാക്കുമോ?

എൽ.പി., യു.പി. ക്ലാസുകളിൽ കായികാദ്ധ്യാപകരെ പ്രത്യേകം നിയമിക്കുന്ന കാര്യം സജീവ പരിഗണനയിലില്ല. യു.പി.-യിൽ 500 കുട്ടികളുണ്ടെങ്കിൽ നിലവിൽ കായികാധ്യാപക തസ്തിക അനുവദിക്കുന്നുണ്ട്.

### ഐ.ടി. അധിഷ്ഠിത സ്കൂൾ വിദ്യാഭ്യാസം

203(5089)ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ഐ.ടി. അധിഷ്ഠിത സ്കൂൾ വിദ്യാഭ്യാസത്തോട് അനുബന്ധിച്ചുള്ള ഡിജിറ്റൽ ക്ലാസ്റൂമുകൾ സജ്ജമാക്കുന്നതിൽ സംസ്ഥാനത്തിന് ഒന്നാമതെത്തുവാൻ സാധിച്ചിരുന്നോ; വിശദമാക്കുമോ?

കേരളത്തിലെ നൂറുശതമാനം പൊതുവിദ്യാലയങ്ങളിലും കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എജ്യൂക്കേഷൻ (കൈറ്റ്)-ന്റെ നേതൃത്വത്തിൽ കമ്പ്യൂട്ടർ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിലും ഹൈടെക് പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടാണ് ഇത് സാധ്യമാക്കിയത്. 8 മുതൽ 12 വരെ

ക്ലാസുകളുള്ള 45000 ക്ലാസ് മുറികളിൽ തന്നെ ലാപ്ടോപ്പ് മൾട്ടിമീഡിയ പ്രൊജക്ടർ, യു.എസ്.ബി., സ്പീക്കർ, ഇന്റർനെറ്റ് കണക്ടിവിറ്റി, ഓരോ ക്ലാസ്സിനും അനുയോജ്യമായ ഡിജിറ്റൽ റിസോഴ്സുകൾ തുടങ്ങിയവ ലഭ്യമാക്കിയിട്ടുണ്ട്. ഒന്നുമുതൽ ഏഴ് വരെ ക്ലാസുകളിലേയ്ക്ക് കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ഐ.ടി.ഉപകരണങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങളിലൂടെ വിദ്യാഭ്യാസ മേഖലയിൽ രാജ്യത്തെ ആദ്യ ഡിജിറ്റൽ സംസ്ഥാനമായി കേരളത്തെ 2020 ഒക്ടോബറിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മേഖലയിൽ സംസ്ഥാനത്തെ ഒന്നാമത് എത്തിക്കുന്നതിനായി ഈ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. "ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം" ആയതിനാൽ ആധുനിക രീതിയിലുള്ള വിദ്യാഭ്യാസം പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് പൊതുവിദ്യാഭ്യാസ വകുപ്പ്

നടപ്പിലാക്കുന്നത്. കാലോചിതമായ വികസനങ്ങൾ നടപ്പിലാക്കുന്നതിനും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി " പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം" എന്ന പേരിൽ പ്രത്യേക പദ്ധതി ആരംഭിക്കുകയും അത് ഇപ്പോൾ "വിദ്യാകിരണം" പദ്ധതിയായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയുമാണ്. ഐ.ടി.ഭൗതിക സൗകര്യങ്ങൾ, ഓരോ ക്ലാസ്സിലെയും പഠന പ്രവർത്തനങ്ങൾക്കനുയോജ്യമായ ഡിജിറ്റൽ റിസോഴ്സുകൾ, അദ്ധ്യാപക പരിശീലനം, പിന്തുണാ സംവിധാനങ്ങൾ, മോണിറ്ററിംഗ് സിസ്റ്റം എന്നിവയെല്ലാം ഒരുക്കിയിട്ടുണ്ട്. ജ്ഞാന സമൂഹ നിർമ്മിതി എന്ന ലക്ഷ്യത്തിനായി സ്കൂൾ പ്രവർത്തനങ്ങളിലും അക്കാദമിക പ്രവർത്തനങ്ങളിലും രക്ഷിതാക്കളുടെയും പൊതുസമൂഹത്തിന്റെയും പങ്കാളിത്തംകൂടി ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. സൈബർ സുരക്ഷ, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, ഭരണഘടനാ അവബോധ പരിപാടി തുടങ്ങിയ പൊതുവിഷയങ്ങളിൽ സ്കൂൾ വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും പ്രത്യേക പരിശീലനങ്ങളും കൈറ്റ് വിക്ടേഴ്സിലൂടെ ക്ലാസ്സുകളും പരിപാടികളും ലഭ്യമാക്കുന്നുണ്ട്.

(സി) വിദ്യാർത്ഥികൾക്ക് നൂതന സാങ്കേതികവിദ്യകളിൽ പ്രായോഗിക പരിശീലനം നൽകുന്നതിന് പദ്ധതി തയ്യാറാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സ്കൂളുകളിലെ ഐ.ടി.സി. അധിഷ്ഠിത പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും കുട്ടികൾക്ക് വിവരവിനിമയ സാങ്കേതിക വിദ്യയിൽ കൂടുതൽ പരിശീലനം നൽകുന്നതിനും ഹൈസ്കൂളുകളിൽ " ലിറ്റിൽ കൈറ്റ്സ്" എന്ന പേരിൽ ഐ.ടി.ക്ലബ്ബുകൾ കൈറ്റിന്റെ നേതൃത്വത്തിൽ സജ്ജമാക്കി പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. യൂണിറ്റുകൾ മുഖേന വിദ്യാർത്ഥികൾക്ക് റോബോട്ടിക്സ്, പ്രോഗ്രാമിംഗ്, ഇലക്ട്രോണിക്സ് ആനിമേഷൻ, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിംഗ്, മൊബൈൽ ആപ്പ് നിർമ്മാണം തുടങ്ങിയ നൂതന സാങ്കേതികവിദ്യകളിൽ പ്രായോഗിക പരിശീലനം ലഭ്യമാക്കുന്നുണ്ട്.

**ബാലുശ്ശേരി മണ്ഡലത്തിലെ സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി പദ്ധതി**

204(5090) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി ഭൂമിയില്ലാത്ത എൽ.പി., യു.പി. സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇത്തരം സ്കൂളുകൾ അപകടാവസ്ഥയിലുള്ള വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള ബഡ്ജറ്റ് പ്രസംഗം 2019, ഖണ്ഡിക 104-ൽ സ്വന്തമായി സ്ഥലമില്ലാത്തതോ സ്ഥലം അപര്യാപ്തമായതോ ആയ സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി പദ്ധതി രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ടി പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ബന്ധപ്പെട്ട സ്കൂളുകളുടെ വിശദമായ പ്രൊപ്പോസലുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റുതലത്തിൽ ക്രോഡീകരിച്ചുവരുന്നു. ഇത്തരം സ്കൂളുകൾ അപകടാവസ്ഥയിലുള്ള വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാലുശ്ശേരി മണ്ഡലത്തിലെ എത്ര സ്കൂളുകളാണ് ഭൂമി വാങ്ങുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കുമോ?

ബാലുശ്ശേരി മണ്ഡലത്തിലെ 8 സ്കൂളുകളാണ് ഭൂമി വാങ്ങുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്. അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ഗവ. എൽ.പി.എസ്. പള്ളിയോത്ത്

2. ഗവ. എൽ.പി.എസ്. ബാലുശ്ശേരി

3. ഗവ. എൽ.പി.എസ്. മണ്ണാംപൊയിൽ

4. ഗവ. എം.എൽ.പി.എസ്. ഉണ്ണികുളം

5. ഗവ. യു.പി.എസ്. കിനാലൂർ

6. ഗവ. യു.പി.എസ്. ഉണ്ണികുളം

7. ഗവ. എൽ.പി.എസ്. ഉള്ളിയേരി

8. ഗവ. എം.എൽ.പി.എസ്. നടുവണ്ണൂർ

(സി) ഭൂമിയില്ലാത്ത സർക്കാർ സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കി കിഫ്ബിവഴി ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

സ്വന്തമായി സ്ഥലമില്ലാത്തതോ സ്ഥലം അപര്യാപ്തമായതോ ആയ സ്കൂളുകൾക്ക് ഭൂമി വാങ്ങുന്ന പദ്ധതിക്കായി കിഫ്ബി ഫണ്ട് ലഭ്യമാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകർക്കുള്ള ശമ്പളം**

205(5091)ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ഡോ. മാത്യൂ കുഴൽനാടൻ:
ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകരുടെ ശമ്പളം ഒരു വർഷമായി മുടങ്ങിയിരിക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) സ്പെഷ്യൽ സ്കൂളുകൾക്കുള്ള ഓണറേറിയം കൃത്യസമയത്ത് സർക്കാർ നൽകാത്തതാണോ വേതനം മുടങ്ങാനുള്ള കാരണമെന്ന് വ്യക്തമാക്കാമോ;

(സി) സ്പെഷ്യൽ സ്കൂളുകൾക്കുള്ള ഓണറേറിയം കൃത്യസമയത്ത് നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

(ബി&സി) സ്പെഷ്യൽ സ്കൂളുകളിൽനിന്നും സ്പെഷ്യൽ സ്കൂൾ പാക്കേജിനായി ലഭ്യമാകുന്ന അപേക്ഷകൾ അതത് വിദ്യാഭ്യാസ ഉപഡയറക്ടറേറ്റ്, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റുതലത്തിൽ സൂക്ഷ്മ പരിശോധന നടത്തിയാണ് സ്പെഷ്യൽ സ്കൂൾ ജീവനക്കാർക്കുള്ള ഓണറേറിയം നൽകിവരുന്നത്. കഴിഞ്ഞ വർഷത്തെ വേതനം 2022 മാർച്ച് മാസം നൽകിയിട്ടുണ്ട്. ഈ വർഷത്തെ വേതനം നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

**സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യത**

206(5092)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യതയിൽ സർക്കാർ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഇപ്രകാരം മാറ്റം വരുത്താനുണ്ടായ സാഹചര്യം വിശദമാക്കാമോ?

(എ&ബി) 15-05-2015-ലെ സ.ഉ.(എം.എസ്.) നമ്പർ.115/2015/പൊ.വി.വ., 25-08-2015-ലെ സ.ഉ.(എം.എസ്.) നമ്പർ.229/2015/പൊ.വി.വ. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരമാണ് നിലവിൽ സ്പെഷ്യൽ സ്കൂൾ ജീവനക്കാരുടെ യോഗ്യത നിശ്ചയിച്ചിട്ടുള്ളത്.

(സി) സ്പെഷ്യൽ സ്കൂളുകളിലെ നല്ലൊരു ശതമാനം അദ്ധ്യാപകരും ഭിന്നശേഷിക്കാരായ കുട്ടികളുടെ അമ്മമാർ ആണെന്നിരിക്കെ പതിറ്റാണ്ടുകളായി സ്പെഷ്യൽ സ്കൂളുകളിൽ ജോലി ചെയ്യുന്ന ഇവരുടെ സേവനം തുടർന്നുകൊണ്ടുപോകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

സ്പെഷ്യൽ സ്കൂളുകളിൽ ജീവനക്കാരെ നിയമിക്കുന്നത് അതത് സ്കൂൾ മാനേജ്മെന്റ് തന്നെയാണ്. ടി ജീവനക്കാരുടെ നിയമനം പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേനയല്ല നടത്തുന്നത്.

**കവലയൂർ ഗവൺമെന്റ് ഹൈസ്കൂളിന് പുതിയ മന്ദിരം**

207(5093) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കവലയൂർ ഗവൺമെന്റ് ഹൈസ്കൂളിന് പുതിയ മന്ദിരം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

കവലയൂർ ഗവൺമെന്റ് ഹൈസ്കൂളിന് ഒരു കോടിരൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ നടപടികൾ ആരംഭിക്കാനിരിക്കെ എഗ്രിമെന്റ് റദ്ദാക്കുന്നതിന് കോൺട്രാക്ടർ അപേക്ഷ നൽകുകയുണ്ടായി. നിർവ്വഹണ ഏജൻസിയായ കില പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**ആറ്റിങ്ങൽ ടൗൺ യു.പി.എസ്.-ന് പുതിയ കെട്ടിടം**

208(5094) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ ടൗൺ യു.പി.എസ്.-ന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ആറ്റിങ്ങൽ ടൗൺ യു.പി.സ്കൂളിൽ കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഒരു കോടിരൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഡി.പി.ആർ.-ന് കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടുണ്ട്. പുതുക്കിയ DSR/GST പ്രകാരമുള്ള 130 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**തിരുവമ്പാടി മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം**

209(5095) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന തിരുവമ്പാടി മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. പുതുപ്പാടി, ജി.എം.യു.പി.എസ്., ചേന്ദമംഗലൂർ എന്നീ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

(എ&ബി) കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന തിരുവമ്പാടി മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. പുതുപ്പാടി, ജി.എം.യു.പി.എസ്. ചേന്ദമംഗലൂർ എന്നീ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി എസ്.പി.വി.-യായി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത രണ്ട് സ്കൂളുകളുടെയും ഡി.പി.ആർ. തയ്യാറാക്കി പുതിയ ഡി.എസ്.ആർ./ജി.എസ്.ടി. നിരക്കിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. കില സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്.

(സി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

കിഫ്ബിയുടെ സാങ്കേതികാനുമതിയും Project Execution Document (PED) അംഗീകാരവും ലഭ്യമായാൽ ഉടൻതന്നെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

### താത്കാലിക അദ്ധ്യാപകർക്കുള്ള വേതനം

210(5096) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അധ്യയന വർഷം സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കൂടിയതുമൂലം പുതുതായി ഉണ്ടായ അധിക തസ്തികകളിൽ നിയമിക്കപ്പെട്ട താത്കാലിക അദ്ധ്യാപകർക്ക് വേതനം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ വർഷത്തെ തസ്തിക നിർണ്ണയം പൂർത്തിയായ സാഹചര്യത്തിൽ താത്കാലിക അദ്ധ്യാപകരുടെ വേതനം അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

2022-23 അധ്യയന വർഷം തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയായെങ്കിലും അധിക തസ്തിക അനുവദിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. അധിക തസ്തിക അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന പക്ഷം താത്കാലികമായി നിയമിക്കപ്പെട്ടവർക്ക് അർഹമായ വേതനം ലഭ്യമാക്കുന്നതാണ്.

## എയ്ഡഡ് മേഖലയിലെ പ്രീ പ്രൈമറി അദ്ധ്യാപകരെ കെ.ഇ.ആർ. പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി

211(5097) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് മേഖലയിലെ പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് സർക്കാർ മേഖലയിലെ പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് ലഭിക്കുന്ന യാതൊരു ആനുകൂല്യവും ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എയ്ഡഡ് സ്കൂൾ പ്രീ-പ്രൈമറി അദ്ധ്യാപകരെ കെ.ഇ.ആർ.-ന്റെ പരിധിയികൊണ്ടുവന്ന് സർക്കാർ മേഖലയിലെ പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കാമോ?

(എ&ബി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 07-12-2012 മുതൽ സർക്കാർ സ്കൂളുകളോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രീ-പ്രൈമറിയിലെ അദ്ധ്യാപകർക്കും ആയമാർക്കും സർക്കാർ ഓണറേറിയം അനുവദിച്ച് ആയത് കാലാകാലങ്ങളിൽ

വർദ്ധിപ്പിച്ചുവരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതി പ്രീ-പ്രൈമറി വിഭാഗത്തിന് പൊതുനയം രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ പ്രസ്തുത വിഷയം പരിശോധിക്കുകയും 07-12-2012-നുശേഷം സർക്കാർ അനുമതി ഇല്ലാതെ പ്രീ-പ്രൈമറി വിഭാഗം ആരംഭിക്കരുതെന്ന് സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി. സർക്കാർ സ്കൂളുകളിലേയ്ക്ക് കുട്ടികളെ ആകർഷിക്കുന്നതിന്റെ ഭാഗമായി ടി കാലാവധിക്ക് ശേഷം സർക്കാർ അനുമതിയില്ലാതെ ആരംഭിച്ച പ്രീ-പ്രൈമറിയിലെ അദ്ധ്യാപകർക്കും ആയമാർക്കും ഓണറേറിയം അനുവദിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചു.

ഇതേ സാഹചര്യത്തിൽ എയ്ഡഡ് മേഖലയിൽ ആരംഭിച്ച പ്രീ-പ്രൈമറി വിഭാഗത്തിലെ അദ്ധ്യാപകർക്കും ആയമാർക്കും യഥാക്രമം 5,000/-, 3,500/- രൂപ ബന്ധപ്പെട്ട അധികാരികൾ നൽകുന്നത് ഉറപ്പുവരുത്തുന്നതിന് സർക്കാർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വി.എച്ച്.എസ്.എസ്. വിഭാഗത്തിലെ നിയമനാംഗീകാരം**

212(5098) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ വി.എച്ച്.എസ്.എസ്. വിഭാഗത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള എത്രപേർക്കാണ് നിലവിൽ നിയമന അംഗീകാരം ലഭിക്കാനുള്ളതെന്ന് അറിയിക്കാമോ?

21 പേർക്ക്.

(ബി) പ്രസ്തുത വിഭാഗത്തിൽ നിയമന അംഗീകാരം ലഭിക്കാത്ത എത്ര വീതം അദ്ധ്യാപകരും അനദ്ധ്യാപകരുമാണുള്ളതെന്ന് വ്യക്തമാക്കാമോ?

അദ്ധ്യാപകർ – 20

അനദ്ധ്യാപകർ - 1

**ഹയർ സെക്കണ്ടറിയിലെ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്**
**അദ്ധ്യാപക തസ്തിക**

213(5099) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി കോഴ്സുകളിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് എന്ന വിഷയം ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്.

(ബി) എത്ര സ്കൂളുകളിലാണ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് വിഷയം നിലവിലുള്ളത്; സർക്കാർ എയ്ഡഡ് സ്കൂളുകൾ തിരിച്ചുള്ള എണ്ണവും ബാച്ചുകളുടെ എണ്ണവും ലഭ്യമാക്കുമോ?

108 സർക്കാർ എയ്ഡഡ് സ്കൂളുകളിലാണ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് വിഷയം നിലവിലുള്ളത്. സർക്കാർ മേഖലയിൽ 51 സ്കൂളുകളിൽ 53 ബാച്ചുകളിലും എയ്ഡഡ് മേഖലയിൽ 57 സ്കൂളുകളിൽ 58 ബാച്ചുകളിലും കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് വിഷയം നിലവിലുണ്ട്.

(സി) പ്രസ്തുത വിഷയം പഠിപ്പിക്കുന്നതിനായി എത്ര സ്ഥിരം തസ്തികകളാണ് സംസ്ഥാനത്ത് നിലവിലുള്ളത്; സർക്കാർ, എയ്ഡഡ്, സ്വാശ്രയ മേഖലകൾ തിരിച്ചുള്ള എണ്ണം അറിയിക്കുമോ?

സർക്കാർ - 49

എയ്ഡഡ് - 50

അൺ എയ്ഡഡ് മേഖല - 15

(ഡി) കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് അദ്ധ്യാപക തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന യോഗ്യതകൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

സ്പെഷ്യൽ റൂൾ പ്രകാരം ബന്ധപ്പെട്ട വിഷയത്തിൽ രണ്ടാം ക്ലാസ്സ് മാസ്റ്റർ ബിരുദവും ബി.എഡ്.-ഉം സെറ്റും (SET) ആവശ്യമാണ്. കൂടാതെ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് വിഷയക്കാർക്ക് ചുവടെപ്പറയുന്ന യോഗ്യതകൂടി മുൻഗണനാടിസ്ഥാനത്തിൽ പരിഗണിക്കാവുന്നതാണ്.

“Preference will be given to those who acquired Post Graduate Diploma (Not below B Grade) in Teaching of English from Central Institute of English and Foreign Language or M.Phil. in English Language Teaching from a recognised University. Higher Secondary School Teachers in English And Communicative English must be capable of handling both the subjects.”

(ഇ) പ്രസ്തുത തസ്തികയ്ക്കായി സർക്കാർ നിശ്ചയിച്ചിട്ടുള്ള എം.എ. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് എന്ന കോഴ്സ് രാജ്യത്ത് യു.ജി.സി. അംഗീകാരമുള്ള സ്ഥാപനങ്ങളിലൊന്നുംതന്നെ പഠിപ്പിക്കുന്നില്ലെന്ന ഉദ്യോഗാർത്ഥികളുടെ പരാതി പരിശോധിക്കുകയുണ്ടായോ;

(എഫ്) എങ്കിൽ നിലവിൽ ലഭ്യമായ കോഴ്സുകൾ ഉൾപ്പെടുത്തി ഈ തസ്തികയിലേയ്ക്കുള്ള യോഗ്യത സംബന്ധിച്ച സ്പെഷ്യൽ റൂൾസ് പരിഷ്കരിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദാംശം നൽകുമോ?

(ഇ&എഫ്) പരാതി പരിശോധിക്കുന്നതിനും ഈ തസ്തികയിലേയ്ക്കുള്ള യോഗ്യത സംബന്ധിച്ച സ്പെഷ്യൽ റൂൾസ് പരിശോധിക്കുന്നതിനും പൊതുവിദ്യാഭ്യാസ ഡയറക്ടറെയും എസ്.സി.ഇ.ആർ.റ്റി. ഡയറക്ടറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

**സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകരുടെ ഓണറേറിയം**

214(5100) <u>ശ്രീ. സനീഷ്കുമാർ ജോസഫ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകരുടെ നിലവിലെ ഓണറേറിയം എത്രയാണ്; ഇവരുടെ ചുമതലകൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

11-02-2021-ലെ സർക്കാർ ഉത്തരവ് (പി) നം.29/2021/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ട്രെയിൻഡ് സ്പെഷ്യൽ ടീച്ചറിന്റെ ഓണറേറിയം 32,560/- രൂപയും ഹെഡ്മാസ്റ്ററുടെ ഓണറേറിയം 36,000/- രൂപയുമാണ്. സ്പെഷ്യൽ സ്കൂളിലെ 4 മുതൽ 18 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുകയെന്നതാണ് ഇവരുടെ ചുമതല.

(ബി) സ്പെഷ്യൽ സ്കൂൾ അദ്ധ്യാപക നിയമനത്തിനുള്ള വിദ്യാഭ്യാസ യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

15-05-2015-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം. 115/2015/പൊ.വി.വ. ഉത്തരവുപ്രകാരം

1) Headmaster

1. Degree in Arts/Science/Commerce-recognized by any one of the University in Kerala

and

2. B.Ed (Special Education MR) recognized by any of the Universities in Kerala.

Or

3. B.Ed (General) recognized by any of the Universities in Kerala and Diploma in Education in Special Education (MR)/Diploma in Mental Retardation/ Post graduation Professional Diploma in MR

and

4. 5 years experience in teaching in Mentally challenged children.

2) Special Teacher

1. Degree in Arts/Science / Commerce

and

2. B.Ed Special Education (MR) / Diploma in Special Education (MR)/ Diploma in Mental Retardation / D.Ed. (Autism Spectrum Disorder/ D.Ed (Cerebral Palsy) / D.Ed Multiple Disability / P.G Professional Diploma in MR / Diploma in Community Based Rehabilitation (1 year course) with 3

month in service course/ Bridge Course and 10 years experience in teaching mentally challenged children and 3 months in service course.

25-08-2015-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം. 229/2015/പൊ.വി.വ. ഉത്തരവ് ഖണ്ഡിക (3) III സ്പെഷ്യൽ സ്കൂൾ ടീച്ചർമാരുടെ നിലവിൽ നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ തുടരുന്നതും റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽ നിന്നുമുള്ള ബി.എഡ്. സ്പെഷ്യൽ എജ്യൂക്കേഷൻ (എം.ആർ.) യോഗ്യതയും അടിസ്ഥാന യോഗ്യതയിൽ പരിഗണിക്കുന്നതാണ്. 15-05-2015-ലെ 115/2015/പൊ.വി.വ. നമ്പർ ഉത്തരവ് തീയതിക്ക് മുമ്പ് സ്പെഷ്യൽ സ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് ആർട്സ്/സയൻസ്/കൊമേഴ്സ് വിഷയങ്ങളിലെ ബിരുദം എന്നതിനുപകരം എസ്.എസ്.എൽ.സി.-യോ പ്ലസ് ടു-വോ മതിയാകുന്നതാണ്.

(സി) ഓണറേറിയം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നിലവിൽ 11-02-2021-ലെ സർക്കാർ ഉത്തരവ് (പി) നം. 29/2021/ധന പ്രകാരമാണ് ഓണറേറിയം നൽകിവരുന്നത്. ആയത് വർദ്ധിപ്പിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

**അരുവിക്കര മണ്ഡലത്തിലെ ട്രൈബൽ സ്കൂളുകൾ**

215(5101) **ശ്രീ. ജി. സ്റ്റീഫൻ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന ട്രൈബൽ സ്കൂളുകളുടെ വിവരങ്ങളും അവ സ്ഥാപിതമായ വർഷവും അറിയിക്കാമോ?

അരുവിക്കര നിയോജകമണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന ട്രൈബൽ സ്കൂളുകളുടെ വിവരങ്ങളും അവ സ്ഥാപിതമായ വർഷവും ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്കൂളിന്റെ പേര് | പഞ്ചായത്ത് | സ്ഥാപിതമായ വർഷം |
|---|---|---|---|
| 1 | ഗവ. ട്രൈബൽ എൽ.പി.എസ്. മൂണ്ടേല | വെള്ളനാട് | 1956 |
| 2 | ഗവ. ട്രൈബൽ എൽ.പി.എസ്. പെരിഞ്ഞാറമൂല | വെള്ളനാട് | 1956 |
| 3 | ഗവ. ട്രൈബൽ എൽ.പി.എസ്. തേവിയാരുകുന്ന് | ആര്യനാട് | 1956 |
| 4 | ഗവ. ട്രൈബൽ എച്ച്.എസ്. മീനാങ്കൽ | ആര്യനാട് | 1957 |

| | | | |
|---|---|---|---|
| 5 | ഗവ. ട്രൈബൽ എൽ.പി.എസ്. ചെട്ടിയാംപാറ | തൊളിക്കോട് | 1956 |
| 6 | ഗവ. ട്രൈബൽ എൽ.പി.എസ്. മേത്തൊട്ടി | തൊളിക്കോട് | 1955 |
| 7 | ഗവ. ട്രൈബൽ എൽ.പി.എസ്. തലത്തുതക്കാവ് | വിതുര | 1955 |

(ബി) പ്രസ്തുത സ്കൂളുകളിൽ നിലവിലുള്ള അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും എണ്ണം സംബന്ധിച്ച വിവരം നൽകാമോ?

പ്രസ്തുത സ്കൂളുകളിൽ നിലവിലുള്ള അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്കൂളിന്റെ പേര് | അധ്യാപകരുടെ എണ്ണം | കുട്ടികളുടെ എണ്ണം |
|---|---|---|---|
| 1 | ഗവ. ട്രൈബൽ എൽ.പി.എസ്. മുണ്ടേല | 4 (എച്ച്.എം.-1, ടീച്ചർ-3) | 26 |
| 2 | ഗവ. ട്രൈബൽ എൽ.പി.എസ്. പെരിഞ്ഞാറമൂല | 4 (എച്ച്.എം.-1, ടീച്ചർ-3) | 25 |
| 3 | ഗവ. ട്രൈബൽ എൽ.പി.എസ്. തേവിയാരുകുന്ന് | 4 (എച്ച്.എം.-1, ടീച്ചർ-3) | 45 |
| 4 | ഗവ. ട്രൈബൽ എച്ച്.എസ്. മീനാങ്കൽ | 15 (എച്ച്.എം.-1, ടീച്ചർ-14) | 560 |
| 5 | ഗവ. ട്രൈബൽ എൽ.പി.എസ്. ചെട്ടിയാംപാറ | 4 (എച്ച്.എം.-1, ടീച്ചർ-3) | 19 |
| 6 | ഗവ. ട്രൈബൽ എൽ.പി.എസ്. മേത്തൊട്ടി | 1 (എച്ച്.എം.-1) | 2 |
| 7 | ഗവ. ട്രൈബൽ എൽ.പി.എസ്. തലത്തുതക്കാവ് | 3 (എച്ച്.എം.-1, ടീച്ചർ-2) | 25 |

**എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങളിൽ ഭിന്നശേഷി സംവരണം**

216(5102) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് റോസ്റ്റർ രജിസ്റ്റർ തയ്യാറാക്കുന്ന നടപടികളുടെ പുരോഗതി അറിയിക്കുമോ; പ്രസ്തുത നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കുമോ?

റോസ്റ്റർ രജിസ്റ്റർ സമന്വയ പോർട്ടലിൽ ചേർക്കാൻ 15-02-2023 വരെ സമയം അനുവദിച്ചിരുന്നു. ആയത് പരിശോധിച്ച് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ എത്ര സ്കൂളുകൾ ഇത്തരത്തിൽ റോസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെന്ന് യു.പി. സ്കൂൾ തിരിച്ച് വിദ്യാഭ്യാസ ഉപജില്ലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ?

റോസ്റ്റർ തയ്യാറാക്കുന്നത് സ്കൂൾ തലത്തിലല്ലാത്തതിനാൽ സ്കൂൾ തിരിച്ചുള്ള വിവരം ലഭ്യമല്ല.

**എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനാംഗീകാരം**

217(5103) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ൽ എയ്ഡഡ് സ്കൂളുകളിൽ നിയമിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നതിന് കെ-ടെറ്റ് നിർബന്ധമാക്കിയിട്ടുണ്ടോ?

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ 2019-20-നുശേഷം കെ-ടെറ്റ് യോഗ്യത നേടിയവരെ/കെ-ടെറ്റ് യോഗ്യത കരസ്ഥമാക്കുന്നതിൽ സ്ഥിരം ഇളവ് നേടിയവരെ മാത്രമേ നിയമിക്കുവാൻ വ്യവസ്ഥയുള്ളൂ.

(ബി) 2017-20 വർഷങ്ങളിൽ കെ-ടെറ്റിന് എക്സ്റ്റംഷൻ ഓർഡർ ഇറങ്ങിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത എക്സ്റ്റംഷൻ ഓർഡർ 2021-ൽ ഇറങ്ങിയിട്ടുണ്ടോ; വിശദവിവരം നൽകാമോ?

(ബി&സി) 2019-20 അധ്യയന വർഷം വരെ നിയമിതരായവരിൽ കെ-ടെറ്റ് യോഗ്യതയില്ലാത്തവർക്ക് നിശ്ചിത സമയ പരിധിക്കുള്ളിൽ കെ-ടെറ്റ് പാസ്സാകുന്നതിന് ഇളവ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിനുശേഷം നിയമനത്തിനായി യാതൊരു ഇളവും സർക്കാർതലത്തിൽ അനുവദിച്ചിട്ടില്ല.

**മാനേജ്മെന്റ് സ്കൂളുകളിൽ അദ്ധ്യാപക, അനദ്ധ്യാപക തസ്തികകളിലെ നിയമനം**

218 (5104)ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ മാനേജ്മെന്റ് സ്കൂളുകളിൽ അദ്ധ്യാപക, അനദ്ധ്യാപക തസ്തികകളിൽ നിയമനം നടത്തുന്നതിന് സർക്കാർ പ്രതിനിധിയെ നിയമിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയം അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭിന്നശേഷി സംവരണം സംബന്ധിച്ച വിഷയങ്ങൾ വരുന്നതിനുമുമ്പുള്ള സർക്കാർ നോമിനി അപേക്ഷകൾ സംബന്ധിച്ച് തീരുമാനമായിട്ടുള്ളതാണ്. മേൽ സംവരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടും റോസ്റ്റർ തയ്യാറാക്കുന്നത് സംബന്ധിച്ചും

പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ മാനേജർമാർ നടപടി സ്വീകരിക്കുന്നതനുസരിച്ച് സർക്കാർ നോമിനി അപേക്ഷകൾ കാലതാമസമില്ലാതെ പരിഗണിക്കുന്നതാണ്.

(സി) ഹയർ സെക്കണ്ടറി വകുപ്പിലെ ആർ.ഡി.ഡി. ഓഫീസുകളിലെ ജീവനക്കാരുടെ കുറവും നിലവിലുള്ള ജീവനക്കാരുടെ അലംഭാവവും കാരണം എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപക, അനദ്ധ്യാപക തസ്തികകളിൽ സ്ഥിരം നിയമനം നടത്താൻ കഴിയാത്തതുകൊണ്ട് വിദ്യാർത്ഥികൾക്കും മാനേജ്മെന്റുകൾക്കുമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പി.എസ്.സി.-യിൽനിന്ന് ക്ലാർക്ക് നിയമന ശിപാർശ ലഭിക്കുകയും തസ്തികമാറ്റ നിയമനത്തിനായി നീക്കിവെച്ച ക്ലാർക്ക് ഒഴിവുകൾ നികത്തപ്പെടുകയും ചെയ്യുന്നതോടെ ആർ.ഡി.ഡി. ഓഫീസുകളിലെ ക്ലാർക്ക് ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ കഴിയും. മാനേജ്മെന്റുകൾ അപാകതകളില്ലാതെ നിയമന പ്രക്രിയകൾക്കുള്ള പ്രൊപ്പോസലുകൾ സമർപ്പിച്ചാൽ കാലതാമസമില്ലാതെ നടപടികൾ സ്വീകരിക്കുന്നതാണ്.

**എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി വിഭാഗത്തിലുള്ള അധ്യാപകരുടെ നിയമനം**

219(5105) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എയ്ഡഡ് സ്കൂളുകളിൽ ഒരേ മാനേജ്മെന്റിനുകീഴിൽ നിയമനം ലഭിച്ച ഭിന്നശേഷി വിഭാഗത്തിലുള്ള അദ്ധ്യാപകരിൽ സീനിയോറിറ്റി മറികടന്ന് ഏതെങ്കിലും നിയമനം സർക്കാർ അംഗീകരിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**എയ്ഡഡ് മേഖലയിലെ അദ്ധ്യാപക തസ്തികയിൽ ഭിന്നശേഷി സംവരണം**

220(5106) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എയ്ഡഡ് മേഖലയിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കിയ അധ്യാപക തസ്തികയിൽ 2019 മുതൽ നിയമനാംഗീകാരം ലഭിക്കാത്ത അദ്ധ്യാപകർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകാൻ സാധിക്കുമോയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 18-11-2018-ലെ സ.ഉ.(പി) നം.18/2018/സ.നീ.വ., 25-06-2022-ലെ സ.ഉ(കൈ)നം.111/2022/ പൊ.വി.വ., 28-10-2022-ലെ ജെ3/49/2021/പൊ.വി.വ. നമ്പർ സർക്കാർ കത്ത്, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23-11-2022-ലെ എച്ച്2/295299/2021/ഡിജിഇ നമ്പർ പരിപത്രം എന്നിവ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. 07-02-1996 മുതൽ 18-04-2017 വരെ മൂന്ന് ശതമാനവും 19-04-2017 മുതൽ നാല് ശതമാനവും ഭിന്നശേഷി സംവരണം പാലിച്ച് ബാക്ക് ലോഗ് തയ്യാറാക്കി അർഹരായവർക്ക് നിയമനം നൽകുന്ന മുറയ്ക്ക് ഇതുസംബന്ധിച്ചുള്ള ബഹുമാനപ്പെട്ട ഹൈക്കോടതി വിധിക്കും സർക്കാർ നിർദ്ദേശങ്ങൾക്കും അനുസൃതമായി മറ്റ് നിയമനങ്ങൾ പുനഃപരിശോധിച്ച് നിയമനം അംഗീകരിക്കുന്നതാണ്. ഇത്തരത്തിൽ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതാണ്.

## സ്കോൾ കേരള ഓഫീസുകളിലെ നിയമനങ്ങൾ

221(5107) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കോൾ കേരളയുടെ സ്റ്റേറ്റ് ഓഫീസ്, മലബാർ റീജിയണൽ ഓഫീസ്, ജില്ലാ ഓഫീസുകൾ എന്നിവിടങ്ങളിൽ വർക്ക് സ്റ്റഡി പ്രകാരം എത്ര പോസ്റ്റുകൾ വീതമാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

വർക്ക് സ്റ്റഡി പ്രകാരം സ്റ്റേറ്റ് ഓഫീസിലേയ്ക്ക് അനുവദിച്ച 49 തസ്തികകളുടെ വിശദാംശങ്ങളും ജില്ലാ ഓഫീസിലേയ്ക്ക് അനുവദിച്ച 32 തസ്തികകളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു+.

വർക്ക് സ്റ്റഡി റിപ്പോർട്ട് പ്രകാരം റീജിയണൽ ഓഫീസ് അനുവദിച്ചിട്ടില്ല.

(ബി) സ്കോൾ കേരളയുടെ ഓഫീസുകളിൽ നിലവിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാരുടെ എണ്ണം, തസ്തിക എന്നിവ വിശദമാക്കാമോ?

സ്കോൾ-കേരളയിൽ സംസ്ഥാന/ജില്ലാ കേന്ദ്രം ജീവനക്കാരുടെ എണ്ണം, തസ്തിക എന്നിവ അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കൂടുതൽ കുട്ടികൾ രജിസ്റ്റർ ചെയ്യുന്ന മലബാർ മേഖലയിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കാൻ മലബാർ ഓഫീസിലേയ്ക്ക് കൂടുതൽ തസ്തികകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വർക്ക് സ്റ്റഡി നടന്ന അവസരത്തിൽ മലബാർ മേഖലയിലുള്ള മലപ്പുറം, കോഴിക്കോട്, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലെ കുട്ടികളുടെ എണ്ണം കണക്കിലെടുത്ത് കൂടുതൽ തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

**സർക്കാർ സ്കൂൾ ബസുകൾ ഉപയോഗിക്കുന്നതിനുള്ള വ്യവസ്ഥ**

222(5108)ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂൾ ബസുകൾ വിദ്യാർത്ഥികളുടെ ആവശ്യങ്ങൾക്കല്ലാതെ സ്വകാര്യ വ്യക്തികൾക്കും പരിപാടികൾക്കും ഉപയോഗിക്കുന്നതിന് വ്യവസ്ഥയുണ്ടോയെന്ന് അറിയിക്കുമോ?

വ്യവസ്ഥയില്ല.

(ബി) വ്യവസ്ഥകൾക്ക് വിരുദ്ധമായി സർക്കാർ സ്കൂൾ ബസുകൾ ദുരുപയോഗം ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവമായി കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

അത്തരം സാഹചര്യം ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ ഗൗരവമായി കാണുന്നതാണ്.

(സി) പേരാമ്പ്രയിലെ സർക്കാർ സ്കൂളിലെ ബസ് രാഷ്ട്രീയ പാർട്ടിയുടെ പരിപാടികൾക്ക് ജനങ്ങളെ എത്തിക്കാൻ ഉപയോഗിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പരാതി ലഭിച്ചിട്ടുണ്ട്.

(ഡി) എങ്കിൽ പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പേരാമ്പ്ര സ്കൂളിന് സർക്കാർ ബസ് അനുവദിച്ചിട്ടില്ല. സ്വകാര്യ വ്യക്തിയുടെ ബസ് വാടകയ്ക്കെടുത്താണ് സ്കൂൾ ആവശ്യത്തിനായി ഉപയോഗിക്കുന്നത്.

**ഭഗവതി വിലാസം ഹൈസ്കൂളിന് സർക്കാർ വിഹിതം നൽകാൻ നടപടി**

223(5109) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 01-03-2018-ലെ സർക്കാർ ഉത്തരവ് നമ്പർ 30/2018/ധന. പ്രകാരം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായിട്ടുള്ള ചലഞ്ച് ഫണ്ടിൽ ഉൾപ്പെടുകയും 03-11-2020-ലെ സർക്കാർ ഉത്തരവ് നമ്പർ 6267/2020/ധന. പ്രകാരം സർക്കാർ വിഹിതം അനുവദിക്കുകയും ചെയ്ത സ്കൂളുകളിൽപ്പെട്ട വൈപ്പിൻ നിയോജകമണ്ഡലത്തിലെ നായരമ്പലത്ത് പ്രവർത്തിക്കുന്ന ഭഗവതി വിലാസം ഹൈസ്കൂളിന് കെട്ടിടം പണി പൂർത്തീകരിച്ചിട്ടും ആവശ്യമായ രേഖകളെല്ലാം നിരവധി തവണ സമർപ്പിച്ചിട്ടും സർക്കാർ വിഹിതം ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത തുക എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) ബന്ധപ്പെട്ട സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള രേഖകളുടെ അസ്സൽ പകർപ്പ് നൽകിയിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനം**

224(5110) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഭിന്നശേഷിക്കാരായ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും പഠന-പഠനേതര പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് അദ്ധ്യാപകരെ പ്രാപ്തരാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

സർക്കാർ/എയ്ഡഡ്/സ്വകാര്യ മേഖലയിലും സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ

വികസനത്തിനായി പ്ലാൻ ഫണ്ട് മുഖേന സാമ്പത്തിക സഹായം നൽകുന്നുണ്ട്. സ്വകാര്യ മേഖലയിലെ സ്പെഷ്യൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയുള്ള ജീവനക്കാർ, സ്കൂളുകൾ നൽകുന്ന സേവനങ്ങൾ എന്നിവ പരിഗണിച്ച് സ്കൂളുകളെ എ, ബി, സി, ഡി ഗ്രേഡുകളായി തിരിച്ച് സ്പെഷ്യൽ സ്കൂൾ പാക്കേജ് പ്രകാരം ധനസഹായം നൽകിവരുന്നു. കൂടാതെ അദ്ധ്യാപകർക്ക് എസ്.സി.ഇ.ആർ.ടി. മുഖേന അക്കാദമിക പ്രവർത്തനങ്ങൾക്ക് പരിശീലനവും നൽകിവരുന്നു.

(സി) പ്രസ്തുത സ്കൂളുകളിലെ മേധാവികളായി വരുന്ന അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും മുൻകാല പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും പ്രസ്തുത തസ്തികകളിലേയ്ക്ക് നിയമിക്കുന്നതിനും എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

ഗവൺമെന്റ്/എയ്ഡഡ് മേഖലയിൽ സർക്കാർ ഉത്തരവുകൾ അനുസരിച്ചാണ് ജീവനക്കാരെ നിയമിക്കുന്നത്. എൻ.ജി.ഒ.-കൾ നടത്തുന്നതും പഞ്ചായത്തുകൾ നടത്തുന്ന ബഡ്സ് സ്കൂളുകൾ ഉൾപ്പെടെയുള്ള

സ്പെഷ്യൽ സ്കൂളുകളിൽ ജീവനക്കാരെ നിയമിക്കുന്നത് സ്കൂൾ മാനേജ്മെന്റ്/ പഞ്ചായത്ത് തന്നെയാണ്.

(ഡി) കൂടുതൽ പരിഗണന അർഹിക്കുന്ന വിഭാഗം എന്ന നിലയിൽ സ്പെഷ്യൽ സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ?

2019 മുതൽ സ്പെഷ്യൽ സ്കൂളുകൾക്ക് സ്പെഷ്യൽ സ്കൂൾ പാക്കേജ് നടപ്പിലാക്കി വരുന്നു. സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, സ്കൂളുകൾ നൽകുന്ന സേവനങ്ങൾ, നിശ്ചിത യോഗ്യതയുള്ള ജീവനക്കാർ എന്നിവ സ്പെഷ്യൽ സ്കൂൾ പാക്കേജിനുള്ള മാനദണ്ഡങ്ങളാണ്. ഇതിൽക്കൂടി കുട്ടികളുടെ സുരക്ഷയും ഉറപ്പാക്കിവരുന്നു.

(ഇ) പൊതുവിദ്യാഭ്യാസ മേഖലയിലെ അഭിമാന സ്തംഭങ്ങളായി സ്പെഷ്യൽ സ്കൂളുകളെ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സർക്കാർ മേഖലയിലെ സ്പെഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. അതോടൊപ്പം

സ്വകാര്യ സ്പെഷ്യൽ സ്കൂളുകൾക്ക് സ്പെഷ്യൽ സ്കൂൾ പാക്കേജ് വഴി സാമ്പത്തിക സഹായവും നൽകിവരുന്നു.

**വിദ്യാർത്ഥികൾക്ക് യൂണിഫോം വാങ്ങുന്നതിന് തുക**

225(5111) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്ക് യൂണിഫോം വാങ്ങുന്നതിനായി ഈ അധ്യയന വർഷം എത്ര തുകയാണ് അനുവദിച്ചതെന്നും ആയത് എന്നാണ് അനുവദിച്ചതെന്നും അറിയിക്കുമോ?

2022-2023 അധ്യയന വർഷത്തിൽ വിദ്യാർത്ഥികൾക്ക് യൂണിഫോം വാങ്ങുന്നതിനായി അലവൻസ് ഇനത്തിൽ 23,46,62,400/- രൂപ (ഇരുപത്തിമൂന്ന് കോടി നാല്പത്തിയാറ് ലക്ഷത്തി അറുപത്തിരണ്ടായിരത്തി നാന്നൂറ് രൂപമാത്രം) 28/02/2023 തീയതിയിൽ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) സ്കൂൾ അധ്യയന വർഷം ആരംഭിക്കുമ്പോൾ തന്നെ യൂണിഫോം വാങ്ങുന്നതിനുള്ള തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഒരു കുട്ടിക്ക് 2 ജോഡി യൂണിഫോം വാങ്ങുന്നതിന് തയ്യൽക്കൂലി അടക്കം 600 രൂപയെന്നത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

(ബി&സി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**മാവേലിക്കര ഐ.എച്ച്.ആർ.ഡി. കോളേജിന് സ്ഥലവും കെട്ടിടവും കൈമാറുന്നതിനുള്ള നടപടി**

226(5112) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും നിലവിൽ ഉപയോഗമില്ലാതെ കിടക്കുന്നതുമായ ബുക്ക് ഡിപ്പോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബുക്ക് ഡിപ്പോ സ്ഥിതി ചെയ്യുന്ന സ്ഥലവും കെട്ടിടവും മാവേലിക്കര ഐ.എച്ച്.ആർ.ഡി. കോളേജിന് കൈമാറുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ&ബി) മാവേലിക്കര ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ വളപ്പിൽ പ്രവർത്തിച്ചുവരുന്നതും ഐ.എച്ച്.ആർ.ഡി.-യുടെ കീഴിൽ വരുന്നതുമായ കോളേജ് ഓഫ് അപ്ലൈഡ് സയൻസിന്റെ പ്രവർത്തനത്തിനായി ടി കോളേജിന്റെ എതിർവശത്ത് ഒഴിഞ്ഞുകിടക്കുന്ന ടെക്സ്റ്റ് ബുക്ക് ഡിപ്പോ കെട്ടിടം വിട്ടുനൽകണമെന്ന് ഐ.എച്ച്.ആർ.ഡി. ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. മാവേലിക്കര ജില്ലയിലെ അക്കാദമിക പ്രവർത്തനങ്ങൾക്കും പ്രഥമാദ്ധ്യാപക കോൺഫറൻസുകൾക്കും അദ്ധ്യാപക പരിശീലന പരിപാടികൾക്കും മറ്റ് ഔദ്യോഗിക മീറ്റിംഗുകൾക്കും ടി കെട്ടിടം ഉപയുക്തമാക്കാവുന്നതിനാൽ ഐ.എച്ച്.ആർ.ഡി. ഡയറക്ടറുടെ പ്രസ്തുത ആവശ്യം സർക്കാർ നിരാകരിച്ചിരുന്നു. എന്നാൽ ഉന്നത-പൊതുവിദ്യാഭ്യാസ മന്ത്രിമാരുടെ അധ്യക്ഷതയിൽ 11-07-2022-ൽ കൂടിയ യോഗത്തിൽ ടി വിഷയം ചർച്ച ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടം പ്രസ്തുത കോളേജിന് അനുവദിക്കുന്ന കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. പൊതുവിദ്യാഭ്യാസ ഡയറക്ടറിൽനിന്നും റിപ്പോർട്ട്

അടിയന്തരമായി ലഭ്യമാക്കി ടി വിഷയം പുനഃപരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**സ്കൂൾ പാഠ്യപദ്ധതിയിൽ നീന്തൽ പരിശീലനം**

227(5113) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ ജലാശയങ്ങളിലും മറ്റും മുങ്ങിമരിക്കുന്നത് വ്യാപകമായതിനാൽ സ്കൂൾ പാഠ്യപദ്ധതിയിൽ നീന്തൽ പരിശീലനം ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ?

നിലവിലുള്ള ആരോഗ്യ-കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമായി നീന്തൽ നിർബന്ധിത മേഖലയായി ഉൾപ്പെടുത്തിയിട്ടുണ്ട്. അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസുവരെയുള്ള ക്ലാസുകളിലെ ആരോഗ്യ കായിക വിദ്യാഭ്യാസം ടീച്ചർ ടെക്സ്റ്റിൽ വ്യത്യസ്ത ഘട്ടങ്ങളായി ഇതിന്റെ ഉള്ളടക്കം ക്രമീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിലെ വിദഗ്ധരായ നീന്തൽ പരിശീലകരുടെ സേവനം പ്രയോജനപ്പെടുത്തിയാണ് ഈ ഉള്ളടക്ക ഭാഗങ്ങൾ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയത്.

പാഠ്യപദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിരിക്കുന്ന നീന്തലുമായി ബന്ധപ്പെട്ട പ്രായോഗിക പരിശീലനംകൂടി കുട്ടികൾക്ക് പകർന്ന് നൽകേണ്ടത് അനിവാര്യമാണ്. സംസ്ഥാനത്തെ നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നീന്തലിന്റെ പ്രായോഗിക പരിശീലന സംവിധാനങ്ങൾ നിരവധി ഇടങ്ങളിൽ ഒരുക്കിക്കൊടുത്തിട്ടുണ്ട്. കുട്ടികൾ നീന്തലിന്റെ പ്രായോഗികശേഷി ആർജ്ജിക്കുന്നതിലൂടെ സംസ്ഥാനത്തുണ്ടാകുന്ന മുങ്ങിമരണങ്ങൾക്ക് ശാശ്വതമായ പരിഹാരമുണ്ടാക്കുവാൻ സാധിക്കും.

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര പൊതുവിദ്യാലയങ്ങളിൽ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകിവരുന്നു; വിദ്യാഭ്യാസ ജില്ല തിരിച്ച് സ്കൂളുകളുടെ പേര് വിവരങ്ങൾ നൽകുമോ?

വിദ്യാഭ്യാസ ജില്ല തിരിച്ച് സ്കൂളുകളുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**എസ്.എസ്.കെ. ഫണ്ടുപയോഗിച്ചുള്ള പദ്ധതി നിർവ്വഹണം**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

228(5114) <u>ശ്രീ. എ. കെ. എം. അഷ്റഫ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.കെ. ഫണ്ടുപയോഗിച്ച് കാസർഗോഡ് ജില്ലയിലെ വിദ്യാലയങ്ങളിൽ 2021-22, 2022-23, 2023-24 വർഷങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

2021-22, 2022-23 വർഷങ്ങളിലെ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+. 2023-24 വർഷത്തിലെ വാർഷിക പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്ന വിദ്യാലയങ്ങളുടെ പേരുവിവരങ്ങളും പദ്ധതി സംബന്ധിച്ച വിശദവിവരവും ലഭ്യമാക്കുമോ?

വിദ്യാലയങ്ങളുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(സി) പ്രസ്തുത പദ്ധതികൾ നിർവ്വഹണത്തിന്റെ ഏത് ഘട്ടങ്ങളിലാണെന്ന് വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2021-22-ലെ പദ്ധതികൾ പൂർത്തിയായിട്ടുണ്ട്. 2022-23-ലെ എല്ലാ പദ്ധതികളും മാർച്ച് 31-നകം പൂർത്തീകരിക്കുന്നതാണ്.

(ഡി) പദ്ധതികളുടെ നിർവ്വഹണ രീതി, ഏജൻസി എന്നിവ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

അധ്യാപക രക്ഷാകർതൃ സമിതി (എസ്.എം.സി.)-യിലെ അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റിയാണ് പദ്ധതികളുടെ നിർവ്വഹണം നടത്തുന്നത്.

(ഇ) 2021-22, 2022-23 വർഷങ്ങളിൽ പ്രസ്തുത പദ്ധതികളുടെ ചെലവ് എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

| | **2021-22** | **2022-23** |
|---|---|---|
| ആകെ പദ്ധതി വിഹിതം | 3554.48 | 4016.87 |
| ലഭ്യമായ ഫണ്ട് | 1712.91 | 1877.91 |
| ചെലവ് ശതമാനം | ലഭിച്ച തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. അതിൻ പ്രകാരം 2021-22-ൽ മൊത്തം പദ്ധതി വിഹിതത്തിന്റെ 49 ശതമാനവും 2022-23-ൽ 48 ശതമാനവും ചെലവഴിച്ചിട്ടുണ്ട്. | |

**മാവേലിക്കര മണ്ഡലത്തിൽ സർക്കാർ സ്കൂളുകളുടെ നവീകരണം**

229(5115) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ഭരണാനുമതി ലഭിക്കുന്നതിനായി ഏതൊക്കെ സ്കൂളുകളുടെ എസ്റ്റിമേറ്റുകൾ പൊതുമരാമത്ത് വകുപ്പും തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പും മുഖേന ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

മാവേലിക്കര മണ്ഡലത്തിലെ സ്കൂളുകളിൽ കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി നൽകുന്നതിനായി ലഭ്യമായ പ്രൊപ്പോസലുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ സർക്കാർ സ്കൂളുകളുടെ നവീകരണത്തിനാവശ്യമായ നടപടി സ്വീകരിക്കുമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നവീകരണത്തിനാവശ്യമായ തുക ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

(ബി&സി) കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയ സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. | ഗവ. എൽ.പി.സ്കൂൾ, ചത്തിയറ |
| 2. | ഗവ. എച്ച്.എസ്.എസ്, കുന്നം |
| 3. | ഗവ. വി.എച്ച്.എസ്.എസ്., ചുനക്കര |
| 4. | ഗവ. വി.എച്ച്.എസ്.എസ്., ഇലിപ്പാകുളം |

കെട്ടിട നിർമ്മാണത്തിനായി ലഭ്യമായ മറ്റ് പ്രൊപ്പോസലുകൾ പരിശോധിച്ചുവരുന്നു.

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഇ.എം.3/14977/22 നമ്പർ ഫയൽ തീർപ്പാക്കാൻ നടപടി**

230(5116) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം ഹയർ സെക്കണ്ടറി സ്കൂളിൽ യു.പി. സെക്ഷനിൽ അറബിക് അദ്ധ്യാപകനായി ജോലി ചെയ്തുവരുന്ന ഹാഫിസ് പി. എന്നയാളുടെ 51 എ ക്ലെയിം നഷ്ടപ്പെട്ടത് സംബന്ധിച്ച പരാതി സർക്കാരിൽ

ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഇ.എം.3/14977/22 നമ്പർ ഫയൽ തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) കുന്ദമംഗലം ഹയർ സെക്കൻഡറി സ്കൂളിൽ യു.പി.സെക്ഷനിൽ അറബിക് അദ്ധ്യാപകനായി ജോലി ചെയ്തുവരുന്ന ഹാഫിസ് പി. എന്നയാളുടെ 51 എ ക്ലെയിം നഷ്ടപ്പെട്ടത് സംബന്ധിച്ച പരാതി പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. ആയത് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഇ.എം.3/14977/22 ഫയലിൽ അറ്റാച്ച് ചെയ്ത് പരിശോധിച്ചുവരുന്നു. ശ്രീ. ഹാഫിസിനെ അവധി ഒഴിവിൽ രണ്ടു തവണയാണ് കുന്ദമംഗലം സ്കൂളിൽ നിയമിച്ചിട്ടുള്ളത്. ആദ്യ അവധി ഒഴിവിൽ (2-6-2008 - 4-9-2012) കാലയളവ് പൂർത്തിയാക്കുന്നതിനുമുമ്പ് ടിയാൻ വകുപ്പിന്റെ അനുമതി നേടാതെ സ്വമേധയാ ജോലിയിൽനിന്ന് വിട്ടുനിന്നു. പിന്നീട് രണ്ടാമത് നിയമിക്കപ്പെട്ട അവധി ഒഴിവിൽ (3-6-2013 - 31-

5-2016) അംഗീകാരം നേടി തുടരവേ അനുമതിയില്ലാതെ വിദേശത്തേയ്ക്ക് പോയിരുന്നു. വകുപ്പിന്റെ അനുമതിയില്ലാതെ സേവനത്തിൽനിന്നും വിട്ടുനിൽക്കുന്നത് ചട്ടങ്ങൾക്ക് വിരുദ്ധമാണ്. പൊതുവിദ്യാഭ്യാസ ഡയറക്ടർ ഇക്കാര്യം പരിശോധിച്ച് ശ്രീ. ഹാഫിസ് പി.-യുടെ ചട്ടം 51എ അവകാശം സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

**പട്ടാമ്പി മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിലൂടെ അനുവദിച്ച സ്കൂളുകളുടെ നിർമ്മാണ പുരോഗതി**

231(5117) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പട്ടാമ്പി നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച സ്കൂളുകളുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം ഒരോ സ്കൂളിനും അനുവദിച്ച തുകയും സ്കൂളുകളുടെ പേരും നൽകാമോ;

(സി) പദ്ധതി പ്രകാരം ഏതെല്ലാം സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായെന്നും ഇനിയും പൂർത്തിയാകാനുള്ളവ എത്രയെന്നും ആയതിന്റെ കാരണവും വ്യക്തമാക്കുമോ?

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പട്ടാമ്പി നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച സ്കൂളുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

<u>5 കോടി കിഫ്ബി പദ്ധതി</u>

5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട നടുവട്ടം Govt. ജനതാ HSS- ന്റെ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു.

<u>3 കോടി കിഫ്ബി പദ്ധതി</u>

3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട GHSS വാടാനാംക്കുറിശ്ശി, GVHSS കൊപ്പം എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

GHSS പട്ടാമ്പി നിർമ്മാണം പുരോഗമിച്ചുവരുന്നു. 68 ശതമാനത്തോളം നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

GHSS ചൂണ്ടംമ്പറ്റ സ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കി കില തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തരം feasibility study നടത്തി. നിലവിൽ നിർമ്മാണങ്ങൾക്ക് പുതുക്കിയ ഡി.എസ്.ആർ./ജി.എസ്.ടി. നിരക്കുകൾ ബാധകമായതിനാൽ പുതുക്കിയ നിരക്ക് പ്രകാരമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിരിക്കുന്നു.

GOHSS പട്ടാമ്പി സ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കിയിരുന്നു. എന്നാൽ KPBR Violation ഉള്ളതിനാൽ നിലവിലുള്ള പ്ലാനിൽ ഭേദഗതി ആവശ്യമാണ്. ഇതനുസരിച്ച് പ്ലാനും എസ്റ്റിമേറ്റും ഭേദഗതി ചെയ്ത് അടുത്ത TS കമ്മിറ്റിക്ക് സമർപ്പിക്കുന്നതാണെന്ന് കില അറിയിച്ചിട്ടുണ്ട്.

GUPS പട്ടാമ്പി സ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കി coverage issue ഉണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റെയിൽവേയുടെ NOC ആവശ്യമായിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

1 കോടി കിഫ്ബി പദ്ധതി

1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട GHS വിളയൂർ, GUPS നരിപ്പറമ്പ എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

വല്ലപ്പുഴ GHS സ്കൂളിന്റെ ഡി.പി.ആർ. അംഗീകരിച്ചു. സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

GHS കൊട്ടുമുണ്ട സ്കൂളിന്റെ Soil test നടത്തി. നിർമ്മാണത്തിനുള്ള സ്ഥലവും ക്ലാസ്സ് മുറികളുടെ അളവും മാറ്റം വരുത്തുന്നതിനായി സ്കൂൾ അധികാരികൾ അറിയിച്ചിട്ടുണ്ട്. അതനുസരിച്ച് പുതുക്കിയ എസ്റ്റിമേറ്റ് കില തയ്യാറാക്കിവരുന്നു.

(ഡി) നിർമ്മാണം പൂർത്തീകരിച്ച സ്കൂളുകളുടെ ടെണ്ടർ ബാലൻസ് എത്രയെന്നും പ്രസ്തുത തുക എന്തെല്ലാം പദ്ധതികൾക്ക് വിനിയോഗിക്കാമെന്നുമുള്ള വിശദാംശം നൽകാമോ?

കിഫ്ബി ഫണ്ടിലുൾപ്പെട്ട പദ്ധതികൾക്ക് സാമ്പത്തിക ഭരണാനുമതി ലഭ്യമാക്കുന്നത് കിഫ്ബിയിൽ നിന്നാണ്. നിർമ്മാണം പുരോഗമിക്കുന്ന മുറയ്ക്ക് എസ്.പി.വി.-യിൽനിന്നും പാസ്സാക്കുന്ന കരാറുകാരുടെ ബിൽ തുക കിഫ്ബിയിൽനിന്നും നേരിട്ട് കരാറുകാർക്ക് ലഭ്യമാക്കുകയാണ് പതിവ്. ആയതിനാൽ പട്ടാമ്പി മണ്ഡലത്തിൽ കൈറ്റ് എസ്.പി.വി.-യായി 5, 3

കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട് നിർമ്മാണം പൂർത്തിയാക്കിയ വിദ്യാലയങ്ങളുടെ കൈറ്റ് ലഭ്യമാക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്കൂൾ | കിഫ്ബി സാമ്പത്തിക ഭരണാനുമതി | പുതുക്കിയ എസ്റ്റിമേറ്റ് തുക | ബാക്കി തുക |
|---|---|---|---|---|
| 1 | ജി.ജെ.എച്ച്.എസ്.എസ്. നടുവട്ടം (SPV - KITE) | 5 കോടിരൂപ | 4,31,20,504.9 രൂപ | 68,79,495.1 രൂപ |
| 2 | ജി.വി.എച്ച്.എസ്. കൊപ്പം (SPV - KITE) | 3 കോടിരൂപ | 2,81,03,935.32 രൂപ | 18,96,064.7 രൂപ |
| 3 | ജി.എച്ച്.എസ്.എസ്. വാടാനാംകുറിശ്ശി (SPV - KITE) | 3 കോടിരൂപ | 2,70,73,546,24 രൂപ | 29,26,453.8 രൂപ |

1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട GHS വിളയൂർ, GUPS നരിപ്പറമ്പ എന്നീ സ്കൂളുകളുടെ നിർമ്മാണത്തിനുള്ള എസ്.പി.വി.-യായി കിലയെയാണ് ചുമതലപ്പെടുത്തിയത്. നിർമ്മാണം പൂർത്തീകരിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

GHS വിളയൂർ

എസ്റ്റിമേറ്റ് തുക – 86,25,155

PAC തുക – 80,91,325

പുതുക്കിയ എസ്റ്റിമേറ്റ് തുക – 85,61,218

GUPS നരിപ്പറമ്പ

എസ്റ്റിമേറ്റ് തുക – 86,23,752

PAC തുക – 81,62,656

പുതുക്കിയ എസ്റ്റിമേറ്റ് തുക – 83,68,528

ഇതുകൂടാതെ പുതുക്കിയ നിരക്കിലുള്ള 18 ശതമാനം ഡി.എസ്.ആർ./ജി.എസ്.ടി. നിരക്ക് ബാധകമാകുന്നതാണ്. അന്തിമ തുക കിഫ്ബിയുടെ ബില്ലുകൾ തീർപ്പുകൽപ്പിച്ചതിനുശേഷം മാത്രമെ തീരുമാനിക്കാൻ കഴിയൂ.

എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ്

232(5118) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018 മുതൽ 2022 വരെ എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് എത്ര വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നിലവിൽ പ്രസ്തുത സ്കോളർഷിപ്പ് തുക നൽകുന്നതിൽ കുടിശ്ശികയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഓരോ വർഷവും നൽകാനുള്ള കുടിശ്ശിക തുക എത്രയാണെന്നും എന്നത്തേയ്ക്ക് കുടിശ്ശിക തുക നൽകാനാണ് തീരുമാനമെന്നും വ്യക്തമാക്കാമോ?

നിലവിലെ കുടിശ്ശിക തുക:

| | |
|---|---|
| 2019-20 | 1,08,68,472/- രൂപ |
| 2020-21 | 4,53,31,899/- രൂപ |
| 2021-22 | 6,41,92,037/- രൂപ |
| 2022-23 | 19,25,76,111/- രൂപ |

ഫണ്ട് ലഭ്യതയനുസരിച്ച് കുടിശ്ശിക തുക കൊടുത്ത് തീർക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

### കെ-ടെറ്റ് പരീക്ഷയിലെ ഇ.ഡബ്ല്യൂ.എസ്. സംവരണം

233(5119) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ-ടെറ്റ് പരീക്ഷയിൽ ഇ.ഡബ്ല്യൂ.എസ്. സംവരണത്തിന്റെ ആനുകൂല്യം ലഭ്യമാക്കുന്നതിനായി വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ**

234(5120) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കാഞ്ഞങ്ങാട് മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വകുപ്പിന്റെ പ്ലാൻ ഫണ്ടുപയോഗിച്ച് അനുവദിച്ച നിർമ്മാണ പ്രവൃത്തികൾ ഏതൊക്കെയെന്നും അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ നിർമ്മാണ പുരോഗതി എന്തെന്നും വിശദമാക്കാമോ?

2016-17 സാമ്പത്തിക വർഷം മുതൽ കാഞ്ഞങ്ങാട് മണ്ഡലത്തിലെ സ്കൂളുകളിൽ നടന്നുവരുന്ന കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്[+].

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തിരുവനന്തപുരം ജില്ലയിലെ ഓഫീസ് അറ്റൻഡന്റുമാരുടെ അന്തർജില്ല സ്ഥലം മാറ്റം

235(5121) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-2023 വർഷം പൊതുവിദ്യാഭ്യാസ വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ നടത്തിയ ഓഫീസ് അറ്റൻഡന്റുമാരുടെ അന്തർജില്ല സ്ഥലം മാറ്റത്തിന്റെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത വകുപ്പിലെ ഓഫീസ് അറ്റൻഡന്റുമാരുടെ അന്തർജില്ല സ്ഥലം മാറ്റത്തിനായി തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ 2021 വരെ മുൻഗണന ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ അഞ്ച് വർഷം ഈ ജില്ലയിൽ ഓരോ വർഷവും ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ എത്ര വീതം അന്തർ ജില്ല സ്ഥലം മാറ്റങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) 2022-2023 വർഷം പൊതുവിദ്യാഭ്യാസ വകുപ്പിൽ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് മറ്റുള്ള ജില്ലകളിൽനിന്നും ലഭ്യമായിട്ടുള്ള അന്തർ ജില്ല

സ്ഥലം മാറ്റത്തിനുള്ള അപേക്ഷകളുടെ എണ്ണം എത്രയാണെന്നും പ്രസ്തുത അപേക്ഷകളുടെ അടിസ്ഥാനത്തിൽ മുൻഗണന പട്ടിക തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) തിരുവനന്തപുരം ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ 2022-23 വർഷം ഓഫീസ് അറ്റൻഡന്റുമാരുടെ തസ്തികയിൽ ആകെ ഉണ്ടായിട്ടുള്ള ഒഴിവുകൾ എത്രയാണെന്നും ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്ര ഓഫീസ് അറ്റൻഡന്റുമാരുടെ ഒഴിവുകൾ അന്തർ ജില്ല സ്ഥലം മാറ്റത്തിനായി മാറ്റിവച്ചെന്നും അറിയിക്കാമോ;

(ഇ) 2022-2023 വർഷം പൊതുവിദ്യാഭ്യാസ വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ നടത്തിയ ഓഫീസ് അറ്റൻഡന്റുമാരുടെ അന്തർ ജില്ല സ്ഥലം മാറ്റത്തിന്റെ വിശദാംശം ലഭ്യമാക്കുമോ?

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

**എയ്ഡഡ് ഹയർ സെക്കണ്ടറി വിഭാഗത്തിലെ നിയമനം**

236(5122) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എയ്ഡഡ് ഹയർ സെക്കണ്ടറി വിഭാഗത്തിലെ നിയമനങ്ങൾക്ക് കെ.ഇ.ആർ. അധ്യായം 32-ലെ സ്പെഷ്യൽ റൂൾസ് ഉപയോഗിക്കുന്ന സാഹചര്യത്തിൽ ചില വിഷയങ്ങളിൽ പ്രസ്തുത അധ്യായത്തിൽ റൂളുകളില്ലാത്തതിനാൽ അത്തരം വിഷയങ്ങളിലുള്ള ആനുകൂല്യങ്ങൾ എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സെക്കണ്ടറിതലംവരെയുള്ള എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ നിയമനരീതി ഉൾപ്പെടെയുള്ള പല ചട്ടങ്ങളും ഹയർ സെക്കൻഡറി അദ്ധ്യാപകർക്കുകൂടി ബാധകമാക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സർക്കാർ സ്കൂളുകളിലെ അധിക തസ്തികകൾ**

237(5123) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിലെ അധിക തസ്തിക നിർണ്ണയം സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) എൽ.പി. സ്കൂൾ അസിസ്റ്റന്റ് (മലയാളം)/യു.പി. സ്കൂൾ അസിസ്റ്റന്റ് (മലയാളം) വിഭാഗത്തിൽ നിർണ്ണയിച്ച അധിക തസ്തികകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

(എ & ബി) സർക്കാർ സ്കൂളുകളിൽ അധിക തസ്തികകൾ അനുവദിക്കുന്ന നടപടികൾ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കേ എൽ.പി. സ്കൂൾ അസിസ്റ്റന്റ് (മലയാളം)/യു.പി. സ്കൂൾ അസിസ്റ്റന്റ് (മലയാളം) വിഭാഗത്തിൽ നിർണ്ണയിച്ച അധിക തസ്തികകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാവുകയുള്ളൂ.

(സി) 2023 മാർച്ച് 1 മുതൽ ജൂൺ 30 വരെ എറണാകുളം ജില്ലയിലെ സർക്കാർ സ്കൂളുകളിൽനിന്നും വിരമിക്കുന്ന എൽ.പി. വിഭാഗം അദ്ധ്യാപകരുടെ

എണ്ണം, അവർ ജോലി ചെയ്യുന്ന സ്കൂളിന്റെ പേര്, വിരമിക്കൽ തീയതി എന്നിവയുൾപ്പെടെ വിശദാംശം നൽകാമോ?

വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

**വി.എച്ച്.എസ്.ഇ. വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ നിയമനങ്ങൾ**

238(5124) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി.എച്ച്.എസ്.ഇ. വിഭാഗത്തിലെ വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ പുതിയ നിയമനങ്ങൾ തടഞ്ഞുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് ഏതാണെന്നും; ഈ ഉത്തരവ് വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ സ്ഥാനക്കയറ്റം തടയുന്നതിനുകൂടി ഉദ്ദേശിച്ചിട്ടാണോ പുറപ്പെടുവിച്ചിരിക്കുന്നതെന്നും അറിയിക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വി.എച്ച്.എസ്.ഇ. പാഠ്യപദ്ധതി പൂർണമായും ദേശീയതലത്തിലുള്ള NSQF കരിക്കുലം അനുസരിച്ചുള്ള പുതിയ കോഴ്സുകളിലേയ്ക്ക് മാറിയ സാഹചര്യത്തിൽ വി.എച്ച്.എസ്.ഇ.-ൽ നിലവിലുണ്ടായിരുന്ന കോഴ്സുകൾ പഠിപ്പിച്ചുകൊണ്ടിരുന്ന സ്ഥിര നിയമനം ലഭിച്ചിട്ടുള്ള വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലാബ് ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവർ പൂർണമായോ ഭാഗികമായോ പുതുക്കിയ ജോബ്റോളുകൾ നിഷ്കർഷിക്കുന്ന യോഗ്യതകളുമായി തുല്യത പുലർത്താത്ത സാഹചര്യത്തിലും പുതിയ NSQF കോഴ്സുകൾ പരമാവധി മൂന്ന് വർഷത്തിനുള്ളിൽ പുതുക്കപ്പെടുന്നതോ, നിർജ്ജീവമാക്കപ്പെടുന്നതോ ആയ സാഹചര്യത്തിലും മേൽ തസ്തികകളിലെ സ്ഥാനക്കയറ്റം ഉൾപ്പെടെയുള്ള എല്ലാത്തരം നിയമനങ്ങളും 14-06-2018-ലെ 155/എസ്.സി.3/2018/പൊ.വി.വ.,19-01-2019-ലെ എസ്.സി.2/287/2018/ പൊ.വി.വ. കത്തുകൾപ്രകാരം താത്കാലികമായി നിർത്തിവച്ചിട്ടുണ്ട്.

(ബി) ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, ഹൈസ്കൂൾ വിഭാഗങ്ങൾ ഏകീകരിക്കുമ്പോൾ വി.എച്ച്.എസ്.ഇ.-ൽ ഉണ്ടാകുന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഓരോ വകുപ്പിലെ ജീവനക്കാരുടെ ക്ഷേമത്തിനും ക്രമീകരണത്തിനുംവേണ്ടിയുള്ള സ്പെഷ്യൽ റൂൾ ഒരു വിഭാഗം ജീവനക്കാർക്കുമാത്രം മരവിപ്പിച്ച് നിർത്താൻ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ സർക്കാരിന് സാധിക്കുമോ; എങ്കിൽ എത്ര കാലംവരെ ഇതിന് സാധുതയുണ്ട്; അറിയിക്കുമോ;

(ഡി) നിലവിലെ വൊക്കേഷണൽ ഇൻസ്ട്രക്ടർമാരെയും വൊക്കേഷണൽ ടീച്ചർമാരെയും വി.എച്ച്.എസ്.ഇ.-ൽനിന്നും മറ്റ് വകുപ്പിലേയ്ക്ക് മാറ്റുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ ഏത് വകുപ്പിലേക്ക് ഏത് രീതിയിലാണെന്ന് വിശദമാക്കാമോ;

(ഇ) നിലവിൽ വി.എച്ച്.എസ്.ഇ. വൊക്കേഷണൽ ടീച്ചർ തസ്തികയിലേയ്ക്ക് വി.എച്ച്.എസ്.ഇ.-യിലെ മറ്റൊരു അദ്ധ്യാപക വിഭാഗമായ വൊക്കേഷണൽ ഇൻസ്ട്രക്ടർമാർക്കുണ്ടായിരുന്ന ഇരുപത് ശതമാനം പ്രൊമോഷൻ സാധ്യത പ്രസ്തുത തസ്തികയില്ലാതാവുന്നതോടെ നഷ്ടപ്പെടുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിദ്യാഭ്യാസ വകുപ്പിൽ ഖാദർ കമ്മീഷൻ പുതുതായി ശിപാർശ ചെയ്തിരിക്കുന്ന പഞ്ചായത്ത്

എഡ്യൂക്കേഷൻ ഓഫീസർ തസ്തികയുടെ നിശ്ചിത ശതമാനം, വൊക്കേഷണൽ ഇൻസ്ട്രക്ടർമാർക്കുവേണ്ടി മാറ്റിവയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(ബി - ഇ) ഖാദർ കമ്മീഷൻ റിപ്പോർട്ടനുസരിച്ചുള്ള ശിപാർശകൾ നടപ്പിലാക്കുന്നതിന് വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. സെക്കണ്ടറി, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങൾ ഏകീകരിച്ച് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്ന നടപടി പുരോഗമിച്ചുവരുന്നു.

**ആലപ്പുഴ ജില്ലയിലെ എൽ.പി., യു.പി. അദ്ധ്യാപക ഒഴിവുകൾ**

239(5125) <u>ശ്രീമതി ദെലീമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ നിലവിൽ എൽ.പി., യു.പി. അദ്ധ്യാപകരുടെ എത്ര ഒഴിവുകളുണ്ടെന്ന് വിശദമാക്കാമോ?

ആലപ്പുഴ ജില്ലയിൽ നിലവിൽ എൽ.പി. വിഭാഗത്തിൽ 15 ഒഴിവുകളും യു.പി. വിഭാഗത്തിൽ 53 ഒഴിവുകളുമുണ്ട്.

(ബി) എൽ.പി., യു.പി. അദ്ധ്യാപകരുടെ ഒഴിവുകൾ പുതിയ ഫിക്സേഷൻ പ്രകാരം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; അറിയിക്കുമോ?

സ്റ്റാഫ് ഫിക്സേഷൻ നടപടിക്രമങ്ങൾ അന്തിമ ഘട്ടത്തിലാണ്. ആയത് പൂർത്തിയായെങ്കിൽ മാത്രമെ പ്രസ്തുത ഒഴിവുകൾ കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

(സി) എച്ച്.എം. തസ്തികയിലെ ഒഴിവിലേയ്ക്ക് താത്കാലികമായി പ്രൊമോഷൻ നൽകിയതുവഴി സംജാതമായ ഒഴിവുകൾ (എൽ.പി., യു.പി. അധ്യാപകർ) റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

എൽ.പി, യു.പി. വിഭാഗങ്ങളിൽ പ്രഥമ അദ്ധ്യാപക തസ്തികയിലേയ്ക്ക് താത്കാലിക പ്രമോഷൻ വഴിയുണ്ടായ ഒഴിവുകളും, പ്രമോഷൻ, അന്തർ ജില്ലാ സ്ഥലംമാറ്റം, പുതിയ നിയമനം, തസ്തികമാറ്റ നിയമനമുൾപ്പെടെയുള്ള ഒഴിവുകളും കണ്ടെത്തി, ആയതിൽ തസ്തിക നിർണ്ണയംമൂലം നഷ്ടപ്പെട്ട ഒഴിവുകൾ കുറവ് ചെയ്ത് ബാക്കിയുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ എൽ.പി. വിഭാഗത്തിൽ 27 ഒഴിവുകളും യു.പി. വിഭാഗത്തിൽ

47 ഒഴിവുകളും (രണ്ട് ഒഴിവുകൾ ബൈ ട്രാൻസ്ഫർ നിയമനമുൾപ്പടെ) പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ഹയർ സെക്കൻഡറി വകുപ്പിലെ ലാബ് അസിസ്റ്റന്റ് ഒഴിവുകൾ**

240(5126) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വകുപ്പിൽ സംസ്ഥാനത്ത് എത്ര ലാബ് അസിസ്റ്റന്റുമാരുടെ ഒഴിവുകളാണുള്ളതെന്ന് ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ?

ലാബ് അസിസ്റ്റന്റുമാരുടെ ജില്ല തിരിച്ചുള്ള ഒഴിവുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 12 |
| കൊല്ലം | 7 |
| പത്തനംതിട്ട | 9 |
| ആലപ്പുഴ | 16 |
| കോട്ടയം | ഒഴിവില്ല |
| ഇടുക്കി | 8 |
| എറണാകുളം | 19 |
| തൃശ്ശൂർ | 21 |
| പാലക്കാട് | 28 |

| | |
|---|---|
| മലപ്പുറം | 21 |
| കോഴിക്കോട് | 20 |
| വയനാട് | 4 |
| കണ്ണൂർ | 24 |
| കാസർഗോഡ് | 17 |

(ബി) പ്രസ്തുത വകുപ്പിൽ ക്ലാർക്കുമാരുടെ ഒഴിവുകൾ ജില്ല തിരിച്ചാണോ കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ?

അല്ല. പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കണ്ടറി വിഭാഗത്തിന് ഡയറക്ടറേറ്റും 7 മേഖലാ ഓഫീസുകളും മാത്രമാണുള്ളത്. മേഖലാ ഓഫീസുകളിൽ ഒന്നിലേറെ ജില്ലകളുടെ ഭരണം നിർവഹിക്കുന്നു. ഇക്കാരണത്താൽ ക്ലാർക്ക് തസ്തിക ഒഴിവുകൾ ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകളായാണ് പരിഗണിക്കുന്നത്.

(സി) ലാബ് അസിസ്റ്റന്റ് തസ്തികകളിൽ നിലവിൽ പി.എസ്.സി. റാങ്ക് ലിസ്റ്റില്ലെന്നിരിക്കെ സംസ്ഥാന തലത്തിൽ ഒഴിവുകൾ കണക്കാക്കി ആശ്രിത നിയമന അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ചില ജില്ലകൾക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റില്ലെന്ന കാരണത്താൽ ജില്ലാതല നിയമനം നടത്തുന്ന ലാബ് അസിസ്റ്റന്റ് തസ്തിക ഒഴിവുകൾ, ആശ്രിത നിയമന അപേക്ഷകൾ പരിഗണിക്കുന്നതിനായി സംസ്ഥാനാടിസ്ഥാനത്തിൽ പരിഗണിക്കുവാൻ കഴിയില്ല.

**ഹയർ സെക്കൻഡറി ബൈ-ട്രാൻസ്ഫർ നിയമനം**

241(5127) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂൾ, പ്രൈമറി വിഭാഗങ്ങളിൽനിന്ന് ഹയർ സെക്കണ്ടറി വിഭാഗത്തിലേയ്ക്ക് സമയബന്ധിതമായി ബൈ ട്രാൻസ്ഫർ നിയമനം നടക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

2001-ലെ കേരള ഹയർസെക്കണ്ടറി സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരം ഹയർസെക്കണ്ടറി സ്കൂൾ ടീച്ചർ (ജൂനിയർ) തസ്തികകളുടെ 25 ശതമാനം യോഗ്യരായ ഹൈസ്കൂൾ അസിസ്റ്റന്റുമാർക്ക് ബൈ-ട്രാൻസ്ഫർ വഴിയും (അവരുടെ അഭാവത്തിൽ യോഗ്യരായ യു.പി.എസ്.എ./എൽ.പി.എസ്.എ.-മാരിൽനിന്നും), 75 ശതമാനം

പി.എസ്.സി. മുഖാന്തരം ഡയറക്റ്റ് റിക്രൂട്ട്മെന്റ് വഴിയുമാണ് നികത്തേണ്ടത്. മേൽപ്പറഞ്ഞ ഡിപ്പാർട്ട്മെന്റ് വിഭാഗത്തിനുള്ള 25 ശതമാനം ക്വാട്ട 01-12-2015-ലെ സ.ഉ.(കൈ)നം. 296/2015/പൊ.വി.വ., 26/08/2016-ലെ സ.ഉ.(പി)നം. 144/2016/പൊ.വി.വ എന്നിവയിലൂടെ എച്ച്.എസ്.എ., യു.പി.എസ്.എ./എൽ.പി.എസ്.എ., മിനിസ്റ്റീരിയൽ സ്റ്റാഫ്, ഹയർസെക്കണ്ടറി വിഭാഗത്തിലെ ലബോറട്ടറി അസിസ്റ്റന്റ് എന്നിവർക്കായി 70:20:5:5 എന്ന അനുപാതത്തിൽ അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കേരള പി.എസ്.സി. വഴി ബൈ-ട്രാൻസ്ഫർ നിയമനങ്ങൾ നടത്തുവാൻ താമസമുണ്ടാകുമെന്ന കാരണത്താൽ 01-01-2016 മുതൽ 28-12-2020 വരെയുള്ള എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) വിഭാഗത്തിലെ ബൈ-ട്രാൻസ്ഫർ ഒഴിവുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ നടത്തുവാൻ 30-01-2021-ലെ ജി.ഒ (പി)നം.2/2021/പൊവി.വ. പ്രകാരം സർക്കാർ നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ വിഷയങ്ങളിലെ 01-01-2016 മുതൽ 28-12-2020 വരെയുള്ള വിവിധ വിഷയങ്ങളിലെ ഹയർസെക്കണ്ടറി സ്കൂൾ ടീച്ചർ (ജൂനിയർ) ഒഴിവുകൾ 70:20:5:5 എന്ന

അനുപാതത്തിൽ എച്ച്.എസ്.എ., യു.പി.എസ്.എ./എൽ.പി.എസ്.എ., മിനിസ്റ്റീരിയൽ സ്റ്റാഫ്, ലാബ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിൽനിന്നും നികത്തികൊണ്ട് 11-08-2022 തീയതിയിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സ്പെഷ്യൽ റൂളിന് വിരുദ്ധമായി എക്സിക്യൂട്ടീവ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 70:20:5:5 എന്ന അനുപാതത്തിൽ ബൈ-ട്രാൻസ്ഫർ പ്രമോഷൻ 11/08/2022-ൽ നടത്തിയത് ട്രിബ്യൂണൽ വിധിക്ക് വിധേയമായിരിക്കുമെന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. നം. 1170/2022, ഒ.എ. നം. 1502/2022-കളിലെ 06-12-2022-ലെ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഒ.എ. നം. 1502/2022 ഇപ്പോഴും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരിഗണനയിലാണ്. എച്ച്.എസ്.എ. വിഭാഗത്തിലെ ബൈ-ട്രാൻസ്ഫർ എൻ.ജെ.ഡി. ഒഴിവുകൾ എച്ച്.എസ്.എ.-യുടെ ബൈ-ട്രാൻസ്ഫർ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവരിൽനിന്നും 22-02-2023-ൽ നികത്തിയിട്ടുണ്ട്. എച്ച്.എസ്.എ.-യിൽ യോഗ്യരായവർ ഇല്ലാത്തതിനാൽ എച്ച്.എസ്.എസ്.ടി. (ജൂനിയർ) കൊമേഴ്സ് വിഭാഗത്തിലെ എൻ.ജെ.ഡി. ഒഴിവുകൾ 12-01-2023-ലെ ഒ.എ. നം.

1502/2022-ലെ ഇടക്കാല ഉത്തരവ് പ്രകാരം യു.പി.എസ്.എ.,/എൽ.പി.എസ്.എ.-മാരിൽനിന്നും ബൈ-ട്രാൻസ്ഫർ വഴി 08-02-2023-ൽ നികത്തിയിട്ടുമുണ്ട്.

(ബി) 2016 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെ ഹയർ സെക്കൻഡറി ബൈ-ട്രാൻസ്ഫർ നിയമനത്തിന് കെമിസ്ട്രി വിഷയത്തിൽ എത്ര ഒഴിവുകൾ നീക്കിവച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; ഇത്തരം ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിന് വിട്ടുനൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

2016 ജനുവരി മുതൽ 2022 ഡിസംബർ 31 വരെ 65 ഒഴിവുകൾ തസ്തികമാറ്റ നിയമനങ്ങളിൽ എച്ച്.എസ്.എസ്.ടി. (ജൂനിയർ) കെമിസ്ട്രി വിഷയത്തിലുണ്ട്. ഭാവിയിലെ എച്ച്.എസ്.എസ്.ടി. (ജൂനിയർ) കെമിസ്ട്രി ഒഴിവുകൾ പി.എസ്.സി. മുഖേനയുള്ള ബൈ-ട്രാൻസ്ഫർ നിയമനത്തിന് മാറ്റിവയ്ക്കണമെന്ന വ്യവസ്ഥയിൽ നിലവിലെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നേരിട്ടുള്ള നിയമനം വഴി നടത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ 17-09-2022-ലെ പൊ.വി.വ

ജെ4/196/2022/ പൊ.വി.വ നമ്പർ കത്തിൽ സർക്കാർ നിർദ്ദേശിക്കുകയും അതനുസരിച്ച് 17-09-2022-ൽ 50 എച്ച്.എസ്.എസ്.ടി. (ജൂനിയർ) കെമിസ്ട്രി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ ബൈ-ട്രാൻസ്ഫർ നിയമനത്തിന്റെ ഒഴിവ് പി.എസ്.സി.-ക്ക് നേരിട്ടുള്ള നിയമനത്തിന് റിപ്പോർട്ട് ചെയ്ത നടപടി ലബോറട്ടറി അസിസ്റ്റന്റ് ശ്രീമതി നിമ്മിദാസ് പി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA (EKM) No. 1473/2022 ഫയൽ ചെയ്തുകൊണ്ട് ചലഞ്ച് ചെയ്യുകയും 07-10-2022-ലെ ഇടക്കാല വിധിയിൽ ഈ നടപടി ബഹു. ട്രിബ്യൂണൽ സ്റ്റേ ചെയ്തിട്ടുണ്ട്.

(സി) 2022-ൽ തയാറാക്കിയ ലിസ്റ്റിൽനിന്ന് എത്ര ഹൈസ്കൂൾ, പ്രൈമറി അദ്ധ്യാപകർക്ക് കെമിസ്ട്രി വിഷയത്തിൽ ബൈ-ട്രാൻസ്ഫർ നിയമനം നൽകിയെന്ന് വിശദമാക്കാമോ; ശേഷിക്കുന്ന ഒഴിവുകൾ എത്രയാണെന്ന് അറിയിക്കാമോ; കെമിസ്ട്രി വിഷയത്തിൽ ശേഷിക്കുന്ന ഒഴിവുകളിലേയ്ക്ക് ബൈ-ട്രാൻസ്ഫർ നിയമനം നടത്തുന്നതിന് തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ;

(ഡി) 2022-ൽ തയാറാക്കിയ ലിസ്റ്റിൽ ശേഷിക്കുന്നവരിൽനിന്നും കെമിസ്ട്രി വിഷയത്തിലെ ഒഴിവുകളിലേയ്ക്ക് അടുത്ത അധ്യയനവർഷത്തിന്റെ ആരംഭത്തിലെങ്കിലും നിയമനം നടത്താൻ സാധിക്കുമോ; സ്ഥിരം അധ്യാപകരില്ലായെന്ന പരാതി പരിഹരിക്കാൻ ഇത്തരത്തിൽ അർഹരായവരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി & ഡി) 10-08-2022-ൽ തയ്യാറാക്കിയ ഫൈനൽ സീനിയോറിറ്റി ലിസ്റ്റിൽനിന്നും പത്ത് ഹൈസ്കൂൾ അദ്ധ്യാപകർക്കും മൂന്ന് പ്രൈമറി അദ്ധ്യാപകർക്കും ബൈ-ട്രാൻസ്ഫർ നിയമനം നൽകിയിരുന്നു. ഇതുകൂടാതെ ഒരു മിനിസ്റ്റീരിയൽ ജീവനക്കാരനും ഒരു ലാബ് അസിസ്റ്റന്റിനും എച്ച്.എസ്.എസ്.ടി. (ജൂനിയർ) കെമിസ്ട്രിയിൽ ബൈ-ട്രാൻസ്ഫർ നിയമനം നൽകിയിട്ടുണ്ട്. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത 50 ഒഴിവുകൾ എച്ച്.എസ്.എസ്.ടി. (ജൂനിയർ) കെമിസ്ട്രി ബൈ-ട്രാൻസ്ഫർ വിഭാഗത്തിൽ അവശേഷിക്കുന്നുണ്ട്. എന്നാൽ OA (EKM) No. 1473/2022-ലെ അന്തിമവിധി വന്നാൽ മാത്രമേ ടി ഒഴിവുകൾ നേരിട്ടുള്ള നിയമനം വഴി നികത്തണമോ,

ബൈ-ട്രാൻസ്ഫർ വിഭാഗത്തിൽനിന്നും നികത്തണമോ എന്നതിൽ വ്യക്തത വരികയുള്ളൂ.

**കോട്ടയം ജില്ലയിലെ യു.പി. സ്കൂൾ ടീച്ചർ ഒഴിവുകൾ**

242(5128) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ നിലവിൽ യു.പി. സ്കൂൾ ടീച്ചർ തസ്തികയിൽ (ലാംഗ്വേജ് അദ്ധ്യാപകർ ഒഴികെ) എൻ.സി.എ. ഒഴിവുകൾ, ഡെപ്യൂട്ടേഷൻ ഒഴിവുകൾ എന്നിവയുൾപ്പെടെ എത്ര ഒഴിവുകളുണ്ടെന്നും അവ ഏതെല്ലാം സ്കൂളുകളിലാണെന്നും തരം തിരിച്ച് വിശദമാക്കാമോ?

<u>കോട്ടയം ജില്ലയിലെ യു.പി. സ്കൂൾ ടീച്ചർ തസ്തികയിലെ ഒഴിവുകൾ</u>

1) ജി.ഡബ്ല്യൂ.യു.പി.എസ്. കരിമഠം - 2

2) ജി.യു.പി.എസ്. മറവൻതുരുത്ത് - 1

3) ജി.യു.പി.എസ്. ഉദയനാപുരം - 1

4) ജി.യു.പി.എസ്. ചെമ്മനത്തുകര - 1

5) ജി.യു.പി.എസ്. മുളക്കുളം - 1

6) ജി.ഡി.വി.എച്ച്.എസ്.എസ്. വെച്ചൂർ - 2

7) ജി.വി.എച്ച്.എസ്.എസ്. വൈക്കം (W) - 1

8) ജി.വി.എച്ച്.എസ്.എസ്. റ്റി.വി. പുരം - 1

9) പി.റ്റി.എം.ജി.എച്ച്.എസ്.എസ്. വെള്ളൂർ (ഡെപ്യൂട്ടേഷൻ ഒഴിവ്) - 1

**ആകെ -11**

(എൻ.സി.എ. ഒഴിവ് ഇല്ല)

(ബി) കോട്ടയം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ യു.പി. സ്കൂൾ ടീച്ചർ തസ്തികയിൽ (ലാംഗ്വേജ് അദ്ധ്യാപകർ ഒഴികെ) അദ്ധ്യാപക ബാങ്കിൽനിന്നും നിയമിതരായ സംരക്ഷിത അദ്ധ്യാപകർ ആരെങ്കിലും ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ അവർക്ക് നിയമനം ലഭിച്ച തീയതി, അവർ നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ എന്നിവ വിശദമാക്കാമോ?

സംരക്ഷിത അദ്ധ്യാപകർ ആരും ജോലി ചെയ്യുന്നില്ല.

(സി) കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ മോഡൽ റസിഡൻഷ്യൽ ഹൈസ്കൂളിൽ നിലവിൽ യു.പി. സ്കൂൾ ടീച്ചർ തസ്തിക നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ; പ്രസ്തുത സ്കൂളിൽ യു.പി. സ്കൂൾ ടീച്ചർ തസ്തിക സൃഷ്ടിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ഏറ്റുമാനൂർ മോഡൽ റസിഡൻഷ്യൽ ഹൈസ്ക്കൂളിൽ നിലവിൽ യു.പി. സ്കൂൾ ടീച്ചർ തസ്തികയില്ല. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള കേരള പട്ടികജാതി/പട്ടികവർഗ്ഗ റസിഡൻഷ്യൽ എഡ്യൂക്കേഷൻ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന 1 മുതൽ 10 വരെയുള്ള സ്കൂളുകൾക്ക് മാത്രമേ പ്രൈമറി ടീച്ചർ തസ്തിക അനുവദിച്ചിട്ടുള്ളൂ. ഏറ്റുമാനൂർ എം.ആർ.എസ്.-ൽ 5 മുതൽ 10 വരെ ക്ലാസുകൾ മാത്രമുള്ളതിനാൽ യു.പി.എസ്.ടി. തസ്തിക അനുവദിച്ചിട്ടില്ല. ടി സ്കൂളിൽ യു.പി.എസ്.ടി. തസ്തിക അനുവദിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**സാക്ഷരതാമിഷന്റെ പ്രവർത്തനങ്ങൾ**

243(5129 ) ശ്രീമതി ഉമ തോമസ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാക്ഷരതാമിഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

സംസ്ഥാന സാക്ഷരതാമിഷന്റെ ഭരണ സമിതികളായ ജനറൽ കൗൺസിലും എക്സിക്യൂട്ടീവ് കമ്മിറ്റിയും കാലാകാലങ്ങളിൽ യോഗം ചേർന്ന് സാക്ഷരതാമിഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.

(ബി) സംസ്ഥാനത്ത് സാക്ഷരതാമിഷൻ സാക്ഷരതാ പ്രവർത്തനങ്ങളോടൊപ്പം സാമൂഹ്യ ബോധവത്കരണത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നടപ്പിലാക്കിവരുന്ന പദ്ധതികളോടൊപ്പം സാമൂഹ്യ ബോധവത്കരണത്തിനായി സാമൂഹ്യ സാക്ഷരതാ പരിപാടികളെന്ന നിലയിൽ പരിസ്ഥിതി സാക്ഷരതാ പരിപാടി,

ഭരണഘടനാ സാക്ഷരത എന്നീ സാമൂഹ്യ സാക്ഷരതാ പരിപാടികൾ സാക്ഷരതാ മിഷൻ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത പരിപാടികളുടെ തുടർഘട്ടങ്ങളും നടപ്പിലാക്കി. ഇപ്പോൾ സാമൂഹ്യ സാക്ഷരതാ പരിപാടിയുടെ ഭാഗമായി ജൻഡർസാക്ഷരത, പൗരധ്വനി എന്നീ സാമൂഹ്യ സാക്ഷരതാ പരിപാടികൾകൂടി സാക്ഷരതാമിഷൻ ഏറ്റെടുത്ത് നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചുവരികയാണ്.

(സി) ലിംഗസമത്വ ബോധന പരിപാടികളുടെ ഭാഗമായി സാക്ഷരതാ മിഷൻ എന്തൊക്കെ പരിപാടികളാണ് നടത്തുന്നതെന്ന് വിശദമാക്കാമോ?

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ സാമൂഹ്യ സാക്ഷരതാ പദ്ധതിയിൽ ഉൾപ്പെടുത്തി ജൻഡർ സാക്ഷരതാ പദ്ധതി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സാക്ഷരതാ-തുല്യതാ പഠിതാക്കൾക്കും പ്രേരക്മാർക്കും തുല്യതാ അദ്ധ്യാപകർക്കുമിടയിൽ ജൻഡർ ബോധവത്കരണം, സാക്ഷരതാമിഷന്റെ മുഴുവൻ പദ്ധതികളിലും ലിംഗ സമത്വം ഉറപ്പുവരുത്തുക, സാക്ഷരതാ തുല്യതാ പഠിതാക്കളിലൂടെയും പ്രേരക്മാരിലൂടെയും തുല്യതാ അദ്ധ്യാപകരിലൂടെയും ജൻഡർ അവബോധം

സമൂഹത്തിന്റെ അടിത്തട്ടിലെത്തിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ കൈപ്പുസ്തകം തയ്യാറാക്കിവരുന്നു. ഓരോ കുടുംബത്തിലേയ്ക്കും, വ്യക്തിയിലേയ്ക്കും സമത്വത്തിന്റെ ആശയം എത്തിക്കുകയെന്ന ലക്ഷ്യത്തോടെ സാംസ്കാരിക കാര്യവകുപ്പ് നടപ്പാക്കുന്ന സമം പദ്ധതിയിലും കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ പങ്കാളിത്തമുണ്ട്.

**തൊഴിൽ വകുപ്പിൽ ഇ-ഓഫീസ് സംവിധാനം**

244(5130) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിന്റെ പുരോഗതി വിവരം ലഭ്യമാക്കാമോ?

തൊഴിൽ വകുപ്പിലെ 141 ഓഫീസുകളിൽ, ലേബർ കമ്മീഷണറേറ്റ് ഉൾപ്പെടെ ആദ്യ ഘട്ടമായി ആകെ 37 ഓഫീസുകളിലും, രണ്ടാം ഘട്ടമായി 86 ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നാളിതുവരെ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത വകുപ്പിൽ ഇ-ഓഫീസ് സംവിധാനം നിലവിൽ വരാത്ത ഓഫീസുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

1) ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ ഓഫീസ്, തിരുവനന്തപുരം

2) ഡെപ്യൂട്ടി ലേബർ കമ്മീഷണർ ഓഫീസ്, കോട്ടയം

3) ഡെപ്യൂട്ടി ലേബർ കമ്മീഷണർ ഓഫീസ്, തൃശ്ശൂർ

4) ഡെപ്യൂട്ടി ലേബർ കമ്മീഷണർ ഓഫീസ്, പാലക്കാട്

5) ഡെപ്യൂട്ടി ലേബർ കമ്മീഷണർ ഓഫീസ്, കണ്ണൂർ

6) ഡെപ്യൂട്ടി ലേബർ ഓഫീസ്, പുനലൂർ

7) ഡെപ്യൂട്ടി ലേബർ ഓഫീസ്, കൊച്ചി

8) ഡെപ്യൂട്ടി ലേബർ ഓഫീസ്, പീരുമേട്

9) ഡെപ്യൂട്ടി ലേബർ ഓഫീസ്, നെടുങ്കണ്ടം

10) ഡെപ്യൂട്ടി ലേബർ ഓഫീസ്, മൂന്നാർ

11) ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് ഓഫീസ്, നെടുമങ്ങാട്

12) ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് ഓഫീസ്, പത്തനംതിട്ട

13) ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് ഓഫീസ്, പീരുമേട്

14) ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് ഓഫീസ്, വണ്ടൻമേട്

15) ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് ഓഫീസ്, മൂന്നാർ

16) ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് ഓഫീസ്, നെന്മാറ

17) ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് ഓഫീസ്, മാനന്തവാടി

18) ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് ഓഫീസ്, പത്തനാപുരം

ടി ഓഫീസുകളിൽ ഇ-ഓഫീസ് നടപ്പിലാക്കാനുള്ള നടപടി തുടർന്നുവരുന്നു.

**ശരിയായ തൊഴിൽ സംസ്കാരം വളർത്തിയെടുക്കുന്നതിന് സ്വീകരിച്ച നടപടി**

245(5131) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുസമൂഹത്തിൽ ശരിയായ തൊഴിൽ സംസ്കാരം വളർത്തിയെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് ബാധകമായിട്ടുള്ള വിവിധ തൊഴിൽ നിയമങ്ങൾ പ്രാവർത്തികമാക്കുന്നതുവഴി ടി നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന വേതനം, സുരക്ഷയെ സംബന്ധിച്ച വ്യവസ്ഥകൾ, തൊഴിലുടമ നടപ്പിലാക്കേണ്ട വിവിധ സൗകര്യങ്ങൾ കൂടാതെ ബോണസ് നിയമം, ഗ്രാറ്റുവിറ്റി നിയമം എന്നീ കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നു. ഇതിനായി തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നു.

തൊഴിൽ രംഗങ്ങളിലെ തർക്കങ്ങൾ പരിഹരിക്കുന്നതിനായി തൊഴിൽ വകുപ്പിന്റെ ഇൻഡസ്ട്രിയൽ റിലേഷൻസ് വിഭാഗം പ്രവർത്തിച്ചുവരുന്നു. തൊഴിൽ തർക്കങ്ങളിൽ സമയോചിതമായി ഇടപെട്ട് തർക്ക പരിഹാരത്തിന് ശ്രമിക്കുന്നതുവഴി തൊഴിൽ രംഗത്തെ സമാധാന അന്തരീക്ഷം ഉറപ്പുവരുത്തുന്നു. കൂടാതെ വിവിധ ക്ഷേമനിധി ബോർഡുകൾ വഴി പെൻഷനുൾപ്പെടെയുള്ള വിവിധ ആനുകൂല്യങ്ങൾ നൽകുന്നതുവഴി സാമൂഹ്യ സുരക്ഷ ഉറപ്പാക്കുവാൻ സാധിക്കുന്നു.

(ബി) തൊഴിലിടങ്ങളിൽ ലിംഗസമത്വം ഉറപ്പുവരുത്താനും സ്ത്രീകൾക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഉറപ്പാക്കാനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തൊഴിൽ വകുപ്പ് നടപ്പിലാക്കിവരുന്ന 1976-ലെ Equal Remuneration Act പ്രകാരം സ്ഥാപനങ്ങളിൽ നടത്തുന്ന പരിശോധനകളിൽ തുല്യജോലിക്ക് തുല്യവേതനം എന്നത് ഉറപ്പുവരുത്താറുണ്ട്. 2018-ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് നിയമ പ്രകാരം തൊഴിലാളികൾക്ക് ഇരിപ്പിടം അവകാശമാക്കി വ്യവസ്ഥ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 50 തൊഴിലാളികളിൽ കൂടുതൽ പേർ ജോലി ചെയ്തുവരുന്ന സ്ഥാപനങ്ങളിൽ ക്രഷ് സംവിധാനം നടപ്പിലാക്കണമെന്ന വ്യവസ്ഥയും നിലവിൽ വന്നിട്ടുണ്ട്. രാത്രി 9.00 മണിക്കും രാവിലെ 6.00 മണിക്കും ഇടയിൽ സ്ത്രീകളെ ജോലിക്ക് നിയോഗിക്കുകയാണെങ്കിൽ അപ്രകാരം നിയോഗിക്കുന്ന സ്ത്രീ തൊഴിലാളിയുടെ അനുമതി തേടേണ്ടതും കൂടാതെ അഞ്ച് തൊഴിലാളികളുൾപ്പെടുന്ന ഗ്രൂപ്പുണ്ടായിരിക്കേണ്ടതും ഇതിൽ രണ്ട് തൊഴിലാളികൾ സ്ത്രീകളായിരിക്കേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സ്ത്രീകളെ അവരുടെ വാസസ്ഥലത്ത് സുരക്ഷിതമായി എത്തിക്കുന്നതിന് മതിയായ യാത്രാസൗകര്യവും തൊഴിലുടമ നൽകേണ്ടതാണ്. ഇവയൊക്കെ സ്ത്രീകൾക്ക് സുരക്ഷിതത്വംകൂടി നൽകുന്ന നടപടികളാണ്.

(സി) തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ചൂഷണങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ കർമ്മപരിപാടികൾ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ചൂഷണങ്ങൾ തടയുന്നതിനായി 2013-ലെ Prevention of Sexual Harassment at Workplace Act നിലവിലുണ്ട്. ടി നിയമപ്രകാരം അഞ്ച് തൊഴിലാളികളിൽ കൂടുതൽ തൊഴിലാളികളുള്ള സ്ഥാപനങ്ങളിൽ Internal Complaint Committee-കൾ നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്.

**തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നടപടി**

246(5132) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് 2020 ജനുവരിയിലുള്ളതിനേക്കാൾ പകുതിയിലേറേ കുറഞ്ഞ സാഹചര്യത്തിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ സർക്കാർ നടത്തുന്ന ഇടപെടലുകൾ ലക്ഷ്യം കണ്ടുവെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) വ്യവസായ വിപ്ലവാനന്തരമുണ്ടായ തൊഴിൽ രൂപങ്ങൾക്ക് വലിയ രീതിയിൽ മാറ്റം സംഭവിച്ചിരിക്കുന്ന പുതിയ കാലത്ത് ആധുനികമായ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ എത്രമാത്രം പ്രയോജനപ്രദമായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) പുതിയ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്താൻ പദ്ധതികൾ തയ്യാറാക്കുമ്പോഴും പരമ്പരാഗത തൊഴിലവസരങ്ങളെ ആധുനിക കാലത്തിന് അനുയോജ്യമാംവിധം പുന:സൃഷ്ടിക്കാൻ തയ്യാറാക്കിയ പദ്ധതികൾ വിശദമാക്കാമോ?

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

**ചുമട്ടുതൊഴിൽ മേഖലയിൽ ഉണ്ടാകാനിടയുള്ള പ്രതിസന്ധി തടയാൻ നടപടി**

247(5133) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. എച്ച്. സലാം:
ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുടമകൾക്ക് സ്വന്തം സ്ഥാപനത്തിലെ തൊഴിലാളികളെക്കൊണ്ട് ചരക്കിറക്കാനും കയറ്റാനുമുള്ള അവകാശം അനുവദിച്ചുകൊണ്ടുള്ള ബഹു. സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചുമട്ടുതൊഴിൽ മേഖലയിലുണ്ടാകാനിടയുള്ള പ്രതിസന്ധിയെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ചുമട്ടുതൊഴിലാളി ക്ഷേമബോർഡിന്റെ പദ്ധതി പ്രദേശങ്ങളിൽ രജിസ്റ്റേർഡ് സ്ഥാപനങ്ങളിൽ രജിസ്റ്റേർഡ് തൊഴിലാളികളുണ്ടായിട്ടും അറ്റാച്ച്ഡ് കാർഡ് നല്കുന്നതുവഴി തൊഴിൽ നഷ്ടപ്പെടുമെന്ന അരക്ഷിതാവസ്ഥ തൊഴിലാളികൾക്കിടയിലുണ്ട്. കൂടാതെ, തൊഴിലുടമകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും അവരുടെ തൊഴിലാളികളെക്കൊണ്ട് കയറ്റിറക്ക് ചെയ്യാം എന്ന ഉത്തരവ്

ലഭ്യമാക്കുകയും ചെയ്യുന്നത് വഴിയും രജിസ്റ്റേർഡ് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമുണ്ടാകുന്നുണ്ട്. ഇത്തരം വിഷയങ്ങൾമൂലം തൊഴിലാളികൾ ചെയ്തുകൊണ്ടിരുന്ന പല മേഖലകളിലെയും തൊഴിൽ കുറയുന്നതിനിടയാക്കിയിട്ടുണ്ട്. ഇവയുമായി ബന്ധപ്പെട്ട് ചിലയിടങ്ങളിൽ തൊഴിൽ തർക്കങ്ങളുണ്ടാകുന്നുണ്ട്. എന്നാൽ ഇത്തരം തൊഴിൽ തർക്കങ്ങളിൽ ചുമട്ടുതൊഴിലാളി ക്ഷേമബോർഡും, തൊഴിൽ വകുപ്പും സമയോചിതമായി ഇടപെട്ട് പ്രശ്നങ്ങൾ പരിഹരിച്ചുവരുന്നു. ചുമട്ടുതൊഴിലാളി ക്ഷേമബോർഡിന്റെ രജിസ്റ്റേർഡ് തൊഴിലുടമകൾപോലും സ്വന്തം സ്ഥാപനത്തിലെ ജീവനക്കാരെക്കൊണ്ട് കയറ്റിറക്ക് ചെയ്യുന്ന സ്ഥിതിയിലേയ്ക്ക് മാറുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. തൊഴിലാളികളുടെ തൊഴിൽ സംരക്ഷിച്ച് അവരുടെ ആവശ്യങ്ങളും അവകാശങ്ങളും നേടിയെടുക്കുന്നതിനുവേണ്ടി തൊഴിൽ വകുപ്പും കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡും ചേർന്ന് പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത കോടതിവിധി നടപ്പാക്കുന്നതിലൂടെ സംസ്ഥാനത്തെ ഒന്നരലക്ഷത്തോളംവരുന്ന അംഗീകൃത ചുമട്ടുതൊഴിലാളികളുടെ തൊഴിലും,

വരുമാനവും നിലയ്ക്കുന്നതുമൂലം സാമൂഹിക, സാമ്പത്തിക രംഗങ്ങളിൽ എന്തെല്ലാം പ്രത്യാഘാതങ്ങളാണുണ്ടാകാനിടയുള്ളതെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ?

ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി നടപ്പിലാക്കുന്നതിലൂടെ രജിസ്റ്റേർഡ് തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുന്ന അവസ്ഥയുണ്ട്. കോടതി വിധി തൊഴിലാളികളുടെ ക്ഷേമത്തിനും തൊഴിൽ സുരക്ഷിതത്വത്തിനും പ്രതികൂലമായതിനാൽ സംസ്ഥാനത്ത് തൊഴിലാളി ക്ഷേമവും തൊഴിൽ അവകാശങ്ങളും ഹനിക്കപ്പെടുന്ന അവസ്ഥയാണുള്ളത്. ബോർഡിന്റെ പദ്ധതി പ്രദേശങ്ങളിൽ രജിസ്റ്റേർഡ് തൊഴിലാളികളുണ്ടായിട്ടും തൊഴിലുടമകൾ അറ്റാച്ച്ഡ് കാർഡ് നേടുന്നതുവഴി തൊഴിൽ നഷ്ടപ്പെടുന്ന അരക്ഷിതാവസ്ഥ തൊഴിലാളികൾക്കിടയിലുണ്ട്. ചുമട്ടുതൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനും നിയമത്തിലെ വ്യവസ്ഥകൾപ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ലക്ഷക്കണക്കിന് തൊഴിലാളികളുടേയും അവരുടെ ആശ്രിതരുടേയും ഉപജീവനം, വിദ്യാർത്ഥികളുടെ പഠനം, രോഗികളുടെ ചികിത്സ തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ തടസ്സപ്പെടാതിരിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; ഇതിനായി കേന്ദ്ര സഹായം ആവശ്യപ്പെട്ടുമോ; വിശദമാക്കാമോ?

കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് തൊഴിലാളികൾക്കും ആശ്രിതർക്കുമായി നൽകുന്ന ആനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിച്ചും സമയബന്ധിതമായി തൊഴിലാളികൾക്ക് അനുവദിച്ച് നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുള്ളതാണ്. ബോർഡിന്റെ പ്രവർത്തനങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനും അതുവഴി പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മാറിവരുന്ന തൊഴിൽ സാഹചര്യങ്ങൾക്കനുസൃതമായി ചുമട്ടുതൊഴിൽ മേഖലയിലുണ്ടാകുന്ന മാറ്റങ്ങൾക്കും പരിഷ്കാരങ്ങൾക്കുമൊപ്പം നിൽക്കാൻ ചുമട്ടുതൊഴിലാളികളെ സജ്ജരാക്കുന്നതിന്റെ ഭാഗമായി ബോർഡിന്റെ

ആഭിമുഖ്യത്തിൽ തൊഴിലാളികൾക്ക് നിരന്തരമായി പരിശീലന പരിപാടികൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. കൈകാര്യം ചെയ്യാൻ അങ്ങേയറ്റം വൈദഗ്ധ്യം വേണ്ട കയറ്റിറക്ക് മേഖലയിൽ സ്കിൽഡ്/സെമി സ്കിൽഡ് തൊഴിലാളി ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്. സ്കിൽഡ് ലേബേഴ്സെന്ന വിഭാഗത്തിൽനിന്നും മാറ്റി നിർത്തപ്പെടാതിരിക്കാൻ തൊഴിലാളികൾക്ക് വൈദഗ്ധ്യ പരിശീലനം നൽകുന്ന കാര്യം ബോർഡിന്റെ പരിഗണനയിലാണ്. മാത്രമല്ല ചുമട്ടുതൊഴിൽ എന്ന നിർവചനത്തിനുമപ്പുറം തൊഴിലിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് നടത്തിവരുന്നു. ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് മറ്റ് ക്ഷേമബോർഡുകളിൽനിന്നും വ്യത്യസ്തമായി തനത് ഫണ്ട് ഉപയോഗിച്ചാണ് പ്രവർത്തിച്ചുവരുന്നത്. കേന്ദ്ര സഹായം അഭ്യർത്ഥിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**പരിഹരിച്ച തൊഴിൽ തർക്കങ്ങൾ**

248(5134) <u>ശ്രീ. പി. പി. സുമോദ്</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഇൻഡസ്ട്രിയൽ റിലേഷൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ എത്ര തൊഴിൽ തർക്കങ്ങളാണ് പരിഹരിച്ചതെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഇൻഡസ്ട്രിയൽ റിലേഷൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ സംസ്ഥാനവ്യാപകമായി 3865 തൊഴിൽ തർക്കങ്ങൾ പരിഹരിച്ചിട്ടുണ്ട്.

**മിനിമം വേതനം**

249(5135) <u>ശ്രീ. പി. പി. സുമോദ്</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ തൊഴിൽ മേഖലകളിലാണ് മിനിമം വേതനം വർദ്ധിപ്പിച്ചതെന്നും വർദ്ധിപ്പിച്ച വേതനം എത്രയാണെന്നും മേഖല തിരിച്ച് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 13 തൊഴിൽ മേഖലകളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുകയും, 2 മേഖലകളിലെ മിനിമം വേതനം പുതിയതായി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

ടി തൊഴിൽ മേഖലയിൽ ഓരോ തൊഴിൽ മേഖലയ്ക്കുംവേണ്ടി പൊതുവായ ഒരു മിനിമം വേതനമല്ല വിജ്ഞാപനം ചെയ്തിട്ടുള്ളത്. മേഖലകളിലെ ഓരോ വിഭാഗങ്ങൾക്കും തൊഴിലിന്റെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത നിരക്കിലാണ് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളത്. ടി മേഖലകളിലെ മിനിമം വേതനം സംബന്ധിച്ച വിവരം അനുബന്ധമായി* ചേർക്കുന്നു.

### ചന്ദനത്തോപ്പ് ഗവൺമെന്റ് ഐ.ടി.ഐ.-യുടെ അടിസ്ഥാന സൗകര്യ വികസനം

250(5136) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കുണ്ടറ നിയോജകമണ്ഡലത്തിലെ ചന്ദനത്തോപ്പ് ഗവൺമെന്റ് ഐ.ടി.ഐ.-യുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നിലവിൽ എന്തൊക്കെ പ്രവൃത്തികളാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് വിശദമാക്കാമോ?

ചന്ദനത്തോപ്പ് ഗവൺമെന്റ് ഐ.ടി.ഐ.-യുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി KIIFB ഫണ്ടുപയോഗിച്ച് നടത്തിയ പ്രവൃത്തികളുടെ വിശദവിവരങ്ങൾ താഴെ പറയുന്നു.

വിവരസാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തി ആധുനിക പഠന സജ്ജീകരണങ്ങളോടുകൂടിയ മെയിൻ ബിൽഡിംഗ് ബ്ലോക്ക്

സ്മാർട്ട് ക്ലാസ് മുറികൾ

വർക്ക്ഷോപ്പുകൾ

HVAC ( Heating, Ventilating and Air Conditioning System)

പുതിയ കവാടം

മഴവെള്ള സംഭരണ സംവിധാനം

ആധുനിക സംവിധാനമായ CCTV, Networking, ELV System

അഗ്നിരക്ഷാ സംവിധാനങ്ങൾ

Sign Board-കൾ

(ബി) പ്രസ്തുത പ്രവൃത്തികൾ ഏതൊക്കെ ഫണ്ട് ഉപയോഗിച്ചാണ് നടത്തുന്നതെന്നും എത്ര തുക വീതമാണ് ഓരോ പ്രവൃത്തിക്കും അനുവദിച്ചിട്ടുള്ളതെന്നും ആയതിന്റെ നിർവഹണ ഏജൻസികൾ ഏതൊക്കെയാണെന്നും വിശദമാക്കാമോ?

ചന്ദനത്തോപ്പ് ഗവൺമെന്റ് ഐ.ടി.ഐ.-യുടെ ഒന്നാം ഘട്ട വികസന പ്രവൃത്തികൾ KIIFB ഫണ്ട് ഉപയോഗിച്ചാണ് നടത്തുന്നത്.

ആയതിനായി അനുവദിച്ചിട്ടുള്ള തുക 4,09,28,822.66 (GST ഉൾപ്പെടെ) രൂപയാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തികൾ | തുക (രൂപ) |
|---|---|
| മെയിൻ ബിൽഡിംഗ് ബ്ലോക്ക് | 2,39,08,595.36 |
| പ്രവേശന കവാടം, റോഡ് വർക്ക് | 55,56,119 |
| മറ്റ് ആധുനിക സംവിധാനം - ബാഹ്യ ജലവിതരണം, ഭൂമി നവീകരിക്കുക, ബാഹ്യ ലൈറ്റിംഗ് | 16,51,972.3 |
| മഴവെള്ള സംഭരണ സംവിധാനം | 14,94,120.00 |
| സ്മാർട്ട് ക്ലാസ് മുറികൾ | 22,94,653.4 |
| SIGNAGE | 3,93,251.60 |
| HVAC | 1,63,350.00 |

| | |
|---|---|
| ആധുനിക സംവിധാനമായ CCTV, Networking, ELV System | 4,13,250.00 |
| അഗ്നിരക്ഷാ സംവിധാനങ്ങൾ | 6,68,280.00 |
| ആകെ | 36543591.66 |
| ജി.എസ്.ടി. (12%) | 4385230.99 |
| **ജി.എസ്.ടി. ഉൾപ്പെടെയുള്ള ആകെ തുക** | **40928822.66** |

നിർവഹണ ഏജൻസികൾ താഴെ പറയുന്നു:

സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) - Kerala Academy For Skills Excellence (KASE).

നിർമ്മാണ നിർവഹണ ഏജൻസി (PMC) - Kerala Irrigation Infrastructure Development Corporation Ltd (KIIDC).

കരാറുകാരൻ - M/s ഏഷ്യൻ കൺസ്ട്രക്ഷൻ.

**വളയം ഐ.ടി.ഐ. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട റോഡ് വിഷയം പരിഹരിക്കാൻ നടപടി**

251(5137) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളയം ഗവൺമെന്റ് ഐ.ടി.ഐ. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ അവശേഷിക്കുന്ന റോഡ് വിഷയം പരിഹരിക്കാൻ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കെട്ടിടം നിർമ്മിക്കുന്ന സൈറ്റിൽ ജോയിന്റ് ഡയറക്ടറുൾപ്പെടെയുള്ള ഉദ്യോഗസ്ഥർ സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത സ്ഥലം ജോയിന്റ് ഡയറക്ടറുൾപ്പെടെയുള്ള ഉദ്യോഗസ്ഥർ എന്ന് സന്ദർശിച്ച് റിപ്പോർട്ട് നൽകുമെന്ന് വ്യക്തമാക്കുമോ?

(എ & ബി) വളയം ഐ.ടി.ഐ.-ൽ കലുങ്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തുന്നതിന് ദിവസങ്ങൾക്കുമുമ്പുതന്നെ കണ്ണൂർ റീജിയണൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് വകുപ്പുതലത്തിൽ വിശദമായ അന്വേഷണം നടത്തുകയും റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിന്റെയും വകുപ്പുമന്ത്രിയുടെ ഓഫീസിൽവെച്ചുകൂടിയ യോഗതീരുമാനപ്രകാരവും ടി വിഷയത്തിൽ തുടർനടപടികൾ

സ്വീകരിച്ചുവരുന്നു.

## കേരള സവാരി പദ്ധതി

252(5138) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ശശി:
ശ്രീമതി സി. കെ. ആശ:
ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുരക്ഷിതവും തർക്കരഹിതവുമായ യാത്ര പൊതുജനങ്ങൾക്ക് ഉറപ്പാക്കുന്നതിനുവേണ്ടി തൊഴിൽ വകുപ്പ് ഓൺലൈൻ ടാക്സി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് സുരക്ഷിതവും തർക്കരഹിതവുമായ യാത്ര പൊതുജനങ്ങൾക്ക് ഉറപ്പാക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ തൊഴിൽ വകുപ്പിന്റെ കീഴിൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ പോലീസ്, ലീഗൽ മെട്രോളജി, പ്ലാനിംഗ് ബോർഡ്, ഗതാഗതം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇന്ത്യൻ ടെലിഫോൺ ഇൻഡസ്ട്രീസ്, പാലക്കാട്, ടെക്നിക്കൽ പാർട്ട്ണറായി "കേരള സവാരി" എന്ന പേരിൽ ഓൺലൈൻ ടാക്സി

പ്ലാറ്റ്ഫോറം 2022 ആഗസ്റ്റ് 17 ചിങ്ങം ഒന്നാം തീയതി പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗര പരിധിയിൽ ബഹു മാനപ്പെട്ട കേരള മുഖ്യമന്ത്രി ഫ്ലാഗ് ഓഫ് ചെയ്ത് പരീക്ഷണാടിസ്ഥാനത്തിൽ നടന്നുവരുന്നു.

(ബി) തിരുവനന്തപുരം നഗരപരിധിയിൽ ആരംഭിച്ച കേരള സവാരി പദ്ധതി സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

എറണാകുളം, തൃശ്ശൂർ ജില്ലകളിൽക്കൂടി പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) യാത്രക്കാർ നൽകുന്ന നിരക്ക് പൂർണമായും തൊഴിലാളികൾക്ക് ലഭിക്കുന്ന പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് സാങ്കേതിക സംവിധാനവും മറ്റ് സഹായങ്ങളും ലഭ്യമാക്കുന്നതിന് ഏതെല്ലാം വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സഹകരണം ഉറപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

തൊഴിൽ വകുപ്പിന്റെ നിയന്ത്രണത്തിൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ പോലീസ്, ലീഗൽ മെട്രോളജി,

പ്ലാനിംഗ് ബോർഡ്, ഗതാഗതം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ കേന്ദ്ര പൊതുമേഖല സ്ഥാപനമായ ഐ.റ്റി.ഐ. പാലക്കാടിന്റെ സാങ്കേതിക സഹായത്തോടെയാണ് കേരള സവാരി നടപ്പിലാക്കിയിരിക്കുന്നത്.

**ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പെൻഷൻ**

253(5139) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിനുകീഴിൽ എത്ര ക്ഷേമനിധി ബോർഡുകളാണുള്ളതെന്നും ഓരോ ബോർഡിനുകീഴിൽ എത്ര വീതം അംഗങ്ങളുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതൊക്കെ ക്ഷേമനിധി ബോർഡുകളാണ് അംഗങ്ങൾക്ക് പെൻഷൻ നൽകുന്നതെന്നും എത്ര പേർക്കാണ് ഓരോ ബോർഡും പെൻഷൻ നൽകുന്നതെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(സി) ഒരോ ബോർഡും എത്ര രൂപയാണ് അംശദായമായി പിരിച്ചെടുക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ - സി)അനുബന്ധമായി* ചേർക്കുന്നു.

(ഡി) പ്രസ്തുത ക്ഷേമനിധി ബോർഡ് അംഗങ്ങളായവർക്ക് പെൻഷനും ആനുകൂല്യങ്ങളും നൽകുന്നതിന് ഏതെങ്കിലും തരത്തിൽ സെസ് പിരിക്കുന്നുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകളിൽ സെസ് ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിലും കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലും സെസ് പിരിക്കുന്നത് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. സെസ് ഏർപ്പെടുത്തികൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

**കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി**

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

254(5140) <u>ശ്രീ. എ. പി. അനിൽ കുമാർ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിൽഡിംഗ് സെസ്സിനത്തിൽ പിരിച്ചെടുത്ത തുക കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിക്കായി വിനിയോഗിക്കുന്നുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും ബിൽഡിംഗ് സെസ്സിനത്തിൽ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് ലഭിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ; ഈ ഇനത്തിൽ എത്ര രൂപ ഇനി ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും ബിൽഡിംഗ് സെസ്സിനത്തിൽ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് ലഭിച്ച തുക ചുവടെ ചേർക്കുന്നു.

2016-17 – 203,57,70,267/-

2017-18 – 192,45,00,853 /-

2018-19 – 248,95,41,013 /-

2019-20 – 235,26,10,369 /-

2020-21 – 229,59,96,194 /-

2021-22 – 285,60,38,439 /-

2022-23 – 289,06,71,155 /-

1996-ലെ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ സെസ്സ് നിയമപ്രകാരം കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുള്ള പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനായി 2021 നവംബർ മുതൽ സെസ്സ് അദാലത്ത് നടന്നുവരുന്നുണ്ട്. അദാലത്തിൽ ഉൾപ്പെടുത്തി നോട്ടീസ് അയച്ച ഫയലുകളിൽ 128 കോടിയോളം രൂപ പിരിച്ചെടുക്കാനുണ്ട്. നിലവിൽ താലൂക്കുകളിൽനിന്നും കളക്ട് ചെയ്ത ഡേറ്റ പ്രകാരം നോട്ടീസ് അയച്ച ഫയലുകളിൽനിന്നാണ് ഇത്രയും തുക പിരിച്ചെടുക്കുവാനുള്ളത്. ഇതുകൂടാതെ അവശേഷിക്കുന്ന ഡേറ്റകൂടി താലൂക്ക് ഓഫീസുകളിൽനിന്നും കളക്ട് ചെയ്ത് നോട്ടീസ് അയച്ച് സെസ്സ് പിരിവ് ഊർജ്ജിതമാക്കുന്നുണ്ട്.

**തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ സാമ്പത്തിക സ്വയംപര്യാപ്തത**

255(5141) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ കീഴിൽ എത്ര തൊഴിലാളി ക്ഷേമനിധി ബോർഡുകൾ സംസ്ഥാനത്ത് നിലവിലുണ്ടെന്ന് അറിയിക്കുമോ; വിശദമാക്കുമോ;

(ബി) മേൽപ്പറഞ്ഞ ഓരോ ബോർഡിലെയും ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ഭരണച്ചെലവ് 2022-ൽ എത്ര രൂപ വീതമായിരുന്നുവെന്ന് അറിയിക്കുമോ?

(എ & ബി) അനുബന്ധമായി* ചേർക്കുന്നു.

(സി) ക്ഷേമനിധി ബോർഡുകളെല്ലാം സാമ്പത്തികമായി സ്വയംപര്യാപ്തമാണോ; അല്ലെങ്കിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ക്ഷേമനിധി ബോർഡുകൾക്ക് സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകൾ സ്വയംപര്യാപ്തമാണ്. സ്വയംപര്യാപ്തമല്ലാത്ത ബോർഡുകളിൽ പെൻഷൻ അനുവദിക്കുന്നത് സർക്കാരാണ്. കൂടാതെ അസംഘടിത തൊഴിലാളികൾക്കുള്ള സാമ്പത്തിക താങ്ങൽ, സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവ ധനസഹായം പ്രതിപൂരണം, മാച്ചിംഗ് ഗ്രാന്റ് എന്നീ ആനുകൂല്യങ്ങൾ സർക്കാർ അനുവദിക്കുന്നു. കൂടാതെ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് അതിവർഷാനുകൂല്യ വിതരണത്തിനായി സർക്കാർ ധനസഹായം നൽകിവരുന്നു.

**ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം**

256(5142) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഏതെല്ലാം ക്ഷേമനിധി ബോർഡുകളാണ് പ്രവർത്തിക്കുന്നത്;

(ബി) ഇപ്രകാരം പ്രവർത്തിക്കുന്ന ഓരോ ക്ഷേമനിധി ബോർഡിനും കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ വിവിധ സ്രോതസ്സുകളിലൂടെ ലഭിച്ചിട്ടുള്ള മുഴുവൻ വരുമാനത്തിന്റെയും വർഷം തിരിച്ചിട്ടുള്ള വിശദാംശം ലഭ്യമാക്കാമോ?

(എ & ബി) അനുബന്ധമായി* ചേർക്കുന്നു.

(സി) പ്രസ്തുത ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികൾക്ക് നിയമാനുസൃതം നൽകേണ്ട ആനുകൂല്യങ്ങൾ, ക്ഷേമ പെൻഷനുകൾ, ധനസഹായം എന്നിവയുടെ വിതരണത്തിൽ നിലവിൽ എന്തെങ്കിലും കാലതാമസമോ കുടിശ്ശികയോ വന്നിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ക്ഷേമനിധി ബോർഡുകളിൽ ഏത് മാസം വരെയുള്ള ആനുകൂല്യവിതരണങ്ങളുടെ കാര്യത്തിലാണ് കുടിശ്ശിക വരുത്തിയിട്ടുള്ളതെന്നും അതിന്റെ കാരണം എന്താണെന്നും അറിയിക്കാമോ?

സർക്കാർ പെൻഷൻ അനുവദിക്കുന്ന ക്ഷേമനിധി ബോർഡുകളിൽ 2022 ഡിസംബർ വരെയുള്ള പെൻഷൻ അനുവദിച്ചിട്ടുണ്ട്. തനത് ഫണ്ടിൽനിന്നും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പെൻഷൻ അനുവദിക്കുന്ന കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ 2022 ആഗസ്റ്റ് മാസംവരെയുള്ള പെൻഷനാണ് വിതരണം ചെയ്തിട്ടുള്ളത്. ചികിത്സാ ധനസഹായം, അപകട മരണധനസഹായം എന്നിവയ്ക്ക് പ്രാധാന്യം നൽകി ബോർഡിൽനിന്നും അനുവദിച്ചുവരുന്നു. മറ്റ് ബോർഡുകളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആനുകൂല്യങ്ങൾ വിതരണം ചെയ്തുവരുന്നു.

**കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് പ്രവർത്തനങ്ങൾ**

257(5143) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേരള കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമബോർഡ് നിലവിൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. 3,60,226 പേർക്ക് ബോർഡിൽനിന്നും പെൻഷൻ

നൽകിവരുന്നു. 2022 ആഗസ്റ്റ് മാസംവരെയുള്ള പെൻഷനാണ് നിലവിൽ വിതരണം ചെയ്തിട്ടുള്ളത്. ഒരു മാസം പെൻഷൻ നൽകുന്നതിന് ഏകദേശം 58 കോടി രൂപയും മറ്റാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും, ഭരണപരമായ ചെലവുകൾക്കുമായി 10 കോടി രൂപയുമടക്കം പ്രതിമാസം 68 കോടിയോളം രൂപയാണ് ബോർഡിന് ആവശ്യമായിവരുന്നത്. എന്നാൽ ബോർഡിന്റെ പ്രധാന വരുമാനമായ സെസ്സ് പിരിവിലൂടെ പ്രതിമാസം ലഭിക്കുന്നത് 30 കോടിയോളം രൂപയാണ്. കാലാകാലങ്ങളിലുണ്ടായ ടി അന്തരംമൂലമാണ് പെൻഷനും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിന് കാലതാമസമനുഭവപ്പെടുന്നത്. മുൻ വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സെസ്സ് പിരിവിൽ കാര്യക്ഷമമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ വർഷം ശരാശരി 23 കോടിയായിരുന്ന സെസ്സ് കളക്ഷനെങ്കിൽ നിലവിൽ വർദ്ധിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ മേൽനോട്ടത്തിൽ അദാലത്തുകൾ നടത്തിയതിന്റെ ഫലമായി സെസ്സ് കളക്ഷനിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ബോർഡിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി പുതിയ സാമ്പത്തികവർഷം മുതൽ സെസ്സ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പിരിച്ചെടുക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(ബി) എങ്കിൽ കഴിഞ്ഞ 5 വർഷക്കാലയളവിൽ ബോർഡ് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ?

ബോർഡിലെ ജീവനക്കാർക്കായി പഞ്ചിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ബോർഡിന്റെ ചീഫ് ആഫീസിൽ ഇ-ആഫീസ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ജില്ലാ ആഫീസുകൾ ഇ-ആഫീസാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സർക്കാരിന്റെ ലഹരിവിരുദ്ധ ബോധവത്കരണ പരിപാടിയുടെ ഭാഗമായി ചീഫ് ആഫീസിലും ജില്ലാ ആഫീസുകളിലും ബോധവത്കരണ ക്യാമ്പുകളടക്കമുള്ള വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. അംഗതൊഴിലാളികൾക്ക് നൽകിവന്നിരുന്ന ആനുകൂല്യങ്ങളിൽ കഴിഞ്ഞ 5 വർഷക്കാലയളവിലുണ്ടായ വർദ്ധനവ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു .

1. പെൻഷൻകാരുടെ മരണാനന്തര ചെലവ് 2000/- രൂപയിൽനിന്ന് 3000/- രൂപയായി വർദ്ധിപ്പിച്ചു.

2. അംഗതൊഴിലാളിയുടെ മരണാനന്തര ചെലവ് 2000/- രൂപയിൽനിന്ന് 4000/- രൂപയാക്കി വർദ്ധിപ്പിച്ചു.

3. നേത്ര ശസ്ത്രക്രിയ, ചിക്കൻപോക്സ്, പേപ്പട്ടി വിഷബാധ, പാമ്പുകടി എന്നിവയ്ക്കുള്ള ധനസഹായം 2000/- രൂപയിൽനിന്ന് 4000/- രൂപയായി വർദ്ധിപ്പിച്ചു.

4. സാധാരണ ചികിത്സാധനസഹായമായി ആദ്യത്തെ അഞ്ച് ദിവസത്തേയ്ക്ക് നൽകിവന്നിരുന്ന 400/- രൂപ 800/- രൂപയായും, തുടർന്നുള്ള ഓരോ ദിവസത്തിനും 70/- രൂപയിൽനിന്നും 150/- രൂപയായും വർദ്ധിപ്പിച്ചു.

5. അപകട ചികിത്സാ ധനസഹായമായി ആദ്യത്തെ അഞ്ച് ദിവസത്തേയ്ക്ക് നൽകിവന്നിരുന്ന 750/- രൂപ 1500/- രൂപയായും, തുടർന്നുള്ള ഓരോ ദിവസത്തിനും 100/- രൂപയിൽനിന്ന് 200/- രൂപയായും വർദ്ധിപ്പിച്ചു.

6. അപകട മരണ ധനസഹായം 3 ലക്ഷം രൂപയിൽനിന്ന് 4 ലക്ഷം രൂപയായും, മരണാനന്തര ധനസഹായം 25000/- രൂപയിൽനിന്ന് 50,000/- രൂപയായും വർദ്ധിപ്പിച്ചു.

7. എസ്.എൽ.സി. ക്യാഷ് അവാർഡ് 2500/-, 2000/-, 1500/- എന്നീ ക്രമത്തിൽ നൽകിവന്നത് 3000/- രൂപയാക്കി വർദ്ധിപ്പിച്ച് ഏകീകരിക്കുകയും അർഹരാകുന്നവരുടെ എണ്ണവും വർദ്ധിപ്പിച്ചിട്ടുണ്ട്.

8. മരങ്ങൾ, കുറ്റിച്ചെടികൾ, മറ്റ് തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനിടയിൽ ഹൃദയാഘാതംമൂലമോ, കുഴഞ്ഞ് വീണോ, ജോലി സ്ഥലത്ത് മരണപ്പെടുന്ന അംഗത്തിന്റെ മരണം ജോലി സ്ഥലത്തെ മരണമായി കണക്കാക്കി ഒരു ലക്ഷം രൂപ നോമിനിക്ക്/ആശ്രിതർക്ക് അനുവദിച്ചുകൊണ്ട് ഉത്തരവായി.

9. തൊഴിൽ സ്ഥലത്തുവച്ചുള്ള അപകടത്തെത്തുടർന്ന് സ്ഥിരമായ അവശത 50 ശതമാനമോ അതിൽ കൂടുതലോ ആണെങ്കിൽ മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് വിധേയമായി അവശതയുടെ ശതമാനത്തിന് ആനുപാതികമായ തുക (പരമാവധി 1 ലക്ഷം രൂപ) അവശത ധനസഹായമായി അനുവദിച്ചുവരുന്നു.

(സി) ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ വർഷം ചെലവഴിച്ച തുക തരം തിരിച്ച് ലഭ്യമാക്കാമോ?

ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ വർഷം (2021 – 2022) ചെലവഴിച്ച തുക (ഓഡിറ്റ് ചെയ്യപ്പെടാത്ത താത്കാലിക കണക്ക്) തരം തിരിച്ച് ചുവടെ ചേർക്കുന്നു .

| | | |
|---|---|---|
| അഡ്മിനിസ്ട്രേഷൻ ഫണ്ട് | - | 16,02,77,164/- രൂപ |
| പെൻഷൻ | - | 474,29,83,294/- രൂപ |
| ബെനിഫിറ്റ് | - | 45,27,28,239/- രൂപ |
| കോവിഡ് ധനസഹായം | - | 66,52,83,000/- രൂപ |
| മറ്റുള്ളവ | - | 25,84,479/- രൂപ |

(ഡി) 2023 - 2024 സാമ്പത്തിക വർഷം എന്തെല്ലാം കർമ്മ പദ്ധതികളാണ് ബോർഡ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സെസ്സ് പിരിവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സെസ്സ് പിരിവ് ഓൺലൈൻ മുഖാന്തരമാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

നിശ്ചിത കാലയളവുകളിൽ അദാലത്തുകൾ നടത്തി അംഗതൊഴിലാളികളുടെ പരാതികൾ പരിഹരിക്കുന്നതിനും ഇതിലൂടെ പരമാവധി ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. പെൻഷനും മറ്റാനുകൂല്യങ്ങളും മുടക്കം കൂടാതെ നൽകുന്നതിനുള്ള തീവ്ര ശ്രമങ്ങൾ നടത്തിവരുന്നു.

**കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ പെൻഷൻ വിതരണം ചെയ്യാൻ നടപടി**

258(5144) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ തൊഴിലാളികളുടെ പെൻഷൻ യഥാസമയം വിതരണം ചെയ്യുന്നില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലവിൽ എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. നിലവിൽ ആറ് മാസത്തെ പെൻഷനാണ് കുടിശ്ശികയായി നൽകാനുള്ളത്.

(ബി) വീട്ടുടമകളിൽനിന്ന് നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് തുക പിരിച്ചെടുത്തിട്ടും പെൻഷൻ വിതരണം

ചെയ്യാത്തതിന്റെ കാരണം അറിയിക്കുമോ; പ്രതിമാസം എത്ര തുകയാണ് പെൻഷൻ വിതരണത്തിന് ആവശ്യമെന്ന് വ്യക്തമാക്കുമോ?

ബോർഡിന്റെ പ്രധാന വരുമാന മാർഗം ഗാർഹിക-വാണിജ്യ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ചെലവിന്റെ ഒരു ശതമാനം നിരക്കിൽ പിരിച്ചെടുക്കുന്ന സെസ്സ് തുകയാണ്. ഏകദേശം 30 കോടി രൂപയാണ് ഒരു മാസത്തെ സെസ്സ് പിരിവ്. ഒരു മാസത്തെ പെൻഷൻ വിതരണത്തിനായി ബോർഡിന് 57.63 കോടി രൂപ ആവശ്യമായിട്ടുണ്ട്.

(സി) ക്ഷേമനിധി അംഗങ്ങൾക്കും മക്കൾക്കും നൽകുന്ന വിവാഹ ധനസഹായം വിതരണം ചെയ്യുന്നതിൽ കുടിശ്ശികയുണ്ടോ; എങ്കിൽ അപേക്ഷിച്ച എത്ര പേർക്ക് ധനസഹായം നൽകാനുണ്ട്; എന്ന് മുതലുള്ള അപേക്ഷകളാണ് കുടിശ്ശികയായുള്ളത്; വ്യക്തമാക്കുമോ?

കുടിശ്ശികയുണ്ട്. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ഡി) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി വിതരണം ചെയ്യുന്ന മറ്റ് ഏതെല്ലാം സഹായങ്ങളാണ് നിലവിൽ കുടിശ്ശികയായുള്ളത്; ഏത് തീയതി മുതലുള്ള അപേക്ഷകർക്കാണ് ഇനി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സഹായം വിതരണം ചെയ്യാൻ ബാക്കിയുള്ളത്; ഓരോന്നും തരം തിരിച്ച് വിവരം ലഭ്യമാക്കുമോ?

വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

**മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം എടുത്തവർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ**

259(5145) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ 2023 വരെയുള്ള കാലയളവിൽ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ എത്ര പേർ അംഗത്വം എടുത്തിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് നൽകാമോ?

2021 ജനവരി മുതൽ 2023 ഫെബ്രുവരിവരെ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 1,18,221 പേർ അംഗത്വം എടുത്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) സംസ്ഥാനത്തെ മുഴുവൻ മോട്ടോർ തൊഴിലാളികൾക്കും ക്ഷേമനിധി ബോർഡിൽ അംഗത്വം നൽകിയിട്ടുണ്ടോ;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അർഹതയില്ലാത്തവർക്ക് ക്ഷേമനിധി ബോർഡിൽ അംഗത്വം നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 11,05,207 തൊഴിലാളികൾ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. സംസ്ഥാനത്തെ മുഴുവൻ മോട്ടോർ തൊഴിലാളികളേയും ക്ഷേമനിധിയുടെ പരിധിക്കുള്ളിൽ കൊണ്ടുവരുന്നതിനായി പഞ്ചായത്ത്, താലൂക്ക്, ജില്ലാ തലങ്ങളിൽ ബോധവത്കരണ ക്യാമ്പുകൾ, അംഗത്വ രജിസ്ട്രേഷൻ ക്യാമ്പുകൾ, ക്യാമ്പ് സിറ്റിംഗുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി അനുശാസിക്കുംപ്രകാരം തൊഴിലാളികൾക്ക് അംഗത്വം നൽകിവരുന്നു. അർഹത ഇല്ലാത്തവർക്ക് അംഗത്വം നൽകിയത് സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമെടുത്തവർക്ക് എന്തെല്ലാം ആനുകൂല്യം നൽകിവരുന്നുവെന്ന് വിശദമാക്കാമോ?

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ തൊഴിലാളികൾക്കായി പെൻഷൻ, അവശതാ പെൻഷൻ, കുടുംബ പെൻഷൻ, സ്വയം വിരമിക്കൽ പെൻഷൻ, മരണാനന്തര-അപകട മരണ ധനസഹായം, ചികിത്സാ ധനസഹായം, അപകട ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, സ്കോളർഷിപ്പ്, ശവസംസ്കാരത്തിന്, കിടത്തി ചികിത്സാ ധനസഹായം, പ്രസവ ധനസഹായം എന്നിവ നൽകിവരുന്നു.

**കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമത്തിന് സമഗ്ര നിയമനിർമ്മാണം**

260(5146) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമത്തിനും നിയന്ത്രണത്തിനുമായി ഒരു സമഗ്ര നിയമനിർമ്മാണം കൊണ്ടുവരുമെന്ന മുൻ സർക്കാരിന്റെ പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ തൊഴിൽ നിയന്ത്രിക്കുന്നതിനും അവരുടെ സേവന വ്യവസ്ഥകൾക്കും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുമായി, 1979-ലെ ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ

(തൊഴിലും നിയന്ത്രണവും സേവന വ്യവസ്ഥയും) ആക്ട് നിലവിലുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളെ സംരക്ഷിക്കുക എന്നത് പ്രസ്തുത നിയമത്തിന്റെ പ്രധാന ലക്ഷ്യമാണ്. കുടിയേറ്റ തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും ആരോഗ്യ സുരക്ഷാ സൗകര്യങ്ങൾ നൽകുന്നതിനുമായി ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിന് തീരുമാനിച്ചതിന്റെ ഭാഗമായി വികസിപ്പിച്ച വെബ്പോർട്ടലിന്റെ ഉദ്ഘാടനം 02-07-2022-ൽ നടത്തുകയുണ്ടായി. മൊബൈൽ ആപ്പിന്റെ വികസനം എൻ.ഐ.സി. മുഖേന പുരോഗമിച്ചുവരുന്നു. എല്ലാ ജില്ലകളിലും സ്ഥാപിച്ചിട്ടുള്ള ഫെസിലിറ്റേഷൻ സെന്ററുകൾ മുഖേന തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിക്കുകയും അവർക്ക് വകുപ്പ് നൽകുന്ന ക്ഷേമ സൗകര്യങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

**അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ**

261(5147) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിദ്യാഭ്യാസ ധനസഹായം എന്നിവ എല്ലാ ക്ഷേമനിധി ബോർഡുകളും നൽകുന്നുണ്ട്. പ്രസവാനുകൂല്യം കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് ഒഴികെയുള്ള എല്ലാ ബോർഡുകളും നൽകുന്നുണ്ട്. കൂടാതെ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് അധിവർഷാനുകൂല്യം നൽകിവരുന്നു. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് കുടുംബ പെൻഷൻ, അപകട ചികിത്സാ ധനസഹായം, സ്വയം വിരമിക്കൽ പെൻഷൻ എന്നിവ നൽകുന്നുണ്ട്. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ റിട്ടയർമെന്റ് ആനുകൂല്യം നൽകുന്നുണ്ട്. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് അവശതാ പെൻഷൻ, കുടുംബ പെൻഷൻ, അബോർഷൻ ധനസഹായം എന്നിവ നൽകിവരുന്നു. കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് കുടുംബ പെൻഷൻ, മരണാനന്തര ചെലവ് എന്നിവ നൽകിവരുന്നു. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി പ്രതിവർഷം

1,250/- രൂപ നിരക്കിൽ സാമ്പത്തിക താങ്ങൽ പദ്ധതി പ്രകാരമുള്ള ആനുകൂല്യവും നൽകുന്നുണ്ട്.

(ബി) 2011-2016 സർക്കാരിന്റെ കാലത്ത് നൽകിവന്നിരുന്ന ആനുകൂല്യങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് ഈ സർക്കാരിന്റെ കാലയളവിൽ നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ?

പെൻഷൻ തുക 1,600/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. മാറ്റം വന്നിട്ടുള്ള മറ്റ് ആനുകൂല്യങ്ങളുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) പ്രസ്തുത മേഖലയിൽ തൊഴിൽ ചെയ്യുന്നവർക്ക് പ്രസവാനുകൂല്യം എത്ര തുകയായിട്ടാണ് വെട്ടിക്കുറച്ചതെന്ന് വിശദമാക്കാമോ;

(ഡി) നിലവിൽ നൽകുന്ന പ്രസ്തുത തുക അപര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ വെട്ടിക്കുറച്ച ആനുകൂല്യങ്ങൾ പുന:സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി & ഡി) ആനുകൂല്യം വെട്ടിക്കുറച്ചിട്ടില്ല.

**കേരള കുടിയേറ്റത്തൊഴിലാളി ക്ഷേമ പദ്ധതി**

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

262(5148) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആരംഭിച്ച കേരള കുടിയേറ്റത്തൊഴിലാളി ക്ഷേമ പദ്ധതിയിൽ ഇപ്പോൾ എത്ര തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട്?

ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആരംഭിച്ച കേരള കുടിയേറ്റത്തൊഴിലാളി ക്ഷേമ പദ്ധതിയിൽ നിലവിൽ 1,64,761 തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട്.

(ബി) ഈ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) എന്തൊക്കെ ആനുകൂല്യങ്ങളാണ് ഈ ക്ഷേമപദ്ധതി വഴി ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ?

(ബി & സി) കേരള കുടിയേറ്റത്തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗത്വം നേടുന്നവർക്ക് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള പ്രകാരം താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നു.

മരണാനന്തര ധനസഹായമായി 25,000/- രൂപ നൽകുന്നു. കേരള സംസ്ഥാനത്തിനകത്ത് തൊഴിലിലേർപ്പെട്ടിരിക്കെ മരണമടയുന്ന ഏതൊരു കുടിയേറ്റ തൊഴിലാളിക്കും 2 ലക്ഷം രൂപ മരണാനന്തര ആനുകൂല്യം നൽകുന്നു. ജോലിക്കിടെ അപകടംമൂലം പരിക്കേൽക്കുന്ന അംഗത്തിനും സ്ഥായിയായി അവശതയനുഭവിക്കുന്ന അംഗത്തിനും ആശ്വാസ ധനസഹായം 25,000/- രൂപവരെ നൽകുന്നു. ചികിത്സാ ധനസഹായം പരമാവധി 25,000/- രൂപവരെയും, ആശുപത്രിയിലെ കിടത്തി ചികിത്സയ്ക്ക് പരമാവധി 20,000/- രൂപവരെയും അനുവദിക്കുന്നതാണ്. ടെർമിനൽ ബെനിഫിറ്റായി കുറഞ്ഞത് 25,000/- രൂപയും പരമാവധി 50,000/- രൂപയും, ഭൗതികശരീരം നാട്ടിലെത്തിക്കുന്നതിന് ധനസഹായം പരമാവധി 50,000/- രൂപവരെയും വിദ്യാഭ്യാസ ഗ്രാന്റിന് 1,000/- രൂപ മുതൽ 3,000/- രൂപവരെയും നൽകിവരുന്നു. കൂടാതെ പ്രസവാനുകൂല്യത്തിനും അർഹതയുണ്ടായിരിക്കുന്നതാണ്.

പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ആനുകൂല്യങ്ങൾ സത്വരം വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## ആവാസ് പോർട്ടലിലെ വിവരശേഖരണ നടപടികൾ

263(5149) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൊഴിൽ വകുപ്പ് അതിഥി തൊഴിലാളികളുടെ വിവരശേഖരണത്തിനായി തയ്യാറാക്കിയ ആവാസ് പോർട്ടലിൽ എത്ര പേർ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന വിവരം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

തൊഴിൽ വകുപ്പ് അതിഥി തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് തയ്യാറാക്കിയ ആവാസ് പോർട്ടലിൽ ആകെ 5,16,320 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർക്കുന്നു.

## മടിക്കൈ ഗവൺമെന്റ് ഐ.ടി.ഐ.-ൽ പുതിയ കോഴ്സുകൾ

264(5150) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മടിക്കൈ ഗവൺമെന്റ് ഐ.ടി.ഐ.-ൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

മടിക്കൈ ഗവൺമെന്റ് ഐ.ടി.ഐ.-ൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു. നിലവിൽ സർക്കാർ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനമെടുത്തിട്ടുണ്ട്.

**കിഫ്ബി ഫണ്ട് ഉപയോഗിച്ച് കയ്യൂർ ഗവൺമെന്റ് ഐ.ടി.ഐ.-ൽ കെട്ടിടനിർമ്മാണം**

265(5151) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കയ്യൂർ ഗവൺമെന്റ് ഐ.ടി.ഐ.-ൽ അനുവദിച്ച കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള കെട്ടിടം പണി നീണ്ടുപോകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

കയ്യൂർ ഇന്റർനാഷണൽ ഐ.ടി.ഐ. 10-08-2020-ൽ ആദ്യമായി ടെണ്ടർ ചെയ്യുകയുണ്ടായി. ടെണ്ടർ അനുവദിച്ചുനൽകിയെങ്കിലും L1 ബിഡ്ഡറുടെ ആരോഗ്യ സംബന്ധമായ കാരണങ്ങൾക്കൊണ്ട് കരാറിലേർപ്പെടുവാൻ സാധിച്ചില്ല.

ഈ സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തി 07-11-2020-ൽ റീ-ടെണ്ടർ ചെയ്തു. നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം ചൂണ്ടിക്കാണിച്ചുകൊണ്ട് കരാർ നേടിയ ബിഡ്ഡർ കരാറിൽ ഏർപ്പെടുവാൻ വിസമ്മതിച്ചു. അപ്രകാരം, 02-02-2021-ന് റീ-ടെണ്ടർ ചെയ്തെങ്കിലും നേരത്തെ പങ്കെടുത്ത കരാറുകാരൻതന്നെ ഇത്തവണയും L1 ബിഡ്ഡറായി വന്നതിനാൽ കരാർ ഉറപ്പിച്ചില്ല. 26-02-2021-ൽ വീണ്ടും പ്രവൃത്തി റീ-ടെണ്ടർ ചെയ്തു. എന്നാൽ അനുവദനീയമായ നിരക്കുകളേക്കാൾ കൂടിയ തുക (ഡി.എസ്.ആർ. + 10 ശതമാനത്തേക്കാൾ അധികം) വന്നതിനാൽ ഈ റീ-ടെണ്ടർ നടപടിയിലൂടെ കരാർ ഉറപ്പിക്കാൻ സാധിച്ചില്ല.

ഇതിനോടകം പുതുക്കിയ ഡി.എസ്.ആർ.-ഉം, ജി.എസ്.ടി.-യും നിലവിൽ വന്നതിനാൽ വീണ്ടും റീ-ടെണ്ടർ ചെയ്യേണ്ടതായിട്ടുണ്ട്. പുതുക്കിയ

എസ്റ്റിമേറ്റ് നിർമ്മാണ നിർവ്വഹണ ഏജൻസിയായ കെ.ഐ.ഐ.ഡി.സി. തയ്യാറാക്കുകയും കെയ്സിന്റെ (KASE) ടെക്നിക്കൽ കമ്മിറ്റി സാങ്കേതിക അനുമതി നൽകുകയും തുടർന്ന് കിഫ്ബിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കിഫ്ബിയിൽനിന്ന് അനുമതി ലഭിക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) ഈ പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കിഫ്ബിയിൽനിന്ന് പുതുക്കിയ സാങ്കേതിക അനുമതി ലഭിച്ചാൽ ഉടൻതന്നെ പ്രസ്തുത പ്രവൃത്തി റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**നാദാപുരം നിയോജകമണ്ഡലത്തിലെ വളയം ഐ.ടി. ഐ. കെട്ടിടനിർമ്മാണം**

266(5152) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ വളയം ഐ.ടി.ഐ. കെട്ടിടനിർമ്മാണ പുരോഗതി വിശദമാക്കാമോ?

വളയം ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണത്തിനായി 8.3 കോടി രൂപയുടെ ഭരണാനുമതി അനുവദിച്ച് നൽകിയിട്ടുണ്ട്. നിലവിൽ സൈറ്റിലെ ലെവലിംഗ് പ്രവൃത്തികൾ ഭാഗികമായി പൂർത്തിയായിട്ടുണ്ട്. കൂടാതെ പ്രസ്തുത ഭാഗത്തെ കെട്ടിടത്തിന്റെ ഫൂട്ടിങ് Excavation പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയെന്ന് പൂർത്തികരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

വളയം ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണത്തിന്റെ കരാർ കാലാവധി 18 മാസമാണ്. 05-08-2022-ന് കരാർ കമ്പനിയ്ക്ക് സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുണ്ട്. ആയതുപ്രകാരം 04-02-2024-നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് കണക്കാക്കുന്നു.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം**

267(5153) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്ര പേർക്ക് നിയമനം നൽകിയെന്നും; അതിൽ സ്ഥിരനിയമനം എത്രയെന്നും അറിയിക്കുമോ?

2016 (മെയ് മുതൽ) നാളിതുവരെ സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 75116 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. അതിൽ 15436 സ്ഥിരനിയമനം ഉൾപ്പെടുന്നു.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള താത്കാലിക നിയമനങ്ങൾ**

268(5154) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിലവിൽ താത്കാലിക നിയമനങ്ങൾ നടത്തുന്നതിന് എത്ര വയസ്സുള്ളവരെ പരിഗണിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള താത്കാലിക നിയമനങ്ങൾക്ക് 36 വയസ്സ് ഉയർന്ന പ്രായപരിധിയായി നിശ്ചയിച്ചിരുന്ന ഒഴിവുകളിൽ തുറന്ന ഒഴിവുകൾക്ക് (ഓപ്പൺ കോമ്പറ്റീഷൻ) സംവരണ

വിഭാഗക്കാരെയും സംവരണേതര വിഭാഗക്കാരെയും 18 മുതൽ ഉയർന്ന പ്രായപരിധിയായ 41 വയസ്സുവരെ പരിഗണിക്കുന്നതാണ്. സംവരണം ചെയ്യപ്പെട്ട ഒഴിവുകളിൽ സംവരണാനുകൂല്യമുള്ള പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗം ഒഴികെയുള്ളവരെ 18 മുതൽ ഉയർന്ന പ്രായ പരിധിയായ 44 വയസ്സ് വരെയും, പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗക്കാരെ 18 മുതൽ 46 വയസ്സ് വരെയും പരിഗണിക്കുന്നതാണ്. എന്നാൽ 18-36 പ്രായപരിധിയല്ലാതെ അറിയിക്കുന്ന ഒഴിവുകളിൽ തുറന്ന മത്സര വിഭാഗത്തിൽ സംവരണ വിഭാഗങ്ങൾക്ക് അർഹമായ വയസ്സിളവ് അനുവദനീയമാണ്. കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിൽ മുൻഗണനയും വയസ്സിളവും അനുവദിച്ചിട്ടുള്ള വിഭാഗങ്ങൾക്ക്, അവർക്ക് അർഹതപ്പെട്ട വയസ്സിളവ് ഉൾപ്പെടെ സർക്കാർ സർവീസിലേയ്ക്കുള്ള പരമാവധി പ്രായ പരിധിയായ 50 വയസ്സുവരെ പരിഗണിക്കുന്നതാണ് .

(ബി) സർക്കാർ സർവീസിൽ പുതുതായി ജോലിയ്ക്ക് കയറുന്നവരുടെ പെൻഷൻ പ്രായം അറുപത് വയസ്സും പാർട്ട് ടൈം തസ്തികകളിൽ എഴുപത് വയസ്സും ആണെന്നിരിക്കെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം

നടത്തുന്നതിനുള്ള പ്രായപരിധി കൂട്ടുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ജി.ഒ.(പി) No.10/2002/P&ARD തീയതി 14-03-2002 പ്രകാരം പാർട്ട് ടൈം കണ്ടിൻജന്റ് തസ്തികയിൽ പരിഗണിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 50 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്. പ്രായപരിധി കൂട്ടുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല.

**വടകര താലൂക്കിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നിയമനങ്ങൾ**

269(5155) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷം വടകര താലൂക്കിൽ എത്ര ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ചിട്ടുണ്ട്; തസ്തിക തിരിച്ച് അറിയിക്കാമോ?

2022-23 സാമ്പത്തിക വർഷം വടകര താലൂക്കിൽ 230 ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം

ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിയമനത്തിന്റെ തസ്തിക തിരിച്ച വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു .

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ പുതുക്കാൻ വിട്ടുപോയവർക്ക് രജിസ്ട്രേഷൻ പുതുക്കുന്നതിനായി അവസരം നൽകുന്നുണ്ടോയെന്ന് വിശദമാക്കാമോ?

നിലവിൽ സ.ഉ.(സാ.ധാ )1505/22/തൊഴിൽ തീയതി 22-12-022 പ്രകാരം 01-01-2000 മുതൽ 31-10-2022 വരെയുള്ള കാലയളവിൽ റദ്ദായ രജിസ്ട്രേഷൻ പുതുക്കുന്നതിനു 01-01-2023 മുതൽ 31-03-2023 വരെ സമയം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

**ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ**

270(5156) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളായി മാറിയിട്ടുണ്ട്; പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളല്ലാതെ മറ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എത്രയെണ്ണം മേൽപ്പറഞ്ഞ സംവിധാനത്തിലേയ്ക്ക് മാറിയിട്ടുണ്ടെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് 3 (മൂന്ന്) പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുൾപ്പെടെ ആകെ 85 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാണുള്ളത്. ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെല്ലാം ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കി മാറ്റിയിട്ടുണ്ട്.

(ബി) ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ പ്രത്യക്ഷ സേവനങ്ങളായ രജിസ്ട്രേഷൻ, പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, രജിസ്ട്രേഷൻ ട്രാൻസ്ഫർ, വ്യക്തിഗതവിവരങ്ങളുടെ അപ്ഡേഷൻ, സീനിയോറിറ്റി നിലവാരം അറിയുക തുടങ്ങിയ എല്ലാ സേവനങ്ങളും നിലവിൽ ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി (www.eemployment.kerala.gov.in എന്ന ഓൺലൈൻ മുഖേന) എല്ലായ്പ്പോഴും എവിടെനിന്നും തൊഴിലന്വേഷകർക്ക് ലഭ്യമാണ്.

**ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ കൗശൽ കേന്ദ്രയുടെ പ്രവർത്തനം**

271(5157) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ കുണ്ടംകുഴിയിൽ അനുവദിച്ച കൗശൽ കേന്ദ്രയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ?

കാസർഗോഡ് ജില്ലയിലെ ബേഡഡുക്കയിൽ പുതിയതായി സ്ഥാപിച്ച കൗശൽ കേന്ദ്ര സെന്ററിന്റെ ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്.

(ബി) ഈ സ്ഥാപനത്തിൽ ഏതൊക്കെ വിഷയങ്ങളിലാണ് പരിശീലനം നൽകുന്നതെന്ന് വിശദമാക്കാമോ?

ബേഡഡുക്ക പഞ്ചായത്തിൽ ആരംഭിച്ച കൗശൽ കേന്ദ്രയിൽ തൊഴിൽ നിപുണത കൈവരിക്കാനുതകുന്ന രീതിയിൽ രൂപകൽപന ചെയ്ത കമ്പ്യൂട്ടർ പരിശീലന പ്രോഗ്രാമായ ഡിജിറ്റൽ ലിറ്ററസി കോഴ്സിന്റെ പ്രഥമ ബാച്ചിന്റെ അഡ്മിഷൻ നടപടികളുടെ അവസാന ഘട്ടം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ ഇംഗ്ലീഷ് ഭാഷ നൈപുണ്യ

കോഴ്സ്, അക്കൗണ്ടിംഗ് കോഴ്സുകൾ എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ തുടങ്ങാൻ നടപടി**

272(5158) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ ഏതൊക്കെ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലാണ് സ്കിൽ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഗവ. വി.എച്ച്.എസ്.എസ്., കുഞ്ചത്തൂർ സ്കൂളിലാണ് സ്കിൽ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നത്.

(ബി) പ്രസ്തുത സ്കിൽ ഡെവലപ്മെന്റ് സെന്ററിൽ ഏതൊക്കെ കോഴ്സുകളാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്നും ആർക്കൊക്കെ ടി കോഴ്സുകൾക്ക് ചേർന്ന് പഠിക്കാൻ കഴിയുമെന്നും കോഴ്സുകളുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

പ്രസ്തുത സ്കൂളിൽ ഇലക്ട്രീഷ്യൻ-Domestic Solution, ഫിറ്റ്നസ് ട്രയിനർ എന്നീ കോഴ്സുകൾ തുടങ്ങുന്നതിനാണ് തെരഞ്ഞെടുത്തിട്ടുള്ളത്. പത്താംക്ലാസ്സ് പാസ്സായ 15 നും 20 നും ഇടയിൽ പ്രായമുള്ള എല്ലാവർക്കും ടി കോഴ്സുകളിൽ ചേർന്ന് പഠിക്കാൻ കഴിയുന്നതാണ്. 6 മാസം മുതൽ 1 വർഷംവരെയുള്ള ഡിപ്ലോമ കോഴ്സുകളാണ് ഇവ. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് എൻ.എസ്.ക്യൂ.എഫ്. അംഗീകാരമുള്ള ഡിപ്ലോമ സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്.

(സി) പ്രസ്തുത കോഴ്സുകൾ എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

2023-24 സാമ്പത്തികവർഷത്തിൽ തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ജി.വി.എച്ച്.എസ്.എസ്. ഹേരൂർ മീപ്രി സ്കൂളിൽ സ്കിൽ ഡെവലപ്മെന്റ് സെന്റർ 2023-24 വർഷം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഇക്കാര്യം പരിശോധിക്കുന്നതാണ് .

**കോന്നി നിയോജകമണ്ഡലത്തിൽ കൗശൽ കേന്ദ്ര**

273(5159) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽ തൊഴിൽ വകുപ്പ് അനുവദിച്ച കൗശൽ കേന്ദ്ര ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ&ബി) കോന്നി നിയോജകമണ്ഡലത്തിലെ കൗശൽ കേന്ദ്രക്കുവേണ്ടി അനുയോജ്യമായ കെട്ടിടം കണ്ടെത്തി സർക്കാർ മാനദണ്ഡമനുസരിച്ച് PWD നിരക്കിൽ വാടക നിശ്ചയിച്ചുകൊണ്ടുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുകയും ഒരു ജില്ലാ നൈപുണ്യ പരിശീലന കേന്ദ്രത്തിനാവശ്യമായ സൗകര്യങ്ങളോടുകൂടിയ ഇന്റീരിയർ ഡിസൈൻ തയ്യാറാക്കുകയും അതിനനുസരിച്ചുള്ള എസ്റ്റിമേറ്റ് നിർദ്ദിഷ്ട

സമയത്തിനുള്ളിൽ തയ്യാറാക്കി സമർപ്പിക്കുവാൻ സർക്കാർ അംഗീകൃത ഏജൻസികളെ ഏൽപ്പിക്കുകയും തുടർനടപടികളുടെ ഭാഗമായി വിദഗ്ധരടങ്ങുന്ന ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് താമസംവിനാ കൗശൽ കേന്ദ്രയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

**പുതുതായി ആരംഭിക്കുന്ന ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ പ്രവർത്തനം**

274(5160) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ജില്ലകളിലായി പുതുതായി ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനായി 15-09-2017-ലെ സ.ഉ.(കൈ) നം.75/2017/തൊഴിൽ ഉത്തരവ് പ്രകാരം വെഞ്ഞാറമൂട് കേന്ദ്രമായി അനുവദിച്ച ഡിസ്പെൻസറി ഇതുവരെയും പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

വെഞ്ഞാറമൂട് കേന്ദ്രമായി അനുവദിക്കപ്പെട്ട ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ പ്രവർത്തനത്തിനുവേണ്ടി വെഞ്ഞാറമൂട് ജംഗ്ഷനിൽ സ്ഥിതിചെയ്യുന്ന BSNL-ന്റെ കെട്ടിടം അനുയോജ്യമാണെന്ന്

കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത കെട്ടിടം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഇ.എസ്.ഐ. കോർപ്പറേഷൻ തലത്തിൽ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം ഓരോ ഡിസ്പെൻസറികൾക്കും ആവശ്യമായ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വെഞ്ഞാറമൂട് ഡിസ്പെൻസറിക്ക് ഡോക്ടർമാരുടേതുൾപ്പെടെ എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

15-09-2017-ലെ സ.ഉ.(കൈ)നം.75/2017/തൊഴിൽ ഉത്തരവ് പ്രകാരം വെഞ്ഞാറമൂട് ഇ.എസ്.ഐ. ഡിസ്പെൻസറി ഒറ്റ ഡോക്ടർ ടൈപ്പായി പ്രവർത്തനം ആരംഭിക്കുന്നതിന് ഒരു ഡോക്ടർ തസ്തിക ഉൾപ്പെടെ 9 തസ്തികകളാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത ഡിസ്പെൻസറി രണ്ട് ഡോക്ടർ ടൈപ്പ് ഡിസ്പെൻസറിയായി പ്രവർത്തനം ആരംഭിക്കുന്നതിനാണ് ഇ.എസ്.ഐ. കോർപ്പറേഷൻ അനുമതി നൽകിയിട്ടുള്ളത്. ആയതിലേയ്ക്കായി 15-09-2017-ലെ സ.ഉ.(കൈ)നം.75/2017/തൊഴിൽ ഉത്തരവ് പ്രകാരം സൃഷ്ടിക്കപ്പെട്ടതും നിലവിൽ

ഉപയോഗിക്കാത്തതുമായ തസ്തികകളിൽനിന്നും അധികം വേണ്ട തസ്തികകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത ഉത്തരവ് ഇപ്പോൾ നിലനിൽക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

നിലനിൽക്കുന്നുണ്ട്.

(ഡി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പുകൾ നൽകാമോ?

15-09-2017-ലെ സ.ഉ.(കൈ)നം.75/2017/തൊഴിൽ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ഇ) പ്രസ്തുത ഡിസ്പെൻസറി ആരംഭിക്കാൻ താത്കാലികമായി കണ്ടെത്തിയ കെട്ടിടം പര്യാപ്തമാണോയെന്ന് വിശദമാക്കാമോ?

1258 Sq. Ft. ഉള്ള BSNL-ന്റെ കെട്ടിടം രണ്ട് ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിന് പര്യാപ്തമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എഫ്) പുതിയ ഡിസ്പെൻസറി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഡിസ്പെൻസറി പ്രവർത്തിപ്പിക്കുന്നതിനുവേണ്ടിയുള്ള വാടക കെട്ടിടം ഇ.എസ്.ഐ. കോർപ്പറേഷൻ ലഭ്യമാക്കുന്ന മുറയ്ക്ക് ഡിസ്പെൻസറി പ്രവർത്തനം ആരംഭിക്കുന്നതാണ്.

**ഗ്രാറ്റുവിറ്റി കൺട്രോളിംഗ് അതോറിറ്റി മുമ്പാകെ വരുന്ന കേസുകളിൽ മലയാള ഭാഷ നിർബന്ധമാക്കാൻ നടപടി**

275(5161) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഭാഷ മലയാളമാക്കിയിട്ട് വർഷങ്ങളായെങ്കിലും ഇപ്പോഴും തൊഴിൽ വകുപ്പുൾപ്പെടെ പല സർക്കാർ സ്ഥാപനങ്ങളും പ്രസ്തുത കാര്യത്തിൽ അലംഭാവം കാണിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, വിശദമാക്കുമോ?

തൊഴിൽ വകുപ്പിൽ കൈകാര്യം ചെയ്യുന്ന എല്ലാ ഉത്തരവുകളും കത്തുകളും മലയാള ഭാഷയിലാണ് നൽകുന്നത്. സുപ്രീംകോടതി, ഹൈക്കോടതി ഉൾപ്പെടെയുള്ള കോടതി വ്യവഹാരങ്ങളിൽ ഇംഗ്ലീഷ് ഭാഷ

ഉപയോഗിക്കേണ്ടിവരുന്ന സാഹചര്യങ്ങളിലും കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട കത്തുകൾ അയയ്ക്കുമ്പോഴും ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കുന്നു. ടി ഫയലുകളുടെ നോട്ട് ഫയൽ മലയാളത്തിൽ കൈകാര്യം ചെയ്തുവരുന്നുണ്ട്.

(ബി) ലേബർ വകുപ്പിന്റെ കീഴിൽ ഡെപ്യൂട്ടി ലേബർ കമ്മീഷണർ പ്രിസൈഡിംഗ് ഓഫീസറായി പ്രവർത്തിച്ചുവരുന്ന ഗ്രാറ്റുവിറ്റി കൺട്രോളിംഗ് അതോറിറ്റി മുമ്പാകെ വരുന്ന കേസുകളിൽ ഇപ്പോഴും പല വക്കീലന്മാരും ഇംഗ്ലീഷ് ഭാഷ മാത്രം ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഗ്രാറ്റുവിറ്റി കൺട്രോളിംഗ് അതോറിറ്റി മുമ്പാകെ വരുന്ന കേസുകളുമായി ബന്ധപ്പെട്ട നടപടികളിൽ അഭിഭാഷകർ പൂർണ്ണമായും ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കുന്നില്ല. അത്യാവശ്യ സന്ദർഭങ്ങളിൽ മലയാള ഭാഷ ഉപയോഗിക്കാറുണ്ട്.

(സി) വക്കീലന്മാർ ഇംഗ്ലീഷ് ഭാഷ മാത്രം ഉപയോഗിക്കുന്നതിനാൽ അതോറിറ്റി മുമ്പാകെ വരുന്ന കേസുകളിലുൾപ്പെട്ട തൊഴിലാളികൾക്ക്

ഇംഗ്ലീഷ് ഭാഷ പ്രയോഗങ്ങൾ മനസ്സിലാകാതെ പ്രയാസപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

1973-ലെ കേരള പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി റൂൾസിലെ റൂൾ 10(1) പ്രകാരമുള്ള Form N ഇംഗ്ലീഷിലാണ്. ഗ്രാറ്റുവിറ്റി കേസുകളിൽ തൊഴിലാളി/ തൊഴിലുടമകളുടെ സത്യവാങ്മൂലം, തെളിവെടുപ്പ് മുതലായവ മലയാള ഭാഷയിലാണ് പൂർണ്ണമായും ചെയ്യുന്നത്. നിയന്ത്രണാധികാരി പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പൂർണ്ണമായും മലയാള ഭാഷയിലാണ് കൈകാര്യം ചെയ്യുന്നത്. എന്നാൽ തൊഴിലാളി/തൊഴിലുടമ എന്നിവരെ പ്രതിനിധീകരിച്ച് വക്കീലന്മാരെ ഏർപ്പെടുത്തുന്ന സന്ദർഭങ്ങളിൽ ഇവർ തരുന്ന അഫിഡവിറ്റ്, ആർഗ്യുമെന്റ് നോട്ട്, റിപ്ലിക്കേഷൻ, റിജോയിന്റർ, റിട്ടൺ സ്റ്റേറ്റ്മെന്റ് മുതലായവ ആംഗലേയ ഭാഷയിലാണ് നൽകിവരുന്നത്. ഇരു കക്ഷികളുടെയും വക്കീലന്മാർ ഇംഗ്ലീഷിൽ പറയുന്ന കാര്യങ്ങൾ കക്ഷികൾക്ക് മനസ്സിലാകാതെ വരുന്നപക്ഷം കൺട്രോളിംഗ് അതോറിറ്റി മലയാളത്തിൽ വിശദീകരിച്ച് നൽകാറുണ്ട്.

(ഡി) പ്രസ്തുത അതോറിറ്റി മുമ്പാകെവരുന്ന കേസുകളിൽ തൊഴിലാളികൾക്ക് കാര്യങ്ങൾ മനസ്സിലാക്കുന്നതിന് മലയാള ഭാഷ മാത്രമേ ഉപയോഗിക്കാവൂ എന്ന നിർദ്ദേശം നൽകുന്നതിന് അതോറിറ്റിയ്ക്ക് അധികാരമുണ്ടോ; ഇല്ലെങ്കിൽ തൊഴിൽ വകുപ്പ് പ്രസ്തുത നിർദ്ദേശം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

മേൽപ്പറഞ്ഞ രേഖകളിൽ ഇംഗ്ലീഷ് ഒഴിവാക്കി മലയാള ഭാഷ മാത്രമെ ഉപയോഗിക്കാവൂ എന്ന നിർദ്ദേശം നൽകുന്നതിന് ഗ്രാറ്റുവിറ്റി കൺട്രോളിംഗ് അതോറിറ്റിയെ പ്രത്യേകമായി അധികാരപ്പെടുത്തിയിട്ടില്ല. മലയാള ഭാഷ മാത്രമെ ഉപയോഗിക്കാവൂ എന്ന നിർദ്ദേശം ഗ്രാറ്റുവിറ്റി കൺട്രോളിംഗ് അതോറിറ്റിയ്ക്ക് നൽകുന്നതിന് നടപടി സ്വീകരിക്കും.

**കാസർഗോഡ് ജില്ലയിലെ താലൂക്ക് ഓഫീസുകളിലെ തീർപ്പാക്കാത്ത ഫയലുകൾ**

276(5162) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ താലൂക്ക് ഓഫീസുകളിൽ തീർപ്പാക്കാത്ത എത്ര ഫയലുകളുണ്ടെന്ന് താലൂക്ക് ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ?

കാസർഗോഡ് താലൂക്ക് - 4596

ഹോസ്ദുർഗ്ഗ് - 10738

മഞ്ചേശ്വരം - 11481

വെള്ളരിക്കുണ്ട് - 7591

(ബി) ഏതെല്ലാം വിഷയങ്ങളുമായി ബന്ധപ്പെട്ട ഫയലുകളാണ് ഇവയെന്ന് താലൂക്ക് ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ?

കാസർഗോഡ് താലൂക്ക് - റീസർവ്വെ, ഭൂമി കൈയ്യേറ്റം, കെട്ടിട നികുതി, ഭൂമി പതിവ്, മിച്ച ഭൂമി, ഡിസ്ട്രസ് വാറണ്ട്

ഹൊസ്ദുർഗ്ഗ് - റീസർവ്വെ, പട്ടയം, ഭൂമി കൈയ്യേറ്റം, ഭൂമി തരം മാറ്റൽ, മറ്റ് റവന്യൂ വിഷയങ്ങൾ

മഞ്ചേശ്വരം - പൊതുജനങ്ങളിൽനിന്നുള്ള അപേക്ഷകൾ, കോടതി വ്യവഹാരങ്ങൾ

<u>വെള്ളരിക്കുണ്ട്</u> - ഭൂമി സംബന്ധമായത്, കെട്ടിട നികുതി, റവന്യൂ റിക്കവറി

(സി) ഫയലുകൾ തീർപ്പാക്കാൻ കാലതാമസമുണ്ടായതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

അപ്പീൽ അപേക്ഷകളിന്മേൽ കോടതി കേസുകളുള്ളതിനാലും, റീസർവ്വെ നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാലും, ജീവനക്കാരുടെ കുറവ് മൂലവും, റവന്യൂ റിക്കവറി കുടിശ്ശിക തുക ഗഡുക്കളായി അടക്കുന്ന കേസുകളിൽ തുക പൂർണ്ണമായി അടവ് വരുത്തിയശേഷം മാത്രമെ ഫയൽ തീർപ്പാക്കാൻ സാധിക്കുകയുള്ളൂ എന്നതിനാലും ഫയലുകൾ ത്വരിത ഗതിയിൽ തീർപ്പാക്കാൻ സാധിക്കുകയില്ല.

(ഡി) തീർപ്പാക്കാനുള്ള ഫയലുകളുടെ കാലപ്പഴക്കം എത്രയെന്ന് താലൂക്ക് ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ?

<u>കാസർഗോഡ് താലൂക്ക്</u>

2022-1008 ഫയലുകൾ

2021 - 1235 ഫയലുകൾ

2020 - 479 ഫയലുകൾ

2019 - 386 ഫയലുകൾ

2018 - 397 ഫയലുകൾ

2018-ന് മുൻപുള്ളവ - 1091 ഫയലുകൾ

ഹോസ്ദുർഗ്ഗ്

2022 - 3796 ഫയലുകൾ

2021 - 1944 ഫയലുകൾ

2020 - 1600 ഫയലുകൾ

2019 - 975 ഫയലുകൾ

2018 - 986 ഫയലുകൾ

2018-ന് മുൻപുള്ളവ - 1437 ഫയലുകൾ

മഞ്ചേശ്വരം

2022-9276 ഫയലുകൾ

2021 - 907 ഫയലുകൾ

2020 - 323 ഫയലുകൾ

2019 - 426 ഫയലുകൾ

2018 - 262 ഫയലുകൾ

2018-ന് മുൻപുള്ളവ - 287 ഫയലുകൾ

വെള്ളരിക്കുണ്ട്

2022-3774 ഫയലുകൾ

2021 - 1249 ഫയലുകൾ

2020 - 1222 ഫയലുകൾ

2019 - 633 ഫയലുകൾ

2018 - 241 ഫയലുകൾ

2018-ന് മുൻപുള്ളവ - 41 ഫയലുകൾ

(ഇ) ഫയലുകൾ തീർപ്പാക്കാത്തതിന്റെ കാരണം ബന്ധപ്പെട്ട കക്ഷികളെ അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ?

ഭൂരിപക്ഷം കേസുകളിലും അറിയിപ്പ് നൽകിയിട്ടുള്ളതാണ്. ബാക്കി കേസുകളിൽ അറിയിപ്പ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ചട്ട വിരുദ്ധമായുള്ള ഭൂമി തരം മാറ്റം**

277(5163) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ഡേറ്റാ ബാങ്കിലുൾപ്പെട്ട ഭൂമി ചട്ട വിരുദ്ധമായി ഫോം 6-ൽ അപേക്ഷ വാങ്ങി തരം മാറ്റി നൽകിയതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം ചട്ട വിരുദ്ധമായി ഭൂമി തരം മാറ്റി നൽകിയതായി ആരോപിച്ച് എറണാകുളം ജില്ലയിൽനിന്നും എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) ചട്ട വിരുദ്ധമായി ഭൂമി പരിവർത്തനം ചെയ്യപ്പെട്ടുവെന്ന പരാതി അന്വേഷിക്കുന്നതിനായി സർക്കാർ ഒരു ഉന്നതതല സമിതിയെ ചുമതലപ്പെടുത്തിയിരുന്നോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത സമിതി അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ; റിപ്പോർട്ടിൽ എന്തെല്ലാം വീഴ്ചകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ചട്ട വിരുദ്ധമായി തരം മാറ്റി നൽകിയ ഡേറ്റാ ബാങ്കിലുൾപ്പെട്ട ഭൂമി പൂർവ്വസ്ഥിതിയിലേയ്ക്ക് മാറ്റാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

(എ - ഡി) എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്കിലെ മഞ്ഞള്ളൂർ വില്ലേജിലുൾപ്പെട്ട 131/6 സർവ്വേ നമ്പറിലുൾപ്പെട്ട ഭൂമിയിൽ അനധികൃതമായി മണ്ണിട്ട് നികത്തി തരം മാറ്റുന്നത് സംബന്ധിച്ച് പരാതി ലഭിച്ചിരുന്നു. പ്രസ്തുത പരാതിയിന്മേൽ റവന്യൂ വകുപ്പ് രൂപീകരിച്ച സംസ്ഥാനതല സംഘം പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**ശ്മശാനം നിർമ്മിക്കുന്നതിന് റവന്യൂ ഭൂമി വിട്ട് നൽകാനുള്ള നടപടി**

278(5164) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര ഗ്രാമപഞ്ചായത്തുകൾ ശ്മശാനം നിർമ്മിക്കുന്നതിനായി റവന്യൂ ഭൂമി ആവശ്യപ്പെട്ട് പ്രൊപ്പോസൽ നൽകിയിട്ടുണ്ട്; വിശദാംശം അറിയിക്കാമോ?

കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത്, അജാനൂർ ഗ്രാമപഞ്ചായത്ത്, പള്ളിക്കര ഗ്രാമപഞ്ചായത്ത് എന്നീ ഗ്രാമപഞ്ചായത്തുകൾ ശ്മശാനം നിർമ്മിക്കുന്നതിനായി ഭൂമി ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിരുന്നു.

കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന് ശ്മശാനം നിർമ്മിക്കുവാൻ ഭൂമി നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടില്ല. അജാനൂർ ഗ്രാമപഞ്ചായത്തിന് ശ്മശാനം നിർമ്മിക്കുവാൻ ഭൂമി നൽകുന്നത് സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസലിൽ അപാകതകളുള്ളതിനാൽ ആയത് പരിഹരിച്ച് വീണ്ടും സമർപ്പിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ പരിശോധിച്ചുവരുന്നു.

(ബി) ഗ്രാമപഞ്ചായത്തുകളിൽ പൊതു ശ്മശാനം നിർമ്മിക്കുന്നതിനായി റവന്യൂ ഭൂമി വിട്ട് നൽകുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കാമോ?

1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ സെക്ഷൻ 13-ൽ ശ്മശാനത്തിന് പാട്ടത്തിന് ഭൂമി നൽകുന്നതിന് വ്യവസ്ഥയില്ലാത്തതാണ്. ശ്മശാനം നിർമ്മിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെട്ടതിനാൽ, പ്രസ്തുത ആവശ്യത്തിന് ഭൂമി നാമമാത്രമായ പാട്ടത്തിനോ പതിച്ചോ നൽകുന്ന

വിഷയത്തിൽ സർക്കാരിന്റെ സവിശേഷാധികാരം ഉപയോഗിക്കാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്.

**മണിമലയിൽ പാട്ടത്തിന് നൽകിയ സ്ഥലം സർക്കാർ പദ്ധതികൾക്ക് നൽകാൻ നടപടി**

279(5165) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിമല മേഖലയിൽ റബർ ബോർഡിന്റെ ആവശ്യത്തിന് നിലവിൽ പാട്ടത്തിന് നൽകിയ എത്ര അളവ് ഭൂമിയുണ്ടെന്ന് അറിയിക്കാമോ?

20.56 ഹെക്ടർ

(ബി) ആയതിന്റെ പാട്ടക്കാലാവധി എന്നുവരെയാണെന്നും പാട്ടത്തുക കൃത്യമായി ലഭിക്കുന്നുണ്ടോയെന്നും അറിയിക്കാമോ; പാട്ടത്തുക ഇനത്തിൽ കുടിശ്ശിക എത്രയുണ്ടെന്ന് അറിയിക്കാമോ?

1960 മുതൽ 2021-2022 വരെ പാട്ടം ഈടാക്കിയിട്ടുണ്ട്. 1990 മുതലുള്ള പാട്ടം പുതുക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത പാട്ടക്കരാർ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; കരാർ വ്യവസ്ഥപ്രകാരം ആയതിന് എന്തെങ്കിലും തടസമുണ്ടോ; വിശദാംശം നൽകാമോ;

(ഡി) പാട്ടക്കരാർ റദ്ദ് ചെയ്ത് സർക്കാരിന്റെ വിവിധ പദ്ധതികൾക്കായി പ്രസ്തുത സ്ഥലം വിട്ടുനൽകുന്നതിന് നടപടി സ്വീകരിക്കാമോ?

(സി&ഡി) പാട്ടം റദ്ദ് ചെയ്യുന്നതുസംബന്ധിച്ച പ്രൊപ്പോസലുകളൊന്നും സർക്കാരിൽ ലഭ്യമായിട്ടില്ല.

**ഭൂമി തരം മാറ്റുന്നതിന് ലഭിച്ച അപേക്ഷകൾ സംബന്ധിച്ച്**

280(5166) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരം മാറ്റുന്നതിന് ലഭിച്ച അപേക്ഷകളിൽ തീരുമാനമാകാത്ത എത്ര അപേക്ഷകളുണ്ടെന്നറിയിക്കാമോ; റവന്യൂ ഡിവിഷണൽ ഓഫീസുകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് ഭൂമി തരം മാറ്റുന്നതിന് 07-03-2023 വരെ ഓഫ്‌ലൈനായി ലഭിച്ചതിൽ 10222 അപേക്ഷകളും ഓൺലൈനായി ലഭിച്ച

196636 അപേക്ഷകളുമുൾപ്പെടെ ആകെ 206858 അപേക്ഷകളാണ് തീരുമാനമാകുവാൻ ശേഷിക്കുന്നത്. റവന്യൂ ഡിവിഷണൽ ഓഫീസുകൾ തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർക്കുന്നു.

(ബി) ഇത്തരം അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഭൂമി തരം മാറ്റം അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. 22-02-2012-ലെ സ.ഉ.(കൈ) നം.56/2022/RD ഉത്തരവ് പ്രകാരം, ജൂനിയർ സൂപ്രണ്ടുമാരെ സെലക്ട് ലിസ്റ്റിൽനിന്നും താത്കാലികമായി ഉദ്യോഗക്കയറ്റം നൽകിയും ക്ലാർക്ക്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ചുകൊണ്ടും, 6 മാസത്തേയ്ക്ക് 990 താത്കാലിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

തുടർന്ന്, ശേഷിക്കുന്ന അപേക്ഷകൾകൂടി സമയബന്ധിതമായി തീർപ്പാക്കുന്നതിനായി, ഇപ്രകാരം നിയമിച്ച താത്കാലിക

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജീവനക്കാരുടെയും അനുവദിച്ച അനുബന്ധ സൗകര്യങ്ങളുടെയും കാലാവധി 179 ദിവസത്തേയ്ക്കുകൂടി ദീർഘിപ്പിച്ചുകൊണ്ട് 26-11-2022-ലെ സ.ഉ(കൈ) നം.278/2022/RD പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

മേൽപ്രകാരം, ഭൂമി തരംമാറ്റ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുവേണ്ടി ഐ.ടി. അനുബന്ധ സൗകര്യങ്ങളും ഫീൽഡ് പരിശോധനയ്ക്കായി ആവശ്യമായ 340 വാഹനങ്ങളും അനുവദിച്ചിട്ടുണ്ട്. അപേക്ഷകൾ കൈകാര്യം ചെയ്യുന്നതുസംബന്ധിച്ച സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്നതിനായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യൂവറും (SOP) തയ്യാറാക്കി നല്കിയിട്ടുള്ളതാണ്.

സംസ്ഥാനത്ത് ഭൂമി തരം മാറ്റൽ നടപടികളുടെ പുരോഗതി നിശ്ചിത ഇടവേളകളിൽ ലാൻഡ് റവന്യൂ കമ്മിഷണർ, ജോയിന്റ് കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ (ഡി.എം.) എന്നിവർ വിലയിരുത്തുന്നുണ്ട്. ഇതിലേയ്ക്കായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ പ്രത്യേക സെല്ലും പ്രവർത്തിച്ചുവരുന്നു. കൂടാതെ എല്ലാ ആഴ്ചയും കൂടുന്ന റവന്യൂ സെക്രട്ടേറിയറ്റിൽ ഭൂമി തരംമാറ്റ അപേക്ഷകളുടെ അവലോകനവും നടത്തിവരുന്നുണ്ട്.

ഇത്തരത്തിൽ ഭൂമി തരംമാറ്റ അപേക്ഷകൾ യുദ്ധകാലാടിസ്ഥാനത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മുളവുകാട് ഗ്രാമപഞ്ചായത്തിലെ മിനി സിവിൽ സ്റ്റേഷന് ഭൂമി വിട്ടുനൽകാൻ നടപടി

281(5167) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ മുളവുകാട് ഗ്രാമപഞ്ചായത്തിലെ റീസർവേ നമ്പർ 31/1-ൽ ഉൾപ്പെട്ട 2 ഏക്കറോളം വരുന്ന റവന്യൂ പുറമ്പോക്ക് ഭൂമി മിനി സിവിൽ സ്റ്റേഷനും ബ്ലോക്ക്പഞ്ചായത്ത് ഓഫീസും നിർമ്മിക്കുന്നതിനായി വിട്ടുനൽകണമെന്ന പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്മേൽ റവന്യൂ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിലെ മുളവുകാട് ഗ്രാമപഞ്ചായത്തിലെ റീസർവേ നമ്പർ 31/1-ൽ ഉൾപ്പെട്ട റവന്യൂ പുറമ്പോക്ക് ഭൂമി മിനി സിവിൽ സ്റ്റേഷനും ബ്ലോക്ക്പഞ്ചായത്ത് ഓഫീസും നിർമ്മിക്കുന്നതിനായി വിട്ടുനൽകണമെന്ന്

ആവശ്യപ്പെട്ടുകൊണ്ട് മുളവുകാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ചിരുന്ന അപേക്ഷ പരിശോധിച്ച് ശിപാർശ സഹിതം പ്രൊപ്പോസൽ സമർപ്പിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് സ്ഥലം എം.എൽ.എ. വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച കത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ലാൻഡ് റവന്യൂ കമ്മീഷണറിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

**നികുതി അടയ്ക്കാത്ത ഭൂമി**

282(5168) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി താലൂക്കിലെ തേഞ്ഞിപ്പലം, പെരുവള്ളൂർ, മുന്നിയൂർ, വള്ളിക്കുന്ന്, അരിയല്ലൂർ എന്നീ വില്ലേജുകളിലും കൊണ്ടോട്ടി താലൂക്കിലെ ചേലേമ്പ്ര, പള്ളിക്കൽ എന്നീ വില്ലേജുകളിലുമുള്ള നികുതി അടയ്ക്കാത്ത ഭൂമികളുടെ വിശദ വിവരങ്ങൾ വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി താലൂക്കിലെ തേഞ്ഞിപ്പലം, മൂന്നിയൂർ, വള്ളിക്കുന്ന്, അരിയല്ലൂർ എന്നീ വില്ലേജുകളിലും കൊണ്ടോട്ടി താലൂക്കിലെ ചേലേമ്പ്ര, പള്ളിക്കൽ എന്നീ വില്ലേജുകളിലുമുള്ള നികുതി അടയ്ക്കാത്ത ഭൂമികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു. പെരുവള്ളൂർ വില്ലേജിൽ ഇത്തരം ഭൂമികൾ നിലവിലില്ല.

(ബി) നിലവിൽ സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള ഇത്തരം ഭൂമികളുടെ നികുതി അടയ്ക്കുന്നതിന് മലബാർ മേഖലയിൽ തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇത്തരം തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

1895-ലെ മലബാർ ലാൻഡ് രജിസ്ട്രേഷൻ ആക്ട്, 18/2005 നമ്പർ ഓർഡിനൻസ് പ്രകാരം റദ്ദാക്കപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത ഓർഡിനൻസ് പുതുക്കാത്ത സാഹചര്യത്തിൽ പ്രസ്തുത നിയമം റദ്ദാക്കപ്പെട്ടോയെന്ന കാര്യത്തിൽ സംശയം നിലനിന്നിരുന്നു. ഇതിനെത്തുടർന്ന് നികുതി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെട്ടാത്ത ഭൂമി കൈവശം വച്ചിരുന്ന ചില വ്യക്തികൾ ബഹു. ഹൈക്കോടതി മുമ്പാകെ 3808/2016, 12664/2016 എന്നിങ്ങനെ ഫയൽ ചെയ്ത റിട്ട് ഹർജ്ജികളിലുണ്ടായ വിധി ന്യായത്തിൽ 1895-ലെ എം.എൽ.ആർ. നിയമം റദ്ദ് ചെയ്തതായും അതിനാൽ നി.കെ. ഭൂമി രജിസ്റ്റർ ചെയ്യാൻ പറ്റില്ലെന്നും ഉത്തരവായി. ഇതിനെത്തുടർന്ന് നിയമ വകുപ്പും നികുതി കെട്ടാൻ പറ്റില്ലെന്ന് നിയമോപദേശം നൽകുകയും തുടർന്ന് മേൽ വിധിക്കെതിരെ ഹർജ്ജി കക്ഷികൾ ഫയൽ ചെയ്ത WA 2370/2016, 169/2017 എന്നീ കേസുകളിൽ 1895-ലെ മലബാർ ലാൻഡ് രജിസ്ട്രേഷൻ ആക്ട് റദ്ദാക്കപ്പെട്ടിട്ടില്ലെന്ന് വ്യക്തമാക്കിക്കൊണ്ട് സിംഗിൾ ബെഞ്ച് വിധി റദ്ദാക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ ഡിവിഷൻ ബഞ്ച് വിധിയുടെ അടിസ്ഥാനത്തിൽ നി. കെ. ഭൂമിക്ക് കരമൊടുക്കി നൽകാൻ സാധിക്കുമോയെന്നതിൽ നിയമ വകുപ്പിന്റെ ഉപദേശം തേടിയിരിക്കുകയാണ്. ആയത് ലഭ്യമായാൽ ഉടൻ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കാവുന്നതാണ്.

**ഭൂപതിവ് ചട്ടങ്ങളുടെ ഭേദഗതി**

283(5169) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1964-ലെ ഭൂപതിവ് ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) നിലവിലെ വ്യവസ്ഥകൾമൂലം 1964-ലെ ചട്ടപ്രകാരം പട്ടയം ലഭിച്ച ഭൂമിയിൽ കൃഷിയും, വീടുമല്ലാത്ത നിർമ്മാണ പ്രവൃത്തികൾ നടത്താൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ & ബി) ഉണ്ട്. നിലവിലെ വ്യവസ്ഥകൾ പ്രകാരം പട്ടയം ലഭിച്ച ഭൂമിയിൽ കൃഷിയും വീടുമല്ലാതെ നിർമ്മാണ പ്രവൃത്തികൾ നടത്തുവാൻ കഴിയാത്ത സാഹചര്യമുള്ളതിനാൽ 1960-ലെ കേരള ഭൂ പതിവ് നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**റവന്യൂ വകുപ്പിൽ ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് സിസ്റ്റം**

284(5170) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ എച്ച്.ആർ.എം.എസ്. (ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് സിസ്റ്റം) നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എന്ന് മുതലെന്നും ഏതൊക്കെ തസ്തികകളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും ആയതിന്റെ വിശദാംശങ്ങൾ സഹിതം അറിയിക്കുമോ; എച്ച്.ആർ.എം.എസ്. നടപ്പിലാക്കുന്നതിനായി പുറപ്പെടുവിച്ച എല്ലാ ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ?

റവന്യൂ വകുപ്പിൽ സീനിയർ ക്ലാർക്ക്, വില്ലേജ് ഓഫീസർ/ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ, ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട്, തഹസിൽദാർ/സീനിയർ സൂപ്രണ്ട്, യു.ഡി. ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, ഫെയർ കോപ്പി സൂപ്രണ്ട് എന്നീ തസ്തികകളിലെ സ്ഥലംമാറ്റം 2021 മുതൽ എച്ച്.ആർ.എം.എസ്. മുഖേന നടപ്പിലാക്കിവരുന്നുണ്ട്. എച്ച്.ആർ.എം.എസ്. നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിലെ ജീവനക്കാർക്ക് എച്ച്.ആർ.എം.എസ്. ബാധകമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദീകരിക്കുമോ?

ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ജീവനക്കാർക്ക് എച്ച്.ആർ.എം.എസ്. ബാധകമാക്കിയിട്ടുണ്ട്.

(സി) ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ അഞ്ച് വർഷത്തിലധികം കാലം തുടർച്ചയായി സേവനമനുഷ്ഠിച്ചുവരുന്ന ജീവനക്കാരുണ്ടോ; എങ്കിൽ തസ്തിക തിരിച്ചുള്ള വിശദാംശം നൽകുമോ?

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ അഞ്ച് വർഷത്തിലധികം കാലം തുടർച്ചയായി സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ഡി) റവന്യൂ വകുപ്പിൽനിന്ന് അന്യത്ര സേവന വ്യവസ്ഥയിൽ വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരെ എച്ച്.ആർ.എം.എസ്.-ൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അന്യത്ര സേവന വ്യവസ്ഥയിൽ വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ ഡാറ്റാ എൻട്രി എച്ച്.ആർ.എം.എസ്.-ൽ വരുത്തിയിട്ടുണ്ട്. എന്നാൽ പൊതുസ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ പ്രകാരം അന്യത്ര സേവന വ്യവസ്ഥയിലുള്ള ജീവനക്കാർക്ക് മാതൃ വകുപ്പിൽ ജോലിയിൽ തിരികെ പ്രവേശിച്ചശേഷം മാത്രമെ സ്ഥലം മാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ.

(ഇ) വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം ഇല്ലാതെതന്നെ സർക്കാർ ഉത്തരവിലൂടെ മന്ത്രിമാരുടെയും നിയമസഭാ സാമാജികരുടെയും പേഴ്സണൽ സ്റ്റാഫായി ജോലി ചെയ്തുവരുന്ന റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് സീനിയോറിറ്റി അനുസരിച്ച് ലാവണം മാറ്റി നൽകാറുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ കാരണം ചട്ടങ്ങൾ ഉദ്ധരിച്ച് വിശദീകരിക്കുമോ?

സർക്കാർ ഉത്തരവിലൂടെ മന്ത്രിമാരുടെയും നിയമസഭാ സാമാജികരുടെയും പേഴ്സണൽ സ്റ്റാഫായി ജോലി ചെയ്തുവരുന്ന റവന്യൂ വകുപ്പിലെ ജീവനക്കാർ അന്യത്ര സേവനത്തിൽ തുടരുന്നതായാണ് കണക്കാക്കുന്നത്. ആയതിനാൽ ലാവണം മാറ്റി നൽകാറില്ല.

## 1957-ലെ കേരള ബോർഡ് ഓഫ് റവന്യൂ ആക്ട്

285(5171) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1957-ലെ കേരള ബോർഡ് ഓഫ് റവന്യൂ ആക്ടിലെ ഷെഡ്യൂൾ 1-ൽ പറഞ്ഞിരിക്കുന്ന വകുപ്പുകൾ 1996-ൽ പ്രസ്തുത ആക്ട് നിർത്തലാക്കിയതിനുശേഷം നിലവിലുണ്ടോ; ആ വകുപ്പുകളുടെ പേരുകൾ നിലവിൽ സെക്രട്ടേറിയറ്റ് വകുപ്പുകളുടെ പേരിലാണോ രേഖപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ?

1957-ലെ കേരള ബോർഡ് ഓഫ് റവന്യൂ ആക്റ്റിലെ ഷെഡ്യൂൾ 1-ൽ ഒന്നാമതായി രേഖപ്പെടുത്തിയിട്ടുള്ള "Land revenue including survey, settlement, land records and land acquisition" എന്നത് ലാൻഡ് റവന്യൂ വകുപ്പ്, സർവ്വെയും ഭൂരേഖയും വകുപ്പ് എന്നിങ്ങനെയാണ് രേഖപ്പെടുത്തുന്നത്. ഷെഡ്യൂളിലുൾപ്പെടുത്തിയിട്ടുള്ള മറ്റ് വകുപ്പുകളിൽ നിലവിൽ ഭവന നിർമ്മാണ വകുപ്പിന്റെ പേര് സെക്രട്ടേറിയറ്റ് വകുപ്പുകളുടെ പേരിലാണ് രേഖപ്പെടുത്തുന്നത്.

(ബി) 1996-ലെ കേരള ബോർഡ് ഓഫ് റവന്യൂ അബോളിഷൻ ആക്ടിലെ സെക്ഷൻ 5 പ്രകാരം കമ്മീഷണർമാരെ നിയമിച്ചുകൊണ്ടുള്ള സർക്കാർ വിജ്ഞാപനമോ, ഉത്തരവോ ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

23-06-1998-ലെ ജി.ഒ.(പി)നം.347/98/റവ (SRO No.529/98) പ്രകാരം 1996-ലെ കേരള ബോർഡ് ഓഫ് റവന്യൂ അബോളിഷൻ ആക്ടിലെ സെക്ഷൻ 4, ഉപവകുപ്പ് (1) അനുസരിച്ച് ബോർഡ് ഓഫ് റവന്യൂവിൽ നിക്ഷിപ്തമായിരുന്ന എല്ലാ അധികാരങ്ങളും 01-07-1998 മുതൽ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. SRO No.529/98 വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(സി) 1957-ലെ കേരള ബോർഡ് ഓഫ് റവന്യൂ ആക്ടിലെ ഷെഡ്യൂൾ 1-ലെ ലാൻഡ് റവന്യൂ എന്ന രേഖപ്പെടുത്തലുകൾ, 1996-ലെ കേരള ബോർഡ് ഓഫ് റവന്യൂ അബോളിഷൻ ആക്ടിലെ സെക്ഷൻ 7 (2) പ്രകാരം ലാൻഡ് റവന്യൂ എന്നത് ഒഴിവാക്കി റവന്യൂ വകുപ്പിലെ ഉത്തരവുകൾ എന്നല്ലേ 1996 -നുശേഷം രേഖപ്പെടുത്തേണ്ടത് എന്ന് വ്യക്തമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

14-10-1998-ലെ ജി.ഒ.(എം.എസ്.)നം.510/98/റവ. പ്രകാരമുള്ള പുനഃസംഘടന ഉത്തരവിൽ ലാൻഡ് റവന്യൂ വകുപ്പ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

**വെള്ളിയാമറ്റം വില്ലേജിലെ ഭൂമിയുടെ ഫെയർവാല്യൂ നിശ്ചയിച്ചതിലെ അപാകത**

286(5172) ശ്രീ. പി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ വെള്ളിയാമറ്റം വില്ലേജിലെ ഭൂമിയുടെ താരിഫ് വില സമീപ വില്ലേജുകളെക്കാൾ ഉയർന്ന് നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വില്ലേജിലെ ഭൂമിയുടെ ഫെയർവാല്യൂ നിശ്ചയിച്ചതിലെ അപാകത പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഇത് സംബന്ധിച്ച് വ്യക്തികൾ സമർപ്പിക്കുന്ന അപേക്ഷകളിൽ അപാകത പരിഹരിച്ച് നൽകി വരുന്നുണ്ട്. പ്രസ്തുത വില്ലേജിലെ ഭൂമിയുടെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫെയർ വാല്യു നിശ്ചയിച്ചതിലെ അപാകത പരിശോധിച്ച് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**പൂഞ്ഞാർ മണ്ഡലത്തിലെ ഭൂമിയേറ്റെടുക്കൽ നടപടി**

287(5173) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ മണ്ഡലത്തിലെ വിവിധ വികസന പദ്ധതികൾക്കായുള്ള ഭൂമിയേറ്റെടുക്കൽ നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം പദ്ധതി തിരിച്ച് ലഭ്യമാക്കുമോ?

1. ഈരാറ്റുപേട്ട വാഗമൺ റോഡ് പുനരുദ്ധാരണം

ഈരാറ്റുപേട്ട വാഗമൺ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഇടുക്കി ജില്ലയിലെ വാഗമൺ വില്ലേജിൽനിന്നും 4.20 ആർ ഭൂമിയും കോട്ടയം ജില്ലയിലെ ടീക്കോയ്, ഈരാറ്റുപേട്ട വില്ലേജുകളിൽനിന്നും 183.40 ആർ ഭൂമിയുമുൾപ്പെടെ 187.60 ആർ ഭൂമി ഏറ്റെടുക്കുന്നതിന് 26-10-2022-ലെ സ.ഉ. (സാധാ) നം. 4317/2022/റവ., 07-

01-2023-ലെ സ.ഉ. (സാധാ) നം. 133/2023/റവ. ഉത്തരവുകൾ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി കണ്ടിജൻസി ചാർജ്ജായി 50 ലക്ഷം രൂപ അർത്ഥനാധികാരി ലഭ്യമാക്കിയിട്ടുണ്ട്. 4(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. മാർമല ചെറുകിട ജലവൈദ്യുത പദ്ധതി

മാർമല ചെറുകിട ജലവൈദ്യുത പദ്ധതിയുടെ 2013 LARR Act വകുപ്പ് 11(1) പ്രകാരമുള്ള വിജ്ഞാപനം 29-08-2022-ലെ 2920-ാം നമ്പർ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. സർവ്വെ നടപടികൾ പൂർത്തിയായിട്ടുള്ളതും സ്കെച്ച് തയ്യാറാക്കി വരുന്നതുമാണ്.

3. ഇടക്കുന്നം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലേക്കുള്ള റോഡ് വികസനം

കാഞ്ഞിരപ്പള്ളി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലേക്കുള്ള റോഡ് വികസനത്തിനായി ഇടക്കുന്നം വില്ലേജിൽ ബ്ലോക്ക് 4-ൽ ഉൾപ്പെട്ട 9.73 ആർ ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥന ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 10-02-2022-ൽ 2013 LARR Act സെക്ഷൻ 11(1) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. 2013-ലെ എൽ.എ.ആർ.ആർ. ആക്ട് പ്രകാരം 11(1)

വിജ്ഞാപനം പുറപ്പെടുവിച്ച് 12 മാസത്തിനുള്ളിൽ 19(1) പ്രഖ്യാപനം പുറപ്പെടുവിക്കണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ നിശ്ചിത സമയ പരിധിക്കുള്ളിൽ 19(1) പ്രഖ്യാപനം പുറപ്പെടുവിക്കാൻ സാധിക്കില്ലായെന്ന് ജില്ലാ കളക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ പ്രത്യേക അധികാരം ഉപയോഗിച്ച് 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതിനുള്ള കാലാവധി 02-03-2023-ലെ സ.ഉ.(അച്ചടി) നം. 66/2023/റവ പ്രകാരം രണ്ട് മാസത്തേക്ക് ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതാണ്.

4. പിണ്ണാക്കനാട് 33 kv സബ് സ്റ്റേഷൻ

പിണ്ണാക്കനാട് 33kv കെ.എസ്.ഇ.ബി. സബ് സ്റ്റേഷൻ നിർമ്മാണത്തിനായി മീനച്ചിൽ താലൂക്കിൽ കോണ്ടൂർ വില്ലേജിൽ സർവ്വെ നമ്പർ 282/9-ൽപ്പെട്ട 35 സെന്റ് സ്ഥലം LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിന് 12-04-2021-ൽ അർത്ഥനാപത്രം സമർപ്പിച്ചിരുന്നതാണ്. എന്നാൽ പ്രസ്തുത സ്ഥലം, സ്ഥലമുടമ കൈമാറ്റം നടത്തിയിട്ടുള്ളതിനാൽ, അനുയോജ്യമായ മറ്റൊരു സ്ഥലം ലഭിച്ചതിനുശേഷം തുടർനടപടികൾ

സ്വീകരിക്കേണ്ടതായുള്ളുവെന്ന് അർത്ഥനാധികാരി 17-08-2021-ൽ അറിയിച്ചിട്ടുണ്ട്.

**കാലവർഷക്കെടുതിയിൽ ഉൾപ്പെടുത്തി അനുവദിച്ച തുക പുതുക്കി നൽകൽ**

288(5174) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിയിൽ ഉൾപ്പെടുത്തി റോഡ് അറ്റകുറ്റപ്പണി ചെയ്യുന്നതിന് അനുവദിച്ച തുക സമയപരിധി കഴിഞ്ഞതിനാൽ പുതുക്കി നൽകണമെന്ന് ആവശ്യപ്പെട്ട് കാസർഗോഡ് ജില്ലാ കളക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉണ്ട്. കാസർഗോഡ് ജില്ലയിൽ സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നും ഭരണാനുമതി നൽകിയ റോഡ് പുനരുദ്ധാരണ പ്രവൃത്തികളിൽ 01-01-2023 മുതൽ സമയപരിധി കഴിഞ്ഞ റോഡ് പ്രവൃത്തികളുടെ ഭരണാനുമതി പുതുക്കുന്നതിനും പേരിൽ മാറ്റം വരുത്തുന്നതിനും മഞ്ചേശ്വരം, കാസർഗോഡ്, പരപ്പ എന്നീ ബ്ലോക്കുകളിലായി ഭരണാനുമതി നൽകിയ 86 പ്രവൃത്തികളടങ്ങിയ പ്രൊപ്പോസൽ കാസർഗോഡ് ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുണ്ട്.

(ബി) അതിൽ ഏതൊക്കെ പ്രവൃത്തികൾക്ക് സമയം നീട്ടി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ഇതിൽ 48 പ്രവൃത്തികളുടെ ഭരണാനുമതി ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്.

**റവന്യൂ വകുപ്പ് ഓഫീസുകൾ അഴിമതി മുക്തമാക്കുന്നതിന് നടപടി**

289(5175) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ റവന്യൂ വകുപ്പിൽ എത്ര ഉദ്യോഗസ്ഥർക്കെതിരെ അഴിമതി കേസിൽ വകുപ്പുതല അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്; എത്ര പേർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്രപേർക്കെതിരെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്; എത്ര പേർക്കെതിരെ ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ റവന്യൂ വകുപ്പിൽ 281 ജീവനക്കാർക്കെതിരെ അഴിമതി കേസിൽ വകുപ്പുതല അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. 124 പേർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 155 പേർക്കെതിരെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. 72 പേർക്കെതിരെ ശിക്ഷാനടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുൾപ്പെടെയുള്ള റവന്യൂ വകുപ്പ് ഓഫീസുകൾ അഴിമതി മുക്തമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ലാൻഡ് റവന്യൂ വകുപ്പിൽ സുശക്തമായ ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. സംസ്ഥാനത്തെ വിവിധ ജില്ലകളെ ഉൾപ്പെടുത്തി മേഖലകളായി തിരിച്ച് ഓരോ മേഖലയും ഒരു വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ വിജിലൻസ് സംവിധാനം പ്രവർത്തിച്ചുവരുന്നു. സർക്കാർ, ലാൻഡ് റവന്യൂ കമ്മീഷണർ എന്നിവർ ഏൽപ്പിക്കുന്ന പരാതികളിലും പൊതുജനങ്ങളിൽനിന്ന് നേരിട്ട് ലഭിക്കുന്ന പരാതികളിലും

അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്.

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽത്തന്നെ ഒരു അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ മൂന്ന് സെക്ഷനുകളിലായി പരിശോധനാ വിഭാഗം പ്രവർത്തിച്ചുവരുന്നു. ഓരോ സെക്ഷനിലും ഒരു സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ജൂനിയർ സൂപ്രണ്ടുമാർ, ക്ലാർക്കുമാർ എന്നിവരടങ്ങുന്ന ഒരു സംഘം നിലവിലുള്ളതും ഈ ടീം കളക്ടറേറ്റുകൾ, റവന്യൂ ഡിവിഷണൽ ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ, സ്പെഷ്യൽ ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ എന്നിവ യഥാസമയം പരിശോധിച്ചുവരുന്നുണ്ട്.

സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട പരിശോധനകൾ നടത്തുന്നതിനായി സീനിയർ ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ സീനിയർ സൂപ്രണ്ട് സെക്ഷൻ ഹെഡായി ഒരു ആഭ്യന്തര ഓഡിറ്റ് വിംഗും പ്രവർത്തിച്ചുവരുന്നു. ഇപ്രകാരം ലാൻഡ് റവന്യൂ വകുപ്പിന്റെ കീഴിൽവരുന്ന വില്ലേജ് ഓഫീസുകളുൾപ്പെടെയുള്ള എല്ലാ റവന്യൂ ഓഫീസുകളിലും സമഗ്ര

പരിശോധന നടത്തുന്നതിന് കമ്മീഷണറേറ്റിലെ പരിശോധനാ വിഭാഗവും ഓഡിറ്റ് വിഭാഗവും പ്രവർത്തിച്ചുവരുന്നുണ്ട്.

ജില്ലകളിൽ ഒരു സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ ആൻഡ് വിജിലൻസ് എന്ന പേരിൽ ഒരു സെക്ഷൻ പ്രവർത്തിച്ചുവരുന്നതും ജില്ലയ്ക്ക് അകത്ത് വരുന്ന മുഴുവൻ റവന്യൂ ഓഫീസുകളിലും പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഈ ടീമിന് അധികാരമുണ്ട്.

കൂടാതെ താലൂക്കതലത്തിൽ ഡെപ്യൂട്ടി തഹസീൽദാരുടെ നേതൃത്വത്തിൽ ഒരു പരിശോധനാ വിഭാഗവും സജീവമായി പ്രവർത്തിക്കുന്നതും വില്ലേജ് ഓഫീസ് ജീവനക്കാർക്കെതിരെ ലഭിക്കുന്ന പരാതികളിന്മേൽ സത്വര നടപടികൾ സ്വീകരിച്ചുവരുന്നതും ഗൗരവതരമായ സംഗതികളിന്മേൽ അച്ചടക്ക നടപടി ഉൾപ്പെടെയുള്ളവ സ്വീകരിച്ചു വരുന്നുണ്ട്. അഴിമതി വിവരം വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ അറിയിക്കുന്നതിന് വിജിലൻസ് അധികാരിയുടെ ഫോൺ നമ്പരുൾപ്പെടെ മേൽവിലാസം കാണിക്കുന്ന ബോർഡുകൾ വില്ലേജ് ഓഫീസുൾപ്പെടെ എല്ലാ റവന്യൂ ഓഫീസുകളിലും സ്ഥാപിച്ചിട്ടുണ്ട്.

**തൃശ്ശൂർ ജില്ലയിലെ വടക്കേക്കളം പ്ലാന്റേഷന്റെ മിച്ചഭൂമി**

290(5176) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ വടക്കേക്കളം പ്ലാന്റേഷന്റെ 73.73 ഏക്കർ മിച്ചഭൂമിയിൽ 63.73 ഏക്കർ ഭൂമി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലേയ്ക്കും 13-09-2013-ലെ ജി.ഒ. (എം.എസ്.) 396/2013/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം 10 ഏക്കർ ഭൂമി സഹകരണ എഞ്ചിനീയറിംഗ് കോളേജിനും കൈമാറി ഉത്തരവായതിനുശേഷം ആയതിന്മേൽ കോടതിയിൽനിന്നും സ്റ്റേ ഉത്തരവ് നിലനിൽക്കുന്നുണ്ടോ;

(ബി) സ്റ്റേ ഉത്തരവ് നിലനിൽക്കുന്നുണ്ടെങ്കിൽ ഏത് തീയതി വരെയാണെന്ന് വ്യക്തമാക്കാമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) സ്റ്റേ ഉത്തരവ് നിലനിൽക്കുന്നില്ലെങ്കിൽ ഭൂമി പതിച്ച് നൽകാൻ സാധിക്കുമോ;

(ഡി) സി.ആർ.പി.(എൽ.ആർ.) 44/2013 കേസിൽ കോടതി ഉത്തരവ് വന്ന ശേഷമേ ഭൂമി പതിച്ച് നൽകാവൂ എന്ന് നിർദ്ദേശമുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ-ഡി) മിച്ചഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ചാവക്കാട് താലൂക്ക് ലാൻഡ് ബോർഡിന്റെ TLB SR 980/TPY ഉത്തരവിനെതിരെ വടക്കേക്കളം പ്ലാന്റേഷൻ ഫയൽ ചെയ്ത സി.ആർ.പി.(എൽ.ആർ) 44/2013 നമ്പർ കേസിൽ 05-02-2013-ലെ ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം മറിച്ചൊരു വിധിയുണ്ടാകുന്നതുവരെ ഭൂമി വിതരണ നടപടികൾ നിർത്തിവയ്ക്കണമെന്ന് കോടതി ഉത്തരവായിട്ടുള്ളതാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഇ) ഡബ്ല്യു.പി.(സി.) 12210/2014 എന്ന കേസിൽ സ്റ്റേ ഉത്തരവ് നിലവിലുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഡബ്ല്യു.പി.(സി) 12210/2014 നമ്പർ കേസിൽ സ്റ്റേ ഉത്തരവുകളൊന്നും നിലവിലില്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എഫ്) മേൽപ്പറഞ്ഞ കേസുകളിൽ അന്തിമ തീരുമാനമെടുക്കുന്നതിനായി ഏർളി പോസ്റ്റിംഗ് പെറ്റിഷൻ ഫയൽ ചെയ്തതിന്റെ കുറിപ്പും ആയതിന്റെ കാര്യവിവരപത്രികയുടെ പകർപ്പും ലഭ്യമാക്കാമോ?

പകർപ്പുകൾ അനുബന്ധമായി* ചേർക്കുന്നു.

**ഭൂമി തരം മാറ്റൽ സംബന്ധിച്ച വിവരങ്ങൾ അറിയാൻ ഓൺലൈൻ സംവിധാനം**

291(5177) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ മുൻ സർക്കാർ അധികാരമേറ്റത് മുതൽ നാളിതുവരെ ഭൂമി തരം മാറ്റലുമായി ബന്ധപ്പെട്ട എത്ര അപേക്ഷകളാണ് വടകര റവന്യൂ ഡിവിഷണൽ ഓഫീസിൽ ലഭിച്ചിട്ടുള്ളത്; ആയതിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഭൂമി തരം മാറ്റലുമായി ബന്ധപ്പെട്ട് ആകെ 18927 അപേക്ഷകളാണ് വടകര ഡിവിഷണൽ ഓഫീസിൽ ലഭിച്ചിട്ടുള്ളത്. ആയതിന്റെ വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർത്തിട്ടുള്ളതാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അതിൽ എത്ര അപേക്ഷകളാണ് ഇതിനോടകം തീർപ്പാക്കിയിട്ടുള്ളതെന്നും; ഒരു അപേക്ഷ തീർപ്പാക്കുന്നതിന് ശരാശരി എത്ര ദിവസമെടുക്കുമെന്നും വ്യക്തമാക്കാമോ?

10724 അപേക്ഷകൾ ഇതിനോടകം തീർപ്പാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട വില്ലേജ് ഓഫീസ്, കൃഷി ഓഫീസ് എന്നിവിടങ്ങളിൽനിന്ന് റിപ്പോർട്ട് ലഭ്യമായി, സ്ഥലപരിശോധനയും പൂർത്തിയായ അപേക്ഷകളിൽ ശരാശരി 15 ദിവസത്തിനകം അപേക്ഷ തീർപ്പാക്കും.

(സി) ഭൂമി തരം മാറ്റലുമായി ബന്ധപ്പെട്ട ജോലികൾ കൈകാര്യം ചെയ്യുന്നതിനായി നിലവിൽ എത്ര ജീവനക്കാരാണ് വടകര റവന്യൂ ഡിവിഷണൽ ഓഫീസിലുള്ളതെന്നും; പ്രസ്തുത ജോലിയുമായി ബന്ധപ്പെട്ട ഏതെങ്കിലും തസ്തികകൾ നിലവിൽ ഒഴിഞ്ഞു കിടക്കുന്നുണ്ടോയെന്നും അറിയിക്കാമോ?

ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട ജോലികൾ കൈകാര്യം ചെയ്യുന്നതിന് വടകര റവന്യൂ ഡിവിഷണൽ ഓഫീസിൽ 10 ക്ലാർക്ക്, 2

ജൂനിയർ സൂപ്രണ്ടുമാർ എന്നിവർ നിലവിലുണ്ട്. പ്രസ്തുത ജോലിയുമായി ബന്ധപ്പെട്ട തസ്തികകൾ നിലവിൽ ഒഴിഞ്ഞുകിടക്കുന്നില്ല.

(ഡി) പ്രസ്തുത ഓഫീസിൽ ഭൂമി തരം മാറ്റൽ സംബന്ധിച്ച ഫയലുകളിൽ ദീർഘകാലമായി തീർപ്പാക്കാതെ കിടക്കുന്ന ഫയലുകളുടെ ആകെ എണ്ണം എത്രയാണ്; ഇവ തീർപ്പാക്കാത്തതിന്റെ കാരണം അറിയിക്കുമോ?

ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട്, 39 അപേക്ഷകൾ, ദീർഘകാലമായി തീർപ്പാക്കാതെ ശേഷിക്കുന്നുണ്ട്. കെ.എസ്.ആർ.ഇ.സി.-യുടെ റിപ്പോർട്ട് ലഭിക്കാത്തതും, അപേക്ഷകൻ വിദേശത്തായ കേസുകളിൽ സൗജന്യ തരം മാറ്റത്തിനായുള്ള സത്യവാങ്മൂലം സമർപ്പിക്കാൻ കഴിയാത്തതുമായ സാഹചര്യങ്ങളാണ് പ്രസ്തുത അപേക്ഷകൾ തീർപ്പാക്കാത്തതിന്റെ കാരണം.

(ഇ) ഭൂമി തരം മാറ്റൽ സംബന്ധിച്ച അപേക്ഷകളുടെ തൽസ്ഥിതി ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം പ്രവർത്തനമാരംഭിച്ചത് എന്ന് മുതലാണ്; അപേക്ഷ ആദ്യം സ്വീകരിച്ച തീയതിയും, ഏത് ഓഫീസിലാണ് അപേക്ഷ ഉള്ളതെന്നുമുള്ള വിവരങ്ങൾ

മാത്രമെ പ്രസ്തുത സംവിധാനത്തിൽ ലഭ്യമാകുന്നുള്ളുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഭൂമി തരം മാറ്റൽ സംബന്ധിച്ച ഓൺലൈൻ സംവിധാനം പ്രവർത്തനമാരംഭിച്ചത് 10-01-2022 മുതലാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. Registered User-ക്ക് login-ൽ അപേക്ഷ സംബന്ധിച്ച തൽസ്ഥിതി വിവരങ്ങൾ ലഭിക്കുന്നതാണ്.

(എഫ്) ഓൺലൈൻ സംവിധാനം ആരംഭിച്ചതിനുശേഷം ഫയലുകളുടെ വിവരങ്ങൾ ഓഫീസിൽനിന്ന് നേരിട്ടോ ടെലഫോൺ മുഖേനയോ ലഭ്യമാക്കുന്നതിൽ ജീവനക്കാർ വിമുഖത കാണിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലവിലെ ഓൺലൈൻ സംവിധാനം പൊതുജനങ്ങൾക്ക് എന്തെങ്കിലും അസൗകര്യങ്ങൾ ഉണ്ടാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

വിവരങ്ങൾ ലഭ്യമാക്കുന്നതിൽ ജീവനക്കാർ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുജനങ്ങൾക്ക് നേരിട്ടും

ഫോൺ മുഖാന്തരവും ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയും അപേക്ഷ സംബന്ധിച്ച തൽസ്ഥിതി അറിയാവുന്നതാണ്.

(ജി) പൊതുജനങ്ങൾക്ക് കൂടുതൽ ഗുണകരമാകുന്ന തരത്തിൽ സർക്കാരിന്റെ ഇ-ഓഫീസ് സോഫ്റ്റ്‌വെയർ മാതൃകയിൽ ഫയൽ സംബന്ധമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി സോഫ്റ്റ്‌വെയർ പരിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഓൺലൈൻ അപേക്ഷകൾക്ക് ആയതിന്റെ സമ്പൂർണ്ണ work flow നിലവിൽ സജ്ജമാണ്. ആവശ്യകതയനുസരിച്ച് കാലികമായ മാറ്റങ്ങൾ ഉൾപ്പെടുത്തി സോഫ്റ്റ്‌വെയർ പരിഷ്കരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**ഉപയോഗശൂന്യമായി കിടക്കുന്ന പുറമ്പോക്ക് ഭൂമി**

292(5178) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപയോഗശൂന്യമായി കിടക്കുന്ന എത്ര ഏക്കർ റവന്യൂ പുറമ്പോക്ക് ഭൂമിയുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

സർക്കാർ ഭൂമിയുടെ ഉപയുക്തത സംബന്ധിച്ച പരിശോധന നടത്തുകയോ ഏതെങ്കിലും ഭൂമി ഉപയോഗശൂന്യമെന്നു തിട്ടപ്പെടുത്തുകയോ ചെയ്തിട്ടില്ലാത്തതാണ്.

(ബി) റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഉപയോഗശൂന്യമായി കിടക്കുന്ന പുറമ്പോക്ക് ഭൂമി അന്യാധീനപ്പെട്ട് പോകാതിരിക്കാനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പുറമ്പോക്ക് ഭൂമി അന്യാധീനപ്പെട്ട് പോകാതിരിക്കാനായി അതിർത്തിതിരിച്ച് സംരക്ഷിച്ചുവരുന്നു. പ്രസ്തുത ഭൂമിയിൽ അനധികൃത കയ്യേറ്റം കണ്ടെത്തുന്നപക്ഷം ആയത് ഒഴിപ്പിക്കുന്നതിന് 1957-ലെ കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വാമനപുരം മണ്ഡലത്തിൽ എവിടെയൊക്കെയാണ് നിലവിൽ ഉപയോഗിക്കാതെ കിടക്കുന്ന റവന്യൂ പുറമ്പോക്ക് ഭൂമിയുള്ളതെന്ന് വില്ലേജ്, സ്ഥലം, വിസ്തീർണം എന്നിവ തിരിച്ച് നൽകാമോ?

വാമനപുരം മണ്ഡലത്തിൽ 11.3941 ഹെക്ടർ റവന്യൂ പുറമ്പോക്ക് ഭൂമിയാണ് നിലവിൽ ഉപയോഗിയ്ക്കാതെ കിടക്കുന്നത്. ആയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വില്ലേജ് | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 1 | വാമനപുരം | 01.0155 |
| 2 | പുല്ലമ്പാറ | 00.1440 |
| 3 | പനവൂർ | 03.7020 |
| 4 | പെരിങ്ങമല | 3.2887 |
| 5 | തെന്നൂർ | 01.7538 |
| 6 | നെല്ലനാട് | 01.4900 |

**നടുവട്ടം വില്ലേജിൽ കേന്ദ്രീയ വിദ്യാലയം ആരംഭിക്കാൻ നടപടി**

293(5179) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ നടുവട്ടം വില്ലേജിൽ കേന്ദ്രീയ വിദ്യാലയം ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാരിൽനിന്നും ആവശ്യപ്പെട്ട

റിപ്പോർട്ട് മലപ്പുറം ജില്ലാ കളക്ടറേറ്റിൽനിന്നും ലഭ്യമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്.

(ബി) പ്രസ്തുത വിഷയത്തിന്മേൽ മലപ്പുറം ജില്ലാ കളക്ടറേറ്റിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ നടുവട്ടം വില്ലേജിൽ റീ സർവ്വെ നം. 507/1-ൽപ്പെട്ടതും സി.ആർ/527/73 നമ്പർ ഉത്തരവ് പ്രകാരം മിച്ചഭൂമിയായി ഏറ്റെടുത്തതുമായ 33.47 ഏക്കർ മിച്ചഭൂമിയിൽനിന്നും കേന്ദ്രീയ വിദ്യാലയം ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം അനുവദിക്കാമെന്ന് ജില്ലാ കളക്ടർ ജനപ്രതിനിധികളെയും പൊതുവിദ്യാഭ്യാസ വകുപ്പിനെയും അറിയിച്ചിരുന്നു. എന്നാൽ പ്രസ്തുത ഭൂമിയിൽനിന്നും കെ.എസ്.ഐ.ഡി.സി.-യ്ക്ക് Waste to Energy plant (ഖരമാലിന്യ പ്ലാന്റ്) തുടങ്ങുന്നതിന് 8 ഏക്കർ ഭൂമി പാട്ടത്തിനുനൽകി 17-12-22-ലെ സ.ഉ.(കൈ.) നം.302/2022/റവ. പ്രകാരം ഉത്തരവായിട്ടുള്ളതാണ്. Waste to Energy plant-ന് 200 മീറ്റർ ചുറ്റളവിൽ റെസിഡൻഷ്യൽ പദ്ധതികൾ അനുയോജ്യമല്ലെന്ന്

കെ.എസ്.ഐ.ഡി.സി. (KSIDC) മലപ്പുറം ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഈ വിവരം ജില്ലാ കളക്ടർ ജനപ്രതിനിധികളെയും പൊതുവിദ്യാഭ്യാസ വകുപ്പിനെയും അറിയിച്ചിട്ടുണ്ട്.

ഈ മിച്ചഭൂമിയിൽനിന്നും അതിഥി തൊഴിലാളികൾക്ക് ഷെൽട്ടർ നിർമ്മിക്കുന്നതിനായി ഭൂമി മാറ്റിവയക്കണമെന്ന് തിരൂർ ഭൂരേഖ തഹസിൽദാർ ശിപാർശ നൽകിയിട്ടുള്ളതാണ്. കൂടാതെ പ്രസ്തുത ഭൂമിയിൽപ്പെട്ട 14.21 ഏക്കർ ഭൂമി പതിച്ച് നൽകരുതെന്നാവശ്യപ്പെട്ട് ശ്രീ. നാരായണൻ നമ്പൂതിരി മുതൽ പേർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത സി.ആർ.പി. (എൽ.ആർ.) 203/14 നമ്പർ കേസ് തീർപ്പാകാതെ നിലവിലുള്ളതുമാണ്.

(സി) പ്രസ്തുത വിഷയത്തിൽ അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് പൊതുവിദ്യാഭ്യാസ വകുപ്പിന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ലാൻഡ് ബോർഡ് സെക്രട്ടറി, മലപ്പുറം ജില്ലാ കളക്ടർ എന്നിവരുടെ റിപ്പോർട്ടുകൾ പരിശോധിച്ചും നിയമ ധനകാര്യ വകുപ്പുകളുമായി കൂടിയാലോചിച്ചതിനുംശേഷം അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

**കരുനാഗപ്പള്ളി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്**

294(5180) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ഇടക്കുളങ്ങര ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് ഭൂമി പതിച്ച് കിട്ടുന്നതിന് സിഡ്കോ 2011-ൽ ഫീസ് അടച്ചുവെങ്കിലും പ്രസ്തുത ഭൂമി പതിച്ച് നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) ബി.റ്റി.ആർ.-ൽ കരുനാഗപ്പള്ളി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നാണെങ്കിലും 50 വർഷങ്ങൾക്ക് മുമ്പുള്ള താലൂക്ക് രജിസ്റ്ററിൽ കുതിരപ്പന്തിപുറംപോക്ക് എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് ഭൂമി പതിച്ച് നൽകാതിരിക്കാൻ കാരണമായി കരുതുന്നുണ്ടോ; പ്രസ്തുത സ്ഥലത്തിന് പട്ടയം നൽകുന്നതിന് നിയമതടസ്സമുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

(എ & ബി) കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിൽ കല്ലോലിഭാഗം വില്ലേജിൽപ്പെട്ട ബ്ലോക്ക് 14-ൽ റീസർവ്വേ 15/3-ൽ ഉൾപ്പെട്ടതും കേരള സിഡ്കോയുടെ കൈവശത്തിലുള്ളതുമായ 3.3180 ഹെക്ടർ സ്ഥലത്തിന് പട്ടയം നൽകണമെന്നാവശ്യപ്പെട്ട് സിഡ്കോ അപേക്ഷ സമർപ്പിച്ചതിനെത്തുടർന്ന് പ്രസ്തുത സ്ഥലത്ത് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് പൊന്നുംവിലയ്ക്കെടുത്ത ഭൂമി കൂടാതെ 4.68 ഏക്കർ "കുതിരപ്പന്തി പുറമ്പോക്ക്" കൂടി ഉൾപ്പെട്ടുവരുന്നതായി കൊല്ലം ജില്ലാ കളക്ടറും ലാൻഡ് റവന്യൂ കമ്മീഷണറും റിപ്പോർട്ട് ചെയ്യുകയും ടി ഭൂമി ഉൾപ്പെടെ 3.3180 ഹെക്ടർ ഭൂമി സിഡ്കോയ്ക്ക് പതിച്ചുനൽകുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. ഈ വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**ചാലക്കുടി താലൂക്കിലെ ഭൂമി തരം മാറ്റത്തിനുള്ള അപേക്ഷകൾ**

295(5181) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്കിൽ ഭൂമി തരം മാറ്റുന്നതിന് ലഭിച്ച അപേക്ഷകളുടെ വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ചാലക്കുടി താലൂക്കിൽ ഭൂമി തരം മാറ്റുന്നതിന് ലഭിച്ച അപേക്ഷകളുടെ വില്ലേജ് തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർക്കുന്നു.

(ബി) ഇതിൽ തരം മാറ്റം അനുവദിച്ചതും നിരസിച്ചതും തീർപ്പാക്കാൻ ശേഷിക്കുന്നതുമായ അപേക്ഷകൾ എത്രയെന്ന് അറിയിക്കുമോ?

ചാലക്കുടി താലൂക്കിലെ വിവിധ വില്ലേജുകളിൽ തരം മാറ്റം അനുവദിച്ചതും നിരസിച്ചതും തീർപ്പാക്കാൻ ശേഷിക്കുന്നതുമായ അപേക്ഷകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) ഏത് തീയതി മുതലുള്ള അപേക്ഷകളാണ് തീർപ്പാക്കാനായി ശേഷിക്കുന്നതെന്നും അവ എത്ര സമയത്തിനുള്ളിൽ തീർപ്പാക്കുമെന്നും വെളിപ്പെടുത്തുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2019 ജൂലൈ മാസം മുതലുള്ള അപേക്ഷകളാണ് തീർപ്പാക്കാനായി ശേഷിക്കുന്നത്. സാധ്യമായ മുഴുവൻ തരംമാറ്റ അപേക്ഷകളും 6 മാസക്കാലയളവിനുള്ളിൽ തീർപ്പാക്കുവാനാണ് ലക്ഷ്യമിടുന്നത്.

**പാട്ടക്കുടിശ്ശിക ഈടാക്കാൻ നടപടി**

296(5182) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാട്ടവ്യവസ്ഥ ലംഘിച്ച് സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന വ്യക്തികളുടെയും സംഘടനകളുടെയും വിശദാംശം നൽകുമോ?

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ പാട്ടവ്യവസ്ഥ ലംഘിച്ച് സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന വ്യക്തികളുടെയും സംഘടനകളുടെയും വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാലക്കാട് ജില്ലയിൽ മലമ്പുഴ വില്ലേജിലെ ഉഷ ബ്രിക്കോ എന്ന സ്ഥാപനം പാട്ടക്കുടിശ്ശിക ഇനത്തിൽ 98 ലക്ഷത്തോളം രൂപ അടവ് വരുത്താനുണ്ട്.

മലപ്പുറം ജില്ലയിൽ പാട്ടവ്യവസ്ഥ ലംഘിച്ച് സർക്കാർ ഭൂമി കൈവശം വച്ചുവരുന്നവരുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1) സി.പി. ഷുക്കൂർ, ചേക്കിന്റെ പുരക്കൽ വീട്, കുട്ടായി പി.ഒ. എന്നയാൽ തിരൂർ താലൂക്കിൽ മംഗലം വില്ലേജിൽ 96 സെന്റ് ഭൂമി പാട്ടവ്യവസ്ഥകൾ ലംഘിച്ച് കൈവശം വച്ചുവരുന്നു.

2) നഫീസ, ചേക്കിന്റെ പുരക്കൽ വീട്, കുട്ടായി പി.ഒ എന്നയാൽ തിരൂർ താലൂക്കിൽ മംഗലം വില്ലേജിൽ 24 സെന്റ് ഭൂമി പാട്ടവ്യവസ്ഥകൾ ലംഘിച്ച് കൈവശം വച്ചുവരുന്നു.

3) പ്രസ്സ് ക്ലബ് മലപ്പുറം 2022-23 സാമ്പത്തിക വർഷംവരെ പാട്ടത്തുകയും കുടിശ്ശികയും പലിശയുമടക്കം 18,85,921/- രൂപ അടവാക്കേണ്ടതുണ്ട്. ടി തുക പിരിച്ചെടുക്കുന്നതിന് ആർ.ആർ. നടപടികൾ സ്വീകരിച്ചുവരുന്നു.

4) ജില്ലാ സ്പോർട്സ് കൗൺസിൽ മലപ്പുറം - 2022-23 സാമ്പത്തിക വർഷം വരെയുള്ള പാട്ടത്തുകയും പലിശയും ഉൾപ്പെടെ 83,61,748/- രൂപ അടവാക്കാനുണ്ട്.

കോഴിക്കോട് ജില്ലയിൽ പാട്ടക്കുടിശ്ശിക അടവാക്കാത്തതുമായി ബന്ധപ്പെട്ട് ഓഫീസേഴ്സ് ക്ലബ്ബ്, സ്പോർട്സ് കൗൺസിൽ സ്വിമ്മിംഗ് പൂൾ, സ്പോർട്സ് കൗൺസിൽ സ്റ്റേഡിയം എന്നീ മൂന്ന് സ്ഥാപനങ്ങൾക്കും തൊബാൻ സി. ലൊഡായ എന്ന വ്യക്തിക്കും ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുള്ളതും ടി ഡിമാൻഡ് നോട്ടീസിനെതിരെ കക്ഷികൾ ഹൈക്കോടതിയിൽനിന്നും സ്റ്റേ ഓർഡർ വാങ്ങിയിട്ടുള്ളതുമാണ്.

വയനാട് ജില്ലയിൽ പാട്ടവ്യവസ്ഥ ലംഘിച്ച് സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന സ്ഥാപനം വൈത്തിരി താലൂക്കിൽ കൽപ്പറ്റ വില്ലേജിലെ ബ്ലോക്ക് നമ്പർ 19-ൽ റീസർവ്വെ നമ്പർ 952-ൽപ്പെട്ടതും പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുള്ളതുമായ 5 സെന്റ് ഭൂമിയിൽ പ്രവർത്തിക്കുന്ന വയനാട് പ്രസ്സ് ക്ലബ്ബാണ്.

കണ്ണൂർ ജില്ലയിൽ പാട്ടവ്യവസ്ഥ ലംഘിച്ച് സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്നത് ഓഫീസേഴ്സ് ക്ലബ്ബ് എന്ന സ്ഥാപനമാണ്. നിലവിൽ ടി കേസ് കോടതിയുടെ പരിഗണനയിലാണ്.

ആലപ്പുഴ, കാസർഗോഡ് ജില്ലകളിൽ സർക്കാർ ഭൂമി പാട്ടത്തിന് നൽകിയ സ്ഥാപനങ്ങളും വ്യക്തികളും പാട്ടവ്യവസ്ഥകൾ ലംഘിച്ച കേസുകൾ നിലവിലില്ല.

കോട്ടയം, ഇടുക്കി ജില്ലകളിൽനിന്ന് വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് പാട്ടക്കുടിശ്ശിക കണക്കാക്കി നിയമാനുസൃതം ലഭിക്കേണ്ട തുക ഈടാക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് സർക്കാർ ഉത്തരവ് പ്രകാരം പാട്ടം നിശ്ചയിച്ച് നൽകുകയും അതനുസരിച്ച് പാട്ടത്തുക അടയ്ക്കേണ്ട കക്ഷികൾ ഏകപക്ഷീയമായി പാട്ടത്തുക അടക്കാതെ കുടിശ്ശികയാവുകയും ചെയ്താൽ അത്തരത്തിൽ വീഴ്ച വരുത്തുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമെതിരെ 1968-ലെ റവന്യൂ റിക്കവറി ആക്ടും അനുബന്ധ ചട്ടങ്ങളും പ്രകാരമുള്ള

നടപടികൾ സ്വീകരിച്ച് പാട്ടക്കുടിശ്ശിക ഈടാക്കുന്നതാണ്. കൂടാതെ പാട്ടം റദ്ദ് ചെയ്ത് പാട്ടവസ്തു സർക്കാർ തിരികെ ഏറ്റെടുക്കുന്നതുമാണ്. മാത്രമല്ല സർക്കാർ യഥാകാലം പുറപ്പെടുവിക്കുന്ന ഉത്തരവുകളിലൂടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരവും പാട്ടക്കുടിശ്ശിക ഈടാക്കിവരുന്നു. പാട്ടക്കുടിശ്ശിക വരുത്തിയ സ്ഥാപനമോ വ്യക്തിയോ ഭൂമി പതിവിന് അപേക്ഷ സമർപ്പിക്കുന്നപക്ഷം അപ്രകാരമുള്ള അപേക്ഷകൾ പതിവിന് പരിഗണിക്കുന്നതുമല്ല.

**ഭൂമി തരം മാറ്റത്തിനുള്ള അപേക്ഷകൾ തീർപ്പാക്കാൻ നടപടി**

297(5183) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഭൂമി തരം മാറ്റത്തിനുള്ള ഫീസ് ഇനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത കാലയളവിൽ തരം മാറ്റത്തിനുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും; എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

മുൻ സർക്കാരിന്റെ കാലം മുതൽ 2023 ജനുവരി 31 വരെ ഭൂമി തരം മാറ്റത്തിനുള്ള ഫീസ് ഇനത്തിൽ 986.23 കോടി രൂപ ലഭിച്ചിട്ടുണ്ട്.

ഭൂമി തരം മാറ്റത്തിനുള്ള 226901 ഓഫ്‌ലൈൻ അപേക്ഷകളിൽ 216679 അപേക്ഷകൾ 07-03-2023 വരെ തീർപ്പാക്കിയിട്ടുള്ളതാണ്. 10222 അപേക്ഷകൾ തീർപ്പാക്കാനായി ശേഷിക്കുന്നുണ്ട്. കൂടാതെ, 225986 ഓൺലൈൻ അപേക്ഷകളിൽ 29350 അപേക്ഷകൾ 07-03-2023 വരെ തീർപ്പാക്കിയിട്ടുള്ളതാണ്. 196636 ഓൺലൈൻ അപേക്ഷകൾ തീർപ്പാക്കാനായി ശേഷിക്കുന്നുമുണ്ട്.

**മലപ്പുറം ജില്ലയിലെ റവന്യൂ ടവർ നിർമ്മാണം**

298(5184) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കളക്ടറേറ്റിലെ ജീർണ്ണിച്ച കെട്ടിടങ്ങൾ പൊളിച്ചുമാറ്റി റവന്യൂ വകുപ്പിലെ ഓഫീസുകൾക്കുവേണ്ടി പുതിയ റവന്യൂ ടവർ നിർമ്മിക്കുന്ന നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

മലപ്പുറം ജില്ലയിലെ റവന്യൂ ടവർ നിർമ്മാണത്തിനായുള്ള പ്ലാൻ പി.ഡബ്ല്യൂ.ഡി. ആർക്കിടെക്ചറൽ വിംഗ്, തിരുവനന്തപുരം തയ്യാറാക്കി വരുകയാണ്.

(ബി) റീബിൽഡ് കേരള ഇൻഷ്യേറ്റീവിൽ ഉൾപ്പെട്ടിട്ടുള്ള പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

മലപ്പുറം റവന്യൂ ടവർ നിർമ്മിക്കുന്നതിന് 65 കോടിയുടെ എസ്റ്റിമേറ്റ് റീബിൽഡ് കേരള ഇൻഷ്യേറ്റീവ് പദ്ധതിയിൽനിന്നും ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് പരിഗണിക്കുകയുണ്ടായില്ല.

(സി) നിലവിൽ ജീർണ്ണാവസ്ഥയിലുള്ള കെട്ടിടങ്ങൾ പുതുക്കി പണിയേണ്ടത് അനിവാര്യമാകയാൽ ആയതിന് അടിയന്തരമായി അനുമതി നൽകുമോ; വിശദാംശം അറിയിക്കുമോ?

ബഡ്ജറ്റ് ലഭ്യതയ്ക്ക് വിധേയമായി മാത്രമെ പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുന്ന കാര്യം പരിശോധിക്കുവാൻ കഴിയുകയുള്ളൂ.

**പട്ടയം മിഷൻ**

299(5185) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടയം മിഷനിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന കേരളത്തിലെ റവന്യൂ വകുപ്പ് ഏറ്റവും പ്രാധാന്യത്തോടെ നടപ്പാക്കുന്ന കർമ്മപദ്ധതിയാണ് പട്ടയം മിഷൻ. മലയോര മേഖല, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, വിവിധ കോളനികളിൽ താമസിക്കുന്നവർ എന്നിവർക്ക് അടിയന്തര പ്രാധാന്യത്തിൽ പട്ടയം നൽകുകയെന്നതാണ് പട്ടയ മിഷൻ ലക്ഷ്യം വയ്ക്കുന്നത്. സംസ്ഥാന തലത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ മേൽനോട്ടത്തിൽ അസിസ്റ്റന്റ് കമ്മീഷണർ (LA)-യുടെ നേതൃത്വത്തിൽ പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലയിലും ഡെപ്യൂട്ടി കളക്ടർ (LR)-ന്റെ നേതൃത്വത്തിൽ ജില്ലാതല പട്ടയ മിഷനും എല്ലാ താലൂക്കിലും ഡെപ്യൂട്ടി തഹസിൽദാരുടെ നേതൃത്വത്തിൽ താലൂക്കുതല പട്ടയ മിഷനും രൂപീകരിച്ചിട്ടുണ്ട്. അർഹരായ

മുഴുവൻ ഭൂരഹിതർക്കും സമയബന്ധിതമായി പട്ടയ വിതരണത്തിനുള്ള തുടർ നടപടികൾ താലൂക്കുതലത്തിൽ കൈക്കൊള്ളുവാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിന്റെ പുരോഗതി ആഴ്ചതോറും ലാൻഡ് റവന്യൂ കമ്മീഷണർ വിലയിരുത്തുന്നുണ്ട്.

നിയമപ്രകാരം പട്ടയം നൽകുന്നതിന് തടസങ്ങളുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാനതലത്തിൽ ക്രോഡീകരിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടലിന്റെ (പട്ടയം ഡാഷ്ബോർഡ്) പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. ടി പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള പട്ടയ പ്രശ്നങ്ങൾ സംസ്ഥാനതലത്തിൽ പരിശോധിച്ചശേഷം പരിഹരിക്കാവുന്നവ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്ക് ലാൻഡ് റവന്യൂ കമ്മീഷണർ നൽകി നടപടി സ്വീകരിച്ചുവരുന്നുണ്ട്. അർഹരായ ഭൂരഹിതരുടെ അപേക്ഷ പട്ടയ ഡാഷ്ബോർഡിലുൾപ്പെടുത്താൻ നിയോജകമണ്ഡലം കേന്ദ്രീകരിച്ച് എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളുടെ യോഗം ചേരും. മണ്ഡലത്തിൽ തഹസിൽദാരിൽ കുറയാത്ത റവന്യൂ ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തും.

(ബി) റവന്യൂ ഓഫീസുകളെ സുതാര്യമായ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

റവന്യൂ ഓഫീസുകളിൽനിന്നും ലഭിക്കുന്ന സേവനങ്ങൾ കാര്യക്ഷമവും സമയബന്ധിതവും സുതാര്യവുമായി ലഭ്യമാക്കുന്നതിന് പരമാവധി സേവനങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലാക്കി ഇ-ഗവേർണൻസ് സംവിധാനത്തിലൂടെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സേവനങ്ങൾ ഓൺലൈനാക്കുന്നതോടെ ആപ്ലിക്കേഷനുകൾ വിവിധ തലത്തിൽ ട്രാക്ക് ചെയ്യുന്നതിനും നിലവിലെ സ്ഥിതി പരിശോധിക്കുന്നതിനും സാധിക്കുന്നതാണ്. ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, കളക്ടറേറ്റുകൾ, റവന്യൂ ഡിവിഷണൽ ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ എന്നിവിടങ്ങളിലെ പരിശോധനാ ടീമുകൾ വഴി കാര്യക്ഷമമായ പരിശോധനകളും നടത്താറുണ്ട്. വില്ലേജ് ഓഫീസുകളിൽനിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുകയെന്ന

ലക്ഷ്യത്തോടെ വകുപ്പിൽ നടപ്പിലാക്കിവരുന്ന ഓൺലൈൻ പദ്ധതികൾ അനുബന്ധമായി* ചേർക്കുന്നു.

**റവന്യൂ വകുപ്പിലെ പുതിയ പദ്ധതികൾ**

300(5186) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പിൽ എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**പാറശാല മണ്ഡലത്തിൽ കോവിഡ് ബാധിച്ച് മരണമടഞ്ഞവരുടെ ആശ്രിതർക്ക് ധനസഹായം**

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

301(5187) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് മരണമടഞ്ഞവരുടെ ആശ്രിതർക്ക് അമ്പതിനായിരം രൂപ ധനസഹായം നൽകുന്ന പദ്ധതിയിലുൾപ്പെടുത്തി സഹായം അനുവദിക്കുന്നതിന് പാറശാല മണ്ഡലത്തിൽനിന്ന് എത്ര അപേക്ഷകൾ ലഭിച്ചു; വില്ലേജ് തിരിച്ചുള്ള വിവരം അറിയിക്കുമോ?

പാറശാല മണ്ഡലത്തിൽനിന്നും 490 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. വില്ലേജ് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

കള്ളിക്കാട് - 18

കീഴാറൂർ - 33

ഒറ്റശേഖരമംഗലം - 36

അമ്പൂരി - 6

വാഴിച്ചൽ - 9

പാറശ്ശാല - 94

പരശ്ശുവയ്ക്കൽ - 43

കുന്നത്തുകാൽ - 63

ആനാവൂർ - 31

പെരുങ്കടവിള - 30

കൊല്ലയിൽ - 65

വെള്ളറട - 62

(ബി) ഇതിൽ എത്രപേർക്ക് ധനസഹായം അനുവദിച്ചുവെന്ന് വില്ലേജ് തിരിച്ചുള്ള വിശദാംശം നൽകുമോ?

470 അപേക്ഷകൾക്ക് സഹായം അനുവദിച്ചിട്ടുണ്ട്. വില്ലേജ് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

കള്ളിക്കാട് - 18

കീഴാറൂർ - 33

ഒറ്റശേഖരമംഗലം - 36

അമ്പൂരി - 6

വാഴിച്ചൽ - 9

പാറശ്ശാല - 89

പരശ്ശുവയ്ക്കൽ - 39

കുന്നത്തുകാൽ - 61

ആനാവൂർ - 29

പെരുങ്കടവിള - 28

കൊല്ലയിൽ - 61

വെള്ളറട - 61

(സി) ഇനി എത്രപേർക്ക് ധനസഹായം അനുവദിക്കാനുണ്ടെന്നും; ഇവർക്കുള്ള ധനസഹായം എന്നത്തേയ്ക്ക് ലഭ്യമാക്കാനാകും എന്നത് സംബന്ധിച്ചുള്ള വിശദാംശം വില്ലേജ് തിരിച്ച് നൽകാമോ?

കോവിഡ് ധനസഹായത്തിന് ലഭ്യമായ അപേക്ഷകളിൽ 13 എണ്ണം വിവിധ കാരണങ്ങളാൽ നിരസിച്ചിട്ടുണ്ട്. ഓൺലൈൻ സംവിധാനത്തിലൂടെയല്ലാതെ ലഭിച്ച 7 അപേക്ഷകൾ അഡീഷണൽ ജില്ലാ

മജിസ്ട്രേറ്റ് അധ്യക്ഷനായ പരാതിപരിഹാര കമ്മിറ്റിയുടെ പരിഗണനയിലാണ്.

(ഡി) പ്രസ്തുത പദ്ധതിക്ക് വേണ്ടിവരുന്ന ചെലവ് സംസ്ഥാനം തന്നെയാണോ വഹിക്കുന്നത്; ആയതിലേയ്ക്കായി കേന്ദ്രസഹായം ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ?

കോവിഡ് ബാധിച്ച് മരണമടഞ്ഞവരുടെ ആശ്രിതർക്ക് അമ്പതിനായിരം രൂപ ധനസഹായം നൽകുന്ന പദ്ധതിക്കായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നാണ് തുക വിനിയോഗിക്കുന്നത്. കേന്ദ്ര ധനസഹായം അനുവദിച്ചിട്ടില്ല.

**ഇടുക്കി ജില്ലയിൽ കോവിഡ് ബാധിച്ച് മരിച്ചവരുടെ ആശ്രിതർക്ക് ധനസഹായം**

302(5188) <u>ശ്രീ. എം. എം. മണി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് മരിച്ചവരുടെ ആശ്രിതർക്ക് ധനസഹായം അനുവദിക്കുന്നതിനായി ഇടുക്കി ജില്ലയിൽനിന്നും എത്ര അപേക്ഷകളാണ്

ലഭിച്ചിട്ടുള്ളത്; ഇതിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചു; മണ്ഡലം തിരിച്ച് വിശദാംശം നൽകാമോ?

കോവിഡ് ബാധിച്ച് മരിച്ചവരുടെ ആശ്രിതർക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിയിൽ ഇടുക്കി ജില്ലയിൽനിന്നും 1499 അപേക്ഷകൾ ലഭിച്ചു. ഇതിൽ 1453 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകളിൽ 32 എണ്ണത്തിൽ നടപടി സ്വീകരിച്ചുവരുന്നു. 14 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. കണക്കുകൾ മണ്ഡലം തിരിച്ച് ലഭ്യമല്ല. താലൂക്ക് തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

ഉടുമ്പഞ്ചോല - 289

തൊടുപുഴ - 475

ഇടുക്കി - 271

പീരുമേട് - 235

ദേവികുളം - 183

(ബി) വിദേശത്ത് ജോലിയിലിരിക്കെ കോവിഡുമൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കും ധനസഹായം അനുവദിച്ചിട്ടുണ്ടോ; ഇത്തരത്തിലുള്ള എത്ര അപേക്ഷകളാണ് പ്രസ്തുത ജില്ലയിൽനിന്നും ലഭിച്ചിട്ടുള്ളത്; എത്ര പേരുടെ ആശ്രിതർക്ക് ധനസഹായം അനുവദിച്ചു; വിശദാംശം നൽകാമോ?

വിദേശത്ത് ജോലിയിലിരിക്കെ കോവിഡുമൂലം മരണപ്പെട്ടവരുടെ ആശ്രിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും ധനസഹായം അനുവദിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. എന്നാൽ തിരികെയെത്തിയ പ്രവാസികളുടെ ആശ്രിതർക്കായി നോർക്ക-റൂട്ട്സ് മുഖേന സർക്കാർ നടപ്പിലാക്കിവരുന്ന സാന്ത്വന ധനസഹായ പദ്ധതി മുഖേന ഇടുക്കി ജില്ലയിൽനിന്നും 14 പേർ മരണാനന്തര ധനസഹായത്തിന് അപേക്ഷിച്ചിട്ടുണ്ട്. ആയതിൽ 6 അപേക്ഷകർക്ക് ധനസഹായം അനുവദിച്ചു. പ്രസ്തുത അപേക്ഷകരിൽ ഒരു അപേക്ഷകയുടെ ഭർത്താവ് വിദേശത്ത് കോവിഡ് ബാധിച്ച് മരണപ്പെടുകയുണ്ടായി. ടിയാളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായം അനുവദിക്കുകയും വിതരണം ചെയ്യുകയുമുണ്ടായി.

കോവിഡ് ബാധിച്ച് മരണപ്പെട്ട പ്രവാസികളുടെ അവിവാഹിതരായ പെൺമക്കൾക്ക് ധനസഹായം നൽകുന്ന പദ്ധതിയായ പ്രവാസി തണൽ പദ്ധതി മുഖേന 2 അപേക്ഷകർ ഇടുക്കി ജില്ലയിൽനിന്നും അപേക്ഷിക്കുകയും 2 പേർക്കും ധനസഹായം അനുവദിച്ചിട്ടുള്ളതുമാണ്.

**പാറശാല മണ്ഡലത്തിൽ റവന്യൂ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

303(5189) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിൽ റവന്യൂ വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ എന്നിവ മുഖേനയും നടപ്പിലാക്കി വരുന്ന പദ്ധതികൾ, അവയുടെ തൽസ്ഥിതി റിപ്പോർട്ട് എന്നിവയുൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ വിവിധ സ്മാർട്ട് വില്ലേജ് ഓഫീസുകളിലെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ&ബി) പാറശാല മണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതിയുൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**ഇ-ഡിസ്ട്രിക്റ്റ് പദ്ധതി**

304(5190) <u>ശ്രീ. ഒ. ആർ. കേളു:</u>
<u>ശ്രീ. പി. പി. സുമോദ്:</u>
<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u>
<u>ശ്രീ. ലിന്റോ ജോസഫ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഓഫീസുകളിൽനിന്ന് ലഭിക്കേണ്ട സേവനങ്ങളും സാക്ഷ്യപത്രങ്ങളും കാലവിളംബം കൂടാതെ ലഭ്യമാക്കുന്നതിന് ഇ-സേവനങ്ങൾ വ്യാപകമാക്കിയിട്ടുണ്ടോയെന്നും ഇ-ഡിസ്ട്രിക്റ്റ് പദ്ധതി കാര്യക്ഷമമായി പ്രവർത്തന സജ്ജമായിട്ടുണ്ടോയെന്നും അറിയിക്കാമോ?

വില്ലേജ്/താലൂക്ക് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്കാവശ്യമുള്ള വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ള പദ്ധതിയാണ് "ഇ-

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡിസ്ട്രിക്റ്റ്" പദ്ധതി. എപ്പോഴും, എവിടെനിന്ന് വേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷ നൽകുന്നതിനും അവ കൈപ്പറ്റുന്നതിനുമുള്ള ഓൺലൈൻ സംവിധാനമാണിത്. സംസ്ഥാനത്തെ വില്ലേജ്/താലൂക്ക് ഓഫീസുകളിൽനിന്നും നൽകിവരുന്ന 23 ഇനം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതി മുഖേന വില്ലേജ് ഓഫീസറുടെ/തഹസിൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈനായി നൽകിവരുന്നു. ഇ-ഡിസ്ട്രിക്റ്റ് പദ്ധതിയിലൂടെ സംസ്ഥാനത്തൊട്ടാകെ 5 കോടിയിൽപ്പരം സാക്ഷ്യപത്രങ്ങൾ നാളിതുവരെ അനുവദിച്ചിട്ടുണ്ട്.

ഇ-ഡിസ്ട്രിക്റ്റ് പദ്ധതിക്ക് പുറമേ ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ വകുപ്പിൽ നിലവിൽ നടപ്പിലാക്കിവരുന്ന ഓൺലൈൻ പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) റവന്യൂ ഓഫീസുകൾ അഴിമതി മുക്തമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റവന്യൂ ഓഫീസുകളിൽനിന്നും ലഭിക്കുന്ന സേവനങ്ങൾ കാര്യക്ഷമവും സമയബന്ധിതവും സുതാര്യവുമായി ലഭ്യമാക്കുന്നതിന് പരമാവധി സേവനങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലാക്കി ഇ-ഗവേർണൻസ് സംവിധാനത്തിലൂടെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സേവനങ്ങൾ ഓൺലൈൻ ആക്കുന്നതോടെ ആപ്ലിക്കേഷനുകൾ വിവിധ തലത്തിൽ ട്രാക്ക് ചെയ്യുന്നതിനും നിലവിലെ സ്ഥിതി പരിശോധിക്കുന്നതിനും സാധിക്കുന്നതാണ്. ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, കളക്ടറേറ്റുകൾ, റവന്യൂ ഡിവിഷണൽ ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ എന്നിവിടങ്ങളിലെ പരിശോധനാ ടീമുകൾ വഴി കാര്യക്ഷമമായ പരിശോധനകളും നടത്താറുണ്ട്. കൂടാതെ സംസ്ഥാനത്തെ റവന്യൂ ഓഫീസുകളെ 3 മേഖലകളായി തിരിച്ച് അവ പരിശോധിക്കുന്നതിനായി 3 മേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാരുടെ നേതൃത്വത്തിലുള്ള സംഘവും പ്രവർത്തിച്ചുവരുന്നു.

(സി) റവന്യൂ വകുപ്പിന്റെ പ്രവർത്തനത്തിലുള്ള പരാതി പരിഹാരത്തിന് ജില്ലാതലത്തിൽ റവന്യൂ അസംബ്ലി പ്രവർത്തിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ?

വിഷൻ & മിഷൻ 2021-26-ന്റെ ഭാഗമായി ബഹു. എം.എൽ.എ.-മാരുടെ അഭിപ്രായങ്ങൾ സ്വരൂപിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും ജില്ലാടിസ്ഥാനത്തിൽ എം.എൽ.എ.-മാരെയും ഉന്നത ഉദ്യോഗസ്ഥരെയുമുൾപ്പെടുത്തി ILDM (Institute of Land and Disaster Management)-ൽ വച്ച് ജില്ലാ റവന്യൂ അസംബ്ലി കൂടിയിട്ടുള്ളതാണ്. ആയതിൽ ലഭിച്ച അപേക്ഷകളും അഭിപ്രായങ്ങളും ജില്ലാതലത്തിൽ പരിശോധിച്ച് ജില്ലാതലത്തിൽ തീർപ്പാക്കാവുന്നത് ജില്ലയിലും, സർക്കാർ/ കമ്മീഷണർ തലത്തിൽ വരുന്നവ സർക്കാർ/കമ്മീഷണർ തലത്തിലും തീർപ്പാക്കിവരുന്നു. ജില്ലാ തലത്തിൽ നോഡൽ ഓഫീസറായി റവന്യൂ റിക്കവറി വിഭാഗം ഡെപ്യൂട്ടി കളക്ടറെ ഇതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. ജില്ലാ റവന്യൂ അസംബ്ലിയുടെ ആദ്യ യോഗം 2021 ജൂലൈ മാസം 22 മുതൽ ആഗസ്റ്റ് 12 വരെയും രണ്ടാമത്തെ യോഗം 2022 ജൂൺ, ജൂലൈ മാസങ്ങളിലും

തിരുവനന്തപുരത്ത് ഐ.എൽ.ഡി.എം.-ൽ വച്ച് ചേരുകയുണ്ടായി. ജില്ലാ റവന്യൂ അസംബ്ലിയിൽ നിയമസഭാ സാമാജികർ ഉന്നയിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച നടപ്പാക്കൽ പുരോഗതി സാമാജികർക്കുതന്നെ വീക്ഷിക്കുന്നതിനായി എം.എൽ.എ. ഡാഷ് ബോർഡ് എന്ന സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഓരോ എം.എൽ.എ.-യ്ക്കും നൽകിയിട്ടുള്ള യൂസർ നെയിം, പാസ് വേർഡ് എന്നിവയുപയോഗിച്ച് ഇത് കാണാനാകും.

**അനധികൃത കയ്യേറ്റത്തിനെതിരെ നടപടി**

305(5191) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വനം ഡിവിഷന്റെ പരിധിയിൽ താമസിക്കുന്ന 52 ആദിവാസികളുടെ കൈവശ ഭൂമി നാട്ടുകാർ തട്ടിയെടുത്തുവെന്ന് 2017 ഏപ്രിൽ മൂന്നാം തീയതി ഒരു പ്രമുഖ ദിനപത്രത്തിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ഉണ്ട്. ആയത് ഗൗരവത്തോടെ കാണുകയും അന്വേഷണം നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ഡിവിഷൻ പരുത്തിപ്പള്ളി

റെയിഞ്ച് പരിധിയിൽവരുന്ന വിവിധ ആദിവാസി സെറ്റിൽമെന്റുകളിൽ അനധികൃതമായി ഭൂമി കയ്യേറിയവരും വിലയ്ക്ക് വാങ്ങിയവരുമായ 19 വ്യക്തികളുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത അനധികൃത കയ്യേറ്റം നിലവിൽ ഒഴിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ?

പ്രസ്തുത കയ്യേറ്റങ്ങൾ നെടുമങ്ങാട് താലൂക്ക് പരിധിയിൽ പരുത്തിപ്പള്ളി റെയിഞ്ചിൽ തൊളിക്കോട്, വിതുര, ആര്യനാട് വില്ലേജുകളിലുൾപ്പെട്ട് വരുന്നതും, ആയതിൽ തൊളിക്കോട് വില്ലേജിൽ രണ്ട് കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുള്ളതും അഞ്ച് കയ്യേറ്റക്കാർക്ക് ഒഴിഞ്ഞ് പോകുന്നതിനുള്ള നോട്ടീസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നൽകിയിട്ടുള്ളതും, മറ്റുള്ളവരുടെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പോലീസ്, റവന്യൂ വകുപ്പുകൾ മുഖേന സ്വീകരിച്ചുവരുന്നതുമാണ്.

(സി) ഒ. പി. നം. 18467/2002 കേസിൽ ഹൈക്കോടതി 04-09-2015 -ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം പ്രസ്തുത അനധികൃത കയ്യേറ്റത്തിനെതിരെ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 04-09-2015-ലെ ഒ.പി.18467/2002 കേസിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രണ്ട് കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുള്ളതും അഞ്ച് കയ്യേറ്റക്കാർക്ക് ഒഴിഞ്ഞ് പോകുന്നതിനുള്ള നോട്ടീസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നൽകിയിട്ടുള്ളതും മറ്റുള്ളവരുടെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പോലീസ്, റവന്യൂ വകുപ്പുകളുടെ സഹകരണത്തോടെ സ്വീകരിച്ചുവരുന്നതുമാണ്.

**സർക്കാർ ഭൂമിയിലെ കയ്യേറ്റം തടയുന്നതിന് മോണിറ്ററിംഗ് സെൽ**

306(5192) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമിയിലെ കയ്യേറ്റം തടയുന്നതിന് ജില്ലാതലത്തിലും താലൂക്കുതലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

സർക്കാർ വക ഭൂമിയിലെ അനധികൃത കയ്യേറ്റം കണ്ടെത്തുന്നതിനും സമയബന്ധിതമായി ഒഴിപ്പിക്കുന്നതിനുമുള്ള നടപടികൾ നടന്നുവരുന്നു.

സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957-ഉം 1958-ലെ അനുബന്ധ ചട്ടത്തിലെയും 2009-ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10-09-2018 -ലെ സർക്കാർ ഉത്തരവ് (സാധാ) നം. 3778/2018/റവ പ്രകാരം ജില്ലാതലത്തിലും താലൂക്കുതലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുള്ളതും ഈ ടീം വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വയറുടെ സഹായത്തോടെ പൊതു അവധി ദിവസങ്ങളുൾപ്പെടെ സ്ഥലപരിശോധനകൾ നടത്തി കയ്യേറ്റം തടയുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും കയ്യേറ്റം കണ്ടെത്തുന്നപക്ഷം അത്തരം കയ്യേറ്റങ്ങൾ സമയബന്ധിതമായിത്തന്നെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. ടി സർക്കാർ ഉത്തരവിൻ പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാക്കുന്നതിലേക്കായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണർ, അസിസ്റ്റന്റ്

കമ്മീഷണർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവരെയുൾപ്പെടുത്തി ഈ കാര്യാലയത്തിൽ രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ് സെൽ വഴിയും തുടർനടപടികൾ സ്വീകരിച്ചുവരുന്നു. 08-11-2008-നുശേഷമുള്ള കയ്യേറ്റമാണെങ്കിൽ 2009-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) നിയമ പ്രകാരം കയ്യേറ്റ കക്ഷിക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കയ്യേറ്റ കേസുകളിന്മേലുണ്ടാകുന്ന അപ്പീൽ റിവിഷൻ ഹർജികളിൽ തീരുമാനമെടുക്കുന്നതിനുള്ള അധികാരം ഒഴികെ കേരള ഭൂസംരക്ഷണ നിയമപ്രകാരം ജില്ലാ കളക്ടർക്കുള്ള അധികാരങ്ങൾ സിദ്ധിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജലസേചനം, പൊതുമരാമത്ത്, വനം വകുപ്പ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് കയ്യേറ്റം കേരള ഭൂസംരക്ഷണ നിയമ നടപടികളിലൂടെ ഒഴിപ്പിക്കുന്നതിന് അധികാരം ലഭ്യമായിട്ടുള്ളതാണ്. ടി വകുപ്പുകളുടെ കൈവശമുള്ള ഭൂമികളിലാണ് കയ്യേറ്റം കണ്ടെത്തുന്നതെങ്കിൽ പ്രസ്തുത കയ്യേറ്റം ശ്രദ്ധയിൽപ്പെടുത്തുന്ന മുറയ്ക്ക് കയ്യേറ്റം അളന്ന് തിട്ടപ്പെടുത്തി മഹസ്സർ, സ്കെച്ച് എന്നിവ സഹിതം ടി വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് കേരള

ഭൂസംരക്ഷണ നിയമ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി റവന്യൂ വകുപ്പ് കൈമാറിവരുന്നു. കേരള ഭൂസംരക്ഷണ നിയമ പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് അധികാരം സിദ്ധിച്ചിട്ടില്ലാത്ത വകുപ്പുകളുടെ ഭൂമിയിലെ കയ്യേറ്റം റവന്യൂ വകുപ്പ് മുഖാന്തരവും ഒഴിപ്പിച്ച് ഏറ്റെടുത്ത് കൈമാറിവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ ഭൂമിയിലെ കയ്യേറ്റം കണ്ടെത്തി ഒഴിപ്പിച്ചെടുത്ത സ്ഥലങ്ങളുടെ വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒഴിപ്പിച്ചെടുത്ത ഭൂമിയെ സംബന്ധിച്ച ജില്ലാടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു.

**കുന്നത്തുനാട് മണ്ഡലത്തിലെ പട്ടയവിതരണം**

307(5193) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടയം ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകളാണ് കുന്നത്തുനാട് മണ്ഡലത്തിൽനിന്നും ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

65 അപേക്ഷകളാണ് കുന്നത്തുനാട് മണ്ഡലത്തിൽനിന്നും ലഭിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ എത്രപേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് വില്ലേജ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

പ്രസ്തുത അപേക്ഷകളിൽ 15 പേർക്ക് പട്ടയം നല്കിയിട്ടുള്ളതാണ്. വില്ലേജ് തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

പുത്തൻകുരിശ് - 6

കുന്നത്തുനാട് - 3

മാറമ്പിള്ളി - 1

വാഴക്കുളം - 2

മഴുവന്നൂർ - 3

(സി) നാളിതുവരെ പട്ടയം നൽകാത്ത അപേക്ഷകൾ എത്രയെന്നും അവ തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

നാളിതുവരെ കുന്നത്തുനാട് മണ്ഡലത്തിൽ പട്ടയം നൽകാത്ത 112 അപേക്ഷകൾ നിലവിലുള്ളതും അപേക്ഷകളിൽ നടപടി സ്വീകരിച്ച് വരുന്നതുമാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

വില്ലേജിൽനിന്നും റിപ്പോർട്ട് ലഭിക്കാനുള്ളവ - 40

താലൂക്ക് സർവ്വേയരുടെ റിപ്പോർട്ട് ലഭിക്കാനുള്ളവ - 4

തദ്ദേശസ്വയംഭരണ വകുപ്പിൽ നടപടിയിലിരിക്കുന്നവ - 32

താലൂക്കിൽ നടപടിയിലിരിക്കുന്നവ - 16

ലാൻഡ് അസൈൻമെന്റ് കമ്മിറ്റി പാസ്സാക്കുവാനുള്ളത് - 20

**കൊല്ലം വെസ്റ്റ് വില്ലേജിലെ പള്ളിത്തോട്ടം, മൂതാക്കര എന്നീ മത്സ്യഗ്രാമങ്ങളിലെ പട്ടയ വിതരണം**

308(5194) <u>ശ്രീ. എം. മുകേഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം താലൂക്കിൽ കൊല്ലം വെസ്റ്റ് വില്ലേജിലുൾപ്പെടുന്ന പള്ളിത്തോട്ടം, മൂതാക്കര എന്നീ മത്സ്യഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വാതിൽപടി പട്ടയ വിതരണ പദ്ധതിയിലുൾപ്പെടുത്തി പട്ടയം നൽകുന്നതിനായി സ്വീകരിച്ചുവരുന്ന നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ; പ്രസ്തുത മേഖലയിൽ പട്ടയം അനുവദിക്കുന്നതിന് സാങ്കേതികവും നിയമപരവുമായ തടസ്സങ്ങളില്ലാത്തവർക്ക് അടിയന്തരമായി പട്ടയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം താലൂക്കിൽ കൊല്ലം വെസ്റ്റ് വില്ലേജിൽ പള്ളിത്തോട്ടം, മൂതാക്കര തീരദേശ മേഖലയിൽ താമസിച്ചുവരുന്നവർക്ക് വാതിൽപ്പടി പട്ടയം പദ്ധതിയിലുൾപ്പെടുത്തി പട്ടയം അനുവദിയ്ക്കുന്നതിനായി ബ്ലോക്ക് 192-ൽ ഉൾപ്പെട്ട ഭൂമിയുടെ സർവ്വെ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. 85 കൈവശക്കാർക്ക് പട്ടയം അനുവദിയ്ക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. അർഹരായവർക്ക് പട്ടയം നൽകാനുള്ള നടപടി വേഗത്തിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**മലയോര മേഖലയിലുള്ളവരുടെയും പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരുടെയും കൈവശ ഭൂമിക്ക് പട്ടയം**

309(5195) ശ്രീ. എം. എം. മണി:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര മേഖലയിലുള്ളവരുടെയും പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരുടെയും കൈവശ ഭൂമിക്ക് പട്ടയം നൽകുന്നതിന് നിസ്സാരകാരണങ്ങൾ കാണിച്ചും സാങ്കേതിക തടസ്സങ്ങൾ പറഞ്ഞും ദശാബ്ദങ്ങളായി വിഘ്നം സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ മേഖലാതല യോഗങ്ങൾ ചേർന്നിട്ടുണ്ടോ; വ്യക്തമാക്കാമോ?

മലയോര മേഖലയിലുള്ളവരുടെയും പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരുടെയും കൈവശ ഭൂമിക്ക് പട്ടയം നൽകുന്നതിന് നിയമപരമായ തടസ്സങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ മലയോര-ആദിവാസി മേഖലകളിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അവരുടെ താമസസ്ഥലത്തിന് പട്ടയം

അനുവദിക്കുന്നതിനുവേണ്ടി പ്രത്യേക മാർഗരേഖകൾ തയ്യാറാക്കി പട്ടയം മിഷനിലുൾപ്പെടുത്തി പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി ഊർജിത നടപടി സ്വീകരിച്ചുവരുന്നുണ്ട്. 1960-ലെ കേരള ഭൂപതിവ് നിയമത്തിനെ അധികരിച്ച് രൂപപ്പെടുത്തിയ 1993 കേരള ഭൂമി നൽകൽ (1-1-1977-ന് മുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ, 2001-ലെ കേരള ഗവൺമെന്റ് ഭൂമി പട്ടികവർഗ്ഗങ്ങൾക്ക് പതിച്ച് നൽകൽ ചട്ടങ്ങൾ എന്നിവ പ്രകാരവും 1971-ലെ കേരള സ്വകാര്യ വനം നിക്ഷിപ്തമാക്കലും പതിച്ച് നൽകലും നിയമവും അതിന്റെ ചട്ടങ്ങളും പ്രകാരമാണ് മലയോര പട്ടികവർഗ്ഗ മേഖലയിലെ പട്ടയങ്ങൾ അധികവും നൽകേണ്ടത്. ഇതു കൂടാതെ കേന്ദ്ര നിയമമായ വനാവകാശ നിയമപ്രകാരം പട്ടികവർഗ്ഗക്കാർക്ക് വനാവകാശ രേഖയും നൽകേണ്ടതായിട്ടുണ്ട്. മലയോര പട്ടയങ്ങൾ വിതരണ യോഗ്യമാക്കുന്നത് സംബന്ധിച്ച പ്രവർത്തനം വിവിധ ഘട്ടങ്ങളായി നടന്നുവരുന്നു. ആദിവാസി മലയോര പട്ടയ പ്രശ്നങ്ങൾ പരിഹരിക്കാൻ പൊതുവായും മേഖലാതലത്തിലും യോഗങ്ങൾ ചേർന്നിട്ടുണ്ട്.

(ബി) അർഹരായ എല്ലാവർക്കും പട്ടയം സമയബന്ധിതമായി നൽകാൻ റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ ഇതിനായി പ്രത്യേകം മേൽനോട്ട സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന കേരളത്തിലെ റവന്യൂ വകുപ്പ് ഏറ്റവും പ്രാധാന്യത്തോടെ നടപ്പാക്കുന്ന കർമ്മപദ്ധതിയാണ് പട്ടയം മിഷൻ. മലയോര മേഖല, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, വിവിധ കോളനികളിൽ താമസിക്കുന്നവർ എന്നിവർക്ക് അടിയന്തര പ്രാധാന്യത്തോടെ പട്ടയം നൽകാനായി പട്ടയ മിഷൻ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ മേൽനോട്ടത്തിൽ അസിസ്റ്റന്റ് കമ്മീഷണർ (LA) നേതൃത്വത്തിൽ പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലയിലും ഡെപ്യൂട്ടി കളക്ടർ (LR)-ന്റെ നേതൃത്വത്തിൽ ജില്ലാതല പട്ടയ മിഷനും എല്ലാ താലൂക്കിലും ഡെപ്യൂട്ടി തഹസിൽദാരുടെ നേതൃത്വത്തിൽ താലൂക്കുതല പട്ടയ മിഷനും രൂപീകരിച്ചിട്ടുണ്ട്. അർഹരായ മുഴുവൻ ഭൂരഹിതർക്കും സമയബന്ധിതമായി

പട്ടയ വിതരണത്തിനുള്ള തുടർനടപടികൾ താലൂക്കുതലത്തിൽ കൈക്കൊള്ളുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിന്റെ പുരോഗതി ലാൻഡ് റവന്യൂ കമ്മീഷണർ വിലയിരുത്തുന്നുണ്ട്. നിയമപ്രകാരം പട്ടയം നൽകുന്നതിന് തടസ്സങ്ങളുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാനതലത്തിൽ ക്രോഡീകരിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടലിന്റെ (പട്ടയം ഡാഷ്ബോർഡ്) പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. ടി പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള പട്ടയ പ്രശ്നങ്ങൾ സംസ്ഥാനതലത്തിൽ പരിശോധിച്ച ശേഷം പരിഹരിക്കാവുന്നവ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്ക് ലാൻഡ് റവന്യൂ കമ്മീഷണർ നൽകിവരുന്നു. സർക്കാർ ഉത്തരവുകളുടെയോ അല്ലെങ്കിൽ ചട്ട ഭേദഗതികളിലൂടെയോ പരിഹരിക്കേണ്ടവ സർക്കാർതലത്തിൽ പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

(സി) പുറമ്പോക്ക് ഭൂമിയിൽ വീടുവച്ച് താമസിക്കുന്നവർക്ക് പട്ടയം ലഭിക്കാത്ത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

പുറമ്പോക്ക് ഭൂമിയിൽ വീടുവച്ച് താമസിക്കുന്നവർക്ക് ആയത് പതിവിന് വിധേയമായ ഭൂമി ആണെങ്കിൽ താലൂക്ക്/ മുൻസിപ്പൽ പതിവ് കമ്മിറ്റി മുഖേന പതിച്ച് നൽകുന്നുണ്ട്. എന്നാൽ പതിവിന് വിധേയമല്ലാത്ത ഭൂമിയാണെങ്കിൽ ഓരോരോ കേസും പ്രത്യേകമായി പരിശോധിച്ച് നിയമപരമായി അനുവദിക്കാൻ കഴിയുന്ന എല്ലാ പട്ടയങ്ങളും നൽകിവരുന്നു.

**ദേവികുളം താലൂക്കിൽ വിതരണം ചെയ്ത രവീന്ദ്രൻ പട്ടയം**

310(5196) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ എത്ര പേർക്ക് രവീന്ദ്രൻ പട്ടയം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ?

541 പട്ടയങ്ങൾ നൽകിയിട്ടുണ്ട്.

(ബി) ഇവയിൽ എത്ര പട്ടയങ്ങൾ റദ്ദ് ചെയ്തുവെന്നും; റദ്ദ് ചെയ്യാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്നും വിശദമാക്കാമോ?

നാളിതുവരെ 410 പട്ടയങ്ങൾ റദ്ദ് ചെയ്തിട്ടുണ്ട്. 1964-ലെ ഭൂമി പതിവ് ചട്ടത്തിലെ ചട്ടം 12A, ഉപചട്ടം (vi) പ്രകാരം പതിവ് അധികാരിയായി

തഹസിൽദാർ/സ്പെഷ്യൽ തഹസിൽദാരെയും, 1971-ലെ കണ്ണൻ ദേവൻ ഹിൽസ് (ഭൂമി വീണ്ടെടുക്കൽ) നിയമത്തിലെ സെക്ഷൻ 9, സബ് സെക്ഷൻ 2 പ്രകാരം പതിവ് അധികാരിയായി ജില്ലാ കളക്ടറെയുമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. 1964-ലെ ഭൂമി പതിവ് ചട്ടത്തിലെ ചട്ടം 23 A പ്രകാരം ഒരു തഹസിൽദാർ വിനിയോഗിക്കുകയും നിർവ്വഹിക്കുകയും ചെയ്യുന്ന അധികാരങ്ങളും പ്രവർത്തനങ്ങളും ഇതിനായി സർക്കാർ അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ഉദ്യോഗസ്ഥന് വിനിയോഗിക്കുകയും നിർവ്വഹിക്കുകയും ചെയ്യാവുന്നതാണ്. എന്നാൽ, ദേവികുളം താലൂക്കിൽ 1999-ൽ അഡീഷണൽ തഹസിൽദാരുടെ ചുമതല വഹിച്ചിരുന്ന ഡെപ്യൂട്ടി തഹസിൽദാർ ശ്രീ. എം. ഐ. രവീന്ദ്രൻ പട്ടയം നൽകുന്നതിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനല്ലാത്തതിനാൽ ടി പട്ടയങ്ങൾ നിലനിർത്തുന്നതിന് യോഗ്യമല്ലെന്ന് കണ്ടാണ് 18-01-022-ലെ സർക്കാർ ഉത്തരവ് (കൈ) നം.14/2022/റവ. പ്രകാരം പട്ടയങ്ങൾ റദ്ദ് ചെയ്യുന്നതിനും അർഹരായവർക്ക് പുതിയ പട്ടയം നൽകുന്നതിനും ഉത്തരവായത്.

(സി) റദ്ദ് ചെയ്ത പട്ടയങ്ങളിൽ അർഹരായ ആളുകൾക്ക് എത്ര കാലയളവിനുള്ളിൽ പുതുക്കിയ പട്ടയം നൽകുന്നതിനാണ് തീരുമാനിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ?

അർഹരായ അപേക്ഷകർക്ക് രണ്ട് മാസത്തിനകം പട്ടയം അനുവദിക്കുന്നതിനാണ് സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നത്. ഭൂമി പതിവ് നടപടി ക്രമങ്ങൾ പാലിച്ച് അർഹരായവർക്ക് പട്ടയം അനുവദിക്കുന്നതിന് അധിക സമയം ജില്ലാ കളക്ടർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 28-05-2022-ന് 3 മാസ അധികസമയവും 17-11-2022-ന് വീണ്ടും 3 മാസ അധികസമയവും അനുവദിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത തീരുമാന പ്രകാരം ഇതുവരെ എത്ര പേർക്ക് പുതുക്കിയ പട്ടയം അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഇ) പുതുക്കിയ പട്ടയം നൽകുന്നതിൽ കാലതാമസം നേരിടുന്നുണ്ടെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

(ഡി & ഇ) പട്ടയ നടപടികൾ പൂർത്തിയായിട്ടില്ല. പുതിയ പട്ടയം ലഭിക്കുന്നതിന് നാളിതുവരെ 236 അപേക്ഷകളാണ് ലഭിച്ചത്. ആയതിൽ 195

കേസുകളിൽ സർവ്വെ നടപടികൾ പൂർത്തിയായിട്ടുള്ളതുമാണ്. ആദ്യഘട്ടത്തിൽ സർവ്വെ കഴിഞ്ഞ കേസുകളിലുൾപ്പെട്ട വസ്തുക്കളുടെ സർവ്വെ നമ്പറുകളുൾപ്പെടുത്തിയ പതിവ് ലിസ്റ്റ്, 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം തയ്യാറാക്കി ഭൂമി പതിവ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ജില്ലാ കളക്ടർക്ക് സമർപ്പിച്ച ലിസ്റ്റിന് അംഗീകാരം നൽകി ദേവികുളം തഹസിൽദാർക്ക് കൈമാറിയിട്ടുള്ളതാണ്. ഓരോ കേസിലും പതിച്ചുകിട്ടിയ കക്ഷികൾക്കും കൈമാറ്റം ലഭിച്ചവർക്കുമുൾപ്പെടെ നോട്ടീസ് നൽകി വിചാരണ നടത്തി റദ്ദാക്കുകയും, പുതിയ അപേക്ഷകളിന്മേൽ ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ നടപടികളും പാലിച്ചുമാത്രം നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടി വരുന്നതിനാൽ നടപടികൾക്ക് ആവശ്യമായ സ്വാഭാവിക സമയം മാത്രമാണ് എടുത്തുവരുന്നത്.

**ഇടുക്കി ജില്ലയിൽ ഭൂരഹിതർക്ക് പട്ടയം**

311(5197) <u>ശ്രീ. എം. എം. മണി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ എത്ര ഭൂരഹിതർക്ക് പട്ടയം നൽകിയിട്ടുണ്ട്;

(ബി) ജില്ലയിലെ ഓരോ പഞ്ചായത്തിലും എത്ര അപേക്ഷകളിന്മേൽ പട്ടയം നൽകുന്നതിന് നടപടികൾ സ്വീകരിച്ചു; വിശദാംശം നൽകാമോ?

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ വിവിധ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം 3671 പട്ടയങ്ങൾ വിതരണം ചെയ്തു. ആയതിൽ ഭൂരഹിതരായ 269 കുടുംബങ്ങൾക്ക് പട്ടയം നൽകിയിട്ടുണ്ട്. ഭൂരഹിതർക്ക് വിതരണം ചെയ്ത പട്ടയങ്ങളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) കരിങ്കുന്നം -1

2) ഉടുമ്പന്നൂർ -1

3) മണക്കാട് -6

4) വണ്ണപ്പുറം -24

5) ഇടവെട്ടി -3

6) പുറപ്പുഴ -6

7) നെയ്യശ്ശേരി -2

8) ആലക്കോട് -4

9) കുമാരമംഗലം -4

10) വാഴത്തോപ്പ് -85

11) കഞ്ഞിക്കുഴി -121

12) കാന്തല്ലൂർ -7

13) മൂന്നാർ -5

**ഒറ്റപ്പാലം മണ്ഡലത്തിൽ കൈവശാവകാശ വസ്തുവിന്മേൽ പട്ടയം ലഭിക്കാൻ നടപടി**

312(5198) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒറ്റപ്പാലം മണ്ഡലത്തിൽനിന്ന് കൈവശാവകാശ വസ്തുവിന്മേൽ പട്ടയം ലഭിക്കാനുള്ള

എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്ര പേർക്ക് പട്ടയം ലഭിച്ചുവെന്നും വില്ലേജ് തിരിച്ച് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ 221 ദേവസ്വം പട്ടയങ്ങളുടെയും, 927 ലാൻഡ് ട്രൈബ്യൂണൽ പട്ടയങ്ങളുടെയും അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിൽ 178 ദേവസ്വം പട്ടയങ്ങളും, 853 ലാൻഡ് ട്രൈബ്യൂണൽ പട്ടയങ്ങളും അനുവദിച്ചിട്ടുള്ളതാണ്. കൂടാതെ കൈവശാവകാശത്തിന്റെ അടിസ്ഥാനത്തിൽ ഭൂപതിവ് ചട്ടപ്രകാരം 107 പട്ടയങ്ങൾകൂടി വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഇത്തരത്തിൽ ഇനിയും പട്ടയം ലഭിക്കാനുള്ള അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

ബാക്കിയുള്ള പട്ടയ അപേക്ഷകളിൽ സംസ്ഥാന സർക്കാരിന്റെ മൂന്നാം പട്ടയ മിഷനോടനുബന്ധിച്ച് 2023 ഏപ്രിൽ 30-ന് മുമ്പ് അർഹരായ എല്ലാവർക്കും പട്ടയമനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു.

## മണ്ണാർക്കാട് മണ്ഡലത്തിലെ പട്ടയ വിതരണം

313(5199) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ കേരള ഭൂമി പതിവ് ചട്ടങ്ങൾ 1964 പ്രകാരമുള്ള പട്ടയം നൽകിയിട്ടുണ്ടോ?

പട്ടയം നൽകിയിട്ടുണ്ട്.

(ബി) എങ്കിൽ എത്രപേർക്ക് പ്രസ്തുത പട്ടയം നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ 1964 കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം 106 പട്ടയങ്ങൾ നൽകിയിട്ടുള്ളതാണ്. വില്ലേജ് അടിസ്ഥാനത്തിലുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു+.

## പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം ലഭിക്കുന്നതിന് നടപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

314(5200) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവ് പുറമ്പോക്ക്, ചിറ പുറമ്പോക്ക് എന്നിവിടങ്ങളിൽ കൈവശരേഖകളോടുകൂടി താമസിച്ച് വരുന്നവർക്ക് പട്ടയം ലഭിക്കുന്നതിന് അപേക്ഷ നൽകേണ്ടത് ആർക്കാണെന്നും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

കാവ് പുറമ്പോക്ക്, ചിറ പുറമ്പോക്ക് എന്നിവ നിലവിലെ ഭൂമി പതിവ് നിയമപ്രകാരം പതിവിന് വിധേയമല്ലാത്ത സാഹചര്യത്തിലാണ് അത്തരം കേസുകളിൽ കൈവശരേഖ നൽകുന്നത്. പതിവിന് വിധേയമായ ഭൂമിയിന്മേലുള്ള പതിവ് അപേക്ഷ, പഞ്ചായത്ത് പരിധിയിൽ തഹസിൽദാർക്കും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിയിൽ ജില്ലാകളക്ടർക്കുമാണ് സമർപ്പിക്കേണ്ടത്. പട്ടയ അപേക്ഷയോടൊപ്പം കൈവശം തെളിയിക്കുന്നതിനാവശ്യമായ രേഖകൾ, റേഷൻകാർഡ്, ആധാർ എന്നിവ സമർപ്പിക്കേണ്ടതാണ്.

(ബി) ചാത്തന്നൂർ മണ്ഡലത്തിലെ വില്ലേജുകളിൽനിന്ന് പ്രസ്തുത ആവശ്യം മുൻനിർത്തി ലഭിച്ച അപേക്ഷകളിൽ തീർപ്പാക്കാതെ അവശേഷിക്കുന്ന അപേക്ഷകളുണ്ടോ; എങ്കിൽ ആയത് തീർപ്പാക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ സഹിതം അപേക്ഷകളുടെ വിശദാംശം അറിയിക്കാമോ?

ചാത്തന്നൂർ മണ്ഡലത്തിലെ വില്ലേജുകളിൽനിന്നും 28-02-2023 തീയതിവരെ ലഭിച്ചിട്ടുള്ള അപേക്ഷകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നതും കാവ്/ചിറ പുറമ്പോക്കിൽ ഉൾപ്പെട്ടതുമായ 6 കേസുകളുള്ളതാണ്. ടി കേസുകളിൽ സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമുള്ളതിനാൽ കൊല്ലം ജില്ലാ കളക്ടർ ആയതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

**വയനാട് ജില്ലയിൽ ആകെ വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം**

315(5201) **ശ്രീ. ഒ. ആർ. കേളു:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മുതൽ 2023 ജനുവരി വരെ വയനാട് ജില്ലയിൽ പട്ടയം ലഭിച്ചവരിൽ പട്ടികവർഗ്ഗക്കാരായ എത്ര കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ?

2016 ജൂൺ മാസം മുതൽ 2023 ജനുവരി മാസം വരെ വയനാട് ജില്ലയിൽ 3851 പട്ടയം/ക്രയസർട്ടിഫിക്കറ്റുകളും 604 കുടുംബങ്ങൾക്ക് നിക്ഷിപ്ത വനഭൂമിക്കുള്ള കൈവശാവകാശവും 230 കുടുംബങ്ങൾക്ക് 2006-ലെ വനാവകാശനിയമ പ്രകാരമുള്ള കൈവശാവകാശവും വിതരണം ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞവയിൽ 391 പട്ടയങ്ങളും വനാവകാശ നിയമ പ്രകാരമുള്ള 230 കൈവശാവകാശവും നിക്ഷിപ്ത വനഭൂമിക്കുള്ള 604 കൈവശാവകാശവും പട്ടികവർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങൾക്കാണ് വിതരണം ചെയ്തിട്ടുള്ളത്. ലാൻഡ് ട്രിബ്യൂണലുകളിൽനിന്നും വിതരണം ചെയ്തിരിക്കുന്ന ക്രയസർട്ടിഫിക്കറ്റ് ലഭിച്ചവരുടെ ജാതി തിരിച്ചുള്ള കണക്ക് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്.

(ബി) പ്രസ്തുത ജില്ലയിൽ പട്ടയ വിതരണത്തിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയവ എത്ര എണ്ണം നിലവിലുണ്ടെന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ?

07-03-2023-ാംതീയതിയിൽ സംസ്ഥാനതല പട്ടയമേളയുടെ ഉദ്ഘാടനവും പട്ടയവിതരണവും വയനാട് ജില്ലയിൽവച്ച് നടന്നതിനാൽ വിതരണത്തിന് തയ്യാറാക്കിയതും നടപടിക്രമങ്ങൾ പൂർത്തിയായതുമായ 1203 പട്ടയങ്ങൾ/ കൈവശ രേഖകൾ പ്രസ്തുത പട്ടയ മേളയിൽ വിതരണം ചെയ്തിട്ടുള്ളതാണ്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രം. നം | താലൂക്ക് | പട്ടയത്തിന്റെ വിഭാഗം | ആകെ വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം | പട്ടയം ലഭിച്ച എസ്.റ്റി കുടുംബങ്ങളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|---|
| 1 | വൈത്തിരി | എൽ.എ. പട്ടയം | 32 | - | 1995 ലെ ഭൂമി പതിവ് ചട്ട പ്രകാരം |
| 2 | സുൽത്താൻ ബത്തേരി | എൽ.എ. പട്ടയം | 160 | 160 | 2001 ലെ ഭൂമി പതിവ് ചട്ട പ്രകാരം |
| | | എൽ.എ. പട്ടയം | 35 | 2 | 1964 ലെ |

| | | | | | |
|---|---|---|---|---|---|
| | | | | | ഭൂമിപതിവ് ചട്ട പ്രകാരം |
| | | എൽ.എ. പട്ടയം | 58 | 51 | 1995 ലെ ഭൂമി പതിവ് ചട്ട പ്രകാരം |
| | | മുത്തങ്ങ ഭൂ സമരത്തിൽ പങ്കെടുത്തവർക്കു ള്ള കൈവശ രേഖ | 37 | 37 | - |
| 3 | മാനന്തവാടി | എൽ.എ. പട്ടയം | 20 | 2 | 1964 ലെ ഭൂമി പതിവ് ചട്ട പ്രകാരം |
| | | മിച്ച ഭൂമി പട്ടയം | 508 | 20 | - |
| ആകെ | | | 850 | 272 | |

ലാൻഡ് ട്രിബ്യൂണലുകളായ മാനന്തവാടി, കല്പറ്റ എന്നിവിടങ്ങളിൽ നിന്നും യഥാക്രമം 300-ഉം 53-ഉം ക്രയസർട്ടിഫിക്കറ്റുകൾ അനുവദിച്ചിട്ടുണ്ട്.

**ഷൊർണ്ണൂർ മണ്ഡലത്തിൽ പട്ടയം അനുവദിക്കുന്നതിന് നടപടി**

316(5202) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ 221 ദേവസ്വം പട്ടയങ്ങളുടെയും 927 ലാൻഡ് ട്രൈബ്യൂണൽ പട്ടയങ്ങളുടെയും ലക്ഷം വീട്/4 സെന്റ് പട്ടയം അനുവദിക്കുന്നതിനായി 7 അപേക്ഷകളും കൂടി ആകെ 1,155 അപേക്ഷകൾ നിലവിൽ ലഭ്യമായിട്ടുള്ളതാണ്.

(ബി) പ്രസ്തുത അപേക്ഷകളിൽ 2022-23 കാലയളവിൽ എത്രയെണ്ണത്തിന്മേൽ നടപടി സ്വീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ; ആയതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കാമോ?

മേൽ പട്ടയ അപേക്ഷകളിൽ സംസ്ഥന സർക്കാരിന്റെ പട്ടയമിഷൻ 2023-നോടനുബന്ധിച്ച് ഏപ്രിൽ 30-ന് മുൻപ് അർഹരായ എല്ലാവർക്കും ത്വരിതഗതിയിൽ പട്ടയം അനുവദിച്ച് നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആയവ വിതരണത്തിനായി അന്തിമ ഘട്ടത്തിലാണെന്നും അറിയിച്ചുകൊള്ളുന്നു.

**പട്ടയമിഷന്റെ പ്രവർത്തനങ്ങൾ**

317(5203) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ആരംഭിക്കുന്ന പട്ടയമിഷന്റെ ഘടന, പ്രവർത്തനങ്ങൾ എന്നിവ വിശദമാക്കാമോ?

എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന കേരളത്തിലെ റവന്യൂ വകുപ്പ് ഏറ്റവും പ്രാധാന്യത്തോടെ നടപ്പാക്കുന്ന കർമ്മ പദ്ധതിയാണ് പട്ടയം മിഷൻ. മലയോര മേഖല, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, വിവിധ കോളനികളിൽ താമസിക്കുന്നവർ എന്നിവർക്ക് അടിയന്തര പ്രാധാന്യത്തോടെ പട്ടയം നൽകാനായി പട്ടയ മിഷൻ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ മേൽനോട്ടത്തിൽ അസിസ്റ്റന്റ് കമ്മീഷണറുടെ (LA) നേതൃത്വത്തിൽ പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലയിലും ഡെപ്യൂട്ടി കളക്ടർ (LR)-ന്റെ നേതൃത്വത്തിൽ ജില്ലാതല പട്ടയ മിഷനും എല്ലാ താലൂക്കിലും ഡെപ്യൂട്ടി തഹസിൽദാരുടെ നേതൃത്വത്തിൽ താലൂക്കുതല പട്ടയ മിഷനും

രൂപീകരിച്ചിട്ടുണ്ട്. അർഹരായ മുഴുവൻ ഭൂരഹിതർക്കും സമയബന്ധിതമായി പട്ടയ വിതരണത്തിനുള്ള തുടർനടപടികൾ താലൂക്കുതലത്തിൽ കൈക്കൊള്ളുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിന്റെ പുരോഗതി ആഴ്ച തോറും ലാൻഡ് റവന്യൂ കമ്മീഷണർ വിലയിരുത്തുന്നുണ്ട്. നിയമപ്രകാരം പട്ടയം നൽകുന്നതിന് തടസങ്ങളുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാനതലത്തിൽ ക്രോഡീകരിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടലിന്റെ (പട്ടയം ഡാഷ്ബോർഡ്) പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. ടി പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള പട്ടയ പ്രശ്നങ്ങൾ സംസ്ഥാനതലത്തിൽ പരിശോധിച്ചശേഷം പരിഹരിക്കാവുന്നവ പരിഹരിക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്ക് ലാൻഡ് റവന്യൂ കമ്മീഷണർ നൽകുകയും സർക്കാർ ഉത്തരവുകളിലൂടെയോ അല്ലെങ്കിൽ ചട്ട ഭേദഗതികളിലൂടെയോ പരിഹരിക്കേണ്ടവയിൽ അപ്രകാരം നടപടി സ്വീകരിച്ചുവരുന്നുണ്ട്. അർഹരായ ഭൂരഹിതരെ കണ്ടെത്തി പട്ടയ ഡാഷ് ബോർഡിൽ ഉൾപ്പെടുത്താൻ നിയോജകമണ്ഡലത്തിൽ എം.എൽ.എ. അദ്ധ്യക്ഷനായി ജനപ്രതിനിധികളുടെ യോഗം ചേരും. മണ്ഡലത്തിൽ

പട്ടയമിഷന്റെ നോഡൽ ഓഫീസറായി തഹസിൽദാരിൽ കുറയാത്ത റവന്യൂ ഉദ്യോഗസ്ഥനെ ഇതിന്റെ ചുമതലക്കാരനായി തീരുമാനിക്കും.

(ബി) 1971-നുമുമ്പ് കൈവശംവച്ച് താമസിച്ചുകൊണ്ടിരിക്കുന്ന വനാതിർത്തി പ്രദേശങ്ങൾ, കുളം പുറമ്പോക്ക്, കാവ് പുറമ്പോക്ക്, റോഡ് പുറമ്പോക്ക് എന്നിവിടങ്ങളിലെ അർഹരായ അപേക്ഷകർക്ക് പട്ടയമിഷൻ മുഖാന്തരം പട്ടയം നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മലയോര, ആദിവാസി മേഖലകളിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അവരുടെ താമസസ്ഥലത്തിന് പട്ടയം അനുവദിക്കുന്നതിനുവേണ്ടി പ്രത്യേക മാർഗ്ഗരേഖകൾ പട്ടയ മിഷനിലുൾപ്പെടുത്തി തയ്യാറാക്കിയിട്ടുണ്ട്. 1960-ലെ കേരള ഭൂപതിവ് നിയമത്തിനെ അധികരിച്ച് രൂപപ്പെടുത്തിയ 1993 കേരള ഭൂമി നൽകൽ (01-01-1977-നുമുമ്പ് വന ഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ, 2001-ലെ കേരള ഗവൺമെന്റ് ഭൂമി പട്ടികവർഗ്ഗക്കാർക്ക് പതിച്ചു നൽകൽ ചട്ടങ്ങൾ എന്നിവ പ്രകാരവും 1971-ലെ കേരള സ്വകാര്യ വനം നിക്ഷിപ്തമാക്കലും പതിച്ച് നൽകലും നിയമവും അതിന്റെ ചട്ടങ്ങളും പ്രകാരമാണ് മലയോര പട്ടികവർഗ്ഗ

മേഖലയിലെ പട്ടയങ്ങൾ അധികവും നൽകേണ്ടത്. ഇതുകൂടാതെ കേന്ദ്ര നിയമമായ വനാവകാശ നിയമപ്രകാരം പട്ടിക വർഗ്ഗക്കാർക്ക് വനാവകാശ രേഖയും നൽകുന്നുണ്ട്. മലയോര പട്ടയങ്ങൾ വിതരണ യോഗ്യമാക്കുന്നത് സംബന്ധിച്ച പ്രവർത്തനം ചുവടെ ചേർക്കുന്ന ഘട്ടങ്ങളായി തിരിച്ചുകൊണ്ടാണ് ജില്ലകളിൽനിന്നും വിവരങ്ങൾ ശേഖരിച്ചിട്ടുള്ളത്.

1. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടും വിതരണം പൂർത്തിയാകാത്ത ഭൂമി വിതരണം ചെയ്യുക.

2. ജെ.വി.ആർ. കഴിഞ്ഞ ഭൂമി പരിവേഷ് പോർട്ടലിലാക്കി കേന്ദ്രത്തിന് സമർപ്പിക്കുക.

3. ഇതുവരെ നൽകിയിട്ടുള്ള അപേക്ഷകളിൽ ജെ.വി.ആർ. നടത്താനുള്ള വിവരം ശേഖരിക്കുക.

4. പുതിയതായി അപേക്ഷ നൽകാൻ അവസരം വനം വകുപ്പിന്റെ അനുവാദത്തോടെ ലഭ്യമാക്കുക.

കുളം പുറമ്പോക്ക്, കാവ് പുറമ്പോക്ക്, റോഡ് പുറമ്പോക്ക് എന്നിവിടങ്ങളിലെ അർഹരായ അപേക്ഷകർക്ക് പട്ടയം അനുവദിക്കുന്നതിന്

സർക്കാരിന്റെ വിവേചനാധികാരം ഉപയോഗിച്ചും സർക്കാർ ഉത്തരവുകളിലൂടെയോ അല്ലെങ്കിൽ ചട്ട ഭേദഗതികളിലൂടെയോ പരിഹകിക്കേണ്ടവ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയും നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(സി) സംസ്ഥാനത്തെ അർഹരായ മുഴുവൻ കുടുംബങ്ങൾക്കും പട്ടയം നൽകാൻ ആവശ്യമെങ്കിൽ നിയമഭേദഗതി ഉൾപ്പെടെ നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയുമോ; വിശദമാക്കാമോ?

നിയമപ്രകാരം പട്ടയം നൽകുന്നതിന് തടസങ്ങളുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാനതലത്തിൽ ഓൺലൈൻ പോർട്ടലിന്റെ (പട്ടയം ഡാഷ് ബോർഡ്) സഹായത്തോടെ ക്രോഡീകരിച്ചുവരുന്നുണ്ട്. ടി പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള പട്ടയ പ്രശ്നങ്ങളിൽ സർക്കാർ ഉത്തരവുകളിലൂടെയോ അല്ലെങ്കിൽ ചട്ട ഭേദഗതികളിലൂടെയോ പരിഹരിക്കേണ്ടവയിൽ അപ്രകാരം നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വഴി തുക അനുവദിക്കാനുള്ള അധികാരം**

318(5204) <u>ശ്രീ. ഷാഫി പറമ്പിൽ:</u> താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിവഴി തുക അനുവദിക്കാനുള്ള അധികാരങ്ങൾ ആർക്കൊക്കെയാണെന്ന് വിശദമാക്കാമോ; ഇതുസംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിവഴി തുക അനുവദിക്കാനുള്ള അധികാരങ്ങൾ മുഖ്യമന്ത്രി, റവന്യൂ & ഭവന നിർമ്മാണ വകുപ്പുമന്ത്രി, റവന്യൂ സ്പെഷ്യൽ സെക്രട്ടറി, ജില്ലാ കളക്ടർ എന്നിവരിൽ നിക്ഷിപ്തമാണ്. ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകൾ 3-09-2016-ലെ സ.ഉ. (കൈ)നം.492/2016/റവ, 5-02-2018-ലെ സ.ഉ.(കൈ)നം.44/2018/റവ എന്നിവയുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു+.

മൂന്ന് ലക്ഷംരൂപയിൽ കൂടുതലുള്ള ധനസഹായം മന്ത്രിസഭായോഗത്തിന്റെ അനുമതിയോടെയാണ് നൽകുന്നത്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട് റവന്യൂവകുപ്പ് ഉദ്യോഗസ്ഥർ നിർവഹിക്കുന്ന ചുമതലകൾ**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

319(5205) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:

താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ നിർവഹിക്കുന്ന ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) അപേക്ഷകളുടെ ആധികാരികത പരിശോധിച്ച് ബോധ്യപ്പെടുന്നത് റവന്യൂ വകുപ്പ് ഉദ്യോഗസ്ഥനാണോ; ആണെങ്കിൽ ഏത് ഉദ്യോഗസ്ഥനിലാണ് ഈ ചുമതല നിക്ഷിപ്തമായിരിക്കുന്നത് ?

(എ&ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിക്കുന്നതിനായി ലഭിക്കുന്ന അപേക്ഷകളിൽ വില്ലേജ് ഓഫീസർ അന്വേഷണം നടത്തി തഹസിൽദാർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അർഹമായ അപേക്ഷകളിൽ തഹസിൽദാർ ധനസഹായം അനുവദിക്കുന്നതിനുള്ള ശിപാർശ സഹിതം അപേക്ഷകൾ ജില്ലാകളക്ടർക്ക് സമർപ്പിക്കുകയും

വില്ലേജ് ഓഫീസറുടെയും തഹസിൽദാരുടെയും റിപ്പോർട്ടുകളും അപേക്ഷയോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്ന രേഖകളും മറ്റും പരിശോധിച്ച് 10,000/- രൂപ വരെയുള്ള ധനസഹായം ജില്ലാ കളക്ടർ അനുവദിക്കുകയും ചെയ്തുവരുന്നു. ചെലവേറിയ മാരക രോഗങ്ങൾ, അപകട മരണം, തീപ്പിടുത്തം, പ്രളയം, പ്രകൃതി ദുരന്തങ്ങൾ, കടൽക്ഷോഭം എന്നിവ മൂലമുള്ള നാശനഷ്ടങ്ങൾ എന്നിവയിൽ അർഹമായ ധനസഹായം അനുവദിക്കുന്നതിന് ജില്ലാ കളക്ടർ സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിക്കുകയും ചെയ്യുന്നു. 10000 രൂപ വരെ ധനസഹായം അനുവദിക്കുന്ന കേസുകളിൽ വില്ലേജ് ഓഫീസർ മുതൽ ജില്ലാ കളക്ടർ വരെയും അതിന് മുകളിലുള്ള കേസുകളിൽ സ്പെഷ്യൽ സെക്രട്ടറി വരെയുമുള്ള ഉദ്യോഗസ്ഥർ അപേക്ഷകളുടെ ആധികാരികത പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്.

(സി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ അനർഹരായ അപേക്ഷകർ ആനുകൂല്യം കൈപ്പറ്റുന്നതിൽ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ വീഴ്ച ഉണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരം

ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

സി.എം.ഡി.ആർ.എഫ്. ഫണ്ട് അനർഹർ നേടിയെടുക്കുന്നതായി ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ ശിപാർശപ്രകാരം വിജിലൻസിന്റെ ഇന്റലിജൻസ് വിഭാഗം 22-02-23-ന് "Operation CMDRF" എന്ന പേരിൽ 14 ജില്ലകളിലെയും കളക്ടറേറ്റുകളിലെ സി.എം.ഡി.ആർ.എഫ്. കൈകാര്യം ചെയ്യുന്ന സെക്ഷനുകളിൽ മിന്നൽ പരിശോധനകൾ നടത്തിയിരുന്നു. പ്രസ്തുത പരിശോധനകളുടെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

ഇതുസംബന്ധിച്ച മറ്റ് ക്രമക്കേടുകൾ നടത്തിയവർക്കെതിരെയുള്ള നടപടിക്രമങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

**റിവർ മാനേജ്മെന്റ് ഫണ്ട്**

320(5206) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ മലപ്പുറം ജില്ലയിൽനിന്നും റിവർ മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ സർക്കാരിലേയ്ക്ക് ലഭിച്ച തുകയുടെയും പ്രസ്തുത ഫണ്ടിൽനിന്നും മലപ്പുറം ജില്ലയിലെ പുഴസംരക്ഷണ പ്രവൃത്തികൾക്ക് വിനിയോഗിച്ച തുകകളുടെയും വിശദവിവരങ്ങൾ വർഷം, പ്രദേശങ്ങൾ, പുഴകൾ എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ മലപ്പുറം ജില്ലയിൽ നിന്നും റിവർ മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ സർക്കാരിലേയ്ക്ക് 60050080/- (ആറ് കോടി അമ്പതിനായിരത്തി എൺപത് രൂപ മാത്രം)രൂപ ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ടിൽനിന്നും മലപ്പുറം ജില്ലയിലെ പുഴസംരക്ഷണ പ്രവൃത്തികൾക്ക് വിനിയോഗിച്ച തുകകളുടെയും വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത പ്രവൃത്തികളുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത പ്രവൃത്തികളുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു+.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ റിവർ മാനേജ്മെന്റ് ഫണ്ടിനത്തിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിൽനിന്നും സർക്കാരിലേയ്ക്ക് ലഭിച്ച തുകകളുടെയും പ്രസ്തുത ഫണ്ടിൽനിന്നും പുഴ സംരക്ഷണ പ്രവൃത്തികൾക്ക് അനുവദിച്ച തുകകളുടെയും വിശദവിവരങ്ങൾ ജില്ല തിരിച്ച് വിശദമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ റിവർ മാനേജ്മെന്റ് ഫണ്ടിനത്തിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിൽനിന്നും സർക്കാരിലേയ്ക്ക് ലഭിച്ച തുകകളുടെയും പ്രസ്തുത ഫണ്ടിൽനിന്നും പുഴ സംരക്ഷണ പ്രവൃത്തികൾക്ക് അനുവദിച്ച തുകകളുടെയും വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ഡി) മലപ്പുറം ജില്ലയിൽനിന്നും റിവർ മാനേജ്മെന്റ് ഫണ്ടിലേയ്ക്ക് ലഭിക്കുന്ന തുകകൾ ജില്ലയിലെ പുഴകളുടെ സംരക്ഷണ പ്രവൃത്തികൾക്ക്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉപയോഗിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പരാതിക്ക് പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

അപ്രകാരമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കോട്ടയം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട് പ്രവൃത്തികൾ**

321(5207) **ശ്രീ. ജോബ് മൈക്കിൾ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തുന്നതിനായി പുതിയ പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് പ്രവൃത്തികളൊന്നുംതന്നെ നടപ്പിലാക്കിയിട്ടില്ല. കൂടാതെ പ്രസ്തുത ജില്ലയുടെ റിവർ മാനേജ്മെന്റ് ഫണ്ടിലുൾപ്പെടുത്തുന്നതിനായി പുതിയ പ്രൊപ്പോസലുകൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

**ബണ്ട് നിർമ്മാണത്തിനായി റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിന് നടപടി**

322(5208) **ശ്രീ. കെ. കെ. രാമചന്ദ്രൻ:** താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

**പുതുക്കാട് മണ്ഡലത്തിൽപ്പെട്ട പറപ്പൂക്കര പഞ്ചായത്തിലെ പള്ളം ഭാഗത്ത് ബണ്ട് നിർമ്മിക്കുന്നതിനായി റിവർ മാനേജ്മെന്റ് ഫണ്ടിൽ (ആർ.എം.എഫ്.) നിന്നും തുക അനുവദിക്കുന്നതിനും അനുമതി ലഭിക്കുന്നതിനുമായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന് അടിയന്തരമായി അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?**

തൃശ്ശൂർ ജില്ലയിലെ പുതുക്കാട് മണ്ഡലത്തിൽപ്പെട്ട പറപ്പൂക്കര പഞ്ചായത്തിലെ പള്ളം ഭാഗത്ത് ബണ്ട് വിവിധ ഭാഗങ്ങളിൽ ഇടിഞ്ഞുപോയിട്ടുള്ളത് അടിയന്തരമായി കെട്ടി സംരക്ഷിക്കേണ്ട പ്രവൃത്തിക്ക്, റിവർ മാനേജ്മെന്റ് ഫണ്ടിൽ (ആർ.എം.എഫ്.) നിന്നും 23-07-2022-ലെ G.O(Rt) No.3136/2022/RD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 19,30,000/- (പത്തൊൻപത് ലക്ഷത്തി മുപ്പതിനായിരം രൂപമാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**ചവിട്ടുവേലിക്കടവ് റഗുലേറ്റർ-കം-ബ്രിഡ്ജ്**

323(5209) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ആരംഭിച്ച മീനച്ചിലാറ്റിലെ ചവിട്ടുവേലിക്കടവ് (നാല്പാമരം-സൂര്യകാലടിമന-നട്ടാശ്ശേരി) റഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയുടെ (04-03-201-ലെ ജി.ഒ.(ആർ.ടി.) നം.1150/15/ആർ.ഡി.) നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) കോട്ടയം ജില്ലയിലെ ആറുമാന്നൂർ, ചവിട്ടുവേലിക്കടവ് എന്നിവിടങ്ങളിൽ പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള അലൈൻമെന്റ് സർവ്വെ, സോയിൽ ഇൻവെസ്റ്റിഗേഷൻ എന്നിവ നടത്തുന്നതിനായി 04-03-2015-ലെ G.O(Rt) No.1150/15/RD നമ്പർ സർക്കാർ ഉത്തരവുപ്രകാരം ഇന്റഗ്രൽ സൊല്യൂഷൻസ് കൊച്ചി എന്ന സ്ഥാപനത്തിന് സർക്കാർ അനുമതി നൽകിയിരുന്നതും ആയതിന്റെ ചെലവിനത്തിൽ ടി സ്ഥാപനത്തിന് 3,56,717/- രൂപ (മൂന്ന് ലക്ഷത്തി അൻപത്താറായിരത്തി എഴുന്നൂറ്റി പതിനേഴ് രൂപമാത്രം) 25-11-2015-ൽ കൈമാറിയിരുന്നതുമാണ്.

19-11-2015-ലെ സർക്കാർ ഉത്തരവ് സ.ഉ (ആർ.റ്റി) നം. 6032/15/ആർ.ഡി. നമ്പർ പ്രകാരം റിവർ മാനേജ്മെന്റ് ഫണ്ടിലുൾപ്പെടുത്തി കേരളത്തിലെ വിവിധ ജില്ലകളിലെ 9 പാലങ്ങൾ നിർമ്മിക്കുന്നതിന് 32 കോടിരൂപയ്ക്ക് ഭരണാനുമതി നൽകുകയുണ്ടായി. ടി പദ്ധതി നടത്തിപ്പിലേയ്ക്ക്

പത്തനംതിട്ട ജില്ലാ നിർമ്മിതി കേന്ദ്രത്തെ നോഡൽ ഏജൻസിയായി നിശ്ചയിച്ചിരുന്നു.

ടി പാലങ്ങളുടെ നിർമ്മാണത്തിനായുള്ള കരാർ ഏറ്റെടുത്തിരുന്നത് M/s. SERMS Infrastructure Pvt. Ltd., തിരുവനന്തപുരമായിരുന്നു. കൂടാതെ ടി പദ്ധതിയുടെ ടെക്നിക്കൽ സപ്പോർട്ടിനുവേണ്ടി Integral Solutions, Kochi-യെ നിയമിക്കുകയും ചെയ്തു. 9 പാലങ്ങളിൽ പത്തനംതിട്ട ജില്ലയിലെ തൃപ്പാറ, മാത്തൂർ, ചിറ്റൂർക്കടവ്, കോട്ടയം ജില്ലയിലെ ആറുമാനൂർ, ചവിട്ടുവേലിക്കടവ് എന്നീ 5 പാലങ്ങളുടെ നിർമ്മാണമാണ് ആരംഭിച്ചിരുന്നത്. പ്രസ്തുത പാലങ്ങളുടെ പിയർക്യാപ് വരെയുള്ള നിർമ്മാണം ഏകദേശം 40% പൂർത്തീകരിച്ചിരുന്നതുമാണ്.

Rate Revision, പ്രവൃത്തിയുടെ പരിധി കുറച്ചതുമൂലം ഡെക്ക് സ്ലാബിന്റെ ഡിസൈൻ ചേഞ്ച്, പുതിയ പെർഫോമൻസ് ഗ്യാരന്റി നൽകുന്നതിനുള്ള അനുവാദം എന്നിവയിൽ തീരുമാനമെടുക്കണമെന്നും എഗ്രിമെന്റിൽ പറയും പ്രകാരം മൊബിലൈസേഷൻ അഡ്വാൻസ്, പാർട്ട് ബിൽ എന്നിവ ലഭിച്ചില്ലെന്നും ആരോപണം ഉന്നയിച്ചുകൊണ്ട് കമ്പനി ടി പാലങ്ങളുടെ

നിർമ്മാണം നിർത്തിവയ്ക്കുന്നതിനായി ടെർമിനേഷൻ നോട്ടീസ് നല്കിയിട്ടുള്ളതും പ്രസ്തുത പാലങ്ങളുടെ നിർമ്മാണ പ്രവൃത്തി നിർത്തിവച്ചിട്ടുള്ളതും 1/2019 നമ്പരായി ആർബിട്രേഷൻ കേസ് ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ളതുമാണ്. ടി ആർബിട്രേഷൻ കേസിൽ 17-10-2020 തീയതിയിൽ അവാർഡ് ആയിട്ടുള്ളതും ടി അവാർഡിനെതിരെ ബഹു. പത്തനംതിട്ട ജില്ലാ കോടതിയിൽ അപ്പീൽ (OP(Arb) 38/ 2021 ) ഫയൽ ചെയ്തിട്ടുള്ളതാകുന്നു.

22-10-2020-ൽ റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതി യോഗത്തിൽ ടി 5 പാലങ്ങളുടെ നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടി എന്ന നിലയ്ക്ക് ഡിസൈൻ സ്ലാബിന്റെ ചേഞ്ച് സംബന്ധിച്ച് സാങ്കേതികമായ പഠനം നടത്തി, റിപ്പോർട്ട് സമർപ്പിക്കുന്നതിന് തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗ്-നെ ചുമതലപ്പെടുത്തിയിരുന്നു. ടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. കൂടാതെ 16-11-2022-ലെ സംസ്ഥാന ഉന്നതതല സമിതി യോഗത്തിൽ ടി 9 പാലങ്ങളുടെ നിർമ്മാണം പുനരാരംഭിക്കുന്ന വിഷയത്തിൽ ചർച്ച ചെയ്ത്

നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ, ഇറിഗേഷൻ വകുപ്പ് എഞ്ചിനീയർ, PWD റോഡ്സ് & ബ്രിഡ്ജസ് എഞ്ചിനീയർ എന്നിവരെക്കൂടി ഉൾപ്പെടുത്തി ഒരു യോഗം ചേരുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 15-02-2023-ൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് യോഗം ചേർന്നിട്ടുള്ളതാണ്.

ടി യോഗത്തിന്റെ അടിസ്ഥാനത്തിൽ ടി 9 പാലങ്ങളിൽ നിർമ്മാണം ആരംഭിച്ച 5 പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ പത്തനംതിട്ട, കോട്ടയം ജില്ലാ കളക്ടർമാർ, പൊതുമരാമത്ത് വകുപ്പിലെ ചീഫ് എഞ്ചിനീയർ എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് ടി പാലങ്ങളുടെ നിർമ്മാണ ചുമതലയുണ്ടായിരുന്ന M/s.Serms Infrastructure Pvt. Ltd., ടെക്നിക്കൽ സപ്പോർട്ട് ഏജൻസിയായ ഇന്റഗ്രൽ സൊല്യൂഷൻസ്, കൊച്ചി എന്നിവരുമായി പ്രത്യേകം യോഗം ചേർന്ന് നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**നെൽവയൽ തണ്ണീർതട സംരക്ഷണ നിയമപ്രകാരമുള്ള അപ്പീൽ അപേക്ഷകൾ**

324(5210) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008-ന്റെ വകുപ്പ് 28-ൽ പരാമർശിക്കുന്ന അപ്പീൽ അപേക്ഷ ആർക്കാണ് സമർപ്പിക്കേണ്ടതെന്ന് അറിയിക്കാമോ?

കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം 2008-ന്റെ വകുപ്പ് 28-ൽ പരാമർശിക്കുന്നത് അപ്പീൽ സംബന്ധിച്ചല്ല. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ/ഉത്തരവുകൾ എന്നിവയ്ക്കെതിരെ സർക്കാരിൽ നൽകുന്ന റിവിഷൻ അപേക്ഷ സംബന്ധിച്ചാണ് വകുപ്പ് 28 പ്രതിപാദിക്കുന്നത്.

നിലവിൽ, വകുപ്പ് 28 പ്രകാരം സർക്കാരിൽ ലഭിക്കുന്ന റിവിഷൻ ഹർജികൾ പരിഗണിക്കുന്നതും തീരുമാനം കൈക്കൊള്ളുന്നതും സർക്കാരിലെ കൃഷി (NCA) വകുപ്പ് മുഖേനയാണ്. ആയതിനാൽ ഇപ്രകാരമുള്ള റിവിഷൻ

ഹർജികൾ കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി/കാർഷികോല്പാദന കമ്മീഷണർക്കാണ് നൽകേണ്ടത്.

(ബി) പ്രസ്തുത അപേക്ഷകൾ തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടിക്രമം എന്താണെന്ന് വിശദമാക്കാമോ?

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ വകുപ്പ് 28 പ്രകാരം ലഭിക്കുന്ന റിവിഷൻ ഹർജിയിലെ അപേക്ഷകരെയും എതിർകക്ഷികളെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും നേരിൽ കേട്ടും രേഖകൾ/റിപ്പോർട്ടുകൾ പരിശോധിച്ചുമാണ് തീർപ്പ് കല്പിക്കുന്നത്.

(സി) ഇപ്രകാരം നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്നും അറിയിക്കാമോ?

വകുപ്പ് 28 പ്രകാരം, നാളിതുവരെ ലഭിച്ച റിവിഷൻ ഹർജികളുടെ എണ്ണം കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടുള്ളതല്ല. എന്നാൽ ഇ - ഓഫീസ് സംവിധാനം നിലവിൽ വന്നതിനുശേഷം 860 റിവിഷൻ ഹർജികൾ ലഭിച്ചിട്ടുള്ളതും ആയതിൽ 410 റിവിഷൻ ഹർജികൾ

തീർപ്പാക്കിയിട്ടുള്ളതുമാണ്. ശേഷിക്കുന്നവയിൽ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

**ചെറിയ കടമക്കുടി പാലത്തിന്റെ നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി**

325(5211) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് 13-08-2021-ൽ 1050 ലക്ഷം രൂപക്ക് ഭരണാനുമതി നൽകിയ ചെറിയ കടമക്കുടി പാലത്തിന്റെ നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

പിഴല-ചെറിയ കടമക്കുടി പാലത്തിലേയ്ക്ക് അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനായി കണയന്നൂർ താലൂക്കിൽ കടമക്കുടി വില്ലേജിൽനിന്നും 6.90 ആർ ഭൂമി RFCTLARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിനായി 27-11-2021-ലെ സ.ഉ.(സാധാ)നം.4210/2021/RD തീയതി പ്രകാരം അനുമതി പുറപ്പെടുവിച്ചിട്ടുള്ളതും എറണാകുളം പാലങ്ങൾ വിഭാഗം എക്സിക്യൂട്ടീവ്

എഞ്ചിനീയർ 17-02-2022-ൽ അർത്ഥനാപത്രം സമർപ്പിച്ചിട്ടുള്ളതുമാണ്. പദ്ധതിയുടെ പൊന്നുംവില നടപടികൾ സ്വീകരിക്കുന്നതിനായി സ്പെഷ്യൽ തഹസിൽദാർ(എൽ.എ). NH No.III. വൈറ്റിലയെ നിയമിച്ചിട്ടുള്ളതാണ്. കണ്ടിജൻസി ചാർജ് ലഭ്യമാകുന്ന മുറയ്ക്ക് SIA സ്റ്റഡി നടത്തുന്നതിലേയ്ക്കായി എജൻസിയെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഭൂമി ഏറ്റെടുക്കുന്നതിനായി റവന്യൂ വകുപ്പിൽനിന്നും അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്. 27-11-2021-ലെ സ.ഉ.(സാധാ)നം.4210/2021/RD പ്രകാരം അനുമതി നല്കിയിട്ടുള്ളതാണ്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു+.

**നടമ്മൽകടവ്, പടനിലം എന്നീ പാലങ്ങളുടെ നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ് നടപടി**

326(5212) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥലമെടുപ്പ് നടപടികൾ അനന്തമായി നീണ്ടുപോകുന്നതുമൂലം യഥാക്രമം 12, 5 വർഷങ്ങൾക്കുമുമ്പ് ഭരണാനുമതി ലഭിച്ച കോഴിക്കോട്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജില്ലയിലെ നടമ്മൽകടവ്, പടനിലം എന്നീ പാലങ്ങളുടെ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും സ്ഥലമേറ്റെടുക്കാൻ കാലതാമസം നേരിട്ടതിന്റെ കാരണം വിശദമാക്കാമോ?

(എ&ബി)

<u>നടമ്മൽ കടവ് പാലം</u>:-

ചെറുപുഴയ്ക്ക് കുറുകെ നർമ്മൽകടവ് പാലം അനുബന്ധ റോഡ് നിർമ്മിക്കുന്നതിനായി പുത്തൂർ വില്ലേജിലെ വിവിധ സർവ്വെ നമ്പറുകളിൽപ്പെട്ട 0.2284 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 18/02/2012-ന് അർത്ഥന ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നെഗോഷിയേറ്റ് പർച്ചേസ് പ്രകാരം സമ്മതം നൽകിയ ഭൂവുടമകളുടെ കൈവശമുള്ള 0.0936 ഹെക്ടർ ഭൂമി ഏറ്റെടുത്ത് റിക്വിസിഷൻ അതോറിറ്റിക്ക് കൈമാറുകയുണ്ടായി.

തുടർന്ന് പൊതുമരാമത്ത് വകുപ്പ് പുതുക്കിയ അർത്ഥന സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 1-02-2020-ലെ സ.ഉ.(സാധാ)നം. 436/2020/ആർ.ഡി.

പ്രകാരം 27.11 ആർസ് ഭൂമി RFCTLARR Act, 2013 പ്രകാരം ഏറ്റെടുക്കുന്നതിന് അനുമതി നല്കുകയുണ്ടായി.

LARR ആക്ട് പ്രകാരം നടപടി സ്വീകരിച്ച് 11(1) വിജ്ഞാപനം 27-10-2020-ലെ കേരള അസാധാരണ ഗസറ്റ് നം.2543 ആയി പുറപ്പെടുവിച്ചിട്ടുള്ളതും ഡി.വി.എസ്. തുകയായ 25,37,466/- രൂപ അർത്ഥനാധികാരി കെട്ടിവെച്ചിട്ടുള്ളതുമാണ്.

LARR Act, 2013 സെക്ഷൻ 4(1) നോട്ടിഫിക്കേഷൻ തീയതി മുതൽ അവാർഡ് പാസ്സാക്കുന്ന തീയതി വരെയുള്ള 12 ശതമാനം തുകയായ 3,23,966/- രൂപ കൂടി അനുവദിക്കണമെന്ന് കാണിച്ച് റിക്വിസിഷൻ അതോറിറ്റിക്ക് 28-12-2022-ന് കത്ത് നൽകിയിരുന്നെങ്കിലും പ്രസ്തുത ഫണ്ട് അനുവദിച്ചിട്ടില്ല. എങ്കിലും ബാക്കി ഫണ്ട് ലഭ്യമാകുമെന്ന പ്രതീക്ഷയിൽ അവാർഡ് എൻക്വയറി ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അവാർഡ് പാസ്സാക്കി തുക വിതരണം ചെയ്ത് ഭൂമി അർത്ഥനാധികാരിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പടനിലം പാലം:-

പടനിലം പാലം നിർമാണവുമായി ബന്ധപ്പെട്ട 19(1) പ്രഖ്യാപനം 04-11-2020-ലെ കേരള അസാധാരണ ഗസറ്റ് നം.2627 ആയി പുറപ്പെടുവിച്ചിട്ടുള്ളതും ഡി.വി.എസ്. തുകയായ 1,07,94,458/- രൂപ അനുവദിക്കുന്നതിന് അർത്ഥനാധികാരിക്ക് കത്ത് നല്കിയിരുന്നുവെങ്കിലും ആയത് അനുവദിച്ചിട്ടില്ലാത്തതാണ്. 14-10-2019 മുതൽ 30-04-2023 വരെയുള്ള 12% തുകയായ 45,95,777/- രൂപ ഉൾപ്പെടെ 1,53,90,235/- രൂപ അനുവദിക്കുന്നതിന് 09-03-2023-ന് അർത്ഥനാധികാരിക്ക് കത്ത് നല്കിയിട്ടുള്ളതാണ്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അവാർഡ് പാസ്സാക്കി സ്ഥലം കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) നോട്ടിഫിക്കേഷൻ തീയതി മുതൽ പന്ത്രണ്ട് ശതമാനം പലിശ നൽകേണ്ട സാഹചര്യമുള്ളതിനാൽ ലഭ്യമായ പണം ഭൂഉടമകൾക്ക് നൽകിയാൽ സർക്കാരിന് പലിശ ബാധ്യത കുറഞ്ഞ് കിട്ടുമെന്ന സാധ്യത വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഏറ്റെടുക്കൽ നടപടിയിൽ ഭൂ ഉടമകൾക്ക് നൽകുന്ന മുഴുവൻ തുക തിട്ടപ്പെടുത്തി ആയത് ചട്ടപ്രകാരം അവാർഡായാണ് പാസ്സാക്കുന്നത്. പ്രസ്തുത അവാർഡ് തുകയിൽ പാർട്ട് പേയ്മെന്റ് നടത്താൻ നിയമം അനുശാസിക്കുന്നില്ല.

**കടുത്തുരുത്തി ബസ്-ബേ ടെർമിനൽ നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ്**

**327(5213) ശ്രീ. മോൻസ് ജോസഫ്:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

**(എ) കടുത്തുരുത്തി വലിയ പാലത്തോട് ചേർന്ന് ബസ് ബേ ടെർമിനൽ നിർമ്മിക്കുന്നതിനായുള്ള സ്ഥലമെടുപ്പ് നടപടികളെക്കുറിച്ച് വിശദീകരിക്കാമോ;**

**(ബി) പ്രസ്തുത പദ്ധതിക്ക് വേണ്ടിയുള്ള സ്ഥലമെടുപ്പിനായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;**

**(സി) പദ്ധതിക്കായി എത്ര സ്ഥലമേറ്റെടുക്കേണ്ടി വരുമെന്ന് വ്യക്തമാക്കാമോ; ആയതിന്റെ അതിർത്തിക്കല്ലുകൾ സ്ഥാപിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?**

(എ-സി) കട്ടുത്തുരുത്തി വലിയ പാലത്തോട് ചേർന്ന ബസ് ബേ ടെർമിനൽ നിർമ്മിക്കുന്നതിനായുള്ള സ്ഥലമെടുപ്പ് നടപടികൾ സ്വീകരിക്കുന്നതിനുള്ള റിക്വിസിഷൻ അർത്ഥനാധികാരി ജില്ലാ കളക്ടർക്ക് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

**കുന്ദമംഗലം ഗവൺമെന്റ് കോളേജിലേയ്ക്കുള്ള റോഡ് വീതി കൂട്ടുന്നതിന് ഭൂമി ഏറ്റെടുക്കുന്ന നടപടി**

328(5214) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം ഗവൺമെന്റ് കോളേജിലേയ്ക്കുള്ള റോഡ് വീതി കൂട്ടുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ഏതൊക്കെ സർവ്വെ നമ്പരുകളിൽപ്പെട്ട എത്ര വീതം ഭൂമിയാണ് ഏറ്റെടുക്കേണ്ടതെന്ന് വ്യക്തമാക്കാമോ;

(സി) നടപടിക്രമങ്ങൾ വേഗത്തിലാക്കി ഭൂമി ഏറ്റെടുത്ത് നൽകുന്നതിന് നിർദ്ദേശം നൽകാമോ?

(എ-സി) കോഴിക്കോട് ജില്ലയിൽ കുന്ദമംഗലം നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കുന്ദമംഗലം ഗവൺമെന്റ് കോളേജിലേയ്ക്കുള്ള റോഡ് വീതി കൂട്ടുന്നതിനുവേണ്ടി RFCT LARR നിയമം 2013 പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള അർത്ഥനയും അനുബന്ധ രേഖകളും അർത്ഥനാധികാരി നാളിതുവരെ കളക്ടേറ്റിൽ സമർപ്പിച്ചിട്ടില്ല.

**കാഞ്ഞിരപ്പള്ളി കരിമ്പുകയം കുടിവെള്ള പദ്ധതിയുടെ സ്ഥലമേറ്റെടുക്കൽ നടപടി**

329(5215) **ഡോ. എൻ. ജയരാജ്:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി കരിമ്പുകയം കുടിവെള്ള പദ്ധതിയുടെ സ്ഥലമേറ്റെടുക്കൽ നടപടി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി സ്ഥലമേറ്റെടുക്കുന്നത് എവിടെയൊക്കെയാണെന്നും സ്ഥലമേറ്റെടുക്കുന്നത് സംബന്ധിച്ച നടപടികൾ ആരംഭിച്ചത് എന്നാണെന്നും അറിയിക്കാമോ;

(സി) എന്നത്തേയ്ക്ക് സ്ഥലമേറ്റെടുക്കൽ പൂർത്തിയാക്കി വാട്ടർ അതോറിറ്റിക്ക് വിട്ടുനൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

(എ-സി) കരിമ്പുകയം കുടിവെള്ള പദ്ധതിയുടെ ഭാഗമായി ജല ശുദ്ധീകരണശാലയുടെ നിർമ്മാണത്തിനുവേണ്ടി കാഞ്ഞിരപ്പള്ളി താലൂക്കിൽ കൂവപ്പള്ളി വില്ലേജിൽ സർവ്വെ നമ്പർ 254/5-1, 254/3, 255/3, 255/2 എന്നിവയിൽപ്പെട്ട 50 സെന്റ് സ്ഥലവും തമ്പലക്കാട് ഭൂതല സംഭരണി നിർമ്മിക്കുന്നതിലേയ്ക്കായി കാഞ്ഞിരപ്പള്ളി വില്ലേജിൽ 22/7 സർവ്വെ നമ്പറിൽപ്പെട്ട 8 സെന്റ് സ്ഥലവും പനച്ചപ്പള്ളി ഭൂതല സംഭരണി നിർമ്മിക്കുന്നതിന് കൂവപ്പള്ളി വില്ലേജിൽ 177/6 സർവ്വെ നമ്പറിൽപ്പെട്ട 10 സെന്റ് സ്ഥലവുമുൾപ്പടെ 68 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് അർത്ഥന ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 2013-ലെ LARR Act പ്രകാരം ഏറ്റെടുക്കുന്നതിന് അനുമതി നൽകി 27/08/2020-ലെ സ.ഉ(സാധാ)നം.2765/2020/റവ. പ്രകാരം ഉത്തരവായിട്ടുണ്ട്.

തുടർന്ന്, 11(1) വിജ്ഞാപനം 11-03-2022-ലെ DCKTM/7322/2019-G1 നടപടിക്രമം പ്രകാരം ഉത്തരവായി 14-03-2022-ലെ 811-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്.

2013-ലെ എൽ.എ.ആർ.ആർ. ആക്ട് പ്രകാരം 11(1) വിജ്ഞാപനം പുറപ്പെടുവിച്ച് 12 മാസത്തിനുള്ളിൽ 19(1) പ്രഖ്യാപനം പുറപ്പെടുവിക്കണമെന്ന് നിഷ്കർഷിക്കുന്നു.

എന്നാൽ നിശ്ചിത സമയ പരിധിക്കുള്ളിൽ 19(1) പ്രഖ്യാപനം പുറപ്പെടുവിക്കാൻ സാധിക്കില്ലെന്ന് ജില്ലാ കളക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ പ്രത്യേക അധികാരം ഉപയോഗിച്ച് 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതിനുള്ള കാലാവധി 06-03-2023-ലെ സ.ഉ(അച്ചടി)നം.74/2023/റവ. പ്രകാരം മൂന്ന് മാസത്തേയ്ക്ക് ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. സർവ്വെ നടപടികൾ ആരംഭിച്ചിട്ടുള്ളതും റീസർവ്വെ അപാകതകൾ പരിഹരിച്ച് സർവ്വെ സബ് ഡിവിഷൻ ജോലികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് 19(1) പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തി അവാർഡ് പാസാക്കി സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

**പാട്ട കാലാവധി കഴിഞ്ഞതും വ്യവസ്ഥകൾ ലംഘിച്ചതുമായ റവന്യൂ ഭൂമിയുടെ തിരിച്ചെടുക്കൽ നടപടി**

**330(5216) ശ്രീ. ജി. സ്റ്റീഫൻ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടക്കാലാവധി കഴിഞ്ഞതും വ്യവസ്ഥകൾ ലംഘിച്ചതുമായ റവന്യൂ ഭൂമിയുടെ തിരിച്ചെടുക്കൽ നടപടിയിൽ അരുവിക്കര നിയോജകമണ്ഡലത്തിലെ 9 വില്ലേജുകളിൽ ഉൾപ്പെടുന്ന ഏതെങ്കിലും ഭൂമി ഉൾപ്പെട്ടിട്ടുണ്ടോയെന്ന വിവരം വ്യക്തമാക്കാമോ;

(ബി) എങ്കിൽ തിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചിട്ടുള്ള പ്രസ്തുത ഭൂമിയുടെ വിസ്തൃതി ഉൾപ്പെടെയുള്ള വിവരങ്ങൾ നൽകാമോ?

(എ&ബി) പാട്ടക്കാലാവധി കഴിഞ്ഞതും വ്യവസ്ഥകൾ ലംഘിച്ചതുമായ റവന്യൂ ഭൂമിയുടെ തിരിച്ചെടുക്കൽ നടപടിയിൽ അരുവിക്കര നിയോജകമണ്ഡലത്തിലെ ഉഴമലയ്ക്കൽ വില്ലേജിലെ ബ്ലോക്ക് നം. 49

റീസർവ്വെ നം.153/4-ൽപ്പെട്ടതും കാഞ്ഞിരംമൂട് ജമാഅത്തിനു പാട്ടത്തിനു നൽകിയിരുന്നതുമായ 68.60 ആർ ഭൂമി ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഭൂമിയുടെ പാട്ടം റദ്ദ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**ഏറ്റുമാനൂർ–എറണാകുളം റോഡിലെ വളവുകൾ നിവർത്തുന്നതിന് നടപടി**

331(5217) **ശ്രീ. മോൻസ് ജോസഫ്**: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റുമാനൂർ-എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിന് ആവശ്യമായ സ്ഥലമെടുപ്പ് നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ സാമൂഹ്യ ആഘാത പഠനം പൂർത്തിയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) കോട്ടയം ജില്ലയിലെ കാണക്കാരി, കോതനല്ലൂർ മാഞ്ഞൂർ, മുട്ടുചിറ കടുതുരുത്തി, വടയാർ വില്ലേജുകളിൽ ഉൾപ്പെട്ട 1.9652 ഹെക്ടർ ഭൂമി ഏറ്റുമാനൂർ - എറണാകുളം റോഡിലെ അപകട വളവുകൾ നിവർത്തുന്നതിന് ആവശ്യമായ സ്ഥലം എൽ.എ.ആർ.ആർ. ആക്ട് 2013 പ്രകാരം

ഏറ്റെടുക്കുന്നതിന് 16-12-2021-ലെ സ.ഉ.(സാധാ)നം.4531/2021/റവ., 03-07-2022-ലെ സ.ഉ.(സാധാ)നം.2928/2022/റവ. എന്നീ ഉത്തരവുകൾ പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും സാമൂഹ്യാഘാതപഠനം നടത്തുന്നതിന് രാജഗിരി ഔട്ട്റീച്ച് സർവ്വീസ് സൊസൈറ്റിയെ ചുമതലപ്പെടുത്തികൊണ്ടുള്ള 4(1)വിജ്ഞാപനം 03-06-2022-ലെ 1825-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും ഏജൻസി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ദ്ധ സമിതിയെ രൂപീകരിച്ചിട്ടുള്ളതും വിദഗ്ദ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുള്ളതുമാണ്.

(സി) പദ്ധതിക്കായുള്ള അതിർത്തി കല്ലിടൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത പദ്ധതിക്കായുള്ള കല്ലിടൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) മേല്പറഞ്ഞ പദ്ധതിക്കായുള്ള 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; പ്രസ്തുത നടപടി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

ഇല്ല. പ്രസ്തുത പദ്ധതിക്കായുള്ള 11(1) നോട്ടിഫിക്കേഷൻ ഒരു മാസത്തിനുള്ളിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചങ്ങനാശ്ശേരി താലൂക്കിലെ ഭൂമി തരം മാറ്റം**

**332(5218) ശ്രീ. ജോബ് മൈക്കിൾ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി താലൂക്കിൽ ഭൂമി തരം മാറ്റലുമായി ബന്ധപ്പെട്ട എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണം തീർപ്പാക്കിയെന്നും വ്യക്തമാക്കുമോ?

ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട് ചങ്ങനാശ്ശേരി താലൂക്കിൽ ഓഫ് ലൈനായും ഓൺലൈനായും ആകെ 2667 അപേക്ഷകൾ ലഭിച്ചിട്ടുള്ളതാണ്. ടി അപേക്ഷകളിൽ, 1465 എണ്ണം തീർപ്പായിട്ടുണ്ട്.

(ബി) തീർപ്പാക്കാത്ത അപേക്ഷകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഭൂമി തരംമാറ്റ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ഐ.റ്റി അനുബന്ധ സൗകര്യങ്ങളും ഫീൽഡ് പരിശോധനയ്ക്കായി ആവശ്യമായ വാഹന സൗകര്യവും താത്കാലിക ജീവനക്കാരുടെ സേവനവും അനുവദിച്ചിട്ടുണ്ട്. അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്നതിനായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യുവർ (SOP) തയ്യാറാക്കി നല്കിയിട്ടുള്ളതാണ്. കൂടാതെ ശേഷിക്കുന്ന അപേക്ഷകൾ മുൻഗണനാക്രമത്തിൽ തീർപ്പാക്കുന്നതിന് ആവശ്യമായ റിപ്പോർട്ടുകൾ അടിയന്തരമായി സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്കും കൃഷി ഓഫീസർമാർക്കും രേഖാമൂലം നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഭൂമി തരം മാറ്റൽ**

333(5219) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഭൂമി തരം മാറ്റലുമായി ബന്ധപ്പെട്ട എത്ര അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാനുണ്ടെന്ന് താലൂക്ക് തിരിച്ച് അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ ഭൂമി തരം മാറ്റലുമായി ബന്ധപ്പെട്ട് തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകളുടെ താലൂക്ക് തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഭൂമി തരം മാറ്റൽ അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് പുറപ്പെടുവിച്ച 22-02-2022-ലെ സ.ഉ.(കൈ) നം.56/2022/RD പ്രകാരം ജൂനിയർ സൂപ്രണ്ടുമാരെ സെലക്ട് ലിസ്റ്റിൽനിന്നും താത്കാലികമായി ഉദ്യോഗക്കയറ്റം നൽകിയും ക്ലാർക്ക് /ഡാറ്റാ എൻട്രി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓപ്പറേറ്റർ, എന്നിവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ചുകൊണ്ടും 990 താത്കാലിക തസ്തികകൾ 6 മാസത്തേയ്ക്ക് സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് ശേഷിക്കുന്ന അപേക്ഷകൾകൂടി സമയബന്ധിതമായി തീർപ്പാക്കുന്നതിനായി ഇപ്രകാരം നിയമിച്ച താൽക്കാലിക ജീവനക്കാരുടെയും അനുവദിച്ച അനുബന്ധ സൗകര്യങ്ങളുടെയും കാലാവധി 179 ദിവസത്തേയ്ക്കുകൂടി ദീർഘിപ്പിച്ചുകൊണ്ട് 26-11-2022-ലെ സ.ഉ.(കൈ)നം.278/2022/RD പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

മേൽ പ്രകാരം, ഭൂമി തരം മാറ്റ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ഐ.റ്റി. അനുബന്ധ സൗകര്യങ്ങളും ഫീൽഡ് പരിശോധനയായി ആവശ്യമായ വാഹനങ്ങളും അനുവദിച്ചിട്ടുണ്ട്. അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്നതിനായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യുവർ (SOP) തയ്യാറാക്കി നല്കിയിട്ടുള്ളതാണ്.

സംസ്ഥാനത്ത് ഭൂമി തരം മാറ്റൽ നടപടികളുടെ പുരോഗതി നിശ്ചിത ഇടവേളകളിൽ ലാൻഡ് റവന്യൂ കമ്മീഷണർ, ജോയിന്റ് കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ (ഡി.എം.) എന്നിവർ വിലയിരുത്തുന്നുണ്ട്. ഇതിലേയ്ക്കായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ പ്രത്യേക സെല്ലും പ്രവർത്തിച്ചുവരുന്നു. കൂടാതെ, എല്ലാ ആഴ്ചയും റവന്യൂ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന റവന്യൂ സെക്രട്ടേറിയറ്റിൽ ഭൂമി തരം മാറ്റൽ അപേക്ഷകളുടെ അവലോകനവും നടത്തിവരുന്നുണ്ട്. തരം മാറ്റലുമായി ബന്ധപ്പെട്ട് അവശേഷിക്കുന്നതും ലഭിച്ചുകൊണ്ടിരിക്കുന്നതുമായ മുഴുവൻ അപേക്ഷകളും യുദ്ധകാലാടിസ്ഥാനത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

**കാഞ്ഞിരപ്പള്ളി ഫയർ സ്റ്റേഷന് സ്ഥലം വിട്ടുനൽകാൻ നടപടി**

334(5220) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി ഫയർ സ്റ്റേഷന് സ്ഥലം വിട്ടുനൽകണമെന്ന് ആവശ്യപ്പെട്ട് അഗ്നിശമനസേനാ വകുപ്പ് നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ ചിറക്കടവ് വില്ലേജിൽ ബ്ലോക്ക് 17- ൽ റീസർവ്വേ 257- ൽപ്പെട്ട 7.16 ആർ (17.706 സെന്റ്) ഭൂമി, ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി അഗ്നിശമനസേനാ വകുപ്പിന് കൈമാറി നൽകുന്നതിനുള്ള റിക്വിസിഷൻ സമർപ്പിക്കുന്നതിന് കോട്ടയം ജില്ലാ ഫയർ ഓഫീസർക്ക് ജില്ലാ കളക്ടർ കത്ത് നല്കിയിട്ടുണ്ട്.

(ബി) എന്നത്തേയ്ക്ക് പ്രസ്തുത സ്ഥലം കൈമാറാനാകുമെന്ന് വ്യക്തമാക്കാമോ?

അഗ്നിശമനസേനാ വകുപ്പിൽനിന്നും ഭൂമി കൈമാറ്റ റിക്വിസിഷൻ ലഭിക്കുന്ന മുറയ്ക്ക് ഭൂമി കൈമാറി നല്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പാറക്കടവ് അങ്കണവാടി കെട്ടിടം നിർമ്മിക്കാൻ ഭൂമി**

**335(5221) <u>ശ്രീ. അൻവർ സാദത്ത്</u>:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ ഐ.സി.ഡി.എസ്. പാറക്കടവ് അങ്കണവാടി (സെന്റർ നം. 135)-ക്കായി കെട്ടിടം നിർമ്മിക്കുന്നതിന് ജലസേചന വകുപ്പിന്റെ പുറമ്പോക്ക് ഭൂമി വിട്ടുനൽകുന്നത് സംബന്ധിച്ച അപേക്ഷയിന്മേൽ (ഇ

-4512261) റവന്യൂ വകുപ്പ് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ (എൽ-7/2036/2021) എറണാകുളം ജില്ലാ കളക്ടർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ജില്ലാ കളക്ടർ നടത്തിയ എല്ലാ കത്തിടപാടുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ?

(എ&ബി) പ്രസ്തുത അപേക്ഷ ഭൂമി കൈമാറ്റ പ്രൊപ്പോസൽ സഹിതം റിപ്പോർട്ട് സമർപ്പിക്കാൻ 19-01-2021-ന് എറണാകുളം ജില്ലാ കളക്ടർക്ക് അയച്ചു നല്കിയിട്ടുണ്ട്. തുടർന്ന് ഭൂമി വിട്ടുനൽകുന്നതിനായി ജില്ലാ വനിത ശിശു വികസന ആഫീസർ സമർപ്പിച്ച അർത്ഥന 18-11-2022 തീയതിയിൽ എറണാകുളം ജില്ലാ കളക്ടർക്ക് ലഭിക്കുകയും പ്രസ്തുത അർത്ഥനയിൻമേൽ ഭൂമി കൈമാറ്റ ശിപാർശ സമർപ്പിക്കുന്നതിന് 22-11-2022 തീയതിയിൽ ആലുവ തഹസിൽദാർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. കൂടാതെ ടി വസ്തു കൈമാറുന്നതിന് ജലസേചന വകുപ്പിന്റെ സമ്മതപത്രം ആവശ്യമായതിനാൽ NOC ആവശ്യപ്പെട്ട് അങ്കമാലി ഇടമലയാർ പ്രോജക്ട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 26-12-2022-ന് എറണാകുളം

ജില്ലാ കളക്ടർ കത്ത് നൽകിയിട്ടുണ്ട്. ജില്ലാ കളക്ടർ നടത്തിയ കത്തിടപാടുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) പ്രസ്തുത അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ടി ഭൂമി റവന്യൂ വകുപ്പിന്റെ അധീനതയിലല്ലാത്തതിനാൽ വസ്തുവിന്റെ കൈവശക്കാരായ ഇറിഗേഷൻ വകുപ്പിന്റെ NOC ആവശ്യമാണ്. NOC ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**മാവേലിക്കര മണ്ഡലത്തിലെ മിച്ചഭൂമി**

336(5222) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ ഏതെല്ലാം വില്ലേജുകളിൽ മിച്ചഭൂമി ഉണ്ടെന്നും അവയുടെ കൈമാറ്റവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാവേലിക്കര താലൂക്കിൽ താമരക്കുളം വില്ലേജിൽ മംഗലത്തു വീട്ടിൽ നാരായണി അമ്മ ദാക്ഷായണി അമ്മയുടെ പേരിലുണ്ടായിരുന്ന സർവ്വെ നമ്പർ 66/1-ൽപ്പെട്ട 4 ഏക്കർ 54 സെന്റ് ഭൂമി 08-08-2000-ലെ TLB/03/88/MVK നമ്പർ ഉത്തരവുപ്രകാരം മിച്ചഭൂമിയായി ഏറ്റെടുക്കുവാൻ ഉത്തരവായെങ്കിലും ടി ഭൂമി മറ്റു പലർക്കായി വിലയാധാരം നടത്തിയിരുന്നതിനാൽ ടി വ്യക്തികളുടെ എതിർപ്പുമൂലം മിച്ചഭൂമിയായി ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടില്ല.

മാവേലിക്കര മണ്ഡലത്തിലെ മറ്റു വില്ലേജുകളിൽ ഒരു ഭൂമിയും മിച്ചഭൂമിയായി ഏറ്റെടുക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്തിട്ടില്ല.

**പ്രളയ ഫണ്ട് തട്ടിപ്പുമായി ബന്ധപ്പെട്ട് വകുപ്പുതല അന്വേഷണം**

**337(5223)ഡോ. മാത്യു കുഴൽനാടൻ:**

**ശ്രീ. സജീവ് ജോസഫ്:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ ഫണ്ട് തട്ടിപ്പുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ

എത്രപേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; ഇവരുടെ വിശദാംശം ലഭ്യമാക്കുമോ?

എറണാകുളം ജില്ലയിലെ പ്രളയ ദുരിതാശ്വാസ ഫണ്ട് വിതരണവുമായി ബന്ധപ്പെട്ട് സാമ്പത്തിക ക്രമക്കേട് നടത്തിയെന്ന കുറ്റത്തിന് എറണാകുളം ജില്ലാ കളക്ടറേറ്റിലെ ക്ലാർക്കായ ശ്രീ. വിഷ്ണു പ്രസാദിനെ സേവനത്തിൽ നിന്നും ലാൻഡ് റവന്യൂ കമ്മീഷണർ സസ്പെൻഡ് ചെയ്തിട്ടുള്ളതും ടിയാനെതിരെ കഠിന ശിക്ഷയുള്ള അച്ചടക്കനടപടി ലാൻഡ് റവന്യൂ കമ്മീഷണർ സ്വീകരിച്ചുവരികയുമാണ്. 01-01-2018 മുതൽ 03-02-2020 വരെ സി.എം.ഡി.ആർ.എഫ്.-ലേയ്ക്ക് ലഭിച്ച സംഭാവനകളുടെ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിൽ വീഴ്ചവരുത്തിയെന്ന കുറ്റത്തിന് എറണാകുളം ജില്ലയിലെ മുൻ ഡെപ്യൂട്ടി കളക്ടർ ശ്രീ. കെ. ചന്ദ്രശേഖരൻ നായർ, മുൻ ജൂനിയർ സൂപ്രണ്ട് ശ്രീമതി മീനാകുമാരി എസ്. എന്നിവർക്കെതിരെ സർക്കാർ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു. അച്ചടക്ക നടപടിയുടെ ഭാഗമായി ഔപചാരിക അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. ഔപചാരിക അന്വേഷണ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. 2018-ലെ

പ്രളയവുമായി ബന്ധപ്പെട്ട് പ്രസ്തുത കാലയളവിൽ കോഴിക്കോട് താലൂക്കിലെ പ്രളയദുരിതാശ്വാസ ഫണ്ട് ബിൽ തയ്യാറാക്കുന്നതടക്കമുള്ള ജോലിയിൽ നിയോഗിക്കപ്പെട്ട മുൻ നഗരം വില്ലേജ് ഓഫീസറും നിലവിൽ ജൂനിയർ സൂപ്രണ്ടുമായ ശ്രീ ഉമാകാന്തൻ ഒ. എന്നവർ തന്റെ ബന്ധുവായ ഒരു വ്യക്തിയുടെ അക്കൗണ്ടിലേയ്ക്ക് പ്രളയ ദുരിതാശ്വാസത്തിന് അർഹതയില്ലാതെ തന്നെ 16 തവണകളായി 77,600/-(എഴുപത്തി ഏഴായിരത്തി അറുനൂറ്) രൂപ മാറ്റി നിക്ഷേപിക്കുകയും അതുവഴി സർക്കാർ ഫണ്ട് അപഹരിച്ചതായി ബോധ്യപ്പെടുകയും ചെയ്തതിന്മേൽ കോഴിക്കോട് ജില്ലാകളക്ടർ ഗുരുതര ശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്കനടപടി സ്വീകരിക്കുകയും ടിയാന്റെ വാർഷിക വേതന വർദ്ധനവ് മൂന്നുവർഷത്തേയ്ക്ക് സഞ്ചിത ഫലത്തോടെ തടഞ്ഞുവെച്ച് മേൽ അച്ചടക്കനടപടി തീർപ്പുകൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നിലവിൽ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

വിഷ്ണുപ്രസാദിനെതിരെ VC10/22/SCE, VC01/21/SCE നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ള വിവരം വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ അറിയിച്ചിട്ടുണ്ട്. ശ്രീ ഉമാകാന്തൻ ഒ. എന്നവർക്കെതിരെ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, ഉത്തരമേഖല, കോഴിക്കോട് മുഖേന പ്രാഥമിക അന്വേഷണം നടന്നുവരുന്നുണ്ട്

(സി) പ്രളയ ഫണ്ട് തട്ടിപ്പുമായി ബന്ധപ്പെട്ട് ഖജനാവിൽ എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായതായാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ?

എറണാകുളം ജില്ലയിൽ പ്രളയ ഫണ്ട് തട്ടിപ്പുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറേറ്റിൽ നടത്തിയ പരിശോധനയിൽ 1,00,86,600/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളതാണ്. ആയതിൽ 11,29,298/-രൂപ അന്വേഷണ ഘട്ടത്തിൽ സർക്കാരിലേയ്ക്ക് മുതൽ കൂട്ടായിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ പ്രളയദുരിതാശ്വാസത്തിന് അർഹതയില്ലാതെ തന്നെ 16 തവണകളായി 77,600 (എഴുപത്തി ഏഴായിരത്തി അറുനൂറ് രൂപ) മാറ്റി നിക്ഷേപിക്കുകയും അതുവഴി സർക്കാർ ഫണ്ട് അപഹരിച്ചതായി

ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ആയത് സർക്കാർ ഖജനാവിൽ തിരികെ അടവ് വരുത്തുകയും ചെയ്തിട്ടുണ്ട്.

**റവന്യൂ രേഖകളുടെ ഡിജിറ്റൈസേഷൻ**

338(5224) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ രേഖകളുടെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കിയിട്ടുണ്ടോ; ഏതൊക്കെ താലൂക്കുകളിലാണ് ഇനിയും ഡിജിറ്റൈസേഷൻ പൂർത്തിയാക്കാനുള്ളതെന്ന് വ്യക്തമാക്കുമോ?

ഭൂരേഖകളുടെ ഡിജിറ്റൽവൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ താലൂക്കുകളിലെയും അടിസ്ഥാന ഭൂനികുതി രജിസ്റ്റർ, തണ്ടപ്പേർ രജിസ്റ്റർ എന്നിവയിലെ ലഭ്യമായതും കുറ്റമറ്റതുമായ വിവരങ്ങൾ (Textual Data) ഡിജിറ്റലൈസ് ചെയ്ത് റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന പോർട്ടൽ മുഖേന ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. റവന്യൂ രേഖകളുടെ അടുത്ത തലത്തിലുള്ള ഡിജിറ്റൈസേഷന്റെ ഭാഗമായി അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ (TPR) എന്നിവ സ്കാൻ ചെയ്ത് ഡിജിറ്റൽ രേഖകളാക്കി

മാറ്റുന്നതിനുള്ള പ്രവർത്തനവും നടന്നുവരുന്നു. നിലവിൽ 86 വില്ലേജുകളുടെ തണ്ടപ്പേർ രജിസ്റ്റർ (TPR) രേഖകളുടെ സ്കാനിംഗ് പൂർത്തീകരിച്ച് സ്റ്റേറ്റ് ഡാറ്റ സെന്ററിൽ ഹോസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) റവന്യൂ രേഖകളുടെ ഡിജിറ്റൈസേഷനുമായി ബന്ധപ്പെട്ട് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ചെലവഴിച്ച തുക എത്രയാണെന്ന് അറിയിക്കാമോ; എത്ര ശതമാനം രേഖകളുടെ ഡിജിറ്റൈസേഷൻ പൂർത്തിയായി എന്ന് വ്യക്തമാക്കുമോ?

റവന്യൂ രേഖകളുടെ ഡിജിറ്റൈസേഷനുമായി ബന്ധപ്പെട്ട് 2016-17 സാമ്പത്തിക വർഷം മുതൽ 2022-23 സാമ്പത്തിക വർഷം വരെ 15,35,90,400/- രൂപ ചെലവഴിച്ചിട്ടുണ്ട്. അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ (TPR) എന്നിവ സ്കാൻ ചെയ്ത് ഡിജിറ്റൽ രേഖകളാക്കി മാറ്റുന്ന പ്രവർത്തനവുമായി ബന്ധപ്പെട്ട് 2022-23 സാമ്പത്തിക വർഷം 16,74,859/- രൂപ ചെലവഴിച്ചിട്ടുണ്ട്.

നിലവിൽ 99.8 ശതമാനം റവന്യൂ രേഖകളുടെ ഡിജിറ്റൈസേഷൻ പൂർത്തിയായിട്ടുണ്ട്.

**വില്ലേജ് ഓഫീസുകളിൽ അഴിമതി ഇല്ലാതാക്കാൻ നടപടി**

339(5225)ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-

ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിൽ അഴിമതി ഇല്ലാതാക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

വില്ലേജ് ഓഫീസുകളിൽ അഴിമതി ഇല്ലാതാക്കാൻ ലാൻഡ് റവന്യൂ വകുപ്പിൽ സുശക്തമായ ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽതന്നെ ഒരു അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ മൂന്ന് സെക്ഷനുകളിലായി പരിശോധന വിഭാഗം പ്രവർത്തിച്ചുവരുന്നു. ഓരോ സെക്ഷനിലും ഒരു സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ജൂനിയർ സൂപ്രണ്ടുമാർ, ക്ലാർക്കുമാർ എന്നിവർ അടങ്ങുന്ന ഒരു സംഘം നിലവിലുള്ളതും ഈ ടീം കളക്ടറേറ്റുകൾ, റവന്യൂ ഡിവിഷണൽ ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ, സ്പെഷ്യൽ ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ എന്നിവ യഥാസമയം പരിശോധിച്ചുവരുന്നതുമാണ്.

പതിവ് പരിശോധനകൾക്ക് പുറമെ സർക്കാർ, ലാൻഡ് റവന്യൂ കമ്മീഷണർ എന്നിവർ ഏൽപ്പിക്കുന്ന പരാതികളിന്മേൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിനും ആകസ്മിക ത്വരിത പരിശോധനകളുൾപ്പെടെ നടത്തുന്നതിനും ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ പരിശോധന വിഭാഗങ്ങൾക്ക് അധികാരമുണ്ട്. മാത്രവുമല്ല സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട പരിശോധനകൾ നടത്തുന്നതിനായി സീനിയർ ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ സീനിയർ സൂപ്രണ്ട് സെക്ഷൻ ഹെഡ്ഡായി ഒരു ആഭ്യന്തര ആഡിറ്റ് വിംഗും പ്രവർത്തിച്ചുവരുന്നു. ഇപ്രകാരം ലാൻഡ് റവന്യൂ വകുപ്പിന്റെ കീഴിൽവരുന്ന വില്ലേജ് ഓഫീസുകളുൾപ്പെടെയുള്ള എല്ലാ റവന്യൂ ഓഫീസുകളിലും സമഗ്ര പരിശോധന നടത്തുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ പരിശോധന വിഭാഗവും ആഡിറ്റ് വിഭാഗവും പ്രവർത്തിച്ചുവരുന്നുണ്ട്.

ജില്ലകളിൽ ഒരു സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ ആൻഡ് വിജിലൻസ് എന്ന പേരിൽ ഒരു സെക്ഷൻ പ്രവർത്തിച്ചുവരുന്നു. ജില്ലയ്ക്കകത്തുവരുന്ന മുഴുവൻ റവന്യൂ ഓഫീസുകളിലും പരിശോധന നടത്തി

റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഈ ടീമിന് അധികാരമുണ്ട്. ഇപ്രകാരം നടത്തുന്ന പരിശോധനയിൽ കണ്ടെത്തുന്ന ക്രമക്കേടുകൾക്ക് ജില്ലാ കളക്ടർതലത്തിൽ നടപടി സ്വീകരിച്ച് വരുന്നതും ഗൗരവതരമായ ക്രമക്കേടുകൾ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ അറിയിക്കാറുള്ളതും അത്തരം കേസുകളിന്മേൽ നടപടി സ്വീകരിക്കുന്നതുമാണ്.

ഇതിനുപുറമെ സംസ്ഥാനത്തെ വിവിധ ജില്ലകളെ ഉൾപ്പെടുത്തി 3 മേഖലകളായി തിരിച്ച് ഓരോ മേഖലയും ഒരു വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നതുമാണ്. സർക്കാർ, ലാൻഡ് റവന്യൂ കമ്മീഷണർ എന്നിവർ ഏൽപ്പിക്കുന്ന പരാതികളിലും പൊതുജനങ്ങളിൽ നിന്ന് നേരിട്ട് ലഭിക്കുന്ന പരാതികളിലും അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. കൂടാതെ താലൂക്കുതലത്തിൽ ഡെപ്യൂട്ടി തഹസിൽദാരുടെ നേതൃത്വത്തിൽ ഒരു പരിശോധന വിഭാഗവും സജീവമായി പ്രവർത്തിക്കുന്നതും വില്ലേജ് ഓഫീസ് ജീവനക്കാർക്കെതിരെ ലഭിക്കുന്ന പരാതികളിന്മേൽ സത്വര നടപടികൾ സ്വീകരിച്ചുവരുന്നതും ഗൗരവതരമായ

സംഗതികളിന്മേൽ അച്ചടക്ക നടപടി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. താലൂക്ക് ഓഫീസിൽ ഓരോ ഡെപ്യൂട്ടി തഹസിൽദാർമാർക്കും ചാർജ്ജ് ഓഫീസർ എന്ന നിലയിൽ നിശ്ചിത വില്ലേജുകളുടെ ചാർജ് നൽകിവരുന്നു. ടി ചാർജ്ജ് ഓഫീസർമാർ പ്രസ്തുത വില്ലേജുകളുടെ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തി പോരായ്മകൾ പരിഹരിച്ചുവരുന്നതും അഴിമതി വിവരം വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ അറിയിക്കുന്നതിന് വിജിലൻസ് അധികാരിയുടെ ഫോൺ നമ്പർ ഉൾപ്പെടെ മേൽവിലാസം കാണിക്കുന്ന ബോർഡുകൾ വില്ലേജ് ഓഫീസിലുൾപ്പെടെ എല്ലാ റവന്യൂ ഓഫീസുകളിലും സ്ഥാപിച്ചിട്ടുണ്ട്.

പരിശോധന വിഭാഗങ്ങളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർ ലാൻഡ് റവന്യൂ വകുപ്പിൽ കൈകാര്യം ചെയ്തുവരുന്ന നിയമങ്ങളിലും ചട്ടങ്ങളിലും അവഗാഹമുള്ളവരും ഇവയിൽ കാലാകാലങ്ങളിൽ ഉണ്ടാകുന്ന ഭേദഗതികൾക്ക് അനുസൃതമായി പ്രവർത്തിക്കുന്നതിന് ടി ജീവനക്കാർക്ക് റവന്യൂ വകുപ്പിലെ പരിശീലന കേന്ദ്രമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റുവഴി പരിശീലനം നൽകിവരുന്നുമുണ്ട്.

ഇത്തരത്തിൽ വളരെ കാര്യക്ഷമവും സമഗ്രവുമായ രീതിയിൽ വില്ലേജ് ഓഫീസ് ഉൾപ്പെടെയുള്ള റവന്യൂ ഓഫീസുകളിലെ അഴിമതി തടയുന്നതിനായി ലാൻഡ് റവന്യൂ വകുപ്പ് സജീവമായി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ റവന്യൂ സേവനങ്ങൾ നിഷേധിക്കുന്നത് സംബന്ധിച്ച് സർക്കാരിൽ ലഭിക്കുന്ന ഗൗരവമുള്ള പരാതികൾ സർക്കാർതലത്തിൽ നേരിട്ട് അന്വേഷിക്കുന്നതിനായി പരാതിയുടെ സ്വഭാവമനുസരിച്ച് റവന്യൂ വകുപ്പിലെ വിവിധ സെക്ഷനുകളിലെ ജീവനക്കാരെ ഉൾപ്പെടുത്തി ഒരു ഇൻസ്പെക്ഷൻ സ്ക്വാഡ് 23-03-2022-ലെ സ.ഉ.(സാധാ)നം.1293/2022/റവ പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

(ബി) വില്ലേജ് ഓഫീസുകളിലെ മുഴുവൻ സേവനവും ഓൺലൈനായി ലഭ്യമാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ടോ?

റവന്യൂ വകുപ്പിനുകീഴിൽ വരുന്ന വില്ലേജ് ഓഫീസ് ഉൾപ്പെടെയുള്ള എല്ലാ ഓഫീസ് സംവിധാനങ്ങളുടെയും ആധുനീകരണത്തിനും വിവിധ ഓഫീസ് സേവനങ്ങൾ ആവശ്യമുള്ളവർക്ക് വേഗത്തിൽ സുതാര്യമായി സേവനങ്ങൾ ലഭിക്കുന്നതിനും പരമാവധി സേവനങ്ങൾ ഓൺലൈൻ

പ്ലാറ്റ്ഫോമിലാക്കി ഇ - ഗവേണൻസ് സംവിധാനത്തിലൂടെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വില്ലേജ് ഓഫീസുകളിൽനിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ ചുവടെ ചേർത്തിരിക്കുന്ന ഓൺലൈൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. ഇ-ഡിസ്ട്രിക്റ്റ്: വില്ലേജ് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്ക് ആവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്റ്റ്. ഇതുവഴി പൊതുജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ വരാതെ തന്നെ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നു.

2. ആർ.ആർ. ഓൺലൈൻ: റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ് ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജുതലംവരെ ബന്ധിപ്പിക്കുന്ന പദ്ധതിയായാണ് ഇത് ആവിഷ്കരിച്ചിട്ടുള്ളത്. കളക്ടറേറ്റ്, താലൂക്ക്, വില്ലേജ് തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ലോഗ്-ഇൻ ചെയ്ത് ഏതെങ്കിലും ഒരു കേസിന്റെ വിവരം

വളരെ എളുപ്പത്തിൽ കണ്ടെത്തുന്നതിന് ഈ പദ്ധതി വളരെയേറെ സഹായകമാണ്.

3. സംയോജിത ഓൺ ലൈൻ പോക്കുവരവ് (Online Mutation):

ഭൂസംബന്ധമായി റവന്യൂ രജിസ്ട്രേഷൻ, സർവ്വെ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു.

4. റവന്യൂ ഇ-പെയ്മെന്റ്: സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പെയ്മെന്റുകളും ഓൺലൈൻ വഴിയും വില്ലേജ് ഓഫീസുകളിൽ നേരിട്ടും ഒടുക്കുന്നതിനുള്ള ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

5. റിലീഫ് (സമഗ്ര ദുരന്ത മാനേജ്മെന്റ് സംവിധാനം): ദുരന്ത ബാധിതരായ ജനങ്ങൾക്ക് അനുവദിക്കുന്ന അടിയന്തര ധനസഹായം, ഭവന നാശം സംഭവിച്ചതിനുള്ള നഷ്ടപരിഹാരം എന്നിവ ലഭ്യമാക്കുന്നതിനുള്ള ഓൺലൈൻ സംവിധാനമാണിത്. ജനങ്ങളിൽനിന്നും സ്വീകരിക്കുന്ന അപേക്ഷകൾ വില്ലേജ് ഓഫീസ് മുഖാന്തരം ഓൺലൈൻ ആയി പ്രോസസ്സ്

ചെയ്യുവാനും നഷ്ടപരിഹാര തുക ഡയറക്ട് ബെനിഫിഷ്യറി ട്രാൻസ്ഫർ സംവിധാനം മുഖേന നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നൽകുന്നതിനും ഈ സംവിധാനത്തിലൂടെ സാധിക്കുന്നു.

6. റവന്യൂ മിത്രം: റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന എല്ലാത്തരം പരാതികളും വകുപ്പുമന്ത്രിക്ക് നൽകുന്നത് ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുകയെന്നതാണ് റവന്യൂ മിത്രം എന്നതുകൊണ്ടുദ്ദേശിക്കുന്നത്.

7. റവന്യൂ ഇ-സർവീസസ് മൊബൈൽ ആപ്ലിക്കേഷൻ: പൊതുജനങ്ങൾക്ക് ഭൂനികുതി, ഓഫ് ലൈൻ പോക്കുവരവ്, ഭൂരേഖകളുടെ നാളതീകരണത്തിനുമുള്ള അപേക്ഷകൾ എന്നിവ റവന്യൂ ഇ-സർവീസസ് മൊബൈൽ ആപ്ലിക്കേഷനിലൂടെ നൽകാവുന്നതാണ്. ഭൂമിയുടെ കൈവശാവകാശം സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുന്നതിനുള്ള ലാൻഡ് ഇൻഫൊർമേഷൻ സിസ്റ്റവും റവന്യൂ ഇ-സർവീസസ് മൊബൈൽ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

8. <u>തണ്ടപ്പേർ പകർപ്പ് ഓൺ ലൈൻ</u>: വില്ലേജ് ഓഫീസുകൾവഴി വിതരണം ചെയ്യുന്ന തണ്ടപ്പേർ പകർപ്പ് ഡിജിറ്റലായി സാക്ഷ്യപ്പെടുത്തി ഭൂവുടമകൾക്ക് വിതരണം ചെയ്യുന്നതിനുള്ള മൊഡ്യൂൾ. പൊതുജനങ്ങൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുവാനും ഫീസ് അടയ്ക്കുവാനും ഡിജിറ്റലായി സാക്ഷ്യപ്പെടുത്തിയ തണ്ടപ്പേർ പകർപ്പ് ഡൗൺലോഡ് ചെയ്തെടുക്കുവാനും സാധിക്കും.

9. <u>ലൊക്കേഷൻ മാപ്പ് ഓൺലൈൻ</u>: വില്ലേജ് ഓഫീസുകൾവഴി വിതരണം ചെയ്യുന്ന ലൊക്കേഷൻ സർട്ടിഫിക്കറ്റുകൾ ReLIS-മായി സംയോജിപ്പിച്ച് ഡിജിറ്റലായി സാക്ഷ്യപ്പെടുത്തി ഭൂവുടമകൾക്ക് വിതരണം ചെയ്യുന്നതിനുള്ള മൊഡ്യൂൾ. പൊതുജനങ്ങൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുവാനും ഫീസ് അടയ്ക്കുവാനും ലൊക്കേഷൻ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്തെടുക്കുവാനും സാധിക്കും.

10. <u>FMB ഓൺലൈൻ</u>: ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കിയ വില്ലേജ് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്ക് FMB പകർപ്പ് ഓൺലൈൻ ആയി അപേക്ഷിച്ച് ഡൗൺലോഡ് ചെയ്തെടുക്കുവാൻ കഴിയുന്ന മൊഡ്യൂൾ.

11. <u>വില്ലേജ് വെബ്സൈറ്റ്</u>: സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകൾക്കും പ്രത്യേകമായി വെബ്സൈറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. https://village.kerala.gov.in എന്ന വെബ്പോർട്ടൽ മുഖാന്തരം സംസ്ഥാനത്തെ 1666 വില്ലേജ് ഓഫീസുകളുടെയും വെബ് സൈറ്റുകൾ പൊതുജനങ്ങൾക്ക് സന്ദർശിക്കുവാൻ കഴിയുന്നതാണ്. വില്ലേജിനെപ്പറ്റിയുള്ള പൊതുവിവരങ്ങൾ, പ്രസ്തുത വില്ലേജിലെ ഭൂവിവരങ്ങൾ, വില്ലേജ് ഓഫീസുകളിൽനിന്നും ലഭ്യമാകുന്ന സേവനങ്ങൾ, റവന്യൂ വകുപ്പ് ലഭ്യമാക്കുന്ന ഡിജിറ്റൽ സേവനങ്ങൾ വിനിയോഗിക്കുന്നതിനുള്ള ഹൈപ്പർ ലിങ്കുകൾ, ടി വില്ലേജിലെ ജനസംഖ്യാപരവും ഭൂമിശാസ്ത്രപരവുമായ അടിസ്ഥാന സ്ഥിതി വിവര കണക്കുകൾ, ടി വില്ലേജിലെ പ്രധാന സ്ഥലങ്ങൾ തുടങ്ങിയവ വില്ലേജ് വെബ്സൈറ്റിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാണ്.

12. <u>കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം</u>: കേരള കെട്ടിട നികുതി നിയമം 1975 പ്രകാരം റവന്യൂ വകുപ്പ് മുഖേന പിരിച്ചെടുക്കുന്ന കെട്ടിട നികുതി, ആഡംബര നികുതി എന്നിവ സർക്കാർ വരുമാനത്തിന്റെ ഗണ്യമായ ഭാഗമാണ്. റവന്യൂ വകുപ്പിൽ കെട്ടിട നികുതി ഓൺലൈനായി

സ്വീകരിക്കുന്നതിനുള്ള വെബ് ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുള്ളതും പൊതുജനങ്ങൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുവാൻ കഴിയുന്നതുമാണ്.

13. കോവിഡ് എക്സ്ഗ്രേഷ്യ നഷ്ടപരിഹാര പോർട്ടൽ: കേന്ദ്ര-സംസ്ഥാന സർക്കാരുകൾ രൂപീകരിച്ച മാർഗ്ഗനിർദ്ദേശപ്രകാരം സംസ്ഥാനത്ത് കോവിഡ്-19 ബാധിച്ച് മരണപ്പെട്ട വ്യക്തിയുടെ കുടുംബത്തിന് എക്സ്ഗ്രേഷ്യ നഷ്ടപരിഹാരത്തിനായി അപേക്ഷ ജില്ലാ ദുരന്തനിവാരണ അതോറിറ്റി മുമ്പാകെ സമർപ്പിക്കുന്നതിനും എക്സ്ഗ്രേഷ്യ സഹായം ലഭ്യമാക്കുന്നതിനുമുള്ള സംവിധാനം.

14. ഭൂമി തരം മാറ്റം ഓൺലൈൻ: 2018-ലെ കേരളാ നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങൾ പ്രകാരം ഭൂമിയുടെ തരം മാറ്റുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിച്ച് ആവശ്യമായ നടപടികൾ ഓൺലൈനായി തന്നെ കൈക്കൊള്ളുന്നതിനുള്ള സംവിധാനം തയ്യാറാക്കിയിട്ടുള്ളതും 10-01-2022 മുതൽ സംസ്ഥാന വ്യാപകമായി നടപ്പിലാക്കിയിട്ടുള്ളതുമാണ്. ഈ സംവിധാനത്തിലൂടെ ജനങ്ങൾക്ക് ഭൂമി

തരം മാറ്റുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുവാനും ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ ഓൺലൈനായി തന്നെ വില്ലേജ് ഓഫീസുകളിൽ നടപടികൾ സ്വീകരിക്കുവാനും സാധിക്കുന്നതാണ്.

15. <u>ക്യാൻസർ, ക്ഷയ, കുഷ്ഠ രോഗ പെൻഷൻ</u>: അഗതികളായ ക്യാൻസർ, ക്ഷയം, കുഷ്ഠം എന്നീ രോഗം ബാധിച്ചവർക്ക് നിലവിൽ റവന്യൂ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഓട്ടോമേറ്റ് ചെയ്ത് ഇ-ഗവേണൻസ് പ്ലാറ്റ് ഫോമിലൂടെ ലഭ്യമാക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം നടപ്പാക്കിയിട്ടുണ്ട്. ക്യാൻസർ, ക്ഷയം, കുഷ്ഠം എന്നിവയ്ക്കുള്ള പെൻഷൻ അപേക്ഷകൾ പൊതുജനങ്ങൾക്ക് ഓൺലൈനായി സമർപ്പിക്കുന്നതിനും അപേക്ഷ വില്ലേജ്, താലൂക്ക് എന്നിവിടങ്ങളിൽ പ്രോസസ്സ് ചെയ്ത് ഗുണഭോക്താക്കളുടെ ലിസ്റ്റിലുൾപ്പെടുത്തി അപേക്ഷകന്റെ അക്കൗണ്ടിലേക്ക് ഡി.ബി.റ്റി. ആയി പെൻഷൻ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

16. <u>എൻഡോസൾഫാൻ വിക്ടിം ധനസഹായ പോർട്ടൽ</u>: കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ധനസഹായം

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സംവിധാനം.

(സി) വില്ലേജ് ഓഫീസുകളിലെ ഓൺലൈൻ സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഇന്റർനെറ്റ് സൗകര്യം എല്ലാ ഓഫീസുകളിലും ലഭ്യമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

എല്ലാ വില്ലേജ് ഓഫീസുകളിലും ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

**ബാലുശ്ശേരി മണ്ഡലത്തിൽ വില്ലേജ് ഓഫീസുകൾ പുതുക്കി പണിയുന്നതിനുള്ള നടപടി**

340 (5226) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലപ്പഴക്കമുള്ള കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടം പണിയുന്നതിനായി 2022-23 വർഷത്തിൽ എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് വകയിരുത്തിയിട്ടുള്ള 4800 ലക്ഷം രൂപയിൽ 2200 ലക്ഷം രൂപ സ്മാർട്ട് വില്ലേജുകളുടെ നിർമ്മാണം/ഭൂമി ഏറ്റെടുക്കലിനായി അനുവദിച്ചിട്ടുണ്ട്.

(ബി) ബാലുശ്ശേരി മണ്ഡലത്തിലെ കൊയിലാണ്ടി, താമരശ്ശേരി എന്നീ താലൂക്കുകളിൽ എത്ര വില്ലേജ് ഓഫീസുകളാണ് പുതുക്കി പണിയാനുള്ളത്; ഇവ പുതുക്കി പണിയുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ബാലുശ്ശേരി മണ്ഡലത്തിൽ താമരശ്ശേരി താലൂക്കിലെ വില്ലേജ് ഓഫീസുകളെല്ലാം പുതുക്കിപ്പണിയുന്നതിന് വിവിധ ഘട്ടങ്ങളിലായി സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. കൊയിലാണ്ടി താലൂക്കിലെ നടുവണ്ണൂർ വില്ലേജ് ഓഫീസിന് മാത്രമാണ് പുതിയ കെട്ടിട നിർമ്മാണം നിർവ്വഹിക്കുവാൻ ബാക്കിയുള്ളത്. അടുത്ത മൂന്ന് വർഷക്കാലത്തിനിടയിൽ എല്ലാ വില്ലേജുകളും സ്മാർട്ടാക്കുകയാണ് ഈ സർക്കാരിന്റെ ലക്ഷ്യം.

**വില്ലേജ് ഓഫീസുകൾ ഇ-ഓഫീസായി മാറ്റുന്നതിന് നടപടി**

341(5227) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വില്ലേജ് ഓഫീസുകൾ പൂർണ്ണമായും ഇ-ഓഫീസ് ആയി മാറിയിട്ടുണ്ടെന്നും എത്ര ഓഫീസുകളിൽ കെ-ഫോൺ മുഖേന ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്നും അറിയിക്കുമോ

സംസ്ഥാനത്ത് 869 വില്ലേജ് ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലായിട്ടുണ്ട്?

റവന്യൂ വകുപ്പിന്റെ കീഴിൽ കെ-ഫോൺ മുഖേന ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തിയ ഓഫീസുകളൊന്നുമ നിലവിലില്ല. എന്നാൽ എല്ലാ റവന്യൂ ഓഫീസുകളിലും കെ-ഫോൺ സംവിധാനം പൂർണ്ണമായും നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

(ബി) ഇ-ഓഫീസായി മാറാത്ത വില്ലേജ് ഓഫീസുകളുടെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

ഇ-ഓഫീസായി മാറാത്ത വില്ലേജ് ഓഫീസുകളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| **ജില്ല** | **വില്ലേജുകളുടെ എണ്ണം** |
|---|---|
| തിരുവനന്തപുരം | 124 |
| കൊല്ലം | 105 |
| പത്തനംതിട്ട | 35 |
| ആലപ്പുഴ | 93 |
| കോട്ടയം | Nil |
| ഇടുക്കി | 68 |
| എറണാകുളം | 122 |
| തൃശ്ശൂർ | Nil |
| പാലക്കാട് | 127 |
| മലപ്പുറം | Nil |
| കോഴിക്കോട് | Nil |
| വയനാട് | Nil |
| കണ്ണൂർ | 1 |
| കാസർഗോഡ് | 2 |
| **ആകെ** | **674** |

**കുണ്ടറ മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

342(5228) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിലെ ഏതൊക്കെ വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് ഓഫീസുകളായി മാറ്റിയിട്ടുള്ളതെന്നും മാറ്റപ്പെടാത്തവ ഏതൊക്കെയാണെന്നും വിശദമാക്കാമോ?

കുണ്ടറ മണ്ഡലത്തിലെ പേരയം, തൃക്കോവിൽവട്ടം, തഴുത്തല എന്നീ വില്ലേജ് ഓഫീസുകൾ നിലവിൽ സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തിയിട്ടുണ്ട്. ഇളമ്പള്ളൂർ, മുളവന, നെടുമ്പന, പള്ളിമൺ എന്നീ വില്ലേജ് ഓഫീസുകളുടെ സ്മാർട്ട് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുള്ളതും ഉദ്ഘാടനം പ്രതീക്ഷിക്കുന്നവയുമാണ്. പെരിനാട് വില്ലേജ് ഓഫീസിന്റെ സ്മാർട്ട് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ 30 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത നിയോജകമണ്ഡലത്തിൽ സ്മാർട്ട് വില്ലേജ് ഓഫീസായി ഇനി മാറ്റുവാനുള്ളത് കൊറ്റങ്കര വില്ലേജ് ഓഫീസ് മാത്രമാണ്.

**(ബി) പ്രസ്തുത മണ്ഡലത്തിൽ ഏതൊക്കെ വില്ലേജ് ഓഫീസുകളാണ് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ?**

കുണ്ടറ മണ്ഡലത്തിലെ പേരയം, തൃക്കോവിൽവട്ടം, തഴുത്തല എന്നീ വില്ലേജ് ഓഫീസുകളാണ് നിലവിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്.

(സി) പ്രസ്തുത മണ്ഡലത്തിൽ ഉൾപ്പെടുന്ന വില്ലേജ് ഓഫീസുകളിൽ വളരെയേറെ കാലപ്പഴക്കം ചെന്ന എത്ര കെട്ടിടങ്ങളാണുള്ളതെന്ന് വിശദമാക്കാമോ?

നിലവിൽ വളരെയേറെ കാലപ്പഴക്കം ചെന്ന വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ കുണ്ടറ മണ്ഡലത്തിന്റെ പരിധിയിൽ ഉൾപ്പെട്ടുവരുന്നില്ല.

**വട്ടിയൂർക്കാവ് മണ്ഡലത്തിൽ റവന്യൂ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ**

343(5229) ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് മണ്ഡലത്തിൽ റവന്യൂ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് അറിയിക്കുമോ; പ്രസ്തുത സ്ഥാപനങ്ങളിലെ ഫോൺ നമ്പർ, മേൽവിലാസം, ഇ-മെയിൽ വിലാസം, ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പരുകൾ എന്നിവ ലഭ്യമാക്കാമോ?

വട്ടിയൂർക്കാവ് മണ്ഡലത്തിൽ റവന്യൂ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, അവയുടെ ഫോൺ നമ്പർ, മേൽവിലാസം, ഇ-മെയിൽ

വിലാസം, ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പരുകൾ എന്നിവ അനുബന്ധമായി ചേർക്കുന്നു+.

(ബി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകൾ, അവയുടെ എണ്ണം, ഒഴിവുള്ള തസ്തികകൾ എന്നിവ വ്യക്തമാക്കാമോ?

വില്ലേജ് ഓഫീസുകളിൽ ഒരു വില്ലേജ് ഓഫീസർ, ഒരു സ്പെഷ്യൽ വില്ലേജ് ഓഫീസർ, ഒരു വില്ലേജ് അസിസ്റ്റന്റ്, രണ്ട് വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്സ് എന്നിങ്ങനെ അഞ്ച് സ്ഥിരം തസ്തികകൾ അനുവദിച്ചിട്ടുണ്ട്. വട്ടിയൂർക്കാവ്, കുടപ്പനക്കുന്ന് എന്നീ വില്ലേജുകളിൽ ഓരോ റവന്യൂ റിക്കവറി വില്ലേജ് ഓഫീസർമാരുടെ തസ്തികകൂടി അനുവദിച്ചിട്ടുണ്ട്. കുടപ്പനക്കുന്ന് വില്ലേജിലെ റവന്യൂ റിക്കവറി വില്ലേജ് ഓഫീസർ ജോലിക്രമീകരണ വ്യവസ്ഥയിൽ ആർ.ഡി. ഓഫീസിൽ ജോലിചെയ്യുന്നു. കുടപ്പനക്കുന്ന്, പേരൂർക്കട, വട്ടിയൂർക്കാവ്, ശാസ്തമംഗലം എന്നീ വില്ലേജുകളിൽ ഓരോ പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ നിലവിലുണ്ട്. മറ്റുള്ള ഓഫീസുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകൾ, അവയുടെ എണ്ണം, ഒഴിവുള്ള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തസ്തികകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ കരാർ/താൽക്കാലിക/ദിവസവേതന/ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

തിരുമല, കവടിയാർ എന്നീ വില്ലേജുകളിൽ ഓരോ കാഷ്വൽ സ്വീപ്പറും പേരൂർക്കട, വട്ടിയൂർക്കാവ്, തിരുമല, ശാസ്തമംഗലം എന്നീ വില്ലേജുകളിൽ തണ്ണീർത്തട അപേക്ഷകൾ തീർപ്പാക്കുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമിതരായ ഓരോ ക്ലാർക്കുമാരും ജോലിചെയ്യുന്നു. കളക്ടേറ്റിൽ 6 പാർട്ട് ടൈം സ്വീപ്പർ തസ്തികയുള്ളതിൽ 5 ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്നതും ഒരു തസ്തിക ഒഴിവുള്ളതുമാണ്. തിരുവനന്തപുരം സബ് കളക്ടറുടെ കാര്യാലയത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ഒരാൾ സേവനമനുഷ്ഠിക്കുന്നു. റീസർവ്വെ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ കരാർ/താല്കാലിക/ദിവസവേതന/അന്യത്ര സേവന വ്യവസ്ഥയിൽ ആരും തന്നെ ജോലി ചെയ്യുന്നില്ല. സ്പെഷ്യൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തഹസിൽദാരുടെ കാര്യാലയം, എൽ.എ.(എൻ.എച്ച്) പി.എം.ജി.-യിൽ ദിവസവേതന അടിസ്ഥാനത്തിൽ ഒരു ഡാറ്റ എൻട്രി ഓപ്പറേറ്ററും എൽ.എ.(ജനറൽ)-ൽ കരാർ തസ്തികയിൽ 2 ഡാറ്റ എൻട്രി ഓപ്പറേറ്റർമാരും നിയമിക്കപ്പെട്ടിട്ടുണ്ട്. സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം എൽ.എ.(എയർപോർട്ട്) -ൽ കരാർ തസ്തികയിൽ 1 ജീവനക്കാരനെ ഡാറ്റ എൻട്രി ജോലികൾക്കായി നിയമിച്ചിട്ടുണ്ട്.

(ഡി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽനിന്ന് ലഭ്യമാകുന്ന സേവനങ്ങൾ, അവ ലഭ്യമാകുന്നതിന് സമർപ്പിക്കേണ്ട രേഖകൾ എന്നിവ എന്തെല്ലാമെന്നും സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സമയപരിധി എത്രയെന്നും വിശദമാക്കാമോ?

വിവിധ റവന്യൂ ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന വിവിധ സേവനങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**മലമ്പുഴ മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ നവീകരണം**

344(5230) __ശ്രീ. എ. പ്രഭാകരൻ:__ താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകൾ നവീകരിക്കുന്നതിനാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്; വില്ലേജ് ഓഫീസിന്റെ പേര്, അനുവദിച്ച തുക എന്നിവ സഹിതം വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നവീകരണത്തിന് അനുമതി നൽകിയിട്ടുള്ള വില്ലേജ് ഓഫീസുകളിൽ മലമ്പുഴ മണ്ഡലത്തിലെ വില്ലേജ് ഓഫീസുകൾ ഉൾപ്പെട്ടിട്ടില്ല.

**വില്ലേജ് ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ**

345(5231) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ വില്ലേജ് ഓഫീസിലേയും സ്റ്റാഫ് പാറ്റേൺ, നിലവിലെ ഉദ്യോഗസ്ഥരുടെ എണ്ണം തുടങ്ങിയവ നൽകുന്നതിനായി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി 12-08-2022 തീയതിയായി നൽകിയ കത്തിന്മേൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിൽനിന്നും 3 ദിവസത്തിനകം റിപ്പോർട്ട് നൽകണമെന്ന നിർദ്ദേശത്തോടെ ലാൻഡ് റവന്യൂ കമ്മീഷണറുടെ 23-08-2022-ലെ എൽ.ആർ./9661/2022-എൽ.ആർ.(ഇ 1) നമ്പർ കത്തുപ്രകാരം ജില്ലാ കളക്ടർമാർക്ക് നൽകിയ നിർദ്ദേശത്തിന്മേൽ സമയക്രമം പാലിക്കാതെ റിപ്പോർട്ട് നൽകിയ ജില്ലാ കളക്ടർമാർ ആരെല്ലാമെന്ന് വ്യക്തമാക്കാമോ?

എറണാകുളം ജില്ല ഒഴികെ എല്ലാ ജില്ലകളിൽനിന്നും റിപ്പോർട്ട് ലഭ്യമായിട്ടുണ്ടെങ്കിലും താലൂക്ക്, വില്ലേജ് അടിസ്ഥാനത്തിൽ വിവരങ്ങൾ ശേഖരിച്ച് തയ്യാറാക്കേണ്ട റിപ്പോർട്ട് ആയതിനാൽ ഒരു ജില്ലയ്ക്കും സമയക്രമം പാലിക്കാൻ സാധിച്ചിട്ടില്ല.

(സി) ലാൻഡ് റവന്യൂ കമ്മീഷണറുടെ 23-8-2022-ലെ എൽ.ആർ./9661/2022-എൽ.ആർ.(ഇ 1) നമ്പർ കത്തിൽ ആവശ്യപ്പെട്ട 7 ചോദ്യങ്ങൾക്കുമുള്ള വിശദമായ മറുപടി ജില്ലാ കളക്ടർമാർ നൽകിയിട്ടുണ്ടോ; എങ്കിൽ ജില്ലാ കളക്ടർമാർ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നൽകിയ മറുപടിയുടെ പകർപ്പ് ജില്ല തിരിച്ച് ലഭ്യമാക്കാമോ?

എറണാകുളം ജില്ല ഒഴികെ എല്ലാ ജില്ലകളിൽനിന്നും റിപ്പോർട്ട് ലാൻഡ് റവന്യൂ കമ്മീഷണർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു+.

(ഡി) സർക്കാർ ആവശ്യപ്പെട്ട റിപ്പോർട്ട് യഥാസമയം നൽകാതെ കാലതാമസം വരുത്തിയ ഏതൊക്കെ ജില്ലയിലെ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ഇത്തരത്തിൽ നടപടി സ്വീകരിച്ചിട്ടില്ല.

**ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്താൻ നടപടി**

346(5232) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ റവന്യൂ വകുപ്പിൽ എത്ര തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നതെന്നും ഈ തസ്തികകൾ നികത്താൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും അറിയിക്കാമോ; ഒഴിവുണ്ടായ തീയതി, തസ്തിക എന്നിവ തിരിച്ച് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാസർഗോഡ് ജില്ലയിൽ റവന്യൂ വകുപ്പിൽ 52 തസ്തികകളാണ് ഒഴിഞ്ഞ് കിടക്കുന്നത്. പ്രവേശന തസ്തികയിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ഥാനക്കയറ്റം വഴി നികത്തേണ്ട ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒഴിവുകളുണ്ടായ തീയതി, തസ്തിക എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

**റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ നടപടി**

347(5233) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ക്രമക്കേടിൽ റവന്യൂ ഉദ്യോഗസ്ഥർക്ക് പങ്കുണ്ടെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് വിജിലൻസ് നടത്തിയ അന്വേഷണത്തിൽ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പങ്കുണ്ടെന്ന് വിവരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇത്തരത്തിൽ ക്രമക്കേട് നടത്തിയെന്ന് കണ്ടെത്തിയവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; അച്ചടക്ക നടപടി നേരിട്ടവരുടെ വിശദാംശം ലഭ്യമാക്കാമോ?

(എ-സി) സി.എം.ഡി.ആർ.എഫ്. ഫണ്ട് അനർഹർ നേടിയെടുക്കുന്നതായി ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസിന്റെ ഇന്റലിജൻസ് വിഭാഗം 22/02/23-ൽ "Operation CMDRF" എന്ന പേരിൽ 14 ജില്ലകളിലെയും കളക്ടറേറ്റുകളിലെ സി.എം.ഡി.ആർ.എഫ്. കൈകാര്യം ചെയ്യുന്ന സെക്ഷനുകളിൽ മിന്നൽ പരിശോധനകൾ നടത്തിയിരുന്നു. ആയതിന്റെ പ്രാഥമിക കണ്ടെത്തലുകൾ ലഭ്യമായത് പരിശോധിച്ചുവരുന്നു. പ്രസ്തുത പരിശോധനകളുടെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. പരിശോധന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

## റവന്യൂ വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റം

348(5234) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് (ട്രാൻസ്ഫർ & പോസ്റ്റിംഗ്) നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

റവന്യൂ വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റം 25-02-2017-ലെ സ.ഉ.(പി)നം.3/2017/ഉഭപവ., 29-08-2017-ലെ സ.ഉ.(എം.എസ്) നം.18/2017/ഉഭപവ, 05-04-2018-ലെ സ.ഉ.(കൈ) നം.10/2018/ഉഭപവ., 26-08-2020-ലെ സ.ഉ.(സാധാ)നം.2723/2020/റവ. എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കി വരുന്നത്. (ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്+).

(ബി) പ്രസ്തുത വകുപ്പിൽ പ്രമോഷൻ ലഭിക്കുന്ന ജീവനക്കാരെ തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ളവരെ ഒരു മേഖലയായും തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ളവരെ മറ്റൊരു മേഖലയായും തിരിച്ച് നിയമിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

റവന്യൂ വകുപ്പിൽ ജീവനക്കാർക്ക് സംസ്ഥാനതല സീനിയോറിറ്റി ക്രമത്തിൽ ജില്ലകളിലുണ്ടാകുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിലാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥാനക്കയറ്റം നൽകിവരുന്നത്. ജില്ലകളെ മേഖലയായി തിരിച്ച് സ്ഥാനക്കയറ്റം നൽകുന്നത് പ്രായോഗികമല്ല.

**പെരിന്തൽമണ്ണ മണ്ഡലത്തിലെ വില്ലേജ് ഓഫീസർമാരുടെ ഒഴിവുകൾ**

349(5235) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളിലാണ് വില്ലേജ് ഓഫീസർമാരുടെ ഒഴിവുള്ളതെന്ന് വിശദമാക്കുമോ?

പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലുള്ള വില്ലേജ് ഓഫീസുകളിൽ വില്ലേജ് ഓഫീസർമാരുടെ ഒഴിവ് നിലവിലില്ല.

(ബി) പെരിന്തൽമണ്ണ താലൂക്കിലെ കുരുവമ്പലം വില്ലേജ് ഓഫീസിൽ വില്ലേജ് ഓഫീസർ തസ്തികയിൽ നിലവിൽ ഓഫീസറുണ്ടോ എന്ന് വിശദമാക്കുമോ?

ഉണ്ട്. പെരിന്തൽമണ്ണ താലൂക്കിലെ കുരുവമ്പലം വില്ലേജ് ഓഫീസിൽ നിലവിൽ ശ്രീ. അഭിലാഷ് ആനന്ദ് ബി. (ജോലി ക്രമീകരണ വ്യവസ്ഥയിൽ) വില്ലേജ് ഓഫീസറായി സേവനമനുഷ്ഠിച്ചുവരുന്നു.

(സി) ഇല്ലെങ്കിൽ പ്രസ്തുത ഓഫീസിൽ എത്ര കാലമായി വില്ലേജ് ഓഫീസറുടെ ഒഴിവ് നിലനിൽക്കുന്നുവെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത ഒഴിവ് നികത്തുന്നതിന് എന്തുകൊണ്ടാണ് കാലതാമസം നേരിടുന്നതെന്ന് വിശദമാക്കുമോ?

(സി&ഡി) ചോദ്യം ഉദിക്കുന്നില്ല.

**റവന്യൂ വകുപ്പിലെ ഫയൽ തീർപ്പാക്കൽ അദാലത്തുകൾ**

350(5236) <u>ശ്രീ. തോമസ് കെ. തോമസ്:</u>
<u>ശ്രീ. കെ. പി.മോഹനൻ:</u>
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ:</u>
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ:</u>താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിലെ ഫയൽ തീർപ്പാക്കൽ അദാലത്തുകൾ മൂന്ന് മാസത്തിലൊരിക്കൽ നടത്താൻ നടപടി സ്വീകരിക്കുമോ എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

റവന്യൂ വകുപ്പിലെ ഫയൽ തീർപ്പാക്കൽ അദാലത്തുകൾ മൂന്ന് മാസത്തിലൊരിക്കൽ നടത്തുന്ന കാര്യത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ബി) റവന്യൂ വകുപ്പിലെ ജോലി ഭാരത്തിനനുസരിച്ച് (ഐ.സി.ടി.) ആവശ്യത്തിന് ജീവനക്കാരെ അനുവദിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

റവന്യൂ വകുപ്പിൽ വില്ലേജ് ഓഫീസുകളിലെ ജോലിഭാരത്തിനനുസരിച്ച് ഓരോ വില്ലേജ് ഓഫീസിലും ഒരു ക്ലാർക്കിന്റെ അധിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിശോധനയിലാണ്. കൂടാതെ തസ്തികകൾ ഒന്നും സൃഷ്ടിച്ചില്ലാത്ത വില്ലേജ് ഓഫീസുകളിൽ പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശയും സർക്കാരിന്റെ പരിശോധനയിലാണ്.

ജോലിഭാരം കൂടുതലുള്ള കാര്യാലയങ്ങളിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിച്ച് ജോലിഭാരം ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട ജോലികൾ

സമയബന്ധിതമായി തീർപ്പാക്കുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുള്ളതുമാണ്.

**അഴിക്കോട് മണ്ഡലത്തിലെ റവന്യൂ പുറമ്പോക്ക് ഭൂമി**

351(5237) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഴിക്കോട് മണ്ഡലത്തിലെ റവന്യൂ പുറമ്പോക്ക് ഭൂമിയുടെ വിവരങ്ങൾ താലൂക്ക്, വില്ലേജ്, റീസർവ്വെ നമ്പർ അടിസ്ഥാനത്തിൽ വിശദമാക്കാമോ?

അഴിക്കോട് മണ്ഡലത്തിലെ റവന്യൂ പുറമ്പോക്ക് ഭൂമിയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**അനന്തരാവകാശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് നടപടി**

352(5238) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനന്തരാവകാശ സർട്ടിഫിക്കറ്റിനായി ശ്രീമതി ഗീത, ശ്രീമതി ഗിരിജ, വിളയിൽ വീട്, വക്കം എന്നിവർ ചിറയിൻകീഴ് തഹസിൽദാർക്ക് നൽകിയ അപേക്ഷയിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത അപേക്ഷയുമായി ബന്ധപ്പെട്ട് തഹസിൽദാർ നടത്തിയ എല്ലാ കത്തിടപാടുകളുടെയും പകർപ്പ് ലഭ്യമാക്കുമോ?

അനന്തരാവകാശ സർട്ടിഫിക്കറ്റിനായി ശ്രീമതി ഗീത, ശ്രീമതി ഗിരിജ, വിളയിൽ വീട്, വക്കം എന്നിവർ ചിറയിൻകീഴ് തഹസിൽദാർ മുൻപാകെ 27-12-2022-ൽ സമർപ്പിച്ച അപേക്ഷ പരിശോധിച്ച് അനുബന്ധ രേഖകളായ പരേതയുടെ തിരിച്ചറിയൽ രേഖയുടെ പകർപ്പും ടിയാളുടെ പേരുൾപ്പെട്ട റേഷൻ കാർഡിന്റെ പകർപ്പും പരേതയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിന്റെ പൂർണ്ണമായ പകർപ്പും ഹാജരാക്കുന്നതിനായി 27-12-2022-ന് അപേക്ഷകയ്ക്ക് തഹസിൽദാർ കത്ത് നല്കിയിരുന്നതും ഫോൺ മുഖേന ബന്ധപ്പെട്ടപ്പോൾ നേരിട്ട് നിർദ്ദേശം നല്കിയിരുന്നതുമാണ്. കത്തിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു+.

(ബി) പ്രസ്തുത അപേക്ഷയിന്മേൽ വക്കം വില്ലേജ് ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു+.

(സി) ഇവരുടെ അപേക്ഷയിന്മേലുള്ള തീരുമാനം ചിറയിൻകീഴ് തഹസിൽദാർ അനന്തമായി നീട്ടിക്കൊണ്ടുപോകുന്നതിന് കാരണം വ്യക്തമാക്കാമോ; ഇതിൽ വീഴ്ച ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കുമോ?

അപേക്ഷകയോട് രേഖാമൂലം ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കാത്തതിനാലാണ് തുടർനടപടി സ്വീകരിക്കുന്നതിന് കാലതാമസമുണ്ടാകുന്നത്.

(ഡി) നടപടിക്രമങ്ങൾ പൂർത്തിയാക്കി അപേക്ഷകർക്ക് അടിയന്തരമായി അനന്തരാവകാശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പ്രസ്തുത രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് നിയമപരമായ എല്ലാവിധ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് അനന്തരാവകാശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പാലക്കാട് ജില്ലയിലെ റവന്യൂ പുറമ്പോക്ക് ഭൂമി

353(5239) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എവിടെയെല്ലാമാണ് റവന്യൂ പുറമ്പോക്ക് ഭൂമി ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമിയുടെ സർവ്വെ നമ്പർ, താലൂക്ക്, വില്ലേജ് എന്നിവ വ്യക്തമാക്കുമോ?

(എ&ബി) അനുബന്ധമായി ചേർക്കുന്നു+.

## ആശ്രിത സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച പരാതിയിന്മേൽ സ്വീകരിച്ച നടപടി

354(5240) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് മന്ത്രിയുടെ ഓഫീസിൽനിന്നും 2878/വി.ഐ.പി/എം(ആർ.ആൻഡ്.എച്ച്.) നമ്പരായി 25-11-2022-ന് കൊല്ലം ജില്ലാ കളക്ടർക്ക് കൈമാറിയ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരാതിയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പരാതി നിരസിച്ചിട്ടുണ്ടോ; എങ്കിൽ നിരസിക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ?

(എ&ബി) ആശ്രിത സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട് 2878/വി.ഐ.പി./എം(ആർ.ആൻഡ്.എച്ച്.) നമ്പരായി 25-11-2022-ന് കൊല്ലം ജില്ലാ കളക്ടർക്ക് കൈമാറിയ അപേക്ഷയിന്മേൽ തെക്കുംഭാഗം വില്ലേജ് ഓഫീസർ, തെക്കുംഭാഗം വില്ലേജിലെ ചാർജ്ജാഫീസർ, കരുനാഗപ്പള്ളി തഹസിൽദാർ എന്നിവർ അന്വേഷണം നടത്തുകയും അപേക്ഷകയായ സ്വാതി കൃഷ്ണ, പിതാവിന്റെ മരണത്തിനുമുമ്പ് തന്നെ വിവാഹിതയാണെന്നും സർക്കാർ ഉദ്യോഗസ്ഥനായ ഭർത്താവിന്റെ സംരക്ഷണയിൽ കഴിഞ്ഞുവരുന്നതായും മരണപ്പെട്ട വ്യക്തിയുടെ ആശ്രിത അല്ലായിരുന്നുവെന്നുള്ള വസ്തുതയും പ്രസ്തുത അന്വേഷണത്തിൽ ബോധ്യപ്പെട്ടതിനെ തുടർന്ന് പ്രസ്തുത അപേക്ഷ നിരസിച്ച് കക്ഷിക്ക് നിയമാനുസൃതം അറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) പരാതി നിരസിച്ചിട്ടുണ്ടെങ്കിൽ അത് ഏതെങ്കിലും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 12-04-2010-ലെ സ.ഉ. (പി)നം.14/2010/ഉ.ഭ.പ.വ. ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പരാതി നിരസിച്ചിട്ടുള്ളത്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു+.

## കരുനാഗപ്പള്ളി തെക്കുംഭാഗം വില്ലേജ് ഓഫീസിൽ നിന്നും നൽകിയ ആശ്രിത സർട്ടിഫിക്കറ്റ്

355(5241) **ഡോ. മാത്യു കുഴൽനാടൻ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ ജി.ഒ.(എം.എസ്.) നം.14/2010/പി.&എ.ആർ.ഡി. തീയതി 12-04-2010 ഉത്തരവുപ്രകാരം കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിന് കീഴിലുള്ള തെക്കുംഭാഗം വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കരുനാഗപ്പള്ളി തഹസിൽദാർ 2020 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എത്രപേർക്ക് സംസ്ഥാന സർക്കാരിന്റെ സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം അപേക്ഷ സമർപ്പിക്കുന്നതിന് ആശ്രിത സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; ഇപ്രകാരം ആശ്രിത സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള അപേക്ഷകരുടെ പേര്, മേൽവിലാസം തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാമോ?

2020, 2021, 2022 കാലത്തെ തൻപതിവേട്ടുകൾ പ്രകാരം തെക്കുംഭാഗം വില്ലേജാഫീസറുടെ 586/21, 123/22 എന്നീ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കരുനാഗപ്പള്ളി തഹസിൽദാർ ഓഫീസിൽനിന്നും യഥാക്രമം തെക്കുംഭാഗം വില്ലേജിൽ വടക്കും മുറിയിൽ മണികണ്ഠഭവനം പാലവിള തെക്കതിൽ അംജിത്ത് എം.എ., ശ്രീരത്നം വീട്ടിൽ ശ്രീമതി ദേവി എന്നിവർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം അപേക്ഷ സമർപ്പിക്കുന്നതിന് ആശ്രിത സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. കൂടാതെ 01-01-2020 മുതൽ 31-12-2022 വരെ e-district portal വഴി ആകെ 616 ആശ്രിത സർട്ടിഫിക്കറ്റ് കരുനാഗപ്പള്ളി താലൂക്കിൽനിന്നും നൽകിയിട്ടുണ്ട്.

എന്നാൽ ഇത് ഏത് ആവശ്യപ്രകാരമാണ് നൽകിയിട്ടുള്ളതെന്ന് കണ്ടെത്തുവാൻ സംവിധാനം ഇല്ലാത്തതുമാണ്.

(ബി) ഇപ്രകാരം ആശ്രിത സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള അപേക്ഷകളിൽ പങ്കാളിക്ക് സർക്കാർ/പൊതു മേഖല/സ്വകാര്യ സ്ഥാപനങ്ങളിൽ ജോലിയുള്ള എത്ര പേർക്ക് പ്രസ്തുത സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഇത്തരം അപേക്ഷകർക്ക് ആശ്രിത സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല.

**ഭൂമി തരം മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ**

356(5242) **ഡോ. എം. കെ. മുനീർ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരം മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കേരള നെൽവയിൽ - തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 27 (എ) പ്രകാരവും ബന്ധപ്പെട്ട ചട്ടങ്ങളുടെ അടിസ്ഥാനത്തിലുമാണ് നിലവിൽ റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ഭൂമി തരം മാറ്റ അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നത്. ഡേറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും റവന്യൂ

രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയതുമായ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരം മാറ്റുന്നതിനായി ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഇപ്രകാരമുള്ള അപേക്ഷകൾ, കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള വിവിധ ഫോറങ്ങളിലാണ് സമർപ്പിക്കേണ്ടത്. 50 സെന്റ് വരെ വിസ്തൃതിയുള്ള ഭൂമിയുടെ തരം മാറ്റുന്നതിന് ഫോറം 6-ലും 50 സെന്റിന് മുകളിൽ വിസ്തൃതിയുള്ള ഭൂമി തരം മാറ്റുന്നതിന് ഫോറം 7-ലും 1967 ജൂലൈ 4-ന് മുമ്പ് നികന്നതോ നികത്തിയതോ ആയ ഭൂമിയുടെ തരം മാറ്റത്തിനായി ഫോറം 9-ലും ഡാറ്റാ ബാങ്കിലെ ഉള്ളടക്കങ്ങൾ തിരുത്തുന്നതിനായി ഫോറം 5 -ലുമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. റവന്യൂ വകുപ്പിന്റെ പോർട്ടൽ മുഖേന ഓൺലൈനായാണ് നിലവിൽ ടി അപേക്ഷകൾ നൽകേണ്ടത്.

മേൽപ്രകാരം ലഭിക്കുന്ന അപേക്ഷകളിന്മേൽ വില്ലേജ് ഓഫീസർ/കൃഷി ഓഫീസർ മുഖാന്തരം അന്വേഷണം നടത്തിയുള്ള റിപ്പോർട്ട് ലഭ്യമാക്കിയും ആവശ്യമെങ്കിൽ നേരിട്ട് സ്ഥലപരിശോധന നടത്തിയും കെ.എസ്.

ആർ.ഇ.സി തയ്യാറാക്കിയ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെയും റവന്യൂ ഡിവിഷണൽ ആഫീസർ, ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ ഉത്തരവിന്റെ പകർപ്പ് റവന്യു രേഖകളിൽ ആവശ്യമായ മാറ്റം വരുത്തി നൽകുന്നതിന് നിർദ്ദേശിച്ച് കൊണ്ട്, ഭൂരേഖ തഹസിൽദാർക്ക് നൽകുന്നു. സബ് ഡിവിഷൻ നടപടി ആവശ്യമുള്ള കേസുകളിൽ സബ് ഡിവിഷൻ നടപടി പൂർത്തീകരിച്ച് ഭൂരേഖ തഹസിൽദാർ റവന്യൂ രേഖകളിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ആയതുപ്രകാരം വില്ലേജ് ആഫീസർ രേഖകളിൽ ആവശ്യമായ മാറ്റം വരുത്തുകയും ചെയ്യുന്നു.

(ബി) ഭൂമി തരം മാറ്റുന്നതിന് അപേക്ഷ നൽകേണ്ട അവസാന തീയതി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ല.

**ഉത്തരവുകളിലുണ്ടാകുന്ന തെറ്റുകൾ തിരുത്തിക്കിട്ടാൻ നടപടി**

357(5243) **ശ്രീ. സി. ആർ. മഹേഷ്:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലാൻഡ് റവന്യൂ കമ്മീഷണർ മുതൽ വില്ലേജ് ഓഫീസർ വരെയുള്ള ഉദ്യോഗസ്ഥർ പൊതുജനങ്ങളുടെ അപേക്ഷകളിന്മേൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളിലുണ്ടാകുന്ന തെറ്റുകൾ ഉത്തരവ് ഇറക്കുന്ന ഉദ്യോഗസ്ഥൻ തന്നെ തിരുത്തി പുതിയ ഉത്തരവ് നൽകുമോ; വ്യക്തമാക്കാമോ;

(ബി) ഒരു ഉദ്യോഗസ്ഥൻ നൽകുന്ന ഉത്തരവുകളിലുണ്ടായ തെറ്റുകൾ തിരുത്തുവാൻവീണ്ടും അപ്പീൽ നൽകണമെന്ന നിർദ്ദേശം ഏതെങ്കിലും നിയമ പ്രകാരമോ സർക്കാർ ഉത്തരവ് പ്രകാരമോ നിലവിലുണ്ടോ?

(എ&ബി) സംസ്ഥാനത്തെ ലാൻഡ് റവന്യൂ കമ്മീഷണർ മുതൽ വില്ലേജ് ഓഫീസർ വരെയുള്ള കാര്യാലയങ്ങളിൽ പൊതുജനങ്ങളുടെ അപേക്ഷകളിന്മേൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ എന്തെങ്കിലും തെറ്റുകൾ ("ക്ലറിക്കൽ എറർ") ഉണ്ടാകുകയാണെങ്കിൽ ആയത് അതേ ഉദ്യോഗസ്ഥൻ തന്നെ തിരുത്തി നൽകാറുണ്ട്. എന്നാൽ ഒരിക്കൽ പുറപ്പെടുവിച്ച ഉത്തരവുകൾ സംബന്ധിച്ച ആക്ഷേപങ്ങൾ, പരാതികൾ എന്നിവ പരിശോധിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് അപ്പലേറ്റ്

അതോറിറ്റിക്ക് അധികാരമുള്ളതാണ്. ബന്ധപ്പെട്ട ഉത്തരവുകളിൽ തന്നെ അപ്പീൽ സംബന്ധിച്ച വിവരങ്ങൾ നൽകിയിട്ടുണ്ടാകും.

(സി) ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട് ആർ.ഡി.ഒ-മാർ നൽകുന്ന ഉത്തരവുകളിലുണ്ടാകുന്ന തെറ്റുകൾ തിരുത്തി നൽകാൻ ജില്ലാ കളക്ടർക്ക് അപ്പീൽ നൽകണമെന്ന് പൊതുജനങ്ങളോട് പറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റവന്യൂ ഡിവിഷണൽ ഓഫീസർമാർ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം 2018 പ്രകാരം ഭൂമി തരം മാറ്റി ഉത്തരവ് നൽകുമ്പോൾ അതിൽ വരുന്ന "ക്ലറിക്കൽ എറർ" (സർവ്വെ നമ്പർ തെറ്റുക, വില്ലേജ്/പഞ്ചായത്തിന്റെ പേര് തെറ്റുക തുടങ്ങിയവ) സംബന്ധിച്ച് ആക്ഷേപം ഉയരുന്ന പക്ഷം ഉത്തരവ് നൽകിയ റവന്യൂ ഡിവിഷണൽ ഓഫീസർ തന്നെ അത് തിരുത്തി നൽകിവരുന്നു. എന്നാൽ ഉത്തരവ് സംബന്ധിച്ച് മറ്റ് പരാതികൾ (അപേക്ഷ അനുവദിച്ചത്/നിരസിച്ചത് സംബന്ധിച്ച ആക്ഷേപം, തരം മാറ്റം അനുവദിച്ചതുമൂലം സമീപ ഉടമസ്ഥന് എന്തെങ്കിലും തരത്തിലുള്ള

ബുദ്ധിമുട്ടുണ്ടായത് സംബന്ധിച്ച പരാതി തുടങ്ങിയവ) ഉണ്ടാകുന്ന പക്ഷം ജില്ലാ കളക്ടർ മുമ്പാകെ നിയമത്തിന്റെ വകുപ്പ് 27 (ബി) പ്രകാരം അപ്പീൽ സമർപ്പിക്കുകയുമാണ് ചെയ്യുന്നത്.

(ഡി) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 11-6-2015-ലെ 28795/എ.ആർ.13(2)/14 നമ്പർ സർക്കുലർ പ്രകാരം റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അവർ പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ തെറ്റുകൾ സ്വയം തിരുത്തി പുതിയ ഉത്തരവ് നൽകാൻ റവന്യൂ വകുപ്പിൽനിന്നും ഉത്തരവ് നൽകിയിട്ടുണ്ടോ; ആയതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ?

റവന്യൂ വകുപ്പിൽനിന്നും ഉത്തരവുകൾ ഒന്നും തന്നെ നൽകിയിട്ടില്ല.

ഇ-ഓഫീസ് സിറ്റിസൺ പോർട്ടൽ സംവിധാനം

358(5244) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുജനങ്ങൾക്ക് പരാതികളും അപേക്ഷകളും നേരിട്ട് സമർപ്പിക്കാനും തുടർനടപടികൾ ഓൺലൈനായി അറിയാനും കഴിഞ്ഞിരുന്ന ഇ-ഓഫീസ് സിറ്റിസൺ പോർട്ടൽ സംവിധാനം ഇപ്പോൾ 2 വർഷമായി നിർത്തിവച്ചിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

പ്രസ്തുത പദ്ധതി വീണ്ടും തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇ-ഓഫീസ് സിറ്റിസൺ പോർട്ടൽ സംവിധാനം ഇപ്പോൾ 2 വർഷമായി നിർത്തിവച്ചിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഐ.ടി മിഷന്റെ ഉടമസ്ഥതയിലുള്ള പ്രസ്തുത സംവിധാനം പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിച്ച് ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽനിന്നും ഐ.ടി.മിഷൻ ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

**സി.എം.ഡി.ആർ.എഫ്. ക്രമക്കേടിനെതിരെ നടപടി**

359(5245)<u>ശ്രീ. സണ്ണി ജോസഫ്</u>:
<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>:
<u>ശ്രീമതി കെ. കെ. രമ</u>:
<u>ശ്രീ. സജീവ് ജോസഫ്</u>:താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ നടന്നതായുള്ള ആരോപണം റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ ക്രമക്കേട് നടത്തിയതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ-സി) സി.എം.ഡി.ആർ.എഫ്. ഫണ്ട് അനർഹർ നേടിയെടുക്കുന്നതായി ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസിന്റെ ഇന്റലിജൻസ് വിഭാഗം 22-02-2023-ൽ "Operation CMDRF" എന്ന പേരിൽ 14 ജില്ലകളിലെയും കളക്ടറേറ്റുകളിലെ സി.എം.ഡി.ആർ.എഫ്. കൈകാര്യം ചെയ്യുന്ന സെക്ഷനുകളിൽ മിന്നൽ പരിശോധനകൾ നടത്തിയിരുന്നു. പ്രസ്തുത പരിശോധനയുടെ അന്തിമ റിപ്പോർട്ട്

ലഭ്യമായിട്ടില്ല. അന്തിമ റിപ്പോർട്ട് ലഭ്യമാവുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

## തിരൂരങ്ങാടി മണ്ഡലത്തിലെ സർക്കാർ ഭൂമി

360(5246) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ നിലവിലുള്ള സർക്കാർ ഭൂമിയുടെ വിശദവിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

പരപ്പനങ്ങാടി മുൻസിപ്പാലിറ്റി - 170.738 ഹെക്ടർ

തിരൂരങ്ങാടി മുൻസിപ്പാലിറ്റി - 108.6048 ഹെക്ടർ

എടരിക്കോട് പഞ്ചായത്ത് - 12.2640 ഹെക്ടർ

നന്നമ്പ്ര പഞ്ചായത്ത് - 450.524 ഹെക്ടർ

തെന്നല പഞ്ചായത്ത് - 3.4795 ഹെക്ടർ

(ബി) ഇവയുടെ എഫ്.എം.ബി. പകർപ്പുകളും ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകളുടെ പകർപ്പുകളും ലഭ്യമാക്കാമോ?

സർക്കാർ ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച വിവരങ്ങൾ പുറമ്പോക്ക്/അജ് മാഷ്/ബി.ടി.ആർ./എ രജിസ്റ്ററുകളിലായി പരിപാലിച്ച്

സൂക്ഷിച്ചുവരുന്നു. സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് ഒടുക്കുന്ന മുറയ്ക്ക് ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകളുടെ പകർപ്പും എഫ്.എം.ബി.-യുടെ പകർപ്പും ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽനിന്നും അനുവദിച്ചുവരുന്നു.

**കണ്ണൂർ ജില്ലയിലെ ഡിജിറ്റൽ സർവ്വേ പദ്ധതി**

361(5247) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ സർവ്വേ പദ്ധതി കണ്ണൂർ ജില്ലയിൽ ഏതൊക്കെ വില്ലേജുകളിൽ ആരംഭിച്ചിട്ടുണ്ടെന്ന് താലൂക്ക് തിരിച്ച് വിശദമാക്കാമോ?

ഡിജിറ്റൽ സർവ്വേ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കണ്ണൂർ ജില്ലയിലെ 14 വില്ലേജുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത 14 വില്ലേജുകളുടെയും ഡിജിറ്റൽ റീസർവ്വേ ജോലികൾ ആരംഭിച്ചിട്ടുള്ളതാണ്. ടി വില്ലേജുകളുടെ താലൂക്ക് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | താലൂക്ക് | വില്ലേജ് |
|---|---|---|
| 1 | ഇരിട്ടി | വിളമന |
| 2 | ഇരിട്ടി | കണിച്ചാർ |
| 3 | ഇരിട്ടി | ആറളം |
| 4 | ഇരിട്ടി | ചാവശ്ശേരി |
| 5 | ഇരിട്ടി | കരിക്കോട്ടക്കരി |

| | | |
|---|---|---|
| 6 | കണ്ണൂർ | കണ്ണൂർ 1 |
| 7 | കണ്ണൂർ | കണ്ണൂർ 2 |
| 8 | കണ്ണൂർ | പള്ളിക്കുന്ന് |
| 9 | കണ്ണൂർ | എളയാവൂർ |
| 10 | കണ്ണൂർ | പുഴാതി |
| 11 | കണ്ണൂർ | വളപട്ടണം |
| 12 | കണ്ണൂർ | അഴിക്കോട് സൗത്ത് |
| 13 | തലശ്ശേരി | കോട്ടയം |
| 14 | തലശ്ശേരി | തലശ്ശേരി |

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദവിവരം അറിയിക്കാമോ?

സംസ്ഥാനത്ത് 2022 നവംബർ മാസം ആരംഭിച്ച ഡിജിറ്റൽ റീസർവ്വേ പദ്ധതി പ്രകാരം ആദ്യത്തെ മൂന്ന് വർഷം 400 വില്ലേജുകൾ വീതവും, നാലാം വർഷം 350 വില്ലേജുകളും സർവ്വേ ചെയ്ത് ആകെ 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വേ നാലു വർഷം കൊണ്ട് പൂർത്തിയാക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വേ അഞ്ചര മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ടി പദ്ധതിയിൽ 70 ശതമാനം CORS and RTK ഉപയോഗിച്ചും

10 ശതമാനം DRONE and LIDAR ടെക്നോളജി ഉപയോഗിച്ചും 20 ശതമാനം RETS ഉപയോഗിച്ചും സർവ്വേ ചെയ്യുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

**പുനലൂർ നിയോജകമണ്ഡലത്തിലെ റവന്യൂഭൂമിയുടെ വിസ്തീർണം**

362(5247) **ശ്രീ. പി. എസ്. സുപാൽ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിൽ പതിച്ചു കൊടുക്കാൻ കഴിയുന്ന തരത്തിലുള്ള സർക്കാർ ഭൂമി ഏതൊക്കെ വില്ലേജുകളിൽ ഏതൊക്കെ പ്രദേശങ്ങളിലുണ്ടെന്ന വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഭൂമിയുടെ വിസ്തീർണ്ണം (സെന്റ്/ഏക്കർ), സർവ്വേ നമ്പർ, പ്രദേശം, ഉൾപ്പെടുന്ന വില്ലേജ്, നിലവിൽ ആരുടെ കൈവശത്തിലാണുള്ളതെന്ന വിവരം എന്നിവ ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത മണ്ഡലത്തിൽ ഏതൊക്കെ വില്ലേജുകളിൽ കുത്തകപ്പാട്ട സ്ഥലം അനധികൃത കൈവശത്തിലുണ്ടെന്ന് അറിയിക്കുമോ; പ്രസ്തുത ഭൂമിയുടെ വിസ്തീർണ്ണം (സെന്റ്/ഏക്കർ), സർവ്വേ നമ്പർ, പ്രദേശം,

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾപ്പെടുന്ന വില്ലേജ്, നിലവിൽ ആരുടെ കൈവശത്തിലാണുള്ളതെന്ന വിവരം എന്നിവ ലഭ്യമാക്കാമോ?

പുനലൂർ താലൂക്ക് പരിധിയിൽപ്പെട്ട വാളക്കോട്, പുനലൂർ, ആയിരനല്ലൂർ, ആര്യങ്കാവ്, കുളത്തൂപ്പുഴ, തിങ്കൾക്കരിക്കം തുടങ്ങിയ വില്ലേജുകളിൽ കുത്തകപ്പാട്ട ഭൂമികൾ അന്യ കൈവശത്തിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി കേസുകളിൽ പലതിലും സ്കെച്ചുകളുടെ അഭാവത്താലും റീസർവ്വേ അപാകതകൾമൂലവും ഭൂമി അളന്ന് തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. പാട്ടം റദ്ദ് ചെയ്ത പല കേസുകളിലും പാട്ടക്കക്ഷികൾ കോടതിക്കേസുകൾ ഫയൽ ചെയ്തിട്ടുള്ളതിനാൽ ഭൂമി ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. തിട്ടപ്പെടുത്താൻ കഴിയാത്ത പല കേസുകളിലും താലൂക്ക് സർവ്വേയർ മുഖേന ഭൂമി ആളന്ന് തിട്ടപ്പെടുത്തി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത മണ്ഡലത്തിൽ വിവിധ വകുപ്പുകളുടെ കൈവശത്തിൽ ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമി ഏതൊക്കെ വില്ലേജുകളിൽ ഏതൊക്കെ പ്രദേശങ്ങളിൽ ഉണ്ടെന്ന വിവരം ശേഖരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; എങ്കിൽ പ്രസ്തുത ഭൂമിയുടെ വിസ്തീർണ്ണം (സെന്റ്/ഏക്കർ),

സർവേ നമ്പർ, പ്രദേശം, ഉൾപ്പെടുന്ന വില്ലേജ്, നിലവിൽ ആരുടെ കൈവശത്തിലാണുള്ളതെന്ന വിവരം എന്നിവ ലഭ്യമാക്കാമോ?

പുനലൂർ മണ്ഡലത്തിൽ ആയിരനല്ലൂർ, ഇടമൺ വില്ലേജുകളിൽ ജലസേചന വകുപ്പിന്റെ കൈവശത്തിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയുണ്ടെങ്കിലും സർവ്വേ സ്കെച്ചിന്റെ അഭാവംമൂലം ടി ഭൂമി അളന്ന് തിട്ടപ്പെടുത്തിയിട്ടില്ലാത്തതാണ്.

**രണ്ടാം നൂറുദിന പരിപാടികളും ഡിജിറ്റൽ റീസർവ്വേയുടെ പുരോഗതിയും**

363(5249) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി ആരംഭിച്ച ഡിജിറ്റൽ റീസർവ്വേ നടപടികളുടെ പുരോഗതി വിശദമാക്കുമോ?

റവന്യൂ ഭരണം സുഗമമാക്കുന്നതിനും, ഭൂസംബന്ധമായ സേവനങ്ങൾ കൂടുതൽ സുഗമമായ രീതിയിൽ ഓൺലൈൻ സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി "എന്റെ ഭൂമി" എന്ന പേരിൽ സംസ്ഥാനത്ത് ആരംഭിച്ച ഡിജിറ്റൽ റീസർവ്വേ നാലു വർഷം കൊണ്ട്

പൂർത്തിയാക്കുവാനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ ഇതിനോടകം ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കിയിട്ടുള്ളതും പുരോഗതിയിലുള്ളതുമായ 116 വില്ലേജുകൾ ഒഴികെ 1550 വില്ലേജുകളിലാണ് ഡിജിറ്റൽ സർവ്വേ നടത്തുന്നത്.

ഇതിൽ ആദ്യഘട്ട 200 വില്ലേജുകളിൽ സർവ്വേ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. പൂർണ്ണമായും പൊതുജന പങ്കാളിത്തത്തോടെ അത്യാധുനിക സർവ്വേ ഉപകരണങ്ങൾ ഉപയോഗിച്ച് പൂർണ്ണമായും സോഫ്റ്റ്‌വെയർ അധിഷ്ഠിതമായി നടത്തുന്ന പദ്ധതിക്കുവേണ്ടി 'എന്റെ ഭൂമി' എന്ന പേരിൽ ഓൺലൈൻ പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്.

പദ്ധതി പ്രകാരമുള്ള ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിലേക്കായി 1500 സർവയർമാരെയും 3200 ഹെൽപ്പർമാരെയും എംപ്ലോയ്മെന്റ് മുഖേന കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയിൽ പൂർണ്ണ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വാർഡു തലങ്ങളിൽ സർവ്വേ സഭകൾ

കൂടി ഭൂവുടമസ്ഥർക്ക് പദ്ധതിയെ സംബന്ധിച്ച് വിശദീകരണം നൽകുന്നതിനും ആശങ്കകൾ ദൂരീകരിക്കുന്നതിനുമുള്ള നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) റവന്യൂ വകുപ്പിന്റെ സ്വപ്നപദ്ധതികളിലൊന്നായ ഡിജിറ്റൽ റീസർവ്വേ യാഥാർത്ഥ്യമാക്കുന്നതിനായി സർവ്വേ ഓഫ് ഇന്ത്യയുടെ സഹകരണം അഭ്യർത്ഥിച്ചിരുന്നോ; എങ്കിൽ പ്രതികരണം എന്തായിരുന്നുവെന്ന് വിശദമാക്കുമോ?

സർവ്വേ ഓഫ് ഇന്ത്യയുടെ സഹകരണത്തോടെയാണ് സംസ്ഥാനത്ത് 28 CORS സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളത്. അത്യാധുനിക സർവ്വേ ഉപകരണങ്ങളായ Real Time Kinematic (RTK) Rover Robotic Total Station, Tablet PC എന്നിവ ലഭ്യമാക്കി ടി ഉപകരണങ്ങളെ Continuously Operating Reference Station (CORS) എന്ന GPS Network -ന്റെ പരിധിക്കുള്ളിൽ പ്രവർത്തിപ്പിച്ച് ഏകീകൃതമായി ഡിജിറ്റൽ സർവ്വേ നടത്തുന്ന പദ്ധതിയാണ് സംസ്ഥാനത്ത് നിലവിൽ നടന്നുവരുന്നത്. റവന്യൂ മന്ത്രിയും സർവ്വേ റവന്യൂ

ഉദ്യോഗസ്ഥരും സർവ്വേ ഓഫ് ഇന്ത്യയുടെ ആസ്ഥാനത്തുവച്ച് ആവശ്യമായ ചർച്ചകൾ നടത്തിയിട്ടുണ്ട്.

(സി) ഡിജിറ്റൽ റീസർവേ പൂർത്തിയാകുന്നതിലൂടെ സർവ്വേ, റവന്യൂ, രജിസ്ട്രേഷൻ മേഖലകളിൽ ഉണ്ടാകുമെന്ന് വിലയിരുത്തിയിട്ടുള്ള നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഡിജിറ്റൽ സർവ്വേ പദ്ധതിയുടെ ആരംഭം മുതൽ അവസാനം വരെയുള്ള എല്ലാ നടപടികളും ഏറ്റവും സുതാര്യമാക്കുന്നതിന്റെ ഭാഗമായി പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് എന്റെ ഭൂമി' എന്ന ഓൺലൈൻ പോർട്ടൽ സർവ്വേയും ഭൂരേഖയും വകുപ്പ് സജ്ജീകരിച്ചിട്ടുണ്ട്. സർവ്വേ സംബന്ധിച്ച എല്ലാ വിവരങ്ങളും ഈ പോർട്ടൽ മുഖേന അറിയാൻ സാധിക്കുന്നതാണ്. ഡിജിറ്റൽ സർവ്വേ നടപടികൾ പൂർത്തിയാകുന്ന വില്ലേജുകളിൽ സർവ്വേ- റവന്യൂ- രജിസ്ട്രേഷൻ വകുപ്പുകളിലെ സേവനങ്ങൾ ഒരു ഏകജാലക ഓൺലൈൻ സംവിധാനത്തിലൂടെ ജനങ്ങളിൽ എത്തിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിനുള്ള സംവിധാനം NIC മുഖേന തയ്യാറാക്കിവരുന്നു.

(ഡി) റവന്യൂ വകുപ്പിന്റെ സമഗ്രമായ പുന:സംഘടന നടപ്പിലാക്കുന്നതിന് സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

പദ്ധതി തയ്യാറാക്കിയിട്ടില്ല.

(ഇ) രണ്ടാം നൂറുദിന പരിപാടിയിൽ വകുപ്പിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം അറിയിക്കാമോ?

സർക്കാർ 2 വർഷം പൂർത്തിയാക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന മൂന്നാം 100 ദിന കർമ്മ പരിപാടി 2023 ഫെബ്രുവരി 10 മുതൽ 2023 മേയ് 20 വരെയാണ്. മൂന്നാം നൂറ് ദിന കർമ്മ പരിപാടിയിൽ റവന്യൂ വകുപ്പിന്റെ 19 പദ്ധതികളിലായി 167 സംരഭങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. 40000 പട്ടയങ്ങളുടെ വിതരണം.

2. CORS Control Centre ഉദ്ഘാടനം.

3. അനധികൃത പ്രകൃതി ചൂഷണം റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഓൺലൈൻ സംവിധാനം.

4. ഇടുക്കിയിൽ റവന്യൂ ഗസ്റ്റ് ഹൗസ്.

5. ഐ.എൽ.ഡി.എം.-ൽ ഓപ്പൺ എയർ ഓഡിറ്റോറിയം

6. ഓൺലൈൻ ബി.റ്റി.ആർ. മൊഡ്യൂൾ.

7. കോട്ടയം ജില്ല റവന്യൂ ഇ- ജില്ലയായി മാറുന്നു.

8. കോഴിക്കോട് സബ്ബ് കളക്ടറുടെ ക്യാമ്പ് ഓഫീസ്

9. ജില്ലാ അടിയന്തര കാര്യ നിർവ്വഹണ കേന്ദ്രം (DEOC)

10. ഡിജിറ്റൽ സർവ്വേയുടെ ഭാഗമായി തോഴിലവസരങ്ങൾ സൃഷ്ടിക്കുന്നു.

11. താലൂക്ക് അടിയന്തര കാര്യനിർവ്വഹണ കേന്ദ്രങ്ങളുടെ ഉദ്ഘാടനം (TEOC).

12. തൃശ്ശൂർ താലൂക്ക് ഓഫീസ് പൈതൃക മന്ദിര ഉദ്ഘാടനം.

13. പ്രവാസികളുടെ റവന്യൂ സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പ്രവാസി സെൽ

14. മാനന്തവാടി സബ്ബ് കളക്ടറുടെ ക്യാമ്പ് ഓഫീസ് ഉദ്ഘാടനം.

15. രാജീവ് ഗാന്ധി ദശലക്ഷം ഭവനപദ്ധതിയിലെ ഗുണഭോക്താക്കൾക്ക് പട്ടയം അനുവദിക്കുന്നത്

16. പട്ടയമിഷൻ.

17. സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ ഉദ്ഘാടനം.

18. റവന്യൂ അവാർഡ് വിതരണം.

19. റവന്യൂ ഇ- സാക്ഷരതാ മിഷൻ.

## ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ് യോഗ്യതാപരീക്ഷ ഒഴിവാക്കുന്ന നടപടി

364(5250) **ശ്രീ. പി. ഉബൈദുള്ള:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെപ്യൂട്ടി തഹസിൽദാർ തസ്തികയുടെ യോഗ്യതാപരീക്ഷയായ ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ്, പ്രൊമോഷൻ ടെസ്റ്റ് ആക്കണമെന്ന് ഏതെങ്കിലും സർവീസ് സംഘടന 1980 മുതൽ 2022 വരെയുള്ള കാലയളവിൽ ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ഏത് സംഘടനയാണ് ആവശ്യമുന്നയിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ?

ക്രിമിനൽ ജുഡീഷ്യറി ടെസ്റ്റ് തഹസിൽദാർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിനുവേണ്ടിയുള്ള ടെസ്റ്റ് യോഗ്യത ആക്കണമെന്ന് റവന്യൂ വകുപ്പിലെ അംഗീകൃത സർവ്വീസ് സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഏതെങ്കിലും സർവീസ് സംഘടന പ്രസ്തുത വിഷയം ഒരു സബ് കമ്മിറ്റിയെ വച്ച് പഠന വിധേയമാക്കിയിട്ടുണ്ടോ; ഇക്കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 1980-ലെ കേരള റവന്യൂ സബോർഡിനേറ്റ് സർവീസ് സ്പെഷ്യൽ റൂൾസ് പ്രകാരം ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് ആയശേഷംപോലും ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ് പാസ്സാകാൻ അവസരം

നല്കിയിട്ടുണ്ടെന്നിരിക്കെ പ്രസ്തുത യോഗ്യത ഒഴിവാക്കുന്ന പുതിയ സ്പെഷ്യൽ റൂൾ ഭേദഗതി വകുപ്പിനെ ശാക്തീകരിക്കുന്നതാണോ; ഇതുമൂലം സർക്കാരിനോ പൊതുജനങ്ങൾക്കോ എന്തെങ്കിലും പ്രയോജനമുണ്ടോ; ഇതുമൂലം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

മുൻകാലങ്ങളിൽ ഡെപ്യൂട്ടി തഹസിൽദാർ/ ജൂനിയർ സൂപ്രണ്ട് തസ്തിക സെക്കന്റ് ക്ലാസ് മജിസ്ട്രേറ്റിന് തുല്യമായിരുന്നതിനാൽ അവർക്ക് മജിസ്റ്റീരിയൽ ഡ്യൂട്ടി ചെയ്യേണ്ട സാഹചര്യമുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അവരുടെ ജോലി സ്വഭാവത്തിൽ മാറ്റംവന്നിട്ടുണ്ട് എന്നതിനാലും പ്രസ്തുത തസ്തികയിലെ ജോലി നിർവ്വഹണത്തിന് നിലവിൽ ക്രിമിനൽ ജൂഡീഷ്യൽ ടെസ്റ്റ് യോഗ്യത അനിവാര്യമല്ലെന്ന് വിലയിരുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് കേരള റവന്യൂ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 10 ൽ പ്രതിപാദിച്ചിട്ടുള്ള ടെസ്റ്റുകളിൽ ക്രമനമ്പർ 3 പ്രകാരമുള്ള ക്രിമിനൽ ജൂഡീഷ്യറി ഒഴിവാക്കി വിശേഷാൽ ചട്ടം ഭേദഗതി ചെയ്യുവാൻ തീരുമാനിച്ചിട്ടുള്ളത്.

(ഡി) നിലവിൽ ഡെപ്യൂട്ടി തഹസിൽദാർ/സമാന തസ്തികകളിൽ ടെസ്റ്റ് യോഗ്യത നേടാത്ത എത്ര പേരുണ്ടെന്ന് വ്യക്തമാക്കാമോ; ഇവരിൽ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം സർവ്വീസിൽ പ്രവേശിച്ചവർ എത്രപേർ ഉണ്ടെന്ന് വ്യക്തമാക്കാമോ?

ഓരോ വർഷവും ടെസ്റ്റ് പാസ്സായി യോഗ്യത നേടുന്ന ജീവനക്കാരുടെ വിവരം ജില്ലകളിൽനിന്നും പ്രസ്തുത ജീവനക്കാരുടെ നിരീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനുള്ള ശിപാർശ ലഭിക്കുമ്പോൾ മാത്രമാണ് ലഭ്യമാകുന്നത്. ചില ജീവനക്കാർക്ക് ടെസ്റ്റ് യോഗ്യത നേടുന്നതിന് മുൻപ് ചട്ടം 13B-ൽ പറയുന്ന പ്രകാരം 50 വയസ്സ് പൂർത്തിയാക്കുന്ന മുറയ്ക്ക് പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിക്കുന്നതിനാൽ approved probationers-ന്റെ സീനിയോറിറ്റി ലിസ്റ്റിൽനിന്നും ടെസ്റ്റ് യോഗ്യത നേടിയവരുടെ വിവരം അറിയാൻ സാധിക്കുന്നില്ല. ടി വിവരങ്ങൾ ജീവനക്കാർ ഓരോരുത്തരുടേയും സേവന പുസ്തകങ്ങൾ പ്രത്യേകം പ്രത്യേകം പരിശോധിച്ചാൽ മാത്രമേ കൃത്യമായി ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ.

(ഇ) റവന്യൂ വകുപ്പിൽ ക്ലാർക്ക് മുതലുള്ള ജീവനക്കാരിൽ എത്രപേർ ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ് പാസ്സായി പ്രൊമോഷന് യോഗ്യത നേടിയിട്ടുണ്ടെന്നും ആയത് ഒഴിവാക്കുന്നതിലൂടെ എത്ര പേർക്ക് ഗുണം ലഭിക്കുമെന്നും വ്യക്തമാക്കാമോ?

ഓരോ വർഷവും പബ്ലിക്ക് സർവ്വീസ് കമ്മീഷൻ രണ്ട് തവണ വീതം ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ് നടത്തുമെന്നതിനാലും വിജയിക്കുന്ന ജീവനക്കാർ അതത് സമയങ്ങളിൽ ടി വിവരം ഓഫീസ് മേധാവിയെ രേഖാമൂലം അറിയിക്കാത്തതിനാലും കൃത്യമായ ജീവനക്കാരുടെ വിവരം ലഭ്യമല്ല.

**ഭവന നിർമ്മാണ ബോർഡിൽ ശമ്പള പരിഷ്കരണത്തിനുള്ള നടപടി**

365(5251) **ശ്രീ. എം. വിൻസെന്റ്:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡിൽ ശമ്പള/പെൻഷൻ പരിഷ്കരണം അവസാനമായി നടപ്പാക്കിയത് എന്നാണ്; ബോർഡിൽ ശമ്പള /പെൻഷൻ പരിഷ്കരണം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

10-10-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 8/2018/ഭവനം പ്രകാരം പത്താം ശമ്പള പരിഷ്കരണവും 03-01-2020-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 1/2020/ഭവനം പ്രകാരം പത്താം പെൻഷൻ പരിഷ്കരണവും ഭവന നിർമ്മാണ ബോർഡിൽ നടപ്പിലാക്കിയിട്ടുണ്ട്. ബോർഡിൽ പതിനൊന്നാം ശമ്പള പരിഷ്കരണവും പെൻഷൻ പരിഷ്കരണവും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഭവനനിർമ്മാണ ബോർഡിന് സർക്കാർ നൽകിവരുന്ന വാർഷിക ഗ്രാന്റ് നിലവിൽ എത്രയാണ്; പ്രസ്തുത ഗ്രാന്റ് കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

2022-23 സാമ്പത്തിക വർഷത്തിൽ ഭവന നിർമ്മാണ ബോർഡിന് അനുവദിച്ച വാർഷിക ഗ്രാന്റ് 85.65 ലക്ഷം രൂപയാണ്. പ്രസ്തുത ഗ്രാന്റ് കാലോചിതമായി പരിഷ്കരിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

## ഭവനനിർമ്മാണ ബോർഡ് ലീസിന് നൽകിയ ഭൂമി

366(5252)ശ്രീ. സണ്ണി ജോസഫ്:

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭവന നിർമ്മാണ ബോർഡിന്റെ ഭൂമി മുൻ സർക്കാരിന്റെ കാലത്ത് ലീസിന് നൽകിയിട്ടുണ്ടോയെന്നും എങ്കിൽ ആർക്കാണ് നൽകിയതെന്നും അറിയിക്കാമോ; ഇപ്രകാരം ലീസിന് നൽകിയത് സംബന്ധിച്ച ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ കൈവശാവകാശത്തിലുണ്ടായിരുന്ന ചെറുവയ്ക്കൽ വില്ലേജിലെ ആക്കുളം പദ്ധതി പ്രദേശത്തുള്ള സ്ഥലത്തുനിന്നും 05-02-2021-ലെ സ.ഉ.(കൈ)നം. 42/2021/റവ. നമ്പർ ഉത്തരവ് പ്രകാരം 1 ഏക്കർ ഭൂമി വീതം യു.എ.ഇ കോൺസുലേറ്റും വിദേശ് ഭവനും നിർമ്മിക്കുന്നതിനും, 26-02-2021-ലെ സ.ഉ.(കൈ)നം.90/2021/റവ. നമ്പർ ഉത്തരവ് പ്രകാരം 4 ഏക്കർ ഭൂമി സത്സംഗ് ഫൗണ്ടേഷന് യോഗ ആൻഡ് റിസർച്ച് സെന്റർ

സ്ഥാപിക്കുന്നതിനും പാട്ടത്തിന് നൽകിയിട്ടുണ്ട്. ഇപ്രകാരം ലീസിന് നൽകിയത് സംബന്ധിച്ച ഫയലുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

**ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ**

367(5253) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ എത്രയെണ്ണം നാളിതുവരെ ഭവന നിർമ്മാണ ബോർഡ് മുഖേന നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

2016-2017 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും കിഫ്ബി ധനസഹായത്തോടുകൂടി താഴെപ്പറയുന്ന റവന്യൂ ടവറുകളുടെയും മിനി സിവിൽ സ്റ്റേഷനുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി 31-08-2018-ലെ സ.ഉ.(സാധാ) നം.3570/ 2018/റവ.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പ്രകാരം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നെടുമങ്ങാട്, കൊല്ലം, പന്തളം, കൊട്ടാരക്കര (രണ്ടാം ഘട്ടം), തിരുവല്ല, ചങ്ങനാശ്ശേരി, തൊടുപുഴ, പീരുമേട്, എറണാകുളം, കോതമംഗലം, സുൽത്താൻ ബത്തേരി, ചാലക്കുടി, മട്ടന്നൂർ, ആലപ്പുഴ ആർ.ഡി.ഒ കോംപ്ലക്സ്, മുളന്തുരുത്തി, അടിമാലി, പട്ടാമ്പി, നിലമ്പൂർ, വടകര, ചടയമംഗലം മിനി സിവിൽ സ്റ്റേഷൻ, മതിലകം മിനി സിവിൽ സ്റ്റേഷൻ, പത്തനാപുരം മിനി സിവിൽ സ്റ്റേഷൻ, വെള്ളരിക്കുണ്ട് മിനി സിവിൽ സ്റ്റേഷൻ ഇവയിൽ സർക്കാരിൽനിന്നും ഭരണാനുമതി ലഭ്യമായ ചടയമംഗലം, പത്തനാപുരം, നിലമ്പൂർ, വടകര, പട്ടാമ്പി, മുളന്തുരുത്തി, ചാലക്കുടി എന്നിവിടങ്ങളിലുള്ള റവന്യൂ ടവറുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്നപക്ഷം ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. ചടയമംഗലം റവന്യൂ ടവർ പദ്ധതി സർക്കാരിന്റെ മൂന്നാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി ശിലാസ്ഥാപന കർമ്മം നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്. കൂടാതെ, ആരോഗ്യ, കുടുംബക്ഷേമ

വകുപ്പിനുവേണ്ടി കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള നീണ്ടകര, തുറവൂർ, വൈക്കം, കരുവേലിപ്പടി, കായംകുളം എന്നീ താലൂക്ക് ആശുപത്രികളുടെ വികസന പ്രവൃത്തികൾ പല ഘട്ടങ്ങളിലായി നടക്കുന്നു.

(ബി) സംസ്ഥാനത്തെ മലയോര ഹൈവെയുടെയും വിഴിഞ്ഞം റിംഗ് റോഡ് പദ്ധതിയുടെയും ജംഗ്ഷൻ വികസന നിർമ്മാണ പദ്ധതികൾ ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഈ പ്രവൃത്തികൾക്കായി ഇതുവരെ ഭവന നിർമ്മാണ ബോർഡിനെ കിഫ്ബി ചുമതലപ്പെടുത്തിയിട്ടില്ല.

**ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനം**

368(5254) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലംമുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും ഭവന നിർമ്മാണ ബോർഡിനായി അനുവദിച്ച തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ;

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും ഭവന നിർമ്മാണ ബോർഡിനായി അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദ വിവരം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അനുവദിച്ച തുക (തുക ലക്ഷത്തിൽ) | ചെലവഴിച്ച തുക (തുക ലക്ഷത്തിൽ) |
|---|---|---|
| 2016-17 | 3942.46 | 3462.46 |
| 2017-18 | 2131.14 | 1572.64 |
| 2018-19 | 249.20 | 94 |
| 2019-20 | 221 | 75 |
| 2020-21 | 2690.65 | 2495.79 |
| 2021-22 | 3992.09 | 3150.49 |
| 2022-23 | 2150 | 1926.99 |

(ബി) പ്രസ്തുത കാലയളവിൽ ഓരോ സാമ്പത്തിക വർഷവും ഭവന നിർമ്മാണ ബോർഡ് മുഖേന പൂർത്തീകരിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത കാലയളവിൽ ഭവന നിർമ്മാണ ബോർഡ് മുഖേന പൂർത്തീകരിച്ച പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു

2017-18 സാമ്പത്തിക വർഷം - കോഴിക്കോട് ചേവായൂർ വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ

2021-22 സാമ്പത്തിക വർഷം - 1. കടകംപ്പള്ളി റവന്യൂ ടവർ

2. ഹരിപ്പാട് റവന്യൂ ടവർ

3. മാനന്തവാടി വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ

**ആശ്വാസ് വാടകവീട് പദ്ധതി പ്രകാരമുള്ള ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണ പുരോഗതി**

369(5255) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മെഡിക്കൽ കോളേജിലെ രോഗികളുടെ കൂട്ടിരിപ്പുകാർക്ക് താമസിക്കുന്നതിനായി 'ആശ്വാസ്' വാടകവീട് പദ്ധതി പ്രകാരം ഹൗസിംഗ് ബോർഡിന് നിർമ്മാണാനുമതി ലഭിച്ച ഫ്ലാറ്റ് സമുച്ചയത്തിന്റെ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

കോന്നി മെഡിക്കൽ കോളേജ് ക്യാമ്പസിനുള്ളിൽ പദ്ധതിക്കായുള്ള സ്ഥലം ലഭ്യമല്ലാത്ത സാഹചര്യത്തിൽ ക്യാമ്പസ്സിനുപുറത്ത് നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന, കേന്ദ്രീയ വിദ്യാലയത്തിന് എതിർവശത്തുള്ള

കൃഷി വകുപ്പിന്റെ 35 സെന്റ് സ്ഥലം, ആശ്വാസ് വാടക വീട് പദ്ധതി പ്രകാരം ഹൗസിംഗ് ബോർഡിന് നിർമ്മാണത്തിനായി കൈമാറി നൽകുന്ന കാര്യത്തിൽ കൃഷി വകുപ്പ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട് .

(ബി) പ്രസ്തുത ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

കൃഷി വകുപ്പിൽനിന്നും പദ്ധതിക്കായുള്ള ഭൂമി കൈമാറി ലഭ്യമായാലുടൻ പ്രസ്തുത ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

**കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ**

370(5256) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയായിരുന്നു; പ്രസ്തുത കോർപ്പറേഷന്റെ പ്രവർത്തനം നിർത്താൻ ഇടയായ സാഹചര്യം എന്താണ്; വിശദാംശം വ്യക്തമാക്കുമോ?

നാഷണൽ ഹൗസിംഗ് ബാങ്ക് പോലെയുള്ള ഏജൻസികളിൽനിന്ന് വിഭവങ്ങൾ സമാഹരിച്ച് സംസ്ഥാനത്തെ വിവിധ ഭവന നിർമ്മാണ ഏജൻസികൾക്കും വ്യക്തികൾക്കും ന്യായമായ പലിശ നിരക്കിൽ സാമ്പത്തിക സഹായം നൽകുകയെന്നതായിരുന്നു 09-03-2012-ലെ സ.ഉ. (കൈ) നം.21/2012/ഭവനം പ്രകാരം രൂപീകൃതമായ കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ പ്രധാന പ്രവർത്തനം. കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ പ്രവർത്തനം ആരംഭിച്ച് ഏകദേശം 5 വർഷം പൂർത്തിയായിട്ടും തൃപ്തികരമായ ഒരു ബിസിനസ്സും നടക്കാത്തതുകൊണ്ടും കമ്പനി രൂപീകരിച്ചതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ സാധിക്കാത്തതിനാലും ഈ കമ്പനി നിലനിർത്തിക്കൊണ്ടു പോകുന്നത് അനാവശ്യ ചെലവ് ഉണ്ടാക്കുന്നതിനാലും 21-3-2019-ലെ സ.ഉ.(കൈ) നം.3/2019/ഭവനം പ്രകാരം കോർപ്പറേഷന്റെ പ്രവർത്തനം അവസാനിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

**എരുമേലിയിലെ ഹൗസിംഗ് ബോർഡിന്റെ സ്ഥലത്ത് വികസന പദ്ധതികൾ ആവിഷ്കരിക്കാൻ നടപടി**

371(5257) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലിയിൽ ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് വിവിധ വികസന പ്രവർത്തനങ്ങൾക്ക് ഉപയുക്തമാകുംവിധം പദ്ധതികൾ ആവിഷ്കരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലിയിൽ ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള ആറര ഏക്കർ ഭൂമിയിൽ ഒരു പിൽഗ്രിം സെന്ററും ശബരിമല തീർത്ഥാടകർക്കുവേണ്ടിയുള്ള ഒരു വിശ്രമ കേന്ദ്രവും ആവിഷ്കരിക്കാൻ ഹൗസിംഗ് ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നു.

**ഭവനനിർമ്മാണ ബോർഡിന് സർക്കാരിൽ നിന്നും സഹായം**

372(5258) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണ ബോർഡിന് സർക്കാരിൽനിന്നും ഏതൊക്കെ ഇനത്തിലാണ് സഹായം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഭവന നിർമ്മാണ ബോർഡിന് ഗ്രാന്റ്-ഇൻ-എയ്ഡ് എന്ന ഇനത്തിലാണ് സഹായം ലഭിക്കുന്നത്. നിലവിലെ ഗ്രാന്റ്-ഇൻ-എയ്ഡ് 85.65 ലക്ഷം രൂപയാണ്.

(ബി) സംസ്ഥാന സർക്കാർ ഭവനനിർമ്മാണ വകുപ്പിന് നിലവിൽ എത്ര തുക കൈമാറാനുണ്ടെന്ന് വ്യക്തമാക്കുമോ; ഏതൊക്കെ ഇനത്തിലാണ് ഇപ്രകാരം തുക നൽകാനുള്ളതെന്ന് അറിയിക്കുമോ; പ്രസ്തുത തുക അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് ദുർബല വിഭാഗക്കാരുടെ വായ്പാകുടിശ്ശിക എഴുതിത്തള്ളിയ വകയിൽ 229.16 കോടി

രൂപകൂടി സംസ്ഥാന സർക്കാർ നൽകുവാനുണ്ട്. ഈ തുക വിതരണം ചെയ്യുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിച്ചുവരുന്നു.

## വട്ടിയൂർക്കാവ് മണ്ഡലത്തിൽ ഭവന നിർമ്മാണ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ

373(5259) ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ ഭവനനിർമ്മാണ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് അറിയിക്കുമോ; പ്രസ്തുത സ്ഥാപനങ്ങളിലെ ഫോൺ നമ്പർ, മേൽവിലാസം, ഇ-മെയിൽ വിലാസം, ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പർ എന്നിവ ലഭ്യമാക്കാമോ?

വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ ഭവനനിർമ്മാണ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെയും പ്രസ്തുത സ്ഥാപനങ്ങളിലെ ഫോൺ നമ്പർ, മേൽവിലാസം, ഇ-മെയിൽ വിലാസം, ജീവനക്കാരുടെ ഔദ്യോഗിക

മൊബൈൽ നമ്പർ എന്നിവ സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ട സ്ഥിരം തസ്തികകൾ, അവയുടെ എണ്ണം, ഒഴിവുള്ള തസ്തികകൾ എന്നിവ വ്യക്തമാക്കാമോ?

പ്രസ്തുത സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ട സ്ഥിരം തസ്തികകൾ നിലവിലില്ല.

(സി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ കരാർ, താത്കാലിക, ദിവസവേതന, അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ കരാർ, താത്കാലിക, ദിവസവേതന, അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ഡി) ഇവിടങ്ങളിൽനിന്ന് ലഭ്യമാകുന്ന സേവനങ്ങൾ, അതിനാവശ്യമായ മുന്നുപാധികൾ/രേഖകൾ ഏതൊക്കെയെന്നും പ്രസ്തുത സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സമയപരിധി എത്രയെന്നും വിശദമാക്കാമോ?

ഇവിടങ്ങളിൽനിന്ന് ലഭ്യമാകുന്ന സേവനങ്ങൾ, അതിനാവശ്യമായ മുന്നുപാധികൾ/രേഖകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ പ്രസ്തുത സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമാക്കാറുണ്ട്.

## നിർമ്മിതി കേന്ദ്രങ്ങളിലെ ജീവനക്കാർ

374(5260)**ശ്രീ ജി സ്റ്റീഫൻ:** താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിലും ജില്ലാ നിർമ്മിതി കേന്ദ്രങ്ങളിലും നിലവിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ എണ്ണം, തസ്തിക, ഓഫീസ് എന്നിവ തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിലും ജില്ലാ നിർമ്മിതി കേന്ദ്രങ്ങളിലും നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം, തസ്തിക, ഓഫീസ് എന്നിവ തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

**ഭവന നിർമ്മാണ ബോർഡ്**

375(5261) **ശ്രീ. ടി. ജെ. വിനോദ്:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽനിന്നും റിട്ടയർ ചെയ്തവരുടെ ആനുകൂല്യങ്ങൾ മുഴുവൻ നൽകിയിട്ടില്ലെങ്കിൽ ഏത് കാലയളവ് മുതൽ റിട്ടയർ ചെയ്തവരുടെ ആനുകൂല്യങ്ങളാണ് നൽകാനുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽനിന്നും 2015 മുതൽ റിട്ടയർ ചെയ്ത ജീവനക്കാർക്ക് ടെർമിനൽ സറണ്ടർ ആനുകൂല്യവും 2019 മുതൽ വിരമിച്ചവർക്ക് ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, ടെർമിനൽ സറണ്ടർ മുതലായ ആനുകൂല്യങ്ങളും നൽകുവാനുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) ഭവന നിർമ്മാണ ബോർഡിന്റെ സ്ഥലങ്ങൾ ഏറ്റെടുത്ത ഇനത്തിൽ സർക്കാർ പ്രസ്തുത ബോർഡിന് തുക നൽകാനുണ്ടോ; എങ്കിൽ എത്ര തുകയാണ് നൽകാനുള്ളതെന്നും തുക അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്നതിന് കാരണമെന്തെന്നും വ്യക്തമാക്കുമോ?

ഭവന നിർമ്മാണ ബോർഡിന്റെ അധീനതയിലുണ്ടായിരുന്ന ഭൂമി ഏറ്റെടുത്ത വകയിൽ ബോർഡിന് നല്കാനുള്ള തുക സംബന്ധിച്ച കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

**വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട പുനരധിവാസവും ഭൂമി ഏറ്റെടുക്കലും**

376(5262) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളുടെ പുനരധിവാസവും ഭൂമി ഏറ്റെടുക്കലും നടപ്പാക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഓരോ വർഷത്തെയും ബഡ്ജറ്റിൽ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ടിന് ടോക്കൺ പ്രൊവിഷനായി 1,00,000/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 08-10-2013-ലെ G.O(Ms)No.51/2013/Plg. പ്രകാരം മേജർ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് പ്രോജക്ട്സ് (MIDP)-ൽ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് ഉൾപ്പെടുത്തുകയും അതുപ്രകാരം ഫണ്ട് ആവശ്യപ്പെടുന്നതനുസരിച്ച് ആവശ്യമായ ഫണ്ട് കമ്പനിക്ക് വിതരണം ചെയ്യുകയുമാണ് ചെയ്യുന്നത്.

(ബി) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷത്തെയും ബജറ്റിൽ ഈ ഇനത്തിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വ്യക്തമാക്കുമോ?

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ചെലവാകാത്ത തുക (കോടി) |
|---|---|
| 2015-16 | 7.829 |
| 2016-17 | 13.589 |
| 2017-18 | 12.144 |
| 2018-19 | 49.716 |
| 2019-20 | 2.383 |

| | |
|---|---|
| 2020-21 | 12.617 |
| 2021-22 | 6.161 |
| 2022-23 | 0.056 |
| ആകെ | 104.495 |

**തുറമുഖങ്ങൾ ഡ്രഡ്ജ് ചെയ്യുമ്പോൾ ലഭിക്കുന്ന മണൽ**

377(5263) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖങ്ങളുടെ ആഴം കൂട്ടുന്നതിനായി ഡ്രഡ്ജ് ചെയ്യുമ്പോൾ ലഭിക്കുന്ന മണൽ ശുദ്ധീകരിച്ച് കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കാനുള്ള നിർദേശം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ?

തുറമുഖത്തേയ്ക്ക് ഒഴുകിവരുന്ന നദികൾ പുഴകൾ തുടങ്ങിയ ജലസ്രോതസ്സുകളുടെ ആഴം വർദ്ധിപ്പിക്കുന്നതിനായി മാന്വൽ ഡ്രഡ്ജിംഗ് നടത്തുന്നതുവഴി ലഭിക്കുന്ന മണൽ ശുദ്ധീകരിച്ചും അല്ലാതെയും കെട്ടിട നിർമ്മാണ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നുണ്ട്. ഇപ്രകാരം മാന്വൽ

ഡ്രഡ്ജിംഗ് വഴി ലഭിക്കുന്ന മണൽ, നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിന് 9-02-2017-ലെ സ.ഉ.(കൈ)നം.2/2017/മതുവ നമ്പർ പ്രകാരമുള്ള മാനുവൽ ഡ്രഡ്ജിംഗ് കരട് നയത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) എങ്കിൽ ഏതെല്ലാം തുറമുഖങ്ങളിൽ നിന്നും ലഭിക്കുന്ന മണലാണ് ഇപ്രകാരം ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

കൊടുങ്ങല്ലൂർ, പൊന്നാനി, ബേപ്പൂർ, വടകര, അഴീക്കൽ, കാസർഗോഡ് എന്നീ തുറമുഖങ്ങളുടെ പരിധിയിലുള്ള വിവിധതരം കടവുകളിൽനിന്നുള്ള മണൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നുണ്ട്.

(സി) ഈ പ്രവൃത്തി ആരെയാണ് ഏല്പിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

പൊന്നാനി തുറമുഖ പരിധിയിൽനിന്നും ശേഖരിക്കുന്ന ഡ്രഡ്ജ്ഡ് മെറ്റീരിയൽ ശുദ്ധീകരിക്കുവാൻ മെസേഴ്സ് രാജധാനി മിനറൽസ് എന്ന സ്ഥാപനത്തെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ അഴീക്കലിലും പൊന്നാനി യിലെതുപോലുള്ള മണൽ ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കാൻ കേരള മാരിടൈം ബോർഡ് താൽപര്യപത്രം ക്ഷണിക്കുന്നതാണ്.

(ഡി) ഇതുവഴി പ്രതീക്ഷിക്കുന്ന വരുമാനം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഈ സാമ്പത്തിക വർഷം ഇതുവരെ 22,52,06,708 (ഇരുപത്തിരണ്ട് കോടി അൻപത്തിരണ്ട് ലക്ഷത്തി ആറായിരത്തി എഴുന്നൂറ്റി എട്ട് രൂപ മാത്രം) വരുമാനം ലഭിച്ചിട്ടുണ്ട്.

**കൊല്ലം തുറമുഖത്ത് നിന്നും യാത്രാ കപ്പൽ സർവ്വീസ്**

378(5264) **ശ്രീ. എം. മുകേഷ്:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം തുറമുഖത്തുനിന്നും ഫലപ്രദമായി യാത്രാ കപ്പൽ സർവ്വീസ് നടത്തുന്നതിനുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം - കന്യാകുമാരി സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ച് ചില പരിശോധനകൾ നടത്തിയെങ്കിലും തമിഴ് നാട്ടിൽ കപ്പൽ സർവ്വീസ്

നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത തടസ്സമായിട്ടുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ പരിശോധനകൾ നടത്തുന്നതാണ്.

(ബി) കൊല്ലം തുറമുഖത്തുനിന്നും ലക്ഷദ്വീപിലേയ്ക്ക് യാത്രാകപ്പൽ സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ച് ലക്ഷദ്വീപ് ഭരണകൂടവുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനായി ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഇല്ല.

(സി) അന്താരാഷ്ട്ര കപ്പൽ ചാലിന് സമീപം സ്ഥിതിചെയ്യുന്ന കൊല്ലം തുറമുഖത്ത് കപ്പലുകൾക്ക് നങ്കൂരമിടാൻ ബങ്കറിംഗ് സംവിധാനം ഒരുക്കുന്നതിനുള്ള നിർദേശം പരിഗണനയിലുണ്ടോ; പ്രസ്തുത സംവിധാനം തുറമുഖ വികസനത്തിന് സഹായകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. കൊല്ലത്ത് ചില ടഗ്ഗുകൾ താത്കാലികമായി ബങ്കറിംഗ് സർവീസ് നടത്തുകയുണ്ടായി. കൊല്ലം തുറമുഖത്തെ ഒരു ഇമിഗ്രേഷൻ ചെക്ക്

പോയിന്റായി ഡിക്ലയർ ചെയ്യുവാനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. ഈ നടപടി പൂർത്തീകരിച്ചാൽ കൂടുതൽ ടഗ്ഗുകൾക്ക് ബങ്കറിംഗ് സർവ്വീസ് അടക്കമുള്ള നടപടികൾ നടത്താവുന്നതാണ്.

**കൊല്ലം തുറമുഖത്ത് എൻട്രി-എക്സിറ്റ് പോയിന്റ്**

379(5265) **ശ്രീ. എം. മുകേഷ്:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് ഗതാഗത സർവീസ് ഫലപ്രദമായി നടപ്പാക്കുന്നതിനും യാത്രാ കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനുമായി എമിഗ്രേഷൻ ക്ലിയറൻസ് സൗകര്യമുള്ള എൻട്രി-എക്സിറ്റ് പോയിന്റായി പ്രഖ്യാപിക്കുന്നതിന് കൊല്ലം തുറമുഖത്ത് എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തുവാനാണ് കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കുമോ; ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ ഊർജ്ജിതപ്പെടുത്തുമോ എന്ന് വ്യക്തമാക്കുമോ?

(എ&ബി)കൊല്ലം തുറമുഖത്തെ ഇമിഗ്രേഷൻ ചെക്ക് പോസ്റ്റ് ആയി പ്രഖ്യാപിക്കുന്നതിനായി കേന്ദ്ര ആഭ്യന്തര മന്ത്രാലയ ത്തിന്റെ നിർദ്ദേശങ്ങളും ആയതിന്മേൽ സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

1. പോർട്ടിന് ചുറ്റും 8 അടി പൊക്കമുള്ള ചുറ്റുമതിലും അതിനു മുകളിൽ കമ്പി ചുരുളുകളും സ്ഥാപിക്കുക.

    മേൽ പ്രവർത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന പൂർത്തിയാക്കിവരുന്നു.

2. കൊല്ലം തുറമുഖത്ത് പ്രത്യേക ആക്സസ് കൺട്രോൾ സിസ്റ്റം ഇല്ല. നിലവിൽ, പുറത്തുനിന്നുള്ളവരുടെ പ്രവേശനത്തിന് എൻട്രി പാസ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല, ശരിയായ ആക്സസ് കൺട്രോൾ സിസ്റ്റങ്ങൾ ഇൻസ്റ്റാൾ ചെയ്യുക.

    പുറത്തുനിന്നുള്ളവരുടെ എൻട്രി & എക്സിറ്റ് രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തൊഴിലാളികൾക്ക് സ്മാർട്ട് കാർഡും ഏർപ്പെടുത്തിയിട്ടുണ്ട്.

3. വാർഫിന്റെ 50 മീറ്റർ പരിധി ഓപ്പറേഷണൽ ഏരിയയായി പ്രഖ്യാപിക്കുക.

വാർഫിന്റെ 50 മീറ്റർ പരിധി ഓപ്പറേഷണൽ ഏരിയയായി പ്രഖ്യാപിക്കുകയും ആവശ്യമായ മുന്നറിയിപ്പുബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

4. <u>പോർട്ട് ഏരിയ നിരോധിത മേഖലയായി പ്രഖ്യാപിക്കുക; ആയതിന്റെ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുക.</u>

പോർട്ട് ഏരിയ നിരോധിത മേഖലയായി പ്രഖ്യാപിക്കുകയും ആവശ്യമായ മുന്നറിയിപ്പുബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

5. <u>പോർട്ടിന്റെ പടിഞ്ഞാറ് വശത്തുകൂടിയുള്ള മത്സ്യത്തൊഴിലാളികളുടെ കടന്നുകയറ്റം തടയുന്നതിന് പോർട്ടിന്റെ 50 മീറ്റർ ഏരിയ ഓപ്പറേഷണൽ ഏരിയയായി പ്രഖ്യാപിക്കുക.</u>

വാർഫിന്റെ 50 മീറ്റർ പരിധി ഓപ്പറേഷണൽ ഏരിയയായി പ്രഖ്യാപിക്കുകയും ആവശ്യമായ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

6. <u>കൊല്ലം തുറമുഖത്തിന്റെ സേഫ്റ്റിയും സെക്യൂരിറ്റിയും ഉറപ്പുവരുത്തുന്നതിന് വേണ്ടി തുറമുഖത്തിന്റെ ഗേറ്റിലും പരിസരത്തും സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഫോഴ്സിൽ നിന്നും മതിയായ സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുക.</u>

ഈ വിഷയം ആഭ്യന്തര വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

7. എമിഗ്രേഷൻ ജീവനക്കാർക്ക് ആവശ്യമായ താമസസൗകര്യം ഒരുക്കുക.

എമിഗ്രേഷൻ ജീവനക്കാർക്ക് ആവശ്യമായ താമസസൗകര്യം ആവശ്യാനുസരണം സൗകര്യ പ്പെടുത്തുന്നതാണ്.

8. തുറമുഖ പരിസരങ്ങളുടെയും സുരക്ഷ ഉറപ്പാക്കുന്നതിന് സുരക്ഷാ ക്രമീകരണങ്ങൾ, പ്രവേശന നിയന്ത്രണ സംവിധാനം മുതലായവയുടെ രീതികൾ അന്തിമമാക്കുക.

നിലവിൽ തുറമുഖ പരിസരങ്ങളുടെ സുരക്ഷയ്ക്കായി KEXCON-ൽനിന്നും സുരക്ഷാ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഫോഴ്സിൽനിന്നും കേരള പോലീസിൽനിന്നും സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. പുറത്തുനിന്നുള്ളവരുടെ എൻട്രി & എക്സിറ്റ് രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

9. പോർട്ട് പരിസരങ്ങളിലും വാർഫ് ഏരിയയിലും സിസിടിവി കവറേജ് ഏർപ്പെടുത്തുക.

സെക്യൂരിറ്റി മുറികൾ ഉൾപ്പെടെ പോർട്ട് പരിസരങ്ങളിലും വാർഫ് ഏരിയയിലും സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കാൻ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിനെ ഏല്പിച്ചിട്ടുണ്ട്.

10. കേരള പോലീസിൽ നിന്നും മതിയായ ഉദ്യോഗസ്ഥരെ എമിഗ്രേഷൻ പ്രവൃത്തികൾക്കായി ഡെപ്യൂട്ട് ചെയ്യുക.

ഈ വിഷയം ആഭ്യന്തര വകുപ്പ് പരിശോധിച്ചുവരുന്നു.

11. എമിഗ്രേഷൻ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വാഹനങ്ങൾ ഏർപ്പാടാക്കുക.

ആവശ്യമായ വാഹന സൗകര്യങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കാവുന്നതാണ്.

**പഴശ്ശിരാജ മ്യൂസിയത്തിലെയും വി. കെ. കൃഷ്ണമേനോൻ മ്യൂസിയത്തിലെയും ജീവനക്കാർ**

380(5266) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പഴശ്ശിരാജ മ്യൂസിയം, വി.കെ. കൃഷ്ണമേനോൻ മ്യൂസിയം എന്നിവിടങ്ങളിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന വിവരം തസ്തിക തിരിച്ച് വിശദമാക്കാമോ;

(ബി) ഇവരിൽ സ്ഥിരം ജീവനക്കാരും താത്കാലിക ജീവനക്കാരും എത്രവീതമുണ്ടെന്ന് അറിയിക്കുമോ?

(എ&ബി) പുരാവസ്തു വകുപ്പിന്റെ പഴശ്ശിരാജാ മ്യൂസിയത്തിൽ ജോലി ചെയ്യുന്ന സ്ഥിരം, താത്കാലികം, അന്യത്ര സേവന ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>സ്ഥിരം ജീവനക്കാർ - 6</u>

1) ഫീൽഡ് അസിസ്റ്റന്റ് (മലബാർ സർവ്വെ) - 1

2) ആർട്ടിസ്റ്റ് - 1

3) ക്ലാർക്ക് ടൈപ്പിസ്റ്റ് - 1

4) ഓഫീസ് അറ്റൻഡന്റ് - 2

5) ഫുൾടൈം സ്വീപ്പർ - 1

<u>ദിവസവേതനക്കാർ - 3</u>

1. സ്വീപ്പർ - 2

2. ഗാർഡനർ - 1

<u>അന്യത്ര സേവനം - 5</u>

1. ഹവിൽദാർ - 01

2. സിവിൽ പോലീസ് ഓഫീസർ - 4

മ്യൂസിയം മൃഗശാലാ വകുപ്പിന്റെ കോഴിക്കോട് വി.കെ.കൃഷ്ണമേനോൻ മ്യൂസിയത്തിൽ ജോലി നോക്കുന്ന ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

<u>സ്ഥിരം ജീവനക്കാർ - 17</u>

സൂപ്രണ്ട് -1

ക്യൂറേറ്റർ -1

സീനിയർ ക്ലാർക്ക് -1

ഓഫീസ് അറ്റൻഡന്റ്- 1

നൈറ്റ് വാച്ചർ - 1

ഗ്യാലറി അറ്റൻഡന്റ് - 4

ഗാർഡനർ - 6

സ്വീപ്പർ - 2

<u>താത്കാലിക ജീവനക്കാർ - 5</u>

ഗാർഡ് - 3

സ്വീപ്പർ - 1

ത്രീ ഡി ഓപ്പറേറ്റർ - 1

(സി) താത്കാലിക ജീവനക്കാർ ഉണ്ടെങ്കിൽ അവരെ നിയമിച്ചത് എന്നുമുതലാണെന്ന വിവരം ലഭ്യമാക്കുമോ?

(ഡി) പ്രസ്തുത ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണോ നിയമിച്ചതെന്ന് വെളിപ്പെടുത്താമോ?

(സി&ഡി) പഴശ്ശിരാജാ മ്യൂസിയത്തിൽ ജോലി നോക്കുന്ന ഒരു താൽക്കാലിക സ്വീപ്പറെ മേയ് 2009-ലും രണ്ടാമത്തെ സ്വീപ്പറെ 2018 സെപ്റ്റംബർ മുതലും നിയമിച്ചിട്ടുണ്ട്. ഗാർഡനറെ 2010 മേയ് മുതലും നിയമിച്ചു. വി.കെ.കൃഷ്ണമേനോൻ മ്യൂസിയത്തിലെ താത്കാലിക ജീവനക്കാരെ 2017 ഏപ്രിൽ മുതലാണ് നിയമിച്ചത്. ഇവരുടെ നിയമനം എപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമല്ല നടത്തിയിട്ടുള്ളത്.

**തിരൂരങ്ങാടി മണ്ഡലത്തിലെ ഹജ്ജൂർ കച്ചേരി ജില്ലാ പൈതൃക മ്യൂസിയം**

381(5267) **ശ്രീ. കെ. പി. എ. മജീദ്:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ ഹജ്ജൂർ കച്ചേരി ജില്ലാ പൈതൃക മ്യൂസിയ നിർമ്മാണത്തിന് 3.88 കോടി രൂപ അനുവദിച്ചത് ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾക്കാണെന്ന് വിശദമാക്കാമോ?

മലപ്പുറം ജില്ലാ പൈതൃക മ്യൂസിയം തിരൂരങ്ങാടി പഴയ ഹജ്ജൂർ കച്ചേരി മന്ദിരത്തിൽ സ്ഥാപിക്കുന്നതിന് വേണ്ടിയാണ് 3.88 കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിട്ടുള്ളത്. സമകാലീന മ്യൂസിയം സംവിധാനങ്ങൾ ഒരുക്കുന്നതിനും മ്യൂസിയം സജ്ജീകരണത്തിനാവശ്യമായ ഷോകേസുകൾ, പാനലുകൾ, ഡിജിറ്റൽ ഉപകരണങ്ങൾ, ശബ്ദ-വെളിച്ച വിതാനങ്ങൾ തുടങ്ങിയവയ്ക്കും പ്രദർശന വസ്തുക്കളെക്കുറിച്ചുള്ള പഠനത്തിനും, curatorial notes, മറ്റ് അനുബന്ധ ബൗദ്ധിക പ്രവർത്തനങ്ങൾ എന്നിവയുൾപ്പെടെ പൂർണ്ണമായ തോതിലുള്ള ഒരു മ്യൂസിയം സജ്ജികരിച്ച് പൊതുജനങ്ങൾക്ക് തുറന്നു നൽകുന്നതിലേയ്ക്കാണ് 3.88 കോടി രൂപയുടെ മതിപ്പു തുക കണക്കാക്കിയിരിക്കുന്നത്.

(ബി) പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടും നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രാരംഭ പഠന പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ക്യുറേറ്റോറിയൽ നോട്ട്, മ്യൂസിയം ഫ്ലോ എന്നിവ തയ്യാർ ചെയ്തുകഴിഞ്ഞിട്ടുണ്ട്.

(സി) നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ;

2023 സെപ്തംബർ അവസാനത്തോടെ മ്യൂസിയം പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ഹജ്ജൂർ കച്ചേരി പരിസരത്തുള്ള സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട ശവകുടീരങ്ങളും മറ്റ് ചരിത്ര സ്മാരകങ്ങളുംകൂടി ജില്ലാ പൈതൃക മ്യൂസിയത്തിന്റെ ഭാഗമായി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ഹജ്ജൂർ കച്ചേരി പരിസരത്തുള്ള സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം, ജോൺ ഡങ്കൻ റൗളയുടെ ശവകുടീരം എന്നിവ പുരാവസ്തു വകുപ്പിന്റെ സ്മാരക പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവയാണ്. സബ് രജിസ്ട്രാർ ഓഫീസിന്റെ സംരക്ഷണ പ്രവൃത്തികൾ പൂർത്തീകരിച്ച് കഴിഞ്ഞു. ജോൺ ഡങ്കൻ റൗളയുടെ ശവകുടീരവും മികച്ച അവസ്ഥയിൽത്തന്നെയാണുള്ളത്. നിലവിൽ ദൈനംദിനം പ്രവർത്തിച്ചു പോരുന്ന സബ് രജിസ്ട്രാർ കാര്യാലയത്തെ ജില്ലാ പൈതൃക മ്യൂസിയത്തിന്റെ ഭാഗമാക്കുവാൻ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്.

**വട്ടിയൂർക്കാവ് മണ്ഡലത്തിൽ മ്യൂസിയം വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ**

382(5268) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് മണ്ഡലത്തിൽ മ്യൂസിയം വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണ്; അവയുടെ ഫോൺ നമ്പർ, മേൽവിലാസം, ഇ-മെയിൽ വിലാസം, ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പരുകൾ എന്നിവ ലഭ്യമാക്കാമോ;

വട്ടിയൂർക്കാവ് നിയമസഭാ മണ്ഡലത്തിൽ മ്യൂസിയം വകുപ്പിന് കീഴിൽ താഴെ പറയുന്ന സ്ഥാപനങ്ങളാണുള്ളത്.

1) വകുപ്പദ്ധ്യക്ഷ കാര്യാലയം.

2) നേപ്പിയർ മ്യൂസിയം (ആർട്ട് മ്യൂസിയം) അനുബന്ധ സ്ഥാപനങ്ങൾ - ശ്രീചിത്രാ എൻക്ലേവ്, കെ.സി.എസ്. പണിക്കർ ഗ്യാലറി

3) നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം

4) ശ്രീചിത്രാ ആർട്ട് ഗ്യാലറി

5) ബൊട്ടാണിക്കൽ ഗാർഡൻ

മ്യൂസിയം ഡയറക്ടേറ്റ്, തിരുവനന്തപുരം-33 ഫോൺ - 0471 2316275, 0471 2318294

ഇ-മെയിൽ : museumzoo@gmail.com

ഔദ്യോഗിക നമ്പർ: (ഡയറക്ടർ)– 9447016828

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകൾ, അവയുടെ എണ്ണം, ഒഴിവുള്ള തസ്തികകൾ എന്നിവ വ്യക്തമാക്കാമോ;

അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) ഈ സ്ഥാപനങ്ങളിൽ കരാർ, താത്കാലിക, ദിവസവേതന, അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

ശ്രീചിത്രാ ആർട്ട് ഗ്യാലറിയിലെ രാജാരവിവർമ്മ ചിത്രങ്ങൾ വകുപ്പിലെ കൺസർവേഷൻ ലാബിൽ രണ്ടാംഘട്ടം കൺസർവേഷൻ നടത്തുന്നതിനായി കരാർ അടിസ്ഥാനത്തിൽ 3 കൺസർവേറ്റർമാരെ 2022 ജൂൺ 15 മുതൽ ഒരു വർഷക്കാലത്തേയ്ക്ക് നിയമിച്ചിട്ടുണ്ട്.

ദിവസവേതന അടിസ്ഥാനത്തിൽ ഗാർഡനർ – 7, സ്വീപ്പർ - 13, ടെലസ്കോപ്പ് ഓപ്പറേറ്റർ-1, ലൈബ്രേറിയൻ -1, ക്ലീനർ-3, ഗാർഡ്-1, ക്ലാർക്ക്-1, കംപ്യൂട്ടർ ഓപ്പറേറ്റർ-1, ഡ്രൈവർ-1 എന്നിവർ വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നു.

ഈ സ്ഥാപനങ്ങളിൽ ആരും അന്യത്ര സേവന വ്യവസ്ഥയിൽ ജോലി നോക്കുന്നില്ല.

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാകുന്ന സേവനങ്ങളും ആയവ ലഭ്യമാകുന്നതിനുള്ള മുന്നുപാധികൾ, രേഖകൾ ഏതൊക്കെയെന്നും

സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സമയപരിധി എത്രയെന്നും വിശദമാക്കാമോ?

വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ആവശ്യമായ വിവരങ്ങൾ നൽകൽ, എക്സിബിഷനുകൾ, സെമിനാറുകൾ, ക്വിസ്സ്, ചിത്രരചനാ മത്സരങ്ങൾ, ബോധവത്കരണ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കൽ, അന്താരാഷ്ട്ര മ്യൂസിയം ദിനത്തിലും അന്താരാഷ്ട്ര പൈതൃക വാരാഘോഷത്തിലും വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിലൂടെ മ്യൂസിയങ്ങളുടെ പ്രധാന്യം വെളിവാക്കുക എന്നിവയാണ് പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും ലഭ്യമാക്കുന്ന സേവനങ്ങൾ.

നേപ്പിയർ മ്യൂസിയം (ആർട്ട് മ്യൂസിയം), നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം, ശ്രീചിത്രാ ആർട്ട് ഗ്യാലറി എന്നിവിടങ്ങളിൽ നിശ്ചിത നിരക്കിലുള്ള ടിക്കറ്റുകളുടെ അടിസ്ഥാനത്തിൽ സന്ദർശകർക്ക് പ്രവേശനം നൽകുന്നു.

അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്കൂൾ - കോളേജ് തലങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് സൗജന്യ നിരക്കിൽ പ്രവേശനം അനുവദിക്കുന്നു.

സമയപരിധി നിശ്ചയിച്ചുകൊണ്ടുള്ള സേവനങ്ങളൊന്നുംതന്നെ പ്രസ്തുത സ്ഥാപനങ്ങൾ നൽകുന്നില്ല.

**കൊത്തുപണികളും പുരാരേഖകളും സംരക്ഷിക്കാൻ നടപടി**

**383(5269) <u>ശ്രീ. എം. രാജഗോപാലൻ</u>:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ ഉദിനൂർ ക്ഷേത്രപാലക ക്ഷേത്രത്തിലെയും ചെറുവത്തൂർ വീരഭദ്ര ക്ഷേത്രത്തിലെയും കൊത്തുപണികളും പുരാരേഖകളും സംരക്ഷിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

തൃക്കരിപ്പൂർ മണ്ഡലത്തിലെ ഉദിനൂർ ക്ഷേത്രപാലക ക്ഷേത്രവും ചെറുവത്തൂർ വീരഭദ്ര ക്ഷേത്രവും നിലവിൽ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതല്ല. പ്രസ്തുത ക്ഷേത്രങ്ങൾ സ്മാരക

പട്ടികയിൽ ഉൾപ്പെടുത്താൻ കഴിയുമോ എന്ന കാര്യം പരിശോധിക്കാവുന്നതാണ്.

തൃക്കരിപ്പൂർ മണ്ഡലത്തിലെ ഉദിനൂർ ക്ഷേത്ര പാലക ക്ഷേത്രത്തിലെ പുരാരേഖകൾ പുരാരേഖാ വകുപ്പ് 2020-ൽ ഏറ്റെടുത്തിട്ടുണ്ട്. ടി രേഖകൾ ലിസ്റ്റ് ചെയ്ത് മേഖലാ ഓഫീസായ കോഴിക്കോട് റീജിയണൽ ആർക്കൈവ്സിന്റെ റിപ്പോസിറ്ററിയിൽ ശാസ്ത്രീയമായി സംരക്ഷിച്ച് സൂക്ഷിച്ചുവരുന്നു. ചെറുവത്തൂർ വീരഭദ്ര ക്ഷേത്രത്തിലെ പുരാരേഖകൾ സംരക്ഷിക്കുന്നതിനായി പുരാരേഖാ വകുപ്പിന് കൈമാറിയിട്ടില്ല.

**മഞ്ചേരിയിലെ പട്ടർകുളത്തുള്ള കൊടക്കല്ല് സംരക്ഷണം**

384(5270) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേരിയിലെ പട്ടർകുളത്തുള്ള കൊടക്കല്ല് സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം നൽകാമോ?

മഞ്ചേരിയിലെ പട്ടർകുളത്തുള്ള കുടക്കല്ല് സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിലേയ്ക്കായി 09-03-2023-ൽ സ.ഉ.(അച്ചടി)2/2023-സാം. കാ.വ നമ്പർ സർക്കാർ ഉത്തരവിൻ പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതോടുകൂടി പട്ടർകുളത്തുള്ള കുടക്കല്ല് പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളുടെ പട്ടികയിൽ വരുന്നതാണ്.

## കോന്നി പൈതൃക മ്യൂസിയം

385(5271) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി ആനത്താവളത്തിൽ പുരാവസ്തു വകുപ്പ് നിർമ്മിക്കുന്ന പൈതൃക മ്യൂസിയത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

കോന്നി ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിനായി വനം വകുപ്പിന്റെ കൈവശമുള്ള കെട്ടിടം പുരാവസ്തു വകുപ്പിന് കൈമാറുന്നതിന് തയ്യാറാക്കിയ ധാരണാപത്രം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ

അംഗീകരിച്ച് നൽകിയിട്ടില്ല. ഈ വിഷയത്തിൽ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ച് പുരാവസ്തു വകുപ്പിൽനിന്നും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് 08-02-2023 തീയതിയായി കത്ത് നൽകിയിട്ടുണ്ട്. കെട്ടിടം ലഭ്യമായാൽ മാത്രമേ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**വട്ടിയൂർക്കാവ് മണ്ഡലത്തിൽ പുരാരേഖ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ**

386(5272) ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് മണ്ഡലത്തിൽ പുരാരേഖ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണ്; അവയുടെ ഫോൺ നമ്പർ, മേൽവിലാസം, ഇ-മെയിൽ വിലാസം, ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പരുകൾ എന്നിവ ലഭ്യമാക്കാമോ?

വട്ടിയൂർക്കാവ് മണ്ഡലത്തിൽ പുരാരേഖാ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ആർക്കൈവ്സ് ഡയറക്ടറേറ്റ്, നളന്ദ, തിരുവനന്തപുരം-3.

ഫോൺ : 0471-2311547, 0471-2313759,

ഇ-മെയിൽ :keralaarchives@gmail.com.

2. വട്ടിയൂർക്കാവ് സ്വാതന്ത്ര്യ സമര സ്മാരകം, വട്ടിയൂർക്കാവ്,

നെട്ടയം.പി.ഒ., തിരുവനന്തപുരം

വകുപ്പിൽ നിലവിൽ ഡയറക്ടർക്കുമാത്രമാണ് ഔദ്യോഗിക മൊബൈൽ നമ്പർ അനുവദിച്ചിട്ടുള്ളത്.

ഡയറക്ടറുടെ ഔദ്യോഗിക മൊബൈൽ നമ്പർ - 9446573759

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകൾ, അവയുടെ എണ്ണം, ഒഴിവുള്ള തസ്തികകൾ എന്നിവ വ്യക്തമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.+

(സി) ഈ സ്ഥാപനങ്ങളിൽ കരാർ, താത്കാലിക, ദിവസവേതന, അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പ്രസ്തുത സ്ഥാപനങ്ങളിൽ കരാർ, താത്കാലിക, ദിവസവേതന, അന്യത്ര സേവന വ്യവസ്ഥയിൽ ആരുംതന്നെ ജോലി ചെയ്യുന്നില്ല.

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽനിന്ന് ലഭ്യമാകുന്ന സേവനങ്ങൾ, ആയവ ലഭ്യമാകുന്നതിനുള്ള മുന്നുപാധികൾ, രേഖകൾ ഏതൊക്കെയെന്നും സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സമയപരിധി എത്രയെന്നും വിശദമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.+

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4892-ന്റെ ഉത്തരം ബന്ധപ്പെട്ട വകുപ്പിൽനിന്നും ലഭിച്ചിട്ടില്ല.)

**അനുബന്ധം 2**

പതിനഞ്ചാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 08-12-2022-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1494-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ട് ബഹുമാനപ്പെട്ട പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി നൽകിയ പുതുക്കിയ മറുപടി

**കെ.ഇ.ആർ. റൂൾ 51 എ**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(1494) <u>ശ്രീ. സനീഷ് കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻകാല സർവ്വീസുള്ള ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് കെ.ഇ.ആർ.-ലെ റൂൾ 51 എ ബാധകമാക്കിക്കൊണ്ട് ബഹു മാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ച് ജയശ്രീ Vs. കേരള സ്റ്റേറ്റ് എന്ന കേസിൽ വിധി നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം കേസുകളിൽ പ്രസ്തുത വിധി പ്രസ്താവത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കണമെന്നുകാണിച്ച് വകുപ്പ് പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചിരുന്നോ; അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഹയർ സെക്കണ്ടറി വിഭാഗത്തിൽ 51 എ ക്ലെയിം ബാധകമാക്കിക്കൊണ്ട് ബഹു മാനപ്പെട്ട ഹൈകോടതി വിധി പ്രസ്താവിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സർക്കുലർ

പുറപ്പെടുവിച്ചിട്ടും ചില റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ അത്തരം കേസുകളിൽ വീണ്ടും സ്പഷ്ടീകരണം ചോദിച്ച് ഫയലുകളിൽ കാലതാമസം വരുത്തുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

(ബി&സി) സമാന വിഷയവുമായി ബന്ധമുള്ള ഒരു സർക്കുലർ 24-04-2018-ൽ 1032856/റ്റി1/2016/പൊ.വി.വ. നമ്പർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. എങ്കിലും ടി സർക്കുലർ ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് കെ.ഇ.ആർ. റൂൾ 51 എ ബാധകമാക്കിക്കൊണ്ട് പുറപ്പെടുവിച്ച ജയശ്രീ vs. കേരള സ്റ്റേറ്റ് വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കണമെന്നുകാണിച്ച് പുറപ്പെടുവിച്ച സർക്കുലർ അല്ല. പകരം ഹ്രസ്വകാല ഒഴിവുകളിൽ നിയമനം ലഭിച്ച അദ്ധ്യാപകർക്ക് പ്രായപരിധിയിൽ ഇളവ് നൽകുന്നത് സംബന്ധിച്ചുള്ളതാണ്. എന്നാൽ "ജയശ്രീ Vs. ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ് എന്നകേസിൽ ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ നിയമനവും വിദ്യാഭ്യാസ യോഗ്യതകളും പ്രതിപാദിക്കുന്ന കെ.ഇ.ആർ. അദ്ധ്യായം 32-ൽ കെ.ഇ.ആർ. അദ്ധ്യായം 14 എ-യിലെ റൂൾ 51 എ

അവകാശത്തെപ്പറ്റിയുള്ള കൃത്യമായ വകുപ്പുകളില്ലെങ്കിലും ഹ്രസ്വകാല ഒഴിവുകളിൽ നിയമിക്കപ്പെട്ട ജോലി നഷ്ടപ്പെട്ടവരെ പിന്നീടുണ്ടാകുന്ന അദ്ധ്യാപക തസ്തികകളിലെ ഒഴിവുകളിൽ നിയമിക്കണമെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വ്യക്തമാക്കുകയും സമാന കേസുകൾ സർക്കാർ പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ തീർപ്പാക്കുകയും ചെയ്തുവരുന്നു" എന്ന ഒരു പരാമർശം ടി സർക്കുലറിലെ ഖണ്ഡിക 2-ലുണ്ട്. മേൽപ്രകാരമുള്ള ഒരു പരാമർശം ടി സർക്കുലറിലുള്ളതൊഴിച്ചാൽ ടി സർക്കുലറിലെ ഉത്തരവ് പ്രായപരിധിയിൽ ഇളവ് നൽകുന്നത് സംബന്ധിച്ചുള്ളതാണ്.

**അനുബന്ധം 3**

(1) വടകര-മാഹി കനാൽ മൂന്നാം റീച്ച് പ്രവൃത്തി സംബന്ധിച്ച് ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ എം.എൽ.എ. ഉന്നയിച്ച സബ്മിഷന് ബഹു. മുഖ്യമന്ത്രി മേശപ്പുറത്തുവച്ച മറുപടിയുടെ വിശദാംശങ്ങൾ

വടകര-മാഹി കനാലിന്റെ മൂന്നാം റീച്ചിൽ ഉയർന്ന കട്ടിംഗ് ആവശ്യമുള്ള 800 മീറ്റർ ഭാഗത്ത് LBS (Institute of Technology for Women), തിരുവനന്തപുരം തയ്യാറാക്കിയ ഡിസൈൻ പ്രകാരം പ്രത്യേക സംരക്ഷണ പ്രവൃത്തിക്കുള്ള 161 കോടി രൂപയുടെ പ്രൊപ്പോസൽ ഭരണാനുമതിക്കായി

ലഭ്യമാക്കിയിരുന്നുവെങ്കിലും പ്രസ്തുത ഡിസൈനിന്റെ പ്രായോഗികതയും സ്ഥലത്തിന്റെ പ്രത്യേകതയ്ക്കുമനുസരിച്ച് കൂടുതൽ പ്രായോഗികമായതും ചെലവ് കുറഞ്ഞതുമായ മറ്റ് ഡിസൈന്റെ സാധ്യതകളും പരിശോധിക്കേണ്ടതുണ്ട്.

LBS തയ്യാറാക്കിയ ഡിസൈൻ പരിഷ്കരിക്കുന്നതിനും പ്രസ്തുത ഭാഗത്തെ മണ്ണിന്റെ പ്രത്യേകത പരിഗണിച്ച് കനാലിന്റെ കരകൾ ബലപ്പെടുത്തുന്നതിന് Rock Bolt with WIRE MESH FACING എന്ന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സംരക്ഷണ പ്രവൃത്തിയുടെ സാധ്യതകൾ പഠിക്കുന്നതിനും കിഫ്ബി എക്സിക്യൂട്ടീവ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

LBS-ന്റെ മാർഗ്ഗനിർദ്ദേശത്തോടെ ഇതിനായുള്ള ടെസ്റ്റുകൾ നടത്തുന്നതിനുവേണ്ടി എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരികയാണ്. ജലപാതാ വികസനം 2025-ൽ പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് പ്രവൃത്തികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്.

(2) വലിയപറമ്പയിലെ കടലാക്രമണ ഭീഷണി സംബന്ധിച്ച് ശ്രീ. എം. രാജഗോപാലൻ എം.എൽ.എ. ഉന്നയിച്ച സബ്മിഷന് ബഹു. ജലവിഭവ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടിയുടെ വിശദാംശങ്ങൾ

കാസർഗോഡ് ജില്ലയിലെ 86 കിലോമീറ്റർ നീളംവരുന്ന തീരപ്രദേശത്തിൽ ഏറ്റവും തെക്കുഭാഗത്ത് സ്ഥിതിചെയ്യുന്നതും ദ്വീപ് പ്രദേശവുമായ ഒരു പഞ്ചായത്താണ് 'വലിയപറമ്പ' ഗ്രാമപഞ്ചായത്ത്. തെക്കുഭാഗത്ത് ഏഴിമല നേവൽ അക്കാദമിയുടെ അതിർത്തിയിൽനിന്നും വടക്കുഭാഗത്ത് ചെറുവത്തൂർ മടക്കര അഴിവരെ 19.50 കിലോമീറ്റർ നീളത്തിലും 45 മീറ്റർ മുതൽ 700 മീറ്റർ വരെ (ശരാശരി 300 മീറ്റർ) വീതിയിലും നിലകൊള്ളുന്നു. പ്രസ്തുത ദ്വീപിന്റെ പടിഞ്ഞാറുവശം കടലും കിഴക്കുഭാഗത്ത് ഉൾനാടൻ ജലാശയവും നിലകൊള്ളുന്നു. വർഷങ്ങൾക്ക് മുമ്പ് കാറ്റാടി മരങ്ങളും പ്ലാന്റേഷൻ ഉണ്ടായിരുന്ന ഭാഗങ്ങളും അനേകം വരി തെങ്ങുകളും പൂർണ്ണമായും കടലെടുത്ത് നഷ്ടപ്പെട്ടിട്ടുണ്ട്. സ്ഥിരമായി കടലാക്രമണം നേരിടുന്ന ഈ പ്രദേശങ്ങളിൽ നാളിതുവരെയായി തീരസംരക്ഷണ പ്രവൃത്തികളൊന്നും നടത്തിയിട്ടില്ല. 19.50 കിലോമീറ്റർ നീളംവരുന്ന കടൽത്തീരം പൂർണ്ണമായും ഒരേ സ്വഭാവം നിലനിർത്തുന്നതിനാൽ തീരപ്രദേശത്ത് ചെറിയൊരു ഭാഗത്ത് സംരക്ഷണ പ്രവൃത്തി നടപ്പിലാക്കിയാൽ പ്രയോജനം ലഭിക്കില്ലെന്നതുകൊണ്ട് ചെറിയ

പദ്ധതികളൊന്നുംതന്നെ തയ്യാറാക്കിയിട്ടില്ല. എന്നാൽ ജിയോ ടെക്സ്റ്റയിൽ ട്യൂബ് ഉപയോഗിച്ച് കടൽഭിത്തി നിർമ്മാണത്തിനായി 167.70 കോടി രൂപയുടെ പ്രൊപ്പോസലും അതുകൂടാതെ ആകെയുള്ള 19.5 കിലോമീറ്ററിൽ 4.75 കിലോമീറ്റർ നീളത്തിൽ വടക്കുഭാഗത്തും 2.3 കിലോമീറ്റർ നീളത്തിൽ തെക്കുഭാഗത്തും മരങ്ങൾ വച്ചുപിടിപ്പിച്ചും ബയോ ഷീൽഡ് പ്രൊട്ടക്ഷൻ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലും തയ്യാറാക്കിയിട്ടുണ്ട്. കാലാവസ്ഥ വ്യതിയാനംമൂലം മുൻകാലങ്ങളെ അപേക്ഷിച്ച് കേരളത്തിലെ തീരപ്രദേശങ്ങൾ കൂടുതലായി കടലാക്രമണത്തിന് വിധേയമാകുന്നുണ്ട് എന്നതിനുപുറമെ അതിന്റെ രൂക്ഷതയും കാലം ചെല്ലുംതോറും വർദ്ധിക്കുന്നതായും കാണുന്നു. കേരളത്തിന്റെ തീരപ്രദേശങ്ങളിൽ ആവർത്തിച്ചുണ്ടാകുന്ന കടൽക്ഷോഭത്തെ കുറിച്ച് പഠിക്കുന്നതിനായി കേന്ദ്ര ജലകമ്മീഷൻ, ഐ.ഐ.ടി. ചെന്നൈ ജലസേചന വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ വിശദമായ വിവരശേഖരണം നടത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തീരസംരക്ഷണം അത്യാവശ്യമായ പത്ത് ഹോട്ട്സ്പോട്ട്

പ്രദേശങ്ങൾ കണ്ടെത്തുകയുണ്ടായി. അതിൽ ഒന്നാണ് കാസർഗോഡ് ജില്ലയിലെ 'വലിയപറമ്പ' പ്രദേശം.

25-11-2021-ൽ ജലസേചന വകുപ്പ് കേരളതീരത്തെ നിർദ്ദിഷ്ട മേഖലകളിൽ ശാസ്ത്രീയ പഠനം നടത്തുന്നതിനായി ചെന്നൈ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന NCCR (National Centre for Coastal Research) എന്ന സ്ഥാപനവുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. ഇതിനെത്തുടർന്ന് തീരസംരക്ഷണത്തിനായി വിശദമായ പഠനങ്ങൾ ആവശ്യമായതിനാൽ NCCR-ന്റെ നേതൃത്വത്തിൽ ഹോട്ട്സ്പോട്ടുകളിൽ പ്രാഥമിക വിവര ശേഖരണം നടത്തുകയുണ്ടായി. ഇതിൽ മൂന്ന് ഹോട്ട്സ്പോട്ടുകളിൽ NCCR ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. അടുത്ത ഘട്ടമായി കാസർഗോഡ് ജില്ലയിലെ വലിയപറമ്പയിലും കണ്ണൂർ, തൃശ്ശൂർ എന്നിവിടങ്ങളിലും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്താൻ NCCR തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ തയ്യാറാക്കി തീരസംരക്ഷണത്തിനുള്ള പരിഹാര മാർഗ്ഗം കണ്ടെത്താമെന്ന് അനുമാനിക്കുന്നു.

(3) കൊളാവിപ്പാലം അഴിമുഖത്തെ പുലിമുട്ട് നിർമ്മാണം സംബന്ധിച്ച് ശ്രീമതി കാനത്തിൽ ജമീല എം.എൽ.എ. ഉന്നയിച്ച സബ്മിഷന് ബഹു. ജലവിഭവ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടിയുടെ വിശദാംശങ്ങൾ

കൊയിലാണ്ടി മണ്ഡലത്തിൽ കുറ്റ്യാടി പുഴ കടലിൽ വന്നുചേരുന്ന അഴിമുഖത്തിന് വടക്കുവശത്ത് വടകര മുനിസിപ്പാലിറ്റിയിലെ സാന്റ് ബാങ്ക്സും തെക്കുവശത്ത് പയ്യോളി മുനിസിപ്പാലിറ്റിയിലെ കോട്ടക്കൽ-കൊളാവിപ്പാലം ഭാഗവുംവരുന്നു. കുറ്റ്യാടി പുഴയുടെ അഴിമുഖത്ത് പുഴയ്ക്ക് ഇരുവശത്തുമായി കായലുകളും (ബാക്ക് വാട്ടേഴ്സ്) സ്ഥിതിചെയ്യുന്നു. അഴിമുഖത്തിന് വടക്കുഭാഗത്ത് വടകര സാന്റ് ബാങ്ക്സിൽ ഒരു പുലിമുട്ട് നിലവിലുണ്ട്. വേലിയേറ്റവും വേലിയിറക്കവും അനുഭവപ്പെടുന്നതിനാൽ അഴിമുഖത്തിന് തെക്ക് ഭാഗത്തെ കായൽ പ്രദേശത്ത് (കോട്ടപ്പുഴ ബാക്ക് വാട്ടർ) മണൽത്തിട്ട രൂപപ്പെട്ടതുകാരണം സുഗമമായ ഒഴുക്ക് തടസ്സപ്പെടുകയും മത്സ്യതൊഴിലാളികൾക്ക് അവരുടെ യാനം കടലിലേയ്ക്ക് ഇറക്കുന്നതിനുള്ള ബുദ്ധിമുട്ട് അനുഭവപ്പെടുകയും ചെയ്യുന്നുണ്ട്. കോട്ടക്കൽ-കൊളാവിപ്പാലം അഴിമുഖത്ത് മണൽത്തിട്ട രൂപപ്പെടുന്നതിന് പരിഹാരമായി പുലിമുട്ട് നിർമ്മിക്കുന്നതിന്റെ വിശദമായ സാധ്യതാപഠനം നടത്തുന്നതിനായി GO

(Rt)No.693/2019/WRD dated 28-09-2019 പ്രകാരം ഇതിനായുള്ള ശാസ്ത്രീയ പഠനത്തിനായി (Mathematical model studies for littoral drift distribution and shoreline changes at Kuttiady river mouth, Kottakkal എന്ന പ്രവൃത്തിക്ക്) 12,13,583/- രൂപയുടെ ഭരണാനുമതി ലഭിച്ചതിനെത്തുടർന്ന് CWPRS Pune എന്ന സ്ഥാപനത്തിന് 13-03-2020-ന് തുക കൈമാറി വിശദമായ പഠനം നടത്തുന്നതിന് ചുമതലപ്പെടുത്തുകയും ചെയ്തു. 2021 ജനുവരി 11, 12 തീയതികളിൽ CWPRS Pune-യിലെ ശാസ്ത്രജ്ഞർ പഠനത്തിന് മുന്നോടിയായി സ്ഥലപരിശോധന നടത്തുകയും പഠന റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തു. CWPRS Pune നടത്തിയ mathematical model പഠനത്തിൽ വടക്ക്-തെക്ക് ഭാഗങ്ങളിൽ ബ്രേക്ക് വാട്ടർ നൽകുന്നതിലൂടെ കടലിലേയ്ക്ക് ചേരുന്ന ഭാഗം തുറന്ന് കിടക്കുന്നതിന് സഹായകരമാകുമെന്നും littoral movement മുഖേനയുള്ള sedimentation തടയുമെന്നും എന്നാൽ periodical dredging ആവശ്യമാണെന്നും കണ്ടെത്തിയിട്ടുണ്ട്. തീര പുന:സ്ഥാപനം ലക്ഷ്യംവച്ച് തെക്ക്-കോട്ടക്കൽ കൊളാവിപ്പാലം ഭാഗത്തെ പുലിമുട്ട് നിർമ്മാണത്തിനും വടക്ക് വടകര സാൻഡ് ബാങ്ക്സിന്റെ

നിലവിലുള്ള പുലിമുട്ടിന്റെ നീളം ദീർഘിപ്പിക്കുന്നതിനുമുള്ള ഡിസൈൻ ലഭ്യമാക്കുന്നതിനായി ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് ഐ.ഡി.ആർ.ബി. ഡിസൈൻ വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുള്ളതും ആയത് അന്തിമഘട്ടത്തിലുമാണ്. കോട്ട കടപ്പുറത്തെ പുലിമുട്ടിന്റെ അന്തിമ രൂപകല്പന താമസംവിനാ പൂർത്തീകരിക്കുന്നതാണ്. അഴിമുഖത്തിന് തെക്ക് ഭാഗത്തെ കായൽ പ്രദേശത്ത് അടിഞ്ഞുകൂടിയ മണൽത്തിട്ട നീക്കം ചെയ്യുന്നതിന് ഏകദേശം 35 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. അടിഞ്ഞുകൂടിയ മണൽത്തിട്ട നീക്കം ചെയ്യുന്നതിലൂടെ ഒഴുക്ക് സുഗമമാകുകയും മത്സ്യതൊഴിലാളികൾക്ക് അവരുടെ യാനം കടലിലേയ്ക്ക് ഇറക്കുന്നതിനുള്ള ബുദ്ധിമുട്ട് ഒരു പരിധിവരെ പരിഹരിക്കപ്പെടുന്നതുമാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്.

(4) തോട്ടട ഇ.എസ്.ഐ. ആശുപത്രി സംബന്ധിച്ച് ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി എം.എൽ.എ. ഉന്നയിച്ച സബ്മിഷന് ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടിയുടെ വിശദാംശങ്ങൾ

തോട്ടട ഇ.എസ്.ഐ.ആശുപത്രി നിലവിൽ 50 കിടക്കകളുള്ള ആശുപത്രിയാണ്. ടി ആശുപത്രിയിൽ ജനറൽ മെഡിസിൻ, ജനറൽ സർജറി, പീഡിയാട്രിക്സ്, ഗൈനക്കോളജി, ഓർത്തോപീഡിക്സ്, അനസ്തേഷ്യ എന്നീ സ്പെഷ്യാലിറ്റി തസ്തികകളാണ് നിലവിലുള്ളത്. കൂടാതെ ഡെന്റൽ സർജനും ടി ആശുപത്രിയിൽ സേവനം അനുഷ്ഠിച്ചുവരുന്നു. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുകയെന്ന ഉദ്ദേശത്തോടുകൂടിയാണ് ടി സ്ഥാപനം ആരംഭിച്ചത്. ടി ആശുപത്രിയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി പുതിയ പോസ്റ്റ്-ഓപ്പറേറ്റീവ് ഐ.സി. യൂണിറ്റിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ടി പ്രവർത്തനം നടക്കുന്നതിനാൽ 2 മാസമായി ഓപ്പറേഷൻ തിയേറ്റർ പ്രവർത്തിപ്പിക്കുവാൻ സാധിക്കുന്നില്ല. ടി ആശുപത്രിയിൽ ലാബ് ടെക്നീഷ്യന്റെ 2 തസ്തികയുണ്ടെങ്കിലും ഒരു തസ്തിക നിലവിൽ ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരു ലാബ് ടെക്നീഷ്യനെ ഉപയോഗിച്ച് ഉച്ചക്ക് 2 മണിവരെ ലാബ് പ്രവർത്തിച്ചുവരുന്നു.

ആശുപത്രിയിലേയ്ക്ക് പുതിയ ആംബുലൻസ് എം.പി. ഫണ്ട് മുഖാന്തരം വാങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ആശുപത്രിയിൽ നിലവിൽ ഫാർമസിസ്റ്റിന്റെ ഒരു സ്ഥിരം തസ്തിക മാത്രമാണുള്ളത്. താത്കാലിക അടിസ്ഥാനത്തിൽ ഒരു ഫാർമസിസ്റ്റിനെ നിയമിച്ചാണ് ഫാർമസി ഔട്ട്ലെറ്റ് പ്രവർത്തിച്ചുവരുന്നത്. നിലവിൽ രണ്ട് തവണ എംപ്ലോയ്മെന്റ് മുഖാന്തരം ലഭിച്ച ലിസ്റ്റിൽനിന്നും ഉദ്യോഗാർത്ഥികളെ ലഭ്യമാകാത്തതിനാൽ വീണ്ടും ലിസ്റ്റ് ലഭ്യമാക്കി താത്കാലിക ഫാർമസിസ്റ്റിന്റെ നിയമനത്തിനായുള്ള ഇന്റർവ്യൂ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ ആശുപത്രിയിലെ ഒ.പി.-യിൽ പ്രതിദിനം ശരാശരി 90 രോഗികളും ഒരു ഇൻ-പേഷ്യന്റ് രോഗിയും മാത്രമാണ് ചികിത്സ തേടിവരുന്നത്. തോട്ടട ഇ.എസ്.ഐ. ആശുപത്രിയുടെയും സ്റ്റാഫ് ക്വാർട്ടേഴ്സിന്റെയും നവീകരണ പ്രവർത്തനങ്ങൾ ഇ.എസ്.ഐ. കോർപ്പറേഷൻ ഏറ്റെടുത്ത് നടത്തിവരുന്നു. തോട്ടട ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനുള്ള ശിപാർശ പരിശോധിച്ചുവരുന്നു.

(5) കോരൻകടവ് പാലത്തിന് അപ്രോച്ച് റോഡ് നിർമ്മാണം സംബന്ധിച്ച് ശ്രീ. പി. വി. ശ്രീനിജിൻ എം.എൽ.എ. ഉന്നയിച്ച സബ്മിഷന് ബഹു. പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടിയുടെ വിശദാംശങ്ങൾ

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴയാറിന് കുറുകെയുള്ള കോരംകടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ടാണ് ശ്രീ. പി. വി. ശ്രീനിജിൻ എം.എൽ.എ. സബ്മിഷൻ ഉന്നയിച്ചിരിക്കുന്നത്. ഈ പാലം നിർമ്മാണത്തിന് 14.30 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. കോരംകടവ് പാലത്തിന്റെ പെയിന്റിംഗ് ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. രാമമംഗലം ഭാഗത്തും അപ്രോച്ച് റോഡിനായി നിർമ്മിക്കുന്ന റിട്ടൈനിംഗ് വാളിന്റെ പ്രവൃത്തി പൂർത്തിയായി. പൊതുമരാമത്ത് വകുപ്പിന് കൈമാറി ലഭിച്ചിട്ടുള്ള സ്ഥലത്തെ റിട്ടൈനിംഗ് വാളിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇവിടെ ഭൂമിയേറ്റെടുക്കൽ പ്രവൃത്തി അന്തിമഘട്ടത്തിലാണ്. പുതുക്കിയ ഭരണാനുമതിയുടെ പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി കൈമാറിയിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ തീരുമാനംകൂടി ലഭ്യമാകുന്നതിന് അനുസരിച്ച് തുടർനടപടി കൈക്കൊള്ളാം.

(6) ചെടിയാലക്കടവിൽ പാലം നിർമ്മാണം സംബന്ധിച്ച് ശ്രീ. ഇ. കെ. വിജയൻ എം.എൽ.എ. ഉന്നയിച്ച സബ്മിഷന് ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടിയുടെ വിശദാംശങ്ങൾ

ചെടിയാലക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ടാണ് ശ്രീ. ഇ. കെ. വിജയൻ എം.എൽ.എ. സബ്മിഷൻ ഉന്നയിച്ചിരിക്കുന്നത്. 22-12-2015-ൽ 9 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ പദ്ധതിയാണിത്. പിന്നീട് കോടതി വ്യവഹാരവും ഡിസൈൻ വ്യതിയാനവും കാരണം പ്രവൃത്തി വൈകുന്ന സാഹചര്യമുണ്ടായി. നിലവിലുള്ള കരാറുകാരൻ price escalation ആവശ്യപ്പെടുകയും ബാലൻസ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകുകയോ നഷ്ടോത്തരവാദിത്തത്തിലല്ലാതെ പ്രവൃത്തിയിൽനിന്നും ഒഴിവാക്കിത്തരികയോ ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തിരുന്നു. ബഹു. ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനീയർ കരാറുകാരനെ ഹിയറിംഗ് നടത്തുകയും ഭാഗികമായി കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി ടെർമിനേറ്റ് ചെയ്യുന്നതിന് ശിപാർശ

നൽകുകയും ചെയ്തു. ജി.ഒ.(ആർ.ടി.) നം. 1254/2022/പൊ.മ.വ തീയതി, 23-12-2022 പ്രകാരം കരാറുകാരനെ ടെർമിനേറ്റ് ചെയ്യുന്നതിനും ബാലൻസ് പ്രവൃത്തിക്ക് പുതിയ ടെണ്ടർ വിളിക്കുന്നതിന് ഉത്തരവ് നൽകുകയും ചെയ്തു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 08-03-2023-ൽ ലഭ്യമായ ബാലൻസ് ഷെഡ്യൂൾ പരിശോധിച്ച് ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുമെന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ സമയബന്ധിതമായി പ്രവർത്തനം ഉറപ്പുവരുത്താൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.